# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും. രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

## പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

## പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

## അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

## നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

## കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

## വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

## നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

## വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

## കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

## ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

## വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

| വാല്യം 13 |
|---|

## ഓച്ചിറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

| വാല്യം 14 |
|---|

## കരുനാഗപ്പള്ളി ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

| വാല്യം 15 |
|---|

## ശാസ്താംകോട്ട ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

| വാല്യം 16 |
|---|

## വെട്ടിക്കവല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

| വാല്യം 17 |
|---|

## പത്തനാപുരം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

| വാല്യം 18 |
|---|

## അഞ്ചൽ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

| വാല്യം 19 |
|---|

## കൊട്ടാരക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

| വാല്യം 20 |
|---|

## ചിറ്റുമല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

| വാല്യം 21 |
|---|

## ചവറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

| വാല്യം 22 |
|---|

## അഞ്ചാലുംമൂട് ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

| വാല്യം 23 |
|---|

## മുഖത്തല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

| വാല്യം 24 |
|---|

## ഇത്തിക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

| വാല്യം 25 |
|---|

## ചടയമംഗലം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

| വാല്യം 26 |
|---|

## മല്ലപ്പള്ളി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

| വാല്യം 27 |
|---|

## പുളിക്കീഴ് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

4

## വാല്യം 28

### കോയിപ്രം ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കൂറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

**ഒല്ലുക്കര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

**പുഴക്കൽ ബ്ലോക്ക്**

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

**മുല്ലശ്ശേരി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

**തളിക്കുളം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

**അന്തിക്കാട് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

**ചേർപ്പ് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

**കൊടകര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

**ഇരിങ്ങാലക്കുട ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

**വെള്ളാങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

**മതിലകം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

**കൊടുങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

**മാള ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

**ചാലക്കുടി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

**തൃത്താല ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

**പട്ടാമ്പി ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

13

# നഗരസഭകൾ


വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്


14

# വികസന റിപ്പോർട്ട് '96

OFFICE OF THE PADIYOOR GRAMA PANCHAYAT
PADIYOOR

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# പടിയൂർ ഗ്രാമ പഞ്ചായത്ത്

OFFICE OF THE PADIYOOR GRAMA PANCHAYAT
PADIYOOR

# ആമുഖം

ജനകീയാസൂത്രണ പദ്ധതി ഈ പഞ്ചായത്തിൽ വിജയിപ്പിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികൾ, സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ, ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവരുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 12.09.96 ന് ചേർന്ന സ്വാഗതസംഘം യോഗത്തിൽ 65 പേരും ഒന്നാംഘട്ട പഞ്ചായത്ത് തല പരിശീലനത്തിൽ 21 സ്ത്രീകൾ ഉൾപ്പെടെ 99 പേരും 15 ഉദ്യോഗസ്ഥരും പങ്കെടുത്തു. സ്വാഗത സംഘം രൂപീകരിച്ച് വിളിച്ചു ചേർത്ത വിശേഷാൽ ഗ്രാമസഭകളിൽ 100 മുതൽ 200 വരെ ജനങ്ങൾ പങ്കെടുത്തു. ഗൗരവമേറിയ ചർച്ചകളും ക്രിയാത്മക നിർദ്ദേശങ്ങളും രൂപപ്പെട്ടു. രണ്ടാം ഘട്ട പഞ്ചായത്ത് പരിശീലനത്തിൽ 25 സ്ത്രീകൾ ഉൾപ്പെടെ 85 പേരും 20 ഉദ്യോഗസ്ഥരും പങ്കെടുത്തു. പഠന പര്യടനയാത്രയിൽ വിജ്ഞാനപ്രദമായ അനുഭവങ്ങൾ, നിരവധി പ്രശ്നങ്ങളും കണ്ടെത്തി. കൊച്ചി രാജ്യത്തിലെ പഞ്ചായത്ത് സമിതിയിലുൾപ്പെട്ട അംഗങ്ങൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരായിരുന്ന കാരണവൻമാരുടെയും യോഗങ്ങൾ, കലാസാംസ്ക്കാരിക ഗ്രന്ഥശാല പ്രവർത്തകരുടെ യോഗങ്ങൾ, സ്കൂൾ പ്രധാന അദ്ധ്യാപകരുടെ യോഗങ്ങൾ, സ്ത്രീ പ്രവർത്തകരുടെ യോഗങ്ങൾ, ഉദ്യോഗസ്ഥ യോഗങ്ങൾ എന്നിവയിൽ നിന്നെല്ലാം പഴയകാല അറിവുകളും രീതികളും, മനസ്സിലാക്കുവാനും ഇന്നത്തെ പ്രശ്നങ്ങൾ അറിയുവാനും കഴിഞ്ഞു. മുന്നോട്ടുള്ള യാത്രയിലെ കോട്ടങ്ങൾ പരിഹരിക്കാൻ ഇത് സഹായിക്കും.

വികസന സെമിനാറും വിജയകരമാക്കി തീർക്കുവാൻ സ്വാഗത സംഘവും പഞ്ചായത്ത് കമ്മറ്റിയും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനത്തിലൂടെ രൂപീകരിക്കപ്പെടുന്ന പദ്ധതികൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി സമഗ്രവികസന ലക്ഷ്യത്തിലെത്തിക്കുന്നതിന് ഈ കൂട്ടായ്മ ഇനിയും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**കെ. വി. രാമകൃഷ്ണൻ**
പ്രസിഡണ്ട്.

## പടിയൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി.



**കെ. വി. രാമകൃഷ്ണൻ**
പ്രസിഡണ്ട്



**ഇ. കെ. ഗോപിനാഥൻ**
വൈസ് പ്രസിഡണ്ട്



**എ. കെ. വിശ്വംഭരൻ**
സ്റ്റാൻറിങ്ങ് കമ്മിറ്റി
ചെയർമാൻ



**അംബികാ ഗോപി**
2-ാംവാർഡ് മെമ്പർ



**കെ. വി. മോഹനൻ**
3-ാംവാർഡ് മെമ്പർ



**സുമന പത്മനാഭൻ**
4-ാംവാർഡ് മെമ്പർ



**കെ. എൻ. ദിലീപ് കുമാർ**
6-ാംവാർഡ് മെമ്പർ



**ഓമന ഉണ്ണികൃഷ്ണൻ**
8-ാംവാർഡ് മെമ്പർ



**ടി. വി. ദശരഥൻ**
9-ാംവാർഡ് മെമ്പർ



സെക്രട്ടറിയും സ്റ്റാഫ് അംഗങ്ങളും



പൂർത്തീകരിക്കാത്ത
കെ. എൽ. ഡി. സി. കനാൽ.

മതിലകം കടവ് (പാലം
പണിയുമെന്ന കോംവിക്ക്
മുക്കാൽ നൂറ്റാണ്ടിന്റെ പഴക്കം)





യാത്രാ സൗകര്യങ്ങളില്ലാത്ത
തുരുത്തുകാം (മഴുവഞ്ചേരി,
കോങ്ങാടൻ)

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



ശ്രീ. ഒ.ഒ. പൊറിഞ്ചു.
(1952)



ശ്രീ ജോസഫ് പെരേര
(1953)



ശ്രീ. കെ. കെ.
രാമകൃഷ്ണൻ മാസ്റ്റർ
(1954-63)




ശ്രീ. പി. വി. ഗോവിന്ദൻ
മാസ്റ്റർ (1963 - 64)



ശ്രീ. പി. പി. പിയൂസ്
(1964 - 77)



ശ്രീ. ഇ. ജി. നാരായണൻ
(29.9.79 - 5.12.80)



ശ്രീ. കെ. കെ. നന്ദകുമാർ
(21.1.81 - 27.7.81)



ശ്രീ. പരമേശ്വരൻ മേനോൻ
(1.9.81 - 10.02.83)



ശ്രീ. കെ. കെ. വിജയൻ
(23.3.83 - 24.10.84)



ശ്രീ. കെ. കെ. വേലായുധൻ
വൈദ്യർ
(20.3.91 - 1.9.95)



15.2.91 മുതൽ പ്രഥമ തൃശ്ശൂർ ജില്ലാ
കൗൺസിൽ പ്രസിഡൻറും
കൂടിയായിരുന്ന
ശ്രീ. വി. വി. രാമൻ(9.2.88 - 14.2.91)

# പഠനയാത്രയിൽ നിന്ന്

സമതലപ്രദേശങ്ങൾ മാത്രമുള്ള ഭൂപ്രകൃതി വടക്കും കിഴക്കും ഭാഗങ്ങൾ വയലേലകൾ പടിഞ്ഞാറൻ ചതുപ്പിൽ പാണ്ടിനിലങ്ങൾക്കപ്പുറം അതിർത്തിയായൊഴുകുന്ന കാനോലികനാൽ. കൊച്ചുകൊച്ചു കൈത്തോടുകൾ. കനോലികനാലിന്റെ കൈവഴികളിൽ ചുറ്റിചേർന്ന് വെള്ളത്തിലൊറ്റപ്പെട്ടുകിടക്കുന്ന 4 തുരുത്തുകൾ. മലവെള്ളംവന്നാൽ മുങ്ങുന്ന പകുതിയിലേറെ വരുന്ന വെള്ളപ്പൊക്ക ബാധിതപ്രദേശങ്ങൾ. വേനലായാൽ ഉപ്പുവെള്ളം കയറിയിറങ്ങുന്ന തുൾപ്പെടെയുള്ള 60% വരുന്ന ഉപ്പുബാധിതപ്രദേശങ്ങൾ.

പശിമരാശിയിലുള്ള കളിമണ്ണും മണൽചേർന്ന കളിമണ്ണും നാമമാത്രമായ പ്രദേശത്ത് ചരൽ ചേർന്ന മണ്ണും കറുത്ത ചളിമണ്ണും ഇടകലർന്ന് പൂഴിമണ്ണും മേൽത്തട്ടിൽ കാണപ്പെടുന്നു.ജലസംഭരണശേഷിയില്ലാത്ത കപ്പച്ചേടിയെന്നറിയപ്പെടുന്ന ചളിമണ്ണാണടിയിൽ.

കാലവർഷവും തുലാവർഷവും പ്രകൃതിയുടെ വരദാനമാണെങ്കിലും തുലാവർഷം പലപ്പോഴും പിഴയ്ക്കുന്നു. കനോലികനാലെന്ന പുഴയും അനുബന്ധ കൈവഴികളും, ഇതിൽനിന്നുള്ള കൊച്ചുകൊച്ചുതോടുകളും, ഷൺമുഖം കനാലും, പൊതുകുളങ്ങളും, നിരവധി ചെറിയകുളങ്ങളും, കിണറുകളുമെല്ലാം ജലസമ്പത്തിന്റെ സ്രോതസ്സാണ്. വേനൽക്കാലമായാൽ പുഴയും, കൈവഴികളും, ചെറുതോടുകളും, ഷൺമുഖം കനാലും, ഉപ്പുജലവാഹിനികളായി മാറുന്നു. ഉപ്പുവെള്ളത്തിന്റെ സ്വാധീനം നാമമാത്രമായ രീതിയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കുടിനീർ ലഭ്യതയ്ക്കും തടസ്സം ഉണ്ടാക്കുന്നു.

കാട്ടൂർ തെക്കുംപാടം എടതിരിഞ്ഞി പാടശേഖരത്ത് ഇന്ന് നിലവിലുള്ള പമ്പിങ്ങ് സംവിധാനവും ജനങ്ങൾക്ക് ഏറെ ദുരിതം നൽകുന്നു. ഈ പാടശേഖരമേഖലയിലുള്ള വെള്ളത്തെ പുറത്തേക്ക് അടിച്ചുകളയുന്നതോടെ സമീപ പ്രദേശങ്ങളിലെ ഉപരിജലവിതാനം ഗണ്യമായ് കുറയുകയും കിണറുകളും കുളങ്ങളും വറ്റാനും ഇടനൽകുന്നു. പടിയൂർ ഭാഗത്തെ പുഞ്ചനിലങ്ങളിലും ജലം വറ്റുന്നതോടെ ശുദ്ധജലലഭ്യതയുള്ള ഈ പ്രദേശത്തും കിണറുകളും കുളങ്ങളും വറ്റി ജലക്ഷാമത്തിന് വഴിയൊരുക്കുന്നു.

അപൂർവ്വം ചില കിണറുകളിലും കുളങ്ങളിലും ഈ അസ്സന്നിഗ്ദഘട്ടത്തിലും ഏറെ ജലവും കാണുന്നു.

പഞ്ചായത്തിലെ പല വലിയ പൊതുകുളങ്ങളും വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. വളവനങ്ങാടിയിലെ ഇന്നു നശിച്ചുകിടക്കുന്ന പൊതുകുളം അടിയന്തിരപ്രധാന്യം നൽകി വൃത്തിയാക്കിയാൽ ഏറെ പ്രയോജനം ഉണ്ടാവുന്നതാണ്.

കാട്ടൂർ കാറളം പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് കിടക്കുന്ന വടക്കൻ ഭാഗങ്ങളും, പൂമംഗലം വെള്ളാങ്ങല്ലൂർ എന്നീ ഭാഗങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന കിഴക്കുതെക്കുഭാഗങ്ങളും നീർതടപ്രദേശങ്ങളാണ്. നീർതടവികസനപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കൃഷികൾ പ്രോത്സാഹിപ്പിച്ചെടുക്കേണ്ടതാണ് ഇവിടെ. ചേറ്റുവയിൽ നിന്നും കോട്ടപ്പുറത്തുനിന്നും കാനോലികനാലിലൂടെ കടന്നുവരുന്ന വേലിയേറ്റവും ഇറക്കവും ഈ പഞ്ചായത്തിന്റെ മധുരംപിള്ളി ഭാഗത്ത് ഒത്തുചേരുന്നു.

നാളികേരം, നെല്ല്, ചകിരി, ഓല, കയർ, കള്ള് എന്നിവ ഇവിടത്തെ വിഭവങ്ങളാണ്. കന്നുകാലിസമ്പത്തും മത്സ്യസമ്പത്തും നിലവിലുണ്ടെങ്കിലും, വളരെയേറെ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. തെങ്ങ്,നെല്ല്, ഇടവിളകളായ കവുങ്ങ്, കുരുമുളക് വാഴ ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ്, എന്നിവയും മോശമല്ലാത്ത രീതിയിൽ നട്ടുവളർത്തിവരുന്നു. മൊത്തം വിസ്തൃതിയുടെ 25% നെൽക്കൃഷിക്കായി ഉപയോഗപ്പെടുത്തുന്നു. തരിശായി കുറച്ചു ഭാഗം കിടപ്പുണ്ട്. ഇതിലെ 10 %ത്തോളം ഭൂമി കൃഷിയോഗ്യമായവയാണ്.

വിരിപ്പ്,മുണ്ടകൻ, പാണ്ടിപാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്തുവരുന്നതായി കാണുന്നു. പാർപ്പിടാവശ്യത്തിനും ഇത്തരം ഭൂമി കുറച്ചുനികത്തിയെടുത്തതായി കാണുന്നു. 65%ത്തോളം വരുന്ന ഭൂപ്രദേശത്തെ തെങ്ങുകൃഷിക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും, ഉല്പന്നങ്ങൾ കുറവാണ്. രോഗങ്ങൾ കൂടിവരുന്നതായും കാണുന്നു.

പഠനയാത്രാസംഘം രാവിലെ 7 മുതൽ വൈകീട്ട് 7 മണിവരെ 15കി.മീ. തുടർച്ചയായി നടന്നു. ശ്രീ. കെ.വി. രാമകൃഷ്ണൻ, ഇ.കെ. ഗോപിനാഥൻ, ഇ.കെ. മണി, കെ.വി. മോഹനൻ, എസ്.വി.മോഹനൻ, ഓ.എൻ അജിത്ത്കുമാർ, പി.എ. രാമാനന്ദൻ, എം.കെ. രോഷ്, എം.കെ. രാജു, പി.ജെ.വിശ്വനാഥൻ, സി. എ. ശിവദാസ് എന്നിവരായിരുന്നു പഠനയാത്രയിൽ ഉണ്ടായിരുന്നത്.

20

# സാമൂഹ്യസാംസ്ക്കാരികചരിത്രം

പുരാതനചേരരാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന തിരുവഞ്ചിക്കുളത്തിന്റെ 'മതിൽക്കക'മായ തൃക്കാണാമതിലകത്തിന്റെ 'പടി'യായ ഊര്.

ഇതത്രെ പടിയൂരിന്റെ സ്ഥലനാമ ഐതിഹ്യം.

ഭരതപ്രതിഷ്ഠയുള്ള മഹാക്ഷേത്രത്തിന്റെ പെരുമകൊണ്ടും മലഞ്ചരക്കുവ്യാപാരകേന്ദ്രമെന്ന പ്രാധാന്യം കൊണ്ടും പ്രശസ്തമായ ഇരിഞ്ഞാലക്കുട പട്ടണമായിരുന്നു പടി ഇറങ്ങുന്നവരുടെ ലക്ഷ്യസ്ഥാനം.

ഹരിതഭാഗിയാർന്ന സമതലഭൂമിയിലൂടെയുള്ള നാട്ടുപാതകളിലൂടെ കാൽനടയായി നീങ്ങുന്ന വഴിയാത്രക്കാരും, വിവാഹസംഘങ്ങളും ഇരിഞ്ഞാലക്കുട ചന്തയിൽ നിന്നും വാങ്ങിയ സാധനങ്ങൾ വഹിച്ചു ചുമട്ടുകാരും കച്ചവടക്കാരും അമ്പതുകളുടെ അവസാനം വരെ കടന്നുപോയിരുന്നു. സഞ്ചാരികളുടെ വിശ്രമത്തിനും ആശ്വാസത്തിനുംവേണ്ടി വഴിയമ്പലങ്ങളും ആലും അതിനോടുചേർന്നും നാട്ടുവഴികളുടെ ഓരത്തുള്ള മറ്റ് അത്താണികളും പോയ്മറഞ്ഞ ഒരു കാലഘട്ടത്തിന്റെ മൂകസാക്ഷികളായി ഇന്നും പലയിടത്തും കാണാം.

കാലം മാറി..........കഥ മാറി.....കടന്നുപോയിരുന്ന ജനസഞ്ചയങ്ങളുടെ സഞ്ചാരപഥങ്ങൾ മാറി പടി ഇറങ്ങാതെ ലക്ഷ്യസ്ഥാനങ്ങളിൽ എത്താമെന്നായി.

ഭൗതിക സാഹചര്യങ്ങളുടെ മുന്നേറ്റത്തിനൊപ്പം മനുഷ്യരുടെ ജീവിതത്തിന്റെ താളക്രമങ്ങൾ മാറി. ഇപ്പോഴിതാ........ഈ ഭൂപ്രദേശം വികസനത്തിന്റെ കാലൊച്ചകൾക്ക് കാതോർത്ത് കിടക്കുന്നു.

പഞ്ചായത്ത് പടിയൂർ വാർഡുകൾ 9

വിസ്തീർണ്ണം 18.57 ച. കി. മീറ്റർ ജനസംഖ്യ 20,000 ഏകദേശം

പ്രസിഡണ്ട് കെ.വി. രാമകൃഷ്ണൻ

വൈസ്പ്രസിഡണ്ട് ഇ.കെ. ഗോപിനാഥൻ

എ.കെ. വിശ്വംഭരൻ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ

ബ്ലോക്ക് പഞ്ചായത്ത് വെള്ളാങ്കല്ലൂർ

ജില്ല തൃശൂർ

അസംബ്ലി മണ്ഡലം ഇരിഞ്ഞാലക്കുട

ഇന്നത്തെ പടിയൂർ, പൂമംഗലം പഞ്ചായത്തുകൾ ഒന്നിച്ചുചേർന്ന് പടിയൂർ പഞ്ചായത്തായി പ്രവർത്തിച്ചിരുന്നത് ഇതിന്റെ ആസ്ഥാനം ഇപ്പോൾ പൂമംഗലത്തിൽ ഉൾപ്പെടുന്ന അരിപ്പാലത്തായിരുന്നു.

കേരളസംസ്ഥാനപ്പിറവിയോടെ കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഗവൺമെന്റിന്റെ നേരിട്ട് നിയന്ത്രണത്തിലായിരുന്ന മലബാർ പ്രദേശവും ഉൾപ്പെട്ട് ഒന്നായി 1950ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ സംയോജനം നടക്കുംവരെ പടിയൂർ പഞ്ചായത്ത് കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്നു. കൊച്ചി രാജ്യത്ത് നടന്ന അവസാനത്തെ തിരഞ്ഞെടുപ്പ് 1939ൽ ആയിരുന്നു. ഇതിൽ 7 അംഗങ്ങൾ ആയിരുന്നു. പടിയൂർ പഞ്ചായത്തിൽ നിന്നും 4 പേരും പൂംഗലം ഭാഗത്തുനിന്നും 3 പേരും. അച്ചടിച്ച വോട്ടർപട്ടിക ഉണ്ടായിരുന്നില്ല അന്ന് തിരഞ്ഞെടുപ്പിന്. ജനങ്ങൾ പഞ്ചായത്തിൽ ഒത്തുചേർന്ന് ഒന്നിച്ചുകൂടി കൈപൊക്കി ഭൂരിപക്ഷപ്രകാരം തിരഞ്ഞെടുക്കുന്ന സമ്പ്രദായമായിരുന്നു . സ്ഥാനാർത്ഥിയാകുവാനുള്ള യോഗ്യത 10രൂപ സർക്കാരിലേക്ക് നികുതി കൊടുക്കുന്നയാളും 25 വയസ്സ് പൂർത്തീകരിച്ച വ്യക്തിക്കേ മത്സരിക്കാൻ യോഗ്യതയുള്ളു. പഞ്ചായത്തിന്റെ കാലാവധി 3 വർഷക്കാലവും, പഞ്ചായത്ത് തെരഞ്ഞെടുപ്പ് യോഗം വിളിച്ചുചേർത്തിരുന്നത് പാർവ്വത്യക്കാരനുമായിരുന്നു.

1939ൽ നടന്ന തിരഞ്ഞെടുപ്പിൽ ആദ്യത്തെ പ്രസിഡണ്ട് നെല്ലിമുട്ടത്ത് ഗോവിന്ദൻ കുട്ടി മേനോനായിരുന്നു. പിന്നീട് എം.കെ. ജോർജ്ജ്, പാചമ്മൽ കൊച്ചുലോനപ്പൻ, എന്നിവരുംപഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്. ആ തിരഞ്ഞെടുപ്പിൽ ജയിച്ചവർ ടി.കെ. കുട്ടിരാമൻ, മൂക്കുപറമ്പിൽ മാണിക്യൻ മകൻ ഗോപാലൻ, എന്നിവർ വിജയിച്ച് അംഗങ്ങളായിരുന്നു. വൈസ്പ്രസിഡണ്ട് തസ്തിക ഇല്ലായിരുന്നു. 1942 മുതൽ ഈ തസ്തിക വന്നതും, ടി.കെ കുട്ടിരാമൻ ആദ്യത്തെ വൈസ്പ്രസിഡണ്ടുമായി തിരഞ്ഞെടുക്കപ്പെട്ടത്.

തിരുകൊച്ചിയായതിനുശേഷം 1952ൽ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ കെ.കെ. രാമകൃഷ്ണൻ മാസ്റ്റർ, ഒ.ഒ. പൊറിഞ്ചു, ജോസഫ് പെരേര, കെ. എ. കുമാരൻ, കെ. കെ. ശങ്കു, ഇ. പി. കുഞ്ഞയ്യപ്പൻ, പി. എം. പൗലോസ്, വി. പി. കുഞ്ഞാപ്പു, കെ.കെ. ചാക്കുണ്ണി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇവരിൽ ഒ.ഒ. പൊറിഞ്ചു, ജോസഫ് പെരേര, എന്നിവർ ഓരോ വർഷവും കെ.കെ. രാമകൃഷ്ണൻ മാസ്റ്റർ 9 വർഷവും പ്രസിഡണ്ടായിരുന്നു. കെ.എ.കുമാരൻ വൈസ്പ്രസിഡണ്ടായിരുന്നു.

1956ൽ ഐക്യകേരളമായെങ്കിലും ആദ്യത്തെ തിരഞ്ഞെടുപ്പുനടന്നത് 1963ൽ ആണ്. ആ തിരഞ്ഞെടുപ്പിൽ പി.വി. ഗോവിന്ദൻ മാസ്റ്റർ, വി.വി.രാമൻ, വി.ആർ,. രാമകൃഷ്ണൻ മാസ്റ്റർ, കെ.ആർ. അപ്പുക്കുട്ടൻ, ടി.കെ. വേലായു

ധൻ വൈദ്യർ, ടി.സി. കൊച്ചയ്യപ്പൻ, പി.വി.കുമാരൻ പി.വി. പിയൂസ്, ടി.എൻ.വർഗ്ഗീസ് മാസ്റ്റർ, കെ.പി.വേലായുധൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. പി.വി. ഗോവിന്ദൻ മാസ്റ്റർ, പ്രസിഡണ്ടും പി.വി. പിയൂസ് വൈസ്പ്രസിഡണ്ടുമായിരുന്നു. വിദ്യാഭ്യാസവകുപ്പിൽ വന്ന ഒരു നിയമം മൂലം അന്നുണ്ടായിരുന്ന മൂന്ന് അദ്ധ്യാപകർ രാജി വയ്ക്കുകയും ആ ഒഴിവിൽ പി.എൻ. ശ്രീധരൻ, കെ.ജെ. ഡൊമിനിക് പെരേര, വി.കെ. ശങ്കരനാരായണൻ എന്നിവരെ അംഗങ്ങളായി തെരഞ്ഞെടുത്തു. വൈസ്പ്രസിഡണ്ടായിരുന്ന പി.പി. പിയൂസിനെ പ്രസിഡണ്ടായും കെ.പി. വേലായുധനെ വൈസ്പ്രസിഡണ്ടായും തെരഞ്ഞെടുത്തു.

63ലെ തെരഞ്ഞെടുപ്പിൽ ഒരു വാർഡ് ദ്വയാംഗ വാർഡായിരുന്നു. ഈ വാർഡിൽ നിന്നും ഒരു പട്ടികജാതി സ്ഥാനാർത്ഥിക്ക് സംവരണവും നൽകിയിരുന്നു. അങ്ങിനെ ഒമ്പത് വാർഡും 10 അംഗങ്ങളും. കൂടാതെ ഒരു വനിതാ നോമിനേഷനും ഉണ്ടായിരുന്നു. ആദ്യത്തെ വനിതാ അംഗം കുടുംബി സമുദായത്തിൽ പെട്ട ശ്രീമതി ഓളിപറമ്പിൽ ഭാസ്ക്കരൻ ഭാര്യ സരസ്വതിയായിരുന്നു. അവർ രാജിവെച്ച ഒഴിവിൽ പുലയവിഭാഗത്തിൽപ്പെടുന്ന എൻ.എ. അമ്മാളു ടീച്ചറെ നോമിനേറ്റുചെയ്തു. ഇക്കാലഘട്ടത്തിൽ വിവിധ രാഷ്ട്രീയപാർട്ടി നേതാക്കളടങ്ങിയ വിജിലൻസ് കമ്മിറ്റി നിലവിലുണ്ടായിരുന്നു.

അവിഭക്ത പടിയൂർ പഞ്ചായത്തിൽ പടിയൂർ പൂമംഗലം പഞ്ചായത്തുകളായും11-8-77ൽ വിഭജിക്കപ്പെട്ടു.
ശ്രീ. ഇ. ജി. നാരായണൻ പ്രസിഡണ്ടായി 1.9.77 ൽ ചുമതലയേറ്റു. അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയിൽ ശ്രീ. വി. വി. രാമൻ, കെ.ആർ. അപ്പുക്കുട്ടൻ, കെ.ജെ. ഡൊമിനിക് പെരേര, സി.കെ. കുമാരൻ, സീതാകൃഷ്ണൻ, ടി.കെ. വേലായുധൻ വൈദ്യർ എന്നിവർ അംഗങ്ങളായിരുന്നു.

പിന്നീടുനടന്ന തിരഞ്ഞെടുപ്പിൽ 29.9.79മുതൽ ശ്രീ. ഇ.ജി. നാരായണൻ ശ്രീ. ടി.കെ. മരക്കാർ ശ്രീമതി ശാരദാരാമൻ, കെ.കെ. വിജയൻ, സി.പരമേശ്വരമേനോൻ, പി.എസ്.നാരായണൻ കെ.കെ. നന്ദകുമാർ എന്നിവർ അംഗങ്ങളായിരുന്നു. ഈ കമ്മറ്റി കാലഘട്ടത്തിൽ 29.9.79മുതൽ 5.12.80 വരെ ശ്രീ. ഇ.ജി.നാരായണൻ പ്രസിഡണ്ടും, 21.1.81 മുതൽ 27.7.81 വരെ ശ്രീ.കെ.കെ. നന്ദകുമാറും, 1.9.81 മുതൽ 10.2.83 വരെ ശ്രീ.സി.പരമേശ്വരമേനോനും, 23.3.83 മുതൽ 24.10.84 വരെ ശ്രീ.കെ.കെ.വിജയനും, പ്രസിഡണ്ടുമാരായി പ്രവർത്തിക്കുകയും 29.9.79 മുതൽ ശ്രീ. ടി.കെ. മരക്കാർ വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചുപോന്നു.

24.10.84ൽ കാലാവധി പൂർത്തീകരിച്ച് പഞ്ചായത്ത് സമിതി ഇല്ലാതിരുന്ന ഈ കാലഘട്ടത്തിൽ താലൂക്ക് പഞ്ചായത്താഫീസറായിരുന്ന കെ.ആർ.ഗോപാലകൃഷ്ണനായിരുന്നു ഈ പഞ്ചായത്തിന്റെ ചുമതല.
പിന്നീട് 88ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് 12.7.88മുതൽ ശ്രീ.വി.വി.രാമൻ, ഇ.കെ. ഗോപിനാഥൻ, ലളിതാ സുകുമാരൻ, ഐ.കെ. ശിവജ്ഞാനം, പി.എസ്.നാരായണൻ, കെ.ആർ. പ്രഭാകരന്, ടി.കെ. വേലായുധൻ വൈദ്യർ കെ.കെ. സുബ്രഹ്മണ്യൻ സലോമി ആൻഡ്രൂസ് എന്നിവർ അംഗങ്ങളും ശ്രീ.വി.വി. രാമൻ 9.2.88 മുതൽ 14.2.91 വരെ പ്രസിഡണ്ടും, 20.3.91 മുതൽ ശ്രീ.ടി.കെ. വേലായുധൻ വൈദ്യർ പ്രസിഡണ്ടുമായിരുന്നു. 9.2.88 മുതൽ ശ്രീ. ഇ.കെ. ഗോപിനാഥൻ വൈസ് പ്രസിഡണ്ടുമായിരുന്നു. കെ.കെ. സുബ്രഹ്മണ്യൻ 12.7.89ൽ രാജി വച്ചു.

സംസ്ഥാനത്ത് ആദ്യമായി ജില്ലാകൗൺസിലുകൾ രൂപീകൃതമായപ്പോൾ തൃശൂർ ജില്ലയുടെ പ്രഥമ ജില്ലാ കൗൺസിൽ പ്രസിഡണ്ടായി 15.2.91ൽ തിരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ടും കാട്ടൂർ ഡിവിഷനെ പ്രതിനിധീകരിച്ചിരുന്നതുമായ ശ്രീ. വി.വി. രാമനാണ്.
95ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 4.10.95 മുതൽ കെ.വി. രാമകൃഷ്ണൻ, പ്രസിഡണ്ടായും, ഇ.കെ. ഗോപിനാഥൻ വൈസ്പ്രസിഡണ്ടായും എ.കെ. വിശ്വംഭരൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായും അംബികാ ഗോപി കെ.വി. മോഹനൻ സുമനാ പത്മനാഭൻ, കെ.എൻ. ദിലീപ്കുമാർ, ഓമന ഉണ്ണിക്കൃഷ്ണൻ, ടി.വി.ദശരഥൻ എന്നിവർ അംഗങ്ങളുമായി തുടർന്നുവരുന്നു.
ജില്ലാ പഞ്ചായത്തിൽ ശ്രീമതി ശാരദരാമനും, ബ്ലോക്ക് പഞ്ചായത്തിന്റെ എടത്തിരിഞ്ഞി ഡിവിഷൻ അംഗം ശ്രീമതി ഇ.കെ. മണിയും ഈ പഞ്ചായത്ത് നിവാസികളും പടിയൂർ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗം പൂമംഗലം പഞ്ചായത്ത് നിവാസിയുമായ ശ്രീ വിൻസന്റ് ഊക്കനുമാണ്.

## വിവിധമതക്കാർ ജാതിക്കാർ

പടിയൂർ പഞ്ചായത്തിൽ ഈഴവർ, കുടുംബികൾ, പുലയർ, വേട്ടുവർ, പാണർ, കൊല്ലൻ, നായർ, നമ്പൂതിരി, ആശാരിമാർ, മുസ്ലീങ്ങൾ, കൃസ്ത്യാനികൾ (സിറിയൻ, ലാറ്റിൻ, ആംഗ്ലോ ഇന്ത്യൻ, പ്രൊട്ടസ്റ്റന്റ്) എന്നിവരും താമസിക്കുന്നു. ഭൂരിഭാഗം വരുന്നത് ഈഴവരാണ്. ഇവർ ഓരോ ജാതിമതസ്ഥർക്കും തനതായ ആചാരക്രമങ്ങൾ നില നിൽക്കുന്നു. പല ആചാരങ്ങൾ ലഘൂകരിക്കുകയും മാറ്റങ്ങൾ വരികയും ചെയ്തിട്ടുണ്ട്.

22

ഗോവയിൽ നിന്ന് കേരളത്തിൽ വന്നവരെന്നുകരുതുന്ന കുടുംബികൾ നമ്മുടെ പല വാർഡുകളിലും താമസിക്കുന്നു. ഇവർക്ക് ധാരാളം ഭൂസ്വത്തുണ്ടായിരുന്നു. കൊച്ചി രാജാവിൽ നിന്നും പതിച്ച് കിട്ടിയതെന്ന് കരുതുന്നു. ഇവരിൽ പലർക്കും ഇന്ന് ഭൂസ്വത്ത് കുറവാണ്. ഇവരുടെയിടയിൽ പെൺകുട്ടികളെ 7 വയസ്സിലും ആൺകുട്ടികൾ 12 വയസ്സിലും വിവാഹം നടത്തിയിരുന്നു. വലിയ ആർഭാടത്തോടെ 7 ദിവസം ഇവരുടെ വിവാഹച്ചടങ്ങുകൾ നീണ്ടുനിന്നിരുന്നു. ഹോളി ഇവരുടെ ആഘോഷമാണ്. കഥകളിയിൽ പ്രാവീണ്യം നേടിയവരും, വിഷചികിത്സാരംഗത്ത് വൈദഗ്ദ്യം നേടിയവരും ഇവരുടെയിടയിൽ ഉണ്ട്. പരസ്പര സഹായസഹകരണസംഘം ഇവരുടെയിടയിൽ പ്രവർത്തിച്ചിരുന്നു.

8,9 വാർഡുകളിൽ ആംഗ്ലോ ഇന്ത്യക്കാർ കൂടുതലാണ്. ക്രിസ്ത്യൻ ആരാധനാലയങ്ങളിലാണ് ഇവരുടെ ആരാധനയും നടത്തുന്നത്. പെരേര, പിൻഹിറോ, ലിവേര, റോഡ്രിഗ്സ്, അൽമേഡ, റോച്ച ഡിസിൽവ എന്നി സർനെയിമുകളിൽ ഇവർ അറിയപ്പെടുന്നു.

എല്ലാ മതവിഭാഗത്തിൽ പെടുന്നവരും വളരെയേറെ പരസ്പരസഹകരണത്തോടെയും സൗഹാർദ്ദത്തോടെയും കഴിഞ്ഞുവരുന്നു.

## അനാചാരങ്ങൾ അന്ധവിശ്വാസങ്ങൾ

ഹിന്ദുക്കളിൽ തന്നെ വ്യത്യസ്ഥ വിഭാഗത്തിൽ പെടുന്നവർ തമ്മിൽ തൊടാനും തീണ്ടാനും പാടില്ലെന്ന അനാചാരം കേരളത്തിലെല്ലായിടത്തുമുണ്ടായിരുന്നതുപോലെ ഇവിടെയും നിലനിന്നിരുന്നു. പുലയരും വേട്ടുവരും ഈഴവരിൽ നിന്ന 3 ദണ്ഡും നായരിൽ നിന്ന് 6 ദണ്ഡും നമ്പൂതിരിയിൽ നിന്ന് 9 ദണ്ഡും ഈഴവൻ നായരിൽ നിന്ന് 3 ദണ്ഡും, നമ്പൂതിരിയിൽ നിന്ന് 6 ദണ്ഡുമാറി നിൽക്കണമെന്നായിരുന്നു അലിഖിത നിയമം. സവർണ്ണർക്ക് പ്രത്യേകം ക്ഷൗരം ചെയ്യുന്നുതിനുള്ള ഏർപ്പാടുകളും അവിടെ അവർണ്ണർക്ക് വിലക്കും ഉണ്ടായിരുന്നു. ക്ഷേത്രപ്രവേശനവിളംബരത്തിനുമുമ്പുതന്നെ സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. പോത്താനി ശിവക്ഷേത്രത്തിലും വൈക്കം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലും അവർണ്ണരെ പ്രവേശിപ്പിച്ചിരുന്നില്ല. രോഗം വന്നാൽ ചികിത്സിക്കാതിരിക്കുകയും ജ്യോത്സ്യനെ കണ്ട് ദോഷകാരണങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കുകയും മന്ത്രവാദങ്ങൾ ചെയ്യിക്കുകയും ശത്രുക്കളെ കൊല്ലുന്നതിന് പാണരെക്കൊണ്ട് ഒടിവെപ്പിച്ച് കൊല്ലാൻ കഴിയുമെന്നുമുള്ള ഈ അന്ധവിശ്വാസസങ്കല്പങ്ങളുമുണ്ടായിരുന്നു.

അനാചാരങ്ങൾക്കെതിരെ, 1934-35 കാലഘട്ടത്തിൽ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ചേർന്ന് ശ്രീനാരായണഗുരുവിന്റെ ആദർശങ്ങൾ ഉൾക്കൊണ്ട് ഒരു ശ്രീനാരായണമൂവ്മെന്റിനു രൂപം കൊടുക്കുകയും ഏതാണ്ട് 500ൽപരം ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പടിയൂർ എസ്.എൻ.വി.എൽ.പി. സ്ക്കൂളിൽ വച്ച് ഒരു പൊതുയോഗം ചേരുകയും ചെയ്തു. ഒരു മാറ്റത്തിന്റെ തുടക്കമായിരുന്നു അത്. അന്നത്തെ ദിനപ്പത്രമായിരുന്ന ഗോമതിയിൽ ഈ വാർത്ത വലിയപ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## ദേശീയപ്രസ്ഥാനം

ദേശീയപ്രസ്ഥാനവുമായി ബന്ധമുള്ള നിരവധിപേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്ന് പറയുവാൻ കഴിയുകയില്ല. ഉപജീവനമാർഗ്ഗത്തിനുവേണ്ടി വളരെ മുമ്പുതന്നെ സിലോണിൽ പോയിട്ടുള്ളവരിൽ ചിലർ സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ഉൾക്കൊണ്ട് നാട്ടിൽ വന്ന് പ്രവർത്തിച്ച അപൂർവ്വം പേരിൽ ഒരാളാണ് ശ്രീ.വി.ആർ. കൃഷ്ണൻ. 1942ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ നിയമം ലംഘിച്ച് ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. മറ്റാരും തന്നെ ജയിൽ ശിക്ഷ അനുഭവിച്ചിട്ടില്ലെങ്കിലും, ദേശീയപ്രസ്ഥാനത്തിൽ നിന്ന് ആവേശവും പ്രചോദനവും നേടി നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയെ ചലനോന്മുഖമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

## തൊഴിലാളി സംഘടനകൾ

പടിയൂർപഞ്ചായത്തിൽ ആദ്യം രൂപംകൊണ്ട തൊഴിലാളി സംഘടന ചെത്തുതൊഴിലാളികളുടേതാണ്. ഈ ജില്ലയിലെ ആദ്യത്തെ ചെത്തുതൊഴിലാളി സമരം നടന്നത് എടതിരിഞ്ഞി-പടിയൂർ ഭാഗത്താണ്. മുതലാളിത്വവ്യവസ്ഥയ്ക്കെതിരെ നടന്ന ഈ സമരത്തിന് ജനങ്ങളിൽ ആത്മവിശ്വാസവും, ആവേശവും പകരാൻ കഴിഞ്ഞു. വി.വി. ചാത്തുണ്ണി, കെ.ആർ. അപ്പുക്കുട്ടൻ തുടങ്ങിയവരാണ് ഈ സമരത്തിന്റെ നേതൃത്വനിരയിൽ ഉണ്ടായിരുന്നത്.

ചകിരിതൊഴിലാളികൾ തഴപ്പായതൊഴിലാളികൾ നെയ്ത്ത് തൊഴിലാളികൾ തുടങ്ങിയവർ ധാരാളമുണ്ടായിരുന്നെങ്കിലും ശക്തമായ സംഘടന ഉണ്ടായിരുന്നില്ല. കർഷകസംഘം പ്രവർത്തനം ഉണ്ടായിരുന്നു.

1940നു മുമ്പായി കുടിയൊഴിപ്പിക്കൽ, ജന്മിത്വത്തിന്റെ കടന്നാക്രമണങ്ങളെ ചെറുക്കുന്നതിനുവേണ്ടി എടതിരിഞ്ഞി പനപറമ്പ് മൈതാനിയിൽ ചേർന്ന കർഷകസമ്മേളനം നടന്നു. പി.വി.എ. കരുപ്പ[illegible]യുടെ നേതൃത്വത്തിൽ നടന്ന ഈ സമ്മേളനത്തിൽ സി.അച്യുതമേനോൻ പങ്കെടുത്തിരുന്നു.

കർഷകതൊഴിലാളി സംഘടന ശക്തമായിരുന്നില്ല.

## ജന്മി സമ്പ്രദായം

പഞ്ചായത്തിലെ ഭൂമികൾ പണ്ടാരവകയും ദേവസ്വം ഭൂമികളും ആയിരുന്നു. കൃഷിക്കാർക്ക് പാട്ടത്തിന് ഭൂമി നൽകിയിരുന്നു. 10 മുതൽ 30വരെ പാട്ടം കൊടുത്തിരുന്ന കൃഷി പിഴച്ചാൽ കൃഷിക്കാർ കടത്തിലാകുകയും ചെയ്തിരുന്നു. ഭൂവുടമയ്ക്ക് അപ്രിയമായി പ്രവർത്തിച്ചാൽ കുടിയൊഴിപ്പിക്കുമായിരുന്നു. ഭൂപരിഷ്ക്കരണനിയമം കൃഷിക്കാർക്കും കുടികിടപ്പുകാർക്കും ആശ്വാസമായി. പട്ടികജാതിക്കാരിൽ വേലന്മാരൊഴികെ മറ്റാർക്കും സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. തൊഴിലാളി സംഘടന ശക്തിയായതോടെ ജന്മിത്വം ഇല്ലാതായി.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1920ൽ ചേലൂരിൽ സ്ഥാപിതമായി. സെന്റ് മേരീസ് എൽ.പി.സ്ക്കൂളെന്ന ഇതിനെ കക്കഴ സ്ക്കൂൾ എന്നും പറഞ്ഞിരുന്നു. ആദ്യം മൂന്നാംക്ലാസ്സ് വരെയാണ് ഉണ്ടായിരുന്നത്. എടതിരിഞ്ഞിയിൽ ഇന്ന് എച്ച്.ഡി.പി.എസ്. സ്ക്കൂൾ ഉള്ള സ്ഥലത്തും 1 വർഷക്കാലം പ്രവർത്തിച്ച ഒരു സ്ക്കൂളും ഉണ്ടായിരുന്നു. 1926ൽ പടിയൂർ എസ്.എൻ.വി.എൽ.പി. സ്ക്കൂളും പിന്നീട് എടതിരിഞ്ഞിയിൽ ആർ.ഐ.എൽ.പി. സ്ക്കൂളും ആരംഭിച്ചു. ഇപ്പോൾ നാല് എൽ.പി.സ്ക്കൂളും രണ്ട് യു.പി.സ്ക്കൂളും ഒരു ഹൈസ്ക്കൂളുമാണുള്ളത്. ഒരു അംഗൻവാടിയുണ്ട്. 79–80 കാലഘട്ടത്തിലാണ് നിരവധി പ്രക്ഷോഭസമരങ്ങളുടെ ഭാഗമായി എച്ച്.ഡി.പി.എസ്. ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടത്.

1920ന് മുമ്പ് എഴുത്താശ്ശാൻമാരിൽ നിന്നും ഏതാനും പേർ അക്ഷരാഭ്യാസം നേടിയിരുന്നു. പട്ടികജാതിക്കാരിൽ വിദ്യാഭ്യാസം നേടിയവർ വളരെ കുറവായിരുന്നെങ്കിലും കൊച്ചിരാജ്യത്തുനിന്നും ആദ്യം ഡോക്ടറായത് ഡോ.കെ.എം.ചെറയത്താണ്. ഇദ്ദേഹം അവിഭക്ത പടിയൂർപഞ്ചായത്തിലെ എടക്കുളം നിവാസിയാണ്. ഇന്നത്തെ പടിയൂർ പഞ്ചായത്തിലെ ആദ്യത്തെ പട്ടികജാതിക്കാരനായ ബിരുദധാരി ശ്രീ. പി.വി. ചാത്തുക്കുട്ടിയാണ്.

## വാഹനം

യാത്രയ്ക്കുവേണ്ടി വഞ്ചിയാണ് ഉപയോഗിച്ചിരുന്നത്. കനോലിപ്പുഴയിൽ കൂടി ബോട്ടുസർവ്വീസുണ്ടായിരുന്നു. ഏഴെട്ടുനാഴികവരെ വരുന്ന വിവാഹയാത്രകൾ വരെ നടന്നായിരുന്നു. 65 വർഷം മുമ്പ് ശ്രീ ഇനാപ്പുള്ളി പരമുമേനോൻ ഒരു സൈക്കിൾ കൊണ്ടുവന്നപ്പോൾ ഒരു അത്ഭുതവസ്തുവായാണ് അന്നതിനെ കണ്ടത്. രോഗികളെ തണ്ടികയിൽ ആണ് കൊണ്ടുപോയിരുന്നത്.

മുൻകാലവാണിജ്യകേന്ദ്രങ്ങളായിരുന്ന പൊന്നാനി, കൊടുങ്ങല്ലൂർ, കൊച്ചിയേയും തമ്മിൽ ബന്ധിപ്പിക്കുന്നതന് വേണ്ടി കനോലിസായ്പ് 1850 ൽ നിർമ്മിച്ച കനോലി കനാലിന്റെ കാക്കാത്തുരുത്തി മുനയം ഭാഗത്തുനിന്നും 1936 കാലഘട്ടത്തിൽ പ്രധാനമലഞ്ചരക്കുവ്യാപാരകേന്ദ്രമായിരുന്ന ഇരിഞ്ഞാലക്കുടയിലേക്ക് ശ്രീ.ഷൺമുഖം ചെട്ടിയാർ നിർമ്മിച്ച് 1940ൽ ഉദ്ഘാടനം ചെയ്ത ഷൺമുഖം കനാലിൻരെ മൊത്തം 7 കി.മീ. നീളത്തിൽ പകുതിയിലേറെയും ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കടന്നുപോകുന്നു.

## വസ്ത്രം

ഹിന്ദുക്കളിൽ അവർണ്ണജാതിക്കാരുടെയിടയിൽ വസ്ത്രധാരണത്തിൽ ചില നിയന്ത്രണങ്ങളുണ്ടായിരുന്നു. പത്തുവയസ്സുവരെ ആൺകുട്ടികളും പെൺകുട്ടികളും കൗപീനം മാത്രമെ ധരിച്ചിരുന്നുള്ളു. ഈഴവസ്ത്രീകൾ മാറുമറയ്ക്കാൻ ചെറിയ മുണ്ട് ഉപയോഗിച്ചിരുന്നെങ്കിലും പട്ടികജാതിയിൽ പെട്ടവർ ഇതും ഉപയോഗിച്ചിരുന്നില്ല. ആണുങ്ങൾ ആരും ഷർട്ട് ഉപയോഗിച്ചിരുന്നില്ല. വിവാഹത്തിനുപോലും രണ്ടാംമുണ്ടായിരുന്നു. വിദ്യാർത്ഥികളും ഷർട്ട് ഉപയോഗിച്ചിരുന്നില്ല. 49–50 വരെ ചെരുപ്പ് ഉപയോഗിച്ചിരുന്നില്ലെങ്കിലും ചിലർ മെതിയടി ഉപയോഗിച്ചിരുന്നു.

## ഭക്ഷണം

റങ്കൂണിൽ നിന്നാണ് പ്രധാനമായും അരി വന്നിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് അതും നിലച്ചു. ഇവിടുത്തെ നെല്ലുല്പാദനം പരിമിതമായിരുന്നു. കൊടും പട്ടിണിയായിരുന്നു ഇക്കാലത്ത് മലബാർ പ്രദേശത്ത് പട്ടി


ണികൊണ്ട് പകർച്ചവ്യാധികൊണ്ടും നിരവധിപേർ മരിക്കുകയുണ്ടായി. നാമിന്നുപയോഗിക്കുന്ന പല പച്ചക്കറികളായ ബീറ്റ്റൂട്ട്, കാരറ്റ്, തക്കാളി, കാബേജ്, സവോള തുടങ്ങിയവ അന്നുള്ളവർ കണ്ടിട്ടുപോലുമില്ല. പഞ്ചസാരയ്ക്ക് പെർമിറ്റ്, 26 സമ്പന്നർക്കാണ് അന്നുണ്ടായിരുന്നത്. മറ്റുള്ളവർ ശർക്കരയും തെങ്ങിൻചക്കരയും ഉപയോഗിച്ചിരുന്നു. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ മേഖലയിലേക്ക് ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിന് വിലക്കും ഇവ പരിശോധിക്കുന്നതിന് കാക്കാത്തുരുത്തി, മതിലകം കടവ് എന്നിവിടങ്ങളിൽ ചെക്ക് പോസ്റ്റുകളും ഉണ്ടായിരുന്നു.

## വീടുകൾ

എഴുപതുവർഷം മുമ്പ് അഞ്ചോ ആറോ ഓടിട്ട വീടുകൾ മാത്രമാണുണ്ടായിരുന്നത്. ബാക്കിയെല്ലാം ഓല പ്പുരകളും, കളിമണ്ണുകൊണ്ടുള്ള ഇഷ്ടികകൾ ആണ് ചുമരുണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നത്. പരസ്പരം സഹക രണത്തോടെയുള്ള പുരകെട്ടും, ഇതിന് സദ്യയും ഉണ്ടായിരുന്നു. കൂലി വാങ്ങിയിരുന്നില്ല.

## കലകൾ

പലജാതിക്കാർക്കും അവരവരുടെ തനത് കലകൾ ഉണ്ടായിരുന്നു. പൊറാട്ടുനാടകം നടന്നിരുന്നു. കർക്കിട കമാസത്തിൽ വെളുപ്പിനുള്ള പാണന്മാരുടെ തുകിലുണർത്തുപാട്ടും, കന്നിമാസത്തിൽ വേലന്മാരുടെ നന്തുണിപ്പാട്ടും, പ്രസിദ്ധമാണ്. വേലന്മാർ ദേവപ്രീതിക്കായി കളമെഴുത്തും പാട്ടും, കൊയ്ത്തുകാലത്ത് പുള്ളുവരുടെ പുള്ളുവൻ പാട്ടും ഉണ്ടായിരുന്നു. ഇവരുടെ പാട്ടുകൾക്ക് സർപ്പാരാധനകളുമായി ബന്ധമുണ്ട്. പണ്ട് പല വീടുകളിലും സർപ്പക്കാവു കളും ഉണ്ടായിരുന്നു. പഴയ പല കലകളും നശിച്ചുകൊണ്ടിരിക്കുകയാണ്.



25

# കൃഷി ജലസേചനം

## ചരിത്രം

മുകുന്ദപുരം താലൂക്കിൽ എടതിരിഞ്ഞി, പടിയൂർ, മനവലശ്ശേരി (ഭാഗികം) എന്നീ വില്ലേജുകളിലായി 17.5 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഭൂപ്രദേശമാണ് പടിയൂർ പഞ്ചായത്ത്.

ഭൂപരിഷ്കരണ നിയമം നടപ്പിലാവുന്നതിന് മുമ്പ് (1970 ന് മുമ്പ്) ഭൂമികളുടെ ഉടമസ്ഥർ ദേവസ്വങ്ങളും, മനകളും ജന്മികളുമായിരുന്നു. കർഷകർ ഭൂമി പാട്ടത്തിന് എടുത്താണ് കൃഷി പണിതിരുന്നത്. ഒന്നു മുതൽ മുപ്പതു വരെ പാട്ടം നൽകിയിരുന്നു. ഭൂപരിഷ്കരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ 1970 - നോടു കൂടി കർഷകർ ഭൂവുടമകളായി. 1970 ന് ശേഷം നെൽകൃഷി ഭൂമി 25% തെങ്ങുകൃഷിക്കും, പുരയിടത്തിനുമായി രൂപാന്തരപ്പെട്ടു പോയിട്ടുണ്ട്.

## വിള ചേരുവ

വ്യാപനം

| | | | |
|---|---|---|---|
| തെങ്ങു കൃഷി | - | 1320 | ഹെക്ടർ |
| നെൽ കൃഷി | - | 379 | |
| പുരയിടം | - | 27.75 | |
| പുറമ്പോക്ക് | - | 0.57 | |
| കൃഷി യോഗ്യ തരിശ് | - | 35 | |
| കൃഷി യോഗ്യമല്ലാത്ത തരിശ് | - | 05 | |
| മറ്റാവശ്യങ്ങൾക്ക് | - | 30 | |

ഇടവിളയായി കമുക്, വാഴ, കശുമാവ്, കുരുമുളക്, തേനീച്ച കൃഷി, ഫലവൃക്ഷങ്ങൾ എന്നിവയും ചെറിയ തോതിലുണ്ട്. പയറ്, എള്ള്, പച്ചക്കറി എന്നിവ നാമമാത്രമായുണ്ട്. തെങ്ങ്കൃഷി പഞ്ചായത്തിലെ എല്ലാ ഭാഗത്തുമുണ്ട്. നെൽ കൃഷി മേഖലകൾ താഴെ പറയും പ്രകാരമാണ്.

1. രണ്ടു മൂന്നും വാർഡുകളിൽ പെട്ടുകിടക്കുന്ന കോൾ നിലങ്ങളിൽ കടും കൃഷിയായി ലെയിറ്റ് മുണ്ടകൻ കൃഷി ചെയ്യുന്ന കാട്ടൂർ തെക്കുംപാടം.
2. മൂന്നും, നാലും, ഏഴും വാർഡുകളിൽ വിരുപ്പ് മുണ്ടകൻ നിലങ്ങൾ.
3. നാല്, ആറ്, ഒമ്പത് വാർഡുകളിലായി കോൾ നിലങ്ങളും ഉയർന്ന ഭാഗങ്ങളിൽ മുണ്ടകൻ കൃഷി ചെയ്യുന്ന നിലങ്ങളും.
4. അഞ്ച്, ഏഴ്, എട്ട് വാർഡുകളിലെ പടിഞ്ഞാറു ഭാഗങ്ങളിൽ ഓരു നിലങ്ങളിൽ പാണ്ടി നെല്ല് കൃഷി ചെയ്യുന്ന നിലങ്ങൾ.

മുൻ കാലങ്ങളിൽ കോൾ നിലങ്ങളിൽ ആര്യനും, കുട്ടാടനും കൃഷി ചെയ്തിരുന്നു. ഇപ്പോൾ ആര്യനും കുട്ടാടനും നിശേഷമില്ല. അഞ്ച്, ഏഴ്, എട്ട്, ഒമ്പത് വാർഡുകളുടെ ഉൾപ്രദേശങ്ങളിൽ പാണ്ടി നെൽ കൃഷി ചെയ്തിരുന്നു. ഇപ്പോൾ പാണ്ടി നെൽ കൃഷി നാമമാത്രമേ ഉള്ളൂ.
ഉല്പാദന ക്ഷമത.

### സാങ്കേതിക ഘടകങ്ങൾ

എ) ജല സേചനം:

പ്രകൃതിയേയും മഴയേയും മാത്രം ആശ്രയിച്ചാണ് പരമ്പരാഗതമായി എല്ലാ പ്രദേശത്തും കൃഷികൾ നടത്തിവന്നിരുന്നത്. നെൽ കൃഷിക്ക് കാട്ടൂർ തെക്കുംപാടശേഖരത്തിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നുണ്ട്. 1976 ൽ തുടങ്ങിവച്ച പദ്ധതി ഇനിയും പൂർണ്ണമായും നടപ്പാക്കി കഴിഞ്ഞിട്ടില്ല. ജലസേചന പദ്ധതികൾ വഴി പഞ്ചായത്തിൽ വെള്ളം ലഭിക്കുന്നതിനുള്ള സാഹചര്യം നാളിതുവരെയായി ഉണ്ടായിട്ടില്ല. ഡിസംബർ മാസം അവസാനം മുതൽ പഞ്ചായത്തിൻെറ മിക്ക പ്രദേശത്തും ഓരു ജലമാണ് ലഭ്യമാവുക. ജലസേചന സൗകര്യമില്ലാത്തതിനാൽ കാർഷിക മേഖലകളിൽ ഉല്പാദന ക്ഷമത കുറഞ്ഞു വരികയാണ്. വർഷകാലത്ത് വള്ള കെട്ടും, വേനൽക്കാലത്ത്

വരാംച്ചയുമാണ് എന്നത്തേയും ഇന്നത്തേയും അവസ്ഥ. ജലസേചന സൗകര്യം ഉറപ്പു വരുത്തിയാൽ കാർഷിക മേഖലയിൽ ഏറെ വികസന സാദ്ധ്യതകളുണ്ട്. തെങ്ങ് നെല്ല് എന്നിവ കൂടാതെ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകാം നിലങ്ങളിൽ ഇടവിളയായി പച്ചക്കറി, പയറ്, എള്ള് തുടങ്ങിയവ കൃഷി ചെയ്യാൻ കർഷകർ മുന്നോട്ടുവരികയും ചെയ്യും. കൂടാതെ ജലസേചന സൗകര്യം ഉറപ്പായാൽ ഭൂഗർഭ ശുദ്ധജലവിധാനം ഉയരാൻ ഇടവരികയും കിണറുകളിലും, കുളങ്ങളിലും വേനൽ ക്കാലങ്ങളിൽ ശുദ്ധജലം ലഭ്യമാവുകയും അതുവഴി കുടിവെള്ള ക്ഷാമം പരിഹരിക്കാനാവുകയും ചെയ്യും. ഭാഗികമായി തെങ്ങിൻ തോട്ടങ്ങളിൽ കിണറുകളിൽ നിന്ന് കർഷകർ മോട്ടോർ പമ്പുസെറ്റുകാം ഉപയോഗിച്ച് നനച്ചു വരുന്നുണ്ട്. പക്ഷേ വരാംച്ച സമയത്ത് കിണറുകളിൽ വെള്ളം ലഭിക്കാറില്ല. കിണർ മോട്ടോർ എന്നിവയ്ക്ക് 2500 ക. വീതം സഹായ ധനം അനുവദിക്കുന്ന കൃഷി വകുപ്പിൻെറ സമഗ്ര നാളികേര വികസന പദ്ധതിക്ക് ഏറെ വൈകല്യങ്ങാം കൃഷിക്കാർക്ക് അനുഭവപ്പെടുന്നു. ഈ പദ്ധതി പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പ ശരിയായി ലഭിക്കുന്നില്ലെന്നും പമ്പുസെറ്റുകാം സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളുടേതു മാത്രമായിരിക്കണമെന്നുള്ള വ്യവസ്ഥ ബുദ്ധിമുട്ടുളവാക്കുന്നു എന്നും കർഷകർക്ക് പരാതിയുണ്ട്. മാത്രമല്ല സബ്സിഡി ആനുകൂല്യം മൂന്നിലൊന്ന് എന്നുള്ളത് 50% എങ്കിലും ആക്കണമെന്ന് കർഷകർ അഭിപ്രായപ്പെടുന്നു.

കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സ്ഥലം സറണ്ടർ ചെയ്യിച്ച് കർഷകരെ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് വറ്റാത്ത കുളങ്ങാം ഇല്ലാത്തതിനാൽ ഈ പദ്ധതിയും വിജയപ്രദമാക്കാനുള്ള സാധ്യതയില്ല. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയെ കുറിച്ച് കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്. സർക്കാരിൽ 75% സബ്സിഡി അനുവദിക്കുന്ന ഈ പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്. ജലം പാഴായി പോകാതെ ആവശ്യമായ അളവിൽ നൽകാനും കൂടുതൽ മനുഷ്യ പ്രയത്നം ആവശ്യമില്ലാത്തതുമായ സംവിധാനം പ്രയോജനപ്പെടുത്തണം. കൂടാതെ ലഭ്യമായ ജന വിഭവങ്ങളുടെ ശരിയായ മാനേജ്മെൻറിനുവേണ്ട പദ്ധതികളാണ് പഞ്ചായത്തിനാവശ്യം ജലം പ്രകൃതിയുടെ ഒരു വരദാനമാണല്ലോ.

തെങ്ങു കൃഷിയുടെ ഉല്പാദനക്ഷമത കുറഞ്ഞ് കുറഞ്ഞ് വരികയാണ്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് തെങ്ങ് കൃഷി വ്യാപിച്ചെങ്കിലും ഉല്പാദന നിരക്ക് ഉയർന്നിട്ടില്ല. തെങ്ങുകളുടെ വ്യാപകമായ രോഗങ്ങളും ജലസേചന സൗകര്യമില്ലാത്തതുമാണ് ഇതിനുകാരണം. ലാഭകരമല്ലാത്ത ഒരു കൃഷിയായി ഇത് അധഃപതിച്ചുവരുന്നു. ലഭിക്കുന്ന ഉല്പന്നത്തിന് ഉല്പാദന ചിലവുമായി താരതമ്യപ്പെടുത്തുമ്പോാം മതിയായ വില ലഭിക്കാത്ത അവസ്ഥയുമുണ്ട്. നെൽ കൃഷി മേഖലയിൽ കോാം നിലങ്ങളിൽ സാമാന്യം നല്ല വിളവ് ലഭിക്കുന്നു. വിരിപ്പ് മുണ്ടകൻ നിലങ്ങളിൽ ശരാശരി 12ന് താഴെയാണ് വിളവ്.

**ബി.) വളം ഉപയോഗം:**

പരമ്പരാഗതമായി കാലിവളവും പച്ചില വളവുമാണ് ഉപയോഗിച്ച് വന്നിരുന്നത്. ജൈവവളങ്ങളുടെ ദൗർലഭ്യവും വില വർദ്ധനയും മൂലം ഇപ്പോാം രാസവളങ്ങാം ഉപയോഗിക്കുന്നുണ്ട്. ശാസ്ത്രീയ രീതിയിലല്ല അത് ഉപയോഗിച്ച് വരുന്നത്. ജൈവവളങ്ങാം കൂടുതലായി ഉപയോഗിച്ച് തുടങ്ങാൻ ആവശ്യമായ ബോധവൽക്കരണവും ലഭ്യതയും ആവശ്യമാണ്. അമിതമായ രാസവളപ്രയോഗം മൂലം മേൽമണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്. പച്ചിലവള ക്ഷാമം പരിഹരിക്കണം. കമ്പോസ്റ്റ് കുഴികാം പ്രോത്സാഹിപ്പിക്കപ്പെടണം. ഹരിത വേലികാം പ്രോത്സാഹിപ്പിച്ച് പച്ചില വളം ലഭ്യമാക്കേണ്ടതാണ്. രാസവളത്തിന് നൽകുന്ന സർക്കാർ സബ്സിഡി വർദ്ധിപ്പിക്കേണ്ടതാണ്.

**സി.) രോഗങ്ങാം**

തെങ്ങ് കൃഷിക്കായി വ്യാപകമായി കാറ്റുവീഴ്ച കൂമ്പ് ചീയൽ മഞ്ഞളിപ്പ് എന്നിവയുണ്ട് ഇതുമൂലം ഉല്പാദന ക്ഷമത വളരെ കുറഞ്ഞു വരികയാണ്. ഫലപ്രദമായ രോഗ പ്രതിരോധ നടപടികാം ഒന്നും നടപ്പിലാക്കിയിട്ടില്ല. താൽക്കാലിക പ്രതിരോധത്തിനുവേണ്ടി തുലാവർഷവസാനത്തിലും കാലവർഷാരംഭത്തിന് മുമ്പും ബോഡോ മിശ്രിതം തെളിക്കാനുള്ള സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ജന്തു കീടങ്ങളുടെ ആക്രമണം മൂലം ഉല്പാദനം വളരെ നഷ്ടപ്പെടുന്നുണ്ട്. ഇതിനെതിരെ കൂട്ടായ പ്രതിരോധ നടപടികളും ബോധവൽക്കരണവും സാമ്പത്തിക സഹായവും

നൽകേണ്ടതാണ്. തെങ്ങു കൃഷിയുടെ മാരകമായ രോഗ പ്രതിരോധത്തിനുള്ള ഗവേഷണങ്ങളും കർമ്മ പരിപാടികളും നടത്താൻ കാർഷിക സർവ്വകലാശാലയെയും ഗവേഷണകേന്ദ്രങ്ങളേയും കൂടുതൽ സജ്ജമാക്കുകയും അവരുടെ സേവനം കൃഷികാർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഉല്പാദന ക്ഷമതയില്ലാത്ത കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി സങ്കരയിനത്തിൽപ്പെട്ട നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് സമഗ്ര നാളികേര വികസന പദ്ധതിയുടെ കീഴിൽ ഇന്ന് നൽകുന്ന ആനുകൂല്യം 500 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതാണ്. ഇങ്ങനെ മുറിച്ച് മാറ്റേണ്ടിവരുന്ന എല്ലാ തെങ്ങുകൾക്കും ആനുകൂല്യം അനുവദിക്കണം.

നെൽകൃഷിക്ക് വ്യാപകമായി കുമിൾ കീട രോഗങ്ങൾ കണ്ടുവരുന്നുണ്ട്. കീടരോഗങ്ങൾക്ക് ഫലപ്രദമായി കഴിഞ്ഞവർഷം മുണ്ടകൻ കൃഷിക്ക് കാട്ടൂർ തെക്കുംപാടശേഖരത്തിൽ നടപ്പാക്കിയ IPM സ്കീം (സംയോജിത കീട നിയന്ത്രണ പദ്ധതി) വ്യാപകമായ തോതിൽ നെൽകൃഷിയിൽ നടപ്പാക്കേണ്ടതാണ്. കുമിൾ രോഗങ്ങൾക്ക് സബ്സിഡി നിരക്കിൽ കുമിൾ നാശിനികൾ ലഭ്യമാക്കണം. ജൈവ കീടനാശിനികൾ പ്രോത്സാഹിപ്പിച്ചുകൊണ്ടുവരണം. ഓരു കയറുന്നതുമൂലം മണ്ണിൽ അമ്ലാംശം വർദ്ധിക്കുന്നതുകൊണ്ട് നെൽകൃഷിക്ക് കോൾ നിലങ്ങളിലേക്ക് അനുവദിക്കുന്നതുപോലെ ഇത്തരം സബ്സിഡി ഇരുപ്പ് മുണ്ടകൻ നിലങ്ങളിലേക്കും അനുവദിക്കേണ്ടതാണ്.

**ഉപകരണങ്ങൾ :**

നെൽകൃഷിക്ക് പരമ്പരാഗതമായി ഉഴവുമാടുകളെ ഉപയോഗിച്ചും തെങ്ങിന് കൈക്കോട്ടുകൊണ്ട് കിളച്ചുമാണ് മണ്ണ് ഇളക്കിയിരുന്നത്. ഉഴവുമാടുകൾ പഞ്ചായത്തിൽ വളരെ കുറച്ചേ ഉള്ളൂ. പഞ്ചായത്ത് തലത്തിൽ ഇപ്പോൾ രണ്ടു ട്രാക്റ്ററുകളേ പ്രവർത്തിക്കുന്നുള്ളൂ. രണ്ടു ടില്ലറുകളും ഉണ്ട്. ഗ്രൂപ്പ് ഫാം സമിതികൾക്കും കേര സംരക്ഷണ സമിതിക്കും താല്പര്യമുള്ള വ്യക്തികൾക്കും സബ്സിഡി നിരക്കിൽ ട്രാക്റ്റർ, ടില്ലർ തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്. കാർഷിക മേഖലയിൽ തൊഴിലാളികളുടെ കുറവ് കാര്യമായ തോതിൽ അനുഭവപ്പെടുന്നുണ്ട്. കൂടുതൽ വരുമാനമുള്ള നിർമ്മാണ പ്രവർത്തന മേഖലകളിലേക്ക് തൊഴിലാളികളുടെ ഒഴുക്കാണ് ഇതിനു കാരണം. അതിനാൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതും കർഷകരെ ഈ മേഖലയിൽ താങ്ങി നിർത്തുന്നതിനും ആവശ്യമായ കൊയ്ത്തു യന്ത്രം, നടീൽ യന്ത്രം, മെതി യന്ത്രം, സ്പ്രെയറുകൾ മുതലായവ ഗ്രൂപ്പ് ഫാം സമിതികൾക്കും വ്യക്തികൾക്കും സബ്സിഡി നിരക്കിൽ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

ജലസേചനത്തിനായി കാളത്തേക്ക്, തുലാക്കൊട്ട, കൊളുത്ത്തേക്ക് തുടങ്ങിയവ കിണറുകളിൽ ന്നും കുളങ്ങളിൽ നിന്നും നടത്തിവരുന്നു. പുഞ്ചയ്ക്ക് ചക്രം ചവിട്ടിയാണ് വെള്ളം വറ്റിക്കലും ജലസേചനവും നടത്തി വന്നിരുന്നത്. ഇപ്പോൾ ഇവയ്ക്ക് പകരമായി മോട്ടോർ പമ്പുസെറ്റുകൾ ഉപയോഗിച്ചു വരുന്നു.

വിത്ത് നടീൽ വസ്തുക്കൾ:-

പ്രധാനമായും പരമ്പരാഗതമായി കൃഷികാർ തന്നെ സംഭരിച്ചുവയ്ക്കുന്ന വിത്തിനങ്ങളാണ് ഉപയോഗിച്ച് വരുന്നവ. നാമമാത്രമായി നടീൽ വസ്തുക്കൾ കൃഷി ഭവൻ മുഖേന ലഭ്യമാകുന്നുണ്ട്. പുഞ്ച കൃഷിക്ക് വിത്തിൻെറ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. നല്ല സങ്കരയിനം, കുറ്റ്യാടി, വെസ്റ്റ് കോസ്റ്റ് തുടങ്ങിയ തെങ്ങിൻ തൈകളുടെ നഴ്സറി ആരംഭിക്കണം.

## സാമ്പത്തിക ഘടകങ്ങൾ

**വിപണനം**

നെല്ല്, നാളികേര ഉല്പന്നങ്ങൾ എന്നിവ സ്വകാര്യ മേഖലയിലാണ് വിപണനം നടത്തുന്നത്. ഉല്പാദന ചിലവുമായി തുലനം ചെയ്യുമ്പോൾ കർഷകർക്ക് ന്യായമായ വില ലഭ്യമാകാറില്ല. സഹകരണാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുമുള്ള പ്രോത്സാഹനവും സാഹചര്യങ്ങളും സൃഷ്ടിക്കേണ്ടതാണ്.

**വായ്പകരം**

പ്രധാനമായും കാർഷിക വായ്പകരം ലഭിക്കുന്നത് സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക ഭൂവികസന ബാങ്ക്, കാത്തോലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ വഴിയാണ്. ഫെഡറൽ ബാങ്കിൽ നിന്നും നാമമാത്രമായേ കാർഷിക വായ്പകരം ലഭിക്കുന്നുള്ളൂ എന്ന് എല്ലാ വാർഡുകളിൽ നിന്നും പരാതികരം ഉയർന്നിട്ടുണ്ട്. ദേശസൽകൃത ബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. ഹ്രസ്വകാല കാർഷിക വായ്പകരം ഇന്ന് അനുവദിക്കുന്നതിൻെറ ഇരട്ടിയെങ്കിലും ആക്കേണ്ടതാണ്. സഹകരണ ബാങ്കിലെ പലിശ നിരക്ക് ഉയർത്തിയത് വെട്ടി കുറയ്ക്കുകയും വായ്പകരംക്ക് ലഭിച്ചിരുന്നു വായ്പ തുകയുടെ 5% ഇളവ് അനുവദിക്കുകയും വേണ്ടതാണ്.

**സംസ്ക്കരണം.**

നാളികേരത്തിൻെറ കൊപ്ര സംഭരണം പഞ്ചായത്തിൽ നാമമാത്രമേ ഉള്ളൂ. പഞ്ചായത്തിന് പുറത്തേയ്ക്ക് കൊണ്ടു പോയാണ് സംസ്കരണം നടത്തുന്നത്. നാളികേരം അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ സംസ്കരണ യൂണിറ്റുകരം ആരംഭിച്ചാൽ കർഷകർക്ക് ന്യായമായ വിലയും ഉപഭോക്താകരംക്ക് ന്യായമായ വിലയ്ക്ക് ഉല്പന്നങ്ങളും ലഭിക്കുകയും തൊഴിൽ അവസരങ്ങരം വർദ്ധിക്കുകയും ചെയ്യുന്നു.

പുഞ്ച കൊയ്ത്ത് കാലത്ത് നെല്ല് പുറത്തേയ്ക്ക് കയറ്റി പോകുന്നു. നെല്ലും സഹകരണാടിസ്ഥാനത്തിൽ സംഭരിച്ച് സംസ്ക്കരണ യൂണിറ്റുകരം പ്രവർത്തിച്ചാൽ തൊഴിൽ അവസരങ്ങരം വർദ്ധിക്കുകയും കർഷകർക്ക് ന്യായവില ലഭിക്കുകയും, നല്ല അരി ലഭിക്കുകയും ചെയ്യുന്നതാണ്. കൊപ്ര സംസ്കരണവും നെല്ല് സംസ്കരണവും ഉറപ്പുവരുത്തിയാൽ കാലിത്തീറ്റയുടെ അസംസ്കൃത ഘടകങ്ങരം ലഭ്യമാക്കാവുന്നതാണ്.

## സംഘാടക ഘടകങ്ങരം

**കാർഷിക ബന്ധം :**

നെൽകൃഷി മേഖലയിൽ സജീവമായി രണ്ട് ഗ്രൂപ്പ് ഫാമിങ്ങ് സംഘങ്ങളും ഒരു കോരം കർഷക സംഘവും പ്രവർത്തിക്കുന്നുണ്ട്. തെങ്ങ് കൃഷി മേഖലയിൽ വാർഡ് തല സമിതികരം ഉണ്ടായിരുന്നുവെങ്കിലും അവ ഇപ്പോരം നിർജ്ജീവമാണ്. പഞ്ചായത്ത് തലത്തിൽ ഒരൊറ്റ സമിതി ആയിട്ടാണ് ഇപ്പോരം പ്രവർത്തിക്കുന്നത്. വാർഡ്തല സമിതികളെ പുനരുജ്ജീവിപ്പിച്ചാൽ കാർഷിക വിഭവങ്ങളുടെ സംഭരണത്തിനും സംസ്ക്കരണത്തിനും വിതരണത്തിനും ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. നെൽകൃഷി മേഖലയിൽ ഗ്രൂപ്പ് ഫാമിങ്ങ് സമിതികരം ഇല്ലാത്ത സ്ഥലങ്ങളിൽ സമിതികരം സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് കൃഷി ഭവൻ പഞ്ചായത്തിൻെറ ഒരറ്റത്താണ് ഇപ്പോരം പ്രവർത്തിച്ചു വരുന്നത്. കർഷകർക്ക് എളുപ്പത്തിൽ എത്തിപ്പെടുവാൻ കഴിയുന്ന കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥലത്തേയ്ക്ക് ആയത് മാറ്റി സ്ഥാപിക്കേണ്ടതാണ്. കാർഷിക സെമിനാറുകരം കൂടുതൽ സജീവമായി നടത്തേണ്ടതും ആവശ്യമായ ബോധവൽക്കരണം സാധ്യമാക്കേണ്ടതുമാണ്. കൃഷി ഭവൻെറ സേവനം ഫീൽഡു തലത്തിൽ കൂടുതൽ ഉറപ്പുവരുത്തേണ്ട സംവിധാനങ്ങരം ആവശ്യമാണ്.

**കൂലി- സേവനം:**

മുൻ കാലങ്ങളിൽ കാർഷിക രംഗത്ത് വേണ്ടത്ര തൊഴിലാളികളെ ലഭിച്ചിരുന്നു. വേതനത്തേക്കാരം കൂടുതൽ സേവനം അന്ന് ലഭിച്ചിരുന്നു. ഇന്ന് അതല്ല അവസ്ഥ. കാർഷിക മേഖലയിൽ വേണ്ടത്ര തൊഴിലാളികരം ഇല്ലാത്ത സ്ഥിതിയാണ്. ഇപ്പോരം ഉയർന്ന കൂലി നിരക്കും. വേതനത്തിനനുസരിച്ച സേവനം ലഭിക്കാത്ത അവസ്ഥയുമുണ്ട്. പുരുഷ തൊഴിലാളിക്ക് നൂറു രൂപയും സ്ത്രീ തൊഴിലാളിക്ക് 40 രൂപയും ശരാശരി കൂലി നിരക്കുണ്ട്. നെൽകൃഷിക്ക് കൊയ്ത്തിന് ഭൂരിഭാഗം പ്രദേശത്തും പതമ്പ് സമ്പ്രദായമാണ്. തെങ്ങ് കയറ്റത്തിന് ചിലയിടങ്ങളിൽ നാളികേരം മാത്രം കൂലി കൊടുക്കുന്നു.

## കാർഷിക സംരംഭങ്ങളും വികസന സംരംഭങ്ങളും

കാർഷിക സംരംഭങ്ങാംക്ക് ആക്കം കൂടുവാൻ ജലസേചന സൗകര്യം ഉണ്ടാവുക എന്നതാണ് പരമപ്രധാനം. പഞ്ചായത്തിൽ നാളിതുവരെ ജലസേചന പദ്ധതിയനുസരിച്ച് പുറത്ത് നിന്ന് ജലം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. വർഷകാലത്ത് നമുക്ക് ആവശ്യത്തിലേറെ മഴ ലഭിക്കുന്നുണ്ട്. താഴ്ന്ന സമതലങ്ങളും, കോാം നിലങ്ങളുമൊക്കെയാണ് നമ്മുടെ ഭൂ പ്രകൃതി. വെള്ളം ആഴ്ന്നിറങ്ങാത്ത കളിമണ്ണാണ് മിക്ക സ്ഥലത്തും. വേനൽ കാലത്ത് കനോലി കനാലിൽ (പി. സി. കനാൽ) നിന്ന് ഉപ്പു കയറി സസ്യജാലങ്ങാം നശിച്ചു പോവുകയും കിണറുകളിൽ ഉപ്പുവെള്ളമാവുകയും ചെയ്യുന്നു. അതുകൊണ്ട് കുടിനീർ ക്ഷാമം അനുഭവപ്പെടുന്നു. ഡിസംബർ മാസം വരെ മാത്രമെ നീർച്ചാലുകളിൽ നല്ല വെള്ളം ലഭിക്കയുള്ളൂ. നാട്ടറിവ് അനുസരിച്ച് ശരിയായ വിനിയോഗത്തിലൂടെയാണ് ലഭ്യമായ ജലം കൊണ്ട് പൂർവ്വികർ കൃഷി ചെയ്തിരുന്നത്. 50 വർഷം മുമ്പ് നിർമ്മിച്ച ഷൺമുഖം കനാൽ ഉപ്പുവെള്ളം കയറിവരാനുള്ള ഒരു കവാടമായി. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തേയും ഓരു ജല പ്രദേശമാക്കി മാറ്റി. നാവിഗേഷനുവേണ്ടി നിർമ്മിച്ച ഈ കനാൽ ഇന്ന് നാവിഗേഷനുവേണ്ടി ഉപയോഗിക്കുന്നില്ല. പിന്നീട് വെള്ളം പുറത്തേയ്ക്ക് പമ്പുചെയ്ത് കളഞ്ഞ് കൃഷി ചെയ്യുന്ന കടും കൃഷി രീതികാം വന്നപ്പോാം ഭൂഗർഭ ജലത്തിൻെറ വിതാനം താഴാൻ ഇടയാകുകയും ഓരു ജലം കയറുന്നതിന് ആക്കം കൂടുകയും ചെയ്തു. ശരിയായ വാട്ടർ മാനേജ്മെൻറ് കൊണ്ടേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യത്തോടെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങാം ക്രോഡീകരിച്ച് താഴെ വിവരിക്കുന്ന പദ്ധതികാം നടപ്പിലാക്കേണ്ടതാണ്.

1) നിർമ്മാണത്തിലിരിക്കുന്ന K.L.D.C. ഹൈവേ കനാലിൽ നിന്ന് വെള്ളം എത്തിക്കാനുള്ള പദ്ധതിയെ പറ്റി എല്ലാ ഗ്രാമ സഭകളിൽ നിന്നും നിർദ്ദേശങ്ങാം വന്നിട്ടുണ്ട്. പഞ്ചായത്തിലെ രണ്ടാം വാർഡിലൂടെയാണ് ഈ കനാൽ കടന്നു പോകുന്നത്. ഈ കനാലിൻെറ ആയ കെട്ട് ഏരിയയിൽ നമ്മുടെ പഞ്ചായത്തിനെ മൊത്തമായി ഉാംപ്പെടുത്തി ചിമ്മിണി, മുപ്ലി പദ്ധതികളിൽ നിന്ന് ലഭിക്കുന്ന ജലവും ഈ കനാലിൽ സാദ്ധ്യമാകുന്ന സംഭരണ ജലവും രണ്ടാം വാർഡിലെ ഇറിഗേഷൻ തോടുവഴി പോട്ടത്ത് പാലം കടന്ന് കോച്ചൻ തോട്ടിലൂടെ ഷൺമുഖം കനാലിൽ എത്തിക്കണമെന്നതാണ് ആ നിർദ്ദേശം. ഇപ്പോാം നാവിഗേഷനുവേണ്ടി ഉപയോഗിക്കാത്ത ഷൺമുഖം കനാലിൻെറ പടിഞ്ഞാറെ അറ്റം സ്ലൂയിസ് കെട്ടിയടച്ച് ഷൺമുഖം കനാലിനെ ഒരു സ്റ്റോറേജ് കനാലാക്കി മാറ്റാവുന്നതാണ്. K.L.D.C ഹൈവേ കനാലിൽ നിന്ന് വെള്ളം റെഗുലേറ്റ് ചെയ്ത് വിടാനുള്ള സംവിധാനങ്ങാം കനാൽ ബണ്ട് ഉയർത്തൽ ആവശ്യമായ സ്ഥലങ്ങളിൽ പമ്പിങ്ങ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉാംപ്പെടുത്തണം. ഷൺമുഖം കനാൽ ഒരു ശുദ്ധ ജല സംഭരണിയായാൽ തോടുകാം വഴിയും പമ്പിങ്ങ് വഴിയും പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും ജലം എത്തിക്കാൻ കഴിയുന്നു. തെങ്ങു കൃഷിക്കും നെൽ കൃഷിക്കും മറ്റ് ഇട വിളകാംക്കും ഏറെ വികസന സാദ്ധ്യതയുണ്ടാകും. പഞ്ചായത്തിലെ ഭൂഗർഭ ശുദ്ധ ജല നിരക്ക് ഉയർത്താനും ഓരു കയറുന്നത് തടയാനും കിണറുകളിലും കുളങ്ങളിലും ശുദ്ധജലം ലഭിക്കുന്നതിനും ഇത് സഹായകരമാകും.

2) രണ്ടാം വാർഡിലെ കാട്ടൂർ തെക്കുംപാടം ശേഖരത്തിലെ മധുരാംചൽ, കുറുമ്പാട്ടിചാൽ എന്നീ ജല സംഭരണികാം ആഴം വർദ്ധിപ്പിച്ച് ബണ്ടുകാം ബലപ്പെടുത്തുകയും ബാക്കി വരുന്ന മണ്ണ് ഉപയോഗിച്ച് ഈ പാടശേഖരത്തേക്കുള്ള ഫാം റോഡായ സോഷ്യൽ റോഡിൻെറ തുടർച്ചയായി ബണ്ടിട്ട് ഈനാപുള്ളി താഴം ട്രാക്റ്റർ റോഡിൽ ബന്ധിപ്പിക്കണം.

   പാടശേഖരത്തിലെ പമ്പിങ്ങിന് പെട്ടിപറമോട്ടോർ വാടക കൊടുത്താണ് കൊല്ലം തോറും കൊണ്ടു വന്ന് പ്രവർത്തിപ്പിക്കുന്നത്. ഗ്രൂപ്പ് ഫാമിങ്ങിന് 50 എ്ച.പി. യുടെ ഒരു പെട്ടിപറ മോട്ടോർ ലഭ്യമാക്കുന്നതിന് കർഷകർ ആവശ്യപ്പെടുന്നു.

3) എം. എം. കനാലിൽ നിന്ന് താണിശ്ശേരി മേഖലയിലൂടെ വരുന്ന കര കനാൽ എടതിരിഞ്ഞി മേഖലയിലെ കമ്മട്ടി തോടുമായി ബന്ധിപ്പിക്കണം.

4) കാട്ടൂർ തെക്കുംപാടത്തെ കര പ്രദേശത്ത് വെള്ളമെത്തിക്കുന്ന സോഷ്യൽ തോട് കമ്മട്ടി തോടുമായി ബന്ധിപ്പിക്കണം.

5) കാട്ടൂർ റോഡിൽ പുത്തൻ തോട്ടിൽ നിന്ന് വരുന്ന സൈഡ് കാന കിഴക്കുവശത്ത് കോതറ പമ്പ് ഹൗസ് വരെ പൂർത്തീകരിക്കേണ്ടതാണ്. ഈ റോഡിൻെറ പടിഞ്ഞാറുവശത്ത് പുത്തൻ തോട്ടിലേക്ക് വെള്ളം ഒഴിഞ്ഞു പോകാൻ ഉപ്പുംതുരുത്തി റോഡിൻെറ സമീപം മുതൽ ഒരു കാന ആവശ്യമാണ്.

6) കാട്ടൂർ തെക്കുംപാട ശേഖരത്തിൽ കൃഷിക്ക് വിത്ത്, വളം, ട്രാക്റ്റർ തുടങ്ങിയവ കൊണ്ടുപോകാൻ

പാടശേഖരത്തിലെ തോടുകൾക്ക് കുറുകെ ആവശ്യമായ സ്ഥലങ്ങളിൽ പത്തടി വീതിയുള്ള കോൺക്രീറ്റ് സ്ലാബുകൾ സ്ഥാപിക്കണം.

7) കോതറ കുളത്തിൽ നിന്ന് സോഷ്യൽ തോടിലേയ്ക്ക് 25 H. P. മോട്ടോർ പമ്പുസെറ്റ് ഉപയോഗിച്ച് വെള്ളം പമ്പുചെയ്യുന്നതിനുള്ള ഒരു സംവിധാനം വേണം.

8) രണ്ടാം വാർഡിൽ പൊന്നമ്പുള്ളി ക്ഷേത്രത്തിനു മുന്നിലുള്ള പുറംപോക്ക് തോട് അയ്നിക്കൽ വരെ ആഴം കൂട്ടി സൈഡുകെട്ടി സംരക്ഷിക്കണം.

9) പോത്താനി കമ്മട്ടി തോട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തി പോത്താനി കിഴക്കേ പാടശേഖരത്തിലേക്ക് പോത്താനി കമ്മട്ടി തോട് റോഡിൻെറ അരികിലൂടെ കാന നിർമ്മിച്ച് വെള്ളം എത്തിക്കുന്ന ഒരു പദ്ധതി ആവശ്യമാണ്. കക്കഴ തോട്ടിൽ നിന്നും പോത്താനി പാടത്തേയ്ക്ക് ലിഫ്റ്റ് ചെയ്ത് വെള്ളം എത്തിക്കാവുന്നതാണ്.

10) പാടശേഖരങ്ങളിലേക്ക് ശ്രമദാനം വഴി കർഷകർ തുടങ്ങി വച്ചിട്ടുള്ള പോത്താനി നോർത്ത്, പോത്താനി വെസ്റ്റ്, തേമാലിത്തറ -പോത്താനി, എന്നീ മൂന്ന് ഫാം റോഡുകൾ ഗതാഗത യോഗ്യമാക്കണം.

11) കക്കഴ തോട്ടിലെ സ്ലൂയിസിൻെറ പലകകൾ ഒറ്റവരിയാണ്. അത് രണ്ട് വരിയാക്കിയാലെ പ്രയോജനം ലഭിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ വേണം.

12) ചക്കി കെട്ടിലും പോത്താനി കിഴക്കേ പാടത്തും വെള്ളം നിയന്ത്രിക്കുന്നതിന് സ്ലൂയീസുകൾ പണിയണം.

13) കക്കഴ പാടം കൃഷിക്ക് ഉപയുക്തമാക്കാൻ നിലവിലുള്ള തോടിൻെറ ബണ്ടുകൾ ഉയർത്തി ഷൺമുഖം കനാലിലേക്ക് പുതിയ സ്ലൂയിസ് നിർമ്മിച്ച് ഓരു ജലം തടയുകയും വേണം.

14) കക്കഴ തോട്ടിലൂടെ അധിക ജലം ഷൺമുഖം കനാലിലേക്ക് ഒഴുക്കി വിടുന്നതിന് ഒരു പമ്പിംഗ് സംവിധാനം നടപ്പിൽ വരണം. തോടിൻെറ രണ്ടു വശങ്ങളും ബണ്ടുയർത്തണം.

15) ഷൺമുഖം കനാൽ സൈഫൺ മുതൽ അരിപ്പാലം വരെ പടിയൂർ കോൾപ്പാടത്ത് അവുണ്ടറ ചാൽ, പടീക്കുഴി ചാൽ, ചിറമട എന്നിവയുടെ പടിഞ്ഞാറു വശം ചേർന്ന് ബണ്ടുകളുയർത്തി ഫാം റോഡുകൾ നിർമ്മിക്കണം. ഇതിൽ ആവശ്യമായ സ്ഥലങ്ങളിൽ പമ്പിങ്ങ് സംവിധാനം വേണം. അനുബന്ധ തോടുകൾക്കും ജലസംഭരണികൾക്കും ആഴം കൂട്ടി ബണ്ടിടുകയും വേണം. ശ്രീകൃഷ്ണ വിലാസം റോഡ് ഈ ഫാം ബണ്ടുവരെ എത്തിക്കണം. വൈക്കം ഈസ്റ്റ് റോഡിൽ നിന്ന് വെട്ടിവേലിചിറ വഴി നിർദ്ദിഷ്ട ഫാംബണ്ട് ബന്ധിപ്പിക്കണം.

16) കാരിങ്ങാട്ടി തോട് ബണ്ടുകളുയർത്തി സംരക്ഷിക്കണം. ടി തോട് കിഴക്കോട്ട് നീട്ടി പുറമ്പോക്ക് തോടുമായി ബന്ധിപ്പിക്കണം.

17) 9-ാം വാർഡിലൂടെ പൂമംഗലം വള്ളിവട്ടം പ്രദേശത്ത് ജലസംഭരണികളും അനുബന്ധ തോടുകളും ആഴം കൂട്ടി ബണ്ടുകളുയർത്തുകയും വേണം. ജലസേചന സൗകര്യങ്ങളും ലഭ്യമാക്കണം.

18) 8 പഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്ന (ഉപ്പുവെള്ള കെടുതിയിൽ നിന്ന് മോചനം ലഭിക്കുന്ന) ചേറ്റുവ-വള്ളിവട്ടം പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതയുണ്ടോ എന്ന് ആരായേണ്ടതാണ്.

19) പഞ്ചായത്ത് കുളങ്ങൾ കേടുപാടുകൾ തീർത്ത് സംരക്ഷിച്ച് ജലസംഭരണികളാക്കേണ്ടതാണ്.

20) കെട്ടുചിറ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണം. കെട്ടു ചിറ റെഗുലേറ്ററിന് പടിഞ്ഞാറു വശത്ത് ഒരു താല്ക്കാലിക ബണ്ട് നിർമ്മിച്ച് ഓരു ജലം തടയണം.

21) ഷൺമുഖം കനാലിൽ നിന്നും തെക്കോട്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കണം.

കോൾ കൃഷിക്കുവേണ്ടി പടിയൂർ കോൾ മേഖലയിൽ ഉള്ള തോടുകളിൽ സംഭരിക്കുന്ന ജലം പാടശേഖരത്തിൻെറ കരപ്രദേശത്തുള്ള തെങ്ങു കൃഷിക്കുവേണ്ടി പമ്പ് ചെയ്ത് ഉപയോഗിക്കുന്നതുമൂലം പുഞ്ച കൃഷിക്ക് ജല ദൗർലഭ്യത്തിന് കാരണമാകുന്നുണ്ട്. ആയത് നിരുൽസാഹപ്പെടുത്തേണ്ടതാണ്.

തെങ്ങു കൃഷിക്കായി നെൽ വയലുകൾ നികത്തുന്നതും നെൽവയൽ താഴ്ത്തി മണ്ണ് വിൽക്കുന്ന സമ്പ്രദായവും കർശനമായും നിരോധിക്കണം.

**നീർമറി വികസനം.**

ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയെമാത്രം ആശ്രയിച്ചു കഴിയുന്നവരാണ്. തെങ്ങും കൃഷിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന രോഗം മൂലം നട്ടം തിരിയുന്ന കർഷകനെ കാർഷിക മേഖലയിൽ തന്നെ പിടിച്ചു നിർത്തുന്നതിന് വാട്ടർ ഷെഡ് പദ്ധതിയിൽ പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും വേണം.

**പച്ചക്കറി കൃഷി**

പച്ചക്കറി വിഭവങ്ങളുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തത നേടേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറി വിഭവങ്ങളെ ആശ്രയിച്ചു കഴിയുന്ന ഉപഭോക്താക്കളാണ് ഭൂരിഭാഗവും. ഇതിനുള്ള പ്രതിവിധി:-

ജല ലഭ്യത ഉറപ്പുവരുത്തിയാൽ മുണ്ടകം കൊയ്ത്ത് കഴിഞ്ഞ പാടശേഖരങ്ങളിൽ കൊണ്ടൽ കൃഷി, എള്ള്, പയറ് തുടങ്ങിയ ഇടവിളകൾ ചെയ്യുന്നതിനുള്ള സാധ്യത വളരെയേറെയുണ്ട്. കൂടാതെ വാർഡ് തലത്തിൽ നൂറു വീടെങ്കിലും തെരഞ്ഞെടുത്ത് വീട്ടമ്മമാർക്ക് വിത്ത് വളം തുടങ്ങിയവയും മറ്റ് ആവശ്യമായ സഹായങ്ങളും നൽകി അടുക്കള തോട്ടം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. പച്ചക്കറികൾ വിപുലമായ തോതിൽ കൃഷി ചെയ്യുന്നതിനു വ്യാവസായികാടിസ്ഥാനത്തിൽ സംഭരണ വിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ നല്ലയിനം പച്ചക്കറികൾ പഞ്ചായത്തിൽ ലഭ്യമാക്കാനും കഴിയും. ഈ മേഖലയിൽ തൊഴിൽ സാധ്യതകളും ഉണ്ടാകും.

**പൂച്ചെടി കൃഷി - ഔഷധ സസ്യകൃഷി**

മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പൂക്കളാണ് ഇന്ന് നമ്മുടെ മാർക്കറ്റുകളിൽ സുലഭമായി കണ്ടുവരുന്നത്. പൂക്കടകൾ പൊതുവെ നമ്മുടെ നാട്ടിൽ കൂടിവരുന്നത് പൂവിൻെറ ഉപയോഗം വർദ്ധിച്ചു വരുന്നു എന്നുള്ളതിൻെറ തെളിവാണ്. എത്ര വലിയ വിലയായാലും പൂക്കൾ വാങ്ങി ഉപയോഗിക്കുന്ന പ്രവണത കൂടിക്കൂടി വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ തന്നെ ധാരാളം പൂക്കൾ വാങ്ങി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇതുകൊണ്ടാകാം നമ്മുടെ പഞ്ചായത്തിലും പൂക്കട തുറന്ന് പ്രവർത്തിക്കുന്നത്. വീട്ടമ്മമാരെ സംഘടിപ്പിച്ച് പൂച്ചെടി കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, സാങ്കേതികത എന്നിവ നൽകിയാൽ ഉപതൊഴിലായി സ്വീകരിക്കാവുന്ന ഒന്നാണ് ഇത്. വ്യവസായിക അടിസ്ഥാനത്തിൽ പൂച്ചെടികൾ കൃഷിചെയ്യുന്നതിനുള്ള സാധ്യതയും ഈ പഞ്ചായത്തിൽ ഉണ്ട്.

അന്യം നിന്ന് പോവുന്ന ഔഷധ ചെടികളുടെ കൃഷിയും ഇപ്രകാരം പ്രോത്സാഹിപ്പിക്കപ്പെടണം.

നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ് ഭൂരിപക്ഷവും. ഏറ്റവും വലിയ തൊഴിൽ ദാന മേഖലയും കൃഷി തന്നെയാണ്. കൃഷിയോടുള്ള ആഭിമുഖ്യം നമ്മുടെ സമൂഹത്തിൽ കൂടുതൽ വളർത്തികൊണ്ടു വരേണ്ടതുണ്ട്. നമ്മുടെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന ഗൾഫ് പണം ഒരിയ്ക്കലും ശാശ്വതമായ ഒന്നല്ലെന്ന് നമുക്ക് അറിയാം. അതുകൊണ്ട് കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് വികസന പ്രക്രിയയിലെ അനിവാര്യ ഘടകമാണ്. വികസന ആസൂത്രണ പദ്ധതിയിൽ കാർഷിക മേഖലയിൽ കൂടുതൽ ഊന്നൽ കൊടുക്കണം.

നമ്മുടെ പഞ്ചായത്തിൽ നെൽകൃഷിയിടം വിസ്തീർണ്ണം കുറഞ്ഞുവരുന്നു. ഇപ്പോൾ കൃഷിഭവനിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് വർഷത്തിൽ 6676 കിൻറൽ നെല്ല് ഉല്പാദിപ്പിക്കപ്പെടുന്നു. നെൽ ഉല്പാദനത്തിന് മുൻഗണന നൽകി 9-ാം പദ്ധതി ക്രമീകരിക്കുമ്പോൾ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കപ്പെടണം. പ്രധാനമായും കൃഷിക്ക് അടിസ്ഥാന ഘടകമായ ജലസേചന സൗകര്യം മെച്ചപെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.

ജലസേചന സൗകര്യം മെച്ചപ്പെടുത്തിയാൽ തെങ്ങ് മുതലായ ദീർഘ വിളകളും പച്ചക്കറിയും മറ്റു ഇടവിളകളും ഇന്നത്തേതിൽ നിന്ന് മെച്ചപ്പെട്ട ഉല്പാദന ക്ഷമത ഉള്ള വിളകളായി പരിണമിക്കുന്നതാണ്.

നെൽകൃഷിക്ക് ജലസേചന സൗകര്യം പ്ലാൻ ചെയ്യുമ്പോൾ സമീപ പഞ്ചായത്തുകളുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം. ഉദാഹരണം: കാട്ടൂർ, കാറളം, പൂമംഗലം, വെള്ളാങ്കല്ലൂർ എന്നീ പഞ്ചായത്തുകളുമായി ചേർന്ന്.

ഓരുവെള്ള ഭീഷണിയിൽ നിന്ന് പഞ്ചായത്തിനെ മോചിപ്പിക്കാൻ കനോലി കനാലുമായി (പി. സി. കനാൽ) ചേർന്ന് കിടക്കുന്ന തോടുകളിൽ പുളികെട്ട് കെട്ടുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

# മൃഗ സംരക്ഷണം

നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക മേഖല പഞ്ചായത്താണ്. പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി കാളകളേയും, പോത്തുകളേയും, പന്നികളേയും വളർത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ പാൽ ഉത്പാദനം കുറഞ്ഞ രീതിയിലുള്ള നാടൻ ഇനത്തിൽപെട്ട പശുക്കളേയും എരുമകളേയും ആണ് വളർത്തിയിരുന്നത്. ഭൂരിഭാഗവും നെൽ കർഷക കുടുംബങ്ങളിൽ മാത്രം ഒതുങ്ങി നിന്നായിരുന്നു മാട് വളർത്തൽ. വീടുകളുടെ എണ്ണത്തിലുള്ള കുറവും മേച്ചിൽ സ്ഥലങ്ങളുടേയും പാടശേഖരങ്ങളുടേയും ലഭ്യതയും നാടൻ പുല്ലും വൈക്കോലും ലഭിക്കുവാൻ വളരെ സാധ്യതകളുണ്ടായിരുന്നു. മുഖ്യമായും വീട്ടാവശ്യത്തിന് പാലും, പറമ്പുകളിലും പാടശേഖരങ്ങളിലും ജൈവവളത്തിനും വേണ്ടിയാണ് മാടുകളെ വളർത്തിപ്പോന്നത്. തവിട്, തേങ്ങപിണ്ണാക്ക്, വൈക്കോൽ, പുല്ല് (നാടൻ) എന്നിവയും ആയിരുന്നു പ്രധാന്യ ഭക്ഷ്യവസ്തുക്കൾ. വിത്തു കാളകളെ മാത്രം ആശ്രയിച്ചാണ് പ്രത്യുൽപാദനം നടത്തിയിരുന്നത്. രോഗങ്ങളും രോഗ ചികിത്സയും കുറവായിരുന്നു. നാടൻ ചികിത്സാ സമ്പ്രദായമാണ് നടത്തിയിരുന്നത്. (ആയുർവ്വേദം).

പാലിൻെറ വിപണന സാധ്യത കണക്കാക്കി എരുമകളെയാണ് കൂടുതൽ വളർത്തിയിരുന്നത്. പാലിൻെറ വിപണന സാധ്യത ഏറിയും നില നിന്നിരുന്നു. കൃഷി ആവശ്യത്തിന് നിലം ഉഴമയ്ക്കും, വണ്ടി വലിക്കുന്നതിനും പോത്തുകളേയും കാളകളേയും ആശ്രയിച്ചുപോന്നു. യൂണിറ്റ് അടിസ്ഥാനത്തിൽ അല്ലാതെ ഒട്ടു മിക്ക വീടുകളിലും കോഴി വളർത്തൽ നിലനിന്നിരുന്നു. മുട്ടക്കോഴി ഇറച്ചിക്കോഴി എന്നിവയുടെ തരംതിരിവ് ഉണ്ടായിരുന്നില്ല. കോഴിമുട്ടകൾ വീടുകളിൽ വന്ന് കച്ചവടക്കാർ വാങ്ങിക്കൊണ്ട് പോകുമായിരുന്നു. കോഴിമുട്ടകൾ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നതിലുപരി മുട്ടകൾ കൊടുത്ത് ലഭിക്കുന്ന പണം കൊണ്ട് മറ്റ് ഭൗതികാവശ്യങ്ങൾ നടത്തിപ്പോന്നിരുന്നു. ഇന്ന് ആസ്ഥിതിക്ക് ഏറെ മാറ്റം വന്നിട്ടുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വളർത്തിവരുന്നത് പശുക്കളെയാണ്. ചെറിയ ഒരു ശതമാനം നാടൻ പശുക്കളും ഭൂരിഭാഗം വരുന്ന സങ്കര ഇനത്തിൽ പ്പെട്ടവയുമാണ് മറ്റു പശുക്കൾ. എരുമകൾ നന്നേ കുറവാണ്. ആട്, കോഴി, താറാവ്, പന്നി വളർത്തൽ എന്നീകൃഷിയും നടത്തുന്നുണ്ട്. കാർഷിക രംഗത്തെ യന്ത്രവൽക്കരണവും നെൽകൃഷിയിടങ്ങൾ നികത്തി നാണ്യ വിളകളാക്കി മാറ്റിയതും ഉഴവുമാടുകൾ ഗണ്യമായി കുറയാൻ കാരണമായി. തന്നെയുമല്ല മോട്ടോർ വാഹനങ്ങളുടെ ആവിർഭാവത്തോടെ വണ്ടിക്കാളയുടെ ഉപയോഗവും പൂർണ്ണമായി ഇല്ലാതായിരിക്കുന്നു. നിലവിലുള്ള പ്രതികൂല സാഹചര്യങ്ങൾ നിലനിന്നിട്ടുപ്പോലും കറവുമാടുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

### മൊത്തം കന്നുകാലികളുടെ എണ്ണം

(1987ലെ സെൻസ് പ്രകാരം.)

| ഗർഭധാരണ ശേഷിയുള്ള പശുക്കൾ സങ്കരയിനം | ഗർഭധാരണ ശേഷിയുള്ള പശുക്കൾ നാടൻ | എരുമകൾ | കോഴികൾ ഒഴിച്ചുള്ള മറ്റു മൃഗങ്ങൾ |
|---|---|---|---|
| 521 | 348 | 237 | 4836 |

പടിയൂർ പഞ്ചായത്തിൽ എടതിരിഞ്ഞി, പടിയൂർ എന്നീ വില്ലേജുകളിൽ രണ്ട് APCOS ക്ഷീര സംഘങ്ങൾ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ട്. പാൽ വിപണന സാധ്യത വർദ്ധന കൊണ്ടും സംഘങ്ങളുടെ പ്രവർത്തനഫലമായും കൂടുതൽ കർഷകരെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

എടതിരിഞ്ഞി സംഘത്തിൽ 413 മെമ്പർമാരും ദിവസത്തിൽ ശരാശരി 428 ലിറ്റർ പാലും, പടിയൂർ മിൽക്ക് സംഘത്തിൽ 386 മെമ്പർമാരും ദിവസത്തിൽ ശരാശരി 295 ലിറ്റർ പാലും സംഭരിക്കുന്നു. കൃഷിക്കാരിൽ നിന്ന് സംഭരിക്കുന്ന വിലയേക്കാഠം ഏകദേശം 3 രൂപ വ്യത്യാസത്തിനാണ് മിൽമാ പാൽ വിൽക്കുന്നത്. മാത്രമല്ല പാലിൽ നിന്ന് ചെറിയ ശതമാനം നെയ്യും എടുത്തതിന് ശേഷമാണ് വിൽപ്പന നടത്തുന്നത്.

നെൽപ്പാടങ്ങഠം നികത്തുന്നതുമൂലം വൈക്കോലിൻെറ ലഭ്യത കുറവും മാടുകളെ വളർത്തുന്നതിൽ നിന്ന് കർഷകനെ പിന്തിരിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ്. എന്നാൽ കൊയ്ത്തു കാലത്ത് നമ്മുടെ പഞ്ചായത്തിലുള്ള വൈക്കോൽ അതാതു സമയത്ത് വാങ്ങി കർഷകൻ സംഭരിക്കാൻ ഇന്ന് തയ്യാറായിട്ടില്ല.നമ്മുടെ പ്രദേശത്തുള്ള ഭൂരിഭാഗം വൈക്കോലും അന്യ പ്രദേശങ്ങളിലേക്ക് കയറ്റിപോകുന്നു. കർഷകൻ ഭീമമായ വിലയ്ക്ക് പാലക്കാട് വൈക്കോൽ വാങ്ങാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്ന വിരോധാഭാസം നിലനിൽക്കുന്നു. പുൽകൃഷി ചെയ്യാനുള്ള സൻമനസ്സ് കർഷകൻ ഉണ്ടാക്കിയെടുത്താൽ പുൽകൃഷി ചെയ്യാനുള്ള സ്ഥലം ഓരോ കർഷകൻെറയും പറമ്പിൽ തന്നെ ഉണ്ടാക്കിയെടുക്കാവുന്നതേയുള്ളൂ. തരിശ്ശ്ഇടങ്ങളിലും വ്യാപകമായി പുൽകൃഷി നടത്താവുന്നതാണ്.

സഹകരണ ബാങ്കുകളും മറ്റു വാണിജ്യ ബാങ്കുകളും വേണ്ടത്ര വായ്പ സൗകര്യങ്ങഠം ലഭ്യമാക്കുകയാണെങ്കിൽ മൃഗ പരിപാലന രംഗത്തേയ്ക്ക് കൂടുതൽ കൃഷിക്കാരെ ആകർഷിക്കുവാനും അതുവഴി കുടുംബവരുമാനം വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. പഞ്ചായത്തിൽ 10 ഓളം കൃഷിക്കാർ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. ഇന്ന് കൊടുത്തുവരുന്ന സബ്സിഡി വർദ്ധിപ്പിച്ചാൽ കൂടുതൽ ആളുകളെ ഈ സംരംഭത്തിൽ പങ്കാളികളാക്കാവുന്നതാണ്. അതുവഴി ഊർജ്ജ പ്രതിസന്ധി ചെറിയൊരളവിൽ നിറവേറ്റാൻ സാധിക്കുന്നതാണ്. സാങ്കേതിക പരിജ്ഞാനവും ബോധവൽക്കരണ ക്ലാസ്സുകളും ആവശ്യമാണ്.

യൂണിറ്റടിസ്ഥാനത്തിലും വീടുകളിലും കോഴി വളർത്തൽ ഒരു തൊഴിലാക്കി മാറ്റിയെടുക്കാനും അതു വഴി നമ്മുടെ ആവശ്യത്തിനുള്ള മുട്ടയും ഇറച്ചിയും ഉണ്ടാക്കാനും കഴിയുന്നതാണ്. കോഴികളെ പരമ്പരാഗതമായി വളർത്തിപോന്ന വീട്ടമ്മമാരും കോഴികഠംക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തിന് ഇടവരുന്ന രോഗങ്ങഠംക്ക് ഇന്നും പരിഹാരം കണ്ടെത്താൻ കഴിയാതെ കേഴുന്നവരാണ്. ആവശ്യമായ കുത്തിവെപ്പ് നടത്താനും രോഗങ്ങഠം തടയുന്നതിനുള്ള സ്ഥിതിയും ഉണ്ടാകേണ്ടതാണ്.

താറാവു കൃഷി ഉപജീവനമാർഗ്ഗമാക്കി ജീവിച്ചുപോന്ന നിരവധി കുടുംബങ്ങഠം പഞ്ചായത്തിൽ ഉണ്ട്. തീറ്റ സാധനങ്ങളുടെ ലഭ്യത കുറവും വില കൂടുതലും കൂട്ടത്തോടെയുള്ള താറാവുകളുടെ മരണവുമാണ് ഈ തൊഴിലിൽ നിന്ന് അവരെ പിൻതിരിപ്പിച്ച ഘടകങ്ങഠം. താറാവുകഠംക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തിയും ആവശ്യമായ വായ്പാ സൗകര്യങ്ങഠം കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കാനും കഴിഞ്ഞാൽ ഒട്ടേറെ പേരെ ഈ കൃഷിയുമായി ബന്ധിപ്പിക്കാൻ കഴിയുന്നതാണ്. താറാവു കൃഷിക്ക് പറ്റിയ പുഴയോരങ്ങളും തോടുകളും പാടശേഖരങ്ങളും നമ്മുടെ പഞ്ചായത്തിലുള്ളതാണ്. ഇവ ഉപയോഗപ്പെടുത്തിയാൽ മതി.

ഇറച്ചിക്കോഴികളെ വ്യാപാരടിസ്ഥാനത്തിൽ ധാരാളം നമ്മുടെ പഞ്ചായത്തിൽകൊണ്ടുവന്ന് വില്പന നടത്തുന്നു. 2 വാർഡിന് ഒന്ന് എന്ന ചെറിയ തോതിലെങ്കിലും ഇറച്ചിക്കോഴി യൂണിറ്റുകഠം സ്ഥാപിക്കാവുന്നതാണ്. ആട്, പന്നി വളർത്തൽ യൂണിറ്റുകളും നടത്താവുന്നതാണ്.

കോഴികഠം, താറാവ്, മാടുകഠം എന്നിവ നേരിടുന്നമാരകമായ രോഗങ്ങഠംക്ക് പഞ്ചായത്തിലെ 4-ാം വാർഡിൽ (വാടകകെട്ടിടത്തിൽ) സ്ഥിതിചെയ്യുന്ന മൃഗാസ്പത്രിയുടെ പരിമിതമായ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഒരു വെറ്റിനറി സർജൻ, അറ്റൻഡർ, പാർട്ട്ടൈം സ്വീപ്പർ ഇതാണ് ഇന്നുളള ജീവനക്കാർ. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ ഒരു തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങഠംക്ക് ലഭ്യമാകത്തക്ക രീതിയിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

കന്നുകാലികൾക്ക് കണ്ടുവരുന്ന അകിട് വീക്കം, ഉദര സംബന്ധമായ രോഗങ്ങൾ, ഞൊണ്ടൻ പനി, കരളടപ്പൻ, കുളമ്പു രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവകൾക്ക് ചികിത്സയും പ്രതിരോധ കുത്തിവെയ്പുകളും ആവശ്യമായത്ര ഇന്ന് ലഭ്യമാകുന്നില്ല. ശരാശരി മാസം 400 ഉരുക്കളെയാണ് ചികിത്സിക്കുന്നത്. മാസത്തിൽ 140 ഓളം കൃത്രിമ ബീജ സങ്കലനങ്ങൾ ഉരുക്കൾക്ക് നല്കിവരുന്നു. ഇതിൽ കിടാരികൾ, എരുമകൾ എന്നിവ ഉൾപ്പെടുന്നു. ഏകദേശം 70% ഉരുക്കളേയും മൃഗാസ്പത്രിയിൽ കൊണ്ടു വന്നു കുത്തിവെയ്ക്കുന്നു. പടിയൂർ മൃഗാസ്പത്രിയിൽ 10 ആടുകളെ, നായ കടിച്ചതിൻെറ പേരിൽ പ്രതിരോധ കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പേയിളകി ചത്തു. ഇത് കൂടാതെ 5 നായ്ക്കളെ മാസത്തിൽ പേ വിഷബാധയ്ക്ക് കുത്തി വെയ്ക്കുന്നു. മൃഗാസ്പത്രിയിൽ ലബാറട്ടറി, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, രാസപദാർത്ഥങ്ങൾ, മൈക്രോ സ്കോപ്പ്, ശസ്ത്രക്രിയ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ ആവശ്യമുണ്ട്.

കൃഷിക്കാർ മൂരികുട്ടികളേയും പോത്തു കുട്ടികളേയും വേണ്ടത്ര ഭക്ഷ്യവസ്തുക്കളും ചികിത്സയും നൽകാതെ അശ്രദ്ധമായി വളർത്തുന്നതുകൊണ്ട് നല്ലൊരു ശതമാനം കിടാരികളുടെയും വളർച്ച മുരടിച്ചു പോകുകയോ രോഗബാധിതമായി ചത്തുപോകുകയോ ചെയ്യുന്ന അവസ്ഥ നിലനില്ക്കുന്നത് സാമ്പത്തിക നഷ്ടം വരുത്തുന്നുണ്ട്. ചുരുങ്ങിയത് ഒരു വർഷമെങ്കിലും ശ്രദ്ധിച്ചു വളർത്തിയാൽ ഇറച്ചിക്കുവേണ്ടി നല്ലൊരു തുകയ്ക്ക് വില്പന നടത്താനും അതുവഴി സാമ്പത്തിക നേട്ടമുണ്ടാക്കാനും കഴിയുന്നതാണ്. ശുദ്ധജല ലഭ്യതകുറവ്, തൊഴുത്തുകളുടെ കുറവ്, ഗതാഗത സൗകര്യമില്ലായ്മ എന്നിവ മഴുവഞ്ചേരി തുരുത്ത് കോങ്ങാടൻ തുരുത്ത്, മഞ്ചട്ടിത്തറ, കാക്കത്തുരുത്തി മുനയം എന്നീ പ്രദേശത്തെ തല്പരരായ കർഷകരെ കൂടി മാടുവളർത്തലിൽ നിന്ന് ഇന്ന് പിന്തിരിപ്പിക്കുന്നു. തുരുത്തുകളിലുള്ള പാലുല്പാദകർ മറ്റു പഞ്ചായത്തുകളിൽ പാല് അളക്കുന്ന സ്ഥിതി നിലനില്ക്കുന്നത് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്ത് മാറ്റിയെടുക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ശുദ്ധജലത്തിൻെറ അപര്യാപ്തത
2. വൈക്കോൽ, പുല്ല്, ലഭ്യത കുറവ്, വില കൂടുതൽ
3. കാലിത്തീറ്റ ഗുണമേൻമക്കുറവും വില കൂടുതലും.
4. മൃഗ ചികിത്സാ സൗകര്യ കുറവ്
5. പ്രജനനത്തിന് ഗുണമേൻമയുള്ള ബീജത്തിൻെറ അഭാവം
6. കാലികളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായക്കുറവ്.
7. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം.
8. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ്.
9. കോഴി വസന്ത തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് ഫലപ്രദമായ സംവിധാനവും ബോധവൽക്കരണ ക്ലാസ്സുകളുടെ കുറവും.
10. ഉല്പാദന ചിലവിന് അനുസൃതമായ വില ലഭ്യത കുറവ്.
11.. നല്ലയിനം കോഴി താറാവുകളെ ലഭിക്കായ്ക.
12. സംഘങ്ങളിൽ പാലുകൊണ്ടുവരുന്നതിനുള്ള യാത്രാ സൗകര്യക്കുറവ്.

## നിർദ്ദേശങ്ങൾ

1. മൃഗാസ്പത്രിക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ജനപങ്കാളിത്തത്തോടെ നിർമ്മിക്കുക. അപ്ഗ്രേഡ് ചെയ്ത് പഞ്ചായത്തിൽ 2 സബ്സെൻററുകളും ആവശ്യമായ ഡോക്ടർമാരുടെ സേവനവും പൂർണ്ണ സമയവും ലഭ്യമാക്കുക.

2. പഞ്ചായത്തിൽ കർഷകർക്ക്, അത്യാവശ്യമായ കേന്ദ്രങ്ങളിൽ കൂടി, സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി, ഇറച്ചിക്കോഴി, ആട്, പശു, താറാവ്, മുയൽ എന്നിവ വളർത്തുന്നതിന് കുറഞ്ഞ പലിശക്ക് ബാങ്കുകളിൽ നിന്ന് വായ്പകൾ ലഭ്യമാക്കുക.

4. മൃഗസംരക്ഷണ വകുപ്പിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കിടാരികൾക്ക് നല്കി വരുന്ന കാലിത്തീറ്റ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള എല്ലാ കർഷകർക്കും സൗജന്യ നിരക്കിൽ നൽകുക. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പാൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് പാലും പാലുൽപ്പന്നങ്ങളും വിതരണം ചെയ്യുക.

5. മൃഗ സംരക്ഷണ വകുപ്പിൻെറ കീഴിൽ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ബോധവൽക്കരണ ക്ലാസ്സുകളും ചർച്ചയും സംഘടിപ്പിക്കുക.

6. പാൽ ഉല്പാദനത്തിൻെറ പ്രധാന ഘടകമായ തീറ്റ പുൽകൃഷി വ്യാപകമായി നടത്തുന്നതിന് പുല്ലിൻെറ കട, വിത്ത്, വളം എന്നിവ എല്ലാ കർഷകർക്കും സൗജന്യമായി നൽകുക.

7. കോഴി, താറാവ്, വളർത്തുമൃഗങ്ങൾ എന്നിവയ്ക്ക് ഇൻഷൂറൻസ് സൗജന്യമായി നടപ്പിലാക്കുക.

8. മാതൃസംഘങ്ങൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നീ കേന്ദ്രങ്ങളിൽ ഉച്ചകഞ്ഞിയോടൊപ്പം പാൽ വിതരണം നടത്തുക.

9. മിനി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

10. പഞ്ചായത്തിൽ രണ്ട് കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ അറവുശാല സ്ഥാപിക്കുകയും, അറവുകാർക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

11. ഉല്പാദന ചിലവിന് അനുസരിച്ച് പാലിൻെറ വില വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഓരോ ഘട്ടത്തിലും കാലിത്തീറ്റക്ക് വർദ്ധിപ്പിക്കുന്ന വില കർഷകന് സബ്സിഡി ആയി നൽകുക.

12. ബയോഗ്യാസ് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ സബ്സിഡി വർദ്ധിപ്പിക്കുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക.

13. പഞ്ചായത്തിൽ ഒരു കേന്ദ്രത്തിൽ ഇറച്ചി കോഴി, മുട്ടക്കോഴി എന്നിവ ഉല്പാദിപ്പിക്കുന്നതിന് ഹാച്ചറികൾ സ്ഥാപിക്കുക.

14. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വൈക്കോൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് വൈക്കോലിൻെറ വിലവർദ്ധനവ് തടയുക.

15. വനിതകളെ സംഘടിപ്പിച്ചുകൊണ്ട് മൃഗപരിപാലനത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയും മറ്റു കാർഷിക വായ്പകളുടെ പലിശ നിരക്കിൽ ബാങ്ക് വായ്പയും സബ്സിഡിയും നൽകുക.

16. ഒരു പഞ്ചായത്തിൽ ഒരു ക്ഷീരവികസന ഓഫീസർ അടങ്ങുന്ന ക്ഷീരവികസന യൂണിറ്റ് സ്ഥാപിക്കുക.

17. കറവ പശുക്കൾക്ക് നഷ്ടപ്പെടുന്ന ധാതുലവണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം എല്ലാ കർഷകർക്കും ലഭ്യമാക്കണം.

18. പട്ടികജാതി കുടുംബാംഗങ്ങളായ കർഷകർക്ക് കറവുമാടുകളെ വളർത്തുന്നതിനും തൊഴുത്ത് പണിയുന്നതിനും സാമ്പത്തിക സഹായം നൽകിവരുന്നത് വർദ്ധിപ്പിച്ച തോതിൽ നടപ്പിലാക്കുക.

19. പഞ്ചായത്തിൽ ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളെ ഐ. എച്ച്. ഡി. പി. കോളനിയായി പ്രഖ്യാപിക്കുകയും ഒറ്റപ്പെട്ടു കിടക്കുന്ന ഹരിജനങ്ങൾക്കു കൂടി ഈ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

20. ദുർബ്ബല വിഭാഗങ്ങൾക്ക് മാട് വളർത്തുന്നതിന് സൗജന്യ നിരക്കിൽ കന്നുകുട്ടികളെ വിതരണം

ചെയ്യുക, തൊഴുത്തുകൾ നിർമ്മിച്ചു കൊടുക്കുക.

21. മിൽമ കർഷകന് പാലിന്റെ വില വർദ്ധിപ്പിച്ച് കൊടുക്കുക.

22. ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട കുടുംബാംഗങ്ങൾക്ക് രണ്ട് ആടുകൾ വീതം സൗജന്യ നിരക്കിൽ നൽകുക.

23. 5 താറാവ് കുഞ്ഞുങ്ങൾ, 5 കോഴികൾ വീതം ആവശ്യമുള്ള എല്ലാ കർഷകർക്കും സൗജന്യ നിരക്കിൽ നൽകുക.

24. സംഘങ്ങളിലേക്കുള്ള യാത്രാ അസൗകര്യങ്ങൾ പരിഹരിക്കുക.

25. സ്കൂൾ പോൾട്ടറി ക്ലബ്ബ് രൂപീകരിക്കുക.

26. ഭ്രൂണമാറ്റ പ്രക്രിയവഴി ഗുണമേൻമയുള്ള കന്നു കുട്ടികളെ ലഭ്യമാക്കാനുള്ള സൗകര്യം വ്യാപകമായി നടപ്പാക്കുക.

27. ക്രിത്രിമ ബീജ സങ്കലനത്തിനായി ക്ഷീരസംഘങ്ങളോടനുബന്ധിച്ച് മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുക.

28. ക്ഷീര വികസന വകുപ്പിൽ നിന്നും നടപ്പാക്കിവരുന്ന മോഡൽ ഡയറി യൂണിറ്റുകൾ വ്യാപകമായി നടപ്പാക്കുക.

29. D.W.C.R.A സ്കീം വഴി വനിതാ ഡയറി യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

# മത്സ്യ ബന്ധനം

കായലോര ഓരുലവണ പ്രദേശവും ഉൾനാടൻ ശുദ്ധജലസംഭരണികളും അടങ്ങുന്ന മത്സ്യ കൃഷിക്ക് സാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ കനോലി കനാലും ഏകദേശം മദ്ധ്യത്തിൽ ഷൺമുഖം കനാലും സ്ഥിതിചെയ്യുന്നു. ഈ കനാലും കനോലി കനാലിന്റെ കിഴക്കേകൈവഴിയും, തോടുകളും തെക്കു ഭാഗത്ത് താഴത്തെ കെട്ടു ചിറയും കാക്കത്തുരുത്തിയിലെ കോച്ചം തോടും ചതുപ്പു നിലങ്ങളും ഓരു ജല മത്സ്യ കൃഷിക്ക് സാധ്യതയുള്ള സ്ഥലങ്ങളാണ്.

പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി പടിയൂർ കുഴി, പടിയൂർ പുഞ്ചപാടം തോടുകളും, കക്കഴപാടം കൂത്തുമാക്കൽ പ്രദേശവും ഉൾനാടൻ മത്സ്യകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. ഇതിനുപുറമേ പൂക്കോട്ട് പുഴയുടെ ഒരു ഭാഗവും മത്സ്യ കൃഷി നടത്താവുന്നതാണ്. ചെറുതും വലതുമായ നൂറിലേറെ കുളങ്ങളും മത്സ്യകൃഷിക്ക് സാധ്യതയുണ്ട്. കൂത്തുമാക്കൽ, കോച്ചം തോട്, പൂക്കോട്ടുപുഴ, ചുള്ളി പാലം പടിയൂർ കുഴിച്ചാൽ, മുഞ്ഞനാട്ട് പുഴ എന്നീ കാപ്പുകൾ മത്സ്യം പിടിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലേലം ചെയ്ത് കൊടുത്തുവരുന്നു. പഞ്ചായത്തിന് ഒരു പ്രധാന വരുമാന മാർഗ്ഗമാണ് ഇത്.

കൂത്തുമാക്കൽ, പടിയൂർ കുഴി, പൂക്കോട്ടു പുഴ എന്നീ ശുദ്ധജല മത്സ്യ കാപ്പുകളിൽ വാള, കരിമീൻ, വരാൽ, മുഷി, കരിപ്പിടി, പാലാത്തൻ, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, പള്ളാത്തി, പൂഴാൻ, കാളാഞ്ചി എന്നീ മത്സ്യങ്ങളും ഓരു ജല മത്സ്യകാപ്പുകളിൽ ചെമ്മീൻ, കരിമീൻ, പൂമീൻ, കണമ്പ്, തിരുത, ചെമ്പലി, വറ്റ, വാള, പ്രായൽ, പള്ളാത്തി, ഞണ്ട്, പൂഴാൻ, ഏട്ടാ, എന്നീ മത്സ്യങ്ങളും കണ്ടുവരുന്നു.

ചീനവല, വീശുവല എന്നിവ ഉപയോഗിച്ചാണ് ഓരു ജലത്തിൽ മുൻകാലങ്ങളിൽ വ്യാപകമായി മത്സ്യം പിടിച്ചിരുന്നത്. കൂട് , അടിച്ചിൽ, ഒറ്റാലി, വട്ടവല തുടങ്ങിയ നാടൻ ഉപകരണങ്ങൾ ഉപയോഗിച്ചും വെള്ളയിട്ട് കൈകൊണ്ട് തപ്പിയും മത്സ്യം പിടിച്ചുവന്നിരുന്നു. പുഴയിലെ മത്സ്യത്തിന്റെ കുറവും ഉപകരണത്തിന്റെ അധിക ചിലവും ചീന വലയും പാടശേഖരങ്ങളിൽ കീടനാശിനി പ്രയോഗത്താലുള്ള മത്സ്യത്തിന്റെ മരണവും,മൂലം കൂട്, ഒറ്റാലി എന്നീ മീൻപിടുത്ത ഉപകരണങ്ങളും ഇന്ന് കാഴ്ച വസ്തുക്കളായി മാറികഴിഞ്ഞിരിക്കുന്നു. എന്നാൽ പഞ്ചായത്തിൽ 8-ാം

വാർഡിൽ ഒരു ചീന വല നിലനിന്നു പോരുന്നുണ്ട്. മത്സ്യ രോഗങ്ങളും, കീടനാശിനികളുടെ അമിതമായ പ്രയോഗവും പുഴയിൽ അറവുകാർ തള്ളുന്ന മാലിന്യങ്ങളും, ചകിരിച്ചോറും മത്സ്യങ്ങളുടെ വളർച്ചയുടെ നാശത്തിന് ഒരു പ്രധാന കാരണമായി തീർന്നിരിക്കുന്നു.

ഓരു ജല പ്രദേശങ്ങളായ ചതുപ്പ് നിലങ്ങൾ ബണ്ടുകെട്ടി ഉയർത്തി ചെമ്മീൻ, ഞണ്ട് എന്നീ കൃഷികൾ നല്ല രീതിയിൽ നടത്താനുള്ള പ്രദേശങ്ങൾ അടങ്ങിയതാണ് നമ്മുടെ പഞ്ചായത്ത് മേഖല. പഞ്ചായത്തിൽ ഇന്നുള്ള 10-ൽപ്പരം കുളങ്ങൾ ആഴം വർദ്ധിപ്പിച്ചും, ചുറ്റും കല്ലുകെട്ടി സംരക്ഷിച്ചും, ജനപങ്കാളിത്തത്തോടെ ശുദ്ധീകരിച്ചും വൃത്തിയാക്കിയും ശുദ്ധജല മത്സ്യകൃഷി നടത്താവുന്നതാണ്. വീടുകളിൽ ചെറിയ ടാങ്കുകൾ നിർമ്മിച്ച് അലങ്കാര മത്സ്യങ്ങളെ വളർത്താനുള്ള സാധ്യതകളും ഉണ്ട്.

കുളങ്ങളും ധാരാളം ജലാശയങ്ങളും ഉള്ള ഗ്രാമ പഞ്ചായത്ത് ആയതിനാൽ മത്സ്യ ഗ്രാമം, ചെമ്മീൻ ഗ്രാമം എന്നീ കൃഷി രീതികൾ നമുക്ക് നടപ്പിലാക്കാവുന്നതാണ്. മത്സ്യ കൃഷി ചെയ്യുവാൻ സന്നദ്ധരാവുന്ന കൃഷിക്കാരെ സഹായിക്കുന്ന ഏജൻസികളെപ്പറ്റിയുള്ള സാമാന്യമായ അറിവ്, മത്സ്യ കൃഷി നല്ല രീതിയിൽ നടത്തുന്നതിനുള്ള ശാസ്ത്രീയമായ പരിജ്ഞാനം എന്നിവ ലഭ്യമായാൽ മത്സ്യ കൃഷി നല്ല ഒരു തൊഴിലായി ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. മത്സ്യ കാർഷിക മേഖലയിൽ കൃഷി സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിന് പല അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്. മത്സ്യ വിത്ത്, വളം, തീറ്റ, കൃഷി ഉപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാൻ സാധ്യത വർദ്ധിപ്പിച്ചാലെ മത്സ്യകൃഷി വിജയിക്കുകയുള്ളൂ.

## പ്രശ്നങ്ങൾ

1. അഴിമുഖത്തു നിന്ന് വരുന്ന മത്സ്യങ്ങൾ തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ പുഴയിൽ കുറകെ വല കെട്ടി പിടിക്കപ്പെടുന്നതുകൊണ്ട് നമ്മുടെ പ്രദേശത്ത് എത്തിപ്പെടാനുള്ള സാധ്യത കുറയുന്നു. പുതിയ മത്സ്യങ്ങൾ ലഭ്യമാകാതിരിക്കുന്നു.

2. മൃഗങ്ങളുടെ ചോരയും പണ്ടങ്ങളും പുഴയിൽ തള്ളുന്നതുകൊണ്ട് മത്സ്യം പിടിക്കുന്നതിനും, ചകിരിച്ചോറും നിറയുന്നതുകൊണ്ട് മത്സ്യകുഞ്ഞുങ്ങൾക്ക് വളരുന്നതിനും കഴിയാതെ പോകുന്നു.

3. കണ്ടാടി വലയും, അരിപ്പു വലയും കൊണ്ട് മത്സ്യം പിടിക്കുന്നതുകൊണ്ട് ചെറു മത്സ്യങ്ങളും, മുട്ടകളും നശിച്ചുപോകാൻ ഇടവരുന്നുണ്ട്.

4. ഇരിങ്ങാലക്കുട കേരള സോൾവെൻറ് എക്സ്ട്രാഷൻ കമ്പിനിയിൽ നിന്നും ഷൺമുഖം കനാൽ വഴി ഒഴുകുന്ന മലിന ജലം മത്സ്യ കൃഷിക്കും മനുഷ്യനും ഭീഷണിയായി മാറികൊണ്ടിരിക്കുന്നു. അടിയന്തിരമായി ഇത് തടയേണ്ടതാണ്.

5. പിടിക്കുന്ന മത്സ്യങ്ങൾ വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതുകൊണ്ട് തൊഴിലാളികൾക്ക് യഥാർത്ഥ വില ലഭിക്കുന്നില്ല. ഉപഭോക്താവിന് വില കൂടുകയും ഇടത്തട്ടുകാർ പൈസ നേടുകയും ചെയ്തുവരുന്നു. മത്സ്യ രോഗം വർദ്ധിച്ച തോതി ൽ മത്സ്യ കൃഷിയെ നശിപ്പിക്കുന്നു. മത്സ്യ തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് അറിയാൻ കഴിയാത്തതുകൊണ്ട് യഥാസമയത്ത് ലഭിക്കാതെ പോകുന്നു.

നമ്മുടെ പഞ്ചായത്തിൽ പല ഭാഗങ്ങളിലായി നൂറ്റമ്പതിൽപ്പരം മത്സ്യതൊഴിലാളികൾ ഉണ്ട്. വളരെ ചുരുക്കം തൊഴിലാളികളേ ലൈസൻസ് എടുത്തിട്ടുള്ളൂ. അതുകൊണ്ടുതന്നെ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പലതും ലഭ്യമല്ല. പഞ്ചായത്തിൻെറ പടിഞ്ഞാറൻ-തെക്കൻ മേഖലകൾ-പൊക്കാളി കൃഷിയും മറ്റും ചെയ്തിരുന്ന കൃഷി സ്ഥലങ്ങൾ ചെമ്മീൻ, ഞണ്ട് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. ഒരു കൃഷിയും ചെയ്യാതെ തരിശിട്ടിരിക്കുകയാണ്. കഴിയാവുന്ന സ്ഥലങ്ങളിൽ നെൽകൃഷിയും അതിനു ശേഷം ചെമ്മീൻ ഞണ്ടു കൃഷികളും നടത്താവുന്നതാണ്. മേൽപ്പറഞ്ഞ സ്ഥലങ്ങൾ എല്ലാം തന്നെ പ്രൈവറ്റ് വ്യക്തികളുടെ കൈവശത്തിലാണ്. അത്തരം ആളുകളെ മേൽപ്പറഞ്ഞ കൃഷിയിലേക്ക് തല്പരരാക്കുകയും അതുവഴി നെല്ല്-മത്സ്യകൃഷി

ആരംഭിക്കുകയും ചെയ്യാവുന്നതാണ്. അവർ തയ്യാറാകാത്തപക്ഷം പാട്ട വ്യവസ്ഥയിൽ കൃഷിചെയ്യാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ കൈവശത്തിലുള്ള പുറംപോക്ക് ഭൂമികളിൽ മത്സ്യകൃഷി നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക. ഉദാഹരണം - കാര്യങ്ങാട് തോടിനടുത്തുള്ള 20-25 സെൻറ് പ്രസ്തുത സ്ഥലം ഇന്ന് ഉപയോഗ ശൂന്യമായി കിടക്കുകയാണ്. അവിടെ കുളം നിർമ്മിക്കുകയാണെങ്കിൽ നല്ലയിനം മത്സ്യങ്ങളെ വളർത്തുന്നതിന് കഴിയുന്നതാണ്.
2. പഞ്ചായത്തിൻെറ കൈവശമുള്ള കുളങ്ങൾ നെൽകൃഷിക്കും മറ്റും ദോഷം വരാത്ത തരത്തിൽ-അളന്ന് തിട്ടപ്പെടുത്തി വിസ്തൃതി കണക്കാക്കി കൂടുതൽ താഴ്ത്തിയും സൈഡുകൾ കെട്ടിയും നെൽകൃഷിക്കും മത്സ്യകൃഷിക്കും ഉപയോഗിക്കാവുന്നതാണ്.
3. പ്രൈവറ്റ് വ്യക്തികളുടെ കുളങ്ങൾ ഉപയോഗിച്ച് മത്സ്യ കൃഷി ആരംഭിക്കാവുന്നതാണ്.
4. കനോലി കനാലിൻെറ ആഴം വർദ്ധിപ്പിച്ച് സംരക്ഷിക്കുകയാണെങ്കിൽ അതോടനുബന്ധിച്ചുള്ള പഞ്ചായത്ത് വക പുഴകളും തോടുകളും കൂടുതൽ മത്സ്യ സമ്പത്ത് വന്ന് ചേരുന്നതിനുള്ള സൗകര്യം വർദ്ധിക്കുന്നതാണ്.
5. ഗ്രൂപ്പ് ഫാമിങ്ങ് രീതിയിൽ മത്സ്യം വളർത്തൽ നടത്തുന്നതിന് ആവശ്യമായ ഫാമിങ്ങ് രീതി നടപ്പാക്കേണ്ടതാണ്.
6. പുഞ്ചപാടങ്ങളിലെ തോടുകൾ ആവശ്യമായ സ്ഥലങ്ങളിൽ വീതി കൂട്ടുകയും താഴ്ത്തുകയും ചെയ്യുകയും കോൾ ബണ്ടുകൾ ഉയർത്തുകയും ചെയ്താൽ കൃഷി ഇറക്കുന്നതിന് മുമ്പ് മത്സ്യ കൃഷി ആരംഭിക്കാൻ കഴിയുന്നതാണ്.

## പഞ്ചായത്തിലെ മത്സ്യ കാപ്പുകൾ

1. കോച്ചൻ തോട്
2. കൂത്തുമാക്കൽ കാപ്പ്
3. മുഞ്ഞനാട് പുഴ
4. പടിയൂർ കുഴിച്ചാൽ
5. താഴത്തെ കെട്ടുചിറയുടെ ഒരു ഭാഗം
6. പൂക്കോട്ടു പുഴയുടെ ഒരു ഭാഗം
7. ചുള്ളിപ്പാലം

## മത്സ്യ കാപ്പുകളിൽ നിന്നുള്ള വരുമാനം

| കൊല്ലം | സംഖ്യ |
|---|---|
| 1992 - 93 | 45,385 |
| 1993 - 94 | 28,693 |
| 1994 - 95 | 47,008 |
| 1995 - 96 | 65,323 |
| 1996 - 97 | 1,17,683 |

## സാദ്ധ്യതകൾ

ബണ്ടുകൾ ഉയർത്തി ശുദ്ധജല മത്സ്യ കൃഷി നടത്താവുന്നതാണ്.ചതുപ്പു നിലങ്ങളിൽ വിപുലമായ തോതിൽ ചെമ്മീൻ കൃഷിയും ഞണ്ടു കൃഷിയും നടത്താൻ കഴിയും. പഞ്ചായത്തിലെ ചെറുതും വലുതുമായ കുളങ്ങൾ വൃത്തിയാക്കിയും സൈഡുകൾ കെട്ടിയും കട്ട്ള, പിലോപ്പിയ, മൃഗാൾ തുടങ്ങിയ സങ്കരയിനം മത്സ്യങ്ങളെ വളർത്താവുന്നതാണ്. മത്സ്യകൃഷിക്ക് ആവശ്യമായ സാങ്കേതിക ജ്ഞാനവും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള സാധ്യതകളും, കുറഞ്ഞപലിശ നിരക്കിലുള്ള സാമ്പത്തിക സഹായങ്ങളും ഉണ്ടാക്കണം. പിടിക്കുന്ന മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ ശീതീകരണ യൂണിറ്റുകളും മത്സ്യ വിപണന കേന്ദ്രവും മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങളും സ്ഥാപിക്കുക. മത്സ്യ തൊഴിലാളികൾക്ക് ലൈസൻസ് നിർബന്ധമാക്കുക. മത്സ്യ തൊഴിലാളികൾക്ക് കാപ്പുകൾ വിളിച്ചെടുക്കുന്നതിന് മുൻഗണനയും സാധ്യതയും വർദ്ധിപ്പിക്കുക. കടലോര മത്സ്യ തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ നമ്മുടെ പഞ്ചായത്തിൽ മത്സ്യ തൊഴിലാളികൾക്കും വിപണന തൊഴിലാളികൾക്കും നൽകുക. സൗജന്യ ഇൻഷൂറൻസും ക്ഷേമനിധിയും ഏർപ്പെടുത്തുക. ചെമ്മീൻ ഞണ്ട് കൃഷി ചെയ്യുന്ന സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കാനുള്ള സാധ്യത ഉണ്ടാക്കുക. മത്സ്യ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അതാത് ഘട്ടങ്ങളിൽ അറിയിക്കുക. ഭവന നിർമ്മാണത്തിന് സഹായം നൽകുക. മത്സ്യ കൃഷി നടത്തുന്നതിനും മത്സ്യ ബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും വിപണന ഉപകരണങ്ങൾ വാങ്ങുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽ നിന്ന് വായ്പകൾ നൽകുക. പുഴകളിൽ മാലിന്യം ഒഴുക്കുന്നതും ചകിരിച്ചോറ് തള്ളുന്നതും കർശനമായി നിരോധിക്കുക.

***



# വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിലെ ആധുനിക വിദ്യാഭ്യാസ ചരിത്രത്തിന് 76 വർഷത്തെ പഴക്കമാണുള്ളത്. അന്ന് കൊച്ചി രാജ്യത്തിൽ പെട്ടതായിരുന്നു നമ്മുടെ നാട്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ തിരുവിതാംകൂറും കൊച്ചിയും വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തിരുന്നുവല്ലോ. അതിന്റെ നേട്ടം നമ്മുടെ നാടിനും കിട്ടിയിട്ടുണ്ടെന്നു വേണം കരുതാൻ.

സെന്റ് മേരീസ് പള്ളി മുൻകൈയ്യെടുത്താണ് 1920ൽ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ സെ. മേരീസ് എൽ പി സ്ക്കൂൾ സ്ഥാപിച്ചത്.

ഇന്ന് ശോഷിച്ചുനില്ക്കുന്ന RILP സ്ക്കൂളിനും തിളക്കമാർന്ന ഒരു ചരിത്രമുണ്ട്.

| സ്ക്കൂളിന്റെ പേര് | ആരംഭിച്ച വർഷം | |
|---|---|---|
| 1. സെന്റ് മേരീസ് എൽ. പി. സ്ക്കൂൾ | 1920 | 76 വർഷം |
| 2. ആർ. ഐ. എൽ. പി. സ്ക്കൂൾ | 1926 | 70 വർഷം |
| 3. എസ്. എൻ. വി. എൽ. പി. സ്ക്കൂൾ | 1934 | 62 വർഷം |
| 4. ഡോൺബോസ്കോ ഇ. വി. | 1945 | 51 |
| 5. എച്ച്. ഡി. പി. ഹൈസ്ക്കൂൾ | 1951 | യു. പി. ആയിട്ടാണ് ആരംഭം 1979ൽ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. |
| 6. എസ്. എൻ. ജി. യു. വി സ്ക്കൂൾ | 1954 | എൽ. പി. ആയിട്ടാണ് ആരംഭം (രണ്ട് ഒന്നാം ക്ലാസ്സും രണ്ട് രണ്ടാം ക്ലാസ്സും 6161ൽ യു. പി. യായി അപ്ഗ്രേഡ് ചെയ്തു. |
| 7. സെ. സെബാസ്റ്റ്യൻ ആംഗ്ലോ ഇൻഡ്യൻ യു. പി.സ്ക്കൂൾ | 1964 | |

ഇപ്പോൾ പഞ്ചായത്തിൽ 4 എൽ. പി. സ്ക്കൂളുകളും 2 യു. പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ഉൾപ്പെടെ 7 വിദ്യാലയങ്ങളാണ് ഉള്ളത്. ഈ വിദ്യാലയങ്ങളിലായി 629 ഹൈസ്ക്കൂൾ കുട്ടികളും 1033 യു. പി. കുട്ടികളും, 1543 എൽ. പി. കുട്ടികളും അടക്കം ആകെ 3205 കുട്ടികളാണുള്ളത്. പഞ്ചായത്തിൽ ഏകദേശം കൂടിയത്. 1 ½ കി.മീ. ദൂരത്തിൽ എൽ.പി.സ്ക്കൂളുകളുടേയും 3 കി.മീ. ദൂരത്തിൽ യു.പി. സ്ക്കൂളുകളുടേയും സൗകര്യം ലഭ്യമാണ്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ എച്ച്.ഡി.പി.എസ. ഹൈസ്ക്കൂളിലേക്ക് പഞ്ചായത്തിന്റെ തെക്കൻ അതിർത്തിപ്രദേശങ്ങളിൽ ഉള്ളവർക്ക് എത്തിപ്പെടുന്നതിന് ദൂരക്കൂടുതലുണ്ട്. ആയതിനാൽ അവർ സമീപപ്രദേശത്തുള്ള പൂമംഗലം പഞ്ചായത്തിലെ ബി.വി.എം. ഹൈസ്ക്കൂളിലേക്കും മതിലകം ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ്സ് ബോയ്സ് ഹൈസ്ക്കൂളിലേക്കും ഓ.എൽ.എഫ്.ജി.എച്ച്.എസ്സിലേക്കും, ഒന്ന്, ഏഴ്, എട്ട് വാർഡുകളിലെ പടിഞ്ഞാറൻ ഭാഗത്തുള്ള കുട്ടികൾ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ ആർ.എം.എച്ച്, എസ്സിലേക്കും ആണ് പോകുന്നത്.

മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ചിന്താഗതിയിൽ ചില രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഇരിങ്ങാലക്കുടയിലെ സെന്റ്മേരീസ് ഹൈസ്ക്കൂൾ, ഡോൺബോസക്കോ ഇംഗ്ലീഷ്മീഡിയം ഹൈസ്ക്കൂൾ, ഭാരതീയ വിദ്യാഭവൻ, എന്നിവിടങ്ങളിലേക്കും പൂമംഗലം പഞ്ചായത്തിലുള്ള വിദ്യാജ്യോതി ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്കും അയയ്ക്കുന്നു. നമ്മുടെ പഞ്ചായത്തിലെ രണ്ടു സ്ക്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സെക്ഷനുകൾ ആരംഭിച്ചിട്ടുണ്ട്.

## വിദ്യാലയവിവരങ്ങൾ പട്ടിക 1A

| No. | സ്ക്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | M | F | T | M | F | T |
| 1 | St. Marys L.P. | എയ്ഡഡ് | 296 | 263 | 559 | | 14 | 14 |
| 2 | RILP | ' | 51 | 55 | 106 | 2 | 2 | 4 |
| 3 | DBEPS | ' | 170 | 105 | 275 | 1 | 8 | 9 |

41

| No. | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം M | F | T | അധ്യാപകരുടെ എണ്ണം M | F | T |
|---|---|---|---|---|---|---|---|---|
| 4 | SNVLPS | ' | 92 | 80 | 172 | 1 | 5 | 6 |
| | SNGS LP Section | | ' | 222 | 209 | | | |
| | Total | | 831 | 712 | 1543 | | | |
| 5 | SNGS U.P | | 162 | 139 | 301 | 3 | 24 | 27 |
| 6 | St. Seb. U.P. | | | 103 | 67 | 3 | 8 | 11 |
| | HDP U.P. | | | 340 | 222 | | | |
| | Total | | | 605 | 428 | | | |
| 7 | HDP H.S. | | | | 337 | 9 | 37 | 46 |
| | TOTAL | | 1773 | 1432 | 3205 | 19 | 98 | 117 |

**പഞ്ചായത്തിലെ ആകെ ഏഴ് വർഷത്തെ വിദ്യാർത്ഥികളുടെ കണക്കുകൾ പട്ടിക 1Bയിൽ ചേർക്കുന്നു**

| | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|---|---|
| St.Marys | 595 | 616 | 608 | 580 | 569 | 569 | 559 |
| RILP | 103 | 95 | 112 | 105 | 103 | 90 | 107 |
| DBEPS | 253 | 262 | 280 | 292 | 286 | 291 | 270 |
| SNVLPS | 261 | 248 | 556 | 217 | 204 | 194 | 172 |
| St.Sebastain UPS | 165 | 164 | 168 | 157 | 126 | 134 | 151 |
| HDP H.S. | 1159 | 1149 | 1161 | 1181 | 1227 | 1205 | 1191 |
| SNGSUPS | 521 | 559 | 632 | 790 | 749 | 714 | 739 |

90-91 മുതൽ 96-97 വരെയുള്ള പട്ടിക പരിശോധിക്കുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണുന്നില്ല. RILPSൽ ഒരു സമയം 10 ഡിവിഷനുകൾ ഉണ്ടായിരുന്നതാണ്. ഇവിടെ കഴിഞ്ഞ 10 വർഷങ്ങളായി വിദ്യാലയാന്തരീക്ഷം ഇല്ലാത്ത സ്ഥിതിയാണ്. കുട്ടികൾ കുറഞ്ഞ മറ്റ് രണ്ട് സ്ക്കൂളുകളാണ് എസ്. എൻ. വി. എൽ. പി. എസ്സും, സെന്റ് സെബാസ്റ്റ്യൻ ആംഗ്ലോ ഇൻഡ്യൻ യു.പി. സ്ക്കൂളും. 1970ൽ എസ്.എൻ.വി. എൽ.പി.എസ്സിൽ 13 ഡിവിഷൻ ഉണ്ടായിരുന്നു. ഇന്നിവിടെ 5ഡിവിഷനുകളാണുള്ളത്. സെന്റ് സെബാസ്റ്റ്യൻ യു.പി. സ്ക്കൂളിലും കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്. ഈ മൂന്ന് സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ കാരണം വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

**വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ**

**ഭൗതീക സൗകര്യങ്ങളുടെ വിവരം**

| സ്കൂൾ | വിസ്തീർണ്ണം | സ്റ്റാഫ് മുറി | ലാബ് | ലൈബ്രറി | മുറികൾ ആവശ്യത്തിനുണ്ടോ | മൂത്രപ്പുര ആവശ്യത്തിന് മതിയായതാണോ | കക്കൂസ് | വൈദ്യുതി | കളിസ്ഥലം (സൗകര്യം) | ശുദ്ധജലവിതരണം തൃപ്തികരമാണോ |
|---|---|---|---|---|---|---|---|---|---|---|
| St. Marys | ഒരു ഏക്കർ 6 സെന്റ് | ഇല്ല | അല്ല | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് | ഉണ്ട് | ഇല്ല | അതെ |
| RILP | 28സെന്റ് | ഇല്ല | അല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അല്ല |
| DBEPS | 60 സെന്റ് | അല്ല | ഇല്ല | അല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | അല്ല |
| SNVLPS | 45 സെന്റ് | ഉണ്ട് | അല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അല്ല |
| SNGVPS | 1 ഏക്കർ 22 സെന്റ് | ഉണ്ട് | ഇല്ല | അല്ല | ഇല്ല | ഇല്ല | ഒന്ന് | ഉണ്ട് | ഇല്ല | അല്ല |
| St. Sebastain | 1 ഏക്കർ 1 1/2 സെന്റ് | ഉണ്ട് | ഇല്ല | അല്ല | ഇല്ല | ഇല്ല | ഒന്ന് | ഉണ്ട് | ഇല്ല | അല്ല |
| HDPHS | 3.08 ഏക്കർ | ഉണ്ട് | ഉണ്ട് | അല്ല | ഇല്ല | ഇല്ല | മൂന്ന് | ഉണ്ട് | ഇല്ല | അതെ |

42

ആർ.ഐ.എൽ.പി.സ്കൂളിലും ഡോൺബോസ്കോ സ്കൂളിലും വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം തൃപ്തികരമാണെന്ന് പറയാനാവില്ല. സെന്റ് മേരീസിലും, എച്ച്.ഡി.പി. ഹൈസ്കൂളിലും, മൂത്രപ്പുരയുടേയും കക്കൂസിന്റെ കാര്യത്തിലും മിനിമം സൗകര്യങ്ങളുണ്ട്. ആർ.ഐ.എൽ.പി.എസ്., എസ്.എൻ.വി.എൽ.പി.എസ്., ഡി.ബി.ഇ.പി.എസ്., എസ്.എൻ.ജി.യു.പി.എസ്., സെന്റ് സെബാസ്റ്റ്യൻ യു.പി.എസ്. എന്നിവിടങ്ങളിൽ ഇവ പേരിന് ഉണ്ടെങ്കിലും ആവശ്യത്തിന് തികയില്ല എന്ന് പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാം. ആർ.ഐ.എൽ.പി.എസ്സിലും, എസ്.എൻ.വി.എൽ.പി.എസ്സിലും, കക്കൂസും മൂത്രപ്പുരയും ഇല്ലാത്ത ബുദ്ധിമുട്ടുകൾ ഉണ്ട്. ആർ.ഐ.എൽ.പി.എസിന് രണ്ട് കെട്ടിടങ്ങൾ ഉള്ളതിൽ ഒരു ക്ലാസ്സ് മുറി ഒഴിച്ചുള്ള ബാക്കി കെട്ടിടങ്ങൾ പ്രീ കെ.ഇ.ആർ. ബിൽഡിങ്ങ് ആണ്. മറ്റുള്ള സ്കൂളുകളിൽ ബിൽഡിംഗിന്റെ പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടില്ല. ഒന്നും രണ്ടും ക്ലാസ്സുകളിലെ പിഞ്ചുകുട്ടികൾക്ക് ദീർഘസമയം ക്ലാസ്സുമുറിയിലിരിക്കുന്നതിന് പറ്റിയ ഫർണീച്ചറുകളല്ല ഇന്ന് നിലവിലുള്ളത്. നിലവിലുള്ള 7 വിദ്യാലയങ്ങൾക്കും ആവശ്യമായ ഫർണീച്ചർ ഇല്ല.

**ഫർണീച്ചറുകൾ**
**ഇനി ആവശ്യമായവയുടെ എണ്ണം**

| സ്കൂളിന്റെ പേര് | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|
| HDPHS | 15 | 15 | 5 | 5 | |
| RILPS | 10 | 10 | 2 | 4 | |
| SNVLPS | 3 | 3 | 2 | 3 | |
| DONBOSCO LPS | 5 | 4 | 2 | 2 | |
| SSAI UPS | 3 | 3 | 2 | 2 | |
| SNGS UPS | 5 | 10 | 3 | 2 | |
| St. Marys L.P. | 20 | 16 | | | |

## പാരാ അക്കാദമിക്

ഈ രംഗത്ത് രണ്ടറ്റത്ത് നിൽക്കുന്ന സ്കൂളുകളാണ് പഞ്ചായത്തിലുള്ളത്. ശാസ്ത്ര, ഗണിത, പ്രവൃത്തിപരിചയമേള, സ്പോർട്ട്സ്, കലാമേള എന്നീ രംഗങ്ങളിൽ വളരെയേറെ മുന്നിൽ നിൽക്കുന്ന സ്കൂളാണ് കാക്കാത്തുരുത്തി എസ്.എൻ.ജി.യു.പി.എസ്. 95-96 വർഷത്തെ സബ് ജില്ല തലത്തിൽ ബെസ്റ്റ് സ്കൂൾ ട്രോഫിയും ശാസ്ത്രപ്രദർശനമേളയിൽ ഒന്നാംസ്ഥാനവും On the spot മത്സരത്തിൽ രണ്ടാം സ്ഥാനവും ഗണിതശാസ്ത്രമേളയിൽ 3ാം സ്ഥാനവും സ്പോർട്ട്സിൽ ഗേൾസ്, ബോയ്സ്, കിഡ്സീസ് എന്നീ വിഭാഗങ്ങൾക്ക് ഒന്നാം സ്ഥാനവും ഈ സ്കൂളിനാണ്. ഈ വർഷവും ഈ മികവ് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

എച്ച്.ഡി.പി. എസ്. ഹൈസ്കൂളിൽ ജില്ലാതലത്തിൽ തുടർച്ചയായി നീന്തൽ മത്സരത്തിൽ 2ാം സ്ഥാനമുണ്ട്. യുവജനോത്സവത്തിലും പങ്കാളിത്തം മോശമല്ല. ഒപ്പനയിലും തുടർച്ചയായി സമ്മാനങ്ങൾ നേടുന്ന സ്കൂളാണ് ഇത്. സ്പോർട്ടിലും, വർക്ക് എക്സ്പീരിയൻസിലും സെന്റ് മേരീസ് എൽ.പി. പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

സെന്റ് സെബാസ്റ്റ്യൻ യു.പി.സ്കൂൾ പാഠ്യേതര പ്രവർത്തനങ്ങളിൽ നേരത്തെ ഉണ്ടായിരുന്ന മുൻകൈ ഇപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ ശാസ്ത്ര, ഗണിത, പ്രവൃത്തി പരിചയമേളകളിൽ മെച്ചപ്പെട്ട പങ്കാളിത്തവും സമ്മാനവും നേടാൻ ഈ വർഷം കഴിഞ്ഞിട്ടുണ്ട്.

ഡി.ബി.ഇ.പി.എസ്സിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. കഴിഞ്ഞ വർഷം ഉപജില്ലാ മത്സരങ്ങളിൽ പ്രവൃത്തിപരിചയമേളക്ക് ഈ സ്കൂളിനി രണ്ടാം സ്ഥാനമുണ്ട്.

ആർ.ഐ.എൽ.പി.എസ്., എസ്. എൻ.വി.എൽ.പി.എസ്, എന്നിവ ഇക്കാര്യത്തിൽ പിന്നോക്കം നിൽക്കുന്നു.

ഇതിന് വേണ്ടുന്ന പ്രോത്സാഹനം നൽകിയേതീരൂ. എല്ലാ സ്കൂളുകളിലും സജീവമായി പ്രവർത്തിക്കുന്നത് സാഹിത്യസമാജമാണ്. എന്നാൽ ഇത് വേണ്ട അർത്ഥത്തിൽ എല്ലായിടത്തും പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

ഒന്നും രണ്ടും സ്കൂളൊഴിച്ച് മറ്റിടങ്ങളിൽ പി.ടി.എ. പ്രവർത്തനക്ഷമമാണ്. സ്കൂളിന്റെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റാൻ പി.ടി.എയ്ക്ക് കഴിയുന്നുണ്ട്.

രക്ഷിതാക്കളും അധ്യാപകും നാട്ടുകാരും മാനേജ്മെന്റും ഒത്തുചേർന്നാൽ ഏത് പ്രവർത്തനവും വിജയിപ്പിക്കാമെന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണങ്ങളിലൊന്നാണ് എച്ച്.ഡി.പി.എസ്.എച്ച്.എസ്സിൽ ഒരു ലക്ഷം രൂപയോളം ചെലവഴിച്ച് ലൈബ്രറി കെട്ടിടം നിർമ്മിക്കാനും ഗ്രന്ഥശേഖരം ഉണ്ടാക്കുവാനും കഴിഞ്ഞത്.

കഴിഞ്ഞ വർഷം കാക്കാത്തുരുത്തിയിൽ സബ് ജില്ലാതലത്തിൽ സംഘടിക്കപ്പെട്ട ഗണിതശാസ്ത്രമേള വിജയിപ്പിക്കുന്നതിന് പി.ടി.എ.യുടെ പങ്ക് എടുത്തുപറയേണ്ടതാണ്.ഉച്ചഭക്ഷണം നൽകുന്നതിനും ആവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിനും ഭക്ഷണം രുചികരമായും വൃത്തിയായും നൽകുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി പി.ടി.എ. തന്നെ 4000ത്തോളം രൂപ പിരിച്ച് നൽകിയിട്ടുണ്ട്.

സെന്റ് മേരീസ് എൽ.പി.സ്കൂളിൽ മൈക്ക് സെറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് പി.ടി.എയ്ക്ക് സാധിച്ചിട്ടുണ്ട്. ഡി.ബി.ഇ.പി.എസ്സിൽ മൂത്രപ്പുര നിർമ്മിക്കുന്നതിനും മൈക്ക് സെറ്റ് സംഘടിപ്പിക്കുന്നതിനും പാഠോപകരണങ്ങളും കളിക്കോപ്പുകളും വാങ്ങുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും പഠനയാത്രകൾ സംഘടിപ്പിക്കുന്നതിനും ഉൾപ്പടെ കഴിഞ്ഞ വർഷങ്ങളിൽ പി.ടി.എ. മുൻകൈ എടുത്തിട്ടുണ്ട്.

ആർ.ഐ.എൽ.പി.എസ്സിൽ വിദ്യാജ്യോതിയുടെ ഭാഗമായി പി.ടി.എ. സജീവമായിട്ടുണ്ട്. ക്ലാസ്സ് മുറികൾക്ക് തട്ടിക സ്ഥാപിക്കുന്നതിനും സ്വാതന്ത്ര്യദിനാഘോഷം രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ സമുചിതമായി ആഘോഷിക്കുന്നതിനും പി.ടി.എയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഒരു വിദ്യാലയത്തിലും അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളും അധ്യാപകരും ചേർന്ന് ഗൗരവമേറിയ ചർച്ചകൾ ഒരിടത്തും നടത്തിയിട്ടില്ല. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സമൂഹത്തിന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും. അവ ഉപയോഗപ്പെടുത്തുന്നതിന് മുൻകൈ എടുക്കേണ്ട സ്ക്കൂൾ അധികൃതർ അതിന് ശ്രമിച്ചിട്ടില്ല. ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് മാത്രമായാണ് പി.ടി.എ. യെ ഉപയോഗിച്ച് പോരുന്നത്.

എൽ.പി. വിഭാഗത്തിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സയൻസ് കോർണറുകളുടെ പ്രവർത്തനം നടന്നതായി ഒരു സ്ക്കൂളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. യു.പി. സ്ക്കൂളുകളിലും സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുറവാണ്. ഹൈസ്ക്കൂളിലെ സ്ഥിതിയും മറിച്ചല്ല. അല്പമെങ്കിലും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ഹൈസ്കക്കൂളിലെ മാത്സ് ക്ലബ്ബ് മാത്രമാണ്. ഫൈൻഡ്നസ്സ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഫാർമേഴ്സ് ക്ലബ്ബ് എന്നിവ റിക്കാർഡുകളിൽ മാത്രമേ ഉള്ളൂ. കൈയെഴുത്തുമാസിക, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, എന്നീ വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങൾ ഇല്ല.

നമ്മുടെ പഞ്ചായത്തിൽ പട്ടികവർഗ്ഗവിഭാഗം ഇല്ല. പട്ടികജാതി വിഭാഗത്തിൽ ആകെ 436 കുട്ടികൾ പഠിക്കുന്നു. ഇത് മൊത്തം വിദ്യാർത്ഥികളുടെ 13.6% ആണ്. കുടുംബി വിഭാഗത്തിൽപ്പെട്ട 283 വിദ്യാർത്ഥികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് 8.82% വരും. രണ്ട് വിഭാഗങ്ങളിലും കൂടി മൊത്തം വിദ്യാർത്ഥികളുടെ 22.42% ആണ്.

ഇവരുടെ സാമൂഹികസാമ്പത്തിക പിന്നോക്കാവസ്ഥ പഠനനിലവാരത്തെ ബാധിച്ചിട്ടുണ്ടോ എന്ന്പരിഗണിക്കേണ്ടതാണ്.

**പട്ടികജാതിയിൽ പെട്ടവരുടേയും കുടുംബികളുടേയും സ്ക്കൂൾ തിരിച്ചുള്ള വിവരങ്ങൾ**

| | | | കുടുംബി | പട്ടികജാതി |
|---|---|---|---|---|
| 1 | St.Marys L.P | | 39 | 68 |
| 2 | RILP | | 13 | 10 |
| 3 | DBEPS | | 6 | 57 |
| 4 | SNVLPS | | 21 | 26 |
| 5 | SNGUPS | | 53 | 111 |
| 6 | St.Sebastain | | 4 | 28 |
| 7 | HDPHS | | 147 | 136 |
| | Total | | 283 | 436 |
| | % | 8.82% | 13.6% | 22.42% |

**പഠനം നിർത്തിയവരുടെ പട്ടിക**

Sc/St

| ആൺ | പെൺ | ആകെ |
|---|---|---|
| 3 | 2 | 5 |

മറ്റുള്ളവർ

| ആൺ | പെൺ | ആകെ | മൊത്തം |
|---|---|---|---|
| 22 | 14 | 36 | 41 |

കഴിഞ്ഞ വർഷം വിവിധ ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞ് പോയവർ 41 പേരാണ്. ഇത് 1.27% വരും. കൊഴിഞ്ഞുപോക്കിന്റെ കാരണമെന്തെന്ന് വിലയിരുത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ സമാന്തരവിദ്യാലയങ്ങളോ സാങ്കേതികവിദ്യാലയങ്ങളോ ഒന്നുംതന്നെയില്ല. ടൈപ്പ്റൈറ്റിംഗും ഷോർട്ട്ഹാന്റിലും പരിശീലനം നൽകുന്ന മൂന്നു സ്ഥാപനങ്ങൾ ഉണ്ട്.

പിഞ്ചുകുട്ടികളുടെ ശാരീരികവും മാനസികവും ആയ വളർച്ചയ്ക്കും, മറ്റ് കുട്ടികളുമായി ഇടപഴകി ശീലിക്കുന്നതിനും വേണ്ടി ഉദ്ദേശിച്ചിട്ടുള്ള പ്രീസ്ക്കൂളുകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. സ്ക്കൂളുകളോട് ചേർന്ന് 5 നഴ്സറിക്ലാസ്സുകളും എട്ടാം വാർഡിലുള്ള ഏക അംഗൻവാടിയുമാണ് ഈ ആവശ്യം നിറവേറ്റാൻ ഇന്നുള്ള സംവിധാനം.16 അംഗൻവാടികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും 15 എണ്ണം ഇനിയും ആരംഭിക്കേണ്ടതായിട്ടുണ്ട്.

അമ്മയുമായുള്ള ആത്മബന്ധം കുട്ടിയുടെ പഠനത്തിന് ഉപയോഗപ്പെടുത്തുക എന്നതാണ് മാതൃസംഗമം കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഇന്ന് മാതൃസംഗമങ്ങൾ വേണ്ട അർത്ഥത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. മാതൃയോഗങ്ങൾ നടക്കുന്നത് വളരെ അപൂർവ്വമാണ്.

## സാക്ഷരതാപ്രവർത്തനം

ഒന്നാംഘട്ടസാക്ഷരതയിൽ നിരക്ഷരരിൽ 91% പേർ പഠനം വിജയകരമായി പൂർത്തിയാക്കി. ഇപ്പോൾ പഞ്ചായത്തിൽ 2 ജനവിദ്യാകേന്ദ്രങ്ങളും 9 അക്ഷരസംഘം കൺവീനർമാരും ഉണ്ട്. അക്ഷരസംഘങ്ങളുടെ പ്രവർത്തനം നിർജ്ജീവമാണ്. ഒന്നാംഘട്ട സാക്ഷരതയ്ക്ക് തുടർസാക്ഷരതാപ്രവർത്തനം വിജയകരമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

## വിദ്യാജ്യോതി

ജില്ലാപഞ്ചായത്ത് സമഗ്രവിദ്യാഭ്യാസവികസനത്തിന് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് വിദ്യാജ്യോതി. 17 ബ്ലോക്കുകളിലെ ഓരോ പഞ്ചായത്തിനെ തെരഞ്ഞെടുത്തതിൽ വെള്ളാങ്കല്ലൂർ ബ്ലോക്കിൽ പടിയൂർ പഞ്ചായത്തിനെയാണ് ഉൾപ്പെടുത്തിയത്.

ഇതിന്റെ ഫലമായി 1996 ജൂലൈ 25ന് എച്ച്.ഡി. പി.എസ്.എച്ച്.എസ്സിൽ വെച്ച് പഞ്ചായത്ത് വിദ്യാഭ്യാസസമിതിയും അക്കാദമിക് കമ്മിറ്റിയും രൂപീകരിച്ചു. സ്ക്കൂൾതല സമിതികളും രൂപികൃതമായിട്ടുണ്ട്.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളത് 2 വായനശാലകളാണ്. ഒമ്പതാം വാർഡിലെ ഗ്രാമീണവായനശാലയും പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രവും. സാംസ്ക്കാരിക കേന്ദ്രത്തിന് ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ നടത്തിയിട്ടില്ല. 4, 5, 6, 7 വാർഡുകൾക്ക് പ്രയോജനം കൂടുതൽ ലഭിക്കുന്നത്. ഒമ്പതാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗ്രാമീണവായനശാലയ്ക്ക് വളരെക്കാലത്തെ ചരിത്രമുണ്ട്.ഒരു സമയത്ത് പഞ്ചായത്തിലെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വായനശാലയായിരുന്നു ഇത്. ഏറെക്കാലം നിർജ്ജീവമായി കിടന്ന കഴിഞ്ഞ് ഒരു വർഷമായി പ്രവർത്തകമായിട്ടുണ്ട്. വായനശാലയ്ക്ക് സ്വന്തമായി 2 സെന്റ് സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്തത് പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിൽ 38 വായനശാലകളും ക്ലബ്ബുകളും വിവിധകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ 5 എണ്ണം ഒഴികെ ബാക്കിയുള്ളവയുടെ പ്രവർത്തനം നിലച്ചുപോയി. നല്ലനിലയിൽ പ്രവർത്തിച്ചിരുന്നതും ചരുവന്തറയിലെ വായനശാല, ചെട്ടിയാലിലെ റീഡിങ്ങ് റൂം ലൈബ്രറി എന്നിവയും അസ്തമിച്ചവയുടെ കൂട്ടത്തിൽ പെടുന്നു.എട്ടാം വാർഡിലുള്ള ആംഗ്ലോ ഇന്ത്യൻ ക്ലബ്ബിന് 3 സെന്റ് സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും വർഷങ്ങളായി പ്രവർത്തിക്കാതെ കിടക്കുകയാണ്.

അക്കാദമിക് നിലവാരത്തെക്കുറിച്ച് വിലയിരുത്തുന്നതിന് സെക്കണ്ടറി ഡാറ്റകളേയും വിദ്യാജ്യോതി അക്ഷരപ്പുലരിക്ക് വേണ്ടി നടത്തിയ പ്രീ ടെസ്റ്റിന്റെ മാർക്കുകളേയുമാണ്. പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. 96 ആഗസ്റ്റ് മാസത്തിൽ നാലാം തരത്തിൽ നടത്തിയ പ്രീടെസ്റ്റിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| No | സ്ക്കൂളിന്റെ പേര് | ആകെ കുട്ടികൾ | 80%താഴെ | ശതമാനം |
|---|---|---|---|---|
| 1 | DBEPs | 64 | 48 | 75 |
| 2 | RILPS | 20 | 12 | 60 |
| 3 | SNGSUPS | 100 | 69 | 69 |
| 4 | St.Marys LP | 84 | 32 | 38 |
| 5 | SNVLPS | 33 | 14 | 42.7 |
| | Total | 300 | 175 | 58.33 |

80% താഴെ മാർക്ക് വാങ്ങിയവരെയാണ് അക്ഷരപ്പുലരിക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. നാലാംതരത്തിൽ പഠിക്കുന്ന 291പേരിൽ 175 പേർക്കും അക്ഷരം വേണ്ടവിധം ഉറച്ചിട്ടില്ലെന്ന്കാണാം.

# അക്കാദമിക് നിലവാരം ഒരു താരതമ്യപഠനം

| വിഭാഗം | 0മുതൽ 10% മാർക്ക് നഷ്ട പ്പെട്ടവർ | 10%-40% മാർക്ക് നഷ്ട പ്പെട്ടവർ | 40%-50% മാർക്ക് നഷ്ട പ്പെട്ടവർ | 50%-60% മാർക്ക് നഷ്ട പ്പെട്ടവർ | 60%-70% മാർക്ക് നഷ്ടപ്പെട്ടവർ | 70% മുതൽ മാർക്ക് നഷ്ട പ്പെട്ടവർ | ആകെ |
|---|---|---|---|---|---|---|---|
| LP | 43 | 213 | 144 | 136 | 88 | 115 | 739 |
| UP | – | 251 | 166 | 139 | 149 | 312 | 1007 |
| HS | – | 73 | 56 | 86 | 147 | 251 | 613 |
| Total | 43 | 547 | 366 | 361 | 384 | 678 | 2359 |
| | 1.82% | 23.18% | 15.51% | 15.3% | 16.27% | 28.74% | |

RILPS ൽ 60% വരെ മാർക്ക് നഷ്ടപ്പെട്ടവർ 48.93 ശതമാനമാണ്.
സെന്റ് മേരീസ് എൽ. പി. എസിൽ ഇത് 18.66 ശതമാനവും.
50 %ത്തിലധികം മാർക്ക് നേടിയവർ RILPS ൽ 23.4 ശതമാനവും സെന്റ് മേരീസിൽ 67.03 ശതമാനവുമാണ്.

| സ്കൂൾ | കുട്ടികളുടെ പൊതുനിലവാരം | | | | | | 10% മാത്രം മാർക്ക് നഷ്ട പ്പെട്ടവർ |
|---|---|---|---|---|---|---|---|
| | ആകെ | 70%ത്തിന് മുകളിൽ മാർക്ക് നഷ്ട പ്പെട്ടവർ | 70%-60% മാർക്ക് നഷ്ട പ്പെട്ടവർ | 60%-50% മാർക്ക് നഷ്ട പ്പെട്ടവർ | 50%-40% മാർക്ക് നഷ്ട പ്പട്ടവർ | 40%ത്തിൽ മാർക്ക് നഷ്ട പ്പെട്ടവർ | |
| RILPS | 47 | 8 | 1.5 | 12 | 11 | | |
| | ശതമാനം | 17.02 | 31.9 | 25.23 | 23.4 | | |
| St.Marys LPS | 273 | 41 | 10 | 33 | 32 | 108 | 43 |
| | ശതമാനം | 15 | 3.66 | 12.08 | 11.72 | 39.56 | 15.75 |

**96ൽ SSLCയ്ക്ക് നേടിയ മാർക്ക് (പട്ടിക...........)**

| | | | | | | |
|---|---|---|---|---|---|---|
| HDPSHS | 16 | 21 | 24 | 51 | 60 | 172 |

**HDPHSലെ കഴിഞ്ഞ വർഷത്തെ വിജയശതമാനം**

| 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|
| 74% | 71% | 62% | 60% |

ഓണപ്പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് പരിശോധിക്കുമ്പോൾ 60.32% കുട്ടികൾ 50 ശതമാനത്തിൽ അധികം മാർക്ക് നഷ്ടപ്പെട്ടവരാണ്. SSLC പരീക്ഷയ്ക്ക് 65% കുട്ടികൾക്കും 60 ശതമാനത്തിലേറെ മാർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

1995 നവംബർ മുതൽ 96 ഒക്ടോബർ വരെ ഒരു കൊല്ലത്തേക്ക് പഞ്ചായത്തിലെ 117 അധ്യാപകർക്ക് ശമ്പള ഇനത്തിൽ 54,58,015 രൂപ (അമ്പത്തിനാലുലക്ഷത്തി അമ്പത്തെട്ടായിരത്തി പതിനഞ്ചുരൂപ) ചെലവ് ആയിട്ടുണ്ട്. മെയിന്റ നൻസ് ഗ്രാന്റായും മറ്റിനങ്ങളിലും സർക്കാർ വേറെയും ചെലവുകൾ ചെയ്യുന്നു. പി.ടി.എ. സമാഹരിച്ചെടുക്കുന്ന തുക ഇതിനും പുറമേയാണ്.

വിദ്യാർത്ഥിക്കുവേണ്ടി പുസ്തകം, വസ്ത്രം, കുട, ബാഗ്, ആരോഗ്യം, ഭക്ഷണം, തുടങ്ങിയവയ്ക്ക് ഓരോ രക്ഷിതാവിനും ആയിരക്കണക്കിന് രൂപ കൊല്ലംതോറും ചെലവ് വരുന്നുണ്ട്. ഇങ്ങിനെ നോക്കുമ്പോൾ പഞ്ചായ ത്തിൽ പഠിക്കുന്ന 3205 വിദ്യാർത്ഥികൾക്കായി പല കോടി രൂപ ചിലവാക്കേണ്ടി വന്നിട്ടുണ്ട്. എന്നിട്ടും 60% ത്തിൽപ്പരം കുട്ടികൾ പിന്നോക്കക്കാരാകുന്നു. സമൂഹം ഇവരെ ഒന്നിനും പറ്റാത്തവരായി പരിഗണിക്കുന്നു. ഇത്രയും ഭീമമായ തുക ചെലവിടുന്നത് ഇവരുടെ ചിറകൊടിക്കാനാണോ? ഇവരിൽ നൈസർഗ്ഗികമായുണ്ടാകുന്ന വാസനകൾ തകർക്കാ നാണോ? ആരാണിതിനുത്തരവാദി? രക്ഷിതാക്കളുടെ ബോധമില്ലായ്മ ഒരു പ്രധാനകാരണമാകാം. പഠിക്കുന്നതും ജീവിതവുമായി ബന്ധമില്ലാത്തതും ഒരു കാരണമാകാം. പഴഞ്ചൻ ബോധനരീതി, തെറ്റായ പരീക്ഷാരീതി, തുടങ്ങി യവ പട്ടികകൾ ഇനിയും നിരത്താം. പ്രധാനമായും ചിന്തിക്കേണ്ടത് ഈ നില ഇനിയും തുടരാൻ അനുവദിക്കണമോ എന്നതാണ്.

# പ്രശ്നങ്ങൾ

## I ഭൗതിക സാഹചര്യങ്ങൾ

1. മൂത്രപ്പുര, കക്കൂസ് എന്നിവയുടെ അപര്യാപ്തത എല്ലാ സ്ക്കൂളിനെയും ബാധിക്കുന്ന പ്രശ്നമാണ്.
2. ആർ.ഐ.എൽ.പി.എസ്. എസ്.എൻ.യു.എൽ.പി.എസ് എന്നിവിടങ്ങളിൽ കക്കൂസേ ഇല്ല. കാക്കാത്തുരുത്തിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അധ്യാപകർക്കും കൂടി ഒറ്റ കക്കൂസും മൂത്രപ്പുരയും മാത്രമേ ഉള്ളു.
3. കളിസ്ഥലം തീരെയില്ലാത്തത് ആർ.ഐ.എൽ.പി.എസ്. എസ്.എൻ.വി.എൽ.പി.എസ് സെന്റ് മേരീസ് L.P. S എന്നിവിടങ്ങളിലാണ്. എച്ച്.ഡി.പി.എച്ച്.എസ്സിലും സെന്റ് സെബാസ്റ്റ്യൻ യു.പി.യിലും ഉള്ള സ്ഥലം മണ്ണിട്ട് നികത്തിയാൽ പരിമിതമായ സൗകര്യങ്ങളെങ്കിലും നിറവേറ്റപ്പെടും. എസ്.എൻ.ജി.യു.പി.എസ്സും, ഡി.ബി.ഇ.പി.എസ്സിലും കളിസ്ഥലത്തിന്റെ പ്രശ്നമുണ്ട്.
4. കുടിജലത്തിന്റെ പ്രശ്നവും പൊതുവായുണ്ട്. എസ്.എൻ.ജി.യു.പി.എസിൽ ഇത് രൂക്ഷമാണ്. എസ്. എൻ. വി. എൽ. പി. എസ്സിലും ആർ. ഐ. എൽ. പി. എസ്സിലും എസ്. എസ്. എ. ഐ. യു. പി. എസ്സിലും പ്രശ്നങ്ങളുണ്ട്.
5. ഫർണീച്ചറുകളുടെ അപര്യാപ്തതയും ഉണ്ട്. പ്രത്യേകിച്ച് 1,2 ക്ലാസ്സുകളിലെ കുട്ടികൾക്ക് ദീർഘസമയം ഇരിക്കുന്നതിന് അനുയോജ്യമായ ഫർണീച്ചറുകളല്ല നിലവിലുള്ളത്.
6. ആർ.ഐ.എൽ.പി.എസ്സിൽ ഒരു വിദ്യാലയാന്തരീക്ഷം തീരെയില്ല. എസ്.എൻ.വി.എൽ.പി.എസ്സിലേക്ക് ഒരു പൊതുവഴിയില്ല.

## പാരാ അക്കാദമിക്

1. സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനങ്ങൾ ഒട്ടും കാര്യക്ഷമമല്ല.എച്ച്.ഡി.പി.എച്ച്.എസ്സിലെ മാത്സ് ക്ലബ്ബ് അല്പമെങ്കിലും പ്രവർത്തിക്കുന്നുണ്ട്.
2. ദേശീയദിനാചരണങ്ങൾ വേണ്ടപോലെ ആചരിക്കുന്നില്ല
3. ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. ലാബ് സൗകര്യങ്ങൾ വേണ്ടവണ്ണം വിനിയോഗിക്കുന്നില്ല.
5. ആർ.ഐ.എൽ.പി.എസ്. എസ്.എൻ.യു.എൽ.പി.എസ് എന്നിവിടങ്ങളിൽ പി.ടി.എ. ദുർബ്ബലമാണ്. മറ്റിടങ്ങളിൽ ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിന് മാത്രമാണ് പി.ടി.എയെ ഉപയോഗിക്കുന്നത്.
6. മാതൃസംഘം പ്രവർത്തനങ്ങൾ ദുർബ്ബലമാണ്.
7. ആവശ്യമായ നേഴ്സറികളുടേയും അംഗൻവാടികളുടെയും കുറവ്
8. നഴ്സറി ക്ലാസ്സുകളിൽ പഠനത്തിനാണ് ഊന്നൽ കൊടുക്കുന്നത്. കളികൾക്ക് അല്ല. വേണ്ടത്ര കളിക്കോപ്പുകളും ഇല്ല.
9. ക്ലബ്ബുകളും വായനശാലകളും ഉണ്ടായിരുന്നത് പലതും നാമാവശേഷമായി.
10. പടിയൂർ ഗ്രാമീണവായനശാലയ്ക്ക് കെട്ടിടമില്ല.
11. മുഴുവൻ ജനങ്ങളേയും ബന്ധിപ്പിക്കുന്നതിനുള്ള ലൈബ്രറി സംവിധാനമില്ല.

## അക്കാദമിക് രംഗത്തെ പ്രശ്നങ്ങൾ

ഇന്നത്തെ പരീക്ഷ ഓർമ്മശക്തി പരിശോധിക്കാൻ മാത്രമുള്ളതാണ്. കുട്ടികളുടെ വിവിധ കഴിവുകൾ പരിശോധിക്കുന്നതിനുള്ള മൂല്യനിർണ്ണയ രീതി ഇന്നില്ല. പരീക്ഷയ്ക്ക് വേണ്ടിയാണ് പഠിക്കുന്നത് മാർക്കാണ് പ്രധാനം

അക്ഷരം വേണ്ടവണ്ണം ഉറക്കാത്ത കുട്ടികൾ 58.33% ആണ്

അക്കാദമിക രംഗത്തെക്കുറിച്ച് രക്ഷിതാക്കളും അധ്യാപകരും തമ്മിൽ ഫലവത്തായ ചർച്ചകൾ നടക്കുന്നില്ല.

സമൂഹത്തെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുന്നതിന് അധ്യാപകരുടെ ഭാഗത്ത് നിന്നും ക്രിയാത്മകമായ നടപടികളില്ല.

ഭൗതിക സാഹചര്യങ്ങളുടെ പരിമിതി മുറിച്ച് കടക്കാൻ വിദ്യാലയങ്ങൾ തമ്മിൽ കൂട്ടായ്മയില്ല.

വിരസമായ ക്ലാസ്സുകൾ, പഴഞ്ചൻ ബോധന സമ്പ്രദായം, അധ്യാപക കേന്ദ്രീകൃതമായ അധ്യയനരീതി

തങ്ങളുടെ കുട്ടികൾക്ക് എന്ത് വിദ്യാഭ്യാസമാണ് ലഭിക്കേണ്ടതെന്ന് ബോധ്യം പൊതുവെ രക്ഷിതാക്കൾക്കില്ല.

പഠനം നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നു.

പഠനോപകരണങ്ങളുടെ ദൗർലഭ്യം, ഉള്ളവ ഉപയോഗിക്കായ്കയും

ഉയർന്ന വിദ്യാഭ്യാസത്തിനോ, സാങ്കേതികവിദ്യാഭ്യാസത്തിനോ വേണ്ടത്ര സംവിധാനമില്ല.

# നിർദ്ദേശങ്ങൾ

## ഭൗതികാവശ്യങ്ങൾ

1. ശുദ്ധജലം, മൂത്രപ്പുര, കക്കൂസ് എന്നിവ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.
2. വെള്ളം കെട്ടിക്കിടക്കുന്ന് എച്ച്.ഡി.പി.എച്ച്.എസ്സിലേയും സെന്റ് സെബാസ്റ്റ്യൻ യു.പിയിലേയും കളിസ്ഥലങ്ങൾ മണ്ണിട്ടുയർത്തണം. എച്ച്.ഡി.പി.എച്ച്.എസ്സിലെ ടാങ്ക് ഉപയോഗക്ഷമമാക്കണം.
3. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പി.ടി.എ. മാനേജ്മെന്റ്, നാട്ടുകാർ എന്നിവരെ ഒരുമിച്ചുകൊണ്ട് മറ്റ് സ്ഥലങ്ങളിൽ കളിസ്ഥലം ലഭ്യമാക്കണം.
4. ഫർണീച്ചറുകളുടെ അപര്യാപ്തത പരിഹരിക്കണം. ഒന്നും രണ്ടും ക്ലാസ്സുകളിലെ കുട്ടികൾക്ക് അനുയോജ്യമായ ഇരിപ്പിടങ്ങൾ വേണം.
5. ദേശീയദിനാചരണങ്ങൾ ഇന്നത്തെ രീതി മാറ്റി സമുചിതമായി ആചരിക്കണം.
6. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 15 അംഗൻവാടികളിലും ആവശ്യമായ പ്രീ സ്കൂളുകളും ഉടൻ ആരംഭിക്കണം. ഉള്ളവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
7. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കണം. സ്കൂളിന് ചുറ്റുമുള്ള കഴിവുള്ളവരേയും, സന്നദ്ധതയുള്ളവരേയും ചേർത്ത് പി.ടി.എ. വിപുലപ്പെടുത്തണം. മാതൃസംഘം പ്രവർത്തനം കാര്യക്ഷമമാക്കണം.
8. ക്ലബ്ബുകളും വായനശാലകളും ഉള്ളവ ശക്തിപ്പെടുത്തണം. പ്രവർത്തനം നിലച്ച്പോയവ പുനരുജ്ജീവിപ്പിക്കണം. ഗ്രാമീണവായനശാലയ്ക്ക് കെട്ടിടം നിർമ്മിക്കണം. പഞ്ചായത്തിലെ ലൈബ്രറിക്ക് ഗ്രന്ഥശാല സംഘത്തിൽ നിന്ന് അംഗീകാരം വാങ്ങണം. സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.
9. വനിതകൾക്ക് കൂടി പ്രയോജനം ലഭിക്കുന്നതിന് സഞ്ചരിക്കുന്ന വായനശാലകൾ ഏർപ്പെടുത്തണം.
10. വികസനപ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സേവനം പ്രയോജനപ്പെടുത്തണം.
11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സാമ്പത്തികസഹായവും പ്രധാനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഹ്രസ്വകാല വായ്പയും ലഭ്യമാക്കണം.
12. യൂണിഫോം സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണം നടത്തണം. പഞ്ചായത്ത് വനിതവികസന വേദിയുടെ നേതൃത്വത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ പഠനോപകരണനിർമ്മാണയൂണിറ്റും സ്കൂൾ ബാഗ് നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റും ആരംഭിക്കണം.
13. അയൽപക്ക സ്കൂൾ സമ്പ്രദായം നിർബന്ധമാക്കണം. അയൽപക്ക സ്കൂൾ വിട്ട് പട്ടണങ്ങളിലേക്ക് അയയ്ക്കുന്നവരിൽ നിന്നും പ്രത്യേക സെസ്സ് ഈടാക്കണം.
14. ചുറ്റുപാടുകളെ കണ്ടറിയുന്നതിനായി ഹ്രസ്വദൂര പഠനയാത്രകൾ നിർബന്ധമാക്കണം.
15. എച്ച്.ഡി.പി.എച്ച്.എസ്സിൽ കംപ്യൂട്ടർ സെന്റർ ആരംഭിക്കണം. ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ആരംഭിക്കണം. സഹകരണാടിസ്ഥാനത്തിൽ ഐ.ടി.സി. ആരംഭിക്കണം.
16. പഞ്ചായത്ത് ഗ്രൗണ്ടിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് 200മീ ട്രാക്കിടാൻ പറ്റുംവിധം മണ്ണിട്ടുയർത്തണം.
17. സ്പോർട്ട്സ് രംഗത്ത് പ്രത്യേക പ്രോത്സാഹനം നൽകണം. വിദ്യാഭ്യാസസ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ കായികമേള സംഘടിപ്പിക്കണം. കേരളോൽസവം ഇതുമായി ബന്ധപ്പെടുത്തണം. ഉചിതമായ സമയം തെരഞ്ഞെടുക്കണം.

## അക്കാദമികം

1. പഞ്ചായത്തടിസ്ഥാനത്തിൽ അധ്യാപകരുടെ വർക്കുഷോപ്പുകളിലൂടെ ചോദ്യക്കടലാസ് തയ്യാറാക്കണം. പുറമെനിന്ന് വൈദഗ്ദ്യം സ്വീകരിക്കണം. വിവിധ കഴിവുകൾ പരിശോധിക്കുന്നതിന് വാചിക പരീക്ഷയും പ്രവൃത്തി നടത്തണം.
2. പഠനോപകരണങ്ങളുടെ നിർമ്മാണം, അധ്യാപകരുടേയും വൈദഗ്ദ്യമുള്ളവരുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തണം. അധ്യയനം വിദ്യാർത്ഥീ കേന്ദ്രീകൃതമാവണം.
3. പുതിയ ബോധനരീതികളുപയോഗിക്കുന്നതിന് അധ്യാപകർക്ക് പുനപരിശീലനം നൽകണം.
4. ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കണം.
5. തുടർച്ചയായ മോണിറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തണം. ഇതിന് പഞ്ചായത്ത് അക്കാദമിക് കമ്മിറ്റി നേതൃത്വം നൽകണം. എ.ഇ.ഒ. പഞ്ചായത്ത് പ്രസിഡണ്ട്, അക്കാദമിക് കമ്മിറ്റി പ്രസിഡണ്ട്, പി.ടി.എ. പ്രസിഡണ്ട്, മാതൃസംഗമം പ്രസിഡണ്ട് എന്നിവരും സ്കൂൾ സന്ദർശനത്തിന് ഉണ്ടാകണം.
6. പി.ടി.എ.യ്ക്ക് പ്രവർത്തനരേഖ തയ്യാറാക്കണം.
7. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

8. സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ്, ഫാർമേഴ്സ് ക്ലബ്ബ്, നേചർ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, കൈൻഡ്നസ്സ് ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
9. ലാബ്, ലൈബ്രറി എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.
10. സാഹിത്യസമാജം, മികവുറ്റതാക്കണം. കൈയെഴുത്തുമാസിക പ്രസിദ്ധീകരിക്കണം.
11. ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ വിവിധ തൊഴിൽ മേഖലകളുമായി പരിചയപ്പെടുത്തണം.

## ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്

1. പി. ഇ. ടി. തുന്നൽ, ഡ്രോയിങ്ങ്, സംഗീതം എന്നീ അധ്യാപകരുടെ സേവനം എല്ലാ സ്ക്കൂളുകൾക്കും ലഭ്യമാക്കണം. പഞ്ചായത്തിലെ സ്ക്കൂളുകളുടെയും കുട്ടികളുടെയും എണ്ണം പരിഗണിച്ച് ആവശ്യമായ അധ്യാപകരെ പഞ്ചായത്തിലേക്കു നിയമിക്കണം.
2. അധ്യാപക പരിശീലനം പുനഃസംഘടിപ്പിക്കണം.
3. അധ്യാപകവിദ്യാർത്ഥി അനുപാതം 1 :25 ആക്കണം.
4. നൃത്തം, അഭിനയം തുടങ്ങിയവ പരിശീലിക്കുന്നതിന് വിദഗ്ദസേവനം ലഭ്യമാക്കണം.
5. ദീർഘ, ഹ്രസ്വദൂര പഠനയാത്രകൾക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
6. ബാല യുവജനോത്സവങ്ങൾ ചെലവുകൂടിയ മത്സരങ്ങളാകരുത്. സ്ക്കൂൾ തല ബാല/യുവജനോത്സവത്തോടെ ആരംഭിക്കുന്ന കലോത്സവങ്ങൾ പഞ്ചായത്തിലും ബ്ലോക്ക് തലത്തിലും നടത്തണം. ജില്ലാതലത്തോടെ അവസാനിപ്പിക്കണം. ബ്ലോക്ക് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ തമ്മിൽ കലാകായിക മത്സരങ്ങളും ശാസ്ത്രപ്രദർശനങ്ങളും സംഘടിപ്പിക്കണം.
7. സ്പോർട്ട്സിന് പ്രത്യേക പ്രോത്സാഹനം വേണം.
8. കോ ഓപ്പറേറ്റീവ് സെക്ടറിൽ ഐ.ടി.സി. ആരംഭിക്കണം. നിർദ്ദേശിക്കപ്പെട്ട ഐ.ടി.സി. ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.
9. മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കണം.
10. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് മാനേജ്മെന്റുകൾക്ക് അനുവദിക്കണം.
11. അധ്യാപകനിയമനം പി.എസ്.സി. മുഖേനയായിരിക്കണം.

മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകളുടെ നേതൃത്വത്തിലാകണം. പഞ്ചായത്ത് അക്കാദമിക് കമ്മിറ്റി രൂപീകരിക്കണം. സ്ക്കൂൾ വിദ്യാഭ്യാസസമിതികളാക്കണം, സ്ക്കൂൾ തലത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സിന്റെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥിയും രക്ഷിതാവും നാട്ടുകാരും ഒത്തൊരുമിച്ച വിദ്യാഭ്യാസത്തിന്റെ വികസനത്തിൽ പങ്കാളികളാവണം.

# കുടി വെള്ളം

വായു കഴിഞ്ഞാൽ ജീവൻ നിലനിർത്തുന്നതിന് ഏറ്റവും അത്യാവശ്യമായ ഘടകമാണ് ജലം. എല്ലാ ജീവജാലങ്ങൾക്കും അവയുടെ വളർച്ചയ്ക്കും ശരീരധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനും ജലം കൂടിയേ തീരൂ. ഒരാൾക്ക് ഒരു ദിവസം 200 ലിറ്ററോളം വെള്ളം എല്ലാ ആവശ്യങ്ങൾക്കുമായി വേണ്ടി വരും. എന്നാൽ വേനൽക്കാലങ്ങളിൽ ശരാശരി 25 ലിറ്റർ ജലം പോലും ഒരാൾക്ക് ലഭിക്കുന്നില്ല.

വേനൽക്കാലത്ത് കുടിനീരിന് ഏറ്റവും രൂക്ഷതയനുഭവപ്പെടുന്ന പഞ്ചായത്തുകളിലൊന്നാണ് പടിയൂർ പഞ്ചായത്ത് . നാലായിരത്തോളം കുടുംബങ്ങളുള്ള പടിയൂർ പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ സെൻസസ് അനുസരിച്ച് 17204 ആണ്. ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിൽ കുടിനീരിന് ഏറ്റവും രൂക്ഷത അനുഭവപ്പെടുന്നത് കനോലി കനാലിൻെറയും ഷൺമുഖം കനാലിൻെറയും തീരത്ത് സ്ഥിതിചെയ്യുന്ന കെട്ടുചിറ, മഞ്ചാടിത്തറ, മതിലകം കടവ്, തുരുത്തുകൾ, കാക്കാതുരുത്തി, ഉപ്പും തുരുത്തി, വാലിൽ, ചരുവന്ത്ര, കോച്ചൻകാട് എന്നീ പ്രദേശങ്ങളിലാണ്. മറ്റ് ജലസ്രോതസ്സുകൾ കാര്യമായി തന്നെ ഒന്നും ഇല്ലാത്ത ഈ ഒരു ജലപ്രദേശത്ത് പൈപ്പ് വെള്ളമല്ലാതെ മറ്റു സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

## പഞ്ചായത്തിലെ കുടിനീർ സംവിധാനങ്ങൾ

1) പൈപ്പു സംവിധാനം
2) കിണറുകൾ
3) മറ്റു സംവിധാനങ്ങൾ

### 1. പൈപ്പു സംവിധാനം

പടിയൂർ, കാറളം ശുദ്ധജല വിതരണ പദ്ധതിയനുസരിച്ചാണ് പടിയൂർ പഞ്ചായത്തിലേക്ക് ശുദ്ധജലം എത്തുന്നത്. ഇല്ലിക്കൽ നിന്ന് 35 H.P. മോട്ടോർ ഉപയോഗിച്ച് കാറളം ഫിൽട്ടർ ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നു. അവിടെ നിന്ന് 60 H.P. മോട്ടോർ ഉപയോഗിച്ച് വെള്ളാനിയിലൂടെ 9 കിലോമീറ്റർ അകലെയുള്ള എടതിരിഞ്ഞി ടാങ്കിലേയ്ക്ക് ജലം എത്തിക്കുന്നു. ഈ ടാങ്കിൻെറ കപ്പാസിറ്റി 307000 ലിറ്ററാണ്. ഈ പദ്ധതിയനുസരിച്ച് 164 ടാപ്പുകളും 250 ഹൗസ് കണക്ഷനുകളും ഉണ്ട്. ആകെയുള്ള 17204 ഓളം വരുന്ന ജനസംഖ്യയിൽ 5000 ത്തോളം ജനങ്ങൾക്കു മാത്രമാണ് കിണർ ജലം ലഭ്യമാകുന്നത്. ബാക്കിയുള്ള 12000ൽ പ്പരം ജനങ്ങൾ പൈപ്പു വെള്ളത്തെയും അന്യ പഞ്ചായത്തുകളേയും ആശ്രയിച്ചാണ് ജീവിക്കുന്നത്. 17204 ജനങ്ങൾക്ക് ഒരു കൊല്ലം 124 കോടി ലിറ്ററോളം വെള്ളം ആവശ്യമുള്ളപ്പോൾ പടിയൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സംവിധാനത്തിൽ കൂടി ഒരു കൊല്ലം ലഭിക്കുന്നത് വെറും 2.6 കോടിയോളം ലിറ്റർ വെള്ളമാണ്.

| വാർഡ് | പൊതു ടാപ്പുകളുടെ എണ്ണം | പണി നടന്നു കൊണ്ടിരിക്കുന്ന ചാർജ്ജുള്ള ടാപ്പുകൾ | ഹൗസ് കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| I | 15 | 18 | 18 |
| II | 9 | 9 | |
| III | 11 | 6 | |
| IV | 10 | - | |
| V | 10 | 14 | |
| VI | - | - | |
| VII | 14 | - | |
| VII | 19 | - | |
| IX | 27 | 2 | |
| ആകെ | 115 | 49 | |

പഞ്ചായത്തിലെ I, V, VIII, IX, എന്നീ വാർഡുകളിൽ മുഴുവനായും 7-ാം വാർഡിൽ മുക്കാൽ ഭാഗവും മറ്റു വാർഡുകളിൽ പകുതിയിൽ താഴെയും ഓരു ജല പ്രദേശമായതിനാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾ ഭൂരിഭാഗവും പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. ടാപ്പുകളെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളെയും അവർക്ക് ഇപ്പോൾ ഉള്ള ലഭ്യതയേയും വാർഡ് അടിസ്ഥാനത്തിൽ വേർ തിരിച്ച് താഴെക്കാണുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

### പൈപ്പു വെള്ളത്തെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾ

(ശതമാന കണക്കിൽ)

| വാർഡ് | ജനസംഖ്യ | ടാപ്പുകളെ ആശ്രയിക്കേണ്ടിവരുന്നവർ | ലഭ്യത |
|---|---|---|---|
| I | | 100 | 20 |
| II | | 50 | 20 |
| III | | 30 | 20 |
| IV | | 35 | 5 |
| V | | 90 | 30 |
| VI | | 25 | 0 |
| VII | | 80 | 10 |
| VIII | | 90 | 15 |
| IX | | 85 | 15 |
| ആകെ | | 585 | 135 |

**2. കിണറുകൾ**

നാലായിരത്തോളം കുടുംബങ്ങളുള്ള പടിയൂർ പഞ്ചായത്തിൽ ഏകദേശം 500 കുടുംബങ്ങൾക്ക് മാത്രമാണ് സ്വന്തമായി കിണറുള്ളത്. ആയിരത്തോളം കുടുംബങ്ങൾ അടുത്ത വീട്ടുകാരുടെ കിണറുകളേയോ പൊതു കിണറുകളേയോ ആണ് ആശ്രയിക്കുന്നത്. ഈ പ്രദേശങ്ങളിലെ ഓരു കയറ്റം കാരണം സ്വന്തമായി കിണർ കുഴിക്കാനുള്ള സാഹചര്യം പോലും, ഈ ഉപ്പുവെള്ള പ്രദേശത്ത് പ്രത്യേകിച്ചു കനോലി കനാലിൻെറ തീരപ്രദേശത്തുള്ള നിവാസികൾക്ക് ഇല്ല.

പടിയൂർ പഞ്ചായത്തിലുള്ള 550 ഓളം കിണറുകളിൽ 42 പൊതു കിണറുകളും 500 സ്വകാര്യ കിണറുകളുമാണ്. മിക്കവാറും എല്ലാ കിണറുകളിലും 8 മാസം മാത്രമേ ജലം ലഭിക്കുകയുള്ളൂ.

### പഞ്ചായത്തിലെ പൊതു കിണറുകൾ

| വാർഡ് | നിലവിലുള്ളവ | മൂടിപ്പോയവ | വറ്റുന്നവ | വറ്റാത്തവ | മൊത്തം |
|---|---|---|---|---|---|
| I | 2 | 1 | 2 | - | |
| II | 8 | - | 6 | 2 | |
| III | 5 | 1 | 4 | 1 | |
| IV | 4 | 1 | 2 | 2 | |
| V | 5 | - | 5 | - | |
| VI | 5 | - | 3 | 1 | |
| VII | 4 | - | 3 | 1 | |
| VIII | 6 | - | 6 | - | |
| IX | 3 | 2 | 3 | - | |
| ആകെ | 42 | 5 | 34 | 7 | |

51

**മറ്റു സംവിധാനങ്ങൾ**

മറ്റു സംവിധാനങ്ങളായ കുളങ്ങൾ, കനാൽ, തോടുകൾ എന്നിവ ആവശ്യത്തിന് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും ഇവ ദുരുപയോഗം ചെയ്യുന്നതു മൂലം കുടിനീരിനുവേണ്ടി ഇവയെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

**a) കുളങ്ങൾ**

പട യൂർ പഞ്ചായത്തിൽ ആകെ 7 പൊതു കുളങ്ങളാണുള്ളത്. ഇവയിൽ 4 എണ്ണം ഉപയോഗിക്കുന്ന രീതിയിലും മൂന്നെണ്ണം ഉപയോഗ ശൂന്യമായ രീതിയിലുമാണ് ഇപ്പോൾ കാണപ്പെടുന്നത്. ചില കുളങ്ങളെ ആരോഗ്യകരമല്ലാത്ത രീതിയിൽ ചിലർ ദുരുപയോഗിക്കുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ശുദ്ധജലസ്രോതസായി ഇപ്പോൾ ഈ കുളങ്ങളെ ആരും ഉപയോഗിക്കുന്നില്ല.

**പഞ്ചായത്തിലെ പൊതു കുളങ്ങളുടെ എണ്ണം**

| ക്രമ നമ്പ്ര് | കുളങ്ങളുടെ പേര് | വാർഡ് | നിലവിൽ ഉപയോഗിക്കുന്നവ | ഉപയോഗിക്കാത്തവ |
|---|---|---|---|---|
| 1 | കോതറക്കെട്ട് | II | ✓ | |
| 2 | തിരിയാത്ത് കുളം | IV | ✓ | |
| 3 | ചാട്ടുകുളം | V | | ✓ |
| 4 | മാരാംകുളം | VII | ✓ | |
| 5 | തവളക്കുളം | VII | ✓ | |
| 6 | കണ്ടംകുളം | VIII | | ✓ |
| 7 | മനകുളം | VIII | | ✓ |

**കനാലുകളും തോടുകളും**

പടിയൂർ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ഒരു പ്രധാന കനാലാണ് ഷൺമുഖം കനാൽ. കനാലിൻെറ ഇരുവശത്തും തിങ്ങിപാർക്കുന്നവർ ഈ കനാലിനെ ആരോഗ്യകരമല്ലാത്ത രീതിയിൽ കക്കൂസുകൾ നിർമ്മിച്ചും, മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പറ്റിയ സ്ഥലമായിട്ടും മലമൂത്ര വിസർജ്ജനത്തിനുവേണ്ടിയും മറ്റുമാണ് ഇപ്പോൾ ഉപയോഗിച്ച് പോരുന്നത്. പഞ്ചായത്തിലെ പ്രധാന 7 തോടുകൾ അടക്കം ധാരാളമായി ചെറിയ തോടുകളും സ്ഥിതിചെയ്യുന്നുണ്ട്. പക്ഷെ ഈ തോടുകളിൽ എല്ലാം തന്നെ ഉപ്പുവെള്ളമാണുള്ളത്.

**വെള്ളത്തിൻെറ ലഭ്യത**

| | |
|---|---|
| മൊത്തം ഉപഭോഗം | 124 കോടി ലിറ്റർ |
| KWA ശുദ്ധജല പദ്ധതി | 2,60,ലക്ഷം ലിറ്റർ |
| കിണറുകൾ വഴി | 3600 ലക്ഷം ലിറ്റർ |
| കുളം, പുഴ, മറ്റു മാർഗ്ഗങ്ങൾ | |
| അന്യ പഞ്ചായത്തുകളിൽ നിന്നും | 8540 ലക്ഷം ലിറ്റർ |

പടിയൂർ കാറളം ശുദ്ധജലപദ്ധതിയുടെ ആസൂത്രണ രൂപരേഖ തയ്യാറാക്കുന്ന സമയത്ത് പ്രദേശത്തിൻെറ യഥാർത്ഥവും പൂർണ്ണവുമായ വിവരങ്ങളും വേണ്ടുന്ന നിർദേശങ്ങളും അധികാരികൾ അവഗണിച്ചതുകൊണ്ടാകണം ഈ ഉപ്പുവെള്ള പ്രദേശത്ത് പദ്ധതിയുടെ ഗുണം ലഭിക്കാതെ പോയത്. മറ്റു ജല സ്രോതസ്സുകളൊന്നും ലഭ്യമല്ലാത്ത ഈ പ്രദേശത്ത് കൂടുതൽ പൈപ്പുവെള്ളം വേണ്ടിവരുന്ന വസ്തുത കണക്കിലെടുക്കാതെയാണ് പ്ലാനിങ്ങ് നടത്തിയത്.

1) H.P. കുറഞ്ഞ മോട്ടോറുകൾ റോവാട്ടർ പമ്പിങ്ങിന് ഉപയോഗിക്കുന്നതുമൂലം വെള്ളം ആവശ്യാനുസരണം വാട്ടർ ടാങ്കിലേക്ക് എത്തുന്നില്ല. അതുകൊണ്ട് വാട്ടർ ടാങ്കിൻെറ മുഴുവൻ കപ്പാസിറ്റിയും ഉപയോഗിക്കാൻ സാധിക്കാതെ വരുന്നു.

2) കാറളത്തു നിന്ന് എടതിരിഞ്ഞി ടാങ്കിലേക്ക് ജലം എത്തുന്നത് വെള്ളാനി വഴിയാണ്. ഇതു മൂലം പടിയൂരിലേക്ക് വരുന്ന ജലത്തിൻെറ നല്ലൊരു പങ്ക് ഇവിടെ എത്താതെ വെള്ളാനി ടാങ്കിലേക്ക് പോവുകയും ടാങ്ക് കവിഞ്ഞൊഴുകുകയുചെയ്യുന്നു. വാട്ടർ അതോറിറ്റി വഴി 10 മണിക്കൂർ വെള്ളം ലഭ്യമാക്കണം.

3) വെള്ളാനി വാട്ടർ ടാങ്കിൽ നിന്നും എടതിരിഞ്ഞി വാട്ടർ ടാങ്കിലേക്ക് വെള്ളം എത്തുന്നത് വളരെ വ്യാസം കുറഞ്ഞ പൈപ്പിലൂടെയാണ്. അതുമൂലം വളരെയധികം സമയം കൊണ്ട് വളരെ കുറച്ച് ജലം മാത്രമെ എടതിരിഞ്ഞി ടാങ്കിലെത്തുന്നുള്ളൂ.

4) നല്ല മഴക്കാലത്തുപോലും പവർക്കട്ട് ഏർപ്പെടുത്തുന്നതു മൂലം വെള്ളം പമ്പുചെയ്യേണ്ട സമയത്ത് വൈദ്യുതിയില്ലാത്ത അവസ്ഥയാണ്.

5) പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ വളരെ വ്യാസം കുറഞ്ഞവയായതിനാലും 9-ാം വാർഡ് വരെയുള്ള പ്രദേശങ്ങൾ ടാങ്കിൽ നിന്നും വളരെ അകലെയായതിനാലും തികച്ചും ശാസ്ത്രീയമായി പൈപ്പുകൾ സ്ഥാപിച്ചതിനാലും പഞ്ചായത്തിൻെറ അകലെയുള്ള 1, 7, 8, 9, എന്നീ വാർഡുകളിൽ ജലം എത്താറില്ല.

എത്തുകയാണെങ്കിൽ വളരെ കുറഞ്ഞ മർദ്ദത്തിൽ വളരെ കുറച്ച സമയം മാത്രമാണ് ജലം ലഭിക്കുന്നത്. കുറച്ചു പൊക്കമുള്ള പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ വെറും നോക്കുകുത്തികളായി മാറിയിരിക്കും.

6) ജനസംഖ്യാനുപാതികമായി ടാപ്പുകൾ സ്ഥാപിക്കാത്തതു കാരണം ഒരു കുടം വെള്ളത്തിനു വേണ്ടി വളരെയധികം സമയം ടാപ്പുകളുടെ അരികെ ചിലവഴിക്കേണ്ടിവരികയും അതുമൂലം ചില സമയങ്ങളിൽ ഗുരുതരമായ സാമൂഹിക പ്രശ്നം വരെ ഉണ്ടാവുകയും ചെയ്യുന്നു. ഈ പ്രദേശത്തെ സ്ത്രീകളുടെ ജോലി കുടിവെള്ളം ശേഖരിക്കുക മാത്രമായി തീരുന്നു.

**കിണറുകൾ**

വേനൽ ക്കാലം ആരംഭിക്കുന്നതിനു മുമ്പെ വറ്റി പോകുന്ന ചില കിണറുകളും രൂക്ഷമായ വേനൽ കാലങ്ങളിൽ വറ്റി വരളാറുള്ള കിണറുകളുമാണ് ഈ പഞ്ചായത്തുകളിലുള്ളത്. മിക്ക കിണറുകളും അറ്റകുറ്റ പണികൾക്കു വേണ്ടി കാത്തിരിക്കുന്നവയാണ്. ചില പ്രദേശങ്ങളിൽ ആവശ്യത്തിനുവേണ്ട കിണറുകളില്ലാത്ത കാരണം ഇവിടത്തുകാർ കുടിനീരിനുവേണ്ടി വളരെയധികം ദൂരം സഞ്ചരിക്കേണ്ടി വരുന്നു. ശുദ്ധജല പ്രദേശങ്ങളിലെ പൊതു കിണറുകൾ മിക്കവയും വ്യാസം കുറഞ്ഞവയും ആഴം കുറഞ്ഞവയുമാകയാൽ 8 മാസത്തോളം മാത്രമേ ഇവിടങ്ങളിൽ വെള്ളം ലഭ്യമാവുകയുള്ളൂ.

## സാധ്യതകൾ

പഞ്ചായത്തിലെ ശുദ്ധ ജല വിതരണ പൈപ്പു സംവിധാനം മെച്ചപ്പെടുത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1) H. P. കൂടിയ മോട്ടോർ ഉപയോഗിച്ച് കാറളത്തേയ്ക്കും അവിടെ നിന്ന് എടതിരിഞ്ഞിയിലേക്കും വെള്ളം എത്തിക്കാം.

2) പമ്പിംങ്ങ് ഹൗസുകളിലെ വോൾട്ടേജ് ഏറ്റകുറച്ചിലുകൾ പരിഹരിക്കുന്നതിന് കാറളം ഫിൽറ്റർ പ്ലാൻറിൻ ഒരു ബൂസ്റ്റർ ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് 24 മണിക്കൂറും പമ്പിങ്ങ് നടത്താം.

3) ഒരു ജനറേറ്റർ പമ്പിങ്ങ് സ്റ്റേഷനുകളിൽ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ക്ഷാമം നേരിടുന്ന കാലങ്ങളിൽ പമ്പിങ്ങ് നടത്താം.

4) വെള്ളാനിയിൽ നിന്ന് എടതിരിഞ്ഞി ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്ന പൈപ്പുകളുടെ വ്യാസം കൂട്ടുകയോ മറ്റൊരു പൈപ്പു ലൈൻ കൂടി സ്ഥാപിക്കുകയോ ആണെങ്കിൽ എടതിരിഞ്ഞി ടാങ്കിൽ വെള്ളം നിറച്ച് ടാങ്കിൻെറ മുഴുവൻ കപ്പാസിറ്റിയും ഉപയോഗിക്കാം.

5) ഇപ്പോഴുള്ള വാട്ടർ ടാങ്കിൽ നിന്നും അകലെയുള്ള പ്രദേശങ്ങളിൽ പുതിയ മിനി വാട്ടർ ടാങ്കുകൾ ഭാവിയിൽ സ്ഥാപിച്ച് കുടി നീർ എല്ലാ പ്രദേശങ്ങളിലും എത്തിക്കാം.

6) പഞ്ചായത്തിൻെറ ചില വാർഡുകളെ നാട്ടിക-ഫർക്ക പദ്ധതിയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

7) ആവശ്യമുള്ള വീടുകൾക്ക് ഹൗസ് കണക്ഷനുകൾ നൽകാം. പക്ഷെ ചിലയിടങ്ങളിൽ മോട്ടോർ വരെ വച്ച് , ഹൗസ് കണക്ഷനുകൾ ദുരുപയോഗം ചെയ്യുന്നത് തടയേണ്ടത് അത്യാവശ്യമാണ്.

8) ടാങ്കുകൾ സമയാസമയങ്ങളിൽ വൃത്തിയാക്കി ശുദ്ധജലം ശുദ്ധമായി തന്നെ സൂക്ഷിക്കുക.

9) പൂമംഗലം പഞ്ചായത്തിൽ പുതുതായി സ്ഥാപിക്കുന്ന വാട്ടർ ടാങ്കിൽ നിന്ന് പടിയൂർ പഞ്ചായത്തിലേക്ക് ജലം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്താം.

10) പൈപ്പു ലൈനുകൾ സ്ഥാപിക്കാത്ത റോഡുകളിലും പ്രദേശങ്ങളിലും അവ സ്ഥാപിച്ച് ജനസംഖ്യ ആനുപാതികമായി ടാപ്പുകൾ ഇടേണ്ടത് അത്യാവശ്യമാണ്.

11) എടതിരിഞ്ഞി ടാങ്കിൽ നിന്ന് മതിലകം ഭാഗത്തേയ്ക്ക് പോകുന്ന പൈപ്പ് ലൈൻ ആരംഭം മുതൽ രണ്ടു കിലോമീറ്ററെങ്കിലും 300 മി.മി. വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കണം.

12. കുടിനീരിന് രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഓരോ കിലോമീറ്ററിലും ഒരോ വാൽവുകൾ സ്ഥാപിച്ച് വെള്ളം തുറന്ന് വിടുന്നത് ക്രമീകരിക്കാം. ഇവ നിയന്ത്രിക്കുന്നതിന് ഒരു ഫുൾ ടൈം ഓപ്പറേറ്ററെ വയ്ക്കണം.

നിലവിലുള്ള പൊതു കിണറുകൾ മെച്ചപ്പെടുത്തി ഉപകാരപ്രദമായ രീതിയിൽ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാം.

എ) നിലവിലുള്ള പഞ്ചായത്തു കിണറുകൾ അറ്റകുറ്റ പണികൾ നടത്തി ശുദ്ധീകരിച്ച് സംരക്ഷിക്കുക.

ബി) പുതുതായി ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു ജന പങ്കാളിത്തത്തോടെ പൊതു കിണറുകൾഅനുവദിക്കുക.

സി) സ്വകാര്യ കിണറുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായം നൽകാം.

ഡി) 7-ാം വാർഡിലെ മാരാങ്കുളം റോഡിൽ നിന്ന് 8-ാം വാർഡിലെ ചെട്ടിയങ്ങാടി റോഡിലേയ്ക്ക് പൈപ്പു ലൈനിട്ട് ബന്ധിപ്പിക്കേണ്ടതാണ്.

**ചെറുകിട ശുദ്ധജല പദ്ധതികൾ**

നിലവിലുള്ള പൊതു കിണറുകൾ, കുളങ്ങൾ, കനാൽ, തോടുകൾ എന്നിവ ചെറുകിട ജലസേചന പദ്ധതികളായി മാറ്റി ജലക്ഷാമം പരിഹരിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ വാർഡുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**1. പൊതു കിണറുകൾ**

ശുദ്ധജലം കിട്ടുന്ന പ്രദേശങ്ങളിലുള്ള പൊതു കിണറുകൾ വൃത്തിയാക്കി വ്യാസം കൂട്ടി അവിടെ ഒരു പമ്പിംങ്ങ് സ്റ്റേഷനും ടാങ്കും സ്ഥാപിച്ച് അവിടെ നിന്ന് മറ്റു ഭാഗങ്ങളിലേയ്ക്ക് പമ്പിങ്ങ് നടത്താവുന്നതാണ്. 2-ാം വാർഡിലെ കോതര കിണർ, മങ്കാട്ടിൽ അമ്പല പരിസരത്തുള്ള കിണർ, നാലാം വാർഡിലെ നാല് സെൻറ് കോളനി കിണർ, 8-ാം വാർഡിലെ ഒരു സ്വകാര്യ കിണർ എന്നിവ ഈ പദ്ധതിക്കുവേണ്ടി തെരഞ്ഞെടുക്കാവുന്നതാണ്.

**2. കുളങ്ങൾ**

നിലവിലുള്ള കുളങ്ങൾ ആഴം കൂട്ടി, പടവുകൾ കെട്ടി, വൃത്തിയാക്കി

സംരക്ഷിക്കുകയാണെങ്കിൽ വേനൽക്കാലങ്ങളിൽ ഇവയിലെ വെള്ളം ശുദ്ധജലത്തിനുവേണ്ടിയും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാം. അങ്ങനെ പൈപ്പുവെള്ളത്തിന്റെ ഉപഭോഗം കുടിനീരിന് മാത്രമായി മാറ്റുകയും ചെയ്യാം. കണ്ടം കുളം പരീക്ഷണ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

**3. കുഴൽ കിണർ**

പുളിക്കൽ ചിറ, 7-ാം വാർഡ് ലക്ഷം വീട് കോളനി ഭാഗത്തും, 5-ാം വാർഡിൽ I.H.D.P. കോളനിയുടെ ആരംഭ ഭാഗത്തും കോടകുളം ഭാഗത്തും കുഴൽ കിണറുകൾ ഉണ്ടാക്കാവുന്നതാണ്.

**4. ഷൺമുഖം കനാൽ**

ഷൺമുഖം കനാലിലെ മാലിന്യങ്ങൾ നീക്കി വൃത്തിയാക്കി K.L.D.C കനാലുമായി ബന്ധിപ്പിച്ച് ഈ കനാലിനെ സംഭരണ കനാലാക്കി മാറ്റി അവിടെ നിന്ന് പുഞ്ചപാടങ്ങളിലൂടെ ചാലുകൾ വഴി 8, 9, എന്നീ വാർഡുകളിലേക്ക് ജലം എത്തിച്ചാൽ പ്രദേശങ്ങളിലെ കിണറുകൾ വറ്റാതെ നോക്കാനും കിണറിനടുത്ത് ഒരു മിനി ടാങ്ക് പണിത് രൂക്ഷ ക്ഷാമം അനുഭവിക്കുന്ന 8,9 എന്നീ വാർഡുകളിലേയ്ക്ക് വിതരണം നടത്താവുന്നതുമാണ്.

**പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ**

1) ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും, വരമ്പുകളിട്ടും മഴവെള്ളം സംഭരിച്ച് അവയെ ഭൂമിയിൽ ആഴ്ന്നിറങ്ങുവാനുള്ള സംവിധാനം ഉണ്ടാക്കാം.

2) നിലവിലുള്ള തോടുകളിൽ മഴവെള്ളം ശേഖരിച്ച് വയ്ക്കുന്നതിനുവേണ്ടി ചെറിയ ബണ്ടുകൾ നിർമ്മിക്കാം.

3) ചിലയിടങ്ങളിൽ നല്ല വേനൽ കാലങ്ങളിലും ശുദ്ധജലം ലഭിക്കുന്നതിനു കാരണം ഈ പ്രദേശങ്ങളിലെ കർഷകരുടെ അറിവുകളോ അവരുടെ ശരിയായ വാട്ടർ മാനേജ്മെന്റോ ആണ്. അതുകൊണ്ട് ഇതിനെക്കുറിച്ചുള്ള ഒരു ബോധവൽക്കരണം പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ നടത്താവുന്നതാണ്.

❋

55

# പൊതുജനാരോഗ്യവും ശുചിത്വവും

ഒരു നാടിന്റെ വികസനത്തിന് ആ നാട്ടിലെ ജനങ്ങളുടെ ആരോഗ്യം ഒരു പ്രധാന ഘടകമാണ്. ആരോഗ്യമെന്നാൽ നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളുടെ ചിന്ത ആശുപത്രി, ഡോക്ടർ, മരുന്ന്, എന്ന് മാത്രമായിരിക്കുന്നു. എന്നാൽ ആരോഗ്യത്തിന്റെ കാര്യം എടുക്കുമ്പോൾ പ്രധാനമായും അഞ്ചുകാര്യങ്ങളെ പരിഗണിക്കേണ്ടതുണ്ട്. ആഹാരം, കുടിവെള്ളം, കക്കൂസ്, പരിസര ശുചിത്വം, പ്രതിരോധ കുത്തിവെയ്പ് മുതലായവ.

ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കുവേണ്ട ഊർജ്ജം ലഭിക്കുന്നതിനും വളർച്ചയ്ക്കും, നല്ല ആരോഗ്യത്തിനും വേണ്ടിയാണ് നാം ആഹാരം കഴിക്കുന്നത്. എങ്കിലും ആഹാരത്തിലെ പോഷകഘടകങ്ങളുടെ കുറവ് മൂലം ഉണ്ടായിട്ടുള്ള രോഗങ്ങളുടെ എണ്ണം 108 ആണെന്നാണ്. ഇവിടത്തെ പ്രൈമറി ഹെൽത്ത് സെന്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

## കുടിവെള്ളം

മനുഷ്യർക്ക് ഇന്നുണ്ടാകുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജലസംബന്ധിയായ കാരണങ്ങൾകൊണ്ടാണ്. അവയെ ഒഴിവാക്കണമെങ്കിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയും പരിസരശുചിത്വവും അത്യന്താപേക്ഷിതമാണ്. വയറിളക്കം, വയറുകടി, കോളറ, സന്നിപാതജ്വരം, പിള്ളവാതം, വിഷൂചിക മുതലായ മാരകമായ പകർച്ചവ്യാധികൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെയുമാണ് പകരുന്നത്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ശുദ്ധജലത്തിന്റെ ദൗർലഭ്യതമൂലം മേൽപ്പറഞ്ഞ രോഗങ്ങളിൽ പലതും പകർന്നു പിടിക്കാൻ ഇടയായിട്ടുണ്ട്. ജലവും ആഹാരവും മലിനമാകാതിരുന്നാൽ മാത്രമേ ഇവയിൽ നിന്നും നമുക്ക് മുക്തി നേടാൻ പറ്റൂ.

ആരോഗ്യസംരക്ഷണത്തിൽ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതിന് പ്രധാന കാരണം കുടിവെള്ളത്തിന്റെ ദൗർലഭ്യമാണ്. ഈ ഓരുജലപ്രദേശത്തുള്ള ജനങ്ങൾ കുടിനീരിനുവേണ്ടി ടാപ്പുകളെയാണ് ആശ്രയിക്കുന്നതെങ്കിലും വിതരണത്തിലെ അപാകതകളും മാലിന്യങ്ങളും നിമിത്തം പൈപ്പുവെള്ളം ഒരു പേടിസ്വപ്നമായി മാറുന്നു. ഇവിടെയുള്ള കിണറുകൾ ഭൂരിഭാഗവും വേനൽക്കാലങ്ങളിൽ വറ്റുകയോ ഓരുഭീഷണി നേരിടുകയോ ചെയ്യുന്നുണ്ട്.

മലിനീകരണത്തെ തടഞ്ഞുനിർത്താനും പകർച്ചവ്യാധികൾ തടയാനും ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജനം അത്യന്താപേക്ഷിതമാണ്. അവയിൽ പ്രധാനമാണ് കക്കൂസ്. പഞ്ചായത്തിലെ 60% വീടുകളിൽ മാത്രമാണ് കക്കൂസുകൾ ഉള്ളത്. ബാക്കിയുള്ള 40% വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. ഇക്കൂട്ടർ വയൽ വരമ്പുകൾ, തോടുകൾ, കനാലുകൾ എന്നിവിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നടത്തുകയാണ് പതിവ്. ഇതും കൂടാതെ പുഴയരികിലും തോടുകളുടെ അരികിലും താമസിക്കുന്നവർ കക്കൂസിന്റെ ഔട്ടറുകൾ ഇട്ടിരിക്കുന്നത് തോടുകളിലേക്കോ കനാലുകളിലേക്കോ ആണ്. ഇങ്ങനെ കെട്ടിക്കിടക്കുന്ന മലിനജലങ്ങളിൽ കൊതുകുകളും മറ്റു പ്രാണികളും പെറ്റുപെരുകി ഈ പ്രദേശങ്ങളിലെ നിവാസികൾക്കും ആരോഗ്യത്തിന് ഭീഷണി ഉയർത്തിയിരിക്കുകയാണ്.

## പരിസര ശുചിത്വം

രോഗാണുക്കൾക്ക് വസിക്കാനും വളരാനും പലപ്രകാരത്തിൽ മനുഷ്യശരീരത്തിൽ കടന്ന് രോഗം വരുത്താനും കാരണമായേക്കാവുന്ന വ്യക്തി, ഗൃഹാന്തരീക്ഷ, പരിസരസംബന്ധിയായ സാഹചര്യങ്ങളേയും വസ്തുക്കളേയും, രീതികളേയും, തടയുവാനും ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയെയാണ് സാമാന്യമായി ശുചിത്വം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ ഭേദം രോഗം വരാതെ നോക്കുകയാണ് നല്ലത് എന്ന ബോധം ജനങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കുമിഞ്ഞ് കൂടുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തിന് സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അടുത്ത കാലത്തായി ഈച്ച, കൊതുക് തുടങ്ങിയവയുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. അറവുമാടുകളുടെ അവശിഷ്ടങ്ങളും മാലിന്യങ്ങളും പുഴയിലും തോടുകളിലും തള്ളുന്നത് ഒരു വലിയ ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു.

## ആരോഗ്യകേന്ദ്രങ്ങൾ

ഇന്നത്തെ ആധുനിക ചികിത്സാസ്ഥാപനങ്ങൾ ഉണ്ടാകുന്നതിന് മുമ്പും പലവിധത്തിലുള്ള ചികിത്സാസമ്പ്രദായങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രസിദ്ധമായിരുന്ന വിഷചികിത്സ തൃശൂർ ജില്ലയിൽ പരക്കെ അറിയപ്പെടുന്ന ഒന്നായിരുന്നു. ഏകദേശം 100 കൊല്ലം പഴക്കമുള്ള ഈ ചികിത്സ ഇപ്പോൾ അന്യം നിന്ന മട്ടിലാണ്. ഉഴിച്ചിൽ ചികിത്സയിലും ഈ പഞ്ചായത്തിൽ വിദഗ്ദരുണ്ട്.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ എന്നുപറയാൻ ആകെയുള്ളത് ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു ആയുർവ്വേദ ഡിസ്പെൻസറി, ഒരു മാതൃശിശുസംരക്ഷണകേന്ദ്രം എന്നിവയും സ്വകാര്യ മേഖലയിലെ ഒരു അലോപ്പതി ഹോസ്പിറ്റലും ഒരു ഹോമിയോക്ലിനിക്കും മാത്രമാണ്. ആരോഗ്യകാര്യങ്ങളെപ്പറ്റിയും പരിസരശുചീകരണത്തെപ്പറ്റിയും പഞ്ചായത്തിലെ ജനങ്ങൾക്കുള്ള അറിവ് തുലോം പരിമിതമാകാൻ ഒരു പ്രധാനകാരണം ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അപര്യാപ്തതയാണ്. വിരലിലെണ്ണാവുന്ന സൗകര്യങ്ങൾ ഒന്നുംതന്നെയില്ലാത്ത ഈ സ്ഥാപനങ്ങൾക്കൊന്നും ജനങ്ങളുടെ ആരോഗ്യത്തെ ക്രമമായി പരിപാലിക്കുവാൻ കഴിയുന്നില്ല.

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| | **സർക്കാർ സ്ഥാപനങ്ങൾ** | | |
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | VII | 14 |
| 2 | ആയുർവ്വേദ ഡിസ്പെൻസറി | II | 5 |
| 3 | മാതൃശിശു സംരക്ഷണകേന്ദ്രം | IX | 1 |
| | **സ്വകാര്യസ്ഥാപനങ്ങൾ** | | |
| 1 | എടത്തിരിഞ്ഞി മെഡിക്കൽ സെന്റർ | IV | 5 |
| 2 | ഹോമിയോ ഡിസ്പെൻസറി | IV | 2 |

## പ്രൈമറി ഹെൽത്ത് സെന്റർ

സാധാരണക്കാരന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലൂടെയാണ്. പടിയൂർ പഞ്ചായത്തിലെ ജനസംഖ്യ 17204 ആയിരുന്നിട്ടുപോലും ഈ ആരോഗ്യകേന്ദ്രത്തിൽ ചികിത്സക്കായി വരുന്നവരുടെ എണ്ണം പ്രതിദിനം 33 ആണ്. ഈ ആരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്യുന്നവർ 14 പേർ (5 സ്ഥിരം സ്റ്റാഫ്, 9 ഫീൽഡ് സ്റ്റാഫ്) ആണെന്നിരിക്കിലും ഇവിടെ ചികിത്സയ്ക്കുവേണ്ടി വരുന്നത് ദിവസം 33 എന്ന കണക്കിലായതിന്റെ പ്രധാനകാരണം ഇവിടത്തെ സൗകര്യക്കുറവ് മൂലമായിരിക്കണം. ആവശ്യമരുന്നുകൾ ലഭ്യമാകുന്നതിൽ ആശുപത്രി അധികൃതർ വൈമുഖ്യം കാണിക്കുകയോ, ഡിപ്പാർട്ട്മെന്റ് ആവശ്യങ്ങൾ തള്ളിക്കളയുകയോ ചെയ്യാറുണ്ട് എന്നത് പരക്കെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, മരുന്നുകൾ, ഒന്നുംതന്നെ ഇല്ലാത്തൊരു ആശുപത്രി എന്ന ഖ്യാതി ഇതിനകം തന്നെ നേടിക്കഴിഞ്ഞതുകൊണ്ടാകാം ജനങ്ങൾ ഈ ആരോഗ്യകേന്ദ്രത്തിൽ വരാതെ വളരെ ദൂരെയുള്ള ആശുപത്രികളിൽ പോകുന്നത്.

## PHCയുടെ ഇന്നത്തെ അവസ്ഥയും പ്രശ്നങ്ങളും

1. സ്വന്തമായി കെട്ടിടമില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിന്റെ സൗകര്യം തികച്ചും അപര്യാപ്തമാണ്.
2. ആവശ്യം വേണ്ട ഫർണീച്ചറുകൾ, അലമാരകൾ, ഉപകരണങ്ങൾ, ഫ്രിഡ്ജ് എന്നിവ ഇല്ല.
3. ജനങ്ങൾക്ക് ആവശ്യമായത്രസമയം ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
4. സാധാരണ രോഗങ്ങൾക്കുവേണ്ട മരുന്നുകൾ അടക്കം ഇവിടെ ഇല്ല.

## നിർദ്ദേശങ്ങൾ

1. പടിയൂർ പഞ്ചായത്തിൽ ആശുപത്രിക്കുവേണ്ടി ജനപങ്കാളിത്തത്തോടുകൂടി ലഭിച്ചിട്ടുള്ള സ്ഥലത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ 10 കിടക്കകൾ എങ്കിലും ഉള്ള ഒരു ആശുപത്രി യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കണം. ഇതിനുവേണ്ടി എം.എൽ.എ., എം.പി., ബ്ലോക്ക്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സാമ്പത്തികസഹായം തേടണം. സാമ്പത്തികസമാഹരണത്തിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണം ലഭ്യമാക്കണം.

2. ഡോക്ടർ പഞ്ചായത്തിൽത്തന്നെ ആശുപത്രിക്കു സമീപം താമസിക്കണം. ഇതിനുവേണ്ടി കാർട്ടേഴ്സുകൾ ആശുപത്രിക്കു സമീപം പണിയുകയും വേണം.

3. ഭാവിയിൽ വേണ്ടത്ര ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുകയും അവർക്ക് വേണ്ടുന്ന ക്വാർട്ടേഴ്സ് പണിയുകയും ചെയ്താൽ 24 മണിക്കൂറും ഈ ആശുപത്രി പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കും.
4. ഇപ്പോൾ നിലവിലുള്ള ആരോഗ്യകേന്ദ്രത്തിൽ അത്യാവശ്യം വേണ്ട, ഭാവിയിലും ഉപകരിക്കാൻ പറ്റുന്ന വിധത്തിലുള്ള ഫർണീച്ചറുകൾ, ഉപകരണങ്ങൾ, ഫ്രിഡ്ജ്, അലമാരകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കിയാൽ മാത്രമേ ഇന്നത്തെ നിലയിൽ നിന്ന് ഈ ആരോഗ്യകേന്ദ്രത്തെ ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കുകയുള്ളു.
5. രോഗികളെ പരിശോധിക്കാനുള്ള സംവിധാനവും ഉണ്ടാക്കണം.
6. PHCയിൽ ആവശ്യമുള്ള, മരുന്നുകൾ ഡിപ്പാർട്ടുമെന്റിൽ നിന്നും സമയാസമയങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.
7. PHCയിൽ ഇപ്പോഴുള്ള സ്റ്റാഫുകളുടെ പ്രവൃത്തിസമയം ക്രമീകരിക്കണം എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
8. ഒന്നാം വാർഡിലും, എട്ടാം വാർഡിലെ തുരുത്തിലും ഒരു ആശുപത്രി സബ് സെന്റർ വേണം.
9. പുതിയ ആശുപത്രി പണിയുന്നതുവരെ ഒമ്പതാം വാർഡിലുള്ള മാതൃശിശുസംരക്ഷണകേന്ദ്രത്തിലേക്ക് ആശുപത്രിയുടെ പ്രവർത്തനം മാറ്റണം.

## ആയുർവ്വേദ ഡിസ്പെൻസറി

ഈ ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോൾ രണ്ടാം വാർഡിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ ആയുർവ്വേദ ഡിസ്പെൻസറി ഉണ്ടായിരുന്നിട്ടും അതിന്റെ സേവനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്നില്ല. ചികിത്സാരംഗത്ത് മുൻകാലങ്ങളിൽ ആശ്രയിച്ചിരുന്ന ആയുർവ്വേദ ചികിത്സാരീതി അവഗണന നേരിടുന്നതായി പൊതുവെ കാണപ്പെടുന്നുണ്ട്. പച്ചമരുന്നുകളുടെ ദൗർലഭ്യവും മരുന്നുകൾ തയ്യാറാക്കാൻ ജനങ്ങളുടെ സമയക്കുറവും ആയുർവ്വേദത്തെ അവഗണിക്കുവാൻ പ്രേരകമായി.

ഈ ഡിസ്പെൻസറിയുടെ പുതിയ കെട്ടിടം പണി അഞ്ചാം വാർഡിൽ ജനപങ്കാളിത്തത്തോടുകൂടി ആരംഭിച്ചുകഴിഞ്ഞു. എത്രയും വേഗം കെട്ടിടത്തിന്റെ പണി കഴിക്കുകയും എല്ലാ വിധ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

## മാതൃശിശുസംരക്ഷണകേന്ദ്രം

പഞ്ചായത്തിൽ ആകെ ഉള്ള ഒരു മാതൃശിശുസംരക്ഷണകേന്ദ്രം ഒമ്പതാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. നല്ല കെട്ടിടമുണ്ടായിട്ടും സ്റ്റാഫ് ലഭ്യമായിട്ടും പരിമിതമായ സേവനമേ ഇന്ന് ഇവിടെ നിന്ന് ലഭിക്കുന്നുള്ളൂ.

## സ്വകാര്യകേന്ദ്രങ്ങൾ

സ്വകാര്യമേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നത് ഒരു അലോപ്പതി ആശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ്. പരിമിത സൗകര്യങ്ങൾ ഉള്ള ഈ കേന്ദ്രങ്ങൾക്കും പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ സേവനം ലഭ്യമാക്കാൻ സാധിക്കുന്നില്ല.

## അംഗൻവാടി കേന്ദ്രങ്ങൾ

ആശുപത്രി കഴിഞ്ഞാൽ ആരോഗ്യസംരക്ഷണരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് അംഗൻവാടി കേന്ദ്രങ്ങൾ. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പ്രശ്നങ്ങൾ അറിയുക, 6 വയസ്സിന് താഴെയുള്ള കുട്ടികൾക്കുവേണ്ട പോഷകാഹാരം നൽകുക, രോഗനിവാരണത്തിനും ആരോഗ്യനില പരിശോധിക്കുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യുക, അടിയന്തിരവൈദ്യസഹായം നൽകുക, പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യപരിപാലനത്തെക്കുറിച്ചുമുള്ള വിദ്യാഭ്യാസം നൽകുക, സ്ക്കൂൾ പ്രവേശനത്തിനുമുമ്പുള്ള അനൗപചാരിക വിദ്യാഭ്യാസം നൽകുക, എന്നിവയാണ് ലഭിക്കേണ്ട സേവനങ്ങൾ. പക്ഷേ ഈ പഞ്ചായത്തിൽ നിന്ന് ആകെയുള്ള ഒരു അംഗൻവാടിയിൽ നിന്ന് ലഭിക്കുന്ന സേവനം വളരെ പരിമിതമാണ്.

## പഞ്ചായത്തിലെ ജനനമരണനിരക്ക്

1995ൽ കിട്ടിയ റിപ്പോർട്ടുകൾ അനുസരിച്ച് പഞ്ചായത്തിൽ ആകെ 209 പേരാണ് ജനിച്ചിട്ടുള്ളത്. മരിച്ചവരുടെ എണ്ണം 98

ജനനനിരക്ക് 10.45 ഉം മരണനിരക്ക് 4.9 ആണ്

## ജനങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ

പഞ്ചായത്തിന്റെ രണ്ടതിർത്തികളും തീരപ്രദേശത്തുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ വർഷക്കാലത്തും വരൾച്ച അനുഭവപ്പെടുന്ന കാലങ്ങളിലും വയറിളക്കം, അഞ്ചാംപനി, വിരശല്യംകൊണ്ടുള്ള രോഗങ്ങൾ കോളറ മുതലായവ പ്രത്യേകിച്ചും കുട്ടികളിൽ കണ്ടുവരുന്നു. ക്ഷയം, കുഷ്ഠം, എന്നീ രോഗങ്ങളും അങ്ങിങ്ങായി തലപൊക്കിയിട്ടുണ്ട്. മലേറിയപോലുള്ള ചില രോഗങ്ങൾ ചിലയിടങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോഷകക്കുറവുകൊണ്ട് കുട്ടികൾക്ക് ഉണ്ടാവുന്ന രോഗങ്ങൾ ധാരാളമായി കാണപ്പെടുന്നുണ്ട്.

## മറ്റുപൊതുപ്രശ്നങ്ങൾ

1. എല്ലാ വീടുകളിലും കക്കൂസുകൾ ഇല്ല.
2. തോടുകളിലും കനാലുകളിലും മലമൂത്രവിസർജ്ജനം നടത്തിയും കക്കൂസുകളുടെ ഔട്ടറുകൾ തുറന്നും ജലത്തെ മലിനമാക്കുന്നു. ഇതുമൂലം പകർച്ചവ്യാധികൾ ഉണ്ടാവുന്നു. കൊതുകുകളും മറ്റും പെറ്റുപെരുകുകയും ചെയ്യുന്നു.
3. ഈ ഉപ്പുവെള്ള പ്രദേശത്ത് ശുദ്ധജലം ആവശ്യത്തിന് ലഭ്യമാകാത്തതുകൊണ്ട് മലിനജലത്തെയും ഉപ്പുവെള്ളത്തെയും ആശ്രയിക്കേണ്ടിവരികയും അത് ഉപയോഗിക്കുന്നതുമൂലം രോഗങ്ങൾക്ക് അടിമയാകുകയും ചെയ്യുന്നു.
4. പടിയൂർ പഞ്ചായത്തിലെ ജനങ്ങളുടെ വലിയ ആരോഗ്യഭീഷണിയായി മാറിയിരിക്കുന്ന ഒന്നാണ് ഷൺമുഖം കനാൽ. കനാലിനുചുറ്റും കക്കൂസുകൾ കെട്ടിയും, കക്കൂസുകളുടെ ഔട്ടറുകൾ തുറന്നും, മലമൂത്രവിസർജ്ജനം നടത്തിയും കനാലിനെ ഉപയോഗശൂന്യമാക്കി മാറ്റിയിരിക്കുന്നു.കൂടാതെ സോൾവെന്റ് എക്സ്ട്രാക്ഷൻ കമ്പനിയിൽ നിന്നും ഒഴുകിവരുന്ന രാസമാലിന്യങ്ങൾ ജലമത്സ്യസമ്പത്ത് നശിപ്പിക്കുകയും വിഷാംശം കലർന്ന മത്സ്യം ഭക്ഷിക്കുന്നതിന് ഇടവരികയും ചെയ്യുന്നു. ഇതുമൂലം ജലമാലിന്യം വഴി പകരുന്ന എല്ലാ രോഗങ്ങളും കനാൽ തീരത്ത് താമസിക്കുന്ന എല്ലാ കുടുംബങ്ങളിലും കണ്ടുവരുന്നുണ്ട്.
5. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽക്കൂടി ഒഴുകുന്ന കാനോലികനാലിൽ അറവുമാടുകളുടെ പണ്ടങ്ങളും അവശിഷ്ടങ്ങളും മറ്റുമാലിന്യങ്ങളും നിക്ഷേപിക്കുന്നതുകൊണ്ട് ഈ പരിസരവാസികൾക്കു മാത്രമല്ല പൊതുവെ എല്ലാവർക്കും രോഗങ്ങൾ പരത്തുന്ന രീതിയിലുള്ള പരിസരമലിനീകരണം ഉണ്ടാക്കിയിട്ടുണ്ട്.ഈ അവശിഷ്ടങ്ങൾ വേലിയേറ്റസമയത്ത് തോടുകളിലേക്ക് കയറി തങ്ങിനിന്ന് ഈച്ചയും കൊതുകും വർദ്ധിക്കുന്നതിലും ദുർഗന്ധം വമിക്കുന്നതിനും കാരണമാകുന്നു. ഈ അറവുഅവശിഷ്ടങ്ങൾ കാനോലി കനാലിലേക്ക് നിക്ഷേപിക്കുന്നത് പ്രധാനമായും പടിഞ്ഞാറുഭാഗത്തെ പഞ്ചായത്തുകളിലെ അറവുകാരെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
6. സംസ്ക്കരിക്കാത്ത മത്സ്യവളം തെങ്ങിൻതോപ്പിൽ ഉപയോഗിക്കുന്നതുകൊണ്ട് ഈച്ചകൾ പെറ്റുപെരുകുകയും പകർച്ചവ്യാധികൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ഉണ്ടാകുന്ന ദുർഗന്ധം ആരോഗ്യസ്ഥിതി വഷളാക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതു ആരോഗ്യകേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനും സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വേണ്ടി ഒരു ആരോഗ്യസമിതി ഉണ്ടാക്കണം.ഈ സമിതിയിൽ പഞ്ചായത്ത് ഭാരവാഹികളെ മാത്രമല്ല, ആരോഗ്യരംഗത്ത് താല്പര്യമുള്ളവരെയും ഉൾപ്പെടുത്തണം.
2. കക്കൂസില്ലാത്ത എല്ലാ വീട്ടുകാർക്കും കക്കൂസുകൾ സൗജന്യമായോ സാമ്പത്തികസഹായങ്ങൾ നൽകിയോ നിർമ്മിച്ചുകൊടുക്കണം.
3. ഷൺമുഖം കനാലിനെ ശുചീകരിക്കുവാനും കനാലിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സോൾവെന്റ് എക്സ്ട്രാക്ഷൻ കമ്പനിയെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാനും നടപടി സ്വീകരിക്കണം.
4. കനാലിലെ വെള്ളം മലിനീകരിക്കുന്ന രീതിയിൽ കക്കൂസ് ഔട്ടറുകൾ കനാലിലേക്ക് വയ്ക്കുന്നത് തടയണം.

5. കനാൽ ശുചീകരണപ്രവർത്തനത്തിന് പൂമംഗലം പഞ്ചായത്തുമായി സഹകരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.
6. പഞ്ചായത്തിൽ ഉണ്ടാകുന്ന അറവുപണ്ടങ്ങൾ അടക്കമുള്ള മാലിന്യങ്ങളെ ശാശ്വതമായി ആരോഗ്യകരമായ രീതിയിൽ നിക്ഷേപിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
7. മതിലകം കടവ്, പോസ്റ്റാഫീസ് ജംഗ്ഷൻ എന്നിവിടങ്ങളിൽ പൊതുകംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.
8. സംസ്ക്കരിക്കാത്ത മത്സ്യവളം ഇടുന്നത് നിരുത്സാഹപ്പെടുത്തുകയും തടയുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.
9. കൊതുകുനിവാരണത്തിനുവേണ്ടി സെപ്റ്റിക് ടാങ്കുകളുടെ ചോർച്ച തടയുകയും എയർ പൈപ്പുകൾക്ക് വലയിടുകയും വീര്യംകുറഞ്ഞ കീടനാശിനികൾ മണ്ണെണ്ണ കലർത്തി ഉപയോഗിക്കുകയും ചെയ്യാം. മലിനജലം കെട്ടിക്കിടക്കാതെ പരിസരം സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്. എല്ലാ വീടുകളിലും കാട്ടുതുളസി വെച്ച്പിടിപ്പിക്കുകയാണെങ്കിൽ കൊതുകുകൾ പെരുകുന്നത് തടയാം.
10. വാർഡടിസ്ഥാനത്തിൽ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി അതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.
11. ഔഷധസസ്യങ്ങളുടെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയും ഇവ നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുകയും വേണം.
12. കൂടുതൽ സെന്ററുകളിൽ വച്ച് പ്രിതിരോധ കുത്തിവെയ്പുകൾ നടത്തണം.
13. സ്ക്കൂൾ, ക്ലബ്ബ്, ഗ്രാമീണവായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സുകളും, വീഡിയോ പ്രദർശനങ്ങളും നടത്താം.
14. പൊതു ശ്മശാനങ്ങളുടെ കുറവ് നികത്തുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ ഒന്നോ രണ്ടോ ശ്മശാനങ്ങൾ കൂടി വേണമെന്ന ആവശ്യം പരിഗണിക്കാവുന്നതാണ്.
15. പരിസരശുചീകരണം ജനപങ്കാളിത്തത്തോടുകൂടിയോ, മറ്റു വഴികളിലൂടെയോ നടത്തേണ്ടതാണ്.

60

# വ്യവസായം

പടിഞ്ഞാറ് കനോയി കനാലും വടക്ക് കാട്ടൂർ കാറളം പഞ്ചായത്തുകളും തെക്ക് കെട്ടുചിറ കടവും അതിർത്തിയുള്ള പടിയൂർ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി പോട്ടമുതൽ മൂന്നുപീടികയിൽ എത്തുന്ന NH 47നേയും NH17നേയും ബന്ധിപ്പിക്കുന്ന റോഡ് നാലു കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. 18.57ച. മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ 17234 ആണ്. 4807 വീടുകളാണുള്ളത്.

വളരെ കാലമായി കാർഷികമേഖലയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന പടിയൂർ പഞ്ചായത്ത് അടുത്ത കാലത്താണ് വ്യവസായ മേഖലയിലേക്ക് കടന്നുവന്നത്. ഇപ്പോഴും ഈ പഞ്ചായത്ത് വ്യവസായരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്നു.

## പരമ്പരാഗത വ്യവസായങ്ങൾ

വർഷങ്ങൾക്കുമുമ്പ്, ചകിരിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന കയർ വ്യവസായം പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വിപുലമായ തോതിൽ നടന്നിരുന്നു. കയർ ഉൽപാദനസഹകരണസംഘങ്ങൾ രൂപം കൊണ്ട് തുടക്കത്തിൽ നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുകയുണ്ടായെങ്കിലും പിന്നീട് നാമാവശേഷമാവുകയാണുണ്ടായത്. കനോലികനാൽ വഴി കയർ കേരളത്തിന്റെ വാണിജ്യതലസ്ഥാനമായ കൊച്ചിയിലേക്കും ആലപ്പുഴ മുതലായ മറ്റു സ്ഥലങ്ങളിലേക്കും വ്യപകമായി കയറ്റി അയച്ചിരുന്നു. ഇപ്പോൾ കാക്കത്തുരുത്തി പാലം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ മറുകരയിൽ ഒരു ചകിരി മിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ എടതിരിഞ്ഞി ചെട്ടിയാലിന് പടിഞ്ഞാറുഭാഗത്ത് ഒരു ചകിരി മിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കയർ വ്യവസായത്തിന് കാര്യമായ പുരോഗതിയുണ്ടാക്കാൻ കഴിയാത്തത് ഈ പഞ്ചായത്തിൽ ചകിരിയിൽ നിന്ന് കയർ മാത്രം ഉൽപാദിപ്പിക്കുകയും ചകിരിനാരിൽ നിന്ന് ഉൽപാദിപ്പിക്കാവുന്ന നിരവധിവസ്തുക്കളുടെ കാര്യത്തിൽ ആരും ശ്രദ്ധിക്കാത്ത സ്ഥിതിയുള്ളതുകൊണ്ടുമാണ്. ഈ വ്യവസായം പുരോഗമിക്കണമെങ്കിൽ എല്ലാ കയർ ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള നടപടി അത്യാവശ്യമാണ്.

പത്തുവർഷങ്ങൾക്കുമുമ്പുവരെ ചെട്ടിയാൽ കാക്കത്തുരുത്തി പടിയൂർ പ്രദേശങ്ങളിൽ ഒരു സമുദായത്തിന്റെ കുലത്തൊഴിലായി നെല്ലില് നിന്ന് അവിൽ ഉൽപാദിപ്പിക്കുന്ന കുടിൽ വ്യവസായം നിലനിന്നിരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഈ കുടിൽ വ്യവസായത്തിന് നിലനിൽപ്പില്ലാതാവുകയും ഈ മേഖലയിൽ ജോലിചെയ്തിരുന്നവർ മറ്റു മേഖലകളിലേക്ക് മാറിയതിനാൽ ഈ കുടിൽ വ്യവസായവും നാമാവശേഷമായി.

ഏകദേശം നാല്പതുവർഷം മുമ്പുവരെ ഈ പഞ്ചായത്തിൽനിന്ന് എള്ളെണ്ണയും ശുദ്ധമായ വെളിച്ചെണ്ണയും മരചക്കിൽ ആട്ടി പ്രധാനമാർക്കറ്റുകളിലേക്ക് കയറ്റി അയച്ചിരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഈ കുടിൽ വ്യവസായവും നിന്നുപോയി.

മറ്റൊരു പരമ്പരാഗത വ്യവസായമായ മൺപാത്രവ്യവസായം തകരാനുള്ള കാരണം മറ്റുലോഹനിർമ്മിത പാത്രങ്ങളുടെ ഉപഭോഗം വ്യാപകമായതിനാലാണ്. മൺപാത്രനിർമ്മാണത്തിന് ആവശ്യമായ പ്രത്യേകതരം മണ്ണിന്റെ അഭാവം മൂലം നിർമ്മാണം കഴിയാത്ത സ്ഥിതിയും വന്നു.

തഴപ്പായ നെയ്ത്ത് വ്യവസായം പ്രധാനമായും വർഷകാലങ്ങളിലെ പ്രധാനതൊഴിലും ഉപജീവനമാർഗ്ഗവുമായി കുറെക്കാലം നിലനിന്നിരുന്നു. ക്രമേണ മറ്റു മേഖലകളിലെ കൂലിവർദ്ധനവ് ഈ കുടിൽ വ്യവസായം ഉപേക്ഷിക്കപ്പെടുവാൻ കാരണമായി. ഇപ്പോൾ ഒഴിവ് സമയമാണ് പ്രധാനമായി ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നതായി കാണാൻ കഴിയുന്നത്. ആയതിനാൽ ഈ രംഗത്തും സ്വാഭാവികമായ തകർച്ച സംഭവിച്ചു.

### പട്ടിക I

**പരമ്പരാഗത വ്യവസായങ്ങൾ**

1 കയർ വ്യവസായം
2. തഴപ്പായ വ്യവസായം
3 മൺപാത്രവ്യവസായം
4 എണ്ണ, വെളിച്ചെണ്ണ വ്യവസായം
5 കുമ്മായം
6 കള്ളുചെത്ത് വ്യവസായം

## അന്യം നിന്നുപോയ വ്യവസായങ്ങൾ

1 അവിൽ നിർമ്മാണം
2 എണ്ണയാട്ട് വ്യവസായം
3 കുമ്മായനിർമ്മാണം
4 മൺപാത്രവ്യവസായം

## നിലവിലുള്ള വ്യവസായങ്ങളുടെ സ്ഥിതി

പടിയൂർ പഞ്ചായത്തിൽ വൻകിടവ്യവസായങ്ങൾ ഒന്നുംതന്നെയില്ല. ചെറുകിടയൂണിറ്റുകളിൽ പരമാവധി 500 പേർമാത്രമേ ജോലിചെയ്യുന്നുള്ളൂ. കായികശേഷിയുള്ള പുരുഷന്മാരും സ്ത്രീകളും കൂടി ഈ പഞ്ചായത്തിൽ പന്തീരായിരം പേർ ഉണ്ട്. ഈ സ്ഥിതി വച്ചുനോക്കുമ്പോൾ വ്യവസായരംഗത്തെ സ്ഥിതി വളരെ ദയനീയമാണെന്ന് കാണാൻ കഴിയും. സ്ത്രീകളെ സംബന്ധിച്ചിടത്തോളം പരമാവധി നൂറ് സ്ത്രീകളാണ് വ്യവസായരംഗത്ത് പ്രവർത്തിക്കുന്നത്. സ്ത്രീസംരംഭങ്ങൾ രണ്ടെണ്ണം മാത്രമേ പഞ്ചായത്തിലുള്ളൂ.

## പട്ടിക II

**നിലവിലുള്ള വ്യവസായങ്ങൾ**
**രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ**
**ജോലിക്കാരുടെ എണ്ണം**

| | | എണ്ണം | പുരുഷൻ | സ്ത്രീ |
|---|---|---|---|---|
| 1 | കൊപ്രസംസ്ക്കരണം | 14 | 42 | 15 |
| 2 | ഓയിൽ മിൽ | 1 | 20 | 3 |
| 3 | ചകിരിനാര് സംസ്ക്കരണം | 1 | 20 | 10 |
| 4 | ഫ്ളവർ മിൽ | 17 | 24 | |
| 5 | സ്റ്റീൽ ഫർണീച്ചർ | 2 | 30 | |
| 6 | കയർ വ്യവസായം | 24 | 100 | 24 |
| 7 | സ്പ്രിങ്ങ് നിർമ്മാണം | 1 | 5 | |
| 8 | മരവ്യവസായം | 5 | 30 | |
| 9 | വെൽഡിങ്ങ് വർക്ക്ഷോപ്പുകൾ | 5 | 25 | |
| 10 | സോമിൽ | 1 | 15 | |
| 11 | ബോഡിബിൽഡിങ്ങ് (മോട്ടോർ വാഹനങ്ങൾ) | 1 | 8 | |
| 12 | സോഡ നിർമ്മാണം | 5 | 15 | |
| 13 | അലുമിനിയം ഫേബ്രിക്കേഷൻ | 2 | 25 | |
| 14 | പ്രിന്റിങ്ങ് പ്രസ്സ് | 1 | 4 | 1 |
| 15 | ബാറ്ററി നിർമ്മാണം | 1 | 12 | |
| 16 | അവിൽ മിൽ | 1 | 3 | |
| 17 | മൊസേക്ക് ഇഷ്ടിക | 1 | 4 | 5 |
| 18 | ചിപ്സ് നിർമ്മാണം | 1 | | 10 |
| 19 | രാമച്ച നിർമ്മാണം | 1 | | 10 |

പടിയൂർ പഞ്ചായത്തിൽ ജലസേചനമാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തതിനാൽ കൃഷിമേഖലയിൽ തൽക്കാലം പുരോഗതിയുണ്ടാകാൻ ബുദ്ധിമുട്ടാണ്. വ്യവസായ മേഖലപുരോഗമിപ്പിച്ചാൽ ഇവിടുത്തെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുവാനും പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുവാനും വികസനപരിപാടികൾക്ക് കൂടുതൽ ഫണ്ട് കണ്ടെത്താനും കഴിയുകയുള്ളൂ.

1970ൽ ഭാഗികമായി ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയെങ്കിലും അടുത്തകാലത്താണ് ചേരിപ്രദേശങ്ങളിൽ വൈദ്യുതി എത്തിയത്. വൈദ്യുതിയുടെ അപര്യാപ്തത ഇപ്പോഴും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് തടസ്സമായിരിക്കുന്നു.

വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ പുതിയ സംരംഭകർ മുന്നോട്ട് വരാത്തതിന് പ്രധാനകാരണമാണ്.

നിലവിലുള്ള വ്യവസായങ്ങളുടെ പട്ടികനമ്പർ II ൽ കൊടുത്തിരിക്കുന്നു.

കെട്ടിടനിർമ്മാണവ്യവസായം ഇപ്പോൾ വളരെയധികം തൊഴിൽ സാധ്യത സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇത് ഗൾഫ് പണവുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഈ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി ഭാവിയിലും നില നിൽക്കുമോയെന്ന് പറയാൻ കഴിയാത്ത സ്ഥിതിയാണ്.

## പ്രശ്നങ്ങൾ

പടിയൂർ പഞ്ചായത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അനുകൂലഘടകങ്ങളായ ഗതാഗതം, മാനവ ശേഷി, സാക്ഷരത, വിദേശപണം, ആരോഗ്യനിലവാരം, ജനപ്രതിനിധികളിൽ നിന്നുള്ള സഹകരണം എന്നിവ നില നിൽക്കുന്നുണ്ടെങ്കിലും വ്യവസായരംഗത്ത് കാര്യമായ പുരോഗതിയുണ്ടാക്കാൻ പടിയൂർ പഞ്ചായത്തിന് കഴിഞ്ഞി ട്ടില്ല. അതിന് കാരണം പ്രധാനമായി താഴെ പറയുന്നു.

1. വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനും, സാങ്കേതികവും സാമ്പത്തികവുമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പഞ്ചായത്തിൽ ഇല്ല.
2. സാങ്കേതികപരിശീലനകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല.
3. വൈദ്യുതി ലഭ്യതക്കുറവ്
4. പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്ക്കൃത സാധനങ്ങൾ വ്യവസായത്തിന് വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടുന്നില്ല.
5. ഉദാരമായി വ്യവസായത്തിന് സാമ്പത്തികസഹായം നൽകുവാൻ ദേശസാൽക്കൃതബാങ്കുകൾ പഞ്ചായത്തിൽ ഇല്ല.
6. വിദേശപണം വ്യവസായ മേഖലയിൽ മൂലധനനിക്ഷേപമാക്കുന്നില്ല.
7. സാങ്കേതികപരിശീലനം സിദ്ധിച്ചവരിൽ വലിയൊരുവിഭാഗം പഞ്ചായത്തിനുപുറത്തും വിദേശത്തും ജോലി അന്വേഷിച്ചുപോകുന്ന പ്രവണതയാണുള്ളത്.
8. മുഖ്യ ഉൽപ്പന്നങ്ങളായ നാളികേരം, ചകിരി മുതലായവ ഉൽപാദനത്തിന് അനുപാതമായി വ്യവസായത്തിന് ഉപയോഗിക്കപ്പെടുന്നില്ല.
9. വ്യവസായസംരംഭത്തിന് അത്യാവശ്യമായ മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായ പ്രേരണക്കുറവ്
10. പരിമിതമായ വാർത്താവിനിമയ സൗകര്യം

വ്യവസായസംരംഭങ്ങൾ വിവിധവകുപ്പുകളിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കാണുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയിൽ പഞ്ചായത്ത് മെമ്പർമാരും സാമൂഹ്യ സാസംസ്ക്കാരിക രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം.

ഒരു സാമൂഹ്യവിപത്തായ ചാരായം നിരോധിക്കുകവഴി പടിയൂർ പഞ്ചായത്തിൽ ഈ മേഖലയിൽ ജോലി ചെയ്തിരുന്ന അമ്പതോളം തൊഴിലാളികളുടെ ജോലി നഷ്ടപ്പെട്ടതുവഴി ഇവരുടെ കുടുംബങ്ങൾ സാമ്പത്തികബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഉചിതമായ മേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഈ പഞ്ചായത്തിൽ കൃഷിമേഖലയെ പരിപോഷിപ്പിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. വ്യവസായ മേഖലയെ പുരോഗമിപ്പിക്കുവാൻ കഴിഞ്ഞാലെ പഞ്ചായത്തിൽ പുരോഗതിക്കുള്ള സാദ്ധ്യതകളുള്ളു.

## സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. ഈ പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ അസംസ്കൃതവസ്തുക്കളും പ്രയോജനപ്പെടത്തക്കവിധത്തിൽ പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങണം.
2. വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന സംരംഭകർ നേരിടുന്ന സ്ഥലസൗകര്യപ്രശ്നങ്ങൾ സാമ്പത്തിക സാങ്കേതിപ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നിർമ്മാണം അത്യന്താപേക്ഷിതമാണ്. പഞ്ചായത്ത് ഈ കാര്യത്തിൽ കാര്യമായ നടപടി എടുക്കേണ്ടതുണ്ട്.
3. വ്യവസായത്തിന് വേണ്ട ജലം, വൈദ്യുതി മുതലായവയുടെ ലഭ്യത ഉറപ്പുവരുത്തണം.

4. പഞ്ചായത്തിൽ ഒരു ദേശവൽക്കൃതബാങ്കിന്റെ ശാഖ പ്രവർത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.
5. സാങ്കേതി പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.
6. വിദേശപണം വ്യവസായ മേഖലയിൽ മൂലധനനിക്ഷേപമാക്കാൻ നിക്ഷേപകരെ തയ്യാറാക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.
7. സഹകരണസംഘങ്ങൾക്ക് രൂപംകൊടുക്കുവാൻ ജനങ്ങൾ കൂട്ടായി പ്രവർത്തനം നടത്തേണ്ടതുണ്ട്.
8. വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്താൻ പഞ്ചായത്തിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച സ്ഥാപിച്ചുകിട്ടാൻ നടപടികൾ സ്വീകരിക്കണം.

ഈ പഞ്ചായത്തിൽ ലഭ്യമാകുന്ന തേങ്ങ ഉപയോഗിച്ച് വെളിച്ചെണ്ണവ്യവസായവും ചകിരിവ്യവസായവും ഫലപ്രദമായി നടത്തുവാൻ കഴിയും. ഇപ്പോൾ തേങ്ങ സംഭരിച്ച് ചെറുകിട കൊപ്രസംസ്ക്കരണയൂണിറ്റുകൾ കൊപ്ര അന്യസ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കുന്ന സ്ഥിതിയാണുള്ളത്. ഈ കൊപ്ര ഈ പഞ്ചായത്തിൽ തന്നെ ഉപയോഗപ്രദമാക്കാവുന്ന ഓയിൽ മില്ലുകൾ സ്ഥാപിക്കപ്പെടണം. വെളിച്ചെണ്ണ ഉപയോഗിച്ച് ഷാംപൂ മുതലായവയും നിർമ്മിക്കുവാൻ കഴിയും. ഇവിടെ ഉല്പാദിപ്പിക്കാവുന്ന വെളിച്ചെണ്ണ ബോട്ടിലിങ്ങ് ചെയ്ത് അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കാവുന്നതുമാണ്.

വൻതോതിൽ ലഭ്യമാകുന്ന ചകിരി ഉപയോഗിച്ച് ഇപ്പോൾ ഈ പഞ്ചായത്തിൽ കയർ മാത്രമാണ് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. മറ്റുകയർ ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്ന വ്യവസായങ്ങൾ സ്ഥാപിതമായാൽ അസംസ്ക്കൃതവസ്തുവായ നാളികേരം കൊണ്ട് പരമാവധി പ്രയോജനപ്പെടുത്താനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും കഴിയുന്ന സ്ഥിതിയുണ്ടാകും.

വളരെയേറെ ഉപഭോഗസാധ്യതയുള്ള വീട്ടുപാത്രങ്ങളുടെ നിർമ്മാണം (സ്റ്റീൽ, അലൂമിനിം) ഉപയോഗിച്ച് നടത്തുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ വിപണനസാധ്യതയും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരവും കാണാൻ സാധിക്കും.

ഈ പഞ്ചായത്തിൽ ഇല്കട്രിക്ക് ഇലക്ട്രോണിക് വ്യവസായത്തിന് ആവശ്യമായ വിദഗ്ദപരിശീലനം സിദ്ധിച്ചവർ ധാരാളം പേരുണ്ട്. പരിശീലനം നേടിക്കൊണ്ടിരിക്കുന്നവരും നിരവധിയാണ്. ഇലക്ട്രിക്ക് ഇലക്ട്രോണിക് സാമഗ്രികൾ നിർമ്മിക്കാവുന്ന ഒരു യൂണിറ്റിന്റെ സാധ്യതകളും ഏറെയുണ്ട്. ഇവയുടെ വിപണനസാധ്യതനിലനിൽക്കുന്നതിനാൽ ഇത്തരം ഒരു സംരംഭം തികച്ചും വിജയപ്രദമായിരിക്കുമെന്നതിൽ സംശയമില്ല.

ഈ പഞ്ചായത്തിൽ കുമ്മായം വ്യാപകമായി ഉപയോഗിക്കപ്പെടുന്നതിനാൽ കക്കസംസ്ക്കരിച്ച് കുമ്മായം നിർമ്മിക്കുന്ന ഒരു യൂണിറ്റിന് എല്ലാ വിജയസാധ്യതകളും ഉണ്ട്.

പ്ലാസ്റ്റിക് വസ്തുക്കൾക്ക് നല്ല വിപണിയുള്ളതിനാൽ പഴയ പ്ലാസ്റ്റിക് ഉപയോഗിച്ചും പുതിയ ഗ്രാനൂൾസ് ഉപയോഗിച്ചും പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കാൻ ഒരു വ്യവസായം ആരംഭിക്കുകയാണെങ്കിൽ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുവാനും, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പ്രയോജനപ്പെടുത്തുവാനും കഴിയും.

ഒട്ടേറെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ചുറ്റുമുള്ള ഈ പഞ്ചായത്തിൽ ഒരു നോട്ട്ബുക്ക് നിർമ്മാണയൂണിറ്റ് തുടങ്ങാൻ കഴിയും. ഈ യൂണിറ്റിൽ എക്കൗണ്ട് ബുക്ക് കവർ, സ്റ്റേഷനറി മുതലായവയും കൂടി നിർമ്മിക്കുവാൻ ഓഫീസ് ബിസിനസ്സ് ആവശ്യങ്ങൾക്ക് വേണ്ട വസ്തുക്കൾ വിപണനം നടത്തുവാൻ കഴിയും.

വെട്ടിമാറ്റേണ്ട തെങ്ങുതടി ഉപയോഗിച്ച് ഒരു ഫർണീച്ചർ വ്യവസായം ലാഭകരമായി നടത്തുവാൻ കഴിയും.

പടിയൂർ പഞ്ചായത്തിൽ ടൂറിസം വികസിപ്പിക്കപ്പെടുവാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ കെട്ടുചിറ കടവുവിഭാഗം ഒരു പിക്നിക് സ്പോട്ടായി രൂപപ്പെടുത്തി അവിടെനിന്ന് പ്രകൃതിരമണീയമായ മഴുവൻചേരി തുരുത്ത്, കോങ്ങാടൻ തുരുത്ത്, കൊച്ചംകാട് കൂടി കനോലികനാലിൽ കൂടി രണ്ടാം വാർഡിലെ കൂത്തുമാക്കൽ വരെ സ്പീഡ് ബോട്ടുകളും പെഡൽ ബോട്ടുകളും പ്രവർത്തിപ്പിച്ച് ഒരു വിനോദയാത്രയ്ക്ക് സൗകര്യമുണ്ടാക്കാൻ കഴിഞ്ഞാൽ ഇരിഞ്ഞാലക്കുടയിലും കൊടുങ്ങല്ലൂരും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഉദ്യോഗസ്ഥകുടുംബങ്ങൾക്കും സാധാരണക്കാരായ ജനങ്ങൾക്കും വളരെ കുറഞ്ഞ ചിലവിൽ അവരുടെ ഒഴിവുദിവസങ്ങൾ ചിലവഴിക്കാൻ കഴിയും. അത്തരം ഒരു ടൂറിസ്റ്റ് കേന്ദ്രത്തെ രൂപപ്പെടുത്തിയെടുക്കാൻ ജില്ലാപഞ്ചായത്തിനെ സമീപിക്കുവാനുള്ള നടപടികളുണ്ടാവണം.

അരിപ്പൊടി, ഗോതമ്പുപൊടി, മസാലകൾ മുതലായവയുണ്ടാക്കി പാക്കറ്റുകളിലാക്കി വിതരണം ചെയ്യാവുന്ന ഒരു യൂണിറ്റിന്റെ സാധ്യതകളും തള്ളിക്കളയാനാവുകയില്ല.

മേൽപ്പറഞ്ഞ് നിർദ്ദേശങ്ങൾ ശരിയായി വിലയിരുത്തി വിശകലനം ചെയ്ത് രൂപപ്പെടുത്തി പ്രായോഗികമാക്കാൻ കഴിഞ്ഞാൽ വലിയൊരളവുവരെ ഈ പഞ്ചായത്തിന്റെ വരുമാനം ഭാവിയിൽ വർദ്ധിപ്പിക്കുമെന്നതിനാൽ വികസനത്തിന് കൂടുതൽ ഫണ്ട് കണ്ടെത്താനും കഴിയും.

ഈ പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ വിവിധ പ്രശ്നങ്ങൾ ഗ്രാമസഭകളിലൂടെ ജനങ്ങളുമായി നേരിട്ട് ചർച്ചചെയ്യാൻ കഴിയുന്നുവെന്നതിനാൽ ക്രിയാത്മകമായ ഒരു റിപ്പോർട്ട് നേരിട്ടു തയ്യാറാക്കുന്നതിന് സഹായകമാവുന്നുണ്ട്.

സമയക്കുറവും അതിനാൽ പരിമിതമായ രേഖശേഖരണവുമാണ് സാധ്യമായതെങ്കിലും വ്യവസായപുരോഗതിക്ക് ആവശ്യമായ എല്ലാ ഘടകങ്ങളും സൂക്ഷ്മമായി പരിശോധിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## ഗ്രാമസഭകളിൽ നിന്ന് ഉണ്ടായ വ്യവസായ നിർദ്ദേശങ്ങൾ

വിവിധവാർഡുകളിൽ നടന്ന ഗ്രാമസഭകളിലെല്ലാം ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പഞ്ചായത്ത് നിർമ്മിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്.

ഇലക്ട്രിക് ലഭ്യതക്കുറവാണ് വ്യവസായങ്ങൾ തുടങ്ങാൻ സംരംഭകർ തയ്യാറാകാത്തതെന്ന നിർദ്ദേശവും ഉണ്ടായിരുന്നു.

ഉദാരമായി സാമ്പത്തികസഹായം ഉറപ്പുവരുത്താവുന്ന ദേശവൽക്കൃതബാങ്കുകളുടെ ശാഖകൾ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊള്ളാനും നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ വിവിധവകുപ്പുകളിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങൾ ഒരു സമിതി മുഖേന കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരണത്തിന്റെ അഭിപ്രായവും മുന്നോട്ടുവന്നിട്ടുണ്ട്.

വാർത്താവിനിമയരംഗത്ത് കൂടുതൽ സൗകര്യം ഏർപ്പെടുത്തണമെന്നതും കണക്കിലെടുത്തിട്ടുണ്ട്.

സഹകരണമേഖല പരിപോഷിപ്പിക്കേണ്ട ആവശ്യകതയും എടുത്ത് പറഞ്ഞിട്ടുണ്ട്. താഴെ പറയുന്ന വ്യവസായങ്ങളാരംഭിക്കണമെന്ന നിർദ്ദേശമാണ് ഗ്രാമസഭകളിൽ വന്നിട്ടുള്ളത്.

1. കയർ വ്യവസായം
2. പ്ലാസ്റ്റിക് നിർമ്മാണം
3. നെല്ല് സംസ്ക്കരണ കേന്ദ്രം
4. സിമന്റ് ഇഷ്ടിക
5. കോഴി വളർത്തൽ
6. സോപ്പ് നിർമ്മാണം
7. മെഴുകുവ്യവസായം
8. റെഡിമേയ്ഡ് വസ്ത്രനിർമ്മാണം
9. ഫർണീച്ചർ വ്യവസായം
10. തീപ്പെട്ടി നിർമ്മാണം
13. ശീതളപാനീയം
14. തേങ്ങ നാളികേര വ്യവസായം
15. ചകിരിച്ചോറ് വളം
16. പേപ്പർ കൺവർഷൻ, പാക്കിങ്ങ് കേസ് നിർമ്മാണം
17. മൺപാത്ര നിർമ്മാണം
18. ബുക്ക് ബൈന്റിംഗ്
19. തയ്യൽ പരിശീലനകേന്ദ്രം
20. ബാഗ് ചെരിപ്പ്
21. വൈരക്കൽ വ്യവസായം
22. ഇലക്ട്രോണിക് പാർട്ട്സ് നിർമ്മാണം
23. സ്റ്റീൽ ഫർണീച്ചർ
24. ബേക്കറി, മിഠായി
25. കുടനിർമ്മാണം
26. കരകൗശലവസ്തുക്കൾ നിർമ്മാണം.

# ഊർജ്ജം

ഊർജ്ജമെന്ന് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ആദ്യം പതിയുന്ന ചിത്രം വൈദ്യുതിയാണ്. എന്നാൽ വൈദ്യുതിക്ക് പുറമേ നമ്മൾ വിറക്, തെങ്ങ് ഉൽപ്പന്നങ്ങൾ അറക്കപ്പൊടി, മണ്ണെണ്ണ കരി, ഗ്യാസ്, എന്നിവ കൂടി ഊർജ്ജത്തിനായി ഉപയോഗിക്കുന്നുണ്ട്. യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനും ബൾബ് പ്രകാശിപ്പിക്കുവാനും നമ്മൾ വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. 1958ലാണ് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. എട്ടാം വാർഡിലെ മൂഞ്ഞനാട് ഗ്രാമത്തിനാണ് ഈ ഭാഗ്യം ലഭിച്ചത്. നീണ്ട 38 വർഷം പിന്നിട്ടെങ്കിലും വൈദ്യുതി കടന്നുചെല്ലാത്ത പ്രദേശങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഒരു ഇലക്ട്രിക്കൽ സബ് സെക്ഷനുവേണ്ടതിലേറെ ഉപഭോക്താക്കൾ ഉണ്ടായിട്ടുപോലും വൈദ്യുതിബോർഡിന്റെ ഒരു ഓഫീസും ഈ പഞ്ചായത്തിലില്ല. വിദ്യുച്ഛക്തിയെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും പഞ്ചായത്തിലെ ജനങ്ങൾക്ക് ഇരിഞ്ഞാലക്കുട മേജർ സെക്ഷനേയോ അരിപ്പാലം ഇലക്ട്രിക്കൽ സബ് ഓഫീസിനെയോ ആണ് ആശ്രയിക്കേണ്ടത്.

പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് കാട്ടൂർ സബ് സ്റ്റേഷനിലെ കയ്പമംഗലം ഫീഡിൽ നിന്നും കൊടുങ്ങല്ലൂർ സബ് സ്റ്റേഷനിലെ വെള്ളാങ്ങല്ലൂർ ഫീഡിൽ നിന്നുമാണ്. ഈ പഞ്ചായത്തിൽ 2767 വൈദ്യുതി ഉപഭോക്താക്കളാണ് ഉള്ളത്. ഇതിൽ 76.1% ഗാർഹിക ഉപഭോക്താക്കളാണ്. ബാക്കി 15.8% കാർഷിക ഉപഭോക്താക്കളും 6.5% വ്യാപാര ഉപഭോക്താക്കളും 1.6% വ്യാവസായിക ഉപഭോക്താക്കളുമാണ്.

## പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗം

| മേഖല | ഉപഭോക്താക്കളുടെ എണ്ണം | ശതമാനം |
|---|---|---|
| 1 ഗാർഹികം | 2106 | 76.1 |
| 2 കാർഷികം | 436 | 15.8 |
| 3 വ്യാപാരം | 181 | 6.5 |
| 4 വ്യാവസായികം | 44 | 1.6 |
| ആകെ | 2767 | |

അവലംബം K.S.E.B. കണക്കുകൾ

"വോൾട്ടേജ് ഇല്ല" എന്ന പരാതിയാണ് എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നത്. KSEB കണക്കനുസരിച്ച് പടിയൂർ പഞ്ചാത്തിൽ 13 ട്രാൻസ്ഫോർമറുകളാണുള്ളത്. ഇപ്പോഴുള്ള ആവശ്യങ്ങൾക്ക് ഇവ ഒട്ടും മതിയാകുന്നതല്ല. അതുകൊണ്ട് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭാനിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

| ക്രമനമ്പർ | കപ്പാസിറ്റി | സ്ഥാപിച്ച സ്ഥലം |
|---|---|---|
| 1 | 100KVA | ചേലൂർ ചർച്ച് എടതിരിഞ്ഞി. |
| 2 | 100KVA | എസ്.എൻ. ഓയിൽ മിൽ, എടതിരിഞ്ഞി |
| 3 | 100KVA | പോത്താനി, എടത്തിരിഞ്ഞി |
| 4 | 63KVA | കോതറ എടത്തിരിഞ്ഞി |
| 5 | 100KVA | കാക്കാത്തുരുത്തി എടതിരിഞ്ഞി No. I |
| 6 | 100KVA | കാക്കാത്തുരുത്തി, എടതിരിഞ്ഞി No.I |
| 7 | 100KVA | വി.സി.രാമൻ, എടതിരിഞ്ഞി |
| 8 | 100KVA | അരിപ്പാലം |
| 9 | 100KVA | വി.എസ്. കാർത്തികേയൻ |
| 10 | 100KVA | മതിലകം No.I |

| ക്രമനമ്പർ | കപ്പാസിറ്റി | സ്ഥാപിച്ച സ്ഥലം |
|---|---|---|
| 11 | 63KVA | മതിലകം NO.II |
| 12 | 100KVA | പടിയൂർ No.I |
| 13 | 100KVA | പടിയൂർ No.II |

പഞ്ചായത്ത് പ്രദേശത്ത് ആകെ കി.മീ. 11 KV ലയിനും കി.മീ. 3 ഫേസ് ലെയിനുകളും സിംഗിൾ ഫേസ് ലെയിനുകളുമുണ്ട്.ആകെ ലെയിനുകളുടെ നീളം 284കി.മീ ആണ്. 126 സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 3 ട്യൂബ് ലൈറ്റുകൾ ഒഴിച്ച് ബാക്കിയെല്ലാം 40Wന്റെ ബൾബുകളാണ്. ഇവ മിക്കവാറും പ്രകാശിക്കാറുമില്ല. പഞ്ചായത്തിലാകെ 95 റോഡുകളുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ ഉള്ള റോഡുകൾ വളരെ വിരളമാണ്. സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി പഞ്ചായത്ത് മുടക്കുന്നത് പ്രതിമാസം 16008 രൂപയാണ്. ഇത് പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 2.76% ആണ്.

പഞ്ചായത്തിൽ ആകെ രണ്ട് ഹരിജൻ കോളനികളാണുള്ളത്. ഇതിൽ 8ാം വാർഡിലെ കോളനിയിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഈ കോളനിയിൽ 32 ഹരിജൻ വീടുകളും, 18 ഹരിജനേതര വീടുകളുമാണ്. 23 ഹരിജൻ വീടുകളും 8 ഹരിജനേതര വീടുകളുമാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്.

## പ്രശ്നങ്ങൾ (ഗ്രാമസഭാ അവലോകനറിപ്പോർട്ട്)

1. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
2. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
3. വൈദ്യുതി പ്രേഷണവിതരണരംഗങ്ങളിൽ മരച്ചില്ലകളും മറ്റും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇലക്ട്രിസിറ്റി ബോർഡ് അനാസ്ഥ കാണിക്കുന്നു.
4. പഞ്ചായത്തിലെ നിലവിലുള്ള രണ്ട് ഹരിജൻ കോളനികളിൽ ഒന്ന് മാത്രമേ ഭാഗികമായും വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു.
5. ലക്ഷംവീട് കോളനികളും 4 സെന്റ് കോളനികളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.
6. വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതുകൊണ്ട് സ്റ്റെപ്പ് അപ്പ് ഇല്ലാത്ത വീടുകളിൽ കൂടുതൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
7. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖതയും അഴിമതിയും വൈദ്യുതിരംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
8. പഞ്ചായത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന തുരുത്ത് പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

## നിർദ്ദേശങ്ങൾ (ഗ്രാമസഭാ റിപ്പോർട്ട്)

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.

1. കാക്കത്തുരുത്തി പൊന്മാനിക്കുടം പ്രദേശത്ത്
2. എടതിരിഞ്ഞി മരോട്ടിക്കൽ പ്രദേശത്ത്
3. പാപ്പാത്തും മുറി തെക്കുംഭാഗത്ത്
4. പടിയൂർ പൂമംഗലം പുഞ്ചകൃഷിക്കുവേണ്ടി ഔണ്ടൂർചാൽ പ്രദേശത്തും പടിക്കുഴി പ്രദേശത്തും ഓരോ ട്രാൻസ്ഫോർമറുകൾ 5,7,8,9 എന്നീ വാർഡുകളിൽ സ്ഥാപിക്കുക.
5. കാക്കത്തുരുത്തി കൂത്തുമാക്കൽ റോഡിൽ 3 ഫേസ് ലൈൻ നീട്ടുക
6. 8-ാം വാർഡിൽ മഴുവഞ്ചേരി തുരുത്തിൽ കോങ്ങാടൻ തുരുത്ത് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.
7. എല്ലാ പഞ്ചായത്ത് റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
8. ഹരിജൻ കോളനികളിലും ലക്ഷം വീടു കോളനിയിലും വൈദ്യുതി എത്തിക്കുക.
9. അനർട്ടിന്റെ ഓഫീസ് സ്ഥാപിക്കുക.

വിദ്യുച്ഛക്തിയെ കൂടാതെയുള്ള പഞ്ചായത്തിലെ പ്രധാനപ്പെട്ട ഊർജ്ജ സ്രോതസ്സുകളാണ് വിറക്, മണ്ണെണ്ണ, അറക്കപ്പൊടി, തെങ്ങ് ഉൽപ്പന്നങ്ങൾ, കരി, ഗ്യാസ് എന്നിവ. ഇതെല്ലാം പാചകത്തിനായി ഉപയോഗിക്കുന്ന ഇന്ധനങ്ങളാണ്. ഇതിൽ ഗ്യാസ് സാമ്പത്തികമായും ഉയർന്ന വരുമാനക്കാരാണ് ഉപയോഗിക്കുന്നത്.സാധാരണക്കാർ ഉപയോ

67

ഗിക്കുന്നത് തെങ്ങ് ഉൽപ്പന്നങ്ങളും മറ്റ് വിറകുകളുമാണ്. പഞ്ചായത്തിലെ ഏകദേശം 95% വീടുകളിലും പാചകത്തിനായി നാടൻ അടുപ്പുകളാണ് ഉപയോഗിക്കുന്നത്. പുകയേൽക്കാത്ത അടുപ്പ് ഉപയോഗിക്കുന്നവർ ഏകദേശം 3%ത്തോളം കാണുമെന്ന് കണക്കാക്കുന്നു.മറ്റുള്ളവർ ഉപയോഗിക്കുന്നത് ഗ്യാസ്, മണ്ണെണ്ണ ഇലക്ട്രിക്കൽ ഗോബർ ഗ്യാസ് അടുപ്പുകളാണ്.

## ഊർജ്ജപ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ

1. പുകയേൽക്കാത്ത ദക്ഷതകൂടിയ വിറകടുപ്പുകൾ വ്യാപകമായി സ്ഥാപിച്ച് പടിയൂർ പഞ്ചായത്ത്, ഒരു ഊർജ്ജ ഗ്രാമമാക്കി മാറ്റാവുന്നതാണ്. അടുപ്പ് ഫിറ്റിംഗിലൂടെ ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും.
2. കച്ചിപ്പെട്ടി, പ്രഷർ കുക്കർ തുടങ്ങിയവ ദക്ഷതകൂടിയ ഉപകരണങ്ങൾ ഉപയോഗിക്കാം.
3. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക. കോളനിപ്രദേശങ്ങളിൽ ചപ്പുചവറുകൾ ഉപയോഗിച്ച് ഒരു കമ്മ്യൂണിറ്റി ബയോഗ്യാസ് സ്ഥാപിച്ച് ആ പ്രദേശത്ത് ആവശ്യമുള്ള ഊർജ്ജപ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.
4. കന്നുകാലികളെ വളർത്തുന്ന വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.
5. സൗരോർജ്ജം പ്രയോജനപ്പെടുത്തി പ്രവർത്തിപ്പിക്കാവുന്ന ഉപകരണങ്ങൾ ANERT ന്റെ സഹായത്തോടുകൂടി പ്രചരിപ്പിക്കാവുന്നതാണ്.
6. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നന് സന്നദ്ധപ്രവർത്തകരെ കൂടി ഉൾപ്പെടുത്തി, ശ്രമം നടത്തേണ്ടത്.
7. കോംപ്ലക്സ് ഫ്ളൂറസന്റ് ലാമ്പുകൾ, ഇലക്ട്രോണിക് ചോക്ക് എന്നിവ വ്യാപകമായി പ്രചരണം നടത്തുക. സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യാനുള്ള സംവിധാനം പഞ്ചായത്ത് മുൻകൈയെടുത്ത് ഉണ്ടാക്കണം.
8. പടിയൂർ പഞ്ചായത്തിൽ എടതിരിഞ്ഞി കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് ആഫീസ് സ്ഥാപിക്കുക.

# ഗതാഗതം

പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് റോഡുകൾ. പഞ്ചായത്തിലെ രണ്ട് തുരുത്ത് പ്രദേശങ്ങളിലുള്ളവർ കടത്തുവഞ്ചിയേയും ആശ്രയിക്കേണ്ടതായി വരുന്നു. കൊച്ചി മഹാരാജാവിന്റെ കാലത്ത് അന്നത്തെ ദിവാനായിരുന്ന ഷൺമുഖം ചെട്ടിയാർ പണികഴിപ്പിച്ച "ഷൺമുഖം കനാൽ" പടിയൂർ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ഇരിങ്ങാലക്കുട ചന്തയിലേക്ക് ചരക്ക് എത്തിക്കുന്നതിനായി പണികഴിപ്പിച്ച ഈ കനാൽ ഇന്ന് പ്രസക്തമല്ലാതായി തീർന്നിരിക്കുന്നു.

പഞ്ചായത്തിലെ മുഖ്യഗതാഗത സൗകര്യം റോഡാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 56കി.മീ 695 മീ. ആണ്. ഇവയിൽ ഏകദേശം 11കി.മീ. NH17നേയും NH47നേയും ബന്ധിപ്പിക്കുന്ന റോഡ് ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. PWD റോഡുകളാണ് ഈ പഞ്ചായത്തിൽ 14 റോഡുകളും. 5 മെറ്റൽ റോഡുകളും 77 മൺറോഡുകളും ഉണ്ട്. ആകെ 96 റോഡുകൾ. 34 റോഡുകൾ ഇനിയും പുതിയതായി വേണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. നിലവിലുള്ള ടാർ ചെയ്ത റോഡുകളും അവയുടെ ഉടമസ്ഥത ദൂരം, വീതി, എന്നിവ കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

## പട്ടിക I A

| വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|
| 1 | കാക്കാത്തുരുത്തി സ്ക്കൂൾ റോഡ് | 370 | 6 |
| 2 | ഉപ്പുംതുരുത്തി റോഡ് | 423.5 | 6 |
| | സരിത ക്ലബ്ബ് റോഡ് | 500 | 4 |
| 3 | പോത്താനി റോഡ് | 2140 | 8 |
| 4 | കക്കഴ സൗത്ത് റോഡ് | 300 | 4 |
| 5 | ഇല്ല | | |
| 6 | പുളിക്കില ചിറ റോഡ് | 1500 | 8 |

68

| വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|
| 7 | ഇല്ല | | |
| 8 | ഹരിജൻ കോളനി റോഡ് | 165 | 5 |

## PWD റോഡുകൾ

| നമ്പർ | പേര് | നീളം |
|---|---|---|
| 1 | കാക്കാത്തുരുത്തി ഇരിങ്ങാലക്കുട | 3500മീ. |
| 2 | ചെട്ടിയാർ കാട്ടൂർ റോഡ് | 1700മീ |
| 3 | എടതിരിഞ്ഞി പടിയൂർ | 4000മീ |
| 4 | മതിലകം വെള്ളാങ്ങല്ലൂർ | 2000മീ |
| 5 | വൈക്കം കെട്ടുചിറ റോഡ് | 717മീ |

ഇവിടത്തെ റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. മിക്കവാറും റോഡുകൾക്ക് നടപ്പാതയില്ല. ഓവുചാലുകളില്ല. കൽവർട്ടുകളില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷക്കാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടേയും അഭാവമാണ് ഇതിനുപ്രധാനകാരണം.പട്ടിക 1ഉം 2ഉം പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ റോഡുകളുടെ ചിത്രം മനസ്സിലാക്കാം.

ഇത്രയും റോഡുകൾ ഉണ്ടെങ്കിലും ഗതാഗതത്തിനായി കൂടുതലും ഉപയോഗിക്കപ്പെടുന്നത് PWD റോഡുകളാണ്. പഞ്ചായത്ത് റോഡിൽ കൂടി ബസ് സർവ്വീസ് ഇല്ല. ഏകദേശം പത്തോളം ബസ്സുകളുടെ "ഹാൾട്ടിങ്ങ് പോയന്റ്" മതിലകം കടവ് പ്രദേശത്താണ്. എന്നാൽ ഇതിനാവശ്യമായ ഒരു ബസ് സ്റ്റാന്റ് നമ്മുടെ പഞ്ചായത്തിലില്ല.ബസ്സ കൂടാതെ 114 മറ്റ് വാഹനങ്ങളും പഞ്ചായത്തിൽ പല ഭാഗത്തായി പാർക്ക് ചെയ്യുന്നുണ്ട്. ഇവയുടെ പാർക്കിംഗ് ഗതാഗതതിരക്കുള്ള റോഡുകളുടെ ഭാഗത്താണ്. ഇത് ഗതാഗതസൗകര്യത്തിന് തടസ്സം ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| സ്ഥലം | കാർ | ഓട്ടോ | വാൻ | ട്രാക്സ് | ടെമ്പോ | പെട്ടി ഓട്ടോ |
|---|---|---|---|---|---|---|
| എടത്തിരിഞ്ഞി ചെട്ടിയാൽ | – | 10 | – | – | – | – |
| എടത്തിരിഞ്ഞി പോസ്റ്റാഫീസ് ജംഗ്ഷൻ | 15 | 28 | 3 | 1 | 12 | 3 |
| പടിയൂർ കോടംകുളം | 3 | 7 | – | – | – | 4 |
| പടിയൂർ വളവനങ്ങാടി | 8 | 12 | 1 | 1 | 2 | 1 |
| പോത്താനി | – | 3 | – | – | – | – |

## പ്രശ്നങ്ങൾ

1. ടാർ റോഡുകളുടെ അപര്യാപ്തതയും നിലവിലുള്ളവയുടെ ഗുണനിലവാരമില്ലായ്മയും പ്രധാനപ്രശ്നങ്ങളാണ്. മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുക. റോഡുകളുടെ വീതി കുറവ്, റോഡിലേക്ക് തള്ളി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ, റോഡ് സൈഡിലെ വാഹനങ്ങളുടെ പാർക്കിംഗ് എന്നിവ ഗതാഗതത്തിന് ബുദ്ധിമുട്ടാണ്.

2. മൺറോഡുകളുടേയും മെറ്റൽ റോഡുകളുടേയും ശോചനീയവസ്ഥ. പൊട്ടിപ്പൊളിഞ്ഞതും താറുമാറായി കിടക്കുന്നതുമായ റോഡുകൾ പ്രശ്നം തന്നെയാണ്.

3. ജനസഞ്ചാരത്തിനാവശ്യമായ പാലങ്ങളുടെ അഭാവം യാത്രാദുരിതങ്ങൾ വർദ്ധിപ്പിക്കുന്നു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

# നിർദ്ദേശങ്ങളും സാധ്യതകളും

1. എല്ലാ റോഡുകൾക്കും കാനകളും ആവശ്യമുള്ള സ്ഥലത്ത് ഓവുചാലുകളും നിർമ്മിക്കുക.
2. റോഡരികുകളിൽ ഉടനീളം 2 അടിയെങ്കിലുമുള്ള കാനകൾ നിർമ്മിക്കുക, കയ്യേറപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കയും അതിനു വരുന്ന ചെലവ് അവരിൽ നിന്നും ഈടാക്കുകയും ചെയ്യുക. റോഡ് സൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക. റോഡ് കയ്യേറാതെ തടയുക. റോഡിലേക്ക് തള്ളിനിൽക്കുന്ന ഇല്ക്ട്രിക് പോസ്റ്റുകൾ ടെലിഫോൺ പോസ്റ്റുകൾ ബസ് സ്റ്റോപ്പുകൾ എന്നിവ ആറടി യെങ്കിലും അകറ്റി സ്ഥാപിക്കുക. തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുക.
3. റോഡിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിന് അതാത് റോഡിന്റെ പരിസരത്തുള്ള ജനങ്ങളെ സംഘടിപ്പിച്ച് റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുകയും അറ്റകുറ്റപ്പണികൾ സമിതിയുടെ മേൽനോട്ടത്തിൽ ശ്രമ ദാനം വഴി നടപ്പിലാക്കുകയും വേണം.
4. മുൻഗണനാക്രമത്തിൽ പുതിയ റോഡുകളുടെ നിർമ്മാണം പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടത്തുക.
5. കൂടുതൽ ജനസഞ്ചാരമുള്ള റോഡുകൾ മുൻഗണനാക്രമത്തിൽ ടാറിങ്ങ് നടത്തുക.
6. വർഷകാലങ്ങളിൽ ഉറപ്പില്ലാത്ത റോഡുകളിൽ ഭാരം കയറ്റിയ വാഹനങ്ങൾ ഗതാഗതം നിരോധിക്കുക.
7. സ്വകാര്യാവശ്യങ്ങൾക്കായി പഞ്ചായത്ത് റോഡുകൾ കേടുവരുത്തുന്നവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുക.
8. കയ്പമംഗലം, എടത്തുരുത്തി പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന ഉപ്പുംതുരുത്തിപ്പാലം, മതിലകം പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന മതിലകം പാലം (മഴുവഞ്ചേരി തുരുത്ത് വഴി), വെള്ളാങ്ങല്ലൂർഡ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കെട്ടുചിറ സ്ലൂയിസ് കം ബ്രിഡ്ജ്, പൂമംഗലം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ശ്രീകൃഷ്ണവിലാസം പാലം എന്നിവയുടെ നിർമ്മാണം യാഥാർത്ഥ്യമായാൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായകമാവും.
9. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാൽ ആഴം കൂട്ടി യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണെങ്കിൽ കൊച്ചി തുറമുഖവുമായി നേരിട്ട് വ്യപാര ചാനൽ സ്ഥാപിക്കുവാൻ കഴിയും.
10. മതിലകം കടവിൽ ബസ് പാർക്ക് സ്റ്റേഷനും കംഫർട്ടു സ്റ്റേഷനും പണിയുക.
11. ഒന്നാം വാർഡിലുള്ള കുറ്റിലക്കടവിൽ പെരിഞ്ഞനം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കടത്ത് വേണം.

റോഡുകളുടെ വികസനത്തിൽ ഏറെ പ്രയോജനപ്പെടുത്തേണ്ടത് നമ്മുടെ അദ്ധ്വാനമാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. റോഡുകളുടെ നിർമ്മാണത്തിൽ 1/3 ഭാഗമെങ്കിലും ശ്രമദാനത്തിലൂടെ കണ്ടെത്തണം. കഴിഞ്ഞ ഒരു വർഷത്തിൽ പൊതുഫണ്ടിൽ നിന്ന് (ഖണ്ഡഥ ഗ്രാന്റ് ഉൾപ്പടെ) 7,59,278 രൂപയാണ് റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി ചെലവാക്കപ്പെട്ടിട്ടുള്ളത്. ഇത് മൊത്തം വരുമാനത്തിന്റെ 47% വരും. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കപ്പെടുമ്പോൾ റോഡ് വികസനം കാര്യക്ഷമമാക്കാൻ കഴിയും.

## പഞ്ചായത്തിലെ റോഡ് വിവരങ്ങൾ പട്ടിക II

ഒന്നാം വാർഡിലെ മൺറോഡുകൾ

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | കാക്കത്തുരുത്തി സ്ക്കൂൾ റോഡ് | 460 മീ | 3 മീ |
| 2 | കാക്കാത്തുരുത്തി കുറ്റിലക്കടവ് റോഡ് | 640 മീ | 3 മീ |
| 3 | കാക്കാത്തുരുത്തി പൊന്മാനിക്കുടം റോഡ് | 680 മീ | 4 മീ |
| 4 | കാക്കാത്തുരുത്തി മുനയം റോഡ് | 865 മീ | 3 മീ |
| 5 | കാക്കാത്തുരുത്തി മണ്ണുമ്മൽ കടവ് റോഡ് | 840 മീ | 3 മീ |
| 6 | സ്ക്കൂൾ സൗത്ത് റോഡ് | 345 മീ | 3 മീ |
| 7 | കുറ്റിലക്കടവ് പൊന്മാനിക്കുളം റോഡ് | 605 മീ | 3 മീ |
| 8 | കോച്ചങ്കാട് വെസ്റ്റ് റോഡ് | 500 മീ | 3 മീ |
| 9 | കൂത്തുമാക്കൽ റോഡ് | 1350 മീ | 4 മീ |

70

## രണ്ടാം വാർഡിലെ മൺറോഡുകൾ

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | വാച്ചാക്കൽ റോഡ്(കോതറചാൽ) | 1845.0 മീ | 4 മീ |
| 2 | സോഷ്യൽ റോഡ് | 210.50 മീ | 4 മീ |
| 3 | എടതിരിഞ്ഞി മുസ്ലീം പള്ളി റോഡ് | 88.00 മീ | 4 മീ |
| 4 | കൊങ്ങിണിക്കുളം റോഡ് | 314.00 മീ | 4 മീ |
| 5 | കാക്കാത്തുരുത്തിപ്പാടം ലക്ഷംവീട് കോളനി റോഡ് | 372.00 മീ | 4 മീ |
| 6 | ഐനിക്കൽ ബണ്ട് റോഡ് | 486.00 മീ | 5 മീ |
| 7 | കൂത്തുമാക്കൽ പട്ടാണിക്കടവ് റോഡ് | 900.00 മീ | 3 മീ |
| 8 | ചെട്ടിതെരുവ് സംഗമം റോഡ് | 124.50 മീ | 2.50 മീ |
| 9 | സരിത ക്ലബ്ബ് നോർത്ത് നടപ്പാത | 133.00 മീ | 3 മീ |
| 10 | പൊന്നംപുള്ളി ക്ഷേത്രം റോഡ് | 336.00 മീ | 4 മീ |
| 11 | ഐനിക്കൽ ബണ്ട് മരോട്ടിക്കൽ റോഡ് | 1446.00 മീ | 5 മീ |
| 12 | ഉപ്പുംതുരുത്തി പുത്തൻ റോഡ്(അംബേദ്കർ റോഡ്) | 430.00 മീ | 3 മീ |

## മൂന്നാം വാർഡിലെ മൺറോഡുകൾ

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | പോത്താനി ഐനിക്കൽ റോഡ് | 775 മീ | 5 മീ |
| 2 | മങ്കാട്ടിൽ അമ്പലം റോഡ് | 600 മീ | 4.50 മീ |
| 3 | പോത്താനി നോർത്ത് റോഡ് | 240 മീ | 4 മീ |
| 4 | കല്ലന്തറ കൊരുമ്പിശ്ശേരി റോഡ് | 327 മീ | 4 മീ |
| 5 | പോത്താനിപ്പാടം റോഡ് | 140 മീ | 4 മീ |
| 6 | കക്കഴ പോത്താനി റോഡ് | 800 മീ | 4 മീ |
| 7 | കക്കഴ തേമാലിത്തറ റോഡ് | 575 മീ | 4 മീ |
| 8 | പോത്താനി ഈനപ്പുള്ളി റോഡ് | 800 മീ | 4 മീ |
| 9 | പോത്താനി അണക്കത്തിക്ഷേത്രം റോഡ് | 300 മീ | 4 മീ |
| 10 | തേമാലിത്തറ പോത്താനിപ്പാടം റോഡ് | 800 മീ | 4 മീ |
| 11 | ഐനിക്കൽ പാതാരത്ത് റോഡ് | 300 മീ | 4 മീ |
| 12 | കല്ലന്തറ പടന്നക്കാട് റോഡ് | 300 മീ | 4 മീ |

## നാലാം വാർഡിലെ മൺറോഡുകൾ

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | പാപ്പാത്തുംമുറി ഈസ്റ്റ് കനാൽ ബണ്ട് റോഡ് | 311.50 മീ | 4 മീ |
| 2 | ശിവകുമാരേശ്വരം ടെമ്പിൾ കിഴക്കേപ്പാടം റോഡ് | 450.00 മീ | 4 മീ |
| 3 | ത്രിവേണി റോഡ് | 2000 മീ | 4 മീ |
| 4 | കക്കഴ സൗത്ത് റോഡ് | 300 മീ | 4 മീ |
| 5 | ഷൺമുഖം സൗത്ത് ബണ്ട് കനാൽ റോഡ് | 1114 മീ | 4 മീ |
| 6 | H.D.P.S സ്ക്കൂളിന്റെ വടക്കുഭാഗത്തുള്ള റോഡ് | 180 മീ | 4 മീ |
| 7 | കക്കഴ സൗത്ത് ഈസ്റ്റ് പുഞ്ചപ്പാടം റോഡ് | | |

## അഞ്ചാം വാർഡിലെ മൺറോഡുകൾ

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | ഭഗവതി റോഡ് | 740 മീ | 4 മീ |
| 2 | എസ്.എൻ. റോഡ് | 310 മീ | 4 മീ |
| 3 | അന്നപൂർണ്ണേശ്വരി വെസ്റ്റ് റോഡ് | 160 മീ | 4 മീ |
| 4 | അന്നപൂർണ്ണേശ്വരി സൗത്ത് റോഡ് | 320 മീ | 4 മീ |

71

| | | | |
|---|---|---|---|
| 5 | തറയിൽ റോഡ് | 700 മീ | 4 മീ |
| 6 | പ്രിയദർശിനി റോഡ് | 580 മീ | 4 മീ |
| 7 | കനാൽ നോർത്ത് റോഡ് | 220 മീ | 4 മീ |
| 8 | പ്രിയദർശിനി എസ്.എൻ.ലിങ്ക് റോഡ് | 200 മീ | 2 മീ |
| 9 | കനാൽ ബേയ്സ് റോഡ് | 227.50 മീ | 6 മീ |

**ആറാം വാർഡിലെ റോഡുകൾ**

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | കോതേറ്റിപ്പാടം റോഡ് | 630 മീ | 4 മീ |
| 2 | സ്ക്കൂൾ റോഡ് | 350 മീ | 4 മീ |
| 3 | മുത്തേരിപ്പാടം റോഡ് | 300 മീ | 4 മീ |
| 4 | മടത്തുംപടി കാര്യങ്ങാട്ടിൽ റോഡ് | 590 മീ | 4 മീ |
| 5 | മാരാംകുളം ഈസ്റ്റ് റോഡ് | 840 മീ | 5 മീ |
| 6 | കാരാപ്പിത്തറ റോഡ് | 360 മീ | 4 മീ |
| 7 | എടപ്പാടം റോഡ് | 385 മീ | 4.50 മീ |
| 8 | പടികുഴിച്ചാൽ റോഡ് | 360 മീ | 4 മീ |
| 9 | ചർച്ച് റോഡ് | 100 മീ | 3.50 മീ |
| 10 | പടിക്കുഴി മാരാംകുളം ഈസ്റ്റ് റോഡ്(ലിങ്ക് റോഡ്) | 155 മീ | 4 മീ |

**ഏഴാം വാർഡിലെ മൺറോഡുകൾ**

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | വാര്യാട്ട് റോഡ് | 400 മീ | 4 മീ |
| 2 | തവളകുളം കുട്ടാടം പാടം റോഡ് | 810 മീ | 4 മീ |
| 3 | മാരാംകുളം ചീപ്പുചിറ റോഡ് | 231 മീ | 4 മീ |

**എട്ടാം വാർഡിലെ മൺറോഡുകൾ**

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | ചെട്ടിയങ്ങാടി റോഡ് | 360 മീ | 4 മീ |
| 2 | വൈക്കം വെസ്റ്റ് റോഡ് | 735 മീ | 4 മീ |
| 3 | ചെട്ടിയങ്ങാടി മുഞ്ഞനാട് റോഡ് | 885 മീ | 4 മീ |
| 4 | കുട്ടാടം പാടം കോളനി റോഡ് | 885 മീ | 4 മീ |
| 5 | കണ്ടംകുളത്തിലേക്കുള്ള വഴി | 75 മീ | 2 മീ |

**ഒമ്പതാം വാർഡിലെ റോഡുകൾ**

| | പേര് | നീളം | വീതി |
|---|---|---|---|
| 1 | കൊണ്ടോട്ടിപ്പാടം റോഡ് (നോർത്ത് ഈസ്റ്റ്) | 196 മീ | 4 മീ |
| 2 | മനപറമ്പ് കോളനി റോഡ് | 140 മീ | 4 മീ |
| 3 | വൈക്കംതെക്ക് കിഴക്ക് റോഡ് | 300 മീ | 3.50 മീ |
| 4 | ഐനിപ്പുള്ളി റോഡ് | 100 മീ | 4 മീ |
| 5 | കൃഷിഭവന്റെ കിഴക്കേ റോഡ് | 260 മീ | 4 മീ |
| 6 | സെന്റ് സെബാസ്റ്റ്യൻ ഷൈൻ റോഡ് (ചുള്ളിപ്പാലം മതിലകം കടവ് റോഡ്) | 475 മീ | 4 മീ |
| 7 | പണ്ടാരത്തറ റോഡ് | 445 മീ | 4.50 മീ |
| 8 | കല്ലങ്കഴ റോഡ് | 290 മീ | 6 മീ |
| 9 | കല്ലങ്കഴ സൗത്ത് റോഡ് | 210 മീ | 4 മീ |
| 10 | വൈക്കം പടിഞ്ഞാറ് പണ്ടാരത്തറ റോഡ് | 411 മീ | 4 മീ |
| 11 | കൊണ്ടോട്ടി ഐനിപ്പുള്ളി റോഡ് | 294 മീ | 4 മീ |
| 12 | കൊണ്ടോട്ടി റോഡ് | 175 മീ | 4.50 മീ |

മെറ്റൽ റോഡുകൾ

| വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|
| I | ഇല്ല | | |
| II | കെങ്ങിണിക്കുളം റോഡ് | 378മീ | 4മീ |
| III | മേനാലി റോഡ് | 500മീ | 4മീ |
| IV | കക്കഴ വെസ്റ്റ് റോഡ് | 700മീ | 4മീ |
| V | ശ്രീകൃഷ്ണവിലാസം റോഡ് | 650മീ | 8മീ |
| VI | അന്നപൂർണ്ണേശ്വരി റോഡ് | 710മീ | 4മീ |
| VII | ഇല്ല | | |
| VIII | മാരാംകുളം വെസ്റ്റ് റോഡ് | 1530മീ | 5മീ |
| I | ചെട്ടിയങ്ങാടി റോഡ് | 1000മീ | 4മീ |

**ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് താഴെ പട്ടികയിൽ ചേർക്കുന്നു**

| വാർഡ് | A.ടാറിങ്ങ് നടത്താൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ |
|---|---|
| I | കൂത്തുമാക്കൽ റോഡ് 2. സ്ക്കൂൾ റോഡിന്റെ ബാക്കിഭാഗം |
| II | മരോട്ടിക്കൽ ഐനിക്കൽ റോഡ് കാന നിർമ്മിക്കണം, മേനാലി റോഡ്,കൊങ്കിണിക്കുളം റോഡ് |
| IV | ത്രിവേണി റോഡ്, പാപ്പാത്തുംമുറി സൗത്ത് ഈസ്റ്റ് റോഡ്, പ്രിയദർശിനി റോഡ്, കനാൽ ബണ്ടിന് തെക്കുഭാഗത്തുകൂടി കിഴക്കോട്ട് പോകുന്ന റോഡ് |
| V | വേനേശ്വരി, അന്നപൂർണ്ണേശ്വരി, ചരുന്തറ റോഡുകൾ |
| VII | മാരാംകുളം ഈസ്റ്റ് റോഡ് |
| VIII | ചെട്ടിയങ്ങാടി മാരാംകുളം റോഡ്, വൈക്കം വെസ്റ്റ് റോഡ്, ശ്മശാനം റോഡ് കാനകെട്ടുക. |

## B. മെറ്റലിങ്ങ് നടത്താൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ

I മണ്ണുങ്ങൽ കടവ് റോഡ്, കുറ്റിലക്കടവ് റോഡ്

II പൊന്നംപുള്ളി അമ്പല നട റോഡ്

## C. കേടുപാടുകൾ തീർക്കാൻ നിർദ്ദേശിക്കപ്പെട്ടത്

I 1. കൂത്തുമാക്കൽ റോഡിലെ പാലം പൊളിച്ചുപണിയുക

2. ജണഉ റോഡിന്റെ ഠാണ പരിസരത്ത് കാന നിർമ്മിക്കുക.

3. കാക്കത്തുരുത്തി പഴയ ഷാപ്പിനടുത്തുളള ജണഉ പാലം പൊളിച്ച് റോഡിന് വീതി കൂട്ടുക.

4. കാക്കത്തുരുത്തി സ്ക്കൂൾ റോഡിന് കാന നിർമ്മിക്കുക.

II 1. ലക്ഷം വീട് കോളനി റോഡ് നന്നാക്കുക, കാന പണിയുക.

2. പൊന്നംപുള്ളി അമ്പലം റോഡിൽ കൾവർട്ട് നിർമ്മിക്കുക.

3. കൂത്തുമാക്കൽ പട്ടാണിക്കടവ് റോഡ് നന്നാക്കണം.

4. കൂത്തുമാക്കൽ പാലം വീതി കൂട്ടണം.

5. ചെട്ടിയാൽ കാട്ടൂർ റോഡിന് കിഴക്കുഭാഗത്തുകൂടി കാന നിർമ്മിക്കുക.

6. ഉപ്പുംതുരുത്തി അംബേദ്കർ റോഡിന് കിഴക്കുഭാഗത്തുകൂടി കാന നിർമ്മിക്കുക. സഞ്ചാരയോഗ്യമാക്കുക.

7. വാച്ചക്കൽ റോഡ് നന്നാക്കുക.

## കേടുപാടുകൾ തീർക്കാൻ നിർദ്ദേശിക്കപ്പെട്ടവ

III 1. കക്കഴ വെസ്റ്റ് റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

2. കല്ലന്തറ ഇരിങ്ങാലക്കുട റോഡ് നന്നാക്കുക.

3. പോത്താനി റോഡ് റീ ടാറിങ്ങ് ചെയ്യുക.

73

IV 1. PWD റോഡ് (എടത്തിരിഞ്ഞി പടിയൂർ റോഡ്) നന്നാക്കുക.

V. 1. കനാലിന്റെ ഇരുവശത്തുമുളള റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.
2. തറയിൽ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

V 1. മാരാംകുളം ഈസ്റ്റ് റോഡ് ടാറിങ്ങ് ചെയ്യുക.
2. കോതേറ്റി പാടം റോഡ് നന്നാക്കുക.

VIII ചെട്ടിയങ്ങാടി റോഡ്, കോളനി റോഡ്, ശ്മശാനം റോഡ്, വൈക്കം വെസ്റ്റ് റോഡ്, തുരുത്ത് റോഡ്, നിലംപതി പടിഞ്ഞാറോട്ടുള്ള റോഡ്, കടവിനു സമീപമുള്ള വാലിൻ റോഡ് എന്നീ റോഡുകൾകേടു പാടു തീർക്കുക.

IX വൈക്കം വെസ്റ്റ് റോഡ് മുഞ്ഞനാട് കിണർ റോഡ് നന്നാക്കുക.

## പട്ടിക IV

## D പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടവ

### വാർഡ്

1. കുറ്റിലക്കടവിൽ നിന്ന് ഒന്നാം വാർഡും ഏഴാം വാർഡും ബന്ധിപ്പിക്കുന്ന പാലം
2. മണ്ണുങ്ങൾ കടവ് റോഡ് കൂത്തുമാക്കൽ റോഡുമായി ബന്ധിപ്പിക്കുക. (കുളിയേടത്ത് കണ്ടൻ കുഞ്ഞിയുടെ പരിസരത്തുകൂടി.)
3. മുനയം റോഡ് പൊന്മാനിക്കും റോഡുമായി ബന്ധിപ്പിക്കുക.
4. കോപ്പുളളിപ്പറമ്പ് ക്ഷേത്രപരിസരത്തേക്ക് പുതിയ റോഡ്
5. സ്ക്കൂൾ റോഡിൽ നിന്ന് പടിഞ്ഞട് പോകുന്ന റോഡ് കുറ്റിലക്കടവ് റോഡുമായി ബന്ധിപ്പിക്കുക.
6. കണ്ടിത്തറയും സ്ക്കൂൾ റോഡും തമ്മിൽ ബന്ധിപ്പിക്കുക.
7. മണ്ണുങ്ങൽ കടവിൽ നടപ്പാലം പണിയുക.

II 1. പൊന്നംപുള്ളി അമ്പലം റോഡും മരോട്ടിക്കൽ ഐനിക്കൽ റോഡും തമ്മിൽ ബന്ധിപ്പിക്കുക.
2. ഉപ്പുംതുരുത്തിക്കടവിൽ എടത്തുരുത്തി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുക.
IV 1. ത്രിവേണി റോഡ് കനാൽബണ്ടുമായി ബന്ധിപ്പിക്കുക.
2. ശിവകുമാരേശ്വരം റോഡ് പാപ്പാത്തുംമുറി റോഡുമായി ബന്ധിപ്പിക്കുക.
3. H.D.P.S സ്ക്കൂളിന് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് PWD റോഡുമായി ബന്ധിപ്പിക്കുക.

V 1. എസ്. എൻ. റോഡിന്റെ അവസാന ഭാഗത്തുനിന്ന് കിഴക്കോട്ടു പോകുന്ന ഇടവഴി വീതികൂട്ടി പ്രിയ ദർശിനി റോഡുമായി ബന്ധിപ്പിക്കുക.
2. H.D.P.S. സ്ക്കൂളിന് പടിഞ്ഞാറ് റോഡ് അന്നപൂർണ്ണേശ്വരി റോഡുമായി ബന്ധിപ്പിക്കുക.
3. ചരുന്തറ റോഡ് കാക്കാത്തുരുത്തി ഒന്നാംവാർഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.
4. ഭഗവതിവിലാസം റോഡ് ചരുവന്തറ റോഡുമായി ബന്ധിപ്പിക്കുവാൻ ഷൺമുഖം കനാലിൽ പാലം പണിയുക.

VI 1. മാരാംകുളം ഈസ്റ്റ് റോഡ് പായമ്മൽ റോഡുമായി ബന്ധിപ്പിക്കുക.

VII 1. മാരാംകുളം റോഡിന്റെ പടിഞ്ഞാറെ അറ്റം മുതൽ ചരുവന്തറ വരെ പുതിയ റോഡ് നിർമ്മിക്കുക.
2. SNULP സ്ക്കൂൾ വഴി ജണ്ട റോഡിൽ നിന്നും ചരുവന്തറയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.
3. PWD റോഡുമായി ബന്ധിപ്പിച്ച് പൊതുശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.
4. തവളകുളം റോഡിൽ നിന്ന് വടക്കോട്ട് റോഡ് വേണം.
5. കോങ്ങാടൻ തുരുത്തിലേക്ക് പാലം പണിയുക.

74

VIII 1. ശ്മശാനം കോളനി റോഡ് ശ്മശാനം വരെ നീട്ടുക.
2. മഴുവഞ്ചേരി തുരുത്തിലേക്ക് പാലം പണിയുക.
3. മതിലകം പാലം എത്രയും വേഗം പണിയുക.

IX 1. കെട്ടുച്ചിറയിൽ സ്ലൂയിസ് കം ബ്രിഡ്ജ് പണിയുക.
2. മഞ്ചാട്ടിത്തറയും മതിലകം കടവിലുള്ള സെന്റ് സെബാസ്റ്റ്യൻ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
3. ചുള്ളിപ്പാലവും അപ്രോച്ച് റോഡും നിർമ്മിക്കുക.
4. പണ്ടാരത്തറ റോഡ് ഗാന്ധിനഗർ റോഡുമായി ബന്ധിപ്പിക്കുക.

# മാർക്കറ്റ്

കാർഷികമേഖലയായ പടിയൂർ പഞ്ചായത്തിൽ ഇന്ന് മാർക്കറ്റുകൾ ഒന്നുംതന്നയില്ല. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇന്ന ഇരിങ്ങാലക്കുട, തൃശൂർ, കോട്ടപ്പുറം എന്നീ ചന്തകളേയാണ് ആശ്രയിക്കുന്നത്. ഒരുകാലത്ത് ഇവിടെ രണ്ട് മാർക്കറ്റുകൾ ഉണ്ടായിരുന്നു. വളവനങ്ങാടി കേന്ദ്രമാക്കി ഒരു 'അന്തിചന്തയും' എടതിരിഞ്ഞി കേന്ദ്രമായി മരോട്ടി ചന്തയും. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ചകിരി ഉൽപ്പന്നങ്ങൾ, ഇത്തിൾ, നാളികേരം, നേന്ത്രവാഴ, കശുവണ്ടി അടയ്ക്ക കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയകാർഷികോൽപ്പന്നങ്ങൾക്ക് പുറമെ കായലിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങളും ആട്മാട് മാംസങ്ങളും ഈ ചന്തകളിൽ കൊണ്ടുവരികയും വില്പന നടത്തുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് കൂടുതൽ യാത്ര സൗകര്യം ലഭിച്ചതോടെ ഈ ചന്തകളുടെ പ്രസക്തി ഇല്ലാതെയായി.

നിലവിലുള്ള പ്രകൃതിവിഭവങ്ങളും കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണചന്ത സംസ്ക്കാരവും പ്രസ്തുത ചന്തയോടെ കഴിയുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്തിന്റെ ചുവട് ഉറപ്പിക്കുവാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നുകയറാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിലെ ചർച്ചകളിൽ കേൾക്കുന്നുണ്ട്.

## <u>സാധ്യതകൾ</u>

ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള കമ്പോളം എന്ന നിലയ്ക്ക് നേരത്തെ ഉണ്ടായിരുന്ന രണ്ട് മാർക്കറ്റുകളും പുനഃസ്ഥാപിക്കപ്പെടണം.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലഘട്ടത്തിൽ ജന്മിമാരിൽ നിന്നും ഭൂമി പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷി ചെയ്തുവന്നിരുന്ന ചെറുകിട കർഷകരും കർഷകത്തൊഴിലാളികളായ ഒരു വലിയ വിഭാഗവും ഉൾപ്പെടുന്ന കൃഷീവലന്മാരായിരുന്നു പഞ്ചായത്തിലെ താമസക്കാർ. ആയതിനാൽ തന്നെ ഇഷ്ടികകൊണ്ടും കളിമണ്ണുകൊണ്ടും തീർത്ത് ഓലമേഞ്ഞ കുറച്ചുഭവനങ്ങളും കർഷകത്തൊഴിലാളികൾ തിങ്ങിത്താമസിച്ചിരുന്ന മേഖലകളിൽ അവരുടെ കുടിലുകളുമാണുണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ നാട്ടിൽ നിന്നുപലരും തൊഴിൽ തേടി കോമൺവെൽത്ത് രാജ്യങ്ങളിൽ പെട്ട മറ്റു രാജ്യങ്ങളിലേക്കും പോവുകയും ഇന്ത്യയിൽ തന്നെ ബ്രിട്ടീഷ് പട്ടാളത്തിലും സിവിൽ സർവ്വീസസിലുമായി ജോലിക്കുചേരുകയും ചെയ്തപ്പോൾ കാർഷികേതരമായ പണം നാട്ടിലേക്കൊഴുകിത്തുടങ്ങി. ആയതിന്റെ ഫലമായി ഇടത്തരംകർഷകരുടെനിലവിലുള്ള വീടുകൾക്കൊപ്പം കല്ലിൽ പണി കഴിപ്പിച്ച് ഓടുമേഞ്ഞ പരിഷ്ക്കൃതഭവനങ്ങൾ ഇവിടെയും രൂപമെടുത്തു.

ദുർബ്ബലവിഭാഗക്കാരായ കർഷകത്തൊഴിലാളികളും പരമ്പരാഗതമായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരും ഭൂരഹിതർ കൂടി ആയിരുന്നു. ആയതിനാൽ അവർക്കുവീടുണ്ടാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. എന്നാൽ കേരളത്തിൽ ഏർപ്പെടുത്തിയ കാർഷികപരിഷ്ക്കാരങ്ങൾ ഭൂരഹിതരെ ഒരുപിടി മണ്ണിന്റെ ഉടമകളാക്കിയതും, അതോടൊപ്പംതന്നെ ഗൾഫുമേഖലയിൽ തൊഴിൽ തേടിപ്പോയവരുടെ വരുമാനങ്ങളും, ചെയ്യുന്ന പണികൾക്ക് ന്യായമായ കൂലികൂടി കിട്ടിവരുന്ന സാമൂഹ്യപരിഷ്ക്കരണവും ചേർന്ന് സാമ്പത്തികരംഗത്തുണ്ടാക്കിയ മാറ്റങ്ങളും വളരെയേറെ വീടുകൾ ഈ പഞ്ചായത്തിൽ ഉണ്ടാക്കുവാൻ കാരണമായി. കൂടാതെ ദുർബ്ബലവിഭാഗത്തിനും പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും വീടുനിർമ്മിച്ചുനൽകാൻ പരിപാടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടായി. ലക്ഷംവീടു പദ്ധതി, പട്ടികജാതി, പട്ടികവർഗ്ഗക്ഷേമകോർപ്പറേഷൻ അവശക്രൈസ്തവകോർപ്പറേഷൻ എന്നിവ ഈ മേഖലയിൽ മുന്നിട്ടു നിൽക്കുന്നു. പിൽക്കാലത്ത് ഭവനനിർമ്മാണബോർഡ്, ഇരുപതിനപരിപാടിയും തുടർന്നുണ്ടായ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതികളും വളരെയധികം ദുർബ്ബലവിഭാഗക്കാരെ വീടുണ്ടാക്കാൻ സഹായിക്കുകയും ചെയ്തു.

എന്നിരുന്നാലും പാർപ്പിടരംഗത്ത് വളരെയധികം പ്രശ്നങ്ങൾ ഇന്നും അവശേഷിക്കുന്നു.

## പ്രശ്നങ്ങൾ

### 1. നിർമ്മാണച്ചെലവ്

a. സേവനവേതനവ്യവസ്ഥയിൽ വന്ന കുതിച്ചുചാട്ടം നിർമ്മാണമേഖലയിൽ നിലവിലുള്ള തൊഴിൽ രംഗത്ത് വളരെയേറെ സ്വാധീനം ചെലുത്തുന്നു. ഇന്ന് ഈ മേഖലയിലെ വിദഗ്ദത്തൊഴിലാളികൾക്ക് പ്രതിദിനം 130 രൂപവരേയും അവിദഗ്ദമെന്ന പേരിൽ സ്ത്രീത്തൊഴിലാളികൾക്ക് പ്രതിദിനം 75 രൂപവരേയുമാണ് കൂലി.

b കൂടാതെ, യാതൊരു തത്വദീക്ഷയുമില്ലാത്ത വിധം പലപ്രാവശ്യം ഓരോ വർഷത്തിലും കൂടിവരുന്ന നിർമ്മാണസാമഗ്രികളുടെ വിലനിലവാര വർദ്ധനവ് ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അസഹനീയമാണ്.

c. അതുപോലെ ഒരു വീടുവെയ്ക്കാൻ ഭൂമിവാങ്ങുന്നതിന് ഇന്ന് കഴിയാത്ത ചുറ്റുപാടായിരിക്കുന്നു. രണ്ടോ മൂന്നോ സെന്റ് ഭൂമി തീപിടിച്ച വിലകൊടുത്താലെ കിട്ടുമെന്നായിരിക്കുന്നു. ഭൂമി ലഭ്യമായാൽ തന്നെ അവിടെയ്ക്ക് നിർമ്മാണസാമഗ്രികൾ എത്തിക്കാൻ റോഡില്ലാതിരിക്കുക, ആ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടാതിരിക്കുക തുടങ്ങിയ പ്രതികൂലഘടകങ്ങളും ഉണ്ട്.

### 2. ചില പാർശ്വഫലങ്ങൾ

മുൻകാലങ്ങളിലെ കാർഷികപരിഷ്ക്കാരങ്ങളുടെ ഫലമായി ഏതാനും സെന്റുഭൂമി കിട്ടിയ കുടികിടപ്പുകാർ തമ്മിൽ ഭാഗംവെച്ചുപിരിഞ്ഞ ദുർബ്ബലവിഭാഗക്കാർ എന്നിവർ വിവാഹിതരായി ഒറ്റപ്പെട്ട കുടുംബങ്ങളായിക്കൊണ്ടിരിക്കുന്നവർ, യോജിച്ച് ഒരേ കൂരയ്ക്കുകീഴിൽ അസഹനീയമായ അസംതൃപ്തമായ പല പ്രതികൂല ഘടകങ്ങളേയും പിന്നിട്ട് അസംതൃപ്തമായജീവിതം നയിക്കേണ്ടിവരുന്നു. ആത്മനിന്ദയും, മാനസികസംഘർഷങ്ങളും ഇത്തരക്കാരുടെ സംസ്ക്കാരികനിലവാരത്തെ മാറ്റിക്കൊണ്ടിരിക്കുന്നു.

### 3. പുറമ്പോക്ക് കൈയേറ്റം

മേൽസൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങളിൽ രണ്ടാം ഭാഗത്ത് പറയുന്ന പാർശ്വഫലങ്ങളനുഭവിക്കുന്നവരിൽ പലരും ഗതിയില്ലാതെ റോഡ്, കനാൽ, റവന്യൂ പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളുടെ ഭൂമികൾ കൈയേറി നിയമാനുസൃത

മല്ലാത്ത കയ്യേറ്റ കുടികിടപ്പുകാരായിമാറിയിരിക്കുന്നു. ഇത്തരക്കാർക്ക് കൈവശഭൂമിയുണ്ടെങ്കിലും നിയമാനുസൃതം ഉടമസ്ഥാവകാശം ലഭിക്കുവാൻ പറ്റാത്തതിനാൽ ഒരുവീടുവയ്ക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

മേൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ 1(a), 1(b),1(c) എന്നീ ഖണ്ഡികപ്രകാരം വരുന്ന നിർമ്മാണച്ചെലവ് അസഹനീയമായിരിക്കുന്നു. ദുർബ്ബലവിഭാഗത്തിൽ പെട്ടവരോ, അധഃസ്ഥിതരോ, ഒരു സർക്കാർ ലോണോ, ഗ്രാന്റോ അല്ലാത്ത പക്ഷം ഒരു ബാങ്ക് വായ്പാവഴി ഒരു വീടുനിർമ്മിക്കാൻ ഉദ്ദേശിച്ചാൽ അതിനുണ്ടാക്കുന്ന പദ്ധതി അനവസരത്തിലുള്ള ചിലവുകൾ മൂലം തകിടം മറിയുന്നതിനാൽ പലർക്കും പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. അതേപോലെ തന്നെ ഏതെങ്കിലും ഏജൻസികൾ വഴി ഒരു ലോണോ ഗ്രാന്റോ അനുവദിച്ചുകിട്ടുന്നതിന് ഉപാധിയെന്നവണ്ണം അവർ ചെയ്യേണ്ടതായ അനാവശ്യമെന്ന് പ്രത്യക്ഷത്തിൽ പറയാവുന്ന നിബന്ധനകൾ, ഹാജരാക്കേണ്ട രേഖകളുടെ ബാഹുല്യം ദുർബ്ബലവിഭാഗത്തിൽ പെട്ടവരെ ആ ശ്രമത്തിൽ നിന്നു പിന്തിരിക്കുന്നുമുണ്ട്.

## ഇപ്പോഴത്തെ സ്ഥിതി.

ഈ ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളാണുള്ളത്. ആസൂത്രണത്തിനായി വിളിച്ചുകൂട്ടിയ വിശേഷാൽ ഗ്രാമസഭകളിൽ വിശേഷാൽ റിപ്പോർട്ടുചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ഗ്രാമപഞ്ചായത്തിൽ 4055 വീടുകളാണുള്ളത്. മേൽപറഞ്ഞ 4055 വീടുകളിൽ 1050 എണ്ണവും കുടിലുകളോ ഓലമേഞ്ഞവീടുകളോ ആണ്. ഭവനങ്ങളിൽ 751 എണ്ണം വാർക്കവീടുകളും ബാക്കിവരുന്ന 2254 എണ്ണം കല്ലോ ഇഷ്ടികയോ കൊണ്ടുണ്ടാക്കി ഓടുമേഞ്ഞവയുമാണ്.

മേൽപ്പറഞ്ഞ ഇനങ്ങളിൽ തന്നെ ബഹുഭൂരിപക്ഷംവരുന്ന ഓടിട്ട ഭവനങ്ങളിൽ പലതും നിർമ്മാണത്തിൽ പഴക്കമുള്ളതാകയാൽ പുനരുദ്ധാരണം ആവശ്യമായിത്തീർന്നിട്ടുള്ളവയും ആണ്.

## നിർമ്മിക്കേണ്ടവീടുകൾ

ഗ്രാമസഭയുടെ അഭിപ്രായത്തിൽ 1050 വീടുകളാണ് മേൽകാണിച്ച കണക്കുകൾ പ്രകാരം അടിയന്തിരമായും നിർമ്മാണം നടത്തേണ്ടതായിട്ടുള്ളത്. ഇപ്രകാരം നിർമ്മിക്കപ്പെടേണ്ടവീടുകൾ താഴെ പറയുന്ന കണക്കുകൾ പ്രകാരം നമുക്കു തരം തിരിക്കാം. ഇവയിൽ നിന്നും സ്വന്തമായി ഭൂമിയുണ്ടെങ്കിലും വ്യക്തമായ രേഖകൾ ഇല്ലാത്തതുകൊണ്ടും സ്വന്തംപേരിൽ ഭൂമി ഇല്ലാത്തതുകൊണ്ടും വീടുനിർമ്മിക്കാൻ കഴിയാത്തവർ 700ഓളം പേരും, ഭവനനിർമ്മാണഗ്രാന്റുകൾക്കർഹതപ്പെട്ടവരായ 350ഓളം പേരും അടങ്ങുന്നു.

മേൽപ്പറഞ്ഞതിൽ ഭവനനിർമ്മാണത്തിന് ഗ്രാന്റ് അനുവദിച്ചുകിട്ടേണ്ടതായ 350ൽപരം പേരുടെ കൂട്ടത്തിൽ വരുന്ന 5 വർഷത്തിലേക്കുള്ള 9–ാം പഞ്ചവത്സരപദ്ധതിക്കാലത്ത് വർദ്ധനവ് 57 കുടംബങ്ങളെ കൂടി കണക്കിൽ ചേർത്ത് 407 പേർക്ക് ഗ്രാന്റുകൾ ലഭ്യമാക്കേണ്ടതാണ്. ഈ 407പേരിൽ 155 പേർ പട്ടികജാതി പട്ടികവർഗ്ഗക്കാരും 252 പേർ ദുർബ്ബലവിഭാഗത്തിൽപ്പെടുന്നവരും ആണ്.

## നിർദ്ദേശങ്ങൾ

മേൽപ്പറഞ്ഞ വലിയ ഒരു ലക്ഷ്യം നേടിയെടുക്കണമെങ്കിൽ ബൃഹത്തായ ഒരു പരിപാടിക്കുതന്നെ രൂപം നൽകി ക്രമാനുസരണം പ്രവർത്തനക്ഷമമാക്കേണ്ടതായുണ്ട്. സർക്കാരും, നബാർഡും, സഹകരണസ്ഥാപനങ്ങളും കൂട്ടായി മുന്നേറ്റം തന്നെ നടത്തിയാലെ ഗ്രാമപഞ്ചായത്തിന് ഈ ലക്ഷ്യം നേടാനാകുകയുള്ളൂ. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

1. ഇന്ന് വിവിധ ഏജൻസികൾ വഴിയാണ് വായ്പകളും, ഗ്രാന്റുകളും, നൽകുന്നത്. ആയത് ഏകീകരിക്കുകയും ഗ്രാമസഭയുടേയും ഗ്രാമപഞ്ചായത്തിന്റെയും മേൽനോട്ടത്തിലാക്കുക.
2. പടിയൂർ പഞ്ചായത്ത് വ്യാപകാതിർത്തിയാക്കി ഒരു ഭവനനിർമ്മാണസഹകരണസംഘം സ്ഥാപിക്കുക. ആവശ്യമായ വായ്പകൾ അങ്ങിനെ ഗുണഭോക്താക്കൾക്കു എത്തിക്കുവാൻ കഴിയുമാറാക്കുക.
3. മുകളിൽ സൂചിപ്പിച്ച ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന സഹകരണസംഘങ്ങൾ നിർമ്മാണസാമഗ്രികൾ ഉണ്ടാക്കുകയോ വാങ്ങി സ്റ്റോക്ക് ചെയ്യുകയോ ചെയ്ത് നിർമ്മാണസാമഗ്രികളുടെ വിലനിലവാരത്തിൽ വരുന്ന കുതിച്ചുചാട്ടത്തിന് ആശ്വാസമുണ്ടാക്കുക.
4. ഭവനരഹിതർ പലരും പട്ടയം ലഭിക്കാത്തവരായതുകൊണ്ട് അവർക്കെല്ലാം പട്ടയം ലഭിക്കാനേർപ്പാടുണ്ടാക്കുക.
5. ഭൂരഹിതരും ഭൂമിവാങ്ങാൻ കഴിയാത്തവരുമായവരും പുറമ്പോക്കുഭൂമി കൈയേറി താമസിക്കുന്നവരുമായവർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുക.

5a കേന്ദ്രസർക്കാർ മേൽ പറഞ്ഞ പദ്ധതിപ്രകാരം അനുവദിക്കുന്ന സംഖ്യയ്ക്കുള്ള ഭൂമി വാങ്ങിവിതരണം ചെയ്യുന്ന പരിപാടിത്വരിതപ്പെടുത്തുക.

77

5b ഇന്ന് നിലവിലുള്ള ലക്ഷംവീട് കോളനികൾ സെറ്റിൽമെന്റ് കോളനി ഇതിൽ ഒരെണ്ണം ഹരിജൻ കോളനിയാണ് എന്നിവയിൽ ഇനിയും പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.

5C പുറമ്പോക്കു കൈവശക്കാർക്ക് നിയമാനുസൃത കൈവശരേഖ നൽകുകയോ അല്ലാത്ത പക്ഷം മതിയായ പട്ടയരേഖ നൽകുകയോ ചെയ്യുക. ഇങ്ങിനെ ചെയ്യുമ്പോൾ കഴിവതും വീടുവയ്ക്കാൻ എന്നതിലുപരി ആവശ്യത്തിലേറെ വിസ്തീർണ്ണമുള്ളവരിൽ നിന്നും ആവശ്യമായ ഭൂമി പഞ്ചായത്ത് കൈവശപ്പെടുത്തി ഭൂരഹിതർക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുക.

6 ഇന്ന് പല ഏജൻസികൾ വഴിയാണല്ലോ ഭവനനിർമ്മാണവായ്പകൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്തെ സങ്കീർണ്ണമായ നിയമങ്ങൾ പലരും വായ്പവാങ്ങാൻ കഴിയാത്ത അവസ്ഥയുണ്ടാക്കിയിരിക്കുകയാണ്. അവയിൽ മാറ്റം വരുത്തേണ്ടതുണ്ട്. വായ്പതുക ലഭിക്കുന്ന ഗഡുസമ്പ്രദായവും അനുവദിക്കുന്ന വായ്പസംഖ്യയും പുനർചിന്ത നടത്തേണ്ടതാണ്.

a പട്ടയം വേണമെന്ന നിബന്ധനയ്ക്കുപകരം ഗ്രാമസഭയുടെ അധികാരത്തോടെ പഞ്ചായത്ത് അനുവദിക്കുന്ന അസ്സൽ കൈവശരേഖ നിയമാനുസൃതമാക്കി വായ്പനടപടികൾ ലഘൂകരിക്കുക. ഈ പരിപാടി ദുർബ്ബലവിഭാഗത്തിൽ പെട്ടവർക്കു പരിമിതപ്പെടുത്തുക. ഇന്നനുവദിക്കുന്ന വായ്പസംഖ്യകൾ എന്തുകൊണ്ടും നിർമ്മാണചിലവുമായി പൊരുത്തപ്പെടുന്നതല്ല. പഴകിയ സങ്കേതങ്ങളുപയോഗിച്ചുള്ള എസ്റ്റിമേറ്റിങ്ങ് പൊളിച്ചെഴുതി ആനുകാലിക കൂലിച്ചെലവിന്റെയും നിർമ്മാണ സാമഗ്രികളുടെയും വിലയെ അടിസ്ഥാനപ്പെടുത്തി പുതിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വായ്പസംഖ്യകൾ പുനർനിർണ്ണയിക്കുക.

c ഇന്ന് 3 ഗഡുക്കളായി സംഖ്യ അനുവദിക്കുന്ന രീതിയും അതിനായി ഉപയോഗിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് സംവിധാനവും പരിഷ്ക്കരിക്കുക. പകുതിസംഖ്യയെങ്കിലും മുൻകൂറായി കിട്ടാനിടയാകണം.കൂടാതെ വേനല്ക്കാലങ്ങളിൽ ഉപ്പുവെള്ളവും വർഷക്കാലങ്ങളിൽ വെള്ളപ്പൊക്കവും കനത്തമഴയും ഉണ്ടാകുന്ന ഈ പ്രദേശത്ത് തുടർച്ചയായ നിർമ്മാണപ്രക്രിയയ്ക്ക് മുൻഗണനനൽകി രണ്ടാം ഗഡുവും തുടർന്ന് അടിയന്തിരമായി നൽകാനേർപ്പാടാക്കുക.

d കഴിയാവുന്നത്ര ഒരേയിടത്തായി കൂട്ടനിർമ്മാണപ്രക്രിയ (Cluster of buildinng) ഏർപ്പെടുത്തുക.

7 ഭവനനിർമ്മാണരംഗത്ത് ഇന്നുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേക്കായി ഹഡ്കൊ, നബാർഡ് എന്നീ കേന്ദ്രഏജൻസികൾ വഴി കൂടുതൽ സംഖ്യ അനുവദിച്ചുകിട്ടുവാൻ സർക്കാർ തലത്തിൽ ശ്രമങ്ങൾ നടത്തിയേതീരൂ. വായ്പയായി അനുവദക്കുന്ന തുകയത്രയും പലിശസഹിതം തിരിച്ചുപിടിക്കുവാൻ സർക്കാരിന് കഴിയുമെന്നതിനാൽ ഈയാവശ്യത്തിലേക്ക് കൂടുതൽ സംഖ്യ മുടക്കുന്നത് പാഴ്വേലയാകുന്നില്ല.

8 ചിലവുകുറഞ്ഞതും, ആവശ്യത്തിനുതകുന്നതുമായ ചെറിയ വീടുകൾക്ക് മുൻഗണനനൽകുക. വരുന്ന 9–ാം പഞ്ചവത്സരപദ്ധതിയിൽ 1125 വീടുകളെങ്കിലുംപടിയൂർ പഞ്ചായത്തിൽ നിർമ്മിക്കേണ്ടതുണ്ട്. അതിൽ 775 എണ്ണം വായ്പകൾ നൽകി നിർമ്മിക്കാവുന്നതാണ്.പദ്ധതികാലത്ത് ചുരുങ്ങിയത് 410 വീടുകളെങ്കിലും സൗജന്യമായി നിർമ്മിച്ചു നൽകേണ്ടതായി വരും. ഈ ലക്ഷ്യത്തിലെത്തണമെങ്കിൽ സന്നദ്ധസംഘടനകളുടെ സഹായവും, സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന ഗ്രാന്റുകളും ഭൂരഹിതർക്ക് ഭൂമി നൽകുന്ന പ്രക്രിയകളും നിലവിലുള്ളതിലും വർദ്ധിപ്പിക്കാൻ കഴിയണം.ആയതിനുള്ള കൂട്ടായ പരിശ്രമം വഴി മുഴുവനും ആയില്ലെങ്കിലും ഒരു പരിധിവരെയെങ്കിലും പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്.

## സാമൂഹ്യക്ഷേമം

പടയൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 1997 മാർച്ച് മാസത്തോടെ ഏകദേശം 20000 ആകും. തെങ്ങും, കവുങ്ങും നെൽക്കൃഷിയും മാത്രമുള്ള ഈ പ്രദേശം കാർഷികമേഖലയാണ്. പരമ്പരാഗതമായി ഭൂവുടമകൾ നിലനിന്നിരുന്ന പ്രദേശമല്ലാത്തതിനാൽ പ്രായേണ ദരിദ്രരായ കൃഷിക്കാരും കർഷകത്തൊഴിലാളികളും മാത്രമാണിവിടെയുള്ള ജനവിഭാഗം. പടിയൂർ പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറയും കൃഷി തന്നെ. ദുർബ്ബലവിഭാഗക്കാർ വളരെ ഭൂരിപക്ഷക്കാരായ പടിയൂർ പഞ്ചായത്ത് സാമൂഹ്യക്ഷേമപരിഷ്ക്കാരങ്ങളുടെ കാര്യത്തിൽ വളരെയേറെ പിന്നിലായിപ്പോയി.

സാമൂഹ്യക്ഷേമപദ്ധതികൾ ഈയടുത്തകാലംവരെ നടത്തിപ്പിൽ പൂർണ്ണമായ ഉത്തരവാദിത്വം കേന്ദ്രസംസ്ഥാനസർക്കാരുകൾക്കായിരുന്നു. പൊതുവേ ഭാരതത്തിനായി നടപ്പാക്കുന്നതും കേരളസംസ്ഥാനം ഒന്നാകെകണ്ട് ആവിഷ്ക്കരിക്കുന്നവയുമായ ക്ഷേപദ്ധതികൾ പഞ്ചായത്തിന്റെ സാമൂഹ്യസാംസ്ക്കാരിക പശ്ചാത്തലത്തിൽ നിലനിൽപ്പുപോലും ഉണ്ടാകാതെ പോയ ചിത്രവും നമുക്ക് കാണാം. ഇതുവരെയായി നടപ്പിലാക്കിവരുന്നതായ പദ്ധതികളെ നമുക്ക് താഴെ കാണുന്നവിധത്തിൽ തരം തിരിക്കാവുന്നതാണ്.

78

## A പെൻഷൻ പദ്ധതികൾ

റവന്യൂ ഡിപ്പാർട്ടുമെന്റ് വഴി നടപ്പിലാക്കുന്ന അഗതി പെൻഷൻ, വികലാംഗപെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയും സ്വാതന്ത്ര്യസമരഭടപെൻഷൻ കയർത്തൊഴിലാളികൾക്കുള്ള പെൻഷൻ സർവ്വീസുപെൻഷനുകളും അതിന്റെ ഭാഗമായ കുടുംബപെൻഷനുകളും

## B ആനുകൂല്യങ്ങൾ

തൊഴിലില്ലായ്മവേതനം, ക്ഷേമബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ, ക്ഷയരോഗികൾ, കുഷ്ഠരോഗികൾ, കാൻസർ രോഗികൾ എന്നിവർക്കുള്ള സഹായധനങ്ങൾ ചികിത്സാസഹായങ്ങൾ, പ്രസവകാലസംരക്ഷണം മരണാനന്തരസഹായം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹസഹായധനം.

## C തൊഴിൽ ഉപകരണം

തൊഴിൽ ചെയ്യുന്നതിന് ഉപകരണവും ട്രെസം പരിശീലനം നൽകലും.

## D മാതൃശിശുസംരക്ഷണപരിപാടികൾ, അംഗൻവാടി, ബാലവാടി, മഹിളാസമാജം, ഫീഡിങ്ങ് സെന്റർ, പ്രതിരോധകുത്തിവയ്പുകൾ

## E പൊതുജനാരോഗ്യ പരിപാടികൾ

കക്കൂസ് നിർമ്മിച്ചുനൽകൽ, പരിസരശുചീകരണം.

## F പൊതുവിതരണസമ്പ്രദായം

മാവേലി സ്റ്റോറുകൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ഓണച്ചന്തകൾ

# ഈ മേഖലയിലെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

## A. അഗതിപെൻഷൻ

ഈ പെൻഷനുകൾ നടപ്പിലാക്കുന്നത് റവന്യൂഡിപ്പാർട്ടുമെന്റു വഴിയാണ്. 65 വയസ്സാണ് ചുരുങ്ങിയ പ്രായ പരിധി. വരുമാനമായി 5000 രൂപയെന്ന് പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും 65 വയസ്സായാൽ ഭാര്യയും കൂടി ജീവിച്ചിരിപ്പുണ്ടെങ്കിൽ ഭൂസ്വത്തോ മറ്റ് ആസ്തികളോ ഉണ്ടെങ്കിൽ അവർക്ക് പെൻഷന് അർഹതയില്ല. മകനോ അതോടനുബന്ധിച്ചുള്ളവരോ പ്രതിമാസം 400കയെങ്കിലും വരുമാനമുള്ളവരായാൽ പെൻഷൻ അർഹതയില്ലാതെ വരും. കൂടാതെ പെൻഷൻ സമയാസമയങ്ങളിൽ വിതരണം നടത്തുന്ന കാര്യത്തിലും സർക്കാർ അലംഭാവം കാട്ടുന്നതായികാണുന്നു. ഇതോടനുബന്ധിച്ചുള്ള വികലാംഗപെൻഷന് പ്രായപരിധിയില്ലെങ്കിലും മെഡിക്കൽ ബോർഡിന്റെ മുമ്പിൽ വികലാംഗരെ ഹാജരാക്കുവാനും സർട്ടിഫിക്കറ്റ് വാങ്ങിയെടുക്കുവാനും പലർക്കും കഴിയാതെ വരുന്നു. വിധവകൾക്ക് പരിധി നിർണ്ണയിച്ചുകൊണ്ടുള്ള പെൻഷനുമാണ് നൽകിപ്പോരുന്നത്.

## B. കർഷകത്തൊഴിലാളി പെൻഷൻ

നാടിനെ ഊട്ടാനായി കൃഷിഭൂമിയിൽ രക്തം വിയർപ്പാക്കിയ കൃഷിത്തൊഴിലാളികൾക്കു ഏർപ്പെടുത്തിയിട്ടുള്ള ഈ പെൻഷൻ യഥാർത്ഥത്തിൽ അർഹിക്കുന്ന പലർക്കും കിട്ടാതെ വന്നിരിക്കുന്നു. നിയമചട്ടങ്ങളിലുള്ള വിവാഹിതരും പ്രായപൂർത്തിയായവരും തമ്മിലുള്ള ചേരിതിരിവിൽ വിവാഹിതരല്ലാത്ത മക്കൾ പ്രായപൂർത്തിയായവരുണ്ടെങ്കിൽ പെൻഷൻ ലഭിക്കാനുള്ള അർഹതയില്ലാതാകുന്നു. കൂടാതെ വരുമാനവും ആയിരത്തി അഞ്ഞൂറുരൂപ വ്യക്തി വാർഷികവരുമാനവും എന്ന മുൻതീരുമാനം കുടുംബവാർഷികവരുമാനം എന്നാക്കിയത് അവർക്കു പെൻഷൻ തടയാനും ഇടയാക്കുന്നു.

79

## C. കയർത്തൊഴിലാളിപെൻഷൻ

യഥാർത്ഥ കയർത്തൊഴിലാളികൾക്കു കൃത്യമായി പെൻഷൻ കിട്ടാനും സാദ്ധ്യത കാണുന്നില്ല. കൂടാതെ കയർത്തൊഴിലാളി പെൻഷന് വേണ്ടി ഈ മേഖലയിലെ വൃദ്ധരായ തൊഴിലാളികൾക്ക് അപേക്ഷയുമായി ചെന്നെത്താവുന്ന ദൂരത്തല്ല ഓഫീസ്സുകൾ.

55വയസ്സുകഴിഞ്ഞാൽ സാമ്പത്തികമായി വരുമാനമില്ലാത്തവർക്കെല്ലാം പെൻഷൻ എന്നത് അംഗീകരിക്കുകയും അത്തരത്തിലുള്ള പെൻഷൻ പദ്ധതികൾ നൽകുകയും ഏകോപിപ്പിക്കുകയും അതിന്റെ ചുക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും വേണം. കൂടാതെ പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകളിൽ സമയാസമയങ്ങളിൽ ഏൽപിക്കാനും സർക്കാർ തയ്യാറാകേണ്ടതുണ്ട്.

ഇതിനെല്ലാമുപരിയായി മാറിവരുന്ന സാമൂഹ്യപരിതഃസ്ഥിതിയിൽ മാറിയ കൂട്ടുകുടുംബവ്യവസ്ഥയിൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്കു പ്രാധാന്യമേറുമ്പോൾ പ്രായമായ മാതാപിതാക്കൾ പലർക്കും ഭാരമാണ്. ആയതിനാൽ അശരണരായ വൃദ്ധജനങ്ങൾക്കുവേണ്ടി ഒരു വൃദ്ധമന്ദിരം പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിക്കുകയും റേഷൻ, മെഡിക്കൽ സൗകര്യങ്ങൾ എന്നിവ ചെയ്തു കൊടുക്കുകയും വേണം.

## B സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ

തൊഴിലില്ലായ്മവേതനം, കുഷ്ഠ,ക്ഷയ,കാൻസർ രോഗികൾക്കുള്ള സഹായം, കേന്ദ്രസംസ്ഥാനസർക്കാരുകളിൽ നിന്നുള്ള ചികിത്സാസഹായങ്ങൾ മരണാനന്തരസഹായം, പ്രസവകാലസംരക്ഷണസഹായം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, തൊഴിലില്ലായ്മവേതനം എന്നിവയിലെ അപാകതകൾ ഒഴിവാക്കണം. മറ്റു സഹായങ്ങൾക്കെല്ലാം പരിധിയും ഉണ്ട്.

കയർത്തൊഴിലാളി ക്ഷേമനിധി, കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി, ബീഡിത്തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി-വിദഗ്ധത്തൊഴിലാളിക്ഷേമനിധി, ആഭരണത്തൊഴിലാളി ക്ഷേമനിധി. കർഷകത്തൊഴിലാളി ക്ഷേമനിധി. ചുമട്ടുതൊഴിലാളി ക്ഷേമനിധി, തുടങ്ങിയ പല പദ്ധതികളിലും ചെത്തുതൊഴിലാളി ക്ഷേമനിധിയൊഴികെ മറ്റൊന്നും തന്നെ ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല. ആയതിനാൽ ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കിത്തീർക്കാൻ വേണ്ട നടപടികൾ സർക്കാർ ഭാഗത്ത് നിന്നും സ്വീകരിക്കുകയും അംഗങ്ങളാകുക, വിഹിതം നൽകുക സഹായധനങ്ങൾ കൈപ്പറ്റുക എന്നീ സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ കൂടി സഹകരണം ഉറപ്പാക്കി ക്ഷേമനിധി ബോർഡുകൾ പരിഷ്ക്കരിക്കുക.

## C. ട്രൈസം ഉപകരണങ്ങൾ നൽകൽ

സാമൂഹ്യക്ഷേമപരിപാടികളുടെ ഭാഗമായി യുവജനങ്ങൾക്ക് തൊഴിൽ പഠനത്തിന് സ്റ്റൈപ്പന്റോടുകൂടിയ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ പടിയൂർ പഞ്ചായത്തിൽ കാര്യമായ നേട്ടം നൽകാൻ കഴിഞ്ഞിട്ടില്ല. പരിശീലനം നേടുന്നതിന് ആവശ്യമായ വ്യവസായ യൂണിറ്റുകൾ ഇല്ലാത്തതും സ്റ്റൈപ്പന്റായി അനുവദിക്കുന്ന സംഖ്യ ഉപയോഗിച്ച് അകലെയുള്ള വ്യവസായശാലകളിൽ പോയി പഠനംപൂർത്തിയാക്കാനാകാത്ത സ്ഥിതിയും കൂടാതെ ചുരുങ്ങിയ പഠനകാലം കൊണ്ട് തൊഴിൽ പഠിപ്പിക്കുവാൻ സാധിക്കാത്ത ചുറ്റുപാടും ട്രൈസം പരിപാടിയെ പരാജയത്തിലെത്തിക്കുന്നു. തൊഴിൽ പഠനം പൂർത്തീകരിക്കുന്നതിനാവശ്യമായ ചുറ്റുപാടുകളുള്ള പഠനസ്ഥാപനങ്ങൾ തിരഞ്ഞെടുക്കുകയും അവിടെ തൊഴിൽ പരിശീലനം പൂർത്തിയാക്കുന്നതിനാവശ്യമായ സ്റ്റൈപ്പന്റ് വിതരണം ചെയ്യുകയും ചെയ്യുന്നതോടൊപ്പം കൂടുതൽ പേർക്കു തൊഴിൽ പരിശീലനം നൽകുകയും ദുർബ്ബലവിഭാഗത്തിൽ പെട്ടവർക്കു സാങ്കേതികമായ തൊഴിൽ ലഭിക്കാനിടയാക്കുകയുംചെയ്യും.

അതുപോലെ ദുർബ്ബലവിഭാഗത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നൽകുന്നതിനുള്ള പരിപാടി ഹരിജനങ്ങളിലും IHDP കോളനികളിലും മാത്രമായി ചടങ്ങിന് ചുരുക്കിയതായി കാണുന്നു. കോളനികളെന്ന് കണക്കിലെടുക്കാതെ ആനുകൂല്യങ്ങൾ എല്ലാവർക്കും കിട്ടുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## D. മാതൃശിശുസംരക്ഷണപരിപാടി

ആരോഗ്യരംഗത്ത് ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനത്താണ് കേരളം. ഒരുപക്ഷെ വികസ്വരരാജ്യങ്ങളിൽ മുൻപന്തിയിലും എന്നാൽ കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യപരിപാലനകാര്യങ്ങളിൽ നമ്മുടെ പഞ്ചായത്ത്

വളരെ പിന്നിലാണ്. 9 വാർഡുകളുള്ള ഈ പഞ്ചായത്തിൽ 9 മഹിളാസമാജങ്ങളും അതിൽ ഒരെണ്ണം ബാലവാടിയും ആയിരുന്നു. ദൗർഭാഗ്യവശാൽ ഇന്ന് അവയെല്ലാം പലതും നിർത്തലാക്കുകയും ചിലത് ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുകയുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ചെറിയ സഹായങ്ങളുണ്ടായിരുന്നു. എന്നാൽ ഇവയ്ക്കൊന്നും നിലനിൽക്കാനാകാത്ത സാമൂഹ്യപശ്ചാത്തലമാണ് ഇന്ന് നിലനിൽക്കുന്നത്. ചുരുങ്ങിയ വേതനത്തിനായി സാമൂഹ്യസേവനം നടത്താനാളില്ലാത്തതിനാലും സേവനസന്നദ്ധരുമായ സ്ത്രീകളുടെ അഭാവവും ഈ രംഗത്തുണ്ട്. കൂടാതെ ആരെങ്കിലും ഈ കാര്യത്തിൽ മുൻകൈയ്യെടുക്കുകയാണെങ്കിൽ തന്നെ അവരെ തുടർച്ചയായി നിലനിർത്താനാവശ്യമായ ഒരു സംവിധാനവും നാട്ടിലില്ലതന്നെ. ഈപരിതഃസ്ഥിതിക്കെതിരായ ഫലപ്രദമായ പ്രചരണവും ബോധവൽക്കരണവും തുടർന്നും നടത്തേണ്ടതായുണ്ട്. കൂടാതെ 1000ൽപരം ആളുകൾക്ക് 1 മഹിളാസമാജം എന്നരീതിയിലും 20 മഹിളാസമാജങ്ങളെങ്കിലും പദ്ധതി കാലയളവിൽ ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിലഭിക്കാനാവശ്യമായ സംവിധാനവും ആ മഹിളാസമാജങ്ങൾക്ക് അംഗൻവാടികളും ഉണ്ടാകുന്നതിന് ആസൂത്രിതപദ്ധതികളും ഉണ്ടാകണം. പഞ്ചായത്ത് ഈയാവശ്യത്തിലേയ്ക്കുള്ള സ്ഥലം ലഭ്യമാക്കുകയും വേണം. കൂടാതെ കുട്ടികൾക്കും അമ്മമാർക്കും ആവശ്യമായ പ്രതിരോധകുത്തിവയ്പുകൾ മഹിളാസമാജങ്ങൾ വഴികാലാകാലങ്ങളിൽ നടത്താൻ ആവശ്യമായ ക്രമീകരണങ്ങളുണ്ടാക്കുകയും വേണം.

## F. പൊതുവിതരണകേന്ദ്രം മാവേലിസ്റ്റോർ ഓണച്ചന്തകൾ

പൊതുവിപണിയിൽ നിത്യോപയോഗസാധനങ്ങളുടെ വിലകുതിച്ചുയരാതെ പിടിച്ചുനിർത്തുന്നതിലേക്കായി സർക്കാർ രൂപം നൽകിയ പദ്ധതികളാണിവ. ഈ പഞ്ചായത്തിൽ 8 പൊതുവിതരണകേന്ദ്രങ്ങളുണ്ട്. ഒരു മാവേലി സ്റ്റോറും ഉണ്ട്. ഈ പൊതുവിതരണകേന്ദ്രങ്ങൾ അപര്യാപ്തമാകയാൽ ഇപ്പോഴും കിലോമീറ്ററുകളോളം ആളുകൾക്ക് നടക്കേണ്ടതായി വരുന്നു. ചിലപൊതുവിതരണ കേന്ദ്രം നടത്തിപ്പുകാർ അവരുടെ സൗകര്യാർത്ഥം അവശ്യസാധനങ്ങൾകൊണ്ടുവരുന്നതിനാൽ ദൂരെയുള്ളവർക്കൊന്നും പൊതുവിതരണകേന്ദ്രം വഴിയുള്ള സൗകര്യങ്ങൾ ലഭ്യമാകാതെ വരുന്നു. ആയതിനാൽതന്നെ പൊതുവിതരണകേന്ദ്രം വഴിയുള്ള ന്യായവിലസാധനങ്ങളുടെ വില്പനയുടെ ഗുണഫലം. പൊതുവിതരണ കേന്ദ്രത്തിനരികെയുള്ള ഗുണഭോക്താക്കൾക്കും കരിഞ്ചന്തക്കാർക്കും പ്രയോജനം ഉണ്ടാക്കുന്ന സ്ഥിതി വരുന്നു. പലരും വിതരണകേന്ദ്രത്തിൽ ലഭ്യമായ എല്ലാ സാധനങ്ങളും എത്തിക്കുന്നില്ല തന്നെ. പൊതുവിതരണ ശൃംഖലയെ കൂടുതൽ സൗകര്യപ്രദമായ ഒരു ഉടച്ചുവാർക്കലിന് വിധേയമാക്കണം. അതുപോലെത്തന്നെ മാവേലിസ്റ്റോറിന്റെ പ്രവർത്തനവും സമീപവാസികൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ഓരോവാർഡിലും ഓരോ പൊതുവിതരണകേന്ദ്രമെങ്കിലും ഉണ്ടായിരിക്കുക, സിവിൽ സപ്ലൈസ് വിഭാഗത്തിന്റെ കീഴിലുള്ള ഈ പൊതുവിതരണകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനും പഞ്ചായത്തിലെ അധികാരപ്പെട്ടവർക്ക് സഹായകരമാകുന്ന സംവിധാനമുണ്ടാക്കുക, ആ സംവിധാനത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അംഗീകരിക്കുവാനുള്ള നിയമാനുസൃതമായ ബാദ്ധ്യത സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനുണ്ടാവുന്ന എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രാവർത്തികമായാലേ ഇന്നീരംഗത്തുള്ള പല ക്രമക്കേടുകളും അഴിമതികളും അവസാനിപ്പിക്കുവാനും പൊതുജനങ്ങൾക്ക് ഗുണഫലങ്ങൾ ലഭ്യമാക്കുവാനും സാധിക്കുകയുള്ളൂ.

പൊതുവിതരണ കേന്ദ്രങ്ങൾ വഴി നല്കുന്ന സാധനങ്ങൾ എത്രയെന്നുള്ള വിവരം സപ്ലൈ ഓഫീസർ ഗ്രാമപഞ്ചായത്തുകളെ അറിയിക്കുക.

# സംസ്ക്കാരം

## " സംസ്ക്കാരം മനുഷ്യരുടെ ജൈവവാസനകളെ ഉണർത്തി കർത്തവ്യ നിരതരാക്കി മാറ്റുന്നു."

നമ്മുടെ നാടിൻെറ സംസ്ക്കാരത്തെ നിർണ്ണയിക്കുന്നത് ഇവിടത്തെ സമൂഹങ്ങളുടെ സംഭാവനകളാണ്. പല വിഭാഗങ്ങളും തമ്മിൽ തമ്മിൽ കൈമാറുകയും സാംക്രമിക്കുകയും ചെയ്താണ് പടിയൂരിൻെറ ഇന്നിൻെറ സംസ്ക്കാരം നിലവിൽ വന്നത്.

ഓരോ വിഭാഗത്തിനും അവരുടേതായ സംസ്ക്കാരമുണ്ട്. ഈഴവർ, നായൻമാർ, വേലൻമാർ, കുഡുംബികരം, വേട്ടുവ, നമ്പൂതിരിമാർ, ക്രിസ്ത്യാനികരം, മുസ്ലീം, പുലയർ, പറയർ, അരയൻ, പാണർ, വിശ്വകർമ്മ, കുംബാരൻമാർ, ആംഗ്ലോ ഇന്ത്യൻസ് എന്നിവരാണ് ഈ സംസ്ക്കാരത്തിൻെറ ദാതാക്കരം. മേൽ ജാതി കുടുംബങ്ങളുടെ എണ്ണം കുറവായതിനാൽ ജാതി വ്യവസ്ഥയുടെ കാഠിന്യം രൂക്ഷമായി അനുഭവപ്പെട്ടിരുന്നില്ല.

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങരംക്ക് ആരാധനാലയങ്ങരം ഉണ്ട്. സവർണ്ണ ക്ഷേത്രങ്ങളായിരുന്ന വൈക്കം ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, പോത്താനി ശിവക്ഷേത്രം എന്നിവ ഇപ്പോരം ദേവസ്വം ബോർഡിൻെറ കീഴിലും, എടതിരിഞ്ഞി ശിവകുമാരേശ്വര ക്ഷേത്രം ഹിന്ദു ധർമ്മപ്രകാശിനി സമാജത്തിൻെറ കീഴിലും ഉള്ള പൊതു ക്ഷേത്രങ്ങളാണ്. വൈക്കത്തേയും ശിവകുമാരേശ്വര ക്ഷേത്രത്തിലേയും ഉത്സവങ്ങരം ഈ നാട്ടിലെ മുഴുവൻ ജനങ്ങളുടേയും ആഘോഷങ്ങളാണ്. ഇവിടെ നടക്കുന്ന കാവടിയാട്ടവും, പ്രാദേശിക സെറ്റുകളുടെ മത്സര സ്വഭാവത്തോടെയുള്ള ആനപൂരവും കൂട്ടിയെഴുന്നുള്ളിപ്പും, കുഡുംബികളുടെ ഹോളി മഹോത്സവവും, ക്രൈസ്തവ വിഭാഗക്കാരുടെ അമ്പു പെരുന്നാളും മുസ്ലീം സമുദായങ്ങളുടെ പെരുന്നാളുകളോട് അനുബന്ധിച്ച് നടത്തപ്പെടുന്ന അറവനമുട്ട് ഉരംപ്പെടെയുള്ള കലാപരിപാടികളും ആകർഷണീയമാണ്.

സാംസ്ക്കാരിക രംഗത്ത് തിളക്കം കാണിക്കാൻ നമുക്കായിട്ടില്ലെങ്കിലും തനിമയുള്ള ഒരു ഗ്രാമീണ കലാസമ്പത്തിൻെറ ഉടമകളായിരുന്നു നാം. മനോഹരമായ തേക്ക്പാട്ടിൻെറ ഈണങ്ങളും, കൈക്കൊട്ടികളിയുടെ ശാലീനതയും, ഞാറ്റടിപ്പാട്ടിൻെറ ഈണങ്ങളും, കളമെഴുത്തുപാട്ടിൻേറയും, ഉണർത്തുപാട്ടിൻേറയും മാധുര്യവും, പുള്ളുവൻ പാട്ടിൻെറ സാന്നിദ്ധ്യവും കൊണ്ട് നമ്മുടെ നാട് ഉണർന്നിരുന്നു. ഇവയിലധികവും ഈ നാട്ടിലെ പണിയാളൻമാർ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളും, ജീവിത ക്ലേശങ്ങളും മറക്കാൻ ഉപയോഗിച്ചവയായിരുന്നു.

മറ്റേതൊരു നാടിൻേറയും പോലെ സാംസ്ക്കാരിക ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ടാണ് ഇവിടെയും വായനശാലകളും ക്ലബ്ബുകളും, ഗ്രന്ഥാലയങ്ങളും മറ്റും ആരംഭിക്കുന്നത്. വിവിധ കാലഘട്ടങ്ങളിലായി 38 ഓളം ക്ലബ്ബുകളും വായനശാലകളും ഇവിടെ ഉദയം ചെയ്തിരുന്നു. കുറച്ചുകാലങ്ങരംക്കുശേഷം അവയിൽ പലതും നാമാവശേഷമായി എന്നതാണ് പഴമയുടെ ചരിത്രം പറയുന്നത്. അന്യം നിന്നുപോയവയിൽ എടുത്തുപറയാവുന്ന സംഭാവനകരം നൽകിയ ചിലതാണ് അക്ഷര ചരുവന്തറ, നവോദയ പടിയൂർ, ടി. എം. വി. കലാമന്ദിരം ചെട്ടിയാൽ, നാഷ്ണൽ ക്ലബ്ബ്, കാക്കാത്തുരുത്തി ജവാഹർ, പി. വൈ. എം. എ., 50 വർഷത്തിലധികം പഴക്കമുണ്ടായിരുന്ന എടതിരിഞ്ഞി ഗ്രാമീണ വായനശാല എന്നിവ. ക്ലബ്ബ് സാംസ്ക്കാരിക പ്രവർത്തനങ്ങളിലൂടെ രംഗത്ത് വന്ന് രചനാ വൈഭവം പ്രദർശിപ്പിച്ച ക്ലീറ്റസ് പടിയൂരും അഭിനയ രംഗത്ത് നാടകവേദിയിലൂടെ

കടന്നുവന്ന് സിനിമാരംഗംവരെ എത്തിയ അശോകൻ പുല്ലാനിയും നമ്മുടെ പഞ്ചായത്തിൻെറ സംഭാവനകളാണ്. ഇതിൽ ക്ലീറ്റസ് പടിയൂർ എന്നവ്യക്തിയുടെ രചന സർവ്വകലാശാല തലത്തിൽ പാഠപുസ്തകമായി അംഗീകരിച്ചിട്ടുണ്ട്.

ഇന്നും നില നിൽക്കുന്നവയും പ്രവർത്തന രംഗത്തുള്ളതുമായ ക്ലബ്ബുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

1948ൽ നവോദയ എന്ന പേരിൽ മാരാംകുളത്തിനടുത്ത് ഏതോ ഒരു വ്യക്തിയുടെ നല്ല മനസ്സുകൊണ്ട് താല്ക്കാലികമായി പ്രവർത്തിക്കാൻ സമ്മതം തന്നതായ, വഴിയമ്പലം എന്ന കെട്ടിടത്തിൽ നിന്ന് തുടക്കം കുറിച്ച് മറ്റ് പല ഔദാര്യ മനസ്സുകളുടെ അനുവാദം കൊണ്ട് പല കെട്ടിടങ്ങളായി മാറിമാറി പ്രവർത്തിച്ചുകൊണ്ട് 1951ൽ തന്നെ തിരു-കൊച്ചു ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞ ഇന്നത്തെ പടിയൂർ ഗ്രാമീണ വായനശാല 1982-ൽ സ്വന്തമായി രണ്ടു സെൻറ് സ്ഥലം സ്വരൂപിച്ചു. വിവിധ കാലഘട്ടങ്ങൾക്കിടയിലെല്ലാം ഇതിൻെറ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടെങ്കിലും ഇന്നും ഇതിൻെറ പ്രവർത്തനം ഉയർച്ചയിലേക്കാണ്. എന്നാൽ വളരെ ചെറിയ, ഇടുങ്ങിയ ഒരു വാടക മുറിയിലാണ് ഇതിൻെറ പ്രവർത്തനം നടക്കുന്നത് എന്നതാണിതിൻെറ ന്യൂനത. ഗ്രന്ഥ സംഭരണത്തിൻെറ കാര്യത്തിൽ ഈ വായനശാല നല്ല നിലവാരം പുലർത്തിപോന്നിട്ടുണ്ട്.

1994-ൽ സർക്കാരിൻെറ നിർദ്ദേശപ്രകാരം, സാംസ്ക്കാരിക കേന്ദ്രത്തിലും ഒരു നല്ല വായനാശാല പ്രവർത്തിക്കുന്നു. എന്നാൽ ഇതുവരെയും ഇത് ഗ്രന്ഥശാല അഫിലിയേഷൻ നേടി കഴിഞ്ഞിട്ടില്ല. നിലവിലുള്ള എല്ലാ ക്ലബ്ബുകളും സാംസ്ക്കാരിക രംഗത്ത് പല പ്രവർത്തനങ്ങളും കാഴ്ചവച്ചിട്ടുണ്ടെങ്കിലും പ്രവർത്തന വൈവിധ്യം കൊണ്ട് ''സാംസ്ക്കാരിക ക്ലബ്ബ്'' ശ്രദ്ധേയമാണ്.

നമ്മുടെ നാട്ടിലെ സിനിമാ തിയ്യേറ്ററുകളും സാംസ്ക്കാരിക രംഗത്തെ സ്വാധീനിച്ചിട്ടുണ്ട്. 1946 മുതൽ സിനിമാ തിയ്യേറ്ററുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് നിലവിലുള്ളത് ഒരെണ്ണം മാത്രമാണ്. പൊതുവെ ഇന്ന് സാംസ്ക്കാരിക അപചയത്തിനാണ് സിനിമകൾ വഴി ഒരുക്കുന്നത്.

കായിക രംഗത്ത് ഇന്നലെകൾക്ക് നേട്ടങ്ങൾ അധികം ഇല്ലെങ്കിലും പ്രോത്സാഹനം കിട്ടിപ്പോന്നിട്ടുണ്ട്. നമ്മുടെ നാട്ടിലെ പഴയകാല കളികൾ മാസ്കളി, ഏറുപന്തുകളി, കബഡി കളി, കുറ്റിയും കോലും കളി, തലപ്പന്തുകളി, കോട്ടകളി, കുഴിപന്തുകളി, സുല്ലം വീടികളി, കൊയ്ത്ത് ഒഴിഞ്ഞപാടത്തെ ഫുട്ബോളുകളി എന്നിവയെല്ലാം ആയിരുന്നു. വോളിബോളിന് ഒരു തിളക്കമുള്ള ചരിത്രവുമുണ്ട്. വളരെ പ്രശസ്തമായ ടൂർണ്ണമെൻറുകൾ പോലും നമ്മുടെ നാട്ടിൽ സംഘടിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് കായിക രംഗത്ത് ക്രിക്കറ്റ് എന്ന ഒറ്റ കളിയിലേയ്ക്ക് മാത്രം ഒതുങ്ങുന്ന സ്ഥിതി വിശേഷമാണ് കാണുന്നത്.

**പ്രശ്നങ്ങൾ**

1. ഇന്ന് ലഭിക്കുന്ന വിദ്യാഭ്യാസം സാംസ്ക്കാരിക വളർച്ചയ്ക്ക് ഉതകുന്നതല്ല.
2. സാംസ്ക്കാരിക ഉയർച്ചക്കായി രൂപം കൊള്ളുന്ന ക്ലബ്ബുകളും മറ്റും പ്രോത്സാഹനമില്ലാത്ത തുകൊണ്ട് മുരടിച്ചുപോകുന്നു.
3. ഇന്ന് ബഹുഭൂരിപക്ഷം വരുന്ന ആളുകൾക്കും വായനശാലയുടെ സൗകര്യം ഉപയോഗ പ്പെടുത്താൻ കഴിയുന്നില്ല.
4. കായിക രംഗത്ത് പരിശീലനം നേടുന്നതിന് ഗ്രൗണ്ടുകളുടെ അപര്യാപ്തത.
5. നീന്തൽക്കുളങ്ങളുടെ അപര്യാപ്തത.
6. കേരളോത്സവം സംഘടിപ്പിക്കുന്ന കാലം ഉചിതമല്ല.

7. പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അവസ്ഥ.
8. നാടക രംഗത്ത് പ്രതിഭകൾ ഉണ്ടെങ്കിലും വളരാൻ കഴിയുന്നില്ല.
9. ടി. വി. ജീവിത യാഥാർത്ഥ്യത്തിൽ നിന്ന് അകറ്റുന്നു.

   ടി. വി.യിലൂടെ ഇന്ന് ലഭിക്കുന്നത് കമ്പോള സംസ്ക്കാരമാണ്. വനിതകൾ ഉൾപ്പെടെ കലകളിൽ ഒന്നും പങ്കാളിത്തമില്ലാതെ അലസരായി ടി. വി.യ്ക്ക് മുന്നിൽ ചടഞ്ഞിരിക്കുന്ന ജനത.
10. പൈങ്കിളി മാസികകളുടെ സ്വാധീനം ഇപ്പോഴും നിലനിൽക്കുന്നു.

**നിർദേശങ്ങൾ**

1. അന്യം നിന്നുപോയ നാടൻ കലകളെ വീണ്ടെടുത്ത് പ്രോത്സാഹിപ്പിക്കുക.
2. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടി കേരളോത്സവത്തെ വാർഡ് തല കേരളോത്സവങ്ങളാക്കി പ്രയോജനപ്പെടുത്തണം.
3. കേരളത്തിൻെറ തനതു കലാരൂപങ്ങൾക്ക് ഉന്നത സംഭാവനകൾ അർപ്പിച്ചിട്ടുള്ളവർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ സേവനം യുവതലമുറയ്ക്ക് പ്രയോജനപ്പെടുത്താനാവശ്യമായ നടപടികൾ ഉണ്ടാക്കണം.
4. അഭിനയ രംഗത്ത് താല്പര്യമുള്ളവർക്ക് ശില്പശാലകൾ സംഘടിപ്പിക്കണം.
5. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കളികൾക്കായി വേദിയൊരുക്കണം.
6. രചനാ വൈഭവം വർദ്ധിപ്പിക്കുന്നതിനായി എഴുത്തുകാർക്ക് പഞ്ചായത്ത് തല വർക്ക്ഷാപ്പുകൾ സംഘടിപ്പിക്കണം.
7. ഗ്രാമീണ വായനശാലയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതായിരിക്കണം ആദ്യം പരിഗണിക്കേണ്ടത്.
8. സഞ്ചരിക്കുന്ന വായനശാല ആരംഭിക്കണം.
9. ഗ്രന്ഥ ശേഖരണം വിപുലപ്പെടുത്തണം.
10. ഗ്രാമ പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിന് അഫിലിയേഷൻ നേടണം.
11. പഞ്ചായത്ത് തല മാഗസിൻ പ്രസിദ്ധീകരിക്കണം.
12. വായനശാലകളിൽ കുട്ടികൾക്കായുള്ള വിഭാഗം ഏർപ്പെടുത്തണം.
13. സാംസ്ക്കാരിക മൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ ക്ലബ്ബുകൾ പ്രാദേശികമായി ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
14. നിലവിലുള്ള ക്ലബ്ബുകളെയും വായനശാലകളേയും ഏകോപിച്ചുകൊണ്ടുള്ള പഞ്ചായത്ത് തല കോ-ഓർഡിനേഷൻ.
15. വനിതകളെ സമൂഹത്തിൻെറ ഉന്നത നിലയിലേയ്ക്ക് ഉയർത്തുന്നതിനായി വനിതാ ക്ലബ്ബുകൾ വേണം.
16. സ്പോർട്സ് രംഗത്ത് സമഗ്രവികസനമായിരിക്കണം ലക്ഷ്യം.
17. സ്പോർട്സിൻെറ വികസനത്തിന് നിലവിലുള്ള പഞ്ചായത്ത് ഗ്രൗണ്ട് 200 മീറ്റർ ട്രാക്കിടാൻ പറ്റും വിധമെങ്കിലും വിസ്തൃതി വർദ്ധിപ്പിച്ച് മണ്ണിട്ട് ഉയർത്തണം. നീന്തലിൽ പ്രോത്സാഹനം നൽകുന്നതിന് ഉപയോഗ ശൂന്യമായ പൊതു കുളങ്ങൾ നീന്തൽക്കുളങ്ങളാക്കി മാറ്റണം.
18. പഞ്ചായത്ത് ബജറ്റിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തണം.

**ബ്ലോക്ക് / ജില്ലാ തലത്തിലേക്കുള്ള നിർദ്ദേശങ്ങൾ**

1. ഓപ്പൺ എയർ തിയ്യറ്റർ സ്ഥാപിക്കുക.
2. കലാകായിക രംഗത്ത് പിഞ്ചു കുട്ടികൾ ആയിരിക്കുമ്പോൾ തന്നെ നൈസർഗ്ഗിക വാസനകളെ ഉണർത്താനുള്ള സംവിധാനം ഉണ്ടാക്കണം.

*

# നിലവിലുള്ള കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾ

| നമ്പ്ര് | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർ മാരുടെ എണ്ണം | കെട്ടിട ത്തിന്റെ വിവരം | ധന സഹായ ത്തിന്റെ വിവരം | ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1. | ഗ്രാമീണ വായനശാല പടിയൂർ | 1951-ൽ (രെജി.) (കേരള സ്റ്റേറ്റ് ലൈബ്രറി) രജി 96 ൽ പുതുക്കി | 63 | വാടക | ഉണ്ട് | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | 6,7,8,9, വാർഡുകരം ഉരംക്കൊള്ളുന്നു പ്രദേശത്തെ സാംസ്ക്കാരിക വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു. |
| 2. | സന്തോഷ് ആർട്സ് സ്പോർട്സ് ക്ലബ്ബ് പടിയൂർ | 1967 | 35 | ഇല്ല | ഇല്ല | ഇല്ല | കലാകായിക സാംസ്ക്കാരിക മേഖലയിൽ പ്രവർത്തിക്കുന്നു. |
| 3. | ന്യൂ പ്രോഗ്രസീവ് യംങ്ങ് മാൻ അസോസിയേഷൻ, എടതിരിഞ്ഞി | 1970 | 22 | വാടക | ഇല്ല | നെഹ്റു യുവകേന്ദ്ര | സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നു. |
| 4. | സോഷ്യൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് എടതിരിഞ്ഞി | 1979 | 40 | വാടക | ഇല്ല | | സ്പോർട്സ് രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നു. |
| 5. | സാസ്ക്കാരിക, എടതിരിഞ്ഞി | 1993 | 30 | സ്വന്തം | ഇല്ല | | സാംസ്ക്കാരിക രംഗം, കലാ രംഗം |
| 6. | യുവ രശ്മി ക്ലബ്ബ് | 1994 | 115 | വാടക | ഇല്ല | നെഹ്റു യുവകേന്ദ്ര, തൃശ്ശൂർ | സാമൂഹ്യക്ഷേമം, കലാകായിക ക്ഷേമം മുതലായവ. |
| 7. | പടിയൂർ ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാല-വായനശാല | 1994 | 259 | സ്വന്തം | ഉണ്ട് | ഇല്ല | സാംസ്ക്കാരിക രംഗത്ത് |
| 8. | യുവപ്രതിഭ | 1994 | 30 | ഇല്ല | ഇല്ല. | ഇല്ല | കലാകായിക സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നു. |

85

# വനിത

സാമൂഹിക പുരോഗതിയിൽ സ്ത്രീകളുടെ പങ്ക് അത്യന്താപേക്ഷിതമാണെന്ന് നമുക്കറിയാം. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുമുമ്പും, ഇന്നും, നാം കേട്ടുവരുന്ന ആശയമാണല്ലോ വനിതകളുടെ മോചനം. പക്ഷേ ഇന്നുവരെയുള്ള സ്ത്രീചരിത്രം പരിശോധിച്ചാൽ ദുരിതപൂർണ്ണമായ ഏടുകളായിരിക്കും നമുക്ക് കാണാൻ കഴിയുന്നത്.

ഇന്നത്തെ സാമൂഹിക പരിസ്ഥിതിയിൽ സ്ത്രീകളുടെ ദിനങ്ങൾ വെല്ലുവിളികളുടേതാണ്. സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവന്നിട്ടുണ്ടെങ്കിലും, അവരിൽ പലർക്കും ഉയർന്ന നിലവാരത്തിലെത്താൻ കഴിയുന്നില്ല. ഇന്നും പൊതുരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളെ സമൂഹം ദോഷൈകദൃഷ്ടിയിൽ വീക്ഷിക്കുകയും, മാനസികമായി പീഢിപ്പിക്കുന്നതിൽ ആഹ്ലാദം കണ്ടെത്തുകയും ചെയ്യുന്നു. ഈ വ്യവസ്ഥിതിക്ക് സമൂലമായ മാറ്റം വന്നാലേ, ഈ അദൃശ്യവിഭാഗത്തെ സമൂഹത്തിന്റെ മുൻപന്തിയിലെത്തിക്കുവാൻ കഴിയൂ.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീവിഭാഗത്തെ വിലയിരുത്തുമ്പോൾ, ആദ്യമായ സ്ഥാനമർഹിക്കുന്നത്, അവിഭക്ത പഞ്ചായത്ത് ഭരണസമിതിയിലേക്ക് ഗവൺമെന്റ് നോമിനി അംഗവും, ആദ്യപ്രതിനിധിയുമായ കുടുംബി സമുദായത്തിലെ ശ്രീമതി ഓളിപറമ്പിൽ സരസ്വതി ഭാസ്ക്കരൻ ആണ്. 1991ലെ സെൻസസ് പ്രകാരം, പഞ്ചായത്തിലെ വനിതകളുടെ എണ്ണം 9124ഉം, പുരുഷൻമാരുടെ എണ്ണം 7189ഉം ആണ്. ഭൂരിഭാഗം പേരും സാക്ഷരത കൈവരിച്ചിട്ടുണ്ട്.

സ്ത്രീകളുടെ തൊഴിൽ മേഖല പരിശോധിക്കുമ്പോൾ, കൃഷി, തഴപ്പായനെയ്ത്ത്, കയറ്പിരി, കെട്ടിട നിർമ്മാണം, സെയിൽസ്ഗേൾ, മുതലായവയും, ഇതിനെല്ലാം പുറമെ നാമെല്ലാം അവഗണിച്ചുകൊണ്ടിരിക്കുന്ന അദൃശ്യമേഖലയും അടുക്കളപ്പണി, മറ്റ് വീട്ടുജോലികൾ നൂതനസാങ്കേതികരംഗത്ത് പരിശീലനം നേടിയവരും ഈ പഞ്ചായത്തിലുണ്ട്.

ഔദ്യോഗിക ജോലിക്ക് ശേഷം, ഗാർഹിക ജോലിയും ചെയ്യേണ്ടിവരുന്ന വനിതകൾക്ക് ശാരീരിക പീഢനത്തോടൊപ്പം, മാനസിക പിരിമുറുക്കത്തിന്റെയും ഭാരമേറ്റേണ്ടി വരുന്നു. ഇതിന് പുറമെ പുരുഷമേധാവിത്വത്തിന്റെ തിക്തഫലങ്ങളും വനിതകളുടെ മാനസികവളർച്ചയ്ക്ക് തടയിടുന്നു

സമൂഹത്തിൽ കാണുന്ന മറ്റൊരു പ്രവണത മധ്യവയസ്ക്കരായ വിധവകളുടെ എണ്ണം വർദ്ധിക്കുന്നു എന്നതാണ്. മിക്ക, ഉയർന്ന വിദ്യാഭ്യാസം നേടിയവരും, സാങ്കേതിക ജ്ഞാനമുള്ളവരും സാമൂഹ്യമാറ്റത്തിന് മുതൽക്കൂട്ടാവാൻ തുനിയാതെ അടുക്കളയുടെ മറവിൽ ഒതുങ്ങിക്കൂടുന്നു.

സ്ത്രീധനം ഇന്ന് സമൂഹത്തെ കാർന്നുതിന്നുന്ന ഒരു വിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ ആകർഷണവും, ടി.വിയുടെ അതിപ്രസരണവും സ്ത്രീകളെ ഗൃഹാന്തരീക്ഷത്തിൽ ഒതുങ്ങിക്കൂടാൻ പ്രേരിപ്പിക്കുന്ന മറ്റൊരു വിപത്താണ്.

സ്ത്രീജന്യ രോഗങ്ങൾക്ക്, നേരാംവണ്ണമുള്ള ചികിത്സയ്ക്ക് തുനിയാത്തതും, ഭക്ഷ്യപോഷകങ്ങളുടെ ദൗർലഭ്യതയുമാണ് ആരോഗ്യരംഗത്ത് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ.

പഞ്ചായത്തിൽ 8 മഹിളാസമാജവും, 1 ബാലവാടിയും, ഉണ്ടായിരുന്നു. പിന്നീട് ബാലവാടിയെ അംഗൻവാടിയായി ICDS ഏറ്റെടുത്തു. നിലവിൽ 2 DWCRA യൂണിറ്റ് ഉണ്ട്. പോത്താനി മേഖലയിൽ ചിപ്സ് യൂണിറ്റും, പടിയൂർ മേഖലയിൽ ഒരു രാമച്ച യൂണിറ്റും ഉണ്ട്.

സാമൂഹിക സാമ്പത്തിക രംഗത്ത് വനിതകൾ വളരെ ദുർബ്ബലരാണ്. സാമൂഹ്യതുല്യതയ്ക്ക് വേണ്ടിയുള്ള സ്ത്രീകളുടെ പുതിയ മുന്നേറ്റം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സ്വയാശ്രിതസംഘട്ടം, കൈവരിക്കുവാനുള്ള ശ്രമമെന്ന നിലയിൽ ഇവരുടെ വരുമാനമാർഗ്ഗം ഉയർത്തുവാനുള്ള ഒരു കർമ്മപദ്ധതിയാണ് നാളെകളിൽ നമുക്ക് വേണ്ടത്.

## പ്രശ്നങ്ങൾ

1. മഹിളാസംഘടനകൾ എന്നപേരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, സ്ത്രീകളുടെ കൂട്ടായ്മയ്ക്കും ഇവരുടെ പ്രശ്നപരിഹാരത്തിനും വേണ്ട തൃപ്തികരമായ നടപടികൾ ഇല്ല.
2. സ്ത്രീകളിലെ തൊഴിൽ വാസന കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുള്ള കേന്ദ്രങ്ങളില്ല.
3. മാന്യത എന്ന സങ്കൽപ്പം സ്ത്രീകൾ കരുതുന്നത് മൂലം തൊഴിൽ രംഗത്ത് ചൂഷണം ചെയ്യപ്പെടുന്നു. (സെയിൽസ് ഗേൾ)
4. സ്വയം തൊഴിൽ രംഗത്ത് കടന്നുവന്നാൽ വിജയിക്കില്ലെന്ന ആശങ്ക നിലനിൽക്കുന്നു.
5. ആരോഗ്യപരിപാലനരംഗത്ത് പോരായ്മകൾ കാണുന്നു.
6. കുട്ടികളിലും അമ്മമാരിലും പോഷകാഹാരക്കുറവ് കാണുന്നു.
7. മഹിളാസമാജങ്ങൾ ഉണ്ടായിരുന്നത് പലതും പ്രവർത്തനക്ഷമമല്ല.

8. സ്വയംതൊഴിൽ ഉപകരണങ്ങളുടെ വിതരണത്തിൽ അശാസ്ത്രീയത നിലനിൽക്കുന്നു (ഉദാ : തയ്യൽ മെഷീൻ ഗ്രൂപ്പായി നൽകുന്നത്)
9. ഒരേ തൊഴിൽ രംഗത്തും സ്ത്രീപുരഷ കൂലി വ്യത്യാസം കാണുന്നു.
10. ചില വീടുകളിലെ പുരുഷന്മാരുടെ പീഢനങ്ങൾ (മദ്യപാനം)
11. പെൻഷൻ തുടങ്ങിയ സഹായങ്ങൾ അർഹരായവർക്ക് ലഭ്യമാകുന്നില്ല.
12. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നഴ്സറികൾക്ക് അംഗീകാരമില്ല.
13. സ്ത്രീപീഢനക്കേസുകൾ പരിഹരിക്കുന്നതിനുള്ള നിയമവ്യവസ്ഥകളിൽ പോരായ്മകൾ നിലനിൽക്കുന്നു.

## നിർദ്ദേശങ്ങൾ

1. അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനം, വ്യാപിപ്പിച്ചാൽ പൊതുരംഗത്ത് സംഘടിതശേഷിയും, ഗണ്യമായ് മെച്ചപ്പെടുത്താം.
2. സ്ത്രീവ്യവസായയൂണിറ്റുകളും സഹകരണ അടിസ്ഥാനത്തിൽ രൂപീകരിച്ചും, കുടിൽ വ്യവസായസ്വയം തൊഴിൽ യൂണിറ്റുകൾ സ്ഥാപിച്ചും, തൊഴിൽ മേഖല മെച്ചപ്പെടുത്താം. (ഉദാ: സോപ്പ്, കുട, ചന്ദനത്തിരി, റെഡിമെയ്ഡ്, ഇലക്ട്രോണിക്സ് കയറുൽപ്പന്നങ്ങൾ)
3. സമഗ്ര പച്ചക്കറിത്തോട്ടങ്ങൾ, കൃഷിഭവന്റെ നേതൃത്വത്തിൽ ഉണ്ടാക്കണം.
4. കോഴിവളർത്തൽ, ആടുവളർത്തൽ, ഔഷധസസ്യങ്ങൾ, അലങ്കാരച്ചെടികൾ, അലങ്കാരമത്സ്യങ്ങൾ
5. വാർഡിൽ ഓരോ അംഗൻവാടികളും സ്ഥാപിക്കണം.
6. പഞ്ചായത്ത്തലത്തിൽ വനിതാസംരക്ഷണസമിതിയും ഉപദേശസമിതിയും രൂപീകരിക്കണം.
7. സ്ത്രീപീഢനകേസുകളിലെ പോരായ്മകൾ പരിഹരിക്കാൻ പ്രത്യേകകോടതികളും നടപടികളും വേണം.
8. എല്ലാ അംഗൻവാടികളിലും ആതുരശുശ്രൂഷ നിർബന്ധമാക്കണം.
9. പഞ്ചായത്ത് നേതൃത്വത്തിൽ മഹിളാക്ലാസ്സ് തുടങ്ങുകയും കലാകായിക സാംസ്ക്കാരികരംഗത്ത് അവരെ പങ്കെടുപ്പിക്കുകയും വേണം.

## പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

# സബ്സിഡികളല്ല സ്വാശ്രയത്തമാണ് ആവശ്യം

**[ആസൂത്രണത്തിൻെറ ആത്യന്തികമായ ലക്ഷ്യമെന്നാൽ സാമ്പത്തിക അഭിവൃദ്ധിക്കും സാമൂഹിക നീതിക്കും ബീജാവാപം ചെയ്തുകൊണ്ടും,ഉച്ചനീചത്വങ്ങൾ ഉച്ചാടനം ചെയ്തുകൊണ്ടും, ദീർഘ വീക്ഷണത്തോടെയുള്ള വികസനത്തിന് അടിത്തറ പാകുന്നതിനുള്ള രാസത്വരകമായിരിക്കണം ഇത്.]**

പഞ്ചായത്തിൻെറ ആകെ ജനസംഖ്യയുടെ 12% ത്തോളം പട്ടികജാതി വിഭാഗമാണുള്ളത്. പട്ടിക വർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. ഇതിൽ 968 പുരുഷൻമാരും 1040 സ്ത്രീകളുമാണ് ( 91ലെ സെൻസസ് പ്രകാരം )

സാമൂഹിക വിദ്യാഭ്യാസ രംഗങ്ങളിൽ നേട്ടങ്ങൾ പലതും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതി നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സർവ്വ മേഖലയിലും നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗങ്ങൾക്ക് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും മൂലം ഒരു പരിധി വരെയെങ്കിലും സാമൂഹികമായ ഉയർച്ചയ്ക്ക് സഹായകമായിട്ടുണ്ട്. പഴയകാലത്തുണ്ടായിരുന്ന ഉച്ചനീചത്വങ്ങൾ ഇന്ന് തീരെയില്ലെന്ന് തന്നെ പറയാം. ജാതി ചിന്തകൾ പൂർണ്ണമായും നീങ്ങിയിട്ടില്ലെങ്കിലും മറ്റു ജാതിമതസ്ഥരുടെ എല്ലാതരം ചടങ്ങുകളിലും പൊതു പരിപാടികളിലും പരിഗണന ലഭിച്ചു വരുന്നുണ്ട്. ജാതി ചേർത്തുള്ള വിളികൾ ഇന്നും നിലവിലുണ്ട്.

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളെപ്പറ്റിയും അവയർഹിക്കുന്ന വിഭാഗങ്ങൾ തീരെ അറിയുന്നില്ല. മാത്രമല്ല പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും അറിയാനുള്ള മാധ്യമങ്ങൾ ഇല്ലാത്തതുകൊണ്ടും പല പദ്ധതികളും അതിൻെറ ഉദ്ദേശലക്ഷ്യത്തിലെത്തുന്നില്ല. സർക്കാർ നൽകിവരുന്ന പലവിധ ആനുകൂല്യങ്ങൾ (അവകാശങ്ങൾ) മൂലം ഭാഗികമായ ചില നേട്ടങ്ങൾ ഈ വിഭാഗത്തിന് നേടാനായിട്ടുണ്ട്. എന്നാൽ പരിഹരിക്കപ്പെടാതെ നിൽക്കുന്ന പ്രശ്നങ്ങളാണ് ഏറെയും. ഇതിൽ തന്നെ കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളെ അപേക്ഷിച്ച് ഒറ്റപ്പെട്ട് നിൽക്കുന്ന കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ താരതമ്യേന കുറവാണ്. മാറി മാറി വരുന്ന സർക്കാരുകളുടെ നയങ്ങളിൽ ഉണ്ടാകുന്ന മാറ്റം മൂലം കൃഷി ഭവൻ പോലുള്ള കേന്ദ്രങ്ങളിൽ നിന്നും കിട്ടികൊണ്ടിരുന്ന പല ആനുകൂല്യങ്ങളും നിന്നുപോയിട്ടുണ്ട്.

**തൊഴിൽ :**

ഈ വിഭാഗത്തിൽ ഏറെപേരും കാർഷിക രംഗത്ത് തൊഴിൽ ചെയ്ത് പോന്നവരാണ്. എന്നാൽ കാർഷിക മേഖലയുടെ തകർച്ച ഇവരുടെ സാമ്പത്തിക ഭദ്രതയെ തകർത്തു. അതുകൊണ്ട് മിക്കപേരും കെട്ടിട നിർമ്മാണ രംഗത്തേക്ക് തിരിഞ്ഞു. മത്സ്യബന്ധന രംഗത്തും കുലത്തൊഴിലായ അനുഷ്ഠാന കലകൾ തൊഴിലാക്കിയ അംഗങ്ങളും ഈ പഞ്ചായത്തിലുണ്ട് കെട്ടിട നിർമ്മാണ മേഖലയിൽ മാന്യമായ കൂലി കിട്ടുന്നതുകൊണ്ട് ആരും തന്നെ കാർഷിക മേഖലയിലേക്ക് തിരിച്ചുവരുന്നില്ല. ഭക്ഷ്യോത്പാദനത്തിൻെറ ആവശ്യം മനസ്സിലാക്കി കാർഷിക രംഗത്ത് തൊഴിൽ ദിനങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കയാണ്. ടൈലറിംങ്ങ് പോലുള്ള കൈത്തൊഴിലുകൾ അഭ്യസിച്ച യുവതികൾ ധാരാളമുള്ള ഒരു പഞ്ചായത്താണ് ഇത്. പഞ്ചായത്തിൻെറ കീഴിൽ വസ്ത്ര നിർമ്മാണ രംഗത്ത് തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തേണ്ടതുമുണ്ട്. സ്വാഭാവികമായി നിർമ്മാണ രംഗത്തും കാലക്രമേണ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരും എന്നതുകൊണ്ട് പുതിയ തലമുറയിലെ അംഗങ്ങൾക്ക് സാങ്കേതിക ജ്ഞാനം നേടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും അവർക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പല സ്കീമുകൾ പ്രകാരം സ്വയം തൊഴിലിനുവേണ്ടി അനുവദിക്കുന്ന പണം മുൻ ഉപഭോക്താക്കൾ പലരും തിരിച്ചടച്ചില്ല എന്ന പേരിൽ വായ്പകൾ നിഷേധിക്കുന്ന ബാങ്കുകളും പഞ്ചായത്തിലുണ്ട്.

ഇതുമൂലവും തൊഴിൽ സാധ്യതകൾ ഇല്ലാതാകുന്നു.

**വിദ്യാഭ്യാസം:**

കേരളത്തിൽ മൊത്തമായുണ്ടായ സാക്ഷരതാ മുന്നേറ്റത്തിലൂടെ നിരക്ഷരത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. എസ്. എസ്. എൽ. സി. വരെയുള്ള പഠനത്തിൽ പോലും പലരും താല്പര്യം കാണിക്കുന്നില്ല. ഇതിൽ രക്ഷിതാക്കളുടെ ശ്രദ്ധ വേണ്ടത്ര പതിയുന്നുമില്ല. പഠിക്കാനുള്ള സാഹചര്യം എല്ലാ വിദ്യാർത്ഥികൾക്കും ശരിയായി ലഭിക്കുന്നുണ്ട് എന്നതാണ് വസ്തുത. എന്നാൽ പ്രൈമറി വിദ്യാലയത്തിൽ നിന്ന് കിട്ടുന്ന വിഷയത്തിലുള്ള നിലവാരം ഉൾക്കൊള്ളാൻ കഴിയുന്നില്ല. അതുകൊണ്ടു തന്നെ ഹൈസ്കൂളിലെത്തുമ്പോഴേക്കും പഠനത്തിൽ വളരെയധികം പിൻതള്ളപ്പെടുന്നു. വിദ്യാർത്ഥികളെ വിദ്യാലയത്തിലയച്ചാൽ തങ്ങളുടെ കടമകഴിഞ്ഞു എന്ന് വിചാരിക്കുന്ന രക്ഷിതാക്കളാണ് അധികവും. അതുകൊണ്ടു തന്നെ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാവുന്ന വിദ്യാർത്ഥികളും വളരെ കുറവാണ്. പ്രൈമറി തലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വളരെ കുറവാണ്. എന്നാൽ ഹൈസ്കൂൾ തലത്തിൽ പലക്ലാസ്സുകളിലും ഇത് കാണുന്നുണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ അവശ്യം സംഘടിപ്പിക്കേണ്ടതുണ്ട്. എസ്. എസ്. എൽ. സി. ക്ക് ഉപരിയായും പ്രൊഫഷണൽ വിദ്യാഭ്യാസം ഉള്ളവരുടേയും എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ മാറ്റിയെടുക്കുവാൻ പദ്ധതികൾ തയ്യാറാക്കണം.

**പാർപ്പിടം**

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിച്ചിട്ടില്ല. പഞ്ചായത്തിൽ ഒരു ഹരിജൻ കോളനിയും പത്തോളം ഹരിജൻ സംങ്കേതങ്ങളുമുണ്ട്. ഇവിടെയെല്ലാമുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതവുമാണ്. 40% ത്തോളം പേർ ഇന്നും ചെറ്റക്കുടിലുകളിൽ തന്നെയാണ് താമസം. വിവിധ പദ്ധതികൾ പ്രകാരമുള്ള പല സഹായങ്ങളും കോളനികൾ കേന്ദ്രീകരിച്ചാണ് അനുവദിച്ചുവരുന്നത്. അതിനാൽ ഹരിജൻ കോളനികളിൽ അല്ലാത്ത കുടുംബങ്ങൾക്കും ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങൾക്കും അതിൻെറ ഗുണഭോക്താക്കളാകുവാൻ കഴിയുന്നില്ല. ലഭിക്കുന്ന വായ്പാ തുകയുടെ അപര്യാപ്തത കൊണ്ട് വീടു പണി പൂർത്തിയാക്കാൻ പറ്റാതെ പകുതി തീർത്ത പണിയുമായി വലിയ കടക്കെണിയിൽ പെട്ടുപോയ കുടുംബങ്ങളുമുണ്ട്. കൂട്ടുകുടുംബമായി കഴിയുന്ന അവശ്യം വീട്, സ്ഥലം എന്നിവ വേണ്ടുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. വൃദ്ധകൾ, വിധവകൾ തുടങ്ങി തീരെ നിരാശ്രയരായ കുടുംബങ്ങൾക്ക് വീട് പുതുക്കി പണിയുന്നതിനുള്ള സഹായ ധനവും നൽകേണ്ടതുണ്ട്.

പല വീടുകൾക്കും കക്കൂസില്ല. കക്കൂസുകൾ ഉള്ളതിൽ പലതും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്. ശുദ്ധജലം കിട്ടാതെ ബുദ്ധിമുട്ടുന്ന നിരവധി കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. വർഷത്തിൽ നാലു മാസത്തോളം രൂക്ഷമായി കുടിവെള്ള ക്ഷാമം ഉള്ള പ്രദേശങ്ങളാണ് പലതും. ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന പ്രദേശങ്ങളിൽ ഇപ്പോഴും പൈപ്പ് ലൈൻ എത്തിയിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ പോലും വെള്ളം എത്തുന്നില്ല. വൈദ്യുതിയുടെ കാര്യത്തിലും പ്രശ്നങ്ങൾ തന്നെയാണ് ഉള്ളത്. ഭൂരിഭാഗം വീടുകളും വൈദ്യുതീകരിക്കാത്തതാണ്.

**പ്രശ്നങ്ങൾ**

1. പട്ടിക ജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് അറിവ് തീരെയില്ല.
2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
3. പൊതുവെ തൊഴിൽ കുറഞ്ഞുവരുന്നതുകൊണ്ട് ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
4. 30% കുടുംബങ്ങൾക്ക് സ്വന്തമായ വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല.
5. വീടു നിർമ്മാണത്തിന് ലഭിക്കുന്ന തുകകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നു.

6. ശരിയായ ബോധവൽക്കരണം ഇല്ലാത്തതിനാൽ (അജ്ഞതമൂലം) ലഭിക്കുന്ന വായ്പകൾ താല്ക്കാലിക ലാഭത്തിനായി ദുരുപയോഗപ്പെടുത്തുന്നതിനുള്ള പ്രവണത കാണുന്നു.
7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. കുടിവെള്ളത്തിനും വൈദ്യുതിക്കും രൂക്ഷമായ ബുദ്ധിമുട്ട് നേരിടുന്നു.
9. I.R.D.P. പദ്ധതികളും മറ്റുപദ്ധതികളും ലക്ഷ്യം കൈവരിക്കുന്നില്ല.
10. 8 പഞ്ചവത്സര പദ്ധതികളും മറ്റു പല ക്ഷേമ പദ്ധതികളും കഴിഞ്ഞു പോയിട്ടും പട്ടികജാതിക്കാരെപറ്റിയുള്ള സമഗ്രമായ അടിസ്ഥാന രേഖകൾ ഒന്നും ഇല്ലാത്തതാണ് ആനുകൂല്യങ്ങളിൽ നീതിപൂർവ്വകമായ വിതരണത്തിന് സാധ്യമല്ലാതായത്.

**നടപ്പിലാക്കേണ്ടത്.**

1. പട്ടിക ജാതി അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്ത് പട്ടിക ജാതി വികസന സമിതി രൂപീകരിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
2. കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലത്ത് പഞ്ചായത്ത് മുൻകൈയെടുത്ത് ജന പങ്കാളിത്തം ഉറപ്പാക്കി മിനി കുടിവെള്ള പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതിയും സാധ്യമല്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ കണക്ഷൻ കൊടുത്ത് പ്രശ്നം പരിഹരിക്കുക.
3. അഭ്യസ്ത വിദ്യർക്ക് സർക്കാർ ഏജൻസികൾ വിതരണം ചെയ്തു വരുന്ന സഹായങ്ങൾ ഏകോപിപ്പിച്ച് മാനദണ്ഡങ്ങൾ ലഘൂകരിച്ച് പഞ്ചായത്തിലൂടെ നൽകുക.
4. പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
5. പല പദ്ധതികൾ പ്രകാരം നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതികൾ ജനകീയ മോണിറ്ററിങ്ങിലൂടെ ലക്ഷ്യത്തിലെത്തിക്കുക.
6. ധനസഹായം കിട്ടിയതും അല്ലാത്തതും സാമ്പത്തിക പരാധീനത ഉള്ളതുമായ കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനായി പലിശ രഹിത സമയ ബന്ധിത വായ്പ നൽകുക.
7. കാർഷിക മേഖല പുഷ്ടിപെടുത്തി തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.
8. വീട്ടമ്മമാർക്ക് സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിന് അടുത്തടുത്ത വീടുകളിലായി ഓരോ വീട്ടിലും 20 മുട്ടകോഴികളും ഒരു കോഴിക്കൂടും എന്ന നിരക്കിൽ പലിശ രഹിത സമയബന്ധിത സഹായം നൽകുക.
9. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഉതകും വിധം പട്ടികജാതി സങ്കേതങ്ങൾക്ക് തൊട്ടടുത്തുതന്നെ വായന ശാലകൾ നിർമ്മിക്കുക. ബോധവൽക്കരണത്തിൻെറ ഭാഗമായി ടി. വി. റേഡിയോ സെറ്റുകൾ സ്ഥാപിക്കാം.
10. സ്വയം തൊഴിൽ വായ്പ പഞ്ചായത്തിൻെറ പരിധിയിലാക്കി പഞ്ചായത്ത് അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും ഉറപ്പുവരുത്തുക.
11. തരിശ്ശായി കിടക്കുന്ന കൃഷി സ്ഥലങ്ങളിൽ പഞ്ചായത്തിൻെറ കീഴിൽ പച്ചക്കറിക്കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
12. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വാർഡ് തല സമിതികൾ ഉണ്ടാക്കുകയും മേൽ നോട്ടത്തിന് പഞ്ചായത്ത് തല സംവിധാനം ഉണ്ടാക്കുകയും വേണം.
13. പട്ടികജാതി അംഗങ്ങൾക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന സ്ഥായിയായ സാമൂഹിക ആസ്തികൾ നിർമ്മിക്കുക.
14. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത, സാമ്പത്തിക പരാധീനത ഉള്ളതുമായ അംഗങ്ങൾക്ക് പഞ്ചായത്ത് സ്ഥലം വാങ്ങി വിതരണം നടത്തുക.
15. എല്ലാവിധ അവകാശ സ്കീമുകളെ പറ്റി യഥാസമയം അറിയുന്നതിന് പഞ്ചായത്തിൽ പലയിടങ്ങളിലായി വാർത്താ ബോർഡുകൾ സ്ഥാപിക്കുക.
16. പ്രാഥമിക വിവര ശേഖരണ രജിസ്റ്ററുകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.
17. ഭവന നിർമ്മാണ വായ്പാ തുക വർദ്ധിപ്പിക്കുക.

*

# സഹകരണം

## ചരിത്ര പശ്ചാത്തലം

പുതിയ കാഴ്ചപ്പാടുകളും ചുവടുകളുമായി വികസനത്തിന് ആക്കം കൂട്ടാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഈ സമയത്ത് നമ്മുടെ പഞ്ചായത്തിലെ സഹകരണ രംഗത്തെക്കുറിച്ച് ഒരവലോകനം ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. എങ്കിൽ മാത്രമേ ഈ പഞ്ചായത്തിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം നടപടികൾ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുമെന്ന് പരിശോധിക്കാനാവൂ.

പടിയൂർ, പൂമംഗലം, എടതിരിഞ്ഞി, എന്നീ വില്ലേജുകൾ പൂർണ്ണമായും മനവലശ്ശേരി വില്ലേജിലെ ഏതാനും ഭാഗങ്ങളും ചേർന്നതായിരുന്നു പടിയൂർ പഞ്ചായത്ത്. 11–8–77ൽ പഞ്ചായത്തുകളുടെ പുനർവിഭജനം നടന്നപ്പോൾ എടതിരിഞ്ഞി, പടിയൂർ വില്ലേജുകളും മനവലശ്ശേരിയുടെ അധികഭാഗവും ഉൾക്കൊള്ളുന്ന ഇപ്പോഴത്തെ പഞ്ചായത്ത് രൂപീകൃതമായി. 1959 ഓഗസ്റ്റ് മാസം 10–ാം തിയതി പഴയ പടിയൂർ പഞ്ചായത്തിലെ എടതിരിഞ്ഞി, പടിയൂർ വില്ലേജുകൾ വ്യാപകാതൃത്തിയായി നിശ്ചയിച്ച് ആ വില്ലേജുകളിലെ കർഷകജനവിഭാഗങ്ങളെ അംഗങ്ങളാക്കി രൂപീകൃതമായതാണ് R.137–ാം നമ്പർ എടതിരിഞ്ഞി സർവ്വീസ് സഹകരണ സംഘം. ഇത് തീർത്തും ഡിപ്പാർട്ടുമെന്റുകളുടെ കേവല പരിപാടി ആയിരുന്നില്ല.

1969ലാണ് കേരളസംസ്ഥാനത്ത് സമഗ്രമായ ഒരു സഹകരണ നിയമം നിലവിൽ വരുന്നത്. അതിന് മുമ്പു തന്നെ നമ്മുടെ പ്രദേശത്ത് സഹകരണസംഘം നിലവിൽ വന്നിട്ടുണ്ട്. സ്വാതന്ത്ര്യനാന്തര കാലഘട്ടത്തിൽ വളരെ പരിതാപകരമായ കർഷകന്റെ അവസ്ഥയ്ക്ക് ചെറിയൊരാശ്വാസം എന്ന നിലയിലും ചൂഷണമുക്തമായ ഒരു സാമൂഹ്യസൃഷ്ടിക്കും വേണ്ടി രൂപംകൊണ്ട നമ്മുടെ സഹകരണസംരംഭം ഏറെ വികസനസാദ്ധ്യതകളുള്ളതും പ്രതീക്ഷകളോടെ ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നതുമായിത്തീർന്നതിൽ നമുക്കഭിമാനിക്കാം.

ഇതേ കാലഘട്ടത്തിൽ തന്നെ നമ്മുടെ പ്രദേശത്ത് സുലഭമായ തൊണ്ട് സംസ്ക്കരിച്ച് കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ സഹകരണസംഘം കാക്കാത്തുരുത്തിയിൽ ആരംഭിച്ചിരുന്നു. കുറെ വർഷത്തെ പ്രവർത്തനത്തിനുശേഷം നിർജ്ജീവമായി. സ്വകാര്യവ്യക്തികളുടെ ഈ രംഗത്തേക്കുള്ള കടന്നുകയറ്റമാണ് ഇതിനുകാരണം. ഇന്നും ഈ പ്രദേശത്ത് സ്വകാര്യസംരംഭങ്ങൾ നിലനിൽക്കുന്നുണ്ട്.

## വായ്പാസംഘങ്ങൾ :-

R.137 എടതിരിഞ്ഞി സർവ്വീസ് സഹകരണബാങ്ക്

പട്ടിക (1)

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 10.8.1959 | 7748 | 9 | 806565 | 19940500 | നഷ്ടം |

**S. C. B. R 137. ഇപ്പോൾ കൊടുത്ത വായ്പകൾ**

| | |
|---|---|
| കാർഷികം | 2815269 |
| കാർഷികേതരം | 6440231 |
| മറ്റ് ഇനങ്ങൾ | 7142097 |

R.759 പടിയൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 1986 | 550 | 1 | 40760 | 174478 | നഷ്ടം |

നമ്മുടെ സഹകരണവായ്പാമേഖല സജീവമാണ്. എങ്കിലും വായ്പകൾ പ്രയോജനപ്പെടുത്തി ഉല്പാദന രംഗത്ത് നേട്ടങ്ങളുണ്ടാക്കുവാൻ ബോധപൂർവ്വമായ പ്രവർത്തനം ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. വികസനത്തിനായി വിജയസാദ്ധ്യതകളുള്ള സംരംഭങ്ങൾ കണ്ടുപിടിച്ച് വായ്പകൾ ആ രംഗത്തേക്ക് തിരിച്ചുവിടുന്നതിന് ക്രിയാത്മകമായ ശ്രമം അനിവാര്യമാണ്.

നിക്ഷേപരംഗത്തുണ്ടാകുന്ന വർദ്ധനകൊണ്ടേ വായ്പാരംഗം സജീവമാക്കാൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തേക്ക് വിദേശത്തുനിന്നും, അതായത് ഗൾഫ് മേഖലയിൽ നിന്നും ഒഴുകുന്ന പണത്തിന്റെ ചെറിയ ശതമാനംപോലും സ്വരൂപിക്കാൻ സഹകരണമേഖലയ്ക്കു കഴിയുന്നില്ല. ഇതിനുകാരണം ഇന്നു നിലനിൽക്കുന്ന നിയമങ്ങളാണ്. ഇതു മാറ്റുന്നതിന് ആവശ്യമായ നിയമഭേദഗതി ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഉയർന്നുവരേണ്ടതാണ്. സഹകരണമേഖലയിൽ നിക്ഷേപിക്കപ്പെടുന്ന സമ്പത്ത് മുഴുവൻതന്നെ ഈ പ്രദേശത്തിന്റെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുകയെന്നതിനാൽ കമ്മേർസ്യൽ ബാങ്കുകളിലേക്ക് പോകുന്ന നമ്മുടെ പ്രദേശത്തെ നിക്ഷേപങ്ങൾ സഹകരണമേഖലയിലേക്ക് തിരിച്ചുവിടുന്നതിന് വ്യാപകമായ ബോധവൽക്കരണത്തിലൂടെ മാത്രമേ സാധ്യമാകൂ. എങ്കിൽ മാത്രമേ നമ്മുടെ പ്രദേശത്തിന്റെ വികസനത്തിന് ഏറെ സാദ്ധ്യതകളുണ്ടാവൂ.

ഭവനനിർമ്മാണവായ്പാ രംഗത്തും കാർഷിക വ്യവസായരംഗത്തും, ഇരിങ്ങാലക്കുടെ സഹകരണകാർഷികഗ്രാമവികസനബാങ്കും ഹൗസിങ്ങ് സഹകരണസംഘവും വായ്പകൾ നൽകി വരുന്നുണ്ട്. ഹൗസിങ്ങ് സഹകരണസംഘം നമ്മുടെ പ്രദേശത്ത് 1992-1996 വർഷത്തേക്ക് 4 പേർക്കായി 2,20,000 ക.വായ്പയായി നൽകിയിട്ടുണ്ട്. ഭവനനിർമ്മാണവായ്പകൾക്ക് ആവശ്യക്കാരേറെയുണ്ടെങ്കിലും അവരെ ആകർഷിക്കുന്നതിന് വായ്പ ലഭ്യമാക്കാൻ ഇന്നുള്ള നടപടികൾ ലഘൂകരിച്ചേ മതിയാകൂ.

## വായ്പേതര സംഘങ്ങൾ

ക്ഷീരോല്പാദക സഹകരണ സംഘം എടതിരിഞ്ഞി. R. 133 D APCOS

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 1-12-1982 | 413 | 2 | 4130 | 1,55,932 ലിറ്റർ പാൽ | ലാഭം |

പടിയൂർ ക്ഷീരോല്പാദകസഹകരണസംഘം R.156D APCOS

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 1987 | 328 | 2 | 3820 | 1,07,675 ലിറ്റർ പാൽ | ലാഭം |

പടിയൂർ എടതിരിഞ്ഞി സ്ക്കൂൾ സഹകരണസംഘം R.632

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 2-9-1976 | 103 | 1 (in charge) | 7053 | 50878.45 | ലാഭം 10% |

കാക്കത്തുരുത്തി S.N.G.S.U.P. സ്ക്കൂൾ സഹകരണസംഘം R665

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ എന്ന് |
|---|---|---|---|---|---|
| 1976 | 56 | 1 (in charge) | 280 രൂപ | | ലാഭം 10% |

## പഞ്ചായത്ത് അതിർത്തിയിലെ വായ്പ ലഭ്യമാകുന്ന മറ്റ് സ്ഥാപനങ്ങൾ

ഹൗസിംഗ് സഹകരണസംഘം വഴി ലഭ്യമായ വായ്പകൾ

| മുകുന്ദപുരം താലൂക്ക് ഹൗസിംഗ് സഹകരണസംഘം | | |
|---|---|---|
| എത്രപേർക്ക് | ഏതിനം വായ്പ | നൽകിയ തുക |
| 4 (9296) | ഭവനനിർമ്മാണവായ്പ | 2,50,000ക. |

സഹകരണമേഖലയിലൂടെ കൊടുത്തുകൊണ്ടിരിക്കുന്ന കാർഷികവായ്പയുടെ 5% ഉല്പാദക ബോണസ്സ് ഇന്ന് സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നു. ഇത് യഥാസമയം കർഷകർക്ക് ലഭിക്കുന്ന സ്ഥിതിയില്ല. കർഷകരെ ഈ സഹായത്തിന്റെ ബോധവൽക്കരണത്തിനും യഥാസമയം ഗവൺമെന്റിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ട നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വായ്പേതരസംഘങ്ങളായ 2 ക്ഷീരസംഘങ്ങളുടേയും രണ്ട് സ്ക്കൂൾ സംഘത്തിന്റേയും പ്രവർത്തനം ഏറെ തൃപ്തികരമാണ്. ഇവ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്നു മാത്രമല്ല; മാതൃകാപരമായ സേവനം കാഴ്ച വയ്ക്കുന്നു. സേവനം ചെയ്യുന്ന കാര്യത്തിൽ എടതിരിഞ്ഞി പടിയൂർ ക്ഷീരസംഘങ്ങൾ മത്സരബുദ്ധിയോടുകൂടിയാണ് പ്രവർത്തിക്കുന്നത്. അംഗങ്ങളുടെ പരാതികൾ യഥാസമയം പരിഹരിച്ചുകൊണ്ട് പ്രവർത്തനം നടത്താൻ ഈ സംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നിലവിലുള്ള സ്ക്കൂൾ സംഘം T.W.D.C. ഉല്പാദിപ്പിക്കുന്ന നോട്ടുപുസ്തകങ്ങൾ സംഭരിച്ച് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതുകൊണ്ട് ചുരുങ്ങിയ വിലയ്ക്ക് നോട്ടുപുസ്തകങ്ങൾ ലഭ്യമാകുന്ന സ്ഥിതിയുണ്ട്.

വായ്പേതര മേഖലയാണ് കൂടുതൽ കാര്യക്ഷമവും ലാഭകരമവുമായി പ്രവർത്തിക്കുന്നത്. ഇതിനുപ്രധാനകാരണം പ്രവർത്തനസങ്കീർണ്ണതകുറവാണ് എന്നതാണ്. കുടിശ്ശിക വരുന്ന സ്ഥിതിയില്ല. നിശ്ചിതലാഭം കിട്ടുമെന്നുറപ്പുണ്ട്. ക്രഡിറ്റ് മേഖലയിലെ 2 സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുപ്രധാനകാരണം വായ്പ എടുത്തവർ സമയത്തിന് തിരിച്ചടയ്ക്കാത്തതാണ്. ഇതുമൂലം കുടിശ്ശിക ഉണ്ടാവുകയും കുടിശ്ശികയായ സംഖ്യയുടെ പലിശയ്ക്ക് ആനുപാതികമായി സംഖ്യ ഓഡിറ്റിൽ റിസർവ്വാക്കി മാറ്റുകയും തന്മൂലം സംഘങ്ങൾ നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു. പൂർണ്ണമായും കുടിശ്ശിഖ പിരിച്ചെടുക്കുന്ന നടപടിയോടൊപ്പം ബോധവൽക്കരണവും ആവശ്യമാണ്. വായ്പാപേക്ഷകരുടെ ആവശ്യത്തിനനുസരിച്ച് അപ്പെക്സ് സംഘങ്ങൾക്ക് വായ്പ നൽകാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുന്നു.

## R.137 എടതിരിഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്

1959ൽ രൂപീകൃതമായി. പൊന്തേങ്കണ്ടത്ത് അച്ചുതമേനോനായിരുന്നു പ്രഥമപ്രസിഡണ്ട്. പ്രാഥമിക കാർഷിക ആവശ്യത്തിനായി ആരംഭിച്ച സംഘം ഇന്ന് അംഗങ്ങളുടെ കാർഷികേതര ആവശ്യങ്ങൾക്കു കൂടി വായ്പ നൽകുവാൻ കഴിയുന്ന സ്ഥാപനമായി വളർന്നിട്ടുണ്ട്.

| | | |
|---|---|---|
| തെങ്ങ് കെട്ട് സ്ക്കീം | – | ഇപ്പോൾ നിലവിലില്ല. |
| ഡെപ്പോസിറ്റ് സ്ക്കീം | – | നല്ല നിലവാരത്തിൽ തുടരുന്നു. |
| വിവിധ വായ്പകൾ | – | നല്ല നിലവാരത്തിൽ തുടരുന്നു. |

ഇന്ന് നഷ്ടത്തിലാണ്. 3 വർഷം മുമ്പ് 1,82,000 ക. നഷ്ടത്തിലായിരുന്നു എങ്കിൽ ഇപ്പോൾ അത് 25,000ക.യായി കുറഞ്ഞിട്ടുണ്ട്.

| വർഷം | നഷ്ടം | റിസർവ്വ് ചെയ്ത സംഖ്യ |
|---|---|---|
| 9293 | 1,55,000 | 4 ലക്ഷം |
| 9394 | 1,82,000 | 5 ലക്ഷം |
| 9495 | 25,000 | 6 ലക്ഷം |

ബാങ്കിന്റെ ഇപ്പോഴത്തെ ടേണോവർ 1,99,40,500ക. യാണ്. ബാങ്കിന് പുതിയ കെട്ടിടം പണിയുന്നതിന് പോസ്റ്റാഫീസ് പരിസരത്ത് സ്ഥലം വാങ്ങിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിൽ നിന്ന് വാലുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ട്.

സഹകരണബാങ്കിലെ നിക്ഷേപങ്ങൾക്ക് "സോഴ്സ് ഇൻകം ടാക്സ്" ഏർപ്പെടുത്തിയിട്ടില്ല. മറ്റു കമ്മേഴ്സ്യൽ ബാങ്കുകൾ നൽകുന്ന പലിശയേക്കാളും ഉയർന്നനിരക്കിൽ സഹകരണബാങ്കിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നു. ഡെപ്പോസിറ്റ് ഗാർന്റി സ്ക്കീം എന്നൊരു പദ്ധതിയും നിലവിലുണ്ട്. ഇതൊക്കെയായിട്ടും നിക്ഷേപകരെ വ്യാപകമായി ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. വ്യാപകാതിർത്തിയിൽ ബ്രാഞ്ചുകൾ ആരംഭിക്കാൻ കഴിയാത്തത് ഒരു കുറവായിക്കാണുമ്പോൾ പുതിയ ബ്രാഞ്ചുകൾ തുടങ്ങാനുള്ള നിർദ്ദേശം വെയ്ക്കുവാൻ ഇപ്പോഴത്തെ ഭരണസമിതി തയ്യാറായിട്ടുണ്ടെന്നാണ് നേരിട്ടറിയാൻ കഴിഞ്ഞത്.

പഞ്ചായത്തിൽ ഒറ്റ ഉപഭോക്തൃസഹകരണസംഘം ഇന്നില്ല. എടതിരിഞ്ഞി സഹകരണബാങ്കിന്റെ കീഴിൽ നടന്നിരുന്ന സഹകരണസ്റ്റോറുകൾ പല കാരണങ്ങളാൽ നിലച്ചുപോയി. തീർത്തും കൺസ്യൂമർ മേഖലയായ നമ്മുടെ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണസംഘം സ്ഥാപിക്കുകയോ കൺസ്യൂമർ ഫെഡറേഷനുമായി സഹകരിച്ച് സഹകരണബാങ്കിന്റെ കീഴിൽ സ്റ്റോറുകൾ തുടങ്ങുകയോ ചെയ്യേണ്ടതാണ്. ഇപ്പോൾ നിലനിൽക്കുന്ന വായ്പാ ആവശ്യങ്ങൾ പൂർണ്ണമായിക്കൊടുക്കുവാൻ നിക്ഷേപസമാഹരണം കൊല്ലത്തിൽ ഒരുതവണയെന്നതിനുപകരം വർഷത്തിൽ 2 തവണയെങ്കിലും നടത്തി കൂടുതൽ നിക്ഷേപങ്ങൾ ഉണ്ടാക്കാമെന്ന് മുഖ്യഭരണാധികാരികൾ സമ്മതിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് നേതൃത്വം നൽകാൻ സഹകരണബാങ്കിന്റെ നിക്ഷേപരംഗം കരുത്താർജ്ജിക്കേണ്ടതുണ്ട്. എന്നാൽ നിക്ഷേപത്തിന്റെ ചെറിയ ശതമാനം മാത്രമേ സഹകരണമേഖലയിൽ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളു.

ബാക്കിയുള്ള നിക്ഷേപങ്ങൾ സഹകരണ മേഖലയ്ക്ക് പുറത്താണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടതുണ്ട്. സഹകരണബാങ്ക് ഒരു വായ്പാസംഘം മാത്രമാണെന്ന ജനങ്ങളുടെ മനോഭാവം മാറേണ്ടിയിരിക്കുന്നു. കമ്മേഴ്സ്യൽ ബാങ്കുകൾ നൽകുന്ന ഏതാണ്ടെല്ലാ സേവനങ്ങളും സഹകരണബാങ്ക് നൽകി വരുന്നുണ്ട്.

നെല്ലുൽപാദനരംഗത്ത് 2 ഗ്രൂപ്പ്ഫാമിംഗ് സംഘങ്ങൾ ചിട്ടയായും സജീവമായും പ്രവർത്തിക്കുന്നുണ്ട്. ഇത് കൃഷിക്കാർക്ക് പ്രയോജനം ലഭ്യമാക്കുന്നു.

## പ്രധാനപ്രശ്നങ്ങൾ

കാര്യക്ഷമമായ ഭരണസമിതികൾ ഉണ്ടെങ്കിൽ പോലും ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹകരണമേഖലയ്ക്കു കഴിഞ്ഞിട്ടില്ല.

തൊഴിലാളികളുടെ പങ്കാളിത്തക്കുറവ് നിലനിൽക്കുന്നില്ലെങ്കിൽ പോലും കാര്യപ്രാപ്തിയോടുകൂടിയ ഒരു ടീമിനെ വാർത്തെടുക്കുവാൻ മേഖലയ്ക്കു കഴിഞ്ഞിട്ടില്ല.

അഴിമതി, സ്വജനപക്ഷപാതം, ദുർവ്യയം എന്നിവയൊന്നും ഈ മേഖലയിൽ നിലവിലില്ല. പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നുചെല്ലാൻ ഈ അടുത്ത ഘട്ടത്തിൽ എല്ലാ മേഖലയിലും ഉള്ള സംഘങ്ങൾ യത്നിക്കുന്നുണ്ട്. ഇതിന്റെ വ്യക്തമായ പ്രതികരണങ്ങൾ നമ്മുടെ മേഖലയിൽ നിഴലിക്കുകയും ചെയ്യുന്നു.

നോൺക്രെഡിറ്റ് സംഘങ്ങളായ ക്ഷീരസംഘങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ജീവനക്കാർക്ക് അനുവദനീയമായ വേതനവ്യവസ്ഥ നടപ്പാക്കിയിട്ടില്ല.

ഘട്ടംഘട്ടമായി രൂപംകൊള്ളുന്ന നവീകരണപ്രക്രിയയിൽ യഥാസമയം നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിലെ സഹകരണസംഘം പ്രാപ്തരായിട്ടുണ്ട്. ഈ മേഖലയിൽ ഡിപ്പാർട്ടുമെന്റ് മേധാവിത്വം ഒരു പരിധി വരെ നിലനിൽക്കുന്നു.

## പ്രധാന നിർദ്ദേശങ്ങൾ

1. സ്വന്തമായി സ്ഥലമുള്ളതും പ്രവർത്തനം നിലച്ചുപോയതുമായ കാക്കാത്തുരുത്തിയിലെ കയർ സഹകരണസംഘം പുനരുജ്ജീവിപ്പിക്കണം. 5,7 വാർഡുകൾ സംയുക്തമായി ഒരു ബ്രാഞ്ച് ആരംഭിക്കുകയും വേണം.

2. ഒരു വ്യവസായ കോംപ്ലക്സ് പണിത്, കറിപൗഡർ, സോപ്പ്, സോപ്പുപൊടി, തഴപ്പായനെയ്ത്ത്, കുടനിർമ്മാണം, ഇലക്ട്രോണിക്സ്, റെഡിമെയ്ഡ്, പപ്പടനിർമ്മാണം എന്നീ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

3. പ്രൈവറ്റ് കുറികളേയും ബ്ലേഡ് കമ്പനികളേയും നിയന്ത്രിക്കുന്നതിന് കർശനമായ നിയമനിർമ്മാണപ്രവർത്തനങ്ങൾ നടത്തണം.

4. നിലവിലുള്ള സഹകരണബാങ്ക് പ്രവർത്തനത്തിന്റെ ജനസേവനത്തുറ വ്യാപകമാക്കാൻ എടതിരിഞ്ഞിയിലെ കാക്കാത്തുരുത്തിയിലും പടിയൂർ വില്ലേജിലെ വളവനങ്ങാടിയിലും ബാങ്കിന്റെ ബ്രാഞ്ചുകൾ ഉടനേ ആരംഭിക്കേണ്ടതാണ്. ഇതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി അതാത് പ്രദേശത്തെ ഗ്രാമസഭകൾ ശ്രദ്ധിക്കേണ്ടതാണ്.

5. കെട്ടിടനിർമ്മാണരംഗത്ത് ഒട്ടേറെ തൊഴിലാളികൾ ഉള്ള നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം ആരംഭിക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളണം ഇതിനോടനുബന്ധിച്ച് സിമന്റിഷ്ടിക നിർമ്മാണവും നടത്താവുന്നതാണ്.

6. പഞ്ചായത്തിലെ മുഖ്യ ഉല്പന്നമായ നാളികേരം, നെല്ല് എന്നിവ സംഭരിക്കലും സംസ്ക്കരിക്കലും വിതരണം നടത്തലിനും ആവശ്യമായ യൂണിറ്റ് തുടങ്ങുവാനുള്ള നടപടി ഉണ്ടാകണം.

7. സഹകരണബാങ്കിന്റെ കീഴിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കയും, പടിയൂർ ക്ഷീരസംഘത്തിന്റെ കളക്ഷൻ സെന്റർ വളവനങ്ങാടിയിൽ ആരംഭിക്കയും ചെയ്യണം.

8. സഹകരണബാങ്ക് നിയമാവലിയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും ഭേദഗതികളും ഉൾപ്പെടുത്തി ജനോപകാരപ്രദമായ സ്ക്കീമുകൾക്ക് അംഗീകാരം വാങ്ങി നടപ്പാക്കേണ്ടതാണ്.

# വിഭവ സമാഹരണം

വീട്ടുകരം, തൊഴിൽകരം, വിനോദ നികുതി, മത്സ്യകാപ്പുകളിൽ നിന്നുള്ള ലേലാദായം എന്നിവയാണ് മുഖ്യ വരുമാനം. ഇതുകൂടാതെ വസ്തുകൈമാറ്റ നികുതികളും സർക്കാർ ഗ്രാൻറും അണ്ടർ ടൈഡ് ഫണ്ടും ചേർന്നവയാണ് ഈ പഞ്ചായതത്തിൻെറ മൊത്ത വരുമാനം. പഞ്ചായത്തിൻെറ ഭരണപരവും, പ്രാഥമികമായ കടമകൾ നിർവ്വഹിക്കുന്നതിനുപോലും ഈ വരുമാനം തികയാത്ത സ്ഥിതിയാണ്.

### 1996 കണക്കുകൾ പ്രകാരം ലഭ്യമായ നികുതി പട്ടിക

| ഇനം | സംഖ്യ |
|---|---|
| കെട്ടിട നികുതി | 2,53,336 |
| തൊഴിൽ നികുതി | 62,980 |
| വിനോദ നികുതി | 34,897 |
| സർക്കാരിൽ നിന്നു കിട്ടിയ നികുതി വിഹിതം | 84,067 |
| മറ്റുവരുമാനങ്ങൾ | 72,373 |
| ലഭ്യമായ ഗ്രാൻറ് | 1,25,758 |

### 96 കണക്കുപ്രകാരം ലഭ്യമായ പ്രധാന ചിലവിനങ്ങൾ

| | |
|---|---|
| ഭരണസമിതി | 55,274 |
| സ്റ്റാഫ് | 5,03,117 |
| പ്രിൻറിംഗ്, സ്റ്റേഷനറി & പോസ്റ്റേജ് | 15,078 |
| വാട്ടർ ചാർജ്ജിലേക്ക് അടച്ചത് | 1,00,620 |
| കറൻറ് ചാർജ്ജ് | 17434 |
| കടത്തുകൂലി | 20774 |
| മറ്റ് ചിലവ് | 7050 |

### പഞ്ചായത്തിൻെറ തനത് വരവ് ചിലവ് കണക്കുകൾ

| വർഷം | യഥാർത്ഥ വരവ് | നേരിട്ടുള്ള ചിലവ് |
|---|---|---|
| 1993 - 94 | 532238 | 509018 |
| 1994 - 95 | 558524 | 843397 |
| 1995 - 96 | 591993 | 768336 |

പഞ്ചായത്ത് ഭരണ സമിതിക്ക് ഇതുവരെ ഉണ്ടായിരുന്ന ധനകാര്യ വിനിയോഗങ്ങൾക്ക് പരിമിതിയുണ്ട്. പുതിയ ത്രിതല സംവിധാനത്തോടെ ആവശ്യമായ മാറ്റങ്ങൾ വരുമെന്ന് പ്രത്യാശിക്കാം.

### പഞ്ചായത്തിലെ വാണിജ്യ ബാങ്കുകൾ

ദി ഫെഡറൽ ബാങ്ക് കാക്കത്തുരുത്തി ശാഖ പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് പോസ്റ്റോഫീസ് സെൻററിൽ പ്രവർത്തിക്കുന്നു. 1,2,3,4,5,6,7,8 എന്നീ വാർഡികളിലെ വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകുവാൻ ബാധ്യതപ്പെട്ട ബാങ്കാണിത്. ഈ ശാഖയിൽ 86 മുതൽ 93 വരെ 32% ശരാശരി നിക്ഷേപ വർദ്ധനവ് കാണുന്നു. എന്നാൽ 93 മുതൽ 96 വരെ 26.5% ശരാശരി നിക്ഷേപവർദ്ധനവ് കാണുന്നു. വായ്പ നൽകുന്നതിൽ ഈ ബാങ്ക് കാണിക്കുന്ന വിമുഖത എല്ലാ ഗ്രാമസഭകളും ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു. കാർഷിക വായ്പ നൽകുന്നവരിൽ

നിന്നും 1% തുല്ല്യമായ തുക സ്റ്റേഷനറി ചാർജ്ജായും ഈടാക്കുന്നു. യഥാർത്ഥത്തിൽ നിക്ഷേപം സ്വീകരിക്കുന്ന നടപടികളും മറ്റു ബാങ്കിങ്ങ് ഇടപാടുകളുമാണ് ഇവിടെ നടക്കുന്നത്.

സർവ്വീസ് സഹകരണ ബാങ്ക് ർ 137 എടതിരിഞ്ഞി, പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കാണിത്. 96 ലെ കണക്കനുസരിച്ച് നിക്ഷേപതുകയുടെ 75% വായ്പയായി നൽകുന്നു. (25% തരളധനമായി നീക്കിവയ്ക്കേണ്ടതുണ്ട്) 94 വരെ അധിക നിക്ഷേപം നില നിന്നിരുന്നു. ഈ ഘട്ടത്തിനേക്കാളും ഇന്ന് 40% വായ്പാ വർദ്ധനവ് ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## വിവിധ വായ്പകൾ സംബന്ധിച്ച്

| വായ്പാ ഇനം | കാലാവധി | സംഖ്യ | കാലാവധി കഴിഞ്ഞവ പിരിഞ്ഞു കിട്ടേണ്ടത് |
|---|---|---|---|
| തെങ്ങിന് വളം ചെയ്യുന്നതിന് | 1വർഷം | 25,98,644 | 3,29898 |
| കിണർ, മോട്ടോർ, ബയോഗ്യാസ് | 5 വർഷം | 2,16,625 | 10,814 |
| സ്വയം തൊഴിൽ സ്വർണ്ണ പണയം. | 1വർഷം | 64,40,231 | 7,24,202 |
| വീട് റിപ്പയർ, ഗൃഹോപകരണം, ബിസ്നസ്സ്, ഭൂമി വാങ്ങൽ | 3വർഷം | 68,89,906 | 6,78,468 |
| ഐ. ആർ. ഡി. പി. | 3-5വർഷം | 2,52,191 | 71,338 |

ഈ ബാങ്കിലെ വായ്പ തിരിച്ചടവിന്റെ കുടിശിക 22% മുതൽ 38% വരെ എത്തിയിട്ടുണ്ട്. കൃത്യമായി പണം തിരിച്ചടയ്ക്കാറുള്ളവർ ചെറിയ ശതമാനമാണ്. ഈ സംഘത്തിന് കൊപ്ര സംഭരണ കേന്ദ്രത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല.

**പടിയൂർ ഹരിജൻ സർവ്വീസ് സഹകരണ സംഘം.**

ഈ സംഘം നൽകിയ വായ്പയുടെ 50% കുടിശ്ശികയാണ് M.D.S. സ്കീം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ 5 രജിസ്റ്റർ ചെയ്യപ്പെട്ട ചിട്ടി സ്ഥാപനങ്ങളും ഒട്ടനവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും ഉണ്ട്. ലളിതമായ ഉറപ്പിൻമേൽ ചുരുങ്ങിയ സമയത്തിനുള്ളിൽ വായ്പ ലഭ്യമാകുന്നു എന്ന കാരണത്താൽ മാത്രമാണ് വളരെയേറെ സംഖ്യ പലിശയായി വാങ്ങുന്ന ഇവരുടെ അരികിൽ സാധാരണ തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ചെന്ന് പെടുന്നതിന് ഇടയാകുന്നത്. സ്വകാര്യ പണമിടപാടുകാർ 24% വരെ നിരക്കിൽ നിക്ഷേപവും സ്വീകരിക്കുന്നുണ്ട്.

പഞ്ചായത്തിലെ ധനാഗമ മാർഗ്ഗങ്ങളിൽ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ ഒരു പ്രധാനപ്പെട്ട വിഭാഗമാണ്. സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നു. പലിശ സ്ഥിര വരുമാനമായി ലഭിക്കത്തക്ക രീതിയിൽ നിക്ഷേപങ്ങളും നടത്തുന്നു. ഉൽപാദക രംഗത്തോ കാർഷിക രംഗത്തോ ഇവരുടെ സംഭാവനകൾ ഇല്ല എന്നതാണ് സ്ഥിതി. സാമുദായിക രംഗത്ത് ഇവരിൽ ചിലർ ഗണ്യമായ സംഖ്യ സംഭാവനകളായി നൽകുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നേരിട്ട് ചെയ്ത് കിട്ടണമെന്ന ഒരു പൊതു കാഴ്ചപ്പാട് ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു. നാമമാത്രമായ വികസന പ്രവർത്തനങ്ങളിൽ പ്രബുദ്ധരായ നാട്ടുകാരും യുവാക്കളും ശ്രദ്ധ പതിപ്പിച്ചിട്ടുള്ള ഉദാഹരണങ്ങളും ഉണ്ട്. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിട്ടപ്പോൾ ശുദ്ധജല വിതരണം നടത്തിയതും സാംസ്ക്കാരിക പ്രവർത്തകർ

ഷൺമുഖം കനാലിൻെറ കുറച്ച് ഭാഗം വൃത്തിയാക്കിയതും ആയുർവ്വേദാശുപത്രി കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനം സന്നദ്ധസേവനം വഴി ചെയ്തുവരുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പി. ടി. എ. കമ്മറ്റികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണ്. പല ആവശ്യങ്ങൾ നിറവേറ്റുന്നതിനും പി. ടി. എ. ശ്രദ്ധിച്ചിട്ടുള്ളത് പ്രശംസനീയമാണ്.

ഉദാഹരണം H.D.P.S H.S. ൽ ലൈബ്രറി നിർമ്മിച്ചതും S.N.G.S. U.P.S.ൽ വച്ച് നടന്ന ശാസ്ത്ര പ്രവർത്തി പരിചയമേള വിജയിപ്പിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരവും അനുകരണീയവുമാണ്.

പഞ്ചായത്തിൽ സന്നദ്ധസംഘടനാ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തുന്ന മരണാനന്തര സഹായ സംഘടനകളുണ്ട്. ഇവയിൽ ചിലത്. പലിശക്ക് പണം കൊടുക്കുന്നതും ചിട്ടിനടത്തൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുവരുന്നുണ്ടെങ്കിലും ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗതിമാറുന്നുണ്ടോയെന്ന് ശ്രദ്ധിക്കണം.

കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകളും, വിദ്യാഭ്യാസ ആരോഗ്യ രംഗത്ത് കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിലുണ്ട്.

**പ്രശ്നങ്ങൾ**

- വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിരവധി കാര്യങ്ങൾ ഇനിയും ചെയ്തു തീർക്കേണ്ടതുണ്ട്. ഗതാഗത രംഗത്ത് ഒട്ടനവധി പുതിയ റോഡുകൾ ഉൾപ്പെടെ നിർമ്മിക്കേണ്ടത്, നിലവിലുള്ളവ അറ്റകുറ്റപണികൾ ചെയ്യേണ്ടവയുമാണ്.
- മതിലകം പാലം, മഴുവഞ്ചേരി തുരുത്തിനെ ബന്ധപ്പെടുത്തി പണിയണം. കോങ്ങാടൻ തുരുത്ത് പാലവും പണികഴിക്കണം.
- ശ്രീകൃഷ്ണ വിലാസം റോഡ് പൂമംഗലം പഞ്ചായത്തുമായി ബന്ധപ്പെടുത്തണം.
- കെട്ടുചിറ സ്ലൂയിസ് കം ബ്രിഡ്ജ്, കൂത്തുമാക്കൽ റെഗുലേറ്റർ എന്നിവ നിർമ്മിക്കണം.
- മൃഗാശുപത്രി, കൃഷി ഭവൻ, പടിയൂർ വില്ലേജ് ആഫീസുകൾ എന്നിവയ്ക്ക് സ്ഥലവും കെട്ടിടവും, അലോപ്പതി ആശുപത്രിയ്ക്ക് കെട്ടിടവും പണി കഴിപ്പിക്കണം. ( ഒന്നും നിലവിലില്ല.)
- തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സ്വയം തൊഴിൽ വികസനത്തിനും, വ്യവസായ വളർച്ചയ്ക്കും വേണ്ട നടപടികൾ നിലവിലില്ല. മഹിളാ ക്ഷേമ പ്രവർത്തനങ്ങൾ, ശിശു സംരക്ഷണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണം.
- കാർഷിക മേഖലയിലേക്കാവശ്യമായ ഉപകരണങ്ങളുടെ കുറവുകൾ.
- പഞ്ചായത്തിനുകീഴിൽ പ്രവത്തിക്കുന്ന വിവിധ ഓഫീസുകളുടെ പ്രവർത്തനം പഞ്ചായത്തിൽ ഒന്നിച്ചാക്കണം ഇന്ന് ഇടിഞ്ഞുവീഴാറായ പഞ്ചായത്താഫീസ് കെട്ടിടം മാറ്റി പണിയുകയും മേൽ സൂചിപ്പിച്ച ആഫീസുകളുടെ ഏകീകരിച്ച പ്രവർത്തനവും, പഞ്ചായത്താഫീസിലെ വർദ്ധിച്ച ജോലി പൂർത്തീകരിക്കുന്നതിനാവശ്യമായ ജോലിക്കാരുൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തണം. പൊതുമരാമത്തുപണികളിൽ കോൺട്രാക്ടർമാർ വർദ്ധിച്ച ലാഭം കയ്യാളുന്നു. പണികളുടെ ഗുണനിലവാര നില മെച്ചപ്പെടുത്തുന്നതിൽ ജനകീയസമിതികളുടെ ഇടപെടലുകൾ കാണുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കെട്ടിട നികുതിയിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം യഥാർത്ഥത്തിനേക്കാൾ കുറവാണ്. ഇതിലെ അപാകതകൾ പരിഹരിച്ച് വരുമാനം മെച്ചപ്പെടുത്തുവാൻ ശ്രമിക്കണം.

2. തൊഴിൽ നികുതി കാലാനുസൃതമായി പരിഷ്ക്കരിക്കണം. 2.5 ഏക്കറിൽ കൂടുതൽ ഭൂമി കൈവശത്തിലുള്ളവർക്ക് കൂടി തൊഴിൽ ഉൾപ്പെടുത്തണം.

3. വിനോദ നികുതിയിലുള്ള ചോർച്ച ഫലപ്രദമായ പരിശോധനകൾ നടത്തി വർദ്ധിപ്പിക്കണം.

4. തരിശ് ഭൂമിയായി നീക്കിവെക്കുന്ന ഭൂവുടമകളെ കണ്ടെത്തി പ്രത്യേക പിഴ ഈടാക്കിയാൽ ഭൂമിയുടെ വിനിയോഗം വർദ്ധിപ്പിക്കാനും വരുമാനം ഉണ്ടാക്കുന്നതിനും കഴിയും.

5. ഭൂമിയുടെ ക്രയവിക്രയത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ഓരോ പ്രദേശങ്ങൾക്കും യോജിച്ച തലത്തിൽ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനും ജനകീയസമിതികൾ രൂപീകരിക്കണം. എങ്കിൽ ഈ ഇനത്തിൽ വർദ്ധിച്ച വരുമാനം ലഭിക്കും.

6. പഞ്ചായത്തിലെ ഓട്ടോമൊബയിൽ വാഹനങ്ങൾക്ക് നികുതി ഈടാക്കണം.

7. കേബിൾ ടി.വി, നെറ്റ്‌വർക്കിന് പ്രത്യേക നികുതി ചുമത്തണം.

8. ആഡംബര സ്വഭാവത്തോടെ 1000 ചതുരശ്ര അടിക്കു മുകളിൽ പണിത വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തണം.

9. പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്കും നികുതി ചുമത്താവുന്നതാണ്.

10. സന്നദ്ധ സംഘടനകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും വിവിധ തൊഴിൽ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

11. വളർത്തുനായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം നിർബദ്ധമാക്കുക.

12. സംസ്ഥാന നികുതി വിഹിതങ്ങൾ, ഗ്രാൻറുകൾ എന്നിവ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകൾക്ക് കൂടുതൽ ലഭ്യമാക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ഈ പ്രദേശത്തെ സ്ഥിതിഗതികൾക്കനുസരിച്ച് നടത്തുന്നതിനുള്ള അധികാരം നൽകുകയും ചെയ്യണം.

13. അൺടൈഡ് ഫണ്ട്, ഗ്രാൻറുകൾ വർദ്ധിപ്പിക്കുക.

14. വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേകമായി ക്രെഡിറ്റ് സംഘങ്ങൾ രൂപീകരിച്ച് പണം സ്വീകരിക്കുകയും തിരിച്ചു നൽകുകയും ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കണം.

15. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപത്തിൻെറ 80% വായ്പയായി നല്കണമെന്ന രീതി നിർബദ്ധമായും നടപ്പിലാക്കണം. പ്രത്യേക സീറ്റുകൾ തൊഴിൽ വികസനത്തിനായി രൂപീകരിച്ച് നടപ്പിലാക്കണം.

16. ചിട്ടി കമ്പനികൾ കേരള ചിട്ടി റൂൾസിന് വിധേയമാക്കണം.

17. രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾ വഴി ലഭ്യമാകാവുന്ന സഹായധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സന്നദ്ധ സംഘടനകളെ ഇക്കാര്യത്തിൽ പ്രേരിപ്പിക്കണം.

# വിവര ശേഖരണത്തിനും റിപ്പോർട്ടിനും പിന്നിൽ


കെ. വി. രാമകൃഷ്ണൻ (പ്രസിഡണ്ട്)
പി. വി. ഗോവിന്ദൻ മാസ്റ്റർ
ഇ. ജി. നാരായണൻ
ഇ. കെ. മണി.
എ. കെ. വിശ്വംഭരൻ
കെ. വി. മോഹനൻ
സുമന പത്മനാഭൻ
അംബികാ ഗോപി.
ബേബി ഗംഗാധരൻ
ബിന്ദു.
സന്തോഷ്കുമാരി
കെ. ആർ. പ്രഭാകരൻ
കെ. എൻ. പ്രകാശൻ
പി. എസ്. നാരായണൻ
എം. കെ. വിശ്വംഭരൻ
സെറാഫിൻ പിൻഹിറോ
ടി. കെ. ഉണ്ണികൃഷ്ണൻ മാസ്റ്റർ
എം. ജി. ശ്രീധരൻ മാസ്റ്റർ
ഇ. കെ. വിശ്വംഭരൻ മാസ്റ്റർ
ടി. കെ. രാജൻ മാസ്റ്റർ
ഒ.എൻ. അജിത്ത് കുമാർ
ഇ. കെ. ഗംഗാധരൻ
എ. ആർ. ജയചന്ദ്രൻ
കെ. വി. ഹരിദാസ്
കെ. കെ. രാമകൃഷ്ണൻ
കെ. കെ. പ്രസാദ്
എം. വി. ജോർജ്ജ്
പി. സദാശിവൻ
കെ. കെ. സുബ്രഹ്മണ്യൻ
വി. വി. ശ്രീനിവാസൻ
എൻ. വി. മോഹനൻ
എ. യു. ശ്രീനിവാസൻ
എം. കെ. രാജു.
ഒ. പി. ബാബുരാജ്
എം. കെ. റോഷ്
എസ്. വി. മോഹനൻ
സി. എ. ശിവദാസൻ.
പി. ആർ. സദാനന്ദൻ
എസ്. കെ. ദാസൻ
കേശവൻ എം. കെ.
ജിജു എം. കെ.
ജിജു ഇ. എ.
ടി. ആർ ഭുവനേശ്വരൻ
ഇ. കെ. പ്രകാശൻ
ഒ. എ. കുഞ്ഞുമുഹമ്മദ്
കെ. കെ. കുമാരൻ
വി. ആർ. രണദേവ്
എം. എ. ദേവാനന്ദൻ
സിൽവസ്റ്റർ ഫെർണാണ്ടസ്
സെബാസ്റ്റ്യൻ പെരേര
പി. ആർ. ശശി.
വിശ്വനാഥൻ പി. ജെ.
പി. എ. രാമാനന്ദൻ
കെ. കെ. സുരേഷ്
എ. ആർ. സുരേഷ്
പി. സി. സുരേഷ്
കെ. സി. ബിജു
ടി. കെ. വിജയൻ
എ. ടി. ശശി
ഇ. കെ. ഗോപിനാഥൻ (കൺവീനർ)

D. T. P. & Offset Printing at *TECHNOPRINTS*, **Chalakudy** 

ഒമ്പതാം പദ്ധതി

അധികാരം ജനങ്ങളിലേക്ക്

ജനകീയപദ്ധതി




# പൂമംഗലം ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്

പൂമംഗലം ഗ്രാമപഞ്ചായത്ത്, തൃശൂർ ജില്ല

1996 ഡിസംബർ 1

101

# വികസന റിപ്പോർട്ട്


എഡിറ്റോറിയൽ ബോർഡ്

1 ശ്രീമതി അംബിക ചാത്തു

2 ശ്രീ സി. പി. മാത്യുമാസ്റ്റർ

3 ശ്രീമതി എം. കെ. കമലമ്മ

4 ശ്രീ പി. പി. ജോയ്

5 ,, കെ. എം. രാമകൃഷ്ണൻ

6 ,, യു. ചന്ദ്രശേഖരൻ
[സാമ്പത്തികസ്ഥിതി വിവരവകുപ്പ്]

7 ,, ഇ. വിജയകുമാർ

8 ,, ഏ. വി. ഗോകുൽ ദാസ്

9 ,, കെ. സി. പ്രേമരാജൻ



അച്ചടി—എൽസൺസ്, അവിട്ടത്തൂർ



"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

# മുൻ പ്രസിഡന്റുമാർ



പി.പി.പിയൂസ്



സി.ഐ.ജോർജ്ജ്



കെ.ഗോപാലൻ മാസ്ററർ

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

പ്രസിഡന്റ്



അംബിക ചാത്തു
വാർഡ് 8

വൈ.പ്രസിഡന്റ്



സി.പി.മാത്യു മാസ്റ്റർ
വാർഡ് 3

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



എം.കെ.കമലമ്മ
വാർഡ് 4




വി.ആർ.പ്രഭാകരൻ
വാർഡ് 1



പി.എ.പോൾസൺ
വാർഡ് 2



പി.പി.ജോയ്
വാർഡ് 5



ടി.കെ.കൊച്ചുമോൻ
വാർഡ് 6



രേണുക രാമചന്ദ്രൻ
വാർഡ് 7

# ആമുഖം

"ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്" മഹാത്മാഗാന്ധി.

സ്വാതന്ത്ര്യം ലഭിച്ച് 49 വർഷത്തിനുശേഷം 'ഇൻഡ്യയുടെ മോചനം ഗ്രാമങ്ങളിലൂടെ' എന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ നാം ഒരു പുതിയ വികസനപാത വെട്ടിത്തുറക്കുകയാണ്.

എട്ടു പഞ്ചവത്സരപദ്ധതികളിലായി നടപ്പിലാക്കിയ വികസനപദ്ധതികൾ അധികാരകേന്ദ്രീകരണത്തിനു മാത്രം വഴിയൊരുക്കിയ സാഹചര്യത്തിലാണ് അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട ഒമ്പതാം പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ജനകോടികളുടെ അനുദിന ജീവിതപ്രശ്നങ്ങളെ തൊട്ടറിഞ്ഞ് അവരുടെ ആശയാഭിലാഷങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നു. തങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയുവാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കാനും, ഇന്നലെവരെ തങ്ങൾക്കന്യമായ അധികാരങ്ങളും അവകാശങ്ങളും കയ്യേൽക്കാനും ഒരു ജനതയെ ആകെ പ്രാപ്തരാക്കുന്നു.

'വികസന പദ്ധതികൾ താഴെതട്ടിൽ തന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം.' ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് പൂമംഗലം പഞ്ചായത്തിൽ 17.8.96 ന് ചിങ്ങം ഒന്നിന് കർഷകദിനത്തിൽ പദ്ധതി വിശദീകരണത്തോടെ തുടക്കംകുറിച്ചു. ജില്ലാ പരിശീലനത്തെ തുടർന്ന് 13.9.96 ൽ പഞ്ചായത്തിന്റെ ഒന്നാംഘട്ടപരിശീലനം നടന്നു. പരിശീലനത്തിന് 15 സ്ത്രീകളും 51 പുരുഷന്മാരും പങ്കെടുത്തു. 21.9.96 മുതൽ 30.9.96 വരെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. മെച്ചപ്പെട്ട ബഹുജനപങ്കാളിത്തമായിരുന്നു എല്ലാ ഗ്രാമസഭകളിലും. വ്യത്യസ്ഥ ഗ്രൂപ്പുകളിലായി നടന്ന ചർച്ചകൾ സജീവമായിരുന്നു. ചർച്ചകളിൽ വനിതകൾ സജീവമായി പങ്കെടുത്തു. ചർച്ചകളിൽ രൂപപ്പെട്ട പ്രശ്നങ്ങളും ആവശ്യങ്ങളും പൊതുറിപ്പോർട്ടായി ഓരോ ഗ്രാമസഭകളിലും അവതരിപ്പിച്ചു.

ഗ്രാമസഭയിലുയർന്ന പ്രശ്നങ്ങൾക്ക് ആസൂത്രിതമായ രീതിയിൽ പരിഹാരം കാണാൻ ഉതകുന്ന സ്ഥിതിവിവര കണക്കുകൾ പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ശേഖരിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും വികസന സെമിനാറിന്റെ മുന്നൊരുക്കങ്ങൾക്കുമായി രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലനം 8.11.96 ൽ നടന്നു. 18 സ്ത്രീകളും 62 പുരുഷന്മാരും പരിശീലനത്തിനെത്തിയിരുന്നു. ഉദ്യോഗസ്ഥ പങ്കാളിത്തം മെച്ചപ്പെട്ടിരുന്നു.

പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള അധിക വിവരങ്ങൾ ശേഖരിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 9.11.96 ൽ പര്യടനം നടത്തി.

പഠനപര്യടനത്തിനുശേഷം ശേഖരിച്ച വിവരങ്ങൾ നാട്ടറിവിലൂടെ പൂർണ്ണമാക്കുന്നതിന് കാരണവന്മാരുടെ യോഗവും വിളിച്ചിരുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടേയും ദ്വിതീയ വിവരശേഖരണങ്ങളുടേയും അടിസ്ഥാനത്തിൽ, പഠനപര്യടനത്തിന്റേയും നാട്ടറിവിന്റേയും വെളിച്ചത്തിൽ ഈ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന വികസനരേഖ തയ്യാറാക്കി.

അടുത്ത 5 വർഷ കാലത്തിനിടയ്ക്ക് ജനകീയാസൂത്രണപദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനുതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഈ രേഖയിലുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ബഹുജനശക്തിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ ഗ്രാമത്തെ സ്വയംപര്യാപ്തതയിലേയ്ക്കും സ്വാശ്രയത്വത്തിലേയ്ക്കും നയിക്കുവാനുള്ള ചരിത്രദൗത്യം നാമോരോരുത്തരുമേറ്റെടുക്കുമെന്നു നമുക്കൊന്നായി പ്രതിജ്ഞയെടുക്കാം.

തൃശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ ഒരു ചെറിയ ഗ്രാമപഞ്ചായത്താണ് പൂമംഗലം. പഴയ കൊച്ചി നിയമസഭയിലെ ഒരു നിയമസഭാ മണ്ഡലമായിരുന്നു. കൊടുങ്ങല്ലൂർ തുറമുഖം കേന്ദ്രമാക്കി മൺപാത്രങ്ങൾ വിപണനം ചെയ്തിരുന്ന കുംഭാരന്മാരുടെ ആവാസകേന്ദ്രമായിരുന്നത്രേ ഈ സ്ഥലം. ഇവിടെയുണ്ടാക്കിയിരുന്ന മൺകലങ്ങളിൽ കൊത്തിവെച്ചിരുന്ന പൂക്കൾ അതിമനോഹരങ്ങളായിരുന്നു. പൂമൺകലം ലോപിച്ച് പിന്നീട് പൂമംഗലമായെന്നുകരുതപ്പെടുന്നു.

108 ദുർഗ്ഗാക്ഷേത്രങ്ങളിലെ വെള്ളിത്തട്ടഴകൊത്ത ഭഗവതി ക്ഷേത്രത്തിലും, ഏകശത്രുഘ്ന ക്ഷേത്രമെന്ന ഖ്യാതി നിലനിർത്തുന്ന പായമ്മൽ ക്ഷേത്രത്തിലും ചരിത്രമുറങ്ങുന്നു. പോയ തലമുറകളിലെ മതസൗഹാർദ്ദം വിളിച്ചോതിക്കൊണ്ട് ഹൈന്ദവക്ഷേത്രങ്ങളിലെ വാസ്തുശില്പരീതിയിൽ നിർമ്മിച്ച കല്ലറമ്പ് പള്ളിയും നിലകൊള്ളുന്നു.

പുരാതന കാലംമുതൽ ഇവിടെ ഭൂരിഭാഗവും നെൽപ്പാടങ്ങളായിരുന്നു. ഭൂരിഭാഗം ഭൂമിയും കുറച്ച് ജന്മി കുടുംബങ്ങളുടെ ഉടമസ്ഥതയിലായിരുന്നു. 1950 കൾ തുടങ്ങി കേരളത്തിൽ ജന്മി-കുടിയാൻ-കർഷകത്തൊഴിലാളി ബന്ധങ്ങളിലുണ്ടായ വ്യത്യാസങ്ങൾ ഇവിടേയും സംഘർഷങ്ങളുണ്ടാക്കി. ഭൂപരിഷ്ക്കരണനിയമത്തോടെ അസംഖ്യം കുടിയാന്മാർ ഭൂമിയുടെ ഉടമകളായിമാറി.

കൊച്ചി തുറമുഖത്തേയും ഇരിങ്ങാലക്കുടയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഷണ്മുഖം കനാൽ (അന്നത്തെ ദിവാൻ ഷണ്മുഖം ചെട്ടിയുടെ പേര്) ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നതിന്റെ രണ്ട് വശത്തും കുടിയേറിയ ഭൂരഹിതർ പട്ടയത്തിനായി നടത്തിയ സമരം എടുത്തുപറയേണ്ടതാണ്.

കേരളത്തിലുടനീളം നവോത്ഥാനപ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമരവുമുയർത്തിയ പുത്തനുണർവ്വ് ഈ പഞ്ചായത്തിലും കോളിളക്കമുണ്ടാക്കി. വിജ്ഞാനത്തിനും വിമോചനത്തിനുമുള്ള ഉൾക്കടമായ അഭിവാഞ്ച ഒരു പൊതുവികാരമായി മാറി. കൽപറമ്പിലെ ക്രിസ്ത്യൻപള്ളി വിദ്യാഭ്യാസരംഗത്ത് ആദ്യത്തെ ചുവടുവെച്ചു. പിന്നീട് സർക്കാരിന് ആ സ്ക്കൂൾ വിട്ടുകൊടുത്ത പള്ളി തന്നെ ഒരു ഹൈസ്ക്കൂൾ സ്ഥാപിച്ചു.

പൊതു വിദ്യാഭ്യാസം നൽകിയ പുത്തനുണർവ്വുകൾ മറ്റു രാജ്യങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യസമരകഥകൾ സ്വന്തം അവകാശങ്ങൾക്കായി മർദ്ദിതവർഗ്ഗം നടത്തുന്ന പോരാട്ടങ്ങൾ, ഇവയൊക്കെ ഈ പഞ്ചായത്തിലും മാറ്റങ്ങളുണ്ടാക്കി. ശ്രീനാരായണപ്രസ്ഥാനങ്ങളും കർഷകപ്രസ്ഥാനങ്ങളും വളർന്നു. ഐക്യകേരളപിറവിക്കുശേഷമുണ്ടായ ജനമുന്നേറ്റങ്ങളിലെല്ലാം ഇവിടത്തെ ജനത അതിന്റെ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്.

1977 ൽ അന്നത്തെ പടിയൂർ പഞ്ചായത്തിൽ നിന്ന് പൂമംഗലം വില്ലേജ് പൂർണ്ണമായും, മനവലശ്ശേരി വില്ലേജിന്റെ കുറച്ച് ഭാഗങ്ങളും (99.77 ഏക്കർ) കൂടിച്ചേർത്ത് പൂമംഗലം ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. സർവ്വശ്രീ. പി.പി.പീയൂസ്, സി.ഐ.ജോർജ്ജ്, കെ.കെ.ഗോപാലർ എന്നിവർ മുൻ പ്രിഡന്റുമാരായിരുന്നു.

**ഗ്രാമപഞ്ചായത്ത് ഭരണസമിതി**

| | | |
|---|---|---|
| 1. | ശ്രീമതി.അംബികാ ചാത്തു | പ്രസിഡന്റ് |
| 2. | ശ്രീ.സി.പി.മാത്യുമാസ്റ്റർ | വൈപ്രസിഡന്റ് |
| 3. | ശ്രീമതി.എം.കെ.കമലമ്മ | സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ) |
| 4. | ശ്രീ.വി.ആർ.പ്രഭാകരൻ | മെമ്പർ |
| 5. | ശ്രീ.പി.എ.പോൾസൻ | മെമ്പർ |
| 6. | ശ്രീ.പി.പി.ജോയ് | മെമ്പർ |
| 7. | ശ്രീ.ടി.കെ.കൊച്ചുമോൻ | മെമ്പർ |
| 8. | ശ്രീമതി.രേണുകാ രാമചന്ദ്രൻ | മെമ്പർ |

**കൃസ്തീയദേവാലയങ്ങൾ**

1. സെന്റ് മേരീസ് പള്ളി, കല്ലറമ്പ്
2. സെന്റ് മേരീസ് പള്ളി, അരിപ്പാലം
3. ഓർത്തഡോക്സ് പള്ളി, അരിപ്പാലം
4. സേക്രട്ട് ഹാർട്ട് പള്ളി, അരിപ്പാലം
5. സെന്റ് സെബാസ്റ്റ്യൻസ് പള്ളി, എടക്കുളം
6. സെന്റ് ആന്റണീസ് പള്ളി, പാദുവാനഗർ, എടക്കുളം

വലിയ കുന്നിൻ പ്രദേശങ്ങളോ, കടലോരമോ, പുഴയോരമോ ഈ പഞ്ചായത്ത്പ്രദേശത്തില്ല. വടക്ക്കിഴക്ക് ഭാഗത്തുനിന്ന് ഉയർന്ന് നിൽക്കുന്ന സമതലം പടിഞ്ഞാറോട്ട് തെല്ല്ചരിഞ്ഞ്വരുന്നരീതി.

പഞ്ചായത്തിന്റെ വടക്കുകിഴക്ക് ഭാഗത്ത് ചരൽകലർന്ന ചെമ്മണ്ണ്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറുഭാഗത്ത് ചെളിമണ്ണ്. തെക്കുഭാഗം മണൽ കലർന്നമണ്ണ്. തെക്ക്കിഴക്ക് ചരൽകലർന്ന ചെമ്മണ്ണ്. (കൂടുതൽ വിവരങ്ങൾ കൃഷി വിഭാഗത്തിൽ)

ഈ പഞ്ചായത്തിൽ വൻകിട തൊഴിൽശാലകളൊന്നും ഇല്ല. ആകെയുള്ളത് ഒരു കൊപ്രമില്ലും ഒരു തീപ്പെട്ടികമ്പനിയുമാണ്. നാശോന്മുഖമായ പരംബരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കാനും പുതിയ ചെറുകിടയൂണിറ്റുകൾ സ്ഥാപിക്കാനും ചെറിയശ്രമങ്ങളായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും നാല് അപ്പർപ്രൈമറി സ്ക്കൂളുകളും 3 പ്രൈമറി സ്ക്കൂളുകളും 8 പ്രീപ്രൈമറിസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

പഴയ സാംസ്കാരിക പാരമ്പര്യങ്ങളൊക്കെ അവകാശപ്പെടാനുണ്ടെങ്കിലും ഇന്നീരംഗത്ത് ഉന്മേഷക്കുറവുണ്ട്. വിദേശ ടീ.വി.കളും മറ്റുമാദ്ധ്യമങ്ങളും അടിച്ചേൽപ്പിക്കുന്ന കമ്പോളസംസ്കാരം നമ്മുടെ സാംസ്കാരിക പൈതൃകത്തിന് മങ്ങലേല്പിക്കുന്നുണ്ട്. 3 ലൈബ്രറികൾ ഒരു പഞ്ചായത്ത് കളിസ്ഥലം ഒരു ചെറിയ പാർക്ക് എന്നിവ പഞ്ചായത്തിനുണ്ട്.

വളരെകൂടുതൽ ആവശ്യങ്ങളും കുറച്ചു മാത്രം വിഭവങ്ങളുമുള്ള ഈ പഞ്ചായത്തിന്റെ വികസനരേഖ കൂടുതൽ ചർച്ചയ്ക്കും പരിപോഷണത്തിനുമായി സമർപ്പിക്കട്ടെ.

## ഹൈന്ദവ ക്ഷേത്രങ്ങൾ

1 ശ്രീഅയ്യപ്പക്ഷേത്രം, ചാമക്കുന്ന്
2 വെങ്ങാട്ടുപ്പിള്ളി ശിവക്ഷേത്രം, കല്ലറമ്പ്
3 പതിയാംകുളങ്ങര ഭഗവതി ക്ഷേത്രം, അരിപ്പാലം
4 പണിക്കാട്ടിൽ ശ്രീഭുവനേശ്വരിക്ഷേത്രം, അരിപ്പാലം
5 ശ്രീശത്രുഘ്നക്ഷേത്രം, പായമ്മൽ
6 എലമ്പലക്കാട്ട് ശ്രീകൃഷ്ണക്ഷേത്രം, എടക്കുളം
7 ആയിരംകോരം ശ്രീവിഷ്ണുമായക്ഷേത്രം, എടക്കുളം



108

# 1 കൃഷി, ജലസേചനം

നമ്മുടെ സംസ്ഥാനത്തെ വിവിധ കാർഷികമേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ മദ്ധ്യമേഖലാപ്രദേശത്താണ് പൂമംഗലം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന്റെ വടക്ക് ഇരിങ്ങാലക്കട മുനിസിപ്പാലിററി, തെക്ക് വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്, കിഴക്ക് വേളൂക്കര ഗ്രാമപഞ്ചായത്ത്; പടിഞ്ഞാറ് പടിയൂർ ഗ്രാമപഞ്ചായത്ത് എന്നിങ്ങനെയാണ് നാലതിരുകൾ. പൂമംഗലം, പടിയൂർ, മനവലശ്ശേരി എന്നീ വില്ലേജുകളിലായി നമ്മുടെ കൃഷിഭൂമി സ്ഥിതിചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗം ഉയർന്ന സമതലവും, പടിഞ്ഞാറോട്ട് അല്പം ചരിഞ്ഞുകിടക്കുന്ന ഭൂപ്രകൃതിയുമാണിവിടെയുള്ളത്. തെക്ക് കിഴക്ക് ഭാഗം മുതൽ മദ്ധ്യഭാഗം വരെ ഉയർന്ന് പടിഞ്ഞാറോട്ട് പോകുംതോറും താഴ്ന്ന സമതലപ്രദേശമായും കണ്ടുവരുന്നു. വടക്ക് പടിഞ്ഞാറ് ഭാഗം മുതൽ തെക്കെ അതിർത്തിവരെയുള്ള പ്രദേശം കോൾനിലങ്ങളാണ്. വലിയ കുന്നിൻ പ്രദേശങ്ങളോ, പുഴയോരങ്ങളോ, കടലോരങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. കർഷക പ്രാമുഖ്യമുള്ള ഈ ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി 923.7 ഹെക്ടറാണ്. എന്നാൽ 840.5 ഹെക്ടർ സ്ഥലമാണ് കൃഷി ഭൂമിയായി കണക്കാക്കിയിട്ടുള്ളത്. ഇതിൽതന്നെ 485.5 ഹെക്ടർ പ്രധാനവിളകളായ തെങ്ങ്, കവുങ്ങ്, വാഴ, ജാതി, കുരുമുളക് എന്നിവ കൃഷിചെയ്യുന്ന കരഭൂമിയായും, 355 ഹെക്ടർ നെൽവയലുകളായും, 83.2 ഹെക്ടർ ഭൂമി, ചതുപ്പ്, തരിശ് നിലങ്ങളുമായും, കണ്ടുവരുന്നു. വേണ്ടത്ര വികസന പ്രവർത്തനങ്ങൾ ലഭ്യമാക്കിയാൽ ഈ ഭൂമിയും കൃഷിയോഗ്യമാക്കാവുന്നതാണ്.

തൊഴിലാളികൾ കൂടുതൽ ആദായകരമായ തൊഴിലുകളിലേക്ക് തിരിഞ്ഞതിനാൽ നെൽകൃഷി രംഗത്ത് പ്രധാനമായും തൊഴിലാളി ദൗർല്ലഭ്യം അനുഭവപ്പെടുന്നുണ്ട്. കൃഷിയെ ബാധിക്കുന്ന രോഗങ്ങളും, വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവും, ഉല്പന്നങ്ങളുടെ വിലയിടിവും വിദേശരാജ്യങ്ങളെ അനുകരിക്കുന്ന തരത്തിലുള്ള ജനങ്ങളുടെ ജീവിതനിലവാരവും, അതിലുപരി കാലാവസ്ഥയെമാത്രം ആശ്രയിച്ച്ചെയ്യുന്ന കൃഷിരീതിയും കൊണ്ട് കാർഷികരംഗം ഇന്ന് വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭൂവിസ്തൃതികണക്ക് പട്ടികയിൽ സൂചിപ്പിക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | വിഭാഗം | വിസ്തൃതി ഹെക്ടറിൽ |
|---|---|---|
| 1 | നിലം | 355.00 |
| 2 | പുരയിടം | 485.50 |
| 3 | തരിശ്/ചതുപ്പ് | 83.20 |
| | ആകെ | 923.70 |

കാലാവസ്ഥ:-

വർഷത്തിൽ 9 മാസം മഴ ലഭിക്കുന്ന ഈ പ്രദേശത്ത് ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ശക്തമായ മഴ ലഭിക്കുന്നവെന്നാണ് സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നത്. ശരാശരി ലഭിച്ചുകൊണ്ടിരിക്കുന്ന മഴ 30 സെ. മീററാണെന്ന് കാണുന്നു. അന്തരീക്ഷതാപനില ഏററവും കുറഞ്ഞത് 22.9 ഡിഗ്രി സെൽഷ്യസും, ഏററവും കൂടിയത് 32.5 ഡിഗ്രി സെൽഷ്യസുമാണ്. താഴെ കാണുന്ന പട്ടികയിൽ മഴയുടെ വിവരങ്ങൾ കാണിച്ചിരിക്കുന്നു.

പട്ടിക 2

| മാസം | 1994 മില്ലി മീററർ | 1995 മി. മീററർ | 1996 മി. മീററർ |
|---|---|---|---|
| ജനവരി | .20 | — | 2.80 |
| ഫെബ്രുവരി | — | — | — |
| മാർച്ച് | — | — | 19.60 |
| ഏപ്രിൽ | 113.36 | 70 | — |
| മെയ് | 99.70 | 444 | — |
| ജൂൺ | 844.10 | 732 60 | 479.60 |
| ജൂലായ് | 839.80 | 658.20 | 529.60 |
| ആഗസ്റ്റ് | 439.70 | 525.90 | 236.40 |
| സെപ്റ്റംബർ | 185.40 | 75.04 | 435.30 |
| ഒക്ടോബർ | 290.20 | 92.40 | 164.10 |
| നവംബർ | 138.20 | 36.90 | — |
| ഡിസംബർ | — | — | — |

## മൺതരം

പഞ്ചായത്തിൻെറ കിഴക്ക് തെക്ക് ഭാഗം ചരൽകലർന്ന ചെമ്മണ്ണും, മണൽമണ്ണും, വടക്ക് കിഴക്ക് ഭാഗത്തു് ചെമ്മണ്ണും, മണൽ കലർന്ന ചെമ്മണ്ണും, മണൽമണ്ണും, പടിഞ്ഞാറെ മേഖലയിൽ മണൽകലർന്ന കളിമണ്ണും കാണപ്പെടുന്നു. മൊത്തം ഭൂമിയുടെ 28.1 ശതമാനം അതായത് 260 ഹെക്ടർ ചെമ്മണ്ണും, 23.87 ശതമാനം വരുന്ന 225 ഹെക്ടറോളം മണൽമണ്ണും, 38.43 ശതമാനത്തോളം വരുന്ന 355 ഹെക്ടർ നെൽകൃഷിയിടത്തെ മണൽ കലർന്ന കളിമണ്ണും, ബാക്കി 83.2 ഹെക്ടർ അതായത് 9.6 ശതമാനം ചതുപ്പും/തരിശും ആയി ഇതിനെ തരം തിരിച്ചിരിക്കുന്നു. താഴെ പട്ടികയിൽ ഇത് വ്യക്തമാക്കുന്നു.

പട്ടിക-3

| ക്രമ നമ്പർ | മൺതരം | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | ചരൽകലർന്ന ചെമ്മണ്ണ് | 260 | 28.10 |
| 2 | മണൽമണ്ണ് | 225.50 | 23.87 |
| 3 | മണൽകലർന്ന കളിമണ്ണ് | 355.00 | 38.43 |
| 4 | തരിശ് ചതുപ്പ് | 83 20 | 9.60 |
| | ആകെ | 923.70 | — |

## മണ്ണ് പരിശോധന

കർഷകർക്ക് അവരുടെ സാമ്പത്തികമായുണ്ടാകുന്ന നഷ്ടം പരിഹരിച്ച് മണ്ണിനും, വിളകൾക്കും ആവശ്യമായ വളങ്ങൾമാത്രം ഉപയോഗിച്ച് ആദായം വർദ്ധിപ്പിക്കുന്നതിന് ഏററവും അത്യാവശ്യമായ ഒന്നാണ് മണ്ണ് പരിശോധന. ഈ ആവശ്യത്തിന് കൃഷിഭവൻ മുഖേന മണ്ണ് സാമ്പിളുകൾ കർഷകർക്ക് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു മണ്ണ് പരിശോധനാ കേന്ദ്രം തൃശൂരിലുള്ള ചെമ്പുക്കാവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനത്തിൻെറ സഹായം എപ്പോഴും കർഷകർക്ക് ലഭ്യമാണ്.

## ഭൂവിനിയോഗം

ഗ്രാമപഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 355 ഹെക്ടർ വയലുകളാണെന്ന് പറഞ്ഞുവല്ലൊ. ഇതിൽ 105 ഹെക്ടർ വിരിപ്പ് കൃഷിയും, 115 ഹെക്ടർ മുണ്ടകനും, 145 ഹെക്ടർ കോൾ കൃഷിയും, 60 ഹെക്ടർ പുഞ്ചകൃഷിയുമാണ് നടത്തിവരുന്നത്. ബാക്കിവരുന്ന 35 ഹെക്ടർ കൃഷി യോഗ്യമായ ചതുപ്പ്നിലമാണ്. വേണ്ടരീതിയിൽ ഒരു സർവ്വെ നടത്തി ഈ സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതരത്തിലുള്ള പദ്ധതികൾ മണ്ണുസംരക്ഷണ വകുപ്പിൻേറയും, കൃഷിവകുപ്പിൻേറയും സഹായത്തോടെ ആവിഷ്ക്കരിക്കാവുന്നതാണ്. കൂടാതെ മുണ്ടകൻ വിളവെടുപ്പ് കഴിയുന്ന സ്ഥലങ്ങളിൽ എള്ള്, പയർ, പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്ത് ആദായം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

485.5 ഹെക്ടർ പുരയിട വിസ്തൃതിയിൽ തെങ്ങ്, കവുങ്ങ്, വാഴ, ജാതി, കുരുമുളക്, പച്ചക്കറികൾ എന്നിവ കൃഷിചെയ്യുവരുന്നു. വിശദവിവരങ്ങൾക്ക് പട്ടിക 4ലെ കൃഷിഭവൻ രേഖകൾ കാണുക.

പട്ടിക 4

| ക്രമ നംബർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉല്പാദനം (ടൺ) | ശരാശരി ഉല്പാദനം (ടൺ) |
|---|---|---|---|---|
| 1 | നെല്ല്:- ഒന്നാംവിള (വിരിപ്പ്) | 105 | 378 | 3.6 |
| | രണ്ടാംവിള മുണ്ടകൻ | 115 | 437 | 3.5 |
| | മൂന്നാംവിള (പുഞ്ച) | 205 | 820 | 4.0 |
| 2 | തെങ്ങ് | 485.50 | 12,74,437 എണ്ണം | 15 എണ്ണം/തെങ്ങ് |
| 3 | കവുങ്ങ് | 25 | 300 ടൺ | 12 ടൺ/ഹെക്ടർ |
| 4 | വാഴ | 20 | 300 ടൺ | 6kg / വാഴ |
| 5 | കുരുമുളക് | 10 | 125 ടൺ | 5kg / താങ്ങ്മരം |
| 6 | പയർ | 10 | 1.15 ടൺ | 125kg / ഹെ. |
| 7 | ജാതി | 20 | 9 ടൺ | 3kg / ജാതിമരം |
| 8 | പച്ചക്കറി | 5 | 7.5 ടൺ | 1 5 ടൺ / ഹെ. |

## വളപ്രയോഗം:-

പഞ്ചായത്തിൽ പൊതുവെ രാസവളങ്ങളും, ജൈവ-വളങ്ങളും ഉപയോഗിച്ച് വരുന്നുണ്ട്. നെൽകൃഷിയിൽ പ്രധാനമായും രാസവളങ്ങളാണ് കൂടുതൽ ഉപയോഗിച്ചു വരുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് ജൈവ-വളം സുലഭമല്ലാത്തതാണ് ഇതിന്റെ പ്രയോഗം കുറയുവാനിടയാക്കിയത്. തെങ്ങ്കൃഷിയെ സംബന്ധിച്ചിടത്തോളം ജൈവ-വളപ്രയോഗം കൂടുതലായിരുന്നുവെങ്കിലും ഇന്നത്തെ പ്രത്യേക സാഹചര്യത്തിലും, കൃഷിഭവന്റെ സഹായത്തോടേയും രാസവളപ്രയോഗം അനുവർത്തിച്ചു വരുന്നുണ്ട്. പാക്യജനകം, ഭാവഹം, ക്ഷാരം എന്നീ മൂലകങ്ങളടങ്ങിയ യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ്. മസ്സൂറി ഫോസ് തുടങ്ങിയ രാസവളങ്ങളും, ചാണകം, ചാരം, പച്ചില തുടങ്ങിയ ജൈവ-വളങ്ങളും ഉപയോഗിച്ച് വരുന്നുണ്ട്. ജൈവ-വളപ്രോത്സാഹനത്തിന്റെ ഭാഗമായി ഒരു പട്ടികജാതി യുവാവിനെ തെരഞ്ഞെടുത്ത് കൃഷിഭവന്റെ സഹായത്തോടെ, പഞ്ചായത്ത് തലത്തിൽ ഒരു ജൈവ-രാസവള നിർമ്മാണയൂണിററ് ആരംഭിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

രാസവള വിപണനത്തിനായി ഒരു സഹകരണസ്ഥാപനവും, ഒരു സ്വകാര്യസ്ഥാപനവും പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനുപുറമേ കർഷകരുടെ സൗകര്യം കണക്കിലെടുത്ത് ഇരിങ്ങാലക്കുട മുനിസിപ്പാലിററിയിലെ വിപണനകേന്ദ്രങ്ങളേയും ഈ ഗ്രാമവാസികൾ കാർഷികാവശ്യം നിറവേററുന്നതിന് ആശ്രയിക്കാറുണ്ട്.

നെൽപ്പാടങ്ങളിൽ കണ്ടുവരുന്ന അമ്ലരസം കുറയ്ക്കുന്നതിന് കുമ്മായവസ്തുക്കൾ ധാരാളമായി കർഷകർ ഉപയോഗിച്ചു വരുന്നു. കഴിഞ്ഞ 3 വർഷത്തെ രാസ വിപണനതോത് പഞ്ചായത്ത് തലത്തിലുള്ളത് താഴെ പട്ടികയിൽ ചേർക്കുന്നു. (പഞ്ചായത്തിന് പുറമേയുള്ള വിപണന കണക്കുകൾ ലഭ്യമല്ല )

പട്ടിക 5 (A)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം | N. കി. ഗ്രാം | P. കി. ഗ്രാം | K. കി. ഗ്രാം |
|---|---|---|---|---|---|
| 1 | പൂമംഗലം സർവ്വീസ് സഹകരണസംഘം R. 712 | 1993–94 | 2834 | 1824 | 362 |
| | | 1994–95 | 2616 | 2618 | 318 |
| | | 1995–96 | 1426 | 1026 | 256 |
| 2 | മരിയൻ ഫെർട്ടിലൈസേഴ്സ് അരിപ്പാലം | 1993–94 | 5611 | 2814 | 796 |
| | | 1994–95 | 5668 | 3014 | 803 |
| | | 1995–96 | 1426 | 1030 | 362 |

## കീടരോഗങ്ങൾ

നെൽകൃഷിയിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങളാണ് ഇലപ്പുള്ളി രോഗം, ബ്ലാസ്റ്റ്, പോളരോഗം മുതലായവ. തണ്ടുതുരപ്പൻ പുഴ, ഓലചുരുട്ടി പുഴ, ചാഴി, മുഞ്ഞ എന്നീ കീടബാധയും ഈ കൃഷിയെ ബാധിക്കാറുണ്ട്.

തെങ്ങ്കൃഷിക്ക് മാരകമായ കാററുവീഴ്ച, കുമ്പുചീയൽ, ഓലരോഗം എന്നിവയും, കവുങ്ങിന് മഹാളിരോഗം, മഞ്ഞളിപ്പ് എന്നിവയും, കുരുമുളകിന് വാട്ടരോഗവും, ജാതിക്ക് കായ് പൊഴിച്ചിലും, പച്ചകറികൾക്ക് ഇല കുരുടിപ്പ്ബാധയും സാധാരണയായി കണ്ടുവരുന്നു. ഖരം, ദ്രാവകം, തരിരൂപം എന്നിങ്ങനെ വിവിധ രൂപത്തിലുള്ള കീടനാശിനികളും, കുമിൾ നാശിനികളും പ്രതിവിധിക്കായി ഉപയോഗിച്ചു വരുന്നുണ്ട്. പഞ്ചായത്തിന് പുറമെയുള്ള വിപണനകണക്കുകൾ ലഭ്യമല്ല. ഈ പഞ്ചായത്തിലെ വിപണന പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 5 (B)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം | ഖരം (കി. ഗ്രാം) | ദ്രാവകം (ലിററർ) | തരി (കി. ഗ്രാം) |
|---|---|---|---|---|---|
| 1 | മരിയൻ ഫെർട്ടി ലൈസേഴ്സ് അരിപ്പാലം | 1993–'94 | 288 6 | 297.6 | 115 |
| | | 1994–'95 | 320.6 | 301.8 | 138.3 |
| | | 1995–'96 | 231.6 | 221 7 | 103.1 |

## കാർഷിക ഉപകരണങ്ങൾ

യന്ത്രവൽക്കരണത്തിൻെറ ഭാഗമായി കാർഷികരംഗം പവ്വർ ട്രില്ലറുകളും, ട്രാക്ടറുകളും, കയ്യടക്കിയെങ്കിലും കൃഷിയുടെ ഗതകാല സ്മരണ നിലനിർത്തുന്നതും ഗ്രാമീണചാരായ നിഴലിക്കുന്നതുമായ കന്ന് പൂട്ടലിന് ഇപ്പോഴും 12 നാടൻ കലപ്പകൾ ഈ പഞ്ചായത്തിലെ കർഷകർ ഉപയോഗിച്ചവരുന്നുണ്ട്. ട്രാക്ടർ, ടില്ലർ, കുററിപ്പമ്പുകൾ, റോക്കർ സ്പ്രേയറുകൾ, തെങ്ങ്കയററയന്ത്രം, മെതിയന്ത്രം എന്നിവയുടെ ഈ പഞ്ചായത്തിലെ ലഭ്യമായ കണക്കുകൾ കൃഷിഭവൻെറ താഴെപറയുന്ന രേഖകൾ വ്യക്തമാക്കുന്നു.

### പട്ടിക 6

| ക്രമ നമ്പർ | ഉപകരണങ്ങളുടെ പേര് | ലഭ്യമായ എണ്ണം | ഉപയോഗം |
|---|---|---|---|
| 1 | ട്രാക്ററർ | 4 | നിലം ഉഴവാൻ |
| 2 | ടില്ലർ | 5 | ,, |
| 3 | നാടൻ കലപ്പ | 12 | ,, |
| 4 | ചവിട്ട് പമ്പ് | 32 | മരുന്ന് തളിക്കുവാൻ |
| 5 | കുററിപ്പമ്പ് | 151 | ,, |
| 6 | പൗവ്വർ സ്പ്രേയർ | 1 | ,, |
| 7 | മെതിയന്ത്രം | 4 | മെതിക്കുന്നതിന് |
| 8 | തെങ്ങ്കയററയന്ത്രം | 3 | തെങ്ങിൽകയറുവാൻ |
| 9 | പോർട്ടബിൾ പമ്പ്സെററ് | 87 | ജലസേചനത്തിന് (ചലിപ്പിക്കാവുന്നവ) |

## പാടശേഖര സമിതികളും, ഇതരസമിതികളും

ഈ പഞ്ചായത്തിൽ നെൽപ്പാടങ്ങളെ അഞ്ചായി തിരിച്ച് റജിസ്റ്റർ ചെയ്ത് 5 പാടശേഖര സമിതികളായി പ്രവർത്തിച്ചു വരുന്നു. പൂമംഗലം-പടിയൂർ കോൾ കർഷകസംഘം (റജി: നമ്പർ 46/84), പനച്ചിക്കൽച്ചിറ-കക്കളം പാടശേഖരം (റജി: നമ്പർ 698/91), പെരുവല്ലിപ്പാടം വെസ്റ്റ് പാടശേഖരം (റജി: നമ്പർ 228/89), പെരുവല്ലിപ്പാടം ഈസ്റ്റ് പാടശേഖരം (റജി: നമ്പർ 439/89) എടക്കുളം കിഴക്കേ പാടശേഖരസമിതി (റജി: നമ്പർ 350/89) എന്നിവയാണവ.

പഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ച്വരുന്ന ഒരു കേരവികസന സമിതിയും റജി: നമ്പർ 116/95 നമുക്ക് ഉണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകരും അംഗങ്ങളായിട്ടുള്ള ഈ സമിതി കൃഷിവകുപ്പ് നടപ്പാക്കുന്ന രാസവള കിററ് വിതരണം, ജലസേചനത്തിനുള്ള കിണർ-പമ്പ് സെററ് പദ്ധതികൾ, മരുന്ന്തളി നടത്തുന്നതിനുള്ള സ്പ്രേയറുകളുടെ വിതരണം, പച്ചിലവളപ്പയർ വിതരണം തുടങ്ങിയ വിവിധ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് കൃഷിഭവനെ സഹായിച്ചുവരുന്നു.

പാടശേഖര സമിതികളുടേയും, നെൽകൃഷി ഉല്പാദനത്തിൻേറയും വിവരങ്ങൾക്ക് പട്ടിക 7 നോക്കുക.

| ക്രമ നമ്പർ | സമിതികളുടെ പേര് | രജി. നമ്പർ | വിസ്തീർണ്ണം | ഉല്പാദന ക്ഷമത ഹെക്ടറിൽ | ഉല്പാദന ക്ഷമത (കി. ഗ്രാം/ ഹെ.) |
|---|---|---|---|---|---|
| 1 | പൂമംഗലം-പടിയൂർ കോറം കർഷകസംഘം | 46/84 | 145 ഹെ (പുഞ്ച) | 4000 കി. | 4200 കി. |
| 2 | പനച്ചിക്കൽച്ചിറ–കക്കളം പാടശേഖരം | 698/91 | 137 ഹെ (വിരിപ്പ്,മുണ്ടകൻ,പുഞ്ച) | 3500 കി. | 3600 കി. |
| 3 | പെരുവല്ലിപ്പാടം വെസ്റ്റ് പാടശേഖരം | 228/89 | 26 ഹെ (വിരിപ്പ്, മുണ്ടകൻ) | 3600 കി. | 3900 കി. |
| 4 | പെരുവല്ലിപ്പാടം ഈസ്റ്റ് പാടശേഖരം | 439/89 | 25 ഹെ (വിരിപ്പ്, മുണ്ടകൻ) | 3600 കി. | 3700 കി. |
| 5 | എടക്കുളം കിഴക്കേപ്പാടം | 350/89 | 22 ഹെ (വിരിപ്പ്, മുണ്ടകൻ) | 2800 കി. | 3000 കി. |

## വേതനനിരക്ക്, തൊഴിൽ സാദ്ധ്യത:-

മൊത്തം 2922 കർഷക കുടുംബങ്ങൾ ഉള്ളതിൽ ഏതാണ്ട് 50 ശതമാനം പേരും കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഏകദേശം 760 പേരോളം തൊഴിലാളികൾ കാർഷികമേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരായി ഈ പഞ്ചായത്തിലുണ്ട്. ഒരു പുരുഷന് 100 രൂപയും സ്ത്രീക്ക് 50 രൂപയും എന്നതാണ് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ശരാശരി വേതന നിരക്ക്. കൂടുതൽ ആകർഷകവും, ആദായകരവുമായ കെട്ടിടനിർമ്മാണം, റോഡ് നിർമ്മാണം എന്നീ തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ ശ്രദ്ധ തിരിഞ്ഞതോടുകൂടി കാർഷികരംഗത്ത് ചില ജോലികൾക്ക് തൊഴിലാളികളെ ലഭിക്കുവാൻ പ്രയാസം നേരിട്ടുവരുന്നു.

## കാർഷിക വായ്പ:-

കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി വികസനത്തിന് ഏറെ സഹായകമായ ഘടകമാണ് അതാത് പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ. പൂമംഗലം സർവ്വീസ് സഹകരണബാങ്ക് No. R. 712, ധനലക്ഷ്മി ബാങ്ക്, കല്പറമ്പ്, കാത്തലിക് സിറിയൻ ബാങ്ക്, അരിപ്പാലം, കാർഷിക വികസനബാങ്ക്, ഇരിങ്ങാലക്കുട, സൗത്ത് ഇന്ത്യൻ ബാങ്ക്, പൂച്ചക്കുളം എന്നിവ ഈ ഗ്രാമപഞ്ചായത്തിൻെറ ധനകാര്യസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നു. പൂമംഗലം സർവ്വീസ് സഹകരണബാങ്ക് 1993-94 വർഷത്തിൽ 11.83 ലക്ഷം രൂപയും, 94_95-ൽ 11.67 ലക്ഷം രൂപയും, 95-96-ൽ 18.49 ലക്ഷം രൂപയും വായ്പ നൽകിയിട്ടുണ്ട്.

## ജലസേചനം

പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതിയാണ് ഇവിടെയുള്ളത്. കിണർ, കുളം, തോട് മുതലായ ജലസംഭരണികളല്ലാതെ ജലസേചനത്തിനുതകുന്ന മററ് പദ്ധതികളൊന്നുംതന്നെ ഇവിടെ നടപ്പാക്കിയിട്ടില്ല. ഉദ്ദേശം 2.5 കി. മീററർ നീളമുള്ള പൂക്കോട്ട് പുഴ തോടും, അതിനോടനുബന്ധിച്ചുള്ള പതിനൊന്നാം ചാൽ, പടിയൂർ കഴിചാൽ, അവുണ്ടേറചാൽ, ഷൺമുഖം കനാൽ എന്നിങ്ങനെ ചേർന്നുള്ള 6.4 കി. മീററർ നീളം വരുന്ന തോടുകൾ ഇവിടെയുണ്ട്,

കൃഷിയിറക്കുന്ന സമയത്ത് നിലങ്ങളിലെ അധികജലം തോടുകളിൽ സംഭരിച്ച് നിർത്തുകയും, ആവശ്യമായിവരുന്ന സമയത്ത് കൃഷി നിലങ്ങളിലേക്ക് തിരിച്ച് പമ്പ്ചെയ്യുകയുമാണ് ഇവിടെ ചെയ്തുവരുന്നത്.

മേല്പറഞ്ഞ ജലസംഭരണികളിൽ മണ്ണ് നിറഞ്ഞ് കിടക്കുന്നതുമൂലം ജലസംഭരണശേഷി വർഷംതോറും കുറഞ്ഞുവരുന്നതായി കാണുന്നു.

## കുളങ്ങൾ

ചെറുതും വലുതുമായി 20 കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം തന്നെ ജലസേചനത്തിന് ഉപയോഗിക്കുന്നവയാണ്. എന്നാൽ യഥാവിധി കുളങ്ങളെ സംരക്ഷിക്കാത്തതുമൂലം ശരിയായ ഉപയോഗം നടക്കുന്നില്ല. വററാത്ത കുളങ്ങൾ ആകെ 2 എണ്ണമാണ് ഇവിടെയുള്ളത്. താഴെ പട്ടിക 8 നോക്കുക.

പട്ടിക 8

| ക്രമ നമ്പർ | വാർഡ് നമ്പർ | ആകെ കുളങ്ങൾ | വററുന്നവ | വററാത്തവ |
|---|---|---|---|---|
| 1 | 1 | 3 | 2 | 1 |
| 2 | 2 | 1 | 1 | — |
| 3 | 3 | 1 | 1 | — |
| 4 | 4 | 2 | 2 | — |
| 5 | 5 | 2 | 2 | -- |
| 6 | 6 | 9 | 8 | 1 |
| 7 | 7 | 1 | 1 | — |
| 8 | 8 | 1 | 1 | — |

## മണ്ണ് സംരക്ഷണം:-

വർഷങ്ങൾ തോറും വയലുകളിലെ വരമ്പുകൾ വച്ച് പിടിപ്പിച്ചും, പറമ്പുകളിൽ പൊലി കൂട്ടിയുമാണ് സാധാരണയായി ഇവിടെ മണ്ണും ജലവും സംരക്ഷിച്ചു പോരുന്നത്. കർഷകരുടെ താല്പര്യക്കുറവും, തൊഴിലാളികളുടെ ലഭ്യതക്കുറവും, മണ്ണ് സംരക്ഷണപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടില്ലർ, ട്രാക്ടർ എന്നിവ ഉപയോഗിച്ച് നെൽപാടങ്ങൾ മാത്രമല്ല; പറമ്പുകളും ഉഴുതുമറിക്കുന്ന സമ്പ്രദായം ഇപ്പോൾ പ്രചാരത്തിലായിട്ടുണ്ട്.

## നെഴ്സറികൾ:-

കാർഷിക രംഗത്തേക്കാവശ്യമായ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയാണ് നെഴ്സറികളുടെ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ അംഗീകാരത്തോടുകൂടിയ 2 നെഴ്സറികളും, സ്വകാര്യമേഖലയിലുള്ള 2 നെഴ്സറികളും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. പഞ്ചായത്തിലേക്കാവശ്യമായ നടീൽ വസ്തുക്കൾ ഏറെക്കുറെ ഇവയിൽനിന്നു് ലഭിക്കുന്നു. കൂടാതെ കൃഷിവകുപ്പിന്റെ വിവിധ സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന നടീൽവസ്തുക്കളും നമുക്ക് ലഭിച്ചുവരുന്നുണ്ട്. എങ്കിലും നെൽവിത്തുകളുടേയും, പച്ചക്കറി വിത്തുകളുടേയും കാര്യത്തിൽ നാമിപ്പോഴും നല്ല കർഷകരെ തന്നെ ആശ്രയിച്ചുവരികയാണ്.

## കൃഷിഭവൻ

1987 സെപ്തംബർ 1–ാം തിയ്യതിയാണ് ഈ ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ചത്. അതുവരെ നാം കൃഷിയാവശ്യങ്ങൾക്കായി പടിയൂർ പഞ്ചായത്തിലെ കൃഷി വികസന ഓഫീസിനെ ആശ്രയിച്ചിരുന്നു. ഒരു കൃഷി ഓഫീസറും, രണ്ട് കൃഷി അസിസ്റ്റൻറുമാരും ഉള്ള ഈ കൃഷി ഭവൻെറ പ്രവർത്തനം സജീവവും, തൃപ്തികരവുമാണ്. എന്നാൽ കാർഷികരംഗത്തെ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനും, കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണ്. അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം നടപ്പിൽ വരുത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ 2922 കർഷക കുടുംബങ്ങളെ താഴെപറയുന്ന തരങ്ങളിലായി തരം തിരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വിസ്തീർണ്ണം ഹെക്ടറിൽ | കർഷക കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | .5 വരെ | 1438 |
| 2 | .5 മുതൽ 1 വരെ | 815 |
| 3 | 1 മുതൽ 2 വരെ | 428 |
| 4 | 2 മുതൽ 3 വരെ | 241 |
| 5 | 3ന് മീതെ | ഇല്ല |
| | | 2922 |

പ്രശ്നങ്ങൾ:–

1 മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയായതിനാൽ വരൾച്ച, വെള്ളപ്പൊക്കം എന്നീ കാലക്കെടുതികൾ ഇവിടത്തെ കൃഷിയെ സാരമായി ബാധിക്കാറുണ്ട്. നിലവിലുള്ള തോടുകളും, ചാലുകളും, കുളങ്ങളും, മററ് ജലസംഭരണികളും മണ്ണ് വീണ് നിറയുന്നതിനാൽ ഇവയുടെ ജലസംഭരണശേഷി കുറയുകയും, തന്മൂലം ജലസേചന സാദ്ധ്യത കുറഞ്ഞുപോവുകയും ചെയ്യുന്നു. ഇവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പ്‌വരുത്തുന്ന ഒരു ജലസേചനപദ്ധതിയും നാളിത് വരെ ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല എന്നതാണിവിടത്തെ മുഖ്യപ്രശ്നം.

2 വിത്ത്, വളം, മററ് കാർഷികോപാധികൾ എന്നിവ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനും, വിളവ് തിരിച്ച് വീട്ടിലെത്തിക്കുന്നതിനും വേണ്ടതായ ഗതാഗത സൗകര്യങ്ങൾ (മോട്ടോറബിൾ ബണ്ട്) നിലവിലില്ല.

3 ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ കൃഷിയിറക്കുന്നത് മൂലം വിളവെടുപ്പ് ഒരേസമയത്ത് വരുന്നതിനാൽ ഈ സമയത്ത് തൊഴിലാളികളുടെ ദൗർല്ലഭ്യം അനുഭവപ്പെടാറുണ്ട്. എന്നാൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിലുണ്ടെങ്കിലും സജീവ പ്രവർത്തനം നടക്കുന്നില്ല.

4 തൊഴിലാളികളുടെ ലഭ്യതക്കുറവ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

5 കാർഷികോല്പന്നങ്ങൾ വിററഴിക്കുന്നതിനു് അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലലഭിക്കുന്നില്ല.

6 കീട–രോഗബാധകൾ, കാലക്കെടുതികൾ എന്നിവമൂലം കൃഷിക്കു് സാരമായ നഷ്ടം സംഭവിക്കുകയും, ഉല്പാദനം കുറയുകയും ചെയ്യുന്നു.

7 മേൽത്തരം വിത്തുകളുടെ ലഭ്യതക്കുറവ്, സാങ്കേതിക പരിജ്ഞാനക്കുറവ് എന്നിവ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

8 ഉപ്പ്വെള്ളം കയറി മുണ്ടകൻ കൃഷിനശിക്കുകയും, ഉദ്ദേശം 25 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു.

9 നിലവിലുള്ള തോടുകളിൽ അടിഞ്ഞ്കൂടുന്ന മണ്ണ് നീക്കാത്തതുമൂലവും, വരമ്പുകൾ നിലവിലുള്ളത് ഉയർത്തി ഉറപ്പിക്കാത്തത് മൂലവും ജലം നിയന്ത്രിച്ച് യഥാസമയത്ത് കൃഷിയിറക്കുവാൻ കഴിയുന്നില്ല.

10 ഷൺമുഖം കനാലിന്റെ വടക്ക്ഭാഗത്തുള്ള ചേലൂർപ്പാടം ഉപ്പ്വെള്ളം കയറി കൃഷിയിറക്കുവാൻ കഴിയാത്തതിനാൽ കൃഷിഭൂമി വെറുതെകിടക്കുന്നു.

11 ചെമ്മീൻകൃഷിക്കനുയോജ്യമായ കൃഷിയിടങ്ങൾ ഇവിടെയുണ്ടെങ്കിലും ആരും ഇതിനു് തയ്യാറാകുന്നില്ല.

12 മൂന്നാം വിളയായി കൃഷിചെയ്തിരുന്ന പയർ, പച്ചക്കറി, എള്ള് മുതലായവ ജലക്ഷാമം മൂലവും ആദായക്കുറവും മൂലം കുറഞ്ഞ്വരുന്നു.

13 തെങ്ങിനു് ജലസേചനക്കുറവ് മൂലവും, മാരകമായ രോഗബാധയും കാരണം ഉല്പാദനം വളരെ കുറഞ്ഞുപോയിരിക്കുന്നു. നാളികേര വിലയിടിവും ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

14 തെങ്ങിനു് ശാസ്ത്രീയ രീതിയിലുള്ള മരുന്ന്തളി പ്രയോഗം നിലവിലില്ല. ഇടവിളകൃഷി കുറഞ്ഞുവരുന്നു.

15 കവുങ്ങിനു് കണ്ടുവരുന്ന മഹാളിരോഗത്തിനും, കൂമ്പുചീയലിനുമെതിരെയുള്ള മരുന്ന്തളി പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല.

16 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗമോ, കൃഷി രീതിയോ അനുവർത്തിക്കുന്നില്ല.

17 വാഴകൃഷിയെ ബാധിക്കുന്ന കുമ്പടപ്പ് രോഗവും, എലിശല്യവും കാരണം ഉല്പാദനം കുറഞ്ഞുവരികയും, ഏത്തവാഴകൃഷിക്കാവശ്യമായ ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ കഴിയാതെ വരുന്നതും മൂലം ഈ കൃഷിയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

18 കാററ്വീഴ്ച, കുമ്പ്ചീയൽ, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ മൂലവും, എലിശല്യം മൂലവും ഉല്പാദനം കുറഞ്ഞ് വരുന്നു.

19 ആധുനിക കാർഷിക യന്ത്രങ്ങൾ വ്യാപകമായ തോതിൽ പ്രചാരത്തിലില്ല.

20 കോൾനിലങ്ങൾക്ക് അനുവദിച്ച നിലവിലുള്ള പമ്പിംഗ് സബ്സിഡി അപര്യാപ്തമാണ്.

21 കേരകർഷകരുടെ മണ്ണ് സംരക്ഷണ പദ്ധതി ഇന്ന് നിലവിലില്ല.

## നിർദ്ദേശങ്ങൾ

1 പാടശേഖരങ്ങളുടെ ജലസേചന-ജലനിർഗ്ഗമനത്തിനുതകുന്ന തരത്തിൽ ജലസംഭരണികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പദ്ധതിയാണ് ആദ്യമായി നടപ്പാക്കേണ്ടത്. അതിന്റെ ഭാഗമായി ഷൺമുഖം കനാലിനെ ജലസംഭരണിയാക്കേണ്ടതുണ്ട്. ചിമ്മിനി-മുപ്ലിയം ഡാം പദ്ധതി കാട്ടൂർ തെക്കും പാടത്ത് എത്തിനില്ക്കുന്നതിനെ ഷൺമുഖം കനാലിലെത്തിച്ച് അവുണ്ടറച്ചാൽ വഴി പൂക്കോട്ട് പുഴ ജലസംഭരണിയിലെത്തിക്കുക.

ഷൺമുഖം കനാലിന്റെ പടിഞ്ഞാറ് വശത്തുള്ള കോൺക്രീററ് പാലത്തിന് മുന്നിലായി കിഴക്ക് ഭാഗത്ത് ഒരു സ്ലൂയിസ് കം ബ്രിഡ്ജ് തെക്ക് വടക്ക് ആയി നിർമ്മിച്ച് കനാൽ ഒരു ജലസംഭരണിയാക്കുന്നതിന് നടപടിയെടുക്കുക.

ഇടമലയാർ ജലപദ്ധതി അങ്കമാലിവരെ എത്തിനില്ക്കുന്നതിനെ നടവരമ്പ് ചിറയിലൂടെ അവുണ്ടറച്ചാലിൽ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.

അവുണ്ടറ, പടിയൂർക്കുഴി, പതിനൊന്നാംചാൽ, പൂക്കോട്ട് പുഴ എന്നീ ജലസംഭരണികളും, പുറമ്പോക്ക് തോടുകളും, ആഴം വർദ്ധിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

കൊണ്ടോട്ടിച്ചാൽ-കക്കുളം ചാൽകളും ആഴംകൂട്ടി, വീതി വർദ്ധിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും, അതിനോടനുബന്ധിച്ചുള്ള പനച്ചിക്കൽച്ചിറ-പൂക്കോട്ട് പുഴ തോടിന് ആഴവും വീതിയും കൂട്ടി, പനച്ചിക്കൽച്ചിറ പാലത്തിനോട് ചേർന്ന് ഒരു മോട്ടോർ ഷെഡ്ഡ് നിർമ്മിച്ച് അതിൽ 15 H. P. യുടെ മോട്ടോർ പമ്പ് സ്ഥാപിക്കുകയും വേണം. ഈ പാലത്തിനടുത്ത് തെക്ക്‌വശം ചേർന്ന് ഒരു സ്ലൂയിസ് കം ബ്രിഡ്ജ് സ്ഥാപിച്ചാൽ പാലത്തിന്റെ വടക്കുഭാഗത്തുള്ള ഉദ്ദേശം 45 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി സമയത്തിനിറക്കി ജലക്ഷാമം പരിഹരിച്ച് കൃഷി ആദായകരമാക്കിത്തീർക്കുവാൻ കഴിയുന്നതാണ്.

പുഞ്ചപ്പാടത്തോട് ചേർന്ന് കിടക്കുന്ന അട്ടക്കുളം, നീളൻകുളം എന്നിവ ആഴംകൂട്ടി ജലസംഭരണിയാക്കി കുറുങ്ങാലിത്തോട് വഴി വെള്ളം സംഭരിക്കുക, നീളൻകുളവുമായി ഈ തോടിനെ ബന്ധിപ്പിച്ച് തോടിന്റെ ബണ്ട് ഉയർത്തുക. ജലക്ഷാമം പരിഹരിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുന്നതാണ്.

കക്കുളം പാടശേഖരത്തിൽ കൃഷിവകുപ്പിലൂടെ സ്ഥാപിച്ചുകിട്ടിയ 25 H. P. യുടെ മോട്ടോറിന് കണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

കെട്ടുചിറ കെട്ട് നവംബർ 1-ാംതിയ്യതി തന്നെ കെട്ടുന്നതിനുള്ള നടപടികൈക്കൊള്ളുകയും വർഷംതോറും കെട്ടിവരുന്ന സമ്പ്രദായം മാററി, സ്ഥിരസംവിധാനമായ സ്ലൂയിസ് കം ബ്രിഡ്ജ് അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

വേളൂക്കര പഞ്ചായത്തിന്റെ സഹായത്തോടെ നടവരമ്പ് ചിറയിൽ നിന്ന് കുറുങ്ങാലിത്തോട്ടിലേക്ക് വരുന്ന പള്ളിത്താഴം വരെയുള്ള തോട് ആഴംകൂട്ടി ബണ്ടുകറം ഉയർത്തി ജലസേചനസൗകര്യം വർദ്ധിപ്പിച്ചാൽ മുണ്ടകൻ കൃഷിയെ വരംച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനും, പുഞ്ച സമയത്തിന് ഇറക്കുന്നതിനും, പുഞ്ചയില്ലാത്ത സ്ഥലങ്ങളിൽ പച്ചക്കറി, പയറുവർഗ്ഗങ്ങരം എന്നിവ നല്ല രീതിയിൽ കൃഷി ചെയ്യുന്നതിനും സാധിക്കുന്നതാണ്. ചീനക്കുഴി-പുഞ്ചപ്പാടം ഭാഗം ഇരുവശവും താഴ്ത്തി ബണ്ട് നിർമ്മിക്കണം.

പെരുമ്പാലത്തോട്, പെരുംതോടുമായി ബന്ധപ്പെടുത്തിയാൽ വിരിപ്പു കൃഷിമുങ്ങിപ്പോകുന്നത് തടയുവാൻ മാത്രമല്ല; നീർവാർച്ചാസൗകര്യം വർദ്ധിപ്പിക്കുന്നതിനും കൂടി കഴിയുന്നതാണ്.



119

പെരുവല്ലിപ്പാടം പടിഞ്ഞാറെ പാടശേഖരത്തേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് നിലവിലുള്ള കനാലിന്റെ പണി ആയിരം കോരം കോളനി പാലം വരെ നീട്ടി പണിയുക.

പതിനൊന്നാം ചാലും, വെററിലച്ചിറയും താഴ്ത്തി മണ്ണ് മാററി ജലസംഭരണശേഷി വർദ്ധിപ്പിച്ച് സ്ഥിരമായ ഒരു മോട്ടോർ ഷെഡ് സ്ഥാപിക്കുക.

എടക്കുളം വടക്കെ പുഞ്ചപ്പാടത്ത് പുതിയതായി നിർമ്മിച്ചബണ്ടിന്റെ വടക്ക് ഭാഗത്ത്കൂടി കനാലിനോട് ചേർന്ന് ഒരു കൈത്തോട് നിർമ്മിച്ച് ഉയർന്ന നിലങ്ങളിലേക്ക് ജലസേചന സൗകര്യം ഉണ്ടാക്കേണ്ടതാണ്.

വേളൂക്കര അതിർത്തിയിൽ പെരുവല്ലിപ്പാടം കിഴക്കെ പാടശേഖരത്തിലെ കർഷകർക്കായി സ്ഥാപിച്ചിട്ടുള്ള മോട്ടോറിൽനിന്നും വെള്ളമടിച്ച് കൃഷിസ്ഥലത്ത് എത്തിക്കുന്നതിനാവശ്യമായ പൈപ്പുകൾ ഭൂമിക്കടിയിലൂടെ കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുകയും, നിലവിലുള്ള മോട്ടോറിന് പകരം 15 H. P. യുടെ ഒരു മോട്ടോറും പമ്പ് സെററും സ്ഥാപിക്കുന്നതിനുവേണ്ട നടപടിയെടുക്കുകയും വേണം.

പള്ളിത്താഴത്ത് നിലവിലുള്ള താല്ക്കാലിക കെട്ട് മാററി സ്ഥിരസംവിധാനമായ സ്ലൂയിസ് കം ബ്രിഡ്ജ് നിർമ്മിച്ച്, അവിടെ ഒരു മോട്ടോർ ഷെഡും 15 H. P. യുടെ മോട്ടോർ സ്ഥാപിക്കുകയും ചെയ്യണം.

## ജലസംഭരണികൊണ്ടുള്ള നേട്ടങ്ങൾ

മേൽപറഞ്ഞ എല്ലാ കാര്യങ്ങളും ഈ ഗ്രാമപഞ്ചായത്തിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്വേണ്ടിയുള്ളതാണ്. ഈ പദ്ധതികൾ നടപ്പാക്കുകവഴി നെൽകൃഷി ഉല്പാദനം 25 ശതമാനം ഉയർത്തുവാൻ കഴിയുമെന്ന് മാത്രമല്ല; കരഭൂമികളിലെ കിണറുകളിലും വേണ്ടത്ര ജലലഭ്യത ഉറപ്പ് വരുത്തുവാനും, ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനും ഈ പദ്ധതി സഹായകമാണ്. ഷൺമുഖം കനാലിന്റെ ബണ്ടുകളിൽ താമസിക്കുന്നവരുടെ ആരോഗ്യനിലയും മെച്ചപ്പെടുത്താം.

2 ജലസംഭരണികളോട് ബന്ധപ്പെട്ട് കിടക്കുന്ന എല്ലാ ബണ്ടുകളും ഗതാഗത സൗകര്യമുള്ള ബണ്ടുകളാക്കി മാററി കാർഷികോപകരണങ്ങളും മററും കൃഷിസ്ഥലത്ത് എത്തിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

പെരുവല്ലിപ്പാടം കിഴക്കും, പടിഞ്ഞാറും ഭാഗത്തുള്ള പാടശേഖരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം വീതികൂട്ടി ട്രാക്ടർ ഇറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

കുറുങ്ങാലിക്കുഴിക്ക് സമീപം ഒരു സ്ലൂയിസ് കം ബ്രിഡ്ജ് സ്ഥാപിച്ച് 15 H. P. യുടെ മോട്ടോർ സ്ഥാപിക്കുകയും, കാർഷികോപകരണങ്ങൾ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി കർഷകർക്ക് കൃഷിയിൽ താല്പര്യം വർദ്ധിപ്പിക്കുവാനും കൃഷി മെച്ചപ്പെടുത്തുവാനും കഴിയുന്നതാണ്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ കൃഷിയിടങ്ങളിൽനിന്ന് തിരിച്ച് കൊണ്ടുപോരുന്നതിനും ഇത് സഹായകമാകും.

3 ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം എല്ലാ അർത്ഥത്തിലും സജീവ മാക്കണം. വളം, വിത്ത്, കാഷികോപകരണങ്ങൾ എന്നിവ സമിതികൾ മുഖേന സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം. സസ്യസംരക്ഷണ ഉപകരണങ്ങളും ലഭ്യമാക്കണം. ഉല്പാദനബോണസ് 500 രൂപയാക്കിവർദ്ധിപ്പിക്കണം.

4 കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതകറവ് പരിഹരിക്കുന്നതിന് നവീന കൃഷി രീതിയിൽ പറയുന്ന കാർഷികോപകരണങ്ങളും, നടീൽയന്ത്രം, മെതിയന്ത്രം, കൊയ്ത്തുയന്ത്രം, പാററ്യന്ത്രം, സ്പ്രേയറുകൾ എന്നിവ സൗജന്യ നിരക്കിൽ പാടശേഖരങ്ങൾക്ക് മാത്രമല്ല; വ്യക്തികൾക്കും ലഭ്യമാക്കുക.

5 കാർഷികോല്പന്നങ്ങൾ വിററഴിക്കുന്നതിനും, കർഷകർക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്ന തരത്തിൽ പഞ്ചായത്തുതലത്തിൽ ഒരു വിപണനകേന്ദ്രം ആരംഭിക്കുക.

6 വളം, കീടനാശിനി എന്നിവ പ്രയാസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിന് എടക്കുളത്ത് ഇവയുടെ ഒരു വിപണന കേന്ദ്രം സ്ഥാപിക്കുക. സംയോജിത കീടനാശിനി പ്രയോഗത്തിലൂടെയും ജൈവ-കീടനാശിനി പ്രയോഗത്തിലൂടേയും സസ്യസംരക്ഷണം നടത്തി ആദായം വർദ്ധിപ്പിക്കാം

7 ഗുണമേന്മയുള്ള നല്ലയിനം വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക. കൃഷിഭവൻ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് കൃഷി വിദഗ്ദ്ധരുടെ സാങ്കേതിക പരിജ്ഞാനം കർഷകരിൽ എത്തിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുക. നല്ലയിനം നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന്വേണ്ടി കൃഷി വകുപ്പിന്റെ അംഗീകാരത്തോടെ സ്വകാര്യ നെഴ്സറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

8 കെട്ടുചിറ കെട്ട് വർഷംതോറും കെട്ടുന്ന സമ്പ്രദായം ഒഴിവാക്കി സ്ലൂയിസ് കം ബ്രിഡ്ജ് സ്ഥാപിച്ചാൽ ഉപ്പ്വെള്ളം കയറുന്നത് തടഞ്ഞ് കൃഷി മെച്ചപ്പെടുത്തുന്നതിനും, സമയത്തിന് കൃഷിയിറക്കുന്നതിനും സാധിക്കുന്നതാണ്.

9 നിലവിലുള്ള ജലസംഭരണികൾ ആഴംകൂട്ടി ബണ്ട് ഉയർത്തി ഉറപ്പിച്ച് മണ്ണ് ഒലിച്ചിറങ്ങാതെ നോക്കുകയും, സംഭരണികളിലെ മണ്ണ് നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

10 കെട്ടുചിറ കെട്ടുന്നതുമൂലം ഉപ്പുവെള്ളം കയറുന്നത് തടയുവാനും, ചേലൂർപ്പാടത്ത് കൃഷിയിറക്കുവാൻ കഴിയുകയും ചെയ്യുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുവാനും ഇത് സഹായകമാണ്.

11 ഇപ്പോൾ പണിതീർത്തിട്ടുള്ള എടക്കുളം വടക്കെ പുഞ്ചപ്പാടം ബണ്ടിന്റെ ഉയരം ആവശ്യത്തിന് കൂട്ടിയാൽ ഉദ്ദേശം 30 ഹെക്ടർ സ്ഥലത്ത് ചെമ്മീൻകൃഷി വിജയകരമായി നടത്തുവാൻ കഴിയുന്നതാണ്.

12a) ഷൺമുഖം കനാൽ ജലസംഭരണിയാക്കി മാററുമ്പോൾ അതിലേക്ക് കേരളാ സോൾവെൻറ് എക്സ്ട്രാക്ഷൻ ലിമിററഡിൽനിന്നു് പുറംതള്ളപ്പെടുന്ന മലിനജലം വീഴാതെ നിയന്ത്രിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

b) ജലസംഭരണികളിലെ ശേഷി വർദ്ധിപ്പിച്ചാൽ മൂന്നാം വിളയായി പയർ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്ത് കൃഷിയിടത്തുനിന്നു് അധിക ആദായമുണ്ടാക്കുവാൻ കഴിയും.

13 മേൽസൂചിപ്പിച്ച ജലസംഭരണികളുടെ പണി പൂർത്തിയാകുന്നതോടെ തെങ്ങുകൃഷിക്കാർ നേരിടുന്ന ജലക്ഷാമവും പരിഹരിക്കാവുന്നതാണ്. വേണ്ടത്ര ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പിന്റേയും, മററ് ബന്ധപ്പെട്ട വകുപ്പുകളുടേയും സഹായം ആവശ്യപ്പെടേണ്ടതാണ്. ഉല്പാദനം വർദ്ധിപ്പിക്കുന്ന തരത്തിൽ തെങ്ങുകൾക്ക് ജൈവ-രാസവളപ്രയോഗം നടത്തുന്നതിനുള്ള നടപടി കൈക്കൊള്ളണം.

14 തെങ്ങിന്റെ കീടരോഗബാധകളെ നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ കൂട്ടായി മരുന്ന് തളി നടത്തുന്നതിനുള്ള നടപടിയെടുക്കണം. ഇടവിള കൃഷികളായ വാഴ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കണം. നാളികേരത്തിന്റെ വില കൂട്ടേണ്ടത് അനിവാര്യമായ ഒന്നാണ്. മുറിച്ച് മാററുന്ന തെങ്ങ് ഒന്നിന് 200 രൂപയെന്നത് വർദ്ധിപ്പിക്കുക.

15 കവുങ്ങിന് കണ്ടുവരുന്ന രോഗബാധ തടയുന്നതിന് സാങ്കേതികമായി മരുന്ന് തളിക്കൽ രീതി നടപ്പിലാക്കണം.

16 മണ്ണ് പരിശോധനയുടെ കാര്യത്തിൽ കർഷകർ താല്പര്യമെടുക്കണം. അത് വഴി ഓരോ വിളകൾക്കും ഉപയോഗിക്കേണ്ട വളങ്ങളുടെ അളവ് തിട്ടപ്പെടുത്തുവാനും സാമ്പത്തികമായി നേട്ടമുണ്ടാക്കുവാനും കഴിയുന്നതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ കോൾ നിലങ്ങൾക്ക് നൽകിവരുന്ന കമ്മായ സബ്സിഡി 50% ആക്കി വർദ്ധിപ്പിക്കേണ്ടതാണ്.

17 രോഗബാധയില്ലാത്ത വാഴക്കന്നുകൾ ശേഖരിച്ച് ഓരോ വാർഡിലും 25 കർഷകരെക്കൊണ്ടെങ്കിലും 10 ഏത്തവാഴകൾ വീതം കൃഷിചെയ്യുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

18 എലിനശീകരണം പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയും, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, സസ്യസംരക്ഷണ നടപടികൾ കൈക്കൊണ്ടും തെങ്ങ് കൃഷിയിൽനിന്ന് ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. അത്യുല്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ നാടൻ തൈകൾക്ക് പകരം ഉപയോഗിക്കാം. തെങ്ങിൻ തോപ്പിൽ ഇടവിളയായി പയറുവർഗ്ഗങ്ങളും, പച്ചക്കറിയും കൃഷിചെയ്യുന്നത് അധിക ആദായം വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി ഉല്പാദനരംഗത്ത് കാര്യക്ഷമത കൈവരിക്കുന്നതിനും സഹായകമായിരിക്കും. അതിനുവേണ്ടി ഓരോ വാർഡിലും 25 കർഷകരെക്കൊണ്ടെങ്കിലും 5 വിവിധ ഇനം പച്ചക്കറി കൃഷി ആരംഭിക്കുവാനുള്ള ഒരു പദ്ധതി നടപ്പിലാക്കണം.

മാത്രമല്ല തെങ്ങ്കൃഷിയിൽ ആദായം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അധികചെലവില്ലാതെ കൂടുതൽ ആദായം നൽകുന്ന കശുമാവ് കൃഷി ആരംഭിക്കാവുന്നതാണ്. ഇതിന് വേണ്ടിയും ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

19 തെങ്ങ് കൃഷിയെ സംബന്ധിച്ചിടത്തോളം ആധുനിക കാർഷികോപകരണങ്ങൾ വ്യാപകമായ തോതിൽ ഇന്ന് പ്രചാരത്തിലില്ല. തെങ്ങ് കയററം യന്ത്രവൽക്കരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

20 കോൾ നിലങ്ങൾക്ക് അനുവദിച്ചിട്ടുള്ള പമ്പിംഗ് സബ്സിഡി ഏക്കറിന് 450 രൂപയാക്കി വർദ്ധിപ്പിക്കുക.

21 കേരകർഷകരുടെ ഭൂമിയിലെ മണ്ണ് സംരക്ഷിക്കുന്നതിനുവേണ്ടി മുൻകാലങ്ങളിൽ നടത്തിയിരുന്ന പദ്ധതി വീണ്ടും നടപ്പിൽ വരുത്തുക. ഇതിലേക്കായി മണ്ണ് സംരക്ഷണവകുപ്പിന്റെ സഹായവും അഭ്യർത്ഥിക്കാവുന്നതാണ്.

തരിശായ പുറമ്പോക്കുഭൂമികൾ സർവ്വെ നടത്തി കണ്ടെത്തി ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഒരു നടപടിയും അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ട്.

മാത്രമല്ല, കൃഷി വകുപ്പിലൂടെ ഇപ്പോൾ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ സമഗ്ര നാളികേര വികസനപദ്ധതി, പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടകപദ്ധതി, പ്രധാനമന്ത്രിയുടെ പ്രത്യേക ഫണ്ടുപയോഗിച്ച് പാടശേഖരങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ, ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാനപദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, ബയോഗ്യാസ് നിർമ്മാണപദ്ധതി, പയർ കൃഷി വികസനപദ്ധതി, ഔഷധച്ചെടി വളർത്തൽ പദ്ധതി തുടങ്ങിയവ തുടർന്നും നടപ്പിൽ വരുത്തണം.

എടക്കുളം പടിഞ്ഞാറെ പുഞ്ചപ്പാടത്തെ മോട്ടോറബിൾ ബണ്ട നിർമ്മാണത്തിനും, സ്ലൂയിസ് കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനും, മോട്ടോറുകൾ സ്ഥാപിക്കുന്നതിനും, ജലസംഭരണികൾ ആഴം കൂട്ടുന്നതിനുമുള്ള ഒരു പദ്ധതി കേന്ദ്രകൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതും, അടിയന്തിരമായി നടപ്പിലാക്കണം.

# 2 മൃഗസംരക്ഷണം, മത്സ്യബന്ധനം

വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി പൂമംഗലം പഞ്ചായത്തിലുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയിൽ മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. കാർഷിക മേഖല ആദായകരമല്ലാതാകുകയും വ്യവസായ സ്ഥാപനങ്ങളുടെ ഇല്ലായ്മയുമാണ് ഈ മേഖലയിലേക്കു ജനശ്രദ്ധ തിരിയുവാൻ കാരണമായത്. ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. പക്ഷികളിൽ ഭൂരിഭാഗവും കോഴികളാണ്. താറാവ്, ഗിനിക്കോഴികൾ എന്നിവയും ഇവിടെ അപൂർവ്വമായി കണ്ടുവരുന്നു. ഇവിടത്തെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും ആണ്. അത്യുല്പാദനശേഷിയുള്ള സങ്കരഇനങ്ങളുടെ വരവോടുകൂടി നാടൻ വർഗ്ഗങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതായി കാണാൻ കഴിയും.

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ വരുമാനമാർഗ്ഗത്തിൽ മൃഗസംരക്ഷണ മേഖല ഭാഗികമായി പങ്കുവഹിക്കുന്നു. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ഗുണമേന്മയും ഉല്പാദനക്ഷമതയും ഉണ്ടായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ സമീപകാലത്ത് സ്ഥാപിതമായ ഒരു മൃഗാസ്പത്രിയും ഏഴെട്ട് വർഷങ്ങൾക്ക്മുമ്പ് മുൻപ് സ്ഥാപിച്ച ഒരു I C D P സബ് സെൻററും വേണ്ടത്ര സൗകര്യങ്ങളില്ലെങ്കിലും പ്രവർത്തിക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങളിലും അതിന്റേതായ അടിസ്ഥാനസൗകര്യങ്ങൾ പലതും ഉദാ:- ട്രെവീസ്, ഫ്രിഡ്ജ് ഇതുവരെയും ഉണ്ടായിട്ടില്ല.

കന്നുകാലി കർഷകരിൽനിന്നും പാൽ സംഭരിക്കുന്നതിന് 2-ാം വാർഡിലും 6-ാം വാർഡിലും ഓരോ ആപ്കോസ് സൊസൈററികളും 4-ാം വാർഡിൽ ആയതിന്റെ ഒരു കളക്ഷൻ സെൻററും പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ 7-ാം വാർഡിൽ ഒരു സ്വകാര്യസ്ഥാപനവും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ എല്ലാംകൂടി പ്രതിദിനം 700 ലിററോളം വരുന്ന പാൽ സംഭരിച്ച് മിൽമ ഡയറിയിലേക്കും P. D. D. P. സെൻററിലേക്കും എത്തിക്കുന്നു. ജനസംഖ്യാനുപാതികമായുള്ള പ്രാദേശിക വിൽപ്പന ഇവിടെ പൊതുവേ കുറവാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാലിന് കർഷകന്റെ ഉല്പാദനചിലവിന് അനുസൃതമായി വില ലഭിക്കുന്നില്ല. കൂടാതെ കാലിത്തീററയുടെ അടിക്കടിയുള്ള വില വർദ്ധനവും വൈക്കോൽ, മേൽത്തരം തീററപ്പുൽ എന്നിവയുടെ ലഭ്യതകുറവും കാലിവളർത്തൽ വളരെ ക്ലേശകരമാക്കുന്നു.

## അടിസ്ഥാന പ്രശ്നങ്ങൾ

1 ഉൽപാദകന് കിട്ടുന്നപാൽ വില ഉല്പാദന ചിലവിന് അനുസൃതമല്ല

2 രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകളുടെ വിലവർദ്ധനവ്

3 അടിക്കടിയുള്ള കാലിത്തീററയുടെ വിലവർദ്ധനവ് കൂടാതെ വൈക്കോലിന്റേയും തീററപ്പുല്ലിന്റേയും ലഭ്യതക്കുറവ്

4 മൃഗങ്ങളെ ശരിയായി പരിപാലിക്കുന്നതിനുള്ള ശാസ്ത്രീയമായ പരിശീലനക്കുറവും പ്രത്യേകിച്ചും വിദഗ്ദരായ കറവുകാരുടെ അഭാവം

5 ഈ മേഖലയിൽ വായ്പ നൽകുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത

6 ഇൻഷ്യൂറൻസ് പരിരക്ഷയുടെ അപര്യാപ്തത

7 അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളുടേയും കോഴിക്കുഞ്ഞുങ്ങളുടേയും ലഭ്യതക്കുറവ് അവയ്ക്കാവശ്യമായ സമീകൃത തീററയുടെ ദൗർലഭ്യം

8 ആധുനിക രീതിയിലുള്ളഅറവ് ശാലയുടെ അഭാവം

9 അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത മൃഗാസ്പത്രി

## സാദ്ധ്യതകൾ പരിഹാരമാർഗ്ഗങ്ങൾ:-

1 പഞ്ചായത്തിൽ സ്ഥാപിതമായിരിക്കുന്ന മൃഗാസ്പത്രി ആറാം വാർഡിൽ സ്ഥലം വാഗ്ദാനം ചെയ്തിരിക്കുന്ന സ്ഥലത്തേക്ക് മാററി സ്വന്തമായി കെട്ടിടം പണികഴിപ്പിച്ച് അത്യാധുനിക സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിക്കുക. ഇപ്പോഴത്തെ I. C. D. P. സബ്ബ് സെൻറർ മൂന്നും നാലും വാർഡുകളിലെ കന്നുകാലി കർഷകർക്ക് ഉപകാരപ്രദമാകത്തക്കരീതിയിൽ മാററി സ്ഥാപിക്കുകയും ഒന്നും രണ്ടും വാർഡുകളിലെ കർഷകർക്കായി പുതുതായി ഒരു I. C. D. P. സബ്ബ് സെൻറർ ആരംഭിക്കുകയും ചെയ്യുക, ഈ സ്ഥാപനങ്ങളിലെല്ലാംത്തന്നെ ആധുനിക സൗകര്യങ്ങൾ ഉണ്ടാകേണ്ടതും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ടതുമാണ്.

2 താല്പര്യമുള്ള കർഷകർക്ക് മൂന്ന് പശുക്കളെ സാമ്പത്തിക സഹായത്തോടുകൂടി നൽകി ഒരു മിനിഡയറി യൂണിററ് എന്ന ആശയം പ്രാവർത്തികമാക്കാം. ഇതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുവാനും ആയത് അവരുടെ ജീവനോപാധിയാക്കി മാററുവാനും സാധിക്കും. അതോടൊപ്പം ഒരു ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ച് ഊർജ്ജപ്രതിസന്ധിയും ഒഴിവാക്കാം. അതിൽനിന്നും കിട്ടുന്ന ചാണകം വളമായും ഉപയോഗിക്കാം.

3 ഈ പഞ്ചായത്തിലെ ഓരോ വാർഡിലും കാലിവളർത്തലിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി ഭ്രൂണമാററപദ്ധതിപ്രകാരം അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ വിതരണം ചെയ്യുകയും എല്ലാ കന്നുകുട്ടികൾക്കും എരുമക്കുട്ടികൾക്കും ഗവണ്മെൻറിൻെറ സൗജന്യനിരക്കിലുള്ള സമീകൃത ആഹാരം ലഭ്യമാക്കുകയും ഇൻഷൂറൻസ് പരിരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുക.

4 ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ ഉപയോഗിച്ച് ഒരു പാൽ ഉല്പന്നയൂണിററ് ആരംഭിച്ചാൽ പാൽ ഉല്പാദകർക്ക് മെച്ചപ്പെട്ട വിലയും ഈ മേഖലയിൽ തൊഴിൽസാധ്യത വർദ്ധിക്കുകയും ചെയ്യും.

5 ഒരു ചെറുകിട കാലിത്തീററ ഫാക്ടറി സ്ഥാപിച്ച് കാലിത്തീററയുടെ അമിതവില നിയന്ത്രിക്കാൻ കഴിയും.

6 ഇവിടെ ഉല്പാദിപ്പിക്കുന്ന വൈക്കോൽ സംഭരിച്ച് ഇവിടെത്തന്നെ വിതരണം ചെയ്യുവാനും മേൽത്തരം വിത്തുകൾ ഉപയോഗിച്ച് തീററപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുവാനും പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. ഇവിടത്തെ പാൽ സൊസൈററികൾക്കും ഇതിൽ ഒരു സുപ്രധാന പങ്ക് വഹിക്കുവാൻ കഴിയും.

7 ആടുവളർത്തലിൽ താല്പര്യമുള്ള വീട്ടമ്മമാർക്ക് ഉല്പാദനക്ഷമത കൂടിയ ഇനങ്ങളെ ലഭ്യമാക്കുകയും അവക്കുവേണ്ടി പച്ചിലത്തീററകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8 പന്നിവളർത്തലിൽ താല്പര്യമുള്ളവർക്ക് ഗുണമേന്മയുള്ള പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും അവർക്ക് സാമ്പത്തികസഹായം ലഭിക്കുവാൻ വേണ്ട സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

9 ഓരോ വാർഡിലും താല്പര്യമുള്ള കുടുംബങ്ങൾക്ക് ഉല്പാദനക്ഷമത കൂടിയ മുട്ടക്കോഴികളെ വളർത്തുവാനും മുട്ട വിപണനത്തിനും സഹകരണാടിസ്ഥാനത്തിൽ സാദ്ധ്യതയുണ്ടാക്കണം

10 നമ്മുടെ പഞ്ചായത്തിൽ ഒരു മിനിഹാച്ചറി യൂണിററ് സ്ഥാപിച്ചു. അവിടെ വിരിയിച്ചെടുക്കുന്ന കോഴിക്കുഞ്ഞുങ്ങളെ മേൽപദ്ധതിയിലേക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ ഇറച്ചിക്കോഴി യൂണിററുകൾ ആരംഭിക്കുവാനും ഈ പദ്ധതി സഹായപ്രദമായിരിക്കും.

11 താറാവ്, മുയൽ മുതലായവ വളർത്തുന്നതിനും ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ ഉണ്ട് അവ പ്രോത്സാഹിപ്പിക്കേണ്ടതാണ്,

12 വർഷംതോറും വളർത്തുനായ്ക്കളെ നിർബ്ബന്ധമായും പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കുകയും ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും വേണം. ഇതുകൂടാതെ അലഞ്ഞു നടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുകയും വീട്ടുനായ്ക്കളെ തുറന്നു വിടാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

13 പഞ്ചായത്തിലെ മുഴുവൻ വളർത്തുപക്ഷിമൃഗാദികൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

14 ആധുനികരീതിയിലുള്ള അറവുശാല പഞ്ചായത്തിൽ ആരംഭിക്കേണ്ടത് അനുപേക്ഷണീയമാണ്.

## മത്സ്യബന്ധനം

പൂമംഗലം പഞ്ചായത്തിൽ മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ ഏറെയുണ്ട്. പഞ്ചായത്തിൻേറതായ കുളങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ വ്യക്തികളെ ഏല്പിച്ച് അവിടെ ദീർഘവിളയായോ ഹ്രസ്വവിളയായോ മത്സ്യം വളർത്താവുന്നതാണ്.

ആറാം വാർഡിലുള്ള ഔണ്ടറച്ചാലിലെ പുതിയ ബണ്ടിൻെറ കിഴക്കുവശം ചെമ്മീൻകൃഷിക്കും മററു തരത്തിലുള്ള മത്സ്യവളർത്തലിനും സഹായകരമാണ്. ഈ പഞ്ചായത്തിലെ നിലവിലുള്ള മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘം ഊർജ്ജസ്വലതയോടുകൂടി പ്രവർത്തനം കാര്യക്ഷമമാക്കണം. മത്സ്യത്തൊഴിലാളികൾക്കു ഇൻഷൂറൻസ് സമ്പ്രദായം നടപ്പിൽ വരുത്തണം. മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കാനും പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

# 3 വ്യവസായം

കാർഷികമേഖലക്ക് പ്രാമുഖ്യമുള്ള ഈ പഞ്ചായത്തിൽ വ്യവസായമേഖല വളരെ ദുർബ്ബലമാണ്. പരമ്പരാഗത–ചെറുകിട വ്യവസായ മേഖലകളിലായി വളരെ കുറച്ചു യൂണിററുകൾ മാത്രമാണ് പ്രവർത്തിച്ചുവരുന്നത്.

പഞ്ചായത്തിലെ 1, 2, 3 വാർഡുകളിലായി ഒരുകാലത്ത് നല്ല രീതിയിൽ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായമായ നെയ്ത്ത് ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. സഹകരണാടിസ്ഥാനത്തിൽ നിലനിന്നു പോരുന്ന ഒരേയൊരു യൂണിററിന്റെ അവസ്ഥ തികച്ചും ശോചനീയമാണ്. അടുത്ത കാലംവരെ നമ്മുടെ തൊട്ടടുത്തു പ്രദേശങ്ങൾക്കുകൂടെ ആവശ്യമായ നീററുകക്ക, കുമ്മായം എന്നിവയുടെ ഉല്പാദനം ഈ പഞ്ചായത്തിലെ കുത്തകയായിരുന്നു. എന്നാൽ ഈ വ്യവസായവും നശിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത കൈത്തൊഴിലുകളായിരുന്ന തഴപ്പായനെയ്ത്തും, മുള ഉപയോഗിച്ചുള്ള കുട്ട, മുറം എന്നിവയുടെ നിർമ്മാണവും അന്യം നിന്നു വരികയാണ്.

വിവിധ മേഖലയിലായി 13 ചെറുകിട വ്യവസായ യൂണിററുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പരമ്പരാഗത കുടിൽവ്യവസായത്തിൽപ്പെടുന്ന വിവിധ കൈവേലക്കാരുടെ രംഗത്ത് സ്വർണ്ണാഭരണനിർമ്മാണം ഒഴികെയുള്ളവ മുരടിക്കുകയും നശിക്കുകയുമാണ് വൻകിട രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഓയിൽ മില്ലും ഏഴ് ചെറുകിട കൊപ്ര ക്രഷിങ്ങ് യൂണിററുകളും ഇവിടെയുണ്ട്.

ധാന്യങ്ങൾ പൊടിക്കുന്നതിനും നെല്ലുകുത്തുന്നതിനുമായി 14 ഫ്ളവർ മില്ലുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## പരമ്പരാഗത വ്യവസായങ്ങൾ—പട്ടിക—1

| ക്രമ നമ്പർ | വിഭാഗം | മേഖല | യൂണിററിന്റെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | സ്ത്രീ | പു | ആകെ | |
| 1 | സ്വർണ്ണപണി | സ്വകാര്യം | 18 | — | 53 | 53 | |
| 2 | കൊല്ലപണി | ,, | 3 | 2 | 3 | 5 | |
| 3 | ഓട്ടുപാത്രനിർമ്മാണം | ,, | 1 | — | 3 | 3 | |
| 4 | അടക്ക സംസ്കരണം | ,, | 1 | — | 15 | 15 | സീസൺ വക്ക് |
| 5 | ബാഗ് നിർമ്മാണം | ,, | 1 | * | * | * | |
| 6 | സോപ്പ് നിർമ്മാണം | സ്വകാര്യം | 1 | — | 2 | 2 | |
| 7 | കുമ്മായം, നീററുകക്ക | ,, | 1 | 2 | — | 2 | |
| 8 | കൈത്തറി | സഹകരണം | 1 | * | * | 15 | |

* കൃത്യമായ കണക്ക് ലഭ്യമല്ല.

## ചെറുകിട വ്യവസായം പട്ടിക II

| ക്രമ നമ്പർ | വിഭാഗം | മേഖല | യൂണിററ് എണ്ണം | തൊഴിലാളികളുടെ എണ്ണം സ്ത്രീ | പു | ആകെ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|
| 1 | വനിതാ മാച്ചസ് | സഹകരണം | 1 | 22 | 1 | 23 | |
| 2 | ഉദയ ചവിട്ടിനിർമ്മാണം | D.W.C.R.A. | 1 | * | * | * | |
| 3 | അക്ഷയ റെഡിമെയ്ഡ്സ് | ,, | 1 | * | * | * | |
| 4 | ആയുർവ്വേദ ഔഷധ നിർമ്മാണം | സ്വകാര്യം | 1 | * | * | * | |
| 5 | A. M. S. ഔഷധനിർമ്മാണം | സ്വകാര്യം | 1 | — | 1 | 1 | |
| 6a) | കടംബവൈദ്യൻ ആയുർവ്വേദറിസർച്ച് | ,, | 1 | * | * | * | |
| 7 | ഹോളോ ബ്രിക്സ് | ,, | 2 | — | 6 | 6 | |
| 8 | കൊപ്ര ക്രഷിങ്ങ് | ,, | 7 | — | 10 | 10 | |
| 9 | റൈസ് & ഫ്ളവർമിൽ | ,, | 4 | — | 8+4 | 12 | |
| 10 | ഫുഡ് പ്രോസസ്സിങ്ങ് | ,, | 1 | * | * | * | പ്രാരംഭ പ്രവർത്തനം |
| 11 | ബേക്കറി | ,, | 1 | — | .2 | 2 | |
| 12 | അലുമിനിയം | ,, | 1 | — | 4 | 4 | ലാഭം |
| 13 | ഇലക്ട്രോണിക്സ് | ,, | 1 | * | * | * | |
| 14 | ഫർണീച്ചർ | ,, | 2 | — | 5 | 5 | |
| 15 | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | ,, | 2 | — | 8 | 8 | |
| 16 | ഓട്ടോ മോബൈൽസ് വർക്ക്ഷോപ്പ് | ,, | 2 | — | 4 | 4 | |
| 17 | ശാസ്താ മാററ് വർക്സ് | ,, | 1 | 5 | — | 5 | ലാഭം |

* കൃത്യമായ വിവരം ലഭ്യമല്ല.

## വ്യവസായ വകുപ്പിൽനിന്നും ലഭിച്ച വിവിധ സഹായപദ്ധതികൾ

(പട്ടിക 3)

| ക്രമ നമ്പർ | ഇനവിവരം | യൂണിററ് | സംഖ്യ (രൂപ) |
|---|---|---|---|
| 1 | മാർജിൻ മണിലോൺ | 1 | 25000 |
| 2 | ഇൻവെസ്റ്റ്മെൻറ് സബ്സിഡി | 4 | 97000 |
| 3 | പട്ടികജാതി വികസന പദ്ധതി | — | 1,23630 (ലോൺ)<br>28200 (ഗ്രാൻറ്) |
| 4 | ഗ്രാമീണ കൈവേലക്കാർക്കുള്ള സബ്സിഡി | 6 | 16403 |
| 5 | വനിതാവ്യവസായസംരംഭങ്ങൾ | 2 | 13000 |

# പരമ്പരാഗത വ്യവസായങ്ങൾ

### 1 ഉപകരണനിർമ്മാണം

ഒരുകാലത്ത് ഈ പഞ്ചായത്തിലേയ്ക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങളും മററു പണിയായുധങ്ങളും നിർമ്മിച്ചിരുന്നത് പ്രാദേശിക വിദഗ്ധന്മാരായ കൈവേലക്കാരായിരുന്നു. ഈ രംഗത്ത് പണിയെടുക്കുന്നവരുടെ എണ്ണം നാമമാത്രമായിതീർന്നുവെങ്കിലും പഞ്ചായത്തിലെ 3, 7 വാർഡുകളിൽ ഇത്തരം കൈവേലക്കാർ ഇപ്പോഴും പണിയെടുക്കുന്നു. ചെറുകിട ഇരുമ്പു ഉപകരണങ്ങളുടെ നിർമ്മാണവും അററകുററ പണികളുമാണ് ഇവിടെ നടക്കുന്നത്. ഇതിൽതന്നെ 3-ാം വാർഡിലുള്ള പണിസങ്കേതത്തിൽ മെച്ചപ്പെട്ട രീതിയിൽ നാടൻ കാർഷികോപകരണങ്ങളുടെ നിർമ്മാണവും അററകുററ പണികളും നടക്കുന്നുണ്ട്. ചെറിയ തോതിൽ യന്ത്രവൽകരണവും ധനസഹായവും നൽകിയാൽ പഞ്ചായത്തിലെ കാർഷികവൃത്തിക്ക് ആവശ്യമുള്ള ചെറുകിട ഉപകരണങ്ങൾ നിർമ്മിക്കുന്ന നല്ലൊരു യൂണിററായി ഇതിനെ മാററിയെടുക്കുവാനുള്ള സാധ്യതകളുണ്ട്.

### 2 ആഭരണ നിർമ്മാണം

സ്വർണ്ണാഭരണ നിർമ്മാണം നടത്തുന്ന ഏകദേശം 18 യൂണിററുകൾ പഞ്ചായത്തിലുണ്ട്. 53 വിദഗ്ധ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നു. ഒരു യൂണിററു മാത്രമാണ് യന്ത്രവൽകൃതമായിട്ടുള്ളത്. താരതമ്യേന ഉയർന്ന കൂലിനിരക്ക് ഈ രംഗത്തേക്ക് കൂടുതൽപേരെ ആകർഷിക്കുന്നുണ്ട്. നിലവിലുള്ള യൂണിററുകളിൽ ലഘുവായ യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(പട്ടിക—1 ൽ)

### 3 കൈത്തറി

കാർഷികേതരവൃത്തിയിൽ തൊഴിലാളികൾ പണികണ്ടെത്തിയിരുന്ന മേഖലയായിരുന്നു കൈത്തറി. പഞ്ചായത്തിലെ 1, 2, 3. വാർഡുകളിൽ നിരവധി കുടുംബങ്ങൾ നെയ്ത്തിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഈ രംഗത്തുനിന്ന് തൊഴിലാളികളുടെ ഒഴിഞ്ഞുപോക്ക് നിരന്തരമായി സംഭവി



128

ച്ചുകൊണ്ടിരിക്കുന്നു. കൂലികുറവാണ് ഇന്നു നേരിടുന്ന പ്രധാന പ്രശ്നം. വ്യവസായം ആധുനീകരിക്കുന്നതിനു വന്നവീഴ്ചകളും സർക്കാരിന്റെ സഹായപദ്ധതികളുടെ പോരായ്മകളും വ്യവസായത്തിൽ നിന്നു തൊഴിലാളികളെ അകററിനിറുത്തുന്നതിനു കാരണമായിട്ടുണ്ട്. നൂതനമായ സാങ്കേതിക വിദ്യയുടെ വിന്യാസവും സർക്കാർ ഏജൻസികളുടെ ബോധപൂർവ്വമായ സഹായപദ്ധതികളും കൊണ്ടു മാത്രമേ ഈ മേഖലയെ അൽപമെങ്കിലും സഹായിക്കുവാനും നിലവിലുള്ള തൊഴിലവസരമെങ്കിലും നിലനിർത്തുവാനും സാധിക്കുകയുള്ളു.

## കെട്ടിടനിർമ്മാണം:-

കെട്ടിടനിർമ്മാണത്തിൽ പരമ്പരാഗതമായ വൈദഗ്ദ്ധ്യമുള്ള കൈവേലക്കാർ ഈ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലുമുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിച്ചിരുന്നു. എന്നാൽ വൻതോതിലുള്ള കെട്ടിടനിർമ്മാണത്തെത്തുടർന്നു ഇടത്തരം ചെറുകിട കോൺട്രാക്ടർമാർ ആവിർഭവിക്കുകയും തുടർന്നു ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളുടെ തനതായ വ്യക്തിത്വം കുറഞ്ഞുവരുകയും ചെയ്യുന്നു. എന്നാൽ ഇവരെ ബോധപൂർവ്വം സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ഏറെറടുത്തു പൂർത്തീകരിക്കുവാൻ കഴിവുള്ള നല്ലൊരു സ്ഥാപനത്തിനു അടിസ്ഥാനശിലയിടുവാനും കഴിയുന്നതാണ്.

## ആധുനിക ചെറുകിട വ്യവസായങ്ങൾ

ആധുനിക രീതിയിലുള്ള ഒററ വ്യവസായവും ഇവിടെ ഇല്ല ജനസാന്ദ്രത കൂടിയ ഇവിടെ ഇത്തരം വ്യവസായങ്ങൾക്കാവശ്യമായ ഭൂമി, അസംസ്കൃത പദാർത്ഥങ്ങൾ എന്നീ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം തന്നെയാണ് ഇതിനു പ്രധാന കാരണം. തൊട്ടടുത്ത പട്ടണമായ ഇരിങ്ങാലക്കുടയുടെ വ്യവസായിക ശോചനീയാവസ്ഥയും റെയിൽവെ ലൈനിൽനിന്നും 15 കി. മീ. ദൂരത്തിലുള്ള ഈ പഞ്ചായത്തിന്റെ സ്ഥിതിയും കൂടിചേർന്നാൽ പ്രതികൂലാവസ്ഥയുടെ ചിത്രം പൂർത്തിയാവുന്നു.

വ്യവസായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 4 യൂണിററുകൾ മാത്രമാണ് എടുത്തു പറയാവുന്നത്. അതിൽ തന്നെ നല്ല രീതിയിലും ലാഭകരമായും പ്രവർത്തിക്കുന്നത് 1 യൂണിററാണ്. 2 സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളതാണ്.

(പട്ടിക 2 ൽ)

## ഊക്കൻസ് കൊപ്ര സെൻറർ & ഓയിൽമിൽസ്

1976 മുതൽ 4-ാം വാർഡിൽ എടക്കുളത്ത് സ്വകാര്യ ഉടമസ്ഥതയിൽ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്ന ഈ യൂണിററ് മാത്രമാണ് പഞ്ചായത്തിലെ എടുത്തുപറയാവുന്ന ഒരു വ്യവസായ സ്ഥാപനം.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരം മുഖ്യമായും ഇവിടെതന്നെയാണ് സംസ്കരിക്കുന്നത്. 35 H. P. യുടെ ഒരു മോട്ടോർകൂടി സ്ഥാപിച്ച് വികസിപ്പിക്കാനുള്ള ഒരു പദ്ധതി ഈ സ്ഥാപനത്തിനുണ്ട്. ആവശ്യമായ വൈദ്യുതി ലഭ്യമായാൽ ഈ വികസന പദ്ധതി നടപ്പിലാക്കാവുന്നതും അതുമൂലം 15 പേർക്കു കൂടി അധിക തൊഴിൽ ലഭിക്കുന്നതുമാണ്.

15 ലക്ഷം രൂപ മുതൽമുടക്കിലാരംഭിച്ച ഈ സ്ഥാപനത്തിന്റെ ഇന്നത്തെ വാർഷിക ടേണോവർ 1 കോടി രൂപയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 10 പുരുഷത്തൊഴിലാളികൾ പ്രവർത്തിക്കുന്നു.

മൊത്തകച്ചവടക്കാർ ഉല്പാദനകേന്ദ്രത്തിൽനിന്നും തന്നെ എണ്ണ വാങ്ങി വിവിധ ബ്രാൻഡുകളിൽ വിപണിയിലിറക്കുന്നു.

## വനിതാവ്യവസായ യൂണിററ്-തീപ്പെട്ടി നിർമ്മാണം:-

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന വെള്ളാങ്ങല്ലൂർ വനിതാവ്യവസായ യൂണിററ് 52 അംഗങ്ങളുമായി 1976-ൽ പ്രവർത്തനമാരംഭിച്ചു. സർക്കാരിൽനിന്നുമുള്ള സഹായധനവും അംഗങ്ങളുടെ ഓഹരിയുമായി മൊത്തം 1,45,700ക. ആണ് മുടക്കുമുതൽ. ഇപ്പോഠം 60 ഓഹരി ഉടമകളും 22 തൊഴിലാളികളുമുണ്ട്. ഗുണനിലവാരമുള്ള ഇവരുടെ ഉല്പന്നമായ തീപ്പെട്ടി ''ബേബി മോം'' എന്ന ബ്രാൻഡിൽ കമ്പോളത്തിലെത്തുന്നു. ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണവും കൂലി നിരക്കും താഴെച്ചേർക്കുന്നു.

| വർഷം | തൊഴിലാളികളുടെ കൂലി നിരക്ക് | എണ്ണം |
|---|---|---|
| 1986 | 10 ക. | 46 |
| 1991 | 14 ക. | 34 |
| 1996 | 17 ക. | 24 |

പ്രവർത്തനം തുടങ്ങി 7 വർഷക്കാലം സർക്കാരിൽ നിന്നുമുള്ള വിവിധ സഹായങ്ങഠം ഉണ്ടായിരുന്നതിനാൽ ലാഭകരമായി പ്രവർത്തിച്ചിരുന്നു. ഇന്ന് കമ്പോളത്തിലെ ആവശ്യത്തിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. കുറഞ്ഞ കൂലി കാരണം ഈ മേഖലയിൽ പണിയെടുക്കാൻ തൊഴിലാളികളെ കിട്ടാനില്ല. അസംസ്കൃതസാധനങ്ങളുടെ വിലക്കയററത്തിനനുസൃതമായി ഉല്പന്നത്തിന്റെ വില വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. വ്യവസായ പരിഷ്കരണത്തിലൂടെ ഉല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ ഈ സ്ഥാപനത്തിന് നിലനില്ക്കാൻ സാധിക്കുകയുള്ളൂ.

## ഹാൻറ്ലൂം വീവേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി

സഹകരണ അടിസ്ഥാനത്തിൽ ഈ സ്ഥാപനം 1954 മുതൽ പ്രവർത്തനം തുടങ്ങി. അതുവരെ ഒററപ്പെട്ട രീതിയിൽ വീടുകളിലായിരുന്നു തൊഴിലെടുത്തിരുന്നത്. 112 അംഗങ്ങളും 2,31,215 ക. മൂലധനവുമുള്ള ഈ സ്ഥാപനത്തിൽ 15 പേർ പണിയെടുക്കുന്നു. 3,90,000 ക. വാർഷിക ടേണോവറുള്ള ഈ സ്ഥാപനം ഇപ്പോഠം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കുറഞ്ഞ കൂലിയും അദ്ധ്വാനഭാരവും ഈ വ്യവസായത്തെ അനാകർഷകമാക്കുന്നു യന്ത്രവൽക്കരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയിട്ടുള്ള പവർലൂം വിഭാഗം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം നൂലിനുവേണ്ടി മാത്രമാണ് ഹാൻടെക്സിനെ ആശ്രയിക്കുന്നത്. മൂലധനത്തിന്റെ കുറവും റിബേററ് തുക സർക്കാരിൽനിന്നും അനുവദിച്ചു കിട്ടുന്നതിനുള്ള കാലതാമസവും പ്രതിസന്ധിയുടെ കാരണങ്ങളാണ്. ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനുള്ള ഒരു പദ്ധതിയിലൂടെ മാത്രമേ പ്രതിസന്ധി പരിഹരിക്കാൻ കഴിയൂ.

## ആയുർവ്വേദ മരുന്ന് നിർമ്മാണം

വളരെകാലം മുൻപ് മുതൽ നിലനിന്നുവരുന്ന പായമ്മലുള്ള A. M. S. ഫാർമസിയും എടക്കുളത്ത് അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള കടുംബവൈദ്യൻ (ആയുർവ്വേദിക് റിസർച്ച് സെൻറർ), നാഷ്ണൽ ആര്യ ഫാർമസി എന്നീ 3 യൂണിററുകളാണ് ഇപ്പോഠം പ്രവർത്തിച്ചു വരുന്നത്. നമ്മുടെ പഞ്ചായത്തിൽ വികസനത്തിനു് ഏററവും സാദ്ധ്യതയുള്ള ഈ മേഖലയെ ശ്രദ്ധാപൂർവ്വം സഹായിക്കുന്നതിനുള്ള പദ്ധതികളുണ്ടാകണം.

## അലുമിനിയ പാത്രനിർമ്മാണം

1-ാം വാർഡിൽ ചാമക്കുന്ന് ഭാഗത്ത് പ്രവർത്തിച്ചു വരുന്ന ഈ ചെറുകിട അലുമിനിയ പാത്ര നിർമ്മാണ യൂണിററിൽ 4 സ്ഥിരം തൊഴിലാളികഠം പണിയെടുക്കുന്നു. ചെറിയ യൂണിററാണെങ്കിലും

കാര്യക്ഷമമായ നേതൃം ഇതിന കൈവരിക്കാൻ സാധിച്ചിട്ടണ്ട്. ഇവിടെ ഉണ്ടാക്കിയ ഉല്പന്നങ്ങൾ തൊട്ടടുത്ത ടൗണായ ഇരിങ്ങാലക്കടയിൽ വൻകിട പാത്രവ്യാപാരികൾ മൊത്തമായി വാങ്ങി വില്പന നടത്തുന്നു. ധനക്ഷാമം പരിഹരിച്ചും യന്ത്രവൽക്കരണത്തിലൂടെയും ഈ യൂണിററിനെ ഉയർത്തുവാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ നൽകുവാനും സാധിക്കും.

(പട്ടിക 3 ൽ)

## നമ്മുടെ വ്യവസായിക പ്രശ്നങ്ങൾ

1 കുറഞ്ഞവേതനവും-കഠിനാധ്വാനവും വേണ്ടിവരുന്ന പരമ്പരാഗത കൈത്തറി വ്യവസായത്തിൽ താൽപര്യം കുറയുന്നു

2 മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വൈവിധ്യ വൽക്കരണത്തിലൂടെ ഉപഭോക്താവിന്റെ താല്പര്യമനുസരിച്ച് ആകർഷകമായ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നില്ല. അതുകൊണ്ട് ഉൽപന്നങ്ങൾ വിററഴിയാതെ കെട്ടികിടക്കുന്നു.

3 കൈത്തറി, തീപ്പെട്ടി, ചവിട്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ആവശ്യമായ യന്ത്രവൽക്കരണം നടത്തിയിട്ടില്ല.

4 അസംസ്കൃതപദാർത്ഥങ്ങളുടെ വിലക്കയററത്തിനനുസൃതമായി ഉല്പന്നത്തിന്റെ വില നിശ്ചയിക്കാൻ കഴിയുന്നില്ല.

5 വ്യവസായവികസനത്തിന് ആവശ്യമായ വൈദ്യുതിയുടെ ദൗർലഭ്യവും കാലതാമസവും.

6 ഉല്പന്നങ്ങൾ ഉല്പാദനകേന്ദ്രങ്ങളിൽനിന്നുതന്നെ ഏറെറടുത്ത് വില്പന നടത്തുന്ന ഏജൻസികൾ നിലവിലില്ല. തന്മൂലം ഫലപ്രദമായ വിപണനസൗകര്യം ഒരുക്കുന്നതിനോ കണ്ടെത്തുന്നതിനോ കഴിയാത്തവരുടെ പ്രവർത്തനം നിലയ്ക്കുന്നു.

7 ഒരേ സ്വഭാവമുള്ള ഒന്നിൽ കൂടുതൽ യൂണിററുകളുടെ അശാസ്ത്രീയമായ പെരുപ്പം.

8 സർവ്വോപരി വ്യവസായ സംരംഭങ്ങളോടുള്ള തെററായ സമീപനവും കുറഞ്ഞ അദ്ധ്വാനം കൊണ്ട് കൂടുതൽ വരുമാനം ലഭിക്കുന്ന സേവന മേഖലയോടുള്ള താല്പര്യവും.

## നിർദ്ദേശങ്ങൾ:-

1 തൊഴിൽ സാധ്യതയും ഉല്പാദനവും വദ്ധിപ്പിക്കുംവിധത്തിലുള്ള യന്ത്രവൽക്കരണം ഏർപ്പെടുത്തുക.

2 ഉപഭോക്താക്കളുടെ താല്പര്യങ്ങൾ പഠിക്കുകയും മാർക്കററിൽ വരുന്ന മാററങ്ങൾക്കനുസൃതമായി ഉല്പാദനത്തിൽ വൈവിധ്യവൽക്കരണം ഏർപ്പെടുത്തുകയും ചെയ്യുക.

3 പഞ്ചായത്ത് മുൻകൈയെടുത്ത് വ്യവസായവകുപ്പുമായി ബന്ധപ്പെട്ട് നമ്മുടെ പ്രദേശത്തിനനുസൃതമായ വ്യവസായ സാധ്യതകൾ കണ്ടെത്തി പുത്തൻസംരംഭകർക്ക് പരിചയപ്പെടുത്തുക.

4 മൂലധനവും, സാങ്കേതിക വിദ്യയും സങ്കേതങ്ങളും ഒരുക്കുക

5 പ്രധാനകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള വില്പനശാലകൾ തുറക്കുക.

6 അശാസ്ത്രീയമായ ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം നിരുത്സാഹപ്പെടുത്തുക. യഥാർത്ഥ ഉല്പാദനകേന്ദ്രങ്ങൾ തുറക്കുന്നതിന് തദ്ദേശീയരെ പ്രേരിപ്പിക്കുക

## സാധ്യതകൾ

കാർഷികമേഖലയിൽ സുലഭമായ ഉല്പന്നങ്ങളെ ആസ്പദമാക്കി ചെറുകിട യൂണിററുകൾക്ക സാധ്യതയുണ്ട്. നമ്മുടെ പ്രദേശത്ത് പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾക്കിടയില്ലാത്ത വിവിധതരം അസംബ്ളിംഗ് യൂണിററുകളും ഫാബ്രിക്കേഷൻ വർക്ക്ഷോപ്പുകളും ആരംഭിക്കാവുന്നതാണ്. സാധ്യതയുള്ളവ താഴെ ചേർക്കുന്നു

1 ഫോം മാററിംഗ്-പച്ചച്ചകിരി സംസ്കരിച്ചുകൊണ്ട്

2 തെങ്ങുതടി ഉപയോഗിച്ചു കൊണ്ടുള്ള മൈക്ക, തൈസ്ഡ് ഫർണീച്ചറുകളും വീട്ടുസാമഗ്രികളും.

3 വെളിച്ചെണ്ണയിൽനിന്ന് സുഗന്ധദ്രവ്യങ്ങൾ, ഹെയർ ഓയിൽ.

4 ബ്രഷ്, ചൂല്, ചിരട്ട ഉപയോഗിച്ചുള്ള നിർമ്മാണയൂണിററ്.

5 ആധുനിക റൈസ് മില്ലും വിവിധ ഭക്ഷ്യോല്പന്നങ്ങളും.

6 ബേക്കറി യൂണിററ്

7 സിമൻറ് അടിസ്ഥാനമാക്കിയുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം.

8 ലഘുയന്ത്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള ആഭരണ നിർമ്മാണം.

9 റെഡിമെയ്ഡ് ഗാർമെൻസ് യൂണിററുകൾ

10 ഇലക്ട്രിക്, ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നിർമ്മാണവും അസംബ്ലിങ്ങും

11 ചെറുകിട മേഖലയിലുള്ള റബ്ബർ അധിഷ്ഠിത ചെരുപ്പ്/വാഷർ യൂണിററ്

12 ചെറുകിട യന്ത്രങ്ങൾ ഉപയോഗിച്ച് സ്റ്റീൽ അലുമിനിയപാത്രനിർമ്മാണം

13 മോട്ടോർ വയ്ൻറിങ്ങ് യൂണിററ്

14 ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, സ്പ്രെ പെയ്ൻറിംഗ് യൂണിററ്

15 P. V. C. പൈപ്പ് നിർമ്മാണ യൂണിററ്

16 പ്രിൻറിംഗ് പ്രസ്സ്, ബുക്ക് നിർമ്മാണം, ബുക്ക് ബൈൻറിംഗ്

17 പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ മിനി വ്യവസായ എസ്റ്റേററ് സ്ഥാപിക്കുക.

# 4 ഗതാഗതം, ഊർജ്ജം

## ഗതാഗതം

പൂമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗതാഗതമെന്നാൽ ഇന്ന് റോഡ് ഗതാഗതം മാത്രമാണ്. സാധ്യതകളുണ്ടെങ്കിലും ജലഗതാഗതം നിലവിലില്ല. 15 കി. മീ. അകലെയുള്ള ഇരിങ്ങാലക്കുടയാണ് ഏററവും അടുത്തുള്ള റെയിൽവേ സ്റ്റേഷൻ. ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന രണ്ടു P. W. D. റോഡുകൾ അടക്കം മൊത്തം 77 റോഡുകൾ ഉണ്ട്. 8 കി. മീ. നീളം വരുന്ന P. W. D. റോഡുകൾ ഉൾപ്പെടെ റോഡുകളുടെ ആകെ നീളം 58.515 കി. മീ. ആണ്. ഇതിൽ 12.645 കി. മീ. ടാറിംഗ് 2.9 കി മീ. മെററലിങ്ങും കഴിഞ്ഞതാണ്. ബാക്കിയുള്ള 32.77 കി. മീ. റോഡുകൾ മെററലിങ്ങ് കഴിയാത്തവയാണ്. ചില റോഡുകൾക്ക് വീതി വളരെ കുറവാണ്.

| | P. W. D. റോഡുകൾ | ടാറിങ്ങ് റോഡുകൾ | മെററൽ റോഡുകൾ | മററ് റോഡുകൾ |
|---|---|---|---|---|
| എണ്ണം | 2 | 12. | 3 | 60 |
| നീളം | 10 | 12.645 | 2.900 | 32.970 |

സമീപപഞ്ചായത്തുകളിലെ റോഡുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടത്തെ റോഡുകൾ പകുതിയോളം മെച്ചപ്പെട്ടവയാണ്. ബാക്കി റോഡുകളുടെ സ്ഥിതി ശോചനീയമാണ്. കാലാകാലങ്ങളിൽ അററകുററപണികൾ നടത്താത്തതുകൊണ്ട് നല്ല രീതിയിൽ നിർമ്മിച്ച ചേലൂർ–മതിലകം P. W. D. റോഡുപോലും ചില സ്ഥലങ്ങളിൽ ഗതാഗതയോഗ്യമല്ല. വെള്ളക്കെട്ടുള്ളയിടങ്ങളിൽ ഇരുവശങ്ങളിലുമുള്ള കാനകൾ വൃത്തിയാക്കി വെള്ളം തിരിച്ചുവിടാത്തതുമൂലവും റോഡ് മുറിഞ്ഞ് വെള്ളം പോകുന്ന സ്ഥലത്ത് നിലംപതികൾ ശരിയായ രീതിയിൽ നിർമ്മിക്കാത്തതുമൂലവും പലയിടത്തും റോഡാകെ തകർന്നിരിക്കുന്നു. എടക്കുളം കനാൽപാലം മുതൽ നാഷനൽ ആര്യ ഫാർമസി വരെ, ഒല്ലൂക്കുഴപ്പാലം മുതൽ തോപ്പിലേക്കു തിരിയുംവരെ, അരിപ്പാലം സെൻറർ മുതൽ ചിറ വരെ, എന്നീ സ്ഥലങ്ങൾ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. ശരിയായ രീതിയിൽ മണ്ണു നീക്കം ചെയ്യ കാനകൾ, നിലംപതികൾ, ഓവുചാലുകൾ എന്നിവയുടെ അഭാവം മററു റോഡുകളിലും ഗതാഗതം ദുഷ്കരമാക്കുന്നുണ്ട്.

ദേശീയപാതകൾ 47-ഉം 17–ഉം തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിൽ മതിലകം പാലം സ്ഥാപിതമായാൽ ഈ പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ പതിന്മടങ്ങ് വർദ്ധിക്കുന്നതാണ്. ഒന്നാം വാർഡിൽ ലക്ഷംവീട് കോളനി റോഡും വെങ്ങാട്ടുംപ്പിള്ളി കൽപ്പറമ്പ് ലിങ്ക് റോഡും രണ്ടാം വാർഡിൽ കുന്നത്തങ്ങാടി റോഡും, പൊട്ടച്ചിറ വഴി പള്ളി റോഡും, മൂന്നാം വാർഡിൽ പനച്ചിക്കച്ചിറ റോഡിൽനിന്ന് പള്ളിത്താഴം ഹരിജൻ കോളനി വഴി അരിപ്പാലം സെൻററിലേക്ക് ബന്ധിപ്പിക്കാവുന്ന റോഡും. കളപ്പാട്ടിലേക്കുള്ള റോഡും, നാലാം വാർഡിൽ കരുവാപ്പടി തോപ്പ് റോഡും, ബാലവാടി റോഡും പഞ്ചായത്ത് ഗ്രൗണ്ടിലേക്കുള്ള റോഡും, ശ്മശാനറോഡും.

അഞ്ചാംവാർഡിൽ ലക്ഷംവീട് കോളനിയിലേയ്ക്ക് വരുന്ന S. N. നഗറിൽനിന്നും തെക്കോട്ടുള്ള റോഡും ഉരപ്പൻ കോളനിറോഡും, ചെറിയകുളംറോഡും, വേളൂക്കര പൂമംഗലം വടക്ക് കിഴക്ക് അതിർത്തിയിൽഉള്ള പുഞ്ചപ്പാടം റോഡും, നെടുംപ്പുള്ളിമനറോഡും, ഉരപ്പൻ കോളനി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാലവും, ആറാം വാർഡിൽ അവുണ്ടറ ചാലിനുമുകളിൽ, പടിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പാലവും I. H. D. P. കോളനിയും പട്ടിലകുളവുമായി ബന്ധിപ്പിച്ച് ശ്രീകൃഷ്ണവിലാസം റോഡുമായി ബന്ധിക്കുന്ന റോഡും പടന്ന കോളനിറോഡും ഏഴാം വാർഡിൽ കനാൽ വടക്കേബണ്ടിൽ പടിഞ്ഞാട്ട് പുഞ്ചപ്പാടവുമായി ബന്ധിക്കുന്ന റോഡും, ഓടേപ്പാടം റോഡും എട്ടാംവാർഡിൽ കനാൽ തെക്കേബണ്ട് വേളൂക്കരപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ്, പെരുവല്ലിപ്പാടം റോഡും പണിയുന്നതിനും കൂടാതെ കാർഷികവ്യവസായിക ആവശ്യങ്ങൾക്ക് ഉതകുന്നതും ഗതാഗതസൗകര്യം ഇപ്പോഴും ലഭിച്ചിട്ടില്ലാത്തതും ഹരിജനങ്ങളും കാർഷിക തൊഴിലാളികളും തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലേയ്ക്കുള്ള റോഡുകളും പണിയുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## നിർദ്ദേശങ്ങൾ:-

1 ഗതാഗതതിരക്കുള്ള റോഡുകളിലും സെൻററുകളിലും നടപ്പാതകൾ നിർമ്മിക്കണം.

2 മുഴവനും റോഡുകൾക്കും, കാനകളും ആവശ്യമുള്ള സ്ഥലങ്ങളിൽ കാംവെർട്ടുകളും നിർമ്മിക്കണം.

3 കാലാകാലങ്ങളിൽ അററകുററപണികൾ കൃത്യമായി നടത്തണം.

4 ഓരോ പദ്ധതിക്കും അനുവദിച്ച തുക മുഴവൻ ശരിയായ രീതിയിൽ ചിലവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതാതു പ്രദേശങ്ങളിൽ നടക്കുന്ന പണികളിൽ സന്നദ്ധസേവനം ഉറപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തണം.

5 എല്ലാ പദ്ധതി പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കാൻ ജനകീയ കമ്മിററികളുണ്ടാക്കണം.

6 മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ കെട്ടി റോഡിന്റെ സൗകര്യങ്ങൾ കുറയ്ക്കുന്നതിൽ ഫലപ്രദമായി ഇടപ്പെടണം.

7 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ടാക്സികൾക്കും ഓട്ടോറിക്ഷ എന്നിവയ്ക്കും വണ്ടിപേട്ടകളുണ്ടാക്കുകയും പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും വേണം നിശ്ചിത പേട്ടകളിൽത്തന്നെ വാഹനങ്ങൾ പാർക്കുചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.

8 ബസ്സ് ഗതാഗതം നിലവിലുണ്ടായിരുന്ന തോപ്പ്‌വഴി നടവരമ്പ് റൂട്ടും, ഐക്കരക്കുന്ന് റൂട്ടും പുനഃസ്ഥാപിക്കണം.

9 കോൾനിലങ്ങളോട് ചേർന്നുള്ള ചാലുകളിലേയും തോടുകളിലേയും മണ്ണുനീക്കി ആഴംകൂട്ടുന്നതോടെ പാടശേഖരങ്ങളിലേക്ക് ജലഗതാഗത സാധ്യത കൂട്ടാവുന്നതാണ്.

10 പുനഃസർവ്വേചെയ്ത് റോഡുകളുടെ വീതിഉറപ്പാക്കണം

11 അപകടാവസ്ഥയിലെത്തിയിരിക്കുന്ന എടക്കുളംകനാൽ പാലവും, ആയിരംകോൾകോളനിക്ക് സമീപമുള്ള പാലവും പുതുക്കിപണിയുക.

## ഊർജ്ജം

പൂമംഗലം പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തിൽ പ്രത്യേകിച്ച് വാണിജ്യവ്യവസായ മേഖലകളിൽ വൈദ്യുതി തന്നെയാണ് ഒന്നാം സ്ഥാനത്ത്. കാർഷിക മേഖലയിൽ ഡീസൽ–മണ്ണെണ്ണ എൻജിനുകൾ നാമമാത്രമായി ഉപയോഗത്തിലുണ്ട്. പഞ്ചായത്തിലെ 1500 വീടുകളിൽ മാത്രമാണ് വൈദ്യുതി എത്തിയിട്ടുള്ളത്. ബാക്കി വീടുകളിൽ ഇന്നും മണ്ണെണ്ണ വിളക്കുകൾ വെളിച്ചം നൽകുന്നു. പാചക ആവശ്യത്തിന് ഭൂരിഭാഗം വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. ചെറിയ ശതമാനം വീടുകളിൽ മണ്ണെണ്ണ ഉപയോഗിക്കുന്നു. ഗ്യാസ് ഉപഭോക്താക്കളുടെ എണ്ണത്തിൽ സമീപകാലത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിച്ചുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം അടുത്ത വർഷങ്ങളിൽ കൂടിയിട്ടുണ്ട്. ചപ്പുചവറുകൾ, മററു ജൈവദ്രവ്യങ്ങൾ, പ്രകൃതി വാതകം സൗരോർജ്ജം തുടങ്ങിയ മററു ഊർജ്ജസ്രോതസ്സുകളൊന്നും ഇവിടെ ഉപയോഗപ്പെടുത്തുന്നില്ല. എല്ലാ തരത്തിലുമുള്ള ഊർജ്ജത്തിന്റെ ഉപയോഗത്തേയും ബന്ധിപ്പിച്ച് ഉപയോഗം മെച്ചപ്പെടുത്താനും ജീവിതനിലവാരം ഉയർത്തുവാനും ലക്ഷ്യമിട്ടിട്ടുള്ള സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണപദ്ധതി (IREP) നമ്മുടെ പഞ്ചായത്തിൽ ലക്ഷ്യങ്ങളൊന്നും നിറവേററിയിട്ടില്ല.

## വൈദ്യുതി:-

പൂമംഗലം പഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്നത് കൊടുങ്ങല്ലൂർ 66 കെ. വി. സബ്ബ് സ്റ്റേഷനിൽ നിന്നാണ്. ലഭിക്കേണ്ട വോൾട്ടേജിന്റെ 60–നും 70–നും ഇടയിൽ മാത്രമേ ഇവിടെ ലഭിക്കുന്നുള്ളൂ. വൈകുന്നേരങ്ങളിൽ ഇതിലും താഴെയുമാകും. പഞ്ചായത്തിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ് ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന വോൾട്ടേജ് സ്റ്റെബിലൈസറുകളും പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇവയെല്ലാം ചേർന്ന് പഞ്ചായത്തിലെ വോൾട്ടേജ്പ്രശ്നം രൂക്ഷമാക്കുന്നു. രാത്രികാലങ്ങളിൽ വൈദ്യുതി വിളക്കുകൾക്കുപകരം മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കേണ്ടി വരുന്നവരും ഇവിടെയുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം നിരവധിയാണ്. പഞ്ചായത്തിലെ ചില ഭാഗങ്ങളിലെങ്കിലും വൈദ്യുതി എത്തിയിട്ടുമില്ല. പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കൊടുക്കേണ്ട കാർഷിക കണക്ഷനുകൾപ്പോലും മൂന്നുവർഷമായിട്ടും കൊടുത്തിട്ടില്ല.

വ്യാവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്ന വിരലിലെണ്ണാവുന്ന വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവ ഈ മേഖലയിലെ വൈദ്യുതി ഉപഭോഗത്തിലെ പ്രധാന പങ്കാളികളാണ്. വോൾട്ടേജ് ക്ഷാമത്തോടൊപ്പം അപ്രഖ്യാപിത പവർകട്ടുകളും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

196 വഴിവിളക്കുകൾ ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കേടുപാടുകൾ തക്കസമയത്ത് തീർക്കാനോ ഫ്യൂസായ ബൾബുകൾ മാററിയിടാനോ കഴിയുന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും:-

1 ഭരണപരവും സാങ്കേതികവുമായ അനുമതികൾ ലഭിച്ചിട്ടുള്ള ഇരിങ്ങാലക്കുട–നടവരമ്പ് 110 കെ. വി. സബ്ബ് സ്റ്റേഷൻ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് സമ്മർദ്ദം ചെലുത്തുക.

2 കുന്നത്തങ്ങാടി, ഒലുപ്പുക്കഴ, പായമ്മൽ 11 കെ. വി. ലൈനിനു താഴെ, എടക്കുളം പള്ളിക്കുസമീപം എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ അനുമതി ലഭിച്ചിട്ടുള്ളതാണ്. ഇവ സ്ഥാപിക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുക.

3 വൈദ്യുതിനില മെച്ചപ്പെടുത്താൻ അരിപ്പാലത്ത് അനുവദിച്ചിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് ലൈൻപണി പൂർത്തിയാക്കുക.

4 ജമ്പർ മെച്ചപ്പെടുത്തുക, വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ച് മാറ്റുക തുടങ്ങി വൈദ്യുതിയുടെ പ്രേഷണവിതരണനഷ്ടം കുറക്കാനുള്ള നടപടികളെടുക്കണം.

5 കോമ്പാക്ട് ഫ്ളൂറസെൻറ് (C F L) ബൾബുകൾ, ട്യൂബ് ലൈററിൻെറ ഇലക്ട്രോണിക് ചോക്കുകൾ തുടങ്ങിയവ പ്രചരിപ്പിക്കേണ്ടതാണ്.

6 നിലവിലുള്ള തെരുവുവിളക്കുകൾ മുഴുവൻ കത്തുന്നു എന്ന് ഉറപ്പുവരുത്തുക. അരിപ്പാലം ചിറ, ഒല്ലൂക്കര പാലം എന്നിവിടങ്ങളിൽ വെളിച്ചം കൂടിയ വിളക്കുകൾ സ്ഥാപിക്കുക

7 ഉപഭോക്താക്കളുടെ വർദ്ധനക്കനുസരിച്ച് ആവശ്യമുള്ള പുതിയ ട്രാൻസ്ഫോർമറുകൾ ചീനക്കുഴി, തോപ്പ് ബാലവാടി, എടക്കുളം നെററിയാട് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

8 പഞ്ചായത്തിൻെറ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലേക്ക് ലൈനുകൾ നീട്ടുക.

9 കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനു പ്രത്യേക പരിഗണന നൽകുക.

10 പട്ടികജാതി കോളനികളിലെ മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകുക.

11 നിലവിലുള്ള സബ്ബ് എഞ്ചിനിയർ ആഫീസ് അസിസ്റ്റൻറ് എഞ്ചിനീയർ ആഫീസാക്കി ഉയർത്തി ഉപഭോക്താക്കളുടെ സൗകര്യം വർദ്ധിപ്പിക്കുക.

12 റോഡുകളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന വൈദ്യുതി കാലുകൾ മാററി സ്ഥാപിക്കുക

13 തെരുവുവിളക്കുകൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കുക.

## മററു ഊർജ്ജമേഖലകൾ:-

ഗതാഗതരംഗത്ത് മോട്ടോർ വാഹനങ്ങൾ ഡീസലും പെട്രോളും ഉപയോഗിക്കുന്നു. കാർഷിക മേഖലയിൽ പ്രധാനമായും വൈദ്യുതി എത്താത്ത മേഖലയിൽ ഡീസൽ/മണ്ണെണ്ണ ഉപയോഗിക്കുന്ന മോട്ടോറുകൾ കാണാം. ഇത്തരം മോട്ടോറുകൾ ഒരിടത്തുനിന്നും മറെറാരിടത്തേക്കു കൊണ്ടുപോകാം എന്നതാണ് പ്രധാന ഗുണം. കാർഷികാവശ്യങ്ങൾക്കായുള്ള മണ്ണെണ്ണ ചിലയവസരങ്ങളിൽ ലഭിക്കാത്തത് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

ഗാർഹിക മേഖലയിൽ വൈദ്യുതി ലഭിക്കാത്തവർ മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നു. പാചക ആവശ്യത്തിന് ജനസംഖ്യയുടെ 5% മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. ചില വീടുകളിലെങ്കിലും പാചകവാതകമുപയോഗമുണ്ട്. ബഹുഭൂരിപക്ഷം പേരും വിറകടുപ്പുകളെ ആശ്രയിക്കുന്നു. ദക്ഷത കൂടിയ അടുപ്പുകളുടെ എണ്ണം വളരെ കുറവാണ്. വിറക് ഉപയോഗിക്കുന്നവർ പ്രധാനമായും തെങ്ങുൽപ്പന്നങ്ങളെ ആശ്രയിക്കുന്നു. പതിനേഴ് വീടുകളിൽ ഗോബർഗ്യാസ് പാചകത്തിന് ഉപയോഗിക്കുന്നുണ്ട്.

സൗരോർജ്ജം ഈ പഞ്ചായത്തിൽ വെയിൽ എന്ന രീതിയിൽ സാധനങ്ങൾ ഉണക്കാൻ മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളു. വിറക്, കാർഷികാവശിഷ്ടങ്ങൾ, വിസർജ്ജ്യവസ്തുക്കൾ എന്നിവയിൽ നിന്നും ഇന്ധനവാതകമുണ്ടാക്കുന്ന ബയോഗ്യാസ് പ്ലാൻറുകൾ നമ്മുടെ പഞ്ചായത്തിലില്ല.

## സാധ്യതകൾ, നിർദ്ദേശങ്ങൾ:-

1 90% വീടുകളിലും വിറകടുപ്പുകളാണ് പ്രധാനമായും ഉപയോഗിക്കുന്നത് എന്നതുകൊണ്ട് മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിക്കേണ്ടതാണ്. പുകയും കരിയും ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളും വിറകിന്റെ വർദ്ധിച്ചുവരുന്ന വിലയും, ദക്ഷതയേറിയ അടുപ്പുകളുടെ പ്രസക്തിയും ബോധവൽക്കരണ പരിപാടിയിലൂടെ പ്രചരിപ്പിക്കേണ്ടതാണ്. അനർട്ടിൽനിന്നും കിട്ടാവുന്ന സബ്സിഡി ഉപഭോക്താവിന്റെ വിഹിതം എന്നിവയെല്ലാം കണക്കിലെടുത്ത് പഞ്ചായത്തിലാകെ സമഗ്ര അടുപ്പ പദ്ധതി നടപ്പിലാക്കണം.

2 മണ്ണെണ്ണ പാചകത്തിന് ഉപയോഗിക്കുന്ന വീടുകളിൽ മെച്ചപ്പെട്ട ദക്ഷത കൂടിയ സ്റ്റൗകൾ ഉപയോഗിക്കാവുന്നതാണ്. അനർട്ടിന്റെ സബ്സിഡി ഇക്കാര്യത്തിൽ ഉപയോഗിക്കേണ്ടതാണ്.

3 പ്രഷർകുക്കർ, കച്ചിപ്പെട്ടി തുടങ്ങിയ പാചക ഊർജ്ജം ലാഭിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്.

4 കോളനികളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനകരമാകും.

5 പഞ്ചായത്തിൽ കമ്മ്യൂണിററി ബയോഗ്യാസ് നിർമ്മാണത്തിനുള്ള സാധ്യതകളുണ്ട്. അനർട്ട് തുടങ്ങിയ സർക്കാർ ഏജൻസികളിൽനിന്നും സഹായം ലഭ്യമാക്കാവുന്നതാണ്.

6 അടുത്ത ഗ്രാമങ്ങളിൽനിന്നും പട്ടണത്തിൽനിന്നും എൽ. പി. ഗ്യാസ് സിലിണ്ടറുകൾ ഈ പഞ്ചായത്തിൽ ഉപയോഗത്തിനെത്തുന്നു. പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി സ്വാഗതാർഹമാണ്.

7 പഞ്ചായത്തിലാകെ ഊർജ്ജസർവ്വേ നടത്തി സമഗ്ര ഊർജ്ജആസൂത്രണപദ്ധതിക്ക് രൂപം നൽകണം. പാചകം, വെളിച്ചം, ജലസേചനം, കുടിവെള്ളം, വ്യവസായം തുടങ്ങി ഓരോ മേഖലയിലേക്കും ആവശ്യമായ ഊർജ്ജത്തിന്റെ കണക്കുകൾ ശേഖരിക്കണം. വൈദ്യുതി, സൗരോർജ്ജം, ഇന്ധനവാതകങ്ങൾ തുടങ്ങി എല്ലാ മേഖലകളേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയാകണം. വിവിധ സർക്കാർ ഏജൻസികൾ ഈ രംഗത്തു നൽകുന്ന മുഴുവൻ സഹായങ്ങളും ലഭിക്കാനും ജനപങ്കാളിത്തം ഉറപ്പു വരുത്താനും ഉതകുന്ന സമഗ്രപദ്ധതിയാകണമിത്.

# 5 വിദ്യാഭ്യാസം

ഭൂമിശാസ്ത്രപരമായി ചെറുതെങ്കിലും വിദ്യഭ്യാസപരമായി ശരാശരിയേക്കാൾ വളരെ മുന്നിലും സാമ്പത്തികമായി വളരെ പിന്നിലുമാണ് പൂമംഗലം ഗ്രാമപഞ്ചായത്ത്. സ്വകാര്യവിദ്യഭ്യാസ മേഖലയുടെ സംപുഷ്ടമായ സംഭാവനയുടെ പര്യായമാണ് പൂമംഗലം. സാക്ഷരതാനിരക്ക് 96.4 ശതമാനമാണെന്ന് കണക്കുകൾ തെളിയിക്കുന്നു. പരിമിതമായ സൗകര്യങ്ങളായിട്ടുപ്പോലും ഉന്നത വിദ്യഭ്യാസം കൈവരിച്ചവർ ഇവിടെ ധാരാളമുണ്ട്.

സാമൂഹികമായി നിലനിന്നിരുന്ന ആചാര വൈരുദ്ധ്യങ്ങൾമൂലം വിദ്യഭ്യാസം സൗജന്യവും സാർവ്വത്രികവും അല്ലാതിരുന്ന കാലഘട്ടത്തിൽ നടവരമ്പ്, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലേക്കാണ് പ്രാഥമിക വിദ്യഭ്യാസത്തിന് ഇന്നാട്ടിലെ കുട്ടികൾ പോയിരുന്നത്. ഈ നൂററാണ്ടിന്റെ തുടക്കത്തിൽ കല്ലറമ്പ് ക്രിസ്ത്യൻപള്ളി വകയായി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു കൊണ്ടാണ് പൊതുവിദ്യാഭ്യാസത്തിന് തുടക്കമിട്ടത്. ക്രിസ്തുവർഷം 1909-ൽ ഈ സ്കൂൾ സർക്കാരിനെ ഏല്പിക്കുകയും J B S വടക്കുംകര എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു ഇന്ന് G U P സ്കൂൾ കല്ലറമ്പ് എന്നറിയപ്പെടുന്ന ഈ സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. ഈ സ്കൂളാണ് പഞ്ചായത്തിലെ ഏകസർക്കാർ സ്കൂൾ.

ക്രിസ്തുവർഷം 1919-ൽ എടക്കുളംപള്ളി വകയായി എടക്കുളം സെൻറ് മേരീസ് എൽ. പി. സ്കൂൾ സ്ഥാപിച്ചു. എടക്കുളത്ത് S. K. V. L. P. സ്കൂൾ, S. N. G. S. S. U. P. സ്കൂൾ, അരിപ്പാലത്ത് A. M. L. P. സ്കൂൾ എന്നിവ സ്ഥാപിക്കപ്പെട്ടതോടെ പ്രൈമറി വിദ്യഭ്യാസരംഗത്ത് ഏറെക്കുറെ സൗകര്യമായി. 1942-ൽ കല്പറമ്പ് ക്രിസ്ത്യൻപള്ളി B. V. M. U. P. സ്കൂൾ സ്ഥാപിച്ചു. 1947-ൽ ഇത് ഹൈസ്കൂളാക്കി ഉയർത്തിയതോടെ പഞ്ചായത്തിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. 1950-ലെ ആദ്യബാച്ചിലെ കുട്ടികൾ S S L C പരീക്ഷക്ക് ഈ സ്കൂളിന് നൂറ് ശതമാനം വിജയം നേടിക്കൊടുത്തു. 1977-ൽ പൂമംഗലം പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം അരിപ്പാലത്ത് വിദ്യാജ്യോതി ഇംഗ്ലീഷ് മീഡിയം U P സ്കൂൾ, കല്പറമ്പിൽ ഹോളി ക്രോസ് കോൺവെൻറ് L P സ്കൂൾ എന്നീ രണ്ട് അൺ എയിഡഡ് സ്കൂളുകൾകൂടി സ്ഥാപിച്ചു.

ഇനി നിലവിലുള്ള വിദ്യാലയങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഒരു അവലോകനം നടത്താം.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെൻറ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | B V M ഹൈസ്കൂൾ, കല്പറമ്പ് | എയിഡഡ് | 632 | 463 | 1095 | 49 |
| 2 | G U P S കല്പറമ്പ് | സർക്കാർ | 112 | 123 | 235 | 7 |
| 3 | S N G S S U P എടക്കുളം | എയിഡഡ് | 104 | 65 | 169 | 8 |
| 4 | വിദ്യാജ്യോതി E M U P സ്കൂൾ, അരിപ്പാലം | അൺ എയിഡഡ് | 227 | 172 | 399 | 11 |
| 5 | ഹോളി ക്രോസ് L P S കല്പറമ്പ് | ,, | 127 | 128 | 255 | 5 |
| 6 | A M L P S അരിപ്പാലം | എയിഡഡ് | 75 | 66 | 141 | 4 |
| 7 | S N G S S L P S എടക്കുളം | ,, | 69 | 73 | 142 | 4 |
| 8 | സെൻറ് മേരീസ് L P S എടക്കുളം | ,, | 66 | 62 | 128 | 4 |
| | ആകെ | | 1412 | 1152 | 2564 | 92 |

പട്ടികജാതി വിഭാഗത്തിൽ 282 ആൺകുട്ടികളും 204 പെൺകുട്ടികളുംകൂടി 486 കുട്ടികളാണ് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നത്.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ B. V. M. ഹൈസ്ക്കൂളിലെ കഴിഞ്ഞ 5 വർഷത്തെ S. S. L. C. വിജയശതമാനം ഇവിടെ ചേർക്കുന്നു.

| വർഷം | 1991–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| S. S. L. C. വിജയം% | 76.7 | 66 | 63.4 | 67.3 | 57 |

അൺ എയിഡഡ് സ്കൂളുകളൊഴികെയുള്ള സ്ക്കൂളുകളുടെ സ്ഥിതിവിവരകണക്ക് പരിശോധിച്ചതിൽ 96–97 വർഷത്തെ പാദവർഷ പരീക്ഷയിൽ ഭൂരിപക്ഷം കുട്ടികളും 50 ശതമാനത്തിൽ താഴെ മാത്രം മാർക്ക് ലഭിച്ചവരാണ്.

നിലവിലുള്ള സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ അൺ എയിഡഡ് സ്ക്കൂളുകളിലൊഴികെ മറ്റെല്ലാ സ്ക്കൂളുകളിലും വേനൽകാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്. A. M. L. P. S. ലും S. N. G. S S. L P. S. ലും കിണറും വൈദ്യുതിയും ഇല്ല. എടക്കുളത്തുള്ള മൂന്ന് സ്ക്കൂളുകളിലും പാചകമുറികളില്ല. A M L P. S, S. N. G S. S. L. P, എന്നിവ ഓലമേഞ്ഞ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഗവ. U. P. സ്ക്കൂളിലെ മൂത്രപ്പുരകൾ പൂർണ്ണമായി നശിച്ച അവസ്ഥയിലാണ്. ഫർണീച്ചറുകൾ അപര്യാപ്തമാണ്. അററകുററ പണികൾ പൂർണ്ണമായും കൃത്യമായും നടക്കുന്നില്ല. പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, സയൻസ് കോർണർ, ലൈബ്രറി, ലബോറട്ടറി എന്നിവയുടെ ഇല്ലായ്മയും പോരായ്മയും കാണുന്നു. ഹൈസ്ക്കൂളിൽ മാത്രമുള്ള കളിസ്ഥലം കുട്ടികളുടെ കായിക പരിശീലനത്തിന് അനുയോജ്യമല്ല. ഗ്രൗണ്ടിന്റെ നടുവിൽകൂടി പഞ്ചായത്ത് റോഡ് കടന്നു പോകുന്നു. കലാകായിക മത്സരങ്ങളിലെ പങ്കാളിത്തവും പ്രകടനവും തൃപ്തികരമല്ല.

പ്രീ–പ്രൈമറി വിദ്യാഭ്യാസരംഗത്ത് തോപ്പ്, പായമ്മൽ, എടക്കുളം എന്നിവിടങ്ങളിലായി മൂന്ന് അംഗനവാടികൾ പ്രവർത്തിക്കുന്നു. കല്പറമ്പ് G U P സ്കൂളിനോട് ചേർന്ന് ഒരു അനൗദ്യോഗിക പ്രീ–പ്രൈമറിയുണ്ട്. കല്പറമ്പ് ഹോളി ക്രോസ് കോൺവെൻറ്, എടക്കുളം ആശാഭവൻ, ഹോളി ഫാമിലി കോൺവെൻറ് എന്നിവിടങ്ങളിൽ ഓരോ നഴ്സറി സ്കൂളുകൾ ഉണ്ട്. അരിപ്പാലത്ത് വിദ്യാജ്യോതിയോട് ചേർന്ന് ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറിയും പ്രവർത്തിക്കുന്നുണ്ട്. ആകെ എട്ട് നഴ്സറി സ്ഥാപനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അംഗനവാടികളിൽ പഠന–ശയ്യ ഉപകരണങ്ങളുടെ പോരായ്മയുണ്ട്.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. കല്പറമ്പ്, അരിപ്പാലം, എടക്കുളം എന്നിവിടങ്ങളിലായി അഞ്ച് ടൈപ്പ് റൈററിംഗ് ഇൻസ്റ്റിററ്യൂട്ടുകളും അഞ്ച് തയ്യൽ പരിശീലനകേന്ദ്രങ്ങളുമാണ് ആകെയുള്ള തൊഴിൽപരിശീലന സ്ഥാപനങ്ങൾ. ഹയർ സെക്കണ്ടറി സ്കൂൾ, സാങ്കേതിക സ്ഥാപനങ്ങൾ, പാരലൽ കോളേജുകൾ എന്നിവയുടെ അഭാവം ശ്രദ്ധേയമാണ്. കല്പറമ്പിലും എടക്കുളത്തും സ്കൂളുകളിൽ കൈത്തറി നെയ്ത്ത് പരിശീലനം ഉണ്ടായിരുന്നു. കര–കൗശലവസ്തുക്കളുടെ നിർമ്മാണത്തിലും പരിശീലനം കൊടുത്തിരുന്നു.

## പ്രശ്നങ്ങൾ

1 ഹൈസ്കൂളിലെ S. S. L. C. വിജയശതമാനം കുറഞ്ഞുവരുന്നു.

2 അൺ എയിഡഡ് സ്ക്കൂളുകളൊഴികെ എല്ലാ സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

3 ഇംഗ്ലീഷ് മീഡിയം സംസ്കാരം വർദ്ധിച്ചുവരുന്നു.

4 ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ കാണുന്നു.

5 പഠനോപകരണങ്ങൾ ആവശ്യാനുസരണമില്ല.

6 കലാ-കായികമത്സര രംഗത്തുള്ള പ്രകടനവും പങ്കാളിത്തവും തൃപ്തികരമല്ല.

7 വേനൽക്കാലങ്ങളിൽ വിദ്യാലയങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

8 സാങ്കേതി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല

9 സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല

10 പ്രീ-പ്രൈമറികളിൽ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയും പഠന-ശയ്യ ഉപകരണങ്ങളുടെ കുറവും ഉണ്ട്

11 ആരോഗ്യപരിപാലന പരിപാടികളിൽ പോരായ്മയുണ്ട്.

12 ഹൈസ്കൂൾ ഗ്രൗണ്ടിന്റെ നടുവിൽകൂടി കടന്നുപോകുന്ന പഞ്ചായത്ത് റോഡ് അസൗകര്യം ഉണ്ടാക്കുന്നു.

## സാദ്ധ്യതകൾ:-

1 P. T. A., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം സജീവമാക്കണം,

2 അദ്ധ്യാപക-വിദ്യാർത്ഥി-രക്ഷകർത്തൃ സംഗമം ഓരോ ടേമിലും നടത്തണം.

3 ഹൈസ്ക്കൂളിന്റെ നേതൃത്വത്തിൽ സ്ക്കൂൾ കോംപ്ലക്സ് രൂപീകരിച്ച് സജീവപ്രവർത്തനം നടത്തണം.

4 പ്രൈമറിതലം മുതൽ പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടത്തണം

5 അയൽപക്ക വിദ്യാഭ്യാസ സംസ്കാരം വളർത്തുവാൻ വേണ്ട ബോധന പരിപാടികൾ നടത്തുക.

6 കെട്ടിടം-ഫർണീച്ചർ അററകുററപണികൾക്ക് ആവശ്യമായ ഗ്രാൻറ് കൃത്യമായി ലഭ്യമാക്കുക.

7 മൂത്രപ്പുര, കക്കൂസ്, കിണർ തുടങ്ങിയവ റിപ്പയർ ചെയ്യുക, ഇല്ലാത്തിടങ്ങളിൽ പുതിയവ നിർമ്മിക്കുക.

8 പഠനോപകരണങ്ങളുടെ പോരായ്മ നികത്തുക. ഉള്ളവ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

9 കലാ-കായിക പരിശീലനത്തിന് പ്രാധാന്യം നല്കി പ്രോത്സാഹനം നൽകുക. സാഹിത്യസമാജങ്ങൾ കൃത്യമായി നടത്തുക. സ്കൂൾ അസംബ്ലികൾ ചിട്ടയായി നടത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം.

10 സ്കൂളുകളിൽ പൊതുടാപ്പ് സ്ഥാപിക്കുകയും കിണറുകൾ ആഴംകൂട്ടി വൃത്തിയാക്കുകയും വേണം.

11 തൊഴിലധിഷ്ഠിത തുടർസാക്ഷരതാ പരിപാടികൾ തുടർന്നു നടത്തണം.

12 പ്രീ-പ്രൈമറികളിൽ പോരായ്മയുള്ള ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ, ശയ്യോപകരണങ്ങൾ ലഭ്യമാക്കുക. ഭൗതി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

13 പ്രീ-പ്രൈമറികളിൽ മാസത്തിലൊരിക്കലും മറ്റ് സ്കൂളുകളിൽ മൂന്ന് മാസത്തിലൊരിക്കലും വൈദ്യപരിശോധന നടത്തണം. സ്കൂളുകളിൽ ആരോഗ്യബോധന പരിപാടികൾ നടത്തണം.

14 ഹൈസ്ക്കൂൾ ഗ്രൗണ്ടിന്റെ നടുവിൽകൂടി കടന്നു പോകുന്ന പഞ്ചായത്ത് റോഡ് ഉണ്ടാക്കുന്ന അസൗകര്യം പരിഹരിക്കണം.

## നിർദ്ദേശങ്ങൾ

1 ഹൈസ്ക്കൂളിൽ കംമ്പ്യൂട്ടർ പരിശീലനം ആവശ്യമാണ്.

2 എടക്കുളം മേഖലയിൽ ഒരു ഹൈസ്ക്കൂൾ ആവശ്യമാണ്.

3 പരമ്പരാഗത കൈത്തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എന്നിവക്ക് പരിശീലന സ്ഥാപനങ്ങൾ തുടങ്ങുക.

4 അദ്ധ്യാപകർക്ക് ഇൻ സർവ്വീസ് കോഴ്സ് നിർബന്ധമാക്കുകയും കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്യുക.

5 ചാമക്കുന്ന്, എടക്കുളം എന്നിവിടങ്ങളിൽ പുതുതായി അംഗനവാടികൾ തുടങ്ങുക.

6 കോളനിപ്രദേശങ്ങളോടനുബന്ധിച്ച് ഡെ-കെയർ സെൻററുകൾ തുടങ്ങുക.

7 സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ തസ്തിക പുനഃസ്ഥാപിക്കുക.

8 പഞ്ചായത്തിൽ രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുക.

9 പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുക.

# 6 കുടിവെള്ളം, ആരോഗ്യം, പരിസരശുചീകരണം

## കുടിവെള്ളം:-

കുടിവെള്ളത്തിന്റെ മുഖ്യസ്രോതസ്സ് കിണറുകളാണ്. സ്വന്തം കിണറുകളും അയൽവീടുകളിലെ കിണറുകളും ഉപയോഗപ്പെടുത്തുന്നു. ശുദ്ധജലവിതരണത്തിനു പഞ്ചായത്തിനു സ്വതന്ത്രമായ പദ്ധതികളില്ല. എട്ടു വാർഡുകളിലായി 21 പൊതുകിണറുകളുണ്ട്. ചുറ്റുമതിൽ കെട്ടിയിട്ടുള്ളവയാണെങ്കിലും ജലസംരക്ഷണം തൃപ്തികരമല്ല. ഇവ സൂക്ഷ്മതയോടെ ആഴംകൂട്ടി വൃത്തിയാക്കി സംരക്ഷിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം മേഖലയിലും വേനൽ ആരംഭത്തോടെ കിണറുകളിലെ ജലവിതാനം താഴുന്നു. പടിഞ്ഞാറെ അതിരിൽ അവുണ്ടറ കാപ്പും, പൂക്കോട്ടുപുഴയും വററിയാൽ സമീപകിണറുകൾ വററിപ്പോകുന്നു. വേനല്ക്കാലത്ത് ഭൂരിഭാഗം കിണറുകളിലേയും വെള്ളം ചോലനിറമാവുകയും സാന്ദ്രത കൂടുകയും ചെയ്യുന്നു. കനാലിനോടടുക്കുന്തോറും വെള്ളത്തിൽ ഉപ്പ് വർദ്ധിക്കുന്നു.

എട്ടാം വാർഡിലെ ആയിരംകോൾ കോളനിയിലും 6 ാം വാർഡിലെ പടന്ന കോളനിയിലുമായി എട്ടും ഷണ്മുഖം കനാൽ മേഖലയിൽ പത്തും രണ്ടാം വാർഡിൽ ഒന്നും ഉൾപ്പെടെ പത്തൊമ്പതു പൊതുടാപ്പുകൾവഴി ശുദ്ധജലവിതരണം നടക്കുന്നുണ്ട്. രണ്ടാം വാർഡിൽ വെള്ളാങ്ങല്ലൂർനിന്നും കോളനികളിലേക്ക് വേളൂക്കരനിന്നും കനാൽ മേഖലയിലേക്ക് ഇരിങ്ങാലക്കുടയിൽനിന്നുമാണ് വെള്ളം എത്തിക്കുന്നത്. ഭൗതിക സാഹചര്യംമൂലം ബഹുഭൂരിഭാഗത്തിനും കിണറോ, കിണർ ജലമോ ലഭ്യമാകാത്ത കനാൽപ്രദേശത്താണ് എല്ലാ സമയത്തും ജലത്തിനുവേണ്ടി ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. ഉപ്പുമൂലം ഇവിടെ കിണർ കുഴിക്കുന്നതു് ഫലപ്രദമല്ല. ഇവിടെ ചില പൊതുടാപ്പുകളെ 40-ൽപരം കുടുംബങ്ങൾ ഉപയോഗപ്പെടുത്തുന്നു. അര കിലോമീററിലേറെ വെള്ളത്തിനുവേണ്ടി പോകേണ്ടിവരുന്നവരുമുണ്ട്. ഇവിടെ പൊതുടാപ്പുകളിൽ ദിവസങ്ങളോളം വെള്ളം കിട്ടാത്ത സ്ഥിതി ഇപ്പോഴും നിലനിൽക്കുന്നു.

| വാർഡ് | പ്രശ്നങ്ങൾ (വാർഡുകളിൽ) | സാദ്ധ്യതകൾ |
|---|---|---|
| 1 | ലക്ഷംവീട കോളനി, ചാമക്കുന്ന് ചീനക്കുഴി മേഖലയിലാണ് ജലക്ഷാമം നേരിടുന്നത്. | പൊതുകിണറുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചു സംരക്ഷിക്കുക. വെള്ളാങ്ങല്ലൂരിൽനിന്നും എത്തിനില്ക്കുന്ന പൈപ്പ് ലൈൻ ലക്ഷംവീട കോളനിയിലേക്കു നീട്ടുക. കോളനിയിലെ പൊതുകിണർ ബോർവെൽ ആക്കി കേന്ദ്രസഹായത്തോടെയുള്ള ശുദ്ധജലപദ്ധതി നടപ്പിലാക്കുക. |
| 2 | പഞ്ചായത്തിലെ ഉയർന്ന പ്രദേശമാണ് മൂന്നു സ്ക്കൂളുകൾ ഉൾപ്പെടുന്ന ഇവിടെ വേനലിൽ പൊതുവെ ജലക്ഷാമം നേരിടുന്നു. | കൊക്കർണിയോടനുബന്ധിച്ചും, കന്നത്തങ്ങാടിയിലും കല്പറമ്പിലെ പൊതുകിണറുമായി ബന്ധപ്പെടുത്തിയും രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിങ്ങ് വാട്ടർ മിഷൻ പദ്ധതി നടപ്പിലാക്കാം. |
| 3 | അരിപ്പാലം സെൻറർ, പള്ളിത്താഴം P H Cക്ക് കിഴക്ക്വശം പൂക്കോട്, കളപ്പാട്ട് കോളനികളിൽ ജലക്ഷാമം നേരിടുന്നു. | അരിപ്പാലം സ്ക്കൂൾ കേന്ദ്രീകരിച്ച് ഒരു മിനി ശുദ്ധജലവിതരണപദ്ധതി ആരംഭിച്ചു പരിഹരിക്കാം. |
| 4 | പായമ്മൽ വടക്കുഭാഗത്താണു ജലക്ഷാമം നേരിടുന്നത്. | പഞ്ചായത്തിനു അനുവദിച്ചു കിട്ടിയ ശുദ്ധജലവിതരണപദ്ധതിയിലുൾപ്പെടുത്തി പൊതു ടാപ്പുകൾ സ്ഥാപിക്കണം. |

(വാർഡുകളിൽ)

| | | |
|---|---|---|
| 5 | ഐക്കരക്കുന്ന്, ലക്ഷംവീട് കോളനി, ചെറിയക്കുളം കേന്ദ്രങ്ങളിൽ വെള്ളത്തിന് പ്രയാസമുണ്ട്. | ഐക്കരക്കുന്നിൽ ബോർവെൽ സ്ഥാപിച്ച മിനിശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുക. ലക്ഷംവീടുകോളനിയിലെ പൊതുകിണർ മെച്ചപ്പെടുത്തുക. പഞ്ചായത്തു ജലവിതരണപദ്ധതിയിൽ ടാപ്പുകൾ സ്ഥാപിക്കുക. |
| 6 | IHDP കോളനി, ഷണ്മുഖം കനാൽ തീരം, അവുണ്ടറയോടടുത്ത പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം നേരിടുന്നു. | പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള പദ്ധതി IHDP കോളനിയിൽ നടപ്പിലാക്കുക. കനാൽ മേഖലയിൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ദിവസവും വെള്ളം കിട്ടുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയും ചെയ്യുക. പടന്ന കോളനിയിലേക്കു പോകുന്ന ലൈനിൽ നിന്നും ഒരു ടാപ്പ് ശ്രീകൃഷ്ണവിലാസം റോഡിന്റെ അററത്തു സ്ഥാപിക്കുക. പൊതുകിണറുകളുടെ സ്ഥിതി മെച്ചപ്പെടുത്തുക. |
| 7 | ഷണ്മുഖം കനാൽ പ്രദേശത്തും ചേലൂക്കാവ് അമ്പലത്തിനു സമീപത്തും കുടിവെള്ളം ലഭ്യമല്ല. 3 സെൻറ് കോളനിയിൽ ജലക്ഷാമം രൂക്ഷമാണ്. | അമ്പല പരിസരത്ത് ഗുണഭോക്താക്കൾ വാഗ്ദാനം ചെയ്ത സ്ഥലത്ത് അടിയന്തിരമായും ഒരു പൊതുകിണർ സ്ഥാപിക്കുക. കനാൽ മേഖലയിൽ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക. 3 സെൽറ് കോളനിയിലെ രണ്ടു പൊതുകിണറുകൾ മെച്ചപ്പെടുത്തി സംരക്ഷിക്കുക. |
| 8 | കനാൽ, ഐക്കരക്കുന്ന് കോളനി എന്നിവിടങ്ങളിൽ ജലദൗർലഭ്യം നേരിടുന്നു. | കനാൽ മേഖലയിൽ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തണം. ഐക്കരക്കുന്നിൽ ബോർവെൽ സ്ഥാപിച്ച മിനിജലവിതരണപദ്ധതി നടപ്പിലാക്കണം. കോളനിയിലെ പൊതുകിണറുകൾ മെച്ചപ്പെടുത്തുകയും പൊതുടാപ്പുകളിലെ ജല ലഭ്യത ഉറപ്പുവരുത്തുകയും വേണം. |

## പൊതുസാധ്യതകളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിനു അനുവദിച്ചുകിട്ടിയ (എക്സിലറേററഡ് വാട്ടർ സപ്ളൈസ്കീം) ശുദ്ധജലവിതരണപദ്ധതി അടിയന്തിരമായി നടപ്പിലാക്കുകയും ശുദ്ധജലം ലഭ്യമല്ലാത്ത മേഖലയിൽ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിച്ച ജലവിതരണം നടത്തുകയും ചെയ്യുക.

2 ഷൺമുഖം കനാലിൽ ഓരുവെള്ളം കയറാതെ സംരക്ഷിക്കുക.

3 പൊതുതോടുകളും സ്വകാര്യകുളങ്ങളും മററും നികത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക. കിണറുകളിലെ ഉറവ നിലനിർത്തുന്നതിനുസഹായകമായ പൊതുജലാശയങ്ങൾ, തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുകയും സ്വകാര്യകുളങ്ങൾ നശിപ്പിക്കുന്നതു തടയുകയും ആവശ്യമായവ പഞ്ചായത്തു ഏറെറടുത്തു സംരക്ഷിക്കുകയും ചെയ്യുക.

4 പൊതുകിണറുകളും സ്വകാര്യകിണറുകളും ക്ലോറിനേററുചെയ്തു സംരക്ഷിക്കുക.

## ആരോഗ്യം

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവെ മെച്ചപ്പെട്ട ആരോഗ്യ നിലവാരം പുലർത്തുന്ന പ്രദേശമായി കണക്കാക്കാം. ജനങ്ങളിൽ ബഹുഭൂരിപക്ഷവും ചികിത്സക്കുവേണ്ടി പഞ്ചായത്തിനു പുറത്തുള്ള സ്വകാര്യ, സർക്കാർ ആശുപത്രികൾ ഉപയോഗപ്പെടുത്തുന്നവരാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്നും, പഞ്ചായത്തു ജനനമരണ രജിസ്ട്രാറിൽനിന്നും ലഭിച്ച കണക്കനുസരിച്ച് ജനന-മരണ നിരക്കും മാതൃശിശു മരണനിരക്കും കേരള ശരാശരിയേക്കാൾ കുറവാണ്. 1995 ഏപ്രിൽ മുതൽ 1996 മാർച്ച് കൂടി 82 ആൺകുട്ടികളും 73 പെൺകുട്ടികളുമായി 155 കുട്ടികൾ ജനിച്ചു. ജനന നിരക്ക് 15.5% (കേരളശരാശരി 17%) ഇക്കാലയളവിലെ മരണസംഖ്യ 57 മരണനിരക്ക് ശരാശരി 5.7% (കേരള ശരാശരി 5.9%) ആയിരത്തിനു 5 പേർ ശാരീരിക വൈകല്യം ബാധിച്ചവരായി കാണുന്നു. ക്ഷയം, കുഷ്ഠം, മലമ്പനി മുതലായ രോഗങ്ങൾ ബാധിച്ചവരില്ല എന്നാണു കാണുന്നത്. പനി' ഛർദ്ദി, വയറിളക്കം എന്നിവയാണ് പ്രധാനമായും കാണുന്ന രോഗങ്ങൾ. ഇവ മരണ കാരണമാകുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല ചെങ്കണ്ണ്, ചിക്കൻപോക്സ് എന്നിവ വേനൽകാലത്തുണ്ടാകുന്ന രോഗങ്ങളാണെങ്കിലും പ്രത്യേക കേന്ദ്രങ്ങളിൽ വ്യാപകമായി പടർന്നു പിടിക്കുന്നതായോ ആവർത്തിക്കുന്നതായോ അനുഭവപ്പെടുന്നില്ല.

അരിപ്പാലത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ഏക ആരോഗ്യ സ്ഥാപനം. അരിപ്പാലത്തുള്ള ഒരു ഹോമിയോ ഡിസ്പൻസറിയും, ഒരു ആയുർവ്വേദ ഡോക്ടറും രണ്ടു ഹോമിയോ ഡോക്ടർമാരും ചികിത്സാ രംഗത്തുണ്ട്.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ സ്ഥിതി പൊതുവെ മെച്ചപ്പെട്ടതാണ്. സേവന സൗകര്യം തൃപ്തികരമല്ല. പ്രഥമ ശുശ്രൂഷക്കാവശ്യമായ മരുന്നുകൾപോലും ഉണ്ടാകാറില്ല എന്നതുകൊണ്ട് ജനങ്ങൾ മററു ചികിത്സാ കേന്ദ്രങ്ങൾ തേടിപ്പോകുന്നുണ്ട്. പഞ്ചായത്തിൻെറ ഒരററത്തു സ്ഥിതിചെയ്യുന്നതുമൂലം ഭൂരിഭാഗത്തിനു ഈ കേന്ദ്രത്തിൻെറ പരിമിതമായ സേവനംപോലും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. 1, 2, 3, 4 വാർഡുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നത്. സമീപപഞ്ചായത്തുകളിൽനിന്നും രോഗികൾ എത്തുന്നുണ്ട്.

നാട്ടുകാർ സ്വന്തമായി വിഭവസമാഹരണം നടത്തി ഒരേക്കർ സ്ഥലം വാങ്ങി നിർമ്മിച്ച കെട്ടിടത്തിലാണ് P H C സ്ഥിതി ചെയ്യുന്നത്. മെയിൽ, ഫീമെയിൽ വാർഡുകളിലായി 18 കിടക്കകളുണ്ട്. ഈ വാർഡുകളിൽ കിടത്തി ചികിത്സിക്കുന്നുണ്ട്. ഇവിടെ ഒരു ലേഡീഡോക്ടറെ നിയമിക്കണമെന്ന ആവശ്യം ഇതുവരേയും നടപ്പിലാക്കിയിട്ടില്ല സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിച്ചു നൽകാമെന്ന ഗവണ്മെൻറ് വാഗ്ദാനം നടപ്പിലാക്കിയാൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്കു കൂടുതൽ സേവനം ലഭിക്കും. ചുററും മതിൽ കെട്ടുന്നതിന് എസ്റ്റിമേററ് സർക്കാർതലത്തിൽ തയ്യാറാക്കിയെങ്കിലും മതിൽപ്പണി നടത്തിയിട്ടില്ല.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാർ:—

1 മെഡിക്കൽ ആഫീസർ — 2

2 യു. ഡി. ക്ലർക്ക് — 1

3 ഹെൽത്ത് ഇൻസ്പെക്ടർ — 1

| | | | |
|---|---|---|---|
| 4 | ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർ | — 1 | |
| 5 | സ്റ്റാഫ് നേഴ്സ് | — 3 | (ഒഴിവ് 1) |
| 6 | ഫാർമസിസ്റ്റ് | — 1 | |
| 7 | പ്യൂൺ | — 1 | |
| 8 | നഴ്സിങ്ങ് അസിസ്റ്റൻറ് | — 2 | |
| 9 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | — 2 | (ഒഴിവ് 1) |
| 10 | ലെപ്രസി ഇൻസ്പെക്ടർ | — 1 | |
| 11 | ജൂനിയർ പബ്ലിക് ഹെത്ത് നേഴ്സ് | — 4 | |
| 12 | കുക്ക് | — 1 | (ഒഴിവ്) |
| 13 | അററൻഡർ ഗ്രേഡ് II | — 1 | |
| 14 | പാർട്ട് ടൈം ക്ലീനർ | — 1 | |

ആരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിനു മരുന്നില്ലാത്ത സ്ഥിതിയുണ്ട്. പ്രതിവർഷം ശരാശരി 50,000 രൂപയുടെ മരുന്നാണ് ആരോഗ്യകേന്ദ്രത്തിനു ലഭിക്കുന്നത്. ഇത് ആവശ്യത്തിൻെറ 25 ശതമാനത്തിലും താഴെയാണ്. ഉപകരണങ്ങളുടെ അപര്യാപ്തതയും വാഹനത്തിൻെറ കുറവും ഫീൽഡുവർക്കിൻേറയും സബ്ബ് സെൻറർ പ്രവർത്തനത്തിൻേറയും കാര്യക്ഷമത കുറയുന്നു.

ആരോഗ്യകേന്ദ്രത്തിനുകീഴിൽ 8-ാം വാർഡിൽ ഒരു സബ്ബ് സെൻറർ പ്രവർത്തിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ കുട്ടികളേയും ഗർഭിണികളേയും പരിശോധിച്ച് ചികിത്സ നടത്തുന്നതിലെ പോരായ്മ നിലനിൽക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സെൻററിൻെറ പ്രവർത്തനങ്ങളോടും ഫീൽഡുവർക്കർമാരുടെ ഗൃഹസന്ദർശനത്തോടും ജനങ്ങൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. ഇതുകൊണ്ടുതന്നെ ആരോഗ്യബോധവത്ക്കരണത്തിനുതകുംവിധം ഗൃഹസന്ദർശനം മെച്ചപ്പെടാത്ത സ്ഥിതിയുണ്ട്. ആശുപത്രി വികസന സമിതിയും സൗഹാർദ്ദ കമ്മററിയും ഇതര സന്നദ്ധസംഘടനകളും ആശുപത്രി വികസനത്തിനു സഹായം നൽകുന്നു. ആരോഗ്യമേഖലയിൽ ചർച്ചാക്ലാസ്സുകളും സെമിനാറുകളും മററും നടത്തിവരുന്നുണ്ട്.

| പ്രശ്നങ്ങൾ | സാധ്യതകൾ, നിർദ്ദേശങ്ങൾ |
|---|---|
| 1 പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക ആവശ്യമായ മരുന്നും, സേവനവും ലഭിക്കുന്നില്ല. | ആവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക. അടിയന്തിരമായും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുക, ഒരു ലേഡീഡോക്ടറേയും സ്റ്റാഫ് നേഴ്സിനേയും ടെക്നീഷ്യന്മാരേയും നിയമിക്കുക, ലബോറട്ടറി ഉപകരണങ്ങൾ നൽകുക. എല്ലാസമയത്തും ഓക്സിജൻ ലഭ്യമാകുംവിധം ഓക്സിജൻ സിലിണ്ടറുകൾ ലഭ്യമാക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ വികസന സമിതികൾ രൂപീകരിക്കുക.<br>പേപ്പട്ടി വിഷബാധക്കും, പാമ്പുവിഷത്തിനുമുംപ്പെടെയുള്ള പ്രതിരോധ കുത്തിവെയ്പിനുള്ള മരുന്നുകളും അവ സൂക്ഷിക്കുന്നതിനു ഡീപ്പ് ഫ്രീസറുകളും ലഭ്യമാക്കുക. |

| | | |
|---|---|---|
| 2 | സബ്ബ് സെൻററുകളുടെ സേവനം കാര്യക്ഷമമല്ല. | സബ്ബ് സെൻററുകളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. ആഴ്ചയിലൊരിക്കലെങ്കിലും ഗർഭിണികളേയും കുട്ടികളേയും ഡോക്ടർമാർ പരിശോധിക്കുന്നതിനു സംവിധാനമുണ്ടാക്കണം. ഇതിനു വേണ്ട വാഹനസൗകര്യം ഏർപ്പെടുത്തണം. ഗൃഹസന്ദർശനം ഫലപ്രദമാക്കണം. 1, 2 വാർഡുകളിൽ കൂടി ഒന്നും 6, 7 വാർഡുകളിൽ കൂടി ഷൺമുഖം കനാൽ മേഖലയിൽ ഒന്നും സബ് സെൻററുകൾ ഇത്തരം സൗകര്യങ്ങളോടെ നടപ്പിലാക്കണം. |
| 3 | സ്ഥാപനങ്ങളുടെ കുറവും അകലവും സേവനത്തിനു തടസ്സമാകുന്നു. | പഞ്ചായത്തിൽ ആയുർവ്വേദ, ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കുകയും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പാക്കുകയും ചെയ്യുക. |
| 4 | ആരോഗ്യ വിദ്യഭ്യാസത്തിൻെറ കുറവ് രോഗവർദ്ധനവിനു കാരണമാകുന്നു. | ജനങ്ങൾ കൂടുതൽ തിങ്ങിതാമസിക്കുന്ന കോളനി പ്രദേശങ്ങളിൽ ഇടക്കിടെ ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കണം. സ്കൂളുകളിലും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലും നിലവിലുള്ള ആരോഗ്യ പരിപാടികൾ ഫലപ്രദമാക്കണം. ആരോഗ്യരംഗത്തു ഇടപെടുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, ഇവയുടെ സഹകരണത്തോടെ ആരോഗ്യ സെമിനാറുകളും, മററും സംഘടിപ്പിക്കുകയും ചെയ്യുക. പുകവലി, മദ്യപാനം, എയ്ഡ്ഡ് എന്നിവക്കെതിരെ ബോധവല്ക്കരണ ക്ലാസ്സുകൾ ക്രമമായി സംഘടിപ്പിക്കണം. പുറം സംസ്ഥാനങ്ങളിൽനിന്നും സാംക്രമികരോഗങ്ങളുമായി വരുന്നവരെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ട സ്ഥിരം സംവിധാനം ഉണ്ടാവണം. രക്തഗ്രൂപ്പ് നിർണ്ണയിക്കുകയും, രക്തദാനത്തിനു സന്നദ്ധരായവരുടെ ലിസ്റ്റ് ശേഖരിച്ചു സൂക്ഷിക്കുകയും ചെയ്യുക. |
| 5 | ഭക്ഷ്യവസ്തുക്കളുടെ തെററായ ഉപയോഗവും, പരിശോധനയുടെ കുറവും രോഗകാരണമാവുന്നു. | മത്സ്യമാംസാദികളുടെ വില്പനകേന്ദ്രങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങൾ നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ പരിശോധന കർശനമായി നടപ്പിലാക്കണം. |

പഞ്ചായത്തിൽ 40% കുടുംബങ്ങൾക്ക് നല്ല കക്കൂസില്ല, കക്കൂസ് ഉള്ള കുടുംബങ്ങളിൽ 40% സെപ്ററിക് കക്കൂസും 20% E S P കക്കൂസും ഉള്ളവരാണ്. കുഴികക്കൂസുകളും വെളിമ്പറമ്പുകളുമാണ് കക്കൂസില്ലാത്തവർ ഉപയോഗിക്കുന്നത്. 6, 7, 8 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന ഷണ്മുഖം കനാൽ സെററിൽമെൻറ് കോളനിയിലും 7-ാം വാർഡിലെ 3 സെൻറ് കോളനിയിലും 5-ാം വാർഡിലും, 3-ാം വാർഡിലെ 3 കോളനി പ്രദേശങ്ങളിലുമാണ് ഇത്തരത്തിലുള്ള കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നത്. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും കക്കൂസില്ലാത്ത അനവധി കുടുംബങ്ങളുണ്ട്. സാമ്പത്തികശേഷിയില്ലായ്മയും, സ്ഥലപരിമിതിയും, കക്കൂസിൻെറ ആവശ്യകതയെപ്പററിയുള്ള അജ്ഞതയുമാണ് കക്കൂസ് ഉണ്ടാക്കാത്തതിന് കാരണം.

| | | |
|---|---|---|
| 1 | സാമ്പത്തികശേഷി കുറവ് | സോഷ്യോ ഇക്കണോമിക് യൂണിററിന്റെ പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക. കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീകരണപദ്ധതി കുടിവെള്ളം, ശുചീകരണം എന്നിവക്കുള്ള സംയോജിതപദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുക. സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 2 | സ്ഥലപരിമിതി | പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതു കക്കൂസുകൾ നിർമ്മിച്ചു നൽകുക. |
| 3 | അജ്ഞത | ആരോഗ്യ ബോധവല്ക്കരണ ക്യാമ്പുകൾ നടത്തുക. |

## പരിസര മലിനീകരണം

പൊതുവെ പരിസര മലിനീകരണം കുറവുള്ള പഞ്ചായത്താണ് നമ്മുടേത്. ഷൺമുഖം കനാലിൽ കേരള സോൾവെൻറ് എക്സ്ട്രാക്ഷൻ ലിമിററഡിൽ നിന്നമുള്ള മലിനീകരണവും പരിസരവാസികളുടെ വിസർജ്ജ്യവസ്തുക്കൾ മൂലമുണ്ടാകുന്ന മലിനീകരണവും നിലനില്ക്കുന്നു. മററു കോളനികളിലും ഈ സ്ഥിതിയുണ്ട്. പരിസര ശുചീകരണത്തെപ്പററിവേണ്ടത്ര അറിവില്ലായ്മ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയിട്ടുണ്ട്.

### സാദ്ധ്യതകൾ

1 ഷൺമുഖം കനാലിന്റെ മലിനീകരണം തടയാൻ നടപടി എടുക്കുക. സോഷ്യോ ഇക്കണോമിക് യൂണിററിന്റെ പദ്ധതിയിൽ (SEU) പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

2 പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാല നിർമ്മിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക.

3 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മൂത്രപ്പുര സൗകര്യം ഏർപ്പെടുത്തുക.

4 പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

5 വീടുകളിലെ മലിനജലം സംസ്കരിക്കുന്നതിനെക്കുറിച്ച് ആവശ്യമായ ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക. കോളനികളിലും ജനസാന്ദ്രതയേറിയ ഇടങ്ങളിലും അഴുക്കുചാൽ സംവിധാനവും, കൊതുകുനശീകരണ സംവിധാനവും നടപ്പിലാക്കുക. നിലവിലുള്ള പുറമ്പോക്കു റോഡുകൾ സംരക്ഷിക്കുക.

6 പഞ്ചായത്തിലെ പൊതുശുചീകരണത്തിനു ആവശ്യമായ വാഹന സൗകര്യത്തോടുകൂടിയ ഒരു യൂണിററ് രൂപീകരിക്കുക.

# 7 പാർപ്പിടം

തല ചാച്ചാനൊരിടം എന്നത് ഏതൊരാളുടേയും സ്വപ്നമാണ്. അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെയോ പീടിക തിണ്ണകളിൽ രാത്രി കഴിക്കുന്നവരെയോ ഈ പഞ്ചായത്തിൽ കാണില്ലെങ്കിലും വീട് എന്നതിനു നാലു ചുമരുകളും ഒരു മേൽക്കൂരയും എന്ന ഏററവും ലളിതമായ അർത്ഥത്തിലെടുത്താൽ പഞ്ചായത്തിലെ മുപ്പതുശതമാനം ആളുകൾക്കും വീട് എന്ന സ്വപ്നം ഇനിയും യാഥാർത്ഥ്യമാകേണ്ടതുണ്ട്.

നിലവിലുള്ള വീടുകളുടെ പട്ടിക

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | മേൽപ്പുര | | |
|---|---|---|---|---|---|
| | | | ഓല/കടിൽ | ഓട് | കോൺക്രീററ് |
| 1 | 364 | 8 | 39 | 210 | 115 |
| 2 | 407 | 11 | 47 | 235 | 128 |
| 3 | 455 | 18 | 106 | 164 | 185 |
| 4 | 372 | 6 | 95 | 179 | 98 |
| 5 | 359 | 7 | 82 | 199 | 78 |
| 6 | 366 | 5 | 163 | 1 9 | 74 |
| 7 | 440 | 8 | 128 | 169 | 143 |
| 8 | 382 | 6 | 117 | 196 | 72 |

ഇതുപ്രകാരം ഭവനരഹിതരിൽ കൂടുതൽ പേരും 3, 6, 7, 8 വാർഡുകളിലാണുള്ളതെന്നു കാണാം. ഇവിടങ്ങളിലെ കോളനികളിലെ വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. 7, 8 വാർഡുകളിലെ കോളനി വാസികളിൽ അധികംപേരും കുടിലുകളിലാണ് താമസിക്കുന്നത്. എഴുപതോളം വരുന്ന ഈ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനു ഈ വർഷം ഗ്രാമസഭകളിലൂടെ അനുവദിച്ചു നൽകിയ 48 വീടുകൾക്കുപുറമേ 160 വീടുകളെങ്കിലും നിർമ്മിക്കാനുള്ള അടിയന്തിരസഹായം ലഭ്യമാക്കേണ്ടതുണ്ട്. അടുത്ത അഞ്ചുകൊല്ലത്തിനുള്ളിൽ അറുനൂറുവീടുകളെങ്കിലും കൂടുതലായി നിർമ്മിക്കേണ്ടി വരും. ഇതിൽ കുറച്ചു കുടുംബങ്ങൾക്ക മാത്രമേ ദുർബ്ബലവിഭാഗക്കാർ എന്ന നിലയിൽ സഹായം എത്തിക്കേണ്ടി വരികയുള്ളൂ. I R D P ലിസ്റ്റിൽ വന്ന അപാകതകൾ മൂലം അർഹതയുള്ള ചില കുടുംബങ്ങൾക്ക് ഭവനവായ്പ ലഭിക്കുന്നില്ല.

പഞ്ചായത്തിൽ രണ്ട ലക്ഷംവീട കോളനികളുണ്ട്. ഇവിടെയുള്ള വീടുകളുടെ സ്ഥിതി വളരെ മോശമാണ്, കാലാകാലങ്ങളിൽ അററകുററ പണികഠം ചെയ്യാൻ കഴിയാത്തതുകൊണ്ട് സർക്കാർ നിർമ്മിച്ചു നൽകിയ വീടുകഠം തകർന്നു വീഴാവുന്ന സ്ഥിതിയിലാണ്.

വീടെന്ന സങ്കല്പത്തിനു ഏറെ മാററം വന്നിരിക്കുന്നു. വീട നിർമ്മാണം ഇന്നു ആർഭാടമായി മാറിക്കൊണ്ടിരിക്കുകയാണ്. സ്വന്തം സാമ്പത്തിക സ്ഥിതി പ്രകടിപ്പിക്കുന്നതിനു ലക്ഷങ്ങഠം ചെല വഴിച്ചു സൗധങ്ങഠം നിർമ്മിക്കുന്നവരുടെ എണ്ണം പെരുകുകയാണ്, ഗഠഫ് പണത്തിൻെറ സ്വാധീന മാണ് ഇതിനൊരു കാരണം. വ്യക്തമായ പ്ലാനിങ്ങില്ലാതെ വലിയ വീടുകഠം നിർമ്മിക്കാനാരംഭിച്ച് പണി പൂർത്തീകരിക്കാനാവാതെ കുഴങ്ങുന്നവരുടെ എണ്ണവും വർദ്ധിക്കുകയാണ്. ഈ പ്രവണത മാററിയെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളും, കുറഞ്ഞ ചിലവിൽ കൂടുതൽ സൗകര്യങ്ങ ളോടുകൂടിയ വീടുകഠം നിർമ്മിക്കുന്നതിനെപ്പററിയുള്ള പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതാ യിരിക്കുന്നു.

പ്രധാന റോഡുകളോട ചേർന്നാണ വലിയ വീടുകഠം നിർമ്മിക്കപ്പെടുന്നത്. എന്നാൽ നിലം നികത്തി വീട പണിയുന്നതും പതിവായി തീർന്നിട്ടുണ്ട്. നമ്മുടെ കാർഷിക മേഖലയെ സാരമായി ബാധിക്കുന്ന ഈ പ്രവത്തനത്തെ നിരുത്സാഹപ്പെടുത്തണം.

വീട നിർമ്മാണം ഏറെ ചെലവുള്ളതായിത്തീർന്നിരിക്കുന്നു. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും, ആവശ്യസമയത്ത് കിട്ടാത്തതും നിർമ്മാണ തൊഴിലാളികളുടെ കുറവും, വർദ്ധിച്ച കൂലിയുമെല്ലാം വീടുനിർമ്മാണം ക്ലേശകരമായ ഒരനുഭവമാക്കിയിരിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനു താഴെ പറയുന്ന സാദ്ധ്യതകഠം പരിശോധിച്ചു നടപ്പിലാക്കാവുന്നതാണ്.

1 കുടിലുകളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുക.

2 ഭവനരഹിതർക്കു നല്കുന്ന വായ്പാപരിധി ഉയർത്തുക. ആനുകൂല്യങ്ങഠം അർഹരായവർക്കു ലഭിക്കുന്നു എന്നു് ഉറപ്പുണ്ടാക്കുക. 160 വീടുകഠംക്കു അടിയന്തിരമായും സഹായം അനുവദിക്കുക. ഈ വീടുകളിലെ നിർമ്മാണത്തിൽ ആവശ്യമായ ഉപദേശ നിർദ്ദേശങ്ങഠം നല്കുകയും പരിശോധി ക്കുകയും ചെയ്യുക.

3 ലക്ഷംവീട കോളനികളിലെ വീടുകളുടെ അററകുററ പണികഠംക്കു സഹായം നല്കുക.

4 കൂററൻ സൗധങ്ങളുടെ നിർമ്മാണത്തേയും, കൃഷിനിലം നികത്തി വീടുവയ്ക്കുന്നതിനേയും നിരുത്സാ ഹപ്പെടുത്തുക.

5 പഞ്ചായത്ത് പ്രസിഡണ്ട് അനൗദ്യോഗിക അംഗമായി പഞ്ചായത്ത് നിയന്ത്രണത്തിൽ ഒരു ഹൗ സിങ്ങ് സൊസൈററി രൂപീകരിക്കുകയും. ഇടത്തരം. ദുർബ്ബല വിഭാഗങ്ങഠംക്കു കാലതാമസം കൂടാതെ ഭവന നിർമ്മാണ വായ്പ അനുവദിക്കുകയും ചെയ്യുക. ചെലവു കുറഞ്ഞ വീടുകഠംക്കു ആവശ്യമായ എഞ്ചിനിയറിംങ്ങ് നിർദ്ദേശവും, പ്രോത്സാഹനവും നല്കുക. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില്പനയും വിദഗ്ധ തൊഴിലാളികളുടെ സേവനവും സൊസൈററി വഴി ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ വളരെയൊന്നും മെച്ചപ്പെട്ടതല്ല. ആവശ്യമുള്ളവ കണ്ടെത്തി സഹായിക്കുന്നതിൽ പോരായ്മകൾ നിലനില്ക്കുന്നു. I R D P യിലും മററും ഉൾപ്പെടുത്തി സഹായം ലഭിക്കുന്നവരിൽ ഭൂരിഭാഗത്തിനും വായ്പയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. വിവിധ പെൻഷൻപദ്ധതികൾ പ്രകാരം സഹായം ലഭിക്കുന്നവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമസഭ റിപ്പോർട്ടുകളിൽനിന്നും പഠനപര്യടനത്തിൽനിന്നും കിട്ടിയ അറിവുകളനുസരിച്ച്, ഇത്തരം പദ്ധതികളുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവരിൽ നല്ലൊരു പങ്കിനും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നറിഞ്ഞു. അർഹരായവർക്ക് പദ്ധതികളെപ്പററി പറഞ്ഞുകൊടുക്കാനും ആവശ്യമായ സഹായങ്ങൾ എത്തിക്കാനും പ്രാപ്തമായ സംവിധാനങ്ങളില്ലാത്തതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഇന്നത്തെ കോളനി സമ്പ്രദായം ജനങ്ങളെ രണ്ടു വിഭാഗങ്ങളാക്കി തിരിക്കുന്നവിധമാണ് നിലനില്ക്കുന്നത്. ദുർബ്ബല, പട്ടിക ജാതി വിഭാഗങ്ങളെ കോളനികളാക്കി മാററി നിർത്തുന്നതിനുപകരം അവരെ വിദ്യാഭ്യാസപരമായും സാമൂഹികമായും ഉയർത്തിക്കൊണ്ടു വരുന്നതിനു സാഹചര്യമൊരുക്കുകയും, സാമൂഹികരംഗത്ത് മററുള്ളവരുമായി മത്സരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നിലവിലുള്ള ആനുകൂല്യങ്ങളെ പ്രയോജനപ്പെടുത്തി ഇവരെ സ്വയം പര്യാപ്തരാക്കാൻ പ്രാപ്തമാക്കുന്നതിനുള്ള സംവിധാനം വാർഡുതലത്തിൽ ഉണ്ടാക്കണം.

നാലാം വാർഡിൽ രണ്ടും ഏഴാം വാർഡിൽ ഒന്നും ആയി പഞ്ചായത്തിൽ മൂന്നു അംഗനവാടികളുണ്ട്. മററു വാർഡുകളിൽ അംഗനവാടികളുടെ സേവനം ലഭ്യമല്ല. കളിസ്ഥലം, കളിപ്പാട്ടങ്ങൾ തുടങ്ങി കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസങ്ങൾക്കു വേണ്ട യാതൊരു സൗകര്യങ്ങളും നിലവിൽ അംഗനവാടികളിലില്ല. പോഷകാഹാര വിതരണത്തിലും കുറവുകളുണ്ട്. ആവശ്യമായ ഫണ്ടും മററും യഥാസമയം ലഭിക്കാത്തതു അംഗനവാടികളുടെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു.

## നിർദ്ദേശങ്ങൾ

സാമൂഹ്യക്ഷേമരംഗത്തു നിലവിലുള്ള പെൻഷൻ പദ്ധതികളെപ്പററി പഠിപ്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ക്ഷേമ പദ്ധതികളുടെ സഹായത്തിനു അർഹരായവരെ കണ്ടെത്തി സഹായം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക. ലഭ്യമായ സഹായങ്ങൾ ശരിയായി വിനിയോഗിക്കുന്നു എന്നുറപ്പുവരുത്തുക.

ആവശ്യമായ സൗകര്യങ്ങളോടുകൂടി എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക,

# പട്ടികജാതി ക്ഷേമം 8

1991-ലെ സെൻസസ്സ് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 17.1% പട്ടികജാതിയിൽപ്പെട്ടവരാണ്. 3 അംഗീകൃതകോളനിയിലും അംഗീകാരത്തിനു സമർപ്പിച്ച 13 കോളനികളിലും ഇതരപ്രദേശങ്ങളിൽ മററു വിഭാഗത്തിനൊപ്പവും ഇവർ താമസിക്കുന്നു. അംഗീകൃത കോളനികളിൽ 112 കുടുംബങ്ങളിലും അംഗീകാരത്തിനു സമർപ്പിച്ച കോളനികളിലെ 313 കുടുംബങ്ങളിലും മററുമായി 2339 പട്ടിക ജാതിക്കാർ താമസിക്കുന്നു. പഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരില്ല.

അംഗീകൃത കോളനികളിലെ സ്ഥിതി പൊതുവിൽ മെച്ചപ്പെട്ടതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗത്തിനും ലഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളായിട്ടുണ്ട്. എന്നാൽ കുടിവെള്ളത്തിൻെറ കാര്യത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നു. I H D P കോളനിയിലെ ഭൂരിഭാഗത്തിനും വീടുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭിച്ചിട്ടില്ല. മററു കോളനികളിൽ പകുതിയിൽ കൂടുതൽ ഇത്തരം സൗകര്യങ്ങൾ ലഭിച്ചവരാണ്. പക്ഷേ സാമൂഹികവും സാമ്പത്തികവുമായ പരിമിതികൾ മൂലം ഈ സൗകര്യങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിയുന്നില്ല.

പഞ്ചായത്തിലെ പട്ടികജാതിക്കാരിലെ പകുതിയോളവും താമസിക്കുന്നത് 6, 7, 8 വാർഡുകളിലാണ്. അതിൽ തന്നെ ഷൺമുഖം കനാൽ ബണ്ടിലാണ് ഇവർ കേന്ദ്രീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽപ്പെട്ടവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾപോലും ഇന്നും ലഭ്യമല്ല. 7 ാം വാർഡിലെ 3 സെൻറ് കോളനിയിലും ഈ അവസ്ഥയാണുള്ളത്. 3_ാം വാർഡിൽപ്പെട്ട പൂക്കോട്, കളപ്പാട് കോളനികളിലും കൂടുതൽ പട്ടികജാതിക്കാരാണ്.

ഇവരെ പട്ടികജാതിക്കാർ എന്ന നിലയിൽ സമൂഹത്തിൻെറ പൊതുധാരയിൽ നിന്നും മാററി നിർത്തുന്ന സ്ഥിതി ഈ പഞ്ചായത്തിലില്ല. കാർഷിക മേഖലയിലും, നിർമ്മാണ മേഖലയിലുമാണ് മുഖ്യമായും ഇവർ തൊഴിലെടുക്കുന്നത്. കാർഷിക മേഖലയിൽ പൊതുവിലുണ്ടായിട്ടുള്ള പിറകോട്ടടി ജോലിസാദ്ധ്യതയിൽ കുറച്ചിട്ടുണ്ട്. സർക്കാർ തലത്തിലും മററു ഉയർന്ന ഉദ്യോഗങ്ങളിലും ഉള്ളവർ നാമമാത്രമാണ്. സമൂഹത്തിലെ പൊതുസ്ഥിതിയിൽനിന്നും വേറിട്ട് ദാരിദ്ര്യത്തിനും പട്ടിണിക്കും വിധേയരായവർ ഈ വിഭാഗത്തിലില്ലെന്നു പറയാം.

പഞ്ചായത്തിലെ ദാരിദ്ര്യരേഖക്കു താഴെയുള്ളവരിൽ ഈ വിഭാഗത്തിൽപ്പെട്ട 8% കുടുംബങ്ങളുണ്ട്. (പട്ടിക 3) ഇവർക്കു സാമ്പത്തിക സഹായവും തൊഴിൽപരിശീലനവും നൽകി ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ സ്ഥിതി മെച്ചപ്പെട്ടുവരുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ ഇക്കാര്യത്തിൽ താല്പര്യം കാണിക്കുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നേടാത്തവർ തീരെയില്ലെന്നു പറയാം. ഹൈസ്കൂൾ രംഗത്തെത്തുന്നതോടെ കൊഴിഞ്ഞു പോക്കു വളരെ കൂടുതലാണ്. കോളേജ് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നവരുടെ എണ്ണം തീരെ കുറവാണ്. കോളേജിലെത്തുന്നവർ പ്രീഡിഗ്രിയോടെ പഠനം നിർത്തുന്ന പ്രവണതയാണ് കാണുന്നത്. സാങ്കേതിക-തൊഴിൽ പരിശീലന വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കുന്നവരുടെ എണ്ണവും വിരലിലെണ്ണാവുന്നതുമാത്രമാണ്. കോള

നികളിൽ താമസിക്കുന്നവരിൽനിന്നും വ്യത്യസ്തമായി ഒററപ്പെട്ട ഇതര സമുദായങ്ങൾക്കിടയിൽ താമസിക്കുന്നവരിലാണ് ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ആർജ്ജിക്കാനുള്ള താല്പര്യം കാണുന്നത്.

പട്ടികജാതി ക്ഷേമത്തിനും ഉന്നമനത്തിനുംവേണ്ടിയുള്ള നടപ്പുപദ്ധതികളുടെ ആനുകൂല്യം നേടിയെടുക്കുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും പല പരിമിതികളും നിലനില്ക്കുന്നു. അംഗീകൃത കോളനികൾക്കുമാത്രമേ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമായ പദ്ധതികളുള്ളൂ. ഭൂരിഭാഗം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഷണ്മുഖം കനാൽ മേഖലയിൽ ഈ പ്രശ്നം ഗുരുതരമാണ്. ഈ പ്രദേശം പൂമംഗലം പഞ്ചായത്തിൽത്തന്നെ ഉൾപ്പെടുന്നുവോ എന്ന ഗൗരവമായ ചോദ്യത്തിനു ഇപ്പോഴും ഉത്തരം കാണാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ അല്ലെങ്കിൽ മറെറാരു പഞ്ചായത്തിലോ മുനിസിപ്പാലിററിയിലോ എന്നു നിശ്ചയിക്കപ്പെടാതെ കിടക്കുന്നതു തൽപ്രദേശത്തുള്ളവർക്ക് ആനുകൂല്യങ്ങൾ നേടുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. ആനുകൂല്യങ്ങൾ അനർഹരായവർക്ക് വാങ്ങിക്കൊടുക്കുന്നതിനും ഇടത്തട്ടുകാർക്കു ഉപയോഗപ്പെടുത്തുന്നതിനും സഹായമായ സ്ഥിതി ഇന്നും നിലനിൽക്കുന്നുണ്ട്. അർഹമായ ആനുകൂല്യങ്ങൾ നേടിയെടുത്താൽ ആ ആനുകൂല്യം കൊണ്ടുണ്ടാകേണ്ട പരമമായ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. പലപ്പോഴും ഇവയുടെ വിനിയോഗം പദ്ധതി ലക്ഷ്യത്തിനു വിപരീതമായാണ് നടക്കുന്നത്.

### പട്ടിക 1 അംഗീകൃത പട്ടികജാതി കോളനികൾ

| നമ്പർ | പേരു് | വാർഡ് നമ്പർ | പട്ടികജാതിക്കാരുടെ വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | എടക്കുളം പടന്ന കോളനി | 6 | 38 |
| 2 | ആയിരംകോൾ കോളനി | 8 | 38 |
| 3 | കോളമ്പിത്താഴം IHDP കോളനി | 6 | 36 |

### പട്ടിക 2 അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള പട്ടികജാതി കോളനികൾ

| ക്രമ നമ്പ്ര് | കോളനിയുടെ പേരു് | വാർഡ് നമ്പർ | പട്ടികജാതിയിൽപ്പെട്ടവരുടെ വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | ലക്ഷംവീട് കോളനി | 1 | 22 |
| 2 | കളപ്പാട്ട കോളനി | 3 | 28 |
| 3 | പള്ളിത്താഴം കോളനി | 3 | 20 |
| 4 | പൂക്കോട്ട് കോളനി | 3 | 11 |
| 5 | ഉരപ്പൻതോട് കോളനി | 5 | 14 |
| 6 | ലക്ഷംവീട് കോളനി | 5 | 12 |
| 7 | മുട്ടത്തേരിപ്പാടം കനാൽ കോളനി | 6 | 22 |
| 8 | 3 സെൻറ് കോളനി | 7 | 19 |
| 9 | കനാൽ ബണ്ട് (തെക്ക്) കോളനി | 7 | 18 |
| 10 | ചേലൂക്കാവ് കോളനി | 7 | 18 |
| 11 | വടക്കേബണ്ട് കോളനി | 7 | 18 |
| 12 | വടക്കേകനാൽ ബണ്ട് കോളനി | 8 | 27 |
| 13 | തെക്ക് കനാൽ ബണ്ട് കോളനി | 8 | 46 |

## പട്ടിക 3 ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | പട്ടികജാതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ |
|---|---|---|
| 1 | 96 | 4 |
| 2 | 84 | 4 |
| 3 | 83 | 21 |
| 4 | 113 | 5 |
| 5 | 111 | 18 |
| 6 | 126 | 51 |
| 7 | 130 | 36 |
| 8 | 127 | 45 |

അവലംബം IRDP സർവ്വെ

## പ്രശ്നങ്ങൾ

1 ഭൂരിഭാഗം ഹരിജനങ്ങൾ താമസിക്കുന്ന ഷൺമുഖം കനാൽ ബണ്ടിനെ കോളനിയായി അംഗീകരിക്കാത്തതുകൊണ്ടും, കുറെ ഭാഗങ്ങൾ പഞ്ചായത്തിലുൾപ്പെടുന്നതാണോയെന്നു നിശ്ചയിക്കാത്തതുകൊണ്ടും അർഹമായ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു.

2 പട്ടികജാതി കോളനിയായി അംഗീകരിക്കുന്നതുകൊണ്ടു മാത്രമെ ആനുകൂല്യങ്ങൾക്കു മുൻഗണന ലഭിക്കൂ എന്നതുകൊണ്ട് പ്രയാസം നേരിടുന്നു.

3 കോളനി നിവാസികൾക്ക പ്രാഥമിക ആവശ്യങ്ങൾ നിറവേററുന്നതിനും, മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കാനും കഴിഞ്ഞിട്ടില്ല.

4 കോളനികൾക്കകത്ത് മലിനജലം കെട്ടിക്കിടക്കുന്നത് പരിസരമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

5 വിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും നേടുന്നതിൽ വിമുഖത കാണിക്കുന്നു.

6 പദ്ധതികളെക്കുറിച്ച് അറിയുന്നതിൽ കാലതാമസവും, പലതും അറിയാതെ പോകുകയും ചെയ്യുന്നു.

7 സ്ഥിരം തൊഴിൽ ഉള്ളവരുടെ എണ്ണം തീരെ കുറവാണ്.

8 പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിലും പരിഹരിക്കുന്നതിലും ശ്രദ്ധിക്കാൻ കഴിയുന്നില്ല.

**സാദ്ധ്യതകൾ:-**

1 ഷണ്മുഖം കനാൽ ബണ്ടിലെ തക്പ്രദേശത്തെപ്പററി തീരുമാനമെടുക്കുകയും, അവിടെ കോളനി യായി പ്രഖ്യാപിക്കുകയും ചെയ്യുക.

2 പഞ്ചായത്ത് അംഗീകാരത്തിനു സമർപ്പിച്ച പ്രദേശങ്ങൾ പട്ടികജാതി കോളനികളായി പ്രഖ്യാപിക്കുക.

3 കോളനികളിൽ ഒരു സർവ്വെ നടത്തി, പ്രാഥമിക സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുക. കോളനികളിലെ മുഴുവൻ കുടുംബത്തിനും കക്കൂസ് നിർമ്മിച്ചു കൊടുക്കുക. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു നടപടിയെടുക്കുക. ഷണ്മുഖം ബണ്ട് കോളനിയിലേയ്ക്കു യാത്രാസൗകര്യം ഉണ്ടാക്കുക. മററു കോളനികളിലെ റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക. കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനു നടപടികൾ സ്വീകരിക്കുക.

4 കോളനികളിലെ മലിനജലം ഒഴുക്കിക്കളയുന്നതിനു ആവശ്യമായ അഴുക്കുച്ചാൽ പദ്ധതി നടപ്പി ലാക്കുക.

5 കോളനികളിൽ ആവശ്യമായ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക, വിവിധ ഡിപ്പാർട്ടുമെന്റുകളെ ഇക്കാര്യത്തിൽ പ്രത്യേകം ക്ഷണിക്കണം. കോളനികൾക്കു പുറത്തു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളേയും ഇത്തരം ക്ലാസ്സുകളിൽ പങ്കെടുപ്പിക്കുന്നതിനു ശ്രദ്ധിക്കണം.

6 പട്ടികജാതി ക്ഷേമവകുപ്പിന്റേയും. ഇതര സർക്കാർ ഏജൻസികളുടേയും സഹായത്തോടെ ആവശ്യ മായ തൊഴിൽ പരിശീലനം നൽകുക.

7 പരിശീലനം സിദ്ധിച്ചവർക്കു ആവശ്യമായ ധനസഹായത്തോടുകൂടി ചെറുകിട വ്യവസായ യൂണി റുകൾ തുടങ്ങുന്നതിനു സഹായിക്കുക.

8 പട്ടികജാതി സഹകരണസംഘത്തിന്റെ കീഴിൽ തൊഴിൽ പരിശീലനകേന്ദ്രവും തൊഴിൽശാല കളും ആരംഭിക്കുക.

9 പദ്ധതികളെപ്പററി അറിയുന്നതിനു ആവശ്യമായ ഏർപ്പാടുകൾ ചെയ്യുക. വിവിധ ഏജൻസികൾ ഈ രംഗത്തു നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലഘുലേഖ കൾ മുഴുവൻ പട്ടികജാതി കുടുംബത്തിനും ലഭ്യമാക്കുക. പുതിയ പദ്ധതികളെപ്പററി അറിയുന്ന തിനും സംശയനിവാരണത്തിനും പഞ്ചായത്തിലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

# 9 സഹകരണ മേഖല

വളരെ ശുഷ്കമായ ഒരു ചരിത്രം മാത്രമാണ് ഇവിടെയുള്ള സഹകരണപ്രസ്ഥാനങ്ങൾക്കുള്ളത്. ഒരു ജനകീയ ആവശ്യം എന്ന രീതിയിൽ ഉയർന്നുവന്ന സഹകരണസ്ഥാപനങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ കുറവാണ്. ഏറ്റവും പഴക്കമുള്ള സംഘം 1956–ൽ സ്ഥാപിതമായ കല്ലറമ്പിലെ കൈത്തറി സഹകരണസംഘമാണ്. പഞ്ചായത്തിലെ സംഘങ്ങളെക്കുറിച്ചുള്ള ഒരു പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക–1

| സംഘത്തിൻെറ പേര് | സ്ഥാപിത വർഷം | തൊഴിലാളികൾ | മെമ്പർമാർ | ജീവനക്കാർ | പിരിഞ്ഞുകിട്ടിയ മൂലധനം | സർക്കാർ മൂലധനം | വാർഷിക ടേൺ ഓവർ | ലാഭം / നഷ്ടം |
|---|---|---|---|---|---|---|---|---|
| പൂമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈററി ലിമിറ്റഡ് R 712 അരിപ്പാലം | 1982 | — | 3475 | 3 | 3,10,680 | 65,000 | | നഷ്ടം |
| ഹാൻഡ്ലൂം വീവേഴ്സ് (പ്രൊഡക്ഷൻ കം സേൽ) കോ-ഓപ്പറേറ്റീവ് സൊസൈററി ലിമിററഡ് നമ്പ്ര് 3383 | 1954 | 13 | 122 | 2 | 2,31.215 | 78,200 | 3,90,000 | നഷ്ടം |
| വെള്ളാങ്കല്ലൂർ വനിതാ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈററി ലിമിററഡ് R 229 കല്ലറമ്പ് അരിപ്പാലം | 1976 | 22 | 66 | | 1,45,700 | | 3,36,830 | നഷ്ടം |
| പൂമംഗലം പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3890 എടക്കുളം | 1956 | 1 | 232 | | 11,865 | | | നഷ്ടം |
| പൂമംഗലം ഹരിജൻ മത്സ്യ തൊഴിലാളി സഹകരണ സംഘം F (R) 19/87C² | 1988 | — | 92 | | | | | നഷ്ടം |

ഒന്നൊഴികെ ഇവിടെയുള്ള മുഴുവൻ സഹകരണസംഘങ്ങളും ഇപ്പോൾ നഷ്ടത്തിലാണ്. കല്ലറമ്പിലെ ക്ഷീരോല്പാദക സഹകരണസംഘം ലാഭമുണ്ടാക്കുന്നു. ചിട്ടയായ പ്രവർത്തനം, സഹകാരികൾക്കിടയിലെ കൂട്ടായ്മ, തൊഴിലാളി സഹകരണം എന്നിവ ലാഭമുണ്ടാക്കാൻ സഹായിക്കുന്ന വസ്തുതകളാണ്.

ജനകീയപിന്തുണയുടേയും വളർച്ചയുടേയും കാര്യത്തിൽ സർവ്വീസ് സഹകരണബാങ്ക് മുന്നിട്ട നിൽക്കുന്നു. 1982–ൽ മാത്രം പ്രാഥമിക മേഖലയിലെ സഹകരണസംഘമായി തുടങ്ങി ഇന്ന് ക്ലാസ് V വിഭാഗത്തിനുള്ള സഹകരണബാങ്കായി ഉയർന്നിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 30%ത്തിനു മേൽ അംഗങ്ങൾ ഈ ബാങ്കിൽ ഓഹരി ഉടമകളാണ്. എന്നാൽ ഇത്രയും വലിയൊരു വിഭാഗത്തിന് സേവനമെത്തിക്കാനുള്ള കരുത്ത് ഈ സംഘം ആർജ്ജിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

സംഘം ഏറ്റവും കൂടുതലായി നൽകുന്നത് ഹ്രസ്വകാല കാർഷികവായ്പകളാണ്. കൂടാതെ മററാവശ്യങ്ങൾക്കായി മെമ്പർമാർക്ക് 2000രൂപ വരെ ആൾജാമ്യത്തിൽ വായ്പ നൽകുന്നു. 25000 രൂപ വരെ ഭൂമി ഈട നൽകി വായ്പയെടുക്കുവാനുള്ള സൗകര്യവുമുണ്ട്. വിദ്യാഭ്യാസവായ്പ, സ്വർണ്ണപണയത്തിലുള്ള വായ്പകൾ എന്നിവയും നൽകുന്നുണ്ട്.

ലഘുസമ്പാദ്യപദ്ധതികളും ബാങ്കിംഗ് സൗകര്യങ്ങളും ഇപ്പോൾ മെമ്പർമാർക്ക് നൽകുന്നുണ്ട്.

സ്വന്തമായ ഓഫീസ് കെട്ടിടത്തോട് ചേർന്ന് വളം വില്പന ശാലയുണ്ട്. എല്ലാ വർഷങ്ങളിലും ഓണച്ചന്ത നടത്താറുണ്ട്.

സംഘം പ്രവർത്തനം വ്യക്തമാക്കുന്ന കൂടുതൽ സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുക്കുന്നു. (30.6–96 അടിസ്ഥാനം)

| | |
|---|---|
| പൊതുജനങ്ങൾക്കിടയിൽ നിന്നും സ്വീകരിച്ച നിക്ഷേപം | 33,97,692 രൂപ |
| **നൽകിയ വായ്പ** | |
| a കാർഷിക ഹ്രസ്വകാലം | 16,80,056 |
| b മററു വായ്പകൾ | |
| സാധാരണ വായ്പ | 13,71,524 |
| വിദ്യാഭ്യാസ വായ്പ | 2,320 |
| സ്ഥിരനിക്ഷേപ വായ്പ | 1,09,446 |
| സ്വർണ്ണപണയ ,, | 7,54,868 |
| | 22,38,158 |
| c പ്രത്യേക വായ്പകൾ | |
| ഐ. ആർ. ഡി. പി. | 1,97,908 |
| എൽ. ടി. ഓടിട്ടവീട് | 7,234 |
| ,, സെപ്ടിക് ടാങ്ക് | 2,382 |
| ,, ചെറുകിട ജലസേചനം | 85,656 |
| ,, വരൾച്ച ദുരിതാശ്വാസം | 14,296 |
| എം. ടി. ഡയറി | 23,068 |
| മററുള്ളവ | 7000 |
| | 3,37,544 |
| ആകെ വായ്പകൾ | 42,55,758 |



156

## കാലാവുധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്ത വായ്പകൾ

| | | |
|---|---|---|
| a | കാർഷിക ഹ്രസ്വകാല വായ്പ | 2,76,906 |
| b | മററു വായ്പകൾ | |
| | സാധാരണ വായ്പ | 4,05,487 |
| | വിദ്യാഭ്യാസ വായ്പ | 2,030 |
| | സ്വർണ്ണ വായ്പ | 17,800 |
| | | 4,25,317 |
| c | പ്രത്യേക വായ്പകൾ | |
| | ഐ. ആർ. ഡി. പി. | 33,900 |
| | എൽ. ടി. ഓടിട്ട വീട് | 3,839 |
| | എൽ. ടി. സെപ്ടിക് ടാങ്ക് | 862 |
| | ,, എച്ച്. എൻ. | 4,500 |
| | ,, ചെറുകിട ജലസേചനം | 6,516 |
| | ,, വരൾച്ച ദുരിതാശ്വാസം | 885 |
| | എം. ടി. ഡയറി | 23,068 |
| | | 73,570 |
| | കാലാവുധി കഴിഞ്ഞിട്ടും കിട്ടാത്ത ആകെ വായ്പ | 7,75,793 |
| | ശതമാനം | 18% |
| | ഒരു വർഷത്തെ ചിലവുകൾ (ഏകദേശം) | |
| | എസ്ററാബ്ളിഷ്മെൻറ് | 1,00,000 |
| | കണ്ടിജൻസി | 8,000 |

ഒരു പ്രാഥമിക സഹകരണ സംഘത്തിൽനിന്നും ബാങ്കായി മാറുന്നതിനിടയിൽ മാനേജ്മെൻറ് രംഗത്ത് പദ്ധതികളാവിഷ്ക്കരിക്കുന്നതിൽ കുറവുകളുണ്ടായിട്ടുണ്ട്. പ്രാഥമിക മേഖലയിൽ നടത്തേണ്ട ചില പ്രവർത്തനങ്ങളെങ്കിലും അവഗണിക്കപ്പെട്ടു. സർവ്വീസ് മേഖലയിലാകട്ടെ, എവിടെയുമെത്താനും കഴിഞ്ഞിട്ടില്ല. സേവിംഗ്സ് അക്കൗണ്ടുകളും ലഘുനിക്ഷേപങ്ങളും കാര്യമായി ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. വായ്പാകുടിശ്ശിക ശതമാനം കൂടുതലാണ്.

ഹാൻഡ്ലൂം വീവേഴ്സ് (പ്രൊഡക്ഷൻ കം സേൽ) കോ ഓപ്പറേററീവ് സൊസൈററി ലിമിററഡ് നമ്പ്ര് 3383, അരിപ്പാലം.

നെയ്ത്തുകാർ മുൻകൈയെടുത്തു സ്ഥാപിച്ച ഇത് പഞ്ചായത്തിലെ ഏററവും പഴക്കമുള്ള സഹകരണ സ്ഥാപനമാണ്. ഒരു ഷെയറിന് 5 രൂപ വീതം പിരിച്ചുകൊണ്ട് തുടങ്ങിയ ഈ സംഘത്തിൽ ഓരോ തൊഴിലാളിക്കും നെയ്തുകിട്ടുന്ന കൂലിയിൽനിന്നും 6% ഓഹരി മൂലധനത്തിലേക്ക മാററിക്കൊണ്ടിരുന്നു. തുടക്കവർഷങ്ങളിൽ അരിപ്പാലം, കല്ലറമ്പ്, എടക്കുളം എന്നിവിടങ്ങളിൽനിന്നുമുള്ള വിവിധജാതിമതസ്ഥർ ആയ നെയ്ത്തു തൊഴിലാളികൾ സ്വദേശി കൈത്തറിപ്രസ്ഥാനങ്ങൾ ദേശീയാടിസ്ഥാനത്തിലുണ്ടാക്കിയ ആവേശത്തിൻെറ ചുവടു പിടിച്ചുകൊണ്ട് ഈ സംഘത്തെ ഉയർത്തി.

മാനേജ്മെൻറ് രംഗത്തെ പാളിച്ചകൾ, പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത, കുറഞ്ഞ കൂലി നിരക്ക് എന്നിവ ഈ സംഘത്തെ തളർത്തി. ഈ വ്യവസായത്തെ തകർച്ചയിൽനിന്നും രക്ഷിക്കാൻ അനുവദിക്കപ്പെട്ട 10 പവർലൂമുകളുടെ അവകാശതർക്കം കോടതി മുറികളിൽ വരെയെത്തി, ഇന്ന്

2 തറികൾ സംഘത്തിനു സ്വന്തമായുണ്ട്. രണ്ടെണ്ണം ഓഹരിക്കാർക്ക് വ്യക്തികൾ എന്ന നിലയിൽ വിട്ടുകൊടുത്തു. ബാക്കിയുള്ളവയുടെ ഉടമസ്ഥാവകാശതർക്കം ഇന്നും തീർത്തിട്ടില്ല. സംഘത്തിനു സ്വന്തമായി കൈത്തറി തറികളില്ല.

പവർലൂം രംഗം ലാഭത്തിലാണ്. കൈത്തറി രംഗമാകട്ടെ സ്ഥിരം നഷ്ടത്തിലുമാണ്.

തൊഴിലാളികൾത്തന്നെ ഉടമകൾ എന്ന രീതിയിൽ തുടങ്ങിയ സംഘം തൊഴിലാളികൾ, സഹകാരികൾ എന്ന രീതിയിൽ വേർത്തിരിഞ്ഞിരിക്കുന്നു. ഇന്ന് മെമ്പർമാരിൽ വളരെ കുറച്ചുപേർ മാത്രമേ തൊഴിലെടുക്കുന്നുള്ളു.

വെള്ളാങ്കല്ലൂർ വനിതാ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് R 229 കൽപ്പറമ്പ് അരിപ്പാലം.

കൈരളി വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ 52 വനിതകൾ 300 രൂപ വീതമുള്ള ഓഹരികൾ എടുത്തുകൊണ്ടു തുടങ്ങി. സർക്കാർ 300 രൂപയുടെത്തന്നെ 52 ഓഹരികൾ എടുത്തിരുന്നു. തുടക്കത്തിൽ 52 ഓഹരിക്കാരും തൊഴിലാളികളായിക്കൊണ്ട് പ്രവർത്തനം തുടങ്ങി, തീപ്പെട്ടിയുടെ മേൽപ്പെട്ടിയും ഉൾപ്പെട്ടിയും മാത്രം ഉണ്ടാക്കി വിൽക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. പിന്നീട് ശിവകാശിയ.ൽ നിന്നുമെത്തിയ വിദഗ്ദ്ധരുടെ പരിശീലനത്തിനുശേഷം 1978-ൽ 'ബേബി മോൾ' തീപ്പെട്ടി വിപണിയിലെത്തി.

സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ശമ്പളവും, P F ആനുകൂല്യവും, ഉല്പാദനാടിസ്ഥാനത്തിലുള്ള ബോണസ്സും തൊഴിലാളികൾക്ക് നൽകുന്നു.

ഇന്ന് ഈ വ്യവസായത്തിൽ 19 ഓഹരിക്കാരേ തൊഴിലെടുക്കുന്നുള്ളു. ആവശ്യത്തിന് തൊഴിലാളികളില്ലാത്തതുകൊണ്ട് ഉല്പാദനം പലപ്പോഴും നിർത്തിവെക്കേണ്ടി വരുന്നു. പുതിയ വ്യവസായങ്ങൾക്കായി സർക്കാർ ഏർപ്പെടുത്തിയ നികുതിയിളവിന്റെ കാലാവധി തീർന്നതോടെ നഷ്ടത്തിലാണ്. തൊഴിലാളികളുടെ P F വിഹിതവും കുടിശ്ശികയാണ്. ഈ വ്യവസായത്തിലെ വേതനനിരക്ക് സംബന്ധിച്ച പട്ടിക ശ്രദ്ധാർഹമാണ്.

| വർഷം | തൊഴിലാളികളുടെ എണ്ണം | കൂലിനിരക്ക് |
|---|---|---|
| 1986 | 46 | 10 |
| 1991 | 34 | 14 |
| 1996 | 22 | 17 |

## ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്തിലാകെ ഇത്തരത്തിലുള്ള രണ്ടു സംഘങ്ങളാണുള്ളത്. അവയുടെ ഒരു താരതമ്യ പഠനം താഴെക്കാണാം.

| | എടക്കുളം ക്ഷീരോല്പാദക സഹകരണസംഘം R 84 (D) Apcos | KKUCS, കല്പറമ്പ് R 86 (D) Apcos |
|---|---|---|
| അംഗങ്ങൾ | 327 | 392 |
| ജീവനക്കാർ | 2 | 3 |

| | | |
|---|---|---|
| ഓഹരി മൂലധനം | 3280 | |
| ശേഖരിക്കുന്ന പാൽ | 119 ലി. | 354 ലി |
| പഞ്ചായത്തിൽ വിൽക്കുന്ന പാൽ | 5.3 ലി. | 25 ലി. |
| പുറത്തേക്ക് അയക്കുന്ന പാൽ | 114.1ലി. | 329 ലി. |
| വാർഷിക ടേൺ ഓവർ | 5,27,463 | 8,00.000 |
| ലാഭം/നഷ്ടം | നഷ്ടം (1995 നവംബർ മുതൽ) | ലാഭം |

കാലിത്തീററയുടെ വിലക്കയററം, മൃഗചികിത്സാരംഗത്തെ അപര്യാപ്തതകാം എന്നിവ പൊതു പ്രശ്നങ്ങളാണ്. എടക്കുളത്തു തന്നെയും പുതുതായി ആരംഭിച്ച ഒരു സ്വകാര്യ സംരംഭം ദിനംപ്രതി 300 ലിററോളം പാൽ ശേഖരിച്ചു തുടങ്ങിയതോടെയാണ് R (84) സംഘത്തിനു് നഷ്ടം തുടങ്ങിയത്.

## പുമംഗലം പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 3890 എടക്കുളം

മത്സ്യത്തൊഴിലാളി വിവിധോദ്ദേശ സഹകരണസംഘമായി തുടങ്ങിയ ഈ സംഘം പിന്നീട് ഹരിജൻ സർവ്വീസ് സഹകരണസംഘമാക്കിയതാണ്. എടക്കുളം ഔണ്ടറ ചാലിലേയും മററും മത്സ്യ കാപ്പുകളിൽനിന്നും മത്സ്യം പിടിച്ചു കൊണ്ടായിരുന്നു സംഘം പ്രവർത്തനം തുടങ്ങിയത്. സർക്കാർ വനങ്ങളിൽ കൃഷി ചെയ്യുക, കക്ക ശേഖരിച്ച് നീററി ഇത്തളും കുമ്മായവുമായി വിൽക്കുക, തഴപ്പായ നിർമ്മാണം എന്നിവ പ്രാരംഭകാലത്തെ സംരംഭങ്ങളായിരുന്നു.

ഈ പാരമ്പര്യവ്യവസായങ്ങളിലും പ്രാഥമിക മേഖലയിലുമായുള്ള പ്രവർത്തനങ്ങളിൽ സംഘം ഉണ്ടാക്കിയ ലാഭം കൊണ്ടുതന്നെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻ കഴിഞ്ഞു. സാമൂഹ്യമായും സാമ്പത്തികമായും ഏററവും പിന്നോക്കാവസ്ഥയിലായിരുന്ന ഒരു വിഭാഗത്തിൽ കുറെ തൊഴിൽ സൗകര്യങ്ങാം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നു. സംഘം ഭരണത്തിൽ സഹകാരികാം ശ്രദ്ധി ക്കാതായതോടെ ഇത്തരം സംരംഭങ്ങാം നിന്നുപോയി.

ദ്വിതീയ മേഖലയിൽ തുടങ്ങിയ മൊസൈക് വ്യവസായം, കരിങ്കല്ലടച്ച് മെററലാക്കുന്നത് എന്നിവയും ലാഭകരമായില്ല. സർവ്വീസ് മേഖലയിൽ സംഘം ന്യായവിലഷാപ്പ് എടുത്തു നടത്തി യെങ്കിലും വിജയിച്ചില്ല.

ഇന്നു് ഈ സംഘം ചെറിയ തോതിൽ മെമ്പർമാർക്ക് ധനസഹായം നൽകുന്നു. മൊസൈക് ദപാളിഷ് മോട്ടോർ, പവർ ടില്ലർ എന്നിവ വാടകക്കു നൽകുന്നു.

കുമ്മായ വ്യവസായം, റെഡിമെയ്ഡ്, പ്ലാസ്റ്റിക്, മുത്തുമാല എന്നീ വ്യവസായങ്ങാം തുട ങ്ങാൻ പദ്ധതിയായിട്ടുണ്ട്.

ശരിയായ പരിശീലനമില്ലാതെ പുതിയ സംരംഭങ്ങാം തുടങ്ങിയത് ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങാം, മാനേജ്മെൻറ് രംഗത്തെ കുറവുകാം എന്നിവ പ്രധാന പ്രശ്നങ്ങളായിരുന്നു.

പൂമംഗലം ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണസംഘം No. F (R) 19/87 C2.

1988-ൽ പ്രവർത്തനം തുടങ്ങിയ സംഘത്തിൽ ഇപ്പോാം 92 അംഗങ്ങളായിട്ടുണ്ട്. തുടക്ക ത്തിൽ തന്നെയുണ്ടായ കോടതിക്കേസുകളും പ്രാദേശിക വാദങ്ങളും ഈ സംഘത്തെ കടലാസ്സിലൊതുക്കി. പഞ്ചായത്തിലെ മത്സ്യകാപ്പുകാം സംഘത്തിനായി വിട്ടുകിട്ടുന്നതിനും മത്സ്യത്തൊഴിലാളികാംക്കനുവ ദിച്ചിട്ടുള്ള അവകാശങ്ങാം ലഭിക്കുവാനും സംഘം ശ്രമിക്കുന്നുണ്ട്.

## വനിതാവ്യവസായ യൂണിററുകൾ:-

പിച്ചവെച്ച നടക്കാൻ തുടങ്ങിയിട്ടില്ലാത്ത 2 യൂണിററുകളുണ്ട്. ചിട്ടയായ പ്രവർത്തനം തുടങ്ങിയിട്ടില്ല.

പൊതുവേ നോക്കിയാൽ ഒട്ടും ആശ്വാസകരമായ ഒരവസ്ഥയല്ല നമ്മുടെ സഹകരണമേഖലയിൽ കാണുന്നത്. തൊഴിലാളികൾത്തന്നെ ഉടമകൾ എന്ന രീതിയിൽ തുടങ്ങിയ ഉല്പാദക സംഘങ്ങളിലെല്ലാം ഓഹരിക്കാർ, തൊഴിലാളികൾ എന്ന ഗ്രൂപ്പുകളായി തിരിഞ്ഞിരിക്കുന്നതായി കാണാം. കൂടുതൽ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന മേഖലകളിലേക്കു മാറുന്നവർ സ്വയം ജോലി ചെയ്യാതെ മററു തൊഴിലാളികളെ കൂലിക്കെടുക്കുന്ന സമ്പ്രദായവും കാണുന്നു. ഈ സംരംഭത്തിലെ കുറഞ്ഞ കൂലി നിരക്കു കൊണ്ട് പുതിയ തൊഴിലാളികൾ രംഗത്തെത്തുന്നില്ല. എടക്കുളം ക്ഷീരോല്പാദക സംഘത്തിലാകട്ടെ ഉല്പന്നത്തിനു വില കിട്ടുന്നില്ല എന്ന പരാതിയുമായി കുറെ ഓഹരിക്കാർത്തന്നെ മറെറാരു സ്വകാര്യ സ്ഥാപനത്തിനു പാൽ വിൽക്കുന്നതാണ് പ്രശ്നം.

ജനാധിപത്യപരമായ അവകാശങ്ങൾ അനുവദിക്കുന്നില്ല എന്ന തോന്നൽ സഹകാരികളിലുണ്ടായതിന്റെ പേരിൽ സംഘങ്ങളിൽ നിന്നുമകന്നു നിന്ന ചരിത്രവും കാണുന്നുണ്ട്.

സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനത്തിൽ മാനേജ്മെൻറ് രംഗത്തെ പ്രശ്നങ്ങൾ, മുഴുവൻ പ്രദേശത്തേയും അംഗങ്ങളെ സേവിക്കാൻ കഴിയാത്ത അവസ്ഥ, വായ്പാകുടിശ്ശിഖ പിരിച്ചെടുക്കാനുള്ള നിർബന്ധബുദ്ധിയില്ലായ്മ എന്നിവയാണ് പ്രശ്നങ്ങൾ.

പഞ്ചായത്തിലെ പല സംഘങ്ങളിലേയും അംഗസംഖ്യ നാമമാത്രമാണ്. ഇത് സ്വജനപക്ഷപാതത്തിലേക്കും സ്വകാര്യസ്വത്തിലേക്കും വഴി തെളിച്ചതായുള്ള പ്രശ്നങ്ങളുണ്ട്.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1 സർവ്വീസ് സഹകരണബാങ്ക്

a സർവ്വീസ് സഹകരണ ബാങ്കിന് എടക്കുളത്ത് ഒരു ബ്രാഞ്ച് തുടങ്ങേണ്ടതാണ്.

b ബാങ്കിംഗ് സൗകര്യങ്ങൾ കൂട്ടേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളേയും വ്യക്തികളേയും ബിസ്സിനസ് പങ്കാളികളാക്കാനുള്ള ശ്രമം ആവശ്യമാണ്. മത്സരാധിഷ്ഠിതമായ സേവനം എന്ന രീതിയിൽ തന്നെയായിരിക്കണം പ്രവർത്തനം.

c പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും വളം, കീടനാശിനി എന്നിവ കുറഞ്ഞ വിലക്ക് നൽകാനും കാർഷിക വായ്പകൾ വേഗത്തിൽ അനുവദിക്കാനും സംവിധാനമുണ്ടാക്കേണ്ടതാണ്.

d ദുർബ്ബല വിഭാഗങ്ങൾക്കും മററുമുള്ള വായ്പാസഹായങ്ങൾ ഏറെറടുക്കേണ്ടതാണ്.

2 ഉല്പാദക സംഘങ്ങൾ

a പാൽ കർഷകർക്ക് പരമാവധി വില ലഭിക്കുവാനും കാലിത്തീററ കുറഞ്ഞ വിലക്കു എത്തിക്കാനും ചികിത്സാ സൗകര്യങ്ങൾ നൽകാനും ശ്രദ്ധിക്കേണ്ടതാണ്.

b തൊഴിലാളികളെ ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ യന്ത്രവൽക്കരണ സാദ്ധ്യതകൾ ആരായാവുന്നതാണ്.

c പ്രവർത്തന മൂലധനത്തിനായി എല്ലാ സർക്കാർ ഏജൻസികളുടേയും സഹായം തേടേണ്ടതാണ്.

d പ്രൊഫഷണൽ മാനേജ്മെൻറും പുതിയ വിപണനതന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കണം.

e കൈത്തറി, ചവുട്ടി തുടങ്ങിയ സംഘങ്ങളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കേണ്ടതാണ്.

3 പുതിയ വ്യവസായ സഹകരണസംഘങ്ങൾ പ്രത്യേകിച്ച് വനിതാ സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്.

4 പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈററിക്ക് വലിയ സാദ്ധ്യതയുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിച്ചു കൊടുക്കുവാനും വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ നൽകുന്നതിനും വേണ്ടിയുള്ള ഈ സംഘം മാറിയ സാഹചര്യത്തിൽ നൽകുന്ന ഫലങ്ങൾ ഏറെയായിരിക്കും.

5 വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ സഹകരണ വ്യവസായങ്ങളുടെ ഒരു ശൃംഖല അഭിലഷണീയമാണ്.

# 10 സാംസ്കാരികം

സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകത്തിനു ഉടമകളാണ് നമ്മൾ. സാമൂഹിക സാംസ്കാരിക രംഗത്ത് പുരോഗമനാശയങ്ങൾക്കൊപ്പം ചുവടുവെച്ചു മുന്നേറുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്ന പ്രദേശമാണ്. ഹിന്ദു–ക്രിസ്ത്യൻ മത സമുദായങ്ങളിൽപ്പെട്ടവരാണ് ഇവിടത്തെ ജനങ്ങൾ. മതവിദ്വേഷത്തിന്റെ കളങ്കമേശാത്ത ഇവർ ഉത്സവങ്ങളിലും, പള്ളിപ്പെരുന്നാളുകളിലും പരസ്പരപങ്കാളികളാവുന്നു. പഞ്ചായത്തിന്റെ തെക്ക് ഭാഗങ്ങളിലുള്ള ആംഗ്ലോ–ഇന്ത്യൻ സമുദായക്കാർ ഈ സാംസ്കാരിക ഐക്യത്തിലിണങ്ങിയ കണ്ണികളായി വർത്തിക്കുന്നു.

പായമ്മൽ സ്ഥിതിചെയ്യുന്ന ഭാരതത്തിലെ ശത്രുഘ്നക്ഷേത്രം, നൂററിയെട്ടു ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നായ വെള്ളിത്തട്ടിൽ (എലമ്പലക്കാട്ട്) ക്ഷേത്രം, പതിയാംകുളങ്ങര ക്ഷേത്രം, ഇനിയുമനവധി ക്ഷേത്രങ്ങളും, കാവുകളും, കൊട്ടിലുകളും ഹിന്ദു വാസ്തുശില്പകലയിൽ പണിത്തീർത്ത കല്പറമ്പ് ക്രിസ്ത്യൻ പള്ളിയും അപ്പോളോ മാതൃകയിൽ ആധുനിക രീതിയിൽ പണിത്തീർത്ത ഐക്കരക്കുന്നിലെ സെൻറ് ആൻറണീസ് പള്ളിയും, അരിപ്പാലത്തെ തിരുഹൃദയപ്പള്ളി (സെമിനാരി)യുമുൾപ്പെടെ അഞ്ചു ക്രിസ്ത്യൻ ദേവാലയങ്ങൾ ഇത്രയുമാണ് പൂമംഗലത്തെ ആരാധനാലയങ്ങൾ. ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ടിരുന്നവർ തങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾക്കുവേണ്ടി തീർത്ത കൊട്ടിലുകൾ ഇന്നു കുടുംബക്ഷേത്രങ്ങളായി രൂപമാററം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

തുയിലുണർത്തുപാട്ട്, ഉടുക്കുപ്പാട്ട്, നന്തുണിപ്പാട്ട്, ഐവർക്കളി, കോൽക്കളി, കതിരക്കളി, ദാരികൻകളി തുടങ്ങി ഇവിടെ പ്രചാരത്തിലുണ്ടായിരുന്ന നമ്മുടെ പാരമ്പര്യകലകളെല്ലാം അന്യം നിന്നു പോയിക്കൊണ്ടിരിക്കുകയാണ്. കാർഷികവൃത്തിയിൽമാത്രം മുഴുകിയിരുന്ന ഒരു ജനത മററു മേഖലകളിലേക്കു തിരിഞ്ഞതോടെ ഓരോ വിഭാഗത്തിന്റേയും സമ്പന്നമായ സാംസ്കാരിക പൈതൃകങ്ങളും പഴയ ആചാരങ്ങളും അരങ്ങത്തുനിന്നു അണിയറയിലേക്കു പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. ഈ കലകൾ തനതുരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്ന ചുരുക്കം പേരെ ഇന്നുള്ളു. ഏക ലോകക്രമം തനതു സംസ്കാരങ്ങൾക്കുമേൽ നിഴൽപ്പരത്തി തുടങ്ങിയ ഈ സന്ദർഭത്തിൽ ഈ കലകളെ സംരക്ഷിക്കാനുള്ള സംഘടിതശ്രമം അനിവാര്യമാണ്.

പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചയിൽ ഗ്രാമീണ വായനശാലകളും ലൈബ്രറികളും ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇന്നു നിലവിലില്ലാത്ത എടക്കുളം ഗ്രാമീണ വായനശാലയും, അരിപ്പാലത്തെ ജയ്ഹിന്ദ് ഗ്രന്ഥശാലയുമായിരുന്നു ആദ്യത്തെ പ്രധാനപ്പെട്ട വായനകേന്ദ്രങ്ങൾ. പിന്നീട് എടക്കുളം ശ്രീനാരായണഗുരു സ്മാരക സംഘം ഗ്രന്ഥശാലയും, കല്പറമ്പിലെ കോസ്മോപോളിററൻ ഗ്രന്ഥശാലയും പ്രവർത്തനമാരംഭിച്ചു. ഇന്നു ഈ രണ്ടു ഗ്രന്ഥശാലകളെ കൂടാതെ പഞ്ചായത്തിനു കീഴിൽ പഞ്ചായത്ത് ആഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയമുൾപ്പെടെ പഞ്ചായത്തിൽ മൂന്നു ഗ്രന്ഥശാലകളുണ്ട്. സർക്കാർ ഗ്രാൻറിനെ മാത്രം ആശ്രയിച്ചു പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ സ്ഥിതി ഒട്ടും മെച്ചപ്പെട്ടതല്ല. ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനോ, ഉള്ളവ സംരക്ഷിക്കുന്നതിനു ആവശ്യമായ സംവിധാനങ്ങളുണ്ടാക്കുന്നതിനോ കഴിയുന്നില്ല. ഗ്രന്ഥശാലകളോടനുബന്ധിച്ച് വായനശാലകളുണ്ടെങ്കിലും ഒന്നിൽ കൂടുതൽ പത്രങ്ങളോ ആനുകാലിക പ്രസിദ്ധീകരണങ്ങളോ വാങ്ങുന്നതിനു സാമ്പത്തികശേഷി ഇവയെ അനുവദിക്കുന്നില്ല. ഇക്കാര്യത്തിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിനു സാദ്ധ്യമായ പഞ്ചായത്തു സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം തീരെ മോശമാണ്.

വായനക്കാരുടെ എണ്ണം കുറഞ്ഞു വരികയാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതി പ്രസരത്തിനിടയിൽ വായനാശീലം കുറഞ്ഞുപോയതായാണ കാണുന്നത്. ബഹുഭൂരിപക്ഷത്തിന്റേയും വായന 'മ' പ്രസിദ്ധീകരണങ്ങളിലൊതുങ്ങുന്നു.

1950-കളിൽ സാമൂഹ്യമാററത്തിനു വഴിയൊരുക്കുന്ന നാടകങ്ങൾ അവതരിപ്പിച്ചുകൊണ്ടു പ്രവർത്തനമാരംഭിച്ച എടക്കുളം കേരള കലാസമിതി, അരിപ്പാലം കൈരളി തിയ്യറേറഴ്സ് തുടങ്ങി ഒട്ടനവധി കലാസമിതികൾ ഇവിടെ പ്രവർത്തിച്ചിരുന്നു. ചെറുപ്പക്കാരുടെ സർഗ്ഗശേഷിയെ പോഷിപ്പിക്കുന്നതിനും, കലാസാംസ്കാരിക രംഗങ്ങളിൽ മികവു പ്രകടിപ്പിക്കുന്നതിനും വേദിയൊരുക്കുന്നതിൽ ഈ സമിതികൾ ശ്രദ്ധ ചെലുത്തിയിരുന്നു. യുവ സാഹിത്യകാരൻ എടക്കുളം എം. ഡി. രവീന്ദ്രനെപ്പോലുള്ളവരുടെ പരിശീലനക്കളരികളായിരുന്ന ഈ സമിതികളിൽ ഭൂരിപക്ഷവും ഇന്നു പ്രവർത്തിക്കുന്നില്ല. ഇന്നു പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കലാസമിതികൾ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇടപ്പെടുന്നതിനോ പുത്തൻ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനോ വേണ്ടത്ര ശ്രമം നടത്തുന്നില്ല. സ്വന്തം വാർഷികാഘോഷ വേദികൾ പ്രൊഫഷണൽ കലാകാരന്മാർക്ക വിട്ടുകൊടുത്തു കാണികളായി ഒതുങ്ങി കൂടുന്ന പ്രവണത വർദ്ധിച്ചു വരികയാണ്.

കായിക രംഗത്തെ സ്ഥിതി ശോചനീയമാണ്. പഞ്ചായത്തിലെ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര നടക്കുന്നില്ല. നമ്മുടെ വിദ്യാലയങ്ങളിലും ഈ രംഗത്തെ പ്രവർത്തനങ്ങൾ പരിമിതമാണ്. പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ കുറവാണ്. പഞ്ചായത്തു കളിസ്ഥലത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ഏക ഗ്രൗണ്ടായ കല്പറമ്പ് ഹൈസ്കൂൾ ഗ്രൗണ്ടിനുള്ളിലൂടെ പഞ്ചായത്തു റോഡു കടന്നുപോകുന്നതു ഗ്രൗണ്ടിന്റെ ഉപയോഗത്തിനു തടസ്സം സൃഷ്ടിക്കുന്നു. ഗ്രാമീണ സ്പോർട്ട്സിന്റെ വളർച്ച ലക്ഷ്യമാക്കി നടത്തുന്ന കേരളോത്സവങ്ങളും, ഓണം സ്പോർട്ട്സും സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല.

കഴിപന്തുകളിയും കിളിത്തട്ടുകളിയും നമ്മുടെ ഗ്രാമത്തിൽ ഇപ്പോഴില്ല. ക്രിക്കററിന്റെ മാസ്മരിക വലയത്തിലാണു നമ്മുടെ ചെറുപ്പക്കാർ. വോളിബോളും ഫുട്ബോളും കളിക്കുന്നവരുടെ എണ്ണം ദിവസേന കുറഞ്ഞു വരികയാണ് വേനൽക്കാലങ്ങളിൽ ഫുട്ബോൾ ഗ്രൗണ്ടായി മാറിയിരുന്ന വയലുകളുടെ വിസ്തൃതി കുറഞ്ഞതോടെ കളിക്കാനിടമില്ലാതായതാണ് ഫുട്ബോൾ കളി നേരിടുന്ന പ്രശ്നം.

ടി. വി. പഞ്ചായത്തിൽ സാർവ്വത്രികമായി തുടങ്ങിയിരിക്കുന്നു. സാംസ്കാരിക രംഗത്ത് വമ്പിച്ച മാററങ്ങൾ വരുത്തുവാൻ കഴിയുന്ന ഇലക്ട്രോണിക് മാദ്ധ്യമം നമ്മുടെ സംസ്കാരത്തിനെ പാശ്ചാത്യസംസ്കാരത്തിനു കീഴ്പ്പെടുത്തികൊണ്ടിരിക്കുകയാണ്. നമ്മുടെ മഹത്തായ സാംസ്കാരിക പൈതൃകത്തിനുമേലുള്ള കടന്നാക്രമണങ്ങളെ ചെറുക്കാൻ നമ്മുടെ ഗ്രന്ഥാലയങ്ങളേയും, വായനശാലകളേയും സാംസ്കാരിക സംഘടനകളേയും പ്രാപ്തമാക്കുംവിധം ഈ രംഗത്തെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

1 പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾ അംഗങ്ങളായുള്ള ഒരു സമിതി രൂപീകരിക്കുക. അംഗസംഘടനകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, സാമ്പത്തികമുൾപ്പെടെയുള്ള സഹായങ്ങളും എത്തിക്കുക.

2 പഞ്ചായത്തിലെ ഗ്രന്ഥശാലകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഇവയോടനുബന്ധിച്ചുള്ള വായനശാലകളിൽ കൂടുതൽ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനു ആവശ്യമായ സഹായം നല്കുക. ഗ്രന്ഥശാലകളോടനുബന്ധിച്ച ജനകീയ കമ്മററികൾ രൂപീകരിച്ചു ഗ്രന്ഥശാല പ്രവർത്തനം മെച്ചപ്പെടുത്തുക.

3 പഞ്ചായത്തിൽ കായിക പരിശീലനത്തിനും, മത്സരത്തിനും, കളികൾക്കും ഉതകുന്ന കളിസ്ഥലം നിർമ്മിക്കുക. കല്പറമ്പ് ഹൈസ്കൂൾ ഗ്രൗണ്ടിലൂടെയുള്ള റോഡ് മാററി നിർമ്മിക്കുക.

4 പ്രാചീന കലകളെ സംരക്ഷിക്കുന്നതിനു നടപടിയെടുക്കുക.

5 വർഷത്തിലൊരിക്കൽ പഞ്ചായത്തിൽ സാംസ്കാരികോത്സവം സംഘടിപ്പിക്കുക

6 മാദ്ധ്യമരംഗത്തെ പുത്തൻ പ്രവണതകളെപ്പററി ചർച്ചാക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

7 നാടൻ കലകളിൽ മത്സരങ്ങൾ സംരക്ഷിക്കുക. നാടൻ കലകളും നാടൻപാട്ടുകളും ഓഡിയോ വീഡിയോ കാസററുകളിൽ പകർത്തി സൂക്ഷിക്കുക.

# 11 വനിത

സ്ത്രീകളെ എന്നും ആദരിച്ചു വന്ന സമൂഹമാണ് നമ്മുടേത്. എല്ലാ രംഗത്തും സ്ത്രീകൾ തന തായ വ്യക്തിമുദ്രകൾ പതിപ്പിച്ചിട്ടുള്ളതിന ഉദാഹരണങ്ങൾ അനവധിയാണ്. ഉന്നതവിദ്യാഭ്യാസം നേടുന്നതിലും വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരിലും അധികം പേരും സ്ത്രീകളാണ്. ഏതുരംഗ ത്തും പ്രവർത്തിക്കാൻ പ്രാപ്തയാണ് സ്ത്രീകൾ. എന്നിട്ടും സാമൂഹിക സാംസ്കാരിക മേഖലയിലെ പ്രവ ത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം വേണ്ടത്ര വർദ്ധിക്കുന്നില്ല. സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടു വരുമ്പോഴും സ്ത്രീ പീഢനങ്ങൾക്കറുതി വരുന്നില്ല.

പൂമംഗലം പഞ്ചായത്തിലും സ്ത്രീകൾ സ്വമനസ്സാലെ സാമൂഹികപ്രശ്നങ്ങളിൽ ഇടപ്പെടു ന്നില്ല. അഭ്യസ്തവിദ്യകളായവർപ്പോലും കുടുംബിനികളായി ഒതുങ്ങിക്കൂടുകയാണ്.

1991-ലെ സെൻസ്സസ്പ്രകാരം പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ 717 സ്ത്രീകൾ കൂടുത ലാണ്. സ്ത്രീകളിൽ 90 ശതമാനം സാക്ഷരത കൈവരിച്ചവരാണ്. പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കധികവും ഉന്നത വിദ്യാഭ്യാസത്തിനു സൗകര്യം ലഭിക്കുന്നില്ല. താഴെ പട്ടിക പരിശോധിച്ചാൽ വിദ്യാലയങ്ങളിലെ സ്ത്രീ-പുരുഷ അനുപാതം മനസ്സിലാക്കാം.

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| L. P. വിഭാഗം | 526 | 525 |
| U. P. വിഭാഗം | 438 | 305 |
| H. S. വിഭാഗം | 412 | 32 |

ആരോഗ്യരംഗത്തും വനിതകളുടെ സ്ഥിതി വളരെ മോശമാണ്. ഇവിടെയും ഇവർക്ക് വേ ണ്ടത്ര പരിഗണനയോ പരിചരണമോ ലഭിക്കുന്നില്ല. ഇവിടെ മൂന്ന് അംഗനവാടികളുണ്ടെങ്കിലും വേണ്ടത്ര അഭിവൃദ്ധി ഉണ്ടായിട്ടില്ല. സ്ത്രീകൾക്കിടയിൽ രൂക്ഷമായ തൊഴിലില്ലായ്മ ഉണ്ട്. നമ്മുടെ നാട്ടിലെ സ്ത്രീകളധികവും കാർഷിക മേഖലയിലും കെട്ടിടനിർമ്മാണ മേഖലയിലുമാണ് പ്രവർത്തിക്കു ന്നത്. മൂന്ന് വനിതാ വ്യവസായ യൂണിററുകളും പ്രതിസന്ധിയെ നേരിടുന്നു. വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തം പുരുഷനുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്.

## തൊഴിൽ മേഖലയിലെ പങ്കാളിത്തം—1991 ലെ സെൻസസ് പ്രകാരം

| ക്രമ നമ്പർ | തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1 | കർഷകർ | 26 | 339 |
| 2 | കർഷകത്തൊഴിലാളി | 405 | 354 |
| 3 | ചെറുകിട വ്യവസായം | 27 | 54 |
| 4 | ഗതാഗതം | 15 | 178 |
| 5 | മററുള്ളവ | 261 | 266 |

വിവിധ തൊഴിൽ മേഖലകളിൽ കൂലിയുടെ കാര്യത്തിൽ വലിയ അന്തരം കാണുന്നുണ്ട്. തൊഴിൽ രഹിതരായ വനിതകൾ ധാരാളമുണ്ട്. തൊഴിലിനു പോകുന്ന സ്ത്രീകൾ ആറ് മണിക്കൂറെങ്കിലും ജോലിക്കു പുറമെ വീട്ടുപണികൾ ചെയ്യുന്നു. കുടുംബ ചുമതലകൾ പൂർണ്ണമായി വഹിക്കേണ്ടി വരുന്ന സ്ത്രീകളും ധാരാളമുണ്ട്. സ്ത്രീകളെ കേവലം കച്ചവടച്ചരക്കുകളാക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനം നിലനില്ക്കുന്നുണ്ട്. മാനസികമായും ശാരീരികമായി ഏൽക്കേണ്ടിവരുന്ന യാതനകളും പീഡനങ്ങളും വളരെയധികമാണ്. ഡേ കെയർ സൗകര്യങ്ങളില്ലാത്തതുകൊണ്ട് ഇന്നത്തെ കുടുംബാന്തരീക്ഷത്തിൽ ജോലിക്കു പോകാൻ കഴിയാത്ത സ്ത്രീകൾ അനവധിയാണ്,

### പ്രശ്നങ്ങൾ

1 സാമൂഹിക രംഗത്ത് സ്ത്രീ പ്രതിനിധ്യം കുറഞ്ഞുവരുന്നു.

2 സ്ത്രീകളുടെ ആരോഗ്യ പരിരക്ഷ വളരെ മോശമാണ്.

3 കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറയുന്നു.

4 തൊഴിലധിഷ്ഠിത സാക്ഷരതാ പരിപാടികളില്ല.

5 വിവിധക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല.

6 സ്ത്രീകളുടെ ഗൃഹജോലികളിലുള്ള അമിത ഭാരം പരിഗണിക്കപ്പെടുന്നില്ല.

7 പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ അനുഭവപ്പെടുന്നു.

8 മഹിളാ സമാജങ്ങൾക്ക് വേണ്ടത്ര സംഘാടക ശക്തിയില്ല. പ്രവർത്തനപരിധി കുറവാണ്.

9 പത്താംക്ലാസ് കഴിഞ്ഞുള്ള പഠനത്തിന് ദൂരയാത്ര ആവശ്യമായി വരുന്നു.

10 വാഹനങ്ങളുടെ മിന്നൽ പണിമുടക്കുകൾ പലതരത്തിലുള്ള കഷ്ടനഷ്ടങ്ങളുണ്ടാക്കുന്നു.

1 സ്ത്രീകളെ സാമൂഹ്യരംഗത്തേക്ക് കൊണ്ടുവരുന്നതിനുള്ള സംഘടിത ശ്രമങ്ങൾ എല്ലാഭാഗത്തുനിന്നും ഉണ്ടാക്കുക.

2 പ്രാഥമികാരോഗ്യകേന്ദ്രത്തിലും സബ്ബ്സെൻററുകളിലും ഡോക്ടർമാരുടെ സേവനവും ആവശ്യമായ മരുന്നുകളും ലഭ്യമാക്കുക. വനിതകൾക്കും, കുട്ടികൾക്കുംവേണ്ടി പ്രത്യേക ഡോക്ടർമാരെ നിയമിക്കുക.

3 ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുക. കൃഷിഭൂമി പൂർണ്ണമായി കാർഷികാവശ്യത്തിന് ഉപയോഗിക്കുകയും തരിശിടാതിരിക്കുകയു ചെയ്യുക.

4 തൊഴിലധിഷ്ഠിതമായ തുടർസാക്ഷരതാപരിപാടികൾ നടത്തുക. വിവിധ ക്ഷേമപദ്ധതികളേയും തൊഴിൽമേഖലകളേയുംകുറിച്ചുള്ള ബോധവല്കരണം നടത്തുക.

5 അജ്ഞതമൂലം ക്ഷേമപദ്ധതികളുടെ പ്രയോജനം ലഭിക്കാതിരുന്നത് പരിഹരിക്കുക. അർഹരായവർക്കെല്ലാം ലഭ്യമാക്കുക.

6 ഗൃഹജോലികളിലെ അമിതഭാരം കുറയ്ക്കുന്നതിനുവേണ്ട സൗകര്യങ്ങളുണ്ടാക്കുക. പുകയില്ലാത്ത അടുപ്പുകൾ, ഗോബർ ഗ്യാസ്പ്ലാൻറ് എന്നിവ പ്രചരിപ്പിക്കുക.

7 പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമുണ്ടാക്കുക.

8 മഹിളാസമാജങ്ങളുടെ പ്രവർത്തനം ശക്തമാക്കുക. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അംഗനവാടികളും രൂപീകരിക്കുക.

9 പഞ്ചായത്തിനുള്ളിൽ ഹയർ സെക്കൻററി, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തുടങ്ങുക.

10 സ്കൂളുകളിൽ പെൺകുട്ടികളെ സൈക്കിളിങ്ങ് പഠിപ്പിക്കുക.

11 D. W. C. R. A. യൂണിററുകളുടെ സ്ഥിതി മെച്ചപ്പെടുത്തുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

12 അടുക്കളത്തോട്ടങ്ങളും ഉദ്യാനകൃഷികളും പ്രോത്സാഹിപ്പിക്കുക.

13 സ്ത്രീധനം, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, മദ്യപാനം, പുകവലി, മയക്കമരുന്ന് എന്നിവ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, സാമൂഹ്യഅനാചാരങ്ങൾ എന്നിവക്കെതിരെ ക്യാംപയിനുകൾ സംഘടിപ്പിക്കുക.

14 എല്ലാ വാർഡുകളിലും ഡേ കെയറുകൾ സ്ഥാപിക്കുക.

# 12 വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൻെറ സമഗ്ര വികസനത്തിനു് പണം ഒരു അവിഭാജ്യ ഘടകമാണ്. ആവശ്യങ്ങളും മുൻഗണനകളും കണ്ടറിഞ്ഞ് തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. പണം നേടാനും ആവശ്യാനുസരണം ചിലവഴിക്കാനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. സ്ഥിതിവിവരകണക്കുകളുടേയും സാമ്പത്തിക സൂചകങ്ങളുടേയും സഹായത്തോടെ ധനസമാഹരണ മാർഗ്ഗങ്ങളെ നമുക്ക് നിരീക്ഷണ വിധേയമാക്കാം.

1995 96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൻെറ മൊത്തം വരുമാനം 9,07,411 രൂപയും, അതിൽ തനതു വരുമാനം 4,77,191 രൂപയുമാണ്. 95–96ൽ ഭരണചിലവ് 3,57,486 രൂപയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നമ്മുടെ പഞ്ചായത്തിൻെറ തനതു വരുമാനവും ഭരണചിലവും സംബന്ധിച്ച പട്ടികയും മൊത്തവരുമാനത്തിൻെറ പട്ടികയും താഴെ കൊടുക്കുന്നു.

| വർഷം | തനതുവരുമാനം | ഭരണചിലവ് | |
|---|---|---|---|
| 1990_91 | 2,86,455 | 1,39,038 | 48.54% |
| 1991–92 | 2,67,542 | 1,66,972 | 62.41% |
| 1992-93 | 2,90,500 | 1,83,128 | 63.02% |
| 1993-94 | 3,09,343 | 2,31,081 | 74.7% |
| 1994_95 | 3,87,773 | 2,81,971 | 72.72% |

കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പഞ്ചായത്തിൻെറ മൊത്തം വരവിനെ സംബന്ധിച്ച വിവരങ്ങൾ ഇങ്ങിനെയാണ്.

| | |
|---|---|
| 1991–92 | 5,09,536 |
| 92–93 | 6,88,071 |
| 93-94 | 6,87,419 |
| 94_95 | 8,29,067 |
| 95–96 | 9,07,411 |

തനതു വരുമാനം കൂടുന്നുണ്ട് എങ്കിലും ഭരണച്ചിലവ് അതിനേക്കാൾ കൂടുതലായ തോതിൽ വർദ്ധിച്ചിട്ടുണ്ട് എന്നുകാണാം. 1995–96-ൽ പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ അൻടൈഡ് ഫണ്ടിനത്തിൽ സർക്കാരിൽനിന്നും ലഭിച്ച തുക 3,17,400 ആണ്. ആയത് ആകെ വരവിൻെറ 35% ആണ്.

V R M, M I, V T C, J R Y എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് 95–96-ൽ ലഭിച്ച മൊത്തം സംഖ്യ 3,39,284 ആണ്. ഇത് മൊത്തം വരുമാനത്തിന്റെ 37.4% ആണ്.

പഞ്ചായത്ത്‌രാജ് വകുപ്പ് പ്രകാരം മററു വകുപ്പുകളിൽനിന്നും പഞ്ചായത്തിന് അനുവദിച്ച തുക 95-96-ൽ 2,99,452 രൂപയാണ്.

95–96-ൽ മൊത്തം പൊതുമരാമത്ത് ഇനത്തിൽ ചിലവ് ചെയ്തിട്ടുള്ളത് 2,13,958 രൂപയാണ്. ഇതുമൊത്തം വരുമാനത്തിന്റെ 23.58% വരും. പൊതുമരാമത്തിനത്തിൽ ചിലവ് വർഷം തോറും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. പ്രത്യക്ഷ ഉല്പാദനമേഖലയിൽ പഞ്ചായത്ത് അടുത്ത കാലത്ത് കാര്യമായ പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ വരുമാനങ്ങളിൽ ഒന്നായ വസ്തു കൈമാററനികുതി 75% ആണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ആയത് മുഴുവനായും പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. വസ്തു കൈമാററങ്ങളിൽ വസ്തുവിന്റെ വില കുറച്ചു കാണിക്കുന്നതുമൂലം നികുതിയിനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. ഇത് തടയുന്നതിന് കൈമാററം നടത്തുന്ന വസ്തുവിന്റെ വിലയെ സംബന്ധിച്ച് പഞ്ചായത്തിന്റെ അംഗീകാരം നേടണം. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിൽനിന്നും ഈടാക്കുന്ന കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ പിരിച്ചെടുക്കുന്ന സംഖ്യയുടെ 25% എങ്കിലും പഞ്ചായത്തിന് നല്കണം.

നമ്മുടെ പഞ്ചായത്ത് പരിധിയിലുള്ള നിക്ഷേപകർ ഇപ്പോൾ പട്ടണങ്ങളിലെ വാണിജ്യ ബാങ്കുകളിലും ദേശസാൽകൃത ബാങ്കുകളിലുമാണ് പണം നിക്ഷേപിക്കുന്നത്. ഈ പണം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കടപത്രങ്ങൾ ഇറക്കാൻ സർക്കാർ പഞ്ചായത്തിനെ അനുവദിക്കണം. ഇതുവഴി സ്വരൂപിക്കുന്ന സംഖ്യ വരുമാനം ഉണ്ടാക്കുന്ന മേഖലകളിലേക്ക് തിരിച്ചു വിടണം.

## വാണിജ്യ ബാങ്കുകൾ:–

പഞ്ചായത്തതൃത്തിയിൽ 3 വാണിജ്യ ബാങ്കുകൾ പ്രവർത്തിക്കുന്നു.

1 ധനലക്ഷ്മി ബാങ്ക് കല്പറമ്പ്,

2 കാത്തലിക് സിറിയൻ ബാങ്ക് അരിപ്പാലം

3 സൗത്ത് ഇന്ത്യൻ ബാങ്ക് പൂച്ചക്കുളം

ബാങ്കുകളിലെ നിക്ഷേപ വായ്പാ വിവരങ്ങൾ കൃത്യമായി ലഭിച്ചിട്ടില്ല. അതുകൊണ്ട് ഒരു താരതമ്യ പഠനം നടത്താൻ സാധിച്ചിട്ടില്ല. എങ്കിലും പഞ്ചായത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപസംഖ്യയുടെ 75% ഇവിടെ തന്നെ കൃഷി, ചെറുകിട ഇടത്തരം വ്യവസായ ആവശ്യങ്ങൾക്കു വായ്പ നൽകണം. ബാങ്കിന് സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വിളിച്ചു ചേർത്ത് പഞ്ചായത്തുതല ബാങ്കിംഗ് കമ്മററിക്ക് രൂപം നല്കണം. വായ്പാ- നിക്ഷേപ അനുപാതം വിലയിരുത്തണം. വായ്പാ മുൻഗണന നിശ്ചയിച്ചു നല്കണം

## സഹകരണ ബാങ്കുകൾ:–

പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് ആണ് പ്രവർത്തിക്കുന്നത്. മുഖ്യമായും കാർഷിക വായ്പാ വിതരണം ചെയ്യുന്നു.

## ബാങ്കേതര ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ 9 രജിസ്റ്റർ ചെയ്ത സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതലായും സ്വർണ്ണപണ്ടം പണയത്തിന്മേൽ മററു ജീവിതാവശ്യങ്ങൾക്ക് വായ്പ നല്കുന്നവയാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ റജിസ്ട്രർ ചെയ്ത് ലൈസൻസ് നൽകേണ്ടതാണ്.

അനൗപചാരികമായി സ്വകാര്യ വ്യക്തികൾ അമിത പലിശക്ക് കടം കൊടുക്കുന്നുണ്ട്. താഴ്ന്ന വരുമാനക്കാരും കൂലിപണിക്കാരും ആണ് ഇത്തരത്തിൽ പണം വാങ്ങുന്നത്. പഞ്ചായത്തിൽ നിലവിലുള്ളതും പുതിയതായി രൂപീകരിക്കുന്നതുമായ മഹിളാസമാജങ്ങൾ കേന്ദ്രീകരിച്ച് വനിതകളുടെ അനൗപചാരികമായ ഓഹരിയിൽ മൂലധനം സ്വരൂപിച്ച്, കുറഞ്ഞ പലിശനിരക്കിൽ വായ്പ നല്കിയാൽ ഒരു പരിധിവരെ അമിത പലിശക്കാരിൽനിന്നും ജനങ്ങളെ സഹായിക്കാനാകും.

## ഗൾഫ് സ്വാധീനം

ഗൾഫ് മേഖലയിൽ ഉള്ളവരേയും തിരികെ വന്നവരേയും സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിട്ടില്ല. എങ്കിലും വളരെയധികംപേർ ഗൾഫ് നാടുകളിലും വിദേശത്തും ജോലി ചെയ്യുന്നുണ്ട്. ധാരാളം പേർ ഇപ്പോൾ തിരിച്ച് വന്നവരായും ഉണ്ട്. ഇവരുടെയെല്ലാം സമ്പാദ്യം കെട്ടിടങ്ങളിലും ബാങ്ക് നിക്ഷേപങ്ങളിലും ഒതുങ്ങുന്നു. ഉൽപാദന, കാർഷിക മേഖലയിൽ തീരെ മുതലിറക്കുന്നില്ല.

പഞ്ചായത്ത്തലത്തിലെ ഈ മേഖലയിലുള്ളവരെ വിളിച്ചുച്ചേർത്ത് ഒരു സംഘടന രൂപീകരിക്കുകയും, ചെറുകിട-ഇടത്തരം വ്യവസായ യൂണിററുകളുടെ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കണം. ഇതിനായുള്ള മൂലധനനിക്ഷേപം ഇത്തരക്കാരിൽനിന്നും ഉണ്ടാക്കാൻ പ്രോത്സാഹനം നൽകണം. ഈ പദ്ധതിക്കായുള്ള പശ്ചാത്തലസൗകര്യങ്ങൾ വൈദ്യുതി, ജലം, ഗതാഗതം എന്നിവ ഏററവും മുൻഗണനാക്രമത്തിൽ പഞ്ചായത്ത് ചെയ്തുകൊടുക്കണം.

## സംഭാവനകളും സന്നദ്ധപ്രവർത്തനവും:-

ഗ്രാമീണഡിസ്പൻസറിയുടെ പ്രവർത്തനത്തിനു പൊതുജനസഹകരണത്തോടെ ഫണ്ട് സമാഹരിച്ച നല്ല ഒരു മാതൃക നമ്മുടെ പഞ്ചായത്തിലുണ്ട്. മററ് മേഖലകളിൽ ഒന്നും കാര്യമായ സന്നദ്ധപ്രവർത്തനത്തിലൂടെ വികസനപ്രവർത്തനം നമ്മുടെ നാട്ടിൽ നടന്നിട്ടില്ല. സന്നദ്ധ സംഘടനകൾ, യുവജന, മഹിളതൊഴിലാളി, കർഷകസംഘടനകളേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സംഘടിപ്പിച്ചാൽ ഗ്രാമവികസനം, ഊർജ്ജിതമാക്കാനുള്ള സന്നദ്ധ വിഭവസമാഹരണം സാധ്യമാകും.

## പ്രശ്നങ്ങൾ:-

1 പഞ്ചായത്തിന്റെ വരുമാനസാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.

2 ഭരണച്ചിലവിന്റെ വർദ്ധനവിന് അനുസരിച്ച് വരവിനങ്ങൾ കൂട്ടുന്നില്ല.

3 ധനകാര്യസ്ഥാപനങ്ങളിൽനിന്നും കാർഷിക, ചെറുകിട വ്യവസായ മേഖലകളിൽ വായ്പ ലഭിക്കുന്നതിന് താമസം നേരിടുന്നു,

4 പ്രാദേശിക ആവശ്യങ്ങൾ അനുസരിച്ച് പുതിയ സ്കീമുകൾ തയ്യാറാകുന്നില്ല.

5 തിരിച്ചുവരവ് ഇല്ലാത്ത രീതിയിലുള്ള നിക്ഷേപങ്ങൾ ആണ് പൊതുഫണ്ടിൽനിന്നും നടത്തുന്നത്.

6 സന്നദ്ധ പ്രവർത്തനങ്ങൾ കുറവാണ്.

7 പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ സുതാര്യത കുറവ് അനുഭവപ്പെടുന്നു.

8 ഭൂമി വില്പനയിലെ ശരിയായ മതിപ്പുവില കാണിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാനം നഷ്ടപ്പെടുന്നു.

## സാധ്യതകൾ:–

1 കെട്ടിട നികുതി ഏകീകൃത രൂപം നല്കി പുനഃസംഘടിപ്പിക്കണം. ഗ്രാമസഭകളിൽ വാർഡുകളിലെ കെട്ടിട നികുതി പ്രഖ്യാപിക്കണം.

2 പഞ്ചായത്തിലെ വാണിജ്യ–കച്ചവട–സേവന സ്ഥാപനങ്ങൾ മുഴുവൻ രജിസ്റ്റർ ചെയ്ത് ലൈസൻസ് നൽകണം. ഇതിന് ചെറിയ ഫീസ് ഈടാക്കാവുന്നതാണ്. വായ്പകൾ, കറൻറ്-കണക്ഷനും ഇത്തരക്കാർക്ക് മുൻഗണന നൽകണം.

3 സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് (ചെറുകിട വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ) മുഴുവൻ തൊഴിൽ നികുതി ഏർപ്പെടുത്തണം.

4 പഞ്ചായത്ത് പരിധിയിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ (കാർ, ടെമ്പോ, ഓട്ടോ) പാർക്ക് ചെയ്യുന്ന ഏരിയ നിശ്ചയിച്ചു നൽകി പെർമിററ് കൊടുക്കുകയും, വാർഷിക ഫീസ് ചുമത്തുകയും ചെയ്യുക

5 പഞ്ചായത്തിലെ ഉയന്ന വരുമാനക്കാർക്ക് പരിധി നിശ്ചയിച്ച് വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തുക. ഇങ്ങിനെ സ്വരൂപിക്കുന്ന ഫണ്ട്, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുക.

6 കാർഷിക മേഖലയിലും ജലസേചനരംഗത്തും സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള വൻസാധ്യതകൾ ഉപയോഗപ്പെടുത്തണം.

7 അരിപ്പാലം സെൻറർ, നെററിയാട് സെൻറർ എന്നിവിടങ്ങളിൽ പൊതുകംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് വ്യക്തികൾക്ക് ലേലം ചെയ്ത് കൊടുക്കാവുന്നതാണ്. ആയതിൻെറ വരുമാനം ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

8 ബ്ലോക്കുതലത്തിലുള്ള ബാങ്കേഴ്സ് കമ്മിററിയുടെ രൂപത്തിൽ പഞ്ചായത്തിലെ എല്ലാ ധനകാര്യ സ്ഥാപനങ്ങളുടേയും ബാങ്കുകളുടേയും കമ്മിററി രൂപീകരിച്ച് പ്രവർത്തനം അവലോകനം ചെയ്യുക. വായ്പ മുൻഗണന നിശ്ചയിച്ച് കൊടുക്കുക.

9 പഞ്ചായത്തിൻെറ കൈവശമുള്ള പുറമ്പോക്ക് സ്ഥലത്തും മററു അക്വയർ ചെയ്യുന്ന സ്ഥലങ്ങളിലും സാധ്യത അനുസരിച്ച് ആഴ്ചച്ചന്ത തുടങ്ങാവുന്നതാണ്. ഈ വിധത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് കമ്മ്യൂണിററി ഹാൾ എന്നിവ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഗ്രാമവികസന ബോർഡ് മുതലായ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാകുന്നതാണ്.

10 ഗ്രാമപഞ്ചായത്തിൻെറ ഓരോ വർഷത്തേയും വരവ് ചിലവ് കണക്ക് അച്ചടിച്ച് പ്രസിദ്ധീകരിക്കുക. ഗ്രാമസഭകളിൽ അവതരിപ്പിക്കുക.

11 വനിതാസഹകരണസംഘങ്ങളുടേയും, മഹിളാസമാജങ്ങളുടേയും ക്രിസ്തീയസന്യാസിനീമഠങ്ങളുടേയും സന്നദ്ധസംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വനിതകളുടെ സാമ്പത്തിക ക്രയശേഷി വർദ്ധിപ്പിക്കാനുതകുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

12 പായമ്മൽ ശ്രീ ശത്രുഘ്നക്ഷേത്രം പുറമേനിന്നുള്ള ഏറ്റവും അധികം തീർത്ഥാടകർ വരുന്ന പഞ്ചായത്തിലെ കേന്ദ്രമാണ്. ഈ തീർത്ഥാടനകേന്ദ്രത്തെ കൂടുതൽ പ്രചരണത്തിൽ പ്രസിദ്ധമാക്കിയാൽ ഈ പ്രദേശത്ത് വൻവികസന സാധ്യതയാണുള്ളത്.

13 സ്കൂൾതലത്തിലെ സഞ്ചയിക യു. പി. സ്കൂൾതലം മുതൽ ശക്തമായി നടപ്പാക്കി വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുകയും, ആ തുക പ്രാഥമിക സർവ്വീസ് സഹ. ബാങ്കിലേക്ക് നിക്ഷേപമായി മാററാൻ പഞ്ചായത്ത് നിർദ്ദേശിക്കണം. പഞ്ചായത്തു പരിധിയിലുള്ള ഗവ. സ്ഥാപനങ്ങളുടെ പണപരമായ ഇടപാടുകൾ പഞ്ചായത്തിലെ സഹ. ബാങ്കിലൂടെ വരുത്തിയാൽ ബാങ്കിൻെറ ക്രയശേഷി വർദ്ധിക്കുകയും പഞ്ചായത്തിൻെറക്കൂടി നിർദ്ദേശങ്ങൾക്കനുസരിച്ച് ഉല്പാദനമേഖലയിലേക്ക് കൂടുതൽ വായ്പ നൽകാൻ ശേഷി ഉണ്ടാകുകയും ചെയ്യുന്നതാണ്.

ഊർജ്ജസ്വലമായ നടപടികളിലൂടെ പഞ്ചായത്തിൻെറ സാമ്പത്തികശേഷി വർദ്ധിപ്പിക്കുകയും സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യണം.

# പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പൂമംഗലം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ആസ്ഥാനം | : | അരിപ്പാലം |
| ഉൾപ്പെടുന്ന വില്ലേജ് | : | പൂമംഗലം വില്ലേജ് മുഴുവനും, മനവലശ്ശേരി വില്ലേജിന്റെ കുറച്ച് ഭാഗങ്ങളും |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളാങ്ങല്ലൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| ജില്ല | : | തൃശൂർ |
| നിയമസഭാ മണ്ഡലം | : | ഇരിങ്ങാലക്കുട |
| ലോകസഭാ മണ്ഡലം | : | മുകുന്ദപുരം |
| വിസ്തീർണ്ണം | : | 10.94 ച.കി.മി |
| അതിരുകൾ | | |
| വടക്ക് | : | ഇരിങ്ങാലക്കുട നഗരസഭ |
| തെക്ക് | : | വെള്ളാങ്ങല്ലൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | പടിയൂർ പഞ്ചായത്ത് |
| കിഴക്ക് | : | വേളൂക്കര, വെള്ളാങ്ങല്ലൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 11504 (1991ലെ സെൻസസ്) |
| സാക്ഷരതാ നിരക്ക് | : | 91.8% |
| വാർഡുകളുടെ എണ്ണം | : | എട്ട് |
| പ്രസിഡന്റിന്റെ പേര് | : | ശ്രീമതി. അംബികാചാത്തു |
| വൈ. പ്രസിഡന്റിന്റെപേര് | : | ശ്രീ.സി.പി.മാത്യു മാസ്റ്റർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീമതി. എം.കെ.കമലമ്മ |
| സെക്രട്ടറി | : | ശ്രീ.പി.എ.ഷാഹുൽഹമീദ് |
| ജില്ലാപഞ്ചായത്ത് മെമ്പർ | : | ശ്രീമതി. ശാരദ രാമൻ |
| ബ്ലോക്ക് പഞ്ചാ. മെമ്പർമാർ | : | ശ്രീ.വിൻസന്റ് ഊക്കൻ (വൈ.പ്രസി)<br>ശ്രീമതി രത്നം മാധവൻ |

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. ആമുഖം, ചരിത്രം, ഭൂപ്രകൃതി
   1. സി.പി.മാത്യുമാസ്ററർ
   2. കെ.എം.രാമകൃഷ്ണൻ
   3. വി.പി.ജി.മേനോൻ
2. കൃഷി, ജലസേചനം
   1. പി.പി.ജോയ്
   2. ട്രീസ മാത്യു (കൃഷി ഓഫീസർ)
   3. വത്സല (കൃഷി അസിസ്ററന്റ്)
   4. കെ.വി.ബാബുലാൽ
   5. ജോൺസൺ സി. ഊക്കൻ
   6. കെ.കെ.വത്സലൻ
3. മൃഗസംരക്ഷണം, മത്സ്യബന്ധനം
   1. വി.ആർ.പ്രഭാകരൻ
   2. കെ.കെ.ഗോപാലൻ മാസ്റ്റർ
   3. ഡോ.ഗീത (വെറ്ററിനറി സർജൻ)
   4. പി.പി.വിൻസെന്റ്
4. വ്യവസായം
   1. എം.കെ.കമലമ്മ
   2. ഡേവീസ് മാത്യു
   3. കെ.ബി.ദിനേഷ്
   4. കെ.വി.ജിനരാജദാസ്
   5. ടി.വി.രാധ
5. ഗതാഗതം, ഊർജ്ജം
   1. ഇ.ആർ.വിനോദ്
   2. മോഹൻദാസ്, (സബ്.എഞ്ചിനീയർ K.S.E.B)
   3. ജോസഫ് ജേക്കബ്
6. വിദ്യാഭ്യാസം
   1. യു.ചന്ദ്രശേഖരൻ
      - (സാമ്പത്തികസ്ഥിതിവിവരവകുപ്പ്)
   2. പി.സി.ജോസ്
7. വനിതാക്ഷേമം
   1. രേണുക രാമചന്ദ്രൻ
   2. വസന്തകുമാരി.എ.പി
   3. ലീല ചന്ദ്രൻ
   4. കെ.എം.ശാരദ

8. സാംസ്ക്കാരികം

1. സി.വിജയൻ
2. എൻ.എൻ.കൃഷ്ണൻകുട്ടി

9. ആരോഗ്യം, കുടിവെള്ളം, പരിസരശുചീകരണം

1. പി.എ.പോൾസൺ
2. ഡോ.ജോസഫ് കട്ടക്കയം
3. കെ.എം.ആന്റണി
4. കെ.സി.പ്രേമരാജൻ

10. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

1. ടി.കെ.കൊച്ചുമോൻ
2. എ.എം.ഭാസ്ക്കരൻ
3. എൻ.എൻ.സുരേഷ്ബാബു.

11. പട്ടികജാതിക്ഷേമം

1. അംബികചാത്തു
2. കെ.എം.ചന്ദ്രൻ
3. ഇ.വി.സുരേഷ്

12. സഹകരണസംഘം

1. ഇ. വിജയകുമാർ
2. കെ.കെ.തോമസ്
3. കെ.പി.ഔസേഫ്

13. വിഭവസമാഹരണം

1. പി.എ.ഷാഹുൽഹമീദ് (സെക്രട്ടറി)
2. എ.വി.ഗോകുൽദാസ്
3. പി.എസ് ബാലകൃഷ്ണൻ

## 9.11.96 ൽ നടത്തിയ പഠനപര്യടനത്തിൽ പങ്കെടുത്തവർ

1. അംബിക ചാത്തു (പഞ്ചായത്ത്പ്രസിഡന്റ്)
2. സി.പി.മാത്യു മാസ്റ്റർ (വൈ. പ്രസിഡന്റ്)
3. പി.പി.ജോയ് (വാർഡുമെമ്പർ)
4. ടി.കെ.കൊച്ചുമോൻ (വാർഡുമെമ്പർ)
5. രേണുക രാമചന്ദ്രൻ (വാർഡുമെമ്പർ)
6. ഡേവിസ് മാത്യു
7. ഇ.ആർ.വിനോദ്
8. ജോസഫ് ജേക്കബ്
9. കെ.സി.പ്രേമരാജൻ
10. എ.വി.ഗോകുൽദാസ്
11. കെ.എം.ചന്ദ്രൻ

# വികസന സെമിനാർ

## സ്വാഗതസംഘം

### രക്ഷാധികാരികൾ

1 ശ്രീ. പി. സി. ചാക്കോ എം. പി.

! ശ്രീ. ലോനപ്പൻ നമ്പാടൻ എം. എൽ. എ.

3 ശ്രീമതി. ശാരദാ രാമൻ ജില്ലാ പഞ്ചായത്ത് മെമ്പർ

4 ശ്രീ. വിൻസൻറ് ഊക്കൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ്

5 ശ്രീമതി. രത്നം മാധവൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

6 ശ്രീ കെ. കെ. ഗോപാലൻ മുൻ പഞ്ചായത്ത് പ്രസിഡൻറ്

ചെയർമാൻ—അംബിക ചാത്തു പഞ്ചായത്ത് പ്രസിഡൻറ്

വൈസ് ചെയർമാൻ—സി. പി. മാത്യൃ മാസ്റ്റർ, പഞ്ചായത്ത് വൈസ് പ്രസിഡൻറ്

കൺവീനർ—പി. എസ്. ബാലകൃഷ്ണൻ

## സബ് കമ്മററികൾ

### ധനകാര്യം

കെ. എം. രാമകൃഷ്ണൻ കൺവീനർ
എം. കെ. കമലമ്മ സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ
പി.പി. ജോയ് മെമ്പർ
വി. ആർ. പ്രഭാകരൻ മെമ്പർ

### 2 പ്രചരണം-സ്വീകരണം

പി. എ. പോാംസൺ–ചെയർമാൻ
എ. വി. ഗോകുൻദസേ്–കൺവീനർ
കെ. എം. ആൻറണി
ഇ. കെ. കുട്ടപ്പൻ
കെ. ബി. ദിനേഷ്
ജോൺ ബോസ്കോ
പ്രിൻസ് വർഗ്ഗീസ്
വി. പി. ജി. മേനോൻ

### 3 ഭക്ഷണം

രേണുകാ രാമചന്ദ്രൻ – ചെയർമാൻ
കെ. എം. ശാരദ – കൺവീനർ
ടി. കെ. കൊച്ചുമോൻ – മെമ്പർ
വിജയൻ ചിററത്തു്
കെ. എം. രഘു
കെ. കെ. തോമാസ്
കെ. പി. ജഗദീഷ്
ലീല ചന്ദ്രൻ
ഇ. ആർ. വിനോദ്

### 4 രജിസ്ട്രഷൻ

ഇ. വിജയകുമാർ – കൺവീനർ
യു. ചന്ദ്രശേഖരൻ
കെ, സി. പ്രേമരാജൻ
കൃഷ്ണൻകുട്ടി എൻ. എൻ.
കെ. വി. ഉണ്ണികൃഷ്ണൻ
പി. എം, ഡേവിസ് മാത്യു

കാർഷിക വിളകളേയും കാർഷിക വൃത്തിയേയും മാത്രം ആശ്രയിച്ചു കഴിയുന്ന ചെറുകിട നാമമാത്ര കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും പഞ്ചായത്താണ് പൂമംഗലം. സ്വാതന്ത്ര്യം സമ്പാദിച്ച് 49 വർഷം കഴിഞ്ഞിട്ടും വെള്ളം, വെളിച്ചം, പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എത്തിച്ചേരാത്ത എത്രയോ കുടുംബങ്ങൾ. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ എത്രയോ പോരായ്മകൾ. ഇല്ലായ്മകളുടെ ഈ ലോകത്തു നിന്നുകൊണ്ട് 'ജനകീയപങ്കാളിത്തത്തോടുകൂടി വികസനം' എന്ന സങ്കല്പത്തെ വളരെയേറെ ആവേശത്തോടുകൂടി ഒരു വിഭാഗം ശ്രദ്ധിക്കുന്നുണ്ട്. ഇല്ലായ്മകളിൽനിന്നും വല്ലായ്മകളിൽനിന്നും വിമുക്തമായ ഒരു പൂമംഗലത്തിനായി വരുംകാലങ്ങളിൽ നമുക്കൊത്തുചേർന്ന് പ്രവർത്തിക്കാം.

# പഞ്ചായത്ത് ജീവനക്കാർ

1 ശ്രീ. പി. എ ഷാഹുൽ ഹമീദ് (സെക്രട്ടറി)

2 ശ്രീ. എം. കെ. ചാത്തുക്കുട്ടി (ഹെഡ് ക്ലർക്ക്)

3 ടി ജാനകിക്കുട്ടി (യു. ഡി. ക്ലർക്ക്)

4 പി. സി ശ്രീധരൻ (എൽ. ഡി. ക്ലർക്ക്)

5 പി ബി. മുഹമ്മദലി ,,

6 എ. ഐ. സുലേഖ ,,




# അധികാരം ജനങ്ങൾക്ക്


- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

# പുത്തൻചിറ ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണ പ്രസ്ഥാനം




# വികസന രേഖ



# പുത്തൻചിറ ഗ്രാമ പഞ്ചായത്ത്

1996

**ചീഫ് എഡിറ്റർ**

ദേവരാജൻ അരങ്ങത്ത്

**എഡിറ്റേഴ്സ്**

ടി.കെ. സന്തോഷ്
എം.കെ. ഹരിലാൽ

**സബ് എഡിറ്റേഴ്സ്**

ഇ.എസ്. ശശീധരൻ
ഷമേജ് മാനാംഞ്ചേരി
സുധീഷ് മുണ്ടശ്ശേരി
കെ.ബി. കരീം
സി.എം. രവീന്ദ്രൻ
എം.ടി. വർഗ്ഗീസ്
തങ്കമണി രാജൻ
ഭരതൻപിള്ള

**ഉപദേശക സമിതി**

ഇ.കെ. ദിവാകരൻപോറ്റി മാസ്റ്റർ
എൻ.എസ്. കാർത്തികേയൻ മാസ്റ്റർ
എം.കെ. മോഹൻദാസ്
ടി.കെ. ഉണ്ണികൃഷ്ണൻ
വി.എൻ. വിഷ്ണു നമ്പൂതിരി
ടി.എൻ. വേണു.
എ.എം. അലി

D.T.P. & Designing :
**Flix Computers,**
Thekkemadam, Thrissur - 1
Ph : 398126

Printed at :
**West Fort Offset Printers,**
Thrissur - 4
Ph : 22330, 22340

Cover Designed By :
P.B. Radhakrishnan Puthenchira



"നേടിയ നേട്ടങ്ങളുടെ ശക്തിയും
നേടേണ്ടതിനെക്കുറിച്ചുള്ള ബോധവും
വെല്ലുവിളികൾക്കെതിരെ സമന്വയിപ്പിച്ചാൽ മാത്രമേ
'നല്ലൊരു നാളെ' നമുക്കും സ്വന്തമാക്കാനാകൂ"

പ്രിയമുള്ളവരെ,

ചൂഷണരഹിതമായ ഒരു നവയുഗം പടുത്തുയർത്തുവാൻ നമുക്ക് മുമ്പെ കടന്നു പോയവർ ചോരയും ജീവനും നല്കി നേടിത്തന്നതാണ് നാം ഇന്നനുഭവിക്കുന്ന എല്ലാ ഗുണങ്ങളും. എന്നാൽ കാലത്തിന്റെ രഥചക്രങ്ങൾ ആയിരത്താണ്ടുകളായി തിരിഞ്ഞ് നാം ആഗ്രഹിച്ച നിലവാരവും അന്തസ്സും മഹനീയതയും ലോകക്രമത്തിൽ ഇന്നും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. എവിടേയും അഴിമതിക്കാരുടേയും കവർച്ചക്കാരുടേയും ക്രമം തെറ്റിയ കാൽവെപ്പുകൾ നമ്മുടെ ജീവിതത്തെ അലങ്കോലപ്പെടുത്തികൊണ്ടിരിക്കുന്നു. ജീർണ്ണിച്ച സാമൂഹ്യ വ്യവസ്ഥിതിക്കു മീതെ തകർന്നടിഞ്ഞ സമ്പദ് വ്യവസ്ഥ കൂടിയാകുമ്പോൾ എല്ലാം നമ്മൾ തന്നെ മാറ്റിമറിക്കേണ്ടിയിരിക്കുന്നു. അതിനു കഴിയുന്നതായിരിക്കണം നമ്മുടെ ഓരോ വാക്കും ഓരോ പ്രവർത്തിയും. നമ്മുടെ വാക്കുകൾക്ക് ജീവൻ വയ്ക്കുന്നത് ഒൻപതാം പദ്ധതിയുടെ വിജയത്തിലൂടെ നമുക്ക് ദർശിക്കാം.
ആ പുത്തൻ അരുണോദയത്തിനായി നമുക്ക് ഒരുമിക്കാം.

എന്ന്,

**പി. സൗദാമിനി**
പ്രസിഡണ്ട്
പുത്തൻചിറ ഗ്രാമപഞ്ചായത്ത്.

# താളുകൾക്കിടയിൽ



1. ആമുഖം
2. സാമൂഹിക സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതിയും വിഭവങ്ങളും
    1. ഭൂപ്രകൃതി
    2. കാലാവസ്ഥ
    3. ജലസമ്പത്ത്
4. വികസന മേഖലാ അവലോകനം
    1. കൃഷി, ജലസേചനം
    2. മൃഗ സംരക്ഷണം
    3. മത്സ്യകൃഷി
    4. വിദ്യാഭ്യാസം
    5. ആരോഗ്യം
    6. കുടിവെള്ളം
    7. വ്യവസായം
    8. ഗതാഗതം
    9. ഊർജ്ജം
    10. ഭവനനിർമ്മാണം
    11. സാമൂഹ്യക്ഷേമം
    12. സംസ്കാരം
    13. വനിത
    14. സഹകരണമേഖല
    15. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
    16. വിഭവ സമാഹരണം


"കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ"


## പഞ്ചായത്ത് ഭരണസമിതി



പി. സൗദാമിനി
പ്രസിഡണ്ട്



സി.എ. പോൾസൺ
വൈസ് പ്രസിഡണ്ട്



എം.കെ. സഹദേവൻ
ചെയർമാൻ
സ്റ്റാൻറിംഗ് കമ്മിറ്റി



ടി.എ. കാസിം
വാർഡ് മെമ്പർ



മേരി ജോയ്
വാർഡ് മെമ്പർ



ആനി തോമസ്
വാർഡ് മെമ്പർ



വി.സി. പേങ്ങൻ
വാർഡ് മെമ്പർ



ക്ലീറ്റസ് പട്ടേരി
വാർഡ് മെമ്പർ



കെ.എ. കമലമ്മ
വാർഡ് മെമ്പർ



കസ്തൂർബ ചന്ദ്രൻ
വാർഡ് മെമ്പർ

## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



പി.യു. കൃഷ്ണൻ
1960-63



സി.ഒ.കുഞ്ഞിതോമൻ
1963-68



കെ.കെ. ശീലാവതി
1968-72

പി.യു. ഔസേഫ്
1972-76



ആൻറണി മാസ്റ്റർ
1977-79




എ.എം. അലി
1979-84



വി.എൻ.വിഷ്ണുനമ്പൂതിരി
1988-92



വി.സി. പേങ്ങൻ
1992-95



പി.എസ്. ഗിരിജൻ
സെക്രട്ടറി

1

# ആമുഖം

**1997**-ഏപ്രിൽ 1-ാം തിയ്യതി 9-ാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളുടെ കാലത്തുണ്ടായ നേട്ടങ്ങൾ പരിരക്ഷിക്കുകയും കോട്ടങ്ങൾ തീർക്കുകയും ചെയ്യുന്നതിന് 'ആസൂത്രണം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം ഇന്ത്യയിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. കേരളീയ ജനതയ്ക്ക് അതിനുള്ള അവസരം കൈവന്നിരിക്കുന്ന അസുലഭ മുഹൂർത്തമാണ് 9-ാം പദ്ധതി. 8 പദ്ധതികളിൽ നിന്നും വ്യത്യസ്തമായി 9-ാം പദ്ധതി ജനകീയമാക്കാൻ കേരള സർക്കാരും കേരള ആസൂത്രണ ബോർഡും, സർവ്വോപരി കേരള ജനതയും ഒരുമിച്ചു കൈകോർക്കുവാൻ നിശ്ചയിച്ചിരിക്കുന്നത് തികച്ചും ആവേശകരമാണ്. ഒട്ടുവളരെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും കഴിഞ്ഞ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ ഉണ്ടായിരുന്ന ഏറ്റവും വലിയ പോരായ്മ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കും അവസരം നല്കിയിരുന്നില്ല എന്നതാണ്. അതുകൊണ്ട് തന്നെ വികസനങ്ങളുടെ മുകളിൽ നിന്ന് കീഴോട്ടുള്ള കുത്തൊഴുക്കിൽ തകർന്നടിഞ്ഞ് സാധാരണക്കാരന്റെ പരമപ്രധാനങ്ങളായ ജനകീയാവശ്യങ്ങളായിരുന്നു.

അതതു പ്രദേശത്തെ സ്ഥല ജല വിഭവസമ്പത്ത് ഉപയോഗപ്പെടുത്തി വികസനം നടത്തുന്നതിനു പകരം, ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായ, ഡിപ്പാർട്ടുമെന്റിന്റെ പദ്ധതികളാക്കി മാറ്റിയതിനാൽ ജനങ്ങൾക്ക് സ്വന്തം പ്രദേശങ്ങളിലെ ആവശ്യങ്ങളെ സംബന്ധിച്ച് തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല.

നമ്മുടെ കൈയ്യിൽ എന്തുണ്ട് എന്നന്വേഷിക്കാതെ കാലാനുസൃതമായി നടപ്പിലാക്കേണ്ട ഒരു ചടങ്ങാക്കി വികസനത്തെ കൈകാര്യം ചെയ്തപ്പോൾ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്നത് കാലതാമസം, ഉത്തരവാദിത്വമില്ലായ്മ മുൻഗണനാക്രമമില്ലായ്മ, ദുർവ്യയം എന്നിവയിലൂടെ കടന്നുവന്ന് അഴിമതിയിലവസാനിക്കുന്ന വികസന രൂപമായിരുന്നു. ഇതിന്റെ ഫലമായി ദുർബലമായ ഉല്പാദന മേഖലയും മുരടിച്ച വികസനവും നമ്മുടെ മുന്നിലെ പ്രശ്നങ്ങളായി മാറുകയായിരുന്നു.



186

ഇവിടെയാണ് "ആസൂത്രണത്തിൽ ജനപങ്കാളിത്തം" എന്ന വിപ്ലവകരമായ മുദ്രാവാക്യത്തിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനുള്ള ജനകീയ മുന്നേറ്റത്തിൽ, ഓരോ പ്രദേശത്തെയും ഭൂവിഭവസമ്പത്തും ആവശ്യങ്ങളും കണക്കിലെടുത്ത് പരിപാടികൾക്ക് രൂപം നല്കാൻ ജനങ്ങൾക്ക് കഴിയും. ഓരോ വിഭവങ്ങളുടെയും പരസ്പര ബന്ധം മനസ്സിലാക്കി സംയോജിതമായ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ വികസനത്തിനാവശ്യമായ പല വിഭവങ്ങളും പ്രാദേശികമായി സമാഹരിക്കുവാൻ കഴിയും.

പഞ്ചായത്തു ഭരണ സമിതികളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകളെയും വിദഗ്ദരെയും ഉദ്യോഗസ്ഥരെയും പ്രാദേശികമായി കോർത്തിണക്കുമ്പോൾ നമുക്ക് ലഭ്യമാകുന്നത് ഇതുവരെ നേടാൻ കഴിയാതിരുന്ന മനുഷ്യാദ്ധ്വാനം എന്ന ഏറ്റവും വലിയ വിഭവ സമ്പത്താണ്.

ജനകീയാസൂത്രണ പരിപാടിയുടെ പ്രാരംഭ പ്രവർത്തനമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം പ്രവർത്തകർക്കുള്ള 1-ാം ഘട്ട -പരിശീലനം സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നു. വിശേഷാൽ ഗ്രാമസഭകൾ ഫലപ്രദമായി നടക്കുന്നതിനുവേണ്ട ട്രെയിനിങ്ങ് നൽകുകയായിരുന്നു ഒന്നാംഘട്ട പരിശീലനം കൊണ്ടുദ്ദേശിച്ചത്.

ഗ്രാമസഭകളിൽ 8 ഗ്രൂപ്പുകളിലായി വിവിധ വികസന മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും സജീവമായ ചർച്ചകൾ നടക്കുകയുണ്ടായി. കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം, വിദ്യാഭ്യാസം, സംസ്കാരം, ഊർജ്ജം, ഗതാഗതം, സഹകരണം, വിഭവ സമാഹരണം, മാർക്കറ്റിംഗ്, വനിതാക്ഷേമം, പട്ടികജാതി - പട്ടിക വർഗ്ഗ വികസനം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളെക്കുറിച്ചാണ് ചർച്ചകൾ നടന്നത്. 10 വാർഡുകളുള്ള പുത്തൻചിറ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തത് 8-ാം വാർഡിലെ ഗ്രാമസഭയിലാണ് (297 പേർ).

എല്ലാ ഗ്രാമസഭകളിലും സ്ത്രീകളുടെ പ്രാതിനിധ്യം നല്ല രീതിയിൽ ഉണ്ടായിരുന്നു. ഗ്രാമസഭകളിൽ നടന്ന ഗ്രൂപ്പ് ചർച്ചകളെ നിയന്ത്രിക്കാനും നിർദ്ദേശങ്ങൾ ക്രോഡീകരിക്കാനും, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 96 സന്നദ്ധ പ്രവർത്തകർക്ക് 14-9-96 ൽ പുത്തൻച്ചിറ വടക്കുംമുറി ഗവ: സ്കൂളിൽ വച്ച് ഒരു ഏകദിനക്ലാസ്സ് നടത്തുകയുണ്ടായി. പഞ്ചായത്ത് മെംബർമാരുടെയും, സന്നദ്ധ പ്രവർത്തകരുടെയും, നേതൃത്വത്തിൽ വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയ വിവര ശേഖരണം നടത്തുകയുണ്ടായി. പഞ്ചായത്തിലെ തന്നെ അനുഭവ സമ്പന്നരായ പ്രായക്കൂടുതലുള്ള ആളുകളിലൂടെയും മറ്റു മേഖലകളിൽ വിദഗ്ദരായിട്ടുള്ളവരിലൂടെയും പഞ്ചായത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക, ചരിത്ര പശ്ചാത്തലം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.

രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സന്നദ്ധ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും ഒരു ഏകദിന ക്യാമ്പ് 30-10-96-ന് ജി.എൽ.പി.എസ് വടക്കും മുറിയിൽ നടന്നു. ഈ ക്യാമ്പിൽ വെച്ച് പ്രാഥമികം, ദ്വിതീയം, തൃതീയം എന്നീ 3 മേഖലകളിലായി ക്ലാസ്സുകളും ചർച്ചകളും നടന്നു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള വീഡിയോ ക്ലാസും നടന്നു. പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് പഞ്ചായത്തിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന പ്രദേശമായ പുലയൻ തുരുത്തിൽ നിന്നും മറ്റു ഭൂപ്രകൃതി മേഖലകളെ ബന്ധപ്പെടുത്തി വടക്കേയറ്റമായ കുറുങ്ങംപാടം-പാറപ്പെട്ട പാടശേഖരം വരെ പഠന പര്യടനം നടത്തുകയുണ്ടായി. 10 കിലോമീറ്റർ സഞ്ചരിച്ച ഈ പഠനപര്യടന സംഘം പഞ്ചായത്തിലെ ഉയർന്ന



187

സമതലങ്ങളിലെയും, കുന്നിൻ ചെരിവിലെയും, താഴ്ന്ന പ്രദേശങ്ങളിലെയും, ചതുപ്പുകളിലെയും, മൺതരങ്ങളുടെ സവിശേഷത, സസ്യാവരണണം. കാർഷിക വിളകൾ; മേഖലകളിലെ പാരമ്പര്യ ജല സ്രോതസ്സുകൾ, കോളനികളിലെ ഭൗതീക സാഹചര്യങ്ങൾ, ഈ മേഖലകളിലെ വികസനത്തിൻെറ സാധ്യതകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി.

ഗ്രാമസഭകളിലെ ഗ്രൂപ്പു തിരിഞ്ഞുള്ള ചർച്ചകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും, ദ്വിതീയ വിവരശേഖരണത്തിലൂടെയും വിവിധ മേഖലകളിലെ വിദഗ്ദരുടെയും, ഉദ്യോഗസ്ഥരുടെയും, കാരണവന്മാരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചും; പഠനപര്യടനത്തിലൂടെ ലഭിച്ച വിവരങ്ങളിലൂടെയും ഒരു വികസന റിപ്പോർട്ട് തയ്യാറാക്കൽ പ്രവർത്തനം പൂർത്തിയാക്കി. 48 പേർ ഈ പ്രവർത്തനത്തിൽ പങ്കാളികളായി.

## പൊതുവിവരവും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | ; | പുത്തൻചിറ ഗ്രാമ പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | ; | വെള്ളാംങ്ങല്ലൂർ |
| താലൂക്ക് | ; | മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | ; | മാള |
| റവന്യൂ ജില്ല | ; | തൃശൂർ |
| വിസ്തീർണ്ണം | ; | 22.29. ച.കി.മി. |
| അതിരുകൾ | ; | വടക്ക് - വെള്ളാംങ്ങല്ലൂർ, വേളൂക്കര പഞ്ചായത്തുകൾ<br>കിഴക്ക് - വേളൂക്കര, മാള പഞ്ചായത്തുകളും അതിർത്തിയിലൂടെ കടന്നു പോകുന്ന അരീക്കത്തോടും.<br>തെക്ക് - പൊയ്യപ്പുരപ്പ്, പൊയ്യ പഞ്ചായത്ത്<br>പടിഞ്ഞാറ് - വെള്ളാംങ്ങല്ലൂർ പഞ്ചായത്തും, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയും. |
| ജനസംഖ്യ | ; | 19804 (1991) |
| വാർഡുകൾ | ; | 10 |
| പ്രസിഡണ്ടിൻെറ പേര് | ; | ശ്രീമതി പി. സൗദാമിനി |
| വൈസ് പ്രസിഡണ്ടിൻെറ പേര് | ; | ശ്രീ.സി.എ. പോൾസൺ. |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | ; | ശ്രീ. എം.കെ. സഹദേവൻ |

**പഞ്ചായത്തിലുള്ള വിവിധ വകുപ്പുകളിലെ ഓഫീസുകൾ**

1. കൃഷിഭവൻ
2. വില്ലേജ് ഓഫീസ്
3. പ്രൈമറി ഹെൽത്ത് സെൻറർ
4. ആയുർവ്വേദ ഡിസ്പെൻസറി
5. ഹോമിയോ ഡിസ്പെൻസറി
6. വെറ്റിനറി ഡിസ്പെൻസറി
7. സബ് - എഞ്ചിനിയർ ഓഫീസ്, കെ.എസ്.ഇ.ബി.
8. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

2

# സാമൂഹിക-സാംസ്കാരിക-ചരിത്രം


## 1. സ്ഥലനാമ ചരിത്രം

പുത്തൻചിറയുടെ നാമകരണവുമായി ബന്ധപ്പെട്ട് ഐതിഹ്യങ്ങളെയും വായ്മൊഴികളെയും ആസ്പദമാക്കി നിരവധി അഭിപ്രായങ്ങൾ നിലവിലുണ്ട്. പുത്തൻചിറയുടെ സമീപ പ്രദേശമായ കൊടുങ്ങല്ലൂർ പുരാതനകാലത്തു തന്നെ വിദേശവ്യാപാര ബന്ധമുള്ള ഒരു സ്ഥലമായിരുന്നു. ഇന്ന് കൊടുങ്ങല്ലൂർ എന്നറിയപ്പെടുന്ന ഈ സ്ഥലം മുമ്പ് മഹാദേവർ പട്ടണം, മാല്യങ്കര, മുസിരീസ്സ്, മുസിരിക്കോട്, തിരുവഞ്ചിക്കുളം എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ പുത്തൻചിറയുൾപ്പെട്ട പ്രദേശത്തെ മഹാദേവർപട്ടണം എന്നാണ് പറഞ്ഞിരുന്ന്. 2-ാം നൂറ്റാണ്ടിലോ, 3-ാം നൂറ്റാണ്ടിലോ പെരുമാക്കന്മാർ കൃഷിയുടെ സൗകര്യത്തിനായി വിശേഷരീതിയിൽ ഇവിടെ ഒരു ചിറ പണി കഴിപ്പിച്ചു. അന്നു മുതൽക്ക് മഹാദേവർ പട്ടണമെന്ന സാമാന്യമായ പേരു മാറി ഈ പ്രദേശത്തിന് പുത്തൻചിറ എന്ന പേരുണ്ടായി എന്നു പറയുന്നു. ചേരമാൻ പെരുമാൾ 'പുത്തൻ' (പഴയ കാലത്തെ നാണയം) വിതറി ചിറ കെട്ടേണ്ട സ്ഥലം കാണിച്ചു കൊടുത്തുവെന്നും അന്നു മുതൽ ആ ചിറയുടെ അടുത്തുള്ള പ്രദേശങ്ങൾക്ക് പുത്തൻചിറ എന്ന പേര് സിദ്ധിച്ചുവെന്നും പറയുന്നുണ്ട്. ചരിത്രാതീതകാലം മുതൽ തന്നെ ഈ പ്രദേശത്തിന് ഈ പേര് സിദ്ധിച്ചതായിട്ടാണ് ചരിത്ര വസ്തുതകളിൽനിന്നും കാണുന്നത്. പുത്തൻചിറ വില്ലേജിൻെറ തെക്കേ അതിർത്തിയിൽ ഉപ്പുവെള്ളം കയറാതിരിക്കുന്നതിനു ഒരു കരങ്കൽചിറ നിർമ്മിച്ചുവെന്നും (കരിങ്ങാച്ചിറ) അതിൻെറ വടക്കുള്ള ഭൂവിഭാഗത്തെ പുത്തൻചിറ എന്നു വിളിച്ചുവെന്നും ന്യായമായി അനുമാനിക്കാം.

വളരെ പഴക്കം ചെന്ന ആധാരത്തിൽ മഹാദേവർ പട്ടണത്തിൽപ്പെട്ട പുത്തൻചിറയെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

## പ്രാചീന ചരിത്രം

ഒമ്പതാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ചേര സാമ്രാജ്യം ചിന്നഭിന്നമായതോടെ ചെറിയ പ്രദേശങ്ങൾ പ്രാദേശിക ഭരണാധികാരികളുടെ ആധിപത്യത്തിൽ ആകുകയുണ്ടായി. അതിൻെറ ഭാഗമായി മഹാദേവർപട്ടണവും പുത്തൻചിറയുമെല്ലാം കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായി. കോഴിക്കോട്



കരിങ്ങാച്ചിറയിലെ തിരുവിതാംകൂർ അഞ്ചൽപ്പെട്ടി

പുത്തൻചിറ കൊച്ചി രാജ്യത്തിൽ ലയിച്ചു. ക്രിസ്തുവർഷം 1761-ൽ സാമൂതിരിപ്പാട് കൊച്ചിയെ ആക്രമിച്ചു. അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്നത് രാമവർമ്മ മഹാരാജാവായിരുന്നു. കൊച്ചിരാജാവ് സാമൂതിരിയെ ഓടിക്കുന്നതിന് തിരുവിതാംകൂറിന്റെ സഹായം അപേക്ഷിക്കുകയാൽ അവർ തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കുകയും അതു പ്രകാരം കൊച്ചിയുടെ വക ആലങ്ങാട്, പറവൂർ എന്നീ സ്ഥലങ്ങൾ തിരുവിതാംകൂറിന് വിട്ടുകൊടുക്കുകയും ചെയ്തു. ധീരനായിരുന്ന തിരുവിതാംകൂർ ദിവാൻ അയ്യപ്പൻ മാർത്താണ്ഡപിള്ള സാമൂതിരിയെ തോല്പിച്ച് ഓടിക്കുകയും വിജയത്തിൽ സന്തുഷ്ടനായ രാജാവ് പുത്തൻചിറ അദ്ദേഹത്തിന് നൽകുകയും ചെയ്തു. അദ്ദേഹം ഈ സ്ഥലം മഹാരാജാവിനു സമർപ്പിച്ചു. അന്നുമുതൽ തിരുകൊച്ചി സംയോജനം വരെ (1949) കൊച്ചിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഏക തിരുവതാംകൂർ വില്ലേജ് ആയിരുന്നു പുത്തൻചിറ. പിന്നീട് തിരു-കൊച്ചി സംയോജനത്തെ തുടർന്ന് തൃശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽപ്പെടുന്ന ഒരു വില്ലേജ് ആയി പുത്തൻചിറ തുടർന്നു വരുന്നു. 1761-ൽ ഫലഭൂയിഷ്ഠമായ ഈ പ്രദേശം തിരുവിതാംകൂറിനു ലഭിച്ചതുമുതൽ 1949 വരെ ഇവിടെ നിന്ന് ലഭിക്കാവുന്ന കരവും മറ്റും തിരുവിതാംകൂർ സ്റ്റെയ്റ്റ്, ഉദ്യോഗസ്ഥരെകൊണ്ട് പിരിച്ചു

സാമൂതിരിയുടെ രാജ്യാതിർത്തി തെക്കോട്ടു വ്യാപിപ്പിച്ചപ്പോൾ കൊടുങ്ങല്ലൂരും സമീപപ്രദേശമായ പുത്തൻചിറയും സാമൂതിരിയുടെ രാജ്യാതിർത്തിയിൽപ്പെട്ടു. 18-ാം നൂറ്റാണ്ടിൽ കൊച്ചി രാജാവ് സാമൂതിരിയുടെ രാജ്യത്തിൽപ്പെട്ട തെക്കൻ പ്രദേശങ്ങൾ കൈവശപ്പെടുത്തിയപ്പോൾ

കൊണ്ടുപോയിരുന്നു. ഇവിടെ വികസനം ഒന്നും നടത്തിയിട്ടില്ലെന്നു മാത്രമല്ല, സ്വതന്ത്രമായി ഈ വില്ലേജ് വിട്ട് പുറത്തു പോകുന്നതിനോ,തിരിച്ച് വരുന്നതിനോ, ക്രയവിക്രിയങ്ങൾ നടത്തുന്നതിനോ ഈ പ്രദേശത്ത് ജീവിച്ചിരുന്നവർക്ക് സാധിച്ചിരുന്നുമില്ല.

തിരുകുടുംബ സഭാ സ്ഥാപക, ദൈവദാസി മദർ മറിയംത്രേസ്യ ജനിച്ചത് പുത്തൻചിറയിലാണ്. 1876-ൽ ജനിച്ച അവരെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും ദൈവദാസി എന്ന പദവിയിലേക്ക് ഉയർത്തുകയും പുണ്യവതിയായി നാമകരണം ചെയ്യുകയും അവരുടെ സ്മരണ നിലനിർത്തുന്ന നിരവധി വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിൻെറ മദ്ധ്യഘട്ടത്തിനു മുൻപായി, ദേശീയ പ്രസ്ഥാനത്തിൻെറയും കർഷക ബഹുജന പ്രസ്ഥാനങ്ങളുടെയും പ്രക്ഷോഭണങ്ങളിലൂടെ പുത്തൻചിറ ദേശീയ ധാരയിലേക്ക് പ്രവേശിച്ചു.

രണ്ടാം ലോക മഹായുദ്ധം പൊട്ടിപുറപ്പെട്ട കാലഘട്ടത്തിൽ ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ ''ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുക'' എന്ന മുദ്രാവാക്യമുയർത്തി ദേശീയ പ്രസ്ഥാനവും കർഷക സംഘങ്ങളും യോജിച്ച് ദേശവ്യാപകമായി പ്രക്ഷോഭണങ്ങൾ നടത്തി. 1940-41 കാലഘട്ടത്തിൽ ഇരിങ്ങാലക്കുടയിൽ വച്ചുണ്ടായ ''ഭക്ഷ്യോൽപാദന'' മഹാസമ്മേളനത്തിൻെറ ആവേശമുൾക്കൊണ്ടുകൊണ്ട് ഇതിൽ പങ്കെടുത്ത കർഷക സംഘാംഗങ്ങൾ പുത്തൻചിറ - മാണിയംകാവ് പ്രദേശത്തെ തരിശായികിടന്നിരുന്ന



കരിങ്ങാച്ചിറയിലെ തിരുവിതാംകൂർ പോലീസ്സ്റ്റേഷൻ

സ്ഥലത്ത് പ്രവേശിച്ച് കപ്പ തുടങ്ങിയുവ കൃഷി ചെയ്തു. അന്നത്തെ കാലഘട്ടത്തിൽ ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇത് ഒരു വലിയ സംഭവമായി പറയുന്നുണ്ട്.

1940നു ശേഷമുള്ള കാലഘട്ടത്തിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രാദേശികഘടകങ്ങൾ രൂപീകരിച്ച് ഈ കർഷകഗ്രാമത്തെ സ്വതന്ത്ര സമരപരിപാടികളിൽ ഭാഗഭാക്കാക്കി.

1947-ൽ സ്വാതന്ത്ര്യ സമര പ്രഖ്യാപന ദിവസം മുതൽ തന്നെ ദേശീയോൽഗ്രഥന ചിന്തയുടെ ഭാഗമായി നാട്ടുരാജ്യങ്ങളുടെ അതിർത്തി ഇല്ലാതാക്കി. നാട്ടു രാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കണമെന്ന ആവശ്യമുയർത്തിക്കൊണ്ടുള്ള ബഹുജന പ്രക്ഷോഭണങ്ങൾ നടത്തിയിട്ടുണ്ട്.

ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായപ്പോൾ അതിനെ സ്വാഗതം ചെയ്തുകൊണ്ട് ഈ പഞ്ചായത്തിൽ മഹായോഗങ്ങൾ നടന്നിട്ടുണ്ട്. ജാതിവിരുദ്ധ പ്രക്ഷോഭത്തിന്റെ ഭാഗമായി തൃച്ചക്രപുരം ക്ഷേത്രക്കുളത്തിൽ അവർണ്ണരെയും അധഃസ്ഥിതരെയും കൊണ്ടുപോയി കൂട്ടസ്നാനം നടത്തിയ സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്.

തൃച്ചക്രപുരം ദേവസ്വത്തിന്റെ കീഴിലുള്ള കുറുങ്ങാംപാടവും വാഴപ്പിള്ളി മനയുടെ അധീനതയിലുള്ള വില്വമംഗലം നെൽപാടങ്ങളും ചെറിയ ജന്മിമാരുടെ കീഴിലുള്ള പാട്ട ഭൂമികളായിരുന്നു. ഇവരെ ഒഴിപ്പിക്കുന്നതിനും, പാട്ടം കൂട്ടുന്നതിനുമുള്ള ജന്മിമാരുടെ ശ്രമങ്ങൾക്കെതിരെ പ്രക്ഷോഭണങ്ങളും സമര ജാഥകളും, കർഷക-കർഷക തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ നടന്നത് ഈ പ്രദേശത്തെ ഇളക്കിമറിച്ച സംഭവങ്ങളാണ്.

1930-കളിൽ കോൺഗ്രസ് സംഘടന ഇവിടെ രൂപം കൊണ്ടു. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളിൽ ജനങ്ങൾ പങ്കാളികളായിരുന്നു 50 കളുടെ തുടക്കത്തിൽ പുത്തൻചിറയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം തുടങ്ങി. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടുകൂടി സാധാരണ ജനങ്ങൾ ഭൂവുടമകളായി മാറി. അയിത്തത്തിനും ആരാധനാനിഷേധത്തിനും വിദ്യാഭ്യാസ വിലക്കുകൾക്കുമെതിരെ കേരളത്തിൽ നടന്ന ഐതിഹാസിക സമരങ്ങളുടെ അലകൾ പുത്തൻചിറയിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

നിരവധി ജന മുന്നേറ്റങ്ങളിലൂടെ ചരിത്രത്തിൽ സ്ഥാനം പിടിച്ച പുത്തൻചിറ ഇന്ന് വികസനപരമായ ഒട്ടുവളരെ വെല്ലുവിളികളെ നേരിടുകയാണ്. കാർഷിക രംഗത്തെ മുരടിപ്പും, വ്യവസായ സ്ഥാപനങ്ങളുടെ കുറവും, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പോരായ്മകളും, ജലസേചന സംവിധാനങ്ങളുടെ അപര്യാപ്തതയും പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നവും, സ്ത്രീകളുടെയും യുവാക്കളുടെയും തൊഴിലില്ലായ്മയും മറ്റും ഇന്നു പുത്തൻചിറ നേരിടുന്ന സങ്കീർണമായ പ്രശ്നങ്ങളാണ്.

കാർഷിക-വ്യവസായ മേഖല വികസിപ്പിക്കുന്നതിന് അനുകൂലമായ പശ്ചാത്തലം ഇവിടെയുണ്ട്. പ്രാദേശികാസൂത്രണത്തിന്റെ സാധ്യതകളിൽ കൂട്ടായ്മയോടുകൂടിയുള്ള പ്രവർത്തനങ്ങളിലൂടെ പുരോഗതി നേടാം എന്നു നമുക്ക് പ്രത്യാശിക്കാം.



192

3

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

22.29 ച.കി.മീ. വിസ്തൃതിയുള്ള പുത്തൻചിറ പഞ്ചായത്ത് വടക്കുതെക്കായി മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുകയാണ്. പശ്ചിമഘട്ടത്തിലെ കോടശ്ശേരി മലയിൽ നിന്നും കേവലം 16.കി.മീ. മാത്രം പടിഞ്ഞാറോട്ട് മാറിയുള്ള കുഴിക്കാട്ടുശ്ശേരി മുതൽ തെക്കു പടിഞ്ഞാറെ ദിശയിൽ അറബിക്കടലിൽ നിന്നും 6 കി.മീ. കിഴക്ക് മാറിയുള്ള പൊയ്യപ്പുരപ്പ് കായൽവരെ 16 കി.മീ. ദൂരത്തിൽ വ്യാപിച്ചു കിടക്കുകയാണ് ഈ പ്രദേശം.

ചെറുതും വലുതുമായ 15 കുന്നുകളും അവയുടെ ചെരുവുകളും, കുന്നുകൾക്കിടയിലുള്ള 17 പാടശേഖരങ്ങളും, സമതലങ്ങളും, ചതുപ്പുനിലങ്ങളും, വെള്ളത്താൽ ചുറ്റപ്പെട്ട 6 തുരുത്തുകളും ഉൾപ്പെട്ട 5,520.13 ഏക്കർ ഭൂതല വിസ്തീർണമാണ് ഈ പഞ്ചായത്തിനുള്ളത്.

ഭൂപ്രകൃതിയനുസരിച്ച് ഈ പ്രദേശങ്ങളെ അഞ്ചായി തിരിയ്ക്കാം

| ക്രമ നമ്പർ | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 438.93 | 19.69 |
| 2. | ചെരിവ് പ്രദേശങ്ങൾ | 658.2 | 29.52 |
| 3. | താഴ്‌വര | 621.95 | 27.9 |
| 4. | ചതുപ്പുനിലം | 483 | 21.66 |
| 5. | തുരുത്തുകൾ | 26.92 | 1.2 |

## സമുദ്രനിരപ്പിൽ നിന്നുള്ള ഉയരമനുസരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | നിമ്നോന്നത മേഖലകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | 20 മീറ്ററിന് താഴെ | 1131.87 | 50.78 |
| 2. | 21 മുതൽ 40 മീറ്റർ വരെ | 658.28 | 29.53 |
| 3. | 41 മീറ്ററിന് മേലെ | 438.85 | 19.68 |

### 1. ഉയർന്ന സമതലം

കുന്നുകളുടെ നെറുകയിലുള്ള നിരന്ന പ്രദേശങ്ങളെ ഉയർന്ന സമതലങ്ങളായി കണക്കാക്കാം. മൊത്തവിസ്തൃതിയുടെ 19.69% വരുന്ന ഈ പ്രദേശങ്ങളിൽ പൊതുവെ ജലക്ഷാമം രൂക്ഷമാണ്. ഏറ്റവും ഉയരം കൂടിയ പ്രദേശമായ ബ്ലോക്ക് കുന്ന് സമുദ്രനിരപ്പിൽ നിന്നും 260 അടി ഉയരത്തിലാണ്. മുട്ടിയ്ക്കൽകുന്ന്, ചെട്ടികുന്ന്, പിണ്ടാണിക്കുന്ന്, പറയൻകുന്ന്, പള്ളിക്കുന്ന്, പുളിയിലക്കുന്ന്, കണ്ണികുളങ്ങരക്കുന്ന്, മതിയത്ത്കുന്ന്, പുത്തൻചിറ ഹൈസ്ക്കൂൾ ജംഗ്ഷൻ പ്രദേശം, പൊരുമ്പകുന്ന്, കുട്ടിയാംപാറകുന്ന് എന്നീ പ്രദേശങ്ങൾക്ക് സമുദ്ര നിരപ്പിൽ നിന്നും 20 മുതൽ 85 മീ.വരെ ഉയരമുണ്ട്. ഇവയിൽ പിണ്ടാണിക്കുന്ന്, പഞ്ചായത്ത്കുന്ന്, പുളിയിലക്കുന്ന്, കണ്ണികുളങ്ങരകുന്ന്, മതിയത്ത്കുന്ന് എന്നീ പ്രദേശങ്ങൾ താരതമ്യേന ഉയരം കൂടിയവയാണ്.

കശുമാവ് കൃഷിയ്ക്ക് അനുയോജ്യമായ ഈ പ്രദേശങ്ങളിൽ ഇപ്പോൾ തെങ്ങ്, കവുങ്ങ് എന്നിവ കൂടുതലായി കൃഷി ചെയ്യുന്നു. മാവ്, പ്ലാവ് മുതലായവയുള്ള പുരയിടങ്ങളും കണ്ടുവരുന്നു. ഈ പ്രദേശങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും വെട്ടുകല്ലുമാണ് കണ്ടുവരുന്നത്. ചില പ്രദേശങ്ങളിൽ കുമ്മായക്കൂട്ടുള്ള മണ്ണും കാണാം.

### 2. ചെരിവുകൾ

കുന്നുകളുടെ ചെരിവുകളായ ഈ പ്രദേശങ്ങൾ മൊത്തം വിസ്തൃതിയുടെ 29.52% വരും. കൊമ്പത്തുകടവ് കോളനി, ബ്ലോക്ക് കുന്ന്, പിണ്ടാണിക്കുന്ന്, പുളിയിലക്കുന്ന്, കണ്ണികുളങ്ങരക്കുന്ന്, മതിയത്ത്കുന്ന് എന്നിവയുടെ പാർശ്വഭാഗങ്ങൾ താരതമ്യേന കൂടുതൽ ചെരിവുള്ളവയാണ്. ചെമ്മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. വളക്കൂറുള്ള ഈ മണ്ണിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നീ തോട്ടവിളകളും, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും കണ്ടുവരുന്നു. വാഴകൃഷിയും നടത്തിവരുന്നുണ്ട്. മണ്ണിന്റെ ഫലപുഷ്ടിയെ ബാധിയ്ക്കുന്ന തരത്തിൽ മണ്ണൊലിപ്പ് ഈ പ്രദേശത്ത് രൂക്ഷമാണ്. ഈ പ്രദേശങ്ങളിൽ വൻതോതിൽ നടന്നുവരുന്ന മണ്ണെടുപ്പ് ഉയർന്ന സമതലങ്ങളുടെ നിലനിൽപ്പിന് പ്രതികൂലമായി ബാധിയ്ക്കുന്നു. ഇതുമൂലം ജലക്ഷാമവും, മണ്ണൊലിപ്പും രൂക്ഷമാണ്. മണ്ണൊലിപ്പ് തടയുന്നതിന് നടപടികൾ സ്വീകരിയ്ക്കണം.

### 3. താഴ്‌വര

കുന്നുകളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്ന, മൊത്തം വിസ്തൃതിയുടെ 23.32 വരുന്ന ഈ ഭൂഭാഗങ്ങളുടെ 91.67% വും പാടശേഖരങ്ങളാണ്. ഇതിൽ 160 ഹെക്ടർ വിസ്തീർണമുള്ള

പുഞ്ചപ്പാടവും 54.2 ഹെക്ടർ വിസ്തീർണ്ണമുള്ള കുറുങ്ങാംപാടവും ഉൾപ്പെടെ 17 പാടശേഖരങ്ങളാണുള്ളത്. സമുദ്രനിരപ്പിൽ നിന്നും 5 മുതൽ 10 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളാണ് ഇവ. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്യുന്നത്. നല്ല ഫലഭൂയിഷ്ടമായ പ്രദേശങ്ങളാണ് ഇവ. കുറുങ്ങാംപാടം, മാണിയംകാവ് പാടം, കോട്ടയ്ക്കൽ പാടം, പട്ടേപ്പാടം, തൃപ്പേക്കുളം പാടം, പുന്നേലിപ്പാടം തുടങ്ങിയ പാടശേഖരങ്ങളിൽ മണൽക്കൂട്ടുള്ള മണ്ണാണ്. പുഞ്ചാപ്പാടം, കല്ലാർകുളങ്ങര, വില്ലമംഗലം പാടശേഖരങ്ങളിൽ ചെളിക്കൂട്ടുള്ള, ഫലഭൂയിഷ്ടമായ പ്രദേശങ്ങളാണ്. പുഞ്ചപ്പാടത്ത് വെള്ളം പമ്പുചെയ്ത് ആഴമുള്ള തോട്ടിലേക്ക് ഒഴുക്കിയാണ് കൃഷിയിറക്കുന്നത്. എങ്കിലും ഡിസംബർ, മാർച്ച്, ഏപ്രിൽ, ജനുവരി മാസങ്ങളിൽ ജലക്ഷാമംമൂലം കൃഷി ഉണങ്ങി നാശം സംഭവിയ്ക്കുന്നത് സാധാരണമാണ്. കര പാടശേഖരങ്ങളിലെ കൃഷിയുടെ സ്വഭാവമനുസരിച്ച് പുഞ്ചപ്പാടത്ത് അധികമുള്ള ജലം ഉപയോഗിച്ചാൽ അവിടങ്ങളിലെ കൃഷിനാശം ഒഴിവാക്കാൻ സാധിക്കും.

താഴ്‌വാരങ്ങളിൽപെടുന്ന കരിങ്ങാച്ചിറ, കാരാമ്പ്ര, ആശുപത്രി പരിസരം തുടങ്ങിയ പ്രദേശങ്ങൾ തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് അനുയോജ്യമാണ്. ജലക്ഷാമം കാര്യമായി അനുഭവപ്പെടാത്ത പ്രദേശങ്ങളാണിവ.

## 4. ചതുപ്പുനിലങ്ങൾ

മൊത്തം വിസ്തൃതിയുടെ 21.66% വരുന്ന ഈ പ്രദേശങ്ങളിൽ പൊക്കാളികൃഷിയും അനുബന്ധമായി ചെമ്മീൻ കൃഷിയുമാണ് നടത്തുന്നത്. ഇതിൽ പകുതിയോളം ഭാഗം ചെമ്മീൻ കൃഷിയ്ക്ക് മാത്രമായി നീക്കി വെച്ചിരിക്കുകയാണ്. ചെളികലർന്ന കരിനിലങ്ങളാണ് ഈ പ്രദേശങ്ങൾ.

## 5. തുരുത്തുകൾ

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശങ്ങൾ ഫലഭൂയിഷ്ടങ്ങളാണ്. ചെറുതും വലുതുമായ 7 തുരുത്തുകൾ ഉണ്ട്. ഇവ മൊത്തം വിസ്തൃതിയുടെ 1.2% വരും. പുലയൻ തുരുത്താണ് ഏറ്റവും വലുപ്പമുള്ള തുരുത്ത്. 26 ഏക്കർ വിസ്തീർണ്ണമുള്ള ഈ പ്രദേശത്ത് 15 കുടുംബങ്ങൾ താമസിയ്ക്കുന്നു. ചുറ്റും ഉപ്പുവെള്ളം നിറഞ്ഞ ഈ പ്രദേശത്തുള്ള കിണറുകളിൽ ശുദ്ധ ജലമാണ് ലഭിയ്ക്കുന്നത്. ഈ തുരുത്തിന് സമുദ്രനിരപ്പിൽ നിന്നും 15 മീറ്റർ ഉയരമുണ്ട്.

തെങ്ങാണ് മുഖ്യവിള. കവുങ്ങും മറ്റു വൃക്ഷങ്ങളും കണ്ടുവരുന്നു. ചെമ്മണ്ണാണ് ഇവിടുത്തെ മണ്ണ്. തെങ്ങിന് രോഗം ബാധിയ്ക്കാത്ത ഒരു പ്രദേശമാണ് ഇത് എന്നുള്ളത് സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. പരമ്പരാഗത രീതിയിലുള്ള വളപ്രയോഗമാണ് ഇവിടെ നടത്തിവരുന്നത്. പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായ ഇവിടെ വൈദ്യുതി എത്തിനോക്കിയിട്ടില്ല. ഗതാഗത സൗകര്യം തീരെയില്ലാത്ത ഈ പ്രദേശം, ഒറ്റപ്പെട്ടു കിടക്കുകയാണ്.

8 ഏക്കർ വിസ്തീർണമുള്ള ചെകുത്താൻ തുരുത്തിൽ 2 കുടുംബങ്ങൾ താമസിയ്ക്കുന്നു. പൊട്ടൻതുരുത്തിലും പേന്തുരുത്തിലും ഓരോ വീടുകൾ വീതം ഉണ്ട്. കടുങ്ങാതുരുത്ത്, കട്ട്യാതുരുത്ത് എന്നിവ ആൾതാമസമില്ലാത്ത തുരുത്തുകളാണ്.

## ഭൂപ്രകൃതി - പഠന പര്യടന സർവെ

| പരിസ്ഥിതി പ്രശ്നം | സസ്യാവരണം | മൺതരം | |
|---|---|---|---|
| | തെങ്ങ്, കവുങ്ങ് | ചെങ്കല്ല് | അൽപം ഉയർന്ന സ്ഥലം |
| വെള്ളക്കെട്ട് | നെല്ല്[പൊക്കാളി] | കരിനിറം പൂണ്ട ചെളിമണ്ണ്, ഉറപ്പില്ല. | ചതുപ്പ് |
| മണ്ണൊലിപ്പ് | ഫലവൃക്ഷങ്ങൾ, വാഴ, ചേമ്പ്, തെങ്ങ്, കമുക് | ചെങ്കല്ല് | ചെറിയ ചരിവ് |
| ഭീമമായ മണ്ണൊലിപ്പ് | തെങ്ങ്, കശുമാവ് | ചെങ്കൽപ്രദേശം | ലക്ഷംവീട് കുന്നിൻമണ്ട |
| മണ്ണൊലിപ്പ് | ഫലവൃക്ഷങ്ങൾ, കശുമാവ് | ചെങ്കൽപ്രദേശം | ചരിവ് |
| മണ്ണൊലിപ്പ്, മണ്ണെടുക്കൽ | കശുമാവ്, തെങ്ങ് | | |
| ഭീമമായ മണ്ണെടുക്കൽ | കശുമാവ്, തെങ്ങ്തൈകൾ | ചെറ്റുപാറ | ബ്ലോക്ക്കുന്ന്, കുന്നിൻമണ്ട |
| മണ്ണൊലിപ്പ് | ഫലവൃക്ഷങ്ങൾ, തെങ്ങ്, കവുങ്ങ്, വാഴ, ചേമ്പ് | ചെങ്കല്ല് | ചരിവ് |
| ഭീമമായ മണ്ണെടുക്കൽ, മണ്ണൊലിപ്പ് | കശുമാവ്, ഇഞ്ചിപ്പുല്ല് | വെട്ടുകല്ല് | പള്ളിക്കുന്ന് കുന്നിൻമണ്ട |
| മണ്ണൊലിപ്പ് | തെങ്ങ്, കവുങ്ങ് | | കുത്തനെ ചെരവ് |
| | നെല്ല് ഇരുപ്പൂനിലം | എക്കൽ കലർന്ന മണൽപ്രദേശം | സമതലം, മാണിയംകാവ് പാടം |
| മണ്ണൊലിപ്പ് | തെങ്ങ് | ചെങ്കല്ല് | കുത്തനെ ചെരിവ് |
| മണ്ണെടുപ്പ് | കശുമാവ്, തെങ്ങ് | വെട്ടുകല്ല് | പുളിയിലകുന്നിൻ മണ്ട |
| | എല്ലാവിളകളും, കുരുമുളക്, ഇഞ്ചി | ചെമ്മണ്ണ്, ഫലഭൂയിഷ്ഠം | ചരിവ് |
| | നെല്ല് ഇരുപ്പ് പൂനിലം | എക്കൽ കലർന്ന മണൽപ്രദേശം | സമതലം കുറുങ്ങാംപാടം |
| മണ്ണെടുപ്പ്, മണ്ണൊലിപ്പ് | കശുമാവ്, തെങ്ങ് | ചെങ്കല്ല് | ചരിവ് |
| കല്ല്വെട്ട് | ഇഞ്ചിപ്പുല്ല്, കശുമാവ് | വെട്ടുകല്ല് | കുന്നിൻമണ്ട, മതിയത്തുകുന്ന് |

## കാലാവസ്ഥ

കേരളത്തിൽ പൊതുവെ അനുഭവപ്പെടുന്ന കൃഷിയ്ക്കനുകൂലമായ കാലാവസ്ഥയാണ് പുത്തൻചിറയിൽ ഉള്ളത്. ഒരു വർഷം ലഭിയ്ക്കുന്ന മഴയുടെ അളവ് ശരാശരി 3130 മി.മീ. ആണ്. ഇതിൽ 1971 മി.മീ.മഴയും ലഭിയ്ക്കുന്നത് ഇടവപ്പാതിയിലാണ്. തുലാവർഷത്തിൽ നിന്നും 702മി.മീ.യും ബാക്കി 457 മി.മീ. ഇടമഴയിലൂടെ യുമാണ് ലഭിയ്ക്കുന്നത്. താഴെ പട്ടിക നോക്കുക.

| ലഭിയ്ക്കുന്ന മഴ ഇനം തിരിച്ച് | മഴയുടെ അളവ് (മി.മീ.) | ശതമാനം | ലഭിയ്ക്കുന്ന മാസങ്ങൾ |
|---|---|---|---|
| തെക്കുപടിഞ്ഞാറൻ മൺസൂൺ | 1971 | 62% | ജൂൺ,ജൂലായ്, ആഗസ്റ്റ് |
| വടക്ക് കിഴക്കൻ മൺസൂൺ | 702 | 22% | സെപ്തംബർ, ഒക്ടോബർ, നവംബർ, |
| ഇടമഴ | 457 | 16% | ഡിസം., ജനുവരി. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് |

ജൂൺ, ജൂലായ് മാസങ്ങളിലാണ് പുത്തൻചിറയിൽ കൂടുതൽ മഴ ലഭിയ്ക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിയ്ക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. മാസം തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ കൊടുത്തിരിയ്ക്കുന്നു.

**മഴയുടെ അളവ് (മില്ലിമീറ്ററിൽ)**

| ജനുവരി | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|
| 7 | 10 | 27 | 86 | 296 | 769 | 759 | 443 | 257 | 301 | 144 | |

അന്തരീക്ഷ താപനില ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് മാർച്ച് മാസത്തിലും ഏറ്റവും കുറവ് അനുഭവപ്പെടുന്നത് ജൂൺ, ഡിസംബർ മാസങ്ങളിലും ആണ്.

## 3. ജലലഭ്യത

കേരളത്തിൽ ലഭിയ്ക്കുന്ന ശരാശരി മഴയേക്കാൾ കൂടുതൽ മഴ ലഭിയ്ക്കുന്ന ഒരു പ്രദേശമാണ് പുത്തൻചിറ. പുത്തുൻചിറയിൽ ലഭിയ്ക്കുന്ന മഴ 3130 മി.മീ. ആണെങ്കിൽ കേരള ശരാശരി 3063 ആണ്. പുത്തൻചിറയുടെ 50 ശതമാനം ഭൂപ്രദേശവും സമനിരപ്പിൽ നിന്നും ഉയർന്ന് നിൽക്കുന്നതും അതിൽത്തന്നെ 60 ശതമാനത്തിൽ ഏറെ, ചെരിവുള്ളതുമായതിനാൽ ലഭിയ്ക്കുന്ന മഴയുടെ ഭൂരിഭാഗവും പാഴായിപോകുന്നു. മൊത്തം മഴയുടെ 48%വും ലഭിയ്ക്കുന്നത് ജൂൺ, ജൂലായ് എന്നീ രണ്ടു മാസങ്ങളിൽ ആയതിനാൽ പാഴായിപോകുന്ന ജലത്തിൻെറ അളവ് ഭീമമാണ്. സമതല പ്രദേശങ്ങളായ പാടശേഖരങ്ങളിലും അവയുടെ പാർശ്വങ്ങളിലുമുള്ള കര പ്രദേശങ്ങളിലും ലഭിയ്ക്കുന്ന മഴയുടെ നല്ലൊരു ശതമാനവും ഒലിച്ചുപോകുന്ന അവസ്ഥയാണ് ഉള്ളത്.

### ശരാശരി താപനില (ഡിഗ്രി സെൽഷ്യൽസിൽ)

| | ജനുവരി | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റ. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| കൂടിയത് | 32.8 | 33.1 | 34.2 | 33.8 | 33.6 | 28.6 | 28.9 | 29.1 | 30.8 | 31.2 | 29.8 | 28.4 |
| കുറഞ്ഞത് | 22.1 | 22.6 | 23.4 | 23.6 | 23.8 | 21.9 | 22.1 | 22.4 | 22.9 | 23.1 | 22.6 | 21.9 |

ജലസംഭരണ സംവിധാനങ്ങൾ തീർത്തും അപര്യാപ്തവും അശാസ്ത്രീയവുമാണ്. കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവയാണ് ജലം സംഭരിയ്ക്കുന്നതിനുള്ള മാർഗങ്ങളായി നിലവിലുള്ളത്.

പുത്തൻചിറ പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ സഞ്ചരിച്ച പഠന പര്യടന സംഘത്തിനു മുമ്പിൽ ചില പ്രശ്നങ്ങൾ അവതരിപ്പിയ്ക്കപ്പെട്ടു. അവയുടെ പ്രത്യേകത കൊണ്ട് തന്നെ, ചെറിയ അന്വേഷണം നടത്തുകയും ചില നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു.

## പ്രശ്നങ്ങൾ

1. മഴക്കാലം അവസാനിയ്ക്കുന്നതോടു കൂടി കിണറുകളിലെയും, കുളങ്ങളിലെയും ജലവിതാനം അസാധാരണമായി താഴുന്നു.
2. വേനൽ ആരംഭിയ്ക്കുന്നതോടുകൂടി വയലേലകളിലും കരപ്രദേശങ്ങളിലും മണ്ണിന് വരൾച്ച അനുഭവപ്പെടുന്നു.
3. ഉറവ ജലത്തിന്റെ അളവിൽ ആശങ്കാജനകമായ രീതിയിൽ കുറവ് അനുഭവപ്പെടുന്നു.
4. കഴിഞ്ഞ കുറെ വർഷങ്ങളായി അനുഭവപ്പെടാൻ തുടങ്ങിയിരിയ്ക്കുന്ന ഈ പ്രതിഭാസം, കൂടുതൽ തീക്ഷ്ണമായ രീതിയിൽ ഇപ്പോൾ അനുഭവപ്പെട്ടുവരുന്നു.
5. 20-25 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥ ഇതായിരുന്നില്ല.

ഈ സാഹചര്യത്തിൽ ചെറിയ ഒരന്വേഷണം നടത്തിയപ്പോൾ വെളിവായ ചില വിവരങ്ങൾ ഇനിയും ആശങ്കയെ വർദ്ധിപ്പിയ്ക്കുന്നതായിരുന്നു. 20-25 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥ എന്തായിരുന്നുവെന്ന് നോക്കാം.

15 കുന്നുകളും അവയുടെ ചെരിവുകളും, താഴ്‌വരകളും, ചതുപ്പു നിലങ്ങളും ഉൾപ്പെടുന്ന പുത്തൻചിറ പ്രദേശം വൃക്ഷസസ്യലതാദികളാൽ സമ്പന്നമായിരുന്നു. 15 കുന്നുകളും ചെറിയ വനങ്ങളായിരുന്നു. വൻ വൃക്ഷങ്ങളുടെ കുടയാവരണവും അതിന് താഴെ ചെറിയ വൃക്ഷങ്ങളും, ഇടക്കാടുകളും, ഇഞ്ചിപ്പുല്ലും, വള്ളിപ്പടർപ്പുകളും നിറഞ്ഞിരുന്നു. ആഴമുള്ള കിണറുകളും കുളങ്ങളും, ഇടത്തോടുകളും ജല സംഭരണികളായിരുന്നു. ഭൂമി തട്ടുതട്ടായി തിരിയ്ക്കുകയും തിണ്ടുകൾ മാടി ബലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് മഴയിൽ നിന്നും ലഭിച്ചിരുന്ന ജലത്തിന്റെ നല്ലൊരു ശതമാനവും ഇവിടെത്തന്നെ സംഭരിക്കപ്പെടുകയും ഭൂമിയ്ക്കടിയിൽ ജല സ്രോതസ്സുകളായി സംരക്ഷിക്കപ്പെടുയും ചെയ്തിരുന്നു എന്നാണ് ഭൂമിയുടെ ഉപരിതലത്തിലുള്ള സസ്യാവരണവും വള്ളിപ്പടർപ്പുകളും വൻവൃക്ഷങ്ങളും ജലം ഭൂമിയിൽ താഴത്തുന്നതിന് കാരണമായിരുന്നു.

ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇന്നത്തെ അവസ്ഥ. ഉദാഹരണമായി ബ്ലോക്കുകുന്നിന്റെ കാര്യം പരിഗണിച്ചാൽ, 21 ഏക്കർ വിസ്തീർണ്ണം വരുന്ന ഒരു ചെറിയ വനമായിരുന്ന ഈ പ്രദേശത്തേക്ക് കടന്നുചെല്ലാൻ

പോലും ആളുകൾ ഭയപ്പെട്ടിരുന്നു. നിറയെ കശുമാവുകളും അതിന് കീഴെ കുറ്റിക്കാടുകളും വള്ളിപ്പടർപ്പുകളും ഇഞ്ചിപ്പുല്ലും കനത്ത ആവരണമായി ഭൂമിയിൽ നിലനിന്നിരുന്നു. വെള്ളം കുത്തി ഒലിച്ച് നഷ്ടപ്പെട്ടിരുന്നില്ല. ഇപ്പോൾ ബ്ലോക്ക്കുന്ന് വെറും മൊട്ടക്കുന്നാണ്. പാർപ്പിട പ്രശ്നം രൂക്ഷമായപ്പോൾ ഈ പ്രദേശം 8 സെൻറ് വീതം പതിച്ചു കൊടുത്തു. ഇവിടെ വൻതോതിൽ മണ്ണെടുപ്പ് നടന്നു. അതുകൊണ്ട്, ഈ പ്രദേശങ്ങളിൽ ജലം സംഭരിയ്ക്കപ്പെടുന്നില്ല. ഇപ്പോൾ മഴയിൽ നിന്നും ലഭിക്കുന്ന ജലത്തിൻെറ 90 ശതമാനത്തിൽ ഏറെ പാഴായിപോകുകയാണ്.

ഇതേ അവസ്ഥ തന്നെയാണ് കൊമ്പത്തുകടവ് ലക്ഷം വീട് കുന്നിൻേറത്. മണ്ണെടുപ്പ് മൂലം ചെരിവുകൾ അഗാധമായ ഗർത്തങ്ങളായി മാറിക്കൊണ്ടിരിയ്ക്കുന്നു. പരിസ്ഥിതി അപകടപ്പെടുത്തുന്ന രീതിയിൽ ഭൂപ്രകൃതിയിൽ മാറ്റം സംഭവിച്ചു കഴിഞ്ഞിരിയ്ക്കുന്നു. മതിയത്ത്കുന്ന്, പിണ്ടാണികുന്ന് പ്രദേശങ്ങളും, കനത്ത തോതിൽ മണ്ണ് എടുക്കുന്നതിൻെറയും വൃക്ഷസസ്യങ്ങൾ വെട്ടി നശിപ്പിയ്ക്കുന്നതിൻെറ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിയ്ക്കുകയാണ്. മഴവെള്ളം കുത്തിയൊലിച്ചുപോകുന്നത് വഴിയുണ്ടാകുന്ന മണ്ണൊലിപ്പ് മൂലം താഴ്‌വരയുടെ ജലസംഭരണ ശേഷിയും നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. വയൽ നികത്തുന്നത് ഇതിന് ആക്കം കൂട്ടികൊണ്ടിരിയ്ക്കുന്നു. ഭൂരിഭാഗം പഞ്ചായത്ത് കുളങ്ങളും, സ്വകാര്യ കുളങ്ങളും നികത്തൽ തുടർന്നു കൊണ്ടിരിയ്ക്കുകയാണ്. കിണറുകളിൽ ആഴം കൂട്ടുന്നുണ്ടെങ്കിലും നീരുറവകൾ അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്നു. ജല സംരക്ഷണത്തിനുതകുന്ന തിണ്ടുമാടി ബലപ്പെടുത്തലും ഭൂമി തട്ടുകളാക്കലും പലരും പണ്ടേ ഉപേക്ഷിച്ചു.

ഇതിനെയെല്ലാം ഒരു സാമൂഹ്യ വിപത്തായി കണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ സംരക്ഷണ നടപടികൾ സ്വീകരിയ്ക്കുകയും കൂട്ടായ ബോധവൽക്കരണത്തിലൂടെ മണ്ണ് സംരക്ഷണവും അതുവഴി ജല സംരക്ഷണവും നടത്തിയില്ലെങ്കിൽ, മരിച്ചുകൊണ്ടിരിയ്ക്കുന്ന മണ്ണായി കഴിഞ്ഞിരിയ്ക്കുന്ന പുത്തൻചിറയുടെ മണ്ണ് ഇനി വീണ്ടെടുക്കാവാത്തവിധം നഷ്ടപ്പെട്ടേക്കാം.

ഇവിടെ സംഭരിയ്ക്കപ്പെടുന്ന ജലം, ജലസേചനത്തിന് തീർത്തും അപര്യാപ്തമാണ്. മൊത്തം ഭൂവിസ്തൃതിയുടെ ചെറിയ ഒരു ശതമാനം പ്രദേശത്ത് മാത്രമെ ഇപ്പോൾ ജലസേചനം നടത്തുന്നുള്ളൂ. പുഞ്ചപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ ഒരുപ്പൂ, ഇരുപ്പൂ നിലങ്ങളിൽ മൂന്ന് പൂവ് കൃഷി ചെയ്യാൻ സാധിയ്ക്കും. അതോടൊപ്പം പച്ചക്കറികൃഷി. പൂകൃഷി, മൽസ്യകൃഷി എന്നിവ വൻതോതിൽ നടത്താൻ കഴിയും. ലഭ്യമായ ഭൂഗർഭജലത്തിൻെറ 64 ശതമാനം ഇപ്പോഴും ഉപയോഗിക്കപ്പെടുന്നില്ല. ഈ പ്രദേശത്തിന് എറ്റവും അനുയോജ്യമായ വട്ടം കൂടിയ കിണറുകൾ കുഴിച്ച് ജലസംഭരണവും അതുവഴി ജലസേചനവും കൂടുതൽ വിപുലമായ നടത്താൻ കഴിയും.

പട്ടിക ശ്രദ്ധിയ്ക്കുക

**ഭൂഗർഭജല സ്രോതസ്സ്**

| ഒരു വർഷം സംഭരിയ്ക്കപ്പെടുന്ന ജലം (മി.ക്യു.മി.) | ഉപയോഗിക്കാവുന്ന ജലം (മി.ക്യു.മി.) | ഉപയോഗിക്കുന്ന ജലം (മി.ക്യു.മി.) | അവശേഷിക്കുന്ന ജലം (മി.ക്യു.മി) |
|---|---|---|---|
| 5.81 | 4.94. | 1.78 | 3.16 |

## 4. മണ്ണ്

പുത്തൻചിറ പഞ്ചായത്തിലെ മണ്ണിനങ്ങളെ പൊതുവെ അഞ്ചായി തിരിയ്ക്കാം.

| നമ്പർ | മണ്ണിനങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | ചരൽ കലർന്ന ചെമ്മണ്ണ്, വെട്ടുകല്ല് | 603.4 | 27.07 |
| 2. | ചെമ്മണ്ണ് | 493.71 | 22.14 |
| 3. | കളിമണ്ണ് | 48.00 | 2.15 |
| 4. | മണൽകലർന്ന ചെളി | 259.87 | 11.65 |
| 5. | കറുത്ത ചെളിമണ്ണ് | 824.00 | 36.96 |

## 1. ചരൽകലർന്ന ചെമ്മണ്ണ്, വെട്ടുകല്ല്

ഉയർന്ന സമതലങ്ങളിലും ചെരിവ് പ്രദേശങ്ങളിലും 25 ശതമാനം ഭാഗങ്ങളിലും ഇത്തരം മണ്ണ് കണ്ടുവരുന്നു. സാമാന്യം ഫലഭൂയിഷ്ടമായ ഈ മണ്ണ് കശുമാവ്കൃഷിയ്ക്കും, തെങ്ങ്, കവുങ്ങ് തുടങ്ങിയ തോട്ടവിളകൾക്കും പറ്റിയതാണ്. വെള്ളം ലഭ്യമായാൽ പൂകൃഷി വികസന സാദ്ധ്യതയും ഉണ്ട്.

## 2. ചെമ്മണ്ണ്

ചെരിവ് പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന ഈ മണ്ണിൻെറ ഫലപുഷ്ടി മണ്ണൊലിപ്പ് മൂലം നഷ്ടപ്പെട്ടു കൊണ്ടിരിയ്ക്കുകയാണ്. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പ്ലാവ്, മാവ് മുതലായ കൃഷികൾക്ക് പറ്റിയ മണ്ണാണ് ഇത്.

## 3. കളിമണ്ണ്

പുത്തൻചിറയുടെ കിഴക്ക് പ്രദേശങ്ങളിലെ ചില പാടശേഖരങ്ങളിൽ ഇത്തരം മണ്ണ് കണ്ടുവരുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവ കൃഷി ചെയ്യാൻ പറ്റിയ മണ്ണാണ് ഇത്.

## 4. മണൽ കലർന്ന ചെളിമണ്ണ്

താഴ്‌വാര പ്രദേശങ്ങളിലാണ് ഇത്തരം മണ്ണ് കാണുന്നത്. ഫലഭൂയിവിഷ്ടമായ ഈ മണ്ണ് തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൃഷി എന്നിവയ്ക്ക് അനുയോജ്യമാണ്. ഈ മണ്ണിന് ഘനം കൂടുതലുണ്ട്. നീർവാർച്ചയും കൂടുതലാണ്.

## 5. കറുത്ത ചെളിമണ്ണ്

പുഞ്ചപ്പാടങ്ങളിലും ചതുപ്പു നിലങ്ങളിലും കണ്ടുവരുന്ന ഈ മണ്ണ് എക്കൽ നിറഞ്ഞ് കൂടുതൽ ഫലഭൂയിഷ്ടമാണ്. പുഞ്ച, പൊക്കാളി കൃഷിയ്ക്ക് അനുയോജ്യമാണ്. ഇത്തരം സ്ഥലങ്ങളിൽ കണ്ടൽ ചെടികൾ വളർത്താവുന്നതാണ്.

# മനുഷ്യ വിഭവങ്ങൾ

1991-ലെ കനേഷ്മാരി കണക്കുകൾ പ്രകാരം പുത്തൻചിറയിലെ ജനസംഖ്യ 19804 ആണ്. ഇതിൽ 9127 പുരുഷന്മാരും, 10677 സ്ത്രീകളുമാണ്.

### വാർഡ് തിരിച്ച് ജനസംഖ്യ വിവരം

| വാർഡ് | പു | സ്ത്രീ | ആകെ. |
|---|---|---|---|
| 1 | 931 | 1113 | 2044 |
| 2 | 952 | 1283 | 2235 |
| 3 | 782 | 913 | 1695 |
| 4 | 1115 | 1305 | 2420 |
| 5 | 1263 | 1407 | 2670 |
| 6 | 1166 | 1309 | 2475 |
| 7 | 1172 | 1318 | 2490 |
| 8 | 915 | 1072 | 1987 |
| 9 | 831 | 957 | 1788 |

മൊത്തം 3817 വീടുകൾ ആണ് ഉള്ളത്. അതായത്, വീട് ഒന്നിന് ശരാശരി 5.2 ആളുകൾ വീതം ഉണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ചതുരശ്ര കിലോമീറ്ററിന് 888 ആണ് ജനസാന്ദ്രത


200

മൊത്തം ജനസംഖ്യയുടെ 19.5 ശതമാനം 15 വയസ്സിന് താഴെയുള്ളവരാണ്. സമ്പൂർണ സാക്ഷരതാ പരിപാടി നടപ്പിലാക്കിയതിന് ശേഷം സാക്ഷരത 94.6 ശതമാനമാണ്. സാക്ഷരത പ്രവർത്തനത്തിൻെറ ഫലമായി 31.4 ശതമാനം ജനങ്ങളെ സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1995 ലെ സാമൂഹ്യ-സാമ്പത്തിക സർവ്വെ അനുസരിച്ച് ജനസംഖ്യ 23120 ആണ്. ഇതിൽ 64 ശതമാനം ജനങ്ങളും കർഷക, കർഷക തൊഴിലാളി വിഭാഗത്തിൽപെടുന്നവരാണ്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 4.1 ശതമാനം മാത്രമെ വരുന്നുള്ളു. വ്യവസായ സ്ഥാപനങ്ങൾ കുറവായതിനാൽ ഈ മേഖലയിൽ പണിയെടുക്കുന്നവർ വളരെ കുറവാണ്. കെട്ടിട നിർമ്മാണം, മണ്ണ് പണി, പാറമട പണി തുടങ്ങിയ മേഖലയിൽ ആണ് തൊഴിലാളികൾ അധികവും ഉള്ളത്.


94.6 ശതമാനം സാക്ഷരതയുണ്ടെങ്കിലും എസ്.എസ്.എൽ.സി ക്ക് മേൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിൽ പ്രൊഫഷണൽ-സാങ്കേതിക രംഗങ്ങളിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ താരതമ്യേന കുറവാണ്.

തൊഴിലില്ലായ്മ ഈ പഞ്ചായത്തിൽ രൂക്ഷമാണ്. തൊഴിൽ രഹിതരിൽ സ്ത്രീകളാണ് കൂടുതൽ.

| മൊത്തം ജനസംഖ്യ | | തൊഴിൽ രഹിതർ | |
|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 9127 | 10677 | 4839 | 9256 |

എല്ലാ ജാതി-മതവിഭാഗങ്ങളിലും പെടുന്ന ജനങ്ങൾ ഇടകലർന്നു വളരെ ഐക്യത്തോടെ ജീവിക്കുന്ന സ്ഥിതിയാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഹിന്ദു മതത്തിൽപ്പെട്ടവരാണ് 57.69 ശതമാനം ജനങ്ങളും.

ജനസംഖ്യ ജാതി-മതവിഭാഗങ്ങൾ തിരിച്ച് ശതമാന കണക്കിൽ ഉള്ള ചാർട്ട് താഴേ ചേർക്കുന്നു.



4

# വികസന മേഖല അവലോകനം



202

# 1

# കൃഷി-ജലസേചനം

പുത്തൻചിറ പഞ്ചായത്ത് 2229 ഹെക്ടർ ഭൂതല വിസ്തീർണമുള്ള ഒരു പ്രദേശമാണ്. അടിസ്ഥാനപരമായി കാർഷിക മേഖലയിൽ അധിഷ്ഠിതമാണ് ഈ ഗ്രാമം. അതോടൊപ്പം തന്നെ ഗൾഫ് പണത്തിൻെറ സ്വാധീനവും അതിൻെറ അനന്തരഫലങ്ങളും ഇവിടെ അനുഭവപ്പെട്ടിട്ടുണ്ട്. ഗൾഫ് പണം വ്യവസായങ്ങൾ ആരംഭിക്കുവാനോ-കാർഷിക മേഖലയിൽ വികസനം നടപ്പാക്കാനോ ഉപയോഗിക്കപ്പെട്ടിട്ടില്ല.

ഇവിടത്തെ ചെലവിൻെറ 50 ശതമാനത്തിൽ ഏറെ സുഖഭോഗങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടു. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട വിലവർധന കർഷകരുടെയും, കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെയും ജീവിതം ദുസ്സഹമാക്കി. ഇവിടത്തെ കാർഷികോല്പന്നങ്ങളുടെ വില കുത്തനെ ഇടിയുകയോ ഉയരാതിരിക്കുകയോ ആണ് ചെയ്തത്.

കൂലിവർധനയും കൃഷിപ്പണിക്ക് ആളെകിട്ടാത്തതും, കൃഷി ചെലവിലുണ്ടായ മറ്റു വർധനകളും കൃഷിയെ സാരമായി ബാധിച്ചു. നെൽകൃഷി പൊതുവെ തഴയപ്പെട്ടു. നെൽപ്പാടങ്ങൾ, തെങ്ങ്, കവുങ്ങ് കൃഷികൾക്കും മൽസ്യകൃഷിക്കുമായി വിനിയോഗിക്കപ്പെട്ടു. അതെ സമയം തെങ്ങ്, കവുങ്ങ് മുതലായ കൃഷികളുടെ ഉല്പാദന ക്ഷമതയിലും വൻ ഇടിവുണ്ടായി. നെൽകൃഷി പുനരുജ്ജീവിപ്പിക്കപ്പെടേണ്ടത് ആവശ്യമാണ്. അതോടൊപ്പം മറ്റു കൃഷി രീതികളും പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്. തെങ്ങ് രോഗത്തിന് പരിഹാര മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്.

പുത്തൻചിറ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 64% ആളുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു ജീവിതം നയിക്കുന്നവരാണ്. ഭൂപരിഷ്കരണം നടപ്പിലാവുന്നതിനു മുൻപ് വൻകിട ഭൂവുടമകളായിരുന്നു കൃഷി ഭൂമി കൈവശം വച്ചിരുന്നത്. ഭൂപരിഷ്കരണ നിയമം നടപ്പിലായതിന് ശേഷം, കൃഷിഭൂമി തുണ്ടുകളായി സാധാരണക്കാരുടെ കൈകളിൽ എത്തിയതിനാൽ പരിമിത കർഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. 98% ആളുകളും ഒരു ഹെക്ടറിൽ താഴെ മാത്രം കൈവശ ഭൂമിയുള്ളവരാണ്. ആളോഹരി കൃഷിഭൂമിയുടെ അളവ് 0.32 ഹെക്ടറാണ്.

| കൃഷിഭൂമിയുടെ അളവ് | കർഷകരുടെ എണ്ണം | കൃഷിഭൂമിയുടെ വിസ്തീർണം |
|---|---|---|
| 1 ഹെക്ടറിൽ താഴെ | 4320 | 1572 |
| 1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ | 62 | 318 |
| 2 ഹെക്ടറിനു മുകളിൽ | 27 | 246 |

നെല്ല്, തെങ്ങ്, കവുങ്ങ് മുതലായവയാണ് മുഖ്യമായും കൃഷി ചെയ്തു വരുന്നത്. കശുമാവ്, കുരുമുളക്, മരച്ചീനി, വാഴ, പയർ, പച്ചക്കറി മുതലായവയും കൃഷി ചെയ്തു വരുന്നു. മൊത്തം വിസ്തൃതിയുടെ 76.35%വും നെല്ല്, തെങ്ങ് കൃഷികൾക്കായി നീക്കി വെച്ചിരിക്കുന്നു.

താഴെ പട്ടിക കാണുക

| ഭൂമി നമ്പർ | കൃഷിയിനങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | നെല്ല് | 721 | 32.35 |
| 2. | തെങ്ങ് | 982 | 44 |
| 3. | കവുങ്ങ് | 90 | 4.04 |
| 4. | കശുമാവ് | 12 | 0.54 |
| 5. | കുരുമുളക് | 25 | 1.12 |
| 6. | മരച്ചീനി | 15 | 0.67 |
| 7. | വാഴ | 5 | 0.22 |
| 8. | പയർ | 40 | 17.9 |
| 9. | പച്ചക്കറി | 12 | 0.54 |

## നെൽകൃഷി

അധികവും ഇരുപ്പൂ നിലങ്ങളാണ്. അതേ സമയം 500 ഓളം ഹെക്ടർ നിലങ്ങൾ ജലസേചന സൗകര്യം ഉണ്ടെങ്കിൽ 3 പൂവ് കൃഷി ചെയ്യാവുന്നവയാണ്. മൊത്തം വിസ്തൃതിയുടെ 32.35 ശതമാനം, അതായത് 721 ഹെക്ടർ സ്ഥലം ഇപ്പോൾ നെൽകൃഷിക്ക് ഉപയോഗിച്ചുവരുന്നു. നവീന രീതിയിലുള്ള കൃഷി സമ്പ്രദായം ഭാഗികമായി മാത്രമേ പ്രചാരത്തിലുള്ളൂ. നാടൻ വിത്തിനങ്ങളാണ് കർഷകർക്ക് താല്പര്യം. ഏകദേശം 1600നും 1800നും മദ്ധ്യേയാണ് ഉല്പാദനക്ഷമത. അതിയൻ, കൊടിയൻ, ചിറ്റേനി, ചീര, പട്ടാമ്പി, എന്നീ നാടൻ വിത്തിനങ്ങളും, ജയ, തൃവേണി, കൾച്ചർ, പവിഴം, കൈരളി, H-4, സുവർണ്ണ തുടങ്ങിയ സങ്കരയിനം വിത്തിനങ്ങളുമാണ് ഉപയോഗിച്ചു വരുന്നത്.

നെൽകൃഷിക്കുപയോഗിക്കുന്ന ഭൂമി ചെറിയ ചെറിയ പ്ലോട്ടുകളായി, ചെറുകിട കർഷകരുടെ കൈവശമാണ്. പലപ്പോഴും ഒരു പാടശേഖരത്തിൽ തന്നെ വ്യത്യസ്തങ്ങളായ വിത്തിനങ്ങളാണ് ഉപയോഗിച്ചു കാണുന്നത്. കൃഷി രീതിയിലും വിത്തിറക്കുന്ന സമയത്തിലും ഒരു ഏകത കാണുന്നില്ല. ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഓരോ പാടശേഖരങ്ങളിലും കൃഷിയുടെ കാര്യത്തിൽ ഏകത കൈവരിക്കേണ്ടതുണ്ട്.

നെൽകൃഷിയിൽ കർഷകനുള്ള താല്പര്യം കുറഞ്ഞു വരുന്നതായി കാണുന്നു. നെൽകൃഷി ആദായകരമല്ല എന്ന കാരണമാണ് ഉന്നയിക്കപ്പെടുന്നത്. തൊഴിലാളികളുടെ ദൗർലഭ്യം, വളങ്ങളുടെ വിലകൂടുതൽ, വർദ്ധിച്ചുവരുന്ന രോഗങ്ങൾ, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷി നാശം ഒക്കെ ഇതിന് കാരണങ്ങളാണ്. ഇതിൻെറ ഫലമായി പാടശേഖരങ്ങൾ നികത്തി തെങ്ങ് കൃഷി ചെയ്യുകയോ, കെട്ടിടങ്ങൾ പണിയുകയോ ചെയ്യുന്നു. ഇത്തരത്തിലുള്ള ഭൂവ്യതിയാനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നു. 11 വർഷം കൊണ്ടു 245 ഹെക്ടർ സ്ഥലത്തിന് ഭൂവ്യതിയാനം സംഭവിച്ചിട്ടുണ്ട്.



204

| വർഷം | നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണം | വ്യതിയാനം സംഭവിച്ചത് |
|---|---|---|
| 1983 | 966 ഹെക്ടർ | ------ |
| 1991 | 829 ഹെക്ടർ | 137 ഹെക്ടർ |
| 1994 | 721 ഹെക്ടർ | 108 ഹെക്ടർ |

സമീപ കാലത്ത് ഭൂമി ഒരു വില്പനച്ചരക്കായി മാറിയിരിക്കുന്നതിനാൽ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ ഉണ്ടായ ഭൂമിയുടെ അമിതമായ വിലവർദ്ധന പാടശേഖരങ്ങൾ നികത്തുന്നതിന് കാരണമായിട്ടുണ്ട് എന്ന് കാണാവുന്നതാണ്. വളരെ വിസ്തൃതമായ ഭൂഭാഗം നെൽകൃഷിക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും ഉല്പാദനം പ്രാദേശിക ഉപഭോഗത്തിന് തികയുന്നില്ല എന്നുള്ളതാണ് വസ്തുത. ഉല്പാദന ക്ഷമത കുറവാണ്. ഇതിനു കാരണം. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ ഉല്പാദനം ഉണ്ടാകുന്നുള്ളൂ എന്നുള്ളതിനാൽ കർഷകർ നെല്ല് വിപണനത്തിന് തയ്യാറാകുന്നില്ല. ന്യായവില കിട്ടുന്നില്ല എന്നുള്ളതും പ്രശ്നമാണ്. പ്രകൃതിക്ഷോഭം മൂലം വിള നാശം സംഭവിക്കുമോ എന്നുള്ള ഭയവും കർഷകരെ നെല്ല് സ്വന്തം ഉപയോഗത്തിനു മാത്രമായി സൂക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നു. അശാസ്ത്രീയമായ രീതിയിൽ ഭൂമി നികത്തുന്നതിനാൽ നീർച്ചാലുകൾ തടയപ്പെട്ട് നീർകെട്ട് ഉണ്ടാകുന്നു. ജലസേചനം നടത്തുവാൻ സൗകര്യപ്പെടുന്ന കുളങ്ങൾ ഉണ്ടെങ്കിലും വേണ്ട രീതിയിൽ പരിപാലിക്കാത്തതിനാൽ ഉപയോഗ രഹിതമാണ്.

## തെങ്ങ് കൃഷി

ഈ പഞ്ചായത്തിൽ 982 ഹെക്ടർ പ്രദേശത്ത് തെങ്ങു കൃഷി ചെയ്യുന്നുണ്ട്. ആകെയുള്ള തെങ്ങുകളിൽ 5.8 ശതമാനവും രോഗം ബാധിച്ചവയാണ്. ഉല്പാദനക്ഷമത തെങ്ങൊന്നിന് 31 നാളികേരമാണ്. 90 ശതമാനവും നാടൻ തെങ്ങിനളാണ്.

| വാർഡ് നമ്പർ | തെങ്ങ് എണ്ണം കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ചത് |
|---|---|---|---|---|
| 1 | 4238 | 13348 | 17587 | 3991 |
| 2 | 3876 | 9284 | 12160 | 3105 |
| 3 | 5364 | 13111 | 18475 | 3851 |
| 4 | 6730 | 26020 | 32750 | 5170 |
| 5 | 4818 | 9845 | 23663 | 5071 |
| 6 | 5442 | 18131 | 22573 | 3901 |
| 7 | 2100 | 7314 | 9414 | 2235 |
| 8 | 3280 | 22210 | 20490 | 4718 |
| 9 | 4536 | 13831 | 18367 | 3490 |
| 10 | 2920 | 12229 | 15149 | 2981 |

മഞ്ഞളിപ്പ്, കാറ്റുവീഴ്ച, കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങളാണ് തെങ്ങുകളിൽ കണ്ടുവരുന്നത്. ഈ രോഗബാധകൾക്ക് ഇതുവരെയും ശാശ്വത പരിഹാരം നിർദ്ദേശിക്കപ്പെട്ടിട്ടില്ല. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വക്കുന്നതിന് കൃഷിഭവൻ പ്രോത്സാഹനം നല്കുന്നുണ്ട്. രോഗ പ്രതിരോധത്തിനായി മരുന്നു തളിയും മറ്റും നടത്തുന്നുണ്ടെങ്കിലും അവ ഫലപ്രദമാകുന്നില്ല.

രോഗബാധക്ക് പുറമെ ജലസേചനക്കുറവും ഉല്പാദനത്തെ ബാധിക്കുന്നുണ്ട്. നിലം നികത്തി തെങ്ങു വച്ച സ്ഥലങ്ങളിൽ 63% തെങ്ങുകൾക്ക് ജലസേചനം നടത്തുന്നുണ്ടെങ്കിലും പുരയിടങ്ങളിലെ തെങ്ങുകളിൽ 46 ശതമാനത്തിന് മാത്രമേ ജലസേചന സൗകര്യമുള്ളൂ. വേനൽക്കാലങ്ങളിൽ ജലദൗർഭല്യം മൂലം ഭാഗികമായ ജലസേചനമേ നടക്കുന്നുള്ളൂ. ജൈവവളങ്ങൾക്ക് ദൗർലഭ്യം നേരിടുകയും, രാസവളങ്ങൾക്ക് വില വർദ്ധിക്കുകയും ചെയ്തത് ഉല്പാദനം കുറയുവാൻ കാരണമായിട്ടുണ്ട്. നീണ്ടു നിൽക്കുന്ന വിള വർദ്ധനവിന്, തെങ്ങു രോഗങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും ജൈവവളങ്ങൾക്ക് കഴിയും എന്നുള്ള


205

നാടൻ കർഷകരുടെ നിരീക്ഷണം കൃഷി ശാസ്ത്രജ്ഞരും, രാസവളത്തിൻെറ വക്താക്കളും പഠന വിധേയമാക്കേണ്ടതാണ്. ചാണകം, ചാരം, പച്ചിലവളങ്ങൾ, കംപോസ്റ്റ് വളങ്ങൾ, വിവിധയിനം പിണ്ണാക്കുകൾ, മത്സ്യ വളങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്, ഇത്തരം വളങ്ങൾക്ക് വൻതോതിൽ സബ്സിഡി ലഭ്യമാക്കാൻ പഞ്ചായത്തുകൾക്ക് കഴിയണം. പരമ്പരാഗത കൃഷി രീതികൾ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുന്നത്, മരിക്കാത്ത മണ്ണും, നശിക്കാത്ത വിളകളും സ്വപ്നം കാണുന്ന നാടൻ കർഷകന് നിരാശയുടെ നീർക്കയത്തിൽ നിന്നും തീർച്ചയായും മോചനം നല്കും. നാളികേരത്തിന് ന്യായവില ലഭിക്കണം. തകർന്നു കൊണ്ടിരിക്കുന്ന തെങ്ങു കൃഷി പരിപോഷിപ്പിക്കുന്നതിന് ഇത് അനിവാര്യമാണ്.

## കവുങ്ങ്

90 ഹെക്ടർ സ്ഥലത്താണ് കവുങ്ങ് കൃഷി ചെയ്യപ്പെടുന്നത്. കവുങ്ങ് മാത്രമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ കുറവാണ്. തെങ്ങും കവുങ്ങും ഇടകലർന്നാണ് കാണപ്പെടുന്നത്. പൊതുവെ കവുങ്ങ് കൃഷിക്ക് പ്രചാരം കുറവായിരുന്നു. അടക്കയുടെ വിലവർദ്ധനവ് ഈ രംഗത്തേക്ക് കർഷകരെ ആകർഷിച്ച് തുടങ്ങിയിട്ടുണ്ട്. കവുങ്ങിൻെറ ഉല്പാദന ക്ഷമത 5.4 കി.ഗ്രാം. ആണ്. കവുങ്ങിന് ഉണ്ടാകുന്ന മഞ്ഞളിപ്പ്, മഹാളി രോഗങ്ങൾ കൃഷിക്ക് ഭീഷണിയായിത്തീരുന്നു.

## കുരുമുളക്

ഏകദേശം 25 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യപ്പെടുന്നതായി കാണുന്നു. കഴിഞ്ഞ കാലങ്ങളിൽ കുരുമുളക് കൃഷിക്ക് നല്കിയിട്ടുള്ള പ്രോത്സാഹനം ഈ രംഗത്തേക്ക് കർഷകരെ ആകർഷിക്കുന്നുണ്ട്. ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ പ്രശ്നമാണ്.

## കശുമാവ്

12 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കശുമാവ് കൃഷി ചെയ്യുന്നത്. കുറച്ചു വർഷങ്ങൾക്കു മുൻപ് പഞ്ചായത്തിൻെറ കുന്നിൻ പ്രദേശങ്ങളിൽ മുഴുവനും കശുവമാവിൻ തോട്ടങ്ങൾ ആയിരുന്നു. ഇപ്പോൾ കശുമാവ് കൃഷി വളരെ ചുരുങ്ങിയിരിക്കുന്നു.

## പച്ചക്കറി

കരപാടശേഖരങ്ങളും, പുരയിടങ്ങളും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണ്. മുൻകാലങ്ങളിൽ മുണ്ടകൻ കൊയ്തു കഴിഞ്ഞാൽ പാട ശേഖരങ്ങളിൽ വൻതോതിൽ പച്ചക്കറി കൃഷി നടത്തിയിരുന്നു. കീടബാധ, ജലസേചന സൗകര്യക്കുറവ്, ലാഭകരമല്ലാത്ത അവസ്ഥ എന്നീ കാരണങ്ങളാൽ ഇപ്പോൾ പച്ചക്കറികൃഷി കുറഞ്ഞു വരുന്നു. ഈ കൃഷിക്ക് പ്രോത്സാഹനം ആവശ്യമാണ്. ഈ മേഖലയിൽ പുതുജീവൻ പ്രകടമായിക്കാണുന്നത് ആശ്വാസകരമാണ്. പയർ, വാഴ, മരച്ചീനി തുടങ്ങിയ കൃഷികളും ഉണ്ട്. എലി ശല്യം ഈ കൃഷികൾക്ക് ഒരു തടസ്സമായി കാണുന്നു. പൂകൃഷിക്ക് ഈ പഞ്ചായത്തിൽ ഏറെ സാദ്ധ്യതയുള്ളതായി കാണുന്നു.

## വളം, കീടനാശിനി

85 ശതമാനം രാസവളങ്ങളും, കീടനാശിനിയും വില്പന നടത്തുന്നത് പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്ക് വഴിയാണ്. മൂരിക്കാട് ഭാഗത്തുള്ള ഒരു സ്വകാര്യ ഏജൻസിയും ഭാഗികമായി ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കൊമ്പത്തുകടവ്, കണ്ണികുളങ്ങര, കോവിലകത്തു കുന്ന്, പിണ്ടാണി പ്രദേശങ്ങളിൽ ഉള്ളവർക്ക് വളം, കീടനാശിനി തുടങ്ങിയവ ലഭിക്കണമെങ്കിൽ 3-5 കി.മി. സഞ്ചരിക്കണം.

രാസവളം, കീടനാശിനി ഉപയോഗത്തിൻെറ കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ താഴെ ചേർക്കുന്നു.

ഉപകരണങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| വർഷം | രാസവളം (കി.ഗ്രാം.) | കീടനാശിനി ദ്രവം(ലിറ്റർ) | ഖരം (കി.ഗ്രാം.) |
|---|---|---|---|
| 1993-94 | 701201 | 112.85 | 1293 |
| 1994-95 | 852040 | 137 | 1544 |
| 1995-96 | 106550 | 171 | 1923 |

| ടാക്ടർ | ടില്ലർ | മെതി യന്ത്രം യന്ത്രം | തെങ്ങു കയറ്റ | റോക്കർ സ്പ്രേയർ | സാപ്പ്സ്റ്റാക്ക് സ്പ്രേയർ |
|---|---|---|---|---|---|
| 4 | 2 | 5 | 9 | 9 | 21 |

കാളകളെ ഉപയോഗിച്ച് ഉഴുന്ന സമ്പ്രദായം ഇന്നും നില നിൽക്കുന്നുണ്ട്.

കൃഷിഭൂമിയുടെ ഉപയോഗം കുറയുകയാണെങ്കിലും രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗത്തിൽ ക്രമാനുഗതമായ വർദ്ധനവ് കാണുന്നു. പക്ഷെ ഉല്പാദന ക്ഷമതയിൽ സാരമായ വർദ്ധനവ് കാണുന്നില്ല. കൃഷി ഭൂമിയിലെ മണ്ണിൻെറ ഗുണനിലവാരം കുറയുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത് എന്ന് കാണാം. മണ്ണു പരിശോധന കാലാകാലങ്ങളിൽ നടത്തുന്നുണ്ട്. എങ്കിലും അതിനനുസരിച്ചുള്ള വളപ്രയോഗം നടത്തുന്നതിന് കർഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്. ജൈവവള പ്രയോഗം താരതമ്യേന കുറവാണ്. ഗുണമേന്മയുള്ള ജൈവവളങ്ങളുടെ ലഭ്യതകുറവ് അനുഭവപ്പെടുന്നത് കാരണം തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ജൈവവളങ്ങളാണ് ഇവിടെ അധികവും ഉപയോഗിക്കുന്നത്. ഇവയ്ക്ക് ഗുണനിലവാരം കുറവാണ് എന്ന് മാത്രമല്ല, മണ്ണിൻെറ ഗുണത്തെ ദോഷകരമായി ബാധിക്കുന്നു എന്നും കാണാം. വർദ്ധിച്ചു വരുന്ന രോഗങ്ങളിൽ നിന്നും മുക്തി നേടുന്നതിന് അമിതമായി കീടനാശിനി പ്രയോഗം നടത്തുന്നതായി കാണാം.

## കാർഷിക ഉപകരണങ്ങൾ

ആധുനിക രീതിയിൽ ഉള്ള യന്ത്രവൽകൃത കൃഷി സമ്പ്രദായം ഇവിടെ നടപ്പിലായിട്ടില്ല. ഉഴവിന് ട്രാക്ടർ, ട്രില്ലർ മുതലായവ ഉപയോഗിക്കുന്നുണ്ടെങ്കിലും നടീൽ യന്ത്രം, കൊയ്തു യന്ത്രം തുടങ്ങിയവ ഇവിടെ പ്രചാരത്തിലായിട്ടില്ല. കൃഷിഭവൻ മുഖേനയും, കർഷകർ നേരിട്ട് വാങ്ങിയതും ആയിട്ടുള്ള കാർഷിക യന്ത്ര

## കൃഷിഭവൻ

കാർഷികരംഗത്ത് പുരോഗതി കൈവരിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കൃഷിഭവൻെറ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കൃഷിഭവൻെറ കീഴിൽ പാടശേഖരങ്ങളിലെ കർഷകരുടെ കൂട്ടായ്മയ്ക്കായി 17 പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 1991 കാലഘട്ടം വരെ ഇവയുടെ പ്രവർത്തനം നല്ല രീതിയിൽ ആയിരുന്നു. അതിന് ശേഷം ഈ സമിതികൾ നിർജീവമായി. രജിസ്ട്രേഷൻ പുതുക്കാതെയും, പൊതുയോഗങ്ങൾ കൂടാതെയും, കർഷക സമ്പർക്ക പരിപാടികൾ നടത്താതെയും ഈ സമിതികൾ നിർജീവാവസ്ഥയിൽ എത്തിയിരിക്കുകയാണ്. മുഴുവൻ നെൽ കർഷകരെയും ഉൾപ്പെടുത്തികൊണ്ട് ഈ സമിതികളുടെ സജീവ പ്രവർത്തനം ഉറപ്പു വരുത്തേണ്ടതുണ്ട്.

തെങ്ങുകൃഷിക്കാരുടെ ഒത്തൊരുമക്കും സഹകരണത്തിനുമായി പുത്തൻചിറ കേരവികസന സിമിതി കൃഷിഭവൻെറ കീഴിൽ ഉണ്ട്. ഈ സമിതിയുടെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല.

കർഷക-കർഷക തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഷിക വികസന സമിതി കൃഷി ഭവനു കീഴിൽ രൂപീകരിക്കപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ കർഷക സമ്പർക്ക പരിപാടി നടത്തുന്നില്ല എന്നുള്ളത് ഒരു പോരായ്മയാണ്. ഉദ്യോഗസ്ഥന്മാരുടെ കുറവ്

അതിന് ഒരു കാരണമാണ്. ഗവൺമെൻറിൽ നിന്നും കർഷകർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുക എന്ന പരിപാടി മാത്രമേ കൃഷി ഭവൻ വഴി നടത്തുവാൻ കഴിയുന്നുള്ളൂ.

94-95 വർഷത്തിൽ കൃഷിഭവൻ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സമഗ്ര കേരവികസന പദ്ധതി പ്രകാരം നടീൽവസ്തുക്കൾ, വളം, സസ്യ സംരക്ഷണ വസ്തുക്കൾ, ജലസേചന സൗകര്യത്തിനായി കിണർ, പമ്പുസെറ്റുകൾ, എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു.
2. ഹെക്ടറിന് 20000 രൂപ സബ്സിഡി പ്രകാരം സമൂഹ ജലസേചന പദ്ധതിയും, 10000 രൂപ സബ്സിഡിയോടെ ഗ്രൂപ്പ് ജലസേചന പദ്ധതി. പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് കിണറിന് 10000 രൂപ നല്കുന്ന പദ്ധതി.
3. സസ്യ സംരക്ഷണ ഉപകരണങ്ങൾ, തെങ്ങു കയറ്റ യന്ത്രങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം.
4. കാറ്റു വീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ധനസഹായം.
5. കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ പവർ സ്പ്രേയറുകൾ, ഞാറ്റടികൾക്കുള്ള സഹായം എന്നീ പദ്ധതികൾ (50% സബ്സിഡി)
6. പച്ചക്കറി കൃഷി വികസനത്തിനായി മേത്തരം പച്ചക്കറി വിത്തുകളും, വളവും, കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്ന പദ്ധതി.
7. വിദ്യാർത്ഥികൾക്ക് സ്കൂൾ പച്ചക്കറിതോട്ടവും, സ്വന്തം കൃഷിതോട്ടവും നിർമിക്കാൻ ഉള്ള സഹായങ്ങൾ.
8. കൃഷി വികസനത്തിനായി കുരുമുളക്‌വള്ളി, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു എന്നിവ സൗജന്യമായും, സബ്സിഡി നിരക്കിലും കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി.
9. ഊർജ്ജപരിപാലനത്തിന് വേണ്ടി ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങളും, നിർമ്മിക്കുന്നവർക്ക് സബ്സിഡിയും കൊടുക്കുന്ന പദ്ധതി.
10. നെൽകൃഷി വികസനത്തിനായി കുമ്മായം, കുമ്മായ വസ്തുക്കൾ എന്നിവ നൽകുന്ന പദ്ധതി.

## തൊഴിൽമേഖല

ആധികാരികമായി ലഭിച്ചിട്ടുള്ള രേഖകൾ പ്രകാരം 1896 പുരുഷന്മാരും. 609 സ്ത്രീകളും കൂടി 2505 ആണ് കർഷകതൊഴിലാളികളായിട്ടുള്ളത്. തൊഴിലാളികളിൽ ഭൂരിഭാഗവും കാർഷിക രംഗത്തും, ഇതരരംഗങ്ങളിലും മാറിമാറി തൊഴിൽ ചെയ്യുന്നവരാകയാൽ. കർഷകത്തൊഴിലാളി എന വിഭാഗത്തിൽ പെടുന്നവരുടെ എണ്ണം കുറവായി കാണുന്നു. കാർഷികരംഗത്ത് സ്ഥിരം പണിയില്ല എന്നുള്ളതും ഇതിന് കാരണമാണ്. പുരുഷന്മാർക്ക് 100 രൂപയും സ്ത്രീകൾക്ക് 60 രൂപയും ആണ് ഇപ്പോൾ ശരാശരി കൂലി. കൂലി വ്യവസ്ഥയിൽ ഒരു ഏകീകൃത സ്വഭാവം കാണുന്നില്ല.

## സാമ്പത്തിക സഹായം

കാർഷിക വികസനത്തിനും കൃഷിയിറക്കുന്നതിനും മറ്റും വേണ്ടി വരുന്ന ധനസഹായം പ്രധാനമായും പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ആണ് ലഭിക്കുന്നത്. കനറാ ബാങ്ക് കോണത്തുകുന്ന് ശാഖ, ഇരിങ്ങാലക്കുട കാർഷിക വികസനബാങ്ക് എന്നിവയും ഭാഗികമായി ഈ രംഗത്തുണ്ട്.

## ജലസേചനം

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ജലസേചനത്തിന് ഉപയോഗിക്കാവുന്ന മറ്റു സ്രോതസ്സുകൾ കിണറുകളും കുളങ്ങളുമാണ്. ഇവ



208

വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. 23 പൊതു കുളങ്ങളും, മുപ്പതോളം സ്വകാര്യ കുളങ്ങളുമാണ് ഉള്ളത്. പൊതുകുളങ്ങളോട് ചേർന്ന് ഏകദേശം മുപ്പതോളം തോടുകളും ഉണ്ട്. ഇവയിൽ പലതും കയ്യേറ്റം മൂലം വിസ്താരം കുറഞ്ഞ് ശോഷിച്ചു പോയിരിക്കുകയാണ്. നല്ല വേനൽകാലത്ത് ജലസേചനം അത്യാവശ്യമായി വരുന്ന സമയത്ത് ഭൂരിപക്ഷം കുളങ്ങളിലും വെള്ളം ഉണ്ടാകാറില്ല എന്നതാണ് വസ്തുത. വലിയകുളം, കുട്ടൻകുളം, ചിറമ്മേൽ കുളം, മനക്കുളങ്ങര കുളം, പഷ്ണിക്കുളം, കുറ്റിക്കാട്ടുകുളം എന്നീ പൊതു കുളങ്ങളും, തൃപ്പേക്കുളം, വാസുപുരം കുളം എന്നീ പ്രധാന സ്വകാര്യ കുളങ്ങളുമാണ് വേനൽകാലത്തും വെള്ളം കിട്ടുന്നവ. മേൽപറഞ്ഞ കുളങ്ങൾ എല്ലാം തന്നെ താഴ്ത്തി, സൈഡ് കെട്ടി സംരക്ഷിക്കപ്പെട്ടാൽ 10 ശതമാനത്തോളം ജലസേചന സാദ്ധ്യതയുണ്ടാകും. പുത്തൻചിറ ലിഫ്ട് ഇറിഗേഷൻ പദ്ധതിയും അതിൻെറ അനുബന്ധ പദ്ധതികളും നടപ്പിലായാൽ വലിയ ഒരളവോളം ജലസേചന സൗകര്യം ഉണ്ടാകും. പഞ്ചായത്തിൽ ആകെ 4402 കിണറുകൾ ഉള്ളതിൽ 98 ശതമാനം കിണറുകളും വേനൽകാലത്ത് വറ്റുന്നവയാണ്. ജലസേചനത്തിൻെറ വികസനത്തിനായി ദേശീയ നിർമറി പദ്ധതി പഞ്ചായത്തിൻെറ ഏതാനും ചില വാർഡുകൾ കേന്ദ്രീകരിച്ചു നടത്തുന്നുണ്ട് എങ്കിലും ഈ പരിപാടി വേണ്ടത്ര ഫലപ്രദമായിട്ടില്ല.

**ആഴം കൂട്ടി വരങ്ങൾ സംരക്ഷിക്കേണ്ട കുളങ്ങൾ, തോടുകൾ, പുതിയതായി നിർമ്മിക്കേണ്ട ബണ്ട് റോഡുകൾ, പമ്പ് സെറ്റ്-മോട്ടോർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ**

| കുളങ്ങൾ | തോടുകൾ | ബണ്ട് റോഡ് | മോട്ടോർ/പമ്പ് സെറ്റ് |
|---|---|---|---|
| കുറ്റിക്കാട്ടുകുളം | ചേന്ദങ്കരിപാടം | ആദിപ്പള്ളി റോഡ് | ചേന്ദങ്കരിപാടം |
| അച്ചൻകുളം | പള്ളിശ്ശേരി തോട് | വില്വമംഗലം പാടം | വട്ടോലികുളം |
| മനകുളങ്ങര കുളം | (കുറുങ്ങാംപാടം | വായനശാല-കുറങ്ങാം പാടം റോഡ് | മേക്കാളിപാടം |
| വാസുപരം കുളം | കടൂപ്പാടം തോട് | പുഞ്ചപ്പാടം ലിങ്ക് റോഡ് | വില്വമംഗലം പാടം |
| കാട്ടുങ്ങകുളം | കുറുങ്ങം പാടം - സെൻട്രൽ തോട് | വാസുപുരം-കുറുങ്ങംപാടം | |
| പെരിയകുളം | പെരിയകുളം - ഏലാടികുളം | പേരിയകുളം-ഏലാടികുളം | |
| ഏലാടികുളം | മേക്കാളി - പാലിയംതോട് | ഒലുക്കപാടം റോഡ് | |
| ചിറമേൽകുളം | വിശ്വമംഗലം പാടം | തുപ്രത്ത് റോഡ് | |
| വട്ടോലിക്കുളം | തൃപ്പേകുളം- കുറുപ്പിച്ചൻ തോട് | കൊശവൻചിറ-കോളനി | |
| പഷ്ണിക്കുളം | | ആളോരിപ്പാടം | |
| കയ്പടപാടം കുളം | | കുറുപ്പിൻതോട് ബണ്ട് റോഡ് | |
| വില്വമംഗലം കുളം | | | |
| കുട്ടൻകുളം | | | |
| ആളോരികുളം | | | |
| കണ്ണൻ കുളം | | | |
| വള്ളികുളം | | | |

## പ്രശ്നങ്ങൾ

1. ജലസേചന സൗകര്യത്തിൻെറ അപര്യാപ്തത
2. വളം, കീടനാശിനി എന്നിവയുടെ വില വർധന
3. വർധിച്ച പണച്ചിലവ്, തൊഴിലാളികളുടെ കുറവ്
4. ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്ക
5. ഇടത്തട്ടുകാരുടെ ചൂഷണം
6. രോഗ പ്രതിരോധ പ്രവർത്തനത്തിലുള്ള അജ്ഞത
7. ശാസ്ത്രീയ കൃഷിമുറകളെകുറിച്ചുള്ള അറിവില്ലായ്മ
8. കൂട്ടായ കൃഷിരീതികൾ അവലംബിക്കായ്ക
9. തെങ്ങ്, കവുങ്ങ്, തുടങ്ങിയവയുടെ രോഗങ്ങൾ, അവയ്ക്ക് പ്രതിവിധി കണ്ടെത്താൻ കഴിയാത്ത സാഹചര്യം.
10. കൃഷിയിടങ്ങൾ നികത്തുന്നത്.
11. വൈദ്യുതി ക്ഷാമം.
12. കൃഷിഭവൻ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഇല്ലായ്മ
13. ആധുനിക കാർഷികോപകരണങ്ങളുടെ ഉപയോഗത്തിലുള്ള കുറവ്.
14. കാർഷികോപകരണങ്ങളുടെ വിലക്കൂടുതൽ
15. കൃഷിയിറക്കുന്നതിനുള്ള മൂലധനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
16. ട്രാക്ടർ പാതകളില്ലായ്മ.
17. ഓരു ജലം കയറി കൃഷി നശിക്കുന്നത്.
18. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്.
20. കൃഷിപ്പണി മാന്യമായിക്കാണുന്ന വീക്ഷണ മില്ലായ്മ.
21. കൃഷിപ്പണി ചെയ്യുന്നതിനുള്ള സന്നദ്ധത കുറവ്
21. തൊഴിലിൻെറ അരക്ഷിതാവസ്ഥയും ക്ഷേമപദ്ധതികളുടെ അഭാവവും
22. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

### 1. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ

ചാലക്കുടിപുഴയിൽ നിന്നും വെള്ളം ലിഫ്ട് ചെയ്ത് പുത്തൻചിറ പുഞ്ചപ്പാടത്ത് എത്തിക്കുന്നതാണ് ഈ പദ്ധതി. ഇതിൻെറ ഉപപദ്ധതികളായി കുറുങ്ങാംപാടം, നാനാട്ടിപാടം, വില്ലമംഗലംപാടം, കോട്ടക്കൽ പാടം തുടങ്ങിയ പാടശേഖരങ്ങളിലേക്കും കനാൽ വഴി വെള്ളം ലിഫ്ട് ചെയ്ത് എത്തിക്കാം.

### 2. ചിമ്മിനി-മുപ്ലി പദ്ധതി

മുരിയാട് വരെ എത്തി നില്ക്കുന്ന കൈവഴി വേളൂക്കര പഞ്ചായത്ത് വഴി പുത്തൻചിറയിലേക്ക് കനാൽ വഴി എത്തിക്കുക.

3. ഇടമലയാർ പദ്ധതിയുടെ ഒരു കൈവഴി പുത്തൻചിറ പഞ്ചായത്ത് പ്രദേശത്തേക്ക് നീട്ടുക.
4. നിലവിലുള്ള മുഴുവൻ കുളങ്ങളും താഴ്ത്തി സൈഡ്കെട്ടി അവയിൽ നിന്നുള്ള തോടുകൾ വേണ്ടരീതിയിൽ സംരക്ഷിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
5. രാസവളങ്ങളുടെയും, കീടനാശിനികളുടെയും, വിലവർദ്ധനവ് ഇല്ലാതാക്കുക. 50% സബ്സിഡി നൽകുക.



210

6. ജൈവവളങ്ങൾക്കായി പച്ചിലവളങ്ങളുടെ വിത്തുകളും, പച്ചിലവളങ്ങളും ലഭ്യമാക്കുക.

7. ഇരുപ്പൂ നിലങ്ങളിൽ ഉപവിളകൾ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

8. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക.

9. ശാസ്ത്രീയമായ കൃഷി രീതികളിൽ കർഷകരെ ബോധവാന്മാരാക്കതുക.

10. സമഗ്രമായ രീതിയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുകയും, യന്ത്രസാമാഗ്രികൾ കുറഞ്ഞ വിലക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക.

11. നെല്ല്, നാളികേരം എന്നിവക്ക് ന്യായവില ഉറപ്പാക്കുക.

12. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിന് വേണ്ടി സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ച് മാർക്കറ്റിങ്ങ് സംവിധാനം കണ്ടെത്തുക.

13. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

14. സോളാർ എനർജി ഉപയോഗിച്ചുള്ള മോട്ടോറുകൾ സ്ഥാപിക്കുക.

15. നെൽപാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്നത് കർശനമായി തടയുക. അതിനുള്ള നിയമ സംവിധാനം ശക്തമാക്കുക.

16. തെങ്ങ് രോഗങ്ങൾക്കും, കവുങ്ങ് രോഗങ്ങൾക്കും ശരിയായ പരിഹാരം കണ്ടെത്തുക.

17. കേടുവന്ന തെങ്ങുകൾ മുറിച്ച് നീക്കുന്നതിനുള്ള നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുക.

18. ചരിവു പ്രദേശങ്ങളിലെ ജലം സംരക്ഷിക്കുന്നതിനുള്ള മാർഗങ്ങൾ നടപ്പിലാക്കുക.

19. വാട്ടർഷെഡ് പദ്ധതിയിൽ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തി ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുക.

20. കുളങ്ങളും, തോടുകളും നികത്തുന്ന പ്രവണത ഇല്ലാതാക്കുക. നീരൊഴുക്ക് ആവശ്യമായ സ്ഥലങ്ങളിലേക്ക് തോടുകൾ നിർമ്മിക്കുകയും, നിലവിലുള്ളവ വേണ്ട രീതിയിൽ സംരക്ഷിക്കുകയും ചെയ്യുക. ആവശ്യമുള്ള സ്ഥലങ്ങളിൽ വെള്ളം തടയുന്നതിന് ചീപ്പുകൾ സ്ഥാപിക്കുക

21. പാടശേഖരങ്ങളിലേക്ക് ഗതാഗത സൗകര്യം ഉറപ്പുവരുത്തുക.

22. ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെയും, കേരവികസന സമിതിയുടെയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തി കർഷകരുടെ കൂട്ടായ്മ സൃഷ്ടിക്കുക.

23. സമ്മിശ്രകൃഷി സമ്പ്രദായം നടപ്പിലാക്കുക (ഉദാ. തെങ്ങിൻ തോട്ടത്തിൽ വാഴ, മരച്ചീനി, ചേന, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുക.

24. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

25. നെൽകൃഷിക്കുള്ള ഉൽപാദക ബോണസ് വർദ്ധിപ്പിക്കുക.

26. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പലിശരഹിത കാർഷിക വായ്പ ഏർപ്പെടുത്തുക. അവർക്ക് വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ സൗജന്യമായി നല്കുക.

24. കാർഷിക രംഗത്തേക്ക് വനിതകളെ ആകർഷിക്കുന്നതിനായി പൂകൃഷി (ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല തുടങ്ങിയവ), കൂൺകൃഷി. മൾബറി, പട്ടുനൂൽപ്പുഴു വളർത്തൽ, പച്ചക്കറികൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക. മേൽപറഞ്ഞ കൃഷികൾ ചെയ്യുന്നതിന് വനിതകൾക്ക് പരിശീലനവും, സൗജന്യമായി

വിത്തും, വളവും, തൈകളും നല്കുക. മുതൽ മുടക്കിന് പലിശരഹിത വായ്പ അനുവദിക്കുക.

28. കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അനുയോജ്യമായ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ.

29. ഓരു വെള്ളം കയറാതിരിക്കുന്നതിന് സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

30. കർഷകർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുക.

31. കാർഷിക ഉല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

32. മണ്ണൊലിപ്പ് തടയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

33. മണ്ണു പരിശോധന ഫലപ്രദമാക്കുക.

34. ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, ഗ്രാമ്പൂ തുടങ്ങിയ സുഗന്ധ വിളകളുടെ കൃഷി വ്യാപിപ്പിക്കുവാനുള്ള പദ്ധതി നടപ്പാക്കുക.

35. ഔഷധചെടികൾ, കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്ത് ഈ കൃഷി പ്രോത്സാഹിപ്പിക്കുക.

36. കശുമാവ് കൃഷി സംയോജിത കൃഷിയായി പ്രോത്സാഹിപ്പിക്കുക.

37. ബയോ ഗ്യാസ് പദ്ധതി ഊർജിതപ്പെടുത്തിയാൽ കംപോസ്റ്റ് വളവും ഗ്യാസ് ഊർജ്വും ലഭിക്കും. ഇതിൻെറ സബ്സിഡി 5000 രൂപയായി വർദ്ധിപ്പിയക്കുക.

38. കൊമ്പത്തും കടവ്, പിണ്ടാണി, കണ്ണികുളങ്ങര, വെള്ളൂർ ഭാഗങ്ങളിൽ വളം, കീടനാശിനി എന്നിവ ലഭിക്കുന്നതിനായി സഹകരണ ബാങ്കിൻെറ ഡെപ്പോകൾ സ്ഥാപിക്കുക.

39. പുഞ്ചപ്പാടത്ത് കരിങ്ങാച്ചിറ മുതൽ പകരപ്പിള്ളിവരെയുള്ള തോട് ആഴം കൂട്ടി ബണ്ട് ഉറപ്പിക്കുക. മോട്ടോറുകൾ പ്രവർത്തന ക്ഷമമാക്കുക.

40. കുറുങ്ങാംപാടത്ത് സെൻട്രൽ തോട് വികസിപ്പിച്ച് ബണ്ട്റോഡ് ഉണ്ടാക്കുക. (വാസുപുരം പാടത്തു നിന്നും കുറുങ്ങാം പാടത്തേക്ക്)

41. കുമ്മായം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

42. ചേല്യേക്കര-മാരേക്കാട്, നെയ്തുക്കുടി-ചുങ്കം സ്ലൂയിസ്-കം-ബ്രിഡ്ജുകൾ സ്ഥാപിക്കുക.

2

# മൃഗസംരക്ഷണമേഖല

## A. പൊതുവിവരണം

തികച്ചും ഒരു കാർഷിക ഗ്രാമമാണ് പുത്തൻ ചിറ. മറ്റു കൃഷികൾക്കൊപ്പംതന്നെ കന്നുകാലി വളർത്തലും പണ്ടുമുതൽക്കേ ഒരു ഉപജീവന മാർഗ്ഗമായി ജനങ്ങൾ സ്വീകരിച്ചുപോരുന്നു. മിക്കവാറും പാലുൽപാദനരംഗത്ത് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ആണ് കർഷകർ ശ്രമിച്ചിരുന്നത്. സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടുകൂടി പാലുൽപാദനരംഗം വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. എന്നാൽ പലകാരണങ്ങളാൽ എരുമവളർത്തൽ പുത്തൻചിറ പഞ്ചായത്തിൽ വേണ്ടത്ര പുരോഗമിച്ചിട്ടില്ല. മിക്കവാറും ഗ്രാമീണഗൃഹങ്ങളിൽ ആട് വളർത്തലും കോഴിവളർത്തലും വളരെ ചെറിയ തോതിൽ ചെയ്തുവരുന്നു. താറാവ്കൃഷി തീരെ ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. സർക്കാർ ധനസഹായത്തോടെയുള്ള മേൽത്തരം ജനുസ്സിൽ പെട്ട പശു, ആട്, കോഴി, താറാവ്, പന്നി എന്നിവയുടെ വിതരണം തികച്ചും അപര്യാപ്തമായിരുന്നു. കൃത്രിമ ബീജദാനം വഴിയും, ഈ അടുത്ത കാലഘട്ടങ്ങളിൽ ലഭിച്ചുവരുന്ന ആധുനിക ചികിൽസാസമ്പ്രദായങ്ങൾ വഴിയും പണ്ടുകാലങ്ങളിലെ 1-2 ലിറ്ററിൽനിന്നും പശുക്കളുടെ പാലുൽപാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അടപ്പൻ, കുരലടപ്പൻ, കാലിപ്ലേഗ്, കുളമ്പുരോഗം എന്നീ മാരക രോഗങ്ങൾ പ്രധിരോധകുത്തിവെയ്പുകൾ മുഖേന നിയന്ത്രണാധീനമായിട്ടുണ്ട്.

[സെൻസസ്സ് വിവരങ്ങൾ അനുബന്ധം 1,2,3,4,5,6 എന്നിവയിൽ ചേർത്തിട്ടുണ്ട്]

## B. പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഒരു മൃഗാശുപത്രി മാത്രമാണ് ഈ പഞ്ചായത്തിലെ മൃഗസംരക്ഷണകേന്ദ്രം. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് പൊതുജനപങ്കാളിത്തത്തോടുകൂടി 1987 ൽ നിർമിച്ച കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. മൃഗാശുപത്രിയിൽ ആവശ്യമായ ഭൗതികസൗകര്യങ്ങളോ ഉപകരണങ്ങളോ ലഭ്യമായിട്ടില്ല. മൃഗാശുപത്രിയിൽ നിന്നും പ്രതിരോധ കുത്തിവെയ്പ്പുകളും, ചികിത്സയും കൃത്രിമ ബീജദാന സൗകര്യങ്ങളും വന്ധ്യതാനിവാരണമാർഗങ്ങളും ലഭ്യമാണെങ്കിലും



213

## അനുബന്ധം 1

### വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | 2 | – | 20 | – | – | 180 | 40 | 6 | 8 | 4 | 190 | 70 | 520 |
| 2 | – | 6 | – | 10 | – | – | 140 | 135 | 10 | 15 | 6 | 205 | 80 | 607 |
| 3 | – | 6 | – | 15 | – | – | 180 | 160 | 8 | 12 | 4 | 260 | 60 | 705 |
| 4 | – | 4 | – | 15 | – | – | 190 | 170 | 8 | 12 | 4 | 270 | 75 | 748 |
| 5 | – | 6 | – | 20 | – | – | 200 | 190 | 5 | 13 | 2 | 220 | 80 | 736 |
| 6 | – | 2 | – | 20 | – | – | 170 | 150 | 6 | 14 | 4 | 215 | 50 | 631 |
| 7 | – | – | – | 15 | – | – | 180 | 145 | 7 | 13 | 2 | 270 | 70 | 702 |
| 8 | – | 2 | – | 30 | – | – | 200 | 160 | 4 | 12 | 2 | 230 | 50 | 690 |
| 9 | – | – | – | 10 | 2 | – | 190 | 80 | 18 | 14 | 3 | 210 | 40 | 567 |
| 10 | – | 2 | – | 15 | – | – | 185 | 100 | 16 | 14 | 4 | 280 | 50 | 666 |
| | | | | | | | 1815 | 1330 | 88 | 127 | 35 | | | |
| ആകെ | | 30 | | 170 | 2 | | 3145 | | 250 | | | 2350 | 625 | 6572 |

## അനുബന്ധം - 2

### വളർത്തുപക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 368 | 2600 | 1600 | 20 | 40 | – |
| 2 | 334 | 1800 | 3600 | 15 | 25 | – |
| 3 | 400 | 3100 | 2300 | 25 | 65 | – |
| 4 | 480 | 3400 | 2100 | 30 | 60 | – |
| 5 | 575 | 3250 | 2250 | 35 | 55 | – |
| 6 | 440 | 2800 | 3100 | 18 | 60 | – |
| 7 | 425 | 2700 | 2800 | 20 | 40 | – |
| 8 | 475 | 2500 | 2200 | 15 | 60 | – |
| 9 | 360 | 2400 | 2100 | 60 | 280 | – |
| 10 | 350 | 3000 | 2000 | 60 | 300 | – |
| ആകെ | 4207 | 27550 | 24050 | 298 | 298 | 985 |
| | | 19395 നാടൻ 8155 സങ്കരം | | | | |



214

## അനുബന്ധം - 3

### രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായ<br>Digestive disorders | 585 | 61 | 296 | - | 26 | 824 | – | – | - | – |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases. | 69 | 3 | 24 | - | - | – | – | – | – | - |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases. | 54 | 2 | 12 | - | - | - | – | – | – | – |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 100 | 5 | 11 | - | 62 | - | – | – | – | 15 |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 31 | 5 | 52 | - | - | – | – | – | – | – |
| 6. | പരാദ രോഗങ്ങൾ<br>Parastic diseases. | 741 | 72 | 144 | - | 28 | – | – | – | – | – |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 183 | 10 | 2 | - | 2 | – | – | – | – | – |
| 8. | വന്ധ്യത<br>Infertility | 244 | 43 | 2 | - | - | – | – | – | – | – |
| 9. | അകിടുവീക്കം<br>Mastitis | 53 | - | 23 | - |  | – | – | – | – | – |
| 10. | മുടന്തൻ പനി<br>Ephemeral Fever | 91 | - | - | - |  | – | – | – | – | – |
| 11. | പകർച്ചവ്യാധികൾ<br>Contagion diseases. | – | - | - | - |  | – | – | – | – | – |

## അനുബന്ധം - 4

### പേവിഷബാധ - പ്രതിരോധവും ചികിത്സയും (1995-96)

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നല്കിയവയുടെ എണ്ണം | – | – | – | 153 | – | – |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | – | – | – | – | – | – |

## അനുബന്ധം - 5

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ (1995-96)

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണം ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1945 | 1033 | 307 |
| കിടാരി | 1200 | 543 | 181 |
| എരുമ | 230 | 155 | 27 |

മറ്റു ഏജൻസികൾ വഴി ബീജസങ്കലനം നടന്നത് - പശു 100, കിടാരി 20
2-ലധികം തവണ ബീജസങ്കലനം വേണ്ടി വന്നത് - പശു 40, കിടാരി 10.

## അനുബന്ധം - 6

### ജനന രജിസ്റ്റർ

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം | |
|---|---|---|
| | ആൺ | പെൺ |
| പശു | 230 | 236 |
| എരുമ | 18 | 13 |

മിക്കവാറും മരുന്നുകൾ പുറമെ നിന്ന് വാങ്ങേണ്ടി വരുന്നു. പേവിഷബാധയ്ക്കെതിരെ നായ്ക്കൾക്കുള്ള പ്രതിരോധകുത്തിവെയ്പിനുള്ള മരുന്ന് അപര്യാപ്തമാണ്. പഞ്ചായത്തിൽ മറ്റൊരു മൃഗസംരക്ഷണകേന്ദ്രം ഇല്ലാത്തതിനാൽ ആശുപത്രി പ്രവൃത്തിസമയത്തിനുശേഷം മൃഗഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. ആയതുകൊണ്ട് പഞ്ചായത്തിലെ മൃഗസമ്പത്ത് കണക്കിലെടുത്ത് ഒന്നിലധികം ഡോക്ടർമാരുള്ള 24 മണിക്കൂറും ഷിഫ്ട് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയായി ഈ സ്ഥാപനത്തെ ഉയർത്തണം. സേവനമേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നിലധികം സ്ഥാപനങ്ങൾ അത്യാവശ്യമാണ്.

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവൽസരപദ്ധതിക്കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ - അവലോകനം.

### 1. മുട്ടക്കോഴിവളർത്തൽ പദ്ധതി (Backyard Poultry Scheme))

മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീട്ടുമുറ്റത്ത് വളർത്തുന്നതിനായി പകുതിവിലയ്ക്ക് മൂന്ന് കോഴിക്കുഞ്ഞുങ്ങളെ വീതം 333 കുടുംബങ്ങൾക്ക് വിതരണം ചെയ്തു. അപര്യാപ്തമെങ്കിലും പ്രകടമായ ഒരു മാറ്റം മുട്ടയുൽപാദനരംഗത്ത് സൃഷ്ടിയ്ക്കുവാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

### 2. എഗ്ഗർ നഴ്സറി യൂണിറ്റ്

ഈ പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെട്ട അഭ്യസ്തവിദ്യരായ പട്ടികജാതിയിൽപെട്ട ഒരു യുവതിക്ക് എഗ്ഗർ ലെയർ നഴ്സറി പദ്ധതി പ്രകാരം 50 ശതമാനം സബ്സിഡിയിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തിവിൽക്കുന്നതിനും സാമ്പത്തികനേട്ടം കൈവരിക്കുന്നതിനുമുള്ള ഒരു യൂണിറ്റ് നടപ്പിലാക്കി.

### പന്നിക്കുഞ്ഞുവളർത്തൽ പദ്ധതി

പകുതിവിലയ്ക്ക് പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം, 10 തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.

4. വളർത്തുനായ്ക്കൾക്ക് പേവിഷ ബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് പകുതി വിലയ്ക്ക് ചെയ്തുകൊടുത്തു.

5. നല്ല ഉരുക്കളെ കണ്ടെത്തുന്നതിനായി ചികിത്സ, പ്രതിരോധ കുത്തിവെയ്പുകൾ, വന്ധ്യതാ പരിശോധന. വരിയുടക്കൽ എന്നിവ ഉൾപ്പെടുത്തി രണ്ട് ഗോ രക്ഷാക്യാമ്പുകൾ വീതം എല്ലാ വർഷവും നടപ്പിലാക്കിവരുന്നു.

മുൻപദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികളിൽ പദ്ധതിവിഹിതത്തിന്റെ അപര്യാപ്തത വളരെയേറെ പ്രകടമായിരുന്നു. അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഗുണം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

## പാൽ ഉൽപാദനരംഗം

പുത്തൻചിറ പഞ്ചായത്തിൽ രണ്ട് ക്ഷീരോൽപാദകസഹകരണസംഘങ്ങൾ (APCOS) പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യമേഖലയിൽ ഒരു പാൽ സൊസൈറ്റിയും കൂടി പ്രവർത്തിയ്ക്കുന്നു.

i. പുത്തൻചിറ ക്ഷീരോൽപാദകസഹകരണസംഘം.

ii. വെള്ളൂർ ക്ഷീരോൽപാദകസഹകരണസംഘം

i. PDDP സോസൈറ്റി. പുത്തൻചിറ, കിഴക്കുംമുറി.

## 1995-'96 വർഷത്തെ ഉൽപാദനം.

| സംഘത്തിൻെറ പേര് | അളവ് | മൂല്യം |
|---|---|---|
| പുത്തൻചിറ (APCOS) | 153078.5 ലിറ്റർ | 11,51,586.30 |
| വെള്ളൂർ | 193993.5 ലിറ്റർ | 1483906.40 |
| P.D.D.P. | 75,000 ലിറ്റർ | |
| വീട്/ഹോട്ടലുകളിൽ വിറ്റ പാൽ | 2,11,036 ,, | |
| സ്വന്തമായി ഉപയോഗിച്ച പാൽ | 42,207 ,, | |
| പഞ്ചായത്തിലെ മൊത്തം ഉൽപാദനം | 6,75,315 ,, | |
| മൊത്തം പാലിൻെറ മൂല്യം | 6,75,315 X 11 | 74,28,465 രൂപ |

## മാംസ ഉൽപാദനരംഗം

പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാലപോലും ഇല്ല. എന്നാൽ അശാസ്ത്രീയമായി തുറസ്സായ സ്ഥലങ്ങളിൽ 10 ഇടങ്ങളിൽ അറവ് നടക്കുന്നുണ്ട്. ശാസ്ത്രീയമായ പരിശോധനകളോ, മാംസസംസ്ക്കരണരീതികളോ അവലംബിക്കാതെ തികച്ചും മോശമായ സാഹചര്യങ്ങളിൽ അറവ് നടത്തപ്പെടുന്നു. അവശിഷ്ടങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതുമൂലം പരിസരമലിനീകരണം സൃഷ്ടിക്കപ്പെടുന്നു. കശാപ്പ് ചെയ്യപ്പെട്ട മാംസം വഴിയോരങ്ങളിൽ തൂക്കിയിട്ട് വില്പന നടത്തുന്നതുമൂലം മാലിന്യങ്ങൾ കലർന്ന മാംസമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. കൂടാതെ ശാസ്ത്രീയമായ പരിശോധനകളുടെ അഭാവം നിമിത്തം രോഗഗ്രസ്തമായ മൃഗങ്ങളുടെ മാംസം പോലും വിറ്റഴിക്കപ്പെടുന്നു.

### ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന മാംസത്തിൻെറ അളവ്.

| മൃഗം | എണ്ണം | മാംസം | മൂല്യം |
|---|---|---|---|
| ആട് | 384 | 384 X 15=5760 | 5,76,000 |
| പശു, എരുമ, പോത്ത് | 1152 | 1152X100=115200 | 5608000 |
| മൂരിക്കുട്ടികൾ | 384 | 384X50=19200 | 7,68,000 |
| പന്നി | 15 | 15X60=900 | 45000 |

## പ്രശ്നങ്ങൾ

1. കാലിതീറ്റയുടെ വിലവർദ്ധനവും ഗുണനിലവാര തകർച്ചയും പാലുൽപാദനം കുറയ്ക്കുന്നു.
2. പാലിനു ചെലവിനനുസൃതമായി വില ലഭിക്കുന്നില്ല.
3. നല്ലയിനം കിടാരികളുടെ ദൗർലഭ്യം ഉണ്ട്.
4. കന്നുകാലി ഇൻഷുറൻസ് സൗകര്യങ്ങൾ പരിമിതമാണ്.

5. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം ഉണ്ട്.

6. കൃത്രിമ ബീജസങ്കലത്തിന് ഫീസ് വർദ്ധനവ്. സൗജന്യമായി ലഭിച്ചിരുന്ന ആവർത്തന ബീജധാനം ഇല്ലായ്മ.

7. കർഷകരെ സഹായിക്കുവാൻ ക്ഷേമനിധിയില്ല.

8. വിസ്തൃതി കൂടിയ പഞ്ചായത്തായതിനാൽ മൃഗാശുപത്രിയുടെ സേവനം എല്ലാ പ്രദേശങ്ങളിലും ലഭിക്കുന്നില്ല.

9. ആടുവളർത്തൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല.

10. മൃഗാശുപത്രിയിൽ രോഗപ്രതിരോധ വാക്സിനും മരുന്നുകളും വേണ്ടത്ര ലഭ്യമല്ല.

12. അറവുശാലകൾക്ക് ലൈസൻസ് സമ്പ്രദായം നിലവിലില്ല.

13. നല്ലയിനം ഇറച്ചി മുയലുകളെ ലഭിക്കുന്നില്ല.

14. നല്ലയിനം പന്നി കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

15. ഇറച്ചിക്കോഴിക്ക് ഉൽപാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല.

16. അന്യ സംസ്ഥാനങ്ങളിൽ നിന്ന് സർക്കാർ നിയന്ത്രണമില്ലാതെ ഇറച്ചികോഴികളെ കൊണ്ടുവരുന്നു.

17. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വേണ്ടത്ര ലഭിക്കുന്നില്ല.

18. ഇറച്ചി കോഴികളെ വളർത്തുന്നതിന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. മൃഗാശുപത്രി കെട്ടിടം, അത്യാവശ്യത്തിന് വേണ്ടുന്ന മുറി സൗകര്യങ്ങൾ, ഉരുക്കളെ കെട്ടിയിടുന്നതിനും പരിശോധിയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യം, മൈക്രോസ്കോപ്പ്, സ്റ്റെറിലൈസർ, ഫാൻ, ടെലഫോൺ എന്നിവ തരപ്പെടുത്തണം.

2. പഞ്ചായത്തിൻെറ വിസ്തൃതിയും മൃഗസമ്പത്തും കണക്കിലെടുത്ത് ഈ മൃഗാശുപത്രി രണ്ടു ഡോക്ടർമാരുള്ള ഒരു വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തണം.

3. 1,2,3,4 വാർഡുകളുടെ മൃഗാശുപത്രിയുമായുള്ള അകലം കണക്കിലെടുത്ത് പുതിയ ഒരു മൃഗാശുപത്രി കൂടി അനുവദിക്കുക.

4. മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന പദ്ധതികളായ, വീട്ടു മുറ്റത്ത് മുട്ടക്കോഴി വളർത്തൽ, പന്നിക്കുഞ്ഞു വളർത്തൽ എന്നീ പദ്ധതികൾ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി വിപുലീകരിയ്ക്കണം.

5. പഞ്ചായത്തിൽ ഒന്നിലധികം എഗ്ഗർ ലെയർ നഴ്സറികൾ സ്ഥാപിച്ച് മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം.

6. ജില്ലാ അടിസ്ഥാനത്തിലെങ്കിലും മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉല്പാദനം ഉറപ്പുവരുത്തുവാൻ പാകത്തിന് ഹാച്ചറികൾ സ്ഥാപിക്കണം.

7. പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി വീണ്ടും കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നടപ്പിലാക്കണം. പ്രതിരോധ കുത്തിവെയ്പ് സൗജന്യമാക്കണം. തെരുവു നായ്ക്കളെ നശിപ്പിച്ച് വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

8. രോഗരക്ഷാ ക്യാമ്പുകൾ, വന്ധ്യതാനിവാരണ ക്യാമ്പുകൾ എന്നിവ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി നടപ്പിലാക്കണം.

9. പാൽ ഉൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിച്ചെങ്കിലും ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിന് തീറ്റപുൽകൃഷി, വൈക്കോൽ സംഭരണം എന്നിവ നടപ്പിലാക്കുക. തീറ്റ

മിശ്രണ യൂണിറ്റുകൾ സഹകരണാടിസ്ഥാന ത്തിൽ സ്ഥാപിയ്ക്കുക.

10. മാംസോൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത ഉറപ്പു വരുത്താൻ മൂരിക്കുട്ടി, പോത്തുകുട്ടി, ആട്, പന്നി വളർത്തൽ യൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ കൂടുതലായി സംഘടിപ്പയ്ക്കണം. മാസോൽപ്പാദന രംഗത്ത് പ്രവർത്തിയ്ക്കുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകി ലൈസൻസ് ഏർപ്പെടുത്തണം. പഞ്ചായത്തു വക ഇറച്ചി വിൽപ്പന സ്റ്റാളുകൾ സ്ഥാപിയ്ക്കണം. മാംസോൽപ്പാദനത്തിന് ഒപ്പം തന്നെ ഉപോല്പന്നങ്ങളായ തുകൽ, എല്ല്, കുടൽ എന്നിവയ്ക്ക് സംഭരണ വിപണന സാധ്യത വർദ്ധിയ്ക്കണം.

11. ആടുവളർത്തൽ ലാഭകരമാക്കുന്നതിന് പ്ലാവ്, മുരിക്ക്, സുബാബുൾ, ശീമക്കൊന്ന എന്നിവ വച്ചു പിടിപ്പിയ്ക്കുന്നതിന് പ്രോത്സാഹനം നൽകണം. സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കണം.

12. ബ്രോയിലർ കോഴി വളർത്തൽ രംഗം പ്രോത്സാഹിപ്പിക്കുവാൻ കോഴിത്തീറ്റയുടേയും, കോഴിക്കുഞ്ഞുങ്ങളുടേയും ലഭ്യത ഉറപ്പു വരുത്തണം.

13. താറാവ്, മുയൽ, ടർക്കി, കാട എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകണം.1

14. കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിയ്ക്കണം. ഗുണനിലവാരം മെച്ചപ്പെ ടുത്തി വില നിയന്ത്രിക്കുന്നതിന് നടപടി വേണം.

15. വളരെയേറെ കോഴിമുട്ട അന്യ സംസ്ഥാനത്തു നിന്ന് ഇറക്കുമതി ചെയ്യുന്നതു തടയുന്നതിന് കൂടുതൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പകുതി വിലയ്ക്ക് വിതരണം ചെയ്യണം.

16. ജൈവവളമായി ഉപയോഗിയ്ക്കുന്ന ചാണകം സംഭരിയ്ക്കുന്നതിനും വിതരണത്തിനും സഹകരണാടിസ്ഥാനത്തിൽ സംവിധാനം വേണം.

17. ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് എല്ലാ വാർഡിലും കൂടുതൽ ഗോബർഗ്യാസ് പ്ലാൻറുകൾ ഏർപ്പെടുത്തണം.

18. ജില്ലാ ആസ്ഥാനത്ത് നിലവിൽ പ്രവർത്തിയ്ക്കുന്ന ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻറർ വഴി മൃഗ സംരക്ഷണ രംഗത്തെ എല്ലാ മേഖലയിലും പെട്ട താൽപര്യമുള്ള എല്ലാ കർഷകർക്കും പരിശീലനം നൽകേണ്ടതാണ്.

19. വളർത്തുമൃഗങ്ങളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് പഞ്ചായത്ത് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തണം.

20. പഞ്ചായത്തുതല മൃഗസംരക്ഷണ മേള സംഘടിപ്പിയ്ക്കുന്നതിനും, മൃഗ സംരക്ഷണ രംഗത്തെ മികച്ച കർഷകരെ അംഗീകരിയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിയ്കണം.

21. മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിയ്ക്കുന്ന സാധു കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം.

22. നല്ലയിനം കിടാരികളെ 'വളർത്തൽ സമ്പ്രദായം' വഴി വിതരണം ചെയ്യണം.

23. മൃഗാശുപത്രിയിലേയ്ക്ക് ഒരു പൊതു ടാപ്പ് അനുവദിക്കുക.

24. ക്ഷീര സംഘങ്ങളുടെ സേവനം അടുത്ത് ലഭിക്കുന്നതിന് വേണ്ടി അനുയോജ്യമായ സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കണം.

25. ഗുണമേന്മയുള്ള പശുക്കളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നവർക്ക് മാതൃകാ ഡയറി യൂണിറ്റ്, മാതൃകാ കാലിതൊഴുത്ത് നിർമാണം



220

എന്നിവയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

26. ശാസ്ത്രീയമായി കന്നുകാലികളെ വളർത്തുന്നതിനെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് കർഷക സമ്പർക്ക പരിപാടി നടത്തുക.

27. പാലുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിറ്റഴിക്കുമ്പോൾ പാലിന് വിലക്കൂടുതൽ ലഭിക്കുവാൻ പാലുൽപന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

28. ധാതുലവണ മിശ്രിതവും, വിറ്റാമിൻ സപ്ലിമെൻറുകളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

29. വാണിജ്യാടിസ്ഥാനത്തിൽ കർഷകർക്ക് അവരുടെ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുക.

30. ഫോഡർ ബാങ്ക് നിർമാണം - ക്ഷീരസംഘങ്ങൾക്ക് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ വാങ്ങി സൂക്ഷിക്കുവാൻ സാമ്പത്തിക സഹായം എന്നിവ നൽകുക.

31 'പ്രത്യേക ഘടക പദ്ധതി' പ്രകാരം പട്ടികജാതി/വർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്ന പദ്ധതിയായ 'ഡയറി യൂണിറ്റുകൾ' എല്ലാ പ്രദേശത്തുമുള്ളവർക്കും അനുവധിക്കുക.

3

# മത്സ്യകൃഷി

വിുത്തൻചിറ പഞ്ചായത്തിലെ തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ ഭാഗങ്ങളിലായ് 171 ഹെക്ടർ പൊക്കാളി നിലങ്ങളും ചെറുതും വലുതുമായ തോടുകൾ, കുളങ്ങൾ, കായൽ എന്നിവയാണ്. മത്സ്യകൃഷിക്ക് ആശ്രയിക്കുന്നത്. ഇതിൽ 25 കുളങ്ങളും 14 തോടുകളും കരിചിറ ചാലും പൊയ്യപ്പുരപ്പുമാണ് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന പ്രധാന കേന്ദ്രങ്ങൾ. (പട്ടിക-1എ., 1ബി ൽ)

പട്ടിക - 1 എ

| ഇനം | പേര് | വാർഡ് |
|---|---|---|
| തോട് | 96/115 | |
| | കടുപ്പാടം തോട് | 6,8 |
| | പേന്തുരുത്തി തോട് | 7,10 |
| | കോതർക്ക തോട് | 8,9 |
| | മേക്കാളി തോട് | 10 |
| ചാല് | കരിങ്ങചിറ ചാല് | 7,10 |
| കായൽ | പൊയ്യപ്പുരപ്പ് | 9 |

പട്ടിക - 1 ബി

പ്രധാന മത്സ്യ സ്രോതസ്സുകൾ (കുളം)

| ക്രമ നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന വാർഡ് | എണ്ണം |
|---|---|---|---|
| 1. | കുട്ടൻകുളം | 1 | 1 |
| 2. | വള്ളിക്കുളം, ആളോരിക്കുളം, കണ്ണൻകുളം | 2 | 3 |
| 3. | ചേരൃക്കുളം, കുറ്റിക്കാട്ടുക്കുളം | 3 | 2 |
| 4. | അച്ചൻകുളം, ഏലാടികുളം ശങ്കരൻകുളം | 4 | 3 |
| 5. | തൈനകത്തുകുളംമനകുളങ്ങരക്കുളം നമ്പാടികുളം | 5 | 3 |
| 6. | വട്ടോലികുളം, ചിറമ്മൽകുളം | 6 | 2 |
| 7. | ഊരോകൂടത്തുകുളം, കന്നത്തേരികുളം കൊടുകാളികുളം | 7 | 3 |
| 8. | കാളികുളം, വലിയകുളം | 8 | 2 |
| 9. | കരിയാണികുളം, ഇരിങ്ങാകുളം പാലപറമ്പികുളം, പാറകുളം | 9 | 4 |
| 10. | പഷ്ണികുളം, ചെമ്പാട്ടുകുളം | 10 | 2 |
| | ആകെ കുളങ്ങളുടെ എണ്ണം | | 25 |

തോട്, ചാല്, കായൽ എന്നിവയിൽ നിന്നും ലഭിക്കുന്ന പ്രധാന മത്സ്യ ഇനം ചെമ്മീനാണ്. കുളങ്ങളിൽ നിന്നും ബ്രാല്, മുഷി, കടു, കരിപ്പിടി തുടങ്ങിയ ശുദ്ധജല മത്സ്യങ്ങളും ലഭിച്ചുവരുന്നു. തോടുകളിൽ നിന്നും ചാലുകളിൽ നിന്നും ചെമ്മീൻ കൂടാതെ ഞണ്ട്, കരിമീൻ, ചെമ്പല്ലി, കാളാഞ്ചി, കണമ്പ്, മലിഞ്ഞീൻ (Snake fish), ഒറ്റ പൈച്ചി, പള്ളത്തി എന്നീ മത്സ്യങ്ങളും ലഭിക്കുന്നു. പഞ്ചായത്തിലെ ഒരേ ഒരു കായലായ പൊയ്യപ്പരപ്പിൽ നിന്നും മറ്റു മത്സ്യങ്ങൾക്ക് പുറമേ ആറ്റുകക്കയും ലഭിച്ചുവരുന്നു. മുഖ്യ മത്സ്യ ഇനമായ ചെമ്മീൻ ആറായി തരം തിരിക്കാം.

1. കൊഞ്ച്
2. കാരചെമ്മീൻ
3. വെള്ള (നാരൻ) ചെമ്മീൻ
4. ചൂടൻ ചെമ്മീൻ
5. കാലൻ (മൊട്ട) ചെമ്മീൻ
6. തെള്ളി ചെമ്മീൻ

ഇതിൽ തെള്ളിചെമ്മീൻ ഉണക്കി പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും വിപണനം നടത്തുന്നു. മറ്റു ചെമ്മീൻ ഇനങ്ങളുടെ സംസ്ക്കരണം അയൽ പ്രദേശമായ കൊടുങ്ങല്ലൂരിലാണ്. ഇങ്ങനെ സംസ്ക്കരിച്ച ചെമ്മീൻ അന്യനാടുകളിലേക്ക് കയറ്റി അയക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി ചെമ്മീൻ ലഭ്യത കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഇവയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് (പട്ടിക-2ൽ)

പട്ടിക - 2

**ചെമ്മീന്റെ ശരാശരി വില**

**(കിലോഗ്രാമിന്)**

| ക്രമ നമ്പർ | ഇനം | 1996 | 1995 |
|---|---|---|---|
| 1. | കൊഞ്ച് | 600 | 550 |
| 2. | കാര, ചെമ്മീൻ | 425 | 400 |
| 3. | നാരൻ (വെള്ള) ചെമ്മീൻ | 80-200 | 200 |
| 4. | ചൂടൻ ചെമ്മീൻ | 60 | 75 |
| 5. | കാലൻ (മൊട്ട) ചെമ്മീൻ | 30 | 36 |
| 6. | തെള്ളി ചെമ്മീൻ ഉണക്കിയത് | 100 | 140 |
| | തെള്ളിചെമ്മീൻ പച്ച | 25 | 35 |

ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് ചെമ്മീൻ ഏറ്റവും കൂടുതൽ ലഭിക്കുന്നത്. ചെമ്മീന്റെ ലഭ്യത കുറയുവാനുള്ള കാരണങ്ങളിൽ പ്രധാനമായത് 'വൈറസ്' രോഗമാണ്. നവംബർ, ഡിസംബർ എന്നീ മാസങ്ങളിലാണ് ചെമ്മീൻ മുട്ടയിടുന്നത്. ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ തെള്ളി ഏറ്റവും കൂടുതൽ ലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിൽ മഴ ധാരാളമായി ലഭിക്കുന്നതിനാൽ വെള്ളം ഉയരുന്നതു മൂലം പാടശേഖരങ്ങളിലേയും മറ്റും ചെമ്മീനുകൾ പുറത്തേക്ക് പോകുകയും ചെയ്യുന്നു.

"ഞണ്ടു കറിയുണ്ടെങ്കിൽ
രണ്ടു കറി വേണ്ട....."
എന്നൊരു ചൊല്ലുണ്ട്.

വിപണനത്തിന്റെ കാര്യത്തിൽ ഒട്ടും പുറകിലല്ലാത്ത ഒരു സ്ഥാനമാണ് ഞണ്ടിനുള്ളത്. വെള്ളം കുറവുള്ള സമയങ്ങളിൽ ഇവ മാളങ്ങൾ തീർത്ത് അവക്കുള്ളിൽ താമസിക്കുന്നു. പഞ്ചായത്തിലെ ഏക ഞണ്ടു വളർത്തൽ കേന്ദ്രം തെക്ക് ഭാഗത്തുള്ള മുട്ടിക്കൽ പ്രദേശത്താണ്. ഇവിടേ നിന്നും രണ്ട് കിലോഗ്രാം വരെ തൂക്കമുള്ള

ഞണ്ടിനെ ലഭിക്കാറുണ്ട്. (പട്ടിക-3 കാണുക) കടൽ ഞണ്ടിനെ അപേക്ഷിച്ച് കൂടുതൽ രുചിയുള്ള നാടൻ ഞണ്ടുകൾ മുൻകാലങ്ങളെ അപേക്ഷിച്ച് തുലോം കുറവാണ്. വലുപ്പത്തിൽ ചെറുതായ 'കുമ്മൻ' എന്ന ഒരിനം ഞണ്ട് ഇവിടെ കാണപ്പെടുന്നുണ്ടെങ്കിലും ഇവ ഭക്ഷണത്തിനായ് ഉപയോഗിക്കാറില്ല.

മറ്റു മത്സ്യങ്ങളുടെ ബന്ധനവും വിപണനവും പഞ്ചായത്തിൽ നടത്തപ്പെടുന്നു. ഇത്തരം മത്സ്യങ്ങൾ പിടിച്ച് ഉപജീവനം നടത്തുന്നവർ പഞ്ചായത്തിൻെറ നാനാഭാഗങ്ങളിലും താമസിക്കുന്നു. ഇത്തരം മത്സ്യങ്ങൾക്ക് മുൻകാലങ്ങളെ അപേക്ഷിച്ച് നല്ല മാർക്കറ്റ് നിലനിൽക്കുന്നു. ചില പ്രധാന മത്സ്യങ്ങളുടെയും, ഞണ്ടിൻെറയും വില താഴെ ചേർക്കുന്നു.

**ഞണ്ട്/മത്സ്യങ്ങളുടെ ശരാശരി വില (കിലോഗ്രാമിന്)**

| ക്രമ നമ്പർ | ഇനം | 1996 | 1995 |
|---|---|---|---|
| 1. | ഞണ്ട് | 25-30 | 30 |
| 2. | കരിമീൻ | 60-80 | 80 |
| 3. | കണമ്പ് | 50-80 | 60 |
| 4. | ബ്രാല് | 80-85 | 100 |
| 5. | മുഷി | 30-40 | 50 |
| 6. | മലിഞ്ഞീൻ (Snake fish) വലുത് | 180 | 200 |

## മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന രീതി.

പരമ്പരാഗതമായ മത്സ്യബന്ധന രീതിയാണ് ഇപ്പോഴും അവലംബിച്ചു വരുന്നത്. വിവിധ തരം വലകൾ, ഒറ്റൽ, കൂട്, എന്നിവ ഉപയോഗിച്ചും കൂടാതെ കൈകൊണ്ട് തപ്പിപ്പിടിക്കുന്ന രീതിയും നിലവിൽ ഉണ്ട്. ഡിസംബർ മുതൽ ജൂൺ മാസം വരെ ഉപ്പു വെള്ളം മൂലം കൃഷി ചെയ്യുവാൻ പറ്റാത്ത പാടശേഖരങ്ങളിൽ തൂമ്പ് വെച്ച് മീൻ പിടിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ട്. പാടശേഖരങ്ങളിൽ വേലിയിറക്ക സമയത്ത് തട കെട്ടി കൂട് വച്ച് മീൻ പിടിക്കുന്ന പരമ്പരാഗത രീതി ഇന്നും തുടർന്നു വരുന്നു. തോടുകളുടെ ആഴമുള്ള ഇടങ്ങളിൽ മരച്ചില്ലകൾ കൂട്ടിയിട്ട 'നുരമ്പ് (ഞൊരി)' മത്സ്യങ്ങൾ താവളമാക്കി മാറ്റുന്നു. പിന്നീട് നേർത്ത വാരികൾ കൊണ്ട് നെയ്ത 'അടിച്ചിൽ' ഉപയോഗിച്ച് വളഞ്ഞ് തന്ത്രത്തിൽ പിടിച്ചെടുക്കുന്ന രീതിയും കണ്ടു വരുന്നു. കുരുത്തോല കൊണ്ട് 'വെള്ള' വലിച്ച് മീനുകളെ പിടിച്ചിരുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഇടുങ്ങിയ തോടുകളിൽ വടിവലയും കല്ല് പാകിയ തോടരുകിൽ കണ്ടാടി വല ഉപയോഗിച്ചും മത്സ്യം പിടിക്കുന്ന രീതിയും കണ്ടു വരുന്നു. പുതു മഴയിൽ കയറി വരുന്ന മീനുകളെ (കൂരി, മുഷി. ബ്രാല്) വാളുപയോഗിച്ച് വെട്ടിപ്പിടിക്കുന്ന രീതിയും നിലവിൽ ഉണ്ട്. ചെറു വട്ടവലയിൽ മാംസ കഷണങ്ങൾ വച്ച് പുഴയിൽ താഴ്ത്തിയിട്ടും, ചരടിൻെറ അഗ്രഭാഗത്ത് മാംസക്കഷണങ്ങൾ കൊരുത്ത് ജലത്തിൽ താഴ്ത്തിയും ഞണ്ടുകളെ ആകർഷിച്ച് പിടിക്കുന്ന രീതിയും കണ്ടു വരുന്നു. 'L' ആകൃതിയിലുള്ള മുളക്കമ്പ് കൊണ്ട് മാളത്തിലുള്ള ഞണ്ടുകളെ പിടിക്കുന്ന രീതിയും കാണാം. ഇവക്കു പുറമേ വെള്ളം കുറവുള്ള പാടശേഖരങ്ങളിൽ കളിച്ച് തിമിർക്കുന്നു ഞണ്ടുകളെ മുനയുള്ള കമ്പികൊണ്ട് കുത്തിപ്പിടിക്കന്ന രീതിയും നിലവിൽ ഉണ്ട്. കുളങ്ങളിൽ നിന്നും 'വീശൽ വല' ഉപയോഗിച്ചാണ് മീൻപിടുത്തം നടത്തുന്നത്. വളരെ വിരളമായി ചൂണ്ട ഉപയോഗിച്ചും മീൻപിടുത്തം നടത്തുന്നു.

തവളകൃഷി പഞ്ചായത്തിൽ നിലവിലില്ല. ആമ വളർത്തു കേന്ദ്രവും ഇല്ല. ജൂൺ, ജൂലായ് സീസണിൽ കാണുന്ന തവളകളെ പിടിച്ച് നശിപ്പിക്കുന്നതു മൂലം, നെൽകൃഷിക്ക് ദോഷം ചെയ്യുന്ന ചെറുകീടങ്ങളെ തിന്നൊടുക്കാറുള്ള ഈ ജീവികൾ ഭൂമുഖത്തു നിന്നും അപ്രത്യക്ഷമാവുമോ എന്നു ഭയക്കുന്നു.

## തൊഴിലാളികൾ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 2.61 ശതമാനം ആളുകൾ മത്സ്യത്തൊഴിലാളികളാണ്. പഞ്ചായത്തിൻെറ 3,6,8,9,10 എന്നീ വാർഡുകളിലാണ് 600 പേർ വരുന്ന ഇവരിൽ അധികവും താമസിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ എന്നിരുന്നാലും ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ ഒട്ടും തന്നെ പുറകിലല്ല. തീരദേശങ്ങളിൽ നിന്നും കടൽ മത്സ്യങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുന്നവരും ഉണ്ട്.




പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളിൽ 250 പേരും സ്ത്രീകളാണ്. നിലവിൽ 7 പേർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. 75 കുടുംബങ്ങൾ ഇന്നും വീട് ഇല്ലാത്തവരാണ്. ഇവരിൽ 250 പേർ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. അംഗീകൃത മത്സ്യത്തൊഴിലാളികൾ ഇവിടെയുണ്ടെങ്കിലും ക്ഷേമ, സഹകരണ സംഘങ്ങളോ മത്സ്യമാർക്കറ്റോ നിലവിലില്ല. ശാസ്ത്രീയമായി മത്സ്യകൃഷിക്ക് അനുയോജ്യമായ പല പ്രദേശങ്ങളും ലഭ്യമാണെങ്കിലും ശാസ്ത്രീയ മത്സ്യ വളർത്തു കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല.

രോഗ പ്രതിരോധ ശേഷിയുള്ള വിത്ത്, തീറ്റ, ഇലക്ട്രിസിറ്റി ഇവയുടെ ദൗർലഭ്യം ഉൽപാദന ക്ഷമത ഇല്ലായ്മ, ഭാരിച്ച സാമ്പത്തിക ബാദ്ധ്യത എന്നിവ ശാസ്ത്രീയ മത്സ്യകൃഷിക്ക് വിലങ്ങ് തടിയാണ്. അതിനാലാണ് ചെലവ് കുറഞ്ഞതും അശാസ്ത്രീയവുമായ കൃഷിരീതി ഇന്നും അവലംബിച്ചു വരുന്നത്. നമുക്ക് വിദേശ നാണ്യം നേടിത്തരുന്ന മത്സ്യ സമ്പത്തിൻെറ ഉൽപാദന മേഖലയിലേക്ക് ഇനിയും കൂടുതൽ പേർ കടന്നുവരുന്നത് നാടിൻെറ ആവശ്യകതയാണ്.

## പ്രശ്നങ്ങൾ

1. അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.
2. ഉൾനാടൻ മത്സ്യകൃഷിക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.
3. മത്സ്യവിപണനത്തിന് പൊതുവായ സംവിധാനം നിലവിലില്ല.
4. മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം നിലവിലില്ല.
5. മത്സ്യസംസ്കരണ യൂണിറ്റ് നിലവിലില്ല.
6. വനിത മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിൽ ലഭിക്കുന്നില്ല.
7. പ്രകൃതിദത്തമായി ലഭിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾ വളർന്ന് വലുതാകുന്നതിന് മുമ്പ് ഒഴുകിപ്പോവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്നു.
8. വൈറസ് രോഗം മൂലം മത്സ്യങ്ങൾ നശിച്ചുപ്പോകുന്നു.
9. ശാസ്ത്രീയമായ മത്സ്യകൃഷി സമ്പ്രദായം ഇല്ല.
10. അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ കുറവ് നേരിടുന്നു.

## സാധ്യതകൾ

1. പൊയ്യപ്പുരപ്പിൽ ചെമ്മീൻ കൃഷി ചെയ്യുവാൻ സാധ്യതകൾ ഉണ്ട്.
2. പൊയ്യപ്പുരപ്പിൻ ശാസ്ത്രീയമായി കല്ലുമ്മക്കായ കൃഷിചെയ്യാവുന്നതാണ്.
3. ഈ കായലിൽ ആറ്റുകക്ക കൃഷിക്കും സാധ്യതയുണ്ട്.
4. ചെമ്മീൻ കുഞ്ഞുങ്ങൾ വളരുവാൻ സാഹചര്യം ഒരുക്കുക.
5. കുളങ്ങളിൽ ശുദ്ധജല മത്സ്യങ്ങൾ വളർത്തിയാൽ സാമ്പത്തിക ഉയർച്ച കൈവരിക്കാനാവും.
6. മത്സ്യതൊഴിലാളികളുടെ മത്സ്യസഹകരണ സംഘം സ്ഥാപിക്കുകയും അതുവഴി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക.
7. മത്സ്യസംസ്കരണ യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.
8. ചെമ്മീൻ ഉപയോഗിച്ചുകൊണ്ടുള്ള വിവിധതരം ഭക്ഷ്യോൽപന്നങ്ങൾ നിർമിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ യൂണിറ്റ് ആരംഭിക്കുക.
9. അനുബന്ധ ഉൽപന്നം ഉപയോഗിച്ച് 'വളം' നിർമാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
10. പൊയ്യപ്പുരപ്പിൽ ആറ്റുകൊഞ്ച് വളർത്തൽ ആരംഭിക്കാവുന്നതാണ്.

# 4

# വിദ്യാഭ്യാസം

തിരുവിതാംകൂറിൽ ഉൾപ്പെട്ടതും എന്നാൽ കൊച്ചിയാൽ ചുറ്റപ്പെട്ടും കിടന്നിരുന്ന ഈ പ്രദേശത്ത് വേണ്ട ശ്രദ്ധ പതിപ്പിക്കുന്നതിന് ഭരണകാലത്ത് കഴിയാതിരുന്നതുകൊണ്ട് എല്ലാ മേഖലകളിലും എന്നതുപോലെ വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും ഈ ഗ്രാമം പിൻനിരയിലായിരുന്നു. 22.29 ച.കി.മീ. വിസ്തീർണമുള്ള ഈ പഞ്ചായത്തിൽ മുൻപ് ഒരു എൽ.പി. സ്കൂൾ മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 6 എൽ.പി. സ്കൂളുകളും ഒരു യു.പി. സ്കൂളും ഒരു യു.പി. സ്കൂൾ ഉൾപ്പെട്ട ഹൈസ്കൂളും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും നിലവിലുണ്ട്. 1951-ൽ ഈ പഞ്ചായത്തിൽ ഒരു യു.പി. സ്കൂളും 1966-ൽ ഒരു ഹൈസ്കൂളും ആരംഭിക്കുകയുണ്ടായി. ഔപചാരിക വിദ്യാലയങ്ങൾക്കു പുറമെ ഒരു ട്യൂട്ടോറിയൽ കോളെജും, 3 ടൈപ്പ്-റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, 2 ട്യൂഷൻ സെൻററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സദനം എന്ന സ്ഥാപനത്തിൽ സാമ്പത്തിക ശേഷി കുറഞ്ഞ കുടുംബങ്ങളിലെ 25 പെൺകുട്ടികൾ വർഷം തോറും കേന്ദ്ര സർക്കാരിൻെറ വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സ് പ്രകാരം സ്റ്റൈപ്പൻറ് വാങ്ങി പരിശീലനം നേടുന്നു. സദനത്തോടനുബന്ധിച്ച് ''മഡോണ'' ട്യൂഷൻസ് എന്ന പേരിൽ 10-ാം ക്ലാസ്സിൽ പരാജിതരായ വിദ്യാർത്ഥികൾക്ക് കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കൺടെൻഡ് കോഴ്സ് പ്രകാരം സ്റ്റൈപ്പൻേറാടുകൂടി പഠിച്ചു പരീക്ഷയ്ക്കിരിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമസഭകളുടെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 10 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമായി. അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും



227

വിദ്യാഭ്യാസത്തെ വിലയിരുത്തിയതായികാണാം. അക്കാദമിക് നിലവാരത്തകർച്ച, പാഠപുസ്തക ങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഉച്ചക്കഞ്ഞി, അദ്ധ്യാപക രക്ഷകർതൃ-സമിതി പ്രവർത്തനം നോർത്ത് അപ്ഗ്രേഡേഷൻ, അദ്ധ്യാപകരുടെ പുനപരിശീലനം, വിദ്യാർത്ഥികളുടെ കൂട്ട ക്ലാസ് കയറ്റം പാഠ്യേതര പ്രവർത്തനം എന്നീ വിഷയങ്ങളെ കുറിച്ചെല്ലാം ഓരോ ഗ്രാമസഭകളിലും ചർച്ചകൾ നടന്നതായി കാണുന്നു. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത്. നിലവിലുള്ള അക്കാദമിക് സൗകര്യങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. പുത്തൻചിറ ഗ്രാമ പഞ്ചായത്തിലെ 9 സ്കൂളുകളിലെ കണക്കാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡിനാവശ്യമായത് | മാതൃസംഗമം സജീവം | പി.ടി.എ. പ്രർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 7 | 6 | 8 | 3 | 2 | 0 | 1 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇല്ലാത്തത് | 2 | 3 | 1 | 6 | 7 | 9 | 8 | 7 | | | |

## പട്ടിക - 1

| | സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | അദ്ധ്യാപകരുടെ യോഗ്യത | | |
|---|---|---|---|---|---|---|---|
| | | | | | B.Ed. | T.T.C. | Other Qualification |
| 1. | H.F.L.P.S. പുത്തൻചിറ (E) | എയ്ഡഡ് | 271 | 8 | | 7 | 1 |
| 2. | G.L.P.S. .പുത്തൻചിറ (N) | സർക്കാർ | 252 | 9 | | 8 | 1 |
| 3. | St. Jude L.P.S. കരിങ്ങോൾചിറ | എയ്ഡഡ് | 96 | 5 | | 5 | 1 |
| 4. | A.L.P.S. കണ്ണികുളങ്ങര | എയ്ഡഡ് | 216 | 8 | | 7 | 1 |
| 5. | F.X.L.P.S. കൊമ്പത്തുകടവ് | എയ്ഡഡ് | 260 | 8 | | 7 | 1 |
| 6. | G.L.P.S. വെള്ളൂർ | സർക്കാർ | 288 | 10 | | 9 | 1 |
| 7. | G.U.P.S. പുത്തൻചിറ | സർക്കാർ | 173 | 7 | | 6 | 1 |
| 8. | T.H.S. പുത്തൻചിറ (S) | എയ്ഡഡ് | 1325 | 51 | 19 | 21 | 11 |
| 9. | V.H.S.S. പുത്തൻചിറ | സർക്കാർ | 370 | 19 | 11 | | 8 |
| | | | | | | | |

വളരെയേറെ വിദ്യാർത്ഥികൾ സമീപ പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നതായി കാണുന്നു. തൊട്ടടുത്തുള്ള മാള പഞ്ചായത്തിൽ ഉൾപ്പെട്ട സ്കൂളുകളിലും ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിലെ സ്കൂളുകളിലും 500-ലേറെ വിദ്യാർത്ഥികൾ പോയി പഠിക്കുന്നതായി കാണാം. കഴിഞ്ഞ ആറേഴു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം അനുക്രമമായി കുറഞ്ഞു വരുന്നതായി കാണാം. ഇതിനു പ്രധാനമായ കാരണം താഴെ പറയുന്നവയാണ്.

1. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നതിന് മാതാപിതാക്കളുടെ താൽപര്യം.
2. കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി ജനന നിരക്കിലുണ്ടായ കുറവ്.

19804 ജനസംഖ്യയുള്ള പുത്തൻചിറ പഞ്ചായത്തിൽ ചെറുതും വലുതുമായ 9 വിദ്യാലയങ്ങളിൽ 3251 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു.

അദ്ധ്യാപകരുടെ എണ്ണം 115

കഴിഞ്ഞ ചില വർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയശതമാനം താഴെ പട്ടികയിൽ കൊടുക്കുന്നു.

ജി.യു.പി.എസ്. പുത്തൻചിറയിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും 4,5,7 വാർഡുകളിൽ നിന്നും എത്തുന്നവരാണ്. 4 കി.മീ. യാത്ര ചെയ്തു വേണം അവർക്കു സ്കൂളുകളിലെത്താൻ. സ്കൂളുകളിലേക്കുള്ള യാത്രാദൂരം താഴെ കൊടുക്കുന്നു.

| തരം | ദൂരം പരമാവധി |
|---|---|
| എൽ.പി. | 2 കി.മീ |
| യു.പി. | 4 കി.മീ. |
| എച്ച്.എസ്. | 15.5 കിമീ. |

ജി.എൽ.പി.എസ് നോർത്തിനെ അപ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ കുട്ടികൾക്ക് യാത്ര ചെയ്യേണ്ട ദൂരം വളരെ കുറയും. ക്ലാസ് മുറികൾ ഒഴിവുള്ളതുകൊണ്ട് പുതിയ കെട്ടിടം ആവശ്യം വരികയും ഇല്ല. ജി.യു.പി.എസ് വികസിപ്പിച്ച് ഒരു സാങ്കേതിക വിദ്യാലയം കുടി ആരംഭിക്കുകയാണെങ്കിൽ ഈ ഗ്രാമവാസികൾക്ക് വളരെ ഉപകരിക്കും

പല സ്കൂളുകളിലെയും ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ പട്ടിക-2ൽ കൊടുക്കുന്നു.

| വർഷം | വി.എച്ച്.എസ്. പുത്തൻചിറ | | | ടി.എച്ച്.എസ്. വെള്ളൂർ | | |
|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം |
| 91-92 | 75 | 69 | 86.6 | 141 | 110 | 78 |
| 92-93 | 79 | 60 | 76 | 161 | 123 | 77 |
| 93-94 | 99 | 49 | 49.5 | 140 | 112 | 80 |
| 94-95 | 98 | 58 | 59 | 158 | 124 | 83 |
| 95-96 | 111 | 46 | 41.4 | 158 | 115 | 73 |

ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ വിവരങ്ങൾ പട്ടിക-3ൽ കൊടുത്തിരിക്കുന്നു.

സ്കൂളുകളുടെ അക്കാദമിക് നിലവാരത്തിൻെറയും, സൗര്യങ്ങളുടെയും, സ്ഥാപനങ്ങളുടെയും രേഖാ ചിത്രം പട്ടിക-4ൽ കൊടുത്തിരിക്കുന്നു.

പുത്തൻചിറ പഞ്ചായത്തിൽ 6 അംഗൻവാടികളാണ് നിലവിലുള്ളത്. ഹരിജന ക്ഷേമ ബാലവാടി കൊമ്പത്തുകടവ്, ദിവ്യ കൊമ്പത്തുകടവ്, കോവിലകത്തുകുന്ന് ബാലവാടി, സലിം മെമ്മോറിയൽ ബാലവാടി തുടങ്ങിയവയാണ് അവ. നേഴ്സറി പഠന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി എല്ലാ വാർഡുകളിലും ഒന്നോ രണ്ടോ ബാലവാടികൾ വീതം അനുവദിക്കുകയും ബാലവാടി, അംഗൻവാടി അധ്യാപകർക്ക് പ്രി.പ്രൈമറി ടീച്ചർമാർക്ക് നൽകുന്ന ശമ്പളം കൊടുക്കുകയും ചെയ്യുക. നിലവിലുള്ള അംഗനവാടികളുടെ അറ്റുകുറ്റ പണികൾ നടത്തുക, കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ടീച്ചിങ്ങ് എയ്ഡ്സ് തുടങ്ങിയവ ലഭ്യമാക്കുക. 5 വയസ്സിനു താഴെയുള്ള കുട്ടികളെ മലയാളം മാത്രം പഠിപ്പിക്കുക. കുട്ടികൾക്ക് പോഷകാഹാരം നൽകുവാനും ബാലവാടികൾ ആകർഷകമാക്കുന്നതിനും വേണ്ട നടപടികൾ കൈകൊള്ളുക. സ്കൂളുകളിലെ പോലെ, ബാലവാടി ക്ലാസ്സുകൾ ആഴ്ചയിൽ 5 ദിവസമായി നിജപ്പെടുത്തുക. പാൽ, മുട്ട, പഴം, പച്ചക്കറികൾ, മുതലായവ മുൻകാലങ്ങളിൽ ബ്ലോക്കുവഴി വിതരണം നടത്തിയിരുന്നതു പോലെ കൊടുക്കുവാനുള്ള സംവിധാനം ചെയ്യുക. വർഷാന്ത്യ പരീക്ഷക്കു ശേഷമുള്ള 2 മാസ വെക്കേഷനും ഓണം, ക്രിസ്തുമസ്സ് വെക്കേഷനും അനുവദിക്കണം.

## പ്രശ്നങ്ങൾ

1. ശിശു വിദ്യാഭ്യാസത്തിന് പ്രാഥമിക സൗകര്യങ്ങളില്ല. പര്യാപ്തമായ കെട്ടിടങ്ങൾ, ഫർണിച്ചർ, പാത്രങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവയില്ല.
2. പല സ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. കെട്ടിടങ്ങൾ, ഉപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവ എല്ലാ സ്കൂളുകളിലും അപര്യാപ്തമാണ്.
4. എസ്.എസ്.എൽ.സി വിജയശതമാനം കുറെകൂടി മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
5. പഞ്ചായത്ത് അതിർത്തിക്കുള്ളിലോ സമീപ പ്രദേശങ്ങളിലോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഇല്ല.
6. ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഓരോ വാർഡിലും വർദ്ധിച്ചു വരുന്നു. വിദ്യാർത്ഥികളുടെ അപര്യാപ്തത മൂലം ഡിവിഷൻ കുറയുന്നു.
7. കലാ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല.
8. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിതമായ പദ്ധതികളൊന്നും പ്രാവർത്തികമാക്കിയിട്ടില്ല.
9. വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിന് സ്ഥിരം അദ്ധ്യാപകരില്ലാത്തത് ആ കോഴ്സിൻെറ നിലവാരത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു.
10. യു.പി. ക്ലാസ്സിൽ വിദ്യാഭ്യാസം നേടുന്നതിന് 4,5,7 വാർഡുകളിലെ കുട്ടികൾ വളരെയേറെ യാത്ര ചെയ്യേണ്ടി വരുന്നത് അവരുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു.



231

പട്ടിക - 2

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| 1. | H.F.L.P.S. പുത്തൻചിറ (E) | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | 125 | 4 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | G.L.P.S. പുത്തൻചിറ (N) | 1 ഏക്കറിൽ കൂടുതൽ | ഉണ്ട് | ഉണ്ട് | ഇല്ല | 600 | 2 | 3 | ഇല്ല | ഉണ്ട് | ഇല്ല |
| 3. | St. Jude L.P.S. കരിങ്ങാചിറ | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | 125 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 4. | A.L.P.S. കണ്ണികുളങ്ങര | 1 ഏക്കറിൽ അധികം | ഉണ്ട് | ഇല്ല | ഇല്ല | 126 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 5. | FX.L.P.S. കൊമ്പത്തുകടവ് | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | 125 | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | G.L.P.S. വെള്ളൂർ | ½ ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | 125 | 4 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | G.U.P.S. പുത്തൻചിറ | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 750 | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | T.H.S. പുത്തൻചിറ (S) | 3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 2987 | 3 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. | V.H.S.S. പുത്തൻചിറ | 3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 3445 | 3 | 2 | — | ഉണ്ട് | ഉണ്ട് |

## പട്ടിക - 3

### ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബറട്ടറി സയൻസ് കോർണർ | പഠനോപകരണങ്ങൾ - മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ., വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ |
|---|---|---|---|---|---|---|---|---|---|
| H.F.L.P.S. പുത്തൻചിറ (E) | ഉണ്ട് | ഉണ്ട് | ഇല്ല. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| G.L.P.S. .പുത്തൻചിറ (N) | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| St. Jude L.P.S. കരിങ്ങോൾചിറ | ലൈബ്രറി ഉണ്ട്, റൂം ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| A.L.P.S. കണ്ണികുളങ്ങര | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| FX.L.P.S. കൊമ്പത്തുകടവ് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| G.U.P.S. പുത്തൻചിറ (S) | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| G.L.P.S. വെള്ളൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| T.H.S. പുത്തൻചിറ (S) | ഉണ്ട് പ്രവർത്തിക്കുന്നു. | ഉണ്ട് | ഉണ്ട് | ചെറിയത് ഉണ്ട് | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്, പ്രവർത്തിക്കുന്നില്ല |
| V.H.S.S. പുത്തൻചിറ | ഉണ്ട് റീഡിംഗ് റൂം ഇല്ല | ഉണ്ട് പ്രവർത്തിക്കുന്നു. | വേണ്ടത്രയില്ല | ഇല്ല | ഉപയോഗയോഗ്യമായതില്ല | ഇല്ല | ഇല്ല | 16 എം.എം. ഉണ്ട് | ഉണ്ട് |
| | | | | | | | | | |

## പട്ടിക - 3

### ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ

| സ്കൂളിന്റെ പേര് | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് | | 95-96-ൽ ലഭിച്ച ആധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസം | പ്രത്യേക പൊതു അവധി | മാതൃസംഗമം | പി.ടി.എ. |
|---|---|---|---|---|---|---|---|---|---|
| | | | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| H.F.L.P.S. പുത്തൻചിറ (E) | ഇല്ല | ഇല്ല | ഉണ്ട് | — | 191 | — | 9 | സജീവം | ഉണ്ട് |
| G.L.P.S. പുത്തൻചിറ (N) | ഇല്ല | ഇല്ല | 8 | 6 | 191 | — | 9 | സജീവം | പ്രവർത്തിക്കുന്നു |
| St. Jude L.P.S. കരിങ്ങാചിറ | ഇല്ല | ഇല്ല | 4 | 4 | 191 | — | 9 | സജീവം | പ്രവർത്തിക്കുന്നു |
| A.L.P.S. കണ്ണികുളങ്ങര | ഇല്ല | ഇല്ല | ഉണ്ട് | – | 191 | — | 9 | സജീവം | ഉണ്ട് |
| FX.L.P.S. കൊമ്പത്തുകടവ് | ഇല്ല | ഇല്ല | ഉണ്ട് | — | 191 | – | 9 | സജീവം | ഉണ്ട് |
| G.U.P.S. പുത്തൻചിറ | ഇല്ല | ഇല്ല | 8 | 6 | 191 | – | 9 | സജീവം | പ്രവർത്തിക്കുന്നു. |
| G.L.P.S. വെള്ളൂർ | ഇല്ല | ഇല്ല | ഉണ്ട് | — | 191 | — | 9 | സജീവം | പ്രവർത്തിക്കുന്നു |
| T.H.S. പുത്തൻചിറ (S) | ഇല്ല | ഇല്ല | ഉണ്ട് | — | 190 | 4 | 10 | സജീവമല്ല | പ്രവർത്തിക്കുന്നു. |
| V.H.S.S. പുത്തൻചിറ | ഇല്ല | ഉണ്ട് | 6 | 10 | 189 | — | 9 | സജീവം | പ്രവർത്തിക്കുന്നു. |
| | | | | | | | | | |

11. വായനാ സൗകര്യം വളരെയേറെ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

12. നിലവിലുള്ള അംഗനവാടികളിൽ കൊമ്പത്തുകടവിലുള്ള ഹരിജനക്ഷേമ ബാലവാടിക്ക് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല.

13. സ്കൂൾ വിദ്യാർത്ഥികളിൽ ശരിയായിട്ടുള്ള അക്ഷരം അറിയുന്നനവർ വളരെ കുറവാണ്.

14. അംഗനവാടികൾ ആവശ്യത്തിനില്ല.

## സാദ്ധ്യതകൾ

1. എല്ലാ വാർഡുകളിലെയും കുട്ടികൾക്കു നഴ്സറി പഠന സൗകര്യങ്ങൾ ഉണ്ടാക്കന്നതിനു വേണ്ടി കൂടുതൽ ബാലവാടികൾ അനുവദിക്കുക.

2. ബാലവാടി അംഗനവാടി അദ്ധ്യാപകർക്ക് ഉപജീവനത്തിനാവശ്യമായ വേതനം നൽകുന്നതിന് സർക്കാർ നടപടി എടുക്കുക.

3. കുട്ടികൾക്ക് പോഷകാഹാരം നൽകുകയും ബാലവാടികൾ ആകർഷകമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും, ബാലവാടി ക്ലാസ്സുകൾ ആഴ്ചയിൽ 5 ദിവസമായി നിജപ്പെടുത്തുകയും, 2 മാസത്തെ വെക്കേഷൻ നൽകുകയും ചെയ്യുക.

4. പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ സമിതി രൂപീകരിച്ച് മാസത്തിലൊരിക്കൽ യോഗം വിളിച്ചു കൂട്ടി ചർച്ചകൾ നടത്തുക.

5. മാത്ത്സ് ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, കൈൻറ്ന്സ് ക്ലബ്, മുതലായ ക്ലബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

6. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം.

7. ഗവ. സ്കൂളുകളിൽ കൂടുതൽ ക്ലാസ് മുറികൾ ആവശ്യമായിടത്ത് അത് നിർമിക്കുകയും, സുരക്ഷിതമല്ലാത്ത സ്കൂൾ വളപ്പുകൾക്ക് മതിൽ കെട്ടുകയും, ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ മണ്ണൊലിപ്പ് തടയുന്നതിന് ചെക്ക്വാൾ നിർമ്മിക്കുകയും ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കുന്ന ഗ്രൗണ്ട് സംരക്ഷിക്കുകയും താൽക്കാലിക ഷെഡ്ഡുകൾ പെർമനൻറ് ആക്കുകയും ചെയ്യുക.

8. പി.ടി.എ., മാതൃസംഗമം എന്നീ സംഘടനകൾ പ്രവർത്തന നിരമാക്കുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവർക്കുള്ള പങ്ക് നിർവഹിക്കാൻ ബോധവൽക്കരണം നടത്തുകയും ചെയ്യണം.

9. 7-ാം ക്ലാസ് വരെ മലയാളം മാദ്ധ്യമത്തിൽ അദ്ധ്യയനം നിർബന്ധമാക്കണം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അമിതമായ പ്രാധാന്യം നൽകുന്നതിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും മാതൃഭാഷാ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

10. ജി.യു.പി.എസ്. പുത്തൻചിറയിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും 3,4,5,7 വാർഡുകളിൽ നിന്ന് എത്തുന്നവരാണ്. 4.കി.മീ യാത്ര ചെയ്തു വേണം അവർക്ക് സ്കൂളിലെത്താൻ. അതുകൊണ്ട് ജി.എൽ.പി.എസ് നോർത്തിനെ അപ് ഗ്രേഡ് ചെയ്യുക.

11. പഞ്ചായത്ത് തലത്തിൽ കലാ വിദ്യാഭ്യാസത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനുപകരിക്കുന്ന ഒരു സ്ഥാപനം ആരംഭിക്കുകയും അർഹരായവർക്ക് പരിശീലനം നൽകുകയും, നാടകക്കളരി, ഡാൻസ് ക്ലാസ്സ്, കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരണം മുതലായവ ഈ സ്ഥാപനത്തിൻെറ മേൽനോട്ടത്തിൽ നടത്തുക.

12. അനൗപചാരിക വിദ്യാഭ്യാസത്തെ സഹായിക്കുന്നതിനും വയോജന വിദ്യാഭ്യാസം



233

## പട്ടിക - 4
## 95-ലെ അക്കാദമിക് നിലവാരം

| സ്കൂളിന്റെ പേര് | ക്ലാസ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|---|
| | | | 30%ത്തിൽ താഴെ മാർക്ക് നേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50% നേടുന്നവർ | 50-60% നേടുന്നവർ | 60%ത്തിൽ കൂടുതൽ നേടുന്നവർ |
| H.F.L.P.S. പുത്തൻചിറ (E) | 1 | 60 | ഇല്ല | 6 | 8 | 15 | 31 |
| | 2 | 73 | ഇല്ല | 7 | 5 | 13 | 48 |
| | 3 | 70 | ഇല്ല | 8 | 4 | 18 | 40 |
| | 4 | 68 | ഇല്ല | 10 | 8 | 20 | 30 |
| FX.L.P.S. കൊമ്പത്തു കടവ് | 1 | 60 | 2 | 3 | 6 | 5 | 44 |
| | 2 | 67 | 8 | 7 | 5 | 8 | 39 |
| | 3 | 64 | 11 | 2 | 8 | 11 | 32 |
| | 4 | 69 | 5 | 7 | 10 | 11 | 36 |
| G.L.P.S. പുത്തൻചിറ (N) | 1 | 62 | ഇല്ല | 3 | 2 | 1 | 57 |
| | 2 | 72 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 72 |
| | 3 | 62 | 10 | 7 | 12 | 10 | 20 |
| | 4 | 92 | 26 | 12 | 12 | 26 | 18 |
| St. Jude L.P.S. കരിങ്ങാചിറ | 1 | 21 | ഇല്ല | 2 | 2 | 6 | 11 |
| | 2 | 30 | 4 | 10 | 6 | 4 | 6 |
| | 3 | 22 | 3 | 3 | 6 | 5 | 5 |
| | 4 | 23 | 2 | 4 | 3 | 2 | 12 |
| G.U.P.S. പുത്തൻചിറ | 5 | 54 | 3 | 11 | 8 | 18 | 14 |
| | 6 | 59 | 6 | 9 | 4 | 21 | 19 |
| | 7 | 60 | 7 | 13 | 7 | 20 | 13 |
| A.L.P.S. കണ്ണികുളങ്ങര | 1 | 56 | ഇല്ല | 2 | ഇല്ല | 18 | 36 |
| | 2 | 43 | 12 | 4 | 10 | 7 | 10 |
| | 3 | 58 | 6 | 9 | 12 | 12 | 19 |
| | 4 | 59 | 14 | 15 | 4 | 9 | 11 |
| G.L.P.S. പുത്തൻചിറ (N) | 1 | 61 | ഇല്ല | 6 | 7 | 11 | 37 |
| | 2 | 62 | 9 | 14 | 10 | 7 | 22 |
| | 3 | 63 | 10 | 5 | 16 | 20 | 12 |
| | 4 | 66 | 18 | 7 | 2 | 6 | 33 |
| V.H.S.S. പുത്തൻചിറ | 8 | 134 | 5 | 25 | 40 | 34 | 30 |
| | 9 | 137 | 7 | 18 | 20 | 60 | 32 |
| | 10 | 99 | 3 | 7 | 19 | 36 | 34 |
| T.H.S. പുത്തൻചിറ (S) | 5 | 187 | 70 | 30 | 22 | 30 | 15 |
| | 6 | 209 | 82 | 22 | 9 | 66 | 30 |
| | 7 | 277 | 143 | 38 | 42 | 45 | 9 |
| | 8 | 242 | 156 | 17 | 20 | 32 | 17 |
| | 9 | 218 | 165 | 9 | 8 | 22 | 34 |
| | 10 | 192 | 126 | 7 | 19 | 26 | 14 |

പ്രോത്സാഹിപ്പിക്കുന്നതിനുമായി നിലവിലുണ്ടായിരുന്ന സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും സാമൂഹ്യ സംഘടനകളുടെയും വനിതാ സംഘടനകളുടെയും സഹകരണത്തോടെ ഇത് നടപ്പിലാക്കുകയും ചെയ്യുക.

13. നിലവിലുള്ള വായനശാലകൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് ധനസഹായം നൽകുകയും ചെയ്യുക.

14. സ്ത്രീകൾക്കിടയിൽ വായനാശീലം പ്രചരിപ്പിക്കുന്നതിന് സൗകര്യം ഉണ്ടാക്കുന്നതിനായി പുത്തൻചിറ ഗ്രാമീണ വായനശാലയോടനുബന്ധിച്ച് ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കുക.

15. അംഗനവാടികൾക്ക് വർഷാന്ത്യ പരീക്ഷക്കുശേഷമുള്ള 2 മാസത്തെ വെക്കേഷനും ഓണം, ക്രിസ്തുമസ്സ് വെക്കേഷനും അനുവദിക്കുന്നതോടൊപ്പം ക്ലാസ്സുകൾ 5 ദിവസമായി ചുരുക്കുകയും ചെയ്യുക.

5

# പൊതുജനാരോഗ്യം

പുത്തൻചിറ പഞ്ചായത്തിൽ പൊതുജനാരോഗ്യം കുറവുകൾ ഏറെ ഉണ്ടെങ്കിലും മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. പുത്തൻചിറ പഞ്ചായത്തിൽ മരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ്. 1995-96 വർഷത്തിൽ മരിച്ചവരുടെ എണ്ണം 32-ഉം മരണ നിരക്ക് ആയിരത്തിന് 1.38 ഉം ആണ്. ആരോഗ്യ രംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങളുടെ ഫലമായാണ് മരണ നിരക്ക് കുറയാൻ ഇടയായിത്.

ശിശുമരണനിരക്ക് വളരെ കുറവാണ്. ഫലപ്രദമായ ശിശു സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത് സാധ്യ.മായത്. മാതൃമരണങ്ങൾ സംഭവിച്ചതായി 1991 മുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ പഞ്ചായത്തിലെ ജനന നിരക്ക് ആയിരത്തിന് 3.68 ആണ്. കേരളത്തിലെ ശരാശരി ജനനനിരക്കിനേക്കാൾ വളരെ കുറവാണ് ഇത്. നല്ല രീതിയിലുള്ള ജനനനിയന്ത്രണ മാർഗങ്ങളും ജനങ്ങളുടെ സാക്ഷരതയുമാണ് ജനനനിരക്ക് കുറയാൻ ഇട നൽകിയത്. പഞ്ചായത്തിലെ മൊത്തം കുട്ടികളുടെ എണ്ണം 3482 ആണ്. അതിൽ 1 വയസ്സുവരെ പ്രായമുള്ളവരുടെ എണ്ണം 502 ഉം 1 മുതൽ 5 വയസ്സുവരെ പ്രായമുള്ളവരുടെ എണ്ണം 1317ഉം 6 വയസ്സുമുതൽ 12 വയസ്സുവരെ പ്രായമുള്ളവരുടെ എണ്ണം 1663 ഉം ആണ്. ശിശു പ്രതിരോധ കുത്തിവെയ്പുകൾ പോഷകാഹാര പരിപാടികൾ എന്നിവ നല്ല രീതിയിൽ നടത്തപ്പെടുന്നു. ഈ പഞ്ചായത്തിൽ ഉദ്ദേശം പത്തു ശതമാനത്തോളം ആൾക്കാർ 60 വയസ്സിനു മുകളിൽ വരുന്നവരാണ്. അംഗവൈകല്യം സംഭവിച്ചവരുടെ നിരക്ക് ആയിരത്തിന് 4.3 ആണ്.

ഈ പഞ്ചായത്തിൽ കുഷ്ഠരോഗം ബാധിച്ച ഒരു രോഗിയാണുള്ളതെങ്കിൽ ക്ഷയരോഗം ബാധിച്ചവരുടെ എണ്ണം ആയിരത്തിന് 1.6 ആണ്. തിമിരം ബാധിച്ചവർ 1000ന് 4.7 ആകുന്നു.

95-96 വർഷത്തിൽ ജല ജന്യരോഗങ്ങൾ ബാധിച്ചവർ ആയിരത്തിന് 1.3 ഉം, വായുജന്യ രോഗങ്ങൾ ബാധിച്ചവർ 6.7 ഉം, പ്രാണിജന്യ രോഗങ്ങൾ ബാധിച്ചവർ 1 ഉം, ആകുന്നു.

ഈ വർഷം ഈ പഞ്ചായത്തിലെ മൊത്തം ജനങ്ങളെ ബാധിച്ച പകർച്ച വ്യാധിയാണ് കണ്ണിൽകേട് (ചെങ്കണ്ണ്).



936

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്
## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | പ്രാഥമിക ആരോഗ്യ കേന്ദ്രം, പുത്തൻചിറ | അലോപ്പതി | സ്വന്തം | 24 | 1956 | 1. ഓഫീസ് കെട്ടിടം ഇല്ല.<br>2. ചുറ്റുമതിൽ ഇല്ല.<br>3. പഴയ കെട്ടിടം<br>4. പുതിയ വാർഡ് പണി പൂർത്തിയായിട്ടില്ല.<br>5. വാഹനം ഇടുന്ന ഷെഡ് പുതിയതു വേണം. |
| 2 | മാതൃശിശു സംരക്ഷണ കേന്ദ്രം, വെള്ളൂർ | അലോപ്പതി | സ്വന്തം | 1 | 1971 | 1. പൈപ്പ് വെള്ളം കിട്ടുന്നില്ല.<br>2. കിണർ ഉപയോഗശൂന്യം |
| 3 | കരിങ്ങാചിറ മാതൃ-ശിശു സംരക്ഷണ കേന്ദ്രം | അലോപ്പതി | സ്വന്തം | 1 | 1971 | 1. കെട്ടിടം ജീർണാവസ്ഥയിലായതിനാൽ താമസം ഇല്ല.<br>2. പുതിയ കെട്ടിടം വേണം.<br>ചുറ്റുമതിൽ വേണം. |
| 4 | കൊമ്പത്തുകടവ് മാതൃ-ശിശു സംരക്ഷണ കേന്ദ്രം | അലോപ്പതി | വാടക | 1 | 1992 | 1. സ്വന്തം സ്ഥലമോ-കെട്ടിടമോ ഇല്ല. |

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്
## ആയുർവേദ ആശുപത്രിയിലെ രോഗികളുടെ എണ്ണം

| കൊല്ലം | പഴയത് | പുതിയത് | ആകെ | പുരുഷൻ | സ്ത്രീകൾ | കുട്ടികൾ |
|---|---|---|---|---|---|---|
| 1992-93 | 18439 | 4694 | 23133 | 3962 | 12710 | 6461 |
| 1993-94 | 21548 | 4732 | 26280 | 4338 | 13833 | 8109 |
| 1994-95 | 13777 | 3264 | 17041 | 2974 | 9157 | 4910 |
| 1995-96 | 13859 | 3866 | 17725 | 3505 | 9045 | 5175 |



237

### പുത്തൻചിറ ഗ്രാമപഞ്ചായത്ത്
### ജനന-മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 78 | 56 | — |
| 1994-95 | 92 | 44 | — |
| 1995-96 | 85 | 32 | — |

### പുത്തൻചിറ ഗ്രാമപഞ്ചായത്ത്
### പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 186 | 132 | 44 | 29668 |
| 1994-95 | 124 | 97 | 46 | 30622 |
| 1995-96 | 296 | 155 | 22 | 32138 |

### പുത്തൻചിറ ഗ്രാമപഞ്ചായത്ത്
### ഗവ.ഹോമിയോ ഡിസ്പെൻസറി, പുത്തൻചിറ,
### രോഗികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വർഷം | പുതിയ രോഗികൾ | പഴയ രോഗികൾ | ആകെ |
|---|---|---|---|---|
| 1 | 1992-93 | 5537 | 12749 | 18286 |
| 2 | 1993-94 | 5954 | 14552 | 20506 |
| 3 | 1994-95 | 5376 | 14516 | 19892 |
| 4 | 1995-96 | 4641 | 13512 | 18153 |
| ആകെ | | 21508 | 55329 | 76837 |



238

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്

### ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരം

| വർഷം | ഇൻ-പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം - എല്ലാ വിഭാഗവും | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 1256 | 29015 | 486 | 122 | 382 | — | 29281 | 30271 |
| 1993-94 | 1112 | 28928 | 224 | 58 | 362 | — | 29396 | 30040 |
| 1994-95 | 891 | 29998 | 139 | 43 | 267 | — | 30440 | 30889 |
| 1995-96 | 927 | 31684 | 736 | 86 | 473 | — | 31316 | 32611 |
| ആകെ | 4186 | 119625 | 1585 | 309 | 1484 | — | 120439 | 123811 |

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്

### ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരം

| വർഷം | ഇൻ-പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ - പ്രതിവർഷം - എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം - എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | — | 2500 | 500 | 1500 | 100 | 10 | 390 | 2500 |
| 1993-94 | — | 3500 | 1000 | 2000 | 50 | 5 | 445 | 3500 |
| 1994-95 | — | 5000 | 1500 | 2500 | 500 | 100 | 400 | 5000 |
| 1995-96 | — | 6000 | 1500 | 3000 | 500 | 100 | 900 | 6000 |
| ആകെ | — | 17000 | 4500 | 9000 | 1150 | 215 | 2135 | 17000 |



239

പുത്തൻചിറ ഗ്രാമപഞ്ചായത്ത്
ആരോഗ്യസ്ഥിതി വിവരങ്ങൾ

| ഇനം | | എണ്ണം |
|---|---|---|
| 1. ജനസംഖ്യ | 1. പുരുഷന്മാർ<br>2. സ്ത്രീകൾ<br>3. കുട്ടികൾ | 9407<br>10397<br>— |
| 2. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ | സ്ത്രീയുടെ പ്രായക്രമം<br>1. 15-19<br>2. 20-24<br>3. 25-29<br>4. 30-34<br>5. 35-39<br>6. 40-44<br>ആകെ | <br>39<br>385<br>692<br>711<br>550<br>192<br>2569 |
| 3. അമ്മമാരുടെ എണ്ണം -<br>(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | <br>1. 1 കുട്ടി<br>2. 2 കുട്ടികൾ<br>3. 2ൽ കൂടുതൽ കുട്ടികൾ | 2299<br>552<br>1185<br>558 |
| 4. കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ<br>- ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ | <br>1. 1 കുട്ടി<br>2. 2 കുട്ടികൾ<br>3. 2ൽ കൂടുതൽ കുട്ടികൾ | 1509<br>83<br>973<br>453 |
| 5. സ്ഥിരമായ രോഗബാധിതർ | 1. രക്തസമ്മർദ്ദം<br>2. പ്രമേഹം<br>3. കാൻസർ<br>4. കുഷ്ഠം<br>5. ക്ഷയം<br>6. ഹൃദ്രോഗം<br>ആകെ | 225<br>28<br>11<br>1<br>35<br>36<br>335 |
| 6. 1. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം<br>2. പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ | | 502<br>487 |
| 7. ആകെ ഗർഭിണികൾ | | 582 |

പഞ്ചായത്തിൽ സ്വകാര്യ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. പ്രൈമറി ഹൈൽത്ത് സെൻററിൻെറ കീഴിൽ 18 സ്റ്റാഫുകൾ നിലവിൽ ഉള്ളതും 6 പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്ന തുമാണ്. ആയുർവേദ ആശുപത്രിയിൽ മൊത്തം 3 ഫുൾടൈം സ്റ്റാഫും, 1 പാർട്ട് ടൈം സ്റ്റാഫും നിലവിൽ ഉള്ളതും മൂന്നിടത്തും സ്റ്റാഫുകളുടെ പോരായ്മ ഉള്ളതുമാണ്.

പഞ്ചായത്തിൽ ആരോഗ്യ പരിപാലനത്തി നായി, മരുന്നുകൾക്കും മറ്റുമായി ചെലവിടുന്ന സംഖ്യ അപര്യാപ്തമാണ്. 95-96 വർഷത്തിൽ ഹോമിയോ ചികിൽസാ രംഗത്തേക്ക് മൊത്തം 18156 രോഗികൾ എത്തിയെങ്കിലും മുൻവർഷ ത്തേക്കാൾ രോഗികളുടെ എണ്ണം കുറവായി കാണുന്നു. ഈ വർഷം ആയുർവേദ ചികിൽസാ രംഗത്തേക്കുള്ള രോഗികളുടെ എണ്ണം ഏറെ വർദ്ധിച്ചിട്ടുണ്ട്. ആരോഗ്യ ശുചീകരണ പ്രവർത്ത നങ്ങൾക്ക് സാമൂഹ്യസന്നദ്ധ സംഘടനകളുടെ സജീവമായ സേവനം ലഭ്യമാകാറുണ്ട്.

പഞ്ചായത്തിലെ കുടിവെള്ളം പ്രധാനമായും കിണറുകളേയും വാട്ടർ ടാങ്കുകളെയും ആശ്ര യിച്ചാണ് നിലകൊള്ളുന്നത്. വൈന്തല, കൊടവത്ത് കുന്ന് പമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പഞ്ചായത്ത് ടാങ്ക് വഴി വിതരണം ചെയ്യ പ്പെടുന്നു.

## ശുചിത്വപാലനം

'94 വർഷത്തിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റിൻെറ സഹായത്തോടും ജനപങ്കാളിത്ത ത്തോടും കൂടി പഞ്ചായത്തിൽ 100 ശതമാനം വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊണ്ട് സമ്പൂർണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിച്ചു. പുതിയ കണക്കു പ്രകാരം 4,595 വീടുകൾ ഉള്ള തിൽ 4,160 വീടുകളിൽ കക്കൂസുകൾ ഉള്ളതായി കാണുന്നു. പൊതു സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിയ്ക്കാൻ നിലവിൽ സംവിധാനം ഒന്നും ഇല്ല. പൊതു മലിനീകരണം കുറവാണ്. പ്രത്യേക സീസണുകളിൽ വെള്ളം കെട്ടികിടക്കുന്നതു മൂലം കൊതുകു ശല്യവും, കൃഷിവളങ്ങളുടെ അശ്രദ്ധമായ ഉപയോഗം മൂലം ഈച്ച ശല്യവും ഉണ്ടാകാറുണ്ട്.

1956-ൽ സ്ഥാപിച്ച ഡിസ്പെൻസറിയാണ് പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യ കേന്ദ്രം. വെള്ളാങ്കല്ലൂർ ബ്ലോക്കിൻെറ കീഴിൽ പ്രവർത്തി യ്ക്കുന്ന ഈ സ്ഥാപനത്തിന് രണ്ട് ഏക്കർ 60 സെൻറ് സ്ഥലമുണ്ട്. 12 ബെഡ്ഡിൻെറ ഒരു ജന റൽ വാർഡും, 6 ബെഡ്ഡുകളുള്ള ഒരു കയർ വാർഡും, ഫാമിലി പ്ലാനിംഗിൻെറ ഓപ്പറേഷൻ സൗകര്യങ്ങളോടുകൂടിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഈ ആരോഗ്യ കേന്ദ്രത്തിലുണ്ടെങ്കിലും, സ്വന്തമായി ഒരു ഓഫീസ് കെട്ടിടമില്ല. പാറ്റേൺ അനുസരിച്ചുള്ള ക്വാട്ടേഴ്സ് സൗകര്യം ഇവിടെ യുണ്ട് JRY പദ്ധതി പ്രകാരം 10 ബെഡ്ഡിൻെറ ഒരു വാർഡ് നിർമിച്ചിട്ടുണ്ടെങ്കിലും വെള്ളവും വെളിച്ചവും എത്താത്തതു മൂലം പ്രവർത്തനര ഹിതമായി കിടക്കുന്നു. നിലവിലുള്ള 12 ബെഡ്ഡി ൻെറ വാർഡ് യഥാസമയം അറ്റകുറ്റപണി നടത്താത്തതു മൂലം കേടുപാടുകൾ സംഭവിച്ചു കൊണ്ടിരിയ്ക്കുകയും വൃത്തിഹീനമായി കിടക്കു കയും ചെയ്യുന്നു. വേളൂക്കര പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടാതെ 4 സബ് സെൻറർ കൂടി ഈ സ്ഥാപനത്തിൻെറ കീഴിൽ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ലാബറട്ടറി സൗകര്യങ്ങൾ വളരെ കുറവാണ്. പഞ്ചായത്തിൽ സ്വകാര്യ ആരോഗ്യ കേന്ദ്രം പ്രവർത്തിയ്ക്കുന്നില്ല. സാധാരണ ദിനങ്ങളിൽ 200 നും 250 നും മദ്ധ്യേ രോഗികൾ ഈ ആരോഗ്യ കേന്ദ്രത്തിൽ എത്താറുണ്ടെങ്കിലും ഏപ്രിൽ മുതൽ ജൂലായ് മാസം വരെ രോഗികളുടെ എണ്ണം ഏറെ കൂടാറുണ്ട്. പൊതുവായി കാണുന്ന അസുഖം വയറിളക്കം, ഛർദ്ദി, പനി എന്നിവയാണ്. നാഷ ണൽ ടി.ബി. പ്രോഗ്രാമിൻെറ ഭാഗമായി ക്ഷയ രോഗം ബാധിച്ച 37 പേർക്കും കുഷ്ഠരോഗ നിവാ രണ പരിപാടിയുടെ ഭാഗമായി 1 രോഗിക്കും ചികിൽസ നടത്തിവരുന്നു. ലെപ്രസി സംബന്ധിച്ച് ഫലപ്രദമായ സർവ്വേ നടന്നിട്ടില്ല.



241

ഈ പഞ്ചായത്തിൽ 2,569 എലിജിബിൾ കപ്പിൾസും, അതിൽ 50% ദമ്പതികൾ സ്ഥിരമായി കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിച്ചവരും 10 ശതമാനം ദമ്പതികൾ താൽക്കാലിക മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരും ആകുന്നു. രണ്ടിൽ കൂടുതൽ കുട്ടികളുള്ള അമ്മമാരുടെ എണ്ണം 558 ആകുന്നു. ഗർഭിണികളായ അമ്മമാർക്കും, കുട്ടികൾക്കും 90 ശതമാനത്തിൽ കൂടുതൽ പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടുണ്ട്. ഈ ആരോഗ്യ കേന്ദ്രത്തിൻെറ പരിധിയിൽ ശിശു ജനന മരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. എലിപ്പനി, എയ്ഡ്സ് എന്നീ രോഗങ്ങൾ മൂലവും മരണം നടന്നിട്ടുണ്ട്.

നാട്ടിൽ മലേറിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. അന്ധതാ നിവാരണത്തിൻെറ ഭാഗമായി 108 രോഗികളെ കണ്ടെത്തുകയും ശസ്ത്രക്രിയക്ക് വേണ്ടി മേലെ ഘടകങ്ങളിലേക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കരിങ്ങാച്ചിറ സെൻററിന് കൈമാറി കിട്ടിയ 50 സെൻറ് സ്ഥലത്ത് ഉപയോഗശൂന്യമായ ഒരു കെട്ടിടമുള്ളതിൽ ഓഫീസ് പ്രവർത്തനമല്ലാതെ സബ്സെൻറർ പ്രവർത്തിക്കുന്നില്ല.
2. സ്വന്തമായ 5 സെൻറ് സ്ഥലവും വാസയോഗ്യമായ കെട്ടിടടവുമുള്ള വെള്ളൂർ സെൻറർ തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, വെള്ളത്തിന് ഏറെ ക്ഷാമം അനുഭവപ്പെടുന്നു.
3. ഐ.എച്ച്.ഡി.പി. കോളനിയും, ധാരാളം ഹരിജനങ്ങളും, മൽസ്യതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന അവികസിത മേഖലയും ഉൾപ്പെടുന്ന കൊമ്പത്ത് കടവ് സെൻററിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.
4. നാലാമത്തെ സെൻറർ മെയിൻ കേന്ദ്രത്തിൽ തന്നെ പ്രവർത്തിക്കുന്നതിനാൽ സബ് സെൻററിൻെറ പ്രയോജനം കിട്ടുന്നില്ല.
5. മരുന്നുകളുടെ വിലക്കയറ്റം മൂലം ദരിദ്രജന വിഭാഗത്തിന് ചികിൽസക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
6. നിരോധിച്ച മരുന്നുകളുടെ വിൽപന തടയുവാൻ വേണ്ട നടപടിയില്ല.
7. ഡിസ്പോസിബിൾ സിറിഞ്ചുകൾ നശിപ്പിക്കുന്നില്ല.
8. കുട്ടികൾക്ക് പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ കാണപ്പെടുന്നു.
9. നേത്രരോഗികളുടെ എണ്ണം കൂടി വരുന്നു.
10. മാരകമായ പകർച്ച വ്യാധികൾ തടയുവാൻ ഫലപ്രദമായ നടപടിയില്ല.
11. ഭക്ഷണശാലകളിൽ വേണ്ടത്ര ശുചിത്വം ഇല്ല.
13. ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നു.
14. ഭക്ഷണശാലകളിലെ പഴകിയ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന തടയുവാൻ സംവിധാനം ഇല്ല.
15. ആയുർവേദ മരുന്നുകൾക്ക് ഗുണ നിലവാര പരിശോധനയില്ല.
16. ആയുർവേദ മരുന്നിന് മറ്റിതര മരുന്നിനേക്കാൾ വലിയ വില കൊടുക്കേണ്ടിവരുന്നു: എന്നാൽ നല്ല ഗുണനിലവാരമുള്ളത് ലഭിക്കുന്നില്ല.
17. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കെട്ടിടങ്ങളുടെ അപര്യാപ്തത, ജീവനക്കാരുടെ പോരായ്മ മരുന്നുകളുടെ ലഭ്യത കുറവ്, വിദഗ്ദ ചികിത്സക്കുള്ള സൗകര്യമില്ലായ്മ, കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യകുറവ്, ജല ലഭ്യതയുടെ കുറവ്, സബ്സെൻററുകളുടെ-കെട്ടിട സൗകര്യമില്ലായ്മ, ആവശ്യമായ മറ്റു സേവന ലഭ്യതയുടെ കുറവ്, ത്വക്ക് രോഗങ്ങളെ കുറിച്ചുള്ള ഫീൽഡ് സർവ്വെ



242

സംബന്ധമായ സംവിധാനങ്ങളുടെ കുറവ് എന്നീ പ്രശ്നങ്ങളുണ്ട്.

18. ആയുർവ്വേദ ആശുപത്രിക്ക് കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യക്കുറവ്, ഡോക്ടർമാരുടേയും ജീവനക്കാരുടേയും ആവശ്യമായ മരുന്നുകളുടെയും കുറവ്, ആശുപത്രി കോമ്പൗണ്ടിന് ചുറ്റുമതിൽ ഇല്ലായ്മ, അത്യാവശ്യമായ ഫർണീച്ചറും മറ്റു ഉപകരണങ്ങളും ഇല്ലായ്മ. ആശുപത്രിയിലെ ശുദ്ധജലക്ഷാമം എന്നീ പ്രശ്നങ്ങളുണ്ട്.

15. ഹോമിയോ ആശുപത്രിക്ക് സ്വന്തമായ കെട്ടിടമില്ല, സബ്സെൻറർ ഇല്ല, ആവശ്യത്തിനുള്ള മരുന്നുകളുടെ കുറവ്, ജീവനക്കാരുടെ കുറവ്, ഫർണീച്ചറുകളുടെയും മറ്റു ഉപകരണങ്ങളുടേയും കുറവ്, ശുദ്ധജലം എത്തിയിട്ടില്ല എന്നീ പ്രശ്നങ്ങൾ ഉണ്ട്.

## സാദ്ധ്യതകൾ

1. പുത്തൻചിറ പഞ്ചായത്തിലെ പി.എച്ച്.സി.യെ 50 ബെഡ്ഡുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആക്കി ഉയർത്തുക. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ എല്ലാ വിഭാഗം സ്പെഷ്യലിസ്റ്റുകളുടെയും സേവനവും, എക്സ്റെ-പ്ലാൻറ്, ഓപ്പറേഷൻ തീയ്യേറ്റർ, ലബോറട്ടറി, വേണ്ടത്ര മരുന്നുകൾ, ഉപകരണങ്ങൾ, ആംബുലൻസ് എന്നിവയുടെ ലഭ്യതയും ഉറപ്പു വരുത്തുക. ജനത മെഡിക്കൽ സെൻറർ സ്ഥാപിക്കുക.
2. കരിങ്ങാച്ചിറ സബ്സെൻററിന് കെട്ടിടം പണിയുന്നതോടൊപ്പം ഡോക്ടറുടെ സേവനവും, മരുന്നുകളും ഉറപ്പാക്കുക.
3. കൊമ്പത്തുകടവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെൻററിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കി മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. കിഴക്കുംമുറിയിൽ പുതുതായി ഒരു സബ് സെൻറർ സ്ഥാപിക്കുക. എല്ലാ സബ്സെൻററുകളിലും ഡോക്ടറുടെ സേവനവും മരുന്നുകളും ലഭ്യമാക്കണം.
5. ഹെൽത്ത് സെൻററിൽ അത്യാവശ്യമായി വരുന്ന മരുന്നുകൾ [Emergency Purchase] സ്റ്റോർപർച്ചേസ് നിയമങ്ങൾക്കതീതമായി, ബ്ലോക്ക് പഞ്ചായത്ത് സമിതിയെ ഏൽപ്പിയ്ക്കുക.
6. നിലവിലുള്ള കയർവാർഡിൻെറ പ്രവർത്തനം സുഗമമാക്കുക.
7. പഞ്ചായത്തിൽ കൊതുകു നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
8. അംഗനവാടികൾ, ബാലവാടികൾ എന്നിവ വഴി മുട്ട, പാൽ എന്നിവ പ്രാദേശിക തലത്തിൽ ഏറ്റെടുത്ത് വിതരണം നടത്തുക.
9. ഹെൽത്ത് സെൻററിന് ചുറ്റുമതിൽ കെട്ടുക
10. ആരോഗ്യ പ്രവർത്തകർ എല്ലാ വീടുകളും സന്ദർശിക്കുകയും, ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ നടത്തേണ്ടതുമാണ്.
11. പൊതു അറവുശാല സ്ഥാപിക്കുന്നതോടൊപ്പം ഡോക്ടറുടെ നിർദ്ദേശത്തിലുള്ള മൃഗങ്ങളെ മാത്രമേ ഇറച്ചിക്ക് ഉപയോഗിക്കാവൂ എന്ന നിയമവും ആവശ്യമാണ്.
12. ഈ പ്രദേശത്ത് ഒരു വിഷ ചികിൽസാ കേന്ദ്രം സ്ഥാപിക്കുക.
13. അലോപ്പതിയോടൊപ്പം, ഹോമിയോപ്പതി, ആയുർവേദം എന്നിവയ്ക്ക് തുല്യപ്രധാന്യം കൊടുക്കുക.
14. ഹോമിയോ ആശുപത്രിക്ക് ഒരു കെട്ടിടം പണിയുക.



243

15. ആയുർവേദ ആശുപത്രിയിൽ വാർഡു പണി ഉടൻ പൂർത്തിയാക്കുക, ചുറ്റുമതിൽ, വാട്ടർടാപ്പ് എന്നിവ ഉണ്ടാക്കുക, മരുന്നു സൗകര്യം ഏർപ്പെടുത്തുക.

16. ആശുപത്രിയിലെ അടുക്കള ഉപകരണങ്ങളുടെ പോരായ്മ പരിഹരിക്കുക

17. ഔഷധസസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക

18. ഭക്ഷണസാധനങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നിവയിൽ മായം ചേർക്കുന്നത് തടയാൻ വേണ്ടതു ചെയ്യുക.

19. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് ഉണ്ടാക്കുക

20. പൊതു ശ്മശാനം നിർമിക്കുക

22. പഞ്ചായത്തിലെ എല്ലാ കിണറുകളും ബ്ലീച്ചിംഗ് പൗഡറിട്ട് വൃത്തിയാക്കുക.

23. റോഡിൻെറ വശങ്ങളിലും, പൊതുസ്ഥലങ്ങളിലും കുപ്പത്തൊട്ടികൾ സ്ഥാപിക്കുക.

24. കെട്ടിക്കിടക്കുന്ന മലിന ജലം ഒഴുകിപ്പോകാൻ വേണ്ട സംവിധാനം ചെയ്യുക.

25. സന്നദ്ധ സംഘടനകൾ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ എയ്ഡ്സ് ബോധവൽക്കരണം നടത്തുക.

26. ഹെൽത്ത് സെൻററിലേക്ക് ഒരു പൊതു ടാപ്പ് അനുവദിക്കുക

27. ഹെൽത്ത് സെൻററിലേക്ക് ടെലഫോൺ അനുവദിക്കുക.

28. വിശദമായ രീതിയിൽ ആരോഗ്യപഠന ക്ലാസ്സുകൾ, ശിശു സംരക്ഷണ ക്ലാസ്സുകൾ, പരിസര ശുചീകരണ ക്ലാസ്സുകൾ, കുടുംബ പരിപാലന ക്ലാസ്സുകൾ എന്നിവ നടത്തുക.

29. ഹെൽത്ത് സെൻറർ അറ്റകുറ്റപ്പണി നടത്തി വാർഡ് സൗകര്യങ്ങൾ, ആവശ്യമായ സ്റ്റാഫ്, ഉപകരണങ്ങൾ എന്നിവ അനുവദിക്കുക.

30. ഗ്രാമപഞ്ചായത്ത് തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്താൽ രക്തദാന സേന രൂപീകരിയ്ക്കണം. രക്തം ദാനം ചെയ്യുന്നവർക്ക് പ്രത്യേക പ്രോൽസാഹനം നൽകണം.



244

# 6

# കുടിവെള്ളം

പുത്തൻചിറ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ - കിണറുകളും, കുളങ്ങളും, ടാപ്പുകളുമാണ്. പഞ്ചായത്തിൽ ഉള്ള സ്വകാര്യ കിണറുകളെ കൂടാതെ 49 പൊതു കിണറുകളും 25 പൊതു കുളങ്ങളും 238 പൊതു ടാപ്പുകളും ഉണ്ട്. പൊതു കിണറുകൾ ഭൂരിപക്ഷവും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അതി രൂക്ഷമായി അനുഭവപ്പെടുകുയം ഈ പ്രദേശങ്ങളിൽ പഞ്ചായത്ത്, ടാങ്കർ വഴി കുടിവെള്ളം എത്തിക്കുകയും ചെയ്യാറുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ പൊതുവെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നെങ്കിലും പിണ്ടാണി, പറയൻകുന്ന്, പുളിയിലകുന്ന്, ബ്ലോക്ക് കുന്ന്, കണ്ണികുളങ്ങര കുന്ന്, മതിയത്ത് കുന്ന് നടുത്തുരുത്ത് പെരുമ്പകുന്ന് പാറേങ്കാട്, പാറയത്ത് എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്.
2. ചെട്ടികുന്ന്, കടുപ്പാടംഭാഗം മുട്ടിക്കൽകുന്ന് എന്നീ ഭാഗങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് മൂലം കുടിവെള്ളം കിട്ടുന്നില്ല.
3. വാസുപുരം, കൊമ്പത്ത് കടവ്, കണ്ണികുളങ്ങര, കരപാട ശേഖരങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ വേനൽക്കാലങ്ങളിൽ കിണറുകളിലേയും കുളങ്ങളിലേയും വെള്ളം ചോല വെള്ളമായി മാറുന്നു.
4. പിണ്ടാണികുന്ന്, പുളിയിലകുന്ന് മതിയത്ത്കുന്ന് എന്നിവിടങ്ങളിലുള്ള കുഴൽ കിണറുകൾ പ്രവർത്തന രഹിതമായി കിടക്കുന്നു.
5. വാട്ടർ അതോറിട്ടിയുടെ പൈപ്പു ലൈൻ വേണ്ടത്ര സ്ഥലങ്ങളിൽ ഇല്ല. പൊതു ടാപ്പുകൾ മുഖേന ജനങ്ങളുടെ ആവശ്യത്തിന് അനുസരിച്ച് ശുദ്ധജലം ലഭിക്കുന്നില്ല. ചിലപ്പോൾ ദിവസങ്ങളോളം ടാപ്പിൽ വെള്ളം ഉണ്ടാകാറില്ല.
6. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ടാപ്പു മുഖേന കുടിവെള്ളം എത്താറില്ല.



245

## പുത്തൻചിറ ഗ്രാമ പഞ്ചായത്ത് കുടിവെള്ള സ്രോതസ്

| വാർഡ് | പൊതു ടാപ്പ് | സ്വകാര്യ കണക്ഷൻ (ഹൗസ്) | പൊതു കിണർ | വാട്ടർ ടാങ്കുകൾ | പമ്പ് സ്റ്റേഷൻ | കെട്ടിടം | ഉദ്യോഗസ്ഥർ | സ്ഥാപിത വർഷം |
|---|---|---|---|---|---|---|---|---|
| 1 | 24 | | | | | ഇല്ല | ഇല്ല | |
| 2 | 12 | | | | | ഇല്ല | ഇല്ല | |
| 3 | 19 | | | | | ഇല്ല | ഇല്ല | |
| 4 | 28 | | | | | ഇല്ല | ഇല്ല | |
| 5 | 35 | | | 1 | 1 | ഇല്ല | ഇല്ല | |
| 6 | 32 | | | | | ഇല്ല | ഇല്ല | |
| 7 | 29 | | | 1 | | ഇല്ല | ഇല്ല | |
| 8 | 31 | | | | | ഇല്ല | ഇല്ല | |
| 9 | 27 | | | 1 | | ഇല്ല | ഇല്ല | |
| 10 | | | | | | | | |
| ആകെ | 238 | 400 | 49 | 3 | 1 | ഇല്ല | ഇല്ല | 1985 |

അവലംബം ; K.W.A.

## പുത്തൻചിറ ഗ്രാമപഞ്ചായത്തിൽപ്പെട്ട പൊതു കുളങ്ങൾ

| വാർഡ് | പൊതുകുളങ്ങളുടെ എണ്ണം | പൊതുകുളങ്ങളുടെ പേര് |
|---|---|---|
| 1 | 1 | കുട്ടൻകുളം |
| 2 | 3 | വള്ളിക്കളം, ആളോരിക്കുളം, കണ്ണൻകുളം |
| 3 | 2 | ചേര്യകുളം, കുറ്റിക്കാട്ടുക്കുളം |
| 4 | 3 | അച്ചൻക്കുളം, ഏലാടിക്കുളം, ശങ്കരൻക്കുളം |
| 5 | 3 | തൈനകത്തുകുളം, മനകുളങ്ങരക്കുളം, നമ്പാടിക്കുളം |
| 6 | 2 | വട്ടോലിക്കുളം, ചിറമ്മൽക്കുളം |
| 7 | 3 | ഊരോകുടത്തുക്കുളം, കുന്നത്തേരിക്കുളം, കൊടുകാളിക്കുളം |
| 8 | 2 | കാളിക്കുളം, വലിയക്കുളം |
| 9 | 4 | കരിയാണിക്കുളം, ഇരിങ്ങാകുളം, പാലപറമ്പികുളം, പാറക്കുളം |
| 10 | 2 | പഷ്ണിക്കുളം, ചെമ്പാട്ടുക്കുളം |
| ആകെ | 25 | |

## സാദ്ധ്യതകൾ

1. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നാട്ടുകുളങ്ങളെ ഉപയോഗപ്പെടുത്തി പൊതുശുദ്ധജല വിതരണ സംവിധാനം കൊണ്ടുവരിക. എട്ടാം വാർഡിലെ വലിയകുളം ആഴം കൂട്ടി ജലസംഭരണി ഉണ്ടാക്കി ശുദ്ധ ജല വിതരണം നടത്തുക. 1-ാം വാർഡിലെ കുട്ടൻകുളത്തെ ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള പൊതു വിതരണ സംവിധാനം ഉണ്ടാക്കുക.
2. പഞ്ചായത്ത് തലത്തിലുള്ള എല്ലാ പൊതു കിണറുകളും വൃത്തിയാക്കുക. പാറയുള്ളവ പൊട്ടിച്ച് താഴ്ത്തിയും, ഇടിയുന്നവ റിംഗ് ഇറക്കി താഴ്ത്തിയും ജലം സംഭരിക്കുക.
3. പുത്തൻചിറ നിർദ്ദിഷ്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളോട് ബന്ധപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
4. 10 വീടുകൾ കേന്ദ്രീകരിച്ച് 200 മീറ്ററിനുള്ളിൽ ഒന്ന് എന്ന രീതിയിൽ എങ്കിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് ജലവിതരണ ശൃംഖല വിപുലീകരിക്കുക.
5. പഞ്ചായത്തിലെ പമ്പ്ഹൗസുകൾ ഉപയോഗ പ്രദമാകുന്ന രീതിയിൽ പ്രവർത്തനം പുനരാരംഭിക്കുക.
6. പിണ്ടാണി മതിയത്ത് കുന്ന്, പുളിയിലകുന്ന് എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളിൽ മോട്ടോർ സ്ഥാപിച്ചും പ്രവർത്തന യോഗ്യമാക്കുക.
7. പഞ്ചായത്തിലെ വാട്ടർ ടാങ്കുകൾ യഥാ കാലങ്ങളിൽ വൃത്തിയാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
8. സാധ്യമായ സ്ഥലങ്ങളിൽ ചാമ്പ് പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

7

# വ്യവസായം

പുത്തൻചിറ ഗ്രാമ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ഭൂരിഭാഗം ആളുകളും കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു. വ്യവസായ സംരഭങ്ങളുടെയും, സംരഭകരുടെയും എണ്ണം വളരെ പരിമിതമാണ്. ഈ മേഖലയിലേക്ക് കടന്നുവരുവാൻ പൊതുവെ വൈമുഖ്യം കാണാം. ഈ മേഖലയിലെ സാധ്യതകളെക്കുറിച്ച് പൊതുവെ ജനങ്ങളിൽ അവബോധം കുറവാണ്. വിദ്യാസമ്പന്നരും, ടെക്നിക്കൽ മേഖലകളിൽ പരിശീലനം സിദ്ധിച്ചവരും ധാരാളം ഉണ്ടെങ്കിലും വ്യവസായ സംരഭകരുടെ എണ്ണം വർദ്ധിക്കുന്നില്ല. കൃഷി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് ഇവിടെ ഏറെ സാദ്ധ്യത.

പരമ്പരാഗത വ്യവസായങ്ങളും അതോടൊപ്പം ആധുനിക വ്യവസായങ്ങളും, ചെറിയ തോതിലെങ്കിലും നിലവിലുണ്ട്. പരമ്പരാഗത മേഖലയിലാണ് കൂടുതൽ ആളുകൾ പണിയെടുക്കുന്നത്. വൻകിട ഫാക്ടറികൾ ഒന്നും തന്നെയില്ല. പൊതുമേഖല, സഹകരണമേഖല സംരംഭങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ഒന്നൊഴികെ നിലവിലുള്ള എല്ലാ വ്യവസായങ്ങളും സ്വകാര്യമേഖലയിലാണ്.

തികച്ചും കർഷികമായ ഒരു ഗ്രാമമാണ് പുത്തൻചിറ. ഇതുവരെ ഇവിടെ എടുത്തു പറയത്തക്ക വ്യവസായങ്ങൾ ഒന്നും തന്നെയുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ഒരു മനോഭാവവും ജനങ്ങളിൽ വളർന്നിട്ടില്ല. ഇവിടത്തെ ജനസംഖ്യയുടെ 60 ശതമാനത്തിലേറെ പേരും ഇവിടെത്തന്നെ ഒതുങ്ങിക്കൂടി കഴിയുന്നവരാണ്. കൃഷി. പശു പരിപാലനം തുടങ്ങിയ ചില മേഖലകളിൽ ഒതുങ്ങി അവർ ഉപജീവനം നടത്തുന്നു. ഇതിൽ നിന്നും സമൂലമായ മാറ്റം അനിവാര്യമാണ്. ബോധപൂർവ്വമായി ഒരു വ്യാവസായിക അന്തരീക്ഷം ഇവിടെ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. കൃഷിയോടൊപ്പം വ്യവസായവും നടക്കും എന്നവരെ മനസ്സിലാക്കണം. ക്ലാസുകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം. ചെറുകിട വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവരും, വിജയം വരിച്ചവരുമായ ആളുകളുമായ സമ്പർക്കമുണ്ടാക്കാനും അവരുടെ അനുഭവങ്ങൾ കൈമാറാനുമുള്ള അവസരം ഉണ്ടാക്കണം. വ്യവസായത്തിലൂടെ വിജയം വരിക്കാൻ കഴിയും, അതോടൊപ്പം സമൂഹം പുരോഗതി നേടും എന്നുള്ള



248

ബോധം ജനങ്ങളിൽ സൃഷ്ടിക്കുക എന്നതായിരിക്കണം ഈ പ്രവർത്തനങ്ങളുടെ ലക്ഷ്യം. വ്യവസായത്തിനു അനുകൂലമായ മനോഭാവം വളർന്നു കഴിഞ്ഞാൽ സ്വാഭാവികമായും ഉണ്ടാകുന്ന പ്രശ്നം സാദ്ധ്യമായ മേഖലകൾ കണ്ടെത്തുക എന്നതായിരിക്കും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒട്ടേറെ വ്യവസായങ്ങൾ കണ്ടെത്താൻ കഴിയും.

നിലവിലുള്ള വ്യവസായങ്ങളുടെ പട്ടിക കാണുക

| ക്രമ നമ്പർ | വിഭാഗം | യൂണിറ്റു എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | നൂൽ നൂൽപ് | 1 | 20 |
| 2. | കയർ | 1 | 100 |
| 3. | ബീഡി | 2 | 50 |
| 4. | ഫർണീച്ചർ | 10 | 30 |
| 5 | കക്ക നീറ്റ് | 3 | 6 |
| 6. | റൈസ്മിൽ, ഫ്ളവർമിൽ | 12 | 12 |
| 7. | സൈക്കിൾ റിപ്പയർ | 8 | 10 |
| 8. | ടൂവീലർ, ഫോർ വീലർ വർക്ക് ഷോപ്പ് | 4 | 15 |
| 9. | വെൽഡിംങ് | 2 | 8 |
| 10. | റോൾഡ് ഗോൾഡ് | 1 | 4 |
| 11. | ഐസ് കമ്പനി | 1 | 1 |
| 12. | ഓയിൽ മില്ലുകൾ | 3 | 6 |
| 13. | തടി യൂണിറ്റ് | 7 | 30 |
| 14. | എഞ്ചിനീയറിംങ് | 3 | 10 |
| 15. | ഇലക്ട്രോണിക്സ് | 2 | 4 |
| 16. | ഫാക്ടറി | 1 | 30 |

കൂടാതെ രജിസ്റ്റർ ചെയ്ത 71 സ്മോൾ സ്കെയിൽ ഇൻഡസ്ട്രിയൽ യൂണിറ്റുകളും പഞ്ചായത്തിൽ നിലവിലുണ്ട്. പുത്തൻചിറയിൽ കിഴിക്കുംമുറിയിൽ മാള സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിൽ സഹകരണ മേഖലയിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതു പൂർത്തിയായാൽ 600 ഓളം പേർക്ക് തൊഴിൽ ലഭിക്കും. പാറപെട്ട-കുറുങ്ങാം പാടത്തിൻെറ വടക്കേ ഭാഗത്ത് സ്വകാര്യ മേഖലയിൽ ഒരു ഗ്രാനൈറ്റ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. കുറച്ചു പേർക്ക് ഇവിടെയും തൊഴിൽ ലഭിക്കും. വെള്ളൂരിൽ പച്ച മടലിൽ നിന്നും ചകിരിയും മറ്റുല്പന്നങ്ങളും ഉണ്ടാക്കുന്നതിനു ഒരു യൂണിറ്റും പ്രവർത്തനം ആരംഭിക്കുകയാണ്. ഇവിടെ 100 പേർക്ക് തൊഴിൽ ലഭിക്കും.

ഓരോ പ്രത്യേക വ്യവസായം തുടങ്ങുന്നതിനും ആവശ്യമായ സാങ്കേതികവും, ശാസ്ത്രീയവുമായ പരിശീലനം നൽകേണ്ടതുണ്ട്. പരിശീലനം നേടുന്നവർക്ക് സ്റ്റൈപ്പൻറ് നൽകുകയും, പരിശീലന കാലാവധിയുടെ അവസാനത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നല്കുകയും ഇങ്ങനെ നൽകുന്ന സർട്ടിഫിക്കറ്റുകൾ ആ മേഖലയിൽ വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസായി പരിഗണിക്കണം.

വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, വേണ്ടിവന്നാൽ പഞ്ചായത്ത് തലത്തിൽ കണ്ടെത്തണം. മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതു സ്ഥലപരിമിതിക്കു പരിഹാരമാകുന്നതോടൊപ്പം അനുബന്ധ വ്യവസായങ്ങൾ ഒരേ സ്ഥലത്ത് കേന്ദ്രീകരിക്കുന്നതിന് സഹായകരമാവുകയും ചെയ്യും. സാധ്യമായാൽ വീടുകളിൽ തന്നെ ചെറിയ ചെറിയ യൂണിറ്റുകൾ തുടങ്ങുവാനാവശ്യമായ പ്രോത്സാഹനം നൽകണം. ജനസാന്ദ്രത ചതുരശ്രകിലോ മീറ്ററിനു 888



249

മാത്രമുള്ള പുത്തൻചിറയിൽ വ്യവസായത്തിനാവശ്യമായ സ്ഥലം കണ്ടെത്തുക എന്നതു ഒരു പ്രശ്നമാകാൻ വഴിയില്ല. ഓരോ വ്യവസായങ്ങൾക്കും അനുയോജ്യമായ സ്ഥലം കണ്ടെത്തണം. ജലത്തിൻെറ സുലഭത, വാഹന സൗകര്യം, വൈദ്യുതി ലഭിക്കാനുള്ള സൗകര്യം എന്നിവ പരിഗണിക്കണം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വ്യവസായത്തിൻെറ വലിപ്പമനുസരിച്ച് ചെറിയ തോതിലോ, വലിയതോതിലോ, മുതൽമുടക്ക് ആവശ്യമാണ്. സർക്കാർ പദ്ധതികൾ, വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള സഹായം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ എന്നിവ ലഭ്യമാക്കാൻ കഴിയണം. പുത്തൻചിറയെ സംബന്ധിച്ചിടത്തോളം ഇവിടെ വ്യവസായ വായ്പകൾ അനുവദിക്കേണ്ട സ്ഥാപനമായ ലോർഡ്കൃഷ്ണാ ബാങ്കിൻെറ പ്രവർത്തനം തികച്ചും നിരുത്തരവാദപരവും നിഷേധാൽമകവുമാണ്. വായ്പകൾക്കുള്ള അപേക്ഷ നീട്ടികൊണ്ടുപോയി അവസാനം നൽകാതിരിക്കുക എന്നതാണ് ഈ ബാങ്കിൻെറ രീതി. ഇതിന് വ്യക്തമായ പരിഹാരം കാണേണ്ടതുണ്ട്. മാർജിൻ മണി, സബ്സിഡി എന്നിവ യഥാസമയങ്ങളിൽ ലഭ്യമാക്കണം. വ്യ.വസായവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഓരോ പഞ്ചായത്തിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കാവുന്നതാണ്.

ഗൾഫ് നാടുകളിൽ നിന്നും പുത്തൻചിറയിലേക്ക് ധാരാളം പണം ഒഴുകുന്നുണ്ട്. പക്ഷെ, ഈ പണം വേണ്ട രീതിയിൽ തിരിച്ചുവിടാൻ ഇതേവരെ കഴിഞ്ഞിട്ടില്ല എന്നതു ദുഃഖകരമായ ഒരു സത്യമാണ്. ഉല്പാദനപരമല്ലാത്ത കാര്യങ്ങൾക്കായി ചെലവഴിക്കപ്പെടുന്ന ഭീമമായ ഈ പണം വ്യവസായ മുതൽമുടക്കിലേക്ക് തിരിച്ചുവിടുവാൻ പഞ്ചായത്തു തലത്തിൽ യത്നിക്കേണ്ടിയിരിക്കുന്നു. ഇത്തരം പണം സഹകരണ മേഖലയിലൂടെ സ്വരൂപിച്ചു പ്രവർത്തനത്തിലേക്ക് കൊണ്ടു വരുവാൻ കഴിയുമെങ്കിൽ തീർച്ചയായും നമ്മുടെ ഗ്രാമത്തിനു ഒരു പുതു ജീവൻ നൽകുവാൻ ഇതുപകരിക്കും.

വ്യവസായങ്ങളുടെ ആരംഭത്തിനും ശരിയായ പ്രവർത്തനത്തിനും അനിവാര്യമായ ഒരു ഘടകമാണ് വൈദ്യുതി. ഇതിൻെറ അഭാവം ഇവിടെ ശ്രദ്ധേയമാണ്. പവർകട്ട്, ലോഡ്ഷെഡിംങ് എന്നിവ നിത്യേന നടപ്പാക്കപ്പെടുന്നു. ഇതെല്ലാം അവസാനിപ്പിച്ചു വ്യവസായാവശ്യത്തിനുള്ള വൈദ്യുതി നിർലോഭം എത്തിക്കാൻ കഴിയണം. ആവശ്യമുള്ളവർക്ക് വൈദ്യുതി കണക്ഷൻ ഉടൻ ലഭ്യമാക്കണം. ഇത്തരം പ്രശ്നങ്ങൾ പഞ്ചായത്തു തലത്തിൽ പരിഹരിക്കാവുന്നവയല്ല. സംസ്ഥാന തലത്തിൽ തന്നെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനുള്ള സമർദ്ദം പഞ്ചായത്തു തലത്തിൽ നിന്നുണ്ടാകണം.

ഒരു വ്യവസായം തുടങ്ങണമെങ്കിൽ പലതരം സർട്ടിഫിക്കറ്റുകളും, ലൈസൻസുകളും പലപ്പോഴും ആവശ്യമാകാറുണ്ട്. പരിസ്ഥിതി വകുപ്പിൻേറതായാലും, വനം വകുപ്പിൻേറതായാലും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾക്ക് കാലതാമസം നേരിടാറുണ്ട്. 5 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കുള്ള വ്യവസായങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ തന്നെ ലൈസൻസ് ലഭ്യമാക്കണം. അനാവശ്യമായി ഓഫീസുകളിൽ കയറിയിറങ്ങി സമയവും, പണവും പാഴാക്കി വ്യവസായ സംരഭകർ നിരാശരാവുന്ന അവസ്ഥ ഉണ്ടാകാതെ നോക്കേണ്ടതുണ്ട്.

തൊഴിൽ ശാലകൾ പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം പലപ്പോഴും തൊഴിൽ പ്രശ്നങ്ങൾ ഉയർന്നു വരാറുണ്ട്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിൽ രാഷ്ട്രീയം കലർത്താതെ പഞ്ചായത്ത് തലത്തിൽ തന്നെ രമ്യമായി പരിഹാരം കണ്ടെത്തുവാൻ പഞ്ചായത്ത് അധികാരികൾക്ക് കഴിയണം.

വ്യവസായങ്ങൾ പ്രവർത്തനം തുടങ്ങുമ്പോൾ അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത ഉയർന്നു



20

വന്നേക്കാം. ഇത്തരം സന്ദർഭങ്ങളിൽ അവ ലഭ്യമാക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കണം.

പരിസര മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ അഭികാമ്യമല്ല. അതേ സമയം പരിസര മലിനീകരണത്തിനു പരിഹാരം കണ്ടെത്താൻ കഴിഞ്ഞാൽ അത്തരം വ്യവസായങ്ങൾ വർജ്ജിക്കേണ്ടുതമില്ല. ഉദാഹരണമായി, ചകിരി ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് ചകിരിച്ചോറു ഒരു പ്രശ്നമാണ്. പരിസര മലിനീകരണം ഉണ്ടാക്കുന്ന ചകിരിച്ചോറ് സംസ്കരിച്ച് "കംപോസ്റ്റ്" വളങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇത്തരം പ്രശ്നങ്ങളെ നമുക്കനുകൂലമായി മാറ്റാൻ കഴിയും എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഈ രീതിയിലുള്ള സമീപനം പരിസര മലിനീകരണ പ്രശ്നത്തിൽ ഉണ്ടാകേണ്ടതുണ്ട്.

പുത്തൻചിറ ഗ്രാമ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പൊതു മേഖലയിലും സഹകരണ മേഖലയിലും വൻകിട വ്യവസായങ്ങൾ ആരംഭിക്കണം. ഉദാഹരണമായി കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ, ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ കെൽട്രോണിൻെറ യൂണിറ്റുകൾ, മിൽമയുടെ പാൽ സംസ്കരണയൂണിറ്റ്, ബേക്കറിഉൽപന്നങ്ങളുണ്ടാക്കുന്ന ഫാക്ടറി എന്നിവ ആരംഭിക്കണം. ഇങ്ങനെ ആരംഭിക്കുന്ന ഫാക്ടറികൾ വഴി ഒട്ടേറെ പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകുകയും അങ്ങനെ പഞ്ചായത്തിൻെറ മുഖഛായ മാറ്റുവാൻ കഴിയുന്നതുമാണ്.

## പ്രശ്നങ്ങൾ

1. ജനങ്ങളിൽ വ്യവസായത്തിനനുകൂലമായ മനോഭാവം ഇല്ലായ്മ.
2. സാധ്യമായ മേഖലകളെക്കുറിച്ചുള്ള അറിവില്ലായ്മ.
3. വൈദഗ്ധ്യം ഇല്ലായ്മ.
4. ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്.
5. മൂലധന നിക്ഷേപത്തിന് വായ്പകളുടെ അപര്യാപ്തയും അവ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകളും.
6. വൈദ്യുതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. ലൈസൻസ് ലഭിക്കുന്നതിന് വിവിധ വകുപ്പുകളെ ബന്ധപ്പെടേണ്ടി വരുന്നതിലെ വിഷമങ്ങൾ.
8. തൊഴിൽ പ്രശ്നങ്ങൾ.
9. പരിസ്ഥിതി പ്രശ്നങ്ങളും, പരിസര മലിനീകരണവും.
11. പൊതുമേഖലാ, സഹകരണമേഖലാ വ്യവസായ സ്ഥാപനങ്ങലുടെ അഭാവം.

## സാദ്ധ്യതകൾ

1. കൈത്തറി: ഈ പഞ്ചായത്തിൽ ഇതേവരെ കൈത്തറി മേഖലയിൽ ഒരു തൊഴിലും ഉണ്ടായിട്ടില്ല. കുറഞ്ഞതു 300 പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്ന രീതിയിൽ ഒരു കൈത്തറി സഹകരണ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
2. ഖാദി മേഖലയിൽ വിപുലമായ തൊഴിൽ സാധ്യത ഉള്ളതുകൊണ്ട് ഖാദി കമ്മീഷൻെറയും, ഖാദി ബോർഡിൻെറയും സഹകരണത്തോടെ പഞ്ചായത്തിൽ പ്രത്യക്ഷമായും, പരോക്ഷമായും 1000 പേർക്ക് തൊഴിൽ കിട്ടാവുന്ന ഒരു കൂട്ട വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. പഞ്ചായത്ത് കേന്ദ്രമായി ഒരു മേജർ യൂണിറ്റും അതിനോടനുബന്ധിച്ച് പഞ്ചായത്തിൻെറ 10 വാർഡുകളിലും ഏകദേശം 100 തൊഴിലാളികൾക്ക് ജോലി ലഭിക്കാവുന്ന ചെറുകിട യൂണിറ്റുകളും സ്ഥാപിക്കുക.
3. കയർ: തെങ്ങ് പ്രധാന കൃഷിയായ ഇവിടെ കയർ ബോർഡിൻെറ കീഴിൽ പച്ച മടൽ

സംസ്കരണ യൂണിറ്റും, അനുബന്ധമായി കയർ കരകൗശല വസ്തുക്കളുടെ യൂണിറ്റും സ്ഥാപിച്ചാൽ കുറെ പേർക്ക് തൊഴിൽ ലഭിക്കും.

4. നാളികേരം: കേരഫെഡിൻെറ കീഴിൽ നാളികേരത്തിൽ നിന്നുള്ള ഉല്പന്നങ്ങൾ സംസ്കരിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. തേങ്ങാപാൽ സംസ്കരണം, നാളികേരവെള്ളത്തിൽ നിന്നും പാനീയം, വിനാഗിരി എന്നിവയും, ചിരട്ട, കോഞ്ഞാട്ട, ഈർക്കിൽ എന്നിവ ഉപയോഗിച്ചുള്ള കരകൗശല യൂണിറ്റ്, എക്സ്പെല്ലർ ആൻറ് ബോട്ടിലിംഗ് യൂണിറ്റ് എന്നിവയും സ്ഥാപിക്കാം.

5. ഇലക്ട്രോണിക്സ്-ഇലക്ട്രിക് വ്യവസായങ്ങൾ: ഇലക്ട്രോണിക് ചോക്ക്, അനർട്ടിൻെറ സഹായത്തോടെ ബൾബുകൾ, റേഡിയോ, ടെലിവിഷൻ പാർട്സുകൾ, ഇലക്ട്രോണിക്സ് മേഖലയിൽ മറ്റുല്പന്നങ്ങൾ എന്നിവ ഉണ്ടാക്കാം.

6. ഔഷധ സസ്യങ്ങൾ വ്യാപകമായി നട്ടുവളർത്തലും, സഹകരണ മേഖലയിൽ ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റും.

7. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം: അഞ്ചോ, പത്തോ വീടുകളിൽ ഒരു യൂണിറ്റ് എന്ന നിലയിൽ ഒരു ഡിസയ്നറെവെച്ചു നിവർവഹിക്കാൻ കഴിയും.

8. മൾബറി കൃഷി, പട്ടുനൂൽപ്പുഴു വളർത്തലും പട്ടുനൂലുൽപ്പാദനവും

9. വിവിധതരം അച്ചാറുകളും, ഉപ്പേരികളും, കറിമസാലകളും, കറിപൗഡറുകളും ഉണ്ടാക്കലും അവയുടെ പാക്കിംഗും.

10. പച്ചക്കറി, പൂകൃഷി എന്നിവയും അവയുടെ വിപണനവും.

11. തീപ്പെട്ടി നിർമ്മാണം.

12. തേനീച്ച വളർത്തൽ

13. ചന്ദനത്തിരി, മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ ഉൽപാദനം

14. പഴങ്ങളുടെ സംസ്ക്കരണവും, സ്ക്വാഷ്, ജാം തുടങ്ങിയവയുടെ നിർമ്മാണവും.

15. കുട്ട, പായ്, പനമ്പ്, രാമച്ചം ഉപയോഗിച്ചുള്ള വസ്തുക്കൾ എന്നിവയുടെ നിർമ്മാണം.

16. പപ്പടം ഉണ്ടാക്കൽ

17. പശു, ആട്, കോഴി, താറാവ് എന്നിവയുടെ വളർത്തൽ. മാസം, മുട്ട എന്നിവയുടെ വിപണനവും, മത്സ്യം വളർത്തലും ചെമ്മീൻ സംസ്ക്കരണവും.

18. അലങ്കാര വസ്തുക്കളുടെയും, കോസ്മെറ്റിക്ക് വസ്തുക്കളുടെയും നിർമ്മാണം.

19. മരം കൊണ്ടുള്ള ഫർണീച്ചർ നിർമ്മാണം.

20. ഹോളോ ബ്രിക്സ് നിർമ്മാണവും, കോൺക്രീറ്റ് ജനൽ, കട്ടിള എന്നിവയുടെ നിർമാണവും.

21. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്

22. സഹകരണ മേഖലയിൽ നെല്ല്, കശുവണ്ടി, പൈങ്ങ എന്നിവയുടെ സംസ്കരണ യൂണിറ്റ്.

23. നൂൽ നൂൽപ്പും, നെയ്ത്തും.

24. ചതുപ്പു നിലങ്ങളിൽ കണ്ടൽ ചെടികൾ വളർത്തി അവയുടെ വേരിൽ നിന്നും കോർക്ക് നിർമ്മാണം.

25. സോപ്പ്, ചെരിപ്പ്, മെഴുകുതിരി, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ജ്വല്ലറി ബോക്സുകൾ, കുട എന്നിവയുടെ നിർമ്മാണം.

26. കൂൺകൃഷി



252

# 8

# ഗതാഗതം

ഏതു പ്രദേശത്തിൻെറയും വികസനത്തിൻെറ മുഖ്യധാര ഗതാഗത സൗകര്യമാണ്. വികസന ത്തിൻെറ കാര്യത്തിൽ എന്ന പോലെ ഗതാഗത സൗകര്യത്തിലും ഏറെ പുറകിലാണ് പുത്തൻചിറ.

റോഡുകളും, ജലാശയങ്ങളും തുല്യ പ്രാധാന്യത്തോടെ കണക്കിലെടുത്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. മൂന്നു വശവും ജലാശയങ്ങളായ തിനാൽ ജല മാർഗ്ഗമുള്ള ഗതാഗതമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. തച്ചപ്പിള്ളിയിൽ നിന്നും, കോട്ടപ്പുറം, പറവൂർ, എറണാകുളം ഭാഗങ്ങളിലേക്ക് ബോട്ട് സർവ്വീസുകൾ ഉണ്ടയിരുന്നു. കരിങ്ങാച്ചിറ മാള കടത്ത് വഞ്ചി ഉണ്ടായിരുന്നു. കാർഷികോല്പ ന്നങ്ങൾ ചന്തയിലേക്ക് വിപണനത്തിന് കൊണ്ടു പോയിരുന്നതും, നിർമ്മാണ സാമഗ്രികൾ കൊണ്ടു വന്നിരുന്നതും വഞ്ചിയിൽ ആയിരുന്നു. ഇപ്പോൾ പുലയൻതുരുത്ത്, ചെകുത്താൻ തുരുത്ത് എന്നിവി ടങ്ങളിലേക്ക് മാത്രമേ ജലമാർഗ്ഗം യാത്ര ചെയ്യേണ്ട തുള്ളു.

പുഞ്ചപ്പാടത്ത് റോഡും പാലവും നിർമ്മിച്ച തിനു ശേഷം മാത്രമാണ് റോഡ് ഗതാഗതത്തിന് ആരംഭം കുറിച്ചത്. 1968ൽ ആണ് ആദ്യമായി പഞ്ചായത്തിൻെറ കുറച്ച് ഭാഗങ്ങൾ (8 കി.മീ.) എങ്കിലും ഉൾക്കൊണ്ടുകൊണ്ടുള്ള ബസ്സ് റൂട്ട് ആരഭിച്ചത്. അരിക്കത്തോട് പാലം, കരിങ്ങചിറ പാലം, നാരായണമംഗലം പാലം എന്നിവ നിർമ്മി ക്കപ്പെട്ടതിന് ശേഷം ഗതാഗത സൗകര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

കര മാർഗ്ഗം ഉള്ള ഗതാഗതത്തിൽ റോഡാണ് പരിപൂർണ്ണമായും ആശ്രയിക്കപ്പെടുന്നത്. റെയിൽ വെ സൗകര്യം ഇല്ല. റോഡുകളിൽ തന്നെ ഹൈവേ കളോ, തുല്യ പ്രാധാന്യമുള്ള മറ്റു റോഡുകളോ ഇല്ല. ഈ പഞ്ചായത്തിൽ റോഡുകളുടെ ആകെ നീളം 293.3 കി.മീ. ആണ്.

**റോഡുകളുടെ ഇനം തിരിച്ചുള്ള കണക്ക്**

| ക്രമ നമ്പർ | ഉടമസ്ഥത | സ്വഭാവം | ദൂരം കി.മി. | ശതമാനം |
|---|---|---|---|---|
| 1. | P.W.D. | ടാർ ചെയ്തത് | 10 | 3.4 |
| 2. | പഞ്ചായത്ത് | ടാർ ചെയ്തത് | 14.5 | 4.6 |
| 3. | പഞ്ചായത്ത് | മെറ്റൽ | 33 | 11.2 |
| 4. | പഞ്ചായത്ത് | കച്ച | 73.5 | 25.0 |
| 5. | പഞ്ചായത്ത് | ചെമ്മൺ | 162.3 | 55.8 |



253

ടാർ റോഡുകൾ വളരെ കുറവാണ്. 55.8% റോഡുകൾ തീരെ ഗതാഗത യോഗ്യമല്ലാത്ത ഇടവഴികൾ ആണ്.

പ്രധാന റോഡുകൾ എല്ലാം തന്നെ വെള്ളം ഒഴുകി പോകുന്നതിനുള്ള കാനകൾ ഇല്ലാത്ത വയാണ്. ഇതു മൂലം റോഡിൻെറ വശങ്ങൾ തകർന്ന് വാഹനഗതാഗതം അപകടകരമാകുന്നു. റോഡിൽ വെള്ളം കെട്ടിക്കിടന്ന് കേടുവന്ന് സഞ്ചാര യോഗ്യമല്ലാതാവുന്നു. വാട്ടർ അതോറിറ്റി, ടെലികോം, എന്നീ ഡിപ്പാർട്ടുമെൻറുകൾ പണികൾക്കായി റോഡുകൾ അശാസ്ത്രീയമായ രീതിയിൽ പൊളിക്കുകയും ആവശ്യം കഴിഞ്ഞാൽ അറ്റകുറ്റ പണികൾ തീർക്കാതിരിക്കുന്നതും ഇപ്പോൾ കാണുന്ന പ്രവണതയാണ്. ഉയർന്ന പ്രദേശങ്ങളിലെ മണ്ണ് എടുത്ത് പോകുന്നത് ആ ഭാഗങ്ങളിലെ റോഡുകളുടെ സുരക്ഷിതത്വം അപകടത്തിലാക്കുന്നു. .റോഡുകൾ കയ്യേറുന്ന പ്രവണതയുമുണ്ട്.

പഞ്ചായത്തിൽ ഒരിടത്തുപോലും ടാക്സി സ്റ്റാൻറുകൾ ഇല്ലാതത്തതിനാൽ ഓട്ടോറിക്ഷകൾ, ടാക്സി കാറുകൾ ടെമ്പോകൾ എന്നിവ റോഡരുകിൽ പാർക്ക് ചെയ്യുന്നതു മൂലം ഗതാഗത തടസ്സം നേരിടുന്നു. ഹൈസ്കൂൾ ജംഗ്ഷൻ, മാണിയംകാവ്, വെള്ളൂർ ഭാഗങ്ങളിൽ ഇത് നിത്യ സംഭവമാണ്.

റോഡുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് നിർമ്മാണത്തിനും പരിപാലത്തിനും വേണ്ടി പഞ്ചായത്തിൽ നിന്നും ഭാരിച്ച തുക ചിലവാക്കുന്നുണ്ട് എങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. ജനപങ്കാളിത്തം ഇല്ലാത്തതിനാൽ വ്യക്തിഗത താല്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതും കാരണമാണ്.

പട്ടികജാതി കോളനി പ്രദേശങ്ങളിൽ വേണ്ടത്ര റോഡുകൾ ഇല്ല. പാടശേഖരങ്ങളിൽ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ നെൽകൃഷിക്ക് യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ കഴിയുന്നില്ല.

14 വീട്ടുകാർ താമസിക്കുന്ന പുലയൻ തുരുത്തിലേക്കും, രണ്ട് വീട്ടുകാർ താമസിക്കുന്ന ചെകുത്താൻ തുരുത്തിലേക്കും യാതൊരു വിധ ഗതാഗത സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. വ്യക്തികളുടെ വഞ്ചി മാത്രമാണ് ഇവിടെ ഉപയോഗിക്കപ്പെടുന്നത്.

ഇന്നിപ്പോൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലൂടെ ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്. വിസ്തൃതമായ പഞ്ചായത്തായതിനാൽ ബസ്സുകൾ ഏതെങ്കിലും ഒരു ഭാഗത്തുകൂടി മാത്രം കടന്നു പോവുകയാണ്. ഏതെങ്കിലും ഒരു കേന്ദ്രത്തിൽ ബസ്സുകൾ ഒന്നിക്കുവാനുള്ള രീതിയിൽ ഒരു ബസ്സ്സ്റ്റാൻറും ഇവിടെ ഇല്ല. ദീർഘദൂര സർവ്വീസുകൾ ഈ വഴി ഇല്ല. 99 ശതമാനവും സ്വകാര്യ ബസ്സുകൾ ആയതിനാൽ രാത്രി കാലങ്ങളിൽ യാത്രാ ക്ലേശം നേരിടുന്നു.

NH 17 ഉം NH 47ഉം തമ്മിൽ പുത്തൻചിറ വഴി 36 കി.മീ. ദൂരമേയുള്ളൂ. NH കൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് ഈ വഴി നിർമ്മിക്കാവുന്നതാണ്. കൊമ്പത്തു കടവ് പാലം നിർമിക്കപ്പെട്ടാൽ ദൂരം 22 കി.മീ. ആയി ചുരുങ്ങും. നെയ്തക്കുടി - ചുങ്കം, ചേല്യേക്കര-മാരേക്കാട് എന്നീ സ്ലൂയിസ്-കം-ബ്രിഡ്ജുകൾ കൂടി നടപ്പിലായാൽ ഈ നാടിൻെറ വികസനത്തിന് ആക്കം കൂടും.

ഇനിയും ഉൾഭാഗങ്ങളിൽ വളരെയധികം റോഡുകൾ നിർമ്മിക്കപ്പെടേണ്ടതായിട്ടുണ്ട്. നടപ്പാത മാത്രമുള്ള പ്രദേശങ്ങൾ ഇന്നും ഉണ്ട്.

## മാർക്കറ്റ്

കൃഷിക്ക് മുൻതൂക്കമുള്ള ഈ പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് സംവിധാനം ഇല്ല. മുൻകാലങ്ങളിൽ ഇവിടെയുണ്ടായിരുന്ന ഉല്പന്നങ്ങൾ ചാലക്കുടി, കോട്ടപ്പുറം, ഇരിങ്ങാലക്കുട തുടങ്ങിയ നഗരങ്ങളിലെ ചന്തകളിലായിരുന്നു വിപണി തേടിയിരുന്നത്. ഇപ്പോൾ ഉല്പന്നങ്ങൾ

ഇല്ലാത്തതിനാൽ, ഇവ വാങ്ങുന്നതിന് മേൽപറഞ്ഞ സ്ഥലങ്ങൾ തന്നെയാണ് ആശ്രയിക്കുന്നത്. മൊത്തവ്യാപാര കടകളും, ഉയർന്ന രീതിയിൽ ഉള്ള മാർക്കറ്റിംഗ് സംവിധാനങ്ങളും ഇല്ലാത്തതിനാൽ ജനങ്ങൾ ടൗണുകളിലേക്കാണ് മാർക്കറ്റിംഗിനായി പോകുന്നത്. ഇതുമൂലം ഈ ഗ്രാമത്തിലെ പണം ടൗണുകളിലേക്ക് ഒഴുകുന്ന സ്ഥിതിയാണുള്ളത്.

നിത്യേന വളരെയധികം ആടുമാടുകൾ ഇവിടെ അറവു ചെയ്യപ്പെടുന്നുണ്ടെങ്കിലും അവയുടെ സംസ്കരണവും വിപണനവും നടത്തുന്നതിനുള്ള സംവിധാനങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ വളരെ കുറവാണ്.
2. പുത്തൻചിറയുടെ പരിസരത്തുള്ള നഗരങ്ങളിലേക്ക് വേണ്ടത്ര ബസ്സ് സൗകര്യം ഇല്ല
3. പഞ്ചായത്തിലെ റോഡുകൾക്ക് കാനകൾ ഇല്ലാത്തതു മൂലം റോഡുകൾ നശിക്കുന്നു. ഇരുചക്ര വാഹനങ്ങൾക്ക് കൂടുതൽ അപകടം അതുമൂലമുണ്ടാകുന്നു.
4. തക്ക സമയത്ത് റോഡ് മെയിൻറനൻസ് നടക്കുന്നില്ല.
5. വാട്ടർ അതോറിറ്റിയുടെയും ടെലിഫോൺ ഡിപ്പാർട്ട്മെൻറിൻെറയും ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്ന റോഡുകൾ നന്നാക്കുന്നില്ല.
6. കൊമ്പത്തുകടവിനടുത്തു കിടക്കുന്ന രണ്ടു തുരുത്തുകളിലേക്ക് വാഹന സൗകര്യം ഇല്ല.
7. എല്ലാ ബസ്സുകളും ഒരിടത്ത് കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനമില്ല.
8. K.S.R.T.C. ബസ് സർവീസുകൾ തീരെ കുറവാണ്.
9. ഓട്ടോറിക്ഷകൾ, കാറുകൾ, ടെമ്പോകൾ തുടങ്ങിയ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം ഇല്ല.
10. ബസ് ഷെൽട്ടർ ഭൂരിപക്ഷം സ്ഥലത്തും ഇല്ല.
11. മണ്ണെടുപ്പും, മണ്ണൊലിപ്പുമൂലവും റോഡുകൾ തകർന്നു കൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. അരീക്കതോട് പാലം, ചെമ്പപ്പിള്ളി പാലം, അരീക്കതോട് കോളനി പാലം എന്നിവ പൊളിച്ചു പണിയുക.
2. റോഡുകൾക്കിരുവശവും കാനകൾ നിർമ്മിച്ചു സംരക്ഷിക്കുക.
3. പൊതു മാർക്കറ്റും അറവുശാലയും നിർമ്മിക്കുക.
4. അനധികൃതമായ മണ്ണെടുക്കൽ നിറുത്തലാക്കുക.
5. ബസ് സ്റ്റാൻറ് നിർമ്മിക്കുക.
6. ണണ 17 ൽ നിന്നും നാരായണ മംഗലം വെള്ളൂർ ഹൈസ്കൂൾ ജംഗ്ഷൻ വഴി പുത്തൻചിറ, മാള, അന്നമനട, അത്താണി വഴി നെടുമ്പാശ്ശേരി വിമാനത്താവളം റോഡ് വികസിപ്പിച്ചെടുക്കേണ്ടതാണ്.
7. NH 17. ഉം ണണ 47ഉം ബന്ധിപ്പിക്കുന്നതിന് ശ്രീനാരായണപുരം, പൂവ്വത്തും കടവ്, കോണത്തുകുന്ന് റോഡു വികസിപ്പിക്കുക. പൂവ്വത്തും കടവ് പാലത്തിൻെറ നിർമ്മാണം പൂർത്തിയായാൽ ഈ റോഡു വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നായി മാറും. പുത്തൻചിറയുടെ വികസനവും ദ്രുതഗതിയിലാകും.
8. പഞ്ചായത്തിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.



255

9. സ്കൂളുകൾക്കു മുമ്പിൽ റോഡിൽ ഹമ്പുകളും വേഗത പരിധി നിർണയിക്കുന്ന ബോർഡുകളും സ്ഥാപിക്കുക.

10. പഞ്ചായത്തിലെ മുഴുവൻ റോഡുകളും നാമ കരണം ചെയ്യുക.

12. റോഡ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുക.

12. പഞ്ചായത്തിൻെറ അതൃത്തികൾ നിശ്ചയിച്ചു കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുക.

13. വാഹനങ്ങൾക്ക് പാർക്കിങ്ങ് സ്റ്റാൻറ് അനുവദിക്കുക.

14. മാരേക്കാ-ചേല്യേക്കര, നെയ്തകുടി-ചുങ്കം സ്ലൂയിസ്-കം-ബ്രിഡ്ജുകൾ സ്ഥാപിക്കുക.

15. പുലയൻ തുരുത്തിലേക്ക് നടപ്പാത നിർമ്മിക്കുക.

16. പ്രധാന റോഡുകളായ കൊമ്പത്ത്കടവ് - വെള്ളാങ്ങല്ലൂർ, പുത്തൻചിറ - കൂണ്ടായി, പുത്തൻചിറ - മാള, മാണിയംകാവ്- കോണത്ത്കുന്ന് എന്നീ റോഡുകളുടെ ടാറിങ്ങിന് വീതി കൂട്ടുക.

## ഗ്രാമസഭാ നിർദ്ദേശപ്രകാരം പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. കൊപ്രക്കളം-തൃപ്പേക്കുളം റോഡ്.
2 സ്പിന്നിംഗ് മില്ലിൽ നിന്നും മറ്റപ്പിള്ളി പാലം വഴി തൃപ്പേക്കുളം റോഡ്.
3. പകരപ്പിള്ളി-പൊരുമ്പക്കുന്ന് റോഡ്, പാലം അടക്കം
4. തൃപ്പേക്കുളം ക്ഷേത്ര പരിസരത്തു നിന്നും വട ക്കോട്ടുള്ള റോഡ്.
5. ആയുർവേദ ആശുപത്രി റോഡ് . ചെമ്പപ്പിള്ളി പാടവുമായി ബന്ധിപ്പിക്കുക.
6. അംബേദ്ക്കർ കോളനി റോഡ് - ആനപ്പാറ കനാൽ റോഡ് (വില്വമംഗലം പാടം)
7. കൂപ്പൻ ബസാർ - വില്വമംഗലം പാടം റോഡ് (തെക്കുവഴിക്കും വടക്കുവഴിക്കും)
8. പറയൻ കുന്ന് - കരുങ്ങാച്ചിറ റോഡ്.
9. ഹൈസ്കൂൾ ജംഗ്ഷൻ - കൊട്ടക്കപ്പാടം വഴി വില്വമംഗലം അമ്പലപരിസരം റോഡ്.
10. മാണിയംകാവു welding workshop ൽ നിന്നും പ്രശാന്തിനഗർ വരെയുള്ള റോഡ്.
11. പുത്തൻചിറ പടിഞ്ഞാറെ മഹല്ല് പുളിയിലക്കുന്ന് റോഡ്.
12. വായനശാല - പുളിയിലക്കുന്ന് റോഡ്.
13. വാസുപുരം റോഡ്.
14. വട്ടോലിക്കുളം റോഡ്.
15. കാട്ടുക്കാരൻ റോഡ്. കണ്ണിക്കുളങ്ങര ബാല വാടി റോഡുമായി വാസുപുരം പാടെ കൂടി ബന്ധിപ്പിക്കുന്ന റോഡ്.
16. കോവിലകത്തുകുന്ന് - വെള്ളൂർകടവ് റോഡ്.
17. ലക്ഷം വീടു കോളനി റോഡ്.
18. പള്ളത്തേരി - ലക്ഷം വീട് ആശുപത്രി റോഡ്.
19. വായനശാല-കാരാമ്പ്ര റോഡ്. കൊച്ചിട്ടി കടവ് ബണ്ട് റോഡ്.
20. ഉല്ലാസ്സ് നഗർ - അച്ചൻ കുളം റോഡ്.
21. വായനശാല -കുറുങ്ങാ പാട് റോഡ്.
22. പാറയത്ത് - ചെല്യേക്കര റോഡ്.
23. ശവക്കോട്ട വില്വമംഗലം പാടം വഴി ആനപ്പാറ റോഡ്.
24. തങ്കാപ്പു നഗറിൽ നിന്നും കിഴക്കോട്ട് ചെമ്മൺ പറമ്പ് വഴി റോഡ്.



൨൫൭

25. ചെട്ടിക്കുന്നിൽ നിന്നും പുലയൻതുരുത്തിലേക്ക് നടപ്പാലം നിർമ്മിക്കുക.

26. ചേല്യക്കര - മാരേക്കാട് സ്ളൂയിസ് കം ബ്രിഡ്ജ് ബണ്ട് റോഡ്.

27. P.W.D റോഡിൽ നിന്നും ഇരിങ്ങാക്കുളം റോഡ്.

28. T.H.S ൽ നിന്നും വില്വമംഗലം പാടം വഴി വിഷ്ണുമായ നട റോഡ്.

29. തൃപ്പേക്കുളം ക്ഷേത്രത്തിന് പടിഞ്ഞാറോട്ട് വഴിക്കിലിച്ചിറ റോഡുമായി ബന്ധിപ്പിക്കുന്നതിന് പുതിയ റോഡ്.

30. വായനശാല - കാരാമ്പ്ര റോഡ് മഞ്ഞളി റോഡുവഴി ശാന്തിനഗറിൽ ബന്ധിപ്പിക്കുക.

**ഗ്രാമസഭ നിർദ്ദേശ പ്രകാരം മെറ്റലിംഗും ടാറിംഗും ചെയ്യേണ്ട റോഡുകൾ.**

1. കണ്ണത്ത് റോഡ്.
2. സ്പിന്നിംഗ്മിൽ റോഡ്.
3. സ്പിന്നിംഗ്മിൽ - ലിങ്ക് റോഡ് - പാറക്കുളം.
4. കാളൻകുന്ന് റോഡ്.
5. പാറക്കാട് - കണ്ണായി കവല റോഡ്.
6. കല്ലാർകുളങ്ങര - റോഡിൻെറ തെക്കേ അറ്റത്തുള്ള ലിങ്ക് റോഡ്.
7. കല്ലാർകുളങ്ങര റോഡ്.
8. കട്ടിയാംപാറ കോളനി റോഡ്.
9. പൊരുമ്പകുന്ന് - ശാന്തിനഗർ, തുമ്പൂർ - ശാന്തി നഗർ റോഡുകൾ.
10. ഐസ് കമ്പനി-ആയുർവ്വേദ റോഡ്.
11. പൊരുമ്പകുന്നിൽ കുഞ്ഞെലിപാടം റോഡ്.
12. കൊമ്പത്തും കടവ് നെയ്തുകുടി - പാലം ഉൾപ്പെടെ റോഡ്.
13. വെള്ളൂർ - കരുങ്ങച്ചിറ.
14. വെള്ളൂർ -അംബേദ്ക്കർ കോളനി റോഡ്.
15. പിണ്ടാണി കോളനി റോഡ്.
16. വെള്ളൂർ L.P. പടിഞ്ഞാറുഭാഗത്തേയ്ക്കുള്ള റോഡ്.
17. വെള്ളൂർ ഹൈസ്കൂളിൽ നിന്നും കിഴക്കോട്ടുള്ള റോഡ്.
18. പ്രശാന്തിനഗർ - പിണ്ടാണി റോഡ്.
19. നടത്തിരുത്തി റോഡ്.
20. കൃഷിഭവൻ പരിസരത്തുനിന്നുള്ള റോഡുകൾ.
21. പിണ്ടാണി - കിഴക്കെ ലക്ഷം വീട് കോളനി റോഡ് കുഴൽ കിണർ റോഡുമായി ബന്ധപ്പെടെത്തുക.
22. കരിങ്ങാച്ചിറ - മേക്കാളി റോഡ്.
23. ചേല്യേക്കര മാരേക്കാട് സ്ളൂയിസ് കം ബ്രിഡ്ജ് റോഡ്.
24. കണ്ണികുളങ്ങര -മതിയത്തുകുന്ന് - ഉല്ലാസ്സ് നഗർറോഡ്.
25. ചിലങ്ക - അരിക്ക തോട് റോഡ്.
26. മാണിയംകാവു -കോണത്തുകുന്ന് റോഡ്.
27. വായനശാല - പുളിയിലക്കുന്ന് റോഡ്.
28. പാറേങ്കാട് റോഡ്.
29. കോവിലകത്തുകുന്ന് - വട്ടേക്കാട്ടുകര റോഡ്.
30. പുളിയിലക്കുന്ന് - പുളിയിലക്കുന്ന് ബസ്സ്റ്റോപ്പ് റോഡ്.
31. പുത്തൻചിറ പടിഞ്ഞാറെപള്ളി -പാറെങ്കാട് റോഡ്.

32. മാണിയംകാവു - കാട്ടുക്കാരൻ റോഡ് വ്യാപാരഭവൻ വരെ.

33. പിണ്ടാണി - പേന്തുരുത്ത് - കരിങ്ങാച്ചിറ.

34. പിണ്ടാണി - സെൻട്രൽ റോഡ്.

35. കോളനി - ആനപ്പാറ റോഡ്.

36. പിണ്ടാണി - കനാൽബണ്ടു റോഡ്.

37. ശവക്കോട്ട -ആനപ്പാറ - പാറകുളം റോഡ്.

38. ശവക്കോട്ട - കൂപ്പൻ ബസാർ റോഡ്.

39. കോൺവെൻറ് - കാഞ്ഞിരപ്പാടം റോഡ്.

40. മുട്ടിക്കൽകുന്ന് - കപ്പേള - കൊശവൻ ചിറ ബണ്ട് റോഡ്.

41. പഴയ വായനശാല - ആശുപത്രി റോഡ്.

42. പഴയ വായനശാല - കാരാമ്പ്ര റോഡ്.

43. പകരപ്പിള്ളി - അച്ഛൻകുളം ആശുപത്രി റോഡ്.

44. ഉല്ലാസ് നഗർ -അച്ഛൻകുളം റോഡ്.

45. ഉല്ലാസ് നഗർ - കോലോത്തുനാട് റോഡ്.

46. N.S.S - അച്ഛൻകുളം റോഡ്.

47. പഴയ വായനശാല ലക്ഷം വീട് റോഡ്.

48. പകരപ്പിള്ളി - പൊരുമ്പകുന്ന് റോഡ്.

49. തയ്യിൽ തെക്കെ വഴി - കുറുങ്ങം പാട് റോഡ്.

50. മിൽ മുതൽ തൃച്ചക്രപുരം ക്ഷേത്രം റോഡ്.

51. മിൽക്ക് സൊസൈറ്റി റോഡ്.

52. ഉല്ലാസ് നഗർ - പകരപ്പിള്ളി ക്ഷേത്രം റോഡ്.

53. പാറയത്ത് കുന്നത്തേരി റോഡ്.

54. കല്ലന്തറ തുരുത്ത് റോഡ്.

55. ശാന്തിനഗർ - ലക്ഷം വീട് - ഐസ് കമ്പനി റോഡ്.

56. പുത്തൻചിറ സദനം തെക്കോട്ടുള്ള റോഡ് (

57. 9-ാം വാർഡ് ലക്ഷം വീട് റോഡ്

58. ഇരിങ്ങാക്കുളം റോഡ്

59. ലക്ഷംവീട് കൊമ്പത്തുകടവ് ചർച്ച് റോഡ്.

60. മഞ്ഞനംപാറ ലക്ഷംവീട് കോളനി റോഡ്.

61. കുന്നത്തേരി ഹോസ്പിറ്റൽ റോഡ്.

62. പാണ്ഡിക്കടവ് റോഡ്

63. വില്വമംഗലം പടിഞ്ഞാറേ റോഡ്

64. വില്വമംഗലം കിഴക്കേ റോഡ്

65. കരിമനയ്ക്കൽ റോഡ്

66. വഴിക്കിലിച്ചിറ രാജീവ് നഗർ റോഡ്

67. പൊരുമ്പകുന്ന് പുഞ്ചപ്പാടം റോഡ്.

9

# ഊർജം

ഊർജമാണ് ഏതു വികസനത്തിൻെറയും ചാലകശക്തി. പ്രവർത്തി ചെയ്യാൻ വേണ്ട ഊർജം മെരുക്കിയെടുത്ത ഒരേ ഒരു ജീവി മനുഷ്യനാണ്. ഊർജം വികസനത്തിൻെറ ഒരു അവിഭാജ്യ. ഘടകമാണ്. വിവിധ ഊർജസ്രോതസ്സുകൾ മനുഷ്യൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് താപോർജമാണ്. വിറക്, കൽക്കരി, പ്രകൃതി വാതകങ്ങൾ, മണ്ണെണ്ണ, വൈദ്യുതി, സൗരോർജ്ജം ഇവയാണ് ഊർജ സ്രോതസ്സുകൾ. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ താപോർജം ലഭ്യമാകുന്നത് വിറകിൽ നിന്നാണ്. മൊത്തം ഊർജാവശ്യത്തിൻെറ പകുതിയും ആഹാരം പാകം ചെയ്യുന്നതിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതിൽ 60 ശതമാനത്തോളം ലഭിക്കുന്നത് വിറകിൽ നിന്നാണ്. സംസ്ഥാനത്തിൽ ഇത് 70 ശതമാനത്തിൽ അധികം വരും.

വനങ്ങൾ നശിക്കുകയും എണ്ണക്കിണറുകൾ വറ്റുകയും, കൽക്കരി ഖനികൾ ഒഴിയുകയും ചെയ്യുന്ന കാലം അതി വിദൂരമല്ല. അതിനാൽ വറ്റാത്ത ഉറവിടങ്ങളെ ഉപയോഗപ്പെടുത്താനുള്ള മാർഗങ്ങൾ വികസിപ്പിച്ചെടുത്തേ മതിയാകൂ.

പട്ടിക - 1

**ഊർജ വിനിയോഗം**

| ക്രമ നനമ്പർ | ഊർജ സ്രോതസ്സുകൾ | മൊത്തം ഉപയോഗം |
|---|---|---|
| 1. | ജൈവദ്രവ്യങ്ങൾ | 62.5% |
| 2. | വൈദ്യുതി | 23.72% |
| 3. | എണ്ണ | 12.11% |
| 4. | പ്രകൃതി വാതകം | 1.67% |

ഇന്ധന ഉപയോഗത്തെ 4 മേഖലകളായി തരം തിരിക്കാം

1. ഗാർഹികം
2. കാർഷികം
3. വാണിജ്യം
4. വ്യവസായം.

ജൈവദ്രവ്യങ്ങളുടെ 84.44% പാചകാവശ്യ ത്തിനായി ഉപയോഗിക്കുന്നു. സാധാരണക്കാരും

പാവപ്പെട്ടവരും മുഖ്യമായും ആശ്രയിക്കുന്നത് ഈ ഇന്ധനത്തെ തന്നെയാണ്. മൊത്തം ഗാർഹികോപയോഗത്തിൻെറ 89 ശതമാനം ഊർജവും ജൈവദ്രവ്യങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.

പട്ടിക - 2

ഗാർഹീകം

| ക്രമ നമ്പർ | ഊർജ സ്രോതസ്സുകൾ | ഉപയോഗം |
|---|---|---|
| 1. | ജൈവദ്രവ്യങ്ങൾ | 89% |
| 2. | വൈദ്യുതി | 6% |
| 3. | എണ്ണ | 4% |
| 4. | പ്രകൃതി വാതകങ്ങൾ | 1% |

പഞ്ചായത്തിലെ വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹീകം, വ്യാപാരം, വ്യവസായം, കാർഷീകം എന്നീ ആവശ്യങ്ങൾക്കാണ്. മൊത്തം ഉപഭോക്താക്കളുടെ 64.5 ശതമാനവും ഗാർഹീകമാണ്. വൈദ്യുതി ഉപയോഗത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തി ഉപയോഗത്തിൻെറ അളവ് കുറയ്ക്കാൻ കഴിയുന്നില്ല. വാട്ട്സ് കൂടിയ ബൾബുകൾക്ക് പകരമായി വാട്ട്സ് കുറഞ്ഞതും കൂടുതൽ ക്ഷമതയുള്ളതുമായ കോമ്പാൾട്ട് ഫ്ലൂറസൻറ് ലാംബ് (CFL)കളുടെ ഉപയോഗം കാര്യക്ഷമമായി പ്രാവർത്തികമാക്കണം. ഇത്തരം സാമഗ്രികൾ ഉപയോഗിക്കുക വഴി ലാഭിക്കാൻ കഴിയുന്ന ഊർജം വളരെ വലുതാണ്.

ഒരു CFL ഉം 75 വാട്ട്സ് ബൾബും ഒരു വർഷത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് ഞെട്ടിക്കുന്നതാണ്.

പട്ടിക - 3

**CFL ഉം 75 വാട്ട് ബൾബും താരതമ്യം**

| ഇനം | ഉപയോഗിക്കുന്ന സമയം (മണിക്കൂർ) | ഉപയോഗിക്കുന്ന വൈദ്യുതി | ഒരു വർഷത്തേക്ക് | ഉപയോഗിച്ച യൂണിറ്റ് | യൂണിറ്റിന് ഒരു രൂപ എന്ന നിരക്കിൽ |
|---|---|---|---|---|---|
| CFL | 5 | 55വാട്ട്സ് | 20,075 | 20.08 | 20 രൂപ 8 പൈസ |
| 75വാട്ട് ബൾബ് | 5 | 375വാട്ട്സ് | 1,36,875 | 136.88 | 136 രൂപ 88 പൈസ |

നിലവിലുള്ള 2545 വൈദ്യുതീകരിച്ച വീടുകളിൽ ഒരു CFL സ്ഥാപിച്ചാൽ ലാഭിക്കാവുന്ന വൈദ്യുതി

പട്ടിക - 3 ബി

| ഇനം | ഉപയോഗിക്കുന്ന സമയം (മണിക്കൂർ) | ഉപയോഗിക്കുന്ന വൈദ്യുതി | ഉപയോഗിക്കുന്ന യൂണിറ്റ് | ഒരു വർഷത്തേക്ക് |
|---|---|---|---|---|
| CFL | 5 | 139975 W | 139.98 | 51092.7 |
| 75വാട്ട്സ് ബൾബ് | 5 | 954375 W | 954.38 | 348348.7 |
| ലാഭം | | 814400 W | 814.4 | 297256 |

വൈദ്യുതി ഉപഭോക്താക്കളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

പട്ടിക - 4

**ഉപഭോക്താക്കൾ**

| ക്രമ നമ്പർ | ഇനം | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | ഗാർഹികം | 2545 |
| 2. | കാർഷികം | 1116 |
| 3. | വ്യാപാരം | 284 |
| 4. | വ്യവസായം | 36 |



260

പഞ്ചായത്തിലെ എല്ലാ കോളനികളും ഭാഗികമായി വൈദ്യുതികരിക്കപ്പെട്ടിട്ടുണ്ട്.

| കോളനികളുടെ എണ്ണം | മൊത്തം വീടുകൾ | വൈദ്യുതീകരിക്കപ്പെട്ട വീടുകളുടെ എണ്ണം | വൈദ്യുതി എത്താത്ത വീടുകളുടെ എണ്ണം |
|---|---|---|---|
| 17 | 503 | 108 | 395 |

പഞ്ചായത്തിൽ നിലവിൽ 17 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഓരോ ട്രാൻസ്ഫോർമറിനും താങ്ങാവുന്നതിൽ അധികം ഭാരമാണ് വഹിച്ചു വരുന്നത്. ഇതുമൂലം പല പ്രദേശങ്ങളും രൂക്ഷമായി വോൾട്ടേജ് ക്ഷാമത്തെ നേരിടുകയാണ്. അധിക ഭാരം മൂലം ട്രാൻസ്ഫോർമറുകൾ പെട്ടെന്ന് കേടാകുന്നതുകൊണ്ട് ബോർഡിന് ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്. ആവശ്യമായ ഇടങ്ങളിൽ ട്രാസ്ഫോർമറുകൾ സ്ഥാപിക്കുക വഴി വോൾട്ടേജ് ക്ഷാമവും, ഭീമമായ നഷ്ടവും നികത്താൻ കഴിയും. ചെകുത്താൻ തുരുത്ത്, പുലയൻ തുരുത്ത് എന്നിവിടങ്ങളിൽ വൈദ്യുതി ഒട്ടും തന്നെ എത്തിയിട്ടില്ല.

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പല പ്രദേശങ്ങളും ഇന്നും ഉണ്ട്. കാർഷികവും ഗാർഹികവുമായി അപേക്ഷിച്ചിട്ടും കണക്ഷൻ ലഭിക്കാത്തവരും ധാരാളം ഉണ്ട്.

കണക്ഷൻ ലഭിക്കാനുള്ളവരുടെ എണ്ണം

| സാധാരണ | ഒ.ടി.പി. | ഒ.വൈ.ഇ.സി. |
|---|---|---|
| 135 | 10 | 15 |

പുത്തൻചിറ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ 3 അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ കീഴിലാണ് (കൊമ്പിടി, വെള്ളാംകല്ലൂർ, മാള). ഇത് ഏകീകരിച്ച് ഒരു സബ് ഡിവിഷൻ ഓഫീസ് സ്ഥാപിച്ച് വൈദ്യുതി വിതരണം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

തെരുവുവിളക്ക് കത്തിക്കുന്നതിനായി പ്രതിമാസം 5021 രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്ന സംവിധാനം തൃപ്തികരമല്ല. പഞ്ചായത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് ഈടാക്കണം. ഇതിന് ആവശ്യമായ ഇടങ്ങളിൽ മീറ്റർ സ്ഥാപിക്കണം.

തെരുവുവിളക്കുകളുടെ പട്ടിക

| ട്യൂബുകൾ | ബൾബുകൾ 40w | ബൾബുകൾ 60w | ആകെ എണ്ണം |
|---|---|---|---|
| 3 | 272 | 104 | 379 |

ഗാർഹികമായി: പാചകത്തിനും, വിളക്കു കത്തിക്കുന്നതിനും, കാർഷിക ഉപയോഗത്തിനായി മോട്ടോർ പമ്പു പ്രവർത്തിപ്പിക്കുന്നതിനും, വാണിജ്യ വ്യവസായിക ആവശ്യങ്ങൾക്കും മണ്ണെണ്ണ ഉപയോഗിച്ചു വരുന്നു. ഇടത്തരക്കാരാണ് മണ്ണെണ്ണ പാചകത്തിന് ഉപയോഗിക്കുന്നത്. പാവപ്പെട്ടവർ വിളക്ക് കത്തിയ്ക്കുവാൻ മണ്ണെണ്ണ ഉപയോഗിക്കുന്നു. മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കുന്ന എണ്ണയുടെ അമിതമായ ഉപയോഗം ഭാവിയിലേയ്ക്കുള്ള ഒരു വെല്ലുവിളിയാണ്.

മൊത്തം ഊർജം ഉപയോഗത്തിൻെറ 1.67 ശതമാനം മാത്രമാണ് പാചകവാതകത്തിൽ നിന്നും ലഭിക്കുന്നത്. സാമ്പത്തികമായി ഉയർന്നവരാണ് ഗാർഹികാവശ്യങ്ങൾക്കായി പാചക വാതകം ഉപയോഗിക്കുന്നത്. പാചക വാതകത്തിൻെറ 66 ശതമാനവും ഗാർഹികമായ പാചകാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നു.

ഊർജം ലാഭിക്കുന്നതിനു വേണ്ടി നമുക്ക് 700 ക്ഷമത കൂടിയ പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഊർജം ലാഭിക്കാൻ കഴിയുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളും സോളാർ ലാംബുകളും പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1. വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഉണ്ട്.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
3. പവർകട്ടും ലോഡ് ഷെഡിങ്ങും മൂലം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.
4. ചെറിയ മഴയോ കാറ്റോ ഉണ്ടായാൽ പോലും വൈദ്യുതി വിതരണം തടസ്സപെടുന്നു.
6. പഞ്ചായത്തിൻെറ പരിധി മൂന്ന് എ.ഇ.മാരുടെ കീഴിലായതുകൊണ്ട് പ്രവർത്തനം കാര്യക്ഷമമല്ല.
7. തെരുവു വിളക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
8. സാധാരണ അടുപ്പുകളിൽ വിറക് കൂടുതൽ ഉപയോഗിക്കുന്നതു മൂലം വന സമ്പത്തും സാമ്പത്തിക നഷ്ടവും വരുന്നു.
9. പാചക വാതക ഏജൻസിയില്ല.
10. ഊർജം സംരക്ഷിക്കുന്നതിന് അനർട്ട് വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾ ഇവിടെ ലഭ്യമാകുന്നില്ല.
11. തെരുവ് വിളക്കുകൾ കത്തുന്നില്ലെങ്കിലും പഞ്ചായത്ത് വൈദ്യുതി ചാർജ് കൊടുക്കേണ്ടതായി വരുന്നു.

## നിർദേശങ്ങൾ

1. പുത്തൻചിറ പഞ്ചായത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് ഇവിടെ ഒരു സബ് ഡിവിഷൻ സ്ഥാപിച്ച് വൈദ്യുതി വിതരണം ഇതിൻെറ കീഴിലാക്കുക.
2. പുത്തൻചിറ പഞ്ചായത്തിൽ വ്യവസായികാവശ്യത്തിനും, കാർഷിക, ഗാർഹികാവശ്യത്തിനും വോൾട്ടേജ് ലഭ്യമാകുന്നതിന് ചുരുങ്ങിയത് ഇവിടെ 66 കെ.വി. സബ് സ്റ്റേഷനെങ്കിലും സ്ഥാപിക്കണം.
3. വൈദ്യുതി ഉപഭോഗം കുറക്കുന്നതിനായി സ്ലാബ് സിസ്റ്റം മാറ്റി, ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ് ഈടാക്കുക. സെൽഫ് മീറ്റർ റീഡിങ്ങ് സമ്പ്രദായം നടപ്പിലാക്കുക.
4. വൈദ്യുതി പ്രസാരണ നഷ്ടം കുറക്കുന്നതിനായി അണ്ടർ ഗ്രൗണ്ട് സിസ്റ്റം നടപ്പിലാക്കുക. വൈദ്യുതി ലൈനുകളിൽ മുട്ടുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ചു മാറ്റുക.
5. ഊർജം ലാഭിക്കുന്നതിന് അനർട്ട് ഉല്പന്നങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
6. അനർട്ട് ഉല്പന്നങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് ജെ.ആർ.ഇ.പി. ബ്ലോക്കുകൾ ഇവിടെ രൂപീകരിക്കുക.
7. ക്ഷമതകൂടിയ പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുക.
8. സ്ട്രീറ്റ് ലൈറ്റുകളുടെ ഉപയോഗത്തിൽ മീറ്റർ സമ്പ്രദായം നടപ്പിലാക്കുക.
9. പഞ്ചായത്തിൽ സോളാർ സിസ്റ്റം ഉപയോഗിച്ചും കാറ്റിൽ നിന്നും വൈദ്യുതി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
10. സ്ട്രീറ്റ് ലൈറ്റുകൾ എല്ലാ പഞ്ചായത്ത് റോഡുകളിലും സ്ഥാപിക്കുക.
11. ഗ്യാസ് ഏജൻസി ആരംഭിക്കുക.
12. ബയോഗ്യാസ് പ്ലാൻറുകൾ പ്രോത്സാഹിപ്പിക്കുക.
13. പരിസര മലിനീകരണത്തിന് ഇടവരുത്തുന്ന പ്ലാസ്റ്റിക്കേതര വസ്തുക്കൾ ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

10

# ഭവന നിർമാണം

വിദ്യാഭ്യാസപരമായും സാംസ്കാരിക പരമായും പുത്തൻചിറ പഞ്ചായത്ത് പുറകിലല്ല. എങ്കിലും ഭവന നിർമ്മാണ രംഗം ഇനിയും പുരോഗമിക്കേണ്ടതുണ്ട്. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളുടെ മൂലധനം ഗൾഫ് പണമാണെന്ന് എടുത്ത് പറയേണ്ടി യിരിക്കുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർ ഈ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് അവർക്ക് ലക്ഷം വീട് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകേണ്ടതുണ്ട്.

ഭവന നിർമ്മാണം പുരോഗമിക്കാത്തതിന്റെ കാരണം ഭൂരിപക്ഷം ജനങ്ങളും കൂലി വേല ചെയ്ത് ജീവിക്കുന്നവരാണ് എന്നുള്ളതാണ്.

സർക്കാരിന്റെ പല പദ്ധതികളിലൂടെ ഭവന നിർമ്മാണ രംഗത്ത് ചെറിയ തോതിൽ പ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും, പോരായ്മകൾ ഒട്ടേറെയുണ്ട്. പുതിയതായി നിർമ്മിക്കുന്ന ഓരോ വീടുകളും പുതിയ മോഡലിൽ നിർമ്മിക്കുന്നതിനാൽ നിർമ്മാണ ചെലവ് പതിൻ മടങ്ങ് വർദ്ധിച്ചു വരുന്നതായി കാണുന്നു. ജനങ്ങൾക്ക് ഇപ്പോഴും താൽപര്യം റോഡരികിലുള്ള കോൺക്രീറ്റ് സൗധങ്ങളോടാണ്.

കാർഷിക മേഖലയെ തകിടം മറിക്കുന്ന രീതിയിൽ പാട ശേഖരങ്ങൾ നികത്തി വീടുകൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽ അങ്ങിങ്ങു കണ്ടു വരുന്നു. ഭവന നിർമ്മാണത്തിനായി ബാങ്കുകൾ വായ്പ നൽകുന്ന പദ്ധതിയുണ്ടെങ്കിലും അമിതമായ പലിശയും സങ്കീർണമായ ജാമ്യ വ്യവസ്ഥയും ഉപഭോക്താവിന് വീടു നിർമിക്കുന്നതിന് വിലങ്ങു തടിയാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ക്കാണ് ഭവന നിർമ്മാണ വായ്പ ലഭിക്കുവാൻ പ്രയാസങ്ങൾ ഏറെയുള്ളത്.

കോളനികൾ, ലക്ഷംവീട്, ദുർബല ജനവിഭാഗങ്ങൾ എന്നിവർക്ക് ഇനിയും വീടുകൾ നിർമ്മിക്കേണ്ടതുണ്ട്. അതുപോലെ ഇടത്തര ക്കാർക്ക് വീടു വെയ്ക്കുന്നതിനും പുതുക്കി പണിയുന്നതിനും വേണ്ടിയുള്ള വായ്പാപദ്ധതി യുടെ കാലതാമസം മൂലം ജനകീയ ആവശ്യങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കേണ്ട പാർപ്പിട പ്രശ്നം ഇന്നും നില നിൽക്കുന്നു. ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി പഞ്ചായത്തു തലത്തിൽ പരമിതിമായ സ്കീമുകൾ ഉണ്ട്. ഇത്തരം വീടുകളുടെ നിർമ്മാണം

പൂർത്തീകരിക്കാത്ത അവസ്ഥ നില നിൽക്കുന്നു.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും ക്രമാതീതമായി വർദ്ധിക്കുന്ന കൂലി നിരക്കും ആണ് ഇതിനു കാരണം. അതിനാൽ പാവപ്പെട്ടവൻെറ ചിരകാല സ്വപ്നമായ സ്വന്തമായി ഒരു വീട് എന്ന ആഗ്രഹം സ്വപ്നമായി തന്നെ നിലനിൽക്കുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂലി നിരക്കിൽ കാര്യമായ വർധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷന്മാരുടേതിനേക്കാൾ കുറവാണ്.

| വർഷം | വിദഗ്ധർ | അവിദഗ്ധർ | സ്ത്രീകൾ |
|---|---|---|---|
| 91-92 | 60 | 40 | 25 |
| 93-94 | 90 | 70 | 45 |
| 95-96 | 125 | 110 | 75 |

പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡരുകിൽ കുടിലുകൾ കെട്ടി താമസിക്കുന്നവരുടെ എണ്ണം ഏകദേശം ഇരുപതോളം കാണും. പുറം ജില്ലകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിചേർന്ന് കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവരെയും പഞ്ചായത്തിൻെറ ഭാഗങ്ങളിൽ കാണുന്നു.

ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതിക്ക് പഞ്ചായത്തിൽ വിപുലമായ പ്രചാരം ലഭിച്ചിട്ടില്ല. വീടു നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ ഇന്ന് ദുർലഭമായതുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അമിതമായ വില കൊടുക്കേണ്ടി വരുന്നു. ആയതിനാൽ സാധാരണ ജനവിഭാഗത്തിന് വീടു നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ നില നിൽക്കുന്നു. എങ്കിലും, ഗൾഫ് പണത്തിൻെറ സ്വാധീനം മൂലം വലിയ ബഹുനില മാളികകൾ ഉയർന്നു വരുന്നുണ്ട്. പ്രാദേശികമായി ലഭിക്കുന്ന സാമഗ്രികൾ ഉപയോഗിച്ചു ചിലവു കുറഞ്ഞ രീതിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് വേണ്ട സാങ്കേതിക വിദ്യ വളർത്തിയെടുക്കുകയും ബോധവൽക്കരണത്തിലൂടെ ഇത്തരം വീടുകൾക്ക് പ്രചാരം നൽകുകയും ചെയ്യേണ്ടതുണ്ട്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറിൻെറ വില 87-88 കാലയളവിൽ 70 രൂപയും 89-ൽ 100 രൂപയും 94-ൽ 150 രൂപയും ആയിരുന്നത് 96-ൽ 180 രൂപയിൽ എത്തി നിൽക്കുന്നു. 89-90-ൽ 13 രൂപയ്ക്ക് ഒരു കിലോ കമ്പി ലഭിച്ചിരുന്നത് 96 കാലയളവിൽ 16.50 എന്ന ക്രമത്തിൽ എത്തി നിൽക്കുന്നു. 1000 കല്ലിന് 89-90-ൽ 2000 രൂപയായിരുന്നത് 93-94 കാലയളവിൽ 3500 രൂപയായും 96-ൽ 6500 രൂപയായും എത്തി നിൽക്കുന്നു. സാധന സാമഗ്രികളുടെ വിലക്കയറ്റവും കൂലി വർദ്ധനവും സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളുടെയും വായ്പകളുടെയും ബ്ലോക്കുവഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെയും "രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി"യുടെയും വായ്പാ പരിധി വർദ്ധിപ്പിക്കേണ്ടതു അനിവാര്യമാണ്. വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്. പഞ്ചായത്തിലുള്ള ലക്ഷം വീട് കോളനികളുടേയും, മറ്റു ദുർബല വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന കോളനികളുടേയും അവസ്ഥ ശോചനീയമാണ്. ആദ്യകാലങ്ങളിൽ സർക്കാർ നടപ്പിലാക്കിയ ലക്ഷം വീടു പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ അറ്റകുറ്റ പണികൾ നാളിതുവരെയായി നടത്താത്തതിനാൽ അവ ചെറിയ ഒരു കാറ്റിലോ മഴയിലോ നിലം പതിക്കാവുന്ന അവസ്ഥയിലാണ്. അന്തേവാസികൾക്ക് ജീവഹാനി വരെ സംഭവിക്കാവുന്ന അവസ്ഥ നിലനിൽക്കുന്നു.

പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും വിദഗ്ദ തൊഴിലാളികളുടെ അഭാവം കെട്ടിട നിർമ്മാണ രംഗത്ത് കണ്ടുവരുന്നു. ഭവന


264

നിർമ്മാണ രംഗത്ത് കോൺട്രാക്ട് സമ്പ്രദായം നിലനിൽക്കുന്നുണ്ട്. വീടു നിർമ്മിക്കാനാഗ്രഹിക്കുന്ന ഉടമ കോൺട്രാക്ടറെ സമീപിച്ചാൽ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ ഉടമയെ ഏൽപ്പിക്കുന്ന സംവിധാനം പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അഭാവം നിലനിൽക്കുമ്പോൾ തന്നെ പറമ്പിനു ചുറ്റും ലക്ഷങ്ങൾ മുടക്കി, പണിയാൻ പോകുന്ന വീടിനേക്കാൾ മോടിപിടിപ്പിച്ച് ചുറ്റുമതിൽ കെട്ടുന്ന പ്രവണത കണ്ടുവരുന്നു. ചില മതിലുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന തുക ഒരു ഇടത്തരം വീട് നിർമ്മാണത്തിന് ആവശ്യമായ തുകയേക്കാൾ വളരെ കൂടുതലാണ്. മുൻകാലങ്ങളിൽ അനുവർത്തിച്ചുപോന്നിരുന്നതും വളരെ ചിലവു കുറഞ്ഞ സസ്യങ്ങളെ കൊണ്ട് നിർമ്മിക്കാവുന്നതുമായ ജൈവ വേലി നിർമ്മാണം ഇപ്പോൾ ഈ പ്രദേശത്ത് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന ഭവന നിർമ്മാണ വായ്പാ തുകയുടെ അപര്യാപ്തത, വീട് പണി പൂർത്തിയാക്കുന്നത് അസാദ്ധ്യമാകുന്നു.
2. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം മൂലം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നില്ല.
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ ഇല്ലായ്മയുണ്ട്.
4. വീട് വയ്ക്കുന്നതിന് വേണ്ട ഭൂമിയുടെ കുറവുണ്ട്.
5. ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾ നടത്താത്തതു മൂലം ശോചനീയാവസ്ഥ നിലനിൽക്കുന്നുണ്ട്.
6. ഹൗസിംഗ് സൊസൈറ്റി നിലവിലില്ല.
7. വൻ തുകകൾ മുടക്കിയുള്ള ആർഭാടകരമായ കെട്ടിട നിർമ്മാണം നിലനിൽക്കുന്നതു മൂലം ഇടത്തരക്കാർക്ക് സാധന സാമഗ്രികളും തൊഴിലാളികളും ലഭ്യമാകുന്നില്ല.
8. അധികരിച്ചു വരുന്ന മതിൽ നിർമ്മാണം പരിസ്ഥിതിയെ ബാധിക്കുന്നു.

## സാധ്യതകൾ

1. കുടിലുകളിൽ കഴിയുന്ന ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് കൊടുക്കുക.
2. ഭൂമിയില്ലാത്തവർക്ക് ഭൂമി അനുവദിച്ച് വീട് നിർമ്മിച്ചുകൊടുക്കുക.
3. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
4. ഭവന നിർമ്മാണ വായ്പാ തുക കാലോചിതമായി വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കി വിതരണം ചെയ്യുക.
5. ഓലമേഞ്ഞ വീടുകൾ ഓട് മേഞ്ഞ് കൊടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.
6. ലക്ഷം വീട് കോളനിയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിക്കുക.
7. ചിലവുകുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
8. കെട്ടിടനിർമ്മാണ സാമഗ്രികൾ ആവശ്യത്തിനു ലഭ്യമാക്കുക.
9. ആർഭാടകരമായ വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുക.
10. ജൈവവേലി നിർമാണം പ്രോത്സാഹിപ്പിക്കുക.

# 11

# സാമൂഹ്യക്ഷേമം

സാംസ്കാരികമായി ഏറെ മുന്നിലും, സാമ്പത്തികമായി ഏറെ പുറകിലും നിൽക്കുന്ന ഒരു പഞ്ചായത്താണ് പുത്തൻചിറ. സാമൂഹിക ക്ഷേമ രംഗത്ത് ഇക്കാലയളവിനുള്ളിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ച വച്ച്: ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തെ പുരോഗതിയുടെ പാതയിലേക്ക് ഉയർത്തികൊണ്ടു വരുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻ വർഷങ്ങളിൽ നിന്നും സ്ഥിതി ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് കൂടുതൽ കാര്യക്ഷമമെന്ന് പറയാൻ കഴിയില്ല. വിവിധ തുറകളിലുള്ള സംഘടിതവും-അസംഘടിതവുമായ തൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ തീർത്തും അപര്യാപ്പവുമാണ്.

പട്ടികജാതി-പട്ടിക വർഗ്ഗങ്ങൾ, വനിതകൾ, വികലാംഗർ, വിധവകൾ, വാർദ്ധക്യം ബാധിച്ചവർ, കർഷകത്തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, തുടങ്ങിയ വിവിധ തരത്തിൽ ഉള്ള ജനവിഭാഗങ്ങൾക്ക് കോർപറേഷനുകളിൽ നിന്നും, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. എന്നാൽ അർഹരായ എല്ലാ ജനവിഭാഗങ്ങൾക്കും ഇതു ലഭിക്കുന്നില്ല. അനർഹരായ പലരും പദ്ധതി വിഹിതം തട്ടിയെടുക്കുന്നതു മൂലം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് ക്ഷേമവും, ഐശ്വര്യവും കൈവരിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല.

'കോരനു കഞ്ഞി കുമ്പിളിൽ തന്നെ'യാകാൻ കാരണങ്ങൾ നിരവധിയാണ്. പ്രശ്ന പഠനങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകൾ എടുത്തുപറയാതെ നിർവാഹമില്ല.

1. പദ്ധതിയെ കുറിച്ച് ഗുണഭോക്താക്കൾക്ക് ശരിയായ അറിവില്ലായ്മ.
2. അർഹതപ്പെട്ടവർക്ക് മുഴുവൻ ക്ഷേമപദ്ധതികൾ ലഭിക്കുന്നില്ല.
3. അനർഹരായ പലരും പദ്ധതി വിഹിതം തട്ടിയെടുക്കുന്നു.
4. സാമൂഹിക - സാംസ്ക്കാരിക രംഗത്തുള്ളവരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഗുണഭോക്താക്കളെ വേണ്ട രീതിയിൽ ബോധവൽക്കരിക്കുന്നില്ല.
5. സമയോചിതമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല.

6. പദ്ധതികൾ ലഭിക്കുവാനും, പ്രാവർത്തികമാക്കുമ്പോൾ സാങ്കേതിക ബുദ്ധിമുട്ടുകൾ.

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ഓഫീസ് ജില്ലയിൽ തന്നെയുണ്ട്. അടുത്ത പ്രദേശമായ ഇരിങ്ങാലക്കുടയിൽ ഒരു വെൽഫയർ ഓഫീസും പ്രവർത്തിച്ചു വരുന്നു. ഈ വിഭാഗത്തിനുള്ള ക്ഷേമപ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്.

പഞ്ചായത്തിലെ വനിതാക്ഷേമ പ്രവർത്തനം കാര്യക്ഷമമല്ല. വനിതാവികസന കോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരമായതിനാൽ പല ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് ലഭിക്കാതെ വരുന്നു. ഒട്ടനവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും വനിതവ്യവസായ യൂണിറ്റുകൾ നാമമാത്രമാണ്.

## ട്രൈസം പദ്ധതി

ഹ്രസ്വകാലം കൊണ്ട് തൊഴിൽ പരിശീലനം കൊടുക്കുന്ന ഈ പദ്ധതി നാം ഉദ്ദേശിക്കുന്ന രീതിയിൽ ഫലപ്രദമായി നടത്താൻ കഴിയുന്നുണ്ടോയെന്ന് സംശയമാണ്. പരിശീലകരെ തെരഞ്ഞെടുക്കുന്ന നിലവിലുള്ള സമ്പ്രദായം അർഹരായ പലരുടെയും അവസരം നഷ്ടപ്പെടുത്തുന്നു. പരിശീലനത്തിനായി സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനാൽ ഇവരുടെ ഹാജർ നിലയിലെ കൃത്യത ഉറപ്പുവരുത്തുവാൻ ഇന്നും കഴിയുന്നില്ല.

പരിശീലകരെ തുടർന്നും ആ മേഖലകളിൽ സ്ഥിരപ്പെടുത്തി നിറുത്താൻ കഴിയാത്തത് പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മയാണ്. പരിശീലനം ലഭിച്ചവർക്ക് ധന സഹായം കൊടുക്കുന്നത് അപര്യാപ്തമാണ്. ധനസഹായം ലഭിക്കുന്നതിനുള്ള കീറാമുട്ടികൾ ഏറെയാണ്. അതുകൊണ്ട് തന്നെ പരിശീലനം ലഭിച്ചതിനുശേഷം ഇവർ മറ്റു മേഖലകളിലേയ്ക്ക് ചേക്കേറുന്നതായി കാണാം. പരിശീലകർ കൂടിചേർന്ന് കൂട്ടായ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതായി കാണാൻ കഴിയുന്നില്ല.

ഏകദേശം 300 ഓളം പേർക്ക് പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം പരിശീലനം ലഭിച്ചിട്ടുണ്ട്. ഇവരിൽ വളരെ കുറച്ചു പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളു.

നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന സ്റ്റൈപ്പൻറ് വളരെ കുറഞ്ഞതാണ്. ഇവരുടെ പരിശീലനത്തിൽ തിയറി കൂടി ഉൾപ്പെടുത്തി പരിശീലകന് ട്രേഡിനെ കുറിച്ച് കൂടുതൽ അറിയാനും: താല്പര്യം ജനിപ്പിക്കാനും അവസരമുണ്ടാക്കണം.

ഗുണകരവും പ്രത്യുൽപാദനപരവുമായ ട്രേഡുകളിൽ മാത്രമേ പരിശീലനം കൊടുക്കാവൂ. എങ്കിൽ ഈ ആവശ്യത്തിനായുള്ള സർക്കാർ ഫണ്ട് ഒരു പരിധി വരെ ദുർവിനിയോഗം ചെയ്യുന്നത് തടയാൻ കഴിയും.

പഞ്ചായത്തിലെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മൂന്ന് വി.ഇ.ഒ. സർക്കിളുകൾ ഉണ്ട്. ഇവ മാണിംയങ്കാവ്, പിണ്ടാണി, കിഴക്കുംമുറി എന്നിവിടങ്ങളിലാണ്.

പഞ്ചായത്തിൽ ദേശസാൽകൃത ബാങ്കുകളുടെ ശാഖ ഒന്നും തന്നെയില്ലാത്തത് പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കോണത്തു കുന്നിലുള്ള 'കെനറ ബാങ്കി'ൻെറ ശാഖയാണ് ധനസഹായത്തിനായി കൂടുതൽ പേരും ആശ്രയിക്കുന്നത്. പുത്തൻചിറ സഹകരണ ബാങ്കും അതിൻെറ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് സഹായങ്ങൾ നല്കി വരുന്നുണ്ട്.

പഞ്ചായത്തിലെ മൂന്ന് വി.ഇ.ഒ. സർക്കിളുകളിൽ നിന്നും ലഭ്യമായ വസ്തുതകൾ പ്രകാരം ഐ.ആർ.ഡി.പി. സർവ്വേയിൽ 1689 കുടുംബങ്ങളുണ്ട്. ഇവരിൽ ഭവനരഹിതരും തൊഴിൽ രഹിതരും ഏറെയാണ്. അർഹരായ

പട്ടിക -2

I.R.D.P. സർവ്വേ

| ക്രമ നമ്പർ | വാർഡ് | ആകെ ആളുകൾ | പട്ടിക ജാതി/വർഗ | ലോൺ ലഭിച്ചവർ | SC/ST | ദാരിദ്ര രേഖയ്ക്ക് മുകളിൽ | ദാരിദ്ര രേഖയ്ക്ക് താഴെ |
|---|---|---|---|---|---|---|---|
| 1 | 4 | 190 | 32 | 73 | 32 | 22 | 168 |
| 2 | 5 | 193 | 12 | 109 | 12 | 32 | ഇല്ല |
| 3 | 6 | 172 | 14 | 109 | 14 | 32 | ഇല്ല. |
| 4. | 7 | 332 | 45 | 237 | 44 | 72 | 260 |
| 5. | 8 | 263 | 97 | 198 | 94 | 67 | 196 |
| 6. | 9 | 357 | 182 | 328 | 179 | 96 | 261 |
| 7 | 10 | 182 | 43 | 129 | 39 | 41 | 141 |

**1,2,3, എന്നീ വാർഡുകളിലെ കണക്കുകൾ ലഭ്യമല്ല**

പലരും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് വക്കുന്നതിന് ആവശ്യമായ രെജിസ്റ്റർ ബുക്കുകളുടെ അഭാവം ബന്ധപ്പെട്ട ഓഫീസുകളിൽ പ്രകടമാണ്.

തുടർപദ്ധതികൾ നടപ്പിലാക്കുമ്പോൾ ശാസ്ത്രീയമായ സമീപനങ്ങൾ സ്വീകരിക്കേണ്ട താണ്. എങ്കിൽ മാത്രമാണ് നാം വിചാരിക്കുന്ന രീതിയിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാനും താഴെക്കിടയിലുള്ളവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരുവാനും കഴിയുകയുള്ളൂ.

## ക്ഷേമനിധികൾ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ സിംഹഭാഗവും കയർ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ, കെട്ടിട നിർമാണ തൊഴിലാളികൾ, മോട്ടോർ വാഹന തൊഴിലാളികൾ മറ്റു നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ എന്നിവരാണ്. ഈ മേഖലകളിലുള്ള തൊഴിലാളികളുടെ ക്ഷേമ ത്തിനും, ഉന്നമനത്തിനുമായുള്ള ക്ഷേമനിധിയിൽ ബഹുഭൂരിപക്ഷവും അംഗങ്ങളല്ലായെന്നുള്ളത് വിരോധാഭാസം തന്നെയാണ്. ക്ഷേമനിധിയുമായി ബന്ധപ്പെട്ടവർ തൊഴിലാളികളെ അതിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരി ക്കുന്നില്ലെന്നു വേണം കരുതാൻ. ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല.

ക്ഷേമ നിധിയിൽ ഏറ്റവും കൂടുതൽ അംഗങ്ങളായിട്ടുള്ളവർ കയർ തൊഴിലാളികളും, മത്സ്യതൊഴിലാളികളുമാണ്. ഇവർ മൊത്തം തൊഴിലാളികളുടെ ഒരു ചെറിയ ശതമാനം മാത്രമെയുള്ളൂ. ക്ഷേമ നിധിയിൽ അംഗങ്ങളാ യിട്ടുള്ളവർക്ക് 60 വയസ്സ് കഴിഞ്ഞാൽ ലഭിക്കുന്ന പെൻഷൻ കാലോചിതമായി വിതരണം ചെയ്യാൻ കഴിയുന്നില്ല.

കെട്ടിട നിർമ്മാണ തൊഴിലാളികൾ കൂടുതൽ കായികശേഷി ഉപയോഗിക്കുന്നവരാണ്. ഏകദേശം

45 വയസ്സ് കഴിയുമ്പോഴേയ്ക്കും ആരോഗ്യപരമായ കാരണങ്ങളാൽ തൊഴിൽ മേഖലയിൽ നിന്നും വിട്ടു നില്ക്കേണ്ട അവസ്ഥ വരുന്നു. ഇവരുടെ പെൻഷൻ പ്രായം 60-ൽ നിന്ന് 50 ആയി കുറക്കേണ്ടത് ആവശ്യമാണ്.

തയ്യൽ തൊഴിലാളികൾ വലിയ പ്രശ്നം നേരിടുന്നവരാണ്. മുൻകാലങ്ങളേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നതാണ് മനസ്സിലാക്കാൻ കഴിഞ്ഞ വസ്തുത. കുത്തക 'റെഡിമെയ്ഡ്' കമ്പനികളുടെ കടന്നു കയറ്റം ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ബീഡി. നിർമ്മാണ തൊഴിലാളികളും പഞ്ചായത്തിൽ ഉണ്ട്. കാലോചിതമായ വേതന വർദ്ധനവ് ഇല്ലാത്തവരാണ് ഇവർ. ബീഡി നിർമ്മാണം തൊഴിലാക്കിയ കുടുംബങ്ങൾക്ക് ആവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഏകദേശം മുന്നോറോളം തൊഴിലാളികൾ ആണ് ഈ വിഭാഗത്തിൽ ഉള്ളത്.

## പെൻഷൻ

വിധവകൾ, വികലാംഗർ, ആൺമക്കളില്ലാത്ത അമ്മമാർ, നിത്യദുരിതം അനുഭവിക്കുന്നവർ, കർഷക തൊഴിലാളികൾ തുടങ്ങിയവർക്ക് പെൻഷൻ ലഭിച്ചു വരുന്നു. പാവപ്പെട്ടവർക്ക് അത്താണിയായിതീരുന്ന ഈ പെൻഷൻ തുക മാസം തോറും കൃത്യമായി ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

പെൻഷന്റെ കാര്യത്തിലും അനർഹരായവർ കടന്നു കൂടുന്നതായി കാണാം. മാത്രമല്ല അർഹരായ എല്ലാ വിഭാഗത്തിനും പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല. ഓരോ വർഷവും സർക്കാർ അപേക്ഷകൾ സ്വീകരിക്കുന്ന ദിവസത്തെ കുറിച്ച് ഗുണഭോക്താക്കൾക്ക് അറിയാനും കഴിയുന്നില്ല. ശാസ്ത്രീയമായ രീതിയിൽ ഈ പദ്ധതികൾ പുനരാവിഷ്കരിക്കേണ്ടതാണ്.

| വില്ലേജ് | വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|
| പുത്തൻചിറ | 90-91 | ഇല്ല | 4 | 5 | 3 | 4 | ഇല്ല | ഇല്ല | 95 | 33 |
| | 91-92 | ,, | 5 | ഇല്ല | 4 | 1 | ,, | 2 | 20 | ഇല്ല |
| | 92-93 | ,, | 3 | 3 | 2 | 3 | ,, | 1 | 4 | 42 |
| | 93-94 | 1 | ഇല്ല | 2 | 2 | 5 | ,, | 3 | ഇല്ല | 26 |
| | 94-95 | ഇല്ല | 2 | ഇല്ല | 1 | ഇല്ല | ഇല്ല | 1 | 5 | 25 |

## തൊഴിലില്ലായ്മ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും തൊഴിൽ രഹിതരാണ്. ലഭ്യമായ വസ്തുതകൾ പരിശോധിക്കുമ്പോൾ സ്ത്രീകളാണ് ഏറ്റവും കൂടുതൽ. തൊഴിൽ രഹിതരിൽ 126 പേർക്കാണ് വേതനം ലഭിക്കുന്നത്. ആകെ 14095 പേർ തൊഴിൽ രഹിതരാണെന്നാണ് കണക്ക് ഇതിൽ 4839 പുരുഷന്മാരും 9256 സ്ത്രീകളുമാണ്. ഇവിരിൽ ഒരു ചെറിയ ശതമാനത്തിനുമാത്രമേ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുള്ളു.

സംസ്ഥാനതലത്തിൽ തൊഴിലില്ലായ്മ വേതനം നല്കുന്നതിന് സർക്കാർ ഭീമമായ തുകയാണ് ചിലവഴിക്കുന്നത്. ഈ തുക പ്രത്യുൽപാദനപരമല്ല. തൊഴിലില്ലായ്മ വേതനം പഞ്ചായത്തു വഴി വിതരണം ചെയ്യുക. ചെറിയ പൊതു ജോലികൾ ഇവരെ ഏല്പിക്കുകയും അതിനു വേതനമായി ഈ തുക നല്കുകയും ചെയ്യുന്നതാണ് കൂടുതൽ അഭികാമ്യം.

## ബാലവാടികൾ

നിലവിൽ പഞ്ചായത്തിൽ 6 ബാലവാടികൾ ഉണ്ട്. ഇവയെല്ലാം അംഗനവാടികളായി ഉയർത്തികൊണ്ടുള്ള നിയമനടപടികൾ പൂർത്തിയായി വരുന്നു. കൊമ്പത്തു കടവിൽ ഒരു പട്ടികജാതി ക്ഷേമ ബാലവാടിയുണ്ട്. ഇത് അംഗനവാടിയായി ഉയർത്തുന്നതിനെതിരെ ഒരുപാട് പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. അതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് ഈ വിഭാഗത്തിന് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും കുറയും എന്നുള്ളതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത ഒരേ ഒരു ബാലവാടി ഇതു മാത്രമാണ്.

സ്വന്തമായി കെട്ടിടങ്ങളുള്ള ബാലവാടി കളുടെ അവസ്ഥ പൊതുവെ മോശമാണ്. പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നു വേണം കരുതാൻ. കളിപ്പട്ടങ്ങൾ ആവശ്യത്തിന് ലഭ്യവുമല്ല. കളിപ്പാട്ടങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതികൾ പഞ്ചായത്തു തലത്തിൽ തന്നെയുണ്ടാകണം. നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും അവസ്ഥ അപകടകരമായി തുടരുന്നു.

ശരിയായ രീതിയിൽ സമീകൃത ആഹാരം വിതരണം ചെയ്യാൻ കഴിയുന്നില്ലെന്നു മാത്രമല്ല അവ പാചകം ചെയ്യാനുള്ള വിറക് ആവശ്യത്തിനു ലഭ്യവുമല്ല. ഒരു കുട്ടിക്ക് പത്തു പൈസ എന്ന ക്രമത്തിലാണ് ഇന്ന് വിറകിന് ലഭിച്ചുകൊണ്ടി രിക്കുന്നത്. ഇത് തീരെ അപര്യാപ്തവുമാണ്.

ഓരോ ബാലവാടികളിലേയും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. അയൽ പ്രദേശങ്ങളിൽ ഉയർന്നു വരുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങൾ നമ്മുടെ ബാലവാടികളുടെ പ്രാണവായു ഊറ്റികുടിക്കുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. 1000 വീടുകൾക്ക് ഒരു ബാലവാടിയെന്ന I.C.D.S.ന്റെ തത്വം പ്രാബല്യത്തിൽ വരുത്തിയാൽ നമ്മുടെ കുരുന്നുകൾ അധികം ദൂരം യാത്ര ചെയ്യുന്നത് ഒഴിവാക്കാം. സ്വന്തമായി കെട്ടിടമില്ലാത്ത ബാലവാടികൾക്ക് പഞ്ചായത്തിന്റെ സ്വന്തം ചിലവിൽ കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കേണ്ടത് ആവശ്യം തന്നെയാണ്.

കർമ്മപഥത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവരാണ് അംഗൻവാടി/ബാലവാടി ടീച്ചർമാർ. കുട്ടികളുടെ കാര്യത്തിനേക്കാൾ കൂടുതൽ മോശമാണ് ഇവരുടെ സ്ഥിതി. കൊച്ചു കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും ഇവർ എടുക്കുന്ന മാനസിക അദ്ധ്വാനം വളരെ വലുതാണ്. എന്നാൽ ഇവർക്ക് കിട്ടുന്ന വേതനം ജീവിത ആവശ്യത്തിനു പോലും പര്യാപ്തമല്ല. അതു മാസം തോറും ലഭിക്കുന്നതിനുള്ള നടപടികൾ നിലവിലില്ല.

ഇവരുടെ കടുത്ത അദ്ധ്വാനം പരിഗണിച്ച് ഇവരെ ഗവൺമെൻറ് ജീവനക്കാരായി



270

പരിഗണിക്കണം. മാത്രമല്ല സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കണം. ശനി, ഞായർ ദിവസങ്ങൾ പൊതു അവധിയാക്കുന്നത് ഉചിതമായിരിക്കും.

## ടൂൾകിറ്റ്

ഈ പദ്ധതിപ്രാകരം 96-97 നടപ്പു വർഷത്തിൽ 587 ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി സർക്കാർ 3,55,000 രൂപ ചിലവഴിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്തു ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ ഗുണകരമായ ഒരു പദ്ധതിയാണിത്. വനിതകൾക്ക് അവരുടേതായ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ഈ പദ്ധതി ഒരളവുവരെ പ്രചോദനം കൊടുക്കുന്നുണ്ട്.

ഈ പദ്ധതിയിലെ പോരായ്മകൾ എടുത്തു പറയേണ്ടതു തന്നെയാണ്. എല്ലാ ഗുണഭോക്താക്കൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പോരായ്മ. അർഹരായവരെ കണ്ടെത്താനുള്ള നിലവിലുള്ള സമ്പ്രദായം വലിയൊരളവുവരെ പരാജയമാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള വർക്കും ഇതു ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. സാമ്പത്തികമായി മുന്നിൽ നില്ക്കുന്ന അനർഹരായവർ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നുണ്ട്.

1996-97 വർഷത്തിൽ സർക്കാർ വിതരണം ചെയ്ത കിറ്റുകളുടെ ലഭ്യമായ വിവരങ്ങൾ

| ക്രമ നമ്പർ | ഉപകരണം | എണ്ണം | സബ്സിഡി | സർക്കാർ നല്കിയ ആകെ തുക |
|---|---|---|---|---|
| 1 | തയ്യൽമെഷീൻ | 80 | 1000 രൂപ | 80 X 1000 = 80000 |
| 2 | ആട് | 148 | 1000 രൂപ | 148 X 1000 = 1,48,000 |
| 3 | കോഴി | 290 യൂണിറ്റ് | 40 രൂപ | 190 X 5 X 40 = 58,000 |
| 4. | ആശാരി ഉപകരണങ്ങൾ | 60 | 1000 | 60 X 1000 = 60,000 |
| 5. | കരുവാൻ | 9 | 1000 | 9 X 1000 = 9,00,000 |

പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ജന പങ്കാളിത്തതോടെ 'സോഷ്യോ ഇക്കണോമിക്' യൂണിറ്റിൻെറ നേതൃത്വത്തിൽ നടത്തിയ കക്കൂസ് നിർമ്മാണ പ്രവർത്തനം വളരെ വിജയപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞ ഒരു പഞ്ചായത്താണ് പുത്തൻചിറ. ഇതിനുള്ള സാമ്പത്തിക സഹായം ഡച്ച് & ഡാനിഷ് ഗവൺമെൻറ്കളുടെതാണ്. എന്നാൽ ചുരുക്കം ചില വീടുകളിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കുടി വെള്ളത്തിൻെറ കാര്യത്തിൽ അല്പം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ടാപ്പുകൾ മാറ്റി ക്രമീകരിച്ചാൽ കൂടുതൽ ഗുണകരമായിരിക്കും. രണ്ടു ടാപ്പുകൾക്ക് ഇടയ്ക്കുള്ള നിശ്ചിത ദൂരം ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ അപ്രായോഗ്യമാണ്.

## പൊതു വിതരണം

ഒൻപത് പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറുമാണ് പുത്തൻചിറ പഞ്ചായത്തിലുള്ളത്. മാണിയംകാവിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലാണ് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സംവിധാനം അപര്യാപ്തമാണ്.

പതിനായിരക്കണക്കിനു രൂപ വിറ്റുവരവുണ്ടായിരുന്ന മാവേലി സ്റ്റോറിൽ ഇന്ന് 1000 നും 2000 നും ഇടയിലാണ് വിറ്റുവരവ്. ആഘോഷ വേളകളിൽ പോലും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നില്ല. പുത്തൻചിറയുടെ വിവിധ ഭാഗങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും എത്തിചേരുന്ന വിധത്തിൽ ഒരു 'മൊബൈൽ മാവേലി' (സഞ്ചരിക്കുന്നു മാവേലി) സ്റ്റോർ ഉണ്ടായിരുന്നു. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് കൂടുതൽ വിറ്റുവരവുണ്ടാക്കാൻ കഴിയുന്ന ഒന്നായിരുന്നു ഇത്. പക്ഷെ പെട്ടെന്ന് പഞ്ചായത്തിൽ നിന്ന് ഇത് അപ്രത്യക്ഷമാകുകയാണ് ഉണ്ടായത്.

പുത്തൻചിറ സഹകണ ബാങ്ക് ഓണക്കാലത്ത് ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ പലവ്യജ്ഞനങ്ങളും, പച്ചക്കറികളും വിതരണം ചെയ്യുന്നുണ്ട്. മുഴുവൻ ഉപഭോക്താക്കൾക്കും ഇത് പര്യാപ്തമല്ല. എന്നാൽ ഇതിൻെറ ഏറ്റവും വലിയ ഗുണം പുറം മാർക്കറ്റിലെ വില നിലവാരം പിടിച്ചു നിർത്താൻ കഴിയുന്നുണ്ട് എന്നുള്ളതാണ്. പൊതു മാർക്കറ്റിൻെറ അഭാവം പുറം മാർക്കറ്റുകളിൽ ക്രമാതീതമായ വിലവർദ്ധനവിന് ഇട വരുത്തുന്നുണ്ട്.

'കേരള ഉപഭോക്തൃ സംരക്ഷണ സമിതി' യുടെ ഒരു യൂണിറ്റ് പുത്തൻചിറയിൽ പ്രവർത്തിക്കുന്നുണ്ട്. ഉപഭോകൃത് സംഘടനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. വ്യാജ ഉൽപ്പന്നങ്ങളോ ഗുണനിലവാരമില്ലാത്തവയുടെ അമിതമായ വ്യാപാരമോ നടന്നു കാണുന്നില്ല.

ആകെയുള്ള ഒൻപത് റേഷൻ ഷോപ്പുകളിലായി 3685 കാർഡ് ഉടമകൾ ഉണ്ട്. റേഷൻ ഷോപ്പുകളുടെ പൂർണ്ണമായ നിയന്ത്രണം പഞ്ചായത്തിൽ ആക്കി മാറ്റുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. നിലവിലുള്ള സംവിധാനങ്ങളിൽ ശാസ്ത്രീയമായ അഴിച്ചു പണികൾ വേണം. വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നിർദ്ധനരായ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നല്കുക വഴി ദുരിത പൂർണ്ണമായ അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.



272

എട്ട് റേഷൻ ഷാപ്പുകളിലെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 94-95 വർഷത്തിൽ വിതരണം ചെയ്ത വസ്തുതകൾ

| ആകെ കാർഡ് | വിതരണം ചെയ്ത അരി | ഗോതമ്പ് ക്വിൻറൽ | പഞ്ചസാര ക്വിൻറൽ | മൈദ ക്വിൻറൽ | റവ ക്വിൻറൽ | മണ്ണെണ്ണ കാർഡ് വഴി | മണ്ണെണ്ണ പെർമിറ്റ് | വിതരണം ചെയ്തത് ലിറ്ററിൽ |
|---|---|---|---|---|---|---|---|---|
| 3285 | 11.085ൺ | 4100.95 | 870.65 | 147.52 | 25.82 | 1140.44 ലിറ്റർ | 152 | 14530 |

## പ്രശ്നങ്ങൾ

1. സർക്കാരിൻെറ വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല.
2. മൊത്തം തൊഴിലാളികളുടെ സ്ഥിതി ശോചനീയമാണ്.
3. പദ്ധതിയെകുറിച്ച് ഗുണഭോക്താക്കൾക്ക് വേണ്ടത്ര അറിവില്ല.
4. പദ്ധതിയുടെ വലിയൊരു ഭാഗവും അനർഹർ തട്ടിയെടുക്കുന്നു.
5. പദ്ധതിയെകുറിച്ച് ബോധവൽക്കരണമില്ല.
6. ബാലവാടികളുടെ സ്ഥിതി പരിതാപകരമാണ്.
7. മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
8. തൊഴിൽ രഹിതരുടെ എണ്ണം വളരെ കൂടുതലാണ്.
9. ബാലവാടി ടീച്ചർമാരുടെ ജീവിത സാഹചര്യം മെച്ചമല്ല.

## സാധ്യതകൾ

1. പദ്ധതികൾ കൂടുതൽ അനുവദിച്ച് അർഹർക്ക് ലഭ്യമാക്കണം.
2. ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം.
3. പൊതു വിതരണകേന്ദ്രങ്ങളുടെയും, മാവേലി സ്റ്റോറുകളുടെയും പ്രവർത്തനം മെച്ചപെടുത്തണം.
4. ബാലവാടികളുടെ അറ്റകുറ്റ പണികൾ തീർക്കാനുള്ള നടപടികൾ വേണം. കെട്ടിടം ഇല്ലാത്തവയ്ക്ക് അത് നിർമ്മിച്ചു നൽകണം. ബാലവാടി ടീച്ചർമാർക്ക് കൂടുതൽ വേതനം നൽകണം.
5. പദ്ധതികൾ സമയോചിതമായി നടപ്പിലാക്കണം.
6. ബാലവാടികൾ കൂടുതൽ വേണം.
7. പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകണം.

# 12

# സംസ്കാരം

സ്വാതന്ത്ര്യ സമ്പാദനത്തിനു മുൻപു രാജഭരണകാലത്ത് ഗ്രാമപഞ്ചായത്തിൽ ഒരു ഗ്രാമീണ വായനശാല പ്രവർത്തിച്ചിരുന്നു. 'പുത്തൻചിറ ഗ്രാമീണ വായനശാല' എന്ന പേരിൽ. ഈ ഗ്രന്ഥശാല ഇടയ്ക്കൊരു കാലഘട്ടത്തിൽ പ്രവർത്തന മാന്ദ്യത്തിലായിരുന്നെങ്കിലും വീണ്ടും പുനരുജ്ജീവിപ്പിക്കപ്പെടുകയും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ കൊമ്പത്തു കടവ് കേന്ദ്രീകരിച്ച് ഒരു വായനശാലയും തൃപ്പേക്കുളത്ത് മറ്റൊരു വായനശാലയും നിലവിലുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ടും സ്വന്തമായി സ്ഥലം കിട്ടാതെ വന്നതിനാലും കൊമ്പത്തു കടവ് വായനശാല വീണ്ടും ഉയർത്തി കൊണ്ടുവരുവാൻ പ്രയാസപ്പെടുന്നു. ഈ വായനശാലയുടെ ആഭിമുഖ്യത്തിൽ സാംസ്കാരിക പ്രവർത്തനങ്ങളും വിജ്ഞാന മത്സരങ്ങളും നടത്തിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സാക്ഷരതാപ്രവർത്തനങ്ങൾക്കും ഈ ഗ്രന്ഥശാലകൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്കും വായനാശീലം വളർത്തുന്നതിനും ഈ ഗ്രന്ഥശാലകൾ വളരെയേറെ സഹായിച്ചിട്ടുണ്ട്. പുത്തൻചിറ ഗ്രാമീണ വായനശാലയോട് അനുബന്ധിച്ച് ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കുകയും, വായനശാലയോട് ചേർന്നു കിടക്കുന്ന സ്ഥലത്ത് ഒരു സാംസ്കാരിക നിലയവും ഒരു റീഡിംഗ് റൂമും ആരംഭിക്കുകയും വേണമെന്ന ആവശ്യവും, കൂടാതെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണമെന്ന ആവശ്യവും പൊതുജനങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

ഗ്രന്ഥശാലകൾക്കു പുറമെ പഞ്ചായത്തിൽ 36 കലാകായിക ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. വളരെ ചുരുക്കം ക്ലബുകൾക്കു മാത്രമെ സ്വന്തമായി സ്ഥലവും കെട്ടിടവും വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളും ഉള്ളൂ.

ഇതുകൂടാതെ 300-ൽ പരം അന്തേവാസികൾ അല്ലലറിയാതെ കഴിയുന്ന ഒരു ആതുരാലയം ഈ പഞ്ചായത്തിൽ 3-ാം വാർഡിൽ നിലകൊള്ളുന്നു. 'സദനം' എന്ന പേരിൽ അറിയപ്പെടുന്ന ഈ ധർമ്മ സ്ഥാപനത്തിൽ സാമ്പത്തിക ശേഷികുറഞ്ഞ പെൺകുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നുണ്. ദീപം ബീഡി കമ്പനിയുടെ ഒരു ശാഖ ഇവിടെ പ്രവർത്തിക്കുന്നു. നൂറ് കണക്കിന് പെൺകുട്ടികൾ

ബീഡി തെറുപ്പ് പഠിക്കുകയും പണം സമ്പാദിക്കുകയും ചെയ്യുന്നു. കട്ടിംഗ് & ടൈലറിംഗ്, എംബ്രോയിഡറി, ടൈപ്പ്റൈറ്റിംഗ് & ഷോർട്ട് ഹാൻറ് യൂണിറ്റുകളും കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പിൻെറ 'കൺഡൻസ്ഡ് കോഴ്സ്' ഉം സദനം എന്ന സ്ഥാപനം നടത്തുന്നുണ്ട്.

പുത്തൻചിറ പഞ്ചായത്തിൽ ജാതി-മത-വർഗ്ഗ ഭേദമന്യേ ഉത്സവങ്ങളും പെരുന്നാളുകളും ആഘോഷിച്ചു വരുന്നു. പുത്തൻചിറയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ടു കിടക്കുന്ന "പാറമേൽ തൃക്കോവിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം" പ്രധാനപ്പെട്ടവയിൽ ഒന്നാണ്. തൃപ്പേക്കുളം ശിവക്ഷേത്രം, പകരപ്പിള്ളി ശ്രീധർമ്മശാസ്താ ക്ഷേത്രം, കൊമ്പത്തുകടവ് ഭഗവതി ക്ഷേത്രം, ഇവ പ്രാധാന്യമർഹിക്കുന്ന വയാണ്. കേരളത്തിലെ അപൂർവ്വം 'തൃചക്ര' പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ ഒന്നാണത്രെ പുത്തൻചിറ ത്രിചക്രപുര ക്ഷേത്രം. ഈ ക്ഷേത്രത്തിന് പുത്തൻചിറയുടെ ചരിത്ര പശ്ചാത്തലവുമായി ഇഴപിരിക്കാൻ പറ്റാത്ത ബന്ധമുണ്ട്. മാണിയംകാവ് ക്ഷേത്രോത്സവവും ജനങ്ങൾ പ്രാധാന്യത്തോടെ ആഘോഷിക്കുന്നു.

തൃശൂർ രൂപതയിലെ പുരാതന ദേവാലയങ്ങളിൽ ഒന്നാണ് "പുത്തൻചിറ ഫൊറോനപള്ളി". ഇവിടത്തെ അമ്പുതിരുന്നാളും, ചിങ്ങം 5ലെ പൂത്തിരി തിരുനാളും പ്രധാന ആഘോഷങ്ങളാണ്. കൊമ്പത്തുകടവിലെ 'സെൻറ് സേവിയൂറി'ൻെറ നാമദേയത്തിലുള്ള ദേവാലയം പ്രധാനപ്പെട്ടതു തന്നെ.

പുരാതന മുസ്ലീം ദേവാലയങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്നതു മാണിയാങ്കാവ് പരിസരത്തുള്ള (പടിഞ്ഞാറെ മഹല്) വലിയ പള്ളിയും, കരിങ്ങാചിറ പരിസരത്തുള്ള വലിയ പള്ളിയും ആണ്. (കിഴക്കെ മഹല്) അതിൽ പടിഞ്ഞാറെ മഹല്ലിൻെറ കീഴിൽ 6 മത പഠന കേന്ദ്രങ്ങളും കിഴക്കെ മഹല്ലിൻെറ കീഴിൽ മൂന്ന് മതപഠന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ മത പഠന കേന്ദ്രങ്ങളിൽ 1125 കുട്ടികൾ നല്ല രീതിയിൽ മതപഠനം നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കായിക രംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്നു പോയിരിക്കുന്നു.
2. നല്ലൊരു കളിസ്ഥലം ഇല്ലാത്തതു കൊണ്ട് കായിക പ്രതിഭകളെ വളർത്തിയെടുക്കാൻ കഴിയുന്നില്ല.
3. കലാകായിക സമിതികൾ നേരിടുന്ന സാമ്പത്തിക പ്രശ്നം.
4. പ്രാചീന കലകളുടെ വംശ നാശം.
5. നവ സാക്ഷരർക്കായി പ്രവർത്തിക്കുന്ന വിദ്യാ കേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു.
6. പാശ്ചാത്യ രീതിയുടെ അനുകരണവും: ഇലട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരവും.
7. പഞ്ചായത്തിൻെറ കീഴിൽ ഒരു ലൈബ്രറി ഇല്ല.
8. ദൃശ്യമാധ്യമങ്ങളിൽ വേണ്ട വിധത്തിലുള്ള സെൻസറിംഗ് ഇല്ലാത്തതിനാൽ അധമ സംസ്കാരം ഉടലെടുക്കുന്നു.
9. ടെലിവിഷനിലൂടെ കലാമൂല്യമില്ലാത്ത പരിപാടികൾ സംപ്രേഷണം ചെയ്യുന്നു.
3. പാശ്ചാത്യ രാജ്യങ്ങളിലെ പരിപാടികളിൽ സർക്കാരിൻെറ നിയന്ത്രണമില്ലാതെ നാടിൻെറ സംസ്ക്കാരത്തിന് ഉതകാത്തവിധത്തിൽ കടന്നുവരുന്നു.

## സാധ്യതകൾ

1. കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് കലാ സാഹിത്യത്തിൽ പരിശീലനകളരികൾ ഏർപ്പെടുത്തുക.
2. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുക.
3. കലാ-കായിക മേളകൾ സംഘടിപ്പിക്കുക.
4. നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക.
5. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം മൂലം ഉണ്ടാകാൻ സാധ്യതയുള്ള മൂല്യച്യുതിയെ തരണം ചെയ്യുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുക.
6. വായനശാലയോടനുബന്ധിച്ച് ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കുക.
7. വായനശാലകളോടനുബന്ധിച്ച് ഒരു സാംസ്കാരിക നിലയവും ഒരു റീഡിംഗ് റൂമും ആരംഭിക്കുക.
8. പഞ്ചായത്തിന്റെ കീഴിൽ ഒരു ഗ്രന്ഥശാല ആരംഭിക്കുക.
9. നിലവിലുള്ള പഞ്ചായത്ത് ഗ്രൗണ്ട് 200 മീ. ട്രാക്കിടാവുന്ന രീതിയിൽ സജ്ജമാക്കുക.
10. കലാ-കായിക സമിതികൾക്ക് സാമ്പത്തിക സഹായം നൽകുക.

13

# വനിത

പുത്തൻചിറ പഞ്ചായത്തിലെ ജനസംഖ്യ 19,804 ആണ്. എന്നാൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ., 9,127 പുരുഷന്മാരും 10,577 സ്ത്രീകളുമാണുള്ളത്. 5404 വീടുകളിൽ 925 വീടുകൾ വനിതകളുടെ നിയന്ത്രണത്തിലുള്ളവയാണ്. പട്ടികജാതി വിഭാഗത്തിൽ പുരുഷന്മാർ 1,323-ഉം സ്ത്രീകൾ 1,501ഉം ആണ്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. പുത്തൻചിറ പഞ്ചായത്തിൽ പട്ടികവർഗത്തിൽ പെട്ട ഒരു കുടുംബം മാത്രമാണുള്ളത്. അതിൽ മൂന്ന് പുരുഷൻമാരും രണ്ട് സ്ത്രീകളുമാണുള്ളത്.

പട്ടിക-1

സ്ത്രീപുരുഷ അനുപാതം




കൈത്തറി മേഖലയിലെ നൂൽ നൂൽപ് സ്ത്രീകൾ മാത്രം ചെയ്യുന്ന ഒരു ജോലിയാണ്. കർഷക തൊഴിലാളികളും കയർ തൊഴിലാളികളും അധികവും സ്ത്രീകളാണ്. മെഷീൻ തയ്പും സ്ത്രീകളാണ് കൂടുതൽ ചെയ്യുന്നത്. പൊതു പ്രവർത്തന രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. ചാരായനിരോധനം വന്നതുകൊണ്ട് പൊതുവെ നേട്ടമാണുള്ളത്. തൊഴിൽ രഹിതരായ യുവജനങ്ങളിൽ അധികവും വനിതകളാണ്.

IRDP, DWCRA, വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘം, വനിതാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴിയാണ് സ്ത്രീകളെ ഉദ്ധരിക്കേണ്ടത്.

സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തിലോ കൊടുക്കണം.

എല്ലാ ഹെൽത്ത് സെൻററുകളിലും താലൂക്ക് ആശുപത്രികളിലും സ്ത്രീരോഗ വിദഗ്ധരെ നിയമിക്കണം.

സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ

പ്രധാന കേന്ദ്രമായി അംഗനവാടികളെ മാറ്റികൊണ്ട് സെൻററുകൾക്കുള്ള സാമൂഹിക പ്രാധാന്യം വൻതോൽ ഉയർത്താനാവും.

സ്ത്രീകൾക്ക് സ്വതന്ത്രമായി അവരുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യുവാനുള്ള പൊതുവേദികളായി അംഗനവാടികളെ മാറ്റാൻ കഴിയും.

സ്ത്രീകളിലെ വായനാശീലം വളർത്തുന്നതിനു ഒരു മൊബൈൽ വായനശാല പരിഹാരമാകുന്നു. മഹിളാസമാജങ്ങൾ, മഹിളാ പ്രസ്ഥാനങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവ സ്ത്രീകളെ സംഘടിപ്പിയ്ക്കാവുന്ന വേദികളാണ്.

പുത്തൻചിറ പഞ്ചായത്തിൽ ഒരു ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കൈത്തറിയുടെ ഒരു നെയ്ത്തു ശാലയുമാണ് സ്ത്രീകൾക്ക് മാത്രമുള്ള പ്രത്യേക തൊഴിൽ ശാലകൾ. കൂടാതെ ബീഡി തെറുക്കുന്ന ഒരു സ്ഥാപനവും ഉണ്ട്. ഒരു വനിതാ സഹകരണ സംഘം പിണ്ടാണിയിൽ, അമ്പല പരിസരത്ത് ദിവ്യ മഹിളാ സമാജത്തിൻെറ കീഴിൽ പ്രവർത്തി യ്ക്കുന്നുണ്ട്. 2 DWCRA യൂണിറ്റുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

പുത്തൻചിറ പഞ്ചായത്തിൽ സ്കൂളുകളിൽ പഠിപ്പിയ്ക്കുന്ന അദ്ധ്യാപകരുടെ എണ്ണത്തിൽ കൂടുതൽ അധ്യാപികമാരാണ്. കാർഷിക മേഖലയിലെ മുരടിപ്പ് കർഷക തൊഴിലാളി സ്ത്രീക ളുടെ തൊഴിലവസരം നഷ്ടപ്പെടുത്തിയിട്ടുണ്ട്.

സംയോജിത വനിതാ-ശിശു സംരക്ഷണ പരിപാടി അനുസരിച്ച് മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിയ്ക്കുന്ന 6 അംഗന വാടികൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ കൃഷി. വ്യവസായ-ആരോഗ്യ-വിദ്യാഭ്യാസ, സാമൂഹികക്ഷേമ മേഖലകളിലെ സ്ത്രീപങ്കാളിത്തം പഠിയ്ക്കുകയും, നിലവിലുള്ള ക്ഷേമപദ്ധതികളുടെ സവിശേഷതകൾ, പ്രവർത്തനം, പോരായ്മകൾ എന്നിവ പരിശോധിയ്ക്കുകയും വേണം.

സ്ത്രീകളുടെ സാമൂഹിക പദ്ധതികൾക്കെ തിരായി നിൽക്കുന്ന ഘടകങ്ങളെ തിരിച്ചറിയുകയും അവ പരിഹരിയ്ക്കാനുള്ള മാർഗം കണ്ടെ ത്തുകയും ചെയ്യേണ്ടതുണ്ട്.

കന്നുകാലി സംരക്ഷണം, ക്ഷീരവികസനം തുടങ്ങിയവ സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാവുന്ന മേഖലകളാണെങ്കിലും സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. സങ്കരയിനം പശുക്കളെ സംരക്ഷിക്കാനുള്ള ബുദ്ധിമുട്ടും തീറ്റയുടെ ദൗർലഭ്യവും, പാലിന് വില കിട്ടായ്മയും പശു വളർത്തൽ ലാഭകരമല്ലാതാക്കിയിട്ടുണ്ട്. പാലുൽപ്പന്നങ്ങൾ ഉണ്ടാക്കാവുന്ന ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ത്രീകൾക്കിടയിൽ നടപ്പിലാക്കാവുന്ന ഒരു പദ്ധതിയാണ്.

ഗ്രാമീണ തലത്തിൽ വനിതാ സമിതികളുടെയും മറ്റും ആഭിമുഖ്യത്തിൽ സൈക്കിൾ സവാരി പരിശീലിപ്പിയ്ക്കാവുന്നതാണ്. അതിലൂടെ അവർക്ക് പുതിയൊരു ആത്മവിശ്വാസം ഉണ്ടാക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ തൊഴിൽ മേഖലകൾ കുറവായതിനാൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിയ്ക്കുന്നില്ല.
2. എല്ലാ രംഗത്തും വനിതകൾക്ക് ജനസംഖ്യാ നുപാതികമായി പ്രാതിനിധ്യം നൽകുന്ന ഒരു കാഴ്ചപ്പാട് കാണുന്നില്ല.
3. സ്ത്രീയ്ക്കും പുരുഷനും ഒരേ ജോലിയ്ക്ക് രണ്ടുതരം കൂലിയാണുള്ളത്. തുല്യ ജോലിയ്ക്ക് തുല്യവേതനം നടപ്പിലില്ല.
4. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായി കാണുന്നു.
5. DWCRA യൂണിറ്റുകളിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്.
6. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തി



278

യെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.

7. വിദ്യാഭ്യാസമുള്ള സ്ത്രീകൾ ധാരാളമുണ്ടെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
8. ചെറുകിട വ്യവസായ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായി കാണുന്നു.

## സാധ്യതകൾ

1. വനിതകൾക്ക് മാത്രമായി എല്ലാ വാർഡിലും DWCRA യൂണിറ്റുകൾ സ്ഥാപിയ്ക്കണം.
2. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുവാനുള്ള പരിപാടികൾ തുടങ്ങുക.
3. IRDP സർവ്വേ ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിയ്ക്കാത്ത വർക്ക് അവ ലഭ്യമാക്കാനുള്ള പരിപാടി ആവിഷ്കരിക്കുക.
4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭിയ്ക്കു ന്നതിനും ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.
5. വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
6. മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നി വയെ കേന്ദ്രീകരിച്ചും മാതൃ ശിശു ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുക.
7. സ്ത്രീ പുരുഷ സമത്വ ബോധം വളർത്താനു പകരിക്കുന്ന പാഠ്യ പദ്ധതികൾ ആവിഷ്കരിക്കുക.
8. സ്ത്രീകൾക്ക് പ്രത്യേക നേതൃത്വ പരിശീലനം നല്കുക.
9. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾക്ക് പ്രത്യേക പരിഗണന നല്കുക.

**14**

# സഹകരണമേഖല

പുത്തൻചിറ പഞ്ചായത്തിൽ മൊത്തം 5 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്

1. പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പർ ; 2264
2. പുത്തൻചിറ ക്ഷീരോൽപാദക സഹകരണ സംഘം R. 105 D
3. വെള്ളൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം R. 134 D
4. പുത്തൂർ കയർ വ്യവസായ സഹകരണ സംഘം R. 596
5. മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

## വായ്പാ സംഘങ്ങൾ

1. പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

## വ്യവസായ സഹകരണ സംഘങ്ങൾ

1. പുത്തൂർ കയർ വ്യവസായ സഹകരണ സംഘം
2. മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

## ക്ഷീര സംഘങ്ങൾ

1. പുത്തൻചിറ ക്ഷീരോൽപാദന സഹകരണ ശംഘം
2. വെള്ളൂർ ക്ഷീരോൽപ്പാദന സഹകരണ സംഘം.

## പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്ക്

പുത്തൻചിറ പഞ്ചായത്ത് അതിർത്തിയിലെ ഏക വായപാ സംഘമാണ് പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്ക്. 3-4-1118-ൽ 167 അംഗങ്ങളുമായി രജിസ്റ്റർ ചെയ്ത് 3-10-1118-ൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണ സംഘം 1976-ൽ സഹകരണബാങ്കായി ഉയർത്തപ്പെട്ടു. ഈ ബാങ്കിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.ബാങ്കിൽ ഇപ്പോൾ 6000 അംഗങ്ങളും 7.5 ലക്ഷം ഓഹരി മൂലധനവും 2.90 കോടി രൂപ നിക്ഷേപവും 2 കോടി രൂപ വായ്പാ ബാക്കിയും നിലവിലുണ്ട്. അംഗങ്ങൾക്കാവശ്യമായ കാർഷിക-കാർഷികേതര വായ്പകളും, IRDP, പണ്ടം പണയം വായ്പ, വിദ്യാഭ്യാസ വായ്പ, ഓവർഡ്രാഫ്റ്റ് വായ്പ, വ്യവസായ വായ്പ, വിദേശത്ത് പോകുവാനുള്ള



280

വിസയ്ക്കുള്ള വായ്പ തുടങ്ങിയവ വിതരണം നടത്തുന്നുണ്ട്. ഒരംഗത്തിന് 1 ലക്ഷം രൂപവരെ വായ്പ എടുക്കാവുന്ന തരത്തിൽ പരിധി ഉയർത്തിയിട്ടുണ്ട്. കൃഷിക്കാർക്കാവശ്യമായ വളങ്ങളും കീടനാശിനികളും വില്പന നടത്തുന്നതിനു പുറമെ പ്രത്യേക സന്ദർഭങ്ങളിൽ കശുവണ്ടി സംഭരണം, മാവേലി സ്റ്റോർ, ഓണച്ചന്ത എന്നിവ നടത്തി വരുന്നു.

നാളികേര വികസന ബോർഡിൻെറ സാമ്പത്തിക സഹായത്തോടുകൂടി കർഷകരിൽ നിന്നും നാളികേരം സംഭരിച്ച് ആധുനിക രീതിയിൽ കൊപ്രയാക്കുന്ന ഡ്രയർ സംവിധാനം ആരംഭിച്ച് നാളികേര സംഭരണം നടത്തി വരുന്നു.

1978-79 മുതൽ 91-92 വരെ ലാഭത്തിലാണ് ബാങ്ക് പ്രവർത്തിച്ചിരുന്നത്. പിന്നീട് 2 വർഷം നഷ്ടത്തിലായിരുന്നു. വീണ്ടും ഇപ്പോൾ ലാഭത്തിലായിട്ടുണ്ട്. ബാങ്കിൽ 6 ജീവനക്കാരാണ് ഉള്ളത്. ക്ലാസ്സിഫിക്കേഷൻ അനുസരിച്ചുള്ള ജീവനക്കാർ ഇല്ല. മുൻവർഷങ്ങളെ അപേക്ഷിച്ച്വായ്പ വിതരണം കൂടുതൽ നടത്തുന്നുണ്ട്. പിരിവു നടത്തി കുറച്ചു കൊണ്ടു വരുന്നുണ്ട്. എസ്റ്റാബ്ലിഷ്മെൻറ് ചാർജുകളും മറ്റു പല ചെലവുകളും വളരെ കുറവാണ്. മേൽബാങ്കിൽ നിന്നും റീംബേഴ്സ്മെൻറ് കിട്ടാത്തതിനാൽ IRDP, CCDP സംഖ്യകൾ സ്വന്തം ഫണ്ടിൽനിന്നാണ് കൊടുത്തു കൊണ്ടിരിക്കുന്നത്. ബാങ്കിൽ കെട്ടിട സൗകര്യം പരിമിതമാണ്. ഒരുബ്രാഞ്ച് അനിവാര്യമായി വന്നിരിക്കുന്നു. ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ജീവനക്കാരും പരിമിതികൾക്കുള്ളിൽ നിന്ന് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന മാനേജ്മെൻറും ധാരാളം ഡെപ്പോസിറ്റുകൾ നടത്തുന്ന നിക്ഷേപകരും വ്യാപാര -വായ്പാ പദ്ധതികളിൽ ഏർപ്പെടുന്നവരുമൊക്കെ ഈ ബാങ്കിൻെറ അഭിവൃദ്ധിക്ക് സഹായകമായിട്ടുണ്ട്. വായ്പ എടുക്കുന്ന അംഗങ്ങൾ കൃത്യമായി കുടിശ്ശിക വരുത്താതെ തിരിച്ചടച്ചാൽ മാത്രം ബാങ്കിന് സ്ഥായിയായ സാമ്പത്തിക വളർച്ചയും ലാഭവും ഉണ്ടാവുകയുള്ളു. എടുക്കുന്ന വായ്പ തനതു ആവശ്യങ്ങൾക്ക് ഉപയോഗിച്ചാൽ അത് നാടിൻെറ ഉല്പാദന - സേവന മേഖലകളിൽ പുരോഗതി കൈവരുത്തും.

## കഴിഞ്ഞ 6 വർഷത്തെ സ്ഥിതിവിവര കണക്ക്

| ഇനം | 1991 ജൂൺ | 1992 ജൂൺ | 1993 ജൂൺ | 1994 ജൂൺ | 1995 ജൂൺ | 1996 ജൂൺ |
|---|---|---|---|---|---|---|
| മെമ്പർഷിപ്പ് എണ്ണം | | | | | | |
| എ ക്ലാസ്സ് | 4456 | 4697 | 4894 | 5138 | 5590 | 5829 |
| സി ക്ലാസ്സ് | 3514 | 3739 | 3955 | 4108 | 4283 | 4481 |
| ഓഹരി തുക | | | | | | |
| അംഗങ്ങൾ | 283100 | 307660 | 332490 | 414990 | 562060 | 657280 |
| സർക്കാർ ഓഹരി | 50000 | 50000 | 150000 | 145000 | 140000 | 135000 |
| നിക്ഷേപങ്ങൾ | | | | | | |
| സേവിംഗ്സ് നിക്ഷേപം | 1964933 | 2121212 | 2149862 | 3128599 | 3892665 | 3144720 |
| സ്ഥിര നിക്ഷേപം | 6677078 | 8074140 | 12548296 | 14890070 | 19640282 | 23954356 |
| മറ്റു നിക്ഷേപങ്ങൾ | 1039317 | 1132660 | 459803 | 946160 | 1074968 | 1016648 |
| വായ്പകൾ | | | | | | |
| ST വായ്പ | 2926440 | 2816404 | 3147044 | 3533266 | 3480411 | 3425445 |
| സാധാരണ വായ്പ | 107517 | 187162 | 315861 | 1563409 | 3144304 | 4085259 |
| MT IRDP | 232705 | 224934 | 203599 | 151876 | 179599 | 241017 |
| വിദ്യാഭ്യാസ വായ്പ | 12060 | 32985 | 30170 | 44765 | 39447 | 38866 |
| പണ്ടം പണയ വായ്പ | 3301966 | 3396987 | 4519360 | 4944516 | 5569528 | 7033598 |
| FD വായ്പ | 252850 | 359015 | 613863 | 880045 | 989007 | 1076264 |
| LT വായ്പ | 45160 | 67994 | 96338 | 90418 | 134984 | 185325 |
| ചിട്ടി വായ്പ | 5700 | 7200 | 10000 | 2500 | 2500 | 2500 |
| വ്യവസായ വായ്പ | 11254 | 9700 | 8400 | | | 119765 |
| ഓവർഡ്രാഫ്റ്റ് | | | | | 484670 | 674115 |



൨൮൨

## 2. ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ

### (1) പുത്തൻചിറ ക്ഷീരോൽപാദന സഹകരണ സംഘം.

സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കണ്ണിക്കുളങ്ങര ഭാഗത്ത് ഒരു ബ്രാഞ്ച് കൂടിതുറന്നു പ്രവർത്തിക്കുന്നുണ്ട്.

1-6-78-ൽ രജിസ്റ്റർ ചെയ്ത് 11-7-78-ൽ പ്രവർത്തനം തുടങ്ങി. 10-3-82 മുതൽ മാതൃകാ സംഘമായി പ്രവർത്തിക്കുകയാണ്. പുത്തൻചിറ പഞ്ചായത്തിലെ 1,2,3,4,5 - വാർഡുകളാണ് പ്രവർത്തന പരിധി. 550 ലിറ്റർ പാൽ ദിനം പ്രതി ഇപ്പോൾ സംഭരിക്കുന്നുണ്ട്. ഓഹരി വില 10 രൂപ യാണ്. 676 - അംഗങ്ങളും 3 സ്ഥിരം ജീവന ക്കാരും 1 തായ്ക്കാലിക ജീവനക്കാരിയും ഉണ്ട്. മൊത്തം സംഭരണത്തിൻെറ 12% പ്രാദേശികമായി വില്ക്കുകയും 88% മിൽമക്കു കൊടുക്കുകയുമാണ് ചെയ്യുന്നത്. സംഘത്തിൻെറ ഓഡിറ്റ് ക്ലാസ്സിഫിക്കേഷൻ 'എ' ആണ്.

1995-96-ൽ 1,53,078.5 ലിറ്റർ പാൽ സംഭരിയ്കുകയും അതിൽ 17,848.4 ലിറ്റർ പാൽ പ്രാദേശിക വില്പന നടത്തിയപ്പോൾ 1,35,230.1 ലിറ്റർ പാൽ മിൽമക്ക് വിറ്റു.

### 2. വെള്ളൂർ ക്ഷീരോൽപ്പാദന സഹകരണ സംഘം

ഈ സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 29-11-82-ൽ രജിസ്റ്റർ ചെയ്ത് 26-4-1983-ൽ പ്രവർത്തനം തുടങ്ങി. പുത്തൻചിറ പഞ്ചായത്തിലെ 6,7,8,9,10-വാർഡുകളാണ് പ്രവർത്തന പരിധി. 31-3-96ൽ 552 അഗംങ്ങൾ ഉണ്ട്. 800 ലിറ്റർപാൽ ദിനം പ്രതി സംഭരിയ്ക്കുന്നു. 1995-96-ൽ 1,93,993.5 ലിററർ പാൽ സംഭരിച്ച്അതിൽ 13,675.4 ലിറ്റർ പാൽ പ്രാദേശിക വില്പന നടത്തുകയും 1,80,318.1 ലിറ്റർ പാൽ മിൽമക്ക് വില്ക്കുയും ചെയ്തു. സംഘത്തിൻെറ ഓഡിറ്റ് ക്ലാസ്സിഫിക്കേഷൻ ജ ആണ്.

### 3. പുത്തൻചിറ കയർ വ്യവസായ സഹകരണ സംഘം

ഈ സംഘം പുത്തൻചിറ വെള്ളൂർ സെൻററിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 50സെൻറ് സ്ഥവും, കെട്ടിടവും, 1 ഏക്കർ മടൽ കുഴിച്ചിടുന്നതിനു വേണ്ടിയുള്ള സ്ഥലവും സ്വന്തമായുണ്ട്. 30 സ്ഥിരം തൊഴിലാളികൾ ഉണ്ട്. 25 സ്ത്രീ തൊഴിലാളികളും 5 പുരുഷ തൊഴിലാളികളും 1 ജീവനക്കാരിയും (സെക്രട്ടറി) ഉണ്ട്.

കഴിഞ്ഞ രണ്ടു വർഷമായി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. മോട്ടോറൈസ്ഡ് റാട്ടിൽ 50 പേർക്ക് പരിശീലനം കൊടുത്തു കഴിഞ്ഞു.

ഇപ്പോൾ പ്രതിവർഷം 300 കിൻറൽ കയർ ഉല്പാദിപ്പിക്കുന്നു. ഉല്പാദനത്തിൽ 20% പ്രാദേശിക വില്പനയും 80% - കയർ മാർക്കറ്റിംങ്ങ് ഫെഡറേഷനുമാണ് വില്ക്കുന്നത്.പുതിയ കെട്ടിടത്തിൽ വൈദ്യുതി ഇല്ല. കൂലി കുറവായുതകൊണ്ട് ആവശ്യമുള്ള തൊഴിലാളികളെ കിട്ടുന്നില്ല. NCDC യിൽ നിന്നും 9 ലക്ഷം രൂപ വായ്പയും 8.10 ലക്ഷംരൂപ കേന്ദ്ര - സംസ്ഥാന സർക്കാരിൽ നിന്നും സബ്സിഡിയും 85000 രൂപ സബ്സിഡിയും 85000 രൂപ ലോണുമായി ഫൈബർ ക്ലീനിംഗ് ടാങ്കും ഉണ്ട്.

### 4. മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ.

മില്ലിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്പിന്നിംഗ് മില്ലിൻെറ കെട്ടിടപണികൾ പൂർത്തീകരിച്ച് യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ആവശ്യമായ തൊഴിലാളികളെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ നടക്കുന്നു. ഈ മിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ കുറെപോർക്ക് തൊഴിൽ ലഭിക്കും. അതുവഴി ഈ ഗ്രാമത്തിൻെറ വികസന സാദ്ധ്യതയും വർദ്ധിക്കും.

മുകളിൽ പറഞ്ഞ സഹകരണ സംഘങ്ങൾക്കു പുറമെ പുത്തൻചിറ ഗവ.വി.എച്ച്.എസിൽ ഒരു സ്കൂൾ സഹകരണ സംഘവും, സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു ആഗ്രോ സർവീസ് സെൻററും ഈ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. സർവ്വീസ് സഹകരണബാങ്കിന് പുതിയ ബ്രാഞ്ചും കെട്ടിട സൗകര്യങ്ങളും ഇല്ല. ആവശ്യമായ ജീവനക്കാരില്ല.
2. ക്ഷീരോൽപ്പന്ന രംഗത്തുള്ള വികസന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.
3. കയർ വ്യവസായ സഹകരണ രംഗത്തുള്ള വികസന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.
4. ചെമ്മീൻ കൃഷികാർ ധാരാളമുണ്ടെങ്കിലും അവ



283

സഹകരണമേഖലയിൽ കൊണ്ടുവരാൻ കാര്യമായ ശ്രമങ്ങൾ ഇല്ല.

5. DWCRAയുടെ ഒറ്റപ്പെട്ടയൂണിറ്റുകളാണ് ഉള്ളത്. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള നല്ല സാധ്യതകൾ ഉണ്ടെങ്കിലും അത് തീരെ പ്രയോജനപ്പെടുത്തിയിട്ടില്ല.
6. നിലവിലുള്ള നന്നായി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സബ് യൂണിറ്റുകൾ തുറക്കാനുള്ള സാമ്പത്തികവും-സാങ്കേതികവുമായ സഹായ-സഹകരണങ്ങൾ ഇല്ലായ്മ.
7. പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ ഒട്ടുവളരെ ആവശ്യക്കാർ ഉണ്ടെങ്കിലും അതനുസരിച്ച് ഭവനവായ്പലഭ്യമാക്കുവാൻ ഒരു സഹകരണസംഘം ഇല്ല.
8. കാർഷികോല്പന്നങ്ങളുടെ സംഭരണ-വിപണന സംവിധാനം പ്രാദേശികമായിട്ടില്ല.
9. നെല്ല് സംഭരിക്കുന്നതിനും ഉല്പന്നങ്ങളാക്കി വിപണനം നടത്തുതിനുമുള്ള സഹകരണസംഘം നിലവിലില്ല.
10. പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്കിൽ പ്രവർത്തിക്കുന്നനാളികേര സംസ്കരണ യൂണിറ്റിനോട് അനുബന്ധ ഘടകങ്ങളില്ല.

## സാദ്ധ്യതകൾ

1. സർവ്വീസ് സഹകരണ ബാങ്കിനു ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക. ബാങ്കിനു ആവശ്യമായ ബ്രാഞ്ചുകൾ തുറക്കുക. ആവശ്യമായ സ്ഥലങ്ങളിൽ വളം ഡെപ്പോകൾ ആരംഭിക്കുക.
2. സഹകരണ ബാങ്കിൻെറ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുക.
3. തൊഴിൽ-വ്യവസായ മേഖലകളിലെ വികസനത്തിനും കാർഷിക വികസനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനു സഹായകരമായ സബ്സിഡികൾ ഏർപ്പെടുത്തുക.
4. കാർഷിക വായ്പ കൃത്യമായി അടക്കുന്നവർക്ക് തത്സമയം തന്നെ സബ്സിഡി നൽകാനുള്ള സംവിധാനം ഉണ്ടായാൽ വായ്പകൾ കൃത്യമായി അടക്കുവാനും, കുടിശ്ശിക വരുത്താതിരിക്കുവാനുമുള്ള പ്രോത്സാഹനമാകും.
5. ഡിപ്പാർട്ടുമെൻറിൻെറ അമിതമായ നിയന്ത്രണം ഒഴിവാക്കുക.
6. ക്ഷീര കർഷകർക്ക് ഉൽപ്പാദനച്ചെലവിനു ആനുപാതികമായി പാലിന് വിലവർദ്ധനനൽകുക. അതോടൊപ്പംതന്നെ ഈ മേഖലയിൽ സ്വകാര്യ ഏജൻസികളുടെ കടന്നുകയറ്റം തടയുവാനുള്ള നടപടികൾ സ്വീകരിക്കുക.
7. ക്ഷീര സംസ്കരണ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
8. കയർ മേഖലയിൽ അനുബന്ധ വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
9. ചെമ്മീൻ കൃഷിയും, സംസ്കരണവും സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
10. വനിതാ സഹകരണ സംഘങ്ങൾ വിവിധ മേഖലകളിൽ ആരംഭിക്കുക. വനിതകൾക്ക് അതിനുള്ള സാമ്പത്തിക സഹായവും, പ്രോത്സാഹനവും നൽകുക.
11. നിലവിലുള്ള നല്ലരീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സബ്സെൻററുകൾ തുറക്കുക.
12. ഭവന നിർമ്മാണ സഹകരണസംഘം ആരംഭിക്കുക.
13. കാർഷികോല്പന്നങ്ങളുടെ സംഭരണ-വിപണന സംവിധാനം സഹകരണ മേഖലയിൽ നടപ്പിലാക്കുക.
13. പുത്തൻചിറ നാളികേരം സംസ്കരണയൂണിറ്റിനോടനുബന്ധമായി എക്സ്പെല്ലർയൂണിറ്റ് ആരംഭിക്കുക.
14. ഗൾഫ് നാടുകളിൽനിന്നും വൻതോതിൽ പുത്തൻചിറയിലെത്തുന്ന പണം സഹകരണമേഖലയിലൂടെ സ്വരൂപിച്ച് വ്യവസായങ്ങൾ ആരംഭിക്കുക.
15. സർവ്വീസ് സഹകരണ ബാങ്കിൽനിന്നും പണം കടമെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിപാടി പഞ്ചായത്ത് ഏറ്റെടുക്കുക. പഞ്ചായത്തിനു തന്നെ ഈ പണം ഗഡുക്കളായി അടച്ചുതീർക്കാവുന്നതാണ്. തദ്ദേശത്തുള്ള പണം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുള്ള ഒരു വഴിയാണ് ഇത്.
16. ജനങ്ങൾക്ക് സഹകരണമേഖലയോട് ആഭിമുഖ്യം ഉണ്ടാകത്തക്കരീതിയിലുള്ള ബോധവൽക്കരണം നടത്തുക.

15

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 14.26%ത്തോളം പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗമായി 5 അംഗങ്ങളുള്ള ഒരു കുടുംബം മാത്രമേയുള്ളൂ. പഞ്ചായത്തിൻെറവിവിധ ഭാഗങ്ങളിലായി 566 പട്ടികജാതി കുടുംബങ്ങളുണ്ട്. പട്ടികജാതിക്കാർ മാത്രമായി 2824 പേരും പട്ടികവർഗ്ഗക്കാരായി അഞ്ചുപേരുമാണ് പുത്തൻചിറ പഞ്ചായത്തിലുള്ളത്.

സ്ത്രീ പുരുഷ കണക്കുകളും ലഭ്യമാണ്. പുരുഷന്മാരേക്കാൾ അധികവും സ്ത്രീകളാണ്. പുരുഷന്മാർ 1323 പേർ വരുമ്പോൾ സ്ത്രീകളുടെ അംഗങ്ങളുടെ അംഗസംഖ്യ 1501 ആണ്. വെള്ളൂർ I.H.D.P. കോളനി: പുളിയിലകുന്ന് I.H.D.P കോളനി കൊമ്പത്തു കടവ് ഹരിജൻ കോളനി, ഇവയാണ് നിലവിൽ കോളനികളായി അംഗീകരിച്ചിട്ടുള്ളത്. ഇവ കൂടാതെ മറ്റു 15 കോളനികളിലായി ഇവരിൽ അധികം പേരും താമസിക്കുന്നു. ഇവരിൽ അധികം പേരും കൂലിവേല ചെയ്തു കഴിയുന്നവരാണ്. നാമമാത്രമായി എൻജിനീയർമാർ, ഡോക്ടർമാർ, വക്കീലന്മാർ, അദ്ധ്യാപകർ തുടങ്ങിയവരും സർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവരുമുണ്ട്.

ഒരു കാലത്ത് ജാതീയമായി തിന്മകകൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്ന ഒരു വിഭാഗമാണ് പട്ടികജാതിക്കാർ. പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ടവരായി ഇവർ ഇന്നും നിലനിൽക്കുന്നു. ജാതിയമായ അസമത്വങ്ങൾ പൂർണ്ണമായി അവസാനിച്ചുവെന്ന് പറയുകവയ്യ. ആരുടെയൊക്കയോ മനസ്സിൽ അതിൻെറ ചെറു അലകൾ ഇന്നും നിലനില്ക്കുന്നു. അതില്ലായിരുന്നുവെങ്കിൽ ജാതികൂടിയുള്ള വിളി ഇന്നും നിലനിൽക്കില്ല. തന്നേക്കാൾ പ്രായം കുറഞ്ഞവർപോലും ഇവരെ ജാതി ചേർത്താണ് വിളിക്കുന്നത്. താൻ സമൂഹത്തിൽ നികൃഷ്ടനായ ഒരാളാണെന്ന തോന്നൽ ഇതുമൂലം



285

സൃഷ്ടിക്കപ്പെടുന്നു മാത്രമല്ല ജാതികൂടിയുള്ള വിളി അവരെ മാനസികമായി പീഡിപ്പിക്കൽ കൂടിയാണ്. വിദ്യാഭ്യാസപരമായി താഴെയുള്ളവരാണ് ഇതിന് ഏറ്റവും കൂടുതൽ പാത്രമാകുന്നത്.

പൊതുവെ കോളനികളുടെ അവസ്ഥ വളരെ ഖേദകരമാണ്. സെറ്റിൽമെൻറ് കോളനികൾ അല്ലാത്തതിനാൽ പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെ പോകുന്നു. കാർഷിക മേഖലകളിൽ പണിയെടുക്കുന്നവരാണ് ഇവരിൽ ഏറിയപേരും.

കുടിവെള്ളം, പാർപ്പിടം, വൈദ്യുതി എന്നീ കാര്യങ്ങളിൽ ആവശ്യമായ പുരോഗതി നിലവിൽ കോളനികൾക്കില്ല. ചില സ്ഥനങ്ങളിൽ ഇന്നും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി ലഭിച്ചിട്ടുള്ള വീടുകൾ കുറവാണ്. മിക്ക കോളനികളിലേയും റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഗതാഗതയോഗ്യമല്ലാത്തതാണ് പലതും. അനധികൃതമായി മണ്ണെടുപ്പുമൂലം പല കോളനികളും ഇന്ന് അപകടമേഖലയിലാണ്. ഇതു തടയുന്നതിനു ശക്തമായ നടപടികൾ സ്വീകരിക്കണം.

'പുലം' എന്നാൽ ചേറ് എന്നും, 'അയൻ' എന്നാൽ പണിയെടുക്കുന്നവൻ എന്നും അർത്ഥമുള്ള രണ്ടുവാക്കുകൾ ചേർന്നാണ് ചേറിൽ പണിയെടുക്കുന്നവൻ എന്നർത്ഥംവരുന്ന 'പുലയൻ' എന്ന പദം ഉണ്ടായത്. പട്ടികജാതി വിഭാഗത്തിൽ ഏറ്റവും കൂടുതൽപേർ ഇവരാണ്. മറ്റുള്ളവർ വളരെ കുറവാണ്. കോളനി നിവാസികളാണ് വിദ്യാഭ്യാസപരമായി ഏറ്റവും പുറകിൽ നിൽക്കുന്നതെന്ന് പഠന സൗകര്യങ്ങൾ തെളിയിക്കുന്നു.

കോളനികൾ ഒരു പരാജയമാണെന്നാണ് പഠനങ്ങൾ വെളിപ്പെടുന്നത്. സാമ്പത്തികവും, വിദ്യാഭ്യാസപരമായും ഇവർക്ക് ഉയരാൻ കഴിയുന്നില്ല. ഏറ്റവും കൂടുൽ തൊഴിൽ രഹിതരുമുള്ളത് ഇവരിൽതന്നെയാണ്. ഇത്തരം അവസ്ഥ സംജാതമാക്കാൻ കാരണങ്ങൾ നിരവധിയാണ്.

ലക്ഷം വീടുകൾ പോലെയുള്ള കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് അവരുടേതായ സ്വകാര്യത ലഭിക്കുന്നില്ല. അടുത്തടുത്തുള്ള വീടുകളായതിനാൽ ആണ് ഇങ്ങനെ സംഭവിക്കുന്നത്. ഇങ്ങനെ സ്വകാര്യത നഷ്ടപ്പെടുന്നതുമൂലം കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. മറ്റുള്ളവർക്ക് കോളനി നിവാസികളോട് പൊതുവെ ഒരു അവജ്ഞയാണുള്ളത്. ഇവരെ സമൂഹത്തിൽ കൂടുതൽ ഒറ്റപ്പെട്ടവരായി മാറ്റുന്ന ഒരു പ്രവണത ഇതുമൂലം സംജാതമാകുന്നു. ഇവരുടെ തനതായ ഒരു സംസ്കാരം ഉയർന്നുവരികയും, അത് തലമുറകൾ പിൻതുടരുന്നതുമായാണ് കണ്ടുവരുന്നത്. മദ്യപാനികളിൽ അധികം പേരും ഇക്കൂട്ടരാണ്. ഈ മദ്യപാന സംസ്കാരം ചെറുതലമുറകൾ പകർത്താനുള്ള പ്രവണത വർദ്ധിച്ചുവരുന്നു. മദ്യനിരോധനം കൊണ്ട് ഒരുപരിധിവരെ ഇതിന് കടിഞ്ഞാണിടാൻ കഴിഞ്ഞിട്ടുണ്ട്.

വിനോദകേന്ദ്രങ്ങളില്ലായ്മ, വായനശാലകളുടെ കുറവ് എന്നിവ ഇത്തരം പ്രശ്നങ്ങൾ രൂക്ഷമാക്കാൻ കാരണമാകുന്നു. ശരിയായ രീതിയിലുള്ള ബോധവത്ക്കരണ പരിപാടികളിലൂടെ ഒരു പുത്തൻ സംസ്കാരം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. ലഭ്യമായ കണക്കുകൾ പ്രകാരം നിലവിലുള്ള കോളനികളുടേയും വൈദ്യുതീകരിച്ച വീടുകളുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥിതി ചെയ്യുന്ന വാർഡ് | കോളനിയുടെ പേര് | ആകെ വീടുകൾ | വൈദ്യു തീകരിച്ചത് | വൈദ്യുതീ കരിക്കാത്ത വീടുകൾ | സൗജന്യ നിരക്കിൽ വൈദ്യുതി ലഭിച്ചവർ | വൈദ്യുതി ക്കായ് പണം അടച്ചവർ |
|---|---|---|---|---|---|---|---|
| 1 | 1 | പാറക്കാട് കോളനി | 24 | 11 | 12 | ഇല്ല | 11 |
| 2 | 1 | പാറക്കൽ കോളനി | 12 | 6 | 6 | ഇല്ല | 6 |
| 3 | 2 | കട്ടിയാംപാറ കോളനി | 20 | 3 | 17 | 1 | 2 |
| 4 | 3 | ലക്ഷം വീട് കോളനി | 30 | 19 | 13 | 4 | 15 |
| 5 | 3 | പാറയത്ത് കോളനി | 14 | 6 | 8 | 4 | 2 |
| 6 | 4 | ആലക്കാട്ട് കോളനി | 11 | 2 | 1 | 1 | 1 |
| 7 | 4 | ലക്ഷം വീട് കോളനി | 12 | 3 | 9 | 2 | 1 |
| 8 | 4 | അരിക്കതോടു കോളനി | 30 | 3 | 27 | 2 | 1 |
| 9 | 4 | വാരിയത്ത് കോളനി | 15 | 5 | 10 | 2 | 3 |
| 10 | 5 | മതിയത്ത് കുന്ന്കോളനി | 7 | ഇല്ല | 7 | -- | |
| 11 | 6 | പുളിയിലകുന്ന് കോളനി | 40 | 9 | 31 | 6 | 3 |
| 12 | 6 | ലക്ഷം വീട് കോളനി | 11 | 1 | 10 | 1 | ഇല്ല |
| 13 | 7 | പിണ്ടാണി ലക്ഷം വീട് | 40 | ഇല്ല | 10 | -- | -- |
| 14 | 7 | പറയൻകുന്ന് കോളനി | 24 | 4 | 20 | 4 | ഇല്ല |
| 15 | 7 | കരിങ്ങച്ചിറ ഹരിജൻ കോളനി | 10 | 8 | 2 | ഇല്ല | 8 |
| 16 | 8 | അംബേദ്കർ കോളനി | 87 | 8 | 79 | 2 | ഇല്ല |
| 17 | 9 | കൊമ്പത്തകടവ് ഹരിജൻ കോളനി | 104 | 10 | 94 | 10 | ഇല്ല |
| 18 | 9 | കൊമ്പത്തുകടവ് ലക്ഷംവീട് കോളനി | 12 | 3 | 9 | 2 | 1 |

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നില്കുന്ന ഒരു വിഭാഗമാണ് പട്ടികജാതി-പട്ടിക വർഗ്ഗ സമുദായങ്ങൾ. പത്താംതരം പൂർത്തിയാക്കി തുടർവിദ്യാഭ്യാസം നടത്തുന്നവർ തുലോം കുറ വാണ്. സാമ്പത്തിക പരാധീനതയാണ് ഇതിൻെറ മുഖ്യകാരണം. വിദ്യാഭ്യാസത്തിൻെറ ആവശ്യ.ക തയെക്കുറിച്ച് മാതാപിതാക്കൾക്കുള്ള അറിവി ല്ലായ്മ ഇതിൻെറ മറ്റൊരു ഹേതുവാണ്.

സാമ്പത്തികമായ അടിത്തറയുണ്ടെങ്കിൽ മാത്രമാണ് ഇവർക്ക് വിദ്യാഭ്യാസ പരമായും, സാമൂ

ഹീകവുമായി ഉയരാൻ കഴിയുകയുള്ളൂ. ഇപ്പോൾ നൽകിവരുന്ന സ്റ്റൈപൻറ്, ഗ്രാൻറ് തുടങ്ങിയവ വളരെ അപര്യാപ്തമാണ്. അവ വർദ്ധിപ്പിക്കണം. വിദ്യാഭ്യാസമേഖലയിൽഇപ്പോൾ നൽകിവരുന്ന സംവരണം കർശനമായി പാലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഉദ്യോഗങ്ങൾക്കായി നൽകിവരുന്ന സംവരണവും കർശനമായി നടപ്പിലാക്കണം. സംവരണതത്വങ്ങൾ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ തടയണം. അർഹമായ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ വേണം. പട്ടികജാതി-വർഗ്ഗക്കാർക്കായി ഒരുപാട് പദ്ധതികൾ പ്രഖ്യാപിക്കപ്പെടുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷംപേർക്കും ഇത് ലഭിക്കുന്നില്ല. പത്തു സെൻറിന് താഴെ സ്ഥലങ്ങളുള്ളവർക്ക് മതിയായ ഈടുനൽകാൻ കഴിയുന്നില്ലെന്നാണ് പറയപ്പെടുന്നത്. ഈ വിഭാഗത്തിന് നൽകുന്ന എല്ലാ വായ്പകളും ഉദാരവത്ക്കരിക്കണം. ഏറ്റവും കൂടുതൽ ഭവനരഹിതരുള്ള ഇവർക്ക് കൂടുതൽ വീടുകൾ സൗജന്യമായി അനുവദിക്കണം. വീടുകൾക്ക് നിലവിൽ നൽകിവരുന്ന വായ്പകൾ വളരെ കുറവാണ്. ഇതുവർദ്ധിപ്പിക്കണം. മാത്രമല്ലവായ്പ പണമായി നൽകുന്നതിനുപകരം ഭവനം നിർമ്മിച്ചുകൊടുക്കുന്നതാണ് കൂടുൽ അഭികാമ്യം. സാമ്പത്തിക വിനിമയത്തിലുള്ള അപാകതകൾ ഒരു പരിതിവരെ പരിഹരിക്കാൻ ഇതുമൂലം കഴിയുന്നു. പട്ടികജാതി-വർഗ്ഗക്കാരുടെ സമഗ്രമായ വികസനത്തിന് ശക്തമായ സാമ്പത്തിക അടിത്തറ ഉണ്ടാകണം. ചെറുകിടവും, വൻകിടവുമായ വ്യവസായങ്ങൾ ആരംഭിക്കത്തക്കവിധത്തിൽ സാമ്പത്തികസഹായം നൽകണം. ഇവരുടെ ക്ഷേമത്തിന് ഊന്നൽ നൽകികൊണ്ടുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കണം. ഈ വിഭാഗത്തിന് നൽകുന്നഎല്ലാ സാമ്പത്തികസഹായവും ഈ സ്ഥാപനങ്ങൾ വഴി ആയാൽ കൂടുതൽ ഫലപ്രദമാക്കിമാറ്റാൻ കഴിയും.

## ലക്ഷം വീടുകൾ

നിലവിലുള്ള ലക്ഷം വീടുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. പലതും ഏതുനിമിഷവും നിലംപൊത്താവുന്ന രീതിയിലാണ്. വീടുകൾ നിർമ്മിച്ചുകൊടുക്കുകയല്ലാതെ അവ പുതുക്കിപണിയാനുള്ള പദ്ധതികൾ നിലവിലില്ല. സാമ്പത്തികമായി ഏറെ പുറകിൽനില്കുന്ന ഇവർക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള സാമ്പത്തിക ശേഷിയുമില്ല. ആരോഗ്യത്തിൻെറ കാര്യത്തിൽ ഇവർ വളരെ പുറകിലാണ്.വെള്ളം, വെളിച്ചം, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ എന്നിവ വേണ്ടത്രയില്ല. പഞ്ചായത്തിൻെറ സ്വന്തമായ സ്ഥലത്ത് ഒരു പൊതു ശ്മശാനം നിർമ്മിച്ചു കൊടുക്കുക എന്നത് വളരെ ഉചിതമായ ഒരു നടപടിയായിരിക്കും. നിലവിൽ മതിൽകെട്ടി സംരക്ഷിക്കപ്പെടാത്തവ മതിൽകെട്ടി സംരക്ഷിക്കാനുള്ള സംവിധാനവും ഉണ്ടാകണം.

## പ്രശ്നങ്ങൾ

1. കോളനി സമ്പ്രദായം നിലനിൽക്കുന്ന സ്ഥലങ്ങളിൽ സാംസ്കാരികമായി ഉയർച്ച ഉണ്ടാകുന്നില്ല.
2. കോളനികളിലെ വീടുകൾ അറ്റകുറ്റപണികൾ നടത്താത്തതിനാൽ തകർന്നുകൊണ്ടിരിക്കുന്നു.
3. പല കോളനികളിലും ഗതാഗതസൗകര്യം ഇല്ല.
4. ശുദ്ധജല ലഭ്യത കുറവാണ്.
5. ഉയർന്ന വിദ്യാഭ്യാസത്തിനുള്ള ജീവിത സാഹചര്യങ്ങൾ ഇല്ല.
6. ജാതീയമായ അസമത്വങ്ങൾ നിലവിലുണ്ട്.
7. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു.
8. കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ ഭവന നിർമ്മാണ വായ്പ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
9. I.H.D.P കോളനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ മറ്റു കോളനികൾക്ക് ലഭിക്കുന്നില്ല.

10. കോളനികളിലല്ലാതെ ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധകൊടുത്ത് ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

11. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുള്ള ശ്മശാനങ്ങളിൽ സൗകര്യങ്ങളില്ല.

12. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി പ്രത്യേകം സഹകരണസംഘങ്ങൾ പഞ്ചായത്തിൽഇല്ല.

13. വ്യവസായ യൂണിറ്റുകൾ ഓരോ വാർഡിലും ആരംഭിക്കേണ്ടതാണ്.

## സാദ്ധ്യതകൾ

1. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള കോളനിസമ്പ്രദായം നിർത്തലാക്കി മറ്റു വിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കാനുള്ള അവസരം ഉണ്ടാക്കുക.

2. കോളനികളിൽ ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിച്ച് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

3. കോളനികളിൽ വെള്ളം, വെളിച്ചം എന്നീ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

4. സ്കൂൾ വിദ്യാഭ്യാസം ഇടക്കിവെച്ച് നിർത്തലാക്കിയവരെ കണ്ടെത്തി തുടർവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക.

5. ജാതിചേർന്നുള്ള പേരുവിളി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

6. വീടുവയ്ക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലവും വീടും നൽകേണ്ടതാണ്.

7. കൈവശത്തിലിരിക്കുന്ന ഭൂമിക്ക് പട്ടയം നൽകുക.

8. I.H.D.P കോളനികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ മറ്റു കോളനികൾക്കും ലഭ്യമാക്കുക.

9. ആധുനിക രീതിയിൽ ശ്മശാനം നിർമ്മിക്കുക.

10. വ്യവസായം തുടങ്ങുന്നതിന് പലിശ രഹിത വായ്പകൾ അനുവദിക്കുക.

11. സംവരണ തത്വങ്ങൾ മറികടന്നു കൊണ്ടുള്ള നിയമനങ്ങൾ കർശ്ശനമായി തടയുക.

12. പത്ത് സെൻറിന് താഴെ സ്ഥമുള്ളവരുടെ വായ്പകൾ ഉദാരവൽക്കരിക്കുക.

# 16

# ധനകാര്യം - വിഭവസമാഹരണം

വിസ്തൃതിയിൽ വലുതെങ്കിലും വരുമാനത്തിൽ ചെറുതാണ് ഒന്നാം ഗ്രേഡ് പഞ്ചായത്തായ പുത്തൻചിറ. വരുമാനം പരിമിതമായതിനാൽ വികസനം വഴിമുട്ടി നിൽക്കുകയാണ്. 1990-91മുതൽ 1995-96വരെയുള്ള സാമ്പത്തിക വർഷത്തിൽ ഈ പഞ്ചായത്തിൻെറവരവു ചിലവു കണക്കുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

പുത്തൻചിറ പഞ്ചായത്ത്
1990-91 മുതൽ 1995-96

| നമ്പർ | ഇനം (വരവ്) | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| 1. | സർക്കാർ ഗ്രാൻറ് | 161289.00 | 270041.00 | 436850.00 | 292600.00 | 474921.00 | 1645146.00 |
| 2. | വസ്തുകൈമാറ്റനികുതി | 78033.00 | 79051.00 | 227396.00 | 132734.00 | 348771.00 | 130664.00 |
| 3. | കെട്ടിടനികുതി | 122301.05 | 129677.75 | 139169.25 | 195017.00 | 189103 | 204598.00 |
| 4. | തൊഴിൽ നികുതി | 30687.00 | 35074.00 | 40605.00 | 45613.00 | 58160.00 | 69665.00 |
| 5. | വിനോദനികുതി | 7803.25 | 5729.30 | 7429.00 | 13464.00 | 11086.00 | 1631.05 |
| 6. | ലൈസൻ ഫീസ് | 3730.40 | 3115.00 | 3509.00 | 4282.25 | 5404.00 | 4156.00 |
| 7. | ഡെപ്പോസിറ്റ് | -- | 106038.00 | 65605.00 | 20200.00 | 63455.00 | --- |
| 8. | മത്സ്യലേലം | 11658 | 46392.00 | 15272.00 | 9756.00 | 28975.00 | 47995.00 |
| 9. | മറ്റുള്ളവ | 1809055 | 40592.08 | 34214.75 | 34843.05 | 29230.04 | 1701853 |
| 10. | സ്വാശ്രയ പഞ്ചായത്ത് ഗ്രാൻറ് | | | | | | 1013700 |

പുത്തൻചിറ പഞ്ചായത്ത്

1990-91 മുതൽ 1995-96

| നമ്പർ | ഇനം (ചെലവ്) | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| 1. | ഭരണചെലവ് | 211249 | 235363 | 262391 | 377070 | 370208 | 464366 |
| 2. | പൊതുമരാമത്ത് | 12384 | 49333 | 315980 | 185474 | 457554 | 1120319 |
| 3. | വിദ്യാഭ്യാസം | 4114 | 701 | 13510 | 1851 | 522 | 9284 |
| 4. | തെരുവ് വിളക്ക് | 43435 | 45250 | 6133 | 57409 | 59985.60 | 63035 |
| 5. | ജലവിതരണം | --- | 2244 | 10891 | 5080 | -- | 9470 |
| 6. | ആർ.ഡി.ബി ലോൺ | 65713 | -- | -- | 140436 | 100000 | 200000 |
| 7. | മറ്റുള്ളവ | 276734 | 18527640 | 248171.75 | 244360 | 369329 | 877228 |

ഗവൺമെൻറിൽനിന്നും ഗ്രാൻറ് ഇനത്തിൽ കിട്ടുന്ന പരിമിതമായ തുകയാണ് പ്രധാന വരുമാനം. 95-96 വർഷത്തിൽ കൂടുതലായി ലഭിച്ചിട്ടുള്ള ഗ്രാൻറ് സ്വാശ്രയ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടതിൻെറ പേരിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റിഹാൾ, ക്വാർട്ടേഴ്സ് തുടങ്ങിയവയുടെ നിർമ്മാണത്തിന് വേണ്ടിയാണ്. ഈ പഞ്ചായത്തിൽ നടന്ന വസ്തുകൈമാറ്റ നികുതിയുടെ 75% തുക ഗവൺമെൻറിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്നുണ്ട്. സത്യസന്ധമായ രീതിയിൽ ഈ നികുതി വരുമാനം നടപ്പിലാക്കി മുഴുവനും പഞ്ചായത്തിന് കിട്ടേണ്ടതാണ്. കെട്ടിടനികുതിയാണ് മറ്റൊരു വരുമാനം. ഈ നികുതി നിർണ്ണയത്തിൽ വ്യവസ്ഥാപിതമായ മാറ്റം വരുത്തേണ്ടതാണ്. തൊഴിൽ നികുതിയും ക്രമാനുഗതമായ വർദ്ധനവോടെ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന ഏക സിനിമാ തിയ്യററർ നിറുത്തലാക്കിയതോടെ വിനോദനികുതി തുടർന്ന് കിട്ടുവാൻ ഉള്ള സാഹചര്യം ഇല്ലാതായിരിക്കുകയാണ്. കുറേകൂടി സമഗ്രമായ രീതിയിൽ കൈകാര്യം ചെയ്താൽ ലൈസൻസ് ഫീസ് ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മത്സ്യ കൃക്ഷിക്ക് പ്രാധാന്യം കൊടുത്ത് കൊണ്ടുള്ള ഒരു പ്രവർത്തനം നടത്തിയാൽ മത്സ്യ ലേലംവഴി കിട്ടുന്ന വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

റൂറൽ ഡെവലപ്പ്മെൻറ് ബോർഡിൽനിന്നും ലോണായി 16,41,600 രൂപ വാങ്ങിയാണ്ഷോപ്പിംഗ് കോംപ്ലക്സ് പണി കഴിപ്പിച്ചിട്ടുള്ളത്. 1991ൽപണി കഴിഞ്ഞ് ഈ കെട്ടിടത്തിൻെറലോൺ തുകയുടെ പലിശ പോലും മുഴുവമുമായി അടച്ചുതീർക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ കെട്ടിടത്തിലെ മുറികൾ ലേലം ചെയ്തതിൻെറ വരുമാനമായി 1991 ആഗസറ്റ് മുതൽ 1996മാർച്ച് വരെയുള്ള കാലയളവിൽ ആകെ ലഭിച്ചിട്ടുള്ളത് 1,39,115 രൂപ മാത്രമാണ്. ലോൺ തിരിച്ചടച്ചിട്ടുള്ളത് 5,06,149 രൂപ മാത്രമാണ്.

ചിലവിനങ്ങളിൽ ഭരണചിലവാണ് ഏറ്റവും കൂടുതലായി കാണുന്നത്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ഭരണസമിതിയുടെ ചിലവുകളും മറ്റും ഉൾപ്പെടുന്നതാണ് ഈ ചിലവ്. കാലാനുസൃതമായ വർദ്ധനവ് മാത്രമേ ഈയിനത്തിൽ കാണുന്നുള്ളൂ. വിദ്യാഭ്യാസത്തിന് വേണ്ടി

വിനിയോഗിച്ചിട്ടുള്ള തുക വളരെ പരിമിതമാണ്. തെരുവുവിളക്കുകളുടെ ആവശ്യത്തിലേക്കായി വർഷാവർഷം നല്ലതുകചിലവാകുന്നുണ്ട്. വാട്ടർചാർജ്ജ് ഇനത്തിൽ മേൽചാർട്ടിൽ പെടാത്ത തുക 1996ൽ ചിലവായിട്ടുണ്ട്. 1996മാർച്ച് മാസം മുതൽ 17,281 രൂപ വീതം പ്രതിമാസം ഈയിന ത്തിൽ അടച്ചുകൊണ്ടിരിക്കുകയാണ്. കുടിശ്ശിക യായി അവശേഷിക്കുന്ന തുകക്ക് 18% കൂട്ടുപലി ശയായി വാട്ടർ അതോറിറ്റി പഞ്ചായത്തിൽനിന്നും ഈടാക്കന്നുണ്ട്.

വികസന പ്രവർത്തന രംഗത്ത് പഞ്ചായത്തി ൻെറ ഭാഗത്തുനിന്നും ഉള്ള പ്രവർത്തനം തൃപ്തിക രമാണെന്ന് പറയുവാൻ കഴിയില്ല. ഫണ്ടിൻെറ അഭാവം ഇതിന് കാരണമാണ്.

1993 മുതൽ 96 വരെയുള്ള വർഷങ്ങളിൽ അൺടൈഡ് JRY ഫണ്ടുകളുടെ വിനിയോഗം താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | റോഡുകൾ | കമ്മ്യൂണിറ്റിഹാൾ | വീടുകൾ | സാമൂഹ്യക്ഷേമം | പട്ടികജാതി/ വർഗ്ഗക്ഷേമം |
|---|---|---|---|---|---|
| അൺടൈഡ് | 3,15,300 | 1,50,000 | 1,06,400<br>പട്ടികജാതി മാത്രം | 10,000 | 1,46,000 |
| JRY | 9,24,660 | ----- | SC/ST 1,08,000<br>മുതൽ 1,28,900 | 40,000 | 3,896 |

സാമ്പത്തിക സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് പുത്ത ൻചിറ സർവ്വീസ് സഹകരണ ബാങ്ക്, ലോഡ് കൃഷ്ണ ബാങ്ക് എന്നിവയാണ്.

സാമ്പത്തിക സമാഹരണ-വിനിയോഗ രംഗത്ത് കാര്യമായ സംഭാവന ചെയ്യുന്നത് സഹ കരണ ബാങ്ക് ആണ്. ഈ ബാങ്കിൽ നിന്നും കാർഷിക വായ്പ, സാധാരാണ വായ്പ, വ്യവ സായ വായ്പ, വിദ്യാഭ്യാസ വായ്പ തുടങ്ങി 1 ലക്ഷം രൂപ വരെ ഒരു വ്യക്തിക്ക് വായ്പയായി കൊടുക്കുന്നുണ്ട്.

ഏക ഷെഡ്യൂൾസ് ബാങ്കായ ലോഡ് കൃഷ്ണബാങ്ക് ഈ രംഗത്ത് തൃപ്തികരമായ പ്രവർത്തനം നടത്തുന്നില്ല. കനറാ ബാങ്ക് കോണ ത്തുകുന്ന് ശാഖയും നാമമാത്രമായി ഈ പഞ്ചാ യത്തിലെ മേഖലയിൽസ്വാധീനം ചെലുത്തുന്നുണ്ട്.

റോഡുകളുടെ നിർമ്മാണത്തിനാണ് കൂടു തൽ തുക ചിലവായിട്ടുള്ളത്.

## പ്രശ്നങ്ങൾ

1. നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത
2. ജനപങ്കാളിത്തക്കുറവ്
3. വസ്തുക്കളിൽ നിന്നുള്ള വരുമാനക്കുറവ്
4. ഗവൺമെൻറിൽനിന്നും ഗ്രാൻറ് ലഭിക്കുന്നതി നുള്ള കാലതാമസം
5. ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്
6. വസ്തുക്കൾ അന്യാധീനപ്പെടുന്നത്.
7. വ്യവസായിക-കാർഷിക രംഗത്തുള്ള മുരടിപ്പ്.

## സാധ്യതകൾ

1. പ്രാദേശിക മൂല്യ നിർണ്ണയത്തിൻെറ അടിസ്ഥാ നത്തിൽ വീട്ടുനികുതി നിർണ്ണയം നടപ്പിലാ ക്കുക.

2. രണ്ടായിരത്തി അഞ്ഞൂറ് സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾക്ക്പ്രത്യേക സെസ്സ് ഏർപ്പെടുത്തുക.

3. ജനപങ്കാളിത്തത്തോടെ ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ അതിൻേറതായ ഫണ്ട് ഉപയോഗിച്ച് ചെയ്യുകയാണെങ്കിൽ ചിലവ് കുറക്കാവുന്നതാണ്.

4. കാർഷിക ആവശ്യത്തിനുള്ള ബണ്ട് നിർമ്മാണം, തോട് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ അതാത് ജനകീയ സമിതികളെ ഏൽപിച്ച് സ്ഥലവും മനുഷ്യശേഷിയും സംഭാവനയായി സ്വീകരിച്ച് ചെയ്യുക.

5. പുതിയ റോഡുകളുടെ നിർമ്മാണവും നിലവിലുള്ളതിൻെറ അറ്റകുറ്റപണികളും മേൽപറഞ്ഞ രീതിയിൽ തന്നെ നടത്താവുന്നതാണ്.

6. പരസ്യചാർജ്ജ്, അനൗൺസ്മെൻറ് ചാർജ്ജ് എന്നിവ നിർബന്ധമായും ഈടാക്കാനുള്ള നടപടി സ്വീകരിക്കുക.

7. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ താരിഫ് വർദ്ധന വളരെ കുറവായ സംഖ്യക്കാണ്ലേലം ചെയ്തിട്ടുള്ളത്. ഈ മുറികൾ മുഴുവനും പുനർലേലം നടത്തിയാൽ വരുമാന വർദ്ധന ഉണ്ടാകും

8. ജ്വല്ലറികൾ, മൊത്ത വ്യാപാരക്കടകൾ, സിമൻറ് കടകൾ തുടങ്ങി കൂടുതൽ ടേൺ ഓവറുള്ള കടകൾക്ക് പ്രാദേശിക നികുതി ചുമത്തുക.

9. ഭൂമിയുടെ വിൽപന സമയത്ത് വില നിർണ്ണയ അവകാശം പഞ്ചായത്തിലേക്ക് നിക്ഷിപ്തമാക്കിയാൽ ഡ്യൂട്ടി ഗ്രാൻറ് ഇനത്തിൽ വരുമാനമുണ്ടാകും. ഡ്യൂട്ടി ഗ്രാൻറ് നൂറ് ശതമാനവും പഞ്ചായത്തിന് നൽകുക.

10. വരുമാനമുള്ള മുഴുവൻ ജനങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൽ ചേർക്കുക.

11. കമ്മ്യൂണിറ്റി ഹാൾ ആവശ്യമായ സൗകര്യങ്ങളോട് കൂടി പ്രവർത്തിപ്പിക്കുക.

12. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക.

13. ബസ് സ്റ്റാൻറ് ഏർപ്പെടുത്തുക.

14. ടാക്സി വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഫീസ് ചുമത്തുക.

15. അന്യാധീനപ്പെട്ട് കിടക്കുന്ന വിഭവങ്ങൾ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് വീണ്ടെടുക്കുക.

16. മത്സ്യകാപ്പുകൾ കൃത്യമായി സംരക്ഷിച്ച് ലാഭകരമായ നിലയിൽ ലേലം നടത്തുക.

17. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധനകാര്യ സ്ഥാനങ്ങളുടെ സഹായം തേടേണ്ടതാണ്.

18. ഭവനനിർമ്മാണം, ശുചിത്വവൽകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളുടെ സഹായം തേടുക.

19. പി.ടി.എയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കി സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കാവുന്നതാണ്.

20. സന്നദ്ധസംഘടനകളുടെ സഹായത്തോടെ വികസന പ്രവർത്തനം നടത്താവുന്നതാണ്.

21. ലൈസൻസിംഗ് സമ്പ്രദായം കാര്യക്ഷമമാക്കുക.

22. ആന്യാധീനപ്പെട്ട് കിടക്കുന്ന പൊയ്യ പരപ്പ് കായൽ വീണ്ടെടുത്ത് ചെമ്മീൻ കൃഷി നടത്തുക.

23. വിദേശപണം വികസനത്തിന് ഉപയോഗപ്പെടുത്തുക.

24. പഞ്ചായത്ത് ഓഫീസിന് സ്വന്തമായി കെട്ടിടം പണി കഴിപ്പിക്കുക.

25. കുടിവെള്ള കരത്തിന് ചുമത്തുന്ന പലിശ ഒഴിവാക്കണം.

26. സ്റ്റാമ്പ് ഡ്യൂട്ടി മുഴുവനും പഞ്ചായത്തിന് അനുവദിക്കണം.

27. കസ്റ്റംസ് ഡ്യൂട്ടിയുടെ എഴുപത്തി അഞ്ചുശതമാനവും പഞ്ചായത്തിന് അനുവദിക്കുക.

28. നിയമാനുസൃതമായ പാറ മട, മണ്ണ് മട എന്നിവിടങ്ങളിൽനിന്നും ഒരു നിശ്ചിത സംഖ്യ വസൂലാക്കുക.

29. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് പഞ്ചായത്തിൻെറ അനുവാദം വാങ്ങിയിരിക്കണം.

30. ഭൂമിയുടെ മിനിമം വില നിർണ്ണയ അവകാശം പഞ്ചായത്തിന് നൽകുക കൈമാറ്റകരത്തിൽ വർദ്ധനവനുവദിക്കുക.

OFFICE OF THE VELLANGALLUR GRAMA PANCHAYAT
P.O. KONATHUKUNNU
Date.............

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി

ജനകീയ ആസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്
തൃശൂർ ജില്ല

1996 നവംബർ 17

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി

ജനകീയ ആസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

## വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്
## തൃശൂർ ജില്ല

1996 നവംബർ 17


295

"ചോരതുടിക്കും ചെറുകൈയ്യുകളെ
പേറുക വന്നീ പന്തങ്ങൾ"

വൈലോപ്പിള്ളി

## ഉപദേശക സമിതി

- **ശ്രീ. പി.ഐ. ബാലൻ മാസ്റ്റർ** (കൺവീനർ) റിട്ട. അദ്ധ്യാപകൻ
- **ശ്രീ. എൻ. കെ. സഞ്ജയൻ,** ഡിപ്ലോമ ഇൻ സിവിൽ എൻജിനിയറിംഗ്
- **ശ്രീ. എം. വി. ജയരാജൻ**, റിട്ട. ജോ. ഡയറക്ടർ, അഗ്രികൾച്ചറൽ
- **ശ്രീ. കെ. കെ. രമണൻ**, ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനിയറിംഗ്
- **ശ്രീ. ഗിരിജൻ നെടുപുറത്ത്** ബി.ടെക്. ഇലക്ട്രിക്കൽ
- **ശ്രീ. വി.കെ. നാരായണൻ** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ
- **ശ്രീ. പി.കെ. സുബ്രഹ്മണ്യൻ,** റിട്ട. സൂപ്രണ്ട്, പഞ്ചായത്ത്
- **ശ്രീ. യു. മഹേഷ്** സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ
- **ശ്രീ. കെ.ഡി. ജയപ്രകാശ്** ഡിപ്ലോമ ഇൻ സിവിൽ
- **ശ്രീമതി വി. കെ. രാജേശ്വരി** ബി.എ.



# ഇന്നലെയുടെ നേട്ടങ്ങളും ഇന്നത്തെ വെല്ലുവിളികളും നാളത്തെ കടമകളും എന്നതായിരിക്കട്ടെ വികസന റിപ്പോർട്ടിന്റെ മർമ്മം

കെ.ഡി. സന്തോഷ്,
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

പ്രിയമുള്ളവരെ,

കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ മുൻ തലമുറക്കാർ നടത്തിയ ത്യാഗത്തിന്റെയും കർമ്മധീരതയുടേയും ഭാഗമായി നാമിന്ന് ആധുനിക ലോകത്തിന്റെ ഉയർന്ന ജീവിത നിലവാരം പുലർത്തുന്നവരായിത്തീർന്നു. എന്നാൽ എല്ലാ നിലവാരത്തിലും അന്തസ്സും, മഹനീയതയും നേടാൻ കഴിഞ്ഞ നാം അധഃപതനത്തിന്റെ കൽപടവുകൾ ചവുട്ടി താഴേക്ക് ഇറങ്ങുകയാണോ? ഭവനഭേദനങ്ങളും, കവർച്ചയും, കൂട്ട ആത്മഹത്യയും, പെൺവാണിഭവും, അഴിമതിയും ക്രമം തെറ്റിയ നമ്മുടെ സമ്പദ്ഘടനയുടെ തകർച്ചയെയാണ് മുന്നിൽ അവതരിപ്പിക്കുന്നത്. ഇതിന് പരിഹാരം കാണുവാൻ നമുക്ക് ഒമ്പതാം പദ്ധതിയെ ജനകീയ പദ്ധതിയാക്കി മാറ്റി എടുക്കേണ്ടിയിരിക്കുന്നു. അതിന് കഴിയുന്ന വികസന റിപ്പോർട്ട് തയ്യാറാക്കാൻ നമ്മൾ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. നമുക്ക് കൂട്ടായി ഈ സംരംഭം വിജയിപ്പിക്കാൻ ഒരുമിക്കാം. നമ്മുടെ ഭാവി നമുക്ക് ശോഭനമാക്കാം.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

## ഗ്രൂപ്പ് I

1. ശ്രീ. K.D. ജയപ്രകാശ്
2. ശ്രീ. K.R. പ്രകാശ്
3. ശ്രീ. V. രാമൻ മേനോൻ
4. ശ്രീ. O.T. വിദ്യാധരൻ
5. ശ്രീ. K.C. ശിവരാമൻ
6. ശ്രീ. E.K. സുബ്രഹ്മണ്യൻ
7. ശ്രീ. T.N. സത്യൻ
8. ശ്രീ. M.V. ജയരാജൻ
9. ശ്രീ. T.A. കൃഷ്ണൻ കുട്ടി
10. ശ്രീ. T.A. സെയ്തു മുഹമ്മദ്
11. ശ്രീ. A.A. ചാത്തപ്പൻ
12. ശ്രീ. P.G. വേണുഗോപാൽ
13. ശ്രീ. A.S. സുനിൽ
14. ശ്രീ. T.A. രവീന്ദ്രനാഥൻ
15. ശ്രീമതി സത്യവതി വേണുഗോപാൽ
16. ശ്രീമതി പി.കെ. സാവിത്രി
17. ശ്രീമതി സൗമിനി ബാബുരാജൻ
18. ഡോ. C. രാധാകൃഷ്ണൻ

## ഗ്രൂപ്പ് II

1. ശ്രീ. K.P. വർഗ്ഗീസ്
2. ശ്രീ. മുരളി, ശ്രീകണ്ഠേശ്വരത്ത്
3. ശ്രീ. T.H. അലി
4. ശ്രീ. A. അയ്യപ്പൻ നായർ
5. ശ്രീമതി ബേബി ഫ്രാൻസിസ്
6. ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസ്
7. ശ്രീമതി ഭവാനി പ്രേമൻ
8. ശ്രീമതി എൻ.എസ്. ശോഭന
9. ശ്രീ. A.V. വാസു
10. ശ്രീ. M. വേണുഗോപാൽ
11. ശ്രീ. K.M. സുബ്രഹ്മണ്യൻ
12. ഔസേപ്പ് കുട്ടി
13. ശ്രീ. C.V. തിലകൻ
14. ശ്രീ. E.K. രാജൻ
15. ശ്രീ. A.S. കുഞ്ഞുമുഹമ്മദ്
16. ശ്രീ. C.K.G. മേനോൻ
17. ശ്രീ. N.K. സഞ്ജയൻ
18. ശ്രീ. K.K. രമണൻ
19. ശ്രീ. N. ഗിരിജാവല്ലഭൻ
20. ശ്രീ. P.K. കുഞ്ഞുമോൻ

## ഗ്രൂപ്പ് III

1. ശ്രീമതി ഊർമ്മിള ചന്ദ്രൻ
2. ശ്രീമതി. റെസിയ അബു
3. ശ്രീമതി രാജേശ്വരി ജനാർദ്ദനൻ
4. ശ്രീമതി സതി വേണുഗോപാൽ
5. ശ്രീമതി ഫിലോമിന ജോസ്
6. ശ്രീമതി തങ്കം ദാസൻ
7. ശ്രീമതി കെ.വി. സരോജിനി
8. ശ്രീ. രമേഷ് മേനോൻ
9. ശ്രീ. പി. കെ. നൈന മാസ്റ്റർ
10. ശ്രീ. സി.കെ. അബ്ദുള്ള മാസ്റ്റർ
11. ശ്രീ. ബൈജു കെ.ടി
12. ശ്രീ. മഹേഷ് യു.
13. ശ്രീ. കെ. വി. ഉണ്ണികൃഷ്ണൻ
14. ശ്രീ. T.R. ഗോപി
15. ശ്രീ. എം.എം. റഷീദ്
16. ശ്രീ. സി.എ. അബൂബക്കർ
17. ശ്രീ. സി.എസ്. കുട്ടി
18. ശ്രീ. എം.എ. രാധാകൃഷ്ണൻ
19. ശ്രീമതി ഒ.ജെ. കൗമുദി ടീച്ചർ
20. ശ്രീമതി വത്സല ഗോപി
21. ശ്രീമതി പി.ആർ. തങ്കം
22. ശ്രീ. P.K. സുബ്രഹ്മണ്യൻ
23. ശ്രീ. P.C. സുധാകരൻ
24. ശ്രീ. K.T. ഉണ്ണികൃഷ്ണൻ
25. ഡോ. P.V. ശബരി ഗിരീശൻ
26. ശ്രീ. P.S. അബ്ദുൾ ജബ്ബാർ
27. ശ്രീ. V.K. നാരായണൻ
28. ശ്രീ. A.J. ആൻറു
29. ശ്രീ. T.A. നിഷാദ്
30. ശ്രീ. പി.ഐ. ബാലൻ മാസ്റ്റർ

# ആമുഖം

ഇന്ത്യയിൽ 1950കളിൽ തുടങ്ങിയതാണ് പദ്ധതികളുടെ രൂപീകരണവും പ്രവർത്തനവും. അതിന്റെ ഭാഗമായുള്ള പുരോഗതികൾ പലതും ഇന്ന് നാം അനുഭവിക്കുന്നു. ഇതിന്റെ പ്രവർത്തനം ഗവൺമെന്റ് തലത്തിൽ നടന്നുവന്നിരുന്നതുകൊണ്ട് പലതും പല പ്രദേശങ്ങൾക്ക് യോജിച്ചതൊ ഉൾക്കൊള്ളാൻ കഴിയുന്നതൊ ആയിരുന്നില്ല. പലതും കെട്ടിയേല്പിക്കുന്ന തരത്തിലായിരുന്നു. അതുകൊണ്ടുതന്നെ പദ്ധതികൾ തുടർ പദ്ധതികളായി മുന്നോട്ടു കൊണ്ടുപോകാൻ ഇതിന്റെ ഗുണഭോക്താക്കളായ ജനങ്ങൾ തയ്യാറായില്ല. ഇതുകൊണ്ട് ഓരോ പദ്ധതികൾക്കു വീണ്ടും പണം കണ്ടെത്തേണ്ടി വരികയും പുതിയത് ഏറ്റെടുക്കുവാൻ പ്രയാസം അനുഭവപ്പെടുന്ന സ്ഥിതിയും വന്നുചേർന്നു. പല പദ്ധതികളും തുടങ്ങിയിടത്തുതന്നെ കിടക്കുന്നതുകാണുവാൻ കഴിയും. ജനങ്ങളുടെ പദ്ധതിയാണെങ്കിൽ ജനങ്ങളാൽ നിശ്ചയിക്കുന്ന പദ്ധതിയാണെങ്കിൽ ജനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളാണെങ്കിൽ ഈസ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുവാൻ കഴിയും.

ഇതിന് നേതൃത്വം നൽകുന്നതാണ് 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച സംസ്ഥാന ഗവൺമെന്റ് തീരുമാനം. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്റ്റേറ്റ് പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തുക ചെലവഴിയ്ക്കണമെന്നും, അതിനായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി എന്നതിൽ നിന്നും മാറി ഗ്രാമസഭകളും വിദഗ്ദ്ധ സംഘങ്ങളും എല്ലാം കൂടി നാടിന്റെ പ്രശ്നങ്ങൾ കണ്ടെത്തുകയും നാട്ടിൽ നിന്ന് തന്നെ നിർദ്ദേശങ്ങൾ കണ്ടെത്തുകയും അവയെല്ലാം പദ്ധതികളാവുകയും ചെയ്യുന്ന പുതിയ ഭരണ സംവിധാനം കെട്ടിപ്പടുക്കുവാൻ തീരുമാനിച്ചു.

ഈ തീരുമാനത്തിന്റെ ഭാഗമായി 9.8.96ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി സംസ്ഥാന തല ഉദ്ഘാടനം നടക്കുന്ന 17.8.96ൽ തന്നെ പഞ്ചായത്തിലെ ഉദ്ഘാടന ചടങ്ങിൽ 21 സ്ത്രീകളും 170 പുരുഷന്മാരും ഉൾപ്പെടെ 191 പേർ പങ്കെടുത്ത് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ഗ്രാമസഭകൾ നടത്തുന്നതിനെക്കുറിച്ചും, വികസനസെമിനാറുകൾക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനെക്കുറിച്ചും അറിവ് പകരുന്നതിന് നടന്ന ജില്ലാ പഠന ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും പഞ്ചായത്തുമെമ്പർമാർ അടക്കം 16 പേർ പങ്കെടുത്തു. അതിനുശേഷം പഞ്ചായത്ത് വിദഗ്ദ്ധ സംഘത്തിന് പഞ്ചായത്തു തല പരിശീലനം ക്യാമ്പ് നടത്തുകയുണ്ടായി. ക്യാമ്പിൽ 24 സ്ത്രീകളും, 98 പുരുഷന്മാരും ഉൾപ്പെടെ 122 പേർ പങ്കെടുത്തു.

പഞ്ചായത്തിലെ 13 വാർഡുകളിലും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ തന്നെ ഗ്രാമസഭകൾ നടത്തി എന്നത് എടുത്ത് പറയേണ്ടതാണ്. 1459 പുരുഷന്മാരും 739 സ്ത്രീകളും പങ്കെടുത്ത ഗ്രാമസഭകളിൽ ഒട്ടേറെ നല്ല നിർദ്ദേശം ഉയർന്നുവരികയുണ്ടായി. ഗ്രാമസഭകളിൽ നിന്ന് വികസനസെമിനാറിലേക്ക് 12 ഗ്രൂപ്പുകളിലേയും പ്രതിനിധികളെ തിരഞ്ഞെടുത്തു.

സെമിനാറുകൾ എങ്ങിനെ സംഘടിപ്പിക്കണം, സെമിനാറിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട് ഏതു രീതിയിലായിരിക്കണം എന്നതിനെക്കുറിച്ച് അറിവ് പകരുന്ന രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിന് പഞ്ചായത്തിൽ നിന്ന് 22 പേർ പങ്കെടുക്കുകയുണ്ടായി. 28.10.96ൽ നടന്ന പഞ്ചായത്തു തല പരിശീലനത്തിൽ 62പുരുഷന്മാരും, 14 സ്ത്രീകളും ഉൾപ്പെടെ 76 പേർ പങ്കെടുക്കുകയുണ്ടായി. അതിനുശേഷം 2.11.96ലും 4.11.96ലും പഠന പര്യടനങ്ങൾ നടത്തുകയുണ്ടായി. വിദഗ്ദ്ധരും ഉദ്യോഗസ്ഥന്മാരും കൂടിച്ചേർന്ന ചർച്ചകൾ പല ഘട്ടങ്ങളിലായി സംഘടിപ്പിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ ശ്രമിച്ചിട്ടുള്ളത്. ഇനിയും ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കാൻ നമ്മുടെ പ്രതിനിധികൾക്ക് കഴിയുമെന്ന പ്രത്യാശയോടെ നിർത്തുന്നു.

## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ


ബാവുണ്ണി കാട്ടകത്ത്


പി.എം. ബാവു


പി.വി. അബ്ദുൾ ഖാദർ


വി.എം. അലിയാർ


ഐഷാ ലത്തീഫ്

# ചരിത്ര പശ്ചാത്തലം

ഒരു പ്രദേശത്തിൻെറ സർവ്വതോമുഖമായ വികസനത്തിന് സമഗ്രമായൊരു പരിപാടി ആസൂത്രണം ചെയ്യാനൊരുങ്ങുമ്പോൾ നമുക്ക് വെളിച്ചം കാട്ടേണ്ടത് അതിൻെറ ചരിത്രവും സംസ്കാരവും അവ നിർമ്മിക്കുന്നതിനും ഉപകരണങ്ങളായി തീർന്ന മഹത്‌വ്യക്തികളെ കുറിച്ചും, പ്രസ്ഥാനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളുമാണ്.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലും പഞ്ചായത്തു പ്രദേശങ്ങളിലും ചരിത്രം ഉറങ്ങികിടക്കുന്നതായി ചരിത്രപുസ്തകങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പഞ്ചായത്തിലെ കരൂപ്പടന്ന, കോണത്തുകുന്ന്, വെള്ളാംകല്ലൂർ, എന്നീ സ്ഥലങ്ങളെ കുറിച്ചുള്ള ചരിത്രസത്യങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

## കരൂപ്പടന്ന:

തൃശൂരിൻെറ പശ്ചിമഭാഗത്തു ജലഗതാഗതമാർഗ്ഗത്തിലുള്ള രണ്ട് പടിവാതിലുകളായിരുന്നു തുറമുഖ പ്രാധാന്യമുള്ള അരണാട്ടുകരയും കരൂപ്പടന്നയും. കരൂപ്പടന്നയെ പ്രാചീന തലസ്ഥാനമായ കരിപ്പൂരിനെ പറ്റിയുള്ള പര്യാലോചനയിൽ ചില ചരിത്രകാരന്മാർ ഉൾപ്പെടുത്തിയിട്ടുണ്ട്. കരൂപ്പടന്നയുടെ തൊട്ട് കിഴക്ക് ഭഗത്തായി കിടക്കുന്ന കടലായി എന്ന സ്ഥലവും അതിനോട് തൊട്ട് കിടക്കുന്ന പാശ്ചാത്യ ചരിത്രകാരനായിരുന്ന ടൊളമി പരമാർശിക്കുന്ന ''കരേദര'' കരുമാത്ര എന്ന സ്ഥലവുമായി സാമ്യമുള്ളതാണ്. ഒരുകാലത്തു ഈ പ്രദേശത്തു കടലായിരുന്നു എന്നതിന് ഇവിടെ ഖനനം ചെയ്തു കിട്ടുന്ന മണലും കക്കയും കടൽചെളിയും സാക്ഷ്യം വഹിക്കുന്നു. ഏതൊരു മഹാപ്രളയത്തെത്തുടർന്ന് കടപറഞ്ഞ് ഒഴുകി വന്നതെന്ന് തോന്നിക്കുന്ന വൻമരങ്ങളും ഇതിന്ന് സൂചനയാണ് (ഐനിക്കര എന്ന സ്ഥലനാമം ഉദാഹരണം)

വടക്കൻ പ്രദേശത്തെയുള്ള ചേരതലസ്ഥാനത്തിൻെറ പടിവാതിൽ എന്ന നിലയ്ക്ക് അതിപ്രാചീന ഗതാഗതകേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു കരൂപടന്ന. കൊല്ലത്തുനിന്നും, കൊച്ചിയിൽനിന്നുമുള്ള ചരക്കുകളുടെ കയറ്റുമതിയും ഇറക്കുമതിയും കരൂപ്പടന്ന വഴിക്കായിരുന്നു. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രഭരണാധികാരി തച്ചുടയകൈമളെ തിരുവനന്തപുരത്തു നിന്നും എഴുന്നള്ളിച്ചുകൊണ്ട് വന്നിരുന്നതു കരൂപ്പടന്ന വഴിയായിരുന്നു. കരൂപ്പടന്ന കുന്നിൽ മുകളിലുണ്ടായിരുന്ന കൊട്ടാരവും വിസ്തൃതമായ കുളവും ട്രാവലേഴ്സ് ബംഗ്ലാവും നടക്കാവ് വൃക്ഷങ്ങളും വഴിയാത്രക്കാർക്കുള്ള തണ്ണീർ പന്തലുകളും അത്താണികളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. കൊച്ചിരാജാക്കന്മാർ യാത്രാമദ്ധ്യേ വിശ്രമിച്ചിരുന്നതു ഇവിടെയടുത്തുള്ള പാരിജാതപുരം ക്ഷേത്രത്തിനടുത്തുള്ള സങ്കേതത്തിലായിരുന്നു. സാമൂതിരിയെ തൃശൂരിൽ നിന്നും ഓടിക്കാൻ ദളവ അയ്യപ്പൻ മാർത്താണ്ഡ പിള്ളയും സൈന്യവും തൃശൂരിലേക്ക് പോയത് കരൂപ്പടന്ന വഴിയായിരുന്നു. കരൂപ്പടന്ന ഇരിങ്ങാലക്കുട റോഡ് ആദ്യമായി വിതിവെപ്പിച്ചതു കൊല്ലവർഷം 1093 കർക്കിടകം 26ലെ ഗസറ്റ് വിജ്ഞാപനം വഴിയായിരുന്നു. ചെക്ക് പോസ്റ്റുകൾ, ആഴ്ചചന്തകൾ, അഞ്ചലാപ്പീസും തപാലാപ്പീസും പോലീസ് ഔട്ട്പോസ്റ്റും കരൂപ്പടന്നയിലുണ്ടായിരുന്നു. ചേര സാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന വഞ്ചി, കരൂർ എന്നൊക്കെ അറിയപ്പെട്ടിരുന്ന പട്ടണം കരൂപടന്നയായിരുന്നു എന്ന് ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## കോണത്തുകുന്ന് :

ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ് പഞ്ചായത്തിൻെറ കേന്ദ്ര ബിന്ദുവായ കോണോത്തുകുന്ന്, ചുറ്റുപാടും ചിരട്ടകുന്നു, പാലപ്രക്കുന്ന് എന്നിങ്ങനെ ഏതാനും കുന്നുകൾ ഉള്ളതുകൊണ്ട് അവയോട് ചേർന്ന് കിടക്കുന്ന കോൺ ഒത്തകുന്നാണ് കോണത്തുകുന്ന് എന്ന അർത്ഥത്തിലാണ് പേരു വന്നതെന്ന് കേട്ടിട്ടുണ്ട്. ഏറ്റൊവുമൊടുവിലുണ്ടായ 1341ലെ മഹാപ്രളയത്തിൽ ഒരേസമുദ്രവിധനത്തിൽകിടക്കുന്ന കൊച്ചിയുൾപ്പെടെയുള്ള പ്രദേശങ്ങൾ കടലിൽ നിന്നു പൊന്തി വന്നതായിരിക്കണം. ഇതിന് മുമ്പ് നാലോ, അഞ്ചൊ നൂറ്റാണ്ടുകൾക്ക് അപ്പുറം മറ്റൊരു പ്രളയമുണ്ടായിരുന്നിരിക്കണമെന്നും അക്കാലത്തുണ്ടായ സ്ഥലങ്ങളാണ് പൂണിത്തുറ, തൃപ്പൂണിത്തുറ, വടക്കേക്കാട് നേർ രേഖയിൽ വരുന്ന ഇടപ്പിള്ളി തൃക്കാക്കര, പുല്ലൂറ്റ്, ചേരമാൻ പറമ്പ് കൃഷ്ണൻ കോട്ട, കോണത്തുകുന്ന്, മതിലകം മുതൽ വടക്കോട്ടുള്ള പ്രദേശങ്ങൾ.

## വെള്ളാങ്കല്ലൂർ

ഐരൂർ അല്ലെങ്കിൽ വെള്ളാംകല്ലൂർ സ്വരൂപം കൊടുങ്ങല്ലൂർ രാജകുടുംബത്തിൻെറ ശാഖയായിരുന്നു. ടിപ്പുവിൻെറ ആക്രമണകാലത്തു രാജ്യം നഷ്ടപ്പെട്ട രാജാവ് വെള്ളാംകല്ലൂരിൽ താമസമാക്കിയിരുന്നു എന്ന് കൊച്ചി സ്റ്റേറ്റ് മാനുവലിൽ കാണുന്നു.

കേരളത്തിൽ വ്യാപകമായുണ്ടായിരുന്ന ജൈന മത സ്വാധീനത്തിൽ വെള്ളാങ്കല്ലൂർ വിധേയമായിത്തീർന്നിരിക്കണം. 'വെള്ള' എന്ന ചുരുക്കപ്പേരിൽ ആരാധിക്കപ്പെട്ടിരുന്ന ജൈനദേവതയിൽ നിന്നാണ് പലസ്ഥലനാമങ്ങളുടെയും ഉല്പത്തി എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

വെള്ളാംകല്ലൂരിനടുത്തുള്ള വെളയനാട് എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന പരിശുദ്ധ കന്യകാമറിയത്തിൻെറ നാമധേയത്തിൽ അറിയപ്പെടുന്ന ദേവാലയത്തിൻെറ ചരിത്രം ഐതീഹ്യങ്ങളിലും ചരിത്ര രേഖകളിലുമായി ഇടകലർന്ന് കിടക്കുന്നു. എ.ഡി. 800-ാമാണ്ടിൽ സ്ഥാപിക്കപ്പെട്ടു എന്നാണ് ഐതീഹ്യം. എ.ഡി. 900-ാമാണ്ട് മുതൽ ഇവിടെ ഒരു ദേവാലയം ഉണ്ടായിരുന്നു. എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. വിളവിൻെറ കാര്യത്തിൽ മുൻ പന്തിയിലായിരുന്ന വിളയംകോട് കായൽ പ്രദേശം വിളവിൻെറ നാടാവുകയും കാലക്രമേണ വിളയനാടായി അറിയപ്പെടുകയും ചെയ്തു എന്നാണ് പറയപ്പെടുന്നത്.

1952-53 കാലഘട്ടത്തിലാണ് പഞ്ചായത്തിൻെറ ഈരീതിയിലുള്ള ഭരണ പരമായ പ്രദേശങ്ങളായി രൂപാന്തരപ്പെട്ടത്. ശ്രീ കാട്ടകത്തു ബാവുണ്ണി, ഉള്ളാമ്പുഴ ബാവു, ഏ.എം. കാതിർകുഞ്ഞി എന്നിവരും 1964 മുതൽ 1984 വരെ ശ്രീ. പി.വി. അബ്ദുൾ ഖാദറും, 1988 മുതൽ ശ്രീ. വി.എം. അലിയാരും 1991 മുതൽ ശ്രീമതി ഐഷാലത്തിഷും ഈ പഞ്ചായത്തിൻെറ ഭരണ സാരഥികളായിരുന്നു. ഇവരിൽ ശ്രീ. ഉള്ളാമ്പുഴ ബാവുവും, ശ്രീ. പി.വി. അബ്ദുൾ ഖാദറും ശ്രീമതി ഐഷാലത്തീഫും മാത്രമാണ് ഇന്ന് ജീവിച്ചിരിക്കുന്നവർ. 1964 വരെ ശമ്പളം കൊടുക്കാൻ പോലും കഴിയാത്ത ഒന്നായിരുന്നു ഈ പഞ്ചായത്ത്. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ നമ്മുടെ പഞ്ചായത്ത് ഇന്നത്തെ ആവശ്യങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നില്ലെങ്കിലും ഭേദപ്പെട്ട നിലവാരം പുലർത്തുന്നു. കാർഷിക പരിഷ്കരണം, സംഘടിത പ്രസ്ഥാനങ്ങളുടെ വളർച്ച, സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഇടപെടൽ എന്നിവയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഇന്നത്തെ മാറ്റങ്ങൾ എത്തിച്ചേർന്നു.

# പഞ്ചായത്ത് പൊതുവിവരം


| | | | | |
|---|---|---|---|---|
| പഞ്ചായത്തിൻെറ പേര് | : | വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്ത് | | |
| പഞ്ചായത്തിൻെറ ഹെഡ്ക്വാർട്ടേഴ്സ് | : | കോണത്തുകുന്ന് | | |
| ഉൾപ്പെടുന്ന വില്ലേജ് | : | വള്ളിവട്ടം, തെക്കുംകര, കാരുമാത്ര വടക്കുംകര | | |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളാംകല്ലൂർ | | |
| താലൂക്ക് | : | മുകുന്ദപുരം | | |
| നിയമസഭാ മണ്ഡലം | : | മാള | | |
| ലോകസഭാ മണ്ഡലം | : | മുകുന്ദപുരം | | |
| ജില്ല | : | തൃശൂർ | | |
| വിസ്തീർണ്ണം | : | 26.61 ചതു. കി.മി. | | |
| അതിരുകൾ | : | കിഴക്ക് | : | പുത്തൻ ചിറ പഞ്ചായത്ത്, വേളൂക്കര പഞ്ചായത്ത് |
| | : | പടിഞ്ഞാറ് | : | കനോലി കനാൽ |
| | : | തെക്ക് | : | കരൂപ്പടന്ന പുഴ |
| | : | വടക്ക് | : | പൂമംഗലം, പടിയൂർ, വേളൂക്കര പഞ്ചായത്ത് |
| ജനസംഖ്യ | : | 32,846 (91 ലെ സെൻസസ്) | | |
| സാക്ഷരതാ നിരക്ക് | : | 88.49 % | | |
| വാർഡ്കളുടെ എണ്ണം | : | പതിമൂന്ന്. | | |
| | | സ്ത്രീസംവരണം | : | 5 |
| | | പട്ടികജാതി സംവരണം | : | 1 |
| | | ജനറൽ | : | 7 |
| പ്രസിഡൻറിൻെറ പേര് | : | ശ്രീ. കെ.ഡി. സന്തോഷ് | | |
| വൈസ് പ്രസിഡൻറിൻെറ പേര് | : | ശ്രീ. അപ്പാടൻ കുമാരൻ | | |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. പി.കെ. കറപ്പൻ | | |
| സെക്രട്ടറി | : | ശ്രീ. കെ. കെ. ബാലസുബ്രഹ്മണ്യം | | |
| കൺവീനർ | : | ശ്രീ. പി. ഐ. ബാലൻ മാസ്റ്റർ. | | |



**കെ.ഡി. സന്തോഷ്**
പ്രസിഡൻറ്



**അപ്പാടൻ കുമാരൻ**
വൈസ് പ്രസിഡൻറ്




**പി.കെ. കറപ്പൻ**
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



**കുമാരൻ കാട്ടകത്ത്**
ഒന്നാം വാർഡ് മെമ്പർ



**തങ്കം ദാസ്**
രണ്ടാം വാർഡ് മെമ്പർ



**എം.എം. റഷീദ്**
നാലാം വാർഡ് മെമ്പർ



**പി.കെ.എം. അഷറഫ്**
ആറാം വാർഡ് മെമ്പർ



**സത്യവതി വേണുഗോപാൽ**
എട്ടാം വാർഡ് മെമ്പർ



**പി.കെ. കുഞ്ഞുമോൻ**
ഒമ്പതാം വാർഡ് മെമ്പർ



**പ്രീതി ഹരിലാൽ**
പത്താം വാർഡ് മെമ്പർ



**ത്രേസ്യാമ്മ വർഗ്ഗീസ്**
പതിനൊന്നാം വാർഡ് മെമ്പർ




**കെ.കെ. തോമാസ്**
പന്ത്രണ്ടാം വാർഡ് മെമ്പർ




**ഊർമ്മിള ചന്ദ്രൻ**
പതിമൂന്നാം വാർഡ് മെമ്പർ

# വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്



# വികസന പദ്ധതികൾ



ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്തുതല ഉദ്ഘാടനം
ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി ചന്ദ്രികാ ശിവരാമൻ നിർവ്വഹിയ്ക്കുന്നു

ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂരിനും ഇരിങ്ങാലക്കുട പട്ടണത്തിനും ഇടയിലാണ് വെള്ളാങ്കല്ലൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തൊട്ടടുത്ത പ്രധാന നഗരങ്ങളുടെ സ്വാധീനം ഈ പഞ്ചായത്തിലേക്കും ചെറുതായി വ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കയർ ഉൽപ്പാദനവും, കള്ളുചെത്തും, മൺപാത്രനിർമ്മാണവും പ്രശ്നങ്ങളെ നേരിടുന്നു. നേരത്തേ ജനങ്ങളിൽ കൂടുതൽ പേരും കാർഷിക വൃത്തിയിലാണ് ഏർപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ വൈരക്കൽ, റബ്ബർ, മോൾഡിംഗ്, പ്ലാസ്റ്റിക്ക്, എഞ്ചിനിയറിംഗ് സർവ്വീസ് മേഖല എന്നിവയിലേക്ക് കൂടുതൽ പേർ നീങ്ങിയിട്ടുണ്ട്. എഴുപതുകൾക്ക് ശേഷം ഗൾഫ് പണത്തിന്റെ വരവ് ആരംഭിയ്ക്കുകയും, പരമ്പരാഗത കൈത്തൊഴിലുകളിൽ നിന്ന് മാറുകയും, കൃഷിപ്പണി ഉപേക്ഷിച്ച് മറ്റു തൊഴിലുകളിൽ നിന്ന് മാറുകയും, കൃഷിപ്പണി ഉപേക്ഷിച്ച് മറ്റു തൊഴിലുകൾ കണ്ടെത്താനുള്ള സാധ്യതകൾ വളരുകയും ചെയ്തതോടെ ഈ പഞ്ചായത്തിൽ നാഗരികതയുടെ സ്വാധീനം ഉടലെടുക്കാൻ തുടങ്ങി.

കുടിവെള്ളക്ഷാമമുള്ള ഈ പഞ്ചായത്തിൽ ചെറിയ ചില പദ്ധതികൾ മാത്രമാണ് ഉണ്ടായിരുന്നത്. 1980ൽ ഈ പഞ്ചായത്തിനെ മാള വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി. ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിൽ പൂർണ്ണമായും ലഭ്യമാക്കി. എന്നാൽ ഇനിയും പല ഉൾപ്രദേശങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്. വൈദ്യുതി ഈ പഞ്ചായത്തിലെ ചില ഉൾപ്രദേശങ്ങൾ ഒഴികെ എല്ലാ പ്രദേശങ്ങളിലും എത്തിയിട്ടുണ്ട്. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിന്റെ സഹായത്തോടുകൂടി കക്കൂസ് സൗകര്യം പഞ്ചായത്തിൽ പരിപൂർണ്ണമാക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണതയിൽ എത്തിയിട്ടില്ല.


ദീർഘവീക്ഷണത്തോടെ ഒട്ടേറെ വികസന പദ്ധതികൾക്ക് ഈ പഞ്ചായത്ത് നേതൃത്വം നൽകിവരികയാണ്. സംസ്ഥാന ഗവൺമെന്റും നിർമ്മാണ പ്രവർത്തനം നടത്താൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പൂവ്വത്തും കടവ് പാലം പണി ആരംഭിക്കാൻ പഞ്ചായത്ത് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. നാഷണൽ ഹൈവെ 17-47 മായി ബന്ധപ്പെടുത്തുന്നതു മൂലം നല്ല വികസന സാദ്ധ്യതകളാണ് ഈ പഞ്ചായത്തിന് കൈവരിക്കാൻ കഴിയുക. നെടുങ്ങാണത്തു കുന്നും, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെടുത്തുന്ന പാലം പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. കരൂപടന്ന വള്ളിവട്ടം റോഡിലെ പീപ്പു



പഞ്ചായത്തിലെ കയർ മേഖല ഒരു വീക്ഷണം



304



എം.പി. ഫണ്ടിൽ പണിതീർത്ത നാഗ്കുളത്തുകാട് പാലം

ചിറ പാലം, കെട്ട് ചിറ മൂന്നാം കാട് ഇറിഗേഷൻ പദ്ധതി എന്നിവ പഞ്ചായത്തിന്റെ വികസന പദ്ധതികളാണ്. പ്രൈമറി ഹെൽത്തു സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന വാർഡ്, ഹോമിയോ ആശുപത്രി, വെള്ളാംകല്ലൂർ ആയുർവേദ ആശുപത്രിയുടെ സ്വന്തമായ കെട്ടിടം, ഏക ഹൈസ്കൂൾ മാത്രമുള്ള ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ കൂടി ഉണ്ടാക്കുന്നതിനുള്ള നടപടി, പഞ്ചായത്തിന്റെ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രം, സ്പോർട്സ് കൗൺസിൽ, മഹിളാ സമാജങ്ങൾ, ഗ്രന്ഥശാലകൾ, വനിതാ നിയമസഹായസെൽ, പഞ്ചായത്തു ട്രഷറി, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ആധുനികരീതിയിലുള്ള അറവുശാല, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പാർക്കിങ്ങ് സെൻററുകൾ, കംഫർട്ട് സ്റ്റേഷൻ, ആഴ്ചചന്തകൾ, അന്തിച്ചന്തകൾ, എന്നിവയ്ക്കു വേണ്ടിയുള്ള ആലോചനകൾ നടന്നുവരികയാണ്.

പഞ്ചായത്ത് പണി തീർത്തിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ, വിവിധ ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന തരത്തിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒന്നാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കി പ്രവർത്തനം ഏറ്റെടുക്കുകയാണ്. പഞ്ചായത്ത് ഹെഡ്ക്വാർട്ടേഴ്സിനോടുചേർന്ന് മിനിഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. R.D.B. യുടെ സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സിനു തുടക്കം കുറിച്ചുകഴിഞ്ഞു. പഞ്ചായത്തിന്റെ ഭൂമിയിലുള്ള ശ്മശാനത്തിന്റെ ചുറ്റുമതിൽ പണി ആരംഭിച്ചു കഴിഞ്ഞു. ഇതിനോടനുബന്ധിച്ച് ആംബുലൻസ് സൗകര്യം കണ്ടത്തേണ്ടതുണ്ട്. പുതിയ സാഹചര്യങ്ങൾ അനുസരിച്ച് പ്രധാന പ്രദേശങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ പദ്ധതിയിട്ടിട്ടുണ്ട്. ട്രെയിലർ വാങ്ങുന്നതിന് അനുമതിയ്ക്കു വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളായ കനറാ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ശാഖ, നെടുങ്ങാടി ബാങ്ക്, വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്ക്, വെള്ളാംങ്കല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, എന്നിവയുടെ സഹകരണത്തോടെ വനിതാ വ്യവസായ യൂണിറ്റുകൾ, വ്യവസായ സംരംഭങ്ങൾ, സംഘകൃഷി സംരംഭങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് ആലോചിക്കുന്നു.



1996 നവംബർ 1 ദേശീയ പുനരർപ്പണ ദിനം
താണിശ്ശേരിക്കുന്ന് പഞ്ചായത്ത് ശ്മശാനത്തിന്റെ മതിൽ
നിർമ്മാണം ജനപങ്കാളിത്തത്തോടെ



വികസനം കാത്തുകിടക്കുന്ന പുല്ലത്തുംകടവ് ഫെറി



ഒന്നാം വാർഡ് ഗ്രാമസഭ - ഒരു ദൃശ്യം

# ജനപ്രകൃതി

പഞ്ചായത്തിലെ ആകെ ജനസംഖ്യ 32,846 ആണ്. സ്ത്രീകൾ 17,247, പുരുഷന്മാർ 15,599. ശതമാനക്കണക്കിൽ സ്ത്രീ 52.50 %. പുരുഷന്മാർ 47.5 %. പട്ടിക ജാതി ജനസംഖ്യ 3,320 ആണ്. സ്ത്രീകൾ 1,708, പുരുഷന്മാർ 1,612. ആകെ ജനസംഖ്യയുടെ 10.10 % ആണ് പട്ടിക ജാതി വിഭാഗങ്ങൾ

1996ൽ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് നടത്തിയ സർവ്വെ പ്രകാരം 35,624 ആണ് ആകെ ജനസംഖ്യ.

| | | |
|---|---|---|
| പുരുഷന്മാർ | - | 11,526 |
| സ്ത്രീകൾ | - | 12,232 |
| കുട്ടികൾ (15 വയസ്സു വരെ) | - | 11,866 |

തൊഴിൽ ചെയ്യുന്ന ആളുകളുടെ എണ്ണവും, സാങ്കേതിക വിദ്യയും മറ്റ് വിദ്യാഭ്യാസയോഗ്യതകളും ഉള്ളവരെ സംബന്ധിച്ചും നിലവിൽ തൊഴിലില്ലാത്തവരെ സംബന്ധിച്ചും കൃത്യമായ രേഖകൾ നമ്മുടെ കയ്യിൽ ലഭ്യമായിട്ടില്ല. അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.



പഞ്ചായത്ത് സ്റ്റാഫ് സെക്രട്ടറിയോടൊപ്പം

## വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് സ്ഥാപന വിവരങ്ങൾ

| നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1. | ഗവ. ഹോമിയോ ഡിസ്പൻസറി വെള്ളാങ്കല്ലൂർ | ഹോമിയോ | പഞ്ചായത്തു വക | 4 | 1992 | സ്വന്തം കെട്ടിടം ഇല്ല |
| 2. | ഗവ. ആയുർവേദ ഡിസ്പൻസറി വള്ളിവട്ടം | ആയുുർവേദം | സ്വന്തം കെട്ടിടം | 4 | 1944 | -- |
| 3. | ഗവ്വ. ആയുർവേദ ഡിസ്പൻസറി വെള്ളാങ്കല്ലൂർ | ആയുുർവേദം | വാടക | 4 | 1944 | സ്വൻമായ കെട്ടിടം ആവശ്യമാണ് |
| 4. | പ്രൈമറി ഹെൽത്ത് സെൻറർ, വെള്ളാങ്കല്ലൂർ | അലോപ്പതി | സർക്കാർ കെട്ടിടം | 22 | -- | -- |

### DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| നമ്പർ | തൊഴിൽ സംരംഭ ത്തിൻെറഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1. | തഴപ്പായ നിർമ്മാണം | 1944 | .. | അസംസ്കൃത വസ്തുകിട്ടാൻ ബുദ്ധിമുട്ടില്ല. ബുദ്ധിമുട്ടില്ലാതെ നടത്തുന്നതുമൂലം വായ്പ സൗകര്യമായി അടയ്ക്കുന്നു. |
| 2. | രാമച്ച തട്ടിക നിർമ്മാണം | 1955 | 10 | 10 വനിതകൾ ചേർന്ന് ആരംഭിച്ചു. S.C. 2 പേർ, ബാക്കി മറ്റുള്ളവർ. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിപണികണ്ടെത്തണം |
| 3. | റക്സിൻ ബാഗ് നിർമ്മാണം | 1955 | 10 | പ്രവർത്തനം തൃപ്തികരം. |

# കൃഷി

വെള്ളാംകല്ലൂർ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം. ഉയർന്ന സമതലം, ചെരിവുകൾ, താഴ്‌വരകൾ, തീരസമതലം, ചതുപ്പുനിലങ്ങൾ എന്നിങ്ങനെ. ചെമ്മണ്ണ്, കളിമണ്ണ്, മണൽ, ചെളി കലർന്ന മണൽ, മണ്ണ്, ഉപ്പുകലർന്ന ചെളിമണ്ണ്, തുടങ്ങിയവയാണ് വിവിധ മൺതരങ്ങൾ. മണ്ണ് പരിശോധനയും തുടർന്ന് നടത്തേണ്ട കാര്യങ്ങളും വേണ്ട രീതിയിൽ നടത്തുകയോ, ശാസ്ത്രീയ കൃഷി രീതികൾ വേണ്ടത്ര അവലംബിക്കുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും, പഴയകാല കൃഷി സംപ്രദായങ്ങളായ കന്നുപൂട്ടലും, കാളത്തേക്കും ചക്രം ചവിട്ടും എല്ലാം അപ്രത്യക്ഷമായി. പാടങ്ങളിലും, പറമ്പുകളിലും പണിയെടുക്കാൻ ഉത്സാഹത്തോടെ നീങ്ങിയിരുന്ന തൊഴിലാളികൾ കൂടുതൽ ആദായകരമായ നിർമ്മാണത്തേക്ക് മാറിതുടങ്ങി. തൊഴിലാളികളുടെ ദൗർലഭ്യവും, രോഗങ്ങളും, കൃഷിനാശവും, വളം, കീടനാശിനി തുടങ്ങിയവയുടെ വില വർദ്ധനവും, ഉല്പന്നങ്ങളുടെ വിലയിടിവും മൂലം കാർഷിക രംഗം ആകെ തകർന്നു കിടക്കുന്നു. ഗൾഫ് മേഖലയെ ലക്ഷ്യമാക്കിയുള്ള ജീവിതത്തിലേക്ക്, കൂടുതൽ പേർ ശ്രദ്ധിക്കാൻ തുടങ്ങിയതോടെ കാർഷിക മേഖല അവഗണിക്കപ്പെട്ടു. വയലുകൾ നികത്തുന്നതും, കുന്നുകളും ചെരിവുകളും ഇടിച്ചുനിരത്തുന്നതും ജലസ്രോതസ്സുകളായ കുളങ്ങളും, തോടുകളും ഇല്ലാതാക്കുന്നതും, കാർഷിക മേഖലയെ പ്രശ്നമേഖലയാക്കിയിട്ടുണ്ട്. നവംബർ മാസത്തോടെ കനോലികനാൽ വഴികയറുന്ന ഉപ്പ് വെള്ള ഭീഷണിയും കാർഷിക മേഖലയ്ക്ക് വിലങ്ങുതടിയാണ്. നാലു വില്ലേജുകൾ കൂടി ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ 1,029.24 ഹെക്ടർ വയലും, 1,1413.18 ഹെക്ടർ പുരയിടവും 206.47 ഹെക്ടർ പുറംപോക്കു ഭൂമിയും 12.21 ഹെക്ടർ തരിശുഭൂമിയും അടക്കം 2,661 ഹെക്ടർ ആണ് ആകെ വിസ്തൃതി.

## കാലാവസ്ഥ :

ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ നീണ്ടു നിൽക്കുന്ന കാലവർഷ തുലാവർഷ വർഷപാതം, ശരാശരി 3,100 മി.ലി. ആണ് വാർഷിക വർഷപാതം. ഇതിൽ 25 % വും ജൂൺ മാസത്തിലാണ് ലഭിക്കുന്നത്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളിലായി തുലാവർഷം (സെപ്തംബർ മുതൽ ഡിസംബർവരെ) വേണ്ട തോതിൽ ലഭിക്കാറില്ല. ഇത് വേനൽക്കാലത്തെ വരൾച്ചയ്ക്കും കൃഷി നാശത്തിനും കാരണമാകുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിലുള്ള മൊത്തം കൃഷി ഭൂമിയിൽ തീരസമതലങ്ങളിലും ചതുപ്പുനിലങ്ങളിലും മാത്രമാണ് നെൽകൃഷിയുള്ളത്. ഇതിൽ ചതുപ്പുനിലങ്ങൾ, കൊടുങ്ങല്ലൂർ കായലുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ നവംബർ മാസത്തോടെ ഉപ്പുവെള്ളം കയറുന്നവയാണ്. ഏതാണ്ട് 126 ഹെക്ടറോളം വരുന്ന ചതുപ്പുനിലങ്ങളിൽ 110 ഹെക്ടറോളം വരുന്ന സ്ഥലത്ത് ഉപ്പുവെള്ളം തടയുന്നതിനുള്ള ബണ്ടും, ചീപ്പ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. ഈ ഭൂമി ഭാഗത്തിൽ ഒവു പാണ്ടി നൊരിനം നെല്ല് കൃഷി ചെയ്യുന്നു. ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള സംവിധാനമില്ലാത്ത ശേഷിച്ച 16 ഹെക്ടറോളം സ്ഥലത്ത് നവംബറിൽ വിളവെടുപ്പ് പൂർത്തിയാവുന്ന ആനക്കൊടൻ എന്ന നെല്ല് കൃഷി ചെയ്യുന്നു.

സമതല പ്രദേശങ്ങളിലുള്ള 262 ഹെക്ടറിൽ ഇരുപ്പൂ കൃഷി ചെയ്യുന്നു.മറ്റു പ്രദേശങ്ങളിൽ തെങ്ങിനെ അടിസ്ഥാനമാ

### വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്ത്
### കൈവശ ഭൂമി വിസ്തീർണ്ണം

| | നാമമാത്ര കർഷകൻ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകൻ 1-2 ഹെക്ടർ | വൻകിട കർഷകൻ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| പഞ്ചായത്ത് തലത്തിൽ | 7,263 Nos. | 2,757 Nos | 275 Nos |

ക്കിയുള്ള സമ്മിശ്ര കൃഷി രീതിയാണ് അനുവർത്തിച്ചുവരുന്നത്.

## കാർഷിക വികസന പ്രവർത്തനങ്ങൾ

കൃഷിഭവൻ: താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് കൃഷിഭവൻ മുഖേന ഈ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

i) **സമഗ്ര കേര വികസന പദ്ധതി** (CCD)

ഈ പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ, വളം, സസ്യസംരക്ഷണ ഉപകരണങ്ങൾ മുതലായവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും, ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് കിണർ, കുളം, എന്നിവ നിർമ്മിക്കുന്നതിനും, പമ്പ് സെറ്റ്, സ്ഥാപിക്കുന്നതിനും, 33 % നിരക്കിൽ പരമാവധി 2,500 ക സഹായധനം നൽകുകയും ചെയ്യുന്നു. പട്ടിക ജാതി വിഭാഗങ്ങൾക്ക് സബ്സീഡി നിരക്ക് 50-% ആണ്. മേല്പ്പറഞ്ഞ പദ്ധതി പ്രകാരം കേരസംരക്ഷണ സമിതികളോ സഹകരണ സംഘങ്ങളോ കൊപ്ര സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്ന പക്ഷം യൂണിറ്റ് ഒന്നിന് 25,000 ക വരെ സബ്സിഡി നൽകുന്നു.

കാറ്റു വീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 200ക ധനസഹായം നൽകുന്നു.

ii) **ഗ്രൂപ്പ് ഫാമിങ്ങ്** (IPRD)

നെൽ കൃഷിയിൽ ഉല്പാദന ചിലവ് കുറച്ച് നെൽകൃഷി ലാഭകരമാക്കുന്നതിന താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

a) കുമ്മായ വസ്തുക്കൾക്ക് 50 % സബ്സീഡി നൽകുന്നു

b) സമൂഹഞാറ്റടികൾ ഏർപ്പെടുത്തുന്നതിന് ഹെക്ടർ ഒന്നിന് 3,000/ക സബ്സീഡി

c) കിണർ കുഴിക്കുന്നതിന് 50% സബ്സിഡി പരമാവധി 7,700 ക

d) പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 50; സബ്സിഡി പരമാവധി 5,000 ക

e) കീടനാശിനി /കളനാശിനികൾക്ക് 50% സബ്സിഡി. പരമാവധി ഹെക്ടറിന് 2000 ക

f) സസ്യസംരക്ഷണ ഉപകരണങ്ങ്ഹൾക്ക് 50% സബ്സിഡി

iii) **പച്ചക്കറി വികസന പദ്ധതി**

a) കർഷകർക്ക് വിത്തും വളവും വിതരണം

b) വിദ്യാർത്ഥികൾ മുഖേന സ്കൂൾ പച്ചക്കറി തോട്ടം

c) വിദ്യാർത്ഥികൾക്ക് സ്വന്തം വീട്ടിൽ കൃഷി ചെയ്യുന്നതിന് വിത്ത് വിതരണം

iv) **ഫലവർഗ്ഗ വിസകന പദ്ധതി**

ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്, പപ്പായ തുടങ്ങിയവയുടെ തൈകൾ വിതരണം ചെയ്യുന്നു.

v) **സുഗന്ധ വിള വികസന പദ്ധതി**

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി ഗ്രാമ്പൂ തുടങ്ങിയ സുഗന്ധ വിളകളുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു.

vi) **ബയോഗ്യാസ് പദ്ധതി**

ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിന് 2,400 ക സബ്സിഡി നൽകുന്നു.

## കർഷക സംരംഭങ്ങൾ

പഞ്ചായത്ത് പ്രദേശത്തുള്ള 12 പാടശേഖരങ്ങളിൽ മുഴുവനും പാടശേഖരകമ്മിറ്റികൾ നിലവിലുണ്ട്. അതുപോലെത്തന്നെ ഓരോ വാർഡിലും കേരസംരക്ഷണ സമിതികളും നിലവിലുണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രസ്തുത സമിതികൾ മാസം തോറും യോഗം ചേർന്ന് കർഷകർക്ക് ബോധവൽക്കരണം

നൽകുന്നതിൽ മുൻകൈ എടുക്കേണ്ടതുണ്ട്.

## കൂലി സേവന വ്യവസ്ഥകൾ

കൃഷി പണിക്കാർക്ക് പഞ്ചായത്തിൽ നിലവിലുള്ള കൂലി നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പുരുഷ തൊലിലാളികൾക്ക് - 90 ക

സ്ത്രീ തൊഴിലാളികൾക്ക് - 60ക

## കാർഷിക വിപണന സൗകര്യം

പഞ്ചായത്ത് പ്രദേശത്ത് കാർഷികോല്പന്നങ്ങളുടെ വിപണനത്തിനുള്ള ചന്തകൾ ഒന്നും തന്നെ നിലവിലില്ല. കൃഷിക്കാർ അവരുടെ ഉല്പന്നങ്ങൾ (മുഖ്യമായും നാളികേരവും അടക്കയും) മദ്ധ്യവർത്തികൾ മുഖേനയാണ് വിപണനം നടത്തുന്നത്.

## വായ്പാ സൗകര്യങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് 4 വാണിജ്യബാങ്കുകളും 2 സർവ്വീസ് സഹകരണബാങ്കുകളും പ്രവർത്തിക്കുന്നു. കൃഷിക്കാരുടെ കാർഷിക കടം, വായ്പ ആവശ്യങ്ങൾ നിറവേറ്റാൻ ഇവ പര്യാപ്തമാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

പഞ്ചായത്തിലെ വിവിധ കാർഷിക വിളകൾ ഇന്നു നേരിടുന്ന പ്രശ്നങ്ങളും വികസന സാദ്ധ്യതകളും താഴെ കൊടുക്കുന്നു.

## നെല്ല്

വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെൽകൃഷിക്ക് രണ്ടാംസ്ഥാനമാണുള്ളതെങ്കിലും പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് പ്രഥമ സ്ഥാനം കൊടുക്കേണ്ടതുണ്ട്. കഴിഞ്ഞ 2 പതിറ്റാണ്ടിനിടയ്ക്ക് നെൽകൃഷിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നാളിതുവരെ നെല്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി നികത്തിയെടുത്തതിന്റെ ആധികാരികമായ കണക്കുകൾ ലഭ്യമല്ല. വില്ലേജ് രേഖകളനുസരിച്ച് ഇപ്പോൾ 388 ഹെക്ടറിലെ നെൽകൃഷി ചെയ്യുന്നുള്ളു. അതിനാൽ നാളിതുവരെ 641 ഹെ. വയലുകൾ നികത്തിയിട്ടുണ്ടെന്നനുമാനിക്കാം. കൃഷിഭവനിൽ നിന്നും ലഭിച്ച സ്ഥിതി വിവരക്കണക്കനുസരിച്ച് നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉല്പാദനവും താഴെ പട്ടികയിൽ കൊടുക്കുന്നു.

| കൃഷി വിവരം | ഭൂവിസ്തീർണ്ണം Hector | ശരാശരി വിളവ് (kg/Hec) | വാർഷികോല്പാദനം M.T. |
|---|---|---|---|
| ഇരുപ്പൂ നിലങ്ങൾ | | | |
| a) വിരിപ്പ് | 262 | 1,680 | 440.16 |
| b) മുണ്ടകൻ | 262 | 1740 | 455.88 |
| ഒരുപ്പൂ നിലങ്ങൾ (പാണ്ടി, ആനക്കൊടൻ) | 126 | 1125 | 141.75 |
| മൊത്തം | 388 | -- | 1,037.79 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം പഞ്ചായത്തിലെ മൊത്തം വാല്ഷികോല്പാദനം 1,038 ടൺ നെല്ലാണ്. ഇത് ഏകദേശം 623 ടൺ അരിക്ക് തുല്ല്യമാകും. പഞ്ചായത്തിലെ വാർഷിക അരി ഉപഭോഗം 3,100ടൺ ആണെന്നിരിക്കെ ആഭ്യന്തര ഉല്പാദനം ഉപഭോഗത്തിന്റെ ഏതാണ്ട് 20 % മാത്രമാണ്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാ

ന്യത്തിലേയ്ക്കാണിത് വിരൽ ചൂണ്ടുന്നത്.

മറ്റു വിളകളെ അപേക്ഷിച്ച് നെൽകൃഷി ലാഭകരമല്ല എന്നു മാത്രമാണ് പലപ്പോഴും നഷ്ടമാണെന്നുമാത്രമാണ് വിവിധ ഗ്രാമസഭകളിൽ കർഷകർ പ്രകടിപ്പിച്ച അഭിപ്രായം. ഇത് നെൽകൃഷയിൽ നൂതന സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ വിലങ്ങുതടിയായി വർത്തിക്കുന്നു. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുമ്പോൾ നാടൻ വിത്തിനങ്ങളെ അപേക്ഷിച്ച് കൂടുതൽ മുതൽ മുടക്കും, പരിചരണവും ആവശ്യമായതിനാൽ പല കൃഷിക്കാരും നാടൻ ഇനങ്ങളിലേക്ക് തിരിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ കൃഷി ഭവനുകൾ മുഖേന മെച്ചപ്പെട്ട വിത്തിനങ്ങൾ കൃഷിക്കാർക്ക് വിതരണം ചെയ്തിരുന്നത് കഴിഞ്ഞ ഏതാനും വർഷങ്ങളായി നിർത്താലാക്കിയതും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടുന്നു.

ഈ പഞ്ചായത്തിൽ നെൽകൃഷി പൂർമ്ണമായും മഴയെ ആശ്രയിച്ചാണ് ചെയ്യുന്നത്. വർഷക്കാലത്ത് സ്ഥിരമായുണ്ടാകുന്ന വെള്ളപ്പൊക്കവും, വേനൽക്കാലത്ത് അനുഭവപ്പെടാറുള്ള വരൾച്ചയും, വമ്പിച്ച കൃഷിനാശത്തിന് കാരണമാകുന്നു. നെൽകൃഷിയിലുള്ള താല്പര്യം കുറയാൻ ഇതും ഒരു കാരണമാണ്.

നാൾക്കു നാൾ വർദ്ധിച്ചുവരുന്ന ഉൽഘാടനച്ചെലവാണ് മറ്റൊരു ഘടകം. കഴിഞ്ഞ 5 വർഷത്തെ സ്ഥിതി അവലോകനം ചെയ്യുമ്പോൾ കാർഷിക മേഖലയിലെ കൂലിനിരക്ക് വർഷം തോറും 12 മുതൽ 15 % വരെ വർദ്ധിക്കുന്നതായി കാണാം. മൊത്തം കൃഷി ചിലവിന്റെ 60 % ത്തിലേറെ കൂലിചെലവാണെന്നതിനാൽ ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. വളം, കീടനാശിനി, തുടങ്ങിയവയുടെ വിലവർദ്ധന ഇതിലും കൂടുതലാണ്. നെല്ലിന്റെ വിലയിലെ വാർഷിക വർദ്ധനവാകട്ടെ 5 ശതമാനമേ വരുന്നുള്ളു. നെൽകൃഷിയിലുള്ള താല്പര്യക്കുറവിന് മുഖ്യകാരണവും ഇതുതന്നെ.

മേൽക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടല്ലാതെ നെൽകൃഷിയെ നിലനിർത്തുവാനും, ഉദ്ധരിക്കാനും കഴിയുകയില്ല. വിവിധ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവരുന്ന പരിഹാര നിർദ്ദേശങ്ങളാണ് താഴെ പറയുന്നവ.

i) പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായുള്ള 12 പാടശേഖരങ്ങളിൽ ഒരോ വിളയ്ക്കും യോജിച്ച അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക. കാർഷിക സർവ്വകലാശാല, കൃഷിവകുപ്പിന്റെ വിവിധ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾ മതിയാകാത്തതിനാൽ ദേശീയ വിത്തുകോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വിത്തു സംഭരിക്കാവുന്നതാണം. അത്തരം വിത്തുകൾക്ക് വില വളരെ കൂടുതലായതിനാൽ പോത്സാഹനമെന്ന നിലയ്ക്ക് 50 % സബ്സിഡി അനുവദിക്കേണ്ടതാണ്. വർഷം തൊറും 20 % കൃഷിയിടങ്ങൾക്കാവശ്യമായ വിത്ത് വിതരണം ചെയ്യുക, 5 വർഷം കൊണ്ട് മുഴുവൻ സ്ഥലത്തും വ്യാപിപ്പിക്കാവുന്നതാണ്.

ii) 126 ഹെക്ടർ വരുന്ന ചതുപ്പുനിലകൃഷിയിടങ്ങളിൽ 110 ഹെക്ടറോളം സ്ഥലത്ത് ഓവുപാണ്ടി എന്ന ഇനം നെല്ല് കൃഷി ചെയ്യുന്നു. ഇത് ഓവുള്ള ഈനമായതിനാൽ വിളവെടുപ്പിനുശേഷം ഓവൊടിക്കുക എൻുള്ള ഒരു അധികപ്പണികൂടി ചെയ്യേണ്ടതുണ്ട്. ഇതിന് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഇത്തരം നിലങ്ങളിലേക്ക് യോജിച്ച ഓവ് ഇല്ലാത്ത ഒരു വിത്തിനം വികസിപ്പിച്ചെടുക്കേണ്ടതാണ്. കാർഷിക സർവ്വകലാശാല ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

iii) മിക്കവാറും എല്ലാ പാടശേഖരങ്ങളിലും പരമ്പരാഗതമായി ജനനിർഗ്ഗമനത്തിന് ഉപകരിക്കുന്ന തോടുകൾ നിലവിലുണ്ട്. ഇവയിൽ മിക്കവയും പുറംപോക്ക് തോടുകളാണ്. സമീപകൃഷിക്കാരുടെ കയ്യേറ്റം മൂലം വീതികുറഞ്ഞും, മണ്ണിടിഞ്ഞ് ആഴം കുറഞ്ഞും, ആണ് ഇവ ഇന്ന് കണ്ടുവരുന്നത്. വർഷക്കാലത്തനുഭവപ്പെടുന്ന വെള്ളപ്പൊക്കത്തിന് ഇത് കാരണമാകുന്നു. ഇത്തംര ജനനിർഗ്ഗമനതോടുകൾ ശാക്ത്രീയമായി ആഴവും, വീതിയും, വർദ്ധിപ്പിച്ചാൽ വർഷക്കാലത്ത് സുഗമമായ ജനനിർഗ്ഗമനത്തിന് സഹായകരമാവുകയും അതുവഴി വെള്ളപ്പൊക്കകെടുതി ഒരുപരിധിവരെ ഒഴിവാക്കുകയും ചെയ്യും. അതുപോലെ ഇത്തരം തോടുകളുടെ ഇരുവശങ്ങളിലുമുള്ള ബണ്ടുകൾ ഉയർത്തി ബലപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ നിർമ്മിച്ച് പലകയിടും ചെയ്താൽ വർഷക്കാലം അവസാനിക്കുന്നതോടെ ഇവ ജലസംഭരണികളായി ഉപയോഗിക്കാവുന്നതുമാണ്. വരൾച്ചയിൽ നിന്നും ഒരു പരിധിവരെ മോചനവും ഇതുമൂലം സാധ്യമാകും.

iv) നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കൂലിച്ചിലവും വളം, കീടനാശിനികളുടെ വിലക്കയറ്റവും, കടിഞ്ഞാണിടുക കേവലം അസാദ്ധ്യമാണ്. വിവിധ ഉല്പാദനോപാധികളുടെ ശരിയായ ഉപയോഗം കൊണ്ട് നെൽകൃഷിയിൽ നിന്നുള്ള ഉല്പാദനം വർദ്ധിപ്പിച്ചു മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. 1987 ൽ ആരംഭിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം കാര്യക്ഷമമായി പ്രാവർത്തികമാക്കിയാൽ കൂടടായ പ്രവർത്തനംകൊണ്ട് വിവിധ മേഖലകളിൽ ഉല്പാദനചെലവ്

ഗണ്യമായി കുറയ്ക്കാവുന്നതാണ്. കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി ചിട്ടപ്പെടുത്തിയും കൃഷിക്കാരിൽ നിരന്തരമായ ബോധവൽക്കരണം നടത്തുകയും വഴി മാത്രമേ ഇക്കാര്യത്തിൽ സഹായിയായ മാറ്റം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഓരോ പാടശേഖരങ്ങൾക്കും ഓരോ വിളയ്ക്കും മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കണക്കിലെടുത്ത് സമഗ്രമായ ഒരു വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ ഉല്പാദനം ഇന്നുള്ളതിൽ നിന്ന് 100% വരെ വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. 2000-മാണ്ടോടെ പഞ്ചായത്തിലെ മൊത്തം ഉപഭോഗത്തിൻെറ 40%മെങ്കിലും ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു സമഗ്രനെൽകൃഷി വികസന പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

## തെങ്ങ്

ഈ പഞ്ചായത്തിൽ മൊത്തം 850 ഹെക്ടറിൽ തെങ്ങു കൃഷി ചെയ്യുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 40% ത്തിൽ താഴെ മാത്രമേ ജലസേചനം നടത്തുന്നുള്ളൂ. തെങ്ങിൽ നിന്നുള്ള ശരാശരി ഉല്പാദനം ആണ്ടിൽ തെങ്ങൊന്നിന് 30 നാളികേരം മാത്രമാണ്. ജലസേചന സൗകര്യമുള്ളിടത്ത് 50ഉം മറ്റിടങ്ങളിൽ 25ഉം) തെങ്ങുകൃഷിയുടെ കാര്യത്തിൽ ഇന്ന് കൃഷിക്കാർആശങ്കാകുലരാണ്. കഴിഞ്ഞ 5 വർഷകാലയളവിൽ കൂലിച്ചെലവിലും ഉല്പാദനോപാധികളുടെ വിലയിലും 60 % ലേറെ വർദ്ധനവുണ്ടായിട്ടും, നാളികേരത്തിൻെറ വിലയിൽ നാമമാത്രമായ വർദ്ധനവുമാത്രമേ ഉണ്ടായിട്ടുള്ളൂ എന്നതാണ് മുഖ്യകാരണം. വേരുചീയ്യൽ രോഗം, മഞ്ഞളിപ്പ്, തുടങ്ങിയരോഗങ്ങൾ. പലപ്രദേശങ്ങളിലും കണ്ടുവരുന്നു. തെങ്ങുകൃഷിയിടങ്ങളിൽ നിന്നുള്ള മൊത്തം വരുമാനം വർദ്ധിപ്പിച്ചുകൊണ്ടു മാത്രമെ ജാതിപ്രതിസന്ധി പരിഹരിക്കാനാവുകയുള്ളൂ. ഗ്രാമസഭകളിലെ ചർച്ചകളിൽ താഴെ ചൂചിപ്പിച്ച നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്.

I) രോഗം ബാധിച്ചതും ഉല്പാദനക്ഷമതകുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം സങ്കരയിനം തെങ്ങുകൾ വെച്ചുപിടിപ്പിക്കുക. തെങ്ങുകൾ വെട്ടിക്കളയുന്നതുകൊണ്ടുള്ള ഉൽപ്പാനനഷ്ടം പരിഹരിക്കുന്നതിനായി ഉചിതമായ സഹായം കൊടുക്കുകയും പകരം നടുന്നതിനാവശ്യമായ തെങ്ങിൻതൈകൾ വിതരണം ചെയ്യുകയും വേണം. സഹായധനം ഇന്നുള്ള 200കയിൽ നിന്നും 500 ക യായി വർദ്ധിപ്പിക്കേണ്ടതാണ്

ii) തെങ്ങിന് ജലസേചനം നൽകുക വഴി മാത്രം ഉല്പാദനം 50% വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പൊതുവെയുള്ള അഭിപ്രായം. സാദ്ധ്യമായ എല്ലാ കൃഷിയിടങ്ങളിലും ജനസേചനസൗകര്യം ഏർപ്പെടുത്താൻ നടപടികൾ എടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നിലവിലുള്ള സബ്സിഡി തുടർന്നും അനുഭവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നിലവിലുള്ള സബ്സീഡി തുടർന്നും അനുവദിക്കേണ്ടതുണ്ട്. വരുന്ന 5 വർഷംകൊണ്ട് സാധ്യമായ എല്ലാ കൃഷിയിടങ്ങളിലും ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള സമയബന്ധിത പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

iii) തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷിചെയ്തു മൊത്തവരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പ്രത്യേക പരിഗണന അർഹിക്കുന്നു. വിഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ജാതി, കുരുമുളക്, തുടങ്ങിയ സുഗന്ധ വിളകൾ, ഔഷധച്ചെടികൾ തുടങ്ങിയ ആദായകരമായി കൃഷി ചെയ്യാവുന്നതാണ്.

iv) തെങ്ങിന് ശാസ്ത്രീയമായ വളപ്രയോഗം മൂലം ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണം. തെങ്ങിന് എക്കൽ മണ്ണ് (കോരുമണ്ണ്) ഇട്ടുകൊടുക്കുന്ന സമ്പ്രദായം കൃഷിക്കാർ അനുവർത്തിച്ചുവരുന്നു. മണ്ണിൻെറ ഘടനയും ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കാൻ ഉതകുന്ന ഈ സമ്പ്രദായം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

v) ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചിലവളിവിത്തുകൾ വിതരണം ചെയ്യാൻ വേണ്ട നടപടികൾ എടുക്കും. നിരന്തരമായ ബോധവൽക്കരണം കൊണ്ടുമാത്രമെ ഈ ലക്ഷ്യം നേടാനാവുകയുള്ളൂ എന്നതിനാൽ നിലവിലുള്ള കേരസംരക്ഷണ സമിതികൾ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സമഗ്രമായ ഒരു സമയ ബന്ധിത പരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കുക വഴി ഉല്പാദനം ഇന്നുള്ളതിൻെറ 50% കണ്ട് വർദ്ധിപ്പിക്കുവാൻ കഴിയുമെന്നുള്ളത് തർക്കമറ്റ കാര്യമാണ്.

## കവുങ്ങ്

ഈ പഞ്ചായത്തിൽ 40 ഹെക്ടർ സ്ഥലത്തേ കവുങ്ങു കൃഷി ചെയ്യുന്നുള്ളൂ. മൊത്തം ഉൽപ്പാദനം ആണ്ടിൽ ഏകദേശം 50 ടൺ അടയ്ക്കയാണ്. മഹാളിരോഗവും കുമ്പുചീയലുമാണ് കവുങ്ങു കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇന്നത്തെ നിലവാരം വെച്ചുനോക്കുമ്പോൾ കവുങ്ങു കൃഷി വ്യാപിക്കുവാൻ സാധ്യതയുണ്ട്. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ തൈകൾ ലഭ്യമാക്കി കൃഷി വികസനം സാധ്യമാക്കേണ്ടതാണ്. മഹാളി രോഗത്തിനെതിരെ പ്രതിരോധമരുന്നുതളിക്കാനാവശ്യമായ സ്പ്രയറും കുമിൾനാശിനികളും ലഭ്യമാക്കുകയും ശാസ്ത്രീയ പരിചരണ മുറകൾ നടപ്പിലാക്കുകയും വഴി ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

## കശുമാവ്

ഇപ്പോൾ ഏകദേശം 20 ഹെക്ടർ മാത്രമേ കശുമാവ് കൃഷി ചെയ്യുന്നുള്ളൂ. വിദേശനാണ്യം നേടിത്തരുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്ന കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക വഴി ഈ മേഖലയിലെ തൊഴിൽ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാനും കശുവണ്ടി കൃഷി വ്യവസായം സഹായകരമാക്കും. കർഷകനെ സംബന്ധിച്ചിടത്തോളം കുറഞ്ഞ ചിലവിൽ കൂടുതൽ ആദായം നേടാൻ ഉതകുന്ന ഒരു നാണ്യവിളയാണിത്. ഓരോ വീട്ടുവിളയിലും ഒരു കശുമാവെങ്കിലും നട്ടുപിടിപ്പിക്കുക എന്ന ഒരു പരിപാടി ഏറ്റെടുത്ത് നടപ്പിലാക്കിയാൽ ഗണ്യമായ നേട്ടം ഈ കൃഷിയിൽ ഉണ്ടാക്കാൻ കഴിയുന്നതാണ്. അത്യുല്പാദനശേഷിയുള്ള മികച്ച ഇനം കശുമാവിൻ തൈകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ച് ഒരു സമയബന്ധിതമായ പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്.

## കുരുമുളക്

ഒരു തനിവിളയായി കുരുമുളക് ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നില്ല. നിലവിലുള്ള കവുങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ വൃക്ഷങ്ങളിലാണ് കുരുമുളക് കൃഷി ചെയ്യുന്നത്. വള്ളികളുടെ എണ്ണത്തെ ആധാരമാക്കി ഉദ്ദേശം 20 ഹെക്ടർ സ്ഥലത്ത് ഇത് കൃഷിചെയ്യുന്നുണ്ടെന്ന് കണക്കാക്കുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി ഇത് കൃഷിചെയ്യുന്നുണ്ടെന്ന് കണക്കാക്കുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി ഇത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. പുതിയ ഇനം നടീൽ വസ്തുക്കൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക വഴി കുരുമുളകിൻെറ കൃഷി വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

## പച്ചക്കറി

ഈ പഞ്ചായത്തിൽ ഏകദേശം 10 ടൺ പച്ചക്കറികളും പഴങ്ങളും ദിനംപ്രതി ചെലവാക്കുന്നുണ്ടെന്ന് കണക്കാക്കുന്നു. വ്യാപാരാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഈ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. ചുരുക്കം ചില വീടുകളിൽ അടുക്കളത്തോട്ടമെന്ന രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കാര്യം വിസ്മരിക്കുന്നില്ല. പച്ചക്കറിയുടെ ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി യുദ്ധ കാലാടിസ്ഥാനത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. താഴെപറയുന്ന നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്നത്.

(i) ഓരോ വീട്ടിലും അടുക്കളത്തോട്ടം നിർമ്മിക്കുക. സമഗ്രമായ ബോധവൽക്കരണവും വിത്തുകളുടെ വിതരണവും വഴി ഇത് സാദ്ധ്യമാക്കാവുന്നതാണ്.

(ii) മുണ്ടകൻ നിലങ്ങളിൽ കൊയ്ത്തിനുശേഷം ജനുവരി മുതൽ ഏപ്രിൽ വരെ പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. പണ്ടുകാലത്ത് കൃഷിക്കാർ സ്ഥിരമായി ിത് അനുവർത്തിച്ചുപോന്ന ഒരു വിളസംസ്ക്കാരമാണ്. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു വിപണന സംവിധാനം ഏർപ്പെടുത്തി കൃഷിക്കാർക്കു വേണ്ട സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകിയാൽ ഇത് പ്രാവർത്തികമാക്കാവുന്നതാണ്.

വിദ്യാർത്ഥികളിൽ പച്ചക്കറികൃഷി താല്പര്യം ജനിപ്പി[illegible]ന്നതിനായി എല്ലാ [illegible]ൂളിലും പച്ചക്കറി തോട്ടങ്ങൾ ആരംഭിയ്ക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പി[illegible]്യം ഒരു പരിധിവരെ നേടാൻ ഉപകരിക്കുന്നതാണ്.



309

## പുഷ്പകൃഷി

വളരെയേറെ സാദ്ധ്യതകൾ ഉള്ള ഒന്നാണ് പുഷ്പകൃഷി. പരിമിതമായ സ്ഥലത്തുനിന്നു പോലും മറ്റേതു കൃഷിയേക്കാളും ആദായം നേടിത്തരുന്ന ഈ മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സംഘടന രൂപീകരിച്ച് കുറ്റിമുഴം, അന്തൂറിയം, ഓർക്കിഡ്, തുടങ്ങിയ പുഷ്പ ഇനങ്ങൾ കൃഷി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിയും വിപണനസൗകര്യം ഏർപ്പെടുത്തിയും ഈ കൃഷി വ്യാപിപ്പിക്കേണ്ടതുണ്ട്.

## ഔഷധകൃഷി

ഒരു വൻകിട ആയുർവേദ ഔഷധ നിർമ്മാണശാല സ്വകാര്യമേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ ഔഷധിയുടെ ഔഷധനിർമ്മാണ കേന്ദ്രവും, തൃശൂർ ജില്ലയിലാണ്. ആയുർവ്വേദ ഔഷധ നിർമ്മാണ രംഗത്തു ഔഷധ സസ്യങ്ങളുടെ ക്ഷാമം രൂക്ഷമാണ്. ഈ സാഹചര്യത്തിൽ ഔഷധ സസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് ലാഭകരമായ ഒരു സംരംഭമായിരിക്കും. പലയിനം സസ്യങ്ങളും, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. നടീൽ വസ്തുക്കളുടെ ലഭ്യതയാണ് മുഖ്യപ്രശ്നം. കാർഷികസർവ്വകലാശാലയും, കൃഷിവകുപ്പിനും ഇതിൽ സഹായിക്കാൻ കഴിയും. വിപണനസൗകര്യം, കണക്കിലെടുത്തു ആരംഭത്തിൽ ഔഷധനിർമ്മാണ ശാലയുടെ പ്രാന്തപ്രദേശങ്ങളിൽ നിന്നാരംഭിച്ചു. കൂടുതൽ സ്ഥലത്തേയും വ്യാപിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

## കൂൺ കൃഷി

മികച്ച പ്രോട്ടീൻെറ കലവറയായ കൂണിൻെറ ഉല്പാദനവും ഉപഭോഗവും പ്രാധാന്യം നല്കി പ്രചരിപ്പിക്കേണ്ടതുണ്ടു. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള ഒരു ഉപാധിയെന്ന നിലയ്ക്ക് വീട്ടാവശ്യത്തിന് ഉള്ള കൂൺ വലിയ ചിലവ് കൂടാതെ ഏറ്റെടുക്കാവുന്നതാണ്. വ്യവസായികാടിസ്ഥാനത്തിൽ പോലും കൂൺ കൃഷിക്ക് വമ്പിച്ച സാധ്യതകൾ ഉണ്ട്.

### വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്ത്
### രാസവള കീടനാശിനി വിപണനം

| സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| സഹകരണം | 1,01,560 | 1,296 | -- | 1,56,235 | 820 | 180 | 20,250 | 300 | 162 |
| സ്വകാര്യം | 1,00,226 | 1,800 | 200 | 4,8392 | 700 | 239 | 42,940 | 540 | 60 |



പാടക്കാവിനു പാടശേഖരം

## വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്
### വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 262 | 44504 M.T. | 1700 kg/ഹെക്ടർ |
| നെല്ല് (2-ാംവിള) | 388 | 853.6 M.T. | 2200 ka/ഹെക്ടർ |
| നെല്ല് (3-ാംവിള) | 10.25 | 32.8 M.T. | 3,200 Kg/ഹെക്ടർ |
| പയർ | 30.00 | 30.00 | 1 M.T. ഹെക്ടർ |
| എള്ള് | 1.5 | 7.00 M.T. | 5 M.T. ഹെക്ടർ |
| പച്ചക്കറികൾ | 12.25 | 12.25 | 1.00 ഹെക്ടർ |
| തെങ്ങ് | 850 | 89,25,000 Nos. | 60/Tree |
| വാഴ | 20 | 550 M.T. | 11 Kg/ഹെക്ടർ |
| മരച്ചീനി | 5 | 6.25m.T. | 12.5 MT.ഹെക്ടർ |
| കുരുമുളക് | 20 | 506 mT | 23 Kg. /Tree |
| പ്ലാവ് | 25 | 3,750 M.T. 1 | MT /Tree |
| കശുമാവ് | 6.25 | 9.75 M.T. | 1.5 MT/Tree |
| മാവ് | 7.2 | 2.16 M.T. 20.k.G. Tree | |
| റബ്ബർ | -- | -- | -- |
| കവുങ്ങ് | 26 | 439.4 M.T. | 13 KG/Tree |

### വെള്ളാംകല്ലൂർ ഗ്രാമ പഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം | | |
|---|---|---|---|
| നിലം | 1029 | - | 2474 |
| പുരയിടം | 1413 | - | 1828 |
| പുറംപോക്ക് | 206 | - | 4737 |
| കൃഷിയോഗ്യതിശ് | 12 | - | 2196 |
| ആകെ | 2661 | - | 1235 |

## സസ്യാവരണങ്ങൾ

| ഉയർന്ന സമതലം കുന്നുകൾ | ചെരിവുകൾ | താഴ്‌വരകൾ പാടം | തീര സമതലം | ചതുപ്പു നിലം |
|---|---|---|---|---|
| മാവ് | കശുമാവ് | നെല്ല് | തെങ്ങ് | പായൽ |
| കശുമാവ് | പ്ലാവ് | | | |
| പ്ലാവ് | മാവ് | കറുകപ്പുല്ല് | കവുങ്ങ് | പോട്ടപുല്ല് |
| മുരിങ്ങ | തെങ്ങ് | കവുങ്ങ് | പായലുകൾ | |
| പാല | വാഴ, ചേമ്പ് | പായലുകൾ | | |
| ചെമ്പരത്തി | ഇഞ്ചി മഞ്ഞൾ | കഞ്ഞുണ്ണി | പൂകൈത | |
| ശീമ കൊന്ന | ചേന, മുളക് | | പപ്പായ | |
| പപ്പായ | ശീമകൊന്ന | | വാഴ | |
| ലൂവിക്ക | ജാതിമരം | | കരയാമ്പൂ | |
| ചാമ്പക്ക | പുളി | | ചേമ്പ് | |
| പേര | കണികൊന്ന | | ചേന | |
| പുളിമരം | പന | ജാതിമരം | | |
| അക്കേഷ്യ | നീരോലി | | | |
| പുല്ലാനി | കാച്ചിൽ | | | |
| ചെമ്പകം | തുളസി | | | |
| കുന്നിവാക | ചെമ്പരത്തി | | | |
| | കുറുന്തോട്ടി | | | |
| | കുടമ്പുളിമരം | | | |

## ജലസേചനം

കാലവർഷം സാധാരണയായി ജൂൺ മുതൽ ഒക്ടോബർ മാസം വരെയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. നവമ്പർ മുതൽ മേയ്മാസം വരെ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. മാർച്ച് മുതൽ മേയ് വരെ മൂന്ന് മാസക്കാലം പഞ്ചായത്തിൽ വരൾച്ച അനുഭവപ്പെടുന്നു. ചില വർഷങ്ങളിൽ കുടിവെള്ളത്തിനുപോലും ബുദ്ധിമുട്ടുന്ന രീതിയിൽ പഞ്ചായത്തിൻെറ പല പ്രദേശങ്ങളിലും രൂക്ഷമായ വരൾച്ച അനുഭവപ്പെടാറുണ്ട്. സ്വകാര്യ കിണറുകൾ 5859, സ്വകാര്യ കുളങ്ങൾ 58, പൊതുകുളങ്ങൾ 14, എന്നിവയാണ് ജലാശയങ്ങൾ. പ്രകൃതിദത്തമായ തോടുകൾ 24.5 കിലോ മീറ്റർ ഉണ്ടാകും. ഏകദേശം 2 മീറ്ററിനും, 3 മീറ്ററിനും വീതി ഈ തോടുകൾക്കുണ്ട്. ഈ തോടുകളിൽ ചെക്ക് ഡാമുകൾ കെട്ടി വെള്ളം സംരക്ഷിച്ചുകൊണ്ടല്ലാതെയുള്ള ജലസേചന പദ്ധതികൾ മാത്രമെ ഇപ്പോൾ ചിന്തിക്കുവാൻ കഴിയുകയുള്ളു. അതു കൂടാതെ കുഴൽകിണറുകൾ നിർമ്മിച്ചു ജലസേചതനത്തിനുള്ള സൗകര്യങ്ങൾ ആലോചിക്കാവുന്നതാണം. അതോടൊപ്പം നിർമരി പദ്ധതിയിലായി ശാസ്ത്രീയമായി ജലസംഭരണ ശക്തി വർദ്ധിപ്പിക്കാവുന്ന തരത്തിൽ ജലസമ്പത്തു ഉപയോഗപ്പെടുത്തുവാൻ കഴിയും.

# മൃഗസംരക്ഷണം

കേരളത്തിലെ മറ്റ് പഞ്ചായത്തുകളെപ്പോലെ വെള്ളാങ്കല്ലൂർ പഞ്ചായത്തും ഒരു കാർഷിക ഗ്രാമമാണ്. കൃഷി മൃഗപരിപാലനം, തൊഴിലായി സ്വീകരിച്ച കൃഷിക്കാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇപ്പോഴും ധാരാളം പേർ ഈ രീതി തുടരുന്നു. കൃഷിയുടെ അവിഭാജ്യഘടകമാണ് കാലിവളർത്തൽ. പാലുല്പാദിപ്പിക്കുന്നതിനും വണ്ടി വലിക്കുന്നതിനും, നിലമുഴുന്നതിനും മാത്രമല്ല ജൈവവളങ്ങളുമടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. കാലികളെ മേയ്ക്കുന്നതിന് ധാരാളം പാടങ്ങളും തുറസ്സായ സ്ഥലങ്ങളും ഉണ്ടായിരുന്നതിനാൽ നേരത്തെ കാലിവളർത്തൽ ഒരു ഭാരമായിരുന്നില്ല. ഭൂവിനിയോഗത്തിൽ വന്ന മാറ്റം ഇന്ന് സ്ഥിതിയാകെ മാറ്റിയിരിക്കുന്നു.

പശു, ആട്, എരുമ, എന്നിവയാണ് വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ കോഴിയാണ് കൂടുതൽ. താറാവ് വളർത്തലും കണ്ടുവരുന്നു. 1998 ലെ സെൻസസ്സിന്റെ റിപ്പോർട്ട് ലഭ്യമല്ല. സങ്കര ഇനം പശുക്കളുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ട്. ഇറച്ചിക്കോഴികളെ വളർത്തുന്ന ചെറിയ ഫാമുകൾ ഈ പഞ്ചായത്തിലുണ്ട്. മുയലുകൾ, ഗിനികോഴികൾ, താറാവുകൾ, എന്നിവ വളർത്തുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. കാവൽ നായ് ഇനത്തിൽ നല്ല നായ്ക്കളും നാടൻ നായ്ക്കളും കണ്ടുവരുന്നു. അലഞ്ഞു നടക്കുന്ന നായകളേയും കാണാം.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളാങ്കല്ലൂർ മൃഗാശുപത്രിയും വള്ളിവട്ടം 1 CDP സബ്സെൻററുമാണ്. കൂടാതെ വെള്ളാങ്കല്ലൂർ, കോണത്തുകുന്ന് വള്ളിവട്ടം പ്രദേശങ്ങളിൽ മിൽക്ക് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്.

മാസലഭ്യതയുടെ കാര്യത്തിലും മുട്ടയുടെ ഉല്പാദനത്തിലും ഈ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല.

വിവിധ ഗ്രാമസഭകളിൽ മൃഗസംരക്ഷണത്തെപ്പറ്റി ജനങ്ങൾ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ, പ്രശ്നങ്ങൾ

I.

A സങ്കരഇനം പശുക്കളുടെ എണ്ണം വർദ്ധിച്ചുവെങ്കിലും അവയുടെ ഉല്പാദനക്ഷമത പൂർണ്ണമായും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

B. സങ്കര ഇനം കിടാരികളുടെ ആദ്യപ്രസവം നടക്കുന്നത് പലപ്പോഴും 40-45 മാസം പ്രായമായതിന് ശേഷമാണ്.

C. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 22 മാസങ്ങൾ വരെ നീണ്ടു പോകുന്നു.

D. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും ഗുണനിലവാരക്കുറവും

E. പച്ചില പുല്ല് എന്നിവയുടെ ദൗർലഭ്യം

F. ചികിത്സാച്ചെലവ് ഭാരിച്ചതായി കഴിഞ്ഞിരിക്കുന്നു.

G. അകിട് വീക്കം തുടങ്ങിയ രോഗങ്ങൾ വ്യാപിക്കുന്നു.

H. പശുക്കളുടെ ഇൻഷ്വറൻസ് പ്രീമിയം വളരെ വർദ്ധിച്ചിരിക്കുന്നു.

I ഈ രംഗത്തെ കർഷകനെ സഹായിക്കാനും ഇൻഷ്വറൻസ് പദ്ധതിയോ ക്ഷേമനിധിയോ ഇല്ല

J ഉല്പാദനത്തിന് ന്യായമായ വില ലഭിക്കുന്നില്ല.

II നല്ല ഇനം ആടുകളെ ലഭിക്കുന്നില്ല.

III നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല. ഇറച്ചികോഴികളെ വളർത്തുന്നതിന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

VI. നല്ലയിനം ഇറച്ചി മുയലുകളെ ലഭിയ്ക്കുന്നില്ല

V. വേണ്ടത്ര പന്നിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

VI വെള്ളാങ്കല്ലൂർ മൃഗാശുപത്രിയിൽ വേണ്ടത്ര മരുന്നുകളും രോഗപ്രതിരോധ വാക്സിനുകളും ലഭ്യമാക്കണം. പ്രീമിയം വിത്തുകാളകളുടെ ബീജംലഭ്യമാക്കണം.

VIII വള്ളിവട്ടം ICDP സബ് സെൻറർ മൃഗാശുപത്രിയായി ഉയർത്തണം.

VIII പഞ്ചായത്തിൽ പുതിയ ബീജസങ്കലന കേന്ദ്രങ്ങൾ തുടങ്ങണം.

## പരിഹാരനിർദ്ദേശങ്ങളും ഭാവി പ്രവർത്തനങ്ങളും

### 1. വർഗ്ഗശുദ്ധിയുള്ള കന്നുകാലികൾ

1982ലെ കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിൽ 3,000ൽ പരം പശുക്കൾ ഉണ്ട്. വെള്ളാങ്കല്ലൂർ മൃഗാശുപത്രി വള്ളിവട്ടം ICDPസബ്സെൻറർ എന്നീ കേന്ദ്രങ്ങളിലാണ് ബീജസങ്കലന സൗകര്യങ്ങളുള്ളത്. 500 പശുക്കൾക്ക് ഒരു കേന്ദ്രനം എന്ന നിലയിൽ കാരുമാത്ര കോണത്തുകുന്ന്, പാലേരി എന്നീ പ്രദേശങ്ങൾ ഇതിനായി തെരഞ്ഞെടുക്കാവുന്നതാണം. ധാരാളം പശുക്കളുള്ള വള്ളിവട്ടം ICDP സെൻറർ മൃഗാശുപത്രിയായി ഉയർത്തേണ്ടതാണ്. വെള്ളാങ്കല്ലൂർ മൃഗാശുപത്രിയിൽ പ്രീമിയം വിത്തുകാളയുടെ ബീജം കുത്തിവെയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്. പശുക്കളുടെ വർഗ്ഗോദ്ധാരണത്തിന് സ്വീകരിക്കാവുന്ന ഏറ്റവും നൂതന സാങ്കേതിക വിദ്യയായ ഭ്രൂണമാറ്റ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

### II പ്രത്യേക കന്നുകുട്ടി പരിപാലനം

ഉയർന്ന ജിതകഗുണമുള്ള പശുക്കൾക്ക് പരിചരണം നൽകി ആദ്യപ്രസവം 32 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക. ഗുണമേന്മയുള്ള കാലീത്തീറ്റയും മരുന്നുകളും, വാക്സിനുകളും പകുതിവിലയ്ക്ക് ലഭ്യമാക്കുക. സബ്സിഡി ഒരു കർഷകന് പരമാവധി 4,500 രൂപ എല്ലാ പാൽ സംഘങ്ങൾ വഴിയും സംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ സംഘങ്ങൾക്ക് രൂപം നല്കിയും അതുവഴിയോ അല്ലെങ്കിൽ നിലവിലുള്ള സംഘങ്ങളുടെ ബ്രാഞ്ച് വഴിയോ നടപ്പിലാക്കാൻ കഴിയും. 22,50,000/- രൂപ 9-ാംപദ്ധതിയിൽ ചെലവ് പ്രതീക്ഷിക്കുന്നു.

### III തീറ്റ മിശ്രിത യൂണിറ്റ്

കാലിത്തീറ്റയിലും കോഴിത്തീറ്റയിലും അടിക്കടിയുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തിൻെറ നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷപ്പെടാൻ തീറ്റ മിശ്രിത യൂണിറ്റ് തുടങ്ങാവുന്നതാണം. 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മേൽ യൂണിറ്റ് തുടങ്ങുന്നതിന് സമയം ടുക്കുമെങ്കിൽ പാൽ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്നതാണ്. നല്ല ഗുണമേന്മയുള്ള കാലിത്തീറ്റ സംഘങ്ങൾ വിതരണം നടത്താവുന്നതാണ്.

### IV തീറ്റപ്പുൽകൃഷി

ലാഭകരമായ പാലുല്പാദനത്തിൻെറ പ്രധാന ഘടകം തീറ്റപ്പുല്ലിൻെറ ലഭ്യതയാണം. ഇടവിള എന്ന രീതിയിൽ തെങ്ങിൻ തോപ്പുകളിൽ ഇത് പ്രോത്സാഹിപ്പിക്കാവുന്നതാണം. ഒരു ഹെക്ടറിന് 25,000 രൂപ നിരക്കിൽ 3 ഹെക്ടറിന് 75,000 രൂപ 9-ാം പദ്ധതിയിൽ ചെലവ് പ്രതീക്ഷിക്കുന്നു.

**V ക്ഷീര സംഘങ്ങൾ വൈക്കോൽ സുലഭമായി ലഭിക്കുന്ന സമയത്ത് സംഭരിച്ച് കർഷകന് വിപണനം നടത്തേണ്ടതാണ്.**

### VI സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

പഞ്ചായത്തിലെ പശു, എരുമ, ആട് എന്നിവയെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവന്ന് മരണം മൂലമോ മറ്റ് കാരണങ്ങൾ കൊണ്ടോ പൂർണ്ണമായും ഉല്പാദനവൈകല്യം സംഭവിച്ചാൽ കർഷകന് നഷ്ടപരിഹാരം ലഭിക്കണം. ഇൻഷ്വറൻസ് കമ്പനിയുമായി ആലോചിച്ച് മാസ്റ്റർ പോളിസി പദ്ധതി നടപ്പിൽ വരുത്താവുന്നതാണം. 9-ാം പദ്ധതിയിൽ 3 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

### VIII തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം :

മൃഗങ്ങളുടെ പല രോഗങ്ങൾക്കും, പരിഹാരത്തിന് തൊഴുത്തുകളുടെ തറ ശാസ്ത്രീയമായി നിർമ്മിക്കേണ്ടതാണ്. ഒരു കർഷകന് 2,000/രൂപ പ്രകാരം 9-ാം പദ്ധതിയിൽ 200 പേർക്ക് 4 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## VIII ശാസ്ത്രീയ മാംസോല്പാദനം

ജനങ്ങളുടെ ആരോഗ്യത്തെ മുൻ നിർത്തിയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമായ ആധുനിക അറവുശാല അകത്യന്താപേക്ഷിതമാണ്. 9-ാം പദ്ധതിയിൽ 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## IX കാളക്കുട്ടി പരിപാലനം

കാളകുട്ടികളെ ശരിയായി പരിചരിച്ചും 6 മാസം പ്രായമാകുമ്പോൾ വരിയുടയ്ക്കുകയും ശാസ്ത്രീയമായി പരിചരിച്ചാൽ 12 മാസം കൊണ്ട് മാംസാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

ഒരു യൂണിറ്റിന് 12,500 രൂപ പ്രകാരം 150 യൂണിറ്റിന് 9-ാം പദ്ധതിയിൽ 3,75,000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

## X ഊർജ്ജിത പന്നിവളർത്തൽ പദ്ധതി

പന്നിയുടെ ഉല്പാദനവും, ലഭ്യതയും വർദ്ധിപ്പിക്കുക. 5 പെൺപന്നിയും, ഒരു ആൺപന്നിയും അടങ്ങുന്ന യൂണിറ്റ് കൂടിന് 7,000 രൂപയും കുഞ്ഞുങ്ങൾക്ക് 1,200 രൂപയും പ്രകാരം യൂണിറ്റൊന്നിന് 8,200/രൂപ 9-ാം പദ്ധതിയിൽ 10 യൂണിറ്റിന് 82,000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

## XI പാച്ചറിങ്ങം സ്കീം

ഒരാൾക്ക് രണ്ട് പന്നികുട്ടികളെ വീതം നല്കുന്നു. വിലയുടെ 50 % സബ്സീഡി. ഒരു യൂണിറ്റിന് 500 രൂപ സഹായം. 9-ാം പദ്ധതിയിൽ 100യൂണിറ്റിന് 50,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## XIII ആട് വളർത്തൽപദ്ധതി

ഒരാൾക്ക് രണ്ട് പെൺ ആടുകളെ വീതം വിതരണം ചെയ്യുന്നു. 6 മുതൽ 9 വരെ പ്രായമുള്ള ആടുകളെയാണ് നല്കുന്നത്. ഒരു യൂണിറ്റന് 450 രൂപ സബ്സീഡി.

9-ാം പദ്ധതിയിൽ 200 യൂണിറ്റിന് 90,000 രൂപ മലബാറി ഗുണത്തിലുള്ള ആടുകളെ ലഭിക്കുകയാണെങ്കിൽ സൗജന്യനിരക്കിൽ വിതരണം നടത്താവുന്നതാണം. ജമുനാബാരി ആടുകൾക്ക് മുൻ തൂക്കം നൽകുന്നതാണ്.

## XIII മുയൽ വളർത്തൽ പദ്ധതി

ചുരുങ്ങിയ മൂലധനമുടക്കിൽ താഴേക്കിടയിലുള്ള കർഷകർക്ക് ഉപതൊഴിലായി സ്വീകരിക്കാവുന്ന പദ്ധതി. യൂണിറ്റൊന്നിന് 500 രൂപ പ്രകാരം 20 യൂണിറ്റ് 9-ാം പദ്ധതിയിൽ ചെലവ് 10,000 രൂപ

## XIV ഇറച്ചി കോഴി വളർത്തൽ

സ്വയം തൊഴിൽ ആയി സ്വീകരിക്കാവുന്നതാണ്. 8 ആഴ്ച കൊണ്ട് വിപണനം നടത്താം. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് സംഘടനകൾ വഴി വിതരണം നടത്തണം.

## XV എഗ്ഗർ പൗൾട്രി നഴ്സറികൾ

മറ്റ് പദ്ധതികൾക്ക് കോഴിക്കുഞ്ഞുങ്ങളെ എളുപ്പത്തിൽ വിതരണം നടത്തുന്നതിന് 45 ദിവസം പ്രായം വരെ വളർത്തി മറ്റ് പദ്ധതികൾക്ക് വിതരണം ചെയ്യണം. 500 കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്ന യൂണിറ്റിന് 15,000 രൂപ സഹായധനം നല്കാവുന്നതാണ്.

9-ാം പദ്ധതിയിൽ 2 യൂണിറ്റിന് 30,000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

## XVI അടുക്കള മുറ്റത്തെ കോഴിവളർത്തൽ

ഒരാൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം നല്കാം. ഒരു കുഞ്ഞിന് 15 രൂപ സഹായം., 500 യൂണിറ്റിന് 9-ാം പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചിലവ് 3,75,000 രൂപ

## XVII പേവിഷനിയന്ത്രണ പരിപാടി

വെള്ളാങ്കല്ലൂർ പഞ്ചായത്തിനെ പേവിഷനിയന്ത്രണ പഞ്ചായത്താക്കുക. ഒരു ഡോസ് മരുന്നിന് 35 രൂപ പ്രകാരം 9-ാം പദ്ധതിയിൽ 1500 നായ്കൾക്ക് 52,500 രൂപ വേണ്ടിവരും.

## XVIII മൊബേൽ വെറ്റിനറി ഹോസ്പിറ്റൽ

പഞ്ചായത്തിൻെറ വിസതൃതിയും മൃഗസമ്പത്തും പരിഗണിച്ച് മൊബൈൽ വെറ്റിനറി ആശുപത്രി ആവശ്യത്തിന് 10 ലക്ഷം രൂപ 9-ാം പദ്ധതിയിൽ ഇതിനായി പ്രതീക്ഷിക്കുന്നു.

## XIX ഡയറി യുണിറ്റ്

തൊഴിൽ രഹിതർക്ക് തൊഴിൽ എന്ന രീതിയിലും മറ്റുള്ളവർക്ക് ഉപതോഴിൽ എന്ന നിലയിലും രണ്ട് പശുക്കൾ ഒരാൾക്ക് അനുവദിക്കാവുന്ന ഒരു യൂണിറ്റ് പദ്ധതി ചെലവ് യൂണിറ്റൊന്നിന് 10,000 രൂപ വീതം 500 യൂണിറ്റിന് 50,00,000 രൂപ.

## XX മിനി ഡയറി യുണിറ്റ്

ഏറ്റവും കുറഞ്ഞത് 2 പശുക്കളും കൂടുതൽ 10 പശുവരെ അടങ്ങുന്ന മിനി ഡയറി യുണിറ്റ് 9-ാം പദ്ധതിയിൽ 5 യൂണിറ്റ് പ്രവർത്തിക്കണം. ആകെ പ്രതീക്ഷിക്കുന്ന ചിലവ് 5 ലക്ഷം രൂപ

## XXI പരീശീലന ക്ലാസ്സുകൾ

കർഷകർക്ക് വേണ്ട പരിശീലന ക്ലാസ്സുകൾ നല്കുന്നതിന് വേണ്ട ധനസഹായം 9-ാം പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചിലവ് 30,000 രൂപ

## XXII മു[illegible] വിരിക്കൽ കേന്ദ്രം

[illegible] വ്യത്തിനുള്ള കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കായി ഒരു യൂണിറ്റ് ചിലവ് 5 ലക്ഷം രൂപ

## XXIII പുനരധിവാസ പദ്ധതി

അനാഥശാലകളിൽ മൃഗസംരക്ഷണ പദ്ധതിനടപ്പിലാക്കുന്നതിന് 9-ാംപദ്ധതി പ്രകാരം ചിലവ് 25,000 രൂപ.

## XXIV പഞ്ചായത്തു തല മൃഗസംരക്ഷണ മേള

വർഷം 5000 രൂപ വീതം 5 വർഷത്തേക്ക് 25,000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

## XXV [illegible]വന മേഖല

വെള്ളാങ്കല്ലൂർ മൃഗാശുപത്രി വളരെ പഴക്കമുള്ളതാണെങ്കിലും ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല. വാട്ടർ കണക്ഷൻ 5,000 രൂപ റഫ്റിജറേറ്റർ 15,000 രൂപ. ടെലിഫോൺ 5,000 രൂപ മെച്ചപ്പെട്ട ലബോറട്ടറി 50,000 രൂപ എന്നീ വികസന നടപടികൾ 9-ാം പദ്ധതിയിൽ ആവശ്യമാണ്.

### വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | ക്രിത്രിമ ബീജ സംങ്കലനം നടത്തിയവ | ഗർഭധാരണ ത്തിന് 2ൽ അധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1,644 | 900 | 98 |
| കിടാരി | -- | 513 | 42 |
| എരുമ | 198 | 168 | 38 |

# ക്ഷീര വികസനം

## 1. മാതൃകാ ഡയറി യൂണിറ്റ്

25 സെൻറ് സ്ഥലത്ത് പുൽകൃഷിയും 2 പശുക്കളും അടങ്ങിയ യൂണിറ്റിന്
7,000 രൂപ പ്രകാരം 9-ാം പദ്ധതിയിൽ 25 യൂണിറ്റ് 175000.00

## 2. മാതൃകാ കാലിതൊഴുത്ത് നിർമാണം

ഒരെണ്ണത്തിന് 1250 രൂപ പ്രകാരം വർഷത്തിൽ 12 എണ്ണം വീതം 9-ാം പദ്ധതിയിൽ 60 എണ്ണം 75000.00

## 3. കർഷക സമ്പർക്ക പരിപാടി

ഒരു ക്ലാസ്സിന് 1000 രൂപ പ്രകാരം വർഷത്തിൽ 13 ക്ലാസ്സ് 9-ാം പദ്ധതിയിൽ 65 ക്ലാസ്സ് 65000.00

## 4 ക്ഷീരോല്പന്ന നിർമ്മാണ്ണ ക്ലാസ്സ്

ഒരു ക്ലാസ്സിന് 300 രൂപ പ്രകാരം വർഷത്തിൽ 13 ക്ലാസ് 9-ാം പദ്ധതിയിൽ 65 ക്ലാസ്സ്
19500.00

## 5. കന്നുകാലി പ്രദർശനം

പഞ്ചായത്തുതലത്തിൽ വർഷത്തിൽ 1 വീതം 9-ാം പദ്ധതിയിൽ 5 പ്രദർശനം 25000.00

## 6. ധാതു ലവണ മിശ്രിതം

ഒരു വർഷത്തേക്ക് 500 പാക്കറ്റ് വീതം 5 വർഷത്തേക്ക് 2500 പാക്കറ്റ്

## 7. വിറ്റാമിൻ സ്പ്ലിമെൻറ് ഒരു വർഷം 500 ബോട്ടിൽ വീതം

9-ാം പദ്ധതിയിൽ 2500 ബോട്ടിൽ

## 8. ശുദ്ധമായ പാലുല്പാദനത്തിനം

ഒരു വർഷം 500 കിറ്റ് വീതം 9-ാം പദ്ധതിയിൽ 2500 കിറ്റ്

## 9. ശുദ്ധമായ പാലുല്പാദനത്തിന്

ഒരു വർഷം 500 കിറ്റ് വീതം 9-ാം പദ്ധതിയിൽ 2500 കിറ്റ്

## 9. പുൽകൃഷി വികസന പദ്ധതികൾ

വാണിജ്യ അടിസ്ഥാനത്തിൽ 1 ഹെക്ടർ പുൽകൃഷി ഒരു യൂണിറ്റിന്
1 വർഷം 3 ഹെക്ടർ വീതം ഒരു ഹെക്ടറിന് 25000 പ്രകാരം 9-ാം പദ്ധതിയിൽ 375000.00

## 10. ക്ഷീര സംഘങ്ങൾ വഴി പുൽവ്യാപാരം

ഒരു സംഘത്തിന് 15000 പ്രകാരം 9-ാം പദ്ധതിയിൽ 45000.00

## 11. ഫോഡർ ബാങ്ക് നിർമ്മാണം

5 വർഷത്തേക്ക് 3 എണ്ണം 75000.00

## 12. ദീർഘകാല പുൽകൃഷി - പുൽപയർ മിശ്രിതം

ഒരുവർഷം 5 ഹെക്ടർ സ്ഥലം 5 വർഷം കൊണ്ട് 25 ഹെക്ടറിന് 1000 പ്രകാരം 25000.00

**13. ഹ്രസ്വകാല പുൽകൃഷി**

ചോളം ഒരു വർഷം 3 ഹെക്ടർ പ്രകാരം 5 വർഷം 15 ഹെക്ടർ ഹെക്ടർ

ഒന്നിന് 600 രൂപ പ്രകാരം 25000.00

**14. ഒരു വർഷം 3 ഹെക്ടർ പ്രകാരം 5 വർഷം 15 ഹെക്ടർ**

ഹെക്ടർ ഒന്നിന് 600 രൂപ പ്രകാരം 9000.00

**15. പ്രത്യേക ഘടക പദ്ധതി**

ഒരു വർഷം 5 ഗുണഭോക്താക്കൾ ഒരാൾക്ക് 7000 രൂപ പ്രകാരം 25 പേർക്ക് 175000.00

**16. S.C.A.**

ഒരു വർഷം 10 എണ്ണം വീതം. ഒരു യൂണിറ്റിന് 5700 രൂപ പ്രകാരം 5 വർഷത്തേക്ക് 285000.00

ക്ഷീരവികസനത്തിനുവേണ്ടി, ഓരോ ബ്ലോക്കിലും ഡയറി എക്സ്റ്റൻഷൻ ഓഫീസ് വേണമെന്നുള്ള സർക്കാർ തീരുമാനപ്രകാരം ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസും വെള്ളാങ്ങല്ലൂർ ബ്ലോക്കിൽ ആരംഭിക്കണം. ആയതിലേക്ക് 9-ാം പദ്ധതിയിൽ 5 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് നൽകുന്നതുപോലെ തൊഴുത്തു-പശു അടങ്ങിയ യൂണിറ്റുകൾ പട്ടികജാതിക്കാരല്ലാത്ത ദുർബ്ബല ജനവിഭാഗങ്ങൾക്കു കൂടി നൽണ്ടേതാണ്.

## മത്സ്യ ബന്ധനം

പരമ്പരാഗത ശൈലിയിൽ മത്സ്യബന്ധനം നടത്തുന്ന നിരവധി തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഉളനാടൻ മത്സ്യബന്ധനസൗകര്യമാണ് ഈ പഞ്ചായത്തിലുള്ളത്. വഞ്ചിയും, വലയും, കോരുവലയും ഒറ്റാലും ഉപയോഗിച്ചും മത്സ്യം പിടിക്കുന്ന രീതിയും മരച്ചില്ലകളിട്ട മീനിനെ ആകർഷിച്ച് മുളപാളികൾ കൊണ്ടുള്ള കൈകാലുപയോഗിച്ചും മത്സ്യത്തെ പിടിക്കുന്ന രീതിയ.ും, കണ്ണാടി വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന രീതിയും ഈ പഞ്ചായത്തിൽ പണ്ടു മുതലേ തുടർന്നുവരുന്നതാണ്. കക്കാപിടുത്തം ചില സമയങ്ങളിൽ തൊഴിലായി സ്വീകരിച്ച് വരുന്നവരുണ്ട്. മത്സ്യവികസന ഏജൻസികളുടെ സഹായത്തോടെ മത്സ്യകൃഷി ഈ പഞ്ചായത്തിൽ നടത്തിവരുന്നുണ്ട്. മത്സ്യ തൊഴിലാളികൾ സഹകരണസംഘം, ആനാപ്പുഴ കേന്ദ്രമായ പ്രവർത്തിക്കുന്നതിൻെറ പരിധിയലാണ് ഈ പഞ്ചായത്തിലെ ഏതാനും മത്സ്യ തൊഴിലാളികൾ. മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ഏതാനും മത്സ്യതൊഴാളികളും ഈ പഞ്ചായത്തിലുണ്ട്.

ഏകദേശം 6.50 ലക്ഷം രൂപ ഒരു വർഷം മത്സ്യസമ്പത്തുവഴി പഞ്ചായത്തിന് ലഭിക്കുന്നു. ഇതിൻെറ മൂന്നിരട്ടി മത്സ്യസമ്പത്ത് ഈ പഞ്ചായത്തിലുണ്ടാകുമെന്ന് നാം കരുതണം. ചെമ്മീൻ, കരിമീൻ, കണമ്പ്, ഞണ്ട്, വരാൽ തുടങ്ങിയ മത്സ്യ ഇനങ്ങളാണ് ഇവിടെ കണ്ടുവരുന്നത്. ഓരുകയറുന്ന സമത്തു ചെമ്മീൻ കൃഷി നല്ല വിളവെടുപ്പാണ്. ഈത്തവണ നീർമറി പ്രദേശമായ പ്രഖ്യാപിച്ചിരിക്കുന്ന ഉള്ളിവട്ടം വില്ലേജിലെ തെക്കൻ ഭാഗത്ത് കേന്ദ്രീകരിച്ച് നെൽകൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലത്ത് ഇടബണ്ടുകൾ കെട്ടി അതിൻമേൽ തെങ്ങും, ഒരു വിള പൊക്കാളി കൃഷിയും, ഒരു വിള മത്സ്യവും വികസിപ്പിക്കാവുന്ന പദ്ധതി പ്രകാരം വരുന്ന അഞ്ച് വർഷക്കാലത്തേക്ക് 29 ലക്ഷം രൂപയുടെ വികസന പ്രവർത്തങ്ങൾ നടപ്പിൽ വരുത്തുമ്പോൾ വലിയ മത്സ്യ വിഭവങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയും. ചുരുങ്ങിയത് മൂന്ന് ഹെക്ടർ സ്ഥലത്ത് ഞണ്ട് വികസനം, വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ ഒരു വർഷം 3 ലക്ഷം രൂപയുടെ വരുമാനം സംഘടിപ്പിക്കാൻ കഴിയും. പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ ദീർഘകാലടിസ്ഥാനത്തിൽ വ്യക്തികൾക്ക് പാട്ടത്തിന് നല്കി അതിൽ മത്സ്യകൃഷിക്ക് സഹായം നല്കുന്ന ഏജൻസികളുടെ സഹായം ഉറപ്പാക്കിയാൽ പുതിയതായി 20 പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയും. അടുക്കളയ്ക്കടുത്ത് ടാങ്കുകൾ മീൻവളർത്തൽ ആദായകമായ ഒന്നായി വികസിപ്പിക്കാവുന്നതാണ്. അലങ്കാരം മത്സ്യങ്ങളുടെ വളർത്തലും, വിപണനവും വികസിപ്പിക്കാവുന്നതാണ്

# വിദ്യാഭ്യാസം

ദേശീയപ്രസ്ഥാനവും സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിർണായക സ്വാധീനം ചെലുത്തുകയുണ്ടായി എന്ന് പറയുവാൻ കഴിയുകയില്ലെങ്കിലും സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതന്നെ പൊതുവിദ്യാഭ്യാസരംഗത്ത് വെള്ളാങ്കല്ലൂർ ഏറെ മുന്നിലായിരുന്നു എന്നു കാണാം.

കരൂപടന്നയിലെ ഇന്നത്തെ ഹൈസ്ക്കൂളായി ഉയർന്ന വിദ്യാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമെന്നു കരുതുന്നു.

പഞ്ചായത്തിൽ ഇപ്പോഠം നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങഠം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | മാനേജ് മെൻറ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | P.T.A. |
|---|---|---|---|---|---|
| 1. | G.L.P.S. കരൂപടന്ന | സർക്കാർ | 662 | 19 | ഉണ്ട് |
| 2. | G.H.S. കരൂപടന്ന | " | 1265 | 54 | " |
| 3. | G.U.P.S. കാരുമാത്ര | " | 601 | 25 | " |
| 4. | G.U.P.S. കോണത്തുകുന്ന് | " | 794 | 25 | " |
| 5. | G.U.P.S. വള്ളിവട്ടം | " | 446 | 17 | " |
| 6. | G.U.P.S. കുറ്റിപ്പുറം | " | 342 | 13 | " |
| 7. | G.L.P.S. പൈങ്ങോട് | " | 113 | 04 | " |
| 8. | സെൻറ് മേരീസ് L.P.S. വെളയനാട് | എയ്ഡഡ് | 151 | 05 | " |

പഞ്ചായത്തിലെ ഈ എട്ട് സ്ക്കൂളുകഠം 3 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പരിധിയിലാണ് വരുന്നത്. ഇത് പഞ്ചായത്ത് തലത്തിലുള്ള ഒരു ഏകോപനത്തിന് അസൗകര്യമായിത്തീരുന്നു. ഒരു എയ്ഡഡ് സ്ക്കൂഠം ഒഴിച്ച് ബാക്കി 7 സ്ക്കൂളുകളും സർക്കാർ മേഖലയിലാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങഠംക്കു പുറമെ 4 ട്യൂട്ടോറിയൽ കോളജുകഠം, 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകഠം, ഒരു നൃത്തസംഗീതവിദ്യാലയം, രണ്ട് തുന്നൽ പരിശീലനകേന്ദ്രം എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും ഇവിടെയില്ല.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങഠംക്കു പുറമെ സമീപ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും സ്ക്കൂളുകളിലായി ആയിരത്തിലേറെ കുട്ടികഠം പഠിക്കുന്നുണ്ട്. സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും ഇവിടെ നിന്നുള്ള കുട്ടികഠം പഠിക്കുന്നുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകഠം പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ് അടുത്ത പ്രദേശങ്ങളിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമം ഇവയൊക്കെ ഇതിനു കാരണമാണെന്നു കാണാം. വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കുറഞ്ഞിരിക്കുന്നത് പൈങ്ങോട് L.P.S.ൽ ആണ്. 113 കുട്ടികളാണ് ഇപ്പോഴുള്ളത്.

നിലവിലുള്ള കരൂപടന്ന ഹൈസ്ക്കൂഠം പഞ്ചായത്തിൻെറ ഒരറ്റത്തായതിനാൽ ആണ് സമീപ പഞ്ചായത്തുകളിലെ സ്കൂളുകളിലേക്ക് കുട്ടികഠം ധാരാളമായി പോകേണ്ടി വരുന്നത്. അതിനാൽ നിലവിലുള്ള 4 സർക്കാർ യു. പി. സ്ക്കൂളുകളും ഹൈസ്ക്കൂളുകളാക്കി ഉയർത്തണമെന്ന അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്.

വിദ്യാലയ സർവ്വേയിലെ വിവരങ്ങഠം വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നാണ്. അദ്ധ്യാപകരിൽ നല്ലൊരു ഭാഗം ഇൻസർവ്വീസ് ട്രെയിനിങ്ങിന് വിധേയരായിട്ടില്ല. എല്ലാ വിദ്യാലയങ്ങഠംക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. സ്റ്റാഫ് മുറി, കളിസ്ഥലം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങഠം, സ്പോർട്സ് സാമഗ്രികഠം, ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങഠം എന്നിവ അപര്യാപ്തമാണ്.



319

വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലെങ്കിലും പൊതുവെ ഉയർന്നു വന്ന കാര്യം പഠന നിലവാരം താണുകൊണ്ടിരിക്കുന്നുവെന്നാണ്. ഹൈസ്കൂളിൽ SSLC വിജയശതമാനം കാലങ്ങളായി വളരെ കുറവാണ്.

## പ്രശ്നങ്ങൾ :

1. കരൂപടന്ന ഹൈസ്കൂളിലെ SSLC വിജയശതമാനം കുറവാണ്.
2. പല സ്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.
4. കുട്ടികളിൽ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.
5. അനൗപചാരിക വിദ്യഭ്യാസത്തിന് വേണ്ടി ആസൂത്രിതപരിപാടികളൊന്നുമില്ല.
6. കലാഭ്യസനത്തിനു വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.
7. പഞ്ചായത്തിനകത്ത് ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനംപോലുമില്ല.

## സാദ്ധ്യതകൾ:-

1. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.
2. P.T.A. യുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
3. അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം സുദൃഢമാക്കുക.
4. കോണത്തുകുന്ന് സ്ക്കൂളിലെ കുട്ടികളുടെ റോഡിലേക്കുള്ള പ്രവാഹത്തിന് ഒരു പരിഹാരമുണ്ടാക്കുക.
5. പ്രീ-പ്രൈമറി ക്ലാസുകളില്ലാത്ത കരൂപ്പടന്ന L.P. സ്ക്കൂളിലും പൈങ്ങോട് L.P. സ്ക്കൂളിലും പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.
6. വള്ളിവട്ടം ഗവ: യു. പി. സ്കുളിലേയും, കാരുമാത്ര യു.പി. സ്ക്കൂളിലേയും കളിസ്ഥലം ഉപയോഗയോഗ്യമാക്കുക.
7. കുറ്റിപ്പുറം സ്ക്കൂളിലെ കളിസ്ഥലം സുരക്ഷിതമാക്കുക.
8. കരൂപ്പടന്ന ഹൈസ്ക്കൂളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുക. (സയൻസ് ഗ്രൂപ്പ്, ഇലക്ട്രോണിക്സ് ആയാൽ നല്ലത്)
9. കുറ്റിപ്പുറം, കരൂപ്പടന്ന, കാരുമാത്ര സ്ക്കൂളുകളിലെ ഓലഷെഡുകൾ മാറ്റി പണിയുക.
10. അദ്ധ്യാപകരുടെ നിയമനം വർഷാരംഭത്തിൽ നടത്തുക പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.
11. സർക്കാർ യു. പി. സ്ക്കൂളുകളും ഹൈസ്ക്കൂളായി ഉയർത്തണമെന്ന അഭിപ്രായം പൊന്തിവന്നിട്ടുണ്ടെങ്കിലും മുൻഗണനാ ക്രമത്തിൽ ആവശ്യമായ സ്ഥലത്തെ ഒരു യു. പി. സ്കൂളെങ്കിലും അപ്ഗ്രേഡ് ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.
12. വായനശാലകൾ, അംഗൻവാടികൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി സാക്ഷരതാ പ്രവർത്തനം നടത്തുക.
13. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുക. ഹ്രസ്വകാല കോഴ്സുകൾ ആരംഭിച്ച് പരിശീലനം നൽകുക.

# കുടിവെള്ളം, ആരോഗ്യം, ശുചിത്വം

പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിൽ മൊത്തം 5859 കിണറുകൾ ഉണ്ട്. ഇതിൽ 2901 സാനിറ്ററി കിണറും. 2958 സാധാരണ കിണറും ആണ്. ഉദ്ദേശം 3% പേർ അയൽവീടുകളിലെ കിണറുകളെ ആശ്രയിച്ചാണ് കുടിവെള്ളപ്രശ്നം പരിഹരിക്കുന്നത്. (അവലംബം P.H.C. സർവ്വേ) തീരപ്രദേശങ്ങളിൽ താമസിക്കുന്ന നല്ലൊരു ശതമാനം ജനങ്ങളും കിണറിൽ ഉപ്പുരസം വരുമ്പോൾ ശുദ്ധജല ക്ഷാമം നേരിടുന്നവരാണ്. പൊതുവെ എല്ലാ വാർഡുകളിലും വേനൽ കാലത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. (കുന്നിൻ പ്രദേശങ്ങൾ, ഓരുവെള്ളം കയറുന്ന സ്ഥലങ്ങൾ, കിണർ എത്ര താഴ്ത്തിയാലും ഉറവകാണാത്ത സ്ഥലങ്ങൾ ഇത്യാദി) മാളക്കും സമീപപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായാണ് വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തതിർത്തിയിൽ ശുദ്ധജല വിതരണം നടത്തികൊണ്ടിരിക്കുന്നത്.

നെതർലാൻറ് ഗവണ്മെണ്ടിൻെറ സാമ്പത്തിക സഹായത്തോടുകൂടി ഈ പദ്ധതിയോടനുബന്ധിച്ചുള്ള എല്ലാ ജോലികളും 1996 ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരമല്ലാതെ മറ്റു സ്കീമുകൾ ഒന്നും ഈ പഞ്ചായത്തിൽ ഇപ്പോൾ നടക്കുന്നില്ല.

പഞ്ചായത്തിൽ ഒട്ടാകെ 368 പൊതുടാപ്പുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത്. ജനസംഖ്യാനുപാതക്രമത്തിൽ പഞ്ചായത്തിലെ 250 പേർക്ക് 1 ടാപ്പ് എന്നതാണ് മാനദണ്ഡം. എന്നാൽ 95 പേർക്ക് ഒരു ടാപ്പ് എന്ന തോതിലാണ് ഇപ്പോൾ ജലവിതരണം നടത്തുന്നത്.

കുറ്റിപ്പുറം സ്ക്കൂൾ, പ്രൈമറി ഹെൽത്ത് സെൻറർ. വെറ്റിനറി ഹോസ്പിറ്റൽ പൈങ്ങോട് സ്ക്കൂൾ എന്നീ സ്ഥാപനങ്ങളിലേക്കും ജലവിതരണം നടത്തുന്നുണ്ട്. കൂടാതെ 773 സ്വകാര്യ കണക്ഷനുകളിൽ കൂടിയും ജലവിതരണം നടത്തി വരുന്നു.

പഞ്ചായത്തിലെ 13 വാർഡുകളിലായി 106.50 കി. മീ. പൈപ്പ് ലൈൻ ഇതുവരെ ഇട്ടിട്ടുണ്ട്. ലൈനുകൾ നീട്ടി ടാപ്പുകൾ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനാർഹമാണ്. ഇത് പരിഗണിക്കുകയാണെങ്കിൽ ഏകദേശം 10. കി. മീ. പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. ഇതിന് ഏകദേശം 20 ലക്ഷം രൂപയോളം ചിലവ് പ്രതീക്ഷിക്കാവുന്നതാണ്.

പഞ്ചായത്തിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് ഒരു ടാങ്ക് കൂടി പണിയണമെന്ന ആവശ്യം പരിഗണനയിൽ വന്നിരുന്നു. വൈന്തലയിൽ പണിയുന്ന പുതിയ പ്ലാൻറിൻെറ പൂർത്തീകരണത്തോടുകൂടി ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കും എന്നാണ് കണക്കാക്കുന്നത്. മുസാവരികുന്നിലുള്ള 75,00 ലിറ്റർ ശേഷിയുള്ള ടാങ്കിലേക്ക് പൈപ്പ് ലൈൻ നീട്ടി ടാങ്ക് മെയിൻറനൻസ് നടത്തി ജലവിതരണം വിപുലപ്പെടുത്താവുന്നതാണ്. പ്രസ്തുത ടാങ്ക് അനുയോജ്യമാണെങ്കിൽ പുതിയ ടാങ്ക് പണിയാൻ ഉദ്ദേശിക്കുന്ന തുക പഞ്ചായത്തിൻെറ നിർദ്ദേശപ്രകാരമുള്ള പൈപ്പു ലൈനുകൾക്ക് ഉപയോഗിക്കാവുന്നതാണ്. വിദേശസഹായത്തോടെ നടത്തുന്ന പദ്ധതിയായതുകൊണ്ട് അവരുടെ മോണിറ്ററിങ്ങ് ഏജൻസിയുടെ അംഗീകാരത്തിനു വിധേയമായി മാത്രമെ പുതിയ ലൈനുകൾ നീട്ടലും, ടാപ്പുകൾ സ്ഥാപിക്കലും സാദ്ധ്യമാവുകയുള്ളു. (അവലംബം - കേരള വാട്ടർ അതോറിറ്റി നടപ്പു പദ്ധതിയുടെ അവലോകന റിപ്പോർട്ട്)

വേനൽക്കാലത്ത് വൈദ്യുതിയുടെ ലഭ്യതകുറവനുഭവപ്പെടുമ്പോൾ, കോണത്തുകുന്ന്, പാൽപ്രകുന്ന്, ചിരട്ടകുന്ന്, താണിയത്തുകുന്ന്, കരൂപ്പടന്ന, മുസാവരികുന്ന്, നെടുങ്ങാണത്തുകുന്ന്, വെളയനാട്, കുന്നത്തൂർ എന്നീ നിവാസികൾക്ക് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

വെള്ളാങ്ങല്ലൂർ പഞ്ചാത്തിലെ മുഖ്യമായ ആരോഗ്യസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്. വള്ളിവട്ടത്തും, വെള്ളാങ്ങല്ലൂരിലും പ്രവർത്തിക്കുന്ന ആയൂർവേദ ഡിസ്പെൻസറികൾ. വെള്ളാങ്ങല്ലൂരിൽ പ്രവർത്തിച്ചുവരുന്ന പി. എച്ച് സി.യും അതിൻെറ കീഴിലുള്ള 6 ഉപകേന്ദ്രങ്ങളും. പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയും, കൂടാതെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു ആശുപത്രികളും, 4 ക്ലിനിക്കുകളും. ഒരു ഹോമിയോ ആശുപത്രിയും, ആതുര സേവനരംഗത്ത് പ്രവർത്തിച്ചുവരുന്നു.

പി. എച്ച്. സി. യിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള വാർഡില്ല. 12 കിടയ്ക്കകളുള്ള ഒരു വാർഡ് പണിയുവാനുള്ള സംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ചാമകുന്ന് ഉപകേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ആവശ്യമാണ്. അതേപോലെ പഞ്ചായത്താഫീസിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറിക്കും സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തേണ്ടതുണ്ട്. വെള്ളാങ്ങല്ലൂർ ആയൂർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി

കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്.

കുടുംബക്ഷേമപ്രവർത്തനങ്ങളുടെ നേട്ടങ്ങാം കൈവരിക്കുന്നതിലും, രോഗപ്രതിരോധകുത്തിവയ്പുകാം നടത്തി ലക്ഷ്യം കൈവരിക്കുന്നതിലും മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

വേനലിൻെറ മൂർദ്ധന്യത്തിലും, വർഷാരംഭത്തിലും വയറിളക്കത്തനുബന്ധരോഗങ്ങാം കണ്ടുവരാറുണ്ട്. ശുദ്ധമായ കുടിവെള്ളക്ഷാമമാണ് രോഗത്തിന് കാരണമാവുന്നത്. ആരോഗ്യബോധവൽക്കരണത്തിലൂടെയും, ഓ. ആർ. ടി. ലായനി ചികിത്സയിലൂടെയും, മുൻകരുതൽ നടപടികളിലൂടെയും രോഗപകർച്ച ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയാറുണ്ട്.

പൊതുജനാരോഗ്യരംഗത്ത് സോഷ്യോഇക്കണോമിക്ക് യൂണിറ്റിൻേറയും, വാട്ടർ അതോറിറ്റിയുടേയും സംയുക്ത പ്രവർത്തനത്തിൻെറ ഫലമായി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീട്ടുകാർക്കും സാനിറ്ററികക്കൂസുകാം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നീർക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് തറനിരപ്പിൽ നിന്നും ഉയർന്ന മാതൃകയിലുള്ള കക്കൂസുകളാണ് നിർമ്മിക്കേണ്ടത്. വീടുകളിൽ നിന്നും മലിനജലം ഒഴുകിപോകുന്ന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളവർ വളരെ അപൂർവ്വമാണ്. ഹോട്ടലുകളിൽ നിന്ന് കച്ചവടസ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളും, അഴുക്കുജലവും, പരിസരമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഈച്ച, കൊതുക് എന്നിവയുടെ വർദ്ധനവിനും ഇതു സഹായിക്കുന്നു. ശാസ്ത്രീയമായ ഒരു അറവുശാലയില്ലാത്തതിനാൽ ശുദ്ധമായ ഇറച്ചി ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. പൊതുശ്മശാനവും അത്യന്താപേക്ഷിതമാണ്.

## പ്രശ്നങ്ങളും, സാദ്ധ്യതകളും

1. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമില്ല - വാർഡ് പണി എത്രയും വേഗം പൂർത്തിയാക്കണം.
2. ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമല്ല - സേവനം ഉറപ്പുവരുത്തണം.
3. ജനസംഖ്യാനുപാതികമായി സബ്സെൻററുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല - 5000 ജനസംഖ്യക്ക് ഒരു ഉപകേന്ദ്രം സ്ഥാപിക്കുക.
4. സ്ക്കൂാം ആരോഗ്യപരിപാടി കാര്യക്ഷമമായി നടപ്പിൽ വരുത്തണം.
5. എല്ലാ വാർഡുകളിലും അംഗൻവാടികാം സ്ഥാപിക്കണം. - അവയിൽ മാസത്തിലൊരിക്കൽ ഡോക്ടറുടേയും ആരോഗ്യപ്രവർത്തകരുടേയും സേവനം ഉറപ്പുവരുത്തണം.
6. വെള്ളാങ്ങല്ലൂർ ആയൂർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. - പഞ്ചായത്തിൽ ആയൂർവേദ ആശുപത്രിയില്ല. അതിനാൽ ആശുപത്രിയായി ഉയർത്തക്കവിധത്തിലുള്ള കെട്ടിടം പണിക്ക് രൂപം നൽകുന്നതു നന്നായിരിക്കും. വള്ളിവട്ടം ആയൂർവേദ ഡിസ്പെൻസറിക്ക് ഒരു ചുറ്റുമതിൽ വേണം. മരുന്നുകാം പാകം ചെയ്യുന്നതിനായി ഒരു പുകയില്ലാത്ത അടുപ്പ് (ചെലവുകുറഞ്ഞ അനർട്ട്) സ്ഥാപിച്ചാൽ നന്നായിരിക്കും.
8. ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാവണം.
9. കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അവ പരിഹരിക്കുവാനുള്ള നടപടികാം സ്വീകരിക്കണം.
   - പൈപ്പ് വെള്ളത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർക്ക് പുതിയ കണക്ഷനുകാം നൽകിയും, കിണറുകാം കുഴിച്ചും, ചാമ്പ് പൈപ്പ് സ്ഥാപിക്കാവുന്നിടത്ത് അപ്രകാരവും, നിലവിലുള്ള ശുദ്ധജലം കിട്ടാവുന്ന പൊതുകിണറുകാം വൃത്തിയാക്കിയും, ഉപയോഗിക്കാത്ത പൊതുടാപ്പുകാം ആവശ്യമായ സ്ഥലത്തേക്ക് മാറ്റുകയും, പൈപ്പുവെള്ളത്തിൻെറ ദുരുപയോഗവും, ചോർച്ചയും ലൈൻ പൊട്ടിയുള്ള ചോർച്ചയും തക്കസമയങ്ങളിൽ പരിഹരിക്കപ്പെട്ടാൽ പാഴായിപോകുന്ന ശുദ്ധജലം സംരക്ഷിക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കുവാനും ഒരു പരിധിവരെ സഹായിക്കും.
   - ഏറ്റവും ആവശ്യമായ വേനൽക്കാലമാസങ്ങളിൽ വെള്ളത്തിൻെറ ലഭ്യത ഉറപ്പുവരുത്തണം.
   - മറ്റുള്ള കൃഷിക്ക് ദോഷമാകാത്ത രീതിയിൽ ബണ്ട് കെട്ടി ഓരുവെള്ളം തടയുവാൻ സാധിച്ചാൽ കുറെസ്ഥലങ്ങളിലെ കുടിനീർക്ഷാമം പരിഹരിക്കാം.
10. നീർകെട്ടുള്ള ഭാഗങ്ങളിൽ തറനിരപ്പിൽ നിന്നും ഉയർന്ന ടാങ്കോടുകൂടിയ കക്കൂസ് മാതൃക സ്വീകരിക്കുകയും - നടപ്പിൽ വരുത്തുകയും ചെയ്യുക.

11. പുകയില്ലാത്ത അടുപ്പിന്റെ പ്രചരണവും, നിർമ്മാണവും വഴി വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കാം.

12. പഞ്ചായത്തതിർത്തിയിൽ ഒരു പൊതുശ്മശാനമുള്ളത് മതിൽകെട്ടി സംരക്ഷിക്കുകയും മറ്റു വാർഡുകളിൽ രണ്ടോ മൂന്ന് വാർഡുകളെ ക്ലബ് ചെയ്തുകൊണ്ട് ഒരു പൊതുശ്മശാനം എന്ന തോതിൽ നിർമ്മിക്കുക.

13. ശാസ്ത്രീയമായ രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക - സീൽ ചെയ്ത ഇറച്ചി വിൽപന നിർബന്ധമായും നടപ്പിൽ വരുത്തുക.

14. വെള്ളാങ്ങല്ലൂർ, കോണത്തുകുന്ന്, കരൂപ്പടന്ന എന്നീ ജംഗ്ഷനുകളിൽ യൂറിനൽ സൗകര്യം ഏർപ്പെടുത്തണം.

15. ഹോട്ടലുകളിൽ നിന്ന് പൊതുകാനയിലേക്ക് ഒഴുക്കി വിടുന്ന മലിനജലവും, കച്ചവടക്കാർ വലിച്ചെറിയുന്ന പോസ്റ്റ് സാധനങ്ങളും പരിസരമലിനീകരണത്തിന് ഇടയാക്കുന്നതിനാൽ അവ തടയുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണ്ട ബോധവൽക്കരണം നടത്തുകയും വേണം.

16. ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുകയും, വിൽപനക്ക് വയ്ക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ, ഹെൽത്ത് അതോറിറ്റിയുടേയും, പഞ്ചായത്തിന്റേയും കൂട്ടായ പരിശോധനക്ക് വിധേയമാക്കണം.

17. പഞ്ചായത്തതൃത്തിയിലുള്ള രക്തഗ്രൂപ്പ് നിർണ്ണയിക്കാത്തവരുടെ ഗ്രൂപ്പ് പരിശോധന നടത്തിയും രക്തദാനത്തിന് സന്നദ്ധരായവരുടെ പേരുവിവരവും സൂക്ഷിക്കുകയും അതോടൊപ്പം തന്നെ കണ്ണുദാനം ചെയ്യുവാൻ സന്നദ്ധതയുള്ളവരുടെ പൂർണ്ണവിലാസവും സമ്മതപത്രവും വാങ്ങി സൂക്ഷിച്ചു വയ്ക്കുന്നത് ഉപയോഗപ്രദമായിരിക്കും.

18. സാംക്രമികരോഗങ്ങളുമായി നാട്ടിലെത്തുന്നവരെ പരിശോധനക്കും ചികിത്സക്കും വിധേയമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നാട്ടുകാരിൽ ബോധവൽക്കരണം നടത്തുകയും വേണം.

19. സഹകരണമേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ നിർമ്മിക്കുന്നത് നന്നായിരിക്കും.

20. പുകവലി, മദ്യപാനം എന്നിവയുടെ ദൂഷ്യവശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രചരണവും, ബോധവൽക്കരണവും നടത്തണം.

21. ഔഷധ സസ്യങ്ങൾ എല്ലാ വീടുകളിലും നട്ടുവളർത്താനുള്ള പ്രേരണയും പ്രോത്സാഹനവും നൽകുക.

22. രാസവങ്ങളുടെയും, കീടനാശിനികളുടേയും, ദുരുപയോഗം നിജപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

23. ആരോഗ്യസ്ഥാപനങ്ങളിൽ ദൈനംദിന ആവശ്യങ്ങൾക്കാവശ്യമായ മരുന്നിന്റേയും ഉപകരണങ്ങളുടേയും ലഭ്യത ഉറപ്പു വരുത്തുക.

24. '2000-ാം മാണ്ടോടെ എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി എല്ലാജനങ്ങളുടേയും സഹകരണത്തോടെ പഞ്ചായത്തിന്റെ കൂട്ടായ പ്രവർത്തനത്തിന് രൂപംകൊടുക്കുക.

## വ്യവസായം

ഈ പഞ്ചായത്തിൽ പരമ്പരാഗത വ്യവസായങ്ങളാണ് അധികമെങ്കിലും ചെറുകിട കുടിൽ വ്യവസായങ്ങളും കുറവല്ല. ആധുനിക ഇല്ക്ട്രോണിക് വ്യവസായങ്ങളും ഉണ്ട്. പൊതുമേഖലയിൽ വ്യവസായങ്ങൾ ഒന്നുമില്ലെങ്കിലും സ്വകാര്യമേഖല, സഹകരണ മേഖല എന്നീ തരംതിരിവിൽ സ്വകാര്യമേഖലയ്ക്കാണ് മുൻതൂക്കം. നാളികേരം ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക വിളയാണ്. കേരളത്തിലെ ചകിരി വ്യവസായത്തിൽ 30 ശതമാനത്തോളം നമ്മുടെ തൃശൂർ ജില്ലയുടേതാണ്. അതിൽ നല്ലൊരു പങ്കും പഞ്ചായത്തിലേതാണ്.

കയർ, കൊപ്ര, റബ്ബർ, ഡയമണ്ട്, ഫ്ളവർമില്ലുകൾ, മരം, പാൽ ഇലക്ട്രോണിക്സ്, ആയുർവ്വേദ മരുന്നുകൾ എഞ്ചിനിയറിംഗ് വ്യവസായം എന്നിവ ചെറുകിട മേഖലകളിലും കള്ള് ചെത്ത്, ചകിരി, കളിമൺ എന്നീ പരമ്പരാഗത വ്യവസായങ്ങളും കുറവല്ല. ഇവിടെ വനിത വ്യവസായ യൂണിറ്റുകളും സുഗമമായി പ്രവർത്തിക്കുന്നുണ്ട്. 31-10-'96 വരെ 174 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 129 യൂണിറ്റുകൾ മാത്രമെ പ്രവർത്തനക്ഷമതയുള്ളു എന്ന് സർവ്വെയിൽ നിന്ന് വ്യക്തമായി. സഹകരണമേഖലയിൽ ചകിരി, കയർ, ക്ഷീരം എന്നീ വ്യവസായങ്ങളും പട്ടിക ജാതി വിവിധോദ്ദേശ വ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്.



323

കഴിഞ്ഞ 5 വർഷകാലത്ത് പട്ടികജാതി വികസന പദ്ധതിയ്ക്ക് വായ്പയായി 57245.00 രൂപയും സഹായമായി 11665.00 രൂപയും, ഗ്രാമീണ കൈത്തൊഴിൽ പ്രോഗ്രാമനുസരിച്ച് 14 എണ്ണത്തിന് സബ്സിഡിയായി 29145.00 രൂപയും, വനിത വ്യവസായ പ്രോഗ്രാം അനുസരിച്ച് 11 എണ്ണത്തിന് ഗ്രാൻറായി 67000.00 രൂപയും, മാർജിൻ മണി ലോണായി 9 എണ്ണത്തിന് 3,18,250.00 രൂപയും ഇൻവെസ്റ്റ്മെൻറ് സബ്സിഡിയായി 17 എണ്ണത്തിന് 4,81,351.00 രൂപയും, സെയിൽടാക്സ് എക്സംപ്ഷനായി 95,67,318.00 രൂപ 17 യൂണിറ്റുകൾക്കായി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

വ്യവസായ മേഖലയിൽ 1948 പേർ ജോലി ചെയ്യുന്നു. ഇതിൽ 860 പേർ പരമ്പരാഗത വ്യവസായത്തിലും, 1075 പേർ ചെറുകിട വ്യവസായങ്ങളിലും സഹകരണ മേഖലയിൽ 13 പേരും ജോലി ചെയ്യുന്നു. ഇതിൽ 1096 പേർ സ്ത്രീകളും, 852 പേർ പുരുഷന്മാരുമാണ്. ശരാശരി 25 രൂപ സ്ത്രീകൾക്കും 48 രൂപ പുരുഷന്മാർക്കും വേതനമായി ലഭിച്ചു വരുന്നതായി ഞങ്ങളുടെ സർവ്വെ ചൂണ്ടിക്കാട്ടുന്നു. വാർഡ് തിരിച്ചുള്ള തൊഴിൽശാലകളും, തൊഴിലാളികളും സർവ്വെയിൽപ്പെടുത്തിയിട്ടില്ല. വിവിധ മേഖലകളിലെ പുരുഷന്മാരുടെയും, സ്ത്രീകളുടെയും വ്യക്തമായ രൂപം താഴെ പട്ടിക രൂപത്തിൽ കാണിക്കുന്നു.

| ക്രമ നമ്പർ | വ്യവസായം | പു. | സ്ത്രീ. | ആകെ |
|---|---|---|---|---|
| 1. | പരമ്പരാഗത വ്യവസായം (ചകിരി, കള്ള്, ചെത്ത്, രാമച്ചം, കയർ, തഴപ്പായ കളിമൺ പാത്രം മുതലായവ) | 340 | 520 | 860 |
| 2. | സഹകരണ മേഖല | 8 | 5 | 13 |
| 3. | കാർഷിക വിഭവ മേഖല (ഓയിൽ മിൽ, ഫ്ളവർമിൽ) | 80 | 40 | 120 |
| 4. | പക്ഷി, മൃഗം, മത്സ്യം, പാൽ | 50 | 5 | 55 |
| 5. | തുണി - റെക്സിൻ | 10 | 30 | 40 |
| 6. | ഓട്ടോമൊബൈൽ, എഞ്ചിനിയറിംഗ് മേഖല | 45 | - | 45 |
| 7. | ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് | 20 | 15 | 35 |
| 8. | റബ്ബർ | 60 | 170 | 230 |
| 9. | ഡയമണ്ട് | 100 | 300 | 400 |
| 10. | ആയുർവ്വേദം | 10 | 5 | 15 |
| 11. | മറ്റുള്ളവ | 80 | - | 80 |
| 12. | വനം | 45 | 10 | 55 |
| | | 848 | 1100 | 1948 |

വ്യവസായത്തിനാവശ്യമായ പ്രത്യേകിച്ച് രാമച്ചം, കറി പൗഡർ, ഇലക്ട്രോണിക്സ്, ഇരുമ്പുരുക്ക്, തുണി, റബ്ബർ, ഹോളൊബ്രിക്സ് ബിൽഡിംഗ് മെറ്റീരിയൽ എന്നീ വ്യവസായങ്ങൾക്ക് വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കൾ പുറത്തുനിന്ന്കൊണ്ടുവരികയാണ്. ഇതിനു പുറമെ ഇവിടെയുള്ള ഏകദേശം 1.2 ശതമാനം പേർ അടുത്തുള്ള വ്യവസായ മേഖലയിലോ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലോ ജോലി നോക്കുന്നവരായോ, വ്യവസായികളായോ ഉണ്ട്.

ചകിരി, കയർ മേഖലകളിലെ ഇൻഡസ്ട്രിയൽ വേസ്റ്റ് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

[illegible]യ്പ സൗകര്യങ്ങളിലെ [illegible]ലതാമസം, ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്, വൈദ്യുതി ലഭിക്കുന്ന[illegible]ുള്ള താമസം, വിപണനത്തിനുള്ള സൗകര്യകുറവ് വ്യവസായ സ്ഥാപനത്തിനുള്ള സൗകര്യകുറവ്, കൺസ്ട്രക്ഷൻ [illegible]യിലേക്കുള്ള തൊഴിലാളികളുടെ ഒഴുക്കുമൂലം തൊഴിലാളികളുടെ ലഭ്യത കുറവ്,

അസംസ്കൃതവസ്തുക്കാം പുറത്തുനിന്നും കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ട്, ആധുനിക സാങ്കേതികവിദ്യയുടെ അപര്യാപ്തത, ഒരേ ഉല്പന്നത്തിന് ആവശ്യത്തിലേറെ യൂണിറ്റുകാം എന്നിവയും സംരംഭകർ സർക്കാർ ജോലിക്കുവേണ്ടി യുള്ള കാത്തിരിപ്പ് എന്നീ കാരണങ്ങാംകൊണ്ടും പുതിയ വ്യവസായ സംരംഭകർ വ്യവസായം തുടങ്ങുന്നതിന് വിമുഖത കാണിക്കുന്നു.

## നിർദ്ദേശങ്ങളും, സാധ്യതകളും

ഏറ്റവും ആധുനിക സാങ്കേതിക സഹായം ഉറപ്പാക്കുക പഞ്ചായത്തുതലത്തിൽ ഫ്ളാറ്റു തലത്തിലോ അല്ലാത്തതു മായ വൈദ്യുതിയും, വെള്ളവും ഉറപ്പാക്കികൊണ്ട് വ്യവസായഎസ്റ്റേറ്റ് സ്ഥാപിച്ച് സംരംഭകർക്ക് ഹയർപർച്ചേസ് വ്യവസ്ഥയിലോ, നാമമാത്രമായ വാടകയ്ക്കൊ നൽകുക, പരമ്പരാഗത വ്യവസായങ്ങാംക്ക് അസംസ്കൃത വസ്തുക്കാം എളുപ്പം കിട്ടുന്നതിനും, വിപണനത്തിനും സംവിധാനം ഉണ്ടാക്കുക. പ്രവർത്തന മൂലധനത്തിനും, ഉപകരണങ്ങാം വാങ്ങുന്നതിനും കരകൗശല വിദഗ്ദ്ധർക്ക് സബ്സിഡിയോടുകൂടിയുള്ള സഹായം കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാ ക്കുക. വനിതാ വ്യവസായസംരംഭകർക്ക് മുൻഗണന നൽകുക. വിവിധ ട്രേഡുകളിൽ വ്യവസായ സംരംഭകർക്കായി വർഷം 26 പേർക്ക് 5 കൊല്ലംകൊണ്ട് 130 പേരും, വനിതാ വ്യവസായ സംരഭകർക്കായി വർഷം 13 പേർക്ക്, 5 വർഷംകൊണ്ട് 65 പേർക്കും, വിദ്ഗദ്ധ തൊഴിലാളികാംക്കായി വർഷം 65 പേർക്ക്, 5 വർഷംകൊണ്ട് 325 പേർക്കും, യുവതീയുവാ ക്കാംക്കായി വർഷം 130 പേർക്ക്, 5 കൊല്ലംകൊണ്ട് 650 പേർക്കും, മാസത്തിൽ 500, 200, 250, 150 രൂപ വീതം സാമ്പത്തിക സഹായം നൽകി മൊത്തം 30,81,000.00 രൂപ ചിലവഴിച്ച് 195 വ്യവസായ സംരംഭകരെ ഉണ്ടാക്കാം. ഇവർക്കാവശ്യമായ 975 വിദഗ്ദ്ധ തൊഴിലാളികളെയും വളർത്തിയെടുക്കാൻ സാധിക്കും. ഇത് തൊഴിലില്ലായ്മക്കും വ്യവസായ വികസനത്തിനും ഒരു പരിഹാരമാവും.

കാർഷിക ഉല്പന്നങ്ങാം ഉപയോഗിച്ച് തേങ്ങയിൽ നിന്ന് പാൽപൊടി, ക്രീം, ലഘുപാനീയങ്ങാം, വിനാഗിരി, വെളി ച്ചെണ്ണ പിണ്ണാക്കിൽ നിന്ന് കാലിത്തീറ്റ, ചിരട്ടകരിയിൽ നിന്നും ആക്ടിവേറ്റഡ് കാർബൺ, ചകിരിയിൽ നിന്ന് കയർ, ചവി ട്ടി, കയർ ബ്രഷ്, കൗതുകവസ്തുക്കാം എന്നിവയും, മറ്റു വിളകളിൽ നിന്നും അച്ചാർ, കറിപൗഡർ, ജാം, വിവിധതരം ചിപ്സുകാം, പപ്പടം, കൂവസംസ്കരണം, മറ്റു ബേക്കറി ഉല്പന്നങ്ങളും, കാർഷിക ഉല്പന്നങ്ങളുടെ വേസ്റ്റിൽ നിന്നും വളം, പാക്കിംഗ് മെറ്റീരിയിൽ ബോർഡ് എന്നിവ നിർമ്മിക്കാം.

വനവിഭവങ്ങാം ഉപയോഗിച്ച് ഫർണിച്ചർ, കെട്ടിടനിർമ്മാണം, അലങ്കാരവസ്തുക്കാം, കുട്ട, പനമ്പ്, (മുള ഉപയോ ഗിച്ച്) മുതലായ സാമഗ്രികാം നിർമ്മിക്കാം.

തുണി, റെക്സിൻ ഉപയോഗിച്ച് ബാഗ്, റെഡിമെയ്ഡ് വസ്തുക്കാം (ടിഷർട്ട്, ഷർട്ട്, ജീൻസ്, ബ്ലൗസ്) എന്നിവ നിർ മ്മിക്കാം.

മത്സ്യം, പക്ഷി, മൃഗങ്ങാം :- മത്സ്യം വളർത്തലും, സംസ്കരണവും, വളം നിർമ്മാണവും താറാവ്, കോഴി എന്നിവയെ മുട്ടയ്ക്കും, ഇറച്ചിയ്ക്കുംവേണ്ടി വളർത്തുക. ആട്, എരുമ, പോർക്ക് എന്നിവയെ വളർത്തി പാൽ, മുട്ട, മാംസം സംസ്കരണം, വളം നിർമ്മാണം.

മറ്റു വിഭവങ്ങാം :- റബ്ബർ ഉല്പന്നങ്ങാം, സിമൻറ്, സ്റ്റീൽ, അലുമിനിയം എന്നിവ ഉപയോഗിച്ച് വീട്ടുപകരണ സാമ ഗ്രികളും നിർമ്മിക്കാം. തീപ്പെട്ടി, കുട, മെഴുകുതിരി, ഓഫീസ് സ്റ്റേഷനറി, അലക്കുസോപ്പ്, കരിങ്കൽ, മെറ്റൽ, വൈരക്കല്ല് എന്നിവയ്ക്ക് മുൻതൂക്കം നൽകി യൂണിറ്റുകാം ആരംഭിയ്ക്കുക. പ്രിൻറിങ്ങ് പ്രസ്സ് ആരംഭിയ്ക്കുക.

എഞ്ചിനീയറിംഗ് മേഖലയിൽ കാർഷിക ഉപകരണങ്ങാം വ്യവസായിക ഉപകരണങ്ങാം, ഗൃഹഅലങ്കാര വസ്തുക്കാം ഓട്ടോമൊബൈൽ ബോഡി, റിപ്പയറിംഗ് (എല്ലാ വാഹനങ്ങാംക്കും) സർവ്വീസിംഗ്, ഗാർഹിക ഉപകരണ റിപ്പയറിംഗ്, യന്ത്രവത്കൃത കളിപ്പാട്ട നിർമ്മാണം എന്നിവ ആരംഭിയ്ക്കാം. ഗോൾഡ് കവറിംഗ്, സിൽവർ ആഭരണ നിർമ്മാണയൂ ണിറ്റും, ഇലക്ട്രോ പ്ലേറ്റിംഗ് യൂണിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക. കമ്പ്യൂട്ടർ അസംബ്ലിംഗ്, ഇലക്ട്രോണിക്സ് ചോക്ക്, മറ്റു ഉല്പന്നങ്ങാം, റേഡിയോ, ടി. വി. എന്നിവ അസംബ്ലിംഗ് യൂണിറ്റുകാം ആരംഭിക്കുക. സഹകരണമേഖലയിൽ പാർപ്പിട നിർമ്മാണവ്യവസായം ആരംഭിക്കുക. ഊർജ്ജക്ഷമതയുള്ള പുകയേൽക്കാത്ത അടുപ്പ് നിർമ്മാണവ്യവസായം ഇലക്ട്രോണിക് ചോക്ക്, സി. എഫ്. എൽ നിർമ്മിക്കുന്ന വ്യവസായം തുടങ്ങിയവ അനർട്ടിൻെറ സഹായത്തോടെ സഹകരണ മേഖലയിൽ ആരംഭിക്കുക.

പഞ്ചായത്തുതലത്തിൽ അസംസ്കൃത വസ്തുക്കാം വിതരണം നടത്തുന്നതിനും, ഉല്പന്നങ്ങാം നിർമ്മിച്ച് വി പണനം നടത്തുന്നതിനുംവേണ്ടി ഒരു മദർ യൂണിറ്റും വാർഡു തലത്തിൽ വിവിധ ഉല്പന്നങ്ങളുടെ നിർമ്മാണയൂണിറ്റുകളും

ആരംഭിക്കുന്നതിന് ഒരു വ്യവസായ സഹകരണ സംഘം രൂപീകരിച്ചാൽ ഉല്പന്നങ്ങൾ ഗുണമേന്മയുള്ളതും, വിലനിലവാരം ഏകീകരിച്ചും ഗുണഭോക്താക്കൾക്ക് നൽകുവാൻ കഴിയും. മാത്രമല്ല മെച്ചപ്പെട്ട വേതനത്തോടുകൂടി തൊഴിലില്ലായ്മക്ക് ഒരു സ്ഥിരപരിഹാരമാവുകയും, വ്യവസായിക വളർച്ചക്ക് വഴിയൊരുക്കുകയും ചെയ്യുമെന്ന് ഞങ്ങൾ കരുതുന്നു.

## ഗതാഗതം

വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ വളരെ പണ്ടു മുതൽ ഗതാഗതസൗകര്യങ്ങൾ ലഭ്യമായിരുന്നു. ഗതാഗതരംഗം യന്ത്രവൽകൃതമായപ്പോൾ തന്നെ ഈ പ്രദേശങ്ങളിൽ വാഹനഗതാഗതം തുടങ്ങിയിട്ടുണ്ട്. അരനൂറ്റാണ്ടു മുമ്പ് പഞ്ചായത്തിലെ തന്ത്രപ്രധാനമായ ഒരു സ്ഥലമായിരുന്നു കരൂപ്പടന്ന. തെക്കൻ മേഖലയെ വടക്കുമായി ബന്ധിപ്പിക്കുന്ന സ്ഥലവുമായിരുന്നു ഇത്. പാലങ്ങളുടെ വരവോടെ റോഡ് ഗതാഗതം പുതിയ അധ്യായങ്ങളിലേക്ക് ചേക്കേറി. പഞ്ചായത്തിനകത്ത് ജലഗതാഗതം ഇപ്പോൾ ഇല്ല. ശ്രീനാരായണപുരം പഞ്ചായത്തുമായി ബന്ധപ്പെടാൻ പൂവ്വത്തുംകടവിലും പുല്ലൂറ്റ് നാരായണമംഗലം ഭാഗങ്ങളുമായി ബന്ധപ്പെടാൻ കടലായിയിലും പൂമംഗലം പഞ്ചായത്തുമായി ബന്ധപ്പെടുവാൻ കെട്ടുചിറയിലും കടത്തുമാർഗ്ഗം ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ റെയിൽവേ ഇല്ല.

വ്യവസായം, ജലസേചനം, കൃഷി, വൈദ്യുതീകരണം, ആരോഗ്യം എന്നിങ്ങനെ വിവിധമേഖലകളുടെ സമഗ്രവികസനം ഗതാഗതസൗകര്യവുമായി ഇഴപിരിക്കാനാവാത്തവിധം ചേർന്നു കിടക്കുന്നു. ഇതിൽ നിന്നും ഗതാഗതസൗകര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാമല്ലോ. ഈ പഞ്ചായത്തിലൂടെ ദേശീയപാത കടന്നുപോകുന്നില്ല. തൃശൂർ - കൊടുങ്ങല്ലൂർ റോഡ് ആണ് പ്രധാന റോഡ്. NH 17, NH-47 എന്നവയെ ചാലക്കുടി - മതിലകം, പുത്തൻചിറ - പൂവ്വത്തുംകടവ് റോഡുകൾ ബന്ധിപ്പിക്കുന്നു. മേൽ സൂചിപ്പിച്ചവക്കു പുറമെ കോണത്തുകുന്ന് - കാരുമാത്ര - നെടുങ്കാണത്തുകുന്ന്, കോണത്തുകുന്ന് - വട്ടേക്കാട്ടുകര, കോണത്തുകുന്ന് - പട്ടേപ്പാടം, ബ്രാലം - പൈങ്ങോട് - കോണത്തുകുന്ന്, കരൂപ്പടന്ന - കാരുമാത്ര - നെടുങ്കാണത്തുകുന്ന്, കരൂപ്പടന്ന - നെടുങ്കാണത്തുകുന്ന് റോഡുകളിലൂടെയും ബസ് ഗതാഗതം നടക്കുന്നുണ്ട്. റോഡുകളിൽ ഭൂരിപക്ഷവും ടാർ ചെയ്തവയാണ്.

| ടാർ റോഡ് KM | മെറ്റൽ റോഡ് KM | ഗ്രാവൽറോഡ് KM | മറ്റുള്ളവ KM |
|---|---|---|---|
| 24.480 | 5.800 | 74.795 | 4.900- |

ആകെ 128.475 KM റോഡുള്ളതിൽ 18.5 KM ദൂരം PWD റോഡ് ആണ്.

വെള്ളാങ്ങല്ലൂർ, ബ്ലോക്ക്ജംഗഷൻ, കോണത്തുകുന്ന്, കരൂപ്പടന്ന എന്നിവിടങ്ങളിൽ ഓട്ടോറിക്ഷ, ടാക്സി, ടെമ്പോ സ്റ്റാന്റുകൾ ഉണ്ട്.

4. പ്രശ്നങ്ങൾ:

- പ്രധാന റോഡുകൾക്ക് കാലാനുസൃതമായി വീതി കൂട്ടിയിട്ടില്ല.
- റോഡുകളിലൊന്നും ഫലപ്രദമായ രീതിയിൽ ഓടകൾ ഇല്ല.
- കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താറില്ല.
- റോഡുകളുടെ നിലവാരം മോശമാണ്.
- കരൂപ്പടന്ന - ബ്രാലം റോഡിലെ ചീപ്പുചിറ പാലങ്ങൾ ആപല്ക്കരമായി തകർന്നു നിൽക്കുന്നു.
- കൃഷിസ്ഥലങ്ങൾ നികത്തുന്നതുമൂലം ചില റോഡുകൾ ഇല്ലാതാകുന്നു.
- ചില റോഡുകളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ, സാധ്യതകൾ

വളരെയേറെ വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച തൃശൂർ - കൊടുങ്ങല്ലൂർ റോഡ് വാഹനസാന്ദ്രത മൂലം ഞെരുങ്ങുകയാണ്. ഈ റോഡ് ഇരുവശങ്ങളിലേയ്ക്കുമായി 3 മീറ്റർ വീതി കൂട്ടി ടാർ ചെയ്ത് 20 വർഷങ്ങളെങ്കിലും മുന്നിൽകണ്ട് പുനർനിർമ്മിക്കണം. പ്രധാന കേന്ദ്രങ്ങളിൽ മീഡിയൻ സ്ഥാപിച്ച് ഗതാഗതനിയന്ത്രണം നടത്തണം.

- പ്രധാന സ്റ്റോപ്പുകളിൽ ബസ് ബേകൾ നിർമ്മിക്കുക; ഷെൽട്ടറുകളും നിർമ്മിക്കണം.
- എല്ലാ റോഡുകളിലും ഓടകൾ നിർമ്മിക്കുക.
- ജനസംഖ്യാടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുക.
- പഞ്ചായത്തിലെ എല്ലാ റോഡുകളും വീതികൂട്ടി, ശക്തികൂട്ടണം, വേണ്ടവിധത്തിൽ അറ്റകുറ്റപ്പണികൾ നടത്തണം. അവ കഴിയുന്നതും ശ്രമദാനത്തിലൂടെയാക്കാൻ ശ്രമിക്കണം.
- പഞ്ചായത്ത് റോഡുകൾക്ക് പേര് നൽകണം.
- കാർഷിക വ്യവസായിക മേഖലകളിലേക്ക് ഉള്ള റോഡിന് മുൻഗണന നൽകുക.
- JRY സ്കീം പ്രകാരം ടാർ ചെയ്യുന്നതിന് 8 മീറ്റർ വീതി വേണമെന്ന നിബന്ധന മാറ്റുവാൻ നടപടികൾ എടുക്കുക.
- ഓട്ടോറിക്ഷ, കാറുകൾ, ടെമ്പോകൾ തുടങ്ങിയവ ഇപ്പോൾ റോഡിനോട് ചേർന്നാണ് പാർക്ക് ചെയ്യുന്നത്. ഇവയ്ക്ക് പ്രത്യേകം സ്റ്റാൻഡ് ഉണ്ടാക്കി, പാർക്കിങ്ങ് കർശനമായി അങ്ങോട്ട് മാറ്റണം. ഗതാഗതകുരുക്കിന് അല്പം ആശ്വാസം ലഭിക്കും.
- കാൽനടക്കാരുടെ സൗകര്യാർത്ഥം നടപ്പാതകൾ നിർമ്മിക്കുക.
- കരൂപ്പടന്ന - ബ്രാലം റോഡിലെ തകർന്നുകിടക്കുന്ന ചീപ്പുചിറ പാലങ്ങൾ പുതുക്കിപ്പണിത് റോഡിന് വീതികൂട്ടി ബസ് ഗതാഗതം നടപ്പിലാക്കണം.
- പൂവ്വത്തുംകടവ് ഫെറി പ്ലാറ്റ് ഫോം നന്നാക്കി സമീപത്ത് സോഡിയം വേപ്പർ ലാമ്പ് വെയ്ക്കണം.
- ഗതാഗതസൗകര്യം വർദ്ധിപ്പിക്കാൻ റോഡിനാവശ്യമായ സ്ഥലം വിട്ടു നൽകാൻ പൊതുജനം തയ്യാറാണ്. ഈ സാധ്യത മുതലെടുക്കണം.
- വികസിപ്പിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്യേണ്ട റോഡുകൾ ഈ പഞ്ചായത്തിൽ വളരെയേറെയുണ്ട്. പുതുതായി നിർമ്മിക്കേണ്ട ധാരാളം റോഡുകൾ വിവിധ വാർഡുകളിൽ ഉണ്ടെന്ന് ഗ്രാമസഭാനിർദ്ദേശങ്ങളിൽ കാണുന്നു.
- നിലവിലുള്ള റൂട്ടുകളിൽ ബസ് ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് പഞ്ചായത്തിൻെറ ഉൾഭാഗങ്ങളിലേക്ക്.
- റോഡിലേയ്ക്ക് കയറി നിൽക്കുന്ന വീടുകൾ മാറ്റി വീതി ഉറപ്പുവരുത്തുക.
- ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
- പാടങ്ങളിൽ വരമ്പുകൾ പുനർനിർമ്മിക്കുക.
- വ്യക്തികൾ റോഡുകളിൽ വസ്തുക്കൾ ഇറക്കി തടസ്സം സൃഷ്ടിക്കുന്നതിനെതിരെ നടപടികൾ എടുക്കുക.
- റോഡുകളിലെ കൈയേറ്റം തടയുക.

# ഊർജ്ജം

നമ്മുടെ നാട്ടിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന ഊർജ്ജസ്രോതസുകാം വിറക്, ചപ്പ്ചവറുകാം, കേരോൽപ്പന്നങ്ങാം തുടങ്ങിയവയാണ്. ഗാർഹിക മേഖലകളിൽ പ്രകൃതി വാതകം, എണ്ണ, വൈദ്യുതി തുടങ്ങിയവയും ഉപയോഗിക്കുന്നുണ്ട്. കാർഷിക മേഖലയിൽ കായികാദ്ധ്വാനവും എണ്ണയും, വൈദ്യുതിയും ഉപയോഗിക്കുമ്പോാം മറ്റു മേഖലകളിൽ വൈദ്യുതിയാണ് പ്രധാന ഊർജ്ജസ്രോതസ്. അമ്പതുകളുടെ അവസാനത്തിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ വൈദ്യുതി കാലൂന്നിയിട്ടുണ്ട്. വെളിച്ചത്തിന് ഇവിടങ്ങളിലെ പ്രധാന ആശ്രയം ഇപ്പോാം വൈദ്യുതിയാണ്.

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ചാപ്പാറയിൽ സ്ഥിതി ചെയ്യുന്ന 66 K.V. സബ്ബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നത്. വെള്ളാങ്ങല്ലൂർ മേജർ സെക്ഷൻെറ - % വൈദ്യുതി ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും താരതമ്യപ്പെടുത്തുമ്പോാം ട്രാൻസ്ഫോർമറുകാം എല്ലാം അധികഭാരം വഹിക്കുന്നവയാണ്.

## ട്രാൻസ്ഫോർമറുകളുടെ എണ്ണം

| നമ്പർ | സ്ഥലം | എണ്ണം | അധികഭാരം പേറുന്നവ |
|---|---|---|---|
| 1. | കരൂപ്പടന്ന | 2 | 1 |
| 2. | പെഴുംകാട് | 1 | - |
| 3. | കടലായി | 2 | - |
| 4. | കാരുമാത്ര | 1 | 1 |
| 5. | നെടുങ്കാണത്തുകുന്ന് | 1 | - |
| 6. | പട്ടേക്കാട്ടുകര | 1 | - |
| 7. | കോണത്തുകുന്ന് | 5 | 1 |
| 8. | ചിരട്ടക്കുന്ന് | 2 | 1 |
| 9. | ബ്രാലം | 1 | - |
| 10. | വള്ളിവട്ടം | 2 | - |
| 11. | നായ്കുളത്തുകാട് | 1 | - |
| 12. | പൈങ്ങോട് | 4 | 1 |
| 13. | അഗസ്ത്യകൂടം | 1 | - |
| 14. | ചിറ | 1 | - |
| 15. | വെള്ളാങ്ങല്ലൂർ | 1 | - |
| 16. | ജോസ് | 1 | - |
| 17. | കൽപ്പറമ്പ് | - | - |
| 18. | ചാമക്കുന്ന് | 1 | - |
| 19. | വെള്ളക്കാട് | 1 | - |
| 20. | വെളയനാട് | 1 | 1 |
| 21. | മനയ്ക്കടപ്പടി | 2 | - |
| | ആകെ | 33 | 6 |

അവലംബം: ഇലക്ട്രിക്കൽ മേജർ സെക്ഷൻ
വെള്ളാങ്ങല്ലൂർ



328

ഗാർഹിക മേഖലകളിലാണ് വൈദ്യുതോർജ്ജത്തിൻെറ ഏറിയപങ്കും ഉപയോഗിക്കുന്നത്. 70% കാർഷികമേഖലയിൽ, 20% വ്യവസായ മേഖലയിൽ, 1% വാണിജ്യമേഖലയിൽ, 9% കണക്ഷനുകളുമുണ്ട്, ഉപഭോക്താക്കളുടെ പ്രധാനപ്രശ്നം രൂക്ഷമായ വോാംട്ടേജ് ക്ഷാമമാണ്. സബ്ബ് സ്റ്റേഷനിൽ എത്തുന്ന 66K.V. ലൈനിൽ തന്നെ അമിതഭാരമുള്ളതിനാൽ വിതരണശൃംഖലയിൽ 150-ൽ കുറഞ്ഞ വോാംട്ടേജ് മാത്രമാണ് മിക്കസമയത്തും ലഭിക്കുന്നത്. Peak load സമയങ്ങളിൽ ഇത് 60 ഉം 50 ഉം വോാംട്ടുകളായി വീണ്ടും കുറയുന്നുണ്ട്. വൈദ്യുതിമോഷണം പഞ്ചായത്തിൽ ഉള്ളതായി തോന്നുന്നില്ല. പ്രേഷണവിതരണരംഗത്ത് ഉണ്ടാകുന്ന നഷ്ടമാണ് പ്രധാനം. വൈദ്യുതി ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷഭാഗങ്ങാം യഥാസമയങ്ങളിൽ മുറിച്ച് മാറ്റുക, Load ന് അനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക, ലൂസ് കണക്ഷനുകാം ഒഴിവാക്കുക തുടങ്ങിയ ലഘുവായ കാര്യങ്ങാം ബോർഡിൻെറ ഭാഗത്തുനിന്നും, ആവശ്യത്തിനുമാത്രം വൈദ്യുതി ഉപയോഗിക്കുന്ന ശീലം ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായാൽ ഒരു പരിധിവരെ ഇത്തരം വൈദ്യുതി നഷ്ടം കുറയ്ക്കാൻ കഴിയും.

പഞ്ചായത്തിലെ - % വീടുകളും വൈദ്യുതീകരിച്ചതാണ്. ട്യൂബ് ലൈറ്റ് ഉപയോഗിക്കുന്ന ശീലം മിക്ക വീടുകളിലും ഉണ്ട്. ഈ പഞ്ചായത്തിലൂടെ 29.5 കി. മീറ്റർ നീളത്തിൽ 11 K.V. ലൈനുകളും K.M. ദൂരത്തിൽ L.T. ലൈനുകളും ഉണ്ട്. പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം ചുവടെ.

| ബാംബുകാം | | | ട്യൂബ്സെറ്റുകാം |
|---|---|---|---|
| 25 W | 40W | 60W | |
| 25 | 278 | 345 | 12 |

ലൈനുകളുടെ ആകെ നീളം

| സ്വഭാവം | ലൈനിൻെറ നീളം |
|---|---|
| 3 phase 4 wire | 219.24 |
| 3 phase 4 wire | 138.34 |
| 1 phase 3 wire | 20.09 |
| 1 phase 2 wire | 92.52 |

## വിവിധ ഉപഭോക്താക്കാം:

| നമ്പർ | കാറ്റഗറി | ഉപഭോക്താക്കളുടെ എണ്ണം | ലോഡ് KW |
|---|---|---|---|
| 1. | ഗാർഹികം | 6862 | 6382 |
| 2. | കാർഷികം | 2745 | 5318 |
| 3. | വ്യാവസായികം | 132 | 1236 |
| 4. | ഗാർഹികേതരം - | | |
| | a) 10KW ന് താഴെ | 1066 | 666 |
| | b) 10KW ന് മുകളിൽ | 1 | 12 |

വെള്ളാംകല്ലൂർ മേജർ സെക്ഷൻെറ കണക്ക്

നിലവിലുള്ള കണക്കുകാം അനുസരിച്ച് പോസ്റ്റുകാം ആവശ്യമുള്ള 91 ഉം, ആവശ്യമില്ലാത്ത 18 ഉം അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുവാനുണ്ട്. പാചകം തുടങ്ങിയ ഗാർഹിക ആവശ്യങ്ങാംക്ക് ഇപ്പോഴും വിറക് തന്നെയാണ് ഉപയോഗിച്ച് വരുന്നത്. ഗണ്യമായ ഒരു വിഭാഗം പാചകവാതകം ഉപയോഗിക്കുന്നു. മണ്ണെണ്ണ ഉപയോഗിക്കുന്നവരും ഉണ്ട്. പാചകവാതകം ഉപയോഗിക്കുന്നവരും മുൻകരുതൽ എന്ന നിലയ്ക്കും അല്ലാതെയും വിറക് അടുപ്പുകളും ഉപയോഗിക്കുന്നുണ്ട്.

## A. പ്രശ്നങ്ങൾ

**1. പവ്വർകട്ട്, ലോഡ്ഷെഡ്ഡിങ്ങ്, വോൾട്ടേജ് ക്ഷാമം എന്നിവ**

ഈ സംസ്ഥാനത്തേയും, മറ്റു സംസ്ഥാനങ്ങളേയും ബാധിച്ചിരിക്കുന്ന പൊതുവായ പ്രശ്നങ്ങളാണ്. വോൾട്ടേജ് കുറവുമൂലം ബൾബുകൾ ശരിയായി പ്രകാശിക്കാത്ത അവസ്ഥ സാധാരണമാണ്. കൃഷി, വ്യവസായം തുടങ്ങിയ മേഖലകളെ വളരെയധികം പ്രതികൂലമായി ഇത് ബാധിക്കുന്നു. ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വളരെയേറെ കുറഞ്ഞുപോകുകയും തൊഴിൽ സാദ്ധ്യതകൾ തന്നെ കുറയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഈ പഞ്ചായത്തിന്റെ എന്നല്ല സംസ്ഥാനത്തിന്റെ തന്നെ മൊത്തത്തിലുള്ള പ്രശ്നമാണ്.

**2. വൈദ്യുതീകരിക്കാത്ത മേഖലകൾ**

പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി ഇനിയും വൈദ്യുതീകരിക്കാത്ത പ്രദേശങ്ങളുണ്ട്. ഇത്തരം മേഖലകളുടെ സമഗ്രവികസനത്തിന് വൈദ്യുതീകരണം അത്യന്താപേക്ഷിതമാണ്.

**3. തെരുവുവിളക്കുകൾ പ്രകാശിക്കുന്നില്ല.**

പല റോഡുകളലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. തന്മൂലം കാൽനടക്കാർ ഉൾപ്പെടെയുള്ള യാത്രക്കാർ വളരെയധികം വിഷമതകൾ അനുഭവിക്കേണ്ടിവരുന്നു. പലവിധ ചൂഷണങ്ങൾക്കും അവർ വിധേയരാവാറുണ്ട്.

**4. വിറക് ദൗർലഭ്യം**

പാചകാവശ്യത്തിന് പ്രധാനമായും ഉപയോഗിക്കുന്ന വിറക് ആവശ്യത്തിനു ലഭിക്കാറില്ല. തെങ്ങ് ഉൽപ്പന്നങ്ങളണ് പ്രധാനമായും ഉപയോഗിക്കുന്നത്. അറക്കപ്പൊടി, മരക്കരി തുടങ്ങിയവയും ചെറിയതോതിൽ ലഭ്യമാണെങ്കിലും പാചക ഊർജ്ജദൗർലഭ്യം പ്രശ്നമായിതന്നെ തുടരുന്നു.

**5. പാചകവാതക ഏജൻസി ഇല്ല**

പഞ്ചായത്തിർത്തിയിൽപ്പെട്ട ധാരാളം കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നുണ്ടെങ്കിലും വിസ്തൃതമായ ഈ പഞ്ചായത്തിൽ ഗ്യാസ് ഏജൻസി ഇല്ല. ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലുള്ള ഏജൻസികൾ ഈ പഞ്ചായത്തതിർത്തിയിൽ ഉള്ളവർക്ക് കണക്ഷനുകൾ നൽകുന്നില്ല. മറ്റുചില സ്കീമുകളിൽ കൂടിയാണ് ഇവിടെയുള്ളവർക്ക് ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുള്ളത്.

**6. പാരമ്പര്യേതര ഊർജ്ജം**

പാരമ്പര്യേതര ഊർജ്ജത്തെപ്പറ്റി ജനങ്ങൾക്ക് അവബോധം കുറവാണ്. ഊർജ്ജം എന്നത് വൈദ്യുതോർജ്ജമാണ്. ഊർജ്ജാസൂത്രണം വൈദ്യുത പദ്ധതികളുടെ ആസൂത്രണമാണ് എന്ന രീതിയിലാണ് ജനങ്ങൾ മനസിലാക്കിവച്ചിരിക്കുന്നത്. സൗരോർജ്ജം തുടങ്ങിയ ഊർജ്ജമാധ്യമങ്ങളെപ്പറ്റി അവർക്ക് അറിവില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. മെച്ചപ്പെട്ട അടുപ്പുകൾ പ്രചരിപ്പിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക, അനർട്ടിന്റെ ആഭിമുഖ്യത്തിലുള്ള പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുവാനും അവയെക്കുറിച്ച് ബോധവൽക്കരണം നടത്താനും പരിപാടികൾ ആസൂത്രണം ചെയ്യണം.

   പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അനർട്ട് അടുപ്പുകൾ, സൗരോർജ്ജവിളക്കുകൾ, ഇലക്ട്രോണിക് ചോക്കുകൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ ഒരു വർഷത്തിൽ 500 വീടുകൾ എന്ന നിരക്കിൽ 5 വർഷംകൊണ്ട് 2500 വീടുകൾക്ക് ലഭ്യമാക്കുക. സൗരോർജ്ജത്തിന്റെ (പാരമ്പര്യേതര ഊർജ്ജത്തിന്റെ) അനന്തസാദ്ധ്യതകളെ ഉപയോഗപ്പെടുത്തുക ഇങ്ങനെ വൈദ്യുതോർജ്ജ ഉപയോഗം കുറക്കാം. ഇത്തരം വസ്തുക്കാം അനർട്ടിനുവേണ്ടി നിർമ്മിച്ചുകൊടുക്കുന്ന വ്യവസായ യൂണിറ്റിനും ഇതുവഴി സാധ്യത തെളിയുന്നു.

2. ബയോഗ്യാസ് അടുപ്പുകൾ, CFL, പ്രഷർകുക്കർ, കച്ചിപ്പെട്ടി, ഘർഷണരഹിത ഫുട്ട്വാൽവുകൾ തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക



330

(1) രണ്ടോ മൂന്നോ കന്നുകാലികളുള്ള ഒരു വീടിനോ ഏതാനും വീടുകൾക്കോ ആയി ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ച് ഊർജ്ജഉപയോഗം നടത്താം. ഡയറിയൂണിറ്റുകളുമായി സഹകരിച്ച് വർഷത്തിൽ 50 ബയോഗ്യാസ് പ്ലാൻറുകൾ, അങ്ങനെ 5 വർഷംകൊണ്ട് 250 പ്ലാൻറുകൾ നിർമ്മിക്കാം.

(2) ഒരു വീട്ടിൽ ഒരു ബൾബിനു പകരം വില ഏറുമെങ്കിലും ഒരു CFL ഉപയോഗിച്ചാൽ വാർഷിക ഉപഭോഗത്തിൽ 50 യൂണിറ്റിൻെറ കുറവ് ഉണ്ടാക്കാം. ഒരു വീടിന് 1 CFL എന്ന തോതിൽ വർഷത്തിൽ 200 വീടുകൾക്ക്വെച്ച് 5 വർഷംകൊണ്ട് 1000 വീടുകൾക്ക് കുഞ്ചന്ത വിതരണം ചെയ്യണം. CFL നിർമ്മിക്കുന്ന ഒരു Electronic Unit -ന് അവ അനർട്ടിന് വിപണനത്തിനായി ഏൽപിക്കാം.

(3) പ്രഷർകുക്കർ ഒരു ആഡംബര വസ്തു എന്നതിൽ കവിഞ്ഞ് അവശ്യവസ്തു എന്നതിലേക്ക് കൊണ്ടുവരണം. പോഷകാംശങ്ങൾ നഷ്ടപ്പെടാതെയും കുറഞ്ഞ അളവിൽ ഊർജ്ജം ഉപയോഗിച്ചും ഭക്ഷണം പാകം ചെയ്യാം. അനർട്ടുവഴി സബ്സിഡി നിരക്കിൽ ഒരു വർഷത്തിൽ 200 വീടുകൾ വച്ച് 5 വർഷംകൊണ്ട് 1000 പ്രഷർകുക്കറുകൾ വിതരണം ചെയ്യണം.

(4) ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്യുമ്പോൾ തിളച്ചുകഴിഞ്ഞാൽ ഉടനെ കച്ചിപ്പെട്ടിയിൽ പാത്രം ഇറക്കി വെച്ചാൽ ഭക്ഷണം പാകമാകുന്നതിന് കൂടുതൽ ഊർജ്ജം ഉപയോഗിക്കേണ്ടിവരുന്നില്ല. നാമമാത്രമായ ചെലവുവരുന്ന കച്ചിപ്പെട്ടി 2 വർഷംകൊണ്ട് പഞ്ചായത്തിലെ എല്ലാ ഗൃഹങ്ങളിലും പ്രാവർത്തികമാക്കാം. ബയോഗ്യാസ് പ്ലാൻറ് കച്ചിപ്പെട്ടി തുടങ്ങിയവ നിർമ്മിക്കുവാൻ ഏതാനും പേരെ പരിശീലിപ്പിച്ചെടുത്താൽ തൊഴിൽ പ്രശ്നത്തിന് കുറച്ച് ആശ്വാസമാകും.

3. വിറകിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിന് സാമൂഹ്യ വനവൽക്കരണം നടപ്പാക്കുക. ഇതിൻെറ ഭാഗമായി വനം, കൃഷി വകുപ്പുകളുമായി സഹകരിച്ച് വൃക്ഷതൈകൾ വീടുവീടാന്തരം നൽകണം. ഒരു വർഷത്തിൽ 600 വീടുകൾക്ക് 10 തൈകൾ എന്ന നിലയിൽ 5 വർഷംകൊണ്ട് 3000 വീടുകളിൽ 2 - 2 1/2 സെൻറ് വിസ്താരത്തിൽ കൊച്ചു വനം രൂപപ്പെടുത്തി എടുക്കാം.

4. പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ ഉപയോഗിച്ചുള്ള വൈദ്യുതോൽപാദനം സംസ്ഥാനതലത്തിൽ ത്വരിതഗതിയിൽ നടപ്പാക്കുക. തിരമാലയിൽ നിന്നുള്ള വൈദ്യുതി കാറ്റിൽ നിന്നുള്ള വൈദ്യുതിയും, സൗരോർജ്ജ പ്ലാൻറുകളും യാഥാർത്ഥ്യമാക്കണം.

5. ഗ്യാസ് ഏജൻസി :-

പഞ്ചായത്തിൽ കേന്ദ്രസഹായത്തോടെ ഗ്യാസ് ഏജൻസി തുടങ്ങണം. പഞ്ചായത്തിലെ വനിത യൂണിറ്റുകളും മറ്റും ഏജൻസി ഏറ്റെടുത്തു നടത്തുവാൻ സന്നദ്ധരാണ്. ഗ്യാസ് ഏജൻസി യാഥാർത്ഥ്യമാക്കി 3000-ത്തോളം ഗൃഹങ്ങളിൽ പാചകവാതകവിതരണം നടത്തണം.

6. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളുടെ സഹായത്തോടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. നിലവിലുള്ള 66ന്നേർ ലൈനുകളും സബ്സ്റ്റേഷനുകളും 110/220 KV ആക്കുക. (നിലവിലുള്ള കോപ്പർകണ്ടക്ടേഴ്സ് മാറ്റി ചെലവ് കുറഞ്ഞ അലോമിനിയം കണ്ടക്ടറാക്കണം)

7. എല്ലാ വീടുകളിലും വൈദ്യുതി :-

വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണത്തിൻെറ 5-ൽ ഒന്ന് ഒരു വർഷത്തിൽ എന്ന ക്രമത്തിൽ 9-ാം പദ്ധതി കാലത്ത് പഞ്ചായത്തിനെ മുഴുവനായും വൈദ്യുതീകരിക്കണം. വൈദ്യുതിബോർഡും പൊതുജനങ്ങളും മുൻകൈ എടുത്ത് പദ്ധതി വിജയമാക്കാം.

8. സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം

സ്ലാബ് സമ്പ്രദായം നിലനിൽക്കുന്നതിനാൽ മിക്ക ഉപഭോക്താക്കളും ആവശ്യത്തിനും അനാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. തന്മൂലം വളരെയേറെ ഊർജ്ജം പാഴായിപോകുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരം എന്ന നിലയിൽ സെൽഫ് മീറ്റർ റീഡിങ്ങ് സമ്പ്രദായം ആവിഷ്ക്കരിക്കാം. സംസ്ഥാനത്തിൻെറ ഏതാനും പ്രദേശങ്ങളിൽ നിലവിലുള്ള ഈ പരിപാടി വെള്ളങ്ങല്ലൂർ പഞ്ചായത്തിലും പ്രാവർത്തികമാക്കണം. മീറ്റർ റീഡിങ്ങിൽ പരിചയമുള്ളവരും വൈദ്യുതിബോർഡ് ജീവനക്കാരും വീടുവീടാന്തരം കയറിയിറങ്ങി ഉപഭോക്താക്കളെ റീഡിങ്ങ് പഠിപ്പിക്കാം. ദിവസത്തിൽ 50 വീടുകൾ എന്ന കണക്കിൽ 5 മാസത്തിനകം സെൽഹ് മീറ്റർ റീഡിങ്ങിൽ പരിശീലനം നല്കി ഈ സംരംഭയ ലക്ഷ്യപ്രാപ്തിയിലെത്തിക്കാം. ഉപയോഗിക്കുന്ന ഊർജ്ജത്തിനു മാത്രം പണം നല്കിയാൽ മതിയെന്ന

നിലവരുമ്പോൾ ഉപഭോഗം സ്വാഭാവികമായും കുറയും. ഇങ്ങനെ ലാഭിക്കുന്ന വൈദ്യുതി ഉല്പാദന പ്രവർത്തനങ്ങൾക്കായി തിരിച്ചു വിടുകയും ചെയ്യാം.

9. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക:

താണിയത്തുകുന്ന് കോളനി, പൂവ്വത്തുംകടവ്, കാരുമാത്ര ശ്രീകുമാരേശ്വര ക്ഷേത്രനട എന്നിവിടങ്ങളിൽ ഉയർന്ന കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ച് സമീപപ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമത്തിന് താല്ക്കാലികമായി ഒരു ശമനം നല്കണം. അതിനോടൊപ്പം തന്നെ കാരുമാത്ര സ്കൂൾ പരിസരത്തെ ട്രാൻസ്ഫോർമറിൻെറ കപ്പാസിറ്റി കൂട്ടുകയുംവേണം. അധികഭാരം വഹിക്കുന്ന എല്ലാ ട്രാൻസ്ഫോർമറുകളും മാറ്റി കപ്പാസിറ്റി കൂടിയവ സ്ഥാപിക്കുകയും അതിനനുസരിച്ച് ലൈനുകളുടെ ശേഷി കൂട്ടുകയും വേണം. മാസത്തിൽ ഒരു ട്രാൻസ്ഫോർമർ എന്ന നിലയിൽ 2.5 വർഷത്തിനകം എല്ലാ ട്രാൻസ്ഫോർമറുകളുടേയും ശേഷി കൂട്ടാൻ കഴിയും.

10. സൗജന്യവൈദ്യുതികണക്ഷൻ :- സാമ്പത്തിക പരാധീനർക്ക്

വൈദ്യുതീകരണം നടക്കാത്ത പല വീടുകളിലും, അവരെ അതിൽ നിന്നും പുറകോട്ട് വലിക്കുന്നത് സാമ്പത്തിക പരാധീനതകളാണ്. അത്തരത്തിൽ പെട്ടവർക്ക് പ്രത്യേക പ്രത്യേക സ്കീം തയ്യാറാക്കി അതിൻപ്രകാരം സൗജന്യകണക്ഷൻ തരപ്പെടുത്തണം. ഒരു വർഷത്തിൽ 40 വീടുകൾവെച്ച് 5 വർഷംകൊണ്ട് ഇത്തരം 200 വീടുകളിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.

11. ഗ്രാമസഭാ നിർദ്ദേശങ്ങൾ:

a) കണക്ഷൻ നല്കുന്നതിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിലും മറ്റും ബോർഡിൻേറയും ഉദ്യോഗസ്ഥരുടേയും അനാസ്ഥയും ഉദാസീനതയും മാറ്റിയെടുക്കുക.

b) റോഡുകളിൽ ഗതാഗതതടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകളും പഴകിദ്രവിച്ചതും ചെരിഞ്ഞ് വീഴാറായതുമായ പോസ്റ്റുകളും മാറ്റി സ്ഥാപിക്കുകയും പുതിയ ഗുണനിലവാരമേറിയവ സ്ഥാപിക്കുകയും വേണം. വളരെയേറെ അപകടസാദ്ധ്യതകൾ ഒളിഞ്ഞുകിടക്കുകയാണീ മേഖലകളിൽ.

c) പൊതുജനസൗകര്യാർത്ഥം കോണത്തുകുന്ന്, കാരുമാത്ര, ബ്രാലം ജംഗ്ഷൻ എന്നിവിടങ്ങളിൽ ബിൽ കളക്ഷൻ സെൻറർ വേണം. വെള്ളാങ്ങല്ലൂർ മേജർ സെക്ഷനിൽ മാത്രമേ ഇപ്പോൾ ഈ സൗകര്യം ഉള്ളു. പുതിയ സെൻററുകൾ വളരെയേറെ ജനങ്ങളുടെ പെടാപ്പാട് കുറയ്ക്കുമെന്നതും വകുപ്പുദ്യോഗസ്ഥന്മാരുടെ ജോലിഭാരം ലഘൂകരിക്കാമെന്നതും ശ്രദ്ധേയമാണ്. 2 വർഷംകൊണ്ട് മൂന്നിനുമായി ഒരുമിച്ച് പ്രവർത്തനം നടത്തിയാൽ പുതിയ കളക്ഷൻ സെൻററുകൾ തുടങ്ങാൻ കഴിയും.

നെടുങ്കാണത്തുകുന്ന് ട്രാൻസ്ഫോർമറിനു സമീപം നാ്ഞങ്ങ യുടെ ഒരു പരാതി പുസ്തകം വയ്ക്കണം.

d. പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവുവിളക്കുകൾ വെയ്ക്കുകയും അവ കൃത്യമായി പ്രകാശിപ്പിക്കുകയും കേടു വന്നവ കാലതാമസം കൂടാതെ മാറ്റിയിടുകയും റിപ്പയർ ചെയ്യുകയും ചെയ്യുന്നതിന് ഊർജ്ജിത സംവിധാനം ഉണ്ടാക്കണം. ഗുണനിലവാരമുള്ള ബൾബുകൾ ഉപയോഗിക്കാനും ശ്രദ്ധിക്കണം. വെള്ളാങ്ങല്ലൂർ, കരൂപ്പടന്ന, കോണത്തുകുന്ന് തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ നിയോൺ ബൾബുകൾ സ്ഥാപിക്കണം.

e. അടിയന്തിരമായി വൈദ്യുതീകരിക്കപ്പെടേണ്ട പ്രദേശങ്ങൾ:

മൂസാവരിക്കുന്ന് പ്രദേശങ്ങൾ മുഴുവനും, വള്ളിവട്ടം അമ്പലത്തിൻെറ ... ഭാഗം, മുല്ലപ്പറമ്പ് ഭാഗം, കോഴിക്കോട് ഭാഗം, പെഴുംകാട് പള്ളി മുതൽ വള്ളിവട്ടം കടവ് വരെ 1 കി. മീറ്റർ, അംബേദ്കർ റോഡിൽ ബാക്കിയുള്ള ബാഗം, കാരുമാത്ര ചെറിയ പള്ളി മുതലുള്ള റോഡ്, ആലുക്കത്തറ പാടത്തെ കോളനി, പാണാട്ട്പാടം, രാജ് തിയ്യേറ്ററിൻെറ പടിഞ്ഞാറ് ഭാഗം, കൊടയ്ക്കാപ്പറമ്പ് - കോഴിക്കോട് റോഡ് 6, 8, 10, 11 വാർഡുകളിലെ ഏതാനും സ്ഥലങ്ങൾ, താണിയത്തുകുന്ന് കോളനി, പൈങ്ങോട് മിനി ലക്ഷം വീട് കോളനി, ...ബ്ലാക്ക് ഭാഗത്തെ മിനി കോളനി റോഡുകൾ, ഐനിക്കര പ്രദേശത്ത് 'ത്രിഫേസ്' സൗകര്യം.

# വാർത്താവിനിമയം

അനുദിനം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന വാർത്താവിനിമയമേഖല മുഖ്യമായും നഗരങ്ങളെയാണ് ലക്ഷ്യമാക്കുന്നത്. പദ്ധതികളിലൂടെ വികസനത്തിലേക്ക് കുതിക്കുമ്പോൾ തീർച്ചയായും ഗ്രാമപ്രദേശങ്ങൾക്കും വാർത്താവിനിമയ മേഖലയിൽ മുന്നേറാതിരിക്കാൻ കഴിയില്ല.

വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ വെള്ളാങ്ങല്ലൂർ, കോണത്തുകുന്ന്, കരൂപ്പടന്ന, കാരുമാത്ര, വള്ളിവട്ടം തുടങ്ങിയ പ്രദേശങ്ങളിൽ പോസ്റ്റാഫീസുകൾ ഉണ്ട്. വെള്ളാങ്ങല്ലൂർ, കോണത്തുകുന്ന് പോസ്റ്റാഫീസുകളിൽ ടെലിഗ്രാഫ് സൗകര്യവും നിലവിലുണ്ട്. പഞ്ചായത്തിൽ ഉള്ള ടെലിഫോൺ എക്സ്ചേഞ്ച് വെള്ളാങ്ങല്ലൂരിൽ സ്ഥിതി ചെയ്യുന്നു. മറ്റു മാദ്ധ്യമങ്ങളെന്ന നിലയിൽ റേഡിയോയും, ടെലിവിഷനും പ്രചുരപ്രചാരം നേടിയിട്ടുണ്ട്. സ്വകാര്യമേഖലയിൽ കേബിൾ ടി. വി. സൗകര്യവും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ലഭ്യമാണ്.

എല്ലാ പോസ്റ്റാഫീസുകൾക്കും താരതമ്യേന വിസ്തൃതമായ പ്രവർത്തനപരിധിയാണുള്ളത്. എന്നാൽ സ്വതന്ത്ര ചുമതലയുള്ള പോസ്റ്റാഫീസിന് ആയുട്ടുപോലും കരൂപ്പടന്നയിൽ ടെലിഗ്രാഫ് സൗകര്യങ്ങൾ ഇല്ല. പരിസരവാസികൾക്ക് ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. എഴുനൂറോളം കണക്ഷനുകളുള്ള ടെലിഫോൺ എക്സ്ചേഞ്ച് വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ സ്വന്തമായ ഒരു കെട്ടിടം എക്സ്ചേഞ്ചിന് രൂപപ്പെട്ടുവരുന്നു. ഒരു ശക്തമായ മാദ്ധ്യമമെന്ന നിലയിൽ റേഡിയോ ഏറെ മുമ്പുതന്നെ പഞ്ചായത്തിൽ എത്തിയിട്ടുണ്ട്. റേഡിയോ രംഗത്തുവന്ന വിപ്ലവാത്മകമായ മാറ്റങ്ങളെ ഈ ദേശവാസികളും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. എൺപതുകളുടെ ഉത്തരാർദ്ധത്തിൽ ടെലിവിഷൻ ഇവിടെ സുലഭമായി.

## A പ്രശ്നങ്ങൾ

1. ടെലിഫോണിന് അപേക്ഷിക്കുന്നവർക്ക് കണക്ഷൻ ലഭ്യമാകാൻ നീണ്ട കാലയളവ് കാത്തിരിക്കേണ്ടിവരുന്നുണ്ട്. കണക്ഷൻ കിട്ടിയവർക്കും പ്രശ്നങ്ങൾ നിരവധിയാണ്. ലൈനുകളിലെ തകരാറുകൾ, സാങ്കേതിക പ്രശ്നങ്ങൾ, ബില്ലിംഗിലെ പ്രശ്നങ്ങൾ എന്നിങ്ങനെ അവ നീളുന്നു.

2. **ടെലിവിഷൻ പരിപാടികളും വിദ്യാഭ്യാസ നിലവാരവും**

ടെലിവിഷനുകളിലെ സീരിയലുകളും മറ്റു പരിപാടികളും ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ കാര്യമായി ബാധിക്കുന്ന തരത്തിലാണ്. പരിപാടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ വളരെയേറെ കുട്ടികൾക്ക് പഠന സമയം നഷ്ടമാകുകയും അവസാനഫലം എന്ന നിലയിൽ അവർക്ക് പഠിക്കാനുള്ള തൃഷ്ണ നഷ്ടപ്പെടുകയും ചെയ്യുന്നു.

3. **സർക്കാരിൻെറയും പഞ്ചായത്തിൻെറയും തീരുമാനങ്ങൾ ജനങ്ങൾ അറിയാറില്ല.**

കാലാകാലങ്ങളിൽ സർക്കാരും പഞ്ചായത്തും എടുക്കുന്ന തീരുമാനങ്ങളും വിവിധ സ്കീമുകളുടെ വിശദാംശങ്ങളും അറിയാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നാനാവിധത്തിലുള്ള നഷ്ടം ഉണ്ടാകുന്നുണ്ട്. മാത്രമല്ല, സർക്കാരിൻെറ വിവിധ ഫണ്ടുകൾ ചെലവഴിക്കാനാകാതെ ലാപ്സായിപോവുകയും ചെയ്യുന്നു.

## B നിർദ്ദേശങ്ങൾ, സാധ്യതകൾ

1. **ടെലിഫോൺബൂത്തുകൾ:**

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ രാജ്യത്തിൻെറയും ലോകത്തിൻെറയും മറ്റുമേഖലകളുമായി ബന്ധിപ്പിക്കുവാൻ അങ്ങിങ്ങായി ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കേണ്ടതുണ്ട്. സ്വന്തമായ ടെലഫോൺ കണക്ഷനില്ലാത്തവർക്ക് ഇത് വലിയൊരു അനുഗ്രഹമായിരിക്കും. കാരുമാത്ര, പാലപ്രകുന്ന്, നെടുങ്കാണത്തുകുന്ന്, പൈങ്ങോട് പാറപ്പുറം, ചാമക്കുന്ന്, പട്ടേപ്പാടം, പുഞ്ചപ്പറമ്പ് എന്നിവിടങ്ങളിലും STD-ISD പബ്ലിക് ബൂത്തു സൗകര്യം വേണം. എല്ലാ സർക്കാർ ഓഫീസുകളിലും ടെലിഫോൺ കണക്ഷൻ ലഭിക്കേണ്ടത് അത്യാവശ്യമാണ്. അപേക്ഷകർക്ക് ഇന്നുള്ളതുപോലെ നീണ്ടകാത്തിരിപ്പില്ലാതെ ടെലഫോൺ കണക്ഷൻ ലഭിക്കുന്ന തരത്തിൽ ടെലികോം മേഖലയിലെ സംവിധാനം വിപുലീകരിക്കണം. 2 മാസത്തിന് 1 ബൂത്ത് എന്ന കണക്കിൽ 15 മാസങ്ങൾക്കകം ലക്ഷ്യം നേടാം.

**2. പോസ്റ്റുബോക്സുകൾ**

പഞ്ചായത്തിലുള്ള പോസ്റ്റാഫീസുകളിൽ നിന്നും വളരെ അകലത്തിലുള്ള മേഖലകളിലെ ജനങ്ങൾക്ക് കത്തുകളും മറ്റും പോസ്റ്റ് ചെയ്യാൻ ഇപ്പോൾ വളരെയേറെ യാത്രചെയ്യേണ്ടിവരുന്നു. ഈ ദുരിതം ഒഴിവാക്കാൻ പല മേഖലകളിലും ഒരു പോസ്റ്റു ബോക്സെങ്കിലും സ്ഥാപിക്കേണ്ടതുണ്ട്. പട്ടേപ്പാടം ജംഗ്ഷൻ, കണ്ണികുളങ്ങര, കാരുമാത്ര ശ്രീകുമാരേശ്വര ക്ഷേത്രനട ആറാം വാർഡിലും പോസ്റ്റ്ബോക്സുകൾ വയ്ക്കണം. ഒരു വർഷത്തിനകം ഇക്കാര്യങ്ങൾ ചെയ്തു തീർക്കാവുന്നതാണ്.

**3. റേഡിയോ, ടെലിവിഷൻ**

കാരുമാത്രയിലും വട്ടേക്കാട്ടുകര ലക്ഷം വീടുകോളനിയിലും പൊതുറേഡിയോ, ടി. വി. എന്നിവ സ്ഥാപിച്ച് അവിടങ്ങളിലെ ജനങ്ങൾക്ക് ദൈനംദിന ലോകകാര്യങ്ങൾ അറിയാൻ സൗകര്യം ഏർപ്പെടുത്തണം. ഏറ്റവും പരിമിതമായ സമയമേ ഇതിനുവേണ്ടി വരൂ. 6 മാസം കഴിയുമ്പോഴേക്കും പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാവുന്നതാണ്.

**4. ടെലിവിഷൻ പരിപാടി സമയമാറ്റം**

വിദ്യാഭ്യാസനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള സമയക്രമീകരണമാണ് ഇന്ന് ടി. വി. പരിപാടികൾക്കുള്ളത്. വിദ്യാർത്ഥികൾ പഠിക്കുന്ന 4 മുതൽ 9 pm വരെയാണ് ഇപ്പോൾ പ്രധാനമായും ടി. വി. പരിപാടികൾക്കുള്ളത്. ഇത് മാറ്റേണ്ടിയിരിക്കുന്നു. 9 മണിക്കുശേഷം ഈ പരിപാടികൾ സംപ്രേഷണം ചെയ്യുകയാണെങ്കിൽ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് സമയം ലഭിക്കുകയും മറ്റുള്ളവരോടൊപ്പം ടി. വി. കാണുകയും ചെയ്യാം. ഇത്തരം ഒരു സമയമാറ്റം അനിവാര്യമാണ്.

**5. പുത്തൻസങ്കേതങ്ങൾ ഗ്രാമത്തിൽ**

വാർത്താവിനിമയ രംഗത്ത് നൂതന സങ്കേതങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടുവരികയാണ്. ലോകത്തിന്റെ പ്രയാണത്തിനൊപ്പം എത്തിപ്പെടണമെങ്കിൽ നമുക്കും വേഗതകൂട്ടേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ട് ആധുനിക വാർത്താവിനിമയ സങ്കേതങ്ങൾ സ്വാഗതം ചെയ്യപ്പെടണം.

**6. "ന്യൂസ്‌ലെറ്റർ സംവിധാനം"**

കൃഷിഭവൻ, ബ്ലോക്ക് പഞ്ചായത്ത് മറ്റ് സർക്കാർ ഏജൻസികൾ എന്നിവവഴി സർക്കാർ ആവിഷ്ക്കരിക്കുന്ന വിവിധപരിപാടികളും പദ്ധതികളും പൊതുജനങ്ങളെ ലാക്കാക്കിയുള്ളതാണ്. അവ വേണ്ടവിധം ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ സമയാസമയത്ത് അവർ കാര്യങ്ങൾ അറിഞ്ഞിരിക്കണം. ഇതിനുള്ള ഒരു സംവിധാനമെന്ന നിലയിൽ "ന്യൂസ്‌ലെറ്റർ" അവതരിപ്പിക്കുന്നു. വിവരങ്ങൾ ക്രോഡീകരിച്ച ഒരു ഇൻലൻറുമാതൃകയിലാക്കി ജനങ്ങൾക്കെത്തിക്കാം. പ്രധാന വിതരണ കേന്ദ്രമായി റേഷൻകടകൾ തിരഞ്ഞെടുക്കാം. ഏറ്റവും അത്യാവശ്യമായും പെട്ടെന്ന് ചെയ്യേണ്ടതുമായ ഒരു നടപടിയാണ് "ന്യൂസ്‌ലെറ്റർ" സംവിധാനം.

# സാമൂഹ്യക്ഷേമം - പാർപ്പിടം

പഞ്ചായത്തിലെ സാമൂഹ്യക്ഷേമസുരക്ഷിത പ്രവർത്തനങ്ങളെ സംബന്ധിച്ച് കൃത്യമായി പരിശോധിക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. ഇതുവരെ നമുക്ക് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വിധവാപെൻഷൻ 120 പേർക്കും, വാർദ്ധക്യകാലപെൻഷൻ 78 പേർക്കും ലഭിക്കുന്നു. വികലാംഗപെൻഷൻ വാങ്ങുന്നവരുടെയും, കർഷകതൊഴിലാളി പെൻഷൻ ലഭിയ്ക്കുന്നവരുടെയും കണക്കുകൾ ലഭ്യമല്ല. ഇപ്പോഴ് പെൻഷൻ ലഭിയ്ക്കുന്നതു അർഹരായവർക്കാണോ, അർഹരായവർക്ക് മുഴുവൻ പേർക്കും പെൻഷൻ ലഭിയ്ക്കുന്നുണ്ടോ തുടങ്ങിയവ പഞ്ചായത്തടിസ്ഥാനത്തിൽ പരിശോധിച്ചു നടപ്പിൽ വരുത്തുന്നതിന്നുള്ള സംവിധാനം ഉണ്ടാക്കേണ്ടതും ഐ. ആർ. ഡി. പി. സബ്ബ് ലിസ്റ്റുകൾ പുതുക്കുന്ന കാര്യത്തിൽ ഇന്നുള്ള അന്തരം ഒഴിവാക്കേണ്ടതുണ്ട് എന്നുമാത്രമല്ല ഗ്രാമസഭകൾക്ക് ബോദ്ധ്യമുള്ള ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുക്കപ്പെട്ടാൽ ഐ. ആർ. ഡി. പി. ലിസ്റ്റിലില്ല എന്ന കാരണത്താൽ പിന്തള്ളപ്പെട്ട് പോകാൻ ഇടയുള്ള അവസ്ഥ മാറ്റി ഗ്രാമസഭയിൽ നിന്ന് നിശ്ചയിക്കപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയണം. ജെ. ആർ. വൈ. പദ്ധതി ഇത്തരം ജനവിഭാഗങ്ങളുടെ ഉന്നമനത്തിന്നായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നും കാണാൻ കഴിയും. ഇക്കാര്യത്തിൽ ആഴത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. പാർപ്പിട സൗകര്യങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വഴി നല്കിയതിൻെറ കണക്കുകൾ ലഭ്യമല്ല. ഇക്കാര്യത്തിൽ ഒരു പ്രാവശ്യം ഗുണം ലഭിച്ചവർ വീണ്ടും ആനുകൂല്യം പറ്റുന്നുണ്ടോ, ഇത്തരം ആനുകൂല്യത്തിലൂടെ ലഭിച്ച വീടുകൾ കൈമാറ്റം തടയേണ്ടതുണ്ടോ, എന്നീ കാര്യങ്ങളും നിശ്ചയിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ ഇന്നത്തെ സ്ഥിതിവെച്ച് ഒരു വാർഡിൽ ഒരു വർഷം 10 വീട് പ്രകാരം 130 വീട് ഒരു വർഷം എന്നതരത്തിൽ 5 വർഷക്കാലത്തേയ്ക്ക് 650 വീടുകൾ നിർമ്മിക്കേണ്ടിവരും. കൂടാതെ തറയും നല്ല ചുമരുകളുമുള്ള വീടുകൾ ഓട് മേയുന്നതിന് ഒരു വാർഡിൽ 5 വീട് ഒരു വർഷം എന്ന വീതം വർഷം 65 വീടിന് 10,000 രൂപ പ്രകാരം 5 വർഷത്തേക്ക് 32,50,000 രൂപ വേണ്ടിവരും. ഭൂമിയില്ലാത്ത ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് വിതരണം നടത്തണ്ടിവരും.

# സംസ്ക്കാരം

വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ ആദ്യമായി പ്രവർത്തനമാരംഭിച്ച വായനശാല വള്ളിവട്ടം ബ്രാലത്ത് സ്ഥിതിചെയ്യുന്ന മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാലയാണ്. മനയ്ക്കൽ പടിയിൽ സ്ഥിതിചെയ്യുന്ന ഗ്രാമീണ വായനശാലയും, പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന വായനശാലയും മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ മൂന്ന് വായനശാലകളിലും ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണ്. പൊതുജനങ്ങളുടെ വായനശീലം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇവയുടെ പ്രവർത്തനം അപര്യാപ്തമാണ്. ഗ്രന്ഥശാലകളിൽ വരിക്കാരുടെയും വായനക്കാരുടെയും എണ്ണത്തിനനുസരിച്ച് ഇവയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. ഗ്രന്ഥശാലകൾക്ക് പുറമേ പഞ്ചായത്തിൽ ധാരാളം കലാകായി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. മിക്കവയ്ക്കും സ്വന്തം കെട്ടിടങ്ങളോ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളോ ഇല്ല. ടെലിവിഷൻെറ അധിപ്രസരം സാംസ്ക്കാരിക പ്രവർത്തനത്തിൻെറ തീവ്രത കുറച്ചിട്ടുണ്ട്. പഞ്ചായത്ത് വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും സാംസ്കാരിക സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ ഉത്സവങ്ങളും പെരുന്നാളുകളും ആഘോഷിച്ചുവരുന്നു. ഒന്ന്, മൂന്ന് വാർഡുകളിൽ നടക്കുന്ന കുടുംബി ക്ഷേത്രത്തിലെ ഹോളി മഹോത്സവും എടുത്തു പറയേണ്ടതാണ്. വാർഡ് രണ്ടിൽ നടക്കുന്ന അയ്യപ്പക്ഷേത്ര ഉത്സവവും ഈഴുവത്തറ ഭുവനേശ്വർ ക്ഷേത്രത്തിലെ ഉത്സവാഘോഷവും, മുസാഹരിക്കുന്ന് ജാറം ചന്ദനകുടം, ശ്രീകൃഷ്ണജയന്തി, ഹരിജാതപുരം, ഐനിക്കരപ്പാടത്തെ കെട്ടുകാഴ്ച, കൊടക്കാപറമ്പ് ക്ഷേത്രഉത്സവം, കുമാരേശ്വര ക്ഷേത്ര ഉത്സവം, കുമാരേശ്വര ക്ഷേത്രഉത്സവം, ആലുക്കത്തറ മുത്തിയുടെ ഉത്സവാഘോഷം, പുതിയകാവ് ക്ഷേത്രഉത്സവം, പുലപ്പാടം തുള്ളൽ, ആനക്കൽ അമ്പലക്ഷേത്രം ഉത്സവം, കണ്ണികുളങ്ങരയിലെ മുടിയേറ്റ്, വെളയനാട് പള്ളി തിരുന്നാൾ, ചാമക്കുന്ന് പള്ളി തിരുനാൾ, സെൻറ് സെബാസ്റ്റ്യൻസ് പള്ളിതിരുന്നാൾ, വെങ്ങാട്ടംപ്പിള്ളി ക്ഷേത്രഉത്സവം, നബിദിന റാലി പറയ്ക്കാട്ട് ക്ഷേത്ര ഉത്സവം, കണ്ഠാകർണ്ണക്ഷേത്ര ഉത്സവം, കൈമൾ ക്ഷേത്ര ഉത്സവം എന്നിവ മതസൗഹാർദ്ദത്തിൻേറയും, കൂട്ടായ്മയുടേയും പ്രതീകമായി ആചരിച്ചുപോരുന്നവയാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല.
2. വായനശീലം വർദ്ധിപ്പിക്കുന്നതിന് വാർഡുകളിൽ വായനശാലകളുടെ ആവശ്യം.
3. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം.
4. കായികവിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.
5. കലാസമിതികളും മറ്റും നേരിടുന്ന സാമ്പത്തിക പ്രശ്നം.
6. തനത് കലകളുടെ നാശം.

## സാധ്യതകൾ

1. എല്ലാ വാർഡുകളിലും വായനശാകൾ സ്ഥാപിക്കുക.
2. കായിക വിനോദസൗകര്യങ്ങളും സ്പോർട്ട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
3. പ്രാദേശികമായ പൊതുആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.
4. കലാകായിക സമിതികൾക്ക് സാമ്പത്തികസാഹയം നൽകുക.
5. വിവിധ സാംസ്കാരിക സംഘടനകളെ ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒരു സാംസ്കാരിക വേദി രൂപീകരിക്കുക.
6. അനാചാരങ്ങൾക്കെതിരേ ബോധവൽകരണം നടത്തുക.
7. മതസൗഹാർദ്ദം വളർത്തുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുക.
8. നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക.

# വനിത

കേരളവികസന പ്രക്രിയയിലെ ഒരു പ്രധാന പോരായ്മയായ സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ മാറ്റിയെടുക്കാനാണ് ഒമ്പതാം പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ ജനസംഖയിൽ ഭൂരിഭാഗവും സ്ത്രീകളാകുന്നു. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. എന്നാൽ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ പെൺകുട്ടികളാണ് കൂടുതൽ. കൂടുതൽ വിദ്യാഭ്യാസം ലഭിക്കാത്ത സ്ത്രീകൾ മുസ്ലീം ജനവിഭാഗത്തിൾപെട്ടവരാണ്. വരുമാനം ഉണ്ടാക്കുന്ന പണികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ
3. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം
4. സ്ത്രീധനസംബന്ധമായ പ്രശ്നങ്ങവ്
5. സ്ത്രീപീഡനം
6. അനാചാരങ്ങൾ
7. തൊഴിൽ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.

സാധ്യതകാം

1. പരമ്പരാഗത വ്യവസായങ്ങളിൽ സ്ത്രീകാംക്ക് മുൻഗണന നൽകുക.
2. കൂടുതൽ വനിത സഹകരണവ്യവസായ യൂണിറ്റുകാം സംഘടിപ്പിക്കുക. (തയ്യൽ പരിശീലനം, പായ നെയ്ത്ത്, ആടു കോഴി വളർത്തൽ, പച്ചക്കറി സംസ്കരണം, റബ്ബർ വ്യവസായം, റെഡിമെയ്ഡ് മുതലായവ)
3. സ്ത്രീകാംക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനം.
4. അനാചാരങ്ങാംക്കെതിരെ ബോധവൽക്കരണം.
5. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
6. പൊതുസ്ഥലങ്ങളിലും തൊഴിൽ സ്ഥലത്തും പ്രാഥമിക സൗകര്യങ്ങാം ഉറപ്പുവരുത്തുക.
7. സ്ത്രീകാം നാഥകളായുള്ള കുടുംബങ്ങാംക്ക് പ്രത്യേക പരിഗണന നൽകുക.
8. അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് കൃഷിഭവൻ മുഖാന്തിരം വിത്ത്, വളം എന്നിവ നൽകുക.
9. ബയോഗ്യാസ് പ്ലാൻറുകാം സ്ഥാപിക്കണം.
10. സ്ത്രീധനനിരോധനനിയമം കർശനമായി നടപ്പിലാക്കണം.
11. ഇന്ധനക്ഷമതയുള്ള അടുപ്പുകാം സ്ഥാപിക്കണം.
12. പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകാം സംഘടിപ്പിക്കുക.
13. പഞ്ചായത്തിൽ വനിത നിയമസഹായസെൽ രൂപീകരിക്കുക.

# സഹകരണം

കർഷകരെയും ഇതര ജനവിഭാഗങ്ങളെയും ഹുണ്ടികരിൽ നിന്നും സാമ്പത്തിക ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളാങ്ങല്ലൂർ പഞ്ചായത്ത്, പൂമംഗലം പഞ്ചായത്ത്, വേളൂക്കര പഞ്ചായത്തിലെ കൊറ്റനല്ലൂർ വില്ലേജും ഉാംകൊള്ളിച്ചുകൊണ്ട് 1949 വർഷം ഡിസംബർ മാസം 6-ാം തിയ്യതി വെള്ളാങ്ങല്ലൂർ വിവിധോദ്ദേശ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ശേഷം പൂമംഗലം പഞ്ചായത്തും, കൊറ്റനല്ലൂർ വില്ലേജും വേർപെട്ട് പോകുകയും വള്ളിവട്ടം വില്ലേജിനെ ഉാംപ്പെടുത്തി വള്ളിവട്ടം വിവിധോദ്ദേസ സഹകരണസംഘം 1957 ഒക്ടോബർ മാസം 13-ാം തിയ്യതി പ്രവർത്തനമാരംഭിച്ച് 1976 കാലഘട്ടം വരെ ജില്ലാസഹകരണബാങ്കിനെ മാത്രം ആശ്രയിച്ചാണ് ഈ സ്ഥാപനങ്ങാം പ്രവർത്തിച്ചിരുന്നതെങ്കിലും 1977-ലെ നിക്ഷേപസമാഹരണം തുടങ്ങിയതോടെ പ്രവർത്തനം മറ്റു മേഖലകളിലേക്കുകൂടി വ്യാപിക്കുവാൻ കഴിഞ്ഞു.

1996 സെപ്തംബർ അവസാനിച്ച മാസത്തെ കണക്കുകാം പ്രകാരം മേൽപറഞ്ഞ 2 സ്ഥാപനങ്ങളിലായി 9891 അംഗങ്ങളും 21 ലക്ഷം ഓഹരിമൂലധനവും 355 ലക്ഷം നിക്ഷേപങ്ങളും ഉാംപ്പെടെ മൊത്തം 401 ലക്ഷം ക. പ്രവർത്തനമൂലധനമുണ്ട്.

ദേശസാൽകൃത, ഷെഡ്യൂാംഡ് ബാങ്കുകവ് നടത്തുന്ന NRE, NRI, നിക്ഷേപങ്ങളൊഴികെ മറ്റെല്ലാ ബാങ്കിംഗ് പ്രവർത്തനങ്ങളും, വായ്പാ വ്യാപാരവും, കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനികളുടെ വിതരണവും, ഓണക്കാലത്ത് വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്തുന്നതിനായി ഓണചന്തകളും, മാവേലി സ്റ്റോറുകളും തുറന്നു പ്രവർത്തിക്കുന്നു.

കാർഷിക വായ്പ, IRDP, ഭവനനിർമ്മാണം ചെറുകിട വ്യവസായം, സ്വയം തൊഴിൽ എന്നീ ഇനങ്ങളിലായി മൊത്തം 316 ലക്ഷം ക. വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക 10 ലക്ഷത്തി 21 ആയിരം ക. ജീവനക്കാരുടെ എണ്ണം 17 തൻചെലവും സിൽബന്ധി ചെലവും ഉാംപ്പെടെ മൊത്തം 12,12,000 ക.

## പ്രശ്നങ്ങൾ

1. വായ്പാകുടിശ്ശിക വർദ്ധിക്കുന്നു
2. വള്ളിവട്ടം SCB യുടെ പ്രവർത്തനം പരിധിക്കുള്ളിൽ 60 ശതമാനത്തിൽ താഴെ.
4. കനറാ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, നെടുങ്ങാടി ബാങ്ക്, ജില്ലാസഹകരണ ബാങ്ക് - സ്വകാര്യപണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം.
5. വായ്പകളുടെ വിനിയോഗത്തിലുള്ള അപാകത.

## നിർദ്ദേശങ്ങൾ

1. അനുവദിക്കുന്ന വായ്പകളുടെ ഉപയോഗം ഉറപ്പുവരുത്തുക. അംഗങ്ങളുടെ തിരിച്ചടക്കാനുള്ള കഴിവിനെ ആസ്പദപ്പെടുത്തി വായ്പ അനുവദിക്കുക. ഉൽപാദനപരമായ ആവശ്യങ്ങൾക്ക് മുൻഗണന നൽകികൊണ്ട് വായ്പ അനുവദിക്കുക. സാമ്പത്തിക അച്ചടക്കം പാലിക്കുക.
2. വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനപരിധി വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ ഒന്നും, രണ്ടും, മൂന്നും, വാർഡുകൾ ഉൾപ്പെടുന്നവയാണ്. ഈ പരിധിയിൽപ്പെടുന്ന 100 ശതമാനം കുടുംബങ്ങളിലെ അംഗങ്ങളും ഈ ബാങ്കിൽ അംഗത്വം ഉള്ളവരാണ്. കൂടാതെ പരമാവധി നിക്ഷേപങ്ങൾ ഈ പ്രവർത്തനപരിധിയിൽ നിന്നും സമാഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ സ്ഥാപനം പ്രവർത്തന മരവിപ്പ് (Stagnation) നേരിടുകയാണ്.
3. വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ മറ്റു പത്തു വാർഡുകൾ ഉൾപ്പെടുന്ന വെള്ളാങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനപരിധിയിലുള്ള ഏതാണ്ട് 60 ശതമാനത്തോളം പേർ മാത്രമെ ഈ സ്ഥാപനവുമായി ബന്ധപ്പെടുവാൻ കഴിഞ്ഞിട്ടുള്ളു.
4. ഇത് പരിഹരിക്കുന്നതിനുവേണ്ടി വള്ളിവട്ടം സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനപരിധി മറ്റു സമീപ വാർഡുകളിലേക്കുകൂടി വ്യാപിപ്പിക്കുകയോ, വെള്ളാങ്ങല്ലൂർ സർവ്വീസ് സഹകരണബാങ്കിനെയും വള്ളിവട്ടം സർവ്വീസ് സഹകരണബാങ്കിനെയും സംയോജിപ്പിച്ച് വെള്ളാങ്ങല്ലൂർ പഞ്ചായത്തിനെ മൊത്തം പ്രവർത്തന പരിധിയാക്കി വെള്ളാങ്ങല്ലൂർ പഞ്ചായത്ത് ഫാർമേഴ്സ് സഹകരണ ബാങ്ക് രൂപീകരിക്കുകയോ ചെയ്യാവുന്നതാണ്.
5. വായ്പകൾ ഉദ്ദേശിച്ച കാര്യങ്ങൾക്ക്വേണ്ടി ഉൽപാദന മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഇതര സ്ഥാപനങ്ങളുടെ പ്രവർത്തനം

കാർഷിക വികസനബാങ്ക് നമ്മുടെ പഞ്ചായത്തിൽ 250 പേർക്ക് 62,50,000 ക. യും ഹൗസിംഗ് സഹകരണ സംഘം 9 പേർക്ക് 3,55,000 ക. യും വായ്പയായി നൽകിയിട്ടുണ്ട്.

വള്ളിവട്ടം, കോണത്തുകുന്ന്, വെള്ളാങ്കല്ലൂർ എന്നീ 3 ക്ഷീരോൽപാദന സഹകരണ സംഘങ്ങളും കൂടി പ്രതിദിനം 1544 ലിറ്റർ പാൽ നേരിട്ട് സംഭരിക്കുകയും 1237 ലിറ്റർ പുറത്തേക്ക് അയക്കുകയും 307 ലിറ്റർ പ്രാദേശികമായി വിൽപന നടത്തുകയും ചെയ്യുന്നു. ഇവയുടെ പ്രവർത്തനം കൂടുതൽ പ്രവർത്തനക്ഷമതയുള്ളതാക്കി കൂടുതൽ തൊഴിലവസരങ്ങളും ആളോഹരി വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്.

വള്ളിവട്ടം - കരൂപ്പടന്ന കയർ സഹകരണസംഘവും കാരുമാത്ര - കടലായി കയർ സഹകരണസംഘവും നമ്മുടെ പഞ്ചയത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ ഒട്ടനവധി തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും പണിയെടുക്കുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റില്ലാതെ കെട്ടിക്കിടക്കുന്നതുമൂലം ചുരുങ്ങിയ തൊഴിലവസരങ്ങൾ ലഭിക്കുന്നുള്ളു. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. മൾട്ടിപർപ്പസ് കോ - ഓപ്പ. സൊസയിറ്റിയുടെ പ്രവർത്തനം പുനരുദ്ധരിക്കണം.

നിർദ്ദേശങ്ങൾ

1. കാർഷികമേഖലയിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഭരണ വിതരണ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
2. വ്യവസായ മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
3. കാർ, ടെമ്പോ, ഓട്ടോറിക്ഷ തൊഴിലാളികൾക്കായി ഒരു സഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കാവുന്നതാണ്.
4. ചെറുകിട കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി, പാർപ്പിട നിർമ്മാണ സഹകരണസംഘം, കോഴിവളർത്തൽ സഹകരണസംഘം എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്.
5. നിത്യോപയോഗ സാധനങ്ങളുടെ വിതരണം (പ്രധാന സെൻററുകളിൽ കേന്ദ്രീകരിച്ച് ) സർവ്വീസ് സഹകരണ ബാങ്കുകൾ ഏറ്റെടുക്കേണ്ടതാണ്. ഇതുമൂലം നിത്യോപയോഗസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും, വിലനിലവാരം പിടിച്ചുനിർത്താനും കഴിയും.

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ 13 വാർഡുകളിലായി 28 പ്രദേശങ്ങളിൽ പട്ടികജാതിക്കാർ കൂടുതലായി താമസിച്ചുവരുന്നു. ജനസംഖ്യാനുപാതത്തിൽ പട്ടികജാതിക്കാരുടെ അനുപാതം കുറവാണെങ്കിലും പങ്കാളിത്തത്തിലുള്ള അവരുടെ പങ്ക് നിർണ്ണായകമാണ്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പഞ്ചായത്തിലില്ല. നിലവിലുള്ള സ്ഥിതിവിവരകണക്കുകൾ അനുസരിച്ച് 647 കുടുംബങ്ങളിലായി 3320 ജനങ്ങൾ ഉണ്ട്. 1612 പുരുഷന്മാരും 170 സ്ത്രീകളും ആണ്. ഇവരുടെ ആളോഹരി വരുമാനം പൊതുവെ ശോചനീയാവസ്ഥയിലാണെങ്കിലും ഉന്നതനിലവാരം പുലർത്തുന്നവരുമുണ്ട്. കോളനികളെക്കുറിച്ച് പറയുമ്പോൾ മിക്ക കോളനികളിലും അടിസ്ഥാനസൗകര്യങ്ങൾ കുറവാണ്. ശുദ്ധജലം, വൈദ്യുതി എന്നിവയുടെ അഭാവം പല കോളനികളിലുമുണ്ട്. പൊതുവായ കിണറുകളും ടാപ്പുകളും ഇല്ലാത്തതുകൊണ്ട് പല കോളനികളിലും വേനൽകാല ആരംഭത്തിൽ തന്നെ വരൾച്ചയുടെ രൂക്ഷത അനുഭവപ്പെടുന്നു. മൊത്തത്തിൽ അവരുടെ ജീവിതനിലവാരം ശോചനീയമാകുന്നു.

ഇവരുടെ വിദ്യാഭ്യസം നിലവാരത്തെക്കുറിച്ച് പറയുകയാണെങ്കിൽ 80% സാക്ഷരതയുണ്ട്. വൃദ്ധജനങ്ങളിൽ അധികവും അക്ഷരജ്ഞാനമില്ലാത്തവരാണ്. 'അവരുടെ കുട്ടികൾ താരതമ്യേന താഴ്ന്ന നിലവാരം പുലർത്തുന്നവരാണ്. പലരും SSLC പരീക്ഷയോടെ വിദ്യാഭ്യാസം നിർത്തുന്നു. പലരും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. വളരെ ചുരുങ്ങിയ എണ്ണം മാത്രമാണ് കലാലയജീവിതത്തിൽ പ്രവേശിക്കുന്നത്. ജനസംഖ്യാനുപാതികമായി അവർക്ക് അർഹതപ്പെട്ട തൊഴിലുകൾ ലഭിക്കാത്തതാണ് ഒരു പരിധിവരെ ഈ വിദ്യാഭ്യാസവിമുഖതയ്ക്ക് കാരണമെന്ന് പറയാം. കിട്ടിയ കണക്ക് അനുസരിച്ച് "ന്തങ യും അതിന്മുകളിലും പഠിച്ചിട്ടുള്ളവർ 299 ഉം SSLC തോറ്റവർ 319 ഉം ആകുന്നു. സർക്കാർ ജീവനക്കാരായി 41 പേർ, സ്വയംതൊഴിലിൽ ഏർപ്പെടുന്നവർ 11 പേർ, മറ്റു തൊഴിലിൽ ഏർപ്പെടുന്നവർ 136 പേർ. I.R.D.P. ലോൺ വാങ്ങിച്ചിട്ടുള്ളവർ 194 പേർ. തൊഴിൽപരമായി ഈ വിഭാഗം വളരെ പിന്നോക്കാവസ്ഥയിലാണ്. ബഹുഭൂരിപക്ഷവും കൂലിപ്പണിയെ ആശ്രയിച്ചാണ് ഉപജീവനം നയിക്കുന്നത്. കാർഷിക മേഖലയിൽ ഇവരുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു. വൃദ്ധജനങ്ങൾ മാത്രമാണ് പാരമ്പര്യതൊഴിൽ ചെയ്യുന്നത്. യുവജനങ്ങൾ പാരമ്പര്യ തൊഴിലിനോട് വിമുഖത കാണിക്കുന്നു. ഗവണ്മെൻറിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും, സഹായങ്ങളും അജ്ഞതകൊണ്ടും, ബോധവൽക്കരണകുറവുകൊണ്ടും പലർക്കും ഉപയോഗിക്കുവാൻ കഴിയുന്നില്ല.

സാമൂഹികപരമായി ഇവർ പിന്നോക്കാവസ്ഥയിലാണ്. വാക്കുകൾകൊണ്ട് സാമൂഹ്യഉച്ചനീചത്വങ്ങൾ ഇവിടെ നിലനിൽക്കുന്നില്ലെന്ന് പറയാമെങ്കിലും, അക്ഷരാർത്ഥത്തിൽ ഒരു പരിധിവരെ കാതം ഇവിടെ നിലനില്ക്കുന്നു. പൊതുവേദികളിലും പാർട്ടികളിലും ഇവരുടെ പങ്കാളിത്തം കുറവാണ്. മാത്രമല്ല സാമുദായികമായും, സാമ്പത്തികമായും മേലേക്കിടയിൽ കിടക്കുന്നവരിൽ പലരും ഹരിജനങ്ങളെ ഇന്നും വേർതിരിച്ച് കാണുന്നു എന്ന് പറയേണ്ടിവരുന്നു.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. കോളനികളല്ലാതെ ജനങ്ങൾ അധികം താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധകൊടുത്ത് പദ്ധതികൾ നടപ്പാക്കുക.
3. പഞ്ചായത്തിൽ ഇപ്പോഴും വീടില്ലാത്ത ഈ വിഭാഗത്തിൽ പെടുന്നവരുണ്ട്. അവർക്ക് വീട് വെക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
4. ജനവിഭാഗക്കാരുടെ വിദ്യാഭ്യാസം സ്ക്കൂൾ നിലവാരത്തിൽ നിന്നുപോകുന്നു. തുടർവിദ്യാഭ്യാസത്തിനുവേണ്ട പ്രോത്സാഹനം നൽകുക.
5. സ്വന്തമായി സ്ഥലമില്ലാത്ത ഹരിജനങ്ങൾക്ക് സ്ഥലമെടുത്ത്, പഞ്ചായത്ത് വീട് വച്ച് നൽകണം.
6. മുഴുവൻ ഹരിജൻ കോളനികളിലും ക്ഷേമ പ്രവർത്തനത്തിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ബാലവാടികളും നേഴ്സറി സ്ക്കൂളുകളും ആവശ്യമാണ്.
7. പഞ്ചായത്തിൽ വിവിധ മേഖലകൾ കണ്ടെത്തി തൊഴിൽ ലഭിക്കുന്നതിന് വേണ്ട വിവിധ ഇനം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
8. സഞ്ചാരയോഗ്യമല്ലാൽ വഴി മെച്ചപ്പെടുത്തുക.
9. പഞ്ചായത്തിൽ ജാതി അടിസ്ഥാനത്തിൽ പരമ്പരാഗത തൊഴിലുകൾ പരിപോഷിപ്പിക്കുന്നതിന് ഒരു വിപണി കണ്ടെത്തണം.
10. ബാങ്കുകളിൽ സഹായത്തിനുവേണ്ടി സമീപിക്കുന്ന ഹരിജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുക.
11. ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രങ്ങളും, കലകളും പനരുദ്ധീകരിക്കണം.
12. ഹരിജനങ്ങൾക്ക്വേണ്ടിയുള്ള ശ്മശാനം പുനരുദ്ധീകരിക്കണം.
13. പട്ടികജാതി വികസന ഓഫീസ് സ്ഥാപിക്കുക.
14. എല്ലാ കോളനികളിലും സ്റ്റ.ർ.സെറ്റുകൾ സ്ഥാപിക്കുക.
15. ഐ. എച്ച്. ഡി. പി. കോളനികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും മറ്റു പ്രദേശങ്ങളിൽ ഉള്ളവർക്കും നൽകുക.

# ധനകാര്യം, വിഭവസമാഹരണം

പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയണമെങ്കിൽ വരുമാനം വേണം. വിഭവങ്ങൾ മനസ്സിലാക്കി ആവശ്യങ്ങൾക്ക് മുൻഗണനാ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈകൊണ്ട് വേണം പദ്ധതികൾ നടപ്പിൽ വരുത്തേണ്ടത്. ഇതിന് ആവശ്യമായ ഘടകം നമ്മുടെ ധനാഗമനമാർഗ്ഗങ്ങൾ ഏതെന്നും അവയെത്രയെന്നും കണ്ടെത്തലാണ്. ചിലവുകൾ ഏതൊക്കെയെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. വരുമാനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ ആരായുകയും വേണം. ചിലവ് രീതിയിൽ മാർറം വരുത്തിയാൽ കൂടുതൽ പ്രയോജനം ലഭിക്കാൻ സാദ്ധ്യതയുണ്ടോ എന്ന് ആരായണം.

സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ വെള്ളാംകല്ലൂർ പഞ്ചായത്തിൻെറ വരവ് സംബന്ധിച്ച വിവരങ്ങൾ

## വരവ് 1995 - 96

| | | | | |
|---|---|---|---|---|
| കെട്ടിടനികുതി | - | 316585.00 | - | 10.93% |
| തൊഴിൽ നികുതി | - | 177960.00 | - | 6.14% |
| വിനോദനികുതി | - | 59448.00 | - | 2.05% |
| ലൈസൻസ് ഫീസ് | - | 14068.00 | - | 0.48% |
| വസ്തു കൈമാറ്റ നികുതി | - | 430160.00 | - | 14.86% |
| സർക്കാർ ഗ്രാൻറ് | - | 269367.00 | - | 9.30% |
| ഡെപ്പോസിറ്റ് | - | 1505.00 | - | 0.05% |
| മറ്റുള്ളവ | - | 1625027.20 | - | 56.19% |
| | ആകെ | 23894120.20 | - | 100.00% |

### പഞ്ചായത്ത് വരുമാനം

| | | |
|---|---|---|
| 1991 - 92 | - | 1389703-40 |
| 1992 - 93 | - | 1794893-50 |
| 1993 - 94 | - | 2282732-70 |
| 1994 - 95 | - | 2364263-60 |
| 1995 - 96 | - | 2894120-20 |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| | | | | |
|---|---|---|---|---|
| ഭരണം | - | 658517 | - | 25.43% |
| പൊതുമരാമത്ത് | - | 415005.50 | - | 16.02% |
| വിദ്യാഭ്യാസം | - | 30383.00 | - | 1.17% |
| ജലവിതരണം | - | 50696.00 | - | 1.95% |
| ഓടകൾ, പൊതുജനാരോഗ്യം | - | 17770.00 | - | 0.68% |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | - | 106752.00 | - | 4.12% |
| മറ്റുള്ളവ | - | 1310374090 | - | 50.63% |
| ആകെ | - | 2589498-40 | - | 100% |

പ്രധാനമായും പഞ്ചായത്തിൻെറ തനത് വരുമാനം കെട്ടിട നികുതിയും മത്സ്യ നിന്നുള്ള വരുമാനവുമാണ്. ഇത് ഇനി വലിയ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു കൂടാത്തതാണ്. എങ്കിലും ടാക്സ് അസ്സസ്സ്മെൻറ് കൃത്യമായി നടത്തിയും പൂവ്വത്തുംകടവിൽ പുതിയതായ നായ്കുളത്തുകാട്ടിലെയും പണിതീർത്ത പാലത്തിനോടനുബന്ധിച്ച ഒരു മത്സ്യകാപ്പിന് സാദ്ധ്യതയുള്ളിടത്തു ലേലം നടത്തിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ലൈസൻസ് ഫീസും കൃത്യമായി ഈടാക്കുകയും പ്രൊഫഷനൽ ടാക്സ് കൃത്യമായി ഈടാക്കുകയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. വിനോദനികുതി, പരസ്യനികുതി എന്നിവ ഈടാകക്കാനുറ്റ സാദ്ധ്യത ഇന്നത്തേതിൽ നിന്നും കൂടുതലുണ്ട്. പഞ്ചായത്ത് കടം വാങ്ങാതെ നിർമ്മിച്ചിർകകുന്ന കമ്മ്യൂണിറ്റിഹാളിൻെറയും മിനിഷോപ്പിങ്ങ് കോംപ്ലക്സിൻെറയും വരുമാനം വരുംകാലങ്ങവിത അധികവരുമാനങ്ങളാണ്. എന്നാൽ 14 ലക്ഷം രൂപ ചെലവ് ചെയ്തു വെള്ളാംങ്കല്ലൂർ പണി കഴിപ്പിക്കുന്ന ഷോപ്പി

ങ്ങ്സെൻററിൻെറ വരുമാനം പ്രതീക്ഷിക്കുന്നില്ല. .D.B. .യുടെ കടസഹായത്തോടെയാണ് നിർമ്മാണം നടക്കുന്നത് പുതിയതായി തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്കൊണ്ട് ലൈസൻസ്ഫീസും, തൊഴിൽ തിയ്യതിയും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചാത്ത് ആധുനികരീതിയിൽ പണിപൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന അറവുശാലയിൽ നിന്നും പഞ്ചായത്തിന് ആധിക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. ഗവണമെൻറ് ഗ്രാൻറുകളും, വിഹിതങ്ങളും കൃത്യമായി പലപ്പോലും ലഭിക്കതെ വരുന്നത് വികസ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ പ്രത്യേകിച്ചും ക്രഡിറ്റ് മേഖലയിലുള്ളവയ്ക്കും നാടിൻെറ വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിനെ സഹായിക്കാൻ കഴിയും ധനകാര്യസ്ഥാപനങ്ങൾക്കും (പൊതു മേഖലയിലുള്ള ബാങ്കുകൾ) വികസന രംഗത്തു പഞ്ചായത്തിനെ സഹായിക്കാൻ കഴിയും പഞ്ചായത്തു വികസന രംഗത്തു മുന്നോട്ട് വെച്ചിട്ടുള്ള പല പ്രൊപ്പൊസലുകളും മേൽ ധനകാര്യസ്ഥാപനങ്ങളും പഞ്ചായത്തുമായി ആലോചിച്ചു തനതു സ്കീമുകളാക്കി മാറ്റിയെടുത്തു വൻ വികസ സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമാണ് ഉള്ളത്.



D42

# വേളൂക്കര ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

343

ഒമ്പതാംപദ്ധതി

ജനകീയ പദ്ധതി



## വേളൂക്കര ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

344

# ഗാന്ധിജിയും ഗ്രാമങ്ങളും

* സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമെ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാകൂ.

* ഗ്രാമങ്ങളോട് നമുക്കുള്ള കർത്തവ്യം നാം അവഗണിക്കുകയാണെങ്കിൽ അത് സ്വയം നാശത്തിലേയ്ക്കായിരിക്കും.

* കഠിനമായ സൂര്യരശ്മികൾ ഏറ്റുകൊണ്ട് അദ്ധ്വാനിക്കുന്ന ഗ്രാമീണരുമായി നാം താദാത്മ്യം പ്രാപിക്കുകയും അവർ കുളിക്കാനും മുണ്ടലക്കാനും പാത്രം തേയ്ക്കാനും അവരുടെ കന്നുകാലികൾക്ക് കുടിക്കാനും കിടന്ന് മറിയാനും ഉപയോഗിക്കുന്ന നീരുറവകളിലെ ജലം നാം കുടിക്കാനിഷ്ടപ്പെടുന്നതെങ്ങനെയാണെന്ന് ആലോചിക്കുകയും വേണം.

* ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽ മാത്രമേ അവയുടെ പുനരുദ്ധാരണം സാദ്ധ്യമാവുകയുള്ളൂ.


* ഒരു ഭാരതീയ മാതൃകാഗ്രാമം നിർമ്മിക്കുന്നത് പൂർണ്ണമായ ശുചീകരണ സൗകര്യങ്ങളോട് കൂടിയായിരിക്കണം.

* ഗ്രാമീണപ്രവർത്തകൻ, ശുചീകരണത്തിന്റെ മാഹാത്മ്യത്തേയും അതു വിഗണിച്ചാലുണ്ടാകുന്ന അപകടത്തേയുംപറ്റി ഗ്രാമവാസികളെ പറഞ്ഞുമനസ്സിലാക്കുകയും അവർ അക്കാര്യങ്ങൾ ശ്രദ്ധിച്ചാലും ഇല്ലെങ്കിലും അവൻ തന്റെ ജോലി തുടർന്ന് നടത്തുകയും വേണം.

* നഗരത്തിലുള്ളവർക്ക് വലിയ ലാഭവും നല്ല ശമ്പളവും കിട്ടുന്നുണ്ടായിരിക്കാം. എന്നാൽ അതൊക്കെ ഗ്രാമീണരുടെ രക്തം ഊറ്റിക്കുടിക്കുന്നതിൽ നിന്നുണ്ടാകുന്ന സൗകര്യങ്ങളാണ്.

* എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനുമില്ല. എല്ലാവരും സമന്മാരാണ്. അവസാനക്കാരനും അവിടെ ഇല്ല.

* ഗ്രാമീണവിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത് ഗ്രാമത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും ഗ്രാമത്തിന്റെ കണക്കും ഗ്രാമത്തിനാവശ്യമായ സാക്ഷരതയുമാണ്.



* ചൂഷകന്റെ ആവശ്യത്തിനല്ല, ചൂഷിതരായ ഗ്രാമീണരുടെ ആവശ്യത്തിനുവേണ്ടിവേണം വിദ്യാഭ്യാസ രംഗത്തെ പരിവർത്തനം.

* നിരക്ഷരത ഇന്ത്യയുടെ പാപമാണ്. അത് നിർമ്മാജ്ജനം ചെയ്യണം.

* ഗ്രാമം നശിക്കുകയാണെങ്കിൽ ഇന്ത്യയും നശിക്കും.

* ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു.

# ഹൃദയപൂർവ്വം....

ഇതൊരു തുടക്കമാണ്. മുൻകാല അനുഭവങ്ങളോ, കീഴ്വഴക്കങ്ങളോ നമ്മുടെ മുമ്പിലില്ല. ജനുവരിയോടുകൂടി പ്രായോഗിക നിർദ്ദേശങ്ങൾ പദ്ധതികളാക്കി പ്ലാനിങ്ങ് ബോർഡിന് സമർപ്പിക്കണം. സമയം പരിമിതമാണെന്നർത്ഥം. മുന്നൊരുക്കങ്ങൾക്ക് വേണ്ടത്ര സാവകാശം ലഭിച്ചിട്ടില്ല. അതുകൊണ്ടൊക്കെത്തന്നെ ഈ വികസന റിപ്പോർട്ട് സമഗ്രമാണെന്ന് അവകാശപ്പെടാൻ കഴിയില്ല. ന്യൂനതകളും കണ്ടേക്കാം. സജീവമായ ചർച്ചകളിലൂടെ റിപ്പോർട്ട് കൂടുതൽ സമ്പന്നമാക്കാൻ വികസന സെമിനാറിൽ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

നൂറുകണക്കിന് സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ ശ്രമഫലമാണ് ഈ റിപ്പോർട്ട്. എല്ലാവരുടേയും പേരെടുത്ത് സൂചിപ്പിക്കാൻ ആഗ്രഹമുണ്ടെങ്കിലും സ്ഥലപരിമിതി അതിന് വിഘാതം നില്ക്കുന്നു. സർവ്വശ്രീ. എ.എസ്. ദിവാകരൻ, ഡോ: അജിതൻ, പ്രൊഫ. കെ.ജെ. ഡേവീസ്, കെ.പി. രാഘവൻമാസ്റ്റർ, എ.കെ. നാരായണൻ, കെ.കെ. ചന്ദ്രശേഖരൻമാസ്റ്റർ, ഇബ്രാഹിം വടക്കൻ, രാധ ടീച്ചർ, പി.വി. ശ്രീനി, കെ.കെ. ബാബു, പി.ഗോപിനാഥ്, സിദ്ധൻ ചിറയിൽ, പി.എ. പ്രേമാനന്ദൻ, പി.എസ്. ശങ്കരൻ, എം.കെ.രാമൻകുട്ടി, കെ.ജി. നവറോജ്, പി.ഡി. ജയരാജ്, സിദ്ധാർത്ഥൻ പട്ടേപ്പാടം തുടങ്ങിയവരൊക്കെത്തന്നെ സ്തുത്യർഹമായ സേവനമാണ് നല്കിയിട്ടുള്ളത്.

എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തട്ടെ.

ടി.എസ്. സജീവൻമാസ്റ്റർ
പ്രസിഡണ്ട്.
വേളൂക്കര ഗ്രാമപഞ്ചായത്ത്

ഖാദർ പട്ടേപ്പാടം
കൺവീനർ
പഞ്ചായത്ത് ജനകീയാസൂത്രണ സമിതി

# വേളൂക്കര : പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേരു് | — | വേളൂക്കര പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | കൊററനെല്ലൂർ, കടപ്പശ്ശേരി, വേളൂക്കര |
| ബ്ലോക്ക് പഞ്ചായത്ത് | — | വെള്ളാങ്ങല്ലൂർ |
| താലൂക്ക് | — | മുകന്ദപുരം |
| അസംബ്ലിമണ്ഡലം | — | ഇരിങ്ങാലക്കട |
| വിസ്തീർണ്ണം | — | 26.67 ചതുരശ്ര കി.മീ. |
| അതിരുകൾ | — | വടക്ക്-മുരിയാട്ട് ഗ്രാമപഞ്ചായത്തും, ഇരിങ്ങാലക്കട മുനിസിപ്പാലിററിയും.<br>കിഴക്ക്— ആളൂർ, പുത്തൻചിറ, ഗ്രാമപഞ്ചായത്തുകൾ<br>തെക്ക്—പുത്തൻചിറ, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകൾ<br>പടിഞ്ഞാറ്— വെള്ളാങ്ങല്ലൂർ പൂമംഗലം ഗ്രാമപഞ്ചായത്തുകൾ |
| ജനസംഖ്യ | — | 27366 |
| പുരുഷൻ | — | 13123 |
| സ്ത്രീകൾ | — | 14243 |
| ജനസാന്ദ്രത | — | 1026 |
| അക്ഷരാഭ്യാസമുള്ളവർ | — | 26000 |
| വാർഡുകൾ | — | 11 |
| പ്രസിഡണ്ടിൻെറ പേരു് | — | ടി. എസ്. സജീവൻമാസ്ററർ |
| വൈസ് പ്രസിഡണ്ടിൻെറ പേരു് | — | പി. വി. ലൂവീസ്മാസ്ററർ |
| സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാൻ | — | സി. എ. ബിജു |

# പേജുകളിലൂടെ


| പേജ് നമ്പർ | വിഷയം |
|---|---|
| 6 | പഞ്ചായത്ത് ഭരണസമിതി |
| 7 | ഹൃദയപൂർവ്വം... |
| 8 | പൊതുവിവരണം |
| 9 | മുഖമൊഴി |
| 11 | വേളൂക്കര നൂററാണ്ടുകളിലൂടെ |
| 13 | വേളൂക്കര : മണ്ണും മനുഷ്യരും |
| 14 | കൃഷിയും ജലസേചനവും |
| 23 | മൃഗസംരക്ഷണം, മത്സ്യബന്ധനം |
| 31 | വ്യവസായം |
| 35 | വിദ്യാഭ്യാസം |
| 39 | കുടിവെള്ളം, പൊതുജനാരോഗ്യം |
| 43 | ഗതാഗതം, ഊർജ്ജം, മാർക്കററ് |
| 47 | സാംസ്കാരികരംഗം |
| 51 | പാർപ്പിടം-സാമൂഹ്യക്ഷേമം |
| 54 | വനിത |
| 56 | സഹകരണരംഗം |
| 59 | പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം |
| 62 | വിഭവ സമാഹരണം |
| 64 | ഇനി...? |



മുദ്രണം : പോറം പ്രിൻേറഴ്സ്, ചാലക്കുടി റോഡ് : : വെള്ളാങ്ങല്ലൂർ 680 662


348

# വേളൂക്കര ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

പ്രസിഡണ്ട്

**ടി. എസ് സജീവൻമാസ്റ്റർ**

വൈസ് പ്രസിഡണ്ട്

**പി.വി. ലൂയിസ്മാസ്റ്റർ**

സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാൻ

**സി. എ. ബിജു**

മെമ്പർമാർ

**ഓമന ഈഴാംപറമ്പിൽ**
**പി. കെ. ജനാർദ്ദനൻ**
**കെ. കെ. സുജാത**
**പി. ഒ. ആൻറണിമാസ്റ്റർ**
**ടി. ഡി ലാസർ**
**എൽസി ജോസ്**
**ജെക്സി ആൻറണി**
**പി എൻ. അശോകൻ**

# മുഖമൊഴി

ഗാന്ധിജിയുടെസ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്.' ജനങ്ങളുടെ കൂട്ടായ്മയിലൂടെ ഓരോ ഗ്രാമവും സ്വയം പര്യാപ്തമാവുക എന്നതാണ് ഗ്രാമസ്വരാജിന്റെ ആത്യന്തിക ലക്ഷ്യം. ഇതിലൂടെ മാത്രമേ ഇന്ത്യയുടെ സാമ്പത്തിക വികസനവും, അഖണ്ഡതയും സാധ്യമാകൂ എന്ന് ഗാന്ധിജി കണ്ടു. അധികാരം ജനങ്ങളിലേക്ക് കൈമാറുകയാണ് ഈ ആശയം സാർത്ഥകമാകുന്നതിന് ആദ്യം ചെയ്യേണ്ട കാര്യം. കുറെ വൈകിയാണെങ്കിലും പഞ്ചായത്ത്‌രാജ്–നഗരപാലികാ നിയമനിർമ്മാണങ്ങളിലൂടെ നാം അതിന് തുടക്കം കുറിച്ചിരിക്കുന്നു. കേരളത്തിൽ സർക്കാരിന്റെ സമീപകാല സമീപനങ്ങളിലൂടെ ഈ പ്രക്രിയ അതിവേഗം സമൂർത്തമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രതിഫലനമാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള ശ്രമത്തിൽ കേരളീയരൊന്നാകെ വ്യാപൃതരായിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം ആരംഭിക്കുകയാണ്. താഴെതട്ടിൽനിന്ന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

നാം തുടർന്നുവന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നു.


1. വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലത്തിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾവഴി നടപ്പാക്കുകയാണ് ചെയ്തുവന്നിരുന്നത്. ഈ അതിരുകവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ, ജനകീയാവശ്യങ്ങൾക്കോ അനുസൃതമായ പദ്ധതികളല്ല പലപ്പോഴും യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടിരുന്നത്.
2. ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു.
3. പദ്ധതികളുടെ ആസൂത്രണത്തിലോ, നിർവ്വഹണത്തിലോ ജനപങ്കാളിത്തമുണ്ടായിരുന്നില്ല

പദ്ധതികളുടെ വികലമായ ഈ നടത്തിപ്പാണ് എട്ട് പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും കേരളം ഇന്നും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളിൽപ്പെട്ടുഴലുന്നത്. നമ്മുടെ കാർഷികമേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായ മേഖല മുരടിച്ചുനിൽക്കുന്നു തന്മൂലം തൊഴിലില്ലായ്മ പെരുകുന്നു. സേവനമേഖലകളിൽ നാം നേടിയ മുൻകൈപോലും പിറകോട്ടടിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതിക്ഷാമം നിലവിലുള്ള നാമമാത്രമായ വ്യവസായശാലകളെ നിശ്ചലമാക്കുന്നു. എന്നുമാത്രമല്ല ജനജീവിതത്തെതന്നെ ഇരുളിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു. ഇതിങ്ങനെ തുടർന്നാൽ മതിയോ എന്നതാണ് നാം ഉത്തരംതേടുന്ന മുഖ്യ ചോദ്യം. തീർച്ചയായും ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ് എന്ന കാര്യത്തിൽ സംശയമില്ല. എങ്ങനെ എന്നതാണ് പ്രശ്നം. ആസൂത്രണം സമഗ്രമായും, ജനപങ്കാളിത്തപരവും, വികേന്ദ്രീകൃതവുമാക്കലാണ് അടിസ്ഥാനപരമായി വേണ്ടകാര്യം. അത് ഗ്രാമതലങ്ങളിൽ നിന്നുതന്നെ ആരംഭിക്കണം എന്തെല്ലാംകാര്യങ്ങൾ താഴെതട്ടിൽ തീരുമാനങ്ങളെടുത്ത് ജനസഹകരണത്തോടെ നടപ്പാക്കാൻ കഴിയുമോ അവയെല്ലാം ആ രൂപത്തിൽ തന്നെ നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരംവേണം. ബാക്കിവരുന്നതാണ് ബ്ലോക്ക് ജില്ല സംസ്ഥാനതലങ്ങളിൽ ആസൂത്രണം ചെയ്യേണ്ടത്. ഒമ്പതാം പദ്ധതിയുടെസംസ്ഥാന അടങ്കലിന്റെ 35–40 ശതമാനം തുക ഇപ്രകാരം താഴെതട്ടിലെ ആസൂത്രണ പരിപാടികൾക്കായി നീക്കിവെക്കണമെന്നതാണ് സംസ്ഥാന പ്ലാനിങ്ങ് ബോർഡിന്റെ കാഴ്ചപ്പാട്. ഇതിനനു

സൃതമായ മുന്നൊരുക്കങ്ങൾ സുസംഘടിതവും ഫലപ്രദവുമായ രൂപത്തിൽ സംഘടിപ്പിക്കുന്നതാണ് ശ്രീ. ഇം. എം. എസ്. നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ വിദഗ്ദരും ബഹുജന പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും മററും ഉൾപ്പെടുന്ന സംസ്ഥാനതല മാർഗ്ഗനിർദേശക സമിതി രൂപീകരിച്ചു പ്രവർത്തിക്കുന്നത്.

ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ആയിരക്കണക്കിന് ഗ്രാമീണരാണ് സഭയിലെത്തി ചർച്ചകളിൽ പങ്കെടുത്തത്

ഗ്രാമസഭയിൽ ഗ്രാമീണർ അവരുടെ പ്രശ്നങ്ങളുടെ കെട്ടഴിച്ചു. ഒട്ടേറെ ശ്രദ്ധാർഹമായ നിർദേശങ്ങളും അവർ ഉന്നയിച്ചു. ഈ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിദഗ്ദരുമായും അനുഭവജ്ഞാനമുള്ളവരുമായും പലവട്ടം ചർച്ച ചെയ്തു. ഉദ്യോഗസ്ഥതലത്തിലും വിശദമായ ചർച്ചകൾക്ക് വിധേയമാക്കി. കൂടാതെ പഞ്ചായത്തിന്റെ വിഭവങ്ങളും ഭൂപ്രകൃതിയും നേരിട്ട് കണ്ടറിയുന്നതിന് സഹായകമാകത്തക്ക വിധത്തിൽ പഠനപര്യവേക്ഷണം നടത്തി പഞ്ചായത്ത് ഭരണസമിതിയും ഓരോ പ്രശ്നങ്ങളും വിശദാംശങ്ങളിലേക്ക് കടന്നുചെന്ന് വിലയിരുത്തലുകൾ നടത്തി. ഇതിലൂടെയെല്ലാം ഉരുത്തിരിഞ്ഞുവന്ന വികസന സമീപനങ്ങളുടെ സംക്ഷിപ്തരൂപമാണ് വിശദമായ ചർച്ചകൾക്കായി ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്.



# വേളൂക്കര
## നൂററാണ്ടുകളിലൂടെ

സ്വാതന്ത്ര്യ പ്രാപ്തിക്ക് അനേകവർഷങ്ങൾക്ക് മുമ്പുതന്നെ വേളൂക്കര പഞ്ചായത്ത് രൂപീകൃതമായിരുന്നു. കൃഷിപഞ്ചായത്തായിട്ടാണ് തുടക്കം. കൊച്ചിമഹാരാജ്യത്തിലെ ആദ്യ കൃഷിപഞ്ചായത്തുകളുടെ പട്ടികയിൽ വേളൂക്കരയുംപെടും.

പഞ്ചായത്തിലുൾപ്പെടുന്ന വിവിധ പ്രദേശങ്ങൾക്കും സഹസ്രാബ്ദങ്ങളുടെ കഥ പറയാനുണ്ട്. ഐതിഹ്യങ്ങളും ചരിത്രവും കെട്ടുപിണഞ്ഞുകിടക്കുകയാണിവിടെ.

പഞ്ചായത്തിന്റെ ആദ്യകാല ആസ്ഥാനം അവിട്ടത്തൂരിലായിരുന്നു. മലയാളക്കരയിലെ അതീവ പൗരാണിക ഗ്രാമങ്ങളിലൊന്ന് എന്ന നിലയിൽ അവിട്ടത്തൂർ ചരിത്രത്തിൽ സ്ഥിര പ്രതിഷ്ഠിതമാണ്.

2000വർഷങ്ങൾക്കുമുമ്പാണത്രെ അഗസ്ത്യമുനി ഇവിടെ തപസനുഷ്ഠിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. മഹാമുനിയുടെ പ്രതിഷ്ഠയാൽ അഭൗമ ചൈതന്യം ഉൾക്കൊണ്ടതാണ് അവിട്ടത്തൂരപ്പൻ എന്നാണ് വിശ്വാസം. ഇന്നും ആത്മീയ പ്രഹർഷങ്ങളുടെ പ്രഭവകേന്ദ്രമായി ഉയർന്നുനിൽക്കുന്നു അവിട്ടത്തൂർ ശിവക്ഷേത്രം. ക്ഷേത്രത്തിന്റെ വടക്കു പടിഞ്ഞാറ് മൂലയിൽ അഗസ്ത്യമുനിയുടെ താപസത്തിനുവേണ്ടി തീർത്ത ഹോമകുണ്ഡത്തിന്റെ ശേഷിപ്പുകൾ ഇപ്പോഴും കാണാം.

പഞ്ചായത്ത് ഉൾക്കൊള്ളുന്നത് മുകുന്ദപുരം താലൂക്കിലാണ്. താലൂക്കിന്റെ നാമധേയത്തിന് നിദാനമായ 'മുകുന്ദപുരം' എന്ന സ്ഥലം പഞ്ചായത്ത് പരിധിക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. മുകുന്ദപുരത്തിനും നൂററാണ്ടുകളുടെ ചരിത്രമാണ് പറയാനുള്ളത്. 1200വർഷങ്ങൾക്ക് മുൻപ് മുകുന്ദപുരത്തിനടുത്ത് 'പന്തലിപ്പാടം' എന്നൊരു നാട്ടുരാജ്യം ഉണ്ടായിരുന്നത്രെ. പന്തലിപ്പാടം ഇന്നത്തെ പട്ടേപ്പാടമോ അതിന്റെ പ്രാന്ത പ്രദേശമോ ആകാനിടയുണ്ട്. പന്തലിപ്പാടം രാജ്യം വാണിരുന്നത് അയ്യൻതിരുകണ്ടൻ എന്ന പറയ രാജാവായിരുന്നു. തിരുകണ്ടൻ രാജാവ് തന്റെ മകളുടെ വിവാഹത്തിന് കൊച്ചി മഹാരാജാവ് തിരുമനസ്സിനെ ക്ഷണിച്ചു. അധഃസ്ഥിത ജാതിക്കാരനായ തിരുകണ്ടൻ രാജാവ് തന്നെ വിവാഹത്തിന് ക്ഷണിച്ചത് അധിക്ഷേപിക്കാനാണ് എന്ന് മഹാരാജാവിനു തോന്നി. എങ്കിലും രാജകീഴ്വഴക്കമനുസരിച്ച് മഹാരാജാവ് വിവാഹ ദിവസം പന്തലിപ്പാടത്തേക്ക് എഴുന്നെള്ളി. തളിർവെററിലകൊണ്ട് മേഞ്ഞ മനോഹരമായ കല്ല്യാണപന്തലിലേക്ക് പ്രവേശിച്ച മഹാരാജാവിനെ കാൽതൊട്ട് വന്ദിക്കാനായി കുനിയവെ തിരുകണ്ടൻരാജാവിനെ മഹാരാജാവ് ഗളഛേദംചെയ്തത്രെ. വസ്ത്രത്തിലും ശരീരത്തിലും രക്തം തെറിച്ചുവീണതിനാൽ മഹാരാജാവ് അശുദ്ധനാവുകയും അതിനാൽ തിരികെ കൊട്ടാരപ്രവേശം നിഷിദ്ധമാവുകയും ചെയ്തു. മഹാരാജാവ് വെളയനാടിന് തൊട്ട് വടക്കുള്ള സ്ഥലത്ത് വാസമുറപ്പിച്ച് അവിടെ പ്രായശ്ചിത്തത്തിനും പരിഹാരത്തിനും മുകുന്ദനെ ആരാധനാമൂർത്തിയായി വരിച്ചു. ഇതോടെ മുകുന്ദപുരം ചരിത്രത്തിൽ സ്ഥാനം നേടുകയായിരുന്നു. മുകുന്ദപുരം അമ്പലപറമ്പിലും പരിസരത്തും ഇന്നും പൗരാണികതയുടെ അവശിഷ്ടങ്ങൾ മണ്ണിനടിയിലുണ്ട്.

അക്കാലത്ത് മഹാരാജാവ് കൽപ്പിച്ചരുളിയ സ്ഥലത്താണ് വെളയനാട് ഇടവകപള്ളി സ്ഥാപിതമായത്. ഇത് എ. ഡി 800-ാമാണ്ടിലാണ് എന്ന് പറയപ്പെടുന്നു, അന്നത്തെ തള്ളപ്പള്ളി ഇന്നും വേളൂക്കരപഞ്ചായത്ത് പ്രദേശത്ത് ഹർഷപുളകിത ചരിത്ര സ്മാരകമായി നിലകൊള്ളുന്നു. ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുൻപ് തള്ളപള്ളിയോടടുത്ത് വെള്ളാങ്ങല്ലൂർ പഞ്ചായത്തതിർത്തിയിൽ ആധുനിക രീതിയിലുള്ള പള്ളി പണികഴിപ്പിച്ചു. ഇപ്പോൾ അവിടെയാണ് പ്രാർത്ഥനയും ഇടവകകാര്യാലയവും മററും.

**1789**-ൽ ടിപ്പുവിന്റെ പടയോട്ടം ഈ പഞ്ചായത്തിന്റെ ചെമ്മൺപാതയിലൂടെ കടന്നുപോവുകയുണ്ടായിട്ടുണ്ട്. അന്ന് പട്ടേപ്പാടത്തിനടുത്ത് കുതിരപ്പട താവളമടിച്ചിരുന്നു ആ സ്ഥലത്തിന് അതോടെ 'കുതിരത്തടം' എന്നു പേരുവീണു. പടയോട്ടത്തിനിടയിലെ അതിക്രമങ്ങളിൽ മനംനൊന്ത് പണ്ഡിതനും സാത്വികനുമായ ഒരു സേനാനായകൻ പട്ടേപ്പാടത്ത് ആത്മത്യാഗം ചെയ്തിട്ടുണ്ടത്രെ. പട്ടേപ്പാടത്തെ പഴയകാല മുസ്ലീമുകൾ ഇന്നും പട്ടാണി സാഹിബ് എന്ന ആ സേനാനിയെ ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നു.

ഐതിഹ്യങ്ങളുടേയും ചരിത്രയാഥാർത്ഥ്യങ്ങളുടേയും കഥകൾ കേട്ടും പാടിപതിഞ്ഞും വേളൂക്കരയുടെ മക്കൾ അങ്ങിനെ വളരുകയായിരുന്നു. ആ വളർച്ച സ്വാതന്ത്ര്യസമരത്തിലും നവോത്ഥാനകാലഘട്ടത്തിലെ പ്രക്ഷോഭങ്ങളിലും അവരുടേതായ പങ്ക് നിർവ്വഹിക്കുന്നതിന് അവരെ നയിച്ചു. പഞ്ചായത്ത് പ്രദേശങ്ങളിൽനിന്നും സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടി ത്യാഗങ്ങളെ പുഞ്ചിരിയോടെ പരിണയിച്ച ധീരദേശാഭിമാനികളെ സ്മരിക്കാതെ പഞ്ചായത്തിനൊരു ചരിത്രമില്ല. രാജ്യത്തിന്റേയും പഞ്ചായത്തിന്റേയും ചരിത്രത്തിന്റെ ഭാഗമായിമാറിയ അവർ ഇവരാണ്: എം.ടി. കൊച്ചുമാണി, കാക്കനാടൻ കുട്ടൻ, പൗലോസ്. പറപ്പിള്ളി, കെ.വി. ഉണ്ണി, എ.കെ. വേലാണ്ടി, പുല്ലൂക്കര അന്തോണി. വഴി നടക്കാനുള്ള സ്വാതന്ത്ര്യസമരത്തിനുവേണ്ടി നടന്ന ഐതിഹാസികമായ 'കുട്ടംകുളം' സമരത്തിൽ മുന്നണിയിൽനിന്ന് പടപൊരുതിയ പി.സി. വേലായുധൻ, പാറപ്പുറത്ത് കുറുമ്പ എന്നിവരും പഞ്ചായത്തിന്റെ മഹനീയ പൈതൃകത്തിന്റെ പ്രതിനിധികളാണ്. നടവരമ്പത്തുനടന്ന ഒഴിപ്പിക്കലിനെതിരായ കർഷകസമരവും, പട്ടേപ്പാടത്തെ മിച്ചഭൂമിസമരവും വേളൂക്കരക്കാരുടെ പ്രക്ഷോഭസമരങ്ങളിലെ നാഴികക്കല്ലുകളായി നിലകൊള്ളുന്നു

സ്വാതന്ത്ര്യസമരത്തിനുശേഷം നടന്ന ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പോടെയാണ് പഞ്ചായത്തിന്റെ ആധുനികകാലഘട്ടം ആരംഭിക്കുന്നത്. ആ തെരഞ്ഞെടുപ്പിൽ ചെറാട്ട് രാമൻനായരാണ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്. പഞ്ചായത്തിന്റെ നവീനവികസനങ്ങൾക്ക് തുടക്കമിട്ടത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആണ്. 1963വരെ തുടർന്ന ആ ഭരണസമിതിയിൽ ഉണ്ടായിരുന്നവരിൽ ശ്രീ. കെ കെ. കൃഷ്ണൻകുട്ടിമാസ്ററും, ശ്രീ. ഇ സി. ചാത്തനും നമ്മോടൊപ്പമുണ്ട്. തുടർന്ന് ശ്രീ. സി.കെ രാജന്റെ നേതൃത്വത്തിൽ നിലവിൽവന്ന കമ്മിററി പതിനാറുകൊല്ലം നിലനിന്നു പിന്നീട് വിവിധ കാലഘട്ടങ്ങളിലായി ശ്രീ വി കെ. ഗംഗാധരൻ, ശ്രീ സി.കെ. മുകുന്ദൻ ശ്രീ. കെ. ഐ. പോൾ, ശ്രീ. കെ. വി മോഹനൻ എന്നിവർ പ്രസിഡണ്ടുമാരായുള്ള ഭരണസമിതികൾ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ടി എസ്. സജീവൻ പ്രസിഡണ്ടും ശ്രീ. പി.വി. ലൂയിസ്മാസ്ററർ വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതിയെയാണ് ജനങ്ങൾ പഞ്ചായത്ത് സാരഥികളായി ഭാരമേല്പിച്ചത്. ശ്രീമതി ഓമന ഈഴാംപറമ്പിൽ, ശ്രീ. പി.കെ. ജനാർദ്ദനൻ, മിസ് കെ കെ സുജാത, ശ്രീ. പി ഒ. ആൻറണിമാസ്ററർ, ശ്രീ. ടി ഡി. ലാസർ, ശ്രീമതി എൽസി ജോസ്, ശ്രീമതി ജെക്സി ആൻറണി, ശ്രീ. സി. എ. ബിജു, ശ്രീ. പി. എൻ. അശോകൻ എന്നിവരാണ് മററ് അംഗങ്ങൾ.

ചരിത്രം അവസാനിക്കുന്നില്ല; തുടരുകയാണ്..... തുടരുന്ന ഈ ചരിത്രത്തിൽ താന്താങ്ങൾക്ക് എന്ത് സംഭാവനയാണർപ്പിക്കാൻ കഴിയുകയെന്നതാണ് ഓരോ വേളൂക്കരക്കാരന്റേയും ഇന്നത്തെ ഗൗരവചിന്ത. ആ ചിന്തകൾക്ക് തിരികൊളുത്താൻ ഈ വരികൾക്കിവിടെ തൽക്കാലം വിരാമമിടട്ടെ.

# വേളൂക്കര : മണ്ണും മനുഷ്യരും

പശ്ചിമഘട്ടത്തിനും, അറബിക്കടലിനുമിടയിലുള്ള സമതലപ്രദേശത്താണ് വേളൂക്കരയുടെ സ്ഥാനം. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശിവപേരൂരിനും, ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂരിനുമിടയിൽ ഇരിഞ്ഞാലക്കുട പട്ടണത്തിന്റെ പ്രാന്തത്തിൽ വേളൂക്കര സ്ഥിതിചെയ്യുന്നു. പൂമംഗലം, വെള്ളാങ്ങല്ലൂർ, പുത്തൻചിറ, ആളൂർ, മുരിയാട് ഗ്രാമപഞ്ചായത്തുകളും, ഇരിങ്ങാലക്കുട മുനിസിപ്പാലിററിയും പഞ്ചായത്തിന്റെ അതിരുകളാണ്.

തോടുകളും, ചിറകളും, കുളങ്ങളും, പാടശേഖരങ്ങളും, കരപ്രദേശങ്ങളുമുൾക്കൊള്ളുന്ന ഒരു കേരളീയ ഗ്രാമസൗഭഗത്തിന്റെ പരിച്ഛേദമാണ് വേളൂക്കരയും.

പഞ്ചായത്തിൽ ഇപ്പോൾ താഴ്ന്ന സമതലങ്ങളായി കിടക്കുന്ന പള്ളിക്കപ്പാടം, പുല്ലൂക്കരത്താഴം തുടങ്ങിയ സ്ഥലങ്ങൾ പണ്ടുകാലത്ത് കായലായിരുന്നുവെന്നും, അതിലൂടെ മുസ്രീസ് (കൊടുങ്ങല്ലൂർ) തുറമുഖത്തേക്ക് ജലഗതാഗതം ഉണ്ടായിരുന്നു എന്നും പറയപ്പെടുന്നു. പക്ഷെ, ഇപ്പോൾ നദികളോ കായലുകളോ പഞ്ചായത്തിലില്ല.

ഭൂമിയുടെ കിടപ്പനുസരിച്ച് താഴെ പറയുന്ന മേഖലകളായി പഞ്ചായത്തിനെ തരം തിരിക്കാം.

1 കുന്നിൻപ്രദേശം 2 ഇടത്തരം ചെരിവ് 3 സമതലം 4 താഴ്ന്ന സമതലം (നെൽപ്പാടങ്ങൾ) 5 വെള്ളം കയറുന്ന മേഖല.

കുന്നിൻപ്രദേശങ്ങളിലും ചെരിവുകളിലും സമതലത്തിലെ കുറെ ഭാഗങ്ങളിലും ചെങ്കൽ മണ്ണാണ്. ഉയർന്ന പ്രദേശങ്ങളിൽ പാറക്കെട്ടുകളും കാണാം. സമതലത്തിന്റെ കുറെ ഭാഗങ്ങളിൽ മണലും കല്ലുംകൂടിയ മണ്ണാണ്. വെള്ളം കയറുന്ന മേഖലകളിൽ എക്കൽമണ്ണ് സുലഭമാണ്. ചെങ്കൽപ്രദേശങ്ങളിലും മണലും കല്ലുംകൂടിയ മണ്ണിലും തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, കശുമാവ്, കോൽപുളി എന്നിവയാണ് സമൃദ്ധിയായി വളരുന്ന വൃക്ഷങ്ങൾ. സമതലങ്ങളിൽ വാഴകൃഷി സമൃദ്ധമാണ്. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔഷധസസ്യങ്ങൾ തുടങ്ങിയവയ്ക്കും ഇവിടത്തെ മണ്ണ് ഫലഭൂയിഷ്ഠമാണ്. ചെങ്കൽപ്രദേശം പൂകൃഷി നടത്തുന്നതിന് അനുയോജ്യമാണെങ്കിലും കർഷകർ ആ മേഖലയിലേയ്ക്ക് തിരിഞ്ഞുകാണുന്നില്ല. ചെങ്കൽപ്രദേശങ്ങളിൽ വെട്ടുകല്ല് സുലഭമാണ്. പാടശേഖരങ്ങളിൽ പലയിടങ്ങളിലും ഇരുപൂകൃഷിയാണ് ചെയ്യുന്നത്. ബാക്കിയുള്ള ഇടങ്ങളിൽ മുണ്ടകൻകൃഷി മാത്രമെ ഇറക്കാറുള്ളൂ. ജലസേചനസൗകര്യത്തിന്റെ അപര്യാപ്തതകൊണ്ടാണ് നിലം പലപ്പോഴും തരിശിടേണ്ടിവരുന്നത്.

## മനുഷ്യർ

ജനസംഖ്യയിൽ 95 ശതമാനവും സാക്ഷരരാണ്. 80 ശതമാനം ജനങ്ങളും കൃഷിയേയും, കൃഷിപ്പണിയേയും ആശ്രയിച്ചാണ് ജീവിക്കുന്നത്. തൊഴിലാളികളിൽ ഏറിയ പങ്കും കാർഷികരംഗത്താണ് തൊഴിലെടുക്കുന്നത്. നിർമ്മാണതൊഴിലാളികളും ധാരാളമുണ്ട്. വ്യവസായ തൊഴിലാളികൾ വിരളമാണ്. ഗൾഫ് മേഖലകളിലും മററ് വിദേശരാജ്യങ്ങളിലും ജോലിയെടുക്കുന്നവർ അഞ്ഞൂറോളംപേർ വരും. സർക്കാർ ജോലിക്കാരുടെ സംഖ്യ അത്രയൊന്നും വലുതല്ല. വനിതകളായ സർക്കാർജീവനക്കാരിൽ ഏറിയ പങ്കും അദ്ധ്യാപകവൃത്തിയിലാണ് ഏർപ്പെട്ടിട്ടുള്ളത്.

ഉയർന്ന സാമ്പത്തികസ്ഥിതിയിലുള്ളവർ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമാണുള്ളത്. ബാക്കി നല്ലൊരു ശതമാനം ഇടത്തരക്കാരാണ്. ദാരിദ്ര്യരേഖയോട് തൊട്ട് കിടക്കുന്നവരാണ് ഏറിയ പങ്കും.

## ഭൂപ്രകൃതി പട്ടിക

## വേളൂക്കരയിലെ കുന്നുകൾ

| | |
|---|---|
| 1 അവിട്ടത്തൂർകുന്ന് | 2 കടുപ്പശ്ശേരികുന്ന് |
| 3 കല്ലംകുന്ന് | 4 വെളയനാട്കുന്ന് |
| 5 അമ്പാരിപൊക്കം | 6 കുന്നമ്മൽക്കാട് |
| 7 പട്ടേപ്പാടം തെക്കേകുന്ന് | 8 ചുവപ്പറംകുന്ന് |
| 9 ആക്കപ്പിള്ളിപൊക്കം | 10 അണ്ടാണിക്കുന്ന് |

# കൃഷിയും ജലസേചനവും

## കൃഷി

ഉരംനാടൻ പഞ്ചായത്തായവേളൂക്കരതികച്ചും ഒരു കാർഷികപഞ്ചായത്താണ് 80% ജനങ്ങളും കൃഷിക്കാരാണ് സ്വാതന്ത്ര്യത്തിനു ശേഷമുള്ള കഴിഞ്ഞ അരനൂററാണ്ടു കാലത്ത് കാർഷികോൽപ്പാദന രംഗത്ത് കാതലായ വ്യതിയാനങ്ങളൊന്നുമുണ്ടായിട്ടില്ല. എന്നാൽ കാലാകാലങ്ങളിൽവന്ന ഭൂപരിഷ്ക്കരണ നിയമത്തിലൂടെ ജന്മി-കുടിയാൺമ-തൊഴിലാളി ബന്ധങ്ങളിൽ എടുത്തു പറയത്തക്ക മാററങ്ങൾവന്നു. തങ്ങൾ കൃഷിചെയ്തിരുന്ന ഭൂമിയുടെ അവകാശം കർഷകരിൽ നിക്ഷിപ്തമായി. പാട്ടവ്യവസ്ഥിതി എന്നെന്നേക്കുമായി അപ്രത്യക്ഷമായി. കർഷകതൊഴിലാളികൾക്ക് കുടികിടപ്പവകാശം കിട്ടി. കാർഷികരംഗത്തുണ്ടായ ഈ വ്യതിയാനങ്ങൾ ഒരു പുത്തൻ ഉണർവുണ്ടാക്കി.

പക്ഷേ ഇതൊന്നും കാർഷികരംഗത്ത് സ്ഥായിയായ വളർച്ചക്ക് വഴിയൊരുക്കിയില്ല. കർഷകന് കൃഷിഭൂമിയുടെ അവകാശം കിട്ടിയപ്പോൾ കൂടുതൽ ലാഭകരമായ കൃഷികളിലേക്ക് മാറാൻ തുടങ്ങി. ഇത് കൃഷിഭൂമിയുടെ സ്വഭാവം തന്നെ മാററിമറിച്ചു. നെല്ലുകൃഷി ചെയ്തിരുന്ന പാടങ്ങൾ വ്യാപകമായി തെങ്ങ്വെച്ച്നികത്താൻ തുടങ്ങി 1970ന് ശേഷം ഇതിന് ആക്കം കൂടി. ഗൾഫ് രാജ്യങ്ങളിൽനിന്നും വരുന്ന പണത്തിൻെറ അളവാണ് ഇതിനെ സ്വാധീനിച്ചത്. ഈ രംഗത്ത് നിക്ഷേപിക്കുന്ന തുകക്ക് കൂടുതൽ വരുമാനമുണ്ടായി. വലിയ വീടുകൾ വയ്ക്കുന്നതിനും നികത്തു ഭൂമികൾ അനുയോജ്യമെന്നുകണ്ടു. ഇത് പഞ്ചായത്തിലെ കൃഷിഭൂമിയുടെ അളവിൽ ഏററക്കുറച്ചിലുണ്ടാക്കി. നെൽകൃഷികുറഞ്ഞു. തെങ്ങുകൃഷി വർദ്ധിച്ചു. പച്ചക്കറി, ഹ്രസ്വകാലവിളകൾ എന്നിവ കൃഷി ചെയ്യാതായി. കൃഷിഭൂമിയിൽ സ്ഥിരമായ വെള്ളക്കെട്ടുകൾവന്നു. പലപാടശേഖരങ്ങളിലും വരൾച്ചയും സ്ഥിരമായി. ഇത് കൃഷിഭൂമികൾ തരിശിടുന്നതുവരെയെത്തിച്ചു.

മൊത്തത്തിൽ ജനങ്ങൾക്ക് കൃഷിയോടുള്ള താൽപ്പര്യം കുറഞ്ഞു. കൃഷി പ്രധാന വരുമാന മാർഗ്ഗമല്ലാതായി. സമൂഹത്തിൽ സർക്കാർ ജോലിക്കും ബിസിനസ്സിനും വിദേശങ്ങളിലുള്ള ജോലിക്കും മാന്യത കൈവന്നു. അമിതമായി രാസവളപ്രയോഗത്തിലൂടെയുള്ള പ്രവൃത്തിയായിമാറി കൃഷി. ഇത് കൃഷിയുടെ താളം തെററിച്ചു. എന്നാൽ ഇതിനെ മറികടക്കാൻ കാർഷികരംഗത്ത് ഉൽപ്പാദനക്ഷമത വർദ്ധിച്ചില്ല. എന്നാൽ കൂലിവർദ്ധന കൃഷിവൃത്തിയെ കൂടുതൽ സങ്കീർണ്ണമാക്കി ഇന്ന് പഞ്ചായത്തിൻെറ എല്ലാഭാഗത്തും പുരുഷകൂലി 90 രൂപയും സ്ത്രീ കൂലി 50 രൂപയുമായി ഇതിനനുസൃതമായി ഉൽപ്പാദനക്ഷമത വർദ്ധിച്ചില്ല. കഴിഞ്ഞ 50വർഷത്തിനുള്ളിൽ ജലസേചന സൗകര്യങ്ങൾ കാര്യമായി വർദ്ധിച്ചിട്ടില്ല. പഞ്ചായത്തിലെ കൃഷി യന്ത്രവത്കൃതമായിയെന്ന് പറയാൻവയ്യ ഇന്നും കന്നുകാലികളെ ഉപയോഗിച്ച് ഉഴുതും, തൂമ്പ, മൺവെട്ടി, അരിവാൾ എന്നീ കാർഷികായുധങ്ങളുപയോഗിച്ചും കൃഷിപ്പണി നടത്തുന്നു. വേത്ത്, കയററുകൊട്ട, തുലാവ്, ചക്രം എന്നിവ ഇന്ന് പാടശേഖരങ്ങളിൽ കാൺമാനില്ല. ഇവക്കു പകരം പമ്പുസെററുകളോ, എഞ്ചിനുകളോ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇത് കർഷകരുടെ അധ്വാനഭാരം കുറച്ചുവെന്നല്ലാതെ ഉൽപ്പാദനക്ഷമത വർദ്ധിച്ചിട്ടില്ല. വ്യാവസായികോൽപ്പന്നങ്ങളുടെ വിലവർദ്ധനവിനനുസൃതമായി കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടില്ല കാർഷികോൽപ്പന്നങ്ങൾ വിററുകിട്ടുന്ന പണം വ്യാവസായിക രംഗത്തുനിന്നും വരുന്ന ഉപഭോഗവസ്തുക്കൾ വാങ്ങിക്കുവാൻ തികയുന്നില്ല. ഇത് കർഷകരുടെ ജീവിതനിലവാരം താഴ്ത്തുന്നു. വായ്പാസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അമിതപലിശയും ഉത്പാദനക്ഷമതയില്ലായ്മയും കർഷകരെ കടക്കെണിയിലാക്കു

ന്നു. തെങ്ങുകൃഷിയെ വ്യാപകമായി ബാധിച്ചിരിക്കുന്ന കാററുവീഴ്ച പഞ്ചായത്തിലെ കർഷകസമൂഹത്തിന്റെ നട്ടെല്ലൊടിച്ചുവെന്നുതന്നെ പറയാം. പഞ്ചായത്തിലെ ഇന്നത്തെ കർഷക സമൂഹം എന്തുചെയ്യണമെന്നറിയാതെ പുതിയ പരീക്ഷണത്തിനുവേണ്ടി കാത്തുനിൽക്കുന്ന അവസ്ഥയാണ്. മാവ്, പ്ലാവ്, കശുമാവ് മുതലായ വൃക്ഷവിളകളിൽനിന്നും മാറി നെൽകൃഷിയിലേക്കും, നെൽകൃഷിയിൽ നിന്നും തെങ്ങ്കൃഷിയിലേക്കും. ഇടക്കുവച്ച് കൊക്കോ. ജാതി ഗ്രാമ്പൂ, എന്നിവയിലേക്കുംമാറി പരീക്ഷണങ്ങൾ നടത്തിയ പഞ്ചായത്തിലെ കർഷകർ ഇന്ന് മട്ടി മാഞ്ചിയം, അടയ്ക്കാമരം എന്നിവയിലെത്തി നിൽക്കുന്നു. ഈ അവസരത്തിൽ ഇവിടത്തെ കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഇവിടത്തെ ഭൂപ്രകൃതിയേയും ഭൂവിനിയോഗത്തേയുംപററി ഹ്രസ്വമായി പ്രതിപാദിക്കുന്നത് ഉപകാരപ്രദമായിരിക്കും.

## ഭൂപ്രകൃതി

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2667 ഹെക്ടറാണ്. ഇത്കുന്നുകളും ചെരിവുകളും സമതലങ്ങളും പാടങ്ങളുമായി ഇടകലർന്നുകിടക്കുന്നു. കുന്നിൻപ്രദേശങ്ങളിലും ചരിവുപ്രദേശങ്ങളിലും വെട്ടുകല്ലും ചരൽകലർന്ന ചുവന്ന മണ്ണും സമതലപ്രദേശങ്ങളിൽ മണൽ കലർന്ന ചുവന്നമണ്ണുമാണ് കാണുന്നത്. 1, 2, 3 എന്നീ വാർഡുകളിലെ പാടശേഖരങ്ങളിൽ മണൽ കലർന്ന ചെളിമണ്ണും മററുള്ള പാടശേഖരങ്ങളിൽ പൊതുവെ ചെളിമണ്ണുമാണ് കാണുന്നത്. മണ്ണിന്റെ പ്രകൃതിക്കനുസൃതമായി പഞ്ചായത്തിന്റെ മൊത്തം ഭൂമിയെ താഴെ കാണിച്ചിരിക്കുന്ന പ്രകാരം തിരിക്കാവുന്നതാണ്.

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | കുന്ന് | 266.7 ഹെ | 10 |
| 2 | ചരിവു പ്രദേശം | 533.4 ,, | 20 |
| 3 | സമതലം | 1333.5 ,, | 50 |
| 4 | പാടങ്ങൾ | 533.4 ,, | 20 |
| | മൊത്തം | 2667.0 | 100 |

## ഭൂവിനിയോഗം:–

മേൽ കാണിച്ചിരിക്കുന്ന ഭൂപ്രകൃതിക്കനുസൃതമായി തന്നെ പഞ്ചായത്തിലെ കാർഷിക വിളകളേയും ഒരു പട്ടിക രൂപത്തിലാക്കാം. പല വിളകളും (നെൽകൃഷിയൊഴിച്ച്) ഇടകലർന്ന് കൃഷിചെയ്യുന്നതുകൊണ്ട് വ്യക്തമായ ഒരു കണക്ക് ലഭ്യമല്ല. എന്നിരുന്നാലും പദ്ധതി കരം തയ്യാറാക്കുന്നതിനുള്ള ഒരു പ്രധാന ചൂണ്ടുപലകയായി ഇതിനെ കണക്കാക്കാവുന്നതാണ്. ഓരോ വിളകളുടേയും ചേർതിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു.

| നമ്പർ | വിള ഇനം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | മാവ്, പ്ലാവ്, കശുമാവ് | 133.33 ഹെക്ടർ | 5 |
| 2 | തെങ്ങ് | 1867 ,, | 70 |
| 3 | അടക്കാമരം, ജാതി | 80 ,, | 3 |
| 4 | കുരുമുളക് | 26.67 ,, | 1 |
| 5 | നെല്ല് | 533.33 ,, | 20 |
| 6 | മററുവിളകൾ (ഇഞ്ചി, മഞ്ഞൾ, വാഴ, ചേമ്പ്, ചേന, പച്ചക്കറി) | 26.67 ,, | 1 |
| | മൊത്തം | 2667 ,, | 100 |



358

ഇത്രയും കാര്യങ്ങൾ പ്രതിപാദിച്ചതിൽ നിന്നും വേളൂക്കര പഞ്ചായത്തിലെ കാർഷിക വൃത്തിയുടെ ഒരു പരിച്ഛേദം നമ്മുടെ മുന്നിൽ തെളിഞ്ഞുനിൽക്കുന്നു. ഇവിടത്തെ കൃഷിയുടെ പ്രതിസന്ധിയും കർഷകരുടെ നിസ്സഹായ വസ്ഥയും പ്രത്യേകം പറയേണ്ടതില്ല. ഇതിന്റെ യൊക്കെ പശ്ചാത്തലത്തിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ കൃഷിയുമായി ബന്ധപ്പെട്ട ഓരോ മേഖലയി ലേയും വിവിധപ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു, ഈ പ്രശ്നങ്ങൾക്കുള്ള നിർദ്ദേശ ങ്ങളും സാധ്യതകളും പരാമർശിക്കുകയുണ്ടായി. ഈ പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെപറ യും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ:- (1)

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ജലസേചനത്തിനുള്ള വെള്ളം കിട്ടാനില്ല. ജല സേചനത്തെപ്പററി പറയുമ്പോൾ ഭൂവിസ്തൃതി യുടെ 20% മാത്രം വരുന്ന പാടശേഖരത്തെ മാത്രം കണക്കിലെടുത്താൽ പോര. കുന്നിൻ പ്രദേശങ്ങ ളേയും ചരിവുപ്രദേശങ്ങളേയും കണക്കിലെടു ക്കണം.

(2) പാടശേഖരങ്ങളിൽ കൃഷിക്കാവശ്യമായ ബണ്ടുകൾഇട്ട് നിയന്ത്രിത കൃഷിമേഖലകളാക്കു ന്നതിന് സാധിച്ചിട്ടില്ല ഇപ്പോൾ ബണ്ടുകളുള്ള ചില പാടശേഖരങ്ങളിൽ വെള്ളക്കെട്ടുണ്ടാകുന്നു

(3) നെല്ലിനേയും, തെങ്ങ്, കുരുമുളക് മുതലായ നാണ്യവിളകളേയും വ്യാപകമായി ബാധിക്കുന്ന രോഗത്തിന് പരിഹാരം കാണാനാ യിട്ടില്ല. ഇത് ഇവിടത്തെ കർഷകരുടെ മുന്നി ലുള്ള ഒരു വെല്ലുവിളിയായിത്തീർന്നിരിക്കുക യാണ്.

(4) പാടശേഖരങ്ങളിലേക്ക് യന്ത്രങ്ങൾ ഇറക്കുന്നതിനും വാഹനങ്ങൾ കൊണ്ടുപോകു ന്നതിനുംവേണ്ടതായ റോഡുകൾ റാമ്പുകൾ എ ന്നിവ ഇന്നും ആവശ്യത്തിനില്ല.

(5) കൃഷിയിടങ്ങൾ നികത്തുന്നു. കൽപ്ര- ദേശങ്ങൾ കല്ലുവെട്ടി താഴ്ത്തുകയും ചെയ്യുന്നു ഇത് രണ്ടും കൃഷിഭൂമിയെ കൃഷിക്ക് പററാത്ത താക്കിത്തീർക്കുന്നു.

(6) ആവശ്യത്തിനുള്ള കൃഷിത്തൊഴിലാ- ളികളെ കിട്ടാനില്ല. തൊഴിലാളികൾക്ക് കൂലി വളരെ കൂടുതലാണ്.

(7) തുണ്ടുഭൂമികളും ചെറുകിട കർഷക രും യന്ത്രവൽകൃത കൃഷിരീതികൾ സ്വീകരിക്കു വാൻ തടസ്സമായി നിൽക്കുന്നു.

(8) കാർഷികഉല്പന്നങ്ങൾക്ക് വിലകുറ വാണ്.

(9) കൃഷിഭവനിൽനിന്ന് ആവശ്യമായ സ ഹായസഹകരണങ്ങൾ ലഭിക്കുന്നില്ല.

(10) വായ്പാസൗകര്യങ്ങൾ വേണ്ടത്ര ലഭി ക്കുന്നില്ല.

(11) ഉല്പന്നങ്ങൾസംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല.

(12) സാദ്ധ്യതകളുള്ള വൈവിധ്യമാർന്ന കാർഷികവിളകളൊന്നും പഞ്ചായത്തിൽ കൃഷി ചെയ്യുന്നില്ല.

13) പഞ്ചായത്തിൽ ഒരു ചന്തയില്ല. കാർ ഷികോല്പന്നങ്ങൾ വിപണനം ചെയ്യാൻ ഇരി ങ്ങാലക്കുട, ചാലക്കുടി, കോട്ടപ്പുറം എന്നിവിട ങ്ങളിലേക്ക് കൊണ്ടുപോകേണ്ടിവരുന്നു.

മേൽപറഞ്ഞ പ്രശ്നങ്ങൾക്കുള്ള പരിഹാര ങ്ങളും സാദ്ധ്യതകളും വിവിധ ഗ്രാമസഭക ളിൽ അപൂർണ്ണമായി ചർച്ച ചെയ്തിട്ടുണ്ട്. ഈ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള ആശ യങ്ങൾ ക്രോഡീകരിച്ച് കൂടുതൽ ചർച്ചക്കും നിർദ്ദേശങ്ങൾക്കുംവേണ്ടി താഴെ കൊടുക്കുന്നു,

## നിർദ്ദേശങ്ങൾ

(1) പുതിയ ജലസേചനസംവിധാനങ്ങൾ ഏർപ്പെടുത്തുക. നിലവിലുള്ളവ റിപ്പയർചെ യ്ത് കാര്യക്ഷമമാക്കുക (ജലസേചനത്തിന്റെ റിപ്പോർട്ട് വേർതിരിച്ച് സമർപ്പിക്കുന്നു.)

(2) ബണ്ടുകൾ നിർമ്മിച്ച് ജലം ശേഖരി ക്കുകയും ജലസേചനത്തിന് ഉപയോഗിക്കുക യും ചെയ്യുക. അതോടൊപ്പംതന്നെ വെള്ളക്കെട്ട് ഒഴിവാക്കുകയും വേണം.

*a)* 1-ാംവാർഡിൽ കുറിഞ്ഞാലിയിൽ 300 മീററർ നീളത്തിൽ ബണ്ടും 20 *H. P.* മോട്ടോറും സ്ഥാപിക്കുക. *b)* 3-ാംവാർഡിൽ വെള്ളാനി ക്കുളംമുതൽ നടവരമ്പ് സ്കൂൾവരെയുള്ള തോട് വീതികൂട്ടി ഇരുഭാഗവും ബണ്ട് നിർമ്മി ച്ച് നിലവിലുള്ളവെള്ളക്കെട്ട് ഒഴിവാക്കുക. 2-ാം വാർഡിൽ പെരുവല്ലിപ്പാടം മുതൽ ഷൺമുഖം കനാൽവരെ പെരുവല്ലിപ്പാടം ബണ്ട് നിർമ്മിക്കു ക (*c*) 4-ാംവാർഡിൽ ഊരകംപാടത്തിന്റെ അരി കിൽ പണിതിട്ടുള്ള കല്ലംകുന്ന് ഏറുക്കാട്- അവിട്ടത്തൂർപാടം ബണ്ട് 3-ാംവാർഡ്വരെ മുട്ടിക്കുക. (*d*) 4-ാംവാർഡിൽ ശ്മശാനം പൊയ്യച്ചിറ ബണ്ട് നിർമ്മിക്കുക. (*e*) 5-ാംവാർ ഡിൽ ഊരകംപാടം—പൊതുമ്പുചിറ ബണ്ട് നിർമ്മിക്കുക. (*f*) 5-ാംവാർഡിൽ ഓങ്ങിച്ചിറ



357

ശങ്കരംകുളം പാടത്തേക്ക് പോകുന്ന തോട് വീതികൂട്ടി ബണ്ടുണ്ടാക്കുക. (*h*) 6-ാംവാർഡിൽ കച്ചേരിപ്പടിക്ക് പടിഞ്ഞാറുഭാഗത്തുള്ള പാടത്ത് എരിശ്ശേരിപ്പാടം പുതിയ റോഡിൽ പണിതിരിക്കുന്ന പാലം വീതികുറഞ്ഞതായതുകൊണ്ട് വർഷക്കാലത്ത് അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടികളെടുക്കുക. (*i*) 6-ാംവാർഡിൽ പുറംചിറ ചങ്ങാററുമുറിഭാഗത്ത് ചോലിപ്പറമ്പൻമാരുടെ താഴെ ബണ്ട് നിർമ്മിക്കുക (*j*) 6-ാംവാർഡിൽ തൊമ്മാനകിഴക്കേകെട്ടിൻെറ തെക്കോട്ട് പോകുന്ന തോടിൻെറ ഇരുഭാഗവും ചാടംപാലംവരെ ബണ്ട് നിർമ്മിക്കുക ഇരുവശത്തും 20 *HP* മോട്ടോർ സ്ഥാപിച്ച് ഇപ്പോൾ ഒരുപൂ പണിയുന്ന നിലങ്ങൾ ഇരുപ്പൂവാക്കുക. (*K*) തൊമ്മാന പാലത്തിന് വടക്കുവശത്തുള്ള *KLDC* ബണ്ട്‌വീതികൂട്ടി വാഹനങ്ങൾ പോകുന്നതിന് സൗകര്യപ്രദമാക്കുക (*L*) 7-ാം വാർഡിൽ സുഭാഷ്നഗർ പുന്നംപാടം ബണ്ട് നിർമ്മിക്കുക. (*M*) 7-ാം വാർഡിൽ കണ്ണിക്കര ചാക്കോലികുന്ന് റോഡ് കൃഷിയാവശ്യത്തിന് ബണ്ടാക്കി ജലം ശേഖരിക്കാൻ പാകത്തിനാക്കിത്തീർക്കുക. (*N*) 8-ാം വാർഡിൽ പുല്ലൂക്കരത്താഴത്ത് 200 മീററർ നീളത്തിൽ കൂററാലിപ്പാടം ബണ്ട് ഉണ്ടാക്കുക (*O*) 8-ാം വാർഡിൽ മേനാച്ചേരിത്താഴം ബണ്ട് 200മീററർ നീളത്തിൽ നിർമ്മിക്കുക. (*P*) 8-ാം വാർഡിൽ കൊഴിക്കിലിച്ചിറ ബണ്ട് വെള്ളംകെട്ടി നിർത്താൻ അനുയോജ്യമാക്കുക.

(3) തെങ്ങുകൃഷിയിൽ വ്യാപകമായി കാററുവീഴ്ചയുള്ളതുകൊണ്ട് മരുന്നുതെളിക്കുന്നതിനും വളപ്രയോഗത്തിനുമുള്ള സംവിധാനങ്ങളും ഉണ്ടാക്കുക. തെങ്ങിന് ബദലായി കൃഷി ചെയ്യാവുന്ന റബ്ബർ മുതലായ കൃഷിവിളകളെ പററി ചിന്തിക്കുക.

(4) കാർഷികറോഡുകളും ട്രാക്ടർ ഇറക്കുന്നതിനുള്ള നിലംപതികളും നിർമ്മിക്കുക. (*a*) 1-ാംവാർഡിൽ നടവരമ്പുചിറ-പുഞ്ചപ്പാടം റോഡ് നന്നാക്കുക (*b*) 3-ാം വാർഡിൽ കല്ലംകുന്ന് ശ്മശാനത്തിൽ നിന്ന് പൊയ്യച്ചിറയിൽ ചെന്ന് ചേരുന്ന റോഡ് നന്നാക്കി ചിറയിലേക്ക് ഇറങ്ങുന്ന ഭാഗത്ത് നിലംപതി നിർമ്മിക്കുക. (*c*) 4-ാം വാർഡിൽ പുലിക്കണ്ടപാടത്ത് 300 മീററർ നീളത്തിൽ റോഡുണ്ടാക്കുക. പാടശേഖരങ്ങളിലേക്ക് എത്തിനിൽക്കുന്ന റോഡുകളിൽ നിന്നൊക്കെ പാടത്തേക്ക് നിലംപതി നിർമ്മിക്കുക.

(5) പച്ചക്കറി കൃഷി വ്യാപിപ്പിക്കുക. എല്ലാ വീടുകളിലും വിദ്യാലയങ്ങളിലും പച്ചക്കറി കൃഷിചെയ്യുന്നതിന് പ്രേരിപ്പിക്കുക. കൃഷിഭവനും പഞ്ചായത്തും ഒത്തുചേർന്ന് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക. വിത്തും വളവും വിതരണം ചെയ്യുക. അധികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ പഞ്ചായത്തുതലത്തിലും ബ്ലോക്ക്തലത്തിലും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

(6) പൂകൃഷി, പുല്ലുകൃഷി, ഔഷധച്ചെടികളുടെ കൃഷി എന്നിവ വ്യാപിപ്പിക്കുക, കുററിമുല്ല, ഓർക്കിഡ്, ആന്തൂറിയം മുതലായ വാണിജ്യ പ്രധാനങ്ങളായ പുഷ്പങ്ങൾ കൃഷിചെയ്യുന്നതിനും വിപണനം നടത്തുന്നതിനും പദ്ധതികൾ തയ്യാറാക്കുക. ഔഷധച്ചെടികളുടെ വ്യാപകമായ കൃഷി ആയുർവ്വേദ മരുന്നുകളുടെ ഒരു ഉൽപ്പാദന യൂണിററ് തുടങ്ങുന്നതിന് വഴിതെളിയിക്കും,

(7) സുഗന്ധ വിളകൾ— കുരുമുളക് ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ തുടങ്ങിയ വിളകളുടെ വ്യാപകമായ കൃഷിക്ക് സാധ്യതകളേറെയുണ്ട് വേളൂക്കരപഞ്ചായത്തിൽ ഇവയുടെ സംസ്ക്കരണ യൂണിററുകൾ സ്ഥാപിച്ച് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(8) കംപോസ്ററുകുഴികൾ വ്യാപകമാക്കുക. എല്ലാ സ്ക്കൂളുകളിലും, വീടുകളിലും കംപോസ്ററുകുഴികൾ ഉണ്ടാക്കുകയും പച്ചക്കറി കൃഷിയുമായി സംയോജിപ്പിക്കുകയും ചെയ്യുക ഇതിനുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും കൃഷിഭവൻവഴി ലഭ്യമാക്കണം.

(9) പഞ്ചായത്തിലെ കൃഷിഭവൻെറ നേതൃത്വത്തിൽ ഒരുസീഡ്ബാങ്ക് തുടങ്ങുക. മാതൃകാ കൃഷിക്കാർക്ക് പുതിയ വിത്തിനങ്ങൾ കൊടുത്തുകൊണ്ട് അവരിൽനിന്നും പഞ്ചായത്തിലേക്ക് ആവശ്യമായവിത്തിനങ്ങൾ ശേഖരിക്കുകയും അവ കാലാകാലങ്ങളിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുകയും വേണം.

(10) പഞ്ചായത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഒരു ചന്ത സ്ഥാപിക്കേണ്ടതാണ്- സമീപപ്രദേശത്തുള്ള ചന്തകളുമായി ബന്ധപ്പെടുത്തിവേണം പ്രവർത്തിക്കുവാൻ

(11) മണ്ണുപരിശോധന നടത്തുന്നതിന് പഞ്ചായത്തതിർത്തിയിൽ സൗകര്യമുണ്ടാക്കണം അതിനുള്ള ഒരു ലബോറട്ടറിയും ഒരു ടിഷ്യൂകൾച്ചർ സെൻററും തുടങ്ങണം.

(12) പാടശേഖര കമ്മററികാരൂപീകരിച്ച് കഴിയാവുന്നത്രയും നെൽകൃഷി ഗ്രൂപ്പുഫാമിങ്ങിൻെറ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഗ്രൂപ്പുഫാമുകളുടെ നിയന്ത്രണത്തിൽ ട്രാക്ടർ, ട്രില്ലർ മെതിയന്ത്രം, സ്പ്രേയർ മുതലായവ ലഭ്യമാക്കണം.

(13) റബ്ബർ. കശുമാവ് മുതലായ നാണ്യവിളകാം പഞ്ചായത്തിൽ കൃഷിചെയ്യാൻ കർഷകരെ പ്രേരിപ്പിക്കണം. തെങ്ങുകൃഷി നേരിടുന്ന കാററുവീഴ്ചക്ക് പരിഹാരംകാണാത്തിടത്തോളം കാലം റബ്ബർ കശുമാവ് മുതലായ വിളകാം വികസിപ്പിക്കേണ്ടതാണ്.

(14) തേക്ക്. മാഞ്ചിയം. മട്ടി മുതലായ മരങ്ങാം വ്യാപകമായി കൃഷിചെയ്ത് അധികരിച്ചുവരുന്ന ആവശ്യങ്ങാംക്കനുസൃതമായി തടി ലഭ്യമാക്കണം

(15) പഞ്ചായത്തിൻെറ മുഴുവൻ പുറംപോക്കിലും പ്രധാന വഴികളുടെ ഓരങ്ങളിലും പൂമരങ്ങാംവച്ച് പഞ്ചായത്തിനെ മോടിപിടിപ്പിക്കണം.

## ജലസേചനം

പഞ്ചായത്തിലെ മുഖ്യകാർഷിക വിളകളായ നെല്ല്. തെങ്ങ്, കവുങ്ങ് മുതലായവക്ക് സ്ഥിരമായ ചെറുകിട (മൈനർ ഇറിഗേഷൻ) വൻകിട (പ്രൊജക്ട്) പദ്ധതികളൊന്നും ഇപ്പോാം നിലവിലില്ല. ഇവിടത്തെ കൃഷി പരിപൂർണ്ണമായും മഴയേയും. മഴവെള്ളംശേഖരിച്ചു നിർത്തുന്ന ചിറകളേയും കുളങ്ങളേയും തോടുകളേയും മാത്രം ആശ്രയിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ പഞ്ചായത്തിലെ മുണ്ടകൻ കൃഷിയും, പുഞ്ചകൃഷിയും വെള്ളത്തിൻെറ കുറവ്മൂലം നശിച്ചു പോകാറുണ്ട്.

പഞ്ചായത്തിൽ വലുതും ചെറുതുമായി മൊത്തം 6 ചിറകളുണ്ട്. ഇവയിൽ കണ്ണും പൊയ്യചിറ (നടവരമ്പ്) വഴിക്കിലിചിറ എന്നിവയാണ് വലിയചിറകാം. മൊത്തം ആറുചിറകാം ഉള്ളതിൽ വെങ്കുളം ചിറമാത്രമാണ്. ചാലക്കുടി പ്രൊജക്ടിലെ വെള്ളം കനാൽവഴി ലഭിക്കുന്ന പഞ്ചായത്തിലെ ഏകചിറ. ഇത് പലപ്പോഴും മുടങ്ങിപോകാറും ഉണ്ട്. പഞ്ചായത്തിലെ ഏററവും വലിയചിറകളിൽ ഒന്നായ കണ്ണും പൊയ്യച്ചിറയുടെ എല്ലാ വിധ സംരക്ഷണവും ഇരിങ്ങാലക്കുട ചെറുകിട ജലസേചനവകുപ്പാണ് നടത്തി വരുന്നത്. ആയത് നല്ല നിലയിൽ നടത്തി വരുന്നു.

പഞ്ചായത്തിൽ വിവിധ തരത്തിലുള്ള 36 കുളങ്ങളും ഉദ്ദേശം 3000 മീററർ മുതൽ 1000 മീററർ വരെ നീളമുള്ള ഇരുപതോളം തോടുകളുമുണ്ട്. പഞ്ചായത്തിലെ പ്രധാന കുളങ്ങാം കല്ലൻകുഴി, ചെറളികുളം, പുന്നക്കുളം, ഓങ്ങിച്ചിറ, മുതലക്കുളം. കോതകുളം, കാനപ്പിള്ളിക്കുളം, മാത്തക്കുളം. കുട്ടിക്കുളം കല്ലുങ്ങാകുഴികുളം. പുല്ലൂക്കര താഴംകുളം, നമ്പ്യാട്ടിക്കുളം, നീളംകുളം, ചെങ്ങോലിക്കുളം വഴുക്കിലച്ചിറതോട്, വട്ടത്തിച്ചിറ, കൂററാലിക്കുളം, പുല്ലെക്കുളം, പുലിക്കുളം കാരെക്കാട്ടികുളം, പുതുകുളം, കൊട്ടത്താഴംകുളം, കാളംകുളം, മഞ്ചേരിക്കുളം, ചേലേക്കാട്ടിക്കുളം, പുന്നക്കുളം, നത്തന്നൂർകുളം ഈഴാറക്കുളം, അയ്യങ്കുളം, ശങ്കരൻകുളം, നന്ദ്യാർളികുളം; പാലാഴികുളം, കൃഷിഭവൻകുളം, മുക്കുടികുളം, അണ്ടാണിക്കുളം എന്നിവയാണ്. കാലവർഷവും തുലാവർഷവും സമാന്യം നല്ലനിലയ്ക്ക് ലഭിക്കാറുണ്ടെങ്കിലും വേനൽ മഴയും തുലാവർഷത്തിൻെറ തുർച്ചയായി കേരളത്തിൽ മററു പല സ്ഥലങ്ങളിലും ലഭിച്ചുവരുന്ന മഴയും ഇവിടെ താരതമ്യേന കുറവാണ്. പ്രകൃതി കനിഞ്ഞു നൽകുന്ന മഴയേയും അത് ശേഖരിച്ച് നിർത്തുന്ന ചിറകളേയും കുളങ്ങളേയും തോടുകളേയും മാത്രം ആശ്രയിച്ചുള്ള കാർഷികവൃത്തി ഈ പഞ്ചായത്തിലെ ഒരു ശാപമാണ്.

ഇനി നമുക്ക് ഈ പഞ്ചായത്തിലെ ജലസേചനരംഗത്തെ പ്രശ്നങ്ങാം എന്തൊക്കെയാണെന്ന് പരിശോധിക്കാം. ഇപ്പോാം ജലസേചന മാർഗ്ഗങ്ങളായി ഉപയോഗിച്ചുവരുന്ന ചിറകാം എല്ലാം തന്നെ മിക്കവാറും ഒരുപൂകൃഷിചെയ്യുന്ന നിലങ്ങളാണ്. ഈ നിലങ്ങളിൽ വെള്ളം കെട്ടിനിർത്തുന്ന സമയത്തിനു മാററം വരുത്താൻ കഴിഞ്ഞാൽ രണ്ടാം വിളകൃഷി ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിലെ ഒരുപൂ ഇരുപൂനിലങ്ങാം മിക്കതും കടുത്ത വരാംച്ചമൂലവും നെൽകൃഷി ഇപ്പോഴത്തെ നിലയ്ക്ക് ലാഭകരമല്ലാത്തതിനാലും മണ്ണിട്ട് നികത്തി നാണ്യവിളയാക്കി മാററിയിരിക്കുന്നു. ഇതിലെ മുഖ്യ നാണ്യവിളയായ തെങ്ങ് കേട് ബാധിച്ച് നശിച്ചുകൊണ്ടിരിക്കുന്നു.

ഒന്ന് രണ്ട് വാർഡുകളിലെ പെരുവല്ലിപ്പാടം, പെരുമ്പാലപ്പാടം ചോരൻപാടം മുത



359

ലായ പാടശേഖരങ്ങളിൽ മുണ്ടകൻ കൃഷി യ്ക്കും, വേളൂക്കര പുഞ്ചപാടത്തെ പുഞ്ച കൃഷിയ്ക്കും ആവശ്യമായ സമയത്ത് വേണ്ടത്ര വെള്ളം ലഭ്യമല്ല രണ്ടാം വാർഡി ലെ നെൽ കൃഷിയ്ക്ക് മൊത്തത്തിൽ ജല-ക്ഷാമം അനുഭവപ്പെടുന്നു. മൂന്നും, നാലും വാർഡുകളിലെ ഭൂരിഭാഗം പ്രദേശങ്ങൾ ഉയർന്ന ഭൂപ്രകൃതിയാണ്. ആയതിനാൽ ഈ പ്രദേശങ്ങ ങ്ങളിലെ പ്രധാന വിളകളായ വാഴ, തെങ്ങ് മുതലായ വിളകൾക്ക് കടുത്ത ജലക്ഷാമം അനു ഭവപ്പെടുന്നു. കിണറുകളും കുളങ്ങളും നേരത്തെ തന്നെ വററിപ്പോകുന്നു. 5-ാം വാർഡ് മൊത്ത ത്തിൽ ഉയർന്ന പ്രദേശമാകയാൽ ഈ പ്രദേശ ത്തെ നെൽ കൃഷിയും, തെങ്ങ്, കവുങ്ങ്, വാഴ മുതലായ കൃഷികളും, ഉണങ്ങിനശിക്കാറുണ്ട്. യാതൊരുവിധ ജലസേചന മാർഗ്ഗങ്ങളും മൂന്ന് നാല്, അഞ്ച് വാർഡുകളിൽ ഇല്ല. മിക്കവാറും എല്ലാ വാർഡുകളിലേയും തോടുകൾ ഏററെകുറെ നികന്നു കിടക്കുന്നു.

6-ാം വാർഡിലേയും, 7-ാം വാർഡിലേയും നെൽപാടങ്ങളിൽ രണ്ടാം വിള ഇറക്കിയാൽ വെള്ള ത്തിന്റെ കുറവുമൂലം ഉണങ്ങിപോകുന്നു. കൂടാ തെ രണ്ടാം വിളയ്ക്ക് വെള്ളം കിട്ടാൻ മാർഗ്ഗ ങ്ങൾ ഇല്ലാത്തതിനാൽ നെൽകൃഷി ഇറക്കാതെ ഒന്നാം വിളയ്ക്ക് ശേഷം തരിശിടേണ്ടതായി വരുന്നു. പഞ്ചായത്തിലെ ഏക ചെറുകിട ജല സേചന പദ്ധതിയായ (മൈനർ ഇറിഗേഷൻ) തൊമ്മാന ലിഫ്ററ് ഇറിഗേഷൻ 6-ാം വാർഡി ലാണ്. ഇതേ വരെ അതിന്റെ പണിതീരാത്ത-തിനാൽ അതിന്റെ പ്രയോജനവും ലഭിക്കുന്നില്ല. 6-7 വാർഡുകളിൽ തെങ്ങ് കൃഷിയ്ക്കും യാതൊ രുവിധ ജലസേചന സൗകര്യങ്ങളും ഇപ്പോൾ ലഭ്യമല്ല.

8-ാം വാർഡിൽപ്പെട്ട പള്ളിക്കപ്പാടത്തിന്റെ വടക്കുഭാഗങ്ങളിൽ മുണ്ടകൻ വിള വെള്ളമില്ലാതെ ഉണങ്ങിപോകാറുണ്ട്. ഈ പാടശേഖരം മണൽ ഭൂമിയായതിനാൽ ഉണക്ക് ബാധിക്കുന്നു കൂടാ തെ കൂററാലി പാടത്തും രണ്ടാം വിളയ്ക്ക് ഉണ ക്ക് ബാധിക്കാറുണ്ട്. പാടങ്ങൾ വേഗത്തിൽ വററി വരണ്ട്പോകുന്നു അത് മൂലം കരഭൂമിയിലെ കൃഷിയും വററിവരണ്ട് പോകുന്നു. പരിസര ത്തുള്ള കുളങ്ങളും കിണറുകളും വററുന്നു 8-9-10 വാർഡുകളുടെ ഭാഗമായി വരുന്ന വഴിക്കിലിച്ചിറ യുംനേരത്തെ വററിപോകുന്നു. ഇതുമൂലം പഞ്ചാ യത്തിലെ രണ്ടാമത്തെ വലിയ പുഞ്ചപ്പാടശേഖര വും കടുത്ത ജലക്ഷാമത്തെ നേരിടുന്നു

7-ാം വാർഡിലും 9-ാം വാർഡിലുമായി വരുന്ന വെങ്കുളം ചിറയിലേയ്ക്കും ചാലക്കുടി പ്രൊജക്ടിൽനിന്നും വേണ്ടത്ര വെള്ളം ലഭിക്കാ ത്തതിനാൽ ഈ ചിറയിലെ വെള്ളത്തെ ആശ്രയി ച്ചുള്ള കൃഷികൾ ഉണങ്ങി നശിക്കുന്നു. പട്ടേ പ്പാടം പാടത്ത് വെള്ളം കിട്ടാത്തതിനാൽ രണ്ടാം വിള എടുക്കാറില്ല. കൂടാതെ പത്താംവാർഡിലേ യും പതിനൊന്നാം വാർഡിലേയും തെങ്ങ് കൃഷിയും യാതൊരുവിധ ജലസേചന സൗകര്യ വും ലഭ്യമല്ലാത്തതിനാൽ ഉദ്പ്പാദന ക്ഷമത കുറ ഞ്ഞവയാണ്. ഈ പ്രദേശങ്ങളിൽ ജലക്ഷാമം മൂലം വാഴയും മററ് പച്ചക്കറികളും വളരെ കുറച്ചു മാത്രമെ കൃഷി ചെയ്യുന്നുള്ളൂ. വിവിധ വാർഡുകളിലെ ജലസേചനം സംബന്ധിച്ച പ്രശ്നങ്ങൾ മൊത്തത്തിലൊന്നു വിശകലനം ചെയ്താൽ താഴെ വിവരിക്കുന്ന കാര്യങ്ങൾ ബോദ്ധ്യമാകും.

പഞ്ചായത്തിലെ ജലസേചനത്തിനുള്ള ചിറ കളിൽ ശരിയായ അളവിലും അത്യാവശ്യമായ സമയം വരേയും ശേഖരിച്ചു നിർത്തുവാനുള്ള വെള്ളം ലഭ്യമല്ല മഴവെള്ളം മാത്രമാണ് ഇതി നുള്ള സ്രോതസ്സ് ഇതുമൂലം പഞ്ചായത്തിലെ മിക്കവാറും പുഞ്ചപാടങ്ങൾ വരൾച്ചയെ നേരി ടുന്നു. വഴിക്കിലിച്ചിറ, പുറവൻചിറ, ഓങ്ങി ചിറ, കണ്ണൻക്കാട്ടിച്ചിറ, വെങ്കുളംച്ചിറ, കണ്ണി പൊയ്യച്ചിറ, (നടവരമ്പ്) പൊതുമ്പിച്ചിറ, (ഭാ ഗികം) ഇവയാണ് പഞ്ചായത്തിലെ ജലസേചന ത്തിന് ഉതകുന്ന ചിറകൾ

പഞ്ചായത്തിലെ മുണ്ടകൻ കൃഷിയ്ക്കും ഒരു പരിധി വരെ പറമ്പുകൾക്കും ജലം ലഭ്യമാ യിരുന്ന പ്രധാന കുളങ്ങളും തോടുകളും നിക ന്നു കിടക്കുന്നതിനാൽ ജലസംഭരണ ശേഷി നശി ച്ചിരിക്കുന്നു. ആയതിനാൽ മേൽപറഞ്ഞ ജല സ്രോതസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി ഈ പഞ്ചായത്തിലെ ജലസേചനത്തിന് തികച്ചും അപര്യാപ്തമാണ്.

## പരിഹാരനിർദ്ദേശങ്ങൾ:

ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതി ന് താഴെ വിവരിക്കുന്ന മാർഗ്ഗങ്ങൾ നിർദ്ദേ ശിച്ചുകൊള്ളുന്നു.

I താൽക്കാലിക പദ്ധതികൾ

II സ്ഥിരമായ പദ്ധതികൾ

### I a താല്കാലിക പദ്ധതികൾ

പഞ്ചായത്തിൽ മൊത്തം 36 കുളങ്ങളുള്ളതിൽ ഏററവും വലുതും ജലസേചന സൗകര്യങ്ങൾ



360

മെച്ചപ്പെടുത്താവുന്നതുമായ കുളങ്ങൾ.

| | | | |
|---|---|---|---|
| ശങ്കരംകുളം | നന്ത്യാർളിക്കുളം | ചെങ്ങാലിക്കുളം | കോതക്കുളം |
| മുതലക്കുളം | കാനപ്പിള്ളിക്കുളം | കാരകാട്ടിക്കുളം | വട്ടത്തിച്ചിറ |
| മാത്തക്കുളം | ഈഴാറക്കുളം | പറഞ്ചിറക്കുളം | തൊമ്മാന കൃഷിഭവൻ കുളം |
| പുലിക്കുളം | പൂതക്കുളം | ചെർളിക്കുളം | |

ഈ കുളങ്ങൾ വിസ്താരവും ആഴവുംകൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കുക-

I b പഞ്ചായത്തുകളിലെ തോടുകളിൽജലസംഭരണശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നതും വികസന സാധ്യതകളുള്ളതുമായ താഴെ പറയുന്ന കുളങ്ങളിലെ തോടുകൾ വീതിയും ആഴവും വർദ്ധിപ്പിച്ച്, സാങ്കേതിക വശങ്ങൾ കൂടി പരിഗണിച്ചശേഷം ആവശ്യമായഇടങ്ങളിൽ തടയിണയും, സ്ലൂയിസ്, ചീപ്പ് മുതലായവയും പണിയുക പുറമ്പോക്കുതോടുകൾ കയ്യേറി നികത്തിയെടുത്തിട്ടുള്ളത് പഴയരീതിയിൽ ആക്കിതീർത്ത് വീതികൂട്ടണം. അപ്രകാരം ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ട തോടുകൾ താഴെ പറയുന്നവയാണ്.

അണ്ടാണിക്കുളം:- ചോരൻപ്പാടം –

കണ്ണേളിച്ചിറതോട്

കണ്ണപൊയ്യച്ചിറ:- എടക്കുളംചാൽ- വലിയ തോട്

ഓങ്ങിച്ചിറ:- ശങ്കരൻകുളംതോട്

പുന്നക്കുളം:- കണ്ണൻകാട്ടിച്ചിറ-വഴിക്കിലിച്ചിറ തോട്

വഴിക്കിലിച്ചിറ:- കരിങ്ങിച്ചിറ- വലിയതോട്

കൂററാലിക്കുളം:- വഴിക്കിലിച്ചിറതോട്

ഈഴാറക്കുളം: വഴിക്കിലിച്ചിറ തോട്

അമ്പലക്കുളം:- തൊമ്മാന കായൽതോട്

പള്ളിക്കപ്പാടം:- അനയ്ക്കതോട്

മാത്തക്കുളം:- പെരുവല്ലിപാടം തോട്

വെള്ളാനിക്കുളം തോട്

വട്ടത്തിച്ചിറ കല്ലന്തോട്

കണ്ണപൊയ്യച്ചിറ തോട്

പെരുവല്ലിപ്പാടം - പെരുമ്പാലപാടംതോ.

ഈ തോടുകളിൽവേണ്ട പണികൾചെയ്യുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

I c മേൽപറഞ്ഞ പദ്ധതികൾക്കുപുറമെ താഴെ വിവരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ അളവിൽ ബണ്ടുകൾ നിർമ്മിക്കുകയും വിസ്താരവും ആഴവും കൂട്ടാൻ കഴിയുന്ന ചില കുളങ്ങളിൽ ചെറിയ തോതിലുള്ള പമ്പ് മോട്ടോറുകൾ സ്ഥാപിക്കുകയും ചെയ്യുക.

a ഷൺമുഖം കനാലിൽ നിലവിലുള്ള പമ്പ് 15 HP ആയി വർദ്ധിപ്പിക്കുക.

b K L D C കനാലിൽ ചേലൂർപള്ളിക്ക് കിഴക്കുവശം, കാട്ടൂർ പാടത്ത് വന്ന് നിൽക്കുന്ന K L D C ബണ്ട് ഷൺമുഖം കനാൽവരെ നീട്ടി ഉദ്ദേശം 500 മീററർ നീളത്തിൽ മറെറാരു കനാൽ നിർമ്മിച്ച് ഷൺമുഖം കനാലിലേക്ക് എത്തിക്കുവാനും ഉപ്പുവെള്ളം കയറാതിരിക്കാൻ പടിയൂരിൽ ഷട്ടറിടുവാനും കഴിഞ്ഞാൽ വേളൂക്കര പഞ്ചായത്തിലേയും, പൂമംഗലം പടിയൂർ പഞ്ചായത്തിലേയും നിലങ്ങളിൽ മൂന്നാം വിളയ്ക്ക് വെള്ളം ലഭിക്കുന്നതാണ്.

ഈ പദ്ധതിയുടെ ആസൂത്രണത്തിനു മുമ്പായി K. L. D. C. കനാൽ, ഷൺമുഖം കനാൽ എന്നിവയുടെ ലവൽ വ്യത്യാസവും പുതിയ കനാൽ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതയും മററു സങ്കേതിക വശങ്ങളും പരിശോധിക്കേണ്ടതാണ്.

(c) പുലികുളത്തിന്റെ ചെറിയ തോതിലുള്ള 10—15 H. P. പമ്പ് മോട്ടറും സ്ഥാപിക്കുക.

(d) അവിട്ടത്തൂർ ശിവക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് കപ്പള്ളിപ്പാടത്ത് പുഞ്ചച്ചാടതോക്ക് പ്രവേശിക്കുന്ന ഭാഗത്ത് സങ്കേതിക വശങ്ങൾ അനുകൂലം ആണെങ്കിൽ ബണ്ടു നിർമ്മിച്ചു വെള്ളം ശേഖരിക്കുക.

(e) ആറാം വാർഡിലെ ചോലിപറമ്പൻമാരുടെ സ്ഥലത്ത് ബണ്ടു നിർമ്മിച്ച് 10 H. P. മോട്ടോര പമ്പും സ്ഥാപിക്കുക ഇതിന്റെ സാദ്ധ്യത പദ്ധതി തയ്യാറാക്കുന്നതിനു മുമ്പ് പരിശോധിക്കേണ്ടതാണ്.

(f) തൊമ്മാന പടിഞ്ഞാറേപാലത്തിന്റെ തെക്കുഭാഗത്തുള്ള തോട് വീതികൂടി, ബണ്ട് ഇട്ട് പാലത്തോട് ചേർന്ന് സ്ലൂയിസ് നിർമ്മി



361

ച്ച് 20 *H. P.* മോട്ടോറുകളും പമ്പും സ്ഥാപിക്കുക.

(*g*) സാങ്കേതിക വശങ്ങൾ അനുകൂലം ആണെങ്കിൽ തൊമ്മാന കിഴക്കേപാലത്തിന്റെ തെക്കുഭാഗത്ത് തോടു വീതി കൂട്ടി താഴ്ത്തി, താഴേക്കാട് കനാലുമായി ഒരു ഭാഗവും മററൊരു ഭാഗം ചാടൻ പാലവുമായി യോജിപ്പിക്കുകയും കിഴക്കേപൊലത്തിനു സമീപം ഷട്ടർ നിർമ്മിച്ചു രണ്ട് 20 *H. P.* മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പു ചെയ്യുക.

(*h*) ഏഴാം വാർഡിൽപ്പെട്ട മൂലപ്പാടത്ത് വെള്ളം സ്റേറാർ ചെയ്യുവാൻ ബണ്ടു നിർമ്മിക്കുക.

(*i*) വെങ്കുളംചിറ ഇപ്പോൾ നാമം മാത്രമായി നിറക്കുന്ന ചാലക്കുടി പ്രൊജക്ടിലെ വെള്ളം കൊണ്ടു നിറച്ചു വരുന്നത്. സ്ഥിരമായി നിറക്കുവാൻ വേണ്ടത് ചെയ്യുക.

(*j*) സോളാർ പമ്പുസെററുകൾക്കും, മററുപമ്പു സെററുകൾക്കും സബ്സിഡിയും ബാങ്ക് ലോണുകളും പൂർണ്ണമായും ലഭ്യമാക്കുക.

(*k*) കൂററാലി പാടത്ത് സ്ഥിരം ബണ്ടു നിർമ്മിച്ച വെള്ളം ശേഖരിച്ചു മോട്ടോർ സ്ഥാപിച്ച പള്ളിക്കപ്പാടം ഭാഗത്ത് മുണ്ടകൻ കൃഷിക്ക് വെള്ളം ആവശ്യം വരുമ്പോൾ പണിചെയ്തു കൊടുകയും കൂടാതെ പള്ളിക്കപ്പാടത്ത് കൂടുതൽ വെള്ളം വരുന്ന സമയത്ത് കൂററാലിപ്പാടത്തേക്ക് തിരിച്ചു വിടുന്ന സംവിധാനം ഏർപ്പെടുത്തുക

(*l*) മുൻകാലങ്ങളിൽ നിലനിന്നിരുന്ന കുഴിക്കിലിച്ചിറ സ്ഥിരം ബണ്ടായിഉയർത്തുക.

(*m*) കരിങ്ങചിറയിൽ നിന്നും വലിയതോട് വഴി വഴിക്കിലിചിറയിലേക്ക് വെള്ളം പമ്പ്ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക. 10—15 *H. P.* യുള്ള പമ്പും മോട്ടോറും സ്ഥാപിച്ച് വലിയ തോട്ടിൽ നിന്നും കര ഭൂമികൾക്ക് വെള്ളം പമ്പു ചെയ്തു കൊടുക്കുക.

(*n*) പട്ടേപ്പാടത്ത് വെള്ളം സുലഭമായി ലഭിക്കുന്ന ഭാഗത്ത് ഒരു പുതിയ കുളം നിർമ്മിക്കുക.

## *II* സ്ഥിരമായ പരിഹാരമാർഗ്ഗങ്ങൾ (പദ്ധതികൾ)

*I a* ഈ പഞ്ചായത്തിലെ വാർഡ് 1. 4, 5, 7 8, 9, 10, 11 വാർഡുകളിലെ ഗ്രാമസഭകളുടെ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചപ്രകാരവും, പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ഏററവും പ്രധാനപ്പെട്ട ആവശ്യം എന്ന നിലയ്ക്കും സംസ്ഥാന ഗവ. തലത്തിൽ നടപ്പാക്കേണ്ടതായ അതിപ്രധാനമായ ഒരു പദ്ധതിയാണ് ഇത്. ഇടമലയാർ ജലസേചനപദ്ധതിയുടെ ഭാഗമായി കൊല്ലങ്ങൾക്ക് മുൻപ് അതായത് 1970-1975 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ കൂടി കല്ലിട്ട്പോയിരിക്കുന്ന ഒരു വൻകിട കനാൽ പദ്ധതിയാണിത്. ഈ വൻകിട പദ്ധതികൊണ്ട് വേളൂക്കര പഞ്ചായത്തിൽ മാത്രമല്ല, കാട്ടൂർ, ഇടത്തിരുത്തി, പടിയൂർ പൂമംഗലം, കാക്കതുരുത്തി, വെള്ളാങ്ങല്ലൂർ, പുത്തൻചിറ മുതലായ മുകുന്ദപുരം താലൂക്കിൽപ്പെട്ട കരഭൂമി അടക്കം എല്ലാ കൃഷിഇടങ്ങൾക്കും ജലസേചന സൗകര്യം ലഭ്യമാകുന്നതാണ്.

ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള എറണാകുളം ജില്ലയിൽപ്പെട്ട സ്ഥലങ്ങളിൽ കനാൽപണി 1980കളിൽതന്നെ ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ ദ്രുതഗതിയിൽ നടന്നു വരുന്നതുമാണ്. എന്നാൽ മുകുന്ദപുരം താലൂക്കിൽ കല്ലിട്ട് അടയാളപ്പെടുത്തിയ ഭാഗങ്ങളിൽ കനാൽപണി തുടങ്ങുന്നതിന് യാതൊരു നടപടിയും ഇതേവരെ എടുത്തുകാണുന്നില്ല.

ചാലക്കുടി പുഴയുടെ ഇടതുകരയിൽ ഇടമലയാർ ജലസേചന പദ്ധതിയുടെ വെള്ളം ഉപയോഗിക്കുകയും, ചാലക്കുടി ഇടതുകരകനാലിൽകൂടി ഇപ്പോൾ വിടുന്ന വെള്ളം വലതുകര കനാലിൽ കൂടി വിടുകയും അങ്ങിനെ കൂടുതൽ വിടുന്ന മുകുന്ദപുരം താലൂക്കിൽ വിവിധ വില്ലേജുകളിൽ പുതിയകനാൽമാർഗ്ഗം വെള്ളം എത്തിക്കുകയുമാണ് ഈപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഇടമലയാർ ജലസേചന പദ്ധതിയുടെ ഒരു ഡിവിഷൻ ഓഫീസ് ചാലക്കുടിയിൽ പ്രവർത്തിച്ചു വരുന്നു. ചാലക്കുടി ജലസേചന പദ്ധതി ഇപ്പോൾ ഈ പദ്ധതിയുടെ ഭാഗമായിട്ടും ഉണ്ട്.

ആയതിനാൽ സംസ്ഥാന ഗവ: റെ



362

കൊണ്ട് പണി ഉടനെ തുടങ്ങിക്കേണ്ടതും ഈ ഒമ്പാതാം പദ്ധതി കാലത്തു തന്നെ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1b ഇപ്പോൾ കണ്ണിക്കരയിൽ വന്ന് നിൽക്കുന്ന കനാൽ വഴിക്കിലിച്ചിറ വരെ നീട്ടി ചിറയിൽ നേരിട്ട് വെള്ളം നിറക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

1c ചിമ്മിനി ഡാമിൽ നിന്നും വെള്ളം പുതിയ കനാൽ നിർമ്മിച്ച് ചാലക്കുടി പ്രോജക്ടിന്റെ വലതുകരകനാലിൽ യോജിപ്പിച്ചാൽ വലതുകര കനാലിൽ നിന്നും ആളൂർ കടുപ്പശ്ശേരി വഴി ഈ പഞ്ചായത്തിൽ കൂടുതൽ വെള്ളം ലഭിക്കുന്നതാണ്,

2a ആറാം വാർഡിൽ ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടൻ പണികൾ തീർത്ത് വെള്ളം പമ്പുചെയ്യാൻ വേണ്ടതു ചെയ്യുക.

2b പഞ്ചായത്തിൽനിന്നും പദ്ധതി തയ്യാറാക്കി (കേന്ദ്ര ഗവ: പദ്ധതി) സമർപ്പിച്ചിട്ടുള്ള വലിയ ലിഫ്റ്റ് ഇറിഗേഷൻ ശൃംഖലയുടെ അംഗീകാരവും ഉടനെ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്, തൊമ്മാന കായലിലെ വെള്ളം കടുപ്പശ്ശേരി കൃഷിഭവൻകുളം വഴി വൻകിട പമ്പുകൾ ഉപയോഗിച്ച് പമ്പ് ചെയ്ത് പല തട്ടുകളായി പഞ്ചായത്തിലെ പുറംചിറ, പുന്നക്കുളം, വൈക്കിലിച്ചിറ, കോതകുളം, നടവരമ്പുചിറ മുതലായവ വഴി വീണ്ടും പമ്പു ചെയ്യാവുന്നതും പൈപ്പ് ലയിൻ സ്ഥാപിച്ച് പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും കൃഷിക്ക് വെള്ളം എത്തിക്കുക.

2c മുരിയാട് പഞ്ചായത്തിൽ വരുന്നതും വേളൂക്കര പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കൃഷി ഇടങ്ങളിലേക്ക് പ്രയോജനം ലഭിക്കുന്നതുമായ പൊതുമ്പുചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടനടി നടപ്പിലാക്കുക,

മേൽ വിവരിച്ചിട്ടുള്ള സ്ഥിരം പദ്ധതികളായ ലിഫ്റ്റ് ഇറിഗേഷനും, ഇടമലയാർ—ചാലക്കുടി പ്രോജക്ടിന്റെ ഭാഗമായ കനാലു വഴിയായുള്ള ജലസേചനവും നടപ്പിലാക്കി കഴിഞ്ഞാൽ ഇപ്പോൾ നിലവിലുള്ള ചിറകളിൽ എല്ലാം ഒരു പൂവ് (രണ്ടാം വിള) കൂടി കൃഷി ചെയ്യാവുന്നതാണ്. കൂടാതെ പഞ്ചായത്തിലെ മൊത്തം കൃഷിയെ ഉണക്കിൽ നിന്നും രക്ഷിക്കാവുന്നതുമാണ്.



363

# മൃഗസംരക്ഷണം, മത്സ്യബന്ധനം

## മൃഗസംരക്ഷണ മേഖല

ഒരു കാർഷിക ഗ്രാമമായ വേളൂക്കരയിൽ കൃഷിയുടെ അവിഭാജ്യ ഘടകമായാണ് മൃഗസംരക്ഷണത്തെ കരുതിപ്പോന്നത് നിലം ഉഴുക, വണ്ടിവലിക്കുക കൃഷിക്ക് വെള്ളം തേവുക എന്നിവകൾക്ക് പുറമെ ജൈവവളത്തിനും, പോഷകാഹാര പ്രധാനമായ പാലിനും കന്നുകാലി വളർത്തൽ ലക്ഷ്യം വെയ്ക്കുന്നു.

വ്യാവസായികാവശ്യത്തിനും, ഔഷധ നിർമ്മാണ രംഗത്തും ഊർജ്ജസ്രോതസ്സിനും മൃഗസംരക്ഷണം ആവശ്യമായി വരുന്നു

വേളൂക്കര പഞ്ചായത്തിനകത്തും അതിർത്തി പ്രദേശങ്ങളിലുമുള്ള വയലുകളായ വഴക്കിലിച്ചിറപാടം പെങ്ങോലിപാടം, പൂതപാടം, വെങ്കൊളംപാടം, കണ്ണിക്കാട്ടിച്ചിറപാടം, നടവരമ്പ് ചിറപാടം, തൊമ്മാനപാടം, മുതലായ പാടങ്ങൾ നെൽകൃഷിക്കുശേഷം കാലികളെ അഴിച്ചുവിട്ട് മേയ്ക്കുന്നതിനുള്ള ഇടങ്ങളായിരുന്നു.

എന്നാൽ ഇന്ന് വണ്ടിവലിക്കുന്നതിനും, നിലം ഉഴുന്നതിനും വെള്ളം തേവുന്നതിനുംമറ്റും കാലികളെ ഉപയോഗിക്കുന്നത് വളരെ വിരളമായാണ്. പാലുല്പാദനത്തിനു വേണ്ടിയാണ് മുഖ്യമായും കാലികളെ വളർത്തുന്നത്. വയലുകൾ കുറെയൊക്കെ നികത്തി കെട്ടിടം പണിയും തെങ്ങുകൃഷിയും വ്യാപകമായതോടെ കന്നുകാലികളുടെ മേച്ചിലിടങ്ങൾ വളരെ കുറഞ്ഞിരിക്കുന്നു.

## വേളൂക്കര പഞ്ചായത്ത് 1987 ലെ കന്നുകാലി സെൻസസ് റിപ്പോർട്ട്

| സങ്കരയിനം | | | നാടൻ | | |
|---|---|---|---|---|---|
| കാള | പശു | പ്രജനനശേഷിയുള്ളവ | കാള | പശു | പ്രജനനശേഷിയുള്ളവ |
| 214 | 1950 | 1016 | 259 | 070 | 612 |

| പോത്ത് | എരുമ | പ്രജനനശേഷിയുള്ളവ | ഷെഡ് |
|---|---|---|---|
| 55 | 436 | 221 | 64 |

| ആട് | | പന്നികൾ | നായകൾ | കോഴി | | |
|---|---|---|---|---|---|---|
| ആണാട് | പെണ്ണാട് | | | നാടൻ | സങ്കരം | താറാവ് |
| 340 | 1211 | 31 | 1191 | 2094 | 2354 | 401 |



364

1996-ലെ കന്നുകാലി സെൻസസ് റിപ്പോർട്ട് ലഭ്യമായിട്ടില്ലെങ്കിലും വാർഡ് തിരിച്ച് എടുത്ത ഏകദേശ കണക്കുകൾ പ്രകാരം താഴെ പറയുന്ന നിഗമനങ്ങളിൽ എത്താവുന്നതാണ്.

1987 നെ അപേക്ഷിച്ച് 96ൽ

| | |
|---|---|
| പശു | സങ്കരവർഗ്ഗം വർദ്ധിച്ചു<br>നാടൻ ഇനങ്ങൾ കുറഞ്ഞു |
| എരുമ | കുറഞ്ഞു |
| ആട് | കുറഞ്ഞു |
| കാള, പോത്ത് | കുറഞ്ഞു |
| നാടൻകോഴി | കുറഞ്ഞു |
| ചെറിയ ഫാമുകളിൽ<br>വളർത്തുന്ന കോഴികൾ | വർദ്ധിച്ചു<br>(ചെറുകിടക്കാരായ പത്താളം കർഷകർ) |
| താറാവ് | കുറഞ്ഞു |

പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ, എന്നിവയാണ്. ടർക്കികോഴികൾ, ഗിനികോഴികൾ എന്നിവയെ വളർത്തുന്ന ചുരുക്കം ചില കർഷകർ ഉണ്ട്. ഓമനമൃഗങ്ങളായി നായ, മുയൽ എന്നിവയേയും വളർത്തുന്നു. മാംസ ഉല്പാദനത്തിനായി ചെറിയ ഫാമിന്റെ രൂപത്തിൽ പന്നികളെ വളർത്തുന്ന രണ്ട് കർഷകരാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ മൃഗസംരക്ഷണ രംഗത്തു് താഴെ പറയുന്ന പ്രശ്നങ്ങളുണ്ട്.

I സങ്കരവർഗ്ഗം പശുക്കളുടെ എണ്ണം, ഉല്പാദനക്ഷമത എന്നിവ വർധിച്ചു എങ്കിലും

a സങ്കരവർഗ്ഗം പശുക്കളുടെ പൂർണ്ണമായ ഉല്പാദനക്ഷമത ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

b ആദ്യ പ്രസവം 40-45 മാസങ്ങൾ വരെ പ്രായമായ ശേഷമാണ് സങ്കരവർഗ്ഗ കിടാരികളിലും നടക്കുന്നത്.

c രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 22 മാസങ്ങൾ വരെ നീണ്ടു പോകുന്നു.

d പച്ചില, പുല്ല്, വയ്ക്കോൽ എന്നിവയുടെ ലഭ്യത കുറഞ്ഞു, വില അമിതമായി വർധിച്ചു.

e കാലിത്തീറ്റയുടെ അമിതമായ വില വർധന, ഗുണനിലവാരക്കുറവ്, ഇടത്തട്ടുകാരായ ഡീലർമാരുടെ ചൂഷണം.

f ചികിത്സക്കാവശ്യമായ മരുന്നുകളുടെ വില മൂന്നിരട്ടിയിലധികം വർധിച്ചു.

g അകിടുവീക്കം പോലുള്ള അസുഖങ്ങൾ വർദ്ധിച്ചു.

h മൂരിക്കുട്ടികളെ ശ്രദ്ധിക്കാതെ നഷ്ടമാകുന്നു, പശുക്കുട്ടികളേയും ആദ്യനാളുകളിൽ ശ്രദ്ധിക്കുന്നില്ല.

i പശുക്കളിലെ വന്ധ്യതാ പ്രശ്നങ്ങളും വർദ്ധിച്ചിട്ടുണ്ട്.



365

j പശുക്കളുടെ ഇൻഷുറൻസ് പ്രീമിയം ഒരു സാധാരണ കർഷകന് താങ്ങാനാവുന്നില്ല.

k ഉൽപാദന ചിലവിന് അനുസൃതമായ വില പാൽ സൊസൈററികളിൽ കൊടുക്കുമ്പോൾ ലഭിക്കുന്നില്ല.

l ഈ രംഗത്ത് പ്രവർത്തിക്കുന്ന കർഷകന് വന്നേക്കാവുന്ന ആപൽഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കുന്നതിനും വിധം ഒരു ക്ഷേമനിധിയോ ഇൻഷുറൻസ് സംരക്ഷണമോ ഇന്നില്ല.

II നല്ല ഇനം ആടുകളുടെ ലഭ്യതകുറവ്. ആടുകളുടെ പ്രജനനത്തിനു വേണ്ട നല്ല ഇനം മുട്ടന്മാർ ഇല്ല. ആടുകൾക്കു വേണ്ട പച്ചിലയും പുല്ലും സ്വന്തം കൃഷിയിടങ്ങളിൽ ഉണ്ടാക്കുന്നതിനു കർഷകർ ശ്രദ്ധിക്കുന്നില്ല.

III മുററത്തെ കോഴി വളർത്തൽ വളരെയധികം ഈ പഞ്ചായത്തിൽ വികസിക്കും. പക്ഷെ നല്ല ഇനം കോഴിക്കുഞ്ഞുങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമല്ല.

IV ഇറച്ചിക്കോഴി വളർത്തൽ ഈ പഞ്ചായത്തിൽ വളരെ വദ്ധിക്കുന്നതിനു സാധ്യതയുണ്ട്. ഈ രംഗത്തു ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകനു കോഴിക്കുഞ്ഞുങ്ങളും, കോഴിത്തീററയും, അത്യാവശ്യമരുന്നുകളും ലഭ്യമാക്കുകയും, സീസന്റെ ആവശ്യകത മനസ്സിലാക്കി കോഴികളെ വളർത്താൻ പഠിപ്പിക്കുകയും ഇറച്ചിക്കോഴി വളർത്തലിൽ ഒരു പ്രാഥമിക പരിശീലനം നല്കുകയും കർഷകർ സംഘടിച്ച് മത്സരം ഒഴിവാക്കി വിപണനം നടത്തുകയും ചെയ്താൽ ഈ രംഗം വളരെ വികസിക്കും

V ഇറച്ചി മുയൽ ഉല്പാദനവും, കാടക്കോഴിമുട്ടയും ഇറച്ചിയും ഉല്പാദിപ്പിക്കുന്നതുമായ ഒരു കർഷകനും ഈ പഞ്ചായത്തിൽ ഇല്ല. മുയൽ തീററയായി കൊടുക്കാവുന്ന മുരിക്കില സുലഭമായി വീട്ടുപറമ്പുകളിൽ ഉണ്ട് കൂടുതൽ നട്ടുപിടിപ്പിക്കുകയും ചെയ്യാവുന്നതാണ. ഈ രംഗത്തും പരിശീലനം അത്യാവശ്യമാണ്.

VI പന്നികളെ ഇറച്ചി ആവശ്യത്തിനു ചെറിയ ഫാമിന്റെ രൂപത്തിൽ വളർത്തുന്ന ചുരുക്കം (2 പേർ) കർഷകരാണുള്ളത് കുറഞ്ഞ വിലക്ക് നല്ല ഇനം പന്നിക്കുഞ്ഞുങ്ങളെ ലഭ്യമല്ലാത്ത അവസ്ഥ ഈ രംഗത്ത് ഒരു പ്രതിസന്ധിയാണ്

VII സമ്മിശ്ര കൃഷിരീതി അവലംബിക്കുന്ന ഒററ കർഷകനും ഈ പഞ്ചായത്തിൽ ഇല്ല. ഈ രീതിയെ കുറിച്ചുള്ള അറിവില്ലായ്മയാണ് പ്രധാന കാരണം.

VIII അലഞ്ഞുനടക്കുന്ന നായകളും പേവിഷബാധയും ഈ പഞ്ചായത്തിലെ സ്ഥിരം പ്രശ്നമാണ്

IX ശുദ്ധമായ മാംസം ലഭിക്കുന്നതിനു ശാസ്ത്രീയമായി നിർമ്മിച്ച ഒരു അറവുശാലയോ വൃത്തിയായ ഇറച്ചിവില്പന സ്റ്റാളുകളോ കർശനമായ മാംസ പരിശോധനയോ ഒന്നും തന്നെ ഇപ്പോൾ ഇല്ല.

X ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടമില്ല. മൂത്രം പരിശോധിക്കുന്നതിനുള്ള സൗകര്യമില്ല, ഓപ്പറേഷൻ ടേബിളില്ല, പ്രീമിയം വിത്തുകാളകളുടെ ബീജം കുത്തിവയ്ക്കുന്നതിനുള്ള സൗകര്യമില്ല അത്യാവശ്യ മരുന്നുകളും വാക്സിനുകളും സ്ഥിരമായി ലഭിക്കുന്നില്ല.

XI കച്ചേരിപ്പടിയിലെ ബീജദാനകേന്ദ്രത്തിനും സ്വന്തമായ കെട്ടിടമില്ല.

**വേളൂക്കര പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തന നിർദ്ദേശങ്ങളും,**

## I പാലുല്പാദന മേഖല

വേളൂക്കര പഞ്ചായത്തിൽ സങ്കരവർഗ്ഗം പശുക്കളുടെ എണ്ണവും ഉല്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ട് നാല് ആപ്കോസ് പാലുല്പാദക സഹകരണ സംഘങ്ങളും (പുട്ടേച്ചാൽ, നടവരമ്പ് കച്ചേരിപ്പടി, കൊററനെല്ലൂർ) രണ്ട് പി. ഡി. ഡി. പി സൊസൈററികളും (തുമ്പൂർ, നടവരമ്പ്) ഉണ്ട്. ഇതു കൂടാതെ പി. ഡി. ഡി പി. യുടെ കണ്ണിക്കര, താഴേക്കാട്, കൊമ്പിടിഞ്ഞാമാക്കൽ എന്നീ സ്ഥലങ്ങളിലെ പാൽ സൊസൈററികളിൽ ഈ പഞ്ചായത്തിലെ കർഷകർ പാൽ കൊടുക്കുന്നുണ്ട്,

പ്രതിദിനം ഏകദേശം 2000 ലിററർ പാൽ ഈ പഞ്ചായത്തിലെ മേൽപറഞ്ഞ 6 സൊസൈററി



366

കളിൽ കൂടി വില്ക്കുന്നുണ്ട്. സൊസൈറ്റിയിൽ വില്ക്കുന്നതിന്റെ ഏകദേശം 30 ശതമാനത്തോളം പാൽ ഉല്പാദകർ അടുത്ത വീടുകളിലും ഹോട്ടലുകളിലും വില്ക്കുന്നതായും 10 ശതമാനത്തോളം പാൽ ഉല്പാദകരുടെ വീടുകളിൽ ഉപയോഗിക്കുന്നതായും കണക്കാക്കാം. പഞ്ചായത്ത് അതിർത്തിയിലെ മേൽപറഞ്ഞ മൂന്ന് പി. ഡി. ഡി. പി. സൊസൈറ്റികളിൽ ഏകദേശം 200 ലിറ്റർ പാൽ പ്രതിദിനം ഈ പഞ്ചായത്തിലെ ഉല്പാദകർ കൊടുക്കുന്നുണ്ട്. ഈ പാലിന്റെ മൊത്തം ഉല്പാദന മൂല്യം ലിറ്ററിന് 11 രൂപ വച്ച് കണക്കാക്കിയാൽ ഒരു വർഷത്തേക്ക് 1, 20, 45000 രൂപ വരുന്നു. ഇതു കൂടാതെ ഏകദേശം 10 ലക്ഷംടൺ ജൈവ വളവും പ്രതിവർഷം ഈ മേഖലയുടെ സംഭാവനയാണ്.

വേളൂക്കര പഞ്ചായത്തിന് ഇത്രയേറെ വരുമാനമുണ്ടാക്കിത്തരുന്ന ഈ മേഖല ഇനിയും പരിപോഷിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാവിഷ്കരിക്കാവുന്നതാണ്.

**a സങ്കരവർഗം പശുക്കളുടെ ജനിതകമേന്മ വർദ്ധിപ്പിക്കുന്നതിന് 'പ്രീമിയം വിത്തുകാളകളുടെ ബീജദാന' സൗകര്യം പഞ്ചായത്ത് മൃഗാശുപത്രയിൽ നടപ്പിലാക്കുക**

വേളൂക്കര പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഒരു വെറ്ററിനറി ഡിസ്പെൻസറിയും, കല്ലേറ്റുംകരയിൽ ഒരു ബീജദാന കേന്ദ്രവുമുണ്ട്. പട്ടേപ്പാടം പാൽ സൊസൈറ്റിയുമായി ബന്ധപ്പെട്ട് മിൽമയുടെ ഒരു ബീജദാനകേന്ദ്രമുണ്ട്. ഇതുകൂടാതെ പി ഡി. ഡി. പി. സൊസൈറ്റി വഴി Chilled liquid semen ഉപയോഗിച്ചുള്ള ബീജദാനവും നടക്കുന്നുണ്ട്. ഇക്കാരണത്താൽ പ്രജനനശേഷിയുള്ള 560 കന്നുകാലികൾക്ക് ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം എന്ന തോത് ഇപ്പോൾ തന്നെ ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

ഇനി കൂടുതലായി വേണ്ടത് അത്യുല്പാദന ശേഷിയുള്ള സങ്കരവർഗ്ഗ പശുക്കളിൽ ഉപയോഗിക്കുന്നതിനുള്ള പ്രീമിയം വിത്തുകാളകളുടെ ബീജദാന സൗകര്യമാണ്.

**b 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' വിപുലീകരിച്ച് ഗ്രാമപഞ്ചായത്ത് മുഴുവനായി വ്യാപിപ്പിക്കുക.**

ഈ പദ്ധതിയിൽ വരുന്ന കിടാരികൾ 30_32 മാസത്തിനുള്ളിൽ തന്നെ പ്രസവിക്കുകയും മററു കിടാരികളേക്കാൾ നല്ല വളർച്ചയും 1_2 ലിററർ പാൽ അധിക ഉല്പാദനവും ലഭിക്കുന്നു.

**c പഞ്ചായത്ത് മാസ്റ്റർ പോളിസി വഴി സമഗ്ര കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തുക.**

ഇപ്പോഴുള്ള കന്നുകാലി ഇൻഷുറൻസ് പ്രീമിയം സാധാരണ കർഷകന് താങ്ങാവുന്നതല്ല. ആയതിനാൽ പഞ്ചായത്ത് ഒരു മാസ്റ്റർ പോളിസി വഴി കുറഞ്ഞ പ്രീമിയം കൊടുത്തു കൊണ്ട് കർഷകരുടെ വിലപിടിച്ച കന്നുകാലികളെ ഇൻഷൂർ ചെയ്യുന്നതിന് ഇതു വഴി സാധിയ്ക്കും.

**d 'ഫോഡർ / കന്നുകാലിത്തീററ ബാങ്ക്' പദ്ധതി.**

സുസജ്ജമായ ഒരു ഫോഡർ ബാങ്ക് വേളൂക്കര പഞ്ചായത്തിലെ കർഷകർക്കായി സഹകരണാടിസ്ഥാനത്തിൽ നന്നായി പ്രവർത്തിക്കുന്ന പാൽ സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്. ഒരു ഫോഡർ ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1 കന്നുകാലി പരുഷാഹാരമായ വൈക്കോൽ വില കുറച്ചു കിട്ടുന്ന സമയത്ത് വാങ്ങി സംഭരിക്കുകയും വില കൂടുന്ന സമയത്ത് കർഷകന് ലാഭനഷ്ടം കൂടാതെ വില്ക്കുക.

2 യൂറിയ ഉപയോഗിച്ച് ഗുണ നിലവാരം മെച്ചപ്പെടുത്തിയ വൈക്കോൽ ഉണ്ടാക്കി കർഷകന് വില്ക്കുക

3 ഉണക്കിയ പുല്ല് സംഭരിച്ച് ലാഭ_നഷ്ടം കൂടാതെ കർഷകനു വില്ക്കുക.

4 പഞ്ചായത്തിലെ പുറമ്പോക്ക് തരിശു ഭൂമികൾ, കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികൾ, കൊയ്ത്തു കഴിഞ്ഞ നനവുള്ള പാടശേഖരങ്ങൾ എന്നിവ കണ്ടെത്തി പാട്ടത്തിനോ അല്ലാതെയോ



387

ഏട്ടത്ത് ചോളം വിതച്ച് പൂവിടുന്നതിനു മുൻപേ പറിച്ചെടുത്ത് സൈലേജ് ആക്കി സംഭരിച്ച് ഫോഡർ ക്ഷാമം വരുന്ന കാലത്ത് കർഷകർക്ക് വില്ക്കുക.

5 കന്നുകാലിത്തീററ കമ്പനിയിലേക്ക് ലഭ്യമാക്കുക. പ്രാദേശികമായി ലഭിക്കുന്ന മററു തീററകൾ (പുളിങ്കുരുപൊടി, ഉണക്കക്കപ്പ, റബ്ബർ കുരുപിണ്ണാക്ക് (25% വരെ തീററയിൽ ചേർക്കാം) സംഭരിച്ച് കർഷകർക്ക് ന്യായ വിലക്ക് കൊടുക്കുക.

6 വിവിധ ഫോഡർ വിത്തുകളും അവയുടെ മുളകളും, വളവും ആവശ്യമനുസരിച്ച് കർഷകർക്ക് ലഭ്യമാക്കുക.

7 പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത തീററ സാധനങ്ങൾ ചേർത്ത് കാലിത്തീററയുണ്ടാക്കുന്ന ഒരു ചെറിയ പ്ലാൻറും ഇതോടൊപ്പം നടത്താവുന്നതാണ്.

## e തൊഴുത്തിൻെറ തറ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി

10 ശതമാനം വരെ ഉല്പാദന ക്ഷമത കുറയ്ക്കുന്ന അകിട് വീക്കം പോലുള്ള അസുഖം കുറയ്ക്കുന്നതിനു് ഇതു മൂലം സാധിക്കും.

## f വനിതാസംരംഭകർക്കുള്ള പശു വളർത്തൽ പദ്ധതി.

( D W C R A ധനസഹായം ഉപയോഗിച്ചും നടത്താം)

15 കുടുംബിനികളുടെ ഒരു സംഘത്തെ ചാരിററബിൾ സൊസൈററി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഇതിൽ ഒരാളെ കൺവീനറായി ഡയറികൾ ആരംഭിക്കുക.

ഇവർ ഉല്പാദിപ്പിക്കുന്ന പാൽ ഓർഡർ പ്രകാരം തൈര്, പനീർ, പനീർ അച്ചാർ തുടങ്ങിയ പാലുല്പന്നങ്ങളായോ, പാൽ തന്നെയായി സൊസൈററികളിൽ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

## g മിനി ഡയറി യൂണിററുകൾ ആരംഭിക്കുന്നതിനുളള പദ്ധതി

3 പശുക്കൾ അടങ്ങുന്ന ചെറിയ ഡയറിയൂണിററുകൾ

## h പഞ്ചായത്ത് മൃഗാശുപത്രിയുടെ നവീകരണം

പഞ്ചായത്ത് മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കണം. മൂത്രപരിശോധന നടത്തുന്നതിന് കെമിക്കൽസ് വാങ്ങണം. ചെറിയ മൃഗങ്ങൾക്കുള്ള ഓപ്പറേഷൻ ടേബിൾ വേണം എമർജൻസിമരുന്നുകൾ എപ്പോഴും കരുതിവയ്ക്കാൻ കഴിയണം. വിരമരുന്നെങ്കിലും മുടക്കം കൂടാതെ ലഭ്യമാക്കണം. എല്ലാ പകർച്ച വ്യാധിക്കുള്ള (കുളമ്പുരോഗം, ചങ്കടപ്പൻ, കുരളടപ്പൻ, കാലിവസന്ത, പേവിഷബാധ) വാക്സിനുകളും സൗജന്യമായി ലഭ്യമാക്കണം.

## i കച്ചേരിപ്പടിയിലെ ബീജദാന കേന്ദ്രത്തിന് സ്വന്തമായ കെട്ടിടം ഉണ്ടാക്കണം.

## j വന്ധ്യതാ നിവാരണ ക്യാമ്പുകൾ ഗോരക്ഷ ക്യാമ്പുകൾ

ഉല്പാദന ക്ഷമത വർദ്ധിക്കുന്നതനുസരിച്ച് കന്നുകാലികളുടെ വന്ധ്യതാ പ്രശ്നങ്ങളും കൂടുന്നതായി കാണുന്നുണ്ട്. വർഷം തോറും ഓരോ വന്ധ്യതാ നിവാരണ ക്യാമ്പുകളും രണ്ട് ഗോരക്ഷാ ക്യാമ്പുകളും നടത്തി കൂടുതൽ വിദഗ്ധരായ മററ് മൃഗ ചികിത്സകരെ വരുത്തി ഈ ക്യാമ്പുകളിൽ വച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

# ii മാംസോല്പാദന മേഖല

വേളൂക്കര പഞ്ചായത്തിൽ ആറ് സ്ഥലങ്ങളിലായി (തുമ്പൂർ, അവിട്ടത്തൂർ, നടവരമ്പ്, കൊററനെല്ലൂർ, കുറപ്പംപടി, പട്ടേപ്പാടം) മാടുകളുടെ അറവും വില്പനയും നടക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാം തന്നെ പരസ്യമായി റോഡരികിൽ യാതൊരു വൃത്തിയുമില്ലാത്ത വിധത്തിലാണ് അറവും മാംസ വില്പനയും. അറക്കുന്ന മൃഗത്തെയോ അറുത്തശേഷം മാംസത്തിൻെറയോ യാതൊരു വിധ പരിശോധനയും കൂടാതെയാണ് ഈ മാംസ വില്പന നടക്കുന്നത്. (ബീഫ, മട്ടൻ, പോർക്ക്) ഏകദേശം $\frac{1}{2}$ കോടി രൂപയുടെ മാംസ വില്പന ഈ പഞ്ചായത്തിൽ പ്രതിവർഷം നടക്കുന്നതായി കണക്കാക്കുന്നു. ഏക



368

ദേശം ഇത്ര സംഖ്യയ്ക്കു തന്നെ കോഴിയിറച്ചിയും ഉപയോഗിക്കുന്നതായി കണക്കാക്കാം.

അറവു മൃഗങ്ങളിൽ ഭൂരിഭാഗവും പുറമെ നിന്ന് കൊണ്ടു വരുന്നതാണ്. അക്കാരണത്താൽ ഈ പഞ്ചായത്തിലെ സമ്പത്ത് വെളിയിലേക്ക് പോകുന്നു. മാത്രമല്ല ഈ രംഗത്ത് ധാരാളം തൊഴിലവസരങ്ങളുണ്ട്. അറവു മൃഗങ്ങളും ഇറച്ചിക്കോഴികളും ആവശ്യത്തിന് ഇവിടെ തന്നെ ഉല്പാദിപ്പിക്കാത്തതിനാൽ ഈ തൊഴിലവസരങ്ങളും നഷ്ടമാകുന്നു.

ഇക്കാരണത്താൽ ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

### a ബീഫ് കാററിൽ ഉല്പാദന പദ്ധതി

വേളൂക്കര പഞ്ചായത്തിലും പരിസര പഞ്ചായത്തുകളിലും ഉണ്ടാകുന്ന മൂരിക്കുട്ടികളെ 4മുതൽ 5 എണ്ണം വരെ 5 മാസം പ്രായമാകുമ്പോൾ വാങ്ങി വിരമരുന്നും നല്ല തീററയും നല്കി 6 മാസം പ്രായത്തിൽ വരിയുടച്ച് ഒരു വർഷം വരെ വളർത്തി ഇറച്ചി ആവശ്യത്തിന് വില്ക്കുന്നതാണ് ഈ പദ്ധതി.

### b വനിതാ സംരംഭകർക്കുള്ള ആടു വളർത്തൽ പദ്ധതി

(DWCRA ധനസഹായവും ഉപയോഗിച്ച് നടത്താവുന്നതാണ്)

15 കുടുംബിനികളുടെ ഒരു സംഘത്തെ സംഘടിപ്പിച്ച് ചാരിററബിൾ സൊസൈററി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഇവരിൽ ഒരാളെ കൺവീനറാക്കി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

ആടുവളർത്തലിന് മുന്നോടിയായി ഈ കർഷകരുടെ വീട്ടുവളപ്പിൽ ഇടവിളയായും അതിരിലും മററും മുരിക്ക്, സുബാബുൾ, ശീമക്കൊന്ന മുതലായ പച്ചില ഉല്പാദിപ്പിക്കുന്നതിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

മുരിക്ക് വേളൂക്കര പഞ്ചായത്തിൽ സുലഭമായി കാണുന്ന ഒരു വൃക്ഷമാണ്. ധാരാളം ഇലയും ഉണ്ടാകുന്നുണ്ട്. മുരിക്ക് കാൽനട്ട് കുരുമുളകു വള്ളി പിടിപ്പിച്ചാൽ മുരിക്കില ആട്ടതീററയായും കുരുമുളകു പ്രധാന വരുമാനമായും ലഭിക്കുന്നതാണ്.

### c ഇറച്ചിക്കോഴി വളർത്തൽ യൂണിററുകൾ.

250 ഇറച്ചിക്കോഴികളെ വീതം വളർത്താവുന്ന 10 മുതൽ 15 വരെ യൂണിററുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

### d പന്നിവളർത്തൽ യൂണിററുകൾ.

5 പെൺ പന്നിയും 1 ആൺ പന്നിയുമായി ആരംഭിക്കുന്ന 2–3 പന്നി വളർത്തൽ യൂണിററുകൾ നടത്താവുന്നതാണ്. 50 ശതമാനമെങ്കിലും തീററ സാധനങ്ങൾ വേസ്റ്റ് രൂപത്തിൽ സംഭരിക്കുന്ന പക്ഷം വൻ ലാഭമുള്ള ഒരു തൊഴിലാണ്.

### e വനിതാ സംരംഭകർക്കുള്ള കാടക്കോഴി വളർത്തൽ യൂണിററുകൾ.

(ഇവിടെയും D W C R A ധന സഹായം വിനിയോഗിക്കാവുന്നതാണ്)

100 കാടക്കോഴികൾ വീതം 15-20 പേർ വളർത്തി ഉല്പാദിപ്പിക്കുന്ന മുട്ട ഉപയോഗിച്ച് കാടക്കോഴി മുട്ട അച്ചാറും ഉല്പാദന ശേഷി കുറയുന്ന കോഴികളുടെ ഇറച്ചി കൊണ്ട് കാടക്കോഴി ഇറച്ചി അച്ചാറും ഉണ്ടാക്കി തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിലെ സൂപ്പർ മാർക്കററുകളിൽ വില്ക്കുക.

### f പഞ്ചായത്ത് അറവുശാലയും ഇറച്ചി വില്പന സ്റ്റാളുകളും.

ശാസ്ത്രീയമായി നിർമ്മിച്ച ഒരു അറവുശാലയും പഞ്ചായത്ത് ചന്തയോടനുബന്ധിച്ച് ഇറച്ചി വില്പന സ്റ്റാളുകളും ഇറച്ചി വെട്ടുകാർക്കും വില്പനക്കാർക്കും പഞ്ചായത്ത് ലൈസൻസും, ട്രെയിനിംഗും കർശനമാക്കണം. അറവു മൃഗങ്ങളെ



369

അറുക്കുന്നതിനു മുൻപും അറുത്ത ശേഷവും പരിശോധിച്ച് മനുഷ്യന് പകരുന്ന രോഗങ്ങൾ, ഗർഭം എന്നിവ ഇല്ലെന്ന് ഉറപ്പുവരുത്തി സീലുവെച്ച ശേഷം മാത്രം വില്ക്കാൻ അനുവദിക്കുക. മാംസ പരിശോധനാ സ്ഥലം വെററിനറി ഡോക്ടർ നടത്തേണ്ടതാണ്.

(ഒരു ഗ്രാമപഞ്ചായത്തിൽ അറവുശാല എന്നതു് പ്രായോഗികമായി ബുദ്ധിമുട്ടാണെങ്കിൽ ഒരു ബ്ലോക്കിൽ ഒരു അറവുശാല എന്ന വിധത്തിൽ ഉണ്ടാക്കുകയും ആ ബ്ലോക്കിൽ പെടുന്ന എല്ലാ പഞ്ചായത്തുകളിലെ അറവും ഈ അറവുശാലയിൽ വച്ച് നടത്തി അതാത് പഞ്ചായത്തിൽ ഇറച്ചി വില്പന സ്റ്റാളുകൾ മാത്രം ആരംഭിയ്ക്കുക)

g ഇറച്ചി മുയൽ ഉല്പാദനം

ഇറച്ചി മുയൽ ഉല്പാദനം വേളൂക്കര പഞ്ചായത്തിൽ നടത്താവുന്നതാണ്. മുയൽ തീററയായി ഉപയോഗിക്കാവുന്ന മുരിക്കില ഇവിടെ സുലഭമാണ് പക്ഷെ മുയൽ ഇറച്ചിയുടെ ഉപഭോഗം ഇവിടെ വളരെ കുറവായതിനാൽ വില്പന പ്രയാസമായിരിക്കും.

## III മുട്ടയുല്പാദന മേഖല

വേളൂക്കര പഞ്ചായത്തിൽ 1987 സെൻസസ് പ്രകാരമുള്ള കോഴികളുടെ എണ്ണം വെച്ച് മുട്ടയുല്പാദനം കണക്കാക്കിയാൽ പ്രതിവർഷം 7, 45, 250 എണ്ണം ഉല്പാദനമുണ്ടാകും. ഈ ഉല്പാദനത്തിന്റെ മൂന്നിരട്ടിയിലേറെ മുട്ട ഈ പഞ്ചായത്തിൽ പുറമെ നിന്നും കൊണ്ടു വന്ന് വില്ക്കുന്നുമുണ്ട്. ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശമനുസരിച്ച് ഈ പഞ്ചായത്തിലെ 25, 571 ജനങ്ങൾക്ക് $\frac{1}{2}$ മുട്ട പ്രതിദിന പ്രതിശീർഷ ഉപഭോഗം എന്ന നിലയിലെത്തണമെങ്കിൽ നാം 46, 66, 707 മുട്ട പ്രതിവർഷം ഉല്പാദിപ്പിക്കണം. ഇതു സാദ്ധ്യമാകണമെങ്കിൽ ഇന്നുള്ള കോഴികളെ കൂടാതെ വേളൂക്കര പഞ്ചായത്തിലെ ഏകദേശം 4666 കുടുംബങ്ങൾ കൂടി 5 പിട കോഴികളെ വീതം വളർത്തുന്നതിനുള്ള സംവിധാന മുണ്ടാകണം. ഇതോടെ പുറമെ നിന്നു് മുട്ട വാങ്ങുന്നതിന് വേണ്ടി വരുന്ന പണനഷ്ടവും ഒഴിവാക്കാം.

ഈ ലക്ഷ്യത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികളാവിഷ്ക്കരിയ്ക്കാവുന്നതാണ്.

a മുട്ടക്കോഴി നഴ്സറി യൂണിററുകൾ.

വേളൂക്കര പഞ്ചായത്തിലെ കർഷകർക്ക് കൊടുക്കുന്നതിന് വിരിഞ്ഞ ഉടനെ കിട്ടുന്ന കോഴിക്കുഞ്ഞുങ്ങളെ കൊണ്ടു വന്ന് നഴ്സറിയിൽ 56 ദിവസം പ്രായമാകുന്നതു വരെ വളർത്തി മൃഗാശുപത്രിയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ വിവിധ അസുഖങ്ങൾക്ക് പ്രതിരോധ വാക്സിനുകൾ നല്കി കർഷകർക്ക് കൊടുക്കുക. ഇത്തരം രണ്ടു് നഴ്സറികളെങ്കിലും ഈ പഞ്ചായത്തിൽ വേണ്ടതാണ്.

b അടുക്കളമുററത്തെ കോഴിവളർത്തൽ പ്രോത്സാഹന പദ്ധതി.

നഴ്സറിയിൽ 56 ദിവസം വളർത്തിയ കോഴിക്കുഞ്ഞുങ്ങളെ കുറഞ്ഞ നിരക്കിൽ കർഷകർക്ക് കൊടുക്കാനുള്ള പദ്ധതിയാണ് ഇതു്.

## IV ഊർജ്ജോല്പാദന മേഖല

ഈ രംഗത്ത് പ്രധാനമായും പരാമർശിക്കുന്നതു് ബയോഗ്യാസ് ഉല്പാദനമാണ്.

a ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

2_3 പശുക്കളെ വളർത്തുന്ന കർഷകന് അദ്ദേഹത്തിന്റെ കുടുംബം 4 അംഗങ്ങളുള്ളതാണെങ്കിൽ ഈ പശുക്കളുടെ ചാണകം ഉപയോഗിച്ച് പാചക ആവശ്യത്തിനുള്ള ബയോഗ്യാസ് ഉണ്ടാക്കാൻ കഴിയും.

## V മററു മേഖലകൾ

a പേവിഷബാധ നിർമ്മാർജ്ജനവും ബോധവൽക്കരണവും.

വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് വാക്സിനേഷനും ലൈസൻസും കർശനമാക്കുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. പേവിഷബാധയെ കുറിച്ചും വാക്സിനേഷനെ കുറിച്ചും ജനങ്ങളിലുള്ള അബദ്ധ ധാരണകൾ നീക്കുന്നതിന് ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക.

b സമ്മിശ്ര കൃഷിരീതി പ്രോത്സാഹിപ്പിക്കുക

ഉദാഹരണമായി മുട്ടക്കോഴി/ ഇറച്ചിക്കോഴി/ താറാവ് → രണ്ടു പന്നിക്കുഞ്ഞുങ്ങൾ → മത്സ്യം



370

വളർത്തൽ ഇവ ഒരുമിച്ച് നടത്താവുന്നതാണ്.

കോഴിയുടെ കാഷ്ഠം/ താറാവിന്റെകാഷ്ഠം/ ഇറച്ചിക്കോഴിയെ ഡ്രസ്സ്ചെയ്യുമ്പോൾ വരുന്ന വേസ്റ്റ് എന്നിവ പന്നിക്കുഞ്ഞുങ്ങൾക്ക് ആഹാരമാക്കാവുന്നതും പന്നിയുടെ കാഷ്ഠം കുളത്തിലെ മീനിന് ഭക്ഷണവുമായി പ്രയോജനപ്പെടുത്താവുന്നതാണ്

### c വിജ്ഞാന വ്യാപനവും പരിശീലനവും

മേൽ വിവരിച്ച വിവിധ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളേയും താല്പര്യമുള്ള മററു കർഷകരേയും മണ്ണുത്തി വെററിനറി കോളേജിലോ, തൃശ്ശൂർ LMTC യിലോ പറഞ്ഞയച്ച് പരിശീലനം കൊടുക്കണം ഇതിനു വേണ്ട യാത്രച്ചെലവ്, ഭക്ഷണച്ചെലവ് എന്നിവ ഈ പദ്ധതിയിലൂടെ നല്കണം

### d കർഷക ക്ഷേമനിധി/ ഇൻഷൂറൻസ് പരിരക്ഷ

മൃഗസംരക്ഷണ പ്രവർത്തനം മുഖ്യതൊഴിലായി സ്വീകരിച്ച് ഉപജീവനം നടത്തുന്ന കർഷകർക്കുണ്ടാകുന്ന ആപത്തുകളിൽ അവരുടെ കുടുംബത്തെ സഹായിക്കത്തക്കവിധം ക്ഷേമനിധി/ ഇൻഷൂറൻസ് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

### e കർഷകർക്ക് അംഗീകാരം/ അവാർഡുകൾ.

ഓരോ വർഷവും ഈ ഗ്രാമ പഞ്ചായത്തിലെ ഏററവും മികച്ച ക്ഷീരകർഷകനേയും, കോഴി വളർത്തൽ കർഷകനേയും, സമ്മിശ്രമൃഗസംരക്ഷണ പ്രവർത്തനം നടത്തുന്ന കർഷകനേയും ആദരിയ്ക്കുകയും ഇവർക്ക് പ്രോത്സാഹനം നല്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശം.

### f ഗ്രീൻകാർഡ് സമ്പ്രദായം നടപ്പിലാക്കുക

പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്ത് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായ കർഷകരുടെയും നല്ല നിലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കർഷകരുടെയും പൂർണ്ണവിവരങ്ങൾ പ്രത്യേകമായി അച്ചടിക്കുന്ന ഒരു കാർഡിൽ എഴുതി സൂക്ഷിക്കുന്നത് എക്കാലത്തും വളരെ ഉപയോഗപ്രദമാണ്. ഇത് പിൻകാലങ്ങളിൽ പഞ്ചായത്ത് പദ്ധതി ആസൂത്രണങ്ങൾക്കും വിവിധ പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിനും സഹായിക്കും

# മത്സ്യ ബന്ധനം

വേളൂക്കര ഗ്രാമ പഞ്ചായത്തിൽ മത്സ്യബന്ധനം ഉപജീവനമാർഗമാക്കിയിട്ടുള്ളവർ അധികം ഇല്ല. ഉള്ളവർ തന്നെ പരിസര പഞ്ചായത്തുകളിലെ ജലാശയങ്ങളെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ചില കർഷകർ തങ്ങളുടെ കുളങ്ങളിൽ മത്സ്യം വളർത്തുന്നുണ്ട്. വേളൂക്കര പഞ്ചായത്തിൽ മത്സ്യസമ്പത്ത് കുറവാണ്. പുഴകളോ, കടലോ ഇല്ലാത്തതിനാൽ മത്സ്യബന്ധനം നടക്കുന്നില്ല. ചെമ്മീൻകെട്ടുമില്ല.

വേളൂക്കര പഞ്ചായത്തിന്റെ മുക്കിലും മൂലയിലുമായി വളരെയധികം കുളങ്ങളും, ചിറകളും വ്യാപിച്ചുകിടക്കുന്നു. ഇവയിൽ ഉപയോഗശൂന്യമായവയിൽ (ജനങ്ങൾ ശുചീകരണ പ്രവർത്തനത്തിനുപയോഗിക്കാത്തവ) മത്സ്യ ലേലം ചെയ്യുമ്പോൾ, മത്സ്യവളർത്തലിനായി കൊടുക്കുന്നതോടൊപ്പം, കൂടുതൽഉപയോഗയോഗ്യമായവയെ ഇതിൽ നിന്നും മാററി നിർത്തു. കൂടെ ഇത്തരുണത്തിൽ ഒരു പദ്ധതി ആവിഷ്കാരം മത്സ്യാവശ്യത്തിനുള്ള ആശക്ക് വക നല്കുന്നു.

വഴക്കലിച്ചിറ, നടവരമ്പ്ചിറ എന്നിവ മത്സ്യബന്ധനത്തിന് യോജിച്ച ഇടങ്ങളാണ്

വേളൂക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യത്തിന് ആവശ്യക്കാരുണ്ട്, എന്നാൽ ലഭ്യതകുറവ്. ഉപയോഗത്തിന്റെ ഭൂരിഭാഗവും മററു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് വിനിമയം ചെയ്യുന്നു.

പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ച് മത്സ്യം വളർത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചും നടപ്പിലാക്കിയാൽ തൊഴിൽ മേഖലയിലെ പ്രശ്നവും മത്സ്യ ലഭ്യതയുടെ കാര്യവും പരിഹരിക്കാൻ കഴിയുന്നതാണ്. ഇതിനായി തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.



371

# വ്യവസായം

വ്യാവസായികമായി വളരെ പിന്നിണിയിലാണ് വേളൂക്കര പഞ്ചായത്ത്. വൻവ്യവസായങ്ങൾക്കുപയുക്തമാകാവുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഇതുവരെ കണ്ടെത്തിയിട്ടില്ല വ്യവസായശാലയ്ക്ക് ആവശ്യമായ വ്യാപ്തിയിൽ സ്ഥലം ലഭിക്കുവാനും പ്രയാസമാണ്. വൈദ്യുതിയുടെ അപര്യാപ്തതയാണ് മറെറാരു പ്രശ്നം. അതുകൊണ്ടുതന്നെ വൻ വ്യവസായശാലകളൊന്നും പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല. തൊഴിലന്വേഷിച്ച് ആളുകൾക്ക് മററിടങ്ങളിലേക്ക് പോവുകയേ ഇപ്പോൾ നിവൃത്തിയുള്ളു.

നല്ലനിലയിൽ പ്രവർത്തിക്കുന്ന ഏതാനും ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിലുണ്ട്. അതിൽ ഏററവും പ്രമുഖമായത് നടവരമ്പ് കൃഷ്ണ ബെൽമെററൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് സൊസൈററി (*BELL WICS*) ആണ് പൗരാണിക കാലം മുതലേ മൂശാരി സമുദായത്തിൽപ്പെട്ടവരുടെ പരമ്പരാഗതമായ കൈത്തൊഴിലായി ഓട്ടുപാത്ര നിർമ്മാണം ഇവിടെ നിലനിന്നിരുന്നു അതുകൊണ്ടായിരിക്കാം നടവരമ്പത്തെ ഓട്ടുപാത്രങ്ങൾ മുമ്പേമുതൽതന്നെ അതിപ്രശസ്തമായിതീർന്നത് 'ബെൽവിക്സ്' ആ പാരമ്പര്യമാണ് അപചയത്തിനിടനൽകാതെ കാത്തുസൂക്ഷിക്കുന്നത് അവരുടെ വിഗ്രഹങ്ങൾ, നിലവിളക്കുകൾ തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തും നല്ല വിപണന സാദ്ധ്യതകളുണ്ട്. തൊഴിലാളികളുടെ ഈ സഹകരണ സ്ഥാപനം വ്യവസായ രംഗത്ത് പഞ്ചായത്തിൻെറ തിലകക്കുറിയാണ്.

നടവരമ്പത്തുതന്നെ പ്രവർത്തിക്കുന്ന നടവരമ്പ് കൃഷ്ണ ബെൽമെററൽ ക്രാഫ്ററ് എന്ന വ്യവസായ യൂണിററ് ആശാവഹമായ മുന്നേററമാണ് നടത്തുന്നത്. ദശകങ്ങൾക്കുമുമ്പേ തന്നെ കേരളത്തിൻെറ ഓട്ടുപാത്ര നിർമ്മാണ വിപണന രംഗത്ത് കുത്തകപിടിച്ചടക്കിയിരുന്ന നടവരമ്പ് കൃഷ്ണ ബ്രദേഴ്സിൻെറ പാരമ്പര്യാവകാശികളുടെ നേതൃത്വത്തിലാണ് ഈ സ്ഥാപനം നടക്കുന്നത്.

തുണിയുൽപ്പാദന രംഗത്ത് ദശാബ്ദങ്ങളുടെ പഴക്കമുള്ള ഒരു സ്വകാര്യ സ്ഥാപനമുണ്ട് പഞ്ചായത്തിൽ. നടവരമ്പിലെ മുല്ലോത്ത് ഇൻഡസ്ട്രീസ്. ഒട്ടേറെ തൊഴിലവസരങ്ങൾ നിലനിർത്തിക്കൊണ്ട് ആ സ്ഥാപനം ഇന്നും നല്ലനിലയിൽ പ്രവർത്തിക്കുന്നു. ആദ്യം കൈത്തറി മേഖലയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന മുല്ലോത്ത് ഇൻഡസ്ട്രീസ് ഇപ്പോൾ പവർലൂം മേഖലയിലും സ്ഥാനമുറപ്പിച്ചിട്ടുണ്ട്.

കൈത്തറിരംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ സഹകരണ സ്ഥാപനമാണ് നടവരമ്പ് കൈത്തറി സഹകരണസംഘം. പഴക്കംചെന്ന ഒരു വ്യവസായ കേന്ദ്രമാണിത്. ഒരുകാലത്ത് പെരുമയോടെ പ്രവർത്തിക്കുകയും അനേകം തൊഴിലാളി കുടുംബങ്ങളുടെ ജീവിതത്തിൻെറ അത്താണിയായി തലയുയർത്തി നിൽക്കുകയും ചെയ്തിരുന്ന ഈ സംരംഭം ഇന്ന് ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. വികസന പ്രക്രിയയിൽ അതീവ ശ്രദ്ധ ഈ സ്ഥാപനം നിലനിർത്തുന്ന കാര്യത്തിൽ ആവശ്യമാണ്.

കടുപ്പശ്ശേരിയിൽ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഫ്രഷ് കോക്കനട്ട പ്രോഡക്റ്റ്സ് ലിമിറ്റഡ് (ഫ്രഷ്കോ) എന്ന സ്ഥാപനമാണ് പഞ്ചായത്തിൻെറ വ്യവസായവികസനരംഗത്ത് പ്രതീക്ഷനൽകുന്ന മറെറാരുസംരഭം. വിവിധതരം നാളികേരോല്പന്നങ്ങളാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നത്. കോക്കനട്ട്ക്രീം ലഘുപാനീയങ്ങൾ, തേങ്ങാപ്പീര പൗഡർ, ചൊറുക്ക, തേങ്ങാചമ്മന്തി. വെളിച്ചെണ്ണ തുടങ്ങിയ ഒട്ടേറെ വിഭവങ്ങൾ തയ്യാറാക്കാനുള്ള പദ്ധതികളാണ് കമ്പനി ആവിഷ്ക്കരിച്ചിട്ടുള്ളത് ഇതിൽ പലതിനും അന്തർദ്ദേശീയ മാർക്കററ് പിടിച്ചുപററാൻ കഴിയും എന്നാണ് പ്രതീക്ഷ, ചിരട്ടയും ചകിരിയും കൂടി ഉല്പന്നങ്ങളാക്കി മാററാനുള്ള തയ്യാറെടുപ്പുകൾ കമ്പനിയിൽ നടന്നുവരുന്നു.

പച്ചചകിരി ഉല്പന്നങ്ങളാക്കി മാററാനുള്ള ഒരു സ്ഥാപനത്തിന് തുമ്പൂരിൽ 'കയർഫെഡ്' തയ്യാറെടുപ്പുകൾ നടത്തിവരികയാണ് താമസി

യാതെ ഇതിൻെറ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞേക്കും.

ഇലക്ട്രോണിക്സ് രംഗത്തേക്കുള്ള പഞ്ചായത്തിൻെറ ആദ്യ കാൽവെപ്പാണ് തുമ്പൂരിനടുത്ത് തുടങ്ങിയിട്ടുള്ള സ്വകാര്യ സ്ഥാപനമായ ടി.വി. ബൂസ്ററർ നിർമ്മാണ യൂണിററ്. വിപുലീകരണ സാദ്ധ്യതകളുള്ള ഈ യൂണിററ് നമുക്ക് ആശയ്ക്ക് വക നല്കുന്നു.

ഇവ കൂടാതെ ഏതാനും ചെറിയ സ്ഥാപനങ്ങളാണ്. പഞ്ചായത്തിൽ വ്യവസായ യൂണിററുകളായി നിലനില്ക്കുന്നത്. അവയുടെ പട്ടിക താഴെ കൊടുക്കുന്നു.

നിലവിലുള്ള ചെറിയ വ്യവസായ യൂണിററുകൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഫ്ളർവർ മിൽ | 21 |
| 2 | ഫർണീച്ചർ | 4 |
| 3 | മെഴുകുതിരി നിർമ്മാണം | 7 |
| 4 | ഓയിൽമിൽ | 6 |
| 5 | റബ്ബർ ബുഷ് നിർമ്മാണം | 2 |
| 6 | സോമിൽ | 5 |
| 7 | വർക്ക്ഷോപ്പ്, ഡൈയ്ത്ത് | 9 |
| 8 | സോപ്പു നിർമ്മാണം | 4 |
| 9 | വെൽഡിങ്ങ് | 2 |
| 10 | ബേക്കറി | 4 |
| 11 | പ്രൻറിങ്ങ് പ്രസ്സ് | 2 |
| 12 | സോഡ നിർമ്മാണം | 2 |
| 13 | ഹോളോ ബ്രിക്സ് | 1 |
| 14 | പ്ലാസ്ററിക്ക് | 1 |
| 15 | ഖാദി നെയ്ത്ത് | 1 |
| 16 | ബുക്ക് ബൈൻറിങ്ങ് | 2 |
| 17 | റെഡിമെയ്ഡ്സ്-ഗാർമെൻറ്സ് | 4 |

പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 27366 ആണ്. അവരിൽ കേവലം 545 പേരാണ് പഞ്ചായത്തിലെ വിവിധ വ്യവസായ യൂണിററുകളിൽ തൊഴിൽ നേടിയിട്ടുള്ളത്. ഇത് കേവലം 1.99% മാത്രമാണ്.

പഞ്ചായത്തിലെ വ്യവസായ യൂണിററുകളിൽ തൊഴിൽ നേടിയവരുടെ വിവരങ്ങൾ

| പു | സ്ത്രീ | ആ:ക |
|---|---|---|
| 397 | 148 | 545 |

ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ *S. L. L. C.* യ്ക്കുമേൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളതൊഴിലില്ലാത്തവരായി 1055 പേരുണ്ട്. ഇവരിൽ 74 പേർ എഞ്ചിനീയറിംഗ് ബിരുദം ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ നേടിയിട്ടുള്ളവരാണ്.

അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ വിവരങ്ങൾ

| ആകെ എണ്ണം | | |
|---|---|---|
| പുരുഷൻ | സ്ത്രീ | ആകെ |
| 627 | 428 | 1055 |

| ഇതിൽ സാങ്കേതിക വിജ്ഞാനം നേടിയിട്ടുള്ളവർ | | |
|---|---|---|
| പുരുഷൻ | സ്ത്രീ | ആകെ |
| 60 | 14 | 74 |

ഗ്രാമസഭകളിൽനിന്നും മററും കിട്ടിയ വിവരമനുസരിച്ച് 676 പേർ പഞ്ചായത്തിൽ നിന്നും വിദേശങ്ങളിലും മററു സ്റേററുകളിലുമായി തൊഴിൽ തേടി പോയിട്ടുണ്ട്, അവരിൽ ബഹുഭൂരിപക്ഷവും സർവ്വീസ് മേഖലകളിലും മററുമാണ് ജോലിചെയ്യുന്നത്. സാങ്കേതിക രംഗത്ത് തൊഴിലെടുക്കുന്നവർ 18%വരും. വിദേശങ്ങളിലും ഇതരസ്റേററുകളിലുമുള്ള മണ്ണിൻെറ മക്കൾ വാദം തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നഇവരിൽഒട്ടേറെപ്പേർ അനതിവിദൂരഭാവിയിൽ തിരികെ നാട്ടിലേക്ക് മടങ്ങിപേരേണ്ട സ്ഥിതിയാണുള്ളത്.

വിദേശങ്ങളിലും മററു സ്റേററുകളിലേക്കും പഞ്ചായത്തിൽനിന്നുംതൊഴിൽതേടിപ്പോയിട്ടുള്ളവരുടെ വിവരങ്ങൾ

| ആകെ എണ്ണം | | |
|---|---|---|
| പുരുഷൻ | സ്ത്രീ | ആകെ |
| 608 | 68 | 676 |

| തൊഴിൽ മേഖലകൾ | | |
|---|---|---|
| ബിസ്സിനസ് | സാങ്കേതികരംഗം | സേവനരംഗങ്ങളിലും മററും |
| 48 | 121 | 507 |



373

മുകളിൽ കാണിച്ച പട്ടികകളിൽനിന്നും അഭ്യസ്ത വിദ്യരായവരുടെ തൊഴിലില്ലായ്മയുടെ രൂക്ഷതയും അതിനിയും വർദ്ധിക്കാൻ പോകുന്നതിന്റെ സൂചനകളും സ്പഷ്ടമായിട്ടുണ്ടാകും. ഇത് സാമാന്യം വിദ്യാഭ്യാസം നേടിയിട്ടുള്ളവരുടെ കണക്കാണ്. അത്രയൊന്നും വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിട്ടില്ലാത്ത ഹതഭാഗ്യർ, പ്രത്യേകിച്ചും വനിതകൾ ഇതിലുംഎത്രയോ കൂടുതൽവരും.ഇവരുടെ അദ്ധ്വാനശേഷി വരുമാനമാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിട്ടുകൊണ്ടല്ലാതെ പഞ്ചായത്തിന്റെ വികസനം സാർത്ഥകമാവുകയില്ല അതിനെന്തുവഴി എന്നതാണ് മുഖ്യ പ്രശ്നം.

വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ തുടങ്ങുവാൻഅനുയോജ്യമായ സാഹചര്യം ഇല്ലാത്ത സ്ഥിതിക്ക് ചെറുകിട കൈത്തൊഴിൽ യൂണിററുകൾ വ്യാപകമായി ആരംഭിക്കുകയാണ്, പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കരണീയമായിട്ടുള്ളത്.

ബെൽമെററൽ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽപേർക്ക് പരിശീലനം നൽകി ഈ വ്യവസായം പഞ്ചായത്തിന്റെ തനത് വ്യവസായമാക്കി മാററാനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

വേളൂക്കര മുഖ്യമായും ഒരു കാർഷിക പഞ്ചായത്താണ്. കാർഷികോല്പന്നങ്ങൾ വ്യവസായികോല്പന്നങ്ങളാക്കിമാററുന്ന സംരംഭങ്ങളായിരിക്കും ഏറെ വിജയകരം. പഞ്ചായത്തിലുല്പാദിപ്പിക്കുന്ന ചക്ക, മാങ്ങ, നാളികേരം, അടയ്ക്ക തുടങ്ങിയവയിൽ ആവശ്യം കഴിച്ച് ബാക്കിയുള്ളവ പുറത്തേക്ക് വിപണനം നടത്തുകയാണ് ചെയ്യുന്നത്, കശുമാങ്ങ, പപ്പായ തുടങ്ങിയവ വെറുതെ പാഴായിപോകുന്നു. ഇവ ഇവിടെത്തന്നെ ഭക്ഷ്യോല്പന്നങ്ങളാക്കി മാററാവുന്ന യൂണിററുകൾ ആരംഭിക്കുവാൻ കഴിയും. പൈനാപ്പിൾ, വാഴ തുടങ്ങിയ കൃഷിക്ക് ഏററവും അനുയോജ്യമാണ് ഇവിടത്തെ സമതല പ്രദേശങ്ങളും, കുന്നിൻചെരുവുകളും, ഇവയുടെ കൃഷിവ്യാപകമാക്കി സംസ്ക്കരണയൂണിററുകൾ ആരംഭിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

* ആവശ്യത്തിനുള്ള സ്ഥലം, വൈദ്യുതി എന്നിവയുടെ അഭാവമാണ് പ്രധാനപ്രശ്നം
* കൈത്തറി മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് നിലവിലുള്ളത്. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യമാണ് ഈ രംഗത്തെ മറെറാരു പ്രയാസം.
* സ്വയം തൊഴിൽ അന്വേഷിക്കുന്നവർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുന്നതിനുള്ള സംവിധാനം പഞ്ചായത്തടിസ്ഥാനത്തിലില്ല.
* ചെറുകിട യൂണിററുകൾക്കും കുത്തകകളുമായി മാർക്കററിൽ മത്സരിക്കേണ്ടി വരുന്നു. സ്വാഭാവികമായും ചെറുകിടക്കാരുടെ ഉല്പന്നങ്ങൾ വിററഴിയാതെ യൂണിററുകൾ ക്രമേണ അടച്ചു പൂട്ടേണ്ടിവരുന്നു.
* പരമ്പരാഗത കൈത്തൊഴിലുകൾക്ക് തൊഴിൽ നിലനിർത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല.

## സാദ്ധ്യതകൾ

പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ള കൃഷി ആയുധങ്ങൾ, ഗൃഹനിർമ്മാണോപകരണങ്ങൾ, തുണി ഉല്പന്നങ്ങൾ, സോപ്പു ചീപ്പു തുടങ്ങിയവ, പലഹാരങ്ങൾ, അച്ചാറുകൾ തുടങ്ങി ഒട്ടേറെ സാധനങ്ങൾ ചെറുകിട യൂണിററുകളായി പഞ്ചായത്തിൽതന്നെ തുടങ്ങാൻ കഴിയും. പഞ്ചായത്തിൽ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പരമാവധി ഗുണഭോക്താക്കളെ പഞ്ചായത്തിൽനിന്നുതന്നെ കണ്ടെത്തണം.

നാടൻ ഉല്പന്നങ്ങളുടെ ഗുണമേന്മയും മികവും ബോധവല്ക്കരണത്തിലൂടെ ജനങ്ങളിലേക്കെത്തിക്കണം. ഉല്പാദകരും പഞ്ചായത്തും മററു ഏജൻസികളും സഹകരിച്ച് ഇതിനുള്ള സംവിധാനം ഉണ്ടാക്കണം. പഞ്ചായത്ത് സാംസ്കാരിക സമിതിയുടെ 'വേളൂക്കര ഗ്രാമജാലകം' പോലുള്ള പ്രസിദ്ധീകരണങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണം. ഉല്പന്നങ്ങൾ എല്ലാ വീടുകളിലും എത്തത്തക്കവിധത്തിൽ *Door to Door* വിപണന ശൃംഖല ഉണ്ടാക്കണം. ഇതിലൂടെ ഓരോ വാർഡിലും കുറെ ആളുകൾക്ക് വരുമാന മാർഗ്ഗം ഉണ്ടാക്കുവാനും കഴിയും.

ചെറുകിട യൂണിററുകൾ സ്ഥാപിക്കാനാഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും ഉദാര സമീപനം കൈക്കൊള്ളണം. വായ്പകളുടെ വിനിയോഗവും സ്ഥാപനത്തിന്റെ നടത്തിപ്പും 'മോണിററ' ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ പ്രത്യേക സെൽ രൂപീകരിക്കണം.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ :**

1. വ്യവസായ യൂണിററുകൾക്ക് വൈദ്യുതി കാല വിളംബം കൂടാതെ ലഭ്യമാക്കണം വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

2, പാറമടകൾ ധാരാളമുള്ള 3-ാം വാർഡിൽ മെററൽ നിർമ്മാണ യൂണിററ് തുടങ്ങാൻ കഴിയും.

3 സ്വർണ്ണാഭരണ നിർമ്മാണത്തിൽ യുവതീ യുവാക്കളെ പരിശീലിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാം.

4. ഇലക്ട്രിക്-ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾക്കാവശ്യമുള്ള അനുബന്ധ യൂണിററുകൾ തുടങ്ങാവുന്നതാണ്.

5. പരമ്പരാഗത തൊഴിലാളികൾ ധാരാളം ഉള്ളതിനാൽ 'ബാംബൂ വർക്സ്' യൂണിററ് തുടങ്ങിയാൽ വിജയിക്കും.

6. കൈതോല ഏതാണ്ടെല്ലാ വാർഡുകളിലും ലഭ്യമാണ്, പ്രായംചെന്ന വനിതകൾക്കായി തഴപ്പായ നെയ്ത്ത് യൂണിററ് ആവാം

7, കച്ചേരിപ്പടിയിൽ ഒഴിഞ്ഞു കിടക്കുന്ന പൊതു സ്ഥലത്ത് മിനി ഇൻഡസ്ട്രിയൽ എസ്റേററ് സ്ഥാപിക്കാം.

8. തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, റെഡിമെയ്ഡ്, കുടനിർമ്മാണം, ചെരിപ്പു നിർമ്മാണം തുടങ്ങിവയിൽ സ്വയം തൊഴിൽ യൂണിററുകൾക്ക് സാദ്ധ്യതയുണ്ട്.

9. പഞ്ചായത്തിൽ നിന്നും ഏകദേശം 1500 ലിററർ പാൽ ദിനംപ്രതി കയററി പോകുന്നുണ്ട്. പാലുകൊണ്ട് നിരവധി ഭക്ഷ്യ വിഭവങ്ങൾ ഉണ്ടാക്കി വിപണനം നടത്താൻ കഴിയും. ഇതിനുള്ള സാദ്ധ്യതകൾ അതാത് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരായണം.

# വിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരത നേടിയ പഞ്ചായത്താണ് വേളൂക്കര. സമ്പന്നമായ ചരിത്ര പശ്ചാത്തലത്തിനുടമകളാണ് ജനങ്ങൾ. സാംസ്ക്കാരിക പൈതൃകത്തിലും ഉന്നത രാണ് അവർ. ഇതിന്റെയെല്ലാം പ്രതിഫലനം വിദ്യാഭ്യാസരംഗത്ത് ദൃശ്യമാണ്.

വളരുന്ന കുട്ടികളെ പള്ളിക്കൂടത്തിലയക്കുക എന്നത് സാർവ്വത്രികമായിട്ടുണ്ട്. സാമാന്യ വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ വിദ്യാലയങ്ങളും പഞ്ചായത്തിലുണ്ട്. കുട്ടികൾക്ക് സ്ക്കൂളിലെത്താൻ അധികം സഞ്ചരിക്കേണ്ടതില്ല. കുറച്ചുപേർക്കേ അൽപ്പം കൂടുതൽ വഴി താണ്ടേണ്ടതുള്ളു. താഴെ കൊടാത്തിരിക്കുന്ന പട്ടിക കാണുക.

സ്ക്കൂളുകളിലേക്കുള്ള ശരാശരി ദൂരം

| തരം | ശരാശരി ദൂരം കി. മീ. | പരമാവധി ദൂരം കി മീ. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | 1 . 4 | 2,0 |
| അപ്പർ പ്രൈമറി സ്ക്കൂൾ | 2 . 5 | 3.0 |
| ഹൈസ്ക്കൂൾ | 3 . 0 | 3,5 |

പഞ്ചായത്തിൽ മൂന്ന് ഹൈസ്ക്കൂളുകളാണുള്ളത്. ഒരെണ്ണം സർക്കാർഉടമസ്ഥത യിലുംമററു രണ്ടെണ്ണം സ്വകാര്യ ഉടമസ്ഥതയിലുള്ളതുമാണ്. രണ്ട് യു.പി സ്ക്കൂളു കളുള്ളതിൽ ഒരെണ്ണം സർക്കാരിന്റേതും ഒരെണ്ണം സ്വകാര്യ മാനേജുമെന്റിന്റേതുമാണ്. ഏഴ് എൽ. പി. സ്ക്കൂളുകളുണ്ട്. അതിൽ ഒരെണ്ണം മാത്രമേ സർക്കാർവകയായുള്ളു. ഇവയിലെല്ലാംകൂടി 4795 കുട്ടികളാണ് ഇപ്പോൾ വിദ്യ അഭ്യസിക്കുന്നത്. കൂടാതെ, C B S E സിലബസ് പഠിപ്പിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം അൺ എയഡഡ് ഹൈ സ്ക്കൂളും ഒരു ടൈപ്പ്റൈററിംഗ് ഇൻസ്ററിറ്റ്യൂട്ടും അഞ്ച് അംഗൻവാടികളും, ആറ് നേഴ്സറി ക്ലാസ്സുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇതിനെല്ലാം പുറമെ പഞ്ചായത്തിലെ 750ൽപരം വിദ്യാർത്ഥി വിദ്യാർത്ഥിനി കൾ അടുത്തുള്ള പഞ്ചായത്തുകളിലേയും മുനിസിപ്പാലിററികളിലേയും വിദ്യാലയ ങ്ങളിലേക്ക് പോകുന്നു.

ഈ അനുകൂല ഘടകങ്ങളൊക്കെ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരം വളരെ മികച്ചതാണെന്ന് പറയാൻ കഴിയുകയില്ല.



376

വിദ്യാലയവിവരങ്ങൾ

| ക്രമ നമ്പ്ര് | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം M | F | TOTAL | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | GLP S നടവരമ്പ് | സർക്കാർ | 202 | 169 | 371 | 12 |
| 2 | G H S നടവരമ്പ് | ,, | 523 | 472 | 995 | 37 |
| 3 | A L P S വേളൂക്കര | സ്വകാര്യം | 94 | 55 | 149 | 5 |
| 4 | H F L P S അവിട്ടത്തൂർ | , | 201 | 199 | 400 | 10 |
| 5 | L B S M H S അവിട്ടത്തൂർ | ,, | 550 | 459 | 1009 | 42 |
| 6 | S H C L P C S കടുപ്പശ്ശേരി | ,, | 69 | 58 | 127 | 4 |
| 7 | A L P C S കൊററനെല്ലൂർ | ,, | 154 | 126 | 280 | 8 |
| 8 | G U P S കടുപ്പശ്ശേരി | സർക്കാർ | 179 | 109 | 288 | 15 |
| 9 | S H C L P G S തുമ്പൂർ | സ്വകാര്യം | 137 | 144 | 281 | 8 |
| 10 | A U P S തുമ്പൂർ | ,, | 213 | 116 | 329 | 13 |
| 11 | R H S തുമ്പൂർ | ,, | 199 | 126 | 325 | 18 |
| 12 | A L P S കൊററനെല്ലൂർ (പട്ടേപ്പാടം) | ,, | 127 | 117 | 244 | 9 |
| | ആകെ | | 2645 | 2151 | 4796 | 179 |

3 ഹൈസ്ക്കൂളുകളിലേയും ഇക്കഴിഞ്ഞ SSLC പരീക്ഷയുടെ വിജയശതമാനം

| ക്രമനമ്പ്ര് | സ്ക്കൂളിൻെറ പേര് | വിജയ ശതമാനം |
|---|---|---|
| 1 | G H S നടവരമ്പ് | 43% |
| 2 | L B S M H S അവിട്ടത്തൂർ | 66% |
| 3 | R H S തുമ്പൂർ | 75% |

നടവരമ്പ് ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂൾ കൂടിയാണ്. കൃഷിയാണ് ഐശ്ചിക വിഷയം.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല.

സാമ്പത്തികമായി ചുററുപാടുള്ള വീടുകളിലെ കുട്ടികൾ ധാരാളമായി മററിടങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നുണ്ട്.



377

കുറച്ചുവർഷങ്ങളായി പഞ്ചായത്തിലുള്ള സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞു വരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവ്, മററിടങ്ങളിലുള്ള വിദ്യാലയങ്ങളിലേക്കുള്ള ഒഴുക്ക് എന്നിവയാണ് ഇതിന് മുഖ്യകാരണം. ഈ നില തുടർന്നാൽ പഞ്ചായത്തിലെ സ്കൂളുകളും ക്രമേണ പ്രതിസന്ധികളിലേക്ക് കൂപ്പുകുത്തും എന്ന കാര്യത്തിൽ സംശയമില്ല. സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങളും പഠനനിലവാരവും ഉയർത്തി മററിടങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയുക എന്നുള്ളതുമാത്രമാണ് ഇതിനുള്ള പ്രതിവിധി. വിദ്യാഭ്യാസ രംഗത്ത് ഗൗരവപൂർവ്വം ചിന്തിക്കേണ്ട കാര്യവും ഇതുതന്നെയാണ്.

**പ്രശ്നങ്ങൾ**

1 സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തം
2 പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് വർദ്ധിച്ചു വരുന്നു.
3 അദ്ധ്യാപകരിൽ കൂടുതൽ പേർ വനിതകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങളിൽ അലംഭാവമുണ്ട്.
4 വിദ്യാർത്ഥികളിലെ നിരക്ഷരത
5 പാഠപുസ്തകങ്ങൾ കിട്ടാനുള്ള കാലവിളംബം
6 കുട്ടികളുടെ കലാ–കായിക പരിശീലനത്തിനുള്ള സൗകര്യക്കുറവ്
7 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വീടുകളിലെ കുട്ടികളുടെ ബുദ്ധിമുട്ട്
8 അദ്ധ്യാപകരുടെ പുതിയ പാഠപദ്ധതിയിലുള്ള ഉദാസീനതയും അനുഭവക്കുറവും
9 രക്ഷിതാക്കളുടേയും കുട്ടികളുടേയും അലംഭാവം.

**ഉയർന്നുവന്നനിർദ്ദേശങ്ങൾ**

* പാഠ പുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ വിതരണം ചെയ്യണം.
* പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളെയും ഉൾപ്പെടുത്തി സ്കൂൾ കോംപ്ലക്സ് ഉണ്ടാകണം, പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിക്കണം.
* അദ്ധ്യാപക രക്ഷാകർത്തൃസമിതിയും കുട്ടികളും മാസത്തിലൊരിക്കലെങ്കിലും ഒരുമിച്ചുകൂടി വിലയിരുത്തലുകൾ നടത്തണം.
* അദ്ധ്യാപകർക്ക് സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ പഞ്ചായത്തടിസ്ഥാനത്തിൽ ഇൻസർവ്വീസ് കോഴ്സ് നടത്തണം.
* ബോധന രീതിയിൽവരുന്ന മാററങ്ങൾ രക്ഷിതാക്കൾക്കും ഗ്രാഹ്യമാക്കുന്നതിനുള്ള അവസരങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കണം.
* ക്ലാസ്സ് മുറിക്ക് വെളിയിലുള്ള കുട്ടികളുടെ കഴിവുകൾ കൂടി കണക്കിലെടുത്ത് ബോധനപരീക്ഷാ സമ്പ്രദായങ്ങളിൽ ആവശ്യമായ മാററം വരുത്തണം.
* ബാലകലോത്സവങ്ങളും യുവജനോത്സവങ്ങളും കുട്ടികളിലെയും രക്ഷിതാക്കളിലെയും വൈരനിര്യാതനബോധം വളർത്തുന്നവിധത്തിലുള്ള മത്സരങ്ങളായി തുടരരുത്.
* എല്ലാ സ്കൂളുകളിലും വായനശാലകൾ നിർബന്ധമാക്കണം.

**ഗ്രാമസഭയിലുന്നയിക്കപ്പെട്ട മററുചില ആവശ്യങ്ങളും നിർദ്ദേശങ്ങളും**

1 ഓൾ പ്രമോഷൻ സമ്പ്രദായം എത്രമാത്രം ശാസ്ത്രീയമാണെന്ന് പരിശോധിക്കപ്പെടണം
2 പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാൻ സംവിധാനം വേണം
3 കൊററനെല്ലൂർ (പട്ടേപ്പാടം) എ. എൽ. പി. സ്കൂളും വേളൂക്കര എ. എൽ. പി. സ്കൂളും കൊററനെല്ലൂർ എ.എൽ.പി.സ്കൂളും *UP* സ്കൂളായി ഉയർത്തണം.
4 കല്ലം കുന്നിൽ ഒരു എൽ പി സ്കൂൾ സ്ഥാപിക്കണം.
5 അവിട്ടത്തൂർ *LBSMH* സ്കൂളിനോടനുബന്ധിച്ച് പ്ലസ് ടു (+2) ക്ലാസ്സ് തുടങ്ങണം,
6 കടുപ്പശ്ശേരി *GUPS* സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം.
7 തുമ്പൂരിൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ തുടങ്ങണം
8 പഞ്ചായത്തിൽ ഒരു സാങ്കേതിക പഠനകേന്ദ്രം വേണം.
9 സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

## സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂറം | മൂത്രപ്പുര കക്കൂസ് | കുടിവെള്ളം | ഫർണീച്ചർ | സ്റ്റാഫ് റൂം | ലൈബ്രറി | റേഡിയോ | ലാഞ്ച് |
|---|---|---|---|---|---|---|---|---|
| 1 | GLPS നടവരമ്പ് | ഇല്ല | ഇല്ല | ഡസ്ക്, കസേര ആവശ്യമാണ് | ഇല്ല | ഇല്ല | ഉണ്ട് | ... |
| 2 | GHS നടവരമ്പ് | ഉണ്ട് | വേനൽക്കാലത്ത് ആവശ്യം | ആവശ്യമാണ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | ALPS വേളൂക്കര | ഉള്ളത് ഉപയോഗശൂന്യം | ഉണ്ട് | ആവശ്യമാണ് | ... | ... | ഉണ്ട് | ... |
| 4 | HFLP അവിട്ടത്തൂർ | ഇല്ല | ഉണ്ട് മോട്ടോർ കേടുവന്നതാണ്. | ആവശ്യമാണ് | ... | ഉണ്ട് | ഉണ്ട് | ... |
| 5 | LBSMHS അവിട്ടത്തൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | SHCLPCS കടുപ്പശ്ശേരി | ഇല്ല | ഉണ്ട് | ആവശ്യമാണ് | ... | ... | ഉണ്ട് | ... |
| 7 | ALPS കൊററനെല്ലൂർ (പട്ടേപ്പാടം) | ഇല്ല | പൈപ്പ് വെള്ളം ആവശ്യമാണ് | ... | ഉണ്ട് | ... | ഉണ്ട് | ... |
| 8 | GUPS കടുപ്പശ്ശേരി | മൂത്രപ്പുര ഉണ്ട് കക്കൂസ് ഉപയോഗ ശൂന്യം | വേനൽക്കാലത്ത് ആവശ്യമാണ് | 2 ചെയർ ആവശ്യം | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 9 | SHLPG തുമ്പൂർ | ഉണ്ട് | ക്ഷാമ മുണ്ട് | ... | ... | ഉണ്ട് | ഉള്ളത് ഉപയോഗ ശൂന്യം | ... |
| 10 | AUPS തുമ്പൂർ | ഉണ്ട് | ക്ഷാമ മുണ്ട് | ഉണ്ട് | ... | ഉണ്ട് | ഇല്ല | ... |
| 11 | RHS തുമ്പൂർ | ഉള്ളത് ഉപായാഗശൂന്യം | ക്ഷമാമുണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# കുടിവെള്ളം - പൊതുജനാരോഗ്യം

## കുടിവെള്ളം

ഈ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 70% കുടുംബങ്ങൾക്കും സ്വന്തമായ കിണറുകളുള്ളവരാണ്. മററുള്ളവരിൽ നല്ലൊരു വിഭാഗം അയൽ വീടുകളിലെ കിണറുകളേയും, പൊതു കിണറുകളേയും ആശ്രയിക്കുന്നവരാണ് പഞ്ചായത്തിൽ മൊത്തം 45 പൊതു കിണറുകളുണ്ട്. ഇവയിൽ ഉപയോഗപ്രദമായവ വളരെ കുറവാണ്. ചില വാർഡുകളിൽ പൊതു കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും, ഇതിൽ നിന്ന് ലഭിക്കുന്നവെള്ളം പ്രദേശ നിവാസികൾക്കുപോലും പൂർണ്ണമായി ലഭിക്കുന്നില്ല.

വേനൽക്കാലമായാൽ പഞ്ചായത്തിൽ പൊതുവെ രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. 3മുതൽ5 വരെ മാസങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ സമയത്ത് കുടിവെള്ളത്തിനുള്ള ഏക ആശ്രയം വല്ലപ്പോഴും ടാങ്കർ ലോറികളിൽ വരുന്ന ശുദ്ധജലമാണ്. ലോറികളിൽ വരുന്ന വെള്ളവും അത്യാവശ്യത്തിനുപോലും തികയാതെ വരികയാണ്. പൊതു കിണറുകളും. സ്വകാര്യ കിണറുകളും ഉപയോഗിക്കുന്നവരിൽ കുടിവെള്ളം സുലഭമായി ലഭിക്കുന്നത് ഉദ്ദേശം 15%മുതൽ 18%വരെയുള്ള കുടുംബങ്ങൾക്ക് മാത്രമാണ്. കുടിവെള്ളത്തിനായി ഒരു കിലോമീററർ ദൂരംവരെ കാൽനടയായി പോയി വെള്ളം കൊണ്ടുവരുന്ന പ്രദേശങ്ങളും ഉണ്ടെന്നാണ് ഗ്രാമസഭ ചർച്ചകൾ വ്യക്തമാക്കുന്നത് നിലവിലുള്ള ശുദ്ധജല വിതരണ മാർഗ്ഗങ്ങൾ കുടിവെള്ള ക്ഷാമത്തിന് കാര്യമായ ആശ്വാസം പകരുന്നവയല്ല.

മൂന്ന്, നാല്, ഏഴ് ഒമ്പത്, പത്ത് പതിനൊന്ന് വാർഡുകളിൽ പൊക്കപ്രദേശങ്ങൾകൂടുതൽ ഉള്ളതിനാൽ ഇവിടങ്ങളിൽ കുടിവെള്ളക്ഷാമം കൂടുതലാണ്. പഞ്ചായത്തിൽ മൊത്തമായുള്ള കുടിവെള്ളക്ഷാമം കഴിയുന്നതുംവേഗം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമായി കണക്കാക്കേണ്ടതും, ഈ ആവശ്യത്തിന് പ്രഥമപരിഗണന തന്നെ നൽകേണ്ടതുമാണ്,

### പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതുകിണറുകൾ വേണ്ട വിധം കാലാകാലങ്ങളിൽ അററകുററപണികൾ നടത്തി സംരക്ഷിക്കാൻ സംവിധാനം ഉണ്ടാകണം,

2. നിലവിലുള്ള കുഴൽ കിണറുകളിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് ശേഖരിക്കുവാൻ വേണ്ട ടാങ്കുകളും, ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടുന്ന പൈപ്പുലൈനുകളും ഇല്ല.

3. പതിനൊന്നാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിററിയുടെ കീഴിലുള്ള കുഴൽകിണറും അതിനോടുചേർന്നുള്ള ടാങ്കിൽ സംഭരിക്കുന്ന വെള്ളവും വിതരണം ചെയ്യാൻ ഉതകുന്നവിധം പൈപ്പ്ലൈൻ ഇല്ല. കുന്നുമ്മൽക്കാട് കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ഈ ജലവിതരണകേന്ദ്രത്തിൽ നിന്ന് കുടിവെള്ളം ലഭിക്കുന്നത് കുന്നുമ്മൽക്കാട് കോളനിയിൽ മാത്രമാണ്. അതും ഭാഗികമായേ ലഭിക്കുന്നുള്ളു.

4. ഏഴാം വാർഡിൽ നിലവിലുള്ള കിണറും ടാങ്കും വൃത്തിയാക്കണം. ഇപ്പോൾ ഉള്ള G I. പൈപ്പുകൾ ഉപയോഗിച്ചുള്ള പൈപ്പുകൾ മാററി P. V. C. പൈപ്പുകൾ ഉപയോഗിക്കുകയും. ലൈനുകൾ ഇല്ലാത്ത ഭാഗത്ത് പൈപ്പുലൈനുകൾ സ്ഥാപിക്കുകയും ചെയ്യണം.

5. സ്വകാര്യ ഉടമയിലുള്ള ജലസ്രോതസ്സുകൾ മൂടികളഞ്ഞുകൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

6. നാലാം വാർഡിലെ കല്ലംകുന്നിൽ ഓഗ്മെൻറേഷൻ പദ്ധതിക്കുവേണ്ടി വാങ്ങിയിട്ടുള്ള പത്ത് സെൻറ് സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്ന ഓഗമെൻറേഷൻ സ്കീം എത്ര വേഗം പ്രാവർത്തികമാക്കണം.



380

7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി ഉപയോഗ ശൂന്യമായി ഒഴുകി പോകുന്ന നീർച്ചാലുകളെ ബണ്ടുകൾ കെട്ടിയോ മററു മാർഗ്ഗത്തിലോ തടഞ്ഞു നിർത്തണം.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ *II, III, VIII, IX, XI* വാർഡുകളിൽ അതാതു വാർഡ് അടിസ്ഥാനത്തിൽ തന്നെ കുഴൽ കിണറുകളോ, മററു ജലസംഭരണികളോ കഴിച്ച് വലിയ ടാങ്കുകൾ കെട്ടി അതിൽ വെള്ളം സ്റേറാര ചെയ്ത്, പൈപ്പു ലൈനുകളിട്ട് ശുദ്ധ ജല വിതരണം സാദ്ധ്യമാക്കണം. *VII*-ാം വാർഡിൽ നിലവിലുള്ള കിണറും, പൈപ്പു ലൈനും വൃത്തിയാക്കി. പൈപ്പു ലൈനുകൾ ഇല്ലാത്ത ഭാഗത്ത് പുതിയ ലൈനുകൾ നിരമ്മിച്ച് ശുദ്ധ ജല വിതരണം നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്ന് പൂമംഗലം പഞ്ചായത്തിലേക്ക് ഒന്നാം വാർഡിലൂടെ കടന്നു പോകുന്ന വെള്ളം, ഒന്നാം വാർഡിൽ പുതിയ പൈപ്പു ലൈനുകൾ സ്ഥാപിച്ച് അവിടെയും ലഭ്യമാക്കാവുന്നതാണ്. പതിനൊന്നാം വാർഡിന്റെ രണ്ട് അതിരുകളിൽ വന്നു നില്ക്കുന്ന, വെള്ളാങ്ങല്ലൂർ പഞ്ചായത്തിന്റേയും പുത്തൻചിറ പഞ്ചായത്തിന്റേയും അധീനതയിലുള്ള പൈപ്പ് ലൈനുകളിൽ നിന്ന് പുതിയ പൈപ്പ് ലൈൻ പതിനൊന്നാം വാർഡിന്റെ നാനാഭാഗത്തേക്കും കൊടുത്ത് ശുദ്ധജല വിതരണം സാദ്ധ്യമാക്കാം. നാലാം വാർഡിൽ കല്ലംതോട് ഭാഗത്ത് വന്നു നിൽക്കുന്ന പൈപ്പ് ലൈനിലേക്ക് പുതിയ കണക്ഷൻ കൊടുത്ത് പൈപ്പുലൈനുകൾ സ്ഥാപിക്കാം.

പഞ്ചായത്തിൽ മൊത്തം ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിന് ഉതകുന്ന പദ്ധതികളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ കൂടിചേർക്കുന്നു.

1. ഓഗ്മെൻേറഷൻ സ്കീമിൽ മൊത്തം പഞ്ചായത്തിനെ ഉൾപ്പെടുത്തുകയും ഇതിങ്ങാലക്കുട ഓഗ്മെൻേറഷൻ സ്കീം ഉടനെനടപ്പിലാക്കുകയും ചെയ്യുക.

2. മുരിയാട് കായലിന്റെ *K. L. D. C.* ബണ്ടിൽ നിന്ന് മഞ്ഞനം മൂലയിലുള്ള പുഞ്ചപ്പാടത്ത് വെള്ളം വററിക്കുന്ന കാലഘട്ടത്തിൽ ലിഫ്ററ് ഇറിഗേഷൻ സ്ഥാപിച്ച് അവിട്ടത്തൂർ അമ്പല പരിസരത്ത് ഒരു വലിയ ടാങ്ക് പണിത്, അവിടെനിന്ന്, പുറഞ്ചിറ പൊതുമ്പുചിറ, ഓങ്ങിച്ചിറ, ചങ്കരംകുളം, കോതകുളം, തത്തപ്പിള്ളിക്കുളം, കല്ലംതോട് വഴി നടവരമ്പ് ഭാഗത്തേക്കും, പുന്നക്കുളം, വഴുക്കിലച്ചിറവഴി പട്ടേപ്പാടം ഭാഗത്തേക്കും വെള്ളം എത്തിക്കുവാനുള്ള പദ്ധതി നടപ്പാക്കുക. കാർഷികമേഖലയ്ക്കും, കുടിവെള്ള ക്ഷാമത്തിനും ശാശ്വത പരിഹാരമാകും ഇത്.

3. ആറാം വാർഡിന്റെ വടക്കെ അതിരിൽ മുരിയാട് കായലിനോട് ബന്ധപ്പെട്ടു കിടക്കുന്ന ഭാഗത്ത് ഒരു കുളം കുഴിച്ച്, വലിയ ടാങ്ക് പണിത് അതിലേക്ക് വെള്ളം പമ്പു ചെയ്തു. പഞ്ചായത്തിൽ നാനാഭാഗത്തും പൈപ്പു ലൈനുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കാം.

# പൊതുജനാരോഗ്യം

ഈ പഞ്ചായത്തിൽ പൊതുജനാരോഗ്യകേന്ദ്രങ്ങൾ ആകെ 3 എണ്ണമാണ്. ഇതിൽ അലോപ്പതി ചികിത്സാ സമ്പ്രദായത്തിലുള്ള പ്രൈമറി ഹെൽത്ത് സെൻറർ 1, ആയുർവ്വേദ ചികിത്സാ കേന്ദ്രം 1, ഹോമിയോ ഡിസ്പെൻസറി 1. ഇവയ്ക്കുപുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 പൊതു മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം *P. H. C.* യുടെ നിയന്ത്രണത്തിലാണ് കൂടാതെ രണ്ട് സ്വകാര്യഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദ ചികിത്സാസൗകര്യവും സ്വകാര്യതലത്തിൽ രണ്ടു മൂന്നെണ്ണം പ്രവർത്തിക്കുന്നു. പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങൾ ഒന്നും നിലവിലുള്ളതായി കാണുന്നില്ല.

പഞ്ചായത്തിലെ ജനസംഖ്യ 27366 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ. 13113 പുരുഷന്മാർ ഉള്ളപ്പോൾ സ്ത്രീകളുടെ എണ്ണം 14243 ആണ്. പുരുഷന്മാരെക്കാൾ 1120 സ്ത്രീകൾ കൂടുതലുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വർഷത്തിൽ ശരാശരി 127 മരണം വീതം നടക്കുന്നുണ്ട്. വർഷത്തിൽ ശരാശരി 3000ത്തോളം രോഗികൾ പഞ്ചായത്തിൽ ചികിത്സ സ്വീകരിക്കുന്നവരുണ്ട്. ഇവരിൽ ശരാശരി 400 പേർക്ക് പകർച്ചവ്യാധികൾമൂലം ചികിത്സ സ്വീകരിക്കുന്നവരാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 15 പേരെ മലേറിയ ബാധിച്ചതായി കാണുന്നു. അന്ധ-ബധിര മൂകരായിട്ടുള്ളവരും ചലന

വൈകല്യമുള്ളവരുമായി 29പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അപ്രകാരം തന്നെ 5 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള മന്ദബുദ്ധികളായ പത്തുപേരുണ്ട്. ഇവരുടെ സുരക്ഷിതത്വവും, സംരക്ഷണചുമതലയും ഉറപ്പുവരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ആകെ 2212 അമ്മമാർ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുള്ളവരാണ് ഇവരിൽ 298 പേർ ഒരു കുട്ടി വീതം ഉള്ളവരും 1368 പേർ രണ്ടുകുട്ടികൾവീതം ഉള്ളവരും 546 പേർ 2ൽകൂടുതൽ കുട്ടികളുള്ളവരുമാണ് രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ, ക്ഷയം, ഹൃദ്രോഗം എന്നീ രോഗങ്ങൾ ബാധിച്ചിട്ടുള്ളവർ യഥാക്രമം327, 235, 40, 11, 19 എന്നിങ്ങനെയാണ്.

ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 350ഉം ഇവരിൽ പ്രതിരോധ കുത്തിവെയ്പ് നടത്തിയിട്ടുള്ളവർ 325ഉം ആണെന്ന് കണക്കുകൾ കാണിക്കുന്നു.

**പ്രശ്നങ്ങൾ:-**

1. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് കിടന്നു ചികിത്സ ലഭ്യമാകുവാനുള്ള ഒരു ഹോസ്പിററലിൽ എത്തിച്ചേരണമെങ്കിൽ 4മുതൽ10കിലോ മീററർ ദൂരംവരെ യാത്ര ചെയ്യണം.
2. പല വാർഡുകളിൽ നിന്നും താല്ക്കാലിക ചികിത്സ ലഭിയ്ക്കാൻ വേണ്ടി പോലും 2മുതൽ 8 കിലോമീററർ ദൂരം വരെ പോകേണ്ടിവരുന്നു. ഇതിൽ പലർക്കും കാൽ നട മാത്രമാണ് ആശ്രയം.
3. പഞ്ചായത്തിന്റെ പല ഭാഗത്തും, മലിനജലം കെട്ടികിടക്കുകയും ചപ്പും, ചവറും നിറഞ്ഞു കിടക്കുകയും ചെയ്യുന്നു
4. പകർച്ച വ്യാധികളേയും, മാരകരോഗങ്ങളെയുംകുറിച്ച് പൊതുവിൽ വേണ്ടത്ര അറിവ് ജനത്തിന് കിട്ടിയിട്ടില്ല
5. മത്സ്യ-മാംസാദികളുടെ വില്പനയ്ക്ക് പൊതു വിതരണ ശാലകൾ ഇല്ല
6. പൊതുശ്മശാനം ഇല്ല.
7. നായകൾ അലഞ്ഞു നടക്കുകയും, പേ ബാധിക്കുകയും ചെയ്യുന്നുണ്ട്.
8. ചെങ്കണ്ണ്, ചിക്കൻപോക്സ്, വയറിളക്കം തുടങ്ങിയ പകർച്ച വ്യാധികൾ ഇടയ്ക്കിടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ളതായി കാണുന്നു.
9. കൊതുക് ശല്ല്യം വ്യാപകമായി ഉണ്ട്.
10. പഞ്ചായത്തിൽ 40% കുടുംബങ്ങൾക്കും കക്കൂസുകളില്ല.
11. പ്രൈമറി ഹെൽത്ത് സെൻററിന് സ്വന്തമായി കെട്ടിടമില്ല. സൗകര്യ പ്രദമല്ലാത്ത സ്വകാര്യ കെട്ടിടത്തിലാണ് ഇപ്പോൾ PHC പ്രവർത്തിക്കുന്നത്. അതുപോലെ സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥയിൽ തന്നെയാണ് ഹോമിയോ ഡിസ്പെൻസറിയും ആയുർവേദ ഡിസ്പെൻസറിയും.

**നിർദ്ദേശങ്ങൾ**

1. P. H. C. യ്ക്കുവേണ്ടി പഞ്ചായത്ത് ലഭ്യമാമാക്കിയ സ്ഥലത്ത് എത്രയും പെട്ടെന്ന്കെട്ടിടനിർമ്മാണം നടത്തണം. ഒരു വനിതാ ഡോക്ടറുൾപ്പെടെ രണ്ടോ മൂന്നോ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം P. H. C. യിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണം.
2. ഓരോ വാർഡിലും ഓരോ സബ് സെൻറർ വീതം സ്ഥാപിക്കുകയും നിലവിലുള്ള സബ് സെൻററുകളടക്കമുള്ളവയിൽ ആഴ്ചയിൽ ഒരുദിവസം വീതമെങ്കിലും എല്ലാ വാർഡിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം. സബ്സെൻററുകളെ മാതൃ-ശിശുസംരക്ഷണ കേന്ദ്രം മാത്രമാക്കാതെ പൊതുചികിത്സാ സൗകര്യവുംകൂടി ഏർപ്പെടുത്തണം.
3. ഓരോവാർഡിലും ആരോഗ്യ പഠനക്ലാസ്സുകൾ നടത്തുകയും പകർച്ചവ്യാധികളേയും, AIDS പോലുള്ള മാരകരോഗങ്ങളേയുംകുറിച്ച്ബോധവൽക്കരണംനടത്തണം. ഇതിനായി സാംസ്ക്കാരിക സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവയുടെ സഹായവുംസേവനവും തേടാവുന്നതാണ്.
4. പകർച്ചവ്യാധികളെ തടയുന്നതിനുവേണ്ട പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും കൊതുക്, എലി തുടങ്ങിയവയെ നശിപ്പിക്കുവാനുതകുന്ന മരുന്ന്തെളിയും മററും മാർഗ്ഗങ്ങളും സ്വീകരിയ്ക്കുകയുംവേണം.
5. കക്കൂസുകളില്ലാത്ത കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിന്റേയും സാമ്പത്തിക നിലവാരമനുസരിച്ച്, ലോൺ ലഭ്യമാക്കുക, സബ്സിഡിനിരക്കിൽ കക്കൂസ് അനുവദിക്കുക,



382

സൗജന്യ പദ്ധതികൾ ആവിഷ്കരിച്ച് കക്കൂസ് പണിയുക തുടങ്ങിയവ യഥോചിതം ചെയ്തുകൊടുത്ത് പഞ്ചായത്തിൽ എല്ലാ വീടിനും കക്കൂസ് ഉണ്ടെന്ന് ഉറപ്പു വരുത്തണം.

6 പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു പൊതുശ്മശാനം ബഹുജന പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ ശ്രമിയ്ക്കണം, 11-ാം വാർഡിൽ ഉള്ള ശ്മശാനം ചുററു മതിൽകെട്ടി സുരക്ഷിതത്വം ഉറപ്പാക്കണം

7. നാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നുകളയുന്നതിന് നിർബന്ധമായും ഏർപ്പാടുകൾ ചെയ്യുകയും, വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ കുത്തിവെയ്പ്പ് നടത്തുകയും, ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യണം. വളർത്തുനായ്ക്കളെ അതാതു വീടുകളിൽ പൂട്ടിയിടണമെന്ന വ്യവസ്ഥ നിയമമാക്കി നടപ്പിലാക്കണം.

8. കെട്ടിക്കിടക്കുന്ന മലിനജലം ഒഴുകിപോകാൻ സൗകര്യമുണ്ടാക്കുകയും, വീടുകളിലെ മലിനജലം ഒഴുക്കിക്കളയുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

9. സ്വകാര്യ കിണറുകളടക്കമുള്ള എല്ലാ കിണറുകളിലും സമയാസമയങ്ങളിൽ ക്ലോറിനേഷൻ നടത്താൻ ശ്രമിക്കണം.

10. ഓരോ വാർഡുകളിലും കുപ്പതൊട്ടികൾ സ്ഥാപിക്കുകയും, ചപ്പുചവറുകൾ അലക്ഷ്യമായി പൊതുജനോപദ്രവമായി മാറുന്ന നിലയിൽ അവിടവിടെ ഇടുന്നതിനെതിരെ കർശന നടപടി സ്വീകരിയ്ക്കണം.

11. പൊതുഅറവുശാല, മത്സ്യ-മാംസാദികൾ വിൽക്കുന്നതിന് പൊതുവാണിജ്യസ്ഥലം എന്നിവ ചുരുങ്ങിയ തോതിലെങ്കിലും വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കണം. മത്സ്യ-മാംസാദികൾ കേടില്ലാത്തതാണെന്ന ഉറപ്പ് വരുത്താൻ പരിശോധനാസമ്പ്രദായം നടപ്പിൽ വരുത്തണം.

12. താല്കാലികകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കല്ലംകുന്ന്, നടവരമ്പ് ഫാമിലി വെൽഫയർ സെൻററുകൾക്ക് കെട്ടിടനിർമ്മാണം നടത്തേണ്ടതാണ്.

13. ഹോമിയോ – ആയുർവ്വേദ ഡിസ്പെൻസറികൾക്ക് സ്വന്തമായ കെട്ടിടംവേണം. ആയുർവ്വേദ ഡിസ്പൻസറിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം വേണം.

14. പഞ്ചായത്തിൽ ഔഷധച്ചെടികൾ വ്യാപകമായി വെച്ചുപിടിപ്പിക്കുവാൻ കഴിയും. ഇത് ലാഭകരമായ കൃഷിയാക്കി മാറാനും പഞ്ചായത്തിലുള്ള ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമുള്ള മരുന്നുകൾ സ്വന്തമായി ഉല്പാദിപ്പിച്ച് രോഗികൾക്ക് വിതരണം ചെയ്യുവാനും കഴിയും.

**വേളൂക്കര പഞ്ചായത്ത് പൊതുജനാരോഗ്യകേന്ദ്രങ്ങൾ**

| സ്ഥാപനം | സ്ഥിതി ചെയ്യുന്ന സ്ഥലം | വാർഡ് | ഡോക്ടർമാരുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| PHC വേളൂക്കര | ആക്കപ്പിള്ളി | 8 | 1 | 13 |
| ഹോമിയോ ഡിസ്പൻസറി | കൊററനെല്ലൂർ | 8 | 1 | 3 |
| ആയുർവ്വേദ ഡിസ്പൻസറി | അവിട്ടത്തൂർ | 5 | 1 | 3 |

**PHC യുടെ സബ് സെൻററുകൾ**

| ക്രമനമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1 | പട്ടേപാടം | 11 |
| 2 | കൊററനെല്ലൂർ | 8 |
| 3 | അവിട്ടത്തൂർ | 4 |
| 4 | നടവരമ്പ് | 1 |
| 5 | കല്ലംകുന്ന് | 3 |



383

# ഗതാഗതം, ഊർജ്ജം, മാർക്കററ്

## ഗതാഗതം

പഞ്ചായത്തിൻെറ 3 വില്ലേജുകളേയും നേരേ ബന്ധപ്പെടുത്തുന്നതോ, നടവരമ്പ്, അവിട്ടത്തൂർ തുമ്പൂർ, കൊററനല്ലൂർ, പട്ടേപ്പാടം എന്നീ പ്രധാന സെൻററുകളേയും ബന്ധപ്പെടുത്തുന്നതോ ആയ പൊതു റോഡുകളില്ല. പഞ്ചായത്തിൽ പ്രത്യേകിച്ചും ഒരു കേന്ദ്രബിന്ദുവെന്ന് പറയാവുന്ന സ്ഥലമില്ല ഇതു തന്നെ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥക്ക് കാരണമാണ്. പഞ്ചായത്തിലെ ഒരു സെൻററിൽ നിന്ന് മറെറാന്നിലേക്ക് പോകണമെങ്കിൽ അടുത്തുള്ള പഞ്ചായത്തിലോ മുനിസിപ്പാലിററിയിലോ കൂടി കടന്നു വേണം പോകാൻ രണ്ടും മൂന്നും ബസ്സുകൾ മാറികയറണം പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ബസ്സ് സൗകര്യമില്ല നാഷണൽ ഹൈവേയോ, സ്റ്റേററ് ഹൈവേയോ, ഡിസ്ട്രിക്ററ് റോഡുകളോ ഒന്നും തന്നെ പഞ്ചായത്തിലൂടെ കടന്നു പോകുന്നില്ല.

വേളൂക്കര പഞ്ചായത്തിൽ ആകെ 85 കി. മീ റോഡുണ്ട് ഇതിൽ 51 കി. മീ. റോഡാണ് ടാർ ചെയ്തിട്ടുള്ളത്. ടാർ ചെയ്തിട്ടുള്ളതിൽ 25 കി. മീ. PWD റോഡുകളും 26 കി. മീ. പഞ്ചായത്തു റോഡുകളുമാണ പഞ്ചായത്തധീനത്തിലുള്ള റോഡുകളുടെ ആകെ നീളം 60 കി. മീ ആണ് പഞ്ചായത്തിനു മെച്ചപ്പെട്ട ഒരു റോഡു ശൃംഖലയില്ല. ഉള്ള റോഡുകളൊന്നും തന്നെ സഞ്ചാരയോഗ്യമല്ല ടാർ റോഡുകൾ യഥാസമയം റിപ്പയറിങ്ങോ ടാറിങ്ങോ നടത്താറില്ല പഞ്ചായത്തിൻെറ പ്രധാന P W D റോഡായ വെള്ളാങ്കല്ലൂർ–കൊമ്പിടി റോഡിൻെറ പഞ്ചായത്തിൽ വരുന്ന ചില ഭാഗങ്ങൾ കഴിഞ്ഞ 18 വർഷമായി റീ ടാറിങ്ങ് നടത്തിയിട്ടില്ല എല്ലാ വർഷവും ടാറിങ്ങ പണികൾ മേയ്, ജൂൺ മാസങ്ങളിലാണ് ആരംഭിക്കാറ് റോഡുപണികൾക്ക വേണ്ട റോളർ, മിക്സർ പ്ലാൻറ് മുതലായ വയില്ലാത്തതു കൊണ്ട് പഞ്ചായത്തിലെ റോഡുപണികൾ മഴ തടസ്സപ്പെട്ടതാണ് ഇതു പണികളുടെ ഗുണമേന്മ കുറക്കുകയും ചെയ്യുന്നു. കേടുവരുന്ന റോഡുകൾ യഥാസമയം അററകുററ പണികൾ ചെയ്യാനുള്ള സംവിധാനമുണ്ടായാൽ റോഡുകളെ നന്നായി നിലനിർത്താം

**പ്രശ്നങ്ങൾ:–**

1 പഞ്ചായത്തിൽ വേണ്ടത്ര റോഡു സൗകര്യമില്ല

2 എല്ലാ റോഡുകളുടെയും നിലവാരം വളരെ മോശമാണ്

3 ഒട്ടുമിക്ക റോഡുകൾക്കും കാനകളില്ല ടാർ റോഡുകളിൽ വെള്ളം കെട്ടിനിന്നും മററുറോഡുകളുടെ നടുവിലൂടെ വെള്ളം ഒഴികിയും റോഡുകൾ വേഗം കേടാവുന്നു.

4 റോഡുകളിലേക്കുള്ള കയ്യേററം സാധാരണമാകുന്നു.

5 റോഡുകളിൽ വരുന്ന വെള്ളക്കെട്ട് പാമ്പുകളിലേക്ക് തിരിച്ചു വിടാൻ സാധിക്കാത്തതുകൊണ്ട് റോഡുകൾ കുണ്ടും കുഴിയുമാകുന്നു. നിലംപതികളുടെ ഇരു ഭാഗങ്ങളിലും മതിൽ കെട്ടി വെള്ളം തടയുന്നതു സർവ്വസാധാരണമാണ്

6 റോഡിൻെറ ഇരു ഭാഗങ്ങളിലുമുള്ള അതിർത്തികളിൽ വളർന്നു നില്ക്കുന്ന മുളങ്കൂട്ടങ്ങളും, കാടും വൃക്ഷത്തലപ്പുകളും റോഡു ഗതാഗതം ദുസ്സഹമാക്കുന്നു.

7 ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും റോഡിലേക്ക് ഇറങ്ങി നില്ക്കുന്നു.

8 റോഡുകൾ നന്നാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏററവും വലിയ പ്രശ്നമാണ്.

9 റോഡുകൾ യഥാസമയം നന്നാക്കുന്നതിന് സംവിധാനങ്ങളില്ല. വേണ്ടതായ യന്ത്ര സാമഗ്രികളുമില്ല.

10 റോഡു പണി കഴിഞ്ഞാൽ യഥാസമയം പണം കൊടുക്കുന്നതിന് സാധിക്കുന്നില്ല. ഇത് റോഡ് പണിയെ പ്രതികൂലമായി ബാധിക്കുന്നു.

### സാദ്ധ്യതകൾ

1 പഞ്ചായത്തിലൂടെയുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന റൂട്ടുകളിൽ ബസ്സോടിക്കാൻ നടപടിയെടുക്കണം. 1–ാം വാർഡിൽ ഐക്കരക്കുന്നുവഴി ഓടിയിരുന്ന ബസ്സും ചാമക്കുന്ന് വഴി പോയിരുന്ന ബസ്സും പുനരാരം



384

ഭിക്കണം. 4-ാം വാർഡിൽ കൊററനല്ലൂരിൽ നിന്നും ചർച്ച് റോഡ് - ഊരകം കോമ്പാറ വഴി ഒരു ബസ്സ് ഓടിക്കണം. 5-ാം വാർഡിൽ മാളയിൽ നിന്നും കൊററനെല്ലൂർ അവിട്ടത്തൂർവഴി ഇരിങ്ങാലക്കുടക്കും കൊടകരയിൽ നിന്നും കല്ലേററുംകര, താഴേക്കാട് അവിട്ടത്തൂർവഴി ഇരിങ്ങാലക്കുടക്കും ഓരോ KSRTC ബസ്സ് സർവീസ് ആരംഭിക്കണം. 6-ാം വാർഡിൽ ഇരിങ്ങാലക്കുട നിന്നും പുല്ലൂർ, തൊമ്മാന, താഴേക്കാട് വഴി ചാലക്കുടി, കൊടകര മാള, എന്നിവടങ്ങളിലേക്ക് ബസ്സ് സർവ്വീസ് തുടങ്ങുക. 7-ാം വാർഡിൽ കടുപ്പശ്ശേരി വഴി മാള-ഇരിങ്ങാലക്കുട റൂട്ടിൽ KSRTC ബസ് സർവ്വീസ് തുടങ്ങുക. 10-ാം വാർഡിൽ പട്ടേപ്പാടം വഴിക്കിലിച്ചിറ തുമ്പൂർ അത്താണിവഴിയും പട്ടേപ്പാടം വഴിക്കിലച്ചിറ കുറുപ്പംപടി വഴിയും ബസ്സ് സർവ്വീസ് തുടങ്ങണം. 11-ാം വാർഡിൽ പട്ടേപ്പാടം മനക്കൽപ്പടി റോഡുവഴിയുള്ള ബസ്സ് സർവ്വീസ് പുനരാരംഭിക്കണം.

2) പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകളുടെ വിവരമാണ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നത്

| നമ്പ്ര് | വാർഡ് | റോഡിൻെറ പേരും വിവരവും | നീളം |
|---|---|---|---|
| 1 | 2 | കാവനാട്ടുമന പടിഞ്ഞാറെ റോഡ് | 450 മീററർ |
| 2 | ,, | കോമ്പാറ കിഴക്കംവശം ലിങ്ക്റോഡ് | |
| 3 | 5 | അവിട്ടത്തൂർ ശിവക്ഷേത്രം-ചെങ്ങാററുറി റോഡ് | 1 കി. മീ. |
| 4 | ,, | ശിവക്ഷേത്രം-സഹകരണ സംഘം റോഡ് | |
| 5 | 8 | കൊററനെല്ലൂർ പള്ളി-അമ്പേനിപൊക്കം-ചാത്തന്നൂർ അമ്പലം | 1.5 കി. മീ. |
| 6 | ,, | കുറുപ്പംപടി മണ്ണാർമൂലറോഡ് | 1.5 കി. മീ. |
| 7 | ,, | കൊററനെല്ലൂർ കള്ളഷാപ്പ്-മണ്ണാർ മൂലറോഡ് | 400 മീററർ |
| 8 | ,, | ട്രാൻസ്ഫോർമാർ-ക്ലൂപ്പാംകുന്ന് റോഡ് | 500 മീററർ |
| 9 | 10 | പട്ടേപ്പാടം-കണ്ണൻകോടൻ മൂലറോഡ് | 2.5 കി. മീ. |
| 10 | ,, | ശിവഗിരി അമ്പലം-ആക്കപ്പിള്ളി റോഡ് | 1 കി. മീ. |
| 11 | ,, | പറക്കാട്ടുകുന്ന് കോളനി-തുമ്പൂർ കിഴക്കംമുറി റോഡ് | |
| 12 | ,, | കുന്നുമ്മൽക്കാട് കോളനി (പടിഞ്ഞാറെ അതിർത്തി) തെക്കോട്ട്പോകുന്ന റോഡ് | |
| 13 | ,, | കുന്നുമ്മേൽക്കാട് കോളനി (കിഴക്കേ അതിർത്തി) -തെക്കോട്ടുപോകുന്ന റോഡ് | |

3) പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പ്ര് | വാർഡ് | റോഡ് വിവരം | നീളം |
|---|---|---|---|
| 1 | 1 | ശ്രീഗ്രാമം റോഡ് പൂമംഗലം പഞ്ചായത്തുവരെ | 250 മീ. |
| 2 | ,, | പെരുമ്പാലം റോഡ് നീട്ടി ശ്രീഗ്രാമം റോഡുമായി ബന്ധപ്പെടുത്തുക | 500 മീ. |
| 3 | ,, | നടവരമ്പ് പള്ളി-പുഞ്ചപ്പാടം റോഡ് | 500 മീ. |
| 4 | ,, | നടവരമ്പ് കോളനി- പുഞ്ചപ്പാടം റോഡ് | 500 മീ. |
| 5 | 2 | പാറപ്പുറം ട്രാൻസ്ഫോർമാർ വടക്കോട്ട് | 75 മീ. |
| 6 | ,, | ബ്രിക്ക് മൈബയിൻറിങ്ങ് പ്രസ്സ് മുതൽ വടക്കോട്ടുള്ള റോഡ് | |
| 7 | 3 | പോക്കടിപ്പാടം റോഡ് | |
| 8 | 3 | പൊയ്യച്ചിറ-കല്ലംകുന്ന് റോഡ് | |
| 9 | 4 | കല്ലംകുന്ന്-അവിട്ടത്തൂർ ഫാം റോഡ് | |
| 10 | 7 | കടുപ്പശ്ശേരി- നടവരമ്പ് കോളനി റോഡ് | |
| 11 | 8 | പഞ്ചായത്താപ്പീസിനു പടിഞ്ഞാറുഭാഗം തെക്കോട്ട് പോകുന്ന റോഡ് പുല്ലൂക്കരത്താഴം റോഡുമായി ബന്ധിപ്പിക്കുക | 1.5 കി. മീ. |
| 12 | ,, | പനമ്പിള്ളിത്താഴം റോഡ് കുറുപ്പംപടി മണ്ണാർമൂല റോഡ് വരെ | 300 മീ. |
| 13 | ,, | മണ്ടകൻപടിമുതൽ പറക്കാട്ടുകുന്ന് വരെയുള്ള റോഡ് | 500 മീ. |
| 14 | 9 | മൂന്നാം ഡിവിഷനിൽ പുഞ്ചപ്പാടം റോഡ് | 1 കി. മീ. |



385

4 പഞ്ചായത്തിലെ മററു ചെറുറോഡുകൾ വർഷംതോറും അററകുററ പണികൾ നടത്തുക.

5 വീതിയുള്ള റോഡുകൾക്കൊക്കെയും കാനകൾ നിർമ്മിച്ച് വെള്ളം ഒഴിഞ്ഞുപോകാൻ സൗകര്യമുണ്ടാക്കുക. റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ഇരുഭാഗത്തെ പറമ്പുകളിലേക്കും വെള്ളം തിരിച്ചുവിടാൻ സംവിധാനമുണ്ടാക്കുക. റോഡുകളിൽ വെള്ളംകെട്ടിനിർത്തുന്നത് കുററകരമാക്കുക

6 റോഡുകളിലേക്കുള്ള കയ്യേററം കർശനമായി തടയുക

7 റോഡിലേക്കിറങ്ങിയമുളകൂട്ടങ്ങളുംകാടുംവൃക്ഷത്തലപ്പുകളും വളർന്ന് നിൽക്കുന്നത് വെട്ടിമാററാൻ അതതു പറമ്പുക്കാരനെ ഉത്തരവാദിത്വപ്പെടുത്തുക

8 റോഡിലേക്ക് ഇറങ്ങിനിൽക്കുന്ന പോസ്ററുകൾ റോഡിന്റെ അരികിലേക്ക് എത്രയും വേഗം മാററി സ്ഥാപിക്കുക. ഇത് അതാത് ഡിപ്പാർട്ടുമെന്റുകളും പഞ്ചായത്തും സഹകരിച്ച് ചെയ്യേണ്ടതാണ്

9 റോഡുകൾ എല്ലാ വർഷവും റിപ്പയർ ചെയ്യേണ്ടതാണ്. റോഡുപണികൾക്കുള്ള യന്ത്രസാമഗ്രികൾ ബ്ലോക്കുതലത്തിലെങ്കിലും ഉണ്ടാകണം.

10 റോഡുപണികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും പണികഴിഞ്ഞാൽ വൈകാതെ പണം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം,

11 പഞ്ചായത്തിലെ റോഡുകൾ കേടുകൂടാതെയും വൃത്തിയായും സൂക്ഷിക്കുന്നതിനുള്ള ഒരു നിയമസംഹിതയുണ്ടാക്കണം.

## ഊർജ്ജം

വേളൂക്കര പഞ്ചായത്തിലെ ഊർജ്ജത്തെപ്പററി പറയുമ്പോൾ വൈദ്യുതി തന്നെയാണ് ഏററവും പ്രധാനം. കാർഷിക രംഗത്തുപയോഗിക്കുന്ന പമ്പു സെററുകൾ വീട്ടുപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കാനും വിളക്കുകൾക്കു വൈദ്യുതിതന്നെയാണ് ആശ്രയം. വൈദ്യുതി കണക്ഷനുവേണ്ടി വർഷങ്ങളോളം കാത്തിരിക്കുന്നവർ ഒരു ഭാഗത്തും വോൾട്ടേജ് ക്ഷാമംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന നിലവിലുള്ള ഉപഭോക്താക്കൾ മറുവശത്തും കാണാവുന്നതാണ് ഇത് പഞ്ചായത്തിന്റെ കാർഷിക വ്യവസായിക രംഗങ്ങളിലെ വികസന സാധ്യതകളിൽ മങ്ങലേൽപ്പിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഓരോന്നിനു കീഴെയുള്ള ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽനിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നവയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഉപഭോക്താക്കളുടെ എണ്ണത്തിലും ഉപഭോഗത്തിന്റെ അളവിലും വർദ്ധനവുണ്ടായികൊണ്ടിരിക്കുന്നു. വിവിധ മേഖലകളിൽ വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസൃതമായി വിതരണം കൂട്ടാൻ സാധിക്കുന്നില്ല. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിററി കൂട്ടുകയോ അല്ലെങ്കിൽ പുതിയവ സ്ഥാപിക്കുകയോ ചെയ്യാത്തിടത്തോളം കാലം ഈ ദുർഗതിയുണ്ടാകും. ആവശ്യത്തിനുവേണ്ടതായ ഊർജ്ജം പഞ്ചായത്തിലേക്ക് ഒഴുകിയെത്തിയാലേ ഇതിന് പരിഹാരമാവുകയുള്ളു. നടവരമ്പത്ത് വരാൻ പോകുന്ന നിർദ്ദിഷ്ട 110 KV സബ് സ്റേറഷൻ ഒരുപരിധിവരെ ഇതിന് പരിഹാരമായേക്കാം.

വോൾട്ടേജ് ക്ഷാമം കാരണം സെററപ്പ് വ്യാപകമായി ഉപയോഗിക്കുന്നതു കൊണ്ട് വിതരണ ശൃംഖലയിൽ പിന്നെയും ഏററക്കുറച്ചിലുണ്ടാകുന്നു പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വോൾട്ടേജ് ചില സമയങ്ങളിൽ 25 വോൾട്ട് വരെ താണുപോകുന്നു. 110 വോൾട്ടു മുതൽ 25 വോൾട്ടു വരെയുള്ള ബൾബുകൾ ഉപയോഗിക്കേണ്ടി വരുന്നു. ട്രാൻസ്ഫോർമറുകളിൽ നിന്നും ദൂരത്തിലാണെങ്കിൽ വോൾട്ടേജിനെപ്പററി പറയാതിരിക്കയാണ് ഭേദം.

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 60% മാത്രമാണ് വൈദ്യുതീകരിച്ചത്. കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ചിലയിടങ്ങളിൽ ഇനിയും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. 'കുടിൽ ജ്യോതി' പദ്ധതി പ്രകാരം വയറിങ്ങ് കഴിച്ച 84 വീടുകളിൽ സാങ്കേതികകാരണങ്ങൾ കൊണ്ട് വൈദ്യുതി കിട്ടിയിട്ടില്ല. ST കളുള്ള കല്ലംകുന്ന് പ്രദേശത്ത് വൈദ്യുതി കിട്ടിയിട്ടില്ല.

പഞ്ചായത്തിലെ ജനസംഖ്യയും വീടുകളുടെ എണ്ണവും റോഡുകളുടെ ദൈർഘ്യവും വർദ്ധിച്ചുവെങ്കിലും തെരുവു വിളക്കുകൾ കാര്യമായി വർദ്ധിച്ചിട്ടില്ല. ഉള്ളവതന്നെ ശരിക്കും കത്തുന്നുമില്ല. ഓരോ വാർഡിലേക്കും 25 തെരുവു വിളക്കുകളെങ്കിലും പുതുതായി അനുവദിക്കുകയും നിലവിലുള്ളവ സ്ഥിരമായി കത്തിക്കുവാനും സാധിച്ചാൽ ഇതിന് പരിഹാരമായി സാധാരണ ബൾബിന്റെ നാലിരട്ടിയോളം പ്രകാശം ട്യൂബ് ലൈററ് തരുന്നുണ്ട്. ഇലക്ട്രോണിക് ചോക്കുപയോഗിച്ചാൽ കുറഞ്ഞ വോൾട്ടേജിലും ട്യൂബ് ലൈററ് കത്തും. അനർട്ട് നൽകുന്ന

സബ്സിഡി ഉപയോഗിച്ച് എല്ലാ വീടുകളിലും ഇലക്ട്രോണിക് ചോക്ക് ഫിററ് ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും നിരന്തരം തടസ്സപ്പെടുന്ന വൈദ്യുതിവിതരണവും പ്രേഷണ-വിതരണസംവിധാനങ്ങളുടെ തകരാറ് കാരണമാണ് ഈ നഷ്ടത്തിൻെറ സാങ്കേതിക കാരണങ്ങൾ.

ട്രാൻസ്ഫോർമറുകളുടെ അധിക ഭാരവും, വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ് അതുകൊണ്ട് പ്രേഷണ-വിതരണ നഷ്ടം കുറക്കുവാനുള്ള സാദ്ധ്യത ഇവിടെ ധാരാളമുണ്ട്. ട്രാൻസ്ഫോർമറുകളുടെ സ്ഥാനങ്ങൾ പുനഃക്രമീകരിക്കുക. വൈദ്യുതി ലൈനുകളിൽ മുട്ടികിടക്കുന്ന വൃക്ഷത്തലപ്പുകൾ വെട്ടിമാററുക, വൈദ്യുതിലൈനുകൾ ശാസ്ത്രീയമായി പുനഃനിർമ്മാണം നടത്തി ദൈർഘ്യം കുറയ്ക്കുക എന്നിവ പ്രധാനങ്ങളാണ്.

പഞ്ചായത്തിലെ 95% ജനങ്ങളും പാചകാവശ്യത്തിനും മററു ഗാർഹികാവശ്യങ്ങൾക്കും വിറകിനെയാണ് ആശ്രയിക്കുന്നത്. വിറകിൻെറ കുറഞ്ഞു വരുന്ന ലഭ്യതയും ഉയർന്നുകൊണ്ടിരിക്കുന്ന വിലയുമാണ് ഇതുമായി ബന്ധപ്പെട്ട രണ്ട് പ്രധാന പ്രശ്നങ്ങൾ. ക്ഷമതകൂടിയ അടുപ്പുകൾ ഈ പഞ്ചായത്തിൽ ഒട്ടുംതന്നെ പ്രചാരത്തിലില്ല എന്നു പറയാം. 60% വീടുകളിലും ക്ഷമത കൂടിയ അടുപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ വിറകിൻെറ ബുദ്ധിമുട്ടിന് അല്പം ഒരു ആശ്വാസമാകും അത്തരം അടുപ്പുകൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തിൽ ഒരു യൂണിററ് സ്ഥാപിക്കാവുന്നതാണ്. അതോടൊപ്പംതന്നെകഴിയുന്നത്ര വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സോളാർ കുക്കറുകളും സോളർ പാനലുകളും പ്രചരിപ്പിക്കുകയാണെങ്കിൽ അവ ഉപയോഗിച്ചുള്ള പമ്പുസെററുകളും ചെറുകിട വ്യവസായങ്ങൾക്ക് ജനറേററിന് പകരമായും ഉപയോഗിക്കുവാൻ കഴിയും.

കഴിവതും ഇന്ധനം ലഭിക്കുന്നതിനുവേണ്ടി പ്രഷർകുക്കർ, കാസറോൾ, കച്ചിപ്പെട്ടി മുതലായവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടുത്തണം. ഊർജ്ജ ഇന്ധന ലാഭത്തെപ്പററി പഞ്ചായത്തടിസ്ഥാനത്തിൽ ജനങ്ങളെ ബോധവൽക്കരണം നടത്തേണ്ടതാണ്.

| നിലവിലുള്ള ഉപഭോക്താക്കൾ | | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | | സ്ട്രീററ് ലൈററുകളുടെ എണ്ണം | |
|---|---|---|---|---|---|
| ഗാർഹികം | 2311 | Ordinary | 92 | ബൾബ് | 200 |
| വ്യാപാരം | 195 | O T P | 7 | ട്യൂബ് | 10 |
| വ്യാവസായികം | 37 | O Y E E | 25 | മർക്കുറി പേപ്പർ | |
| കാർഷികം | 531 | | | ഡോഡിയം പേപ്പർ | |

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന
*LT* ട്രാൻസ്ഫോർമറുകളുള്ള സ്ഥലങ്ങൾ

| | | | |
|---|---|---|---|
| 1 | വെളയനാട് പള്ളി | 6 | നടവരമ്പ് കോളനി |
| 2 | അണ്ടാണികുളം | 7 | നടവരമ്പ് ചിറ |
| 3 | പട്ടേപ്പാടം I | 8 | കല്ലംകുന്ന് |
| 4 | ഐക്കരക്കുന്ന് | 9 | വൈക്കര |
| 5 | പാറപ്പുറം | 10 | പട്ടേപ്പാടം II |

## മാർക്കററ്

പഞ്ചായത്തിൽ ഇപ്പോൾ ഒരു മാർക്കററില്ല. കർഷകരും, ബിസിനസ്സുകാരും, ജനങ്ങളും വിപണന സൗകര്യങ്ങൾ തേടി ഇരിങ്ങാലക്കുട, കോട്ടപ്പുറം, ചാലക്കുടി ചന്തകളെയാണ് ആശ്രയിക്കുന്നത്. ഇത് ഗുണഭോക്താക്കൾക്ക് ഏറെ കഷ്ടനഷ്ടങ്ങൾക്കിടവരുത്തുന്നുണ്ട്. പഞ്ചായത്തിൽ ഒരു പൊതു മാർക്കററ് ഉണ്ടാകേണ്ടത് വികസന സാദ്ധ്യതകളെ ത്വരിതപ്പെടുത്താൻ സഹായകമാകുമെന്ന് ഏതൊണ്ടെല്ലാ ഗ്രാമസഭകളും അഭിപ്രായപ്പെട്ടിട്ടുണ്ട്.



387

# സംസ്കാരം

സമന്വയത്തിന്റെയും, സഹവർത്തിത്വത്തിന്റെയും സംസ്കാരമാണ് പഞ്ചായത്തിന്റേത്. സമാധാന പ്രിയരാണ് ജനം മൊത്തത്തിൽ. സംഘർഷങ്ങൾക്ക് അവർക്കിടയിൽ ഒരിക്കലും സ്ഥാനമുണ്ടായിട്ടില്ല. സമ്പന്നമായ പൗരാണിക പൈതൃകത്തിന്റെ അവകാശികളാണെന്നതായിരിക്കാം അതിനു കാരണം.

പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ വാർഡുകളിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും നല്ല അയൽക്കാരായി കഴിയുന്നു. തെക്കെ അറ്റത്തെ പതിനൊന്നാം വാർഡിൽ മുസ്ലീംകളും നിർണ്ണായകമായി തന്നെ അവരോടൊപ്പം ഉണ്ട്. ഈ ജനവിഭാഗങ്ങളുടെയെല്ലാം ചിന്താധാരകളും, അനുഷ്ഠാനങ്ങളും ഇഴചേർന്ന് രൂപം കൊണ്ടതാണ് വേളൂക്കരയുടെ സംസ്കാരം.

ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ ത്രിമൂർത്തികൾ ഒരുമിച്ച് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ക്ഷേത്രം ഒരു പക്ഷേ ഇന്ത്യയിൽ തന്നെ ഒന്നേ ഉണ്ടാവൂ. അത് വേളൂക്കരയിലെ നടവരമ്പത്തുള്ള ശ്രീ തൃപ്പയ്യ ത്രിമൂർത്തി ക്ഷേത്രമാണ്. അവിടെ അഞ്ചു ദിവസമാണ് ഉത്സവം. അവിട്ടത്തൂർ മഹാശിവ ക്ഷേത്രത്തിലെ ഉത്സവം പത്തു ദിവസം നീണ്ടു നിൽക്കും. പിന്നെ ഒരോ വാർഡിലും ചെറുതും വലുതുമായ ഒട്ടേറെ ഉത്സവങ്ങൾ. വെളയനാട്, കുതിരത്തടം, തുമ്പൂർ, കൊററനെല്ലൂർ, അവിട്ടത്തൂർ, കടുപ്പശ്ശേരി, നടവരമ്പ്, കല്ലംകുന്ന് ഇടവകകളിലെ പള്ളി പെരുന്നാളുകൾ, മുസ്ലീംകളുടെ പുണ്യദിനാഘോഷങ്ങൾ, ഓണം, വിഷു... എല്ലാം വേളൂക്കരക്കാർ സ്നേഹസാന്ദ്രമായ മനസ്സോടെ ഒത്തൊരുമിച്ച് ആഘോഷിക്കുന്നു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് പണ്ടുമുതലേ തന്നെ ക്ലാസിക് കലാരൂപങ്ങളും, അനുഷ്ഠാന കലകളും അരങ്ങേറിയിരുന്നു. അനുഷ്ഠാന കലകളിലും, വാദ്യമേളങ്ങളിലും ചിരപരിചിതരായ പലരും നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഒതുങ്ങിക്കൂടി കഴിയുന്നുണ്ട്.

ചിത്രകലയിൽ നന്നേ ചെറുപ്പം മുതലേ തന്നെ അന്തർദേശീയ പുരസ്കാരം നേടിയ കവിതാ ബാലകൃഷ്ണൻ നമ്മുടെ പഞ്ചായത്തുകാരിയാണ്. സാഹിത്യം, നൃത്തം, നാടകാദികലകൾ, സംഗീതം തുടങ്ങിയ ഇതര മേഖലകളിലും പ്രവീണരായവർ പഞ്ചായത്തിൽ വിരളമല്ല. കായിക രംഗത്തും മോശമല്ലാത്ത പ്രകടനം കാഴ്ചവക്കുന്ന ഒട്ടേറെ ചെറുപ്പക്കാർ നമുക്കുണ്ട്. പഞ്ചായത്തിലെ പല നീന്തൽ താരങ്ങളും ദേശീയ-സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്ത് പുരസ്കാരം നേടിയിട്ടുണ്ട്. ഇവരിൽ ഏഴു പേർ സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നു. പഞ്ചായത്തിലെ ഓങ്ങിച്ചിറയിൽ മനോഹരമായ ഒരു നീന്തൽക്കുളം ഉള്ളതാണ് നീന്തൽ രംഗത്തെ ഈ നേട്ടത്തിന് പ്രധാന കാരണം.

പഞ്ചായത്തിൽ ഇരുപതോളം കലാ-കായിക-സാംസ്കാരിക സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷനുള്ള നാല് വായനശാലകളാണ് ഉള്ളത്.

കൂടാതെ പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ച് തുമ്പൂരിൽ പഞ്ചായത്ത് വായനശാലയും, അവിട്ടത്തൂർ സ്പേസ് ക്ലബിനോടനുബന്ധിച്ച് മറ്റൊരു വായനശാലയും പ്രവർത്തിക്കുന്നുണ്ട്.

# വായനശാലകളുടെ പട്ടിക

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | താഷ്ക്കൻറ് ലൈബ്രറി - പട്ടേപ്പാടം | 11 |
| 2. | ഗ്രാമീണ വായനശാല - കല്ലംകുന്ന് | 4 |
| 3. | ഗ്രാമീണ വായനശാല - കൊററനല്ലൂർ | 8 |
| 4 | അഗസ്ത്യ വായശാല - അവിട്ടത്തൂർ | 7 |

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ യൂണിററുകൾ പട്ടേപ്പാടം, നടവരമ്പ്, അവിട്ടത്തൂർ എന്നിവിടങ്ങളിൽ സജീവമാണ്.

പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു സാംസ്ക്കാരിക സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്മശ്രീ **അമ്മന്നൂർ മാധവ ചാക്യാർ** 30 - 8 - 96ന് സമിതിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തകർക്കുവേണ്ടി വിപുലമായ ഒരു പരിശീലന ക്യാമ്പും ഇതിനകം സംഘടിപ്പിക്കുകയുണ്ടായി. സമിതിയുടെ ആഭിമുഖ്യത്തിൽ **ഗ്രാമജാലകം** എന്ന പേരിൽ ഒരു ദ്വൈമാസിക പ്രസിദ്ധീകരണം തുടങ്ങിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. ദൃശ്യ മാധ്യമങ്ങളുടെ അതിപ്രസരം വായനയേയും, ഒഴിവു സമയ വിനോദങ്ങളേയും ബാധിക്കുന്നുണ്ട്.
2. പുതിയ തലമുറയുടെ വൈമുഖ്യം കാരണം അനുഷ്ഠാന കലകൾ അന്യം നിന്നു പോകുന്നു.
3. സംഗീതാദി കലകൾ അഭ്യസിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം ഇല്ല.
4. കലാകായിക സമിതികൾക്ക് പഞ്ചായത്തിൽ നിന്നും വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല.
5. വായനശാലകൾക്ക് പഞ്ചായത്തിൽ നിന്നു. വേണ്ടത്ര സഹായം ലഭിക്കുന്നില്ല.
6. ഓങ്ങിച്ചിറ നീന്തൽകുളത്തിനോടനുബന്ധിച്ച് പൊതു സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
7. സ്ത്രീധന സമ്പ്രദായം പോലുള്ള സാമൂഹ്യാനാചാരങ്ങൾക്കെതിരെ ക്രിയാത്മകമായി പ്രവർത്തിക്കാൻ സാംസ്ക്കാരിക സംഘടനകൾ മുന്നോട്ട് വരുന്നില്ല
8. സാഹത്യാഭിരുചിയുള്ള നവാഗതർക്ക് അവസരങ്ങൾ ലഭിക്കുന്നതിന് വേദികൾ സൃഷ്ടിയ്ക്കപ്പെടുന്നില്ല.

# കലാ - സാംസ്കാരിക - കായിക സംഘടനകൾ

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | കലാസാംസ്കാരിക സമിതി, ശ്രീഗ്രാമം | 1 |
| 2 | സാംസ്കാരികസമിതി, ഐക്കരക്കുന്ന് | 2 |
| 3 | ഗ്ലോസ്, നടവരമ്പ് | 3 |
| 4 | പ്രോഗ്രസ്സീവ് ആർട്സ് ക്ലബ്, അവിട്ടത്തൂർ | 5 |
| 5 | സ്പേസ് ക്ലബ്, അവിട്ടത്തൂർ | 5 |
| 6 | തൊമ്മാന സാംസ്കാരിക സമിതി | 6 |
| 7 | സഹൃദയ വേദി, തൊമ്മാന | 6 |
| 8 | യുവജന ആർട്സ് & സ്പോർട്സ് ക്ലബ്, ചെങ്ങാറ്റുംമുറി | 6 |
| 9 | നവഭാവന, കടുപ്പശ്ശേരി | 7 |
| 10 | സമന്വയ, കടുപ്പശ്ശേരി | 7 |
| 11 | യുവരശ്മി, അവിട്ടത്തൂർ | 7 |
| 12 | സ്റ്റൈലോ ക്ലബ്, പറകാട്ടുക്കുന്ന് | 10 |
| 13 | ദിനേക്കർ, തുമ്പൂർ | 10 |
| 14 | ഷൂമേക്കർ, തുമ്പൂർ | 9 |
| 15 | നവകേരള, തുമ്പൂർ | 10 |
| 16 | നിരഞ്ജന കലാനിലയം, പൂന്തോപ്പ് | 10 |
| 17 | സെഞ്ച്വറി, കൊറ്റനെല്ലൂർ | 10 |
| 18 | താഷ്കന്റ് തിയ്യറ്റേഴ്സ്, പട്ടേപ്പാടം | 11 |
| 19 | ടാഗോർ കലാസാംസ്കാരിക കേന്ദ്രം, മിച്ചഭൂമി - പട്ടേപ്പാടം | 11 |
| 20 | പുരോഗമന കലാ സാഹിത്യ സംഘം, വേളൂക്കര പഞ്ചായത്ത് | |

## നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ പുതിയവ സ്ഥാപിക്കണം. വായനശാലകൾക്ക് സ്ഥിരമായി പഞ്ചായത്ത് ഗ്രാൻറ് ലഭ്യമാക്കണം.

2. പഞ്ചായത്ത് സാംസ്കാരിക സമിതിയുടെ പ്രവർത്തനം വിപുലമാക്കണം. സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ കലാരൂപങ്ങൾ അഭ്യസിക്കുന്നതിനും, അനുഷ്ഠാന കലകൾ അന്യം നിന്നു പോകാതെ നില നിറുത്തുന്നതിനും പദ്ധതി ആസൂത്രണം ചെയ്യണം. സമിതിയുടെ പ്രസിദ്ധീകരണമായ വേളൂക്കര 'ഗ്രാമജാലകം' പഞ്ചായത്തിന്റെ വാർത്താ പത്രികയായി സ്ഥിരം പ്രസിദ്ധപ്പെടുത്തണം.

കലാ - കായിക സംഘടനകൾക്ക് കലാ - കായികോപകരണങ്ങൾ വിതരണം ചെയ്യണം.

കായിക രംഗത്ത് നീന്തലിലാണ് പഞ്ചായത്തിൽ ഏറെ സാധ്യതകൾ കാണുന്നത്. ഓങ്ങിച്ചിറ നീന്തൽകുളത്തിൽ വേനൽകാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ഈകാലങ്ങളിൽ വെള്ളം സുലഭമാക്കുന്നതിന് സൗകര്യം ഉണ്ടാകണം. നീന്തൽക്കുളത്തോടനുബന്ധിച്ച് സാനിട്ടറി സൗകര്യങ്ങളും, പവലിയനും നിർമ്മിക്കണം.

പഞ്ചായത്തിലെ ചരിത്ര സ്മാരകങ്ങൾ നില നിറുത്തണം.

6. കലാ - സാംസ്കാരിക സംഘടനകൾക്ക് പഞ്ചായത്തിന്റെയും, മററുവകുപ്പുകളുടേയും വികസന കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള 'മീഡിയ' സെൻററുകളായി പ്രവർത്തിക്കാൻ കഴിയും. ഇതിനാവശ്യമായ പ്രസിദ്ധീകരണങ്ങളും, ലഘുലേഖനങ്ങളും മററും സംഘടനകൾക്ക് കാലാകാലങ്ങളിൽ എത്തിക്കണം.

7. കലാപരിപാടികളും, മററ് പൊതു സംരംഭങ്ങളും സംഘടിപ്പിക്കുന്നതിന് ഒരു കമ്മ്യൂണിററി ഹാൾ നിർമ്മിക്കണം. കലാസംഘടനകൾക്ക് പ്രാദേശികമായി പരിപാടികൾ അവതരിപ്പിക്കുന്നതിന് കുറഞ്ഞ വാടക നിരക്കിൽ മൈക്ക്, ലൈററ് സംവിധാനങ്ങൾ, കർട്ടൻ, വാദ്യോപകരണങ്ങൾ എന്നിവ ലഭ്യമാക്കണം. ഇതിനായി പഞ്ചായത്ത് സാംസ്കാരിക സമിതിക്ക് ഇവ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടാക്കണം.

8. സ്ത്രീധനമെന്ന സാമൂഹ്യാനാചാരത്തിനും, മററ് സങ്കുചിത ചിന്താധാരകൾക്കും എതിരെ പ്രവർത്തിക്കുന്നതിന് സാംസ്കാരിക സംഘടനകൾ ഏകോപിപ്പിച്ചുള്ള സമ്മേളനം വാർഡുകൾ തോറും നടത്തുകയും, ഈ വക വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള കലാരൂപങ്ങളുടേയും ദൃശ്യാവിഷ്ക്കാരങ്ങളുടെയും മത്സരം സംഘടിപ്പിക്കുകയും ചെയ്യുക.

# പാർപ്പിടം - സാമൂഹ്യക്ഷേമം

## പാർപ്പിടം

ഈ പഞ്ചായത്തിൽ മൊത്തം 7948 (ഏഴായിരത്തി തൊള്ളായിരത്തി നാല്പത്തിയെട്ട്) വീടുകളാണുള്ളത്. മേൽക്കൂരയെ അടിസ്ഥാനപ്പെടുത്തി അവയെ തരം തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| കോൺക്രീററ് | ഓടിട്ടത് | ഓലമേഞ്ഞത് | കടിലുകൾ | ആകെ |
|---|---|---|---|---|
| 2384 | 3606 | 1617 | 341 | 7948 |

കേരളത്തിൽ പൊതുവെയുള്ള അവസ്ഥപോലെതന്നെ വേളൂക്കര പഞ്ചായത്തിലും കൂട്ടുകുടുംബങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അണുകുടുംബങ്ങളുടെ പ്രാധാന്യം വർദ്ധിച്ചുവരുന്ന സ്ഥിതിക്ക് പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കപ്പെടേണ്ടതിന്റെ ആവശ്യം ഏറി വരുന്നു. കാലത്തിന്റെ മാററമനുസരിച്ച് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളിലും വാസ്തുശില്പ മാതൃകകളിലും വമ്പിച്ച മാററം ഉണ്ടായിട്ടുണ്ട്. വെട്ടുകല്ല്, മൺകട്ട, കുമ്മായം ഇവയുടെ ഉപയോഗം വളരെ കുറഞ്ഞ് പോയിരിക്കുന്നു.

മേൽക്കൂരയ്ക്കായി ഓല ഉപയോഗിക്കുന്നത് കുടിലുകളിൽ മാത്രമാണ്. പുതിയതായി നിർമ്മിക്കുന്നതിൽ കോൺക്രീററ് മേൽക്കൂരയ്ക്കാണ് പ്രാധാന്യം. ചുമര് പണിയുന്നതിൽ ചൂള ഇഷ്ടികയും, തറ പണിയുന്നതിൽ കരിങ്കല്ലും ഉപയോഗിച്ചു വരുന്നു.

പഞ്ചായത്തിൽ നിലനില്ക്കുന്ന 341 കുടിലുകൾ മാററി ഉറപ്പുള്ള വീടുകൾ പണിയുന്നതിന് മുൻഗണന കൊടുക്കണമെന്ന ആവശ്യമാണ് പ്രധാനമായും ഗ്രാമസഭകളിൽ ഉയർന്നു കേട്ടത്. അതുപോലെത്തന്നെ മേൽ പട്ടികയിൽ ചൂണ്ടിക്കാണിച്ച 1617 ഓലമേഞ്ഞ വീടുകളും, 3606 ഓടിട്ട വീടുകളും അടിയന്തിരമായി അററകുററ പണികൾ നടത്തേണ്ടവയോ, മാററി പണിയേണ്ടവയോ ആണ്.

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പഞ്ചായത്തിലുള്ള വീടുകളുടെ എണ്ണത്തിൽ കണ്ട വർദ്ധന 716 ആണ്. ഈ രീതിയിലുള്ള വർദ്ധന അടുത്ത അഞ്ചു വർഷത്തേയ്ക്കും പ്രതീക്ഷിക്കാവുന്നതാണ്.

പുതിയതായി നിർമ്മിക്കപ്പെടുന്ന പാർപ്പിടങ്ങളുടെ വിവരം

| | |
|---|---|
| ഗൾഫിൽനിന്നുമുള്ള വരുമാനക്കാർ | 60 ശതമാനം |
| ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | 38 ശതമാനം |
| സർക്കാരിൽനിന്നുമുള്ള വായ്പ | 2 ശതമാനം |

കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലിപട്ടിക

| 1989—1990 | | 1995—1996 | |
|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 60—90 | 45—60 | 125-150 | 75-100 |

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, വിലക്കയററവും.
2. വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
3. സ്വന്തമായി ഭൂമി ഇല്ലാത്തവരുടെ പ്രശ്നങ്ങൾ
4. കോളനികളിൽ കുടിവെള്ളം, വെളിച്ചം, റോഡ് ഇവ ഇല്ലാത്ത അവസ്ഥ
2. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ദരുടെ അഭാവം

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് അതിന്റെ മേൽനോട്ടത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുക
   കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണവും, വിപണനവും
   കെട്ടിട മെയിൻറൻസിനും, നിർമ്മാണത്തിനും ആവശ്യമായ തൊഴിലാളികളെ വിട്ടുകൊടുക്കുക
2. പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം സ്ഥാപിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിച്ച് നൽകൽ, തൊഴിലാളികൾക്കും, അഭ്യസ്ഥ വിദ്യർക്കും പരിശീലനം നൽകൽ ഇവ നടപ്പിലാക്കുക.
   ചെങ്കൽ, കുമ്മായം ഇവ ഉപയോഗിച്ചുള്ള നിർമ്മാണ രീതിയ്ക്കും, ചിലവ് കുറഞ്ഞ നിർമ്മാണരീതികൾക്കും വ്യാപകമായ പ്രചരണം നല്കുക.
3. ഉയന്ന വരുമാനക്കാരേയും, ഇടത്തര വരുമാനക്കാരേയും ഉൾപ്പെടുത്തി ഹൗസിംഗ് സൊസൈററികൾ രൂപികരിച്ച് അവക്കിടയിലെ വീട് നിർമ്മാണവും, മെയിൻറൻസും ത്വരിതപ്പെടുത്തുക.
4. പഞ്ചായത്ത് മുൻകൈയ്യെടുത്ത് വിവിധ ഏജൻസികളുടെ ഹൗസിംഗ് വായ്പാ പരിപാടികളെ കുറിച്ച് ബോധവൽക്കരണം നടത്തുക.
5. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ വദ്ധിപ്പിക്കുക.
6. ഭവന നിർമ്മാണ രംഗത്ത് ദുർവ്യയത്തെ നിരുൽസാഹപ്പെടുത്തുന്ന വിധം നികുതി ഘടന നിശ്ചയിക്കുക.
7. ഈ രംഗത്ത് അനുഭവപ്പെടുന്ന തടിയുടെ ദൗർലഭ്യം കുറയ്ക്കുന്നതിന് മാഞ്ചിയം പ്ലാവ് തുടങ്ങി ഹാർഡ്‌വുഡ് ലഭിക്കുന്ന വൃക്ഷങ്ങളുടെ നടീൽ പ്രോത്സാഹിപ്പിക്കുക.
8. ദുർബല വിഭാഗങ്ങൾക്ക വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം തുടർന്നും അനുവദിക്കുക.

# സാമൂഹ്യക്ഷേമം

I R D P സർവ്വെ പ്രകാരം 1419 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെവരുന്നു. ഇതിൽ 508 കുടുംബങ്ങൾ SC. ST വിഭാഗത്തിൽപ്പെടുന്നു. ഇവരിൽ അധികം പേരും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കോളനികളിലോ, അല്ലെങ്കിൽ അതുപോലുള്ള സ്ഥലങ്ങളിലോ വസിക്കുന്നു. ഭൂരിഭാഗം പേരും കാർഷികമേഖലയുമായി ബന്ധപ്പെട്ട് പണിയെടുത്ത് വരുന്ന തൊഴിലാളികളാണ്.

കഴിഞ്ഞ പദ്ധതികാലത്ത് ഇവരിൽ 275 പേക്ക് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 125 കുടുംബങ്ങൾ SC.ST വിഭാഗത്തിൽപ്പെടുന്നു. ട്രൈസം തൊഴിൽപരിശീലന പദ്ധതിപ്രകാരം 44 പേക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇവരിൽ 12 പേർ സ്വയം തൊഴിൽ കണ്ടെത്തിയിരി

ക്കുന്നു. DWCRA പദ്ധതിപ്രകാരം ഒരു ഹാൻറ്ലൂം വീവിംഗ് യൂണിററ് 1975ൽ പ്രവർത്തനം തുടങ്ങി 10 പേർ ഇതിൽ തൊഴിലെടുത്ത് വരുന്നു. ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടിപ്രകാരം 15 പേർക്ക് സഹായം നൽകിയിട്ടുണ്ട്. IRDP സർവ്വെ അനുസരിച്ച് സഹായം ലഭിക്കേണ്ടവർ നിരവധിയാണ്.

ഈ പഞ്ചായത്തിൻെറ പരിധിയിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന വിവിധ പെൻഷനുകളെ കുറിച്ചുള്ള കണക്കുകൾ താഴെ പട്ടികയിൽ കാണിക്കുന്നു.

| പെൻഷൻ | ലഭിക്കുന്നവരുടെ എണ്ണം | തുക | ഇനി ലഭിക്കേണ്ടവരുടെ എണ്ണം |
|---|---|---|---|
| വിധവാ പെൻഷൻ | 55 | 100 | 46 |
| വാദ്ധക്യകാല പെൻഷൻ | 65 | 100 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 123 | 100 | 241 |
| വികലാംഗ പെൻഷൻ | 14 | 100 | 41 |

ഓരോ പെൻഷനിലും തീരുമാനമാകാത്തവരുടേയും അപേക്ഷ അയയ്ക്കാത്തവരുടേയും എണ്ണം നിരവധിയാണ്. പഞ്ചായത്തതിർത്തിയിൽ 83 വികലാംഗർ താമസിക്കുന്നു.

ഈ പഞ്ചായത്തതിർത്തിക്കകത്ത് അഞ്ച് അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവ ഒരു പരിധി വരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു, ബാലവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. L. K. G, U. K. G സംസ്ക്കാരത്തിൻെറ കടന്ന് കയററമാണിതിൻെറ കാരണം ICDS കണക്ക് പ്രകാരം ഇനിയും 22 അംഗൻവാടികൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെടേണ്ടതായിട്ടുണ്ട്

## പ്രശ്നങ്ങൾ

1. പദ്ധതികൾ വളരെ കുറച്ച് പേർക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.
2. അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുകയും അനർഹർക്ക് ലഭിക്കുകയും ചെയ്യുന്ന അവസ്ഥ.
3. ഉദ്യോഗസ്ഥ തലത്തിലെ അഴിമതി, ചൂഷണം
4. പദ്ധതിയെ കുറിച്ച് ഭൂരിഭാഗം പേർക്കും ഉള്ള അറിവില്ലായ്മ.
5. കിട്ടുന്ന ആനുകൂല്യങ്ങൾക്കുള്ള കാലതാമസം.
6. ICDS പ്രവർത്തനം വ്യാപകമല്ല.

1 I.R.D P. സർവ്വെ ലിസ്ററ്പ്രകാരം എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടി പഞ്ചായത്തുതന്നെ എടുക്കുക.

2 അർഹതപ്പെട്ടവർക്കിടയിൽ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.

3 ട്രൈസം തൊഴിൽ പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവർക്ക് നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാനുള്ള സഹായം നൽകുക.

4 ആവശ്യമുള്ളിടത്ത് അംഗൻവാടികൾ സ്ഥാപിച്ച് I.C.D.S.ൻെറ പ്രവർത്തനം കൂടുതൽ ഫലപ്രദവും വ്യാപകവുമാക്കുക. ഇന്ന് പഞ്ചായത്തിൻെറ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന I.C.D.S. ഓഫീസ് പഞ്ചായത്ത് കോംമ്പൗണ്ടിൽ സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.

5 അംഗൻവാടികളിലെ കുട്ടികൾക്ക് ആവശ്യത്തിന് കളിക്കോപ്പുകളും മററും ലഭ്യമാക്കുക.

# വനിത

വേളൂക്കരയിലെ വനിതകൾ കലീനതയുടെ പിറകിൽ മറഞ്ഞുനില്ക്കാൻ ആഗ്രഹിക്കുന്നവരാണ്. ശക്തമായ വനിതാ പ്രസ്ഥാനങ്ങളോ ഊർജ്ജസ്വലമായ വനിതാ നേതൃത്വമോ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല എന്നതായിരിക്കാം കാരണം.

നൂറു ശതമാനം സാക്ഷരത നേടിയ പഞ്ചായത്താണ് വേളൂക്കര. സ്ത്രീകളും സാക്ഷരതയുടെ കാര്യത്തിൽ പുരുഷൻമാരോടൊപ്പം മുൻപന്തിയിലാണ്. എന്നിട്ടും സ്ത്രീകളെ സാമൂഹ്യരംഗത്തൊന്നും കാര്യമായി കാണാറില്ല. തൊഴിൽ രംഗത്തും അവർ വിരളമാണ്. ഉത്സവാദി ആഘോഷങ്ങളിൽ പോലും പുരുഷൻമാർതന്നെയാണ് മുൻനിരയിൽ.

14243 സ്ത്രീകളാണ് പഞ്ചായത്തിലുള്ളത്. പുരുഷൻമാരുടെ സംഖ്യ 13123 മാത്രം 1120 വനിതകൾ കൂടുതലാണെന്നർത്ഥം. ഇത്രയും വലിയൊരു വിഭവശേഷി വേണ്ടവിധം ഉപയുക്തമാകാതെ പഞ്ചായത്തിൻെറ വികസനത്തെപ്പററി അർത്ഥവത്തായി ചിന്തിക്കാൻ കഴിയില്ല.

പഞ്ചായത്തിൽ സാമൂഹികാചാരങ്ങളുടെ ഭാഗമായോ, മറെറന്തെങ്കിലും വിധി വിലക്കുകളുടെ ഭാഗമായോ പ്രത്യേക വിവേചനമൊന്നും സ്ത്രീകൾക്കെതിരെ നിലനില്ക്കുന്നില്ല. അതീവ ഗൗരവമുള്ള സ്ത്രീ പീഢന കേസുകളോ അതിക്രമങ്ങളോ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

പക്ഷെ സ്ത്രീ പീഢനം വലിയൊരു പ്രശ്നമാണ്. വിവാഹ കമ്പോളങ്ങളിൽ ധനശേഷിയുള്ളവർക്കേ മാർക്കററുള്ളൂ എന്ന സ്ഥിതി വിശേഷമാണ്. സ്വർണ്ണം മാത്രമല്ല, ചെറുക്കൻെറ വിവാഹ ചിലവിനുള്ള പണവും പെൺ വീട്ടുകാർ നല്കണമെന്നത് ഒരു അലിഖിത നിയമം പോലെയാണ് ഇന്നു നാട്ടുനടപ്പ്. ഇതുമൂലം ഭൂരിപക്ഷം വരുന്ന പാവപ്പെട്ട വീടുകളിലെ പെൺകുട്ടികളും രക്ഷിതാക്കളും തീരാദുഃഖത്തിലാണ്. ഗ്രാമീണരിൽ നല്ലൊരു പങ്കും കടക്കാരായി മാറുന്നത് പെൺകുട്ടികളുടെ വിവാഹത്തോടനുബന്ധിച്ചാണ്. ഇതിനെതിരെ ചില ഗ്രാമസഭകളിൽ സ്ത്രീകൾതന്നെ പ്രതികരണ ശബ്ദം ഉയർത്തുകയുണ്ടായി.

വനിതകൾ പൊതുവെ അതിവേഗം ദൃശ്യ മാധ്യമങ്ങളുടെ അടിമകളായിക്കൊണ്ടിരിക്കുന്നു എന്നതാണ് മറെറാരു പ്രശ്നം. ഇത് അവരുടെ ക്രയശേഷി നിർജ്ജീവമാകുന്നതിലേക്കാണ് ചെന്നെത്തുന്നത്.

പഞ്ചായത്തിൽ 15 മഹിളാസമാജങ്ങൾ പ്രവർത്തിച്ചിരുന്നു. വികസന ബ്ലോക്ക് വഴി ബാലവാടിയും, ഫീഡിങ്ങുംമററും നടത്തിയിരുന്ന വേളയിൽ സമാജങ്ങൾ സജീവമായിരുന്നു. ബാലവാടികൾ അംഗൻവാടികളാക്കി മാററിയതോടെ I C D S ൻെറ കീഴിലായി. I C D S സമ്പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമായിട്ടില്ല. അതിനാൽ മഹിളാ സമാജങ്ങളൊക്കെ നിർജ്ജീവാവസ്ഥയിലാണ്.

വനിതകൾമാത്രം നടത്തുന്ന തൊഴിൽ യൂണിററുകളൊന്നും പഞ്ചായത്തിലില്ല. ഒരു DWCRA യൂണിററുണ്ട് അത് പ്രവർത്തനക്ഷമമായി വരുന്നതേയുള്ളൂ. വനിതാസഹകരണസംഘങ്ങളൊന്നും നിലവിലില്ല.

1. ഗൃഹജോലികളിൽ വീട്ടിലെ പുരുഷൻമാരുടെ സഹകരണം വേണ്ടത്ര ലഭിക്കുന്നില്ല.
2. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം വേണ്ടത്ര എത്തിയിട്ടില്ലാത്തതിനാൽ ബഹുഭൂരിഭാഗം സ്ത്രീകളും തീച്ചൂടിൻേറയും പുകയുടേയും ഫലമായുള്ള അസുഖങ്ങൾക്കിരയാകുന്നു.

3. ശക്തമായ വനിതാ സംഘടനകളുടെ അഭാവം സ്ത്രീ പീഡനങ്ങൾക്കും സ്ത്രീധന വിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ രംഗത്തിറങ്ങാൻ സ്ത്രീകളെ വിമുഖരാക്കുന്നു.

4. കൂലിനിരക്കിൽ സ്ത്രീ-പുരുഷ അന്തരം കൂടുതലാണ്. തൊഴിൽ മേഖലയിൽ വനിതകൾക്ക് വേണ്ട പരിഗണന ലഭിക്കുന്നില്ല.

5. സ്ത്രീകളെ രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളുടെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടത്ര ശ്രമം നടക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. വനിതകളെ കൂടുതലായി രംഗത്തേക്ക് കൊണ്ടുവരുന്നതിന് സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ മുന്നോട്ടുവരണം. വിദ്യാലയങ്ങളോടനുബന്ധിച്ച് മാതൃസംഘടനകൾ ശക്തമാക്കണം. വിദ്യാഭ്യാസരംഗത്ത് ശ്രദ്ധ ചെലുത്താൻ ഇത് വനിതകളെ കൂടുതൽ സഹായിക്കും.

2. ICDS ന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കി സാദ്ധ്യതകളുള്ളിടത്ത് അംഗൻവാടികൾ ആരംഭിക്കണം. അതോടൊപ്പം മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് മഹിളായൂണിയൻ സംഘടിപ്പിക്കാവുന്നതാണ്.

5. കൂടുതൽ DWCRA യൂണിറ്റുകൾ തുടങ്ങുന്നതിന് സാദ്ധ്യതകൾ ഉറപ്പുവരുത്തണം.

4. ഒരു വിവിധോദ്ദേശ വനിതാ സഹകരണസംഘം ആരംഭിച്ച് വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെടണം.

5. സ്ത്രീധനമെന്ന സാമൂഹ്യാനാചാരത്തിനും സ്ത്രീ പീഡനങ്ങളുടക്കമുള്ള സ്ത്രീവിരുദ്ധമായ പ്രവണതകൾക്കുമെതിരെ പ്രവർത്തനനിരതരാവാനുള്ള മേഖല വിപുലമാക്കണം.

# സഹകരണരംഗം

സഹകരണ പ്രസ്ഥാനം സജീവമാണ് വേളൂക്കര പഞ്ചായത്തിൽ. 3 കാർഷിക സഹകരണ ബാങ്കുകളും, 3 ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളും, ഒരു കൈത്തറി സഹകരണ സംഘവും ഒരു വ്യവസായ സഹകരണ സംഘവും, ഒരു പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘവും പ്രവർത്തിക്കുന്നു.

## സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരം

### ബാങ്കുകൾ

1. അവിട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക്
2. തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്
3. കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്ക്

### ക്ഷീര സഹകരണ സംഘങ്ങൾ

1. പട്ടേപ്പാടം ക്ഷീരോത്പ്പാദക സഹകരണ സംഘം. [A P C O S]
2. നടവരമ്പ് ക്ഷീരോത്പ്പാദക സഹകരണ സംഘം [A P C O S]
3. കടുപ്പശ്ശേരി ക്ഷീരോത്പ്പാദക സഹകരണ സംഘം [A P C O S]

### കൈത്തറി സഹകരണസംഘം

1. നടവരമ്പ് കൈത്തറി സഹകരണ സംഘം

### വ്യവസായ സഹകരണസംഘം

1. നടവരമ്പ് കൃഷ്ണ ബെൽമെറ്റൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി [Belwics]

### വേളൂക്കര പഞ്ചായത്ത് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം

കാർഷിക സഹകരണസംഘങ്ങളിൽ മൊത്തം 11,400 അംഗങ്ങളാണ് ഉള്ളത്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 40 ശതമാനം മാത്രമേ വരുന്നുള്ളൂ. കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്കിന് കോലോത്തുംപടിയിൽ ഒരു ബ്രാഞ്ച് തുറന്നിട്ടുണ്ട് അവിട്ടത്തൂർ സഹകരണ ബാങ്ക് ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുകയാണ്.

ഒരു കാർഷിക ഗ്രാമമാണ് പഞ്ചായത്ത്, എന്നിട്ടും 55 ശതമാനം ജനങ്ങളും കാർഷിക സഹകരണ സംഘത്തിന് പുറത്തുനിൽക്കുന്നു എന്നതു് ശുഭോദർക്കമല്ല.

ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങൾ മൂന്നും താരതമ്യേന നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്, പട്ടേപ്പാടം സംഘത്തിന് തുമ്പൂരിലും, നടവരമ്പ് സംഘത്തിന് നടവരമ്പ് വടക്കേ ഭാഗത്തും, കടുപ്പശ്ശേരി സംഘത്തിന് അവിട്ടത്തൂരിലും ഓരോ കളക്ഷൻ സെൻററുകൾ ഉണ്ട്.

നടവരമ്പ് കൈത്തറി സഹകരണസംഘം കേരളത്തിലെ ആദ്യ കൈത്തറി സഹകരണ സംഘങ്ങളിലൊന്നാണ്. അനേകം പേക്ക് തൊഴിൽ നല്കാൻ കഴിഞ്ഞിരുന്ന ഈ സംഘം ഇന്ന് ശോച്യാവസ്ഥയിൽ ആണ്. യന്ത്രവൽകൃത മേഖല ഉയർത്തുന്ന ശക്തമായ വെല്ലുവിളിയാണ് ഇതിനു മുഖ്യ കാരണം.

ഓട്ടുപാത്ര വ്യവസായ രംഗത്ത് ഏഷ്യയിലെ തന്നെ മുഖ്യ സ്ഥാനത്ത് നില്ക്കുന്ന നടവരമ്പ് കൃഷ്ണ ബെൽമെററൽ വർക്കേഴ്സ് വ്യവസായ സഹകരണസംഘം. സംഘത്തിൻെറ ഉല്പന്നം അതിപ്രശസ്തമാണ്.

പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘം പ്രവർത്തനക്ഷമമല്ല.



397

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മൊത്തമുള്ള ധനാഗമത്തിൽ ചെറിയൊരു ശതമാനം സംഖ്യ മാത്രമേ സഹകരണ ബാങ്കുകളിൽ നിക്ഷേപമായി എത്തുന്നുള്ളു.
2. മുഴവൻ കുടുംബങ്ങളേയും സഹകരണ പ്രസ്ഥാനത്തിന് കീഴിൽ അണിനിരത്താൻ കഴിഞ്ഞിട്ടില്ല.
3. കാർഷിക സഹകരണ ബാങ്കുകൾ നാളികേര_കർഷകർക്കുവേണ്ടി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിക്കുന്നില്ല.
4. പൊതുവികസന പരിപാടികളിൽ നാമമാത്ര സഹകരണമേ സംഘങ്ങളിൽ നിന്നും ലഭിക്കുന്നുള്ളൂ.
5. വനിതകളുടെ സഹകരണസംഘം നിലവിലില്ല.
6. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന വായ്പകൾ വേണ്ടത്ര ലഭ്യമല്ല.
7. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ വഴി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നില്ല.
8. കൈത്തറി സഹകരണ സംഘത്തിന് ആവശ്യത്തിന് അസംസംകൃത വസ്തുക്കൾ വേണ്ടതോതിൽ ലഭിക്കുന്നില്ല.
9. കൈത്തറി തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് ഇപ്പോൾ ലഭിക്കുന്നത്.

## നിർദ്ദേശങ്ങൾ

1. സഹകരണ സംഘങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തും സംഘങ്ങളും ഇതര സംഘടനകളും കൂടിച്ചേർന്ന് പ്രചരണപരവും മറ്റുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതിനു സഹായകമാകത്തക്ക വിധത്തിൽ പട്ടേപ്പാടത്തും, തൊമ്മാനയിലും അതാത് സഹകരണ ബാങ്കുകളുടെ ശാഖകൾ തുറക്കണം. പഞ്ചായത്തിലെ മുഴവൻ കുടുംബങ്ങളേയും സംഘങ്ങളിൽ അംഗങ്ങളാക്കണം എന്ന കാഴ്ചപ്പാടുവേണം.
2. എല്ലാ കൃഷികളേയും വികസിപ്പിക്കുന്ന നയമായിരിക്കണം കാർഷിക സഹകരണ സംഘങ്ങളുടേത്. കേവലം പണം കടംകൊടുക്കുന്ന സ്ഥാപനങ്ങൾ ആകരുത് സംഘങ്ങൾ. അംഗങ്ങളുടെ കൃഷികൾ ഏതൊക്കെ എന്നു കണ്ടെത്തി കൃഷിവകുപ്പും പഞ്ചായത്തും മറ്റുമായി സഹകരിച്ച് ഓരോ കൃഷിയുടേയും വികസനത്തിനായി കർഷകരെ സഹായിക്കുന്ന പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ കാർഷിക സംഘങ്ങൾക്ക് കഴിയണം. വായ്പയുടെ വിനിയോഗം മോണിററർ ചെയ്യുന്നതിന് സംവിധാനം ഉണ്ടാകേണ്ടതാണ്.
3. പഞ്ചായത്തിന്റെ പൊതു വികസന പരിപാടികൾക്ക് വേണ്ടത്ര വിഭവം ലഭ്യമാകുന്നതിൽ സഹകരണ സംഘങ്ങൾക്ക് സഹായിക്കാൻ കഴിയണം. സംഘങ്ങളിലെ നിക്ഷേപത്തിലെ ഒരു നിശ്ചിത ശതമാനം സംഖ്യ ഉല്പാദന പരമായ പൊതു സംരംഭങ്ങളിൽ പഞ്ചായത്തിന്റെ ഗ്യാരണ്ടി പ്രകാരം മുതൽ ഇറക്കുന്നതിനും, സംഘങ്ങളുടേയും, പഞ്ചായത്തിന്റേയും, ഗുണഭോക്താക്കളുടേയും കൂട്ടായ യത്നത്തിലൂടെ പദ്ധതി വിജയിപ്പിച്ച് പണം തിരിച്ചടവിനുള്ള സാഹചര്യം ഉണ്ടാക്കുകയുംവേണം.
4. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കേവലം പാലിന്റെ വിനിമയം നടത്തുന്ന സ്ഥാപങ്ങളായാൽ പോര. അതാത് സംഘങ്ങളിൽ ലഭ്യമാകുന്ന പാൽഉപയോഗിച്ച്നിരവധി ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിച്ച് വില്പന നടത്താൻ കഴിയും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നല്ലയിനം പലഹാരാദി ഭക്ഷ്യ ഉല്പന്നങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഇത് സഹായിക്കും.
5. നടവരമ്പ് കൈത്തറി സഹകരണ സംഘത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ വേണം.
6. ആവശ്യമാകുന്ന സ്ഥലങ്ങളിൽ പുതിയ കാർഷികേതര സർവ്വീസ് സഹകരണ സംഘങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കണം.
7. 'ബെൽവിക്സി'ന്റെ പ്രവർത്തനം വ്യാപകമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കണം.
8. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കണം.



398

വേളൂക്കര പഞ്ചായത്തിലെ കാർഷിക വായ്പാ സഹകരണ ബാങ്കുകളുടെ
പ്രവർത്തനങ്ങൾ ഒററനോട്ടത്തിൽ

| ബാങ്കിന്റെ പേര് | സ്ഥാപിതം | അംഗങ്ങൾ | സ്ത്രീകൾ | നിക്ഷേപം | വായ്പ | 5 വർഷത്തിൽ വായ്പ എടുത്തവർ | ഒരാൾക്ക് വായ്പാ പരിധി | സവിശേഷതകൾ |
|---|---|---|---|---|---|---|---|---|
| കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്ക് | 1971 മാർച്ച് 20ന് | 3800 | 40% | 2 കോടി | ഒന്നേ മുക്കാൽ കോടി | 2558 | 50,000 രൂപ | കോലോത്തുംപടിയിൽ ഒരു ബ്രാഞ്ച്, കല്ലംകുന്നിൽ കൊപ്ര സംസ്കരണ കേന്ദ്രം, 2 വളം ഡിപ്പോകൾ എന്നിവയുണ്ട്.<br>മാർക്കററിംഗ് രംഗത്തും, വെളിച്ചെണ്ണ ഉൽപ്പാദന രംഗത്തും പ്രവേശിക്കാൻ പദ്ധതിയുണ്ട്<br>6 വർഷമായി ലാഭത്തിൽ |
| അവിട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 1947 നവംബർ 17ന് | 5000 | 35% | രണ്ടേ കാൽ കോടി | ഒന്നേ മുക്കാൽ കോടി | 1200 പേർ | 1,00,000 രൂപ | തുണിക്കച്ചവടം നഷ്ടത്തിലാണ്.<br>56 മാസത്തിൽ പണം ഇരട്ടിയാക്കുന്ന അഭിവർദ്ധിനി പദ്ധതിയുണ്ട്<br>50-ാം വാർഷികം പ്രമാണിച്ച് 3 പുതിയ പദ്ധതികളുണ്ട്.<br>1. മണിബാക്ക് പദ്ധതി<br>2. മംഗല്യ പദ്ധതി<br>3. പെൻഷൻ പദ്ധതി<br>കെട്ടിടം പണികൾമൂലം 3 വർഷമായി നഷ്ടത്തിൽ, എന്നാൽ പ്രവർത്തനം ലാഭത്തിൽ |
| തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | MF 27.4.1113 (1937ൽ) | 2600 | 40% | 86 ലക്ഷം | 67 ലക്ഷം | 1200 പേർ | 50,000 രൂപ | ബ്രാഞ്ചുകളില്ല.<br>വളം ഡിപ്പോ ഉണ്ട്.<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നു.<br>പുതിയ കെട്ടിടം പണിയണം നാലേകാൽ കോടി ലക്ഷം രൂപയുടെ കേന്ദ്ര ഗവ: സ്കീമിൽ ഉൾപ്പെടുത്താൻ (വായ്പ) അപേക്ഷിച്ചിട്ടുണ്ട്<br>ഡെപ്പോസിററ് കിട്ടുന്ന മുറയ്ക്ക് മെമ്പർമാർക്കായി വീട് പണിയ്ക്കും മററും വായ്പകൾ നൽകാവുന്നതാണ്. |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലായി പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അറുന്നൂറോളം കുടുംബങ്ങൾ ഉണ്ട്. ഇതിൽ ഏറിയ പങ്കും ഓലമേഞ്ഞ വീടുകളിലാണ് കഴിയുന്നത്. ഈ രണ്ടും മൂന്നും സെൻറ് വിസ്തൃതിയിലുള്ള കൊച്ചുകൊച്ചു തുണ്ടു ഭൂമികളിലാണ് സ്ഥിതി ചെയ്യുന്നത്. പ്രാഥമികാവശ്യങ്ങൾ പോലും നിറവേററാനാകാത്ത വിധം അനാരോഗ്യകരമായ സാഹചര്യമാണ് നിലവിലുള്ളത്.

പ്രധാനമായും കോളനികൾ കേന്ദ്രീകരിച്ചാണ്. SC/ST വിഭാഗങ്ങൾ താമസിക്കുന്നത്. 10 ഉം 15 ഉം അംഗങ്ങളോടൊപ്പം കൂട്ടുകുടുംബങ്ങളിൽ തിങ്ങിഞെരുങ്ങി താമസിച്ചിരുന്ന പലരും ഇന്ന് വളരെയധികം ക്ലേശങ്ങളനുഭവിച്ച് രണ്ടും മൂന്നും സെൻറ് ഭൂമികളിൽ ഒതുങ്ങിയിരിക്കുകയാണ്.

അഞ്ചും പത്തും സെൻറ് ഭൂമി കുടികിടപ്പ് കിട്ടിയതോ അതല്ലെങ്കിൽ സർക്കാരിൽ നിന്നും പതിച്ചു കിട്ടിയതോ SC/ST കോർപ്പറേഷൻ വഴി വാങ്ങിയതോ ആയ ഭൂമികളിലും സെററിൽമെൻറ് കോളനികളിലും ലക്ഷം വീട് കോളനികളിലും താമസിക്കുന്നവരാണ് ബഹുഭൂരിപക്ഷം പേരും. ഇവരിൽ ഒട്ടേറെ പേർക്ക് താമസയോഗ്യമായ വീടോ കക്കൂസോ ഇല്ല. പഞ്ചായത്തിലെ കക്കൂസില്ലാത്ത 40%ൽ നല്ലൊരുഭാഗം SC/ST വിഭാഗത്തിൽ പെട്ടവരാണ്. അതുപോലെത്തന്നെ ഒട്ടേറെ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിച്ച് ജീവിക്കുന്ന ഈ വിഭാഗങ്ങളുടെ പുരോഗതിക്ക് വേണ്ടതായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന SC/ST വിഭാഗങ്ങൾ ഈ മേഖലയിലെ പ്രതികൂലമായ സാഹചര്യങ്ങളാൽ ഇന്ന് കെട്ടിട നിർമ്മാണ രംഗത്തേയ്ക്കും മററനുബന്ധ തൊഴിലുകളിലേയ്ക്കും നീങ്ങിയിരിക്കുന്നുതായികാണാം. പക്ഷെ, ഇതിൽ നല്ലൊരു ശതമാനം ഇപ്പോഴും വർഷത്തിൽ ഏറിയ ദിവസങ്ങളിലും തൊഴിലില്ലാതെ കഷ്ടപ്പെടുന്ന കർഷക തൊഴിലാളികളാണ്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മററു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണും ഗ്രാൻറുംവഴി ലഭിക്കുന്ന സഹായധനമുപയോഗിച്ച് ആരംഭിച്ചിട്ടുള്ള പല തൊഴിലുകളും പരാജയപ്പെടുന്ന അവസ്ഥയാണുള്ളത്. ഇതിൻെറ കാരണങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ആരായേണ്ടത് അത്യന്താപേക്ഷിതമാണ്.

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പൊതുവായ വികാസത്തോടൊപ്പം ഉന്നതി കൈവരിക്കാനിയിട്ടുണ്ട്. പഞ്ചായത്തിലെ നിരക്ഷരുടെ പട്ടികയിൽ ഭൂരിപക്ഷവും SC/ST വിഭാഗങ്ങളിൽ പെട്ടവരാണ്. ഇവരുടെ കുട്ടികളിൽ നല്ലൊരു ശതമാനം വിദ്യാഭ്യാസം പൂർത്തീകരിക്കാനാവാതെ ക്ലേശിക്കുന്നവരാണ്

SC/ST വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയിരുന്ന പല പദ്ധതികളും വേണ്ടത്ര വിജയപ്രദമായിട്ടില്ല. സാമൂഹ്യക്ഷേമം, പാർപ്പിടം, തൊഴിൽ, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഫലപ്രദമാകാതെ പോയിട്ടുള്ള കാര്യങ്ങൾ കണ്ടെത്തി ശാസ്ത്രീയമായ പരിഹാരങ്ങൾ കണ്ടെത്തേണ്ടതുണ്ട്.



400

പ്രധാനമായും അടിയന്തിരമായും ചെയ്യേണ്ടതായ ചില കാര്യങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സൂചിപ്പിക്കുന്നു.

* സ്വന്തമായി ഭൂമിയില്ലാത്തവർ ഈ വിഭാഗത്തിൽ ഏറെയുണ്ട്.
* താമസയോഗ്യമായ വീടുകളില്ലാത്തവരും പൂർത്തിയാക്കാൻ കഴിയാതെ വീടുപണി നിന്നു പോയവരും ഉണ്ട്.
* ലക്ഷം വീടുകൾ പലതും ശോച്യാവസ്ഥയിലാണ്.
* ഭൂരിപക്ഷം വീടുകളും ഓലമേഞ്ഞവയാണ്.
* പട്ടയം ലഭിക്കാത്തവരും, ലഭിച്ചവരിൽ പട്ടയം നഷ്ടപ്പെട്ടവരും ഉണ്ട്.
* പഠനം പൂർത്തിയാക്കാതെ വിദ്യാഭ്യാസം നിറുത്തിപ്പോകുന്നവർ ധാരാളമുണ്ട്.
* വായ്പാത്തുകകൾ ഉപയോഗപ്പെടുത്താതെ വന്നതിനാൽ ജപ്തി നടപടികൾ നേരിടുന്നവരുണ്ട്.
* വൈദ്യുതീകരിക്കാത്ത 50%ത്തോളം വീടുകൾ.
* സർക്കാർ സഹായധനം ലഭ്യമാകാതെ കഷ്ടപ്പെടുന്നവർ ഉണ്ട്. തൊഴിൽ രഹിതരായ ഒട്ടേറെ അഭ്യസ്തവിദ്യരും ഇക്കൂട്ടത്തിലുണ്ട്. അവർക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്,

1 ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, സ്പ്രേപെയിൻറിംഗ്, സ്ക്രീൻ പ്രിൻറിംഗ്, അഡ്വർടൈസിംഗ്, പോർട്ടറൈററ്, പ്ലാസ്ററിക് വർക്സ്, മാർബിൾ കൊത്തുപണി, പ്രതിമ (കല്ല്, മരം) തുടങ്ങിയ തൊഴിലുകളിൽ പരിജ്ഞാനം സിദ്ധിച്ചവർക്ക് സ്വന്തമായി തൊഴിൽ ചെയ്യാനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം വിദ്യാഭ്യാസയോഗ്യത പരിഗണിക്കാതെ ഗ്രാൻറായി നല്കുക.

2 മെഡിക്കൽ, എൻജിനിയറിംഗ് എന്നിവ പഠിച്ച അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് അതാത് മേഖലയിൽ തങ്ങളുടെ സേവനം അർപ്പിക്കാനാവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും നൽകുക.

3. *S. T. D.* ബൂത്ത്, ഫോട്ടോ കോപ്പികൾ, ഷോപ്പ്, ടൈപ്പ്റൈററിംഗ് ഇൻസ്ററിട്യൂട്ട്, ഹെയർ ഡ്രസ്സിംഗ് സലൂൺ, വീഡിയോ റെക്കോർഡിംഗ് സെൻറർ, ലൈററ് & സൗണ്ട്സ് വാച്ച് & ക്ലോക്ക് റിപ്പയറിംഗ് സെൻറർ, *T. V. & V. C. R.* റിപ്പയറിംഗ് സെൻറർ, ഫ്രിഡ്ജ് & വാഷിംഗ് മെഷ്യൻ റിപ്പയറിംഗ്, ഡ്രൈക്ലീനിംഗ് ഷോപ്പ്, എന്നിങ്ങനെയുള്ള തൊഴിൽ മേഖലയിലെ സാദ്ധ്യതകൾ കണ്ടെത്തുക.

4 ഓട്ടോറിക്ഷ, ലാമ്പ്രട്ടാ, കാർ, ജീപ്പ്, ട്രാക്സ്, ട്രാക്ററർ, ട്രില്ലർ, ലോഡ് ക്യാരിയർ എന്നിവ ഓടിക്കുന്നതിൽ പരിശീലനവും ലൈസൻസും സിദ്ധിച്ചിട്ടുള്ളവർക്ക് വിദ്യാഭ്യാസയോഗ്യത പരിഗണിക്കാതെ കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുക.

5 ടെമ്പോവാൻ. മിനിബസ്, ബസ്, ലോറി, എന്നിവ ഓടിക്കാനുള്ള പരിശീലനവും ലൈസൻസും സിദ്ധിച്ചിട്ടുള്ളവർക്ക് പ്രസ്തുത വാഹനങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം ബിനാമി ഏർപ്പാടുകൾ വരാത്തവിധം, കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുക.

6 ഈററ (മുള) തഴ എന്നിവകൊണ്ട്, കുട്ട, മുറം, പനമ്പ് പായ എന്നി പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന നിത്യ പട്ടിണിക്കാരായ തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലേറെയുണ്ട്. ഈ വിഭാഗം തൊഴിലാളികൾക്ക് പ്രത്യേക ഘടക പദ്ധതി പ്രകാരം തങ്ങളുടെ തൊഴിൽ ചെയ്യാനാവശ്യമായ മുഴുവൻ സംഖ്യയും ഗ്രാൻറായി നൽകണം.



401

പട്ടികജാതി വിഭാഗങ്ങളുടെ വീട് വൈദ്യുതീകരണത്തെ സംബന്ധിച്ച വിവരം

| നമ്പ്ര് | കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബ് | പണം അടയ്ക്കുന്നവ |
|---|---|---|---|---|
| 1 | പറക്കാട്ടുകുന്ന് കോളനി | 80 | 30 | 50 |
| 2 | കടുപ്പശ്ശേരി സെററിൽ മെൻറ് കോളനി | 9 | 7 | 2 |
| 3 | കടുപ്പശ്ശേരി കോളനി | 200 | 80 | 120 |
| 4 | ചതേലി കോളനി | 15 | 9 | 6 |
| 5 | വെള്ളാധിക്കുളം കോളനി | 10 | — | 10 |
| 6 | അംബേദ്ക്കർ കോളനി | 86 | 23 | 63 |

പഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്ന വിവിധ ചെറുകിട വ്യവസായ യൂണിററുകളിലൂടെയും കാർഷികമേഖലയിലെ വികസന പ്രവർത്തനങ്ങളിലൂടെയും തൊഴി ലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്താം. മൃഗസംരക്ഷണം, ചെറുകിട തൊഴിൽ യൂണി ററുകൾ എന്നിവ മുഖേനയും ഇതിന് സാദ്ധ്യതകളേറെയുണ്ട്. ബോധവല്ക്കരണ പരി പാടികളും, കോളനികൾ കേന്ദ്രീകരിച്ച് ട്യൂഷൻ സെൻറുകളും ആരംഭിക്കേണ്ടതാണ്. മററ് വിവിധ മേഖലകളിലെ കൂട്ടായ സംരംഭത്തിലൂടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെ ത്താം.

**പട്ടികവർഗ്ഗം**

പഞ്ചായത്തിലെ 4-ാംവാർഡിൽ കല്ലംകുന്ന് പ്രദേശത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഇരുപതോളം കുംബങ്ങളുണ്ട്. കൂട്ടുകുടംബരീതിയിലുള്ള ജീവിതമാണ് നയിക്കുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നണിയിൽ കിടക്കുന്ന ഇവരുടെ ജീവിതനിലവാരം ഉയർ ത്തുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരി ക്കാൻ ശ്രമം നടത്തിയിട്ടുണ്ട്.

സ്വന്തമായി സ്ഥലമില്ലാത്തവരും താമസയോഗ്യമായ വീടില്ലാത്തവരുമായ ഇവരുടെ പുരോ ഗതിക്ക് വേണ്ടി അടിയന്തിരമായ പുനഃരധിവാസ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്. തൊഴിലി ല്ലായ്മയും ദാരിദ്ര്യവും അനുഭവിക്കുന്ന ഇവരെ പ്രത്യേക പരിഗണന നല്കി പരിരക്ഷിക്കു ന്നതിനും സമൂഹത്തിൻെറ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും ഊന്നൽ നൽകണം. ബോധ വല്ക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

# വിഭവസമാഹരണം

കഴിഞ്ഞ ഏതാനും വർഷത്തെ പഞ്ചായത്തിൻെറ വരവ് ചിലവ് കണക്കുകൾ സൂചിപ്പിക്കുന്നത് ഓരോ വർഷവും പഞ്ചായത്തിൻെറ വരവ് ചിലവുകൾ ഒന്നുമുതൽ ഒന്നര ലക്ഷംവരെ വർദ്ധിക്കുന്നു എന്നാണ്.

കഴിഞ്ഞ മൂന്നു വർഷത്തെ വരവ് ചിലവ് കണക്കുകൾ പട്ടികയിൽ കാണുന്ന വിധമാണ്.

| വർഷം | വരവ് | ചിലവ് | എസ്റ്റാബ്ലിഷ് മെൻറ് ചിലവ് % | പബ്ലിക്ക് വർക്സ് % |
|---|---|---|---|---|
| 1992_93 | 8,51,478_00 | 8,63,587 | 35% | 3.3% |
| 1993_94 | 9,49,520_00 | 8,30,100 | 36% | 3.2% |
| 1994-95 | 11,18,894_00 | 9,25,410 | 39% | 3.5% |

ഈ വർഷങ്ങളിൽലഭിച്ച അൺടൈഡ് ഫണ്ടിൻെറ ശതമാനം യഥാക്രമം 21 ശതമാനം, 24 ശതമാനം, 34 ശതമാനം എന്നിങ്ങനെയാണ്. അതായത് ക്രമാനുഗതമായ വർദ്ധന ഇക്കാര്യത്തിലുണ്ടായെന്ന് കാണാം. അതുപോലെത്തന്നെ പട്ടികപ്രകാരം എസ്റ്റാബ്ലിഷ്മെൻറ് ചിലവ് മാത്രമായി വർദ്ധിച്ച് വരുന്നതും കാണാം ഇതിനായാണ് പഞ്ചായത്തിൻെറ വരവിൻെറ ഏറിയ പങ്കം ചിലവഴിക്കപ്പെടുന്നത്.

1993 മുതൽ 1996 വരെ ഈ പഞ്ചായത്തിൽ വന്നിട്ടുള്ള J R Y ഫണ്ട് താഴെ പറയും വിധമാണ്.

| | | |
|---|---|---|
| 1993_94 | — | 5,93,050.00 |
| 1994_95 | — | 4 23,930.00 |
| 1995_96 | • — | 41,35,200 00 |

ഇക്കാര്യത്തിൽ ക്രമാനുഗതമായ വർദ്ധനവിന് പകരം കുറയലാണ് സംഭവിച്ചിരിക്കുന്നത്. ഇങ്ങനെ കണക്കുകൾ പരിശോധിച്ചാൽ ഈ പഞ്ചായത്ത് മൊത്തം വരുമാനത്തിൻെറ 40ശതമാനം എസ്റ്റാബ്ലിഷ്മെൻറ് ചിലവായും, 5ശതമാനം പബ്ലിക്ക് വർക്സിനും, ബാക്കി വിദ്യാഭ്യാസം, ജലവിതരണം, പൊതുജനാരോഗ്യം തുടങ്ങിയവയ്ക്കായും ചിലവഴിക്കുന്നതായി കാണാം. പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ മൂന്ന് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് അവയുടെ പണമിടപാടുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു.

| ബാങ്ക് | ഡെപ്പോസിററ് | വായ്പ | കൃഷിക്കുളള വായ്പ % |
|---|---|---|---|
| അവിട്ടത്തൂർ | 2,04 30,876__00 | 1,82,48470__00 | 6 ശതമാനം |
| തുമ്പൂർ | 68,00,000 __00 | 46,00,000__00 | 7 ,, |
| കല്ലംകുന്ന് | 2,05,00,000 __00 | 1,50,00 000.00 | 2 ,, |

മൂന്നിടത്തും കൂടി ഏകദേശം അഞ്ച് കോടിയോളം രൂപ ഡിപ്പോസിററുള്ളതായി കാണാം. ഇതിൻെറ 79ശതമാനത്തോളം വായ്പയായി നല്കിയിരിക്കുന്നു. പക്ഷെ കാർഷിക വായ്പ വളരെ തുച്ഛമാണ് എന്നും കാണാം.

ഈ പഞ്ചായത്തിൽ നിന്നും 676പേർ ഗൾഫിലും മററുമായി തൊഴിലെടുക്കുന്നവരുണ്ട്. ഇവരിൽ നിന്നും ഒരു മാസം 4കോടി രൂപ കേരളത്തിലെ ബാങ്കുകളിൽ എത്തിച്ചേരുന്നു. ഈ പൈസ അധികവും നിർമ്മാണ പ്രവർത്തനങ്ങളിലും, ഭൂമി കൈമാററങ്ങളിലുമാണ് നിക്ഷേപിക്കപ്പെടുന്നത്.

## പ്രശ്നങ്ങൾ

1. ടാക്സ് തീരുമാനങ്ങളിലെ അപാകതകൾ
2. ഭരണ ചിലവ് വർദ്ധനവ്
3. കോൺട്രാക്ടർമാരും, മററിടത്തുകാരും തട്ടിയെടുക്കുന്ന അമിത ലാഭം.
4. ശരിയായ പ്ലാനിങ്ങില്ലാതെയുള്ള ഫണ്ട് ഉപയോഗം
5. കാർഷിക ഉല്പന്നങ്ങളും, ഗൾഫ് പണവും ശരിയായ രീതിയിൽ സംഭരിക്കാനും, വിനിയോഗിക്കാനും കഴിയുന്ന തരത്തിലുള്ള സ്ഥാപനങ്ങളുടെ കുറവ്.

## നിർദ്ദേശങ്ങൾ

1. ടാക്സ് നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുക.
2. ഭരണച്ചിലവ് പരമാവധി കുറയ്ക്കുക.
3. പഞ്ചായത്തിൻെറ പരിമിതമായ വരുമാനം കണക്കിലെടുത്ത് എസ്ററാബ്ലിഷ്മെൻറ് ഗ്രാൻറ് ലഭ്യമാക്കുക.
4. സേവനങ്ങൾക്ക് (വിദ്യാഭ്യാസം, ആരോഗ്യം മററു വികസനങ്ങൾ എന്നിവയ്ക്ക്) പരമാവധി സ്വകാര്യ സംരംഭകരെ കണ്ടെത്തുക,
5. ഗൾഫ്പണം പഞ്ചായത്തിൽത്തന്നെ ഉല്പാദനപരമായ രീതിയിൽ നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മുൻകയ്യെടുക്കുക.

   (ഉദാഹരണത്തിന് വിവിധ ഉല്പന്നങ്ങളുടെ കുത്തകസംഭരണവും, അവയുടെ സംസ്കരണവും, വിപണനവും ഗൾഫ് മലയാളികളുടേതായ ഒരു സൊസൈററി ഉണ്ടാക്കി അവരെ ഏല്പിക്കുക.)
6. വ്യക്തമായആസൂത്രണത്തിന്ശേഷം പദ്ധതികൾ നടപ്പിലാക്കുക.
7. നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ സമിതികളെ ഏൽപ്പിക്കുക.
8. നിർമ്മാണ പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകൾ വഴി കഴിയുന്നത്ര മാനുഷികാദ്ധ്വാനങ്ങൾ സൗജന്യമായി സംഘടിപ്പിക്കുക.

   ഇങ്ങനെയു ള്ളസന്നദ്ധസംഘടനകൾക്ക് പരമാവധി പ്രോത്സാഹനം നല്കുക.



# ഇനി......?

വികസനറിപ്പോർട്ട് ഇവിടെ അവസാനിക്കുകയാണ്. വേളൂക്കരക്കാരുടെ സമ്പന്നമായ പൈതൃകവും സാംസ്കാരിക മഹിമയും സ്നേഹസാന്ദ്രമായ ജീവിതലയവുമെല്ലാം റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അവരുടെ ദുഃഖങ്ങളും വേദനകളും വിഹ്വലതകളും വരച്ചുചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ പ്രശ്നങ്ങളുടെ സമഗ്രത ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്ന സത്യം അവശേഷിക്കുന്നു. എങ്കിലും ജീവത്തായ, മൗലികകാര്യങ്ങൾ ഏറെക്കുറെ സമൂർത്തമായി അവതരിപ്പിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. കുറവുകൾ ചർച്ചകളിലൂടെ പരിഹരിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു,

ജനകീയാസൂത്രണപരിപാടികൾ മുഴുവൻ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയല്ല; കൂട്ടായ്മയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഒരു വലിയ ചുവടുവയ്പാണ് പദ്ധതിയുടെ രൂപീകരണത്തിലെന്നപോലെ നടത്തിപ്പിലും സംഘടിത യത്നമുണ്ടാക്കണം. എങ്കിലേ ആസൂത്രണം ഫലപ്രദമാവുകയുള്ളു.

ഇനി അതിനായിരിക്കട്ടെ നമ്മുടെ തയ്യാറെടുപ്പ്.

